# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

2023 ഫെബ്രുവരി 28, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

വാല്യം 191 -  നമ്പർ  10

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 ഫെബ്രുവരി 28, ചൊവ്വ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എ. എം. ബഷീർ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. ബി. രാജേഷ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

(i). വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ii). രേഖാമൂലം നൽകിയ ഉത്തരങ്ങൾ
( അനുബന്ധമായി ചേർത്തിരിക്കുന്നു)

**II അടിയന്തരപ്രമേയം**

ലൈഫ് മിഷന്റെ ഭാഗമായ ഫ്ലാറ്റ് തട്ടിപ്പ്

(അവതരണാനുമതി നിഷേധിച്ചു)

**III ശ്രദ്ധ ക്ഷണിക്കൽ**

(1) ഭക്ഷ്യ സ്വയംപര്യാപ്തതയ്ക്കാവശ്യമായ സമഗ്രപരിഷ്കാരങ്ങൾ
-ശ്രീ. തോമസ് കെ. തോമസ്

(2) കോവിഡാനന്തര മാരകരോഗങ്ങൾ നിയന്ത്രിക്കാൻ
മുൻകരുതലുകളും പ്രതിവിധികളും
-ശ്രീ. ഷാഫി പറമ്പിൽ

**IV സബ്മിഷൻ**

(1) വടകര കോസ്റ്റൽ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം
-ശ്രീമതി കെ. കെ. രമ

(2) മരട്-കുമ്പളം പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം
-ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

(3) ഗാർഹിക കണക്ഷനുകളിലൂടെയുള്ള ജലവിതരണം
-ശ്രീ. ജി. സ്റ്റീഫൻ

(4) സർവ്വകലാശാലകളിലെ ഗവേഷണ വിഷയങ്ങൾ
-പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

(5) സാക്ഷരതാ പ്രേരക്മാരുടെ ഓണറേറിയം
-ശ്രീ. പി. പി. ചിത്തരഞ്ജൻ

(6) വാരണി പാലം പുനർനിർമ്മാണം
-ശ്രീ. എ. പ്രഭാകരൻ

(7) ശബരിമലയിലേയ്ക്കുള്ള സമാന്തരപാത പൂർത്തീകരിക്കൽ
-ശ്രീ. വാഴൂർ സോമൻ

(8) ബാലുശ്ശേരി ടൂറിസം കോറിഡോർ
-ശ്രീ. കെ. എം. സച്ചിൻദേവ്

(9) പാങ്ങ് പള്ളിപ്പറമ്പ് വളവിൽ സുരക്ഷാ ക്രമീകരണം
-ശ്രീ. മഞ്ഞളാംകുഴി അലി

(10) ഗുരുവായൂരിൽ ന്യൂനപക്ഷ വകുപ്പിന്റെ കോച്ചിംഗ് സെന്റർ
-ശ്രീ. എൻ. കെ. അക്ബർ

## V മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ

## VI റിപ്പോർട്ട് സമർപ്പണം

ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

## VII ധനകാര്യം

2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ
ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

ധനാഭ്യർത്ഥന നമ്പർ III - നീതിന്യായ നിർവ്വഹണം

## VII അറിയിപ്പ്

ചലച്ചിത്രപ്രദർശനം

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 ഫെബ്രുവരി 28, ചൊവ്വ


---------------------------------------------------------------------

വാല്യം 191}                ഔദ്യോഗിക റിപ്പോർട്ട്                {നമ്പർ 10

---------------------------------------------------------------------


നിയമസഭ 2023 ഫെബ്രുവരി മാസം 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I. ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

മി. സ്പീക്കർ: ഓർഡർ..... ഓർഡർ.... ചോദ്യം നം. (*211)

## ആദിവാസികൾക്കെതിരെയുള്ള ആൾക്കൂട്ട ആക്രമണങ്ങൾ തടയാൻ നടപടി

1(*211) ശ്രീ. അൻവർ സാദത്ത്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസികൾ ആൾക്കൂട്ട ആക്രമണങ്ങൾക്കും അധിക്ഷേപങ്ങൾക്കും വിധേയമാകുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) മോഷണക്കുറ്റം ആരോപിച്ച് ആൾക്കൂട്ട ആക്രമണത്തിന് വിധേയനായതായി പറയപ്പെടുന്ന വയനാട് സ്വദേശിയായ ആദിവാസി യുവാവ് ജീവനൊടുക്കിയ സംഭവത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ വകുപ്പുതലത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, (എ) സംസ്ഥാനത്ത് പൊതുവെ പട്ടികവർഗ്ഗ വിഭാഗക്കാർ ആൾക്കൂട്ട ആക്രമണങ്ങൾക്കും അധിക്ഷേപങ്ങൾക്കും ഇരയാകുന്നില്ല. എന്നാൽ ഒറ്റപ്പെട്ട ചില സംഭവങ്ങളുണ്ടായത് സർക്കാർ ഗൗരവമായി കാണുന്നുണ്ട്. ആയതിന്മേൽ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) വയനാട് സ്വദേശിയായ ആദിവാസി യുവാവ് ജീവനൊടുക്കിയ സംഭവത്തിൽ കോഴിക്കോട് സിറ്റി മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 156/23 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ഒരു സ്പെഷ്യൽ ടീം രൂപീകരിച്ച് അന്വേഷണം നടത്തിവരുന്നു. ടി കേസിന്റെ അന്വേഷണം കാര്യക്ഷമമായി നടത്തുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി, കോഴിക്കോട് സിറ്റി പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേസിന്റെ സ്ഥിതി വിവരങ്ങൾ സമയാസമയങ്ങളിൽ വിലയിരുത്തുന്നതിന് ജില്ലാ കളക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

മരണപ്പെട്ട വിശ്വനാഥന്റെ കുടുംബത്തിന് വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും രണ്ട് ലക്ഷം രൂപ അനുവദിക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് .

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിന് സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം ഫലപ്രദമായി നടപ്പാക്കിവരുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, മരണപ്പെട്ട വിശ്വനാഥന്റെ കുടുംബത്തിന് വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നൽകുന്ന തുക വർദ്ധിപ്പിക്കണമെന്ന അഭിപ്രായം രേഖപ്പെടുത്തുകയാണ്. അരി മോഷ്ടിച്ചെന്ന കുറ്റത്തിന് 2018 -ൽ ആൾക്കൂട്ടം തല്ലിക്കൊന്ന 'മധു' അട്ടപ്പാടിയിലെ ഒരു ആദിവാസി യുവാവായിരുന്നു. പ്രസ്തുത സംഭവത്തിന് 2023 -ൽ അഞ്ചുവർഷം തികയുമ്പോഴും കേസിന്റെ വിചാരണ പൂർത്തിയാക്കി പ്രതികൾക്ക് ശിക്ഷ വാങ്ങിനൽകുന്ന നിലയിലേയ്ക്ക് എത്തിയിട്ടില്ല. ആദിവാസി വിഭാഗങ്ങൾക്കെതിരെയുള്ള ആക്രമണമടക്കമുള്ള ഇത്തരം കേസ്സുകൾ ഒരു കാരണവുമില്ലാതെ നീണ്ടുപോകുന്ന സാഹചര്യം നിലവിലുണ്ട്. എന്തുകൊണ്ടാണ് ഇത്തരം കേസ്സുകൾ അനന്തമായി നീണ്ടുപോകുന്നത്;

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

പ്രസ്തുത സാഹചര്യം ഒഴിവാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, വിശ്വനാഥന്റെ കുടുംബത്തിന് കൊടുത്ത തുക കുറഞ്ഞുപോയെന്ന സൂചനയാണ് ബഹുമാനപ്പെട്ട അംഗം നൽകിയിരിക്കുന്നത്. ഈ കേസ് 'The Scheduled Castes and the Scheduled Tribes (Prevention of Atrocities) Act'- ന്റെ പരിധിയിൽ വരികയാണെങ്കിൽ ആ കുടുംബത്തിലെ ഒരാൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം ആവശ്യമായ മറ്റ് നിയമ-സാമ്പത്തിക സഹായങ്ങളും നൽകുന്നതാണ്. ആൾക്കൂട്ട ആക്രമണത്തിൽ മരണപ്പെട്ട അട്ടപ്പാടിയിലെ മധുവിന്റെ കേസ് സംബന്ധമായ കാര്യം ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചു. പ്രസ്തുത കേസ് ഫലപ്രദമായി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മരണപ്പെട്ട മധുവിന്റെ കുടുംബം ആവശ്യപ്പെട്ട ആളെത്തന്നെ പബ്ലിക് പ്രോസിക്യൂട്ടറായി വച്ചുകൊണ്ട് കേസ് ഫലപ്രദമായി വാദിച്ചുവരുന്നുണ്ട്. ചില സാക്ഷികളുടെ കൂറുമാറ്റം വാദത്തിനിടയിലുണ്ടായത് പ്രസ്തുത കേസിനെ ബാധിക്കാതിരിക്കാനുള്ള മുൻകരുതലും എടുത്തിട്ടുണ്ട്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, അങ്ങ് ഏറ്റവും അവസാനം സൂചിപ്പിച്ച കാര്യം എനിക്ക് ആവർത്തിക്കാനുണ്ട്. ആദിവാസി സമൂഹം ഉൾപ്പെടുന്ന കേസ്സുകളിൽ നിരന്തരമായി സാക്ഷികളുടെ കൂറുമാറ്റം കണ്ടുവരുന്നുണ്ട്. പലരീതിയിൽ സ്വാധീനംചെലുത്തിക്കൊണ്ട് സാക്ഷികളെ കൂറുമാറ്റുന്ന ഒരു പ്രവണത പ്രത്യേകിച്ച് ആദിവാസികളിലേതടക്കം പല കേസ്സുകളിലുമുണ്ട്. ദുർബ്ബലരും പാവങ്ങളും ധാരാളം പ്രയാസങ്ങൾ അനുഭവിക്കുന്നവരുമായ ആദിവാസികളുടെ കേസ്സുകളിൽ, പ്രത്യേകിച്ചും കൂറുമാറ്റം തടയുന്നതിന് സർക്കാരിന് സ്വീകരിക്കാൻ കഴിയുന്ന നടപടികൾ എന്തൊക്കെയാണ്; പ്രസ്തുത കാര്യത്തിനായി പുതുതായി നിയമങ്ങൾ കൊണ്ടുവരാൻ സാധിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, പലപ്പോഴും പ്രലോഭനങ്ങളോ, ഭീഷണിയോ ചെലുത്തിയാണ് ഇത്തരം കേസ്സുകളിൽ സാക്ഷികളെ കൂറുമാറ്റുന്നത്. അത്തരം സന്ദർഭങ്ങളിൽ ചെയ്യേണ്ടത് സാക്ഷികൾക്ക് മതിയായ സംരക്ഷണം കൊടുക്കുകയെന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ മോണിറ്ററിംഗ് ആന്റ് വിജിലൻസ് കമ്മിറ്റി യോഗംചേർന്ന സമയത്ത് സാക്ഷികൾക്ക് മതിയായ സംരക്ഷണം കൊടുക്കുന്നതിന് നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

അതിൻപ്രകാരം സാക്ഷികൾക്ക് മതിയായ സംരക്ഷണം നൽകിക്കൊണ്ട് അവർ കൂറുമാറാതിരിക്കാനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ അട്ടപ്പാടിയിലെ 'മധു' എന്ന ആദിവാസി യുവാവിനുണ്ടായ ദുരനുഭവം സ്വാഭാവികമായും കേരളം മുഴുവൻ ചർച്ച ചെയ്തതാണ്. അതൊരു ഒറ്റപ്പെട്ട സംഭവമായിരിക്കുമെന്നും ഇനിയൊരിക്കലും ആവർത്തിക്കില്ലെന്നും നാമെല്ലാം വിചാരിച്ചതുമാണ്. പക്ഷേ, നിർഭാഗ്യമെന്നുപറയട്ടെ, ആൾക്കൂട്ട ആക്രമണത്തിനാണ് മരണപ്പെട്ട വിശ്വനാഥനും വിധേയമായത്. ഇതുസംബന്ധിച്ച് അദ്ദേഹത്തിന്റെ സഹോദരൻ പോലീസിൽ പരാതി നൽകിയെങ്കിലും പോലീസിന്റെ ഭാഗത്തുനിന്നും ഒരു നടപടിയുമുണ്ടായില്ല. എസ്.സി/എസ്.റ്റി. കമ്മീഷൻ ഇടപെട്ടാണ് അൽപ്പം ചില കാര്യങ്ങൾ അവിടെ ചെയ്തിട്ടുള്ളതെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. വകുപ്പിനെ സംബന്ധിച്ച് ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിൽ സ്വാഭാവികമായും പരിമിതിയുണ്ട്. ഇത്തരത്തിലുള്ള ആക്രമണങ്ങളുണ്ടാകുമ്പോൾ, പോലീസ് അതിന്റേതായ ഗൗരവത്തിൽ കാര്യങ്ങൾ നോക്കിക്കാണുന്നില്ല എന്നതുകൊണ്ടാണ് അവ ആവർത്തിക്കുന്നത്. സമൂഹത്തിലെ ഏറ്റവും പിന്നാക്ക ജനവിഭാഗങ്ങളായ ആദിവാസികൾക്കുനേരെയുള്ള

ആക്രമണങ്ങളെ ഗൗരവത്തോടെ സമീപിക്കാനുള്ള നിർദ്ദേശം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ഗവൺമെന്റിന്റെയും ഭാഗത്തുനിന്ന് പോലീസിന് നൽകേണ്ടതുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയത്തിൽ പ്രത്യേകം താത്പര്യമെടുക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഈ കേസിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേക താത്പര്യമാണെടുത്തിട്ടുള്ളത്. പ്രത്യേക അന്വേഷണത്തിന് നേതൃത്വം വഹിക്കാനുള്ള ചുമതല സിറ്റി പോലീസ് കമ്മീഷണർക്ക് കൊടുക്കാൻ തീരുമാനിച്ചതും കേസിന്റെ സ്ഥിതിഗതികളെ സംബന്ധിച്ച് യഥാസമയം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയതും അതുകൊണ്ടുതന്നെയാണ്. ആദിവാസികളടക്കം നമ്മുടെ സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട ജനതയുടെമേൽ ആക്രമണം നടക്കുമ്പോൾ തികച്ചും ഗൗരവത്തോടെയുള്ള നടപടികൾ സ്വീകരിക്കാനാണ് ഗവൺമെന്റ് തയ്യാറായിരിക്കുന്നത്. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാനിടയാകില്ലെന്ന് തീർത്തുപറയാൻ കഴിയില്ല. ആയതിനാൽ നമ്മുടെ സമൂഹത്തിൽ അതുസംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനായി വലിയ രീതിയിലുള്ള ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഇത്തരത്തിൽ ശ്രദ്ധ ചെലുത്തുന്നതുകൊണ്ടാണ് കേരളത്തിൽ മറ്റിടങ്ങളിലേക്കാൾ അതിക്രമങ്ങൾ

കുറയുന്നത്. National Crime Records Bureau -യുടെ കണക്കനുസരിച്ച് നമ്മുടെ രാജ്യത്ത് ആദിവാസി-പട്ടികജാതി വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരികയാണ്. ഈ വർഷത്തെ റിപ്പോർട്ട് പ്രകാരം എസ്.സി. വിഭാഗത്തിനുനേരെയുള്ള അതിക്രമങ്ങൾ 2022 -ൽ മാത്രം 1.22% വർദ്ധിച്ചിട്ടുണ്ട്. ആദിവാസികളെ സംബന്ധിച്ചാണെങ്കിൽ, ഇവർക്കുനേരെയുള്ള അതിക്രമങ്ങൾ 6.4%-ഉം ആയി വർദ്ധിച്ചിട്ടുണ്ട്. അതായത് ആദിവാസികൾക്കും പട്ടികജാതിക്കാർക്കുമെതിരെയുള്ള അതിക്രമങ്ങൾ ഇന്ത്യയിൽ പൊതുവേ വർദ്ധിച്ചുവരികയാണ്. അതിക്രമങ്ങളിൽ എസ്.സി. വിഭാഗത്തിനുനേരെയുള്ളതിൽ ഒന്നാം സ്ഥാനം ഉത്തർപ്രദേശും എസ്.ടി വിഭാഗത്തിനുനേരെയുള്ളതിൽ മധ്യപ്രദേശുമാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ രണ്ട് വിഭാഗങ്ങൾക്കുനേരേയുള്ള അതിക്രമങ്ങളിൽ രണ്ടാം സ്ഥാനം രാജസ്ഥാനാണ്. ദേശീയതലത്തിൽ ഇത്തരത്തിൽ ക്രൂരതകൾ വർദ്ധിച്ചുവരികയാണ്. കേരളത്തിൽ അത്തരം സംഭവങ്ങൾ ഒന്നുപോലുമുണ്ടാകാതിരിക്കാനുള്ള നടപടി കൈക്കൊള്ളാനാണ് ശ്രമിക്കുന്നത്. തീർച്ചയായും ഇതിനാവശ്യം സമൂഹത്തിന്റെ ഇടപെടലാണ്; സമൂഹത്തിന്റെ ധാരണയിൽത്തന്നെ മാറ്റമുണ്ടാകേണ്ടതുണ്ട്. ഈ

ലക്ഷ്യത്തിനായി ബോധവൽക്കരണ പരിപാടികളടക്കം സംഘടിപ്പിക്കാൻ ഗവൺമെന്റ് തീരുമാനിക്കുകയും അത്തരം പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ട്.

ശ്രീ. ടി. ജെ. വിനോദ്: സർ, ഏഴ് വർഷത്തിനുശേഷം തനിക്കുണ്ടായ കുഞ്ഞിനെ കാണാൻ കോഴിക്കോട് മെഡിക്കൽ കോളേജിൽ ചെന്നപ്പോഴാണ് കള്ളനെന്ന് മുദ്രകുത്തി മർദ്ദിച്ചതിനെത്തുടർന്ന് ആദിവാസി യുവാവ് വിശ്വനാഥൻ ആത്മഹത്യ ചെയ്യുന്നത്. പരിഷ്കൃത സമൂഹമെന്ന് അവകാശപ്പെടുന്ന കേരളത്തിൽ മുഷിഞ്ഞ വസ്ത്രമണിഞ്ഞ ആദിവാസി മേഖലയിലുള്ള ഒരു വ്യക്തി തങ്ങളേക്കാൾ കുറഞ്ഞ സ്റ്റാറ്റസ് ഉള്ളവനാണെന്നും അവനെ മാനസികമായും ശാരീരികമായും ആക്രമിച്ചാൽ കുഴപ്പമില്ലെന്നുമുള്ള ഒരു ബോധം സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്. സ്വാതന്ത്ര്യം ലഭിച്ചു, അയിത്താചാരം നിർത്തലാക്കി; ഇത്രയും കാലമായിട്ടും ഇത്തരത്തിലുള്ള ഒരു ചിന്ത നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നത് കേരളീയ സമൂഹത്തിന് അപമാനമാണ്. പ്രസ്തുത വിഷയത്തിൽ ബോധവൽക്കരണ പരിപാടികൾ ആവശ്യമാണ്. ഇതിനായി സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന പരിപാടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഈ വിഷയമാണ് ഞാൻ നേരത്തേ സൂചിപ്പിച്ചത്. നമ്മുടെ സമൂഹത്തിന്റെ മാനസികാവസ്ഥയിൽത്തന്നെ വലിയ മാറ്റം വരേണ്ടതുണ്ട്. മുഷിഞ്ഞ വസ്ത്രം ധരിച്ചവരെയും പാവപ്പെട്ടവരെയും കാണുമ്പോഴുണ്ടാകുന്ന മാനസികാവസ്ഥ മാറ്റിയെടുക്കുന്നതിനായി ബോധവൽക്കരണ പരിപാടികൾ വ്യാപകമായി നടത്തേണ്ടതുണ്ട്. ബോധവൽക്കരണത്തിന്റെ ആവശ്യമുള്ളത് പൊതുസമൂഹത്തിനാണ്. അതോടൊപ്പംതന്നെ എസ്.സി./എസ്.ടി. ജനവിഭാഗങ്ങളെ അതിക്രമത്തിനിരയാകാത്ത രീതിയിൽ സാമ്പത്തികമായും വിദ്യാഭ്യാസപരമായും തൊഴിൽപരമായും വളർത്തിയെടുക്കേണ്ടതുണ്ട്. ആർക്കും ആക്രമിക്കാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് അവരെ എത്തിക്കാനാവശ്യമായ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനുള്ള ശ്രമം നമ്മൾ എല്ലാവരുംകൂടി നടത്തേണ്ടതുണ്ട്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഈ ചോദ്യം നമ്മുടെ നിയമസഭ ചർച്ച ചെയ്യുന്ന ഈ ദിവസത്തിന് ഒരു പ്രത്യേകതയുണ്ട്. കാകിനാഡ എ.ഐ.സി.സി. പ്ലീനറിയുടെ തീരുമാനപ്രകാരം അയിത്തത്തിനെതിരെയുള്ള പോരാട്ടത്തിനായി അയിത്തോച്ചാടനസമിതി നിയോഗിച്ച 'കോൺഗ്രസ്സ് ഡെപ്യൂട്ടേഷൻ' 1924 ഫെബ്രുവരി 28-ാം തീയതിയാണ്

സത്യാഗ്രഹത്തിനായി വൈക്കത്ത് എത്തുന്നത്; അതായത് ഇന്നേ ദിവസമാണ്. അങ്ങ് സൂചിപ്പിച്ച കാര്യം വളരെ പ്രസക്തമാണ്, അതേ കാര്യംതന്നെ ശ്രീ. ടി. ജെ. വിനോദും സൂചിപ്പിച്ചു. സമൂഹത്തിന്റെ മനോഭാവമെന്നത് വളരെ പ്രസക്തമാണ്. ബസിനുള്ളിൽ ഒരു മോഷണം നടന്നാൽ ആദ്യം നോക്കുന്നത് ബസിലെ ഏറ്റവും കറുപ്പ് നിറമുള്ള യാത്രക്കാരനെയാണ്. അഥവാ അൽപ്പം മുഷിഞ്ഞ വസ്ത്രം ധരിച്ചതുകൂടിയാണെങ്കിൽ ഒരു ആലോചനയുമില്ലാതെ കുറ്റം അയാളിലേയ്ക്ക് പോകുകയാണ്. 5,000, 10,000, 25,000 കോടി രൂപകളുടെ വലിയ മോഷണങ്ങൾ ഈ രാജ്യത്ത് നടത്തിയത് കറുത്തവരായിരുന്നില്ല.

മി. സ്പീക്കർ: പ്ലീസ്.... ബഹുമാനപ്പെട്ട അംഗം സ്റ്റേറ്റ്മെന്റുകൾ ഒഴിവാക്കി ചോദ്യത്തിലേയ്ക്ക് വരിക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അട്ടപ്പാടിയിലെ മധുവും തൃശ്ശൂരിലെ വിനായകനും കോഴിക്കോടെ വിശ്വനാഥനും കൊല ചെയ്യപ്പെട്ടത് ഒറ്റപ്പെട്ട സംഭവമല്ല. മധുവിന്റെ കേസിലുണ്ടായ വീഴ്ച വിശ്വനാഥന്റെ കേസിൽ ഉണ്ടാകാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ശ്രീ. പി. സി. വിഷ്ണുനാഥ് കോൺഗ്രസ്സ് സമ്മേളനത്തിലെ തീരുമാനവും അയിത്തത്തിന്റെ കാര്യവും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മെമ്പർ ഒരു കാര്യം ശ്രദ്ധിച്ചിട്ടുണ്ടാകും, 2022 ആഗസ്റ്റ് 15-ന് ഒമ്പത് വയസ്സ് മാത്രം പ്രായംവരുന്ന കുഞ്ഞിനെ രാജസ്ഥാനിലെ സ്കൂളിൽവച്ച് ഒരു അദ്ധ്യാപകൻ തല്ലിക്കൊന്നത് എന്തിനാണെന്ന് നമ്മൾ തിരിച്ചറിയേണ്ടതാണ്. ആ കുഞ്ഞിനെ തല്ലിക്കൊല്ലാൻ കാരണം, ആ സ്കൂളിൽ ഇപ്പോഴും ഓരോ ജാതിയിൽപ്പെട്ട കുട്ടികൾക്ക് വ്യത്യസ്ത പാത്രങ്ങളിലാണ് വെള്ളം വയ്ക്കുന്നത്. എന്നാൽ ആ കുഞ്ഞ് തൊട്ടത് വേറൊരു പാത്രത്തിലാണ്. മറ്റ് വിഭാഗത്തിൽപ്പെട്ട കുഞ്ഞുങ്ങൾക്ക് കുടിക്കാൻ വെള്ളം വച്ചിരുന്ന പാത്രത്തിൽ തൊട്ടു എന്ന് പറഞ്ഞുകൊണ്ടാണ് ജാതിയും മതവും ഒന്നുമറിയാത്ത ഒമ്പത് വയസ്സ് മാത്രം പ്രായമുള്ള കുട്ടിയെ തല്ലിക്കൊന്നത്. നമ്മൾ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം ആഘോഷിക്കുന്ന സമയത്താണ് ആ കുഞ്ഞിനെ തല്ലികൊല്ലുന്ന അവസ്ഥയുണ്ടായതെന്ന് നാം തിരിച്ചറിയണം. അപ്പോൾ ഇത്തരം മാനസികാവസ്ഥ ഇപ്പോഴും മാറിയിട്ടില്ല. ജാതി-മത വിവേചനം ഇപ്പോഴും നമ്മുടെ സമൂഹത്തിൽ നിലനിൽക്കുകയാണ്. അത് മാറ്റിയെടുക്കാൻ പൊതുസമൂഹംതന്നെ നല്ലതുപോലെ ഇടപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ

പൊതുരീതിയല്ല കേരളത്തിൽ നിലനിൽക്കുന്നത്. അതിൽ വലിയ മാറ്റമുണ്ട്. ആ മാറ്റം കൂടുതൽ ശക്തിപ്പെടുത്താൻ നമുക്ക് കഴിയണം. വിശ്വനാഥന്റെ കേസിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നേരിട്ട് വിളിച്ച് സംസാരിക്കുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. ആ കേസിൽ ശാസ്ത്രീയമായ തെളിവെടുപ്പിന്റെ അടിസ്ഥാനത്തിൽ കുറ്റവാളികൾക്ക് അതിന്റേതായ ശിക്ഷ കൊടുക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ശ്രീമതി ശാന്തകുമാരി കെ.: സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ദളിത് ആക്രമണങ്ങളുമായി ബന്ധപ്പെട്ട് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ ഉത്തർ പ്രദേശ്, രാജസ്ഥാൻ, ബീഹാർ, ആന്ധ്രാ പ്രദേശ് എന്നീ സംസ്ഥാനങ്ങൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങളിലാണ് നിൽക്കുന്നത്. സമാന രീതിയിൽ 2016-ൽ കേരളത്തിൽ ആദിവാസി സഹോദരിമാരുടെ കച്ച അഴിച്ചുമാറ്റലും, സമരംചെയ്ത ജോബിയെ വെടിവച്ച് കൊന്നതുമുൾപ്പെടെയുള്ള അതിദാരുണമായ ആദിവാസിവേട്ട നമുക്കറിയാവുന്നതാണ്. ഇതിന്റെ പശ്ചാത്തലത്തിൽ കേരളത്തിൽ പൊതുവായി പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെയിടയിലെ അതിക്രമങ്ങൾ പൂർണ്ണമായും തടയാനും അവരെ സംരക്ഷിക്കാനും ആവശ്യമായുള്ള ജനകീയ ഇടപെടലുകളിൽ

കേരളം മൊത്തമായി യോജിച്ച് മുന്നോട്ടു പോകാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; അതനുസരിച്ച് എന്തെല്ലാം നടപടികളാണ് തുടർന്ന് സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, മറ്റ് സംസ്ഥാനങ്ങളിലെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിൽനിന്നും വ്യത്യസ്തമായിട്ടാണ് കേരളത്തിലെ ആദിവാസികളുടെയും പട്ടികജാതിക്കാരുടെയും സമൂഹത്തിൽ പിന്നാക്കം നിൽക്കുന്ന ജനവിഭാഗത്തിന്റെയും ക്ഷേമം ഉറപ്പാക്കാൻവേണ്ടിയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചത്. അതുകൊണ്ടുതന്നെയാണ് മറ്റ് സ്ഥലങ്ങളിൽനിന്നും വ്യത്യസ്തമായി ആത്മാഭിമാനത്തോടുകൂടി ഈ സമൂഹത്തിന് നാട്ടിൽ ജീവിക്കാൻ കഴിയുന്നത്. എങ്കിലും ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങൾ ഇല്ലാതാക്കുന്നതിനും ഈ വിഭാഗക്കാരെ സ്വയം empower ചെയ്യാനുമുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. അവർ അതിക്രമത്തിന് വിധേയമാകുന്ന സാഹചര്യമാണ് ഇല്ലാതാക്കേണ്ടത്. അതിനുവേണ്ടി ഗവൺമെന്റ് ക്രിയാത്മക നടപടികൾ സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, കേരളത്തിലെ ദളിതർക്ക് നേരെയുള്ള അതിക്രമങ്ങൾ കൂടിവരികയാണ്. അട്ടപ്പാടിയിലെ മധു,

വയനാട്ടിലെ വിശ്വനാഥൻ കൂടാതെ ഉന്നതപദവിയിലുള്ള ഉദ്യോഗസ്ഥരെപ്പോലും ജാതിപ്പേര് പറഞ്ഞ് തരം താഴ്ത്തുകയാണ്. മാത്രമല്ല ചില ഘട്ടങ്ങളെടുത്ത് പരിശോധിക്കുമ്പോൾ പട്ടികവർഗ്ഗക്കാർക്ക് കൊടുക്കേണ്ട ധനസഹായങ്ങൾപോലും പലപ്പോഴും നൽകാറില്ല. ചില കാര്യങ്ങളിൽ ഉദ്യോഗസ്ഥർ അവരെയൊക്കെ മാറ്റിനിർത്തുകയാണ്. ഈ അതിക്രമങ്ങളുടെ ഭാഗമായി ധനസഹായം സമയബന്ധിതമായി കൊടുക്കാൻ കഴിയുന്നില്ല. Atrocity act അനുസരിച്ചുള്ള ധാരാളം കേസുകൾ നിലവിലുണ്ട്. കോടതി ഒരു പ്രതിയെപ്പോലും ശിക്ഷിക്കാൻ തയ്യാറായിട്ടില്ല. ഇത്തരത്തിലുള്ള അതിക്രമങ്ങൾ കേരളത്തിൽ ഇല്ലാതാക്കുന്നതിനുവേണ്ടി സർക്കാർ എന്തുനടപടിയാണ് സ്വീകരിക്കുക?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇത്തരം നടപടികൾ ഇല്ലാതിരിക്കാൻ വേണ്ടിയുള്ള എല്ലാ മുൻകരുതലുകളും എടുക്കുന്നുണ്ട്. ഉദ്യോഗസ്ഥ തലത്തിൽ എന്തെങ്കിലും വീഴ്ച വരുത്തുകയാണെങ്കിൽ ആ ഉദ്യോഗസ്ഥന്റെ പേരിൽ കൃത്യമായ നടപടികളെടുക്കുന്നുണ്ട്. അതുപോലെ ഈ കേസ് ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങളും കൂടുതൽ ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി നിയമപഠനം പൂർത്തീകരിച്ച എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട ചെറുപ്പക്കാരെ

ലീഗൽ അഡ്വൈസറാക്കി പാവപ്പെട്ടവരെ സഹായിക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ പതിനെട്ട് പേരെ ഈ തസ്തികയിൽ നിയമിച്ചുകഴിഞ്ഞു. കൂടുതൽ ചെറുപ്പക്കാരെ അഡ്വക്കേറ്റ് ജനറൽ ഓഫീസിലും അതുപോലെ ലീഡിംഗ് അഡ്വക്കേറ്റ്സിന്റെ കീഴിലും നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എൽ.എൽ.ബി. കഴിഞ്ഞ 75 കുട്ടികളെ തെരഞ്ഞെടുത്ത് ലീഗൽ advisors ആയി നിയമിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഈ രീതിയിൽ പാവപ്പെട്ട ആളുകൾക്ക് നിയമപരമായ സഹായങ്ങൾകൂടി ചെയ്തുകൊടുക്കാൻ സാധിക്കും. സ്വാഭാവികമായും ട്രൈബൽ ഏരിയയിൽനിന്ന് നിയമ പഠന രംഗത്തേക്ക് വരുന്ന കുട്ടികളുടെ എണ്ണം കുറവായതിനാൽ കൂടുതൽ കുട്ടികളെ ഇതിലേയ്ക്ക് കൊണ്ടുവരാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ലീഗൽ സർവീസസ് അതോറിറ്റിയുമായി സഹകരിച്ചുകൊണ്ട് എൽ.എൽ.ബി.-ക്കുള്ള എൻട്രൻസ് പരീക്ഷയിൽ അവരെക്കൂടി തയ്യാറാക്കിയിരിക്കുകയാണ്. അതിന്റെ ഫലമായി കഴിഞ്ഞ വർഷം വയനാട്ടിൽ നിന്നുള്ള 5 കുട്ടികൾക്ക് Central Law College-ൽ അഡ്മിഷൻ ലഭിക്കുന്ന നിലയുണ്ടായിട്ടുണ്ട്. മറ്റ് law അക്കാദമികളിലും ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് അഡ്മിഷൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, അടുത്തകാലത്തായി കേരളത്തിൽ ജാതി-മത ചിന്തകളും അനാചാരങ്ങളും വിവേചനങ്ങളും വർദ്ധിച്ചുവരുന്നതായി കാണാൻ കഴിയുന്നു. അതിന്റെ പശ്ചാത്തലത്തിലാണോ ഇത്തരത്തിലുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ കേരളത്തിലെ ആദിവാസികൾക്കുനേരെ ഉണ്ടാകുന്നതെന്ന് പരിശോധിക്കാനാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ആദിവാസി ജനവിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ വരുമ്പോൾ പൊതുസമൂഹംതന്നെ അക്കാര്യത്തിൽ നല്ല ജാഗ്രത കാണിക്കുന്നുണ്ട്. മാധ്യമങ്ങൾ ചെറിയ കാര്യങ്ങൾപോലും വലുതാക്കി ഉയർത്തിക്കൊണ്ടുവരുന്നുണ്ട്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കുറയ്ക്കാനും അവർക്കുവേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കാനും അതുവഴി atrocity-യുടെ അളവ് കുറച്ചുകൊണ്ടുവരാനും കഴിയുന്നുണ്ട്. ആദിവാസി മേഖലയിൽ അവർക്കുവേണ്ട സഹായം ചെയ്തുകൊടുക്കുന്നതിനുവേണ്ടി (അവരുടെ ആരോഗ്യം, വിദ്യാഭ്യാസം, തൊഴിലുമായി ബന്ധപ്പെട്ട കാര്യങ്ങൾ) ഇപ്പോൾ ഏകദേശം 1118 പ്രൊമോട്ടർമാരെയും കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സായി 114 പേരെയും തെരഞ്ഞെടുത്തിട്ടുണ്ട്. കഴിഞ്ഞ നിയമസഭയിൽ നമ്മൾ ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഫോറസ്റ്റ്

ഏരിയയിൽ താമസിക്കുന്ന അഞ്ഞൂറോളം കുട്ടികളെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി തെരഞ്ഞെടുക്കാനുള്ള നടപടികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. പി.എസ്.സി. ടെസ്റ്റും ഫിസിക്കൽ ടെസ്റ്റും പൂർത്തീകരിച്ചവർക്ക് അഡ്വൈസ് മെമ്മോ കൊടുക്കേണ്ട സ്ഥിതിയിലേയ്ക്ക് എത്തിയിരിക്കുകയാണ്. ട്രൈബൽ ഏരിയയിൽനിന്ന് അഞ്ഞൂറ് കുട്ടികൾകൂടി വരുന്നതോടുകൂടി ആ മേഖലയിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, 'Mob lynching' ഇന്ന് വലിയ പ്രശ്നമായി രാജ്യത്തൊട്ടാകെ മാറിക്കൊണ്ടിരിക്കുകയാണ്. അതിന് ഇരയാകുന്നത് ന്യൂനപക്ഷ സമുദായങ്ങളിൽപ്പെട്ടവരും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുമാണ്. കേരളത്തിൽ രണ്ട് കാര്യങ്ങൾ സ്വീകരിക്കാൻ കഴിയുമെന്ന് തോന്നുന്നു. ഒന്നാമത്തേത് വിദ്യാഭ്യാസവും രണ്ടാമത്തേത് conviction rate-നെ സംബന്ധിച്ചുള്ളതുമാണ്. എസ്.സി./എസ്.റ്റി atrocity case ഉണ്ടായാൽ അതിന്റെ conviction rate വളരെ കുറവാണ്. ഇക്കാര്യം ഗവൺമെന്റ് പരിശോധിച്ച് നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മുൻപ്രതിപക്ഷനേതാവ് സൂചിപ്പിച്ച പ്രധാനപ്പെട്ട രണ്ട് കാര്യങ്ങളിൽ ഒന്ന്, പാവപ്പെട്ട കുട്ടികൾക്ക് Better education കൊടുക്കുക എന്നതാണ്. അതിനുള്ള എല്ലാ നടപടികളും ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് പാവപ്പെട്ട കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം വേഗത്തിൽ ലഭിക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾമുതൽ തീരുമാനമെടുത്തത്. ഡിജിറ്റൽ എഡ്യൂക്കേഷൻ സംസ്ഥാനത്ത് നടപ്പാക്കുമ്പോൾ ആദിവാസി വിഭാഗത്തിന് ഏറ്റവും വേഗത്തിൽ ലഭ്യമാക്കണമെന്ന ലക്ഷ്യത്തോടെയാണ് ആ വിഭാഗത്തിലുള്ളവർക്കെല്ലാം ലാപ് ടോപ്പും ഡിജിറ്റൽ ഡിവൈസസും നൽകാനുള്ള നടപടി സ്വീകരിച്ചത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ഇന്റർനെറ്റ് കണക്റ്റിവിറ്റിയില്ലാത്ത ട്രൈബൽ ഏരിയകളുടെ കൃത്യമായ കണക്കെടുത്തത്. ഏകദേശം 1286 ആദിവാസി മേഖലകളിൽ ഇന്റർനെറ്റ് കണക്റ്റിവിറ്റിയുണ്ടായിരുന്നില്ല. വളരെ ചുരുങ്ങിയ സമയംകൊണ്ടുതന്നെ 1100-ഓളം പ്രദേശങ്ങളിൽ ഇന്റർനെറ്റ് കണക്റ്റിവിറ്റി ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് ആദിവാസികളുടെ ഒരേയൊരു

പഞ്ചായത്തായ ഇടമലക്കുടിയിൽ ഇന്റർനെറ്റ് കണക്ടിവിറ്റി കൊടുക്കാൻവേണ്ടി ഏകദേശം നാല്കോടി മുപ്പത്തിയൊന്ന് ലക്ഷം രൂപയാണ് ചെലവഴിച്ചത്. ഇവർക്ക് ആധുനിക വിദ്യാഭ്യാസം ലഭ്യമാക്കി ഇവരെ സമൂഹത്തിൽ ഉയർത്തിക്കൊണ്ടുവരാനുള്ള ശ്രമമാണ് നടത്തുന്നത്. അതോടൊപ്പം തൊഴിൽപരമായ ശേഷിയുണ്ടാക്കിക്കൊടുക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. അതുപോലെ കേസ്സുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നില്ല. പലപ്പോഴും conviction rate വളരെ കുറഞ്ഞുവരുന്നതായി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ലീഗൽ അഡ്വൈസറായി കുട്ടികളെ നിയമിക്കുന്നതിലൂടെ atrocity കുറയ്ക്കാനും അഥവാ atrocity ഉണ്ടായാൽ ആ കേസ് മികച്ച നിലയിൽ നടത്താനും പ്രതികൾക്ക് ശിക്ഷ വാങ്ങികൊടുക്കാനും കഴിയുന്ന സംവിധാനമുണ്ടാകും. ശിക്ഷ കുറയുന്നുവെന്നുള്ളത് ശരിയായ കാര്യം തന്നെയാണ്. അതിൽ കൃത്യമായി ഇടപെടാൻവേണ്ടിയാണ് സർക്കാർ നടപടി സ്വീകരിച്ചിരിക്കുന്നത്.

**നഗര കുടിവെള്ള വിതരണ പദ്ധതികൾ**

2(*212) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എം. എം. മണി:
ശ്രീ. എം. മുകേഷ്:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2026 വർഷാവസാനത്തോടെ നഗര കുടിവെള്ള വിതരണ രംഗത്ത് കൈവരിക്കേണ്ട ലക്ഷ്യങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ജലവിഭവ മേഖലയിൽ അയ്യായിരത്തി എണ്ണൂറ്റി എൺപത്തിയഞ്ച് കോടിയിൽപ്പരം രൂപയുടെ തൊണ്ണൂറ്റിമൂന്ന് പദ്ധതികൾ കിഫ്ബി തുക വിനിയോഗിച്ച് നടപ്പാക്കാൻ അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇവയിൽ പുതിയ ജലവിതരണ പദ്ധതികളും ജലവിതരണ നവീകരണ പദ്ധതികളും ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, (എ) രാജ്യത്തെ അംഗീകൃത നഗരങ്ങളിലെ എല്ലാ വീടുകളിലും 2026 വർഷത്തോടെ പൈപ്പിലൂടെ കുടിവെള്ളമെത്തിക്കുന്നതിന് ആവിഷ്കരിച്ച കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് 2.0 -യുടെ ഭാഗമായി കേരളത്തിലെ 93 നഗരങ്ങൾക്കായി (6 കോർപ്പറേഷനുകളും 87 മുനിസിപ്പാലിറ്റികളും) ഏകദേശം 3500 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഇതിൽ കുടിവെള്ള മേഖലയ്ക്കായി 1713.40 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്.

ഇതിൽ കേന്ദ്ര വിഹിതം 736.10 കോടി രൂപയാണ്. ഇതുകൂടാതെ 84 അമൃത്-1 ഇതര നഗരങ്ങൾക്കായി 100 കോടി രൂപയും (കേന്ദ്ര വിഹിതം-50 കോടി രൂപ), 9 അമൃത്-1 ഇതര നഗരങ്ങൾക്കായി 636.16 കോടി രൂപയും (കേന്ദ്ര വിഹിതം-212.39 കോടി രൂപ), കുടിവെള്ള മേഖലയ്ക്ക് ഫ്ലോട്ടിംഗ് ഇൻസെന്റീവ് ഫണ്ടായും അനുവദിച്ചിട്ടുണ്ട്. അമൃത് 2.0 - യുടെ ഭാഗമായി കേരളത്തിലെ 9 അമൃത്-1 നഗരങ്ങളുൾപ്പെടെ 81 നഗരങ്ങളിലേയ്ക്കുള്ള കുടിവെള്ള പദ്ധതിക്കായി 1828.65 കോടി രൂപയുടെ പ്രൊപ്പോസലാണ് Tranche-I-ൽ സമർപ്പിച്ചിട്ടുള്ളത്. അതിൽ ആദ്യഘട്ടമെന്ന നിലയിൽ 616.829 കോടി രൂപയുടെ 77 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധം 1-ആയി ചേർത്തിരിക്കുന്നു.+ ഇവയുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

Tranche-II-ൽ കുടിവെള്ള പദ്ധതിക്കായി 184.502 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റുതല അപെക്സ് കമ്മിറ്റി അംഗീകരിച്ചു. ഇതിന്റെ ഭരണാനുമതി നൽകി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. അമൃത് 2.0-യുടെ പ്രോജക്റ്റ് കാലാവധി 2021 -22 മുതൽ 2025-26 വരെയാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കിഫ്ബി ധനസഹായത്തോടെ നാളിതുവരെ 4498.97 കോടി രൂപയുടെ 72 കുടിവെള്ള പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.+ അവയിൽ 4091.35 കോടി രൂപയുടെ 61 കുടിവെള്ള പദ്ധതികളും 407.62 കോടി രൂപയുടെ 11 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മൂവാറ്റുപുഴ, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, മലപ്പുറം, കണ്ണൂർ) പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികളുമുൾപ്പെട്ടിട്ടുണ്ട്. കിഫ്ബിയിലുൾപ്പെടുത്തി അനുമതി നൽകിയ വൻകിട പദ്ധതികളിൽ പ്രധാന നഗരങ്ങളിലെ ബദൽ കുടിവെള്ള സംവിധാനം, കുടിവെള്ള പദ്ധതികളുടെ വിപുലീകരണം, വിതരണ ശൃംഖലകളുടെ ശാക്തീകരണം എന്നിവയുൾപ്പെടുന്നു. കൂടാതെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതുവഴി ജലച്ചോർച്ച ഒഴിവാക്കാനും കഴിയുന്നതാണ്. ഇവ കൂടാതെ 31-03-2022 -ലെ G.O(Rt) No.266/2022/WRD സർക്കാർ ഉത്തരവ് പ്രകാരം 5 കുടിവെള്ള പദ്ധതികളുടെ 2-ാം ഘട്ടത്തിനായി (ജല വിതരണ ശൃംഖല സ്ഥാപിക്കൽ) 521.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന പ്രസ്തുത ഉത്തരവ് അനുബന്ധം 3 ആയി ചേർക്കുന്നു.+

(സി) 441.51 കോടി രൂപയുടെ 17 കുടിവെള്ള പദ്ധതികൾ ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന 121 പ്രവൃത്തികളിൽ 123.01 കോടി രൂപയുടെ 44 പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കിഫ്ബി പദ്ധതികൾ എല്ലാംതന്നെ 2024 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

31-3-2022 -ലെ G.O(Rt) No.266/2022/WRD സർക്കാർ ഉത്തരവ് പ്രകാരം 521.2 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച 5 കുടിവെള്ള പദ്ധതികളുടെയും D.P.R. ഫണ്ടിംഗ് സാംഗ്ഷനുവേണ്ടിയുള്ള പരിശോധനയ്ക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ കുടിവെള്ള വിതരണവും വെള്ളക്കരം പിരിച്ചെടുക്കലും നിർവ്വഹിക്കാൻ ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; അതിന്റെ വിശദാംശങ്ങൾ നൽകാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, തിരുവനന്തപുരം, എറണാകുളം മേഖലയിൽ അത്തരം കാര്യങ്ങൾക്കുവേണ്ടി ഒരു ഏജൻസിയെയും ചുമതലപ്പെടുത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റി തന്നെയായിരിക്കും കാര്യങ്ങൾ നിർവ്വഹിക്കപ്പെടുന്നത്. അതിനാൽ അത്തരം ആശങ്കകൾക്ക് സാധ്യതയില്ല.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, തലസ്ഥാന നഗരിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ നെയ്യാർ ഡാം - പി.ടി.പി. കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണ്; അത് പൂർത്തീകരിക്കാനാകുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, തലസ്ഥാനത്ത് അരുവിക്കര പ്ലാന്റിനെ ആശ്രയിച്ചാണ് ഇപ്പോൾ കുടിവെള്ള വിതരണം നടത്തുന്നത്. ചുരുക്കം ചില പഞ്ചായത്തുകൾക്കും ആ പ്ലാന്റിൽനിന്നും വെള്ളം കൊടുക്കേണ്ടി വരുന്നു. തിരുവനന്തപുരത്ത് പൂർണ്ണമായും കുടിവെള്ളം കൊടുക്കണമെങ്കിൽ മറ്റൊരു പദ്ധതികൂടി ഉണ്ടാകേണ്ടത് അനിവാര്യമാണ്. നെയ്യാറുമായി ബന്ധപ്പെട്ട് ഒരു പദ്ധതി രൂപകൽപ്പന ചെയ്തിരുന്നു. എന്നാൽ അത്തരം പ്രവൃത്തികളുമായി ബന്ധപ്പെട്ട് ടെക്നിക്കൽ പരിശോധനാ വിഭാഗം ക്ലിയറൻസ് ലഭ്യമാക്കുന്ന സാഹചര്യം നിലവിൽ കിട്ടിയിട്ടില്ല.

അതിനെത്തുടർന്നുള്ള കാര്യങ്ങൾ പരിശോധനയിലാണ്. നെയ്യാർ ഡാമിൽ 120 എം.എൽ.ഡി. ശുദ്ധീകരണശാല ആവശ്യമാണ്. അതിന് ഭരണാനുമതി ലഭിച്ചിരുന്നു. പക്ഷേ അത് പ്രവർത്തനസജ്ജമാക്കാനുള്ള കാര്യങ്ങളിലേയ്ക്ക് വന്നപ്പോൾ ചില തടസ്സങ്ങൾ രൂപപ്പെടുകയും പരിശോധനയുടെ പശ്ചാത്തലത്തിൽ അത്തരം കാര്യങ്ങളിൽ പുതുതായി സ്ഥലമേറ്റെടുക്കേണ്ടതില്ലെന്ന് കിഫ്ബിയിൽനിന്നും അറിയിക്കുകയുമുണ്ടായി. അതുകൊണ്ട് പുതിയ കാര്യങ്ങൾ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നെയ്യാറിൽ ഒരു പുതിയ പദ്ധതിയുണ്ടാകേണ്ടത് തിരുവനന്തപുരം നഗരത്തിലെ ശുദ്ധജല വിതരണ പദ്ധതിക്ക് അത്യാവശ്യമാണ്. അക്കാര്യങ്ങൾ ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. എം. മണി: സർ, അമൃത് 2.0 പദ്ധതിയിലുൾപ്പെടുത്തുന്നതിൽ ഏതെങ്കിലും നഗരങ്ങൾ വിട്ടുപോയിട്ടുണ്ടോയെന്നും ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദീകരിക്കാമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അമൃത് 2.0-ൽ ഒരു നഗരവും വിട്ടുപോയിട്ടില്ല. അതിൽ എല്ലാ മുനിസിപ്പാലിറ്റിയും കോർപ്പറേഷനും

ഉൾപ്പെട്ടിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. 2026 ആകുമ്പോഴേയ്ക്കും പൂർണ്ണമായും എല്ലാ നഗരങ്ങളിലും ശുദ്ധജലവിതരണം നടത്താൻ കഴിയുന്ന സ്ഥിതി ഇന്നത്തെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സാധ്യമല്ലെന്നുള്ളതും പരിഗണിക്കേണ്ടതായിട്ടുണ്ട്. എങ്കിലും ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ എല്ലാ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും അമൃത് 2.0-ന്മേലുള്ള നടപടികൾ സ്വീകരിച്ച് പുരോഗതി വിലയിരുത്തി മുന്നോട്ടുവരുന്ന സാഹചര്യമാണ് കാണാൻ കഴിയുന്നത്.

ശ്രീ. എം. മുകേഷ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. കെ. ജെ. മാക്സി): സർ, JNNURM (Jawaharlal Nehru National Urban Renewal Mission) വാട്ടർ സപ്ലൈ കൊച്ചി സിറ്റി പദ്ധതി പ്രകാരം പാഴൂർ പമ്പ് ഹൗസിൽനിന്ന് 804 എച്ച്.പി. ശേഷിയുള്ള 3 പമ്പ് ഉപയോഗിച്ചാണ് 96 എം.എൽ.ഡി. വെള്ളം വാട്ടർ അതോറിറ്റിയുടെ മരട് പ്ലാന്റിലേയ്ക്ക് പമ്പ് ചെയ്തിരുന്നത്. ഇതിൽ രണ്ട് പമ്പ് കേടായിട്ട് ഒരു മാസം ആകുന്നു. എന്നാൽ കൊച്ചി പ്രദേശത്ത് ഇതുമായി ബന്ധപ്പെട്ട് കടുത്ത കുടിവെള്ളക്ഷാമം നേരിടുകയാണ്. കൊച്ചി നഗരസഭയും ജില്ലാ ദുരന്തനിവാരണ അതോറിറ്റിയും ബദൽ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും അടിയന്തരപ്രാധാന്യമുള്ള ഈ വിഷയത്തിൽ ആവശ്യമായ മുൻകരുതലുകൾ

എടുക്കാതിരുന്ന കാര്യം അന്വേഷിച്ച്, ഇത് ഇനി ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുമോയെന്നതാണ് എന്റെ ചോദ്യം?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ഇക്കാര്യത്തിൽ നല്ല ഇടപെടൽ ഗവൺമെന്റ് നടത്തിയിട്ടുണ്ട്. ഈ സംഭവം രൂക്ഷമായ ഘട്ടത്തിൽത്തന്നെ എറണാകുളത്ത് ഒരു യോഗം വിളിക്കുകയും ജില്ലയുടെ ചുമതലയുള്ള മന്ത്രി എന്ന നിലയിൽ ശ്രീ. പി. രാജീവ് അതിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. അന്ന് ശ്രീ. കെ. ജെ. മാക്സി എം.എൽ.എ. സ്ഥലത്തില്ലാതിരുന്നതിനാൽ യോഗത്തിൽ പങ്കെടുക്കാൻ കഴിയില്ലെന്ന് സൂചിപ്പിച്ചിരുന്നു. എം.എൽ.എ.മാരായ ശ്രീ. കെ. ബാബു, ശ്രീമതി ഉമ തോമസ്, ശ്രീ. ടി. ജെ. വിനോദ്, ശ്രീ. ഹൈബി ഈഡൻ എം.പി., മേയർ, മുനിസിപ്പൽ ചെയർമാൻ, പഞ്ചായത്ത് പ്രസിഡന്റ് തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. എറണാകുളം പോലൊരു ജില്ലയിൽ മോട്ടോർ കേടാവുകയാണെങ്കിൽ കുടിവെള്ളവിതരണം വളരെ ദോഷകരമായി ബാധിക്കും. എന്നാൽ സമയബന്ധിതമായി ചെയ്യാൻ കഴിയുന്ന തരത്തിലുള്ള എല്ലാ ഇടപെടലുകളും ആ നിമിഷംതന്നെ സ്വീകരിക്കുകയുണ്ടായി. സ്വാഭാവികമായും കോർപ്പറേഷനും മുനിസിപ്പാലിറ്റിയും പഞ്ചായത്തുകളും

ഇത്തരത്തിലുള്ള താൽക്കാലിക തടസ്സങ്ങൾ വരുമ്പോൾ കുടിവെള്ളം വിതരണം ചെയ്യുന്ന സ്ഥിതിയാണ് നിലവിൽ കണ്ടുവന്നിരുന്നത്. എന്നാൽ വാട്ടർ അതോറിറ്റിതന്നെ ജലവിതരണം നടത്തുന്നതിനും ടാങ്കർ ലോറികളുടെ എക്സ്പെൻസും കൂടി നൽകത്തക്ക നിലയിൽ തീരുമാനമെടുത്ത് കുടിവെള്ള വിതരണം അന്നുമുതൽ തുടർന്നുവരുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ഇന്നുവരെ നോക്കുമ്പോൾ 40 ലക്ഷത്തിലധികം ലിറ്റർ ശുദ്ധജലം കഴിഞ്ഞ ഒരാഴ്ചക്കാലംകൊണ്ട് വിവിധ തലങ്ങളിലായി വിതരണം ചെയ്യാൻ കഴിഞ്ഞു. എന്നാൽ സ്വാഭാവികമായും ടാങ്കർ ലോറികൾ കയറി ചെല്ലുന്ന സ്ഥിതി കൊച്ചിയിലോ, സമീപപ്രദേശത്തോ എളുപ്പമല്ല. ചെറിയ വണ്ടികൾ ലഭ്യമാക്കി കഴിയുന്നത്ര അടുത്തുവരെ വെള്ളം എത്തിച്ചുകൊടുക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. രണ്ടാമത്തെ മോട്ടറും ഇന്ന് രാവിലെ മുതൽ പ്രവർത്തിച്ചുതുടങ്ങി. 96 എം.എൽ.ഡി വാട്ടർ കൊടുത്തുകൊണ്ടിരുന്ന കൊച്ചിയിൽ രണ്ടാമത്തെ മോട്ടോറും പ്രവർത്തനമാരംഭിച്ചതോടുകൂടി 75-നും 80-നും ഇടയ്ക്ക് എം.എൽ.ഡി. വാട്ടർ ഇന്നുമുതൽ വിതരണം ചെയ്യാൻ കഴിയുമെന്നൊരു സ്ഥിതിയുണ്ട്. ശേഷിച്ച പ്രശ്നങ്ങൾ എവിടെയെങ്കിലും അവശേഷിക്കുന്നുണ്ടെങ്കിൽ മൂന്നാമത്തെ മോട്ടോർ ശരിയായി വരുന്നതുവരെ അക്കാര്യങ്ങൾ കൃത്യമായി കൊണ്ടുപോകാനാവശ്യമായ നടപടി ഗവൺമെന്റ്

സ്വീകരിക്കുന്നതാണ്. ഇതുസംബന്ധിച്ച് ഒരു സബ്മിഷൻ ഇന്നത്തെ അസംബ്ലിയിൽ വന്നിട്ടുണ്ട്. അതുകൊണ്ട് വിശദമായ മറുപടി സബ്മിഷനിൽ പറയുന്നതായിരിക്കും.

ശ്രീ. കെ. ആൻസലൻ: സർ, കേരളത്തിലെ സമഗ്ര കുടിവെള്ള പദ്ധതിക്കുവേണ്ടി ഏകദേശം 72-ഓളം പ്രോജക്ടുകളുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഏറ്റവും വലിയ പ്രയാസം നേരിടുന്നത് സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയുന്നില്ല എന്നതിലാണ്. അതിലേറ്റവും പ്രധാനപ്പെട്ടത് സ്ഥലമെറ്റെടുക്കലുമായി ബന്ധപ്പെട്ടുള്ളതാണ്. പ്രത്യേകിച്ച് കുടിവെള്ള വിതരണത്തിനായുള്ള ഉപരിതല ടാങ്കുകൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിൽ 2013-ലെ ആക്ടുമായി ബന്ധപ്പെട്ട് ധാരാളം പ്രയാസങ്ങൾ നേരിടുന്നുണ്ട്. വിവിധ ഡിപ്പാർട്ടുമെന്റുകളുടെ വ്യത്യസ്ത ഭൂമിയുടെ ഉടമസ്ഥാവകാശം അതത് ഡിപ്പാർട്ടുമെന്റിനകത്ത് നിർത്തിക്കൊണ്ട് ഉപരിതല ടാങ്കുകൾ നിർമ്മിക്കുന്നതിനാവശ്യമായ പൊതുവായ തീരുമാനം ഈ ഘട്ടത്തിലെടുക്കുന്നത് ആശ്വാസകരമായിരിക്കും. അതുകൊണ്ട് അത്തരം കാര്യങ്ങളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ജൽജീവൻ മിഷൻ, അമൃത് പ്രോജക്ട് തുടങ്ങിയ കുടിവെള്ള പദ്ധതികൾക്ക് സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് കാലതാമസമുണ്ടായിട്ടുണ്ട്. എന്നാൽ അത് പരിഹരിക്കുന്നതിനുള്ള കാര്യക്ഷമമായ ഇടപെടൽ സർക്കാർ നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യത്തിൽ ഇടപെടുകയുണ്ടായി. സേവന വകുപ്പുകളുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുപ്പിനുള്ള അധികാരമായിരുന്നു ജില്ലാ കളക്ടർമാർക്ക് നിലവിലുണ്ടായിരുന്നതെങ്കിലും ഇത്തരം കാര്യങ്ങളിൽ സ്ഥലമേറ്റെടുക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് ഇതിനോടകം നൽകിക്കഴിഞ്ഞിട്ടുണ്ട്. സ്ഥലമേറ്റേടുക്കുന്നത്തിന്റെ മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം ഫെയർ വാല്യൂവിനെ സംബന്ധിച്ചുള്ളതാണ്. പ്രാദേശികമായ മാർക്കറ്റ് വാല്യൂവുമായി ബന്ധപ്പെട്ടുമാത്രമേ ഇത്തരം കാര്യങ്ങൾക്കുവേണ്ടി സ്ഥലമേറ്റെടുപ്പ് സാധ്യമാകുകയുള്ളൂവെന്നതും പരിശോധിച്ചുവരികയാണ്. അക്കാര്യങ്ങളിൽക്കൂടി പരമാവധി വേഗത്തിൽ തീരുമാനമെടുക്കാൻ കഴിഞ്ഞാൽ ഈ വിഷയങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയുമെന്ന പ്രതീക്ഷയുണ്ട്. ജൽജീവൻ മിഷൻ പദ്ധതിക്കുവേണ്ടി സമയബന്ധിതമായി

സ്ഥലമേറ്റെടുക്കുന്നതിന് എല്ലാവരുടെയും താല്പര്യമുണ്ടാകണം. അതിനാവശ്യമായ ചില മാറ്റങ്ങൾ വരുത്തി കളക്ടർമാർക്ക് അധികാരം കൊടുക്കാൻ കഴിയുന്ന തീരുമാനം താമസിയാതെ ഉണ്ടാകുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്.

ശ്രീമതി സി. കെ. ആശ: സർ, ഞാൻ ചോദിക്കാനുദ്ദേശിച്ചിരുന്ന ചോദ്യത്തിനുള്ള ഭാഗികമായ ഉത്തരം ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചു. അമൃത് പദ്ധതിയിലൂടെ വൈക്കം മുനിസിപ്പാലിറ്റിയിലെ വിതരണ ശൃംഖലയ്ക്കായി പണമനുവദിച്ചെങ്കിലും 1956-ൽ പണിത ഒരു ടാങ്ക് മാത്രമാണ് ഇന്നും കുടിവെള്ള വിതരണത്തിന് സജ്ജമായിട്ടുള്ളത്. റോ വാട്ടർ കൊണ്ടുവന്ന് ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന സൗകര്യങ്ങൾക്കായുള്ള രണ്ടര ഏക്കർ സ്ഥലം വൈക്കം മുനിസിപ്പാലിറ്റിയിലുണ്ട്. അതിനാവശ്യമായ ടാങ്കുൾപ്പെടെ നിർമ്മിച്ചുകൊണ്ട് കുടിവെള്ള വിതരണം ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അമൃത് 2.0-ൽ ശുദ്ധജല വിതരണ ശൃംഖലകളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ഫണ്ടിന്റെ വിനിയോഗം നടത്തുന്നതിനുള്ള ഗൈഡ്‌ലൈനും നടപടികളുമാണ് സ്വീകരിച്ചുവരുന്നത്. 2026 ആകുമ്പോഴേയ്ക്കും ഈ പദ്ധതി പൂർണ്ണതോതിൽ

പൂർത്തീകരിക്കണമെങ്കിൽ അല്പംകൂടി വിശാല കാഴ്ചപ്പാടുണ്ടാകേണ്ടതുണ്ട്. അതിനാവശ്യമായ നടപടികൾ പ്രത്യേകമായി ആലോചിക്കാം. കേരളത്തിൽ സമ്പൂർണ കുടിവെള്ള വിതരണം സാധ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ ഗ്രാമപഞ്ചായത്തുകളിൽ ജൽജീവൻ മിഷനിലൂടെ നടക്കുമ്പോൾ അർബൻ മേഖലയിൽ അത് പൂർണമാകാത്ത സ്ഥിതിയുണ്ടെന്ന വിലയിരുത്തൽ ഒരുപക്ഷെ, ഇതിന്റെ ഭാഗമായുണ്ടാകാം. അതുകൊണ്ട് വരുന്ന നാലഞ്ച് മാസങ്ങൾക്കുള്ളിൽ ഇത്തരം കാര്യങ്ങളിൽ പരിശോധന നടത്തി പരിഹാരമാർഗമെന്താണെന്നും അക്കാര്യത്തിൽ ചെയ്യാൻ കഴിയുന്നവ സംബന്ധിച്ചും ഗവൺമെന്റ് ആലോചിക്കുന്നതായിരിക്കും.

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, നഗരമേഖലയിലെ കുടിവെള്ള വിതരണം പോലെത്തന്നെ മലയോര മേഖലയിലെ ദാഹമകറ്റാൻ ബഹുമാനപ്പെട്ട മന്ത്രി പ്രകടിപ്പിക്കുന്ന ഇച്ഛാശക്തി ശ്രദ്ധേയമാണ്. പുഴകളും നീർച്ചാലുകളും വറ്റിവരണ്ടതോടെ ഒറ്റപ്പെട്ട റാന്നിയിലെ മലയോര മേഖലയെ റവന്യൂ വകുപ്പുമായി ആലോചിച്ച് വരൾച്ച ബാധിതപ്രദേശമായി പ്രഖ്യാപിച്ച് ടാങ്കറുകളിൽ കുടിവെള്ളമെത്തിക്കാനും തടയണകളുടെ നിർമ്മാണം ത്വരിതപ്പെടുത്താനും അറ്റകുറ്റപ്പണികൾക്കായി കൂടുതൽ ആളുകളെ

നിയോഗിച്ചും രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഗ്രാമ-മലയോര പ്രദേശങ്ങളിൽ ജൽജീവൻ പദ്ധതി മുഖാന്തരം പൂർണ്ണമായും വെള്ളമെത്തിക്കുന്നതിനുള്ള നടപടിക്രമങ്ങളിലൂടെ സർക്കാർ മുന്നോട്ടുപോകുകയാണ്. ജൽജീവൻ പദ്ധതി മുഖാന്തരം ഏതെങ്കിലും സ്ഥലത്ത് വെള്ളമെത്തിക്കാൻ സാധ്യതയില്ലെന്നുകണ്ടാൽ ഗ്രൗണ്ട്‌വാട്ടർ ഡിപ്പാർട്ടുമെന്റുമായി ആലോചിച്ച് പുതിയ പദ്ധതിയിലൂടെ അവിടെയെല്ലാം ശുദ്ധജലം കൊടുക്കുന്ന കാര്യം ഉറപ്പാക്കും. വേനൽ നേരത്തേതന്നെ ശക്തമായതോടുകൂടി പല സ്ഥലങ്ങളിലും കുടിവെള്ളത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി അക്കാര്യത്തിൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്നാണ് ഇതിനായുള്ള ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടത്. അക്കാര്യത്തിൽ കൂട്ടായൊരു പരിശ്രമമുണ്ടാകും. കേരളത്തിലെ സാധാരണക്കാർക്ക് കുടിവെള്ളം ലഭിക്കാതിരിക്കുന്ന സാഹചര്യം ഈ ഗവൺമെന്റിന്റെ ഭരണകാലത്തുണ്ടാകില്ല.

ശ്രീ. ജി. സ്റ്റീഫൻ: സർ, തിരുവനന്തപുരം നഗരത്തിലേയ്ക്കുള്ള കുടിവെള്ള വിതരണത്തിന് അരുവിക്കര ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നാണ് ഏറ്റവും കൂടുതൽ ജലം വിനിയോഗിക്കുന്നത്. ഈ പ്ലാന്റിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനും നിലവിലെ തടസങ്ങൾ നീക്കി നിർദിഷ്ട നെയ്യാർ പദ്ധതിയുടെ പണികൾ അടിയന്തരമായി ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും നഗരത്തിലേയ്ക്കുള്ള കുടിവെള്ള വിതരണത്തിന് മുൻഗണന നൽകേണ്ടതാണെങ്കിലും കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് കൂടുതൽ എം.എൽ.ഡി. വെള്ളം നൽകുന്നതിനുള്ള ആലോചന വകുപ്പ് നടത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അരുവിക്കരയിൽ കൂടുതലായി എന്തെങ്കിലും ചെയ്യാൻ കഴിയുമോയെന്നും കൂടുതൽ വെള്ളം ഇത്തരം കാര്യങ്ങളിൽ പ്രയോജനപ്പെടുത്താൻ കഴിയുമോയെന്നും പരിശോധിക്കാം. നിർദ്ദിഷ്ട നെയ്യാർ പദ്ധതി പ്രാവർത്തികമാക്കുകയെന്നതാണ് ഫലപ്രദമായ ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗം. അതുകൊണ്ട് തിരുവനന്തപുരം ജില്ലയിൽനിന്നുള്ള മന്ത്രിമാരെയും എം.എൽ.എ.-മാരെയുമുൾപ്പെടുത്തി ഇക്കാര്യങ്ങളിൽ കൂടിയാലോചന നടത്താം. നിലവിലുള്ള വിഷയങ്ങളിലെ

തടസ്സങ്ങൾ എത്രയുംപെട്ടെന്ന് പരിഹരിച്ച് പദ്ധതി നടപ്പാക്കുന്നതിനായി ദ്രുതഗതിയിലുള്ള നീക്കത്തിന് തയ്യാറാകാം.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, കുടിവെള്ളം മുടങ്ങുന്ന സന്ദർഭത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ അതിന് പരിഹാരമുണ്ടാക്കുന്നതിനുള്ള മാർഗങ്ങളുണ്ടാകേണ്ടതുണ്ട്. എന്റെ പ്രദേശത്ത്, തിരൂർ നഗരത്തിൽ നാലുദിവസം തുടർച്ചയായി കുടിവെള്ളം മുടങ്ങിയ സാഹചര്യമുണ്ടായിരുന്നു. പയ്യനങ്ങാടി പ്രദേശത്ത് പൈപ്പ് പൊട്ടിയതിനാൽ വീടുകളിലേയ്ക്ക് കൊടുക്കുന്നതിനുള്ള വെള്ളം മുഴുവൻ പുറത്തേയ്ക്ക് ഒഴുകിപ്പോകുന്ന സാഹചര്യമായിരുന്നു. ഇത് പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ആരാഞ്ഞപ്പോൾ പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാലാണ് സ്ഥലം കുഴിച്ച് പരിശോധന നടത്തി പ്രശ്നം പരിഹരിക്കാൻ കഴിയാത്തതെന്നാണ് അറിയാൻ സാധിച്ചത്. ഇതുപോലെതന്നെ ആറുമാസമായി താഴേപ്പാലം പ്രദേശത്തുനിന്ന് പുഴയിലേയ്ക്ക് അടിയിലൂടെ വെള്ളം ഒഴുകിപ്പോകുകയാണ്. ഡിപ്പാർട്ടുമെന്റിലെ എല്ലാ ഉദ്യോഗസ്ഥരെയും ഇക്കാര്യം അറിയിച്ചിട്ടുണ്ട്. നിലവിൽ പ്രശ്നം കണ്ടുപിടിച്ചെങ്കിലും റോഡുപണി പൂർത്തീകരിച്ച സാഹചര്യത്തിൽ കെ.ആർ.എഫ്.ബി. (കേരള റോഡ് ഫണ്ട് ബോർഡ്) അനുമതി

നൽകാത്തതുകൊണ്ടാണ് ഈ പ്രശ്നം പരിഹരിക്കാൻ കഴിയാത്തതെന്നാണ് അറിയാൻ കഴിഞ്ഞത്. ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, നല്ല റോഡുകളും വേണം ശുദ്ധജലം കൊടുക്കുകയും വേണമെന്നതാണ് പൊതുവായി നടപ്പാക്കേണ്ട കാര്യം. ഏതെങ്കിലും കാരണത്താൽ ചില സ്ഥലങ്ങളിൽ റോഡ് അല്പം പൊളിക്കേണ്ട സാഹചര്യമുണ്ടായാൽ ജനങ്ങൾക്കിടയിൽനിന്നും പ്രതിഷേധം ഉയർന്നുവരികയാണ്. മഴക്കാലത്താണ് ഇത്തരം പ്രതിഷേധങ്ങൾ കൂടുതലായുണ്ടാകുന്നത്. വേനൽക്കാലമായാൽ, റോഡ് പൊളിച്ചാലും കുഴപ്പമില്ല വെള്ളം കിട്ടിയാൽ മതിയെന്നുള്ള സ്ഥിതിയാണ്. അതിൽ ഒരു പൊതുമാറ്റം രൂപപ്പെടുത്താൻ ജനപ്രതിനിധികളുൾപ്പെടെ എല്ലാവരും ഒരുമിച്ച് മുന്നോട്ടുവരണം. പൊതുമരാമത്ത് വകുപ്പിന്റെ അനുമതി കിട്ടിയില്ലെന്ന കാരണത്താൽ നിലവിൽ സംസ്ഥാനത്തെ പദ്ധതികളൊന്നും മുടങ്ങിയിട്ടില്ല. ഇതിനായി ജില്ലകളിൽ നടത്തിയ മീറ്റിംഗുകളിൽ പരമാവധി എം.എൽ.എ.-മാർ പങ്കെടുക്കുകയും ഓരോ മീറ്റിംഗുകളിലും ഓരോ തീരുമാനങ്ങൾ കൈക്കൊള്ളുകയുമായിരുന്നു. DLP (Defects Liability Period) ഉള്ളതാണെങ്കിൽപ്പോലും ഒരു വർഷം കഴിഞ്ഞാൽ

റോഡുമുറിച്ച് പണി ചെയ്യുന്നതിനുള്ള ക്രമീകരണത്തെക്കുറിച്ചാണ് ആലോചിച്ചത്. വിവിധ ഏജൻസികളുടെ പ്രവർത്തനത്തിലൂടെ നല്ല റോഡുകൾ കേരളത്തിൽ പൂർത്തിയായിട്ടുണ്ട്. ബി.എം.&ബി.സി. നിലവാരമുള്ള റോഡുകളെല്ലാം ഒരേസമയം പൊളിക്കേണ്ടി വരുമ്പോഴുള്ള ബുദ്ധിമുട്ട് നമുക്കറിയാം. അത്തരം സാഹചര്യത്തിൽപ്പോലും അത് ബി.എം.&ബി.സി. ആയിത്തന്നെ റിസ്റ്റോർ ചെയ്യാനാവശ്യമായ തുക വാട്ടർ അതോറിറ്റി നൽകി ആ റോഡ് പൊളിക്കേണ്ടതാണെങ്കിൽ പൊളിച്ച് റിസ്റ്റോർ ചെയ്ത് കുടിവെള്ള വിതരണം നടത്തുന്നതിനാണ് തീരുമാനമെടുത്തിട്ടുള്ളത്. ഭൂമിക്കടിയിലേയ്ക്ക് വെള്ളം ചോരുന്നുവെന്ന കാര്യം ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അവയെല്ലാം കണ്ടെത്താനുള്ള സാങ്കേതിക പരിജ്ഞാനം നേടുകയും ആവശ്യമായ മെഷിനറികൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. പരമാവധി വേഗത്തിൽ പ്രശ്നബാധിത പ്രദേശങ്ങളിൽ പരിശോധന നടത്തി പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കും. ചില സ്ഥലങ്ങളിൽ വർക്കുകൾ ഏറ്റെടുത്ത് നടത്താൻ റണ്ണിംഗ് കോൺട്രാക്ടേഴ്സ് വിമുഖത പ്രകടിപ്പിച്ചിട്ടുണ്ട്. അവർക്ക് ചെയ്ത വർക്കുകൾക്കുള്ള കുടിശ്ശിക കൊടുക്കാനുള്ളതാണ് പ്രവൃത്തിയേറ്റെടുക്കാൻ വിസമ്മതം പ്രകടിപ്പിക്കാനുള്ള പ്രധാന കാരണം.

അത് കൊടുത്തു തീർക്കേണ്ടതാണ്. അവർ പെറ്റി കോൺട്രാക്ടേഴ്സാണ്. അവരെ സഹായിക്കുന്ന നടപടിയും വളരെ പെട്ടെന്നുതന്നെ കുടിശ്ശിക കൊടുത്തു തീർക്കുന്നതിനും മെയിന്റനൻസിനുള്ള സൗകര്യങ്ങൾ സമയബന്ധിതമായി പ്രയോജനപ്പെടുത്തുന്നതിനും ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, തലസ്ഥാന നഗരിയിലെ കുടിവെള്ള പ്രശ്നത്തെപ്പറ്റിയാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഇവിടത്തെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണാനെന്ന മട്ടിലാണ് 75 എം.എൽ.ഡി. പ്ലാന്റ് അരുവിക്കരയിൽ സ്ഥാപിച്ചത്. പക്ഷേ, അതിന്റെ പ്രവർത്തനം നടത്താൻ സാധിക്കുന്നില്ല. വെള്ളം കൊണ്ടുവരുന്നതിനുള്ള പൈപ്പ് സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ലെന്നതാണ് പ്രധാന കാരണം. 6-7 കിലോമീറ്ററോളം സ്ഥലത്ത് പൈപ്പ് സ്ഥാപിക്കേണ്ടതായുണ്ട്. പൈപ്പ് സ്ഥാപിക്കുന്ന പ്രവർത്തനം കുറേക്കാലംമുമ്പ് ആരംഭിച്ചതാണ്. കോൺട്രാക്ടർ ഉപേക്ഷിച്ചതുകാരണം ഈ പ്രവൃത്തി പാതിവഴിയിലാണ്. പൈപ്പുകൾ സ്ഥാപിച്ച് കഴിയുമ്പോൾ തനിക്ക് പതിനഞ്ച് കോടി രൂപയുടെ നഷ്ടമുണ്ടാകുമെന്ന് കാണിച്ച് കോൺട്രാക്ടർ കോടതിയെ സമീപിക്കുകയുണ്ടായി. ഉചിതമായ തീരുമാനമെടുക്കാൻ കോടതി വാട്ടർ

അതോറിറ്റിയോട് ആവശ്യപ്പെട്ടു. ഉന്നത ഐ.ഐ.എസ്. ഓഫീസർമാരുൾപ്പെടുന്ന വാട്ടർ അതോറിറ്റി ബോർഡ് യോഗം ചേർന്ന്, ആറുമാസംകൂടി പ്രസ്തുത കോൺട്രാക്ടർക്ക് വർക്ക് നീട്ടിക്കൊടുക്കുന്ന സ്ഥിതിയാണുണ്ടായത്. സമീപകാലത്തോ, വരുന്ന ഒരു വ്യാഴവട്ടക്കാലത്തിനിടയിലോ ഈ പണി പൂർത്തിയാകില്ല. നഗരത്തിൽ പല പ്രദേശങ്ങളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുകയാണ്. ടെക്നോപാർക്ക്, ടെക്നോസിറ്റി, ആയിരക്കണക്കിന് ഫ്ലാറ്റുകൾ അടങ്ങുന്ന കഴക്കൂട്ടം പ്രദേശം എന്നിവ കുടിവെള്ള ക്ഷാമത്താൽ പൊറുതിമുട്ടുകയാണ്. ജനങ്ങൾ വലിയ പ്രക്ഷോഭത്തിലാണ്. അടിയന്തര പരിഹാരം കാണാൻ ഗവൺമെന്റ് ഉചിതമായി തീരുമാനമെടുക്കേണ്ടതാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഒരു പൊതുവിഷയത്തെപ്പറ്റിയാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ ഒന്നുരണ്ടു തവണ ഇതുമായി ബന്ധപ്പെട്ട് യോഗം ചേർന്നിരുന്നു. വിവിധ സ്ഥലങ്ങളിലായി ഒട്ടേറെ കോൺട്രാക്ടർമാർ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. പ്രവൃത്തി നിശ്ചിത സമയത്ത് പൂർത്തിയാകാതെ വരുമ്പോൾ അവർ ചില ന്യായങ്ങൾ പറയാറുണ്ട്. അങ്ങനെ അവർതന്നെ പ്രവൃത്തി പൂർത്തിയാക്കട്ടെയെന്ന് തീരുമാനിച്ച്

കാലാവധി നീട്ടി വർക്ക് അവർക്കുതന്നെ കൊടുത്തിട്ടുണ്ട്. ഇങ്ങനെയെല്ലാം ചെയ്തിട്ടും പ്രവൃത്തി നടക്കുന്നില്ലെങ്കിൽ അനുവദിച്ച കാലാവധി കഴിയുന്നതോടുകൂടി അല്പം ത്യാഗം സഹിച്ചാണെങ്കിലും അവരെ ടെർമിനേറ്റ് ചെയ്ത് പുതിയ രീതിയിലുള്ള സംവിധാനം കൊണ്ടുവരികയെന്നല്ലാതെ, നിലവിലുള്ള നിയമമനുസരിച്ച് മറ്റൊരു മാർഗ്ഗവും സർക്കാരിനു മുന്നിലില്ല. കോടതിയെ ആശ്രയിക്കുന്നവരും കോടതിയിൽനിന്ന് ചില ഉത്തരവുകൾ വാങ്ങി തിരികെ വരുന്നവരുമുണ്ട്. അവയെല്ലാം പരിഗണിച്ചുകൊണ്ടുതന്നെ അത്തരം വിഷയങ്ങളിൽ ഗൗരവപൂർവം ഇടപെടാനും ഒരിക്കൽക്കൂടി യോഗം വിളിച്ചുകൂട്ടി അക്കാര്യം ചർച്ച ചെയ്ത്, സാധ്യമാകാത്ത സാഹചര്യങ്ങളാണ് ഉന്നയിക്കുന്നതെങ്കിലോ, പദ്ധതി നടപ്പാക്കാൻ കഴിയുന്ന അവസ്ഥ ഉണ്ടാകുന്നില്ലെങ്കിലോ അവർക്കനുവദിച്ച കാലാവധി തീരുന്നമുറയ്ക്ക് അവരെ ടെർമിനേറ്റ് ചെയ്ത് പുതിയ സിസ്റ്റത്തിലേയ്ക്ക് പോകാൻ കഴിയുമോയെന്നും ആലോചിക്കാവുന്നതാണ്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, പുനലൂർ കുടിവെള്ള പദ്ധതിയുടെ അനിവാര്യതയെപ്പറ്റി അങ്ങേയ്ക്കും അറിയാവുന്നതാണ്. കേരളത്തിൽ ചൂട് ഏറ്റവും കൂടിയതും കുടിവെള്ളക്ഷാമത്തിന്റെ രൂക്ഷത ഏറ്റവുമധികം അനുഭവപ്പെടുന്നതുമായൊരു പ്രദേശമാണ് പുനലൂർ. അവിടെ

കാലപ്പഴക്കമുള്ളൊരു പദ്ധതിയാണ് നിലവിലുള്ളതെന്നതിനാൽ എല്ലാസ്ഥലത്തും കുടിവെള്ളമെത്തിക്കാൻ സാധിക്കുന്നില്ല. രണ്ടുമൂന്ന് ജില്ലകളിലായി ഏതാണ്ട് തൊണ്ണൂറോളം ഗ്രാമങ്ങളിലേയ്ക്ക് പുനലൂരിൽ നിന്നാണ് കുടിവെള്ളമെത്തിക്കുന്നത്. അവിടെ നിലവിലുള്ള കുടിവെള്ള പദ്ധതിക്കുപകരം നൂതനമായൊരു പദ്ധതി ആരംഭിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്നതാണ്. പുതിയൊരു പദ്ധതി ആരംഭിക്കുന്നതിനാവശ്യമായ ട്രീറ്റ്മെന്റ് പ്ലാന്റിനും ടാങ്കിനുമുള്ള സ്ഥലം ക്രമീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇക്കാര്യത്തെപ്പറ്റി നേരത്തെ സൂചിപ്പിച്ചിട്ടുള്ളതാണ്. അമൃത് 2.0 പദ്ധതി നിലവിൽ വന്നതോടുകൂടി ഇത്തരം കാര്യങ്ങൾ പൂർണ്ണമായി പരിഹരിക്കാനാവശ്യമായ തുക സർക്കാരിന്റെ പക്കലില്ലെന്ന പ്രധാനപ്പെട്ട ബുദ്ധിമുട്ട് നിലനിൽക്കുകയാണ്. എന്നാൽ ഇത്തരം ബുദ്ധിമുട്ടുകളും പ്രതിസന്ധികളും നേരിടുന്ന പുനലൂർ പോലുള്ള പ്രദേശങ്ങൾ ഈ പദ്ധതിയുടെ ഭാഗമാണ്. ഇതിനായൊരു സ്കീം തയ്യാറാക്കി മുന്നോട്ടുപോകാൻ ശ്രമിക്കുകയും അതിനാവശ്യമായ കേന്ദ്രാവിഷ്കൃത പദ്ധതികൾ പുതുതായി രൂപപ്പെടുന്നുണ്ടോയെന്നും അതിന്റെ

ഭാഗമാക്കാൻ കഴിയുമോയെന്നും അല്ലെങ്കിൽ സംസ്ഥാനത്തിന്റെ മറ്റേതെങ്കിലും പദ്ധതി മുഖാന്തരം ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമോയെന്നൊക്കെ ആലോചിക്കേണ്ട സ്ഥിതിയാണ് നിലവിലുള്ളത്. അത്തരം സന്ദർഭത്തിൽ അതിനാവശ്യമായ പരിഗണന തീർച്ചയായും നൽകുന്നതാണ്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ അമ്പലമേടിലെ കിൻഫ്രയിലെ പെട്രോകെമിക്കൽ പാർക്കിലേയ്ക്ക് വെള്ളമെത്തിക്കുന്നതിനുള്ള പദ്ധതി ആലുവയിൽനിന്ന് എത്തിക്കാനാണ് വിഭാവന ചെയ്തിരിക്കുന്നത്. എന്നാൽ നിലവിൽ അതിന് പല തടസ്സങ്ങളും നേരിടുന്നുണ്ട്. അതിനുപകരം പെരിയാർവാലി കനാലിലൂടെ വെള്ളമൊഴുകിയെത്തുന്ന FACT-യുടെ ലേക്കിൽനിന്ന് വെള്ളമെത്തിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അക്കാര്യം പരിശോധിക്കേണ്ടതാണ്. FACT-യുടെ ലേക്കിൽനിന്ന് വെള്ളമെടുക്കേണ്ട സാഹചര്യമുണ്ടോയെന്നും അവിടെനിന്ന് എത്ര MLD വെള്ളം വിതരണം ചെയ്യാൻ കഴിയുമെന്നുമുള്ള കാര്യങ്ങൾ പരിശോധനാവിധേയമാകേണ്ടതാണ്. ആലുവ പ്ലാന്റ് എന്നത്

ഗൗരവപൂർവ്വം കാണേണ്ടതാണ്. കൊച്ചിയിലെ കുടിവെള്ള വിതരണം ഭംഗിയായി നിർവ്വഹിക്കപ്പെടുന്നതിന് വലിയ രീതിയിലുള്ള പ്രശ്നങ്ങളുണ്ട്. 190 MLD ട്രീറ്റ്മെന്റ് പ്ലാന്റ് രൂപപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതാവശ്യമാണ്. അക്കാര്യം സർക്കാർ ഗൗരവത്തോടെയാണ് കാണുന്നത്. താല്ക്കാലിക സംവിധാനമൊരുക്കി കുടിവെള്ളക്ഷാമത്തിന് പരിഹാരമുണ്ടാക്കിയാലൊന്നും കൊച്ചിയെ രക്ഷപ്പെടുത്താൻ സാധിക്കില്ല. നേരത്തെ സൂചിപ്പിച്ചതുപോലെ കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് ഉൾപ്പെടെയുള്ള ജനസംഖ്യ കൂടുതലുള്ള ടൗൺഷിപ്പുകളിൽ ഇത്തരത്തിലുള്ള പുതിയ ക്രമീകരണങ്ങളിലൂടെ മാത്രമെ പ്രശ്നങ്ങളെ അതിജീവിക്കാൻ സാധിക്കുകയുള്ളൂ. ഇക്കാര്യം ഗൗരവമായി പരിഗണിക്കുന്നതോടൊപ്പം ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യവും പരിഗണിക്കാവുന്നതാണ്.

## മത്സ്യഫെഡിന്റെ വായ്പാ പദ്ധതികൾ

3(*213) ശ്രീമതി ദെലീമ
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
ശ്രീ. പി. നന്ദകുമാർ
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എട്ട് ലക്ഷത്തിലധികം വരുന്ന കടൽ മത്സ്യബന്ധന തൊഴിലാളികളുടെ പ്രതിശീർഷ വരുമാനം സംസ്ഥാനത്തെ പ്രതിശീർഷ വരുമാനത്തിന്റെ പകുതിയോളം മാത്രമേ വരുന്നുള്ളൂവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) മത്സ്യബന്ധനോപാധികളുടെ ഉടമസ്ഥതയില്ലാത്തതുമൂലം പരമ്പരാഗത മത്സ്യബന്ധന തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ മത്സ്യഫെഡ് നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ;

(സി) മത്സ്യക്കച്ചവടം നടത്തുന്ന വനിതകൾക്ക് പലിശരഹിത വായ്പയും മൈക്രോഫിനാൻസ് വായ്പയും മത്സ്യഫെഡ് മുഖേന നൽകി വരുന്നുണ്ടോ; വിശദമാക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ വരുമാനവർദ്ധനവും സാമൂഹ്യ ഉന്നമനവും സുരക്ഷയും ഉറപ്പാക്കുന്നതിനുതകുന്ന ചുവടെ പറയുന്ന പദ്ധതികൾ ഫിഷറീസ് വകുപ്പും അനുബന്ധ സ്ഥാപനങ്ങളും ചേർന്ന് നടപ്പാക്കിവരുന്നു.

1. സമ്പാദ്യ സമാശ്വാസ പദ്ധതി

2. തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ

3. വിദ്യാഭ്യാസ സഹായ പദ്ധതികൾ

4. മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി

5. സുരക്ഷിത മത്സ്യബന്ധനമുറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി

6. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 75% സബ്സിഡിയോടുകൂടി ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി

7. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത മത്സ്യബന്ധനമുറപ്പാക്കുന്നതിന് എഫ്.ആർ.പി. ബോട്ടുകൾ, ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ എന്നിവ നൽകുന്ന പദ്ധതി

8. 'സമുദ്ര' ബസ് സർവ്വീസ് പദ്ധതി (മത്സ്യത്തൊഴിലാളി വനിതകൾക്ക് ബസ് സർവ്വീസ്)

9.മത്സ്യത്തൊഴിലാളികൾക്ക് തുടർ ചികിത്സാ ധനസഹായം നൽകുന്നതിനായി 'സാന്ത്വനതീരം' പദ്ധതി

10. ഓഖി പുനരധിവാസ പദ്ധതികൾ

11. മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി

12. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പാക്കുന്ന വിവിധ പദ്ധതികൾ

13. മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ

14. മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി;

15. കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നടപ്പാക്കുന്ന പദ്ധതികൾ

16. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നടപ്പാക്കുന്ന പദ്ധതികൾ

17. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ.

പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ യന്ത്രവൽകൃത മത്സ്യബന്ധനത്തിന് പ്രാപ്തരാക്കി സാമ്പത്തികാഭിവൃദ്ധികൂടി കൈവരിക്കുയെന്ന ലക്ഷ്യത്തോടെ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗനിർദ്ദേശപ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ

അംഗങ്ങളായിട്ടുള്ളതും സ്ഥിരതയോടെ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളുമായ പരമ്പരാഗത മത്സ്യത്തൊഴിലാളികളുൾപ്പെട്ട 10 പേർ വീതമടങ്ങുന്ന Joint Liability Groups/ Self Help Groups/ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ/ FFPO (ഫിഷ് ഫാർമേർസ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ) എന്നിവരാണ് ഗുണഭോക്താക്കൾ.

ഇതിനായുള്ള ബോട്ടിന്റെ വില 1.20 കോടി രൂപയായിരുന്നു. എന്നാൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ആവശ്യം പരിഗണിച്ച് കൂടുതൽ സൗകര്യങ്ങളുൾപ്പെടുത്തി പരിഷ്കരിച്ച് തയ്യാറാക്കുന്ന ബോട്ടിന്റെ വില 1.50 കോടി രൂപയാണ്. പദ്ധതി പ്രകാരം സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് 48 ലക്ഷം രൂപയും (40%) ആണ്. ബാക്കിയുള്ള 102 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതമാണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികളികൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ലെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) സംസ്ഥാന സർക്കാർ അധിക ഗ്രാന്റായി അനുവദിക്കുന്നതിനും ബാക്കി 70% (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും CMEDP (Chief Minister

Entrepreneurship Development Programme) ലോൺ മുഖേന ലഭ്യമാക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

19-1-2023-ന് ബോട്ട് നിർമ്മാണം സംബന്ധിച്ച് ത്രികക്ഷി കരാർ കൊച്ചിൻ ഷിപ്പ്യാർഡ്, ഫിഷറീസ് വകുപ്പ്, ഗുണഭോക്തൃ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ എന്നിവർ ചേർന്ന് ഒപ്പുവച്ചു. ആദ്യഘട്ടമായി കൊച്ചിൻ ഷിപ്പ്യാർഡിൽ നിർമ്മാണം പൂർത്തിയാക്കിയ 5 യാനങ്ങൾ ഗുണഭോക്തൃസംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ളവയുടെ നിർമ്മാണം കൊച്ചിൻ ഷിപ്പ്യാർഡിന്റെ Malpe കപ്പൽ നിർമ്മാണശാലയിൽ പുരോഗമിച്ചുവരുന്നു.

കൂടാതെ ടി പദ്ധതിയിൽ അംഗങ്ങളായ സഹകരണ സംഘങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 30 മത്സ്യത്തൊഴിലാളികൾക്ക് നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ (NCDC)-ന്റെ സാമ്പത്തിക സഹായത്തോടെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT)-യുടെ നേതൃത്വത്തിൽ ആഴക്കടൽ മത്സ്യബന്ധനത്തിനായുള്ള മൂന്നുദിവസത്തെ പരിശീലനം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ (NIFAM)-ൽ വച്ച് നൽകിയിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധനോപാധികളുടെ ഉടമസ്ഥരാക്കുന്നതിന് മത്സ്യഫെഡ് മുഖേന ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

1. ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി വഴി മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള പലിശ രഹിത വായ്പ.

2. ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി.)/ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി.) ടേം വായ്പ പദ്ധതി വഴി മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള പലിശ രഹിത വായ്പ.

3. മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ നടപ്പാക്കുന്ന തീരദേശ ലേല സമ്പ്രദായം.

4. നാടൻ വള്ളങ്ങളുടെ യന്ത്രവത്കരണം

5. വലകൾക്കുള്ള സബ്സിഡി

6. മത്സ്യബന്ധന ഉപകരണ സുരക്ഷാ പദ്ധതി

7. ബ്ലൂ റെവലൂഷൻ/പ്രധാൻ മന്ത്രി മത്സ്യസമ്പദാ യോജന പദ്ധതി

8. കിസാൻ ക്രെഡിറ്റ് കാർഡ്

9. മത്സ്യഫെഡ് വായ്പകളിന്മേൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.

(സി) ഉണ്ട്.

1. എൻ.ബി.സി.എഫ്.ഡി.സി./എൻ.എം.ഡി. എഫ്.സി. എന്നിവയുടെ ധനസഹായത്തോടു കൂടിയുള്ള മൈക്രോ ഫിനാൻസ് വായ്പ പദ്ധതി

ഒരാൾക്ക് പരമാവധി 60,000/- രൂപവരെ 5% പലിശ നിരക്കിൽ 2 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ നൽകുന്നു. വിവിധ ലഘു സംരംഭങ്ങൾ നടപ്പാക്കുന്നതിനാണ് മൈക്രോ ഫിനാൻസ് വായ്പ വിതരണം ചെയ്യുന്നത്.

2. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി

ആദ്യവായ്പ 10000/- രൂപ ഒരു വർഷ കാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർവായ്പയായി 20,000/- രൂപ എന്നിങ്ങനെ വിതരണം ചെയ്യുന്നു.

3. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം ( LDRS)

മത്സ്യഫെഡ് മൈക്രോ ഫിനാൻസ്, മത്സ്യവിപണന വനിതകൾക്കുള്ള പലിശ രഹിത വായ്പ (ഐ.എഫ്.എൽ.) എന്നീ പദ്ധതികൾ വഴി

മത്സ്യഫെഡിൽനിന്നും വായ്പയെടുത്തിട്ടുള്ള ഗുണഭോക്താക്കളിൽ മരണമടയുന്നവരുടെ വായ്പ കണക്കിൽ ബാക്കി നിൽക്കുന്ന വായ്പ തുക പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള പദ്ധതിയായ ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം (LDRS) ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

ശ്രീമതി ദെലീമ: സർ, സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി ഒട്ടനവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്ന സർക്കാരിനെയും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെയും ഞാൻ പ്രത്യേകം അനുമോദിക്കുകയാണ്. മത്സ്യവില്പന നടത്തുന്ന വനിത മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ യാത്രയൊരുക്കുന്നതിന് നടപ്പാക്കിയ സമുദ്ര ബസ് സർവ്വീസ് പദ്ധതി മറ്റ് ജില്ലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഈ പദ്ധതി ഇന്ത്യയിലാദ്യമായി നടപ്പാക്കിയ സംസ്ഥാനം കേരളമാണ്. മത്സ്യവിൽപ്പന നടത്തുന്ന തീരദേശ മത്സ്യത്തൊഴിലാളികളായ വനിതകളുടെ ക്ഷേമത്തിനാണ് KSRTC-യുമായി ചേർന്ന് മത്സ്യബന്ധന വകുപ്പ് ഈ പദ്ധതി നടപ്പാക്കിയത്. വളരെ വിജയകരമായൊരു പദ്ധതിയാണിത്. തീർച്ചയായും ഈ പദ്ധതി മറ്റ്

ജില്ലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീമതി ദെലീമ: സർ, മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന ലൈഫ് പദ്ധതിയിലെ ആനുകൂല്യങ്ങൾ അനുബന്ധ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. അനുബന്ധ മത്സ്യത്തൊഴിലാളികളെയും മത്സ്യത്തൊഴിലാളികളായി പരിഗണിച്ച് ലൈഫ് പദ്ധതിയിലെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, തീരദേശമേഖലയിലും ഉൾനാടൻ മേഖലയിലും മത്സ്യത്തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണം നല്ല നിലയിൽത്തന്നെ കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്തും ഈ ഗവൺമെന്റിന്റെ ഭരണകാലത്തും നടപ്പാക്കിവരുന്നുണ്ട്. ലൈഫ് പദ്ധതിയിൽ ഇതിനോടകം 3390 കുടുംബങ്ങൾക്ക് 135.6 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ പുനർഗേഹം പദ്ധതിയിലൂടെ 5500 -ഓളം ഫ്ലാറ്റുകളും വീടുകളും നിർമ്മിച്ച് കൊടുത്തിട്ടുണ്ട്. ഒൻപതിനായിരത്തോളം വീടുകൾ മത്സ്യമേഖലയിൽ ഇതിനോടകം നിർമ്മിച്ചിട്ടുണ്ട്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, മത്സ്യബന്ധന തുറമുഖങ്ങളിൽ ഹാർബർ മാനേജ്മെന്റ് കമ്മിറ്റികൾ നിലവിലുണ്ടായിരുന്നു. ഇപ്പോൾ

അത്തരമൊരു സംവിധാനമില്ല. അതത് ജില്ലകളിലെ ജില്ലാ കളക്ടർമാർ ചെയർമാനായ മാനേജ്മെന്റ് കമ്മിറ്റികൾ ഇപ്പോൾ നിലവിലില്ലാത്തതിനാൽ ഹാർബറിലെ അത്യാവശ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുന്നില്ല. അത് പുനഃസ്ഥാപിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഹാർബർ മാനേജ്മെന്റ് കമ്മിറ്റി ഇപ്പോൾ നിലവിൽ വന്നിട്ടുണ്ട്. ഫിഷ് ലാൻഡിംഗ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. അതിനെ സംബന്ധിച്ചിടത്തോളം ആശങ്ക വേണ്ട. എത്രയുംപെട്ടെന്ന് അതിന്റെ പ്രവർത്തനങ്ങൾ നടപ്പാക്കാൻ ഈ പുതിയ നിയമത്തിന്റെ ചട്ടങ്ങൾ നിലവിൽ വരുന്നതോടുകൂടി കഴിയുന്നതാണ്.

ശ്രീ. പി. നന്ദകുമാർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, മത്സ്യത്തൊഴിലാളികളെ വറുതിയുടെ കാലഘട്ടത്തിൽ സഹായിക്കുന്നതിനുവേണ്ടിയാണ് സമ്പാദ്യ സമാശ്വാസ പദ്ധതി ആരംഭിച്ചത്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ വിഹിതവും തൊഴിലാളികളുടെ വിഹിതവും ചേർത്താണ് ഈ പദ്ധതി നടത്തിവരുന്നത്. കഴിഞ്ഞ വർഷങ്ങളിൽ പ്രസ്തുത ആനുകൂല്യം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഈയിനത്തിൽ കേന്ദ്ര ഗവൺമെന്റ് എത്ര തുക നൽകാനുണ്ട്;

കേന്ദ്രത്തിൽ നിന്നും എത്ര വർഷത്തെ തുക ലഭിക്കാനുണ്ട് എന്നതിനെ സംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ കാര്യത്തിൽ ഒരു പ്രശ്നമുണ്ട്. പദ്ധതിപ്രകാരം ഒന്നാം ഗഡു ഗുണഭോക്തൃവിഹിതവും രണ്ടാം ഗഡു സംസ്ഥാനസർക്കാർ വിഹിതവും ഇതിനകം മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ആനുപാതികമായ കേന്ദ്രവിഹിതം ലഭിക്കാത്തതിനാൽ മൂന്നാം ഗഡു വിതരണം ചെയ്തിട്ടില്ല. കഴിഞ്ഞ മൂന്നുവർഷക്കാലത്തെ കേന്ദ്ര സർക്കാർ വിഹിതമായ 72.75 കോടി രൂപയും ഈ വർഷത്തെ 26.36 കോടി രൂപയുമുൾപ്പെടെ 99.11 കോടി രൂപ സംസ്ഥാന സർക്കാരിന് കേന്ദ്രസർക്കാരിൽനിന്നും ലഭിക്കേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധികളിൽ നിന്നുകൊണ്ട് കഴിഞ്ഞ മൂന്ന് വർഷത്തെ വിഹിതവും സർക്കാർ അനുവദിച്ചുകഴിഞ്ഞു. കേന്ദ്രവിഹിതം ലഭിക്കാത്ത സാഹചര്യത്തിൽ കേന്ദ്രം നൽകേണ്ട ഗുണഭോക്തൃവിഹിതം കൂടി മുൻകൂറായി സംസ്ഥാന സർക്കാർ വഹിച്ച് മൂന്നാം ഗഡു വിതരണം ചെയ്യുന്നതിനാവശ്യമായ തുക അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഇത്തരം നിലപാടിനെതിരെ

മത്സ്യത്തൊഴിലാളി സംഘടനകൾ അതിശക്തമായ സമരമാരംഭിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ യൂറോപ്യൻ സന്ദർശനത്തിന്റെ ഭാഗമായി പുത്തൻ സാങ്കേതികവിദ്യയുടെ സഹായത്തോടെ മത്സ്യമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും ഈ മേഖലയിൽ കേരളത്തിന്റെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനും ധാരണയുണ്ടായല്ലോ. ഇതിന്റെ ഭാഗമായി രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ച ഫിഷറീസ് ഇന്നൊവേഷൻ കൗൺസിലിലൂടെ എന്താണുദ്ദേശിക്കുന്നത്?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, കേരളത്തിന്റെ ഭാവിയെക്കുറിച്ച് വലിയ പ്രതീക്ഷ നൽകുന്നൊരു പദ്ധതിയാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും യൂറോപ്പ് സന്ദർശനവേളയിലാണ് ഈയൊരാശയം മുന്നോട്ടുവന്നത്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബന്ധപ്പെട്ടവരുടെയും സാന്നിദ്ധ്യത്തിൽ ഒരു യോഗം ചേരേണ്ടതുണ്ട്. ഫിഷറീസ്-വ്യവസായ വകുപ്പുകൾ, K-DISC, നോളജ് മിഷൻ, കേരള സ്റ്റാർട്ടപ്പ് മിഷൻ, R&D ഇൻസ്റ്റിറ്റ്യൂട്ടുകൾ, മത്സ്യമേഖല ശാസ്ത്രജ്ഞർ, വിദഗ്ദ്ധർ, കയറ്റുമതിക്കാർ ഇവരെല്ലാമുൾപ്പെടുന്നൊരു

ഫെസിലിറ്റേഷൻ കേന്ദ്രമായി ഫിഷറീസ് ഇന്നൊവേഷൻ കൗൺസിൽ പ്രവർത്തിക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും വകുപ്പുമന്ത്രിമാരും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം ചേർന്ന് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. 2023-24 വർഷത്തെ ബഡ്ജറ്റിൽ ഇതിന്റെ ആമുഖമായ പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ടെന്ന കാര്യം അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, മത്സ്യഫെഡ് മുഖേന മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന പലിശരഹിത വായ്പയുടെ മൂന്ന് മാസത്തെ തിരിച്ചടവ് തെറ്റിയാൽ വായ്പയെടുത്തവരുടെ കയ്യിൽനിന്നും പലിശയും പിഴപ്പലിശയും വാങ്ങുകയാണ്. പലിശരഹിത വായ്പയെന്ന് പേരിടുകയും അതേസമയത്ത് പലവിധ കാരണങ്ങളാൽ അവരുടെ കയ്യിൽനിന്ന് പലിശയും പിഴപ്പലിശയും ഈടാക്കുകയും ചെയ്യുന്ന നടപടി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, മത്സ്യഫെഡ് ഇപ്പോൾ സ്വയംതൊഴിൽ വായ്പാ പദ്ധതി മുഖേന 87 പേർക്ക് 1.45 കോടി രൂപ നൽകിയിട്ടുണ്ട്.

34260 ഗുണഭോക്താക്കൾക്ക് മൈക്രോഫിനാൻസ് വായ്പയിനത്തിൽ 116.18 കോടിരൂപ നൽകിയിട്ടുണ്ട്. മത്സ്യക്കച്ചവടം ചെയ്യുന്ന 11890 വനിതകൾക്ക് പലിശരഹിത വായ്പയിനത്തിൽ 22.73 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. പലിശരഹിത വായ്പാപദ്ധതിയുടെ നടത്തിപ്പിനായി ഇക്കാലയളവിൽ സർക്കാരിൽനിന്നും 5.45 കോടി രൂപ നൽകിയിട്ടുണ്ട്. മൈക്രോഫിനാൻസ്, മത്സ്യക്കച്ചവട വനിതകൾക്കുള്ള പലിശരഹിത വായ്പ എന്നീ പദ്ധതികളിൽ മരണമടഞ്ഞതും മാരകരോഗങ്ങൾ ബാധിച്ചവരുമായ ഗുണഭോക്താക്കളെ ലോൺ ഡിസ്ട്രസ് റിലീഫ് പദ്ധതിയിലുൾപ്പെടുത്തി 182 ഗുണഭോക്താക്കൾക്ക് വായ്പാ കുടിശ്ശികയിൽ 24.93 ലക്ഷം രൂപ ഇളവ് നൽകിയിട്ടുണ്ട്. ഇങ്ങനെ മത്സ്യഫെഡ് കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി മെച്ചപ്പെട്ട പദ്ധതികൾ നടപ്പാക്കി വരികയാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം വളരെ പ്രസക്തമാണ്. വൻതോതിൽ കുടിശ്ശിക വന്നാൽ മത്സ്യഫെഡിന് പ്രവർത്തിക്കാൻ കഴിയില്ല. അതുകൊണ്ട് പരമാവധി കുടിശ്ശിക വാങ്ങിയെടുക്കുന്നതിനുള്ള ശ്രമം മാത്രമേ നടത്തുന്നുള്ളൂ. മത്സ്യത്തൊഴിലാളികളെ ആരെയും പ്രയാസപ്പെടുത്തി കുടിശ്ശിക പിരിവ് നടത്തുന്നില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, തീരദേശവാസികൾക്ക് ഏറെ ആശ്വാസകരമായ പദ്ധതിയാണ് പുനർഗേഹം. എന്നാൽ ഈ പദ്ധതിപ്രകാരം വാങ്ങുന്ന ചില സ്ഥലങ്ങളെങ്കിലും പറമ്പായിരിക്കുകയും എന്നാൽ രേഖകളിൽ നഞ്ച, പുഞ്ച എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുള്ളതുകൊണ്ട് അവിടെ വീടുവയ്ക്കാൻ DLMC (District Level Monitoring Committee) അനുവാദം നൽകാത്തൊരു സ്ഥിതിയുമുണ്ട്. അക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ബഹുമാനപ്പെട്ട അംഗം ഇക്കാര്യം നേരത്തെ വാക്കാൽ സൂചിപ്പിക്കുകയും ഉടൻതന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുനർഗേഹം പദ്ധതി നന്നായി മുന്നോട്ടുകൊണ്ടുപോകാനുള്ള പരിശ്രമമാണ് സർക്കാർ നടത്തുന്നത്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളുടെയും സഹായ സഹകരണം ആവശ്യമാണ്. തീരദേശത്ത് പുനർഗേഹം പദ്ധതിയിലൂടെ ഫ്ലാറ്റ് പണിയാൻ സ്ഥലം ആവശ്യമാണ്. സർക്കാർ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നവും അതുതന്നെയാണ്. പ്രസ്തുത പദ്ധതി പ്രകാരമിപ്പോൾ ഏതാണ്ട് 5495 വീടുകളിലേയ്ക്കുള്ള പുനരധിവാസം ഉറപ്പാക്കിയിട്ടുണ്ട്. വീട് നിർമ്മിക്കാനാവശ്യമായ ഫണ്ട് കൈവശമുണ്ട്. സ്ഥലം ലഭ്യമാക്കുകയെന്ന

പ്രാദേശിക പ്രശ്നം എല്ലാവരും ചേർന്ന് കൂട്ടായി പരിഹരിച്ചാൽ ഗവൺമെന്റിന്റെ പ്രഖ്യാപനമനുസരിച്ച് തീരദേശത്ത് 50 മീറ്ററിനുള്ളിലുള്ള എല്ലാ ജനങ്ങളെയും മാറ്റി പാർപ്പിക്കാൻ കഴിയും. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് പരിഹാരം കാണുന്നതാണ്. കൃഷി വകുപ്പ് കൂടി ഇക്കാര്യത്തിൽ ഇടപെടേണ്ടതിനാൽ അക്കാര്യം ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്.

**പരമ്പരാഗത കലകളുടെ സംരക്ഷണം**

4 (*214) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യമായിക്കൊണ്ടിരിക്കുന്ന പരമ്പരാഗത കലകളെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) അവശകലാകാരൻമാരെ സംരക്ഷിക്കാൻ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, (എ) സംസ്ഥാനത്ത് അന്യമായിക്കൊണ്ടിരിക്കുന്ന പാരമ്പര്യകലകളുടെ സംരക്ഷണവും പ്രോത്സാഹനവും ലക്ഷ്യമിട്ട് സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. കുട്ടികളിലും യുവാക്കളിലും ആഭിമുഖ്യമുണർത്തുകയെന്ന ലക്ഷ്യത്തോടെ ക്ലാസ്സിക്കൽ, സമകാലീന, നാടോടി വിഭാഗങ്ങളിൽപ്പെട്ട കേരളത്തിന്റെ തനത് കലാരൂപങ്ങളിൽ യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും പ്രാദേശിക തലത്തിൽ കലാരൂപങ്ങൾ പരിപോഷിപ്പിക്കുകവഴി സാംസ്കാരിക ഉന്നമനം സാധ്യമാക്കുന്നതിനുമായി സാംസ്കാരിക വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് "യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ്". പ്രസ്തുത പദ്ധതിയിൽ തെയ്യം, തിറ, പൂരക്കളി മറത്തുകളി, കണ്യാർകളി, നാടൻപാട്ട്, ചവിട്ടുനാടകം, മാർഗ്ഗംകളി, മുടിയേറ്റ്, പടയണി, മാപ്പിളകലകൾ, കോൽക്കളി, വിൽപ്പാട്ട്, തിരുവാതിരക്കളി, പാക്കനാർ തുള്ളൽ, വഞ്ചിപ്പാട്ട്, ഗദ്ദിക, തോൽപ്പാവക്കൂത്ത്, കാക്കാരശ്ശി നാടകം എന്നീ നാടൻ കലകളിൽ പരിശീലനം നൽകിവരുന്നു. കലാപരിശീലകർക്ക് സാംസ്കാരിക വകുപ്പ് പ്രതിമാസം 10,000/- രൂപ വീതവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

7,500/- രൂപ വീതവും ഉൾപ്പെടെ 17,500/- രൂപ ഫെലോഷിപ്പ് ആയി നൽകിവരുന്നു. പഠിതാക്കൾക്ക് വിവിധ വേദികളിൽ പാരമ്പര്യകലകൾ അവതരിപ്പിക്കുന്നതിന് പര്യാപ്തമാകുന്ന രീതിയിലാണ് വജ്രജൂബിലി പദ്ധതിയിൽ പരിശീലനം നൽകി വരുന്നത്.

ഗ്രാമീണ കലാകാരന്മാരുടെയും കരകൗശല വിദഗ്ധരുടെയും നൈപുണ്യം ശക്തിപ്പെടുത്തുക, ഇടനിലക്കാരുടെ ചൂഷണമൊഴിവാക്കുക, അവർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, സർവ്വോപരി സമ്പന്നമായിരുന്ന കേരളത്തിന്റെ ഗ്രാമീണ കലാകരകൗശല പൈതൃകത്തെ സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യപ്രാപ്തിക്കായി സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന ഗ്രാമീണ കലാകേന്ദ്രം (Rural Art Hub) പദ്ധതിയിൻകീഴിൽ പാരമ്പര്യകലകൾ പ്രോത്സാഹിപ്പിച്ചുവരുന്നു. പരമ്പരാഗത കരകൗശല പ്രവൃത്തികൾക്കൊപ്പം പ്രാചീന കലാരൂപങ്ങളും പുനരുജ്ജീവിപ്പിക്കാനും ഇതുമായി ബന്ധപ്പെട്ട കലാകാരന്മാർക്ക് ഉപജീവനം ഉറപ്പുവരുത്താനുമുള്ള പ്രവർത്തനങ്ങളും പദ്ധതിയിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള ഫോക്‌ലോർ അക്കാദമി, മാപ്പിള കലാ അക്കാദമി തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തിലൂടെ സീതക്കളി, ചവിട്ട് നാടകം, കാക്കാരശ്ശി നാടകം, വഞ്ചിപ്പാട്ട്, പടയണി,

മാപ്പിളപ്പാട്ട്, പാടിപ്പറയൽ, അറബന മുട്ട് തുടങ്ങി കേരളത്തിൽ അന്യംനിന്നുപോകുന്ന വിവിധ കലാരൂപങ്ങളെ പുനരുജ്ജീവിപ്പിക്കാനും കലാകാരന്മാരുടെ ഉപജീവന സുസ്ഥിരത വർദ്ധിപ്പിക്കുന്നതിനുംവേണ്ട നടപടികൾ ആസൂത്രണം ചെയ്തുവരുന്നു.

സാംസ്കാരിക വ്യാപനം പദ്ധതിയിലുൾപ്പെടുത്തി സാംസ്കാരിക വിനിമയ പരിപാടിയുടെ ഭാഗമായി പാരമ്പര്യകലകൾ വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ദേശീയ അന്തർദേശീയ തലങ്ങളിൽ സംഘടിപ്പിച്ചുവരുന്നുണ്ട്. ഗ്രാമീണ മേഖലയിലും ചെറുപട്ടണങ്ങളിലും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദികൾ ലഭ്യമല്ലാത്തിടങ്ങളിൽ മതിയായ സ്ഥലസൗകര്യമുള്ള പാതയോരങ്ങളോ പൊതുയിടങ്ങളോ കണ്ടെത്തി ' നാട്ടരങ്ങ്' എന്ന പേരിൽ രംഗവേദികൾ സ്ഥാപിക്കുന്ന സാംസ്കാരിക വകുപ്പിന്റെ പദ്ധതിയിൻകീഴിൽ പാരമ്പര്യ കലാപരിപാടികൾ അവതരിപ്പിക്കാൻ അവസരം ലഭിക്കുന്നുണ്ട്. ഗോത്രകലകൾ, നാടൻകലകൾ, അനുഷ്ഠാനകലകൾ, ക്രിസ്തീയ കലാരൂപങ്ങൾ, മാപ്പിള കലാരൂപങ്ങൾ, ക്ഷേത്രകലകൾ, ശാസ്ത്രീയകലകൾ, ശാസ്ത്രീയ സംഗീതം, ഉപകരണ സംഗീതം, ചിത്രകല, ശില്പകല, ഫോട്ടോഗ്രാഫി, ഇതര ജനകീയ കലകളായ മാജിക്, സർക്കസ്സ്, സൈക്കിൾ യജ്ഞം എന്നിവയും ട്രാൻസ്ജെൻഡേഴ്സ്,

ഭിന്നശേഷിക്കാർ, അന്ധഗായക സംഘം, കാരുണ്യാലയങ്ങളിലെ കലാസംഘങ്ങൾ, ജയിൽ അന്തേവാസികളിൽനിന്നുള്ള കലാസംഘങ്ങൾ എന്നിവരെയുൾപ്പെടുത്തിയും അതത് കലാസംഘങ്ങളുടെ ഇടയിലേയ്ക്ക് ഇറങ്ങിച്ചെന്ന് തനിമയോടെ കലാവതരണങ്ങൾ ചിത്രീകരിക്കുകയും വരാനിരിക്കുന്ന തലമുറയ്ക്കുവേണ്ടി കേരളീയ കലാരൂപങ്ങൾ സാംസ്കാരിക വകുപ്പിൽ ശേഖരിച്ചുവയ്ക്കുകയും ചെയ്യുന്ന ' മഴമിഴി' - മൾട്ടി മീഡിയ മെഗാ സ്ട്രീമിംഗ് സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവന്റെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു. സാംസ്കാരിക വകുപ്പ്, കേരള ചലച്ചിത്ര അക്കാദമി, കേരള ലളിതകലാ അക്കാദമി, ഫോക്‌ലോർ അക്കാദമി, ഗുരു ഗോപിനാഥ് നടനഗ്രാമം, സംഗീത നാടക അക്കാദമി തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തിലാണ് മഴമിഴി മൾട്ടി മീഡിയ മെഗാ സ്ട്രീമിംഗ് സംഘടിപ്പിക്കുന്നത്.

കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ കലാസമൂഹത്തിന് ഉണർവ്വേകാനും ഗോത്രകലകളിലെ ആയിരം പ്രതിഭകൾക്ക് മൂവായിരം രൂപ വീതം പ്രതിഫലം നൽകാനും സംസ്ഥാനത്തെ 5 ജില്ലകളിൽ 11 ദിനങ്ങളിലായി തളിർമിഴി ഗോത്രകലായാത്രാ 2023 ഫെബ്രുവരി 26 മുതൽ മാർച്ച് 23 വരെ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പാലക്കാട്

ജില്ലയിലെ അട്ടപ്പാടി, വയനാട് ജില്ലയിലെ കൽപ്പറ്റ, കാസർഗോഡ് ജില്ലയിലെ ബദിയടുക്ക, ഇടുക്കി ജില്ലയിലെ മറയൂർ, തിരുവനന്തപുരം/ കൊല്ലം അതിർത്തി പ്രദേശമായ കുളത്തുപ്പുഴ എന്നിവിടങ്ങളിൽ പൊതുജനങ്ങൾക്ക് നേരിൽക്കണ്ട് ആസ്വദിക്കാവുന്ന വേദികളിലും ലോകത്തെ വിവിധയിടങ്ങളിലെ മലയാളികൾക്ക് ഓൺലൈൻ വഴി കണ്ട് ആസ്വദിക്കാവുന്ന രീതിയിലും വ്യത്യസ്ത ശൈലിയിലാണ് തളിർമിഴി ഗോത്രകലായാത്രാ പരിപാടി സംഘടിപ്പിക്കുന്നത്. സാംസ്കാരിക വകുപ്പ്, കിർത്താഡ്സിന്റെ സഹകരണത്തോടെയാണ് ഗോത്രകലായാത്ര സംഘടിപ്പിക്കുന്നത്.

വൈവിധ്യമാർന്ന സംസ്കാരങ്ങൾ, മൺമറഞ്ഞുപോകുന്ന കലാരൂപങ്ങൾ എന്നിവ സംരക്ഷിക്കാനും അവ പുതുതലമുറയ്ക്കായി ആർക്കൈവ് ചെയ്യാനും ഇന്ത്യൻ ദ്വീപുകളിലെ പാരമ്പര്യ കലാവതരണങ്ങൾ, കേരളത്തിലെ കോളനികൾ കേന്ദ്രീകരിച്ചുള്ള കലാവിഷ്കാരങ്ങൾ, തീരദേശ പ്രദേശങ്ങൾ കേന്ദ്രീകരിച്ചുള്ള കലാവിഷ്കാരങ്ങൾ എന്നിവ ഐലന്റ് ആൻഡ് കോളനി ഫെസ്റ്റ് എന്ന പേരിൽ സംഘടിപ്പിക്കുന്നതിന് നടപടികൾ പുരോഗമിക്കുന്നുണ്ട്.

സാംസ്കാരിക വകുപ്പിനുകീഴിൽ പാരമ്പര്യകലകൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സ്ഥാപിതമായ കേരള ഫോക്‌ലോർ അക്കാദമി വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. അന്യംനിന്നു പോകുന്ന നാടൻകലകൾ പുതുതലമുറയ്ക്ക് പകർന്നുകൊടുക്കുന്നതിന് 10 വയസ്സ് മുതൽ 17 വയസ്സുവരെയുള്ള 300 കുട്ടികൾക്ക് 1 വർഷത്തേയ്ക്ക് സ്റ്റൈപ്പന്റ് നൽകുന്നുണ്ട്. നാടൻ കലാരംഗത്ത് പ്രവർത്തിക്കുന്ന കലാകാരന്മാർക്ക് അവാർഡ്/ഫെല്ലോഷിപ്പ് നൽകി ആദരിക്കുന്നുണ്ട്. കേരളത്തിൽ അന്യം നിന്നുകൊണ്ടിരിക്കുന്ന നാടൻ കലാരൂപങ്ങൾ, പ്രാദേശികമായുള്ള കലാരൂപങ്ങൾ എന്നിവ മറ്റുജില്ലകളിലും പരിചയപ്പെടുത്തുന്നതിന് ജില്ലാതലത്തിൽ നാടൻ കലാമത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. കേരളത്തിലെ ആദിവാസി സംസ്കൃതിയും കലയും പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. നാടൻ കലകളെക്കുറിച്ചുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്. കോളേജ് - സ്കൂൾ തലങ്ങളിൽ വിദ്യാർത്ഥികൾക്ക് നാടൻകല അവബോധം സൃഷ്ടിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഫോക്‌ലോർ ക്ലബ്ബുകൾ രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഫോക്‌ലോർ അക്കാദമിയുടെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ജില്ലയിലും 'ഗ്രാമസന്ധ്യ' എന്ന പേരിൽ

സെമിനാറുകളും നാടൻകലാ അവതരണങ്ങളും നടപ്പാക്കിവരുന്നു. ദേശീയ അന്തർദേശീയ സാംസ്കാരിക വിനിമയത്തിന്റെ ഭാഗമായി അന്താരാഷ്ട്ര നാടൻ കലോത്സവം (International Folklore Fest) കേരളത്തിൽ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മലയാളം മിഷൻ മുഖേന ആദിവാസി ഗോത്ര സമുദായങ്ങളിലെ കലാകാരന്മാരെയുൾപ്പെടുത്തി ഓൺലൈൻ റേഡിയോ ആയ "റേഡിയോ മലയാള"ത്തിൽ "പയമേ പണലി" എന്ന പരിപാടി പ്രക്ഷേപണം ചെയ്തുവരുന്നു. ഇതിലൂടെ കലാകാരന്മാർക്ക് പ്രതിഫലവും നൽകിവരുന്നുണ്ട്.

മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി മാപ്പിളകലകളുടെ സജീവതയ്ക്കും വ്യാപനത്തിനും പ്രവർത്തിച്ചുവരുന്നതോടൊപ്പം അന്യമായിക്കൊണ്ടിരിക്കുന്ന പരമ്പരാഗത കലകളായ പാടിപ്പറയൽ, ചവിട്ടുകളി, ചീനിമുട്ട് തുടങ്ങിയവയും പ്രോത്സാഹിപ്പിച്ചുവരുന്നു.

കേരളത്തിലെ പാരമ്പര്യ കലകളായ കളമെഴുത്ത്, ചുമർചിത്രകല, വിവിധ മാധ്യമങ്ങളിലുള്ള ശില്പകല തുടങ്ങിയവ കേരള ലളിതകലാ അക്കാദമി സംഘടിപ്പിച്ചിട്ടുണ്ട്.

കേരളത്തിന്റെ തനത് പാരമ്പര്യകലയായ ചുമർചിത്രകല പരിപോഷിപ്പിക്കുന്നതിനായി സാംസ്കാരികകാര്യ വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന വാസ്തുവിദ്യാ ഗുരുകുലം ചുമർചിത്ര കലാപ്രദർശനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ഈ കലയിൽ താല്പര്യമുള്ളവർക്കായി വിവിധ കാലദൈർഘ്യമുള്ള കോഴ്സുകളും നടത്തിവരുന്നു. കേരളത്തിലെ പ്രാചീന ക്ഷേത്രങ്ങൾ, ക്രൈസ്തവ ദേവാലയങ്ങൾ, പുരാതന കെട്ടിടങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലെ ചുമർചിത്രങ്ങൾ സംരക്ഷിക്കുന്നതിനുള്ള വിവിധ പദ്ധതികളും ഗുരുകുലം ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്.

അന്യമായിക്കൊണ്ടിരിക്കുന്ന പാരമ്പര്യകലകളെ സംബന്ധിച്ചും അവയുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി പൈതൃകപഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും സെമിനാറുകൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

(ബി) അവശകലാകാരൻമാരെ സംരക്ഷിക്കാൻ സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നുണ്ട്.

11/08/2017-ലെ സ.ഉ.(കൈ)21/2017/സാം.കാ.വ, 04/03/2022-ലെ സ.ഉ.(സാധാ)നം.122/2022/ സാം.കാ.വ., 14/12/2022-ലെ സ.ഉ.(സാധാ) നം.723 /2022/സാം.കാ.വ., എന്നീ ഉത്തരവുകളിലെ മാനദണ്ഡങ്ങളുടെയും

ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ 60 വയസ്സ് പൂർത്തിയാക്കിയിട്ടുള്ളവരും വാർഷികവരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തവരുമായ സാമ്പത്തിക പ്രയാസങ്ങൾ നേരിടുന്ന അവശരായ സാഹിത്യകാരന്മാരുടെയും കലാകാരന്മാരുടെയും അപേക്ഷകൾ പരിശോധിച്ച് അർഹരായവർക്ക് സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റ് മുഖേന പ്രതിമാസം 1600/- രൂപ കലാകാര പെൻഷൻ നൽകിവരുന്നുണ്ട്.

11.08.2017-ലെ സ.ഉ. (കൈ) നം.22/2017/സാം.കാ.വ. ഉത്തരവുപ്രകാരം ഏറ്റവും കുറഞ്ഞത് 50 വയസ്സ് പൂർത്തിയാക്കിയിട്ടുള്ളവരും വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തവരുമായ അശരണരും രോഗബാധിതരുമായ കലാസാംസ്കാരിക പ്രവർത്തകരുടെ അപേക്ഷകൾ പരിശോധിച്ച് അർഹരായവർക്ക് അടിയന്തര ചികിത്സാ ധനസഹായമായി പരമാവധി ഒരു ലക്ഷം രൂപ അനുവദിച്ചുവരുന്നുണ്ട്.

കലാകാരന്മാരുടെ ജീവിത നിലവാരമുയർത്തുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽനിന്നും അംഗങ്ങൾക്ക് ധനസഹായം നൽകിവരുന്നു.

കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം അടച്ച ഒരംഗത്തിന് 60 വയസ്സ് തികയുന്നമുറയ്ക്ക് പെൻഷൻ അനുവദിച്ചുവരുന്ന പദ്ധതി പ്രകാരം

നിലവിൽ 3797 അംഗങ്ങൾക്ക് 4,000/- രൂപ വീതം പ്രതിമാസ പെൻഷൻ നൽകിവരുന്നു.

കുറഞ്ഞത് 2 വർഷം അംശദായമടച്ച ഒരംഗമോ, ക്ഷേമനിധി പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്ന അംഗമോ മരണപ്പെട്ടാൽ അയാളുടെ കുടുംബത്തിന് നൽകിവരുന്ന കുടുംബ പെൻഷൻ പദ്ധതി പ്രകാരം നിലവിൽ 298 അംഗങ്ങളുടെ കുടുംബങ്ങൾക്ക് പ്രതിമാസം 1,100/- രൂപ വീതം നൽകിവരുന്നു. 7 പേർക്ക് 1,100/- രൂപ വീതം അവശത പെൻഷൻ നൽകിവരുന്നു. കുറഞ്ഞത് ഒരു വർഷമെങ്കിലും ക്ഷേമനിധിയിലേയ്ക്ക് അംശദായമടച്ച അംഗത്തിന്റെയോ, അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയോ വിവാഹാവശ്യത്തിനായി 25,000/- രൂപ ധനസഹായമായി നൽകിവരുന്നുണ്ട്.

ക്ഷേമനിധി ബോർഡ് അംഗത്തിന്റെ മരണാനന്തരച്ചെലവുകൾക്കായി 10,000/- രൂപ ക്ഷേമനിധിയിൽനിന്നും നൽകിവരുന്നുണ്ട്.

മൂന്ന് വർഷമെങ്കിലും സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിലേയ്ക്ക് തുടർച്ചയായി അംശദായമടച്ച ' ചിസ്' ആരോഗ്യസുരക്ഷാ പദ്ധതിയിൽപ്പെടാത്ത അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും ചികിത്സയ്ക്ക് അംഗത്വ കാലാവധിയിൽ പരമാവധി 50,000/- രൂപ ബോർഡിന്റെ

അംഗീകാരത്തിന് വിധേയമായി ചികിത്സാധനസഹായം അനുവദിക്കുന്നുണ്ട്. ഹൃദ്രോഗം, കാൻസർ, വൃക്ക സംബന്ധമായ അസുഖം, കരൾ രോഗം, ശ്വാസകോശ സംബന്ധമായ അസുഖം, തലച്ചോറിൽ രക്തസ്രാവവുമായി ബന്ധപ്പെട്ട അസുഖം അഥവാ സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും ഗുരുതരമായ മാരകരോഗങ്ങളാൽ കഷ്ടപ്പെടുന്ന അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വൈദ്യചികിത്സയ്ക്കുള്ള ചെലവുകൾ നേരിടുന്നതിനായി അംഗത്വ കാലാവധി പരിഗണിക്കാതെ പരമാവധി 1.5 ലക്ഷം രൂപ (ഒരു ലക്ഷത്തി അൻപതിനായിരം രൂപ) ബോർഡിന്റെ അംഗീകാരത്തോടെ നൽകുന്നുണ്ട്. അടിയന്തരഘട്ടങ്ങളിൽ ബോർഡ് ചെയർമാന്റെ അംഗീകാരത്തോടെ 25,000/- രൂപ ചികിത്സാ ധനസഹായമായി അനുവദിക്കുന്നുണ്ട്.

സംസ്ഥാന ചലച്ചിത്ര അക്കാദമി മുഖേന ചലച്ചിത്ര രംഗത്തെ അവശ കലാകാരന്മാർക്കും അവരുടെ ആശ്രിതർക്കും നൽകുന്ന പെൻഷൻ പദ്ധതി പ്രകാരം നിലവിൽ 190 പേർക്ക് പ്രതിമാസം 1000/- രൂപ വീതം പെൻഷൻ നൽകിവരുന്നുണ്ട്. കൂടാതെ അവശകലാകാരന്മാർക്കും അവരുടെ ആശ്രിതർക്കും പരമാവധി 25,000/- രൂപ ചികിത്സാ ധനസഹായം നൽകിവരുന്നുണ്ട്.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:</u> സർ, പരമ്പരാഗതകലകൾ കലാ കേരളത്തിന്റെ ആത്മഹർഷം നിറഞ്ഞ ഹൃദയധ്വനിയാണ്. കാലഘട്ടത്തിന്റെ അർത്ഥബോധത്തിന്റെ പ്രകാശധാരകൂടിയാണ്. അത് സംരക്ഷിക്കപ്പെടേണ്ടത് ഒരാവശ്യമാണ്. കലയ്ക്കുവേണ്ടി ജീവിതം സമർപ്പിച്ച കലാകാരന്മാർ ജീവിതത്തിന്റെ സായാഹ്നത്തിൽ അനാഥരാകുന്ന ഒരവസ്ഥയ്ക്ക് പരിഹാരം കാണാൻ സംസ്ഥാന സർക്കാരിന്റെ എന്തെല്ലാം കർമ്മ പദ്ധതികളുണ്ടെന്നറിയിക്കാമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, കലാകാരന്മാരെ ചേർത്തുപിടിക്കുന്ന പദ്ധതികളാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടപ്പാക്കുന്നത്. 'മഴമിഴി' എന്ന പരിപാടി കേരളം മാത്രമല്ല കോടാനുകോടി ജനങ്ങളാണ് കണ്ടത്. അത്തരത്തിൽ വലിയ മുന്നേറ്റമാണ് ആ രംഗത്തുവന്നത്. ഈ ഗവൺമെന്റിന്റെ ഭരണകാലത്തും ആ പദ്ധതി തുടരുകയാണ്. കൂടാതെ, കലാകാരന്മാർക്ക് അവസാന സമയം ആശ്രയമില്ലാതെ വന്നാൽ അവരെ ഏറ്റെടുത്ത് സംരക്ഷിക്കുന്ന ഒരു പദ്ധതി ഇന്ത്യയിലാദ്യമായി സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ചു. അതിനുള്ള സ്ഥലം മാവേലിക്കരയിൽ കണ്ടെത്തുകയും കല്ലിടൽ കർമ്മം നിർവ്വഹിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സംവിധാനം ഒരു വർഷത്തിനകം

കേരളത്തിൽ യാഥാർത്ഥ്യമാക്കുവാൻ ഉദ്ദേശിക്കുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, സിനിമാരംഗത്ത് വനിതകളെയും പട്ടികജാതി വിഭാഗത്തിൽപ്പെട്ട സംവിധായകരുൾപ്പെടെയുള്ളവരെയും പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നടത്തിവരുന്ന പദ്ധതികളെന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, സിനിമാരംഗത്ത് ഇന്ത്യയിൽ ചരിത്രം രേഖപ്പെടുത്തിയ വർഷമാണ് 2019-20. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകരെയും വനിതാസംവിധായകരെയും പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് വനിതകളുടെ സംവിധാനത്തിലുള്ള സിനിമകൾ എന്ന നൂതന പദ്ധതി നടപ്പാക്കിയത്. ഈ പദ്ധതിയുടെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഇപ്പോൾ ആറ് കോടി രൂപ എല്ലാവർഷവും ചെലവാക്കുന്നുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും വനിതകൾക്കുമായി ആറ് സിനിമകളെടുക്കുന്നതിനുവേണ്ടിയുള്ള തീരുമാനമെടുത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ വർഷമെടുത്ത സിനിമ ഇപ്പോൾ റിലീസ് ചെയ്തപ്പോൾ വളരെ നല്ല നിലയിലുള്ള അഭിപ്രായമാണ്

കേരളത്തിലെ ജനങ്ങൾക്കിടയിൽനിന്നും സ്വരൂപിക്കാൻ കഴിഞ്ഞത്. ഒരു കോടി രൂപ വീതം ആറ് സിനിമകൾക്കായി ആറ് കോടി രൂപയാണ് അനുവദിക്കുന്നത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. കെ. പി. മോഹനൻ): സർ, വടക്കൻ മലബാറിലെ തെയ്യം, തെക്കൻ മലബാറിലെ തിറയാട്ടം, മധ്യതിരുവിതാംകൂറിലെ പടയണി തുടങ്ങി അറുപതിൽപ്പരം പരമ്പരാഗതകലകളുണ്ട്. അതോടൊപ്പംതന്നെയാണ് കേരളത്തിന്റെ തനതായ ആയോധനകലയും. അങ്ങും ബഹുമാനപ്പെട്ട മന്ത്രിയും പങ്കെടുത്ത് ഒരാഴ്ചയോളം നടന്ന 'പൊന്ന്യത്തങ്കക്കളരി' ഏറ്റവും പ്രധാനപ്പെട്ടതായാണ് കാണുന്നത്. തച്ചോളി ഒതേനനും കതിരൂർ ഗുരുക്കളും പടവെട്ടിയ സ്ഥലമാണ് ഏഴരക്കണ്ടം. അതുപോലുള്ള ഒരുപാട് സ്ഥലങ്ങളെ സംരക്ഷിച്ചുകൊണ്ട് കലകളെ പ്രോത്സാഹിപ്പിക്കാനുതകുന്ന പ്രവർത്തനങ്ങൾ നടത്തുമോ?

ശ്രീ. സജി ചെറിയാൻ: സർ, 'പൊന്ന്യത്തങ്കം' കേരളത്തിന്റെ സാംസ്കാരിക രംഗത്ത് ശ്രദ്ധേയമായ പരിപാടിയായി മാറിയിരിക്കുകയാണ്. സാംസ്കാരിക വകുപ്പും ഫോക്‌ലോർ അക്കാഡമിയും ചേർന്ന് ബഹുമാനപ്പെട്ട സ്പീക്കറുടെ മുൻകൈയോടുകൂടിയാണ് തലശ്ശേരിയിൽ പ്രസ്തുത പരിപാടി

സംഘടിപ്പിച്ചത്. ലക്ഷക്കണക്കിന് ജനങ്ങളാണ് അതിൽ പങ്കെടുത്തത്. ഏഴരക്കണ്ടത്തിൽ ഞാനും പോയിരുന്നു. തീർച്ചയായും അങ്ങ് ചോദിച്ച ചോദ്യം വളരെ പ്രസക്തമാണ്. കേരളത്തിലെ ഇത്തരത്തിലുള്ള പരമ്പരാഗത പൈതൃകമായ കലകളെ കണ്ടെത്തി അവയെ പ്രോത്സാഹിപ്പിക്കുന്ന നടപടി സർക്കാർ സ്വീകരിക്കും. പൊന്ന്യത്തങ്കം അതിലേയ്ക്കുള്ള പ്രധാനപ്പെട്ട ചുവടുവയ്പ്പായിട്ടാണ് സർക്കാർ കാണുന്നത്.

ശ്രീ. തോമസ് കെ. തോമസ്: സർ, സംസ്ഥാന സർക്കാർ നടത്തിവരുന്ന അന്താരാഷ്ട്ര നാടകോത്സവം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; പ്രത്യേകിച്ച് കുട്ടനാട് ഭാഗത്തുള്ള നാടൻകലകളായ വഞ്ചിപ്പാട്ട്, നാടൻ പാട്ടുകൾ, കൊയ്ത്തുപാട്ടുകൾ, ഞാറ്റുവേല പാട്ടുകൾ തുടങ്ങിയ വിവിധ കലാരൂപങ്ങളുടെ അവതരണം നിശ്ചലാവസ്ഥയിലാണ്. കലാകാരന്മാർ നേരിടുന്ന സാമ്പത്തികബുദ്ധിമുട്ടുമൂലമാണ് അങ്ങനെ സംഭവിക്കുന്നത്. ഇത്തരം കലാകാരന്മാരുടെ നിലനിൽപ്പിനും അവരെ സാമ്പത്തികമായി സഹായിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഞാൻ ആദ്യം പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതാ സംവിധായകരുടെ സിനിമയുടെ കാര്യത്തെപ്പറ്റി

പറഞ്ഞപ്പോൾ ഒരു ചെറിയ പിശകുവന്നു. ഒരു സിനിമയ്ക്ക് ഒരു കോടി രൂപയെന്നാണ് നേരത്തെ പറഞ്ഞത്. ഒരു സിനിമയ്ക്ക് ഒന്നര കോടി രൂപ വീതമാണ് അനുവദിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചോദിച്ചത് വഞ്ചിപ്പാട്ടുമായി ബന്ധപ്പെട്ട കാര്യമാണ്. തീർച്ചയായും അക്കാര്യത്തിൽ പ്രത്യേക പരിഗണന ഗവൺമെന്റ് കൊടുക്കുന്നതാണ്.

ശ്രീ. സി. ആർ. മഹേഷ്: സർ, പ്രായംകൊണ്ടും ആരോഗ്യംകൊണ്ടും കലാകാരന്മാരിൽ പലരും അവശത അനുഭവിക്കുന്നവരാണ്. വലിയ ദുരിതത്തിൽ കഴിയുന്ന ഇത്തരം കലാകാരന്മാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന നാമമാത്രമായ പെൻഷൻ കാലാനുസൃതമായി വർദ്ധിപ്പിക്കാൻ സർക്കാർ ആലോചിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, കാലാനുസൃതമായി വർദ്ധിപ്പിക്കണമെന്ന് പറഞ്ഞാൽ 1600 രൂപയാണ് ഇപ്പോൾ അവർക്ക് പെൻഷനായി കൊടുക്കുന്നത്. 4000 രൂപയാണ് ക്ഷേമനിധി അംഗങ്ങളായ കലാകാരന്മാർക്ക് കൊടുക്കുന്നത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പെൻഷൻ കൊടുക്കുന്ന സംസ്ഥാനമാണ് കേരളം. അതിൽ കുടിശ്ശികയൊന്നും വരുത്തിയിട്ടില്ല. കോവിഡ് കാലത്തുപോലും കേരളത്തിലെ മുഴുവൻ കലാകാരന്മാർക്കും പണം കൊടുത്ത സംസ്ഥാന ഗവൺമെന്റാണിത്.

അതുകൊണ്ട് അക്കാര്യത്തിൽ ആശങ്കവേണ്ട. ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ സാധിക്കുമോയെന്ന് പരിശോധിക്കാം.

**കേന്ദ്ര സർക്കാരിന്റെ കടൽ മത്സ്യബന്ധന കരട് നിയമം**

5(*215)ശ്രീ. എം. വിജിൻ:
ശ്രീ. വി. ജോയി:
ശ്രീ. എം. നൗഷാദ്
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ കടൽ മത്സ്യബന്ധന കരട് നിയമം സംസ്ഥാനത്തെ പരമ്പരാഗത മത്സ്യബന്ധന മേഖലയിൽ ആശങ്ക സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്തെ പരമ്പരാഗത മത്സ്യബന്ധനത്തെ പ്രതികൂലമായി ബാധിക്കുന്ന വ്യവസ്ഥകൾ ഇതിൽനിന്ന് ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അപ്രകാരം നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കരട് ബില്ലിൽ കേന്ദ്ര സർക്കാർ മാറ്റം വരുത്തിയിട്ടുണ്ടോ;

(സി) ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കായി പരിമിതപ്പെടുത്തണമെന്ന് സംസ്ഥാനം ആവശ്യമുന്നയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ആഴക്കടൽ മത്സ്യബന്ധനത്തിന് സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, (എ) ഉണ്ട്. കേന്ദ്ര സർക്കാരിന് സമർപ്പിച്ച നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) കരട് ഇന്ത്യൻ മറൈൻ ഫിഷറീസ് ബില്ലിന്മേൽ സംസ്ഥാനം സമർപ്പിച്ച നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും കേന്ദ്രം അംഗീകരിക്കുകയും സംസ്ഥാനം വളരെ ഗുണകരമായ നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് നിലവിൽവന്ന ബില്ലിന്റെ ഡ്രാഫ്റ്റിംഗ് കമ്മിറ്റിയിൽ സംസ്ഥാനത്തിന്റെ പ്രതിനിധിയായി ശ്രീ. പി. സഹദേവൻ ഫിഷറീസ് അഡീഷണൽ ഡയറക്ടർ (റിട്ട.)-നെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ബില്ലിന്റെ ഫൈനൽ ഡ്രാഫ്റ്റ് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന്റെ അഭിപ്രായത്തിനായി അയച്ചുതന്നപ്പോൾ ആദ്യഘട്ടത്തിൽ അൻപത്തിയേഴ് തിരുത്തലുകളും രണ്ടാംഘട്ടത്തിൽ

\+ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

നാൽപ്പതോളം തിരുത്തലുകളും കേരളം നിർദ്ദേശിക്കുകയുണ്ടായി. ഈ നിർദ്ദേശങ്ങൾ ഏതാണ്ട് പൂർണ്ണമായിത്തന്നെ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുമുണ്ട്. 2021 ഫൈനൽ ഡ്രാഫ്റ്റിന്റെ അടിസ്ഥാനത്തിൽ അനുബന്ധം 1 ആയി+ ചേർത്തിരിക്കുന്ന കാര്യങ്ങൾകൂടി പരിഗണിക്കേണ്ടതാണെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കുമായി നിജപ്പെടുത്തണമെന്നും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ അതിനായി പ്രാപ്തരാക്കണമെന്നുമുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.

(ഡി) സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധന രീതിയിലേയ്ക്ക് പരിവർത്തനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളതും സ്ഥിരതയോടെ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി

+ അനുബന്ധം 2 ആയി ചേർക്കുന്നു.

പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളുമായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉൾപ്പെട്ട 10 പേർ വീതം അടങ്ങുന്ന Joint Liability Groups / Self Help Groups/മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ/ FFPO (ഫിഷ് ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ) എന്നിവയാണ് ഗുണഭോക്താക്കൾ. ഇതിനായുള്ള ബോട്ടിന്റെ വില 1.20 കോടി രൂപയായിരുന്നു. എന്നാൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ആവശ്യം പരിഗണിച്ച് കൂടുതൽ സൗകര്യങ്ങളുൾപ്പെടുത്തി പരിഷ്കരിച്ച് തയ്യാറാക്കുന്ന ബോട്ടിന്റെ വില 1.50 കോടി രൂപയാണ്. പദ്ധതി പ്രകാരം സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുംകൂടി നൽകുന്നത് 48 ലക്ഷം രൂപ (40%)-യുമാണ്. ബാക്കിയുള്ള 102 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതമാണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ലെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) കൂടി സംസ്ഥാന സർക്കാർ അധിക ഗ്രാന്റായി അനുവദിച്ചുകൊണ്ട് ഈ പദ്ധതി യാഥാർത്ഥ്യമാകാൻ പോകുന്നുവെന്ന കാര്യം ഇവിടെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പത്തിൽ അഞ്ച് യാനങ്ങളുടെ നിർമ്മാണം കൊച്ചിയിൽ പൂർത്തീകരിച്ചു. നൂറിന പരിപാടിയിൽ ഉൾപ്പെടുത്തി

ഉദ്ഘാടനം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. അതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സമയവും ചോദിച്ചിട്ടുണ്ട്.

ബാക്കി 70% (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും CMEDP ലോൺ മുഖേന ലഭ്യമാക്കുന്നതിനും ഉത്തരവായിട്ടുണ്ട്. 19-01-2023-ന് ബോട്ട് നിർമ്മാണം സംബന്ധിച്ച് ത്രികക്ഷിക്കരാർ കൊച്ചിൻ ഷിപ്പ്‌യാർഡ്, ഫിഷറീസ് വകുപ്പ്, ഗുണഭോക്തൃ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ എന്നിവർ ചേർന്ന് ഒപ്പുവച്ചു. ആദ്യഘട്ടമായി കൊച്ചിൻ ഷിപ്പ്‌യാർഡിൽ നിർമ്മാണം പൂർത്തിയാക്കിയ 5 യാനങ്ങൾ ഗുണഭോക്തൃ സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ളവയുടെ നിർമ്മാണം കൊച്ചിൻ ഷിപ്പ്‌യാർഡിന്റെ Malpe കപ്പൽ നിർമ്മാണ ശാലയിൽ പുരോഗമിച്ചുവരുന്നു. കൂടാതെ ടി പദ്ധതിയിൽ അംഗങ്ങളായ സഹകരണ സംഘങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 30 മത്സ്യത്തൊഴിലാളികൾക്ക് നാഷണൽ കോ-ഓപ്പറേറ്റീവ് ഡവലപ്‌മെന്റ് കോർപ്പറേഷൻ (NCDC)-യുടെ സാമ്പത്തിക സഹായത്തോടെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT)-ന്റെ നേതൃത്വത്തിൽ ആഴക്കടൽ മത്സ്യബന്ധനത്തിനായുള്ള മൂന്നുദിവസത്തെ പരിശീലനം നാഷണൽ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ (NIFAM) -ൽ വച്ച് നൽകിയിട്ടുണ്ട്.

<u>ശ്രീ. എം. വിജിൻ</u>: സർ, മത്സ്യവിഭവസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് സർക്കാർ പുതിയതായി ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, വളരെ പ്രസക്തമായൊരു ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിരിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ആവിഷ്കരിച്ച ധാരാളം പദ്ധതികൾ ഇപ്പോഴും തുടരുന്നുണ്ട്. മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുവേണ്ടി കടലിലും ഉൾനാടൻ മത്സ്യമേഖലയിലും വലിയ ഇൻവെസ്റ്റ്മെന്റാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ഫലമായി കടലിലും ഉൾനാടൻ മേഖലയിലും വലിയ തോതിലുള്ള മത്സ്യോല്പാദനം വർദ്ധിപ്പിച്ചിട്ടുണ്ടെന്നാണ് പറയാനാഗ്രഹിക്കുന്നത്.

<u>മി. സ്പീക്കർ.</u> ഓർഡർ..ഓർഡർ..ചോദ്യോത്തരസമയം കഴിഞ്ഞു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

{രേഖാമൂലം നൽകിയ ചോദ്യോത്തരങ്ങൾ അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.+}

**10.00am]**

## II അടിയന്തരപ്രമേയം

ലൈഫ് മിഷന്റെ ഭാഗമായ ഫ്ലാറ്റ് തട്ടിപ്പ്

മി. സ്പീക്കർ: ലൈഫ് മിഷന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരിയിൽ പണിയുന്ന ഫ്ലാറ്റിന്റെ മറവിൽ ക്രമക്കേട് നടന്നതായും മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി അറസ്റ്റിലായത് സംബന്ധിച്ചും ഇ.ഡി. ഒഴികെയുള്ള ഏജൻസികളുടെ അന്വേഷണം നിലച്ചതായും പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഡോ. മാത്യു കുഴൽനാടൻ നൽകിയിട്ടുള്ള

+ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.

അടിയന്തരപ്രമേയ നോട്ടീസ് അടിസ്ഥാനമില്ലാത്തൊരു പ്രശ്നത്തെ ആസ്പദമാക്കിയിട്ടുള്ളതും അപ്രസക്തവുമാണ്. മാത്രമല്ല ലൈഫ് മിഷനുമായി ബന്ധപ്പെട്ട വിഷയം ഇതേ സമ്മേളനത്തിൽ ഫെബ്രുവരി 8-ാം തീയതി അദ്ദേഹം അടിയന്തരപ്രമേയ നോട്ടീസായി അവതരിപ്പിച്ചതുമാണ്. എന്നാൽ ചട്ടം 52(1) -ൽ പറയുന്നത് ' ഒരേ യോഗത്തിൽ അങ്ങനെയുള്ള ഒന്നിലധികം പ്രമേയങ്ങൾ അവതരിപ്പിക്കുവാൻ പാടില്ല;' എന്നാണ്. ഒരേ പ്രമേയത്തിന്മേൽ ഒന്നിലധികം സംഗതികൾ ചർച്ച ചെയ്യാൻ പാടില്ല തുടങ്ങിയ കാര്യങ്ങളും പറയുന്നുണ്ട്. ഞാനിപ്പോൾ അതിലൊരു തർക്കവും ഉന്നയിക്കുന്നില്ല. റൂൾ 50 പ്രതിപക്ഷത്തിന്റെ അവകാശമാണ്; ഞാനത് മാനിക്കുന്നു. എല്ലാ ദിവസവും എന്തെങ്കിലും വിഷയങ്ങൾ കണ്ടെത്തുകയെന്നുള്ളത് ദുഷ്കരമായിട്ടുള്ള ജോലിയായതിനാലാണ് അവർ ഒരു മാസം തികയുന്നതിനുമുമ്പ് തന്നെ വീണ്ടും ഇതേ വിഷയം ഉന്നയിക്കുന്നത്. ഞാൻ പ്രതിപക്ഷത്തിന്റെ അവകാശത്തെ മാനിക്കുന്നു. മാത്രമല്ല ഇതിലെ വീഞ്ഞും പഴയതാണ്; കുപ്പിയും പഴയതാണ്. ഇപ്പോൾ ഒരു പുതുമ നൽകാനാണ് ഇ.ഡി.-യുടെ നടപടി ഉപയോഗിച്ചിട്ടുള്ളത്. പക്ഷെ, അതിന് മൂന്നുവർഷത്തെ പഴക്കമുണ്ടെന്ന് നമുക്കെല്ലാം അറിയാവുന്നതാണ്. പഴയ വീഞ്ഞ്; പഴയ കുപ്പി; പഴയ ലേബൽ;

ആളുമാത്രം മാറി. ഇതേ വിഷയവുമായി ബന്ധപ്പെട്ട അടിയന്തരപ്രമേയം കഴിഞ്ഞ നിയമസഭയുടെ അവസാന സമ്മേളനത്തിലും വന്നിട്ടുണ്ട്. അന്ന് അടിയന്തരപ്രമേയ നോട്ടീസ് അവതരിപ്പിച്ചയാൾ ഇപ്പോൾ ഈ നിയമസഭയിലില്ല; അദ്ദേഹത്തെ 15168 വോട്ടിന് പരാജയപ്പെടുത്തിയ ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ഈ സഭയിലിരിപ്പുണ്ട്.

കേരളത്തിന്റെ സമഗ്ര വികസനത്തിനായി ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ആവിഷ്കരിച്ച നവകേരളം കർമ്മപരിപാടിയുടെ ഭാഗമായാണ് ലൈഫ് മിഷനുൾപ്പെടെയുള്ള പദ്ധതികൾ നടപ്പാക്കുന്നത്. അത് അതിവേഗം പൂർത്തീകരണത്തിന്റെ പാതയിലാണ്. ഇതിനകം 328315 ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ഇതിനായി 13132.6 കോടി രൂപ സംസ്ഥാന സർക്കാർ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ മറ്റേത് സംസ്ഥാനത്താണ് ഇത്രയും പണം ഒരു ഭവനപദ്ധതിക്കായി ചെലവഴിച്ചിട്ടുള്ളത്? ഇത്രയും ബൃഹത്തായ ഒരു പദ്ധതി ലക്ഷ്യമിട്ടുകൊണ്ട് കഴിഞ്ഞ ഏതാനും വർഷങ്ങളായി നിരന്തരവും സംഘടിതവും ആസൂത്രിതവുമായി നടത്തിക്കൊണ്ടിരിക്കുന്ന ആക്രമണത്തിന്റെ ഏറ്റവും ഒടുവിലത്തെ മുഖമാണ് ഈ അടിയന്തരപ്രമേയ നോട്ടീസ്. പദ്ധതിയെ അഴിമതിയുടെയും സംശയത്തിന്റെയും നിഴലിൽ

നിർത്താൻ ചിലർക്ക് അതിരുകവിഞ്ഞ താല്പര്യമാണ്. ഭൂരഹിത-ഭവനരഹിതരെ പുനരധിവസിപ്പിക്കുന്ന ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി 2019-ൽ 70 ഭവനസമുച്ചയങ്ങൾക്ക് ഭരണാനുമതി നൽകുകയുണ്ടായി. ഇതിലൊന്ന് വടക്കാഞ്ചേരിയിലെ ഭവനസമുച്ചയമായിരുന്നു. രണ്ട് ബ്ലോക്കുകളിലായി 86 യൂണിറ്റുകളുള്ള ഗ്രൗണ്ട് ഫ്ലോർ കൂടാതെ മൂന്ന് നിലവരുന്ന ഭവനസമുച്ചയമാണ് വിഭാവന ചെയ്തിരുന്നത്. അതിന്റെ തുടർനടപടികളുമായി മുന്നോട്ടുപോകുന്ന സാഹചര്യത്തിലാണ് വടക്കാഞ്ചേരിയിൽ ഭവനസമുച്ചയവും സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടിയുള്ള ഒരു ആശുപത്രിയും സൗജന്യമായി നിർമ്മിച്ചുനൽകാൻ 'യു.എ.ഇ. റെഡ് ക്രെസന്റ് ' എന്ന ചാരിറ്റബിൾ സംഘടന മുന്നോട്ടുവരികയും നിയമ വകുപ്പുകൂടി പരിശോധിച്ചശേഷം 2019 ജൂലൈ 11-ന് ഒരു പൊതുധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തത്. വിവിധ ഡിപ്പാർട്ട്മെന്റ് സ്കീമുകളെ സംയോജിപ്പിച്ചും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ധനസഹായം ഉപയോഗപ്പെടുത്തിയും കുറഞ്ഞ പലിശയ്ക്കുള്ള വായ്പകൾ പരിഗണിച്ചും സംഭാവന, സി.എസ്.ആർ. ഫണ്ട് എന്നിവയെല്ലാം ഏകോപിപ്പിച്ചുമാണ് ഭാവനാപൂർണ്ണവും സ്വപ്നസമാനവും സമാനതകളില്ലാത്തതുമായ ഇത്തരമൊരു ഭവനപദ്ധതി സംസ്ഥാന സർക്കാർ

ആവിഷ്കരിച്ചത്. 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ, ഇങ്ങനെയായിരിക്കും ഈ ഭവനപദ്ധതി നടപ്പാക്കുകയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വടക്കാഞ്ചേരിയുടെ കാര്യത്തിൽ ലൈഫ് മിഷൻ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പാലിച്ചുകൊണ്ടാണ് കെട്ടിടനിർമ്മാണം നടത്തുകയെന്നറിയിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ലൈഫ് മിഷനോ, സർക്കാരിനോ ഇതിൽ സാമ്പത്തികമായി യാതൊരു ഉത്തരവാദിത്വവുമില്ല. സർക്കാരിന്റെ ഭൂമിയിൽ അവരുടെ ഫണ്ട് വിനിയോഗം ചെയ്ത് ഒരു ചാരിറ്റബിൾ സംഘടന ഈ നാട്ടിലെ അർഹരായ ഭവനരഹിതർക്ക് അടച്ചുറപ്പുള്ള വീടും ഒരു ആശുപത്രിയും നിർമ്മിച്ചുനൽകാൻ മുന്നോട്ടുവരുമ്പോൾ ലൈഫ് മിഷൻ സ്വീകരിക്കേണ്ട സമീപനമെന്താണ്; വേണ്ടെന്നു പറയണോ; അതോ സഹകരിക്കുകയാണോ വേണ്ടത്? എൽ.ഡി.എഫ്. സർക്കാരും ലൈഫ് മിഷനും അതിനോട് സഹകരിക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഇത് ആദ്യമായിട്ടല്ല; സുനാമിയെത്തുടർന്നും ഇത്തരത്തിലുള്ള ഏറെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടന്നിട്ടുണ്ട്. അതിന്റെ വിവരങ്ങൾ എന്റെ കൈവശമുണ്ട്. സുനാമിയെത്തുടർന്ന് സർക്കാരിന്റെ ഭൂമിയിൽ വീടുവച്ചുകൊടുക്കാൻ അമൃതാനന്ദമയീ മഠം മുന്നോട്ടുവന്നിട്ടുണ്ട്. വടക്കാഞ്ചേരി

ഭവനസമുച്ചയത്തിന്റെ സ്ട്രക്ച്ചർ പൂർത്തിയാകുകയും ആശുപത്രി നിർമ്മാണം ഏതാണ്ട് പൂർത്തിയാകുകയും ചെയ്ത ഘട്ടത്തിലാണ് യു.എ.ഇ. കോൺസുലേറ്റുമായി സ്വർണ്ണക്കടത്ത് വിഷയത്തിന്റെ കേസ്സുണ്ടാകുന്നത്. തുടർന്നാണ് അവർ തെരഞ്ഞെടുത്ത കരാറുകാരൻ ആ കേസിലെ പ്രതികളായി ആരോപിക്കപ്പെട്ടവർക്ക് കമ്മീഷൻ നൽകിയതായ വാർത്തകൾ പുറത്തുവന്നത്. പുറത്തുവന്ന വാർത്തകളിലും ഏതെങ്കിലും പൊതുസേവകൻ ഉൾപ്പെട്ടതായി കണ്ടിരുന്നില്ല. കഴിഞ്ഞ നിയമസഭയിൽ വടക്കാഞ്ചേരിയെ പ്രതിനിധീകരിച്ച കോൺഗ്രസ്സ് അംഗം സി.ബി.ഐ.-യ്ക്ക് മുമ്പാകെ, ലൈഫ് മിഷന്റെ വടക്കാഞ്ചേരി പ്രോജക്ടിനെതിരെ വിദേശ സംഭാവന സ്വീകരിക്കൽ നിയമത്തിന്റെ ലംഘനമുണ്ടെന്ന് പരാതി നൽകുകയുണ്ടായി. വടക്കാഞ്ചേരി ഭവനപദ്ധതിപ്രകാരം കെട്ടിടം നിർമ്മിച്ചുനൽകാൻ മുന്നോട്ടുവന്ന യു.എ.ഇ. റെഡ് ക്രെസന്റ് നേരിട്ട് യൂണിടാക് ബിൽഡേഴ്സിന് കോൺട്രാക്ട് നൽകിയാണ് നിർമ്മാണം നടത്തിയത്. നിർമ്മാണം ഏതാണ്ട് പൂർത്തിയായപ്പോഴാണ് യു.എ.ഇ. കോൺസുലേറ്റിലെ ചില ജീവനക്കാരും മുൻജീവനക്കാരുമുൾപ്പെട്ട സ്വർണ്ണക്കടത്ത് കേസ് വരുന്നത്. ഇതിൽ യൂണിടാക് ബിൽഡേഴ്സ്, കോൺസുലേറ്റുമായി ബന്ധമുണ്ടായിരുന്ന ചിലർക്ക് നിശ്ചിത തുക

നൽകിയെന്നാണ് ആരോപണം. ഇതുമായി ലൈഫ് മിഷനോ അതിന്റെ ഉദ്യോഗസ്ഥർക്കോ യാതൊരു ബന്ധവുമില്ല. എന്നിട്ടും ലൈഫ് മിഷൻ അനുമതിയില്ലാതെ വിദേശ സംഭാവന സ്വീകരിച്ചുവെന്ന ആരോപണമുയർത്തിയാണ് അന്നത്തെ വടക്കാഞ്ചേരി എം.എൽ.എ. സി.ബി.ഐ.-യ്ക്ക് പരാതി നൽകിയത്. സി.ബി.ഐ. ആകട്ടെ പരാതി കിട്ടിയയുടൻ പ്രാഥമിക അന്വേഷണംപോലും നടത്താതെ പൊതുസേവകനെക്കൂടി ഉൾപ്പെടുത്തി എഫ്.ഐ.ആർ. ഇടുകയാണുണ്ടായത്. ഇതിനെതിരെ ലൈഫ് മിഷൻ ഹൈക്കോടതിയെ സമീപിക്കുകയും ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവുപ്രകാരം എഫ്.ഐ.ആർ. സ്റ്റേ ചെയ്യുകയും ചെയ്തു. ലൈഫ് മിഷൻ ഒരു ചില്ലിക്കാശ് വിദേശസഹായം സ്വീകരിച്ചിട്ടില്ലെന്ന വ്യക്തമായ നിലപാടാണ് സർക്കാർ ഹൈക്കോടതിയുടെ മുമ്പാകെ എടുത്തത്. ഹൈക്കോടതി ബെഞ്ച് വിധി പ്രസ്താവിച്ചപ്പോൾ ചൂണ്ടിക്കാണിച്ച കാര്യം ഞാനിവിടെ പ്രത്യേകം ഓർമ്മിപ്പിക്കുകയാണ്. വിധിന്യായത്തിലെ 50-ാം പേജിലെ, 27-ാം ഖണ്ഡികയിൽ 'തികച്ചും നയപരമായ തീരുമാനമെടുത്തതുകൊണ്ടുമാത്രം മുഖ്യമന്ത്രിക്കോ, മന്ത്രിമാർക്കോ, നിയമസഭയ്ക്കോ ഉദ്യോഗസ്ഥർ നടത്തിയ തെറ്റുകൾക്ക് ക്രിമിനൽ ഉത്തരവാദിത്വം ഉണ്ടാകുന്നില്ല. അതുകൊണ്ടുതന്നെ നയപരമായ

തീരുമാനവും കാര്യക്ഷമമായ നടപടികളും സ്വീകരിച്ച രാഷ്ട്രീയ നേതൃത്വത്തിന്മേൽ ക്രിമിനൽ ഉത്തരവാദിത്വം വലിച്ചുനീട്ടുന്നത് അനുവദനീയമല്ല' എന്നാണ് പറഞ്ഞിട്ടുള്ളത്. യഥാർത്ഥത്തിൽ ഈ അടിയന്തരപ്രമേയ നോട്ടീസിനുള്ള മറുപടി ഇതിലുള്ളതിനാൽ ഞാൻ കൂടുതൽ പറയേണ്ട കാര്യമില്ല. എഫ്.ഐ.ആർ. റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ലൈഫ് മിഷന്റെ അപ്പീൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലാണ്. ഇതിനുപുറമെ അഴിമതി നിരോധന നിയമപ്രകാരം സംസ്ഥാന വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ വിഭാഗവും കേസെടുത്തിട്ടുണ്ട്. ഏതെങ്കിലും പൊതുസേവകന് ഈ ഇടപാടിൽ പങ്കുണ്ടോയെന്ന് അന്വേഷണം നടത്തിവരുന്നതോടൊപ്പം ബന്ധപ്പെട്ടവരുടെ മൊഴികൾ വിജിലൻസ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിജിലൻസ് അന്വേഷണത്തെ സഹായിക്കാനായി കേന്ദ്ര ഏജൻസികൾക്കുമുമ്പാകെയുള്ള വിവരങ്ങൾ പങ്കുവയ്ക്കാൻ അവർ തയ്യാറാകാത്തതിന്റെ ബുദ്ധിമുട്ടുകൾ വിജിലൻസ് നേരിടുന്നുണ്ടെങ്കിലും അന്വേഷണവുമായി മുന്നോട്ടുപോകുകയാണ്. മേൽപ്പറഞ്ഞ രണ്ടു കേസ്സുകളും പ്രെഡിക്കേറ്റഡ് ഒഫൻസുകളായെടുത്ത് ഇ.ഡി. അന്വേഷണം നടത്തുന്നതായാണ് മനസ്സിലാക്കുന്നത്. യു.എ.ഇ. റെഡ് ക്രെസന്റ് അവരുടെ

കരാറുകാരൻ മുഖേന നടപ്പാക്കിയ പദ്ധതിയിൽ എന്തെങ്കിലും ക്രമക്കേടുണ്ടായിട്ടുണ്ടെങ്കിൽ ഏത് ഏജൻസിയും നിയമപരമായ അന്വേഷണം നടത്തുന്നതിനോട് സംസ്ഥാന സർക്കാരിന് എതിർപ്പില്ല. പക്ഷെ, വിദേശ സംഭാവന സ്വീകരിക്കാത്ത, നിർമ്മാണവുമായി ബന്ധമില്ലാത്ത ലൈഫ് മിഷനെ അന്യായമായി കേസ്സിൽപ്പെടുത്താനുള്ള നിയമപരമല്ലാത്ത നടപടികൾക്കെതിരായിട്ടാണ് കോടതിയെ സമീപിച്ചത്. 'ലൈഫ് മിഷൻ കോഴ ഇടപാട്' എന്ന ആരോപണംതന്നെ വസ്തുതാവിരുദ്ധവും തെറ്റിദ്ധാരണ പരത്താനുദ്ദേശിച്ചുള്ളതുമാണ്. ലൈഫ് മിഷനിലെ ഒരു ഉദ്യോഗസ്ഥനും കോഴ വാങ്ങിയതായി ഒരു ആരോപണവും ആരും ഉയർത്തിയിട്ടില്ല. ലൈഫ് മിഷൻ പ്രോജക്ടുകളിൽ എന്തെങ്കിലും അഴിമതിയുണ്ടായതായി ആരോപണമില്ല. വടക്കാഞ്ചേരിയിൽ ലൈഫ് മിഷന്റെ നിർമ്മാണ നിബന്ധനകൾക്കനുസൃതമായി സർക്കാർ ഭൂമിയിൽ അർഹതപ്പെട്ടവർക്ക് അവരുടെ ചെലവിൽ വിട്ടുവച്ച് നൽകാമെന്ന് റെഡ് ക്രെസന്റ് വാഗ്ദാനം ചെയ്തപ്പോൾ അത് പൊതുതാല്പര്യം മുൻനിർത്തി സ്വീകരിക്കുക മാത്രമാണ് ലൈഫ് മിഷൻ ചെയ്തിട്ടുള്ളത്. റെഡ് ക്രെസന്റും കരാറുകാരുമായിട്ടുള്ള ഇടപാടുകളിൽ റെഡ് ക്രെസന്റാണ് ഏജൻസി. അവരാണ് കരാറുകാരനെ തെരഞ്ഞെടുത്തത്. അവർ തമ്മിലുള്ള

ഇടപാടുകളിൽ എന്തെങ്കിലും ക്രമക്കേടുണ്ടെങ്കിൽ അതിന് ലൈഫ് മിഷനോ, സംസ്ഥാന സർക്കാരോ എങ്ങനെയാണ് ഉത്തരവാദിയാകുന്നത്? എങ്കിലും പൊതുസേവകർ അതിലുൾപ്പെട്ടിട്ടുണ്ടെങ്കിൽ അത്തരം കാര്യങ്ങൾ അന്വേഷിച്ച് പുറത്തുകൊണ്ടുവരണമെന്ന ഉദ്ദേശ്യത്തോടെയാണ് വിജിലൻസ് അന്വേഷണം നടക്കുന്നത്. ഇ.ഡി. നടത്തുന്ന അന്വേഷണത്തെക്കുറിച്ചാണ് പ്രമേയാവതാരകൻ നോട്ടീസിൽ പറയുന്നത്. ഇ.ഡി. അന്വേഷണത്തിന്റെ തൽസമയ വിവരങ്ങൾ അദ്ദേഹത്തിന് ലഭിക്കുന്നുണ്ടോയെന്നതും എനിക്കറിയില്ല. ചില മാധ്യമ വാർത്തകളുടെ മാത്രം അടിസ്ഥാനത്തിൽ ഒരു കേന്ദ്ര ഏജൻസി നടത്തുന്ന അന്വേഷണത്തെ കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ സഭ ചർച്ച ചെയ്യണമെന്ന് പറയുന്നതിന്റെ ഔചിത്യം മനസ്സിലാകുന്നില്ല. മാത്രമല്ല, ഇതുസംബന്ധിച്ച് ഒരു സാങ്കേതിക പരിശോധന നടന്നു കഴിഞ്ഞതാണ്. ആ സാങ്കേതിക പരിശോധനയിൽ വിജിലൻസ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് 'ബലപരിശോധന നടത്തുന്നതിന് തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജ്, എറണാകുളം റീജിയണൽ ഇൻവെസ്റ്റിഗേഷൻ ആൻഡ് ക്വാളിറ്റി കൺട്രോൾ അതോറിറ്റി, പൊതുമരാമത്ത് കെട്ടിട വിഭാഗം എന്നിവിടങ്ങളിലെ വിദഗ്ധരെയുൾപ്പെടുത്തി ഒരു സാങ്കേതിക സമിതി രൂപീകരിച്ചിരുന്നു. സമിതി ശേഖരിച്ച സാമ്പിളുകൾ കൊച്ചി ശാസ്ത്ര

സാങ്കേതിക സർവ്വകലാശാലയിൽ അയച്ചിരുന്നു. അവിടെ നടത്തിയ ശാസ്ത്രീയ പരിശോധനയിൽ നിലവിലുള്ള നിർമ്മിതിയിൽ പോരായ്മകളൊന്നും കണ്ടെത്തിയിട്ടില്ല. കേസ്സുമായി ബന്ധപ്പെട്ട് സി.ബി.ഐ. 18 ഫയലുകൾ ശേഖരിച്ചിട്ടുണ്ട്. അത് വിജിലൻസ് അന്വേഷണത്തിന് അത്യന്താപേക്ഷിതമാണ്. ആ ഫയലുകൾ ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കോടതി മുഖാന്തരം വിജിലൻസ് അപേക്ഷയും നൽകിയിട്ടുണ്ട്" എന്നാണ്. ഇതാണ് ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരും വിജിലൻസും സ്വീകരിച്ചിട്ടുള്ള നടപടി. ഒരു സംസ്ഥാന ഏജൻസിയും രണ്ട് കേന്ദ്ര ഏജൻസികളും അന്വേഷണം നടത്തിവരുന്ന ഈ വിഷയത്തിൽ മുൻവിധികളോടെയുള്ള ഒരു നിലപാട് വച്ചുപുലർത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ അടിന്തരപ്രമേയ നോട്ടീസ് വന്നിട്ടുള്ളത്. ഇത് ഞാൻ നേരത്തേ പറഞ്ഞതുപോലെ അന്നുമുതൽ ഈ ഭവനപദ്ധതിയെ തകർക്കാൻ നടത്തുന്ന ശ്രമത്തിന്റെ ഭാഗമാണ്. ആദ്യം ദുരാരോപണം ഉന്നയിച്ചു; ആ ദുരാരോപണത്തിന്റെ അടിസ്ഥാനത്തിൽ സി.ബി.ഐ.-യെ സമീപിച്ചു; സി.ബി.ഐ. ശരവേഗത്തിൽ കോൺഗ്രസ്സ് എം.എൽ.എ.-യുടെ പരാതിയുടെ അടിസ്ഥാനത്തിൽ കേസ്സെടുക്കുകയും ചെയ്തു. അതുകഴിഞ്ഞ്

തെരഞ്ഞെടുപ്പിന്റെ തൊട്ടുമുമ്പ് യു.ഡി.എഫ്.-ന്റെ കൺവീനർ പറഞ്ഞു, 'ഞങ്ങൾ അധികാരത്തിൽ വന്നാൽ ലൈഫ് മിഷൻ പൂട്ടും'. അന്ന് നടക്കാതെ പോയ ആ ഉദ്ദേശ്യവുമായി ഇപ്പോഴും നടക്കുകയാണ്. ലൈഫ് മിഷന്റെ പിന്നാലെ ഇവർ നടക്കാൻ തുടങ്ങിയിട്ട് കാലംകുറെയായി. 'അതുകൊണ്ടരിശം തീരാഞ്ഞവനാപ്പുരയുടെ ചുറ്റും മണ്ടിനടന്നു' എന്ന് കുഞ്ചൻ നമ്പ്യാർ പാടിയതുപോലെ ഈ പുരയുടെ ചുറ്റും മണ്ടിനടക്കുകയാണ്. ലൈഫിന്റെ പുരയുടെ ചുറ്റും യു.ഡി.എഫ്., കേരളത്തിലെ ഒരുവിഭാഗം മാധ്യമങ്ങൾ, കേന്ദ്ര ഏജൻസികൾ ഇവർ ഒരുമിച്ച് മണ്ടിനടക്കാൻ തുടങ്ങിയിട്ട് കൊല്ലം മൂന്നുനാലായി. അതിപ്പോഴും തുടരുകയാണ്. അതുകൊണ്ടുതന്നെ സംസ്ഥാന ഏജൻസിയും രണ്ട് കേന്ദ്ര ഏജൻസികളും അന്വേഷിച്ചുകൊണ്ടിരിക്കുന്ന ഒരു വിഷയത്തിൽ രാഷ്ട്രീയ ലാഭത്തിന്റെ മാത്രം പേരിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന ആവശ്യം ന്യായമായതല്ല. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

ഡോ. മാത്യു കുഴൽനാടൻ: സർ, ബഹുമാനപ്പെട്ട മന്ത്രിക്ക് അനുവദിച്ച സമയം എനിക്കും നൽകുമെന്ന പ്രതീക്ഷയോടുകൂടി തുടങ്ങുകയാണ്. യു.എ.ഇ. കോൺസുലേറ്റും യൂണിടാക്കും തമ്മിലുണ്ടായിരുന്ന ഒരു കരാറിന്റെ പേരിൽ സർക്കാരിനോ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കോ, മറ്റ് ആളുകൾക്കോ ഇതിൽ

ബന്ധമില്ലെന്നാണ് പറഞ്ഞ് സ്ഥാപിക്കാൻ അദ്ദേഹം ശ്രമിച്ചത്. ഇതാണ് ഇന്ന് കേരളം കണ്ടതിൽ ഏറ്റവും ശാസ്ത്രീയവും ആസൂത്രിതവുമായ അഴിമതിയിലൊന്ന് എന്നുപറയുന്നത്. ഇതുപറയാൻവേണ്ടി, ഈ ഗ്രൗണ്ടുണ്ടാക്കാൻവേണ്ടി ചെയ്തത് എന്താണെന്നറിയാമോ? ജയിലിൽ കിടക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി വാട്ട്സ്ആപ്പ് മുഖാന്തരം അയച്ച ഒരു മെസേജിന്റെ ഡീറ്റെയിൽസ് ഇന്ന് പുറത്തുവന്നിട്ടുണ്ട്. ആ വാട്ട്സ്ആപ്പ് മെസേജ് ഇപ്പോൾ വായിച്ച് സമയം കളയാൻ പോകുന്നില്ല. 'റെഡ് ക്രെസന്റിൽനിന്നും മുഖ്യമന്ത്രിക്കൊരു കത്തുവേണം. ഞങ്ങൾ നേരിട്ട് ആ പ്രോജക്ട് നടത്താൻ ആഗ്രഹിക്കുന്നു. അതിനുള്ള അനുമതി തരണം.' അതിനുശേഷം രണ്ടാമത് എഴുതിയ ഒരു ലൈൻ ഞാൻ വായിക്കാം, ' consulate may endorse this letter and write to the Chief Minister, requesting him to give appropriate instructions to ensure that project or proposal materialise at the earliest.' (.....ബഹളം......) Question no.1. Whether CM has endorse that letter? (.....ബഹളം.....) CM ആ letter endorse ചെയ്ത് ആ അനുമതി നൽകിയിട്ടുണ്ടോ? (....ബഹളം....) അങ്ങനെയാണ് യു.എ.ഇ. കോൺസുലേറ്റിന് യൂണിടാക്കുമായി നേരിട്ട് കരാറിനുള്ള അനുമതി

നൽകിയത്. അഴിമതിയുടെ ഏറ്റവും അടിസ്ഥാന ഫൗണ്ടേഷൻ തുടങ്ങിയതവിടെയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അനുമതി നൽകിയോ, ഇല്ലയോ? അതെ. അനുമതി നൽകിയതിന്റെ പേരിൽ അവർ കരാർ കൊടുത്തു. അതിനുശേഷം ഒന്നിനുപുറകെ ഒന്നായി ആ വാട്ട്സ്ആപ്പിന്റെ തൊട്ടുപുറകെ ഒരു വാട്ട്സ്ആപ്പ് കോളാണ്. അതിനുശേഷമുള്ള വാട്ട്സ്ആപ്പ് കോൾ എന്താണെന്നറിയാമോ? (...ബഹളം...) എന്തോ കാര്യം അങ്ങോട്ട് വോയ്സ് കോളിൽ ചോദിച്ചപ്പോൾ, ഇന്ന് ജയിലിൽ കിടക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അടുത്ത വാട്ട്സ്ആപ്പ് മെസേജ് 'You call Raveendran, You call Raveendran' എന്നാണ്. രവീന്ദ്രൻ ആരാണ്? (ബഹളം) രവീന്ദ്രൻ അങ്ങയുടെ ഇടതുവശത്ത് നിൽക്കുന്നയാൾ. അങ്ങയുടെ വലതുവശത്ത് നിൽക്കുന്നയാൾ ഇന്ന് ജയിലിലാണ്. അങ്ങയുടെ ഇടതും വലതും നിന്നവർ അറിയാതെയാണ് ഈ ഇടപാട് നടന്നതെന്ന് പറയാൻ കഴിയുമോ? അല്ലെങ്കിൽ ഇത് നിഷേധിക്കാനുള്ള തന്റേടം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുണ്ടാകണം. ഇങ്ങനെയൊരു സംഭവമുണ്ടായിട്ടില്ലെന്ന് പറയാൻ കഴിയണം. അതുമാത്രമല്ല, ഇതിന്റെ നാൾവഴികൾ ഒന്നിനുപുറകേ ഒന്നായി പരിശോധിച്ചാൽ ഇതിന്റെ ബന്ധം വ്യക്തമായി മനസ്സിലാകും. അങ്ങ് പലയാവർത്തി കേരള

സമൂഹത്തിനുമുന്നിൽ നിഷേധിച്ച കാര്യങ്ങൾ ഒന്നിനുപുറകെയൊന്നായി പുറത്തുവരികയാണ്. ഞാൻ ഈ അടിയന്തരപ്രമേയം ഇവിടെ അവതരിപ്പിക്കുമ്പോൾ, എനിക്ക് ഏറ്റവും പ്രിയങ്കരനായ സഹപ്രവർത്തകൻ ശ്രീ. അനിൽ അക്കരയെക്കുറിച്ച് അഭിമാനിച്ചുകൊണ്ടും അദ്ദേഹത്തെ ബഹുമാനിച്ചുകൊണ്ടും ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്, അങ്ങ് ഭീഷണിയുടെ സ്വരത്തിൽ പറഞ്ഞില്ലേ? (....ബഹളം....) ആ അടിയന്തരപ്രമേയം അവതരിപ്പിച്ച ശ്രീ. അനിൽ അക്കര ഇന്ന് നിയമസഭയിൽ ഇല്ലായെന്ന്. ജീവിതമൊന്നേയുള്ളൂ മിനിസ്റ്റർ; അത് അന്തസ്സായി ജീവിക്കാനുള്ളതാണ്. ഒരു തെരഞ്ഞെടുപ്പ് പരാജയംകൊണ്ട് യു.ഡി.എഫ്.-നെ പറഞ്ഞ് പേടിപ്പിക്കാമെന്നോ, കോൺഗ്രസിനെ പരാജയപ്പെടുത്താമെന്നോ നിങ്ങൾ കരുതണ്ട. അതുകൊണ്ട് ഇക്കാര്യത്തിൽ അങ്ങേയറ്റംവരെ പോകാൻ കഴിയുന്ന രീതിയിൽ ഞങ്ങൾ പോകും. മാത്രമല്ല ഞാനിന്നിവിടെ പറയാൻ ആഗ്രഹിക്കുന്ന കാര്യം എന്റെ വാചകങ്ങളോ, എന്റെ കണ്ടെത്തലുകളോ അല്ല. ഇന്ന് കേരളസമൂഹം, കേരളമെന്ന സംസ്ഥാനം, ഈ നിയമസഭ മുഖ്യമന്ത്രിയിൽനിന്നും കേൾക്കാൻ ആഗ്രഹിക്കുന്ന വാക്കുകളുണ്ട്. XXXX*

*ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം.3576/ഇ.ബി./2023/നി.സെ. തീയതി 01-03-2023) സഭാരേഖയിൽ നിന്നും നീക്കം ചെയ്തു.

<u>മി. സ്പീക്കർ:</u> (....ബഹളം...) പ്ലീസ്....പ്ലീസ്.... രണ്ടുപക്ഷവും സഹകരിക്കണം, അവിടെ ഇരിക്കണം. (.....ബഹളം......)

<u>ഡോ. മാത്യു കുഴൽനാടൻ:</u> സർ, ഇത് സംസാരിക്കാൻ അനുവദിക്കാതിരുന്നിട്ട് കാര്യമില്ല, അങ്ങത് നിഷേധിച്ച സ്ഥിതിക്ക് വേറൊരു വാട്സ്ആപ്പ് സന്ദേശമുണ്ട്. അങ്ങയുടെ സന്തതസഹചാരിയായിരുന്ന പ്രിൻസിപ്പൽ സെക്രട്ടറി പറഞ്ഞ ആ വാട്സ്ആപ്പ് സന്ദേശം മറ്റൊന്നുമല്ല, Shivasankar told Swapna that the CM had asked him to get a job for Swapna..... അങ്ങ് പറഞ്ഞിട്ടുണ്ടോ, ഇല്ലയോ; സ്വപ്നയ്ക്ക് ഒരു ജോലി ശരിയാക്കി കൊടുക്കണമെന്ന് മുഖ്യമന്ത്രി എന്നോട് പറഞ്ഞിട്ടുണ്ടെന്ന് അങ്ങയുടെ പ്രിൻസിപ്പൽ സെക്രട്ടറി വാട്സ്ആപ്പ് മുഖാന്തരം സന്ദേശം അയച്ചുവെന്ന് പറയണോ?

<u>മി. സ്പീക്കർ:</u> ഡോ. മാത്യു കുഴൽനാടൻ അങ്ങ് വഴങ്ങുന്നുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, വീണ്ടും എന്നോട് ചോദ്യം വന്നിരിക്കുകയാണ്. അദ്ദേഹം ഈ സഭയിൽ വരുന്നതിനുമുമ്പുതന്നെ ഇത്തരം കാര്യങ്ങളിൽ വ്യക്തത ഉണ്ടായിക്കഴിഞ്ഞതാണ്. അക്കാര്യത്തിൽ ഞാനുമായി ഒരു ഘട്ടത്തിലും ആരും സംസാരിച്ചിട്ടില്ല. ഈ നിയമനം സർക്കാരിന് അറിയാവുന്ന കാര്യമല്ല. അതിന്മേലാണ് നടപടികളിലേയ്ക്ക്

പോയത്. എന്നും വിളിച്ചുപറയാനുള്ള അവസരമായി അദ്ദേഹം ഇതെടുത്തുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: സഭയുടെ മാന്യത നിലനിർത്തി സംസാരിക്കണം.

ഡോ. മാത്യു കുഴൽനാടൻ: സർ, I am reading. (......ബഹളം.......)

മി. സ്പീക്കർ: അതായത്, നേരിട്ട് ചോദ്യം ചോദിക്കുകയാണ്. അതിനദ്ദേഹം ഉത്തരം പറഞ്ഞു, യെസ്....യെസ്.... ഡോ. മാത്യു കുഴൽനാടൻ. (..........ബഹളം.......)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇതെന്താണ്? സഭാ ചട്ടം അനുസരിച്ച് ആ വാട്സ്ആപ്പ് ചാറ്റുകൾ മേശപ്പുറത്ത് വയ്ക്കട്ടെ. അദ്ദേഹം അത് സാക്ഷ്യപ്പെടുത്തി മേശപ്പുറത്ത് വയ്ക്കണം.

ഡോ. മാത്യു കുഴൽനാടൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ വെല്ലുവിളി ഏറ്റെടുക്കുകയാണ്. ഈ റിമാൻഡ് റിപ്പോർട്ട് നിയമപരമായി അങ്ങ് അനുവദിക്കുകയാണെങ്കിൽ ഈ സഭയുടെ മേശപ്പുറത്ത് ഞാൻ വയ്ക്കാം.

(....ബഹളം........ബഹളം.......)

XXX*

*ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം.3576/ഇ.ബി./2023/നി.സെ. തീയതി 01-03-2023) സഭാരേഖയിൽ നിന്നും നീക്കം ചെയ്തു.

മി. സ്പീക്കർ: യെസ്.....യെസ്..... മിനിസ്റ്റർ പറയൂ.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കോടതിയിൽ ഇപ്പോൾ വച്ചിരിക്കുന്ന റിമാൻഡ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ സഭയ്ക്കകത്ത് ചർച്ച നടത്താൻ സാധിക്കില്ല.

(....ബഹളം........ബഹളം.......)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, എന്തും സഭയിൽ വിളിച്ച് പറയാമെന്നാണോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, E.D. (Enforcement Directorate)- യെക്കുറിച്ച് പറയണമെങ്കിൽ റായ്പ്പൂർ പ്ലീനറി വായിച്ചുനോക്കൂ.

(....ബഹളം........ബഹളം.......)

മി. സ്പീക്കർ: യെസ്.....യെസ്..... ഭരണപക്ഷ അംഗങ്ങൾ സീറ്റിൽ പോയിരിക്കണം. പ്ലീസ്....പ്ലീസ്....

(....ബഹളം........ബഹളം.......)

മി. സ്പീക്കർ: സഭ താൽക്കാലികമായി നിർത്തിവയ്ക്കുകയാണ്.

(ഭരണ-പ്രതിപക്ഷ ബഹളത്തെ തുടർന്ന് രാവിലെ 10.30-ന് നിർത്തിവച്ച സഭ 10.44-ന് പുനരാരംഭിച്ചു.)

മി. സ്പീക്കർ: റൂൾ 52 (vii) വളരെ ക്ലിയർകട്ടായി പറയുന്ന കാര്യം, "ഇന്ത്യയുടെ ഏതെങ്കിലും ഭാഗത്ത് വിചാരണാധികാരമുള്ള ഒരു നിയമകോടതിയുടെ തീരുമാനത്തിലിരിക്കുന്ന സംഗതി പ്രമേയത്തിൽ പ്രതിപാദിക്കാൻ പാടുള്ളതല്ല;" എന്നാണ്. റിമാൻഡ് റിപ്പോർട്ടിനകത്തുള്ള കാര്യം ഇവിടെ പരാമർശിച്ചു. അതുമാത്രമല്ല, ഫ്ലോർ നിരവധി തവണ ഡിബേറ്റ് ചെയ്ത വിഷയമാണിത്. റൂൾ 52 (vii) വളരെ ക്ലിയർകട്ടായി ഈ ഭാഗം പരാമർശിച്ച പശ്ചാത്തലത്തിൽ കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയം ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിക്കാൻ പാടുള്ളതല്ല. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗത്തിന് പ്രസംഗം കൺക്ലൂഡ് ചെയ്യാം. (.....ബഹളം......) അത് പരിശോധിച്ചുചെയ്യാം+.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, റിമാൻഡ് റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങൾ ഇവിടെ ഉദ്ധരിച്ചിട്ടുണ്ട്. ആ ഭാഗങ്ങളെല്ലാം രേഖയിൽനിന്നും ഒഴിവാക്കണം.+ അല്ലാതെ എന്തെങ്കിലും ഉദ്ധരിച്ചിട്ടുണ്ടെങ്കിൽ അതെല്ലാം അദ്ദേഹത്തിന്റെ ഉത്തരവാദിത്വത്തിൽ

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 3576/ഇ.ബി./2023/നി.സെ. തീയതി 01-03-2023) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

\+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 3576/ഇ.ബി./2023/നി.സെ. തീയതി 01-03-2023) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

സഭയുടെ മേശപ്പുറത്തുവയ്ക്കണം. റിമാൻഡ് റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങളെല്ലാം ഒഴിവാക്കണം.

മി. സ്പീക്കർ: പരിശോധിച്ച് ചെയ്യാം.+ (.....ബഹളം.....) അടിയന്തരപ്രമേയത്തിന് പോയിന്റ് ഓഫ് ഓർഡറില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ സഭയ്ക്കുള്ളിൽത്തന്നെ എത്രയോ സന്ദർഭങ്ങളിൽ കോടതിയുടെ മുമ്പാകെയിരിക്കുന്നവ പരാമർശ വിഷയമായിട്ടുണ്ട്. (.....ബഹളം.....)

മി. സ്പീക്കർ: അത് പ്രീസിഡന്റ്സ് ആയിരിക്കാം. Dr. Mathew Kuzhalnadan, you can continue and you can conclude. പ്ലീസ്.... പ്ലീസ് ..... മുൻപ് പല പ്രീസിഡന്റ്സുമുണ്ടാകാം. ഇപ്പോൾ തയ്യാറല്ല, Sorry to say, ഇപ്പോൾ തയ്യാറല്ല.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ എന്റെ വിഷയം അവതരിപ്പിക്കുമ്പോൾ ഞാൻ എന്തും വിളിച്ചുപറയുകയാണ്, അടിസ്ഥാനമില്ലാത്ത കാര്യങ്ങൾ പറയുകയാണ് എന്നുപറയുമ്പോൾ സ്വാഭാവികമായും അതിനെ സാധൂകരിക്കാൻ എനിക്ക് ഇത് റിമാൻഡ് റിപ്പോർട്ടിലുള്ള പരാമർശമാണെന്ന് പറയേണ്ടിവന്നു. അതല്ലാതെ ഞാൻ

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 3576/ഇ.ബി./2023/നി.സെ. തീയതി 01-03-2023) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

അതിനെ ഡിപ്പെൻഡ് ചെയ്ത് എന്റെ കേസ് ബിൽഡ് ചെയ്തതല്ല. എത്ര ലാഘവത്തോടുകൂടിയാണ് നിങ്ങൾ പറയുന്നത്. ഇവിടത്തെ വീടില്ലാത്തവർക്കു വേണ്ടിയാണ് ലൈഫ് മിഷൻ എന്ന് നിങ്ങൾ പറയുകയുണ്ടായി. അതിനുവേണ്ടി വന്ന 20 കോടിരൂപ അടിച്ചോണ്ട് പോയിട്ട് അതിനെക്കുറിച്ച് ഇന്നുവരെ ഈ സർക്കാരിന് എന്ത് ചെയ്യാൻ സാധിച്ചു; അങ്ങ് ഭരിക്കുന്ന ആഭ്യന്തര വകുപ്പും വിജിലൻസ് വകുപ്പും 2020 മുതൽ അന്വേഷിച്ചിട്ട് ഈ കേസ്സിൽ ഇന്നുവരെ ഒരു തുമ്പ് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; ആർക്കെങ്കിലും എതിരെ നടപടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ? അത് കാണിക്കുന്നത്, ഈ അഴിമതി നടപ്പാക്കാൻവേണ്ടി നിങ്ങൾ ആസൂത്രിതമായി ഡിസൈൻ ചെയ്തുവെന്നാണ്. അങ്ങ് അങ്ങയുടെ അധികാര ദുർവിനിയോഗം നടത്തി, അധികാരം പ്രയോഗിച്ച് ലൈഫ് മിഷന്റെ ചെയർമാനായി ആ കസേരയിലിരുന്നുകൊണ്ടാണ് ലൈഫ് മിഷന് വേണ്ടിവന്ന 20 കോടിരൂപ (.....ബഹളം.....)

<u>മി. സ്പീക്കർ</u>: ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, അവിടെ ഇരിക്കു.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, അങ്ങ് എന്തിനാണ് ഈ വാക്കുകളെയും (.....ബഹളം.....) അങ്ങ് എന്തുകൊണ്ടാണ് മറുപടി പറയാത്തത്?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, അങ്ങ് ഉദ്ധരിച്ച റൂൾ 52 (v)-ൽ പറയുന്നത്, "പ്രമേയത്തിൽ വാദങ്ങളോ, അഭ്യൂഹങ്ങളോ, വ്യാജോക്തികളോ ആരോപണങ്ങളോ അപകീർത്തികരമായ പ്രസ്താവനകളോ ഉണ്ടായിരിക്കാൻ പാടില്ലാത്തതും ………" എന്നാണ്. ഇപ്പോൾ അദ്ദേഹം പറഞ്ഞ വ്യാജോക്തികൾ, ആരോപണങ്ങൾ അപകീർത്തികരമായ പ്രസ്താവനകൾ, അത് അങ്ങും കേൾക്കുന്നുണ്ടാകുമല്ലോ? അതോടൊപ്പം പറയുന്നത് "വ്യക്തികളുടെ ഔദ്യോഗിക നിലയിലോ, പൊതുകാര്യ നിലയിലോ അല്ലാതെയുള്ള അവരുടെ സ്വഭാവത്തെയോ നടപടിയെയോ കുറിച്ച് പരാമർശിക്കാൻ പാടില്ലാത്തതുമാകുന്നു" എന്നാണ്. ഇതെല്ലാം ഇവിടെ വ്യക്തമായി രേഖപ്പെടുത്തി വച്ചിട്ടുള്ളതാണ്. അതിനെല്ലാം വിരുദ്ധമായി എന്തുംപറയാൻ തനിക്ക് അവകാശമുണ്ടെന്നുള്ള മട്ടിലാണ് അദ്ദേഹം വർത്തമാനം പറഞ്ഞുകൊണ്ടിരിക്കുന്നത്. അങ്ങത് കേൾക്കുന്നുണ്ടാകുമെന്നാണ് കരുതുന്നത്. (.....ബഹളം.....)

<u>മി. സ്പീക്കർ</u>: മുമ്പ് പലതും ചർച്ച ചെയ്തിട്ടുണ്ടാകാം, ഇപ്പോൾ ഈ ചെയർ അത് അനുവദിക്കാൻ തയ്യാറല്ല. (.....ബഹളം.....) ചെയർ ഇപ്പോൾ

അനുവദിക്കാൻ തയ്യാറല്ല. നിങ്ങൾ ഇരിപ്പിടങ്ങളിൽ ഇരിക്കണം. (.....ബഹളം.....)

ഡോ. മാത്യു കുഴൽനാടൻ: സർ, എന്നെ ജനം തെരഞ്ഞെടുത്തയച്ചത് ഇവർ ആഗ്രഹിക്കുന്നത് പറയാൻ വേണ്ടിയല്ല; ജനം ആഗ്രഹിക്കുന്നത് പറയാൻ വേണ്ടിയാണ്. (.....ബഹളം.....) അതല്ലാതെ നിങ്ങളുടെ അനുമതി വാങ്ങി നിങ്ങൾ ആഗ്രഹിക്കുന്നത് പറയുന്നതിനുവേണ്ടിയല്ല ഞാൻ ഇവിടെ തെരഞ്ഞെടുക്കപ്പെട്ട് വന്നത്. എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങൾ എന്നെ തെരഞ്ഞെടുത്തയച്ചത് കേരളത്തിലെ സാമാന്യ ജനത്തിന് പറയാനുള്ളത് ഇവരുടെ മുഖത്തുനോക്കി പറയാൻവേണ്ടിയാണ്. അല്ലാതെ ഞാൻ എന്ത് വ്യാജോക്തിയും ദുരാരോപണവുമാണ് പറഞ്ഞത്? ഞാൻ പറഞ്ഞത് നിഷേധിക്കണമെങ്കിൽ അങ്ങ് കോടതിയെ ചലഞ്ച് ചെയ്യണം. അതിന് എന്റെ അഭിപ്രായം വാങ്ങേണ്ടതില്ല.

ശ്രീ. പിണറായി വിജയൻ: സർ, ഒരംഗം ഇവിടെ പറയുന്ന കാര്യത്തിന് ഞാൻ എന്തിന് കോടതിയിൽ പോകണം? അദ്ദേഹത്തിന്റെ നേരെ നോക്കി തന്നെയാണ് ഞാൻ പറയുന്നത്; അക്കാര്യങ്ങൾ ഇവിടെ പറയാൻ എനിക്ക് ആർജ്ജവമുണ്ട്; അത് പറയുകതന്നെ ചെയ്യും. എന്താണ് അദ്ദേഹം പറഞ്ഞുകൊണ്ടിരിക്കുന്നത്?

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ പറഞ്ഞ കാര്യങ്ങൾ പറയാനുള്ള ആർജ്ജവം എനിക്കുമുണ്ട്. ഞാൻ അത് ഇവിടെത്തന്നെ പറയും. അങ്ങേയ്ക്ക് മാത്രമാണ് ആർജ്ജവമുള്ളതെന്ന് ധരിക്കരുത്. പറയാനുള്ള കാര്യം പറഞ്ഞിട്ടേ പോകൂ. ഞാൻ പറഞ്ഞതിന് അങ്ങേയ്ക്ക് മറുപടിയുണ്ടെങ്കിൽ പറയണം. (.....മൈക്ക് ഓഫ്.....)

മി. സ്പീക്കർ: അത് പറഞ്ഞ് കഴിഞ്ഞതാണ്. അദ്ദേഹം പറഞ്ഞു. (....ബഹളം....)

ഡോ. മാത്യു കുഴൽനാടൻ: സർ, (.....ബഹളം.....) അങ്ങ് ഈ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയാണ്, ഈ സഭയുടെ നാഥനാണ്. (.....മൈക്ക് ഓഫ്.....)

മി. സ്പീക്കർ: (...ബഹളം...) ഒരുപാട് തവണ കൺക്ലൂഡ് ചെയ്യാൻ പറഞ്ഞു. He is not concluding. പിന്നെ ചെയറിന് എന്ത് ചെയ്യാൻ പറ്റും? യെസ്..... ബഹുമാനപ്പെട്ട മിനിസ്റ്റർ പറഞ്ഞോളൂ.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞങ്ങൾ അങ്ങേയറ്റംവരെ പോകുമെന്ന് പറഞ്ഞുകൊണ്ടാണ് പ്രമേയാവതാരകൻ പ്രസംഗം തുടങ്ങിയത്. ലൈഫ് മിഷനെ തകർക്കാനും അട്ടിമറിക്കാനും പ്രതിപക്ഷം ഏതറ്റംവരെ പോയിയെന്ന്

പറഞ്ഞുകൊണ്ടാണ് ഞാൻ പ്രസംഗം അവസാനിപ്പിച്ചത്. സി.ബി.ഐ.-യെ ഉപയോഗിച്ചിട്ടും വിജയം കാണാനായില്ല, തെരഞ്ഞെടുപ്പിൽ ജനങ്ങളിൽനിന്നും കനത്ത തിരിച്ചടി നേടിയിട്ടും ഒരു പാഠവും ഇവർ പഠിച്ചില്ല. സാധാരണ പറയുന്ന ഒരു ചൊല്ലുണ്ട് 'കണ്ടാൽ അറിയാത്തവർ കൊണ്ടാൽ അറിയും' എന്ന്. കണ്ടാലും കൊണ്ടാലും അറിയാത്ത ഒരു കൂട്ടരാണെന്നാണ് ഇവർ തെളിയിക്കുന്നത്. ഉദ്ദേശ്യം അദ്ദേഹംതന്നെ വ്യക്തമാക്കി. അങ്ങേയറ്റംവരെ പോകുമെന്ന് പറഞ്ഞു. റിമാൻഡ് റിപ്പോർട്ട് ഉദ്ധരിച്ചത് ബഹുമാനപ്പെട്ട ചെയർ രേഖകളിൽനിന്നും നീക്കം ചെയ്യുമല്ലോ. (....ബഹളം...)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, ആദ്യം ചട്ടം വായിച്ചുനോക്കണം. കോടതിയിലുള്ള രേഖ മേശപ്പുറത്തുവയ്ക്കാൻ പ്രതിപക്ഷത്തിന് യാതൊരു അധികാരവുമില്ല. ഇവിടെ ഉദ്ധരിച്ച വേറെയേതെങ്കിലും രേഖകളുണ്ടെങ്കിൽ ഒപ്പിട്ട് മേശപ്പുറത്ത് വയ്ക്കണം.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, ചട്ടം 52(vii) ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ധരിച്ചതാണ്. 'ഇന്ത്യയുടെ ഏതെങ്കിലും ഭാഗത്ത് വിചാരണാധികാരമുള്ള ഒരു നിയമകോടതിയുടെ തീരുമാനത്തിലിരിക്കുന്ന സംഗതി പ്രമേയത്തിൽ പ്രതിപാദിക്കാൻ പാടുള്ളതല്ല'. ചട്ടം 52(v)-ൽ ചൂണ്ടിക്കാണിക്കുന്നത്,

'പ്രമേയത്തിൽ വാദങ്ങളോ അഭ്യൂഹങ്ങളോ വ്യാജോക്തികളോ ആരോപണങ്ങളോ അപകീർത്തികരമായ പ്രസ്താവനകളോ ഉണ്ടായിരിക്കാൻ പാടില്ലാത്തതും .....' തുടർന്നുള്ള ഭാഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഉദ്ധരിച്ചതാണ്. ഇതെല്ലാം ലംഘിച്ചുകൊണ്ടാണ് ഈ പ്രസംഗം അദ്ദേഹം ഇവിടെ നടത്തിയത്. ഇ.ഡി.-യുടെ റിമാൻഡ് റിപ്പോർട്ടാണ് ഇപ്പോൾ കേരളത്തിലെ കോൺഗ്രസ്സിന്റെ വേദവാക്യം. മഹാത്മാ ഗാന്ധിയുടെ കുറ്റാന്വേഷണ പരീക്ഷണങ്ങളല്ല, ഇ.ഡി.-യുടെ കുറ്റാന്വേഷണ പരീക്ഷണങ്ങളാണ് പ്രതിപക്ഷത്തിന് പ്രമാണ വാക്യം. ( ..... ബഹളം ......)

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ ഇല്ല. Yes, you Continue.

ശ്രീ. എം. ബി. രാജേഷ്: സർ, മഹാത്മാ ഗാന്ധിയെപ്പോലും ഇവർക്ക് സഹിക്കാൻ പറ്റുന്നില്ല. (....ബഹളം...)

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇവിടെ സത്യാന്വേഷണ പരീക്ഷണങ്ങളാണല്ലോ. (..മൈക്ക് ഓഫ്...)

ശ്രീ. എം. ബി. രാജേഷ്: സർ, സത്യാന്വേഷണമെന്ന് ബോധപൂർവ്വം പറഞ്ഞതാണ്. സത്യാന്വേഷണവും കുറ്റാന്വേഷണവും രണ്ടും ബോധപൂർവ്വം പറഞ്ഞതാണ്. പ്രകോപനം വളരെ വ്യക്തമാണ്. (....ബഹളം...)

മി. സ്പീക്കർ. ശ്രീ. ഷാഫി പറമ്പിൽ പ്ലീസ്....പ്ലീസ്...

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, കോൺഗ്രസ്സ് അദ്ധ്യക്ഷൻ ശ്രീ. മല്ലികാർജ്ജുൻ ഖാർഗെയുടെ പ്രസ്താവന ഞാൻ വായിക്കാം. (....ബഹളം...)

<u>മി. സ്പീക്കർ</u>: പ്ലീസ്, ബഹുമാനപ്പെട്ട മിനിസ്റ്റർ സംസാരിച്ചോളൂ, കമന്ററിയോട് കമന്റ് ചെയ്യണ്ട; കമന്ററി ഇഗ്നോർ ചെയ്യാം.

<u>ശ്രീ. എം. ബി. രാജേഷ്</u>: സർ, നിരന്തരമായ തടസ്സപ്പെടുത്തലിൽ അങ്ങ് ഇടപെടേണ്ടതാണ്. 'കോൺഗ്രസ്സ് പ്ലീനറി സമ്മേളനത്തെ തകർക്കാൻ ബി.ജെ.പി. ശ്രമിച്ചുവെന്ന് പാർട്ടി അദ്ധ്യക്ഷൻ ശ്രീ. മല്ലികാർജ്ജുൻ ഖാർഗെ' ഇതിന്റെ ഭാഗമായി ഇ.ഡി. പരിശോധനകൾ നടത്തി; കോൺഗ്രസ്സ് നേതാക്കളെ അറസ്റ്റ് ചെയ്തു. ആ ഇ.ഡി.-യുടെ റിമാൻഡ് റിപ്പോർട്ട് വേദവാക്യമായി കാണുന്ന കോൺഗ്രസ്സ് ഇന്ത്യയിൽ കേരളത്തിൽ മാത്രമേ കാണുകയുള്ളൂ. ഈ റിമാൻഡ് റിപ്പോർട്ട് വേദവാക്യമായി പറയാൻ അസാമാന്യമായ ധൈര്യവും ചങ്കൂറ്റവും വേണം. ഇ.ഡി. മാധ്യമങ്ങൾക്ക് ചോർത്തിക്കൊടുത്ത് തലക്കെട്ടാക്കിയിട്ടുള്ള വാർത്തകളും ഇതുപോലെ കോടതിയിൽ കൊടുത്ത കുറെ കടലാസുകളുമുണ്ടായിരുന്നു. അതിൽ പണ്ടുപറഞ്ഞ കാര്യങ്ങളൊക്കെ മറന്നോ? ഖുർ-ആൻ-ൽ സ്വർണം കടത്തി, ഈന്തപ്പഴത്തിൽ സ്വർണം കടത്തി, എന്തിനധികം പറയുന്നു ബിരിയാണി

ചെമ്പിന്റെ കഥ വരെ നമ്മൾ കേട്ടവരല്ലേ? ആ ഇ.ഡി.-യെ ന്യായീകരിക്കാനും ഇ.ഡി.-യോടൊപ്പം ഞങ്ങൾ ഏതറ്റംവരെയും പോകുമെന്നുപറയുമ്പോഴും കേരളത്തിലെ കോൺഗ്രസ്സിന്റെ രാഷ്ട്രീയ പാപ്പരത്വം വ്യക്തമാവുകയാണ്. ഞാൻ വളരെ വിനയത്തോടുകൂടി കോൺഗ്രസ്സ് ബെഞ്ചുകളോട് അഭ്യർത്ഥിക്കുകയാണ്. കോൺഗ്രസ്സിന്റെ റായ്പൂർ പ്ലീനറി സമ്മേളനത്തിലെ രാഷ്ട്രീയ പ്രമേയം ഒന്നുവായിക്കണം. Point No.7 - Subversion of executive: " Central Agencies like ED, NIA, CBI and IT are being grossly abused to intimidate and subjugate political opponents. This is manifest vendetta politics of worse kind" . And you are the ally of this manifest vendetta politics of worse kind. നിങ്ങൾക്ക് നിങ്ങളുടെ രാഷ്ട്രീയ പ്രമേയത്തിലെങ്കിലും ഉറച്ചുനിൽക്കാൻ കഴിയുമോ? ഇന്നത്തെ ദേശീയ മാധ്യമങ്ങളുടെയെല്ലാം തലക്കെട്ട് അമിക്കസ് ക്യൂറി ബഹുമാനപ്പെട്ട സുപ്രീംകോടതിക്ക് കൊടുത്ത റിപ്പോർട്ടിനെ പറ്റിയാണ്. 'ഇ.ഡി. മേധാവിക്ക് കാലാവധി നീട്ടിനൽകിയത് എല്ലാ ചട്ടങ്ങളുടെയും ലംഘനമാണ് ' എന്നത് ഇന്നത്തെ പത്രങ്ങളിലെ വാർത്തയാണ്. ആ ദിവസംതന്നെ വന്ന് ഇ.ഡി.-ക്കുവേണ്ടി വാദിക്കാൻ അങ്ങേയ്ക്ക് മാത്രമേ സാധിക്കുകയുള്ളൂ. ഇ.ഡി. മാഹാത്മ്യം അദ്ദേഹം പറഞ്ഞ

സ്ഥിതിക്ക് ഞാനും കുറച്ച് പറയുകയാണ്. അതാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പ്രധാനമായും ഉണ്ടായിരുന്നത്. നിങ്ങൾക്കും തർക്കമില്ലാത്ത കാര്യങ്ങളാണ്. 2014 മുതൽ ഇതുവരെ ഇ.ഡി. നടത്തിയിട്ടുള്ള റെയ്ഡുകൾ പരിശോധിച്ചാൽ 95 ശതമാനവും ഇന്ത്യയിലെ പ്രതിപക്ഷ പാർട്ടി നേതാക്കളെ ലക്ഷ്യം വച്ചാണ്. 5422 അന്വേഷണങ്ങളാണ് പി.എം.എൽ.എ. (Prevention of Money Laundering Act) അനുസരിച്ച് നടന്നത്. അതിൽ ശിക്ഷിച്ചത് 23 കേസ്സുകളിലാണ്. 0.5 ശതമാനം മാത്രം കൺവിക്ഷൻ റേറ്റുള്ള ഒരു അന്വേഷണ ഏജൻസിയെ പല്ലക്കിൽ ചുമന്ന് ഈ സഭയിലാനയിക്കാൻ ലജ്ജ വേണ്ടേ? ആ ഏജൻസിയുടെ പ്രൊഫഷണൽ കോമ്പീറ്റൻസി 0.5 ശതമാനമാണ്. അതാണ് പ്രതിപക്ഷത്തിന് വേദവാക്യം. ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വന്നതിനുശേഷം ഇ.ഡി. 127 രാഷ്ട്രീയ നേതാക്കളെ ചോദ്യം ചെയ്തു. അതിൽ കോൺഗ്രസ്സിലെ 24 നേതാക്കളുണ്ട്. അവരാരും ചില്ലറക്കാരല്ല, ശ്രീ. രാഹുൽ ഗാന്ധിയെ 50 മണിക്കൂറാണ് ചോദ്യം ചെയ്തത്. 10 മണിക്കൂർ തുടർച്ചയായി ചോദ്യം ചെയ്തു. ഇന്ന് പ്രതിപക്ഷം സ്വീകരിച്ച നിലപാടല്ല അന്ന് ഞങ്ങൾ സ്വീകരിച്ചത്. അതാണ് ഞങ്ങളും നിങ്ങളും തമ്മിലുള്ള വ്യത്യാസം. അന്ന് ശ്രീ. രാഹുൽ ഗാന്ധിയെ ചോദ്യം ചെയ്യുമ്പോൾ കയ്യടിക്കാൻ ഇടതുപക്ഷവും സി.പി.ഐ.(എം.)-ഉം

ഈ ഭാഗത്തുള്ളവരും ഉണ്ടായിരുന്നില്ലെന്ന് നിങ്ങൾ ഓർക്കണം. ശ്രീമതി സോണിയ ഗാന്ധിയെ ചോദ്യം ചെയ്തില്ലേ; ശ്രീമതി പ്രിയങ്കാ ഗാന്ധിയെ ചോദ്യം ചെയ്തില്ലേ? ഇന്ത്യയുടെ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. ചിദംബരത്തിന്റെ വീടിന്റെ മതിൽ ചാടിക്കടന്ന് പിടിച്ചുകൊണ്ടുപോയി 100 ദിവസമാണ് ജയിലിലിട്ടത്. ശ്രീ. പി. ചിദംബരത്തിന്റെ ഭരണകാലത്താണ് ബഹുമാനപ്പെട്ട സുപ്രീംകോടതി 'സി.ബി.ഐ. കേജ്ഡ് പാരറ്റ്" ആണെന്ന് പറഞ്ഞത്. ആ ഇ.ഡി.-ക്ക് വേണ്ടിയല്ലേ നിങ്ങൾ ഇവിടെ വാദിച്ചുകൊണ്ടിരിക്കുന്നത്? ശ്രീ. രാഹുൽ ഗാന്ധിയെയും ശ്രീമതി സോണിയ ഗാന്ധിയെയും ചോദ്യം ചെയ്തപ്പോൾ ഡൽഹിയിൽ സമരം ചെയ്തവരല്ലേ നിങ്ങൾ; നിങ്ങൾക്ക് നിഷേധിക്കാമോ; നിങ്ങളെല്ലാവരും അഭിമാനത്തോടെയല്ലേ സമരം ചെയ്യാൻ പോയത്? ആ സമരത്തിൽ പങ്കെടുത്തപ്പോഴല്ലേ സംഘടനാ ജനറൽ സെക്രട്ടറി ശ്രീ. കെ. സി. വേണുഗോപാലിന് പരിക്കേറ്റത്. അവിടെ ഇ.ഡി.-ക്കെതിരെ സമരം ചെയ്ത് ആശുപത്രിയിലായി; ഇവിടെവന്ന് ഇ.ഡി.ക്കുവേണ്ടി വാദിക്കാനുള്ള അസാമാന്യ വൈഭവത്തെ നമിക്കാൻ മാത്രമേ സാധിക്കുകയുള്ളൂ. നിങ്ങൾക്ക് സഹിക്കാൻ പറ്റുന്നില്ലല്ലേ; പൊള്ളുകയാണല്ലോ?

മറ്റ് ഏജൻസികളുടെ കാര്യം പറയാം; സി.ബി.ഐ., ഏത് സി.ബി.ഐ.? ലൈഫ് മിഷനെതിരെ നിങ്ങൾ പരാതിയുമായി ഓടിച്ചെല്ലുകയും നിങ്ങളവിടെ ഓടിയെത്തിയതിനേക്കാൾ വേഗത്തിൽ എഫ്.ഐ.ആർ. ഇടുകയും ചെയ്ത അതേ സി.ബി.ഐ.-യ്ക്ക് രാജസ്ഥാനിലുണ്ടായിരുന്ന പൊതു അനുമതി പിൻവലിച്ച കാര്യം നിങ്ങൾക്കറിയാമോ? കർണ്ണാടകത്തിൽ കോൺഗ്രസ്സ് നേതാവായ ശ്രീ. ഡി. കെ. ശിവകുമാറിനെ എത്ര ദിവസമാണ് ജയിലിലിട്ടതെന്ന് ഞാൻ പറയണോ; സി.ബി.ഐ., ഇ.ഡി. തുടങ്ങിയയെല്ലാവരുമുണ്ടായിരുന്നില്ലേ? രാജസ്ഥാനിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ബന്ധുക്കൾക്കെതിരെ സി.ബി.ഐ.-യുടെയും ഇ.ഡി.-യുടെയും അന്വേഷണവും ചോദ്യം ചെയ്യലുമെല്ലാം ഉണ്ടായില്ലേ? അവിടെ നടത്തിയാൽ മോശം; ഇവിടെ നടത്തിയാൽ കേമം; ഇതാണ് നിങ്ങളുടെ ഇരട്ടത്താപ്പ്. സോഷ്യൽ മീഡിയ ഭാഷ ഞാൻ ഉപയോഗിക്കുന്നില്ല. നിങ്ങൾക്ക് വാളയാർ വരെ ഒരു നിലപാടും വാളയാറിനപ്പുറത്ത് വേറൊരു നിലപാടുമാണ്. റായ്പൂരിൽ എ.ഐ.സി.സി. പ്ലീനറി സമ്മേളനത്തിൽപ്പോയി ഈ രാഷ്ട്രീയ പ്രമേയം കയ്യടിച്ച് അംഗീകരിച്ചിട്ട് അവിടെയെഴുതി വച്ചതിന്റെ മഷിയുണങ്ങുന്നതിന് മുമ്പല്ലേ നിങ്ങളിവിടെ ഇ.ഡി.ക്കുവേണ്ടി വാദിച്ചുകൊണ്ടിരിക്കുന്നത്. ഇത് നിങ്ങളുടെ

കാപട്യത്തെയാണ് വ്യക്തമാക്കുന്നത്. നിങ്ങൾക്ക് എങ്ങനെയെങ്കിലും അധികാരത്തിലെത്തണം. അതിന് ഇ.ഡി.-യുടെ സഹായമെങ്കിൽ അങ്ങനെ. അതാണ് നിങ്ങളിവിടെ കണക്കാക്കുന്നത്.

മി. സ്പീക്കർ: യെസ്... മിനിസ്റ്റർ.

ശ്രീ. എം. ബി. രാജേഷ്: സർ, ഞാൻ അവസാനിപ്പിക്കാം. അധികമൊന്നും പറയാനില്ല. ഇവിടെ രണ്ട് കോൺഗ്രസ്സ് ഉണ്ടോയെന്ന് സംശയം തോന്നുകയാണ്. ശ്രീമതി സോണിയാ ഗാന്ധി, ശ്രീ. രാഹുൽ ഗാന്ധി, ശ്രീ. മല്ലികാർജ്ജുൻ ഖാർഗെ എന്നിവർ നയിക്കുന്നൊരു കോൺഗ്രസ്സ് ഉണ്ട്. ആ കോൺഗ്രസ്സാണ് റായ്പൂർ പ്ലീനറി സമ്മേളനത്തിൽ ഇതെല്ലാം എഴുതിവച്ചത്. ശ്രീമതി സോണിയാ ഗാന്ധി ഹിന്ദുസ്ഥാൻ ടൈംസിൽ എഴുതിയൊരു ലേഖനം നിങ്ങൾ വായിക്കണമെന്ന് ഞാൻ ശിപാർശ ചെയ്യുകയാണ്. മഹാത്മാ ഗാന്ധിയുടെ 'സത്യാന്വേഷണ പരീക്ഷണങ്ങൾ' വേണ്ട. ശ്രീമതി സോണിയാ ഗാന്ധി ഹിന്ദുസ്ഥാൻ ടൈംസിൽ ഇ.ഡി.യെക്കുറിച്ചെഴുതിയ ലേഖനം വായിക്കണം. കേരളത്തിൽ വന്നാൽ കോൺഗ്രസ്സിനെ നയിക്കുന്നത് ശ്രീമതി സോണിയാ ഗാന്ധിയും ശ്രീ. രാഹുൽ ഗാന്ധിയും ശ്രീ. മല്ലികാർജ്ജുൻ ഖാർഗെയുമല്ല, ശ്രീ. നരേന്ദ്ര മോദിയും ഇ.ഡി.-യുമാണ്. ഇന്നലെ താടിയുടെ കാര്യം പറയുന്നത് കേട്ടു.

കേരളത്തിലെ കോൺഗ്രസ്സ് നേതാക്കൾക്ക് ശ്രീ. രാഹുൽ ഗാന്ധിയുടെ താടിയെക്കാൾ മോടിയുള്ളതായി തോന്നുന്നത് ശ്രീ. നരേന്ദ്ര മോദിയുടെ താടിയാണ്. നിങ്ങൾ ഇ.ഡി.-യുടെയും കേന്ദ്ര സർക്കാരിന്റെയും ബി.ജെ.പി.-യുടെയും സഖ്യകക്ഷികളാണ്. നിങ്ങളുടെ പാർട്ടിയുടെ ദേശീയ രാഷ്ട്രീയ നയത്തെ വഞ്ചിക്കുന്നവരാണ് നിങ്ങൾ. അതിന്റെ തെളിവാണ് ഈ ദുരാരോപണങ്ങൾ ഇ.ഡി.-യെയും കേന്ദ്ര ഏജൻസികളെയും മാത്രം അവലംബിച്ചുകൊണ്ട് ഇവിടെ ആവർത്തിച്ച് ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലെയും വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെയും ജനങ്ങൾ തള്ളിക്കളഞ്ഞ, നിയമസഭാ തെരഞ്ഞെടുപ്പിലും ജനങ്ങൾ തള്ളിക്കളഞ്ഞ കാര്യങ്ങൾ ആവർത്തിച്ച് ഉന്നയിക്കുന്നതുവഴി നിങ്ങൾക്ക് ഇനിയെന്ത് ചെയ്യണമെന്നറിയാത്ത അപകർഷതാബോധമാണ്. (...ബഹളം....) ഇന്നലെ പറഞ്ഞല്ലോ ഞങ്ങൾക്ക് ആരെയും പേടിയില്ല, ഞങ്ങൾ അടിമയല്ല എന്ന്. യഥാർത്ഥത്തിൽ നിങ്ങൾ അപകർഷതാബോധത്തിന്റെ ആഴത്തിലാണ് ചെന്ന് പതിച്ചിട്ടുള്ളത്. ഇനിയെന്ത് ചെയ്യണമെന്നറിയാത്ത അപകർഷതാബോധമാണ്. പ്രതിപക്ഷമെന്ന നിലയിൽ നിങ്ങൾക്കൊരു റോളുണ്ട്; ന്യായമായ കാര്യങ്ങൾ ഉന്നയിക്കാം; വിമർശനങ്ങളാകാം;

അതിലൊന്നും ഞങ്ങൾക്ക് ആക്ഷേപമില്ല. പക്ഷേ, ഇന്ത്യയിൽ ഇന്ന് ആരും വിലകൽപ്പിക്കാത്ത, നിങ്ങളുടെ പാർട്ടി തന്നെ വിലകൽപ്പിക്കാത്ത എല്ലാ വിശ്വാസ്യതയും നഷ്ടപ്പെട്ട ഏജൻസികളുടെ ദുരാരോപണങ്ങളെയും റിമാൻഡ് റിപ്പോർട്ടിനെയും രാഷ്ട്രീയ ആയുധമായി ഉപയോഗിക്കേണ്ടി വരുമ്പോൾ നിങ്ങളുടെ ദാരിദ്ര്യമാണ് കാണിക്കുന്നത്. ഈ സർക്കാരിനെതിരെ രാഷ്ട്രീയമായി ആയുധങ്ങൾ ലഭ്യമാകാത്ത ദാരിദ്ര്യം ഒരിക്കൽക്കൂടി ഇന്ന് ഈ പ്രമേയാവതാരകൻ അദ്ദേഹത്തിന്റെ അവതരണത്തിലൂടെ ഇവിടെ തുറന്ന് കാണിച്ചിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്ന് വ്യക്തമാക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സഭയുടെ ചരിത്രത്തിൽ ഒരിക്കലും കാണാത്ത സംഭവങ്ങളാണ് ഇന്ന് ഇവിടെ നടന്നത്. ബഹുമാനപ്പെട്ട ഒരംഗം റൂൾ 50 പ്രകാരം നോട്ടീസ് നൽകിയശേഷം നിരവധി പ്രാവശ്യം ബഹുമാനപ്പെട്ട മന്ത്രിമാരുൾപ്പെടെയുള്ളവർ നിരന്തരമായി

തടസ്സപ്പെടുത്തി അദ്ദേഹത്തിന് പ്രസംഗം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിരിക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ പോയിന്റ് ഓഫ് ഓർഡർ അനുവദിക്കില്ലെന്ന തീരുമാനം നേരത്തെ എടുക്കുകയുണ്ടായി. പക്ഷേ, അദ്ദേഹം വഴങ്ങാതെതന്നെ പല മന്ത്രിമാരും ഇടപെട്ട് ഇവിടെ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി രണ്ട് തവണ സംസാരിച്ചപ്പോഴും പ്രതിപക്ഷം അത് ശ്രദ്ധയോടുകൂടി കേട്ടുകൊണ്ടിരുന്നു. ഇവിടെ പറഞ്ഞത് റൂൾ 52 (vii) ആണ്; അതിൽ പറയുന്നത്, " The motion shall not deal with a matter which is under adjudication by a court of law having Jurisdiction in any part of India" എന്നാണ്. ക്രിമിനൽ കേസിൽ എപ്പോഴാണ് adjudication സ്റ്റാർട്ട് ചെയ്യുന്നതെന്ന് ശക്തർ & കൗൾ പറഞ്ഞിട്ടുണ്ട്. "From the time charge-sheet is filed till judgement is delivered" എന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ, In this matter, the time of charge-sheet has not submitted so far. This is only investigation stage and hence this argument is not applicable here. ഇവിടെ ഈ കേസിൽ ചാർജ്ജ് ഷീറ്റ് നൽകിയിട്ടില്ല; ഇൻവെസ്റ്റിഗേഷൻ സ്റ്റേജിലാണ്. നിയമസഭാ ചരിത്രത്തിൽ, ബാർ കോഴ, സോളാർ കേസ്സുകൾ നടക്കുന്ന സമയത്ത്

കെ. എം. മാണിയുൾപ്പെടെയുള്ളവരെക്കുറിച്ച് നിരന്തരം റൂൾ 50 പ്രകാരം അടിയന്തരപ്രമേയ നോട്ടീസ് അവതരിപ്പിച്ചിട്ടുണ്ട്. അതെല്ലാം ഒരു സുപ്രഭാതത്തിൽ മറക്കുകയാണ്. കാരണം ഇവിടെ ലൈഫ് മിഷനെക്കുറിച്ച് മിണ്ടിപ്പോകരുത് എന്നതാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ അദ്ദേഹം ദീർഘനേരം ഞങ്ങൾക്കൊരു ക്ലാസ്സ് എടുക്കുകയായിരുന്നു. ഇ.ഡി. പുരാണം, സി.ബി.ഐ. പുരാണം, എൻ.ഐ.എ. പുരാണം തുടങ്ങി ഈ രാജ്യത്ത് കന്യാകുമാരി മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിൽ സി.ബി.ഐ.-യും ജനങ്ങളും ഇടപെട്ടതിനെക്കുറിച്ചുള്ള ചർച്ച സംബന്ധിച്ചായിരുന്നു അദ്ദേഹം പറഞ്ഞത്. (....ബഹളം....).

<u>മി. സ്പീക്കർ</u>: ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി....പ്ലീസ്... പ്ലീസ്...

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇത്രമാത്രം കൊള്ളരുതാത്തവരാണോ ഈ സി.ബി.ഐ.-യും ഇ.ഡി.-യും? കാരണം, ശ്രീ. നരേന്ദ്രമോദിയാണ് ഇ.ഡി.-യും സി.ബി.ഐ.-യും എൻ.ഐ.എ.-യും. ഇത്രയും കൊള്ളരുതാത്തവരാണ് കേന്ദ്ര ഏജൻസികളെങ്കിൽ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അയച്ചൊരു കത്തുണ്ട്; അതിൽ പറയുന്നത് "Dear Shri Modiji,............. it is requested that an effective and co-ordinated investigation into this incident by all

central agencies concerned is the need of the hour" എന്നാണ്. എന്നിട്ടാണ് ഞങ്ങളെ പഠിപ്പിക്കാൻ വരുന്നത്. ഒരു ഏജൻസി പോര ഒന്നിലധികം കേന്ദ്ര ഏജൻസികൾ കേരളത്തിൽ വന്ന് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. നരേന്ദ്ര മോദിക്ക് കത്തെഴുതിയിട്ട് മറുപടി നൽകുമ്പോൾ മന്ത്രി പറയുകയാണ് 'സി.ബി.ഐ പാടില്ല, ഇ.ഡി. പാടില്ല' എന്ന്.

മി. സ്പീക്കർ: യെസ്... യെസ്... ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുന്നുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സ്വർണ്ണക്കടത്ത് നമ്മുടെ നാടിന്റെയും രാജ്യത്തിന്റെയും സാമ്പത്തിക മേഖലയെ ഏറ്റവുമധികം ബാധിക്കുന്ന കാര്യമാണ്. അത് ഗൗരവമായൊരു പ്രശ്നമായി ഇവിടെ ഉയർന്നു വന്നപ്പോൾ, അതിന്റെ ആരംഭഘട്ടത്തിൽത്തന്നെ അതിന്റെ പിന്നിൽ ഏതൊക്കെ ശക്തികൾ പ്രവർത്തിച്ചിട്ടുണ്ടെന്ന് കണ്ടെത്തുന്നതിന് കേന്ദ്ര ഏജൻസികളുടെ അന്വേഷണമാണ് ഫലപ്രദമാകുന്നത്. അതിനാണ് കേന്ദ്ര ഏജൻസികളുടെ അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ടത്. സാധാരണനിലയിൽ ഇത്തരം കാര്യങ്ങളിൽ നമ്മുടെ സംസ്ഥാന ഏജൻസികൾ അന്വേഷിച്ചാൽ എങ്ങുമെത്താൻ കഴിയില്ല. അതിന്റെ

അധികാരവും കേന്ദ്ര ഏജൻസികൾക്കാണ്; സംസ്ഥാന ഏജൻസികൾക്കല്ല. ആ പശ്ചാത്തലത്തിലാണ് അക്കാര്യത്തിൽ എല്ലാ കേന്ദ്ര ഏജൻസികളുടെയും അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ടത്.

ശ്രീ. വി. ഡി. സതീശൻ: സർ, കൃത്യമായ പൊസിഷനാണ് മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചത്. ലൈഫ് മിഷൻ കേസ് എങ്ങനെയാണുണ്ടായത്? അങ്ങ് സൂചിപ്പിച്ചതുപോലെ കേന്ദ്ര ഏജൻസികൾ കേരളത്തിലെത്തി അന്വേഷണം ആരംഭിച്ചു. സ്വർണ്ണ കള്ളക്കടത്ത് കേസിലെ പ്രതിയായ ശ്രീമതി സ്വപ്ന സുരേഷ് ഉൾപ്പെടെയുള്ളവരെക്കുറിച്ച് അവർ അന്വേഷണം നടത്തുകയുണ്ടായി.

മി. സ്പീക്കർ: ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി.. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കുമ്പോൾ കുറച്ച് സൗമ്യതയാകാം.

ശ്രീ. വി. ഡി. സതീശൻ: സർ, അന്വേഷണത്തിന്റെ ഭാഗമായി അവരുടെ ലോക്കർ റെയ്ഡ് ചെയ്തു. അവരും അങ്ങയുടെ ഓഫീസിൽ സർവ്വ അധികാരങ്ങളുമുണ്ടായിരുന്ന പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എം. ശിവശങ്കറിന്റെ ചാർട്ടേർഡ് അക്കൗണ്ടന്റും ജോയിന്റായി ആരംഭിച്ച ലോക്കറിൽനിന്നും 63 ലക്ഷം രൂപ കണ്ടെടുത്തു. ആ രൂപയിൽ ആക്സിസ് ബാങ്കിന്റെ സീൽ പതിപ്പിച്ചിട്ടുണ്ടായിരുന്നതുകൊണ്ട് ആരുടെ അക്കൗണ്ടിൽ നിന്നാണ് 63 ലക്ഷം രൂപ വന്നിരിക്കുന്നതെന്ന് സെൻട്രൽ ഏജൻസി ആക്സിസ്

ബാങ്കിൽ അന്വേഷിച്ചപ്പോൾ ലൈഫ് മിഷനിൽ നിങ്ങൾ ജോലി കൊടുത്ത യൂണിടാക് ഉടമസ്ഥനും കോൺട്രാക്ടറുമായ സന്തോഷ് ഈപ്പന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നാണ് മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്കും സ്വപ്ന സുരേഷിനും കൂടി പങ്കാളിത്തമുള്ള ലോക്കറിലേയ്ക്ക് പ്രസ്തുത തുക എത്തിയതെന്ന് കണ്ടുപിടിക്കുകയുണ്ടായി. അവിടെ നിന്നാണ് അന്വേഷണം ആരംഭിക്കുന്നത്. തുടർന്ന് അങ്ങയുടെ മന്ത്രിസഭയിലെ മുൻ മന്ത്രിമാരായിരുന്ന ഡോ.ടി .എം. തോമസ് ഐസക്കും ശ്രീ. എ. കെ. ബാലനും ലൈഫ് മിഷനിൽ കോഴ നടന്നിട്ടുണ്ടെന്ന് പറഞ്ഞിരുന്നു. കോഴ കൊണ്ടുപോയത് കോൺസുലേറ്റിലെ ഖാലിദ് എന്നയാളാണ്. കൂടാതെ ഈ ഏജൻസിയും കൊടുത്തിട്ടുണ്ടെന്ന് പറയുന്നു. കോഴപ്പണം എങ്ങോട്ടുപോയി? 4 കോടി രൂപ വിദേശത്തേയ്ക്കാണ് പോയത്. ഒരു കോടി രൂപയാണ് ഇവരുടെ കയ്യിൽ കിട്ടിയത്. ബാക്കി നാലേകാൽ കോടി രൂപ എങ്ങോട്ടുപോയെന്ന് അറിയില്ല. അങ്ങനെ ഒൻപതേകാൽ കോടി രൂപയാണ് ഈ കേസിലെ കോഴപ്പണം. അതായത് രാജ്യം കണ്ട ഏറ്റവും വലിയ ശതമാനമാണിത്; 46%. കോഴപ്പണവുമായി ബന്ധപ്പെട്ട് ഇത്രയും വലിയ കേസ് ഇന്ത്യയിലൊരിടത്തും നടന്നിട്ടില്ല. ബീഹാറിൽ പോലും നടക്കില്ല. 46% കോഴത്തുക വന്നൊരു കേസാണിത്. ഈ കേസ് വന്നപ്പോൾ നിങ്ങളെന്തിനാണ് വിജിലൻസിനെ

ഏൽപ്പിച്ചത്? Vigilance is not a competent authority to investigate into this matter though there are interstate and intrastate ramifications in this case; രാജ്യത്തിനകത്തും രാജ്യത്തിനുപുറത്തും വ്യാപിച്ചുകിടക്കുന്ന ഒരു കേസ് എങ്ങനെയാണ് വിജിലൻസ് അന്വേഷിക്കുന്നത്; What is the competence of the state vigilance? നിങ്ങൾ സി.ബി.ഐ. അന്വേഷണം വരാതിരിക്കാൻ മന:പൂർവ്വം ശ്രീ. അനിൽ അക്കരയുടെ മൊഴിയെടുക്കുന്നതിന്റെ തലേദിവസം വിജിലൻസിനെ ഈ കേസ് ഏൽപ്പിക്കുകയാണ് ചെയ്തത്. വിജിലൻസ് എല്ലാ ഫയലും പിടിച്ചെടുത്തു. സി.ബി.ഐ.-യെ എതിർത്തുവെന്ന് പറഞ്ഞിട്ട് ബഹുമാനപ്പെട്ട മന്ത്രി ഹൈക്കോടതി വിധിയുടെ ഒരു ഭാഗം വായിച്ചു. അത്രയും നല്ലൊരു വിധിയുണ്ടായിട്ടും പിന്നെയെന്തിനാണ് സുപ്രീം കോടതിയിൽ അപ്പീൽ കൊടുത്ത് സി.ബി.ഐ. അന്വേഷണം വേണ്ടെന്ന് സർക്കാർ ആവർത്തിച്ചുപറയുന്നത്? ആരാണ് നിങ്ങളോടൊപ്പം വാദിക്കുന്നത്; സന്തോഷ് ഈപ്പൻ. ഈ കേസിൽ അയാളുടെ അക്കൗണ്ടിൽ നിന്ന് കൈക്കൂലി കൊടുത്തെന്ന് സമ്മതിച്ചയാളാണ്. ഇവിടെ ബഹു. മുഖ്യമന്ത്രി സൂചിപ്പിച്ച പോയിന്റാണ് ശരിയായിട്ടുള്ളത്. ഇവിടെ നമുക്ക് അന്വേഷിക്കാൻ പറ്റിയ കേസല്ലിത്. Interstate and intrastate ramifications ഉള്ള കേസാണ്. അതുകൊണ്ടാണ് സി.ബി.ഐ.-യ്ക്ക് ഞങ്ങൾ പരാതി കൊടുത്തത്. ബഹു.

മുഖ്യമന്ത്രി പറഞ്ഞ അതേ രീതിയിലാണ് കാര്യങ്ങൾ; വിജിലൻസല്ല അന്വേഷിക്കേണ്ടത്. അതേ ഗ്രൗണ്ടിൽ തന്നെ ഞങ്ങളും സി.ബി.ഐ. അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടു. നിങ്ങൾ പറഞ്ഞതുപോലെ ഭരണാധികാരത്തിനോ, ഭരണനേതൃത്വത്തിനോ പങ്കില്ലാത്ത കേസിൽ സന്തോഷ് ഈപ്പന്റെ കൂടെ നിന്ന് സി.ബി.ഐ. അന്വേഷണം വേണ്ടെന്ന് ആവർത്തിച്ചുപറയേണ്ടതിന്റെ കാരണമെന്താണ്? ഞങ്ങൾക്ക് സി.ബി.ഐ.-യെക്കുറിച്ച് പരാതിയുണ്ട്. സി.ബി.ഐ. മൂന്ന് വർഷമായിട്ടും ഒന്നും ചെയ്യുന്നില്ല; അന്വേഷിക്കുന്നില്ല വിജിലൻസും അന്വേഷിക്കുന്നില്ല. കേരളത്തിൽ നമുക്കെല്ലാവർക്കും അറിയാവുന്ന, കോഴ വാങ്ങിയെന്ന് കൃത്യമായി ആരും നിഷേധിക്കാത്ത കേസാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതെന്താണ്? പഴയ വീഞ്ഞ്, പഴയ കുപ്പി എന്നാണ്. അതെ, പഴയ വീഞ്ഞാണ്; മുഖ്യമന്ത്രിയുടെ ഓഫീസിൽ സ്വർണ്ണക്കടത്ത് കേസിൽ 100 ദിവസം അകത്തുകിടന്ന ശ്രീ. എം. ശിവശങ്കർ വീണ്ടും ഇ.ഡി. കേസിൽ ജയിലിലായിരിക്കുകയാണ്. പഴയ വീഞ്ഞെന്ന് പറഞ്ഞത് വളരെ ശരിയാണ്. പഴയ കുപ്പിയുമാണ്. അന്നത്തെയും ഇന്നത്തെയും അലിഗേഷൻ മുഖ്യമന്ത്രിയുടെ ഓഫീസിന് നേരെയാണ്. ഞങ്ങൾ ആവശ്യമില്ലാത്ത എന്തെങ്കിലും ഇവിടെ സൂചിപ്പിച്ചിട്ടുണ്ടോ; എന്തൊക്കെ വർത്തമാനങ്ങളാണ് വാട്ട്സാപ്പ്

ചാറ്റുകളിലുള്ളത്? ഈ കേസ് തുടങ്ങിയ കാലംമുതൽക്കേ കേസിലെ മദനകാമരാജൻ കഥകളോട് ഞങ്ങൾക്ക് താല്പര്യമില്ല; ഞങ്ങളത് പറയാറുമില്ലെന്ന് പറഞ്ഞിട്ടുണ്ട്. നിങ്ങളാണ് ഇവിടെ ഇന്ന് അത് പറഞ്ഞത്. ഇന്നിവിടെ മോശമായ വാക്കൊക്കെ സൂചിപ്പിച്ചെന്ന് പറയുകയുണ്ടായി. എന്റെ ഈ സീറ്റിലിരുന്നുകൊണ്ട് ഒരു പ്രതിപക്ഷനേതാവ്, അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിയുടെ കുടുംബത്തെക്കുറിച്ച് പറഞ്ഞതൊക്കെ നിങ്ങൾ കേട്ടിട്ടുണ്ടോ? ഞങ്ങളാരും വേണ്ടാത്ത ഒരു വാക്കും പറയില്ല. വിഷയവുമായി ബന്ധപ്പെട്ടല്ലാതെ ഒരു കാര്യവും ഞങ്ങൾ പറയാറില്ല. ഇവിടെത്തെ പ്രശ്നമെന്താണ്? റെഡ് ക്രെസന്റും ലൈഫ് മിഷനും MoU (Memorandum of Understanding) ഒപ്പുവച്ചു. സ്റ്റേറ്റാണ് എം.ഒ.യു. വച്ചിരിക്കുന്നത്; ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അത് വായിച്ചുനോക്കണം. ഓരോ സ്റ്റേജിലും എഗ്രിമെന്റ് വയ്ക്കണമെന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. തുടർന്ന് അത് മാറ്റി, യു.എ.ഇ. കോൺസുലേറ്റും യുണീടാക്കും തമ്മിൽ അടുത്ത എഗ്രിമെന്റ് വച്ചു. കേരളത്തിൽ കെട്ടിടം പണിയാൻ യു.എ.ഇ. കോൺസുലേറ്റ് ക്വട്ടേഷൻ ക്ഷണിക്കുകയാണ്. ഇതെവിടെയെങ്കിലും കേട്ടിട്ടുണ്ടോ; കോൺസുലേറ്റിന്റെ ജോലി അതാണോ? യു.എ.ഇ. കോൺസുലേറ്റ് ക്വട്ടേഷൻ ക്ഷണിക്കുകയാണ്. ഇത്തരം വാട്ട്സാപ്പ് ഇടപാടുകളെക്കുറിച്ച് പറയാൻ കാര്യമെന്താണ്?

ഇതിനുപുറകിൽ ഒരു ഗ്രാന്റ് ഡിസൈനുണ്ട്. ലൈഫ് മിഷന്റെ ചെയർമാൻ ബഹു. മുഖ്യമന്ത്രിയാണ്. മുഖ്യമന്ത്രിയുടെ ഓഫീസിലെ പ്രിൻസിപ്പൽ സെക്രട്ടറിയും അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയും ഇക്കാര്യത്തിൽ ഇൻവോൾവ്ഡാണെന്ന വാർത്തകളും വാട്ട്സാപ്പ് ചാറ്റുകളും പുറത്തുവരുമ്പോഴും ഒരു സെൻട്രൽ ഏജൻസി കോടതിയിൽ റിമാൻഡ് റിപ്പോർട്ടിന്റെ ഭാഗമായി എവിഡന്റ്സായി രേഖകൾ ഹാജരാക്കുന്ന സാഹചര്യത്തിലും പ്രതിപക്ഷം 'അത് പറയരുത്, പോളണ്ടിനെക്കുറിച്ച് മിണ്ടിപ്പോകരുത്' എന്നൊക്കെ പറയുന്നത് ശരിയാണോ; അത് ഞങ്ങൾ ക്വാട്ട് ചെയ്തത് എന്തിനാണ്? ഞങ്ങളുടെ ഒരു വാദത്തെ സാധൂകരിക്കാൻ വേണ്ടി അത് ക്വാട്ട് ചെയ്തിട്ട് ഇവർ തമ്മിൽ ഇടപാടുകളുണ്ടെന്ന് പറഞ്ഞു. ഇപ്പോൾ ശ്രീ. എം. ശിവശങ്കർ അറസ്റ്റ് ചെയ്യപ്പെടാൻ കാരണമെന്താണ്; അദ്ദേഹവും ശ്രീമതി സ്വപ്ന സുരേഷും ചേർന്ന് നടത്തിയ സംഭാഷണത്തിൽ യുണീടാക്കിന് എഗ്രിമെന്റ് കൊടുക്കണമെന്നും ഒരുമിച്ച് ചെയ്യണമെന്നും ഇഷ്ടമുള്ള ആളിന് കൊടുക്കണമെന്നും അതിനുള്ളിൽ നിന്നുകൊണ്ട് ബാക്കി കാര്യങ്ങൾ ചെയ്യണമെന്നും തുടങ്ങി ഒട്ടേറെ കാര്യങ്ങൾ സൂചിപ്പിക്കുന്നുണ്ട്. കേസ്സുമായി ബന്ധപ്പെട്ട പ്രതികൾ, ഇടനിലക്കാർ എല്ലാവർക്കും ഇതിൽ പങ്കുണ്ട്, അന്നത്തെ മുഖ്യമന്ത്രിയുടെ ഓഫീസിലെ പ്രിൻസിപ്പൽ സെക്രട്ടറിക്ക് 100 ശതമാനം പങ്കുണ്ടായിരുന്നു.

അക്കാര്യങ്ങളെല്ലാം ഇപ്പോൾ പുറത്തുവന്നിട്ടുണ്ട്. ചോദ്യം ചെയ്യാൻ അവരെ ഇ.ഡി. വിളിച്ചിരിക്കുകയാണ്. 3 വർഷമായി ഇ.ഡി. എവിടെയായിരുന്നു; ഇപ്പോഴല്ലേ പാൽക്കുപ്പിയുമായി വന്നിരിക്കുന്നത്? ഇപ്പോഴത്തെ ഇ.ഡി. അന്വേഷണത്തിൽ ഞങ്ങൾക്ക് സംശയമുണ്ട്. ഞങ്ങൾ അവരുടെ വക്കാലത്ത് കൊണ്ടുവന്നവരല്ല. കേരളത്തിൽ ഇത്രയും വലിയൊരു കോഴപ്പണ വിവാദം ഉന്നയിച്ചപ്പോൾ, 'കഴിഞ്ഞ തവണ അടിയന്തരപ്രമേയത്തിൽ കൊണ്ടുവന്ന കാര്യമായിരുന്നെന്നും അന്ന് മറുപടി പറഞ്ഞതാണെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത്. അങ്ങ് ഭയങ്കര ബുദ്ധിമാനായതുകൊണ്ട് നേരെ അന്നത്തെ അടിയന്തര പ്രമേയത്തിലേയ്ക്കുപോയി. ഇതുരണ്ടും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? മറുപടി പറയുമ്പോൾ ഇത്രയും കൗശലം കാണിക്കരുത്. വിഷയത്തിൽനിന്നും വ്യതിചലിക്കാൻവേണ്ടി എന്തൊരു കൗശലമാണ് കാണിച്ചത്; beating around the bush എന്നാണിതിനെ പറയുന്നത്. അകത്തേയ്ക്ക് കയറില്ല. പുറത്തുകിടന്ന് കളിക്കും. അദ്ദേഹത്തിനറിയാം അകത്തേയ്ക്ക് കയറിയാൽ അപകടമാണെന്ന്. അത്രയ്ക്കും ബുദ്ധിയുള്ളയാളാണ് ബഹുമാനപ്പെട്ട മന്ത്രി. അദ്ദേഹം മറുപടി പറയുന്നതിന്റെ കൗശലം ഞാനിവിടെ ആസ്വദിക്കുകയായിരുന്നു; പക്ഷെ, അതല്ല യാഥാർത്ഥ്യം. ഗവൺമെന്റിനെതിരായി ചോദ്യമുണ്ട് എന്നതാണ് യാഥാർത്ഥ്യം. എഗ്രിമെന്റ്

വയ്ക്കണമെന്ന് MoU-ൽ പറഞ്ഞതിനുശേഷം ഒരു എഗ്രിമെന്റുമില്ലാതെ യുണീടാക്കിന് കെട്ടിടം പണിയാൻ സർക്കാർ ഭൂമി എന്തിനാണ് കൊടുത്തത്; വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് ഫയലുകളെല്ലാം കൈക്കലാക്കിയത് എന്തിനാണ്; എന്ത് അന്വേഷണമാണ് വിജിലൻസ് നടത്തിയത്; സി.ബി.ഐ. ഇൻവെസ്റ്റിഗേഷനെ സ്റ്റേറ്റ് ഗവൺമെന്റ് എതിർക്കുന്നതെന്തിനാണ്; പ്രതികളെ സംരക്ഷിക്കുന്നതിന്റെ താല്പര്യമെന്താണ്? അങ്ങ് വിഷമകരമായൊരു പരാമർശം നടത്തുകയുണ്ടായി. 'ഇതു കൊടുത്തതുകൊണ്ടാണ് ശ്രീ. അനിൽ അക്കര നിയോജകമണ്ഡലത്തിൽ തോറ്റുപോയതെന്ന് പറഞ്ഞു. നമ്മൾ എത്രപേർ തോൽക്കുന്നു; ഞാൻ തോറ്റിട്ടുണ്ട്, അങ്ങ് തോറ്റിട്ടുണ്ട്. ഇനി എത്രപേർ തോൽക്കാനിരിക്കുന്നു, ജയിക്കാനിരിക്കുന്നു. തെരഞ്ഞെടുപ്പിന്റെ ഒരു പരാജയവുമായി ബന്ധപ്പെട്ട് ഇവിടെ ഇങ്ങനെ ഉന്നയിക്കേണ്ടതുണ്ടോ? നമ്മുടെ പാർട്ടിയിൽ എല്ലാവരും പരാജയപ്പെട്ടിട്ടുണ്ട്. പല കാരണങ്ങൾ കൊണ്ടും പരാജയപ്പെടും. ജനങ്ങൾ നമ്മെ നോക്കിക്കൊണ്ടിരിക്കുകയാണ്; അവർക്ക് ഇഷ്ടപ്പെട്ടില്ലെങ്കിൽ അവർ നമ്മളെ പിൻവലിക്കും. ഇതൊക്കെ സാധാരണ കാര്യമല്ലേ? അങ്ങയെപ്പോലൊരാൾ ശ്രീ. അനിൽ അക്കര തോറ്റുപോയത് സംബന്ധിച്ച് ഇങ്ങനെ പറയരുത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അതേ നിലപാടിലാണ് ഞങ്ങൾ സി.ബി.ഐ.-യ്ക്ക് അന്വേഷണം നല്കിയത്. ഇവിടെ

യഥാർത്ഥത്തിൽ സി.ബി.ഐ. അന്വേഷണത്തെ സർക്കാർ തടസ്സപ്പെടുത്താൻ നോക്കുകയാണ്. വേറൊരു കേസ് വന്നപ്പോൾ വിജിലൻസ് ഇപ്പോൾ എന്താണ് ചെയ്തത്? ഈ കേസിന്റെ വിഷയം സൂചിപ്പിച്ച് ഇതിലൊരു പ്രതിയെ തട്ടിക്കൊണ്ടുപോകാൻ നോക്കി. നിങ്ങൾ ചെയ്ത കാര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട വിഷയം ജൂലൈ മാസം നടന്ന കാര്യങ്ങളാണ്. 2019 ജൂലൈ 6 മുതൽ 31 വരെയുള്ള സമയത്ത് നടന്ന കാര്യങ്ങളിൽ അങ്ങയുടെ ഓഫീസ് ഇൻവോൾവ്ഡ് ആണ്. അങ്ങനെയല്ലെന്ന് പറയാൻ അങ്ങേയ്ക്ക് സാധിക്കില്ല, കാരണം തെളിവുണ്ട്. ഞാൻ അങ്ങാണെന്നല്ല അങ്ങയുടെ ഓഫീസാണെന്നാണ് പറഞ്ഞത്. അങ്ങയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന വ്യക്തി ആ സ്ഥാനം പോയതിനുശേഷം ചെയ്ത തെറ്റിനല്ല ജയിലിൽ കിടക്കുന്നത്; അങ്ങയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരിക്കുമ്പോൾ ചെയ്ത കുറ്റത്തിനാണ്. ആദ്യം സ്വർണ്ണക്കള്ളക്കടത്ത് കേസിലും രണ്ടാമത് അങ്ങ് വിളിച്ചുകൊണ്ടുവന്ന ഏജൻസിതന്നെ സ്വർണ്ണക്കള്ളക്കടത്ത് കേസിൽ അറസ്റ്റ് ചെയ്ത് നൂറുദിവസം ജയിലിലാക്കി. അദ്ദേഹത്തിന് ശ്രീമതി സ്വപ്ന സുരേഷുമായി ചേർന്ന് ലോക്കർ സൂക്ഷിക്കാനുള്ള കാര്യമെന്താണ്? അതിൽ അങ്ങയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക് എന്തായിരുന്നു റോൾ? അതിൽ സ്വപ്ന സുരേഷ്

ഇടനിലക്കാരിയായിരുന്നു. ഞങ്ങൾ അവരെ ഇതുവരെ തലയിൽവച്ച് നടന്നിട്ടില്ല. അവർ പറഞ്ഞ എല്ലാ കാര്യങ്ങളും ഞങ്ങൾ ഏറ്റുപറഞ്ഞിട്ടുമില്ല. അതുപോലെയുള്ള ആളുകളെ നിങ്ങൾ കൊണ്ടുനടന്നിട്ടുണ്ട്. ഇപ്പോഴും അതുപോലുള്ളവരെ നിങ്ങൾ കൊണ്ടുനടക്കുകയും ആരെയൊക്കെ അപമാനിക്കാൻ സാധിക്കുമോ അതെല്ലാം അവരെക്കൊണ്ട് ചെയ്യിക്കുകയും ചെയ്യുന്നുണ്ട്. ഞങ്ങൾ ഇങ്ങനെയുള്ളവരെ തോളിൽവച്ച് നടന്നിട്ടില്ല. ഞങ്ങൾ എവിഡൻസുള്ള കാര്യങ്ങൾ മാത്രമാണ് പറയുന്നത്. ഇത് 2019 ജൂലൈ 6 മുതൽ 31 വരെയുള്ള സമയത്ത് നടന്ന കാര്യങ്ങളാണ്. അതിൽ അങ്ങയുടെ ഓഫീസ് ഇൻവോൾവ്ഡാണെന്ന് കൃത്യമായി മനസ്സിലാക്കാൻ സാധിക്കും. അവിടെനിന്നാണ് കോഴ വാങ്ങാനായുള്ള ഗ്രാന്റ് ഡിസൈൻ തയ്യാറാക്കുന്നത്. അതിന്റെ ഭാഗമായുള്ളതാണ് ഒൻപതേകാൽ കോടി രൂപ. അഞ്ച് കോടി രൂപയുടെ തെളിവ് മാത്രമേ ഇതുവരെ കിട്ടിയിട്ടുള്ളൂ. ഒൻപതേകാൽ കോടി രൂപയുടെ കോഴ പോയത് അവിടെനിന്നാണ്. അങ്ങനെ പ്ലാൻ ചെയ്ത് എഗ്രിമെന്റ് വയ്ക്കാതെ യൂണിടാക് കമ്പനിയിലെ ആൾക്ക് കൊടുക്കുകയും ചെയ്തു. അക്കാര്യം അയാൾ സമ്മതിച്ചല്ലോ; അയാൾക്കെതിരെ ഇപ്പോൾ കേസില്ല. കൊടുത്തില്ലായെന്ന് അയാൾക്ക് പറയാൻ കഴിയില്ല. കാരണം, ബാങ്ക് അക്കൗണ്ടിലേയ്ക്ക്, കോൺസുലേറ്റിലേയ്ക്ക് അടച്ച പൈസയാണ്

അയാൾ എടുത്തുകൊടുത്തത്. അതേ ബാങ്കിന്റെ സീലോടുകൂടിയാണ് ശ്രീ. എം. ശിവശങ്കറിന്റെയും സ്വപ്ന സുരേഷിന്റെയും ലോക്കറിലത് ഇരിക്കുന്നത്. അപ്പോൾ ഇൻവോൾവ്മെന്റായില്ലേ? പിന്നീട് പലരുടെയും പേരുകൾ പരാമർശിക്കുന്നതുകൊണ്ടാണ് അവരെയൊക്കെ ചോദ്യം ചെയ്യാൻ വിളിക്കുന്നത്. ചോദ്യം ചെയ്യാൻ വിളിക്കുന്നവരെക്കുറിച്ച് ഞങ്ങളൊന്നും പറയുന്നില്ല. അതൊക്കെ വരട്ടെ; തെളിവുകൾ എന്തെങ്കിലും വരുമ്പോൾ അതിലേയ്ക്ക് പോകാം; ഇപ്പോൾ വന്നിരിക്കുന്ന കാര്യങ്ങളൊന്നും ഞങ്ങൾ നിയസഭയിലും പുറത്തും പറയുന്നില്ല. അങ്ങയുടെ ഓഫീസിലിരിക്കുന്നവർ ഇത്തരം ഇടനിലക്കാരുമായി നടത്തിയ സംഭാഷണത്തിലെ മറ്റ് വശങ്ങളൊന്നും പറഞ്ഞ് നിയമസഭയെ അവഹേളിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ഇത് വളരെ ഗൗരവമേറിയ പ്രശ്നമാണ്. കേരളത്തിൽ നടന്ന ഏറ്റവും വലിയ കോഴ കേസിൽ ലൈഫ് മിഷൻ ചെയർമാനായ മുഖ്യമന്ത്രിയുടെ ഓഫീസ് ഇൻവോൾവ്ഡായിരിക്കുന്നു. അതാണ് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടത്. ഏത് ഏജൻസി അന്വേഷിച്ചാലും പുറത്തുവരുന്ന കാര്യങ്ങളാണ്. നിങ്ങളെ അനാവശ്യമായി പ്രതിയാക്കാൻ ഏതെങ്കിലുമൊരു ഏജൻസി ശ്രമിച്ചാൽ ഞങ്ങൾ നിങ്ങളുടെ കൂടെയുണ്ടാകും. ഞങ്ങൾ

നിലപാടുകൾ എടുക്കാറുണ്ടല്ലോ; ഡൽഹിയിലെ കാര്യത്തിൽ കോൺഗ്രസ്സ് നിലപാടെടുത്തല്ലോ; ശ്രീ. മനീഷ് സിസോദിയയുടെ കേസിലും ഞങ്ങൾ നിലപാടെടുത്തല്ലോ. കോൺഗ്രസ്സ് സമ്മേളനത്തിലെ കാര്യങ്ങളൊക്കെ ഇവിടെ പറഞ്ഞ് കോൺഗ്രസ്സിനെ പരിഹസിക്കുകയാണ്. രണ്ട് കോൺഗ്രസ്സുണ്ടോയെന്നാണ് ചോദിക്കുന്നത്; രണ്ട് സി.പി.ഐ.(എം.) ഉണ്ടോയെന്ന് എനിക്കും തിരിച്ച് ചോദിക്കാമല്ലോ. ശ്രീ. ഇ. പി. ജയരാജൻ എവിടെ പോയിയെന്ന് ഞാൻ ഇന്നലെ ചോദിച്ചു. കണ്ണൂരിൽ നടന്ന ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുടെ ജാഥയിൽ ശ്രീ. ഇ. പി. ജയരാജനെ ആ പ്രദേശത്തുപോലും കണ്ടില്ല. ( .......ബഹളം.......) അതെ. അദ്ദേഹം നിസ്സാര ആളൊന്നുമല്ല. കേന്ദ്ര സെക്രട്ടേറിയറ്റ് മെമ്പറും വലിയ സീനിയർ മെമ്പറുമാണ് അദ്ദേഹം. മുഖ്യമന്ത്രി കഴിഞ്ഞാൽ ഞങ്ങൾ ഏറ്റവും സീനിയറായി കാണുന്നത് അദ്ദേഹത്തെയാണ്. ഞങ്ങളിപ്പോൾ സി.പി.ഐ.(എം.)-ലുള്ളതിൽ ഏറ്റവും സീനിയറായി നോക്കിക്കാണുന്ന ആളാണ്. അദ്ദേഹം ആ ജാഥയ്ക്ക് വരാതെ കൊച്ചിയിൽ വേറെയേത് പരിപാടിക്കാണ് പോയത്? മറ്റൊരു പിറന്നാൾ ആഘോഷത്തിന് പോയിയെന്നാണ് പറയുന്നത്. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ കണ്ണൂരിൽ പ്രതിരോധ ജാഥ നടത്തുമ്പോൾ അദ്ദേഹം അവിടെയൊരു ജന്മദിന

പാർട്ടിക്കുപോയിരുന്നു. ആരുടെ ജന്മദിന പാർട്ടിക്കാണ് പോയതെന്ന് മുഖ്യമന്ത്രി അന്വേഷിച്ചോ? (.... ബഹളം......)

മി. സ്പീക്കർ: പ്ലീസ്......പ്ലീസ്....ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവിടെ ഇരിക്കു.

ശ്രീ. വി. ഡി. സതീശൻ: സർ, ശ്രീ. അനിൽ അക്കരയ്ക്ക് പകരം ജയിച്ചുവന്ന ആളാണ് അദ്ദേഹം. (... ബഹളം...)

മി. സ്പീക്കർ: പ്ലീസ്......പ്ലീസ്.... ചെയർ പറഞ്ഞാൽ അനുസരിക്കാനുള്ള gentleness കാണിക്കണം. പ്ലീസ്......പ്ലീസ്.... പരാമർശങ്ങൾ ഒഴിവാക്കണം പ്ലീസ്......പ്ലീസ്....

ശ്രീ. വി. ഡി. സതീശൻ: സർ, രണ്ട് കോൺഗ്രസ്സുണ്ടോയെന്ന് എന്നോട് ഒരു മന്ത്രി ചോദിച്ചു. അങ്ങനെ എന്നോട് ചോദിച്ചാൽ, രണ്ട് സി.പി.ഐ.(എം.) ഉണ്ടോയെന്നാണ് തിരിച്ച് ചോദിക്കാനുള്ളത്. ഡൽഹിയിൽ പോളിറ്റ് ബ്യൂറോ എടുക്കുന്ന തീരുമാനം കോൺഗ്രസ്സിനോട് യോജിച്ച് പോകാനാണ്. എന്നാൽ കേരളത്തിലെ സി.പി.ഐ.(എം.) കാണിക്കുന്ന കോൺഗ്രസ്സ് വിരുദ്ധതയുടെ ഭാഗമായി നടന്ന ചില സെറ്റിൽമെന്റുകളൊക്കെയുണ്ട്. അതാണ് ഈ കേസ്സിൽ സി.ബി.ഐ. അന്വേഷണം നിലച്ചുപോയത്. സി.ബി.ഐ. അന്വേഷിക്കുന്നില്ല. ഇടയ്ക്കിടയ്ക്ക്

ഇ.ഡി. വന്ന് ചൂണ്ടിക്കാണിക്കുന്നതിനോട് ഞങ്ങൾക്ക് സംശയമുണ്ട്. ഞങ്ങൾ സംശയാസ്പദമായി തന്നെയാണ് ഇ.ഡി.യുടെ അന്വേഷണത്തെ നോക്കുന്നത്. അതുകൊണ്ട് കേരളത്തിൽ ഇന്നുവരെ ഒരു മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട് നടത്താത്ത ഗുരുതരമായ ആരോപണം വന്നപ്പോൾ, അത് നിയമസഭയിൽ ഉന്നയിച്ചപ്പോൾ, അതിനെ തടസ്സപ്പെടുത്തുകയും അത് അവതരിപ്പിച്ച അംഗത്തെ അധിക്ഷേപിക്കുകയും മന്ത്രിമാരുടെ നേതൃത്വത്തിൽ ഇത് തടസ്സപ്പെടുത്താൻ ഭരണകക്ഷിതന്നെ ആദ്യമായി നിയമസഭാ സമ്മേളനം സ്തംഭിപ്പിച്ച ആദ്യത്തെ ദിവസവുമാണിത്. ഞങ്ങൾ എല്ലാവരും സീറ്റിൽ ഇരിക്കുകയാണ് ചെയ്തത്. ബഹുമാനപ്പെട്ട ചെയർപോലും പറയുന്നത് കേൾക്കാതെ വിചിത്രമായ കാര്യങ്ങളാണ് ഇവിടെ നടന്നത്. എന്താണ് അതിന്റെ വികാരം? ഡോ. മാത്യു കുഴൽനാടൻ പറഞ്ഞപ്പോൾ പൊള്ളിയോ; പൊള്ളിയിട്ടാണോ ചാടിയത്; ആരാണ് ചാടിയത്; ആർക്കാണ് പൊള്ളിയത്; ആർക്കാണ് ഇത്ര അസ്വസ്ഥത? കേരളത്തിലെ മുഖ്യമന്ത്രിക്കും ഇത് അവതരിപ്പിച്ച മന്ത്രിക്കും ഞങ്ങൾ ഇവിടെ എന്ത് ഉന്നയിച്ചാലും അതിന് മറുപടി പറയാനുള്ള അവകാശമുള്ളതല്ലേ; അത് പറഞ്ഞാൽ മതിയല്ലോ. സത്യം/യാഥാർത്ഥ്യം എപ്പോഴായാലും പുറത്തുവരുമെന്ന് നിങ്ങൾ അറിയണം. ഇതൊന്നും മൂടിവയ്ക്കാൻ നിങ്ങൾക്ക്

കഴിയില്ല; ഇതെല്ലാം പുറത്തുവരും. ഈ ഗുരുതരമായ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. കെ. പി. എ. മജീദ്: സർ, ലൈഫ് മിഷനുമായി ബന്ധപ്പെട്ട അഴിമതികളെക്കുറിച്ചുള്ള ചർച്ചയാണ് ഇവിടെ നടന്നത്. ലൈഫ് മിഷൻ പദ്ധതിക്ക് ഞങ്ങളാരും എതിരല്ല. എന്നാൽ ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി അറസ്റ്റിലാകുകയും അതിനോടനുബന്ധിച്ച് ചില വാർത്തകളും തുടർനടപടികൾ വന്നതും ഗൗരവമുള്ള കാര്യമാണ്. അതുമായി ബന്ധപ്പെട്ടൊരു അടിയന്തരപ്രമേയം അവതരിപ്പിക്കുമ്പോൾ അതിനെ സമചിത്തതയോടെ കാണാനും മറുപടി പറയാനും അതിൽ ഞങ്ങൾക്കൊരു പങ്കുമില്ലെന്ന് ബോധ്യപ്പെടുത്തേണ്ട ഉത്തരവാദിത്വവും ഈ സർക്കാരിനുണ്ട്. പക്ഷെ, നിർഭാഗ്യവശാൽ വിഷയത്തിൽനിന്ന് മാറി ഒരു വൈകാരിക പ്രശ്നമായി മാറ്റാനാണ് ശ്രമം. ഇതുസംബന്ധിച്ച് ജനങ്ങൾക്കിടയിൽ ചില സംശയങ്ങളുണ്ട്. കാരണം, ഒരു ഭരണ നേതൃത്വത്തിന്റെ തലപ്പത്തിരിക്കുന്ന മുഖ്യമന്ത്രിയുടെ ഓഫീസിലെ

പ്രിൻസിപ്പൽ സെക്രട്ടറിയാണ് അറസ്റ്റിലായത്. അപ്പോൾ സർക്കാർ അതുസംബന്ധിച്ച നിജസ്ഥിതി പറയേണ്ടതല്ലേ; സർക്കാരിന് അതിൽ ബന്ധമില്ല അത് പ്രിൻസിപ്പൽ സെക്രട്ടറി ചെയ്തതാണ്, ആ പ്രിൻസിപ്പൽ സെക്രട്ടറിയെ ഞങ്ങൾ രക്ഷിക്കുകയില്ലെന്നും അതിന്റെ ഉത്തരവാദിത്വം അദ്ദേഹത്തിനാണെന്നും പറയേണ്ട ബാദ്ധ്യത ഗവൺമെന്റിനില്ലേ; ഇതൊന്നും പറയാതെ ഒച്ചപ്പാടും ബഹളവുമുണ്ടാക്കി മുന്നോട്ടുപോകേണ്ട കാര്യമുണ്ടോ? സർക്കാരിന് ആത്മാർത്ഥതയുണ്ടായിരുന്നെങ്കിൽ ഗൗരവമായ ഈ വിഷയത്തിൽ ചർച്ചയ്ക്ക് അവസരം നൽകേണ്ടതായിരുന്നു. എല്ലാ നേതാക്കൾക്കും പറയാൻ അവസരമുണ്ടാകുമായിരുന്നു. അത് ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. പി. എ. മജീദും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രതിപക്ഷമുന്നയിച്ച ഗുരുതരമായ പ്രശ്നങ്ങൾ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യുകയെന്നതായിരുന്നു ഈ പദ്ധതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പുറത്തുവരുന്നതിന് സഹായകരമായിട്ടുള്ളത്. അതിന് തയ്യാറാകാതെ പ്രതിഷേധാത്മക നിലപാട് സ്വീകരിച്ചുകൊണ്ട് ഈ

പ്രശ്നത്തെ സമീപിച്ചത് തീർച്ചയായും നിർഭാഗ്യകരമാണ്. ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഉന്നയിക്കപ്പെട്ട അഴിമതിയുടെ സാഹചര്യങ്ങൾ പുറത്തുവരികയെന്നുള്ളത് കേരളത്തിന്റെ ആവശ്യമാണ്. അതിന് ഒരു തുറന്ന ചർച്ചയ്ക്ക് തയ്യാറാകാതെ ഈ പ്രശ്നത്തിൽ സർക്കാർ സ്വീകരിച്ച തെറ്റായ സമീപനത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, യു.ഡി.എഫ്. കൺവീനർ ലൈഫ് പദ്ധതി നിർത്തലാക്കുമെന്ന നിലയിൽ പ്രഖ്യാപിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രസംഗിച്ചപ്പോൾ സൂചിപ്പിക്കുകയുണ്ടായി. ലൈഫ് പദ്ധതി നിർത്തലാക്കുമെന്നല്ല, ഇതിലിപ്പോൾ കടന്നുവന്നിരിക്കുന്ന ക്രമക്കേടുകളില്ലാതാക്കി മുന്നോട്ടുപോകുമെന്നാണ് അദ്ദേഹം പറഞ്ഞത്. അതാണ് അദ്ദേഹം കൃത്യമായി ഉദ്ദേശിച്ചത്. പക്ഷെ, അതിന് ദുർവ്യാഖ്യാനം നൽകി വീണ്ടും തെറ്റായ പ്രചാരണം നടത്തുകയാണ്. എല്ലാ വിഭാഗം ജനങ്ങൾക്കും വീട് ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്ന ഒരു മുന്നണിയാണ് ഞങ്ങളുടേത്. ഞങ്ങളുടെ ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോൾ നൽകിയ ഭവനങ്ങളുടെ കണക്ക് നിങ്ങളുടെ മന്ത്രിമാർതന്നെ ഇവിടെ

നൽകിയിട്ടുണ്ട്. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ ഭരണകാലത്ത് പട്ടികജാതി/പട്ടികവർഗ്ഗം, ജനറൽ, ഫിഷറീസ് തുടങ്ങി എല്ലാ വിഭാഗങ്ങൾക്കും കൃത്യമായി ഭവനങ്ങൾ നൽകി, അതിന്റെ കണക്കുകൾ സഹിതം ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ളതാണ്. അർഹരായ കുടുംബങ്ങൾക്ക് കൃത്യമായി ഭവനങ്ങൾ അനുവദിക്കുകയെന്നത് ഞങ്ങളുടെ പ്രഖ്യാപിത നയമാണ്. 'ലൈഫ്' എന്ന ഏറ്റവും പ്രതീക്ഷയുള്ള പദ്ധതിയിലുണ്ടായിരിക്കുന്ന വലിയ ക്രമക്കേടുകളെക്കുറിച്ചാണ് ഞങ്ങൾ ഇവിടെ ചൂണ്ടിക്കാട്ടുന്നത്. അതുസംബന്ധിച്ചുള്ള അന്വേഷണം കൃത്യമായി മുന്നോട്ടുപോകണമെന്നാണ് യു.ഡി.എഫ്. ആഗ്രഹിക്കുന്നത്. അതിന്റെ അന്വേഷണം അട്ടിമറിക്കാനുള്ള ശ്രമമാണ് നടക്കുന്നത്. ആ വിഷയമാണ് ഇവിടെ ഞങ്ങൾ ചൂണ്ടിക്കാട്ടിയത്. അത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭയിൽനിന്ന് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

**[11.29 am]**

III. **ശ്രദ്ധ ക്ഷണിക്കൽ**

(1) ഭക്ഷ്യ സ്വയംപര്യാപ്തതയ്ക്കാവശ്യമായ സമഗ്രപരിഷ്കാരങ്ങൾ

ശ്രീ. തോമസ് കെ. തോമസ്: സർ, കേരളത്തിന്റെ കാർഷിക മേഖലയിൽ മുമ്പെങ്ങുമില്ലാത്തൊരു പുത്തൻ ഉണർവാണ് കഴിഞ്ഞ ഏതാനും വർഷങ്ങളായി കാണാൻ കഴിഞ്ഞത്. കൃഷിയെയും കാർഷിക മേഖലയെയും കർഷകരെയും കർഷകത്തൊഴിലാളികളെയും സംരക്ഷിക്കുന്നതിനായി പല ഘട്ടങ്ങളിലായി വിവിധ പദ്ധതികൾ ഈ സർക്കാർ വിജയകരമായി നടപ്പാക്കിയിട്ടുണ്ട്. അതിൽ പ്രധാനമായുള്ള ചുവടുവയ്പ്പാണ് 'എല്ലാവരും പാടത്തേയ്ക്ക്' പദ്ധതി. കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം പ്രോത്സാഹിപ്പിച്ച് കയറ്റുമതിയുൾപ്പെടെ ലക്ഷ്യം വയ്ക്കുന്ന പദ്ധതികളുടെ വിളമ്പരമാണ് 'വൈഗ' കാർഷിക മേള. ഇപ്പോൾ അതിന്റെ ആറാം പതിപ്പ് പുത്തരിക്കണ്ടം മൈതാനിയിൽ നടന്നുവരികയാണ്. രാഷ്ട്രീയ എതിരാളികൾപോലും അത്ഭുതപ്പെടുന്ന എത്രയോ പദ്ധതികളും പരിപാടികളുമാണ് കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ഈ സർക്കാർ വിജയകരമായി നടപ്പാക്കിവരുന്നത്. എന്റെ ജന്മസ്ഥലവും കേരളത്തിന്റെ

നെല്ലറയുമായ കുട്ടനാടും മറ്റൊരു കാർഷിക മേഖലയായ പാലക്കാടുമുൾപ്പെടെ കാർഷിക മേഖലയ്ക്ക് കൂടുതൽ കരുത്ത് പകരാൻ ഇനിയും ഒട്ടനവധി കാര്യങ്ങൾ നമുക്ക് ആസൂത്രിതമായി നടപ്പാക്കേണ്ടതുണ്ട്. എന്റെ ജന്മസ്ഥലമായ കുട്ടനാടിൽ മൺസൂൺ കാലഘട്ടത്തിലാണ് ഏറ്റവുമധികം കർഷകർ ആവലാതിപ്പെടുന്നത് . ഈ സമയത്തെ മടവീഴ്ചയാണ് ഞങ്ങളെ ഏറ്റവും അലട്ടുന്ന ഒരു വിഷയം. വിവിധ വകുപ്പുകൾ മുഖാന്തിരം പാടശേഖരങ്ങളുടെ പുറംബണ്ടുകൾ ബലപ്പെടുത്തി കൃഷി സംരക്ഷിക്കാൻ ഇത്തവണ ബഡ്ജറ്റിൽ 100 കോടിരൂപയുടെ പ്രത്യേക സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രത്യേകമായ ഒരു കാരണം പറയാനുള്ളത്, ഒന്നാം കുട്ടനാട് പാക്കേജ് പ്രകാരം ചെയ്യേണ്ട കാര്യങ്ങൾ പ്രായോഗികമായി കുട്ടനാടിൽ ചെയ്യാൻ സാധിച്ചിട്ടില്ലയെന്നതാണ്. അവരിന്ന് പല സമരങ്ങളുമായി വരുന്നുണ്ട്. ഞങ്ങളുടെ മാവേലിക്കര എം.പി.-യും മുൻമന്ത്രിയുമായിരുന്ന ശ്രീ. പി. ജെ. ജോസഫുമായുള്ള ഇന്റേണൽ ഫൈറ്റാണ് ഒന്നാം കുട്ടനാട് പാക്കേജ് തകരാനും അത് ഫലപ്രദമായി കുട്ടനാടിൽ നടപ്പാക്കാനും സാധിക്കാതെ പോയതിന്റെ പ്രധാന കാരണം. അങ്ങനെയൊരവസ്ഥ ഇനിയുണ്ടാകരുത്. ഈ ബഡ്ജറ്റിൽ 100 കോടി രൂപ കുട്ടനാടിനുവേണ്ടി അനുവദിച്ചിരിക്കുന്നതിന്റെ പ്രധാന കാരണം സംബന്ധിച്ച്

വ്യക്തമായി അതിലെഴുതിയിട്ടുണ്ട്. ബലക്ഷയമുള്ള, അതായത് മടവീഴ്ചയ്ക്ക് സാധ്യതയുള്ള പ്രദേശങ്ങൾ പരിഗണനയിലെടുത്തുകൊണ്ട് അത് ബലപ്പെടുത്താനുള്ള സംവിധാനം വേണമെന്നതാണ് പ്രധാനം. കാരണം, സി ബ്ലോക്ക് പാടശേഖരത്തിൽ മടവീഴ്ചയുണ്ടായതിനെത്തുടർന്ന് ആറ് കോടിയിലധികം രൂപയുടെ നാശനഷ്ടമാണുണ്ടായത്. അന്ന് തോമസ് ചാണ്ടിയോടൊപ്പം ഞാനും ആ പ്രദേശം സന്ദർശിച്ചിരുന്നു. അവിടെ ബലഹീനമായ ഒരു മോട്ടോർ തറയുണ്ട്; ആ മോട്ടോർ തറ ശക്തിയുള്ളതല്ലെന്ന് പറഞ്ഞിട്ടും അത് കൂട്ടാക്കാൻ അന്നത്തെ ഉദ്യോഗസ്ഥർ തയ്യാറായില്ല. കഴിഞ്ഞ പ്രാവശ്യവും അവിടെ മടവീഴ്ച ഉണ്ടായി; ആ കർഷകന് ആറ് കോടിയിലധികം രൂപയുടെ നഷ്ടം സംഭവിച്ചു. എന്നിട്ടും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഒരു സഹായവും ആ കർഷകനുണ്ടായില്ല. അവർ വിള ഇൻഷ്വർ ചെയ്തില്ല എന്നതായിരുന്നു അതിന് പ്രധാന കാരണമായി പറഞ്ഞത്. അതുകൊണ്ട് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക ഉദ്യോഗസ്ഥതലത്തിൽനിന്നും അങ്ങോട്ടുമിങ്ങോട്ടും മാറിപ്പോകാതെ, എം.എൽ.എ.-യെക്കൂടി ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ആവശ്യമായ സ്ഥലങ്ങളിൽ അത് വിനിയോഗിക്കണമെന്നാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ തോമസ് കെ. തോമസ്</u>: സർ, ഞാൻ പെട്ടെന്ന് പറഞ്ഞവസാനിപ്പിക്കാം. അത് ഫലപ്രദമായി ഉപയോഗപ്പെടുത്താൻ അങ്ങയുടെ ഇടപെടലുണ്ടാകണം. ആറുകളുടെയും തോടുകളുടെയും ആഴംകൂട്ടാനായി അനുവദിച്ച 56 കോടി രൂപയും ഫലപ്രദമായി വിനിയോഗിക്കണം. ഇതൊക്ക കൃഷിവകുപ്പിന് ചെയ്യാൻ കഴിയുമെങ്കിലും ജലസേചനം, കൃഷി എന്നീ വകുപ്പുകൾകൂടി ചെയ്യേണ്ട കാര്യമായതിനാലാണ് ഇത് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഇത് നല്ലരീതിയിൽ ചെയ്താൽ കാർഷിക മേഖലയിലെ പ്രതിസന്ധികളെ അതിജീവിക്കാൻ ഞങ്ങൾക്ക് സാധിക്കും. അതുകൊണ്ട് അങ്ങയുടെ പ്രത്യേക ഇടപെടൽ ഈ വിഷയത്തിലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. തീർച്ചയായും അങ്ങ് നല്ലരീതിയിൽ ഞങ്ങളോട് ഇടപെടുകയും എല്ലാ കാര്യങ്ങളിലും മുൻപന്തിയിൽ നിൽക്കുകയും ചെയ്യുന്നൊരു മന്ത്രിയാണ്. എല്ലാ പാടശേഖരങ്ങളിലും ഇപ്പോൾ ട്രാക്ടർ റോഡ് ഇല്ലാതെ കൃഷി ചെയ്യാൻ കഴിയാത്ത അവസ്ഥയാണ്; പണ്ടത്തെപ്പോലെ ജോലിക്കാരെ കിട്ടാൻ പ്രയാസമാണ്. ട്രാക്ടർ റോഡ് ഉണ്ടെങ്കിൽ വളമായാലും വിത്തായാലും കൊയ്ത്ത് യന്ത്രങ്ങളായാലും കൃഷിമേഖലയിൽ എത്തിക്കാൻ സാധിക്കും.

മാത്രമല്ല ഒരു മഴ പെയ്ത് ചെറിയൊരു വെള്ളപ്പൊക്കം വന്നാലോ, മട വീണാലോ നെല്ല് ട്രാക്റ്റർ റോഡുകളുടെ മുകളിൽ കയറ്റി സംരക്ഷിക്കാനാകും. രണ്ടും മൂന്നും ഏക്കർ കൃഷിയിടങ്ങളുള്ളവരുടെ ദയനീയാവസ്ഥ മനസ്സിലാക്കി പുറംബണ്ടുകളുടെ ബലപ്പെടുത്തലും ട്രാക്റ്റർ റോഡുകളുടെ നിർമാണവും അനിവാര്യമായി ചെയ്യണമെന്ന പ്രത്യേക ആവശ്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പുറംബണ്ടുകൾ ബലപ്പെടുത്തുമ്പോൾ അതിന്റെ പിറകിലൂടെ ഒരു റോഡ് വരാനുള്ള സാധ്യതയുണ്ട്. അങ്ങനെ വന്നാൽ അത് പുറംബണ്ടുകൾക്കും ബലമാണ്. പലരും പറയുന്നത് ട്രാക്റ്റർ റോഡുകൾ ജല ഗമന-നിർഗമന മാർഗ്ഗത്തിന് തടസ്സമാണെന്നാണ്. അങ്ങനെയൊരു തടസ്സമുണ്ടാകില്ല. ട്രാക്റ്റർ റോഡുകൾ വരുമ്പോൾ അതിന്റെ നടുവിലൂടെ കൾവെർട്ടുകൾ വരുന്നുണ്ടെന്നിങ്ങനെ അനാവശ്യമായി പരത്തുന്ന വാർത്തകൾ അങ്ങ് ഒരിക്കലും വിശ്വാസത്തിലെടുക്കരുത്. കാരണം, ഒരു ട്രാക്റ്റർ റോഡും എങ്ങും ജല ഗമന-നിർഗമന മാർഗ്ഗത്തിന് തടസ്സമല്ല. അതുകൊണ്ട് അങ്ങയുടെ പ്രത്യേകമായ പരിഗണന ഈ വിഷയത്തിലുണ്ടാകണം. കൃഷി വിജയകരമായിത്തീരണമെങ്കിൽ ശക്തമായ ഇടപെടലിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. കുട്ടനാടിൽ 411 പാടശേഖരമുള്ളതിൽ ഏകദേശം 120

എണ്ണം മാത്രമെ ബണ്ട് കെട്ടി ബലപ്പെടുത്തിയിട്ടുള്ളൂ. ബാക്കി മുന്നൂറിലധികം പാടശേഖരങ്ങളിലും ബണ്ട് കെട്ടാനുണ്ട്. കൈനകരിക്കാരായാലും കാവാലത്തുകാരായാലും നെടുമുടിക്കാരായാലും ചമ്പക്കുളത്തുകാരായാലും ഞങ്ങളുടെയെല്ലാം അവസ്ഥ ഞങ്ങളുടെ പാടശേഖരങ്ങൾക്ക് ബലമില്ലയെന്നതാണ്. അതുകൊണ്ട് എല്ലാ സംവിധാനവും അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സഭയുടെ ശ്രദ്ധ ഞാൻ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ആദരണീയനായ കുട്ടനാട് എം.എൽ.എ. കുട്ടനാടിനെക്കുറിച്ചുമാത്രമല്ല, കേരളത്തിന്റെ കാർഷികമേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങളും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കാർഷിക മേഖലയിൽ ഇടതുപക്ഷ ജനാധിപത്യ സർക്കാരുകൾ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ഈ മേഖലയുടെ ഉണർവിന് കാരണമായിട്ടുണ്ട്. 2014-15-ൽ കാർഷിക മേഖലയിലെ വളർച്ചാനിരക്ക് (-)4.67 ശതമാനമായിരുന്നത് 2020-21-ൽ 0.24 ശതമാനവും 2021-22-ൽ 4.64 ശതമാനമായും വർദ്ധിച്ചത് ഈ സർക്കാരുകളുടെ നേട്ടമാണ്. കോവിഡ് കാലത്ത് സർക്കാർ ആരംഭിച്ച 'സുഭിക്ഷ കേരളം', ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്ന

'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്നീ പദ്ധതികൾ ഈ ഉണർവിന് ഹേതുവായിട്ടുണ്ട്. 'ഞങ്ങളും കൃഷിയിലേയ്ക്ക്' പദ്ധതിയുടെ ഭാഗമായുണ്ടായ കൃഷിക്കൂട്ടങ്ങളുടെ രൂപീകരണവും അവരുടെ ഉല്പാദന-സേവന-സംഭരണ-വിപണന മേഖലയിലെ പ്രവർത്തനങ്ങളും കൂടുതൽ ജനവിഭാഗത്തെ കൃഷിയിലേയ്ക്കെത്തിച്ചു. 9086.1 ഹെക്ടർ നെല്ക്കൃഷിയും 1440 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിയും 14463.9 ഹെക്ടർ സ്ഥലത്ത് മറ്റ് വിളകളും പുതുതായി കൃഷി ചെയ്യാൻ സാധിച്ചതും സർക്കാരിന്റെ കാർഷിക മേഖലയിലെ പ്രവർത്തനങ്ങളുടെ മികവാണ്. പച്ചക്കറി ഉല്പാദനത്തിൽ ഈ സർക്കാരിന്റെ ഭരണകാലത്ത് സർവ്വകാല റെക്കോർഡായ 16.1 ലക്ഷം ടണ്ണിലെത്തിച്ച് 1.08 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് സാധ്യമായി. ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ സംഭരിക്കുന്ന കാര്യത്തിൽ ഈ സർക്കാർ മുൻഗണന നൽകുന്നുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളായി നെല്ല് സംഭരണം 7 ലക്ഷം ടണ്ണിലധികമാണ് വന്നത്. ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ വ്യാപിപ്പിക്കുന്ന കാര്യത്തിലും ഉല്പാദന വിപണന പ്ലാൻ തയ്യാറാക്കി കാർഷിക മേഖലയിൽ വ്യക്തമായ ആസൂത്രണം കൊണ്ടുവരാനും കൃഷി വകുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കർഷകരുടെ വരുമാനമുയർത്താനുള്ള നടപടികളും ഘട്ടംഘട്ടമായി സർക്കാർ

കൈക്കൊണ്ടുവരികയാണ്. കൃഷിയിടാധിഷ്ഠിത സമീപനത്തിലൂടെ കൃഷിരീതികൾ വ്യാപകമാക്കിക്കൊണ്ടിരിക്കുന്നു. മൂല്യവർദ്ധന കൃഷി, മൂല്യവർദ്ധിത ഉല്പന്നങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന കൃഷിരീതികൾ കേരളത്തിൽ നടപ്പാക്കിത്തുടങ്ങി. ഈ കാര്യങ്ങളെയെല്ലാം ക്രോഡീകരിച്ചുകൊണ്ട് നടത്തുന്ന ഒരു സുപ്രധാന പ്രവർത്തനമാണ് 'വൈഗ'. അത് തിരുവനന്തപുരം ജില്ലയിലെ പുത്തരിക്കണ്ടം മൈതാനിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. കർഷകക്കൂട്ടായ്മകൾ, എഫ്.പി.ഒ. എന്നിവ കേന്ദ്രീകരിച്ച് കൃഷി വ്യാപകമാക്കാനുള്ള ശ്രമങ്ങളിലും ഈ സർക്കാർ ഏർപ്പെട്ടുകഴിഞ്ഞു. മൂല്യവർദ്ധിത കാർഷിക മിഷൻ, കേരള അഗ്രി ബിസിനസ് കമ്പനി എന്നിവ മൂല്യവർദ്ധന മേഖലയിലെ സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട കാൽവയ്പ്പുകളാണ്. പ്രത്യേക കാർഷിക മേഖലകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾക്ക് സർക്കാർ പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായാണ് കുട്ടനാട് ഏകോപന കൗൺസിൽ രൂപീകരിച്ചിട്ടുള്ളത്. കുട്ടനാടിന് സംസ്ഥാന സർക്കാർ പ്രത്യേകമായൊരു പരിഗണന നൽകുന്നുണ്ടെന്ന കാര്യവും ഞാൻ ഈ സഭയുടെ മുമ്പാകെ അറിയിക്കുന്നു. കുട്ടനാടിന്റെ കാർഷിക മേഖലയെയും കർഷകരെയും കർഷക തൊഴിലാളികളെയുമെല്ലാം സഹായിക്കുന്നതിനും സംരക്ഷിക്കുന്നതിനും

ഉതകുന്ന എല്ലാത്തരം നടപടികളും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും. വിള ഇൻഷുറൻസ്, പ്രകൃതിക്ഷോഭ ദുരിതാശ്വാസം പ്രത്യേക വിളകൾക്കുള്ള ധനസഹായം എന്നിവ സർക്കാരിന്റെ കാർഷിക മേഖലയിലുള്ള ഇടപെടലുകളിൽ പ്രധാനപ്പെട്ടതാണ്. സർക്കാർ ഇത്തരം പ്രവർത്തനങ്ങളിലൂടെ കേരളത്തിന്റെ കാർഷിക മേഖലയെ പുഷ്ടിപ്പെടുത്താൻ ശ്രമിക്കുന്നുണ്ടെങ്കിലും കാലാവസ്ഥാവ്യതിയാനം, അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കം, മറ്റ് പ്രകൃതിക്ഷോഭം എന്നിവ കേരളത്തിലെ കാർഷിക മേഖലയ്ക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇവയെ നേരിടാനും സർക്കാർ പല മുൻകരുതലുകളും സ്വീകരിക്കുന്നുണ്ട്. ബണ്ടുകൾ ബലപ്പെടുത്തുക, കനാലുകൾ- ചാലുകൾ തുടങ്ങിയവയിലൂടെയുള്ള നീരൊഴുക്ക് സുഗമമാക്കുക, പമ്പിംഗ് സംവിധാനം മെച്ചപ്പെടുത്തുക, പാടശേഖരങ്ങളുടെ മറ്റ് അടിസ്ഥാന സൗകര്യം വികസിപ്പിക്കുക, പരമാവധി യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുക തുടങ്ങിയ നടപടികളും സർക്കാർ കൈക്കൊണ്ടുവരുന്നു. അകാലത്തിലുണ്ടാകുന്ന കാലവർഷംമൂലം കർഷകർക്ക് നെല്ല് സംഭരണത്തിൽ പ്രശ്നങ്ങളുണ്ടാകാതിരിക്കാൻ ഡ്രയറുകൾ, സൈലോകൾ, ഗോഡൗണുകൾ, ചെറുകിട സംസ്കരണ യൂണിറ്റുകൾ, കോമൺ ഫെസിലിറ്റീസ് സെന്ററുകൾ തുടങ്ങിയവ ആരംഭിക്കാനുള്ള നടപടികൾ

ഘട്ടംഘട്ടമായി കൈക്കൊണ്ടുവരുന്നുണ്ട്. ശ്രദ്ധ ക്ഷണിക്കൽ നോട്ടീസിൽ പ്രധാനമായും പറഞ്ഞിട്ടുള്ളത് തോട്ടംമേഖലയിലെ കാര്യങ്ങളാണ്. കേന്ദ്രസർക്കാരിന്റെ കയറ്റുമതി-ഇറക്കുമതി നയങ്ങളും അന്താരാഷ്ട്ര കരാറുകളും തോട്ടം മേഖലയുടെ തകർച്ചയ്ക്ക് കാരണമാകുന്നുണ്ട്. അവിടെയും ഗവൺമെന്റിന്റെ ഇടപെടലുണ്ടാകുമെന്നുകൂടി അറിയിക്കുന്നു. മൺസൂൺ മടവീഴ്ച പരിഹരിക്കുന്ന കാര്യത്തെക്കുറിച്ചും പുറംബണ്ടുകൾ ബലപ്പെടുത്തുന്നതിനെക്കുറിച്ചും സി ബ്ലോക്കിലെ പ്രശ്നവും ബഹുമാനപ്പെട്ട അംഗം പ്രത്യേകമായി ഉന്നയിച്ചു. ഇക്കാര്യങ്ങളിൽ കൃഷി വകുപ്പിന്റെ ഇടപെടലുണ്ടാകണമെന്നും മീറ്റിംഗ് വിളിക്കണമെന്നും അദ്ദേഹം പറയുകയുണ്ടായി. ബഹുമാന്യനായ എം.എൽ.എ. പങ്കെടുക്കുന്ന തരത്തിൽ ഈ മാസം അതുമായി ബന്ധപ്പെട്ട യോഗം ചേർന്നിരുന്നു. മാർച്ച് മാസത്തിൽ വീണ്ടും യോഗം ചേരാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായാണ് കുട്ടനാടിന്റെ സമഗ്രവികസനത്തിന് വികസന ഏകോപന കൗൺസിൽ വന്നിരിക്കുന്നത്. വിവിധ വകുപ്പുകൾ കുട്ടനാട്ടിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. അതിന്റെ ഏകോപനം ഉറപ്പുവരുത്തുക, സമയബന്ധിതമായി കാര്യങ്ങൾ നടപ്പാക്കുകയെന്ന തരത്തിൽ ജനപ്രതിനിധികളെല്ലാം അടങ്ങുന്ന ഒരു സമിതിയായിട്ടാണ് അത്

പ്രവർത്തനം ആരംഭിക്കാൻ പോകുന്നത്. ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലുള്ള മറ്റൊരു സമിതി അതിനോടൊപ്പം തന്നെയുണ്ടാകും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരും മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികളും ഇതിനകത്ത് ഉൾപ്പെടുന്നതുകൊണ്ട് ഒരു വിശാലമായ ജനാധിപത്യ ഇടമായിത്തന്നെ അതിനെ കാണാൻ സാധിക്കും. ആരെങ്കിലും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾമൂലം കുട്ടനാട്ടിൽ നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ തടസ്സപ്പെട്ടുപോകരുതെന്ന കാര്യത്തിൽ ഈ സർക്കാരിന് ശാഠ്യമുണ്ട്. അതുകൊണ്ട് ജനപ്രതിനിധികളെയെല്ലാം വിശ്വാസത്തിലെടുത്തും അവിടത്തെ കർഷകരെ വിശ്വാസത്തിലെടുത്തും അവരുമായി ആശയവിനിമയം നടത്തിയുമായിരിക്കും കുട്ടനാട്ടിൽ ഏതൊരു കാര്യവും നടപ്പാക്കുകയെന്ന് ഇതിനുമുമ്പും പറഞ്ഞിട്ടുണ്ട്. അത് വീണ്ടും ഈ സഭയുടെ മുമ്പാകെ ആവർത്തിക്കുകയാണ്. കുട്ടനാട്ടിലെ സാധാരണ മനുഷ്യർക്ക്, കർഷകർക്ക്, കർഷകത്തൊഴിലാളികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന കാര്യങ്ങളിൽ ഏർപ്പെടുകയില്ല. വിള ഇൻഷ്വറൻസ് ചെയ്യുമ്പോൾ നമ്മുടെയെല്ലാം സഹായവും ഇടപെടലും അത്യന്താപേക്ഷിതമാണ്. ട്രാക്ടർ റോഡിനെക്കുറിച്ചുള്ള സാധ്യതാപരിശോധന നടത്തേണ്ടതായുണ്ട്. ബന്ധപ്പെട്ട ഏജൻസികൾ നടത്തുന്ന പരിശോധനകളുടെ അടിസ്ഥാനത്തിൽ

സാധ്യമായ എല്ലാകാര്യങ്ങളും ചെയ്യും. അദ്ദേഹം തന്നെ ഉന്നയിച്ച വെള്ളാമത്തെ റോഡിന്റെയും കുടിവെള്ള പദ്ധതിയുടെയും കാര്യങ്ങളിൽ അവിടെ നിലം നികത്തേണ്ടത് അനിവാര്യമാണെന്ന് കണ്ടപ്പോൾ അതിന് അനുമതി സർക്കാർ നൽകിയിട്ടുണ്ട്. കുട്ടനാട്ടിലെ ജനതയോടൊപ്പമാണ് ഈ സർക്കാർ നിലനിൽക്കുന്നതെന്നതിന്റെ തെളിവുകളാണ് അതെല്ലാമെന്നുകൂടി ഈ സഭയെ അറിയിക്കുകയാണ്.

ശ്രീ. തോമസ് കെ. തോമസ്: സർ, കാർഷിക കലണ്ടർ അനുസരിച്ച് കൃഷി ചെയ്യാനും നെല്ല് നശിച്ചുപോകാതെ സമയബന്ധിതമായി സംഭരിക്കാനും ചൂഷണം ചെയ്യുന്ന ഏജന്റുമാരുടെ പ്രവർത്തനങ്ങൾക്ക് അറുതിവരുത്താനും തക്കസമയത്ത് കർഷകർക്ക് സംഭരണത്തുക കിട്ടാനുമുള്ള സംവിധാനം ഒരുക്കുന്നതിന് അങ്ങയുടെ അടിയന്തര ഇടപെടൽ ഉണ്ടാകുമോ?

ശ്രീ. പി. പ്രസാദ്: സർ, നെല്ല് സംഭരണവുമായി ബന്ധപ്പെട്ട തുകവിതരണത്തിലെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിലേയ്ക്കായി ആദരണീയരായ ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയും സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രിയും ചേർന്ന് ധാരണയിലെത്തുകയും കേരള ബാങ്കിൽനിന്ന് പണം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കുട്ടനാട്ടിൽ ഉയർന്നുവന്ന ഒരു പ്രശ്നം,

എല്ലായിടങ്ങളിലും കേരള ബാങ്കിന്റെ ബ്രാഞ്ചുകളില്ലെന്നുള്ളതാണ്. ഇക്കാര്യം ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ബാങ്കിന്റെ ബ്രാഞ്ചുകളില്ലാത്തയിടങ്ങളിൽ നേരിട്ട് ഉദ്യോഗസ്ഥരെത്തി കർഷകർക്ക് സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. സംഭരണത്തിന്റെയും മറ്റും കാര്യത്തിൽ സൈലോകൾ ഉൾപ്പെടെ നിർമ്മിച്ച് ശാശ്വതമായ പരിഹാരമുണ്ടാക്കുന്നതിനുള്ള ഇടപെടലുകളുണ്ടാകും.

(2) കോവിഡാനന്തര മാരകരോഗങ്ങൾ നിയന്ത്രിക്കാൻ മുൻകരുതലുകളും പ്രതിവിധികളും

ശ്രീ. ഷാഫി പറമ്പിൽ: സർ, കോവിഡാനന്തര മാരകരോഗങ്ങൾ സംസ്ഥാനത്തെ ചെറുപ്പക്കാരുടെയും മുതിർന്നവരുടെയും ഇടയിൽ വലിയ ആശങ്കയുണ്ടായിക്കൊണ്ടിരിക്കുകയാണ്. പോസ്റ്റ് കോവിഡിന്റെ സാഹചര്യത്തിൽ ജനങ്ങൾക്കുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ പ്രായഭേദമെന്യേ ഗുരുതരപ്രശ്നമായി മാറുന്നത് ചുറ്റുപാടുകളിൽനിന്ന് മനസ്സിലാക്കാൻ സാധിക്കും. തിരുവനന്തപുരത്തെ ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. വിനോദ് കോട്ടുകാൽ ചെറുപ്പക്കാരനും നമ്മുടെ സഹപ്രവർത്തകനുമാണ്. ഇദ്ദേഹം സ്ട്രോക്ക് വന്ന് ശ്രീചിത്രാ ആശുപത്രിയിൽ ഐ.സി.യു.-വിൽ കഴിയുകയാണ്. പാലക്കാട് സൗത്ത്

കോൺഗ്രസ്സ് കമ്മിറ്റിയുടെ പ്രസിഡന്റ് ശ്രീ. നാസർ, സ്ട്രോക്ക് വന്നിട്ട് ചികിത്സ കഴിഞ്ഞെങ്കിലും അദ്ദേഹത്തിന്റെ റീഹാബ് മുഴുവൻ പൂർത്തിയാക്കിയിട്ടില്ല; അദ്ദേഹത്തിന് സംസാരിക്കാൻ കഴിയുന്നില്ല, ചലനശേഷി പൂർണ്ണമായും വീണ്ടുകിട്ടിയിട്ടുമില്ല. അതുപോലെ എന്നോടൊപ്പം പഠിച്ച ശ്രീ. അനീഷ് പട്ടംകുളം എന്ന എടപ്പാളിലെ എന്റെ സഹപ്രവർത്തകൻ. ഞാൻ ഇത് പറയാൻ കാരണം, നേരിട്ട് പരിചയമുള്ള നിരവധി പേർക്ക് ഇത്തരം പ്രയാസങ്ങളുണ്ടാകുന്നതായി മനസ്സിലാകുന്നുണ്ട് എന്നുള്ളതുകൊണ്ടാണ്. ഇതുമായി ബന്ധപ്പെട്ട് പല പഠനങ്ങളും വാർത്തകളും വരുന്നു. കോവിഡ് വന്നവർക്ക് ഹൃദയസംബന്ധമായ അസുഖം വരുമ്പോൾ അതിന്റെ അപകടസാധ്യതകൾ കൂടുന്നുവെന്ന രീതിയിലുള്ള പഠനങ്ങളുണ്ടാകുന്നു. അതുപോലെ, The chances of stroke are especially high among Covid patients with diabetes and hypertension. The virus could cause blood vessel inflammation resulting in the rupture of blood vessels. കോവിഡ് വന്നയാളുകളിൽ ഹൈപ്പർ ടെൻഷനും ഡയബറ്റിസുമുള്ള രോഗികൾക്ക് സ്ട്രോക്കുൾപ്പെടെ വരാനുള്ള സാധ്യതകൾ കൂടുതലാണെന്ന തരത്തിലുള്ള വാർത്തകളും വരുന്നുണ്ട്. ഹൃദയസംബന്ധമായതും കാർഡിയോവാസ്കുലർ പോലുള്ള അസുഖങ്ങളും

സ്ട്രോക്ക്, കിഡ്നിയിലുണ്ടാകുന്ന പ്രശ്നങ്ങളെല്ലാം ചെറുപ്പക്കാരെയുൾപ്പെടെ ബാധിക്കുന്നുണ്ട്. പണ്ട് 60-65 വയസ്സുള്ളവർക്കാണ് സ്ട്രോക്ക് വന്നിരുന്നതെങ്കിൽ ഇപ്പോൾ 30-40-നും ഇടയിൽ പ്രായമുള്ളവരെയാണ് ഇത് ബാധിക്കുന്നത്. പക്ഷേ ഇത് ഉഹാപോഹങ്ങളുടെ അടിസ്ഥാനത്തിൽ അഡ്രസ്സ് ചെയ്യേണ്ട വിഷയമല്ലയെന്നുള്ള ബോധ്യമുണ്ട്. ഇതിന് സബ്സ്റ്റാൻഷ്യേറ്റ് ചെയ്യുന്ന പഠനങ്ങൾ കൃത്യമായി നടത്തേണ്ടതുണ്ട്. ഈ പറയുന്ന കണക്കുകളിൽ കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. ചില ഹോസ്പിറ്റലുകളിലെ അധികൃതരുമായി സംസാരിച്ചപ്പോൾ ദീർഘകാല കോവിഡുമായി ബന്ധപ്പെട്ട് അസുഖം ബാധിച്ചവർക്ക് ദീർഘകാല പ്രയാസങ്ങളുണ്ടാകുന്നുണ്ടെന്ന് മനസ്സിലാക്കാൻ സാധിച്ചു. മിക്കവർക്കും ശ്വാസതടസ്സം, സന്ധിവേദന, ക്ഷീണം എന്നിവയുണ്ടാകുന്നതിനുപുറമെ എകാഗ്രതയും നഷ്ടപ്പെടുന്നു. അത് ഗുരുതരമായി പലർക്കും സ്ട്രോക്കും ഹൃദയാഘാതവുമുണ്ടാക്കുന്നു. ധാരാളം ചെറുപ്പക്കാർ ഹൃദയാഘാതം വന്ന് മരിച്ചുവെന്നുള്ള വാർത്തകളാണ് നവമാധ്യമങ്ങളിൽനിന്നും നമ്മുടെ ചുറ്റുപാടുകളിൽ നിന്നുമൊക്കെ കാണേണ്ടിവരുന്നത്. ഇതിനെ സംബന്ധിച്ച് ശാസ്ത്രീയ പഠനങ്ങൾ നടത്തി, ഒരുതരത്തിലുള്ള അപവാദ പ്രചാരണങ്ങളോ, അസംപ്ഷനുകളോ നടത്താൻ അവസരം കൊടുക്കാതെ യഥാർത്ഥത്തിൽ

സംഭവിച്ചുകൊണ്ടിരിക്കുന്നതെന്താണെന്നും നാളെകളിലും ഈ പ്രശ്നം തുടരാൻ സാധ്യതയുണ്ടോയെന്നും സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളെ അഡ്രസ്സ് ചെയ്യാനും നമ്മുടെ സംവിധാനങ്ങളെ prepare ചെയ്യേണ്ടതുണ്ട്. കോവിഡ് വന്നപ്പോൾ നമ്മൾ അതിനൊരു സിസ്റ്റം കൊണ്ടുവന്ന് എല്ലാവരും അതിലേയ്ക്ക് വന്നു. ഇനി പോസ്റ്റ് കോവിഡുണ്ടാകുന്ന പ്രയാസങ്ങളിലേയ്ക്ക് ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ടോയെന്നതുസംബന്ധിച്ച് സമഗ്രമായ പഠനവും ഇടപെടലുകളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടത് അനിവാര്യതയാണ്. നിരവധി പഠനങ്ങൾ അന്താരാഷ്ട്ര തലത്തിൽത്തന്നെ നടന്നതിനെ സംബന്ധിച്ച് പറയുന്നത് ഇത്തരം സാധ്യതകൾ കൂടുന്നുവെന്നുള്ളതാണ്. കാർഡിയോവാസ്കുലർ കോംപ്ലിക്കേഷൻസ് കോവിഡ് വന്നതിനുശേഷം കൂടുന്നുവെന്ന് പറയുന്നുണ്ട്. ഇതിനെ വാക്സിനുമായി ബന്ധപ്പെടുത്തി പറയുന്നതുകൊണ്ട് ഗവൺമെന്റ് കൃത്യമായും ശാസ്ത്രീയമായും അഡ്രസ്സ് ചെയ്യേണ്ടതിന്റെ ആവശ്യകതയുണ്ട്. അതൊന്നും ഓഫ് ഹാൻഡായോ, ഫ്രീ ഹാൻഡായോ പറയേണ്ടതോ പ്രചരിക്കേണ്ടതോ ആയ കാര്യങ്ങളല്ല. ഈ പഠനങ്ങൾ നടത്തിയവർ വാക്സിനുമായി ബന്ധമില്ലെന്ന് പറയുന്നുണ്ട്. ജനങ്ങളുടെ ഭയവും ആശങ്കയും ഇല്ലതാക്കാനും അവർക്ക് ആത്മവിശ്വസം വരത്തക്ക രീതിയിലുള്ള ഒരു സപ്പോർട്ട് സിസ്റ്റം

ഗവൺമെന്റ് തലത്തിൽ നിന്നും ഇതുമായി ബന്ധപ്പെട്ടുവരണം. മദ്ധ്യവയസ്കരിൽ സ്ട്രോക്ക് വരുന്നവരുടെയെണ്ണം വർദ്ധിച്ചുവരുന്നതായി റിപ്പോർട്ടുകളുണ്ട്. ശരീരത്തിന്റെ പലഭാഗത്തും രക്തം കട്ട പിടിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രയാസങ്ങളെ സംബന്ധിച്ചും പ്രായം കുറഞ്ഞവരിൽ സ്ട്രോക്ക് കൂടിവരുന്നതുമായുള്ള റിപ്പോർട്ടുകളുണ്ട്. രോഗലക്ഷണങ്ങൾ വരുമ്പോൾ ജനങ്ങൾ അതിനെ അവഗണിക്കുന്നതായുള്ള അപകടവുമുണ്ട്. ആദ്യം അത് ചെറിയ ക്ഷീണത്തിന്റേതാണെന്ന് വിചാരിക്കും; ഈ പ്രായത്തിലിങ്ങനെയൊന്നും വരാനുള്ള സാധ്യതകൾ കുറവാണെന്ന് വിചാരിച്ച് അതിനെ കാര്യമാക്കാതെയിരുന്ന് അവസാനം സ്ട്രോക്ക് വന്ന് ഗുരുതരാവസ്ഥയിൽ അഡ്മിറ്റ് ചെയ്യേണ്ട സാഹചര്യം വരെയുണ്ടാകുന്നു. ഇതുവന്നവരുടെ കുടുംബങ്ങൾക്ക് ഫിസിയോതെറാപ്പി താങ്ങാൻ കഴിയാത്ത അവസ്ഥയാണ്; ഫിസിയോതെറാപ്പി സ്ഥാപനങ്ങളിൽ പോയി ചെയ്യാൻ വയ്യാത്ത രീതിയിൽ അസുഖം ബാധിച്ചവരുണ്ട്. അവർക്ക് അത് അവിടെ പോയി ചെയ്തു കൊടുക്കുന്ന സംവിധാനമുണ്ടാകണം. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഫാമിലി ഹെൽത്ത് സെന്ററായി അപ്ഗ്രേഡ് ചെയ്ത സ്ഥലങ്ങളിലുമൊക്കെ ഫിസിയോതെറാപ്പി ചെയ്യാനുള്ള സൗകര്യം അനിവാര്യമായി മാറുന്നതിനാൽ അതിന്റെ ഫെസിലിറ്റി

ഒരുക്കണമെന്നുള്ളത് വലിയ ഡിമാൻഡായി ഗവൺമെന്റിന്റെ മുന്നിൽ വരികയാണ്. ജനങ്ങളുടെയിടയിൽ ഇതിനെപ്പറ്റിയുള്ള അശങ്കകൾ ദൂരീകരിക്കുന്ന, കൃത്യമായ അത്മവിശ്വാസം നൽകുന്ന, ഫോളോ അപ്പ് ഉണ്ടാകുന്ന തരത്തിൽ സമഗ്രപഠനവും തുടർച്ചയായുള്ള ഇന്റർവെൻഷനും നടത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്):സർ, സംസ്ഥാനത്ത് ഇപ്പോൾ കോവിഡ് നിയന്ത്രണവിധേയമാണ്. കോവിഡിന്റെ ദൈനംദിന കേസ്സുകളിൽ വർദ്ധനവുണ്ടോയെന്നും എവിടെയെങ്കിലും ക്ലസ്റ്റർ ഫോർമേഷനോ, പുതിയ വകഭേദങ്ങളോ ഉണ്ടാകുന്നുണ്ടോയെന്നും ജനിതക ശ്രേണീകരണത്തിലൂടെ പരിശോധിക്കപ്പെടുന്നുണ്ട്. കോവിഡ് നിയന്ത്രണവിധേയമാണെങ്കിലും പോസ്റ്റ് കോവിഡ് രോഗങ്ങൾ പല രീതിയിലും തീവ്രതയിലും ആളുകളിൽ അനുഭവപ്പെടുന്നുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ചിലപ്പോൾ ഇത് ഗുരുതരസ്വഭാവം കൈവരിക്കുന്നുവെന്നതും വൈദ്യശാസ്ത്രരംഗത്ത് ആഗോളതലത്തിൽത്തന്നെ പുതിയ വെല്ലുവിളികൾ സൃഷ്ടിച്ചിരിക്കുകയാണ്. പോസ്റ്റ് കോവിഡ് രോഗങ്ങൾ ശരീരത്തിന്റെ എല്ലാ അവയവങ്ങളെയും

ബാധിക്കുന്നതായാണ് ഇതുവരെയുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്. ശ്വാസകോശ രോഗങ്ങൾ, ഹൃദ്രോഗങ്ങൾ, മാനസികാസ്വാസ്ഥ്യങ്ങൾ, സന്ധി/പേശി വേദന, ഉറക്കക്കുറവ്, ഓർമ്മക്കുറവ് തുടങ്ങിയവയാണ് പോസ്റ്റ് കോവിഡ് രോഗങ്ങളായി പൊതുവെ കണ്ടെത്തിയിട്ടുള്ളത്. യുവാക്കളിൽ ഹൃദയ/ശ്വാസകോശ സംബന്ധമായതും വൃക്ക, കരൾ എന്നിവയെ ബാധിക്കുന്നതുമായ വിവിധ രോഗങ്ങൾ അടുത്തകാലത്തായി വർദ്ധിച്ചുവരുന്നതായിട്ടാണ് ലോകാരോഗ്യ സംഘടനയുടെ ഉൾപ്പെടെയുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്. പൾമണറി ഫൈബ്രോസിസ്, ഓർഗനൈസിംഗ് ന്യൂമോണിയ എന്നിവയും ശ്വാസകോശത്തിന്റെ രക്തക്കുഴലുകളിൽ ദീർഘകാലം രക്തം കട്ടപിടിക്കുകയും തന്മൂലമുണ്ടാകുന്ന ശ്വാസകോശത്തിലെ രക്തക്കുഴലുകളിലെ രക്താതിസമ്മർദ്ദവുമാണ് ശ്വാസകോശ സംബന്ധമായ സങ്കീർണ്ണതകൾ. തലച്ചോറിനെയും നാഡീവ്യൂഹങ്ങളെയും ബാധിക്കുന്ന ഗില്ലൻബാരി സിൻഡ്രോം, പക്ഷാഘാതം, സെറിബ്രൽ വീനസ് ത്രോംബോസിസ്, ക്രോണിക് ഫറ്റീഗ് സിൻഡ്രോം (അമിതമായ ക്ഷീണം) മുതലായവയും കോവിഡാനന്തരം രോഗികളിൽ കാണപ്പെടുന്നു. ഹൃദയസംബന്ധ സങ്കീർണ്ണതകളായ ഹൃദയസ്തംഭനം, ഹാർട്ട് ഫെയ്‌ലിയർ, വിനസ് ത്രോംബോ എംബോളിസം (ഏതെങ്കിലും സിരകളിൽ

രക്തം കട്ടപിടിക്കുന്ന അവസ്ഥ), പെരികാർഡൈറ്റിസ് (ഹൃദയത്തിന്റെ ആവരണമാണ് പെരികാർഡിയം) മുതലായവയും പോസ്റ്റ് കോവിഡ് സിൻഡ്രോമിന്റെ ഭാഗമായി കണ്ടുവരുന്നു. കോവിഡ് ബാധിച്ചവരിൽ രോഗം മാറിയതിനുശേഷവും രക്തം കൂടുതലായി കട്ടപിടിക്കുന്നതായും കണ്ടുവരുന്നുണ്ട്. കോവിഡാനന്തര ഹൃദ്രോഗ സാദ്ധ്യത മറ്റ് ആരോഗ്യ പ്രശ്നങ്ങൾ തീവ്രമായുള്ളവരിൽ കൂടുതലായി കാണപ്പെടുന്നുണ്ട്. താഴെപ്പറയുന്ന വിഭാഗങ്ങളിലാണ് ഹൃദ്രോഗ സാദ്ധ്യത കൂടുതലായിട്ടുള്ളത്.

1. തീവ്രരീതിയിൽ കോവിഡ്-19 രോഗബാധയുണ്ടായവർ.
2. കോവിഡ് വരുന്നതിനുമുമ്പുതന്നെ മറ്റ് രോഗങ്ങളുള്ള വ്യക്തികൾ. കടുത്ത പ്രമേഹരോഗികൾ, കരൾ രോഗികൾ, വൃക്ക രോഗികൾ, കാൻസർ ചികിത്സ തേടിയവർ മുതലായവർ.
3. കോവിഡ്-19 ബാധിക്കുന്ന സമയത്ത് ശരീരത്തിന്റെ വിവിധങ്ങളായ പ്രധാന അവയവ ശൃംഖലകളെയും പ്രതികൂലമായി ബാധിക്കുന്ന Multisystem Inflammatory Syndrome (MIS) രോഗത്തിന് അടിമപ്പെട്ടവർ.

പ്രായമുള്ള ആളുകളിലാണ് ഗുരുതര കോവിഡ് ബാധയും ശ്വാസകോശ, ഹൃദ്രോഗ പ്രശ്നങ്ങളും ബാധിക്കുന്നതെങ്കിലും ചെറുപ്പക്കാരിലും ചെറുപ്പത്തിലേയുള്ള ഹൃദയാഘാതം, ശ്വാസകോശ ഞരമ്പുകളിൽ രക്തം കട്ടപിടിച്ചുണ്ടാകുന്ന 'പൾമണറി എംബോളിസം' എന്നിവ കണ്ടുവരുന്നു. കോവിഡാനന്തര അവസ്ഥയുമായി ഇതിന് ബന്ധമുണ്ടോ എന്നുള്ളതിൽ ഗവേഷണം നടക്കുന്നുണ്ട്. നമ്മുടെ ജനസംഖ്യയിൽ ഭൂരിഭാഗം ജനങ്ങൾക്കും കോവിഡ് രോഗം വന്നുപോയിട്ടുള്ളതിനാൽ ഇപ്പോഴുണ്ടാകുന്ന ഗുരുതര രോഗങ്ങൾ കോവിഡ് രോഗത്തിന്റെ പശ്ചാത്തലത്തിലാണെന്ന് പറയാൻ പൂർണ്ണമായും കഴിയില്ല. എങ്കിലും ഇതിന്റെ പഠനം നടത്തുന്നുണ്ട്. വർദ്ധിച്ചുവരുന്ന കോവിഡാനന്തര രോഗങ്ങളെ ചെറുക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിനുകീഴിൽ കോവിഡാനന്തര രോഗങ്ങളുടെ പ്രതിവാര കണക്കുകൾ എല്ലാ ജില്ലകളിൽനിന്നും ആരോഗ്യ സ്ഥാപനങ്ങളിൽനിന്നും ശേഖരിച്ചുവരികയും അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്. ആ കണക്കുകൾ ഇപ്രകാരമാണ്. സംസ്ഥാനത്തെ 1190 പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിൽ നിന്നായി 386136 പേർക്ക് പ്രാഥമിക തലത്തിലും 142000 പേർക്ക് സെക്കൻഡറി തലത്തിലും ചികിത്സ

നൽകിയിട്ടുണ്ട്. ഇതിൽ 15 ശതമാനത്തോളം പേർക്ക് ശ്വാസകോശ സംബന്ധമായ രോഗങ്ങൾക്കും 5 ശതമാനത്തോളം പേർക്ക് പേശീരോഗങ്ങൾക്കും 1.98 ശതമാനം പേർക്ക് ഹൃദയസംബന്ധമായ രോഗങ്ങൾക്കും 1.8 ശതമാനം പേർക്ക് നാഡീസംബന്ധമായ രോഗങ്ങൾക്കും ഒരു ശതമാനം പേർക്ക് മാനസിക രോഗങ്ങൾക്കും മറ്റ് രോഗങ്ങളുള്ള 8.2 ശതമാനം പേർക്കും ചികിത്സ നൽകിയിട്ടുണ്ട്. 410000 പേർക്ക് ടെലിമെഡിസിൻ സംവിധാനത്തിലൂടെ കോവിഡാനന്തര രോഗങ്ങൾക്കായി ചികിത്സ നൽകിയിട്ടുണ്ട്. പോസ്റ്റ് കോവിഡ് രോഗങ്ങളെ ചികിത്സിക്കുന്നതിന് ഒരു ചികിത്സാ മാനദണ്ഡം (മാനേജ്മെന്റ് പ്രോട്ടോക്കോൾ) സംസ്ഥാന ആരോഗ്യ വകുപ്പ് പുറത്തിറക്കുകയുണ്ടായി. അരോഗ്യ വകുപ്പിലെ ജീവനക്കാർക്കും ഡോക്ടർമാർക്കും പോസ്റ്റ് കോവിഡ് ചികിത്സയെക്കുറിച്ചുള്ള വിവിധ പരിശീലന പരിപാടികൾ മെഡിക്കൽ കോളേജുകളുടെ സഹായത്തോടെ ആരോഗ്യവകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ കൂടുതൽ ശാക്തീകരിക്കുന്നതിനും സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കൂടുതൽ ആരംഭിക്കുന്നതിനുമായി ബഡ്ജറ്റിൽ പ്രത്യേകമായി തുക വകയിരുത്തിയിട്ടുണ്ട്. സർക്കാരിന്റെ ശക്തമായ ഇടപെടൽമൂലം ഈ രീതിയിൽ തീവ്രരോഗബാധ നേരിടാനുള്ള

എല്ലാ സജീകരണങ്ങളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ജില്ലാ ജനറൽ ആശുപത്രികളിലും മറ്റ് റഫറൽ ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും സജ്ജമാക്കി മെച്ചപ്പെട്ട നിലയിൽ നടപ്പാക്കിയിട്ടുണ്ട്.

- നിശ്ചിത ഇടവേളകളിൽ പ്രത്യേക പരിശോധനകൾ ശ്വാസകോശത്തിന്റെ പ്രവർത്തനം പരിശോധിക്കുന്ന സ്പൈറോമെട്രി, ഇ.സി.ജി., എക്കോ, എക്സ്റേ, 6 Minute walk test, D-Dimer, ലിപ്പിഡ് പ്രൊഫൈൽ, എസ്.ജി.ഒ.ടി., എസ്.ജി.പി.ടി. തുടങ്ങിയവ മെഡിക്കൽ കോളേജുകളിൽ നടത്തിവരുന്നു.

- സങ്കീർണ്ണമായതോ അല്ലാതെയുള്ളതോ ആയ കോവിഡ് രോഗം ബാധിച്ച രോഗികൾക്ക് ഹൃദ്രോഗ സാദ്ധ്യത കൂട്ടുന്ന മറ്റ് പ്രമേഹം, രക്താതിസമ്മർദ്ദം, അമിത കൊളസ്ട്രോൾ എന്നിവയുണ്ടോയെന്ന് പരിശോധിക്കുന്നുണ്ട്. ഈ നടപ്പുസാമ്പത്തിക വർഷം ആരംഭിച്ച ഒരു വലിയ പദ്ധതിയുണ്ട്. നവകേരളം കർമ്മപദ്ധതി 2-ന്റെ ഭാഗമായി ആർദ്രം 2-ലൂടെ സംസ്ഥാനത്തെ ചെറുപ്പക്കാർ മുതൽ എല്ലാ ആളുകളെയും സ്ക്രീൻ ചെയ്യുന്ന പരിപാടിയാണത്. നിലവിൽ 82 ലക്ഷം പേരെ സ്ക്രീൻ ചെയ്തിട്ടുണ്ട്. എല്ലാ വർഷവും ഈ ആരോഗ്യ

പരിശോധന തുടരുന്നതാണ്. ഈ നടപ്പുവർഷം ഇതുവരെ സ്ക്രീൻ ചെയ്യപ്പെട്ട 8245719 പേരിൽ 277310 പേരെ ശ്വാസകോശ സംബന്ധമായ സ്ക്രീനിംഗിന് റഫർ ചെയ്തിട്ടുണ്ട്. ഇതുമാത്രമല്ല ഡയബറ്റിസും ഹൈപ്പർ ടെൻഷനും ഹൃദ്രോഗവും കാൻസറുമൊക്കെ സസ്പെക്ട് ചെയ്യുന്നവരെ ഹെൽത്ത് സെന്ററിലെത്തിച്ച് മറ്റ് തുടർചികിത്സകൾ ഉറപ്പാക്കുന്നുമുണ്ട്.

- മെഡിക്കൽ കോളേജുകളിൽ ആധുനിക പോസ്റ്റ് കോവിഡ് കാർഡിയാക് ക്ലിനിക്കുകൾ തുടങ്ങിയിട്ടുണ്ട്. അതുവഴി ആവശ്യമായിവരുന്ന രോഗികൾക്ക് ആൻജിയോഗ്രാം, കാർഡിയാക്, എം.ആർ.ഐ./സി.ടി. മുതലായവ ചെയ്യുകയും ആവശ്യമുള്ള രോഗികൾക്ക് തുടർചികിത്സയും നൽകുന്നുണ്ട്.

- സർക്കാർ തലത്തിൽ പുതിയ സ്കീമുകൾ,ഉദാ: 'ശ്വാസ്' - ആസ്ത്മ, COPD തുടങ്ങിയ അസുഖങ്ങളുള്ളവർക്ക് Inhalers, Spacers, ഫിസിയോതെറാപ്പി, ഭക്ഷണ ക്രമീകരണം തുടങ്ങിയവ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

അതോടൊപ്പം ഈ ഘട്ടത്തിൽ പ്രതിരോധം വളരെ പ്രധാനമാണ്. അതുകൊണ്ട് കോവിഡ് തടയുന്നതിനും പ്രതിരോധത്തിനുമായി പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ അതത് ഘട്ടങ്ങളിൽ സംസ്ഥാന സർക്കാർ ഇറക്കുകയും ചെയ്യുന്നുണ്ട്. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈ ഘട്ടത്തിൽ കോവിഡ് വാക്സിനേഷൻ, ശ്വാസകോശ പുനരധിവാസ പ്രക്രിയ (പൾമണറി റീഹാബിലിറ്റേഷൻ), നിയന്ത്രിത രീതിയിലുള്ള വ്യായാമം, വിശ്രമം, സമീകൃതാഹാരം, ധാരാളം പാനീയങ്ങളും പച്ചക്കറികളും പഴങ്ങളും ഭക്ഷണത്തിലുൾപ്പെടുത്തുക എന്നീ മാർഗ്ഗങ്ങൾ പോസ്റ്റ് കോവിഡ് സിൻഡ്രോം തടയാൻ സഹായകരമാകുന്നുണ്ടെന്നുള്ളത് കണ്ടെത്തിയിട്ടുണ്ട്. കോവിഡ് വന്ന രോഗികളിൽ ഒരു വർഷക്കാലയളവിൽ ഏതെങ്കിലും രോഗലക്ഷണങ്ങളുണ്ടായാൽ അത് നിസ്സാരവൽക്കരിക്കാതെ വൈദ്യസഹായം തേടണം. ഡോക്ടർമാരെ കൺസൾട്ട് ചെയ്യണം. ചികിത്സ നിർദ്ദേശിക്കുകയാണെങ്കിൽ അത് സ്വീകരിക്കുകയും ജീവിതശൈലീ മാറ്റങ്ങളാണ് നിർദ്ദേശിക്കുന്നതെങ്കിൽ അത് ജീവിതത്തിൽ വരുത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്. ശരീരത്തിൽ കോവിഡാനന്തര സൂചകങ്ങളായ രോഗലക്ഷണങ്ങളുള്ളവർ പരിശോധനകൾ കൃത്യമായി നടത്തുന്നുവെന്നുള്ളത് ഉറപ്പാക്കണം. ആയുഷ് മേഖലയെക്കൂടി സഹകരിപ്പിച്ച് പ്രാഥമിക

തലത്തിൽത്തന്നെ ജനകീയ ക്ലബ്ബുകൾ രൂപീകരിച്ച് ജീവിതശൈലിയിൽ മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടിയുള്ള ഒരു ഇന്റഗ്രേറ്റഡായിട്ടുള്ള സമീപനം ആരോഗ്യവകുപ്പിന്റേതായി ഈ ഘട്ടത്തിലുണ്ടാവുകയാണ്. ഹെൽത്തി ലൈഫ് കാമ്പെയ്ൻ-ന്റെ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കാൻ പോകുകയാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ ജീവിതശൈലീ രോഗങ്ങൾ, പ്രത്യേകിച്ച് ഡയബറ്റിസ്, ഫാസ്റ്റ് ഫുഡ്, കൃത്യതയില്ലാത്ത ജീവിതശൈലി, പുകവലി, വ്യായാമക്കുറവ് ഇതൊക്കെ ഇതിലേയ്ക്ക് നയിക്കുന്നുവെന്ന് പറയുന്നുണ്ട്. ആരോഗ്യ മേഖലയിലെ വിവിധ വകുപ്പുകളുടെ ഏകോപനം എന്നതിനപ്പുറം വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം, പ്രത്യേകിച്ച് കായികം, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളെക്കൂടി ഉൾപ്പെടുത്തണം. ചെറിയ കുട്ടികൾക്കിടയിലെ obesity ഉൾപ്പെടെ ഇതൊക്കെ വലിയ പ്രശ്നങ്ങളിലേയ്ക്ക് പിന്നീട് നയിക്കുകയാണ്. കൂടുതൽ വ്യായാമ സൗകര്യങ്ങളുൾപ്പെടെ പ്രാദേശികമായി സൃഷ്ടിക്കുന്നതിനുവേണ്ടി ഗൗരവതരമായ ഇടപെടൽ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിലൂടെ നടത്തേണ്ടതാണ്. വിദ്യാഭ്യാസം, കായികം തുടങ്ങിയ

വകുപ്പുകൾ തമ്മിൽ കോ-ഓർഡിനേറ്റ് ചെയ്താൽ അതിനുള്ള സൗകര്യങ്ങൾ കൂടുതൽ കൊടുക്കേണ്ടവരെ prioritise ചെയ്യാൻ സാധിക്കും. സാധാരണ സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ മാത്രമായി അതിനെ കാണുകയാണ്. അതല്ല, ഇത് മനുഷ്യന്റെ ജീവൽപ്രശ്നമാണെന്ന തലത്തിലേയ്ക്ക് നമ്മുടെ ഇപ്പോഴത്തെ രോഗാവസ്ഥ എത്തിക്കുന്നുണ്ട്. Last page priority ആകാതെ വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിലൂടെ അത്തരം ഇൻഫ്രാസ്ട്രക്ചർ കൂടുതലായി ഏർപ്പെടുത്താൻ സർക്കാർ ശ്രമിക്കുമോ?

<u>ശ്രീമതി വീണാ ജോർജ്</u>: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയാണ് ഇത് നടക്കുന്നത്. ഇപ്പോൾ ആരംഭിക്കാൻ പോകുന്ന ഹെൽത്തി ലൈഫ് കാമ്പയിനിൽ ഭക്ഷണം, വ്യായാമം മറ്റ് ജീവിതശീലങ്ങൾ തുടങ്ങിയവയുണ്ട്. ഈ സർക്കാരിന്റെ ഭരണകാലത്ത് നവകേരളം കർമ്മപദ്ധതി 2-ന്റെ ഭാഗമായി നടപ്പാക്കാൻ ഏറ്റെടുത്ത പത്ത് കാര്യങ്ങളിൽ ഒരെണ്ണമാണിത്. അത്ര പ്രാധാന്യത്തോടെയാണ് ഇതിനെ കാണുന്നത്. ആ രീതിയിൽ പ്രാധാന്യം കൊടുത്തുകൊണ്ട് ചെയ്യുമ്പോൾ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട ഒരു കാര്യം കൂടിയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശത്തിന്റെ

അടിസ്ഥാനത്തിൽ വിദ്യാഭ്യാസം, ആരോഗ്യം എന്നീ വകുപ്പുകളുമായിച്ചേർന്ന് 'സ്കൂൾ ഹെൽത്ത്' പ്രോഗ്രാം ശക്തമായി പുനരുജ്ജീവിപ്പിക്കാനുള്ള പ്രവർത്തനമാണ് നടത്തുന്നത്. ഓരോ കുഞ്ഞിനെയും വാർഷിക പരിശോധനയ്ക്ക് വിധേയമാക്കും. അതിൽ എല്ലാ പരിശോധനകളുമുണ്ടാകും. അതോടൊപ്പം From Child to Home എന്നുള്ളതുകൂടി അതിന്റെ ഭാഗമായിട്ടുണ്ട്. ഈ ആരോഗ്യശീലങ്ങൾ കുഞ്ഞിലൂടെ വീട്ടിലേയ്ക്കും സമൂഹത്തിലേയ്ക്കും എത്തപ്പെടുന്നവെന്നുള്ളതുകൊണ്ട് എല്ലാവരുടെയും പങ്കാളിത്തത്തോടെ സ്കൂൾ ഹെൽത്ത് പ്രോഗ്രാം വളരെ ശക്തമായി പുനരുജ്ജീവിപ്പിക്കുകയാണ്.

**[11.59 am]**

## IV. സബ്മിഷൻ

(1) <u>വടകര കോസ്റ്റൽ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം</u>

<u>ശ്രീമതി കെ. കെ. രമ</u>: സർ, കഴിഞ്ഞ ആറുമാസത്തിനുള്ളിൽ വടകര തീരത്തെ കടലിൽ മാത്രം 5 ജീവനുകളാണ് പൊലിഞ്ഞത്. ഇതിൽ 22 വയസ്സുമാത്രം പ്രായമുള്ള ഫൈജാസും ഏറ്റവും ഒടുവിൽ ഈ 19-ാം തീയതി കടൽത്തീരത്ത് കളിച്ചുകൊണ്ടിരുന്ന 14 വയസ്സുള്ള അനുചന്ദും ഉൾപ്പെടുന്നു.

ഒരു മത്സ്യത്തൊഴിലാളി അപകടത്തിൽപ്പെട്ടാൽ നെഞ്ചിനുള്ളിലെ കാളലുമായി സ്വന്തം ജീവൻപോലും മറന്ന് മറ്റ് മത്സ്യത്തൊഴിലാളികൾ കടലിലേയ്ക്ക് എടുത്തുചാടി തിരച്ചിൽ നടത്തുന്നത് പതിവാണ്. ജീവൻരക്ഷാ പ്രവർത്തനങ്ങൾക്കായി ആശ്രയിക്കാൻ കഴിയുന്ന ആകെയുള്ള സർക്കാർ സംവിധാനം വടകരയിലെ കോസ്റ്റൽ പോലീസാണ്. എന്നാൽ കടലിൽ ജീവൻരക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ ഉപകരണങ്ങളോ, മറ്റ് ഭൗതികസാഹചര്യങ്ങളോ, പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരോ ഒന്നും കോസ്റ്റൽ പോലീസിന്റെ കൈവശമില്ല. വടകരയിലെ കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ ഒരു ഫൈബർ ബോട്ട് മാത്രമാണുള്ളത്. അതിൽത്തന്നെ ഇന്ധനം നിറയ്ക്കണമെങ്കിൽ നാട്ടുകാരോ, പോലീസുകാരോ സ്വന്തം പോക്കറ്റിൽ നിന്നും പണം മുടക്കണം. ഡീസൽ വാങ്ങിയ ഇനത്തിൽ കോസ്റ്റൽ പോലീസിന് ഏകദേശം രണ്ടുലക്ഷത്തോളം രൂപ കടമായിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. വടകര നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട ഹാർബറായ ചോമ്പാല കേന്ദ്രീകരിച്ച് ഒരു സ്ഥിരം റസ്ക്യൂ ബോട്ട് സംവിധാനം ഏർപ്പെടുത്തണമെന്നത് നാട്ടുകാരുടെ കാലങ്ങളായുള്ള ആവശ്യമാണ്. മടപ്പള്ളി ഗോസായി കുന്നിനടുത്ത് കടൽത്തീരത്ത് കളിച്ചുകൊണ്ടിരുന്ന 14 വയസ്സുകാരനായ അനുചന്ദ് കടലിൽ വീണസമയത്ത്

രക്ഷയ്ക്കായി തൊട്ടടുത്തുള്ള ചോമ്പാല കേന്ദ്രീകരിച്ച് ഒരു റസ്ക്യൂ ബോട്ട് ഉണ്ടായിരുന്നെങ്കിൽ ആ കുരുന്നിന്റെ ജീവൻ രക്ഷിക്കാൻ കഴിയുമായിരുന്നു. ബേപ്പൂരിൽ നിന്നും മറ്റ് കേന്ദ്രങ്ങളിൽ നിന്നും ബോട്ടുകളും മറ്റ് രക്ഷാപ്രവർത്തന ഉപകരണങ്ങളും എത്തിയപ്പോഴേയ്ക്കും ആ കുരുന്നിനെ നഷ്ടപ്പെട്ടിരുന്നു. അതുപോലെതന്നെ കടലിൽ അപകടങ്ങളുണ്ടാകുമ്പോൾ സർക്കാർ സംവിധാനങ്ങൾ എത്തിച്ചേരുന്നതിന് കാലതാമസമുണ്ടാകുന്നുണ്ട്. എന്നാൽ തദ്ദേശീയരായ മത്സ്യത്തൊഴിലാളികൾക്കിടയിൽ കക്ക വാരൽ പോലുള്ള തൊഴിൽമേഖലകളിൽ ഏർപ്പെട്ടിട്ടുള്ള മുങ്ങൽ വിദഗ്ദ്ധരായ നിരവധി തൊഴിലാളികളുണ്ട്. അടിയന്തരഘട്ടങ്ങളിൽ അപകടസ്ഥലത്തേയ്ക്ക് പെട്ടെന്ന് എത്തിച്ചേരാൻ കഴിയുന്ന ഇവർക്ക് ചെറുകിട രക്ഷാപ്രവർത്തന ഉപകരണങ്ങൾ ലഭ്യമാക്കി റസ്ക്യൂ പ്രവർത്തനങ്ങളിൽ പരിശീലനം നൽകിയാൽ ഓരോ പ്രദേശത്തും ഓരോ റസ്ക്യൂ വോളണ്ടിയർ ടീമിനെ ഉണ്ടാക്കാൻ സാധിക്കും. വെള്ളത്തിനടിയിലെ കാഴ്ചകൾ കാണാൻ കഴിയുന്ന ക്യാമറകളോ, കടലിൽ തിരച്ചിൽ നടത്തുന്നതിനുള്ള മറ്റ് ഉപകരണങ്ങളോ ഇല്ലാത്തതാണ് കോസ്റ്റൽ പോലീസിന്റെ കൈവശമുള്ള ബോട്ട്. ഒരു സാധാരണ ഫൈബർ ബോട്ടിൽ നിന്നും ചുറ്റും കണ്ണോടിച്ച് നോക്കാമെന്നല്ലാതെ രക്ഷാപ്രവർത്തനത്തിനായി ഒന്നും ചെയ്യാൻ

സാധിക്കില്ല. കോസ്റ്റൽ പോലീസ് സേനയുടെ യശസ്സുയർത്തുന്ന തരത്തിൽ പ്രവർത്തിക്കാൻ നമ്മുടെ കോസ്റ്റൽ സേനയെ പ്രാപ്തമാക്കണം. ഇതിലേയ്ക്കായി പോലീസുകാർക്ക് സ്കൂബാ ഡൈവിംഗിലും റസ്ക്യൂ പ്രവർത്തനങ്ങളിലും ആവശ്യമായ പരിശീലനം ലഭ്യമാക്കുക, അപകടം പറ്റിയവരെ വലിയ ബോട്ടുകളിൽനിന്നും തീരത്തേയ്ക്ക് എത്തിക്കാൻ കഴിയുന്ന ഡിങ്കി ബോട്ടുകൾ അനുവദിക്കുക, അത്യാധുനിക റസ്ക്യൂ ഉപകരണങ്ങൾ ഘടിപ്പിച്ച ബോട്ടുകൾ സജ്ജീകരിക്കുക, ബോട്ടുകൾ നിയന്ത്രിക്കുന്നതിനും പരിപാലിക്കുന്നതിനും പരിചയസമ്പന്നരായ സ്ഥിരം ജീവനക്കാരെ നിയമിക്കുക, ജീവൻ രക്ഷാപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന ഇന്ധനം ലഭ്യമാക്കുക, ചോമ്പാല ഹാർബർ കേന്ദ്രീകരിച്ച് ഒരു റസ്ക്യൂ ബോട്ട് അനുവദിക്കുക, രക്ഷാപ്രവർത്തനങ്ങൾ കോസ്റ്റൽ സേനയുടെ ഉത്തരവാദിത്വം കൂടിയാക്കി മാറ്റുക തുടങ്ങിയ കാര്യങ്ങൾ അടിയന്തരമായി നടപ്പാക്കേണ്ടതുണ്ട്. ഇനിയൊരു മത്സ്യത്തൊഴിലാളിയുടെ ജീവൻകൂടി നമുക്ക് നഷ്ടപ്പെടുത്താനാകില്ല. അതുകൊണ്ട് ഈ വിഷയങ്ങളിൽ അടിയന്തരമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഒരു പ്രശ്നവുമായി ബന്ധപ്പെട്ട് ഒട്ടേറെ ആവശ്യങ്ങളാണ് ബഹുമാന്യയായ അംഗം ഉന്നയിച്ചിരിക്കുന്നത്. കാലാവസ്ഥാവ്യതിയാനമുൾപ്പെടെയുള്ള വിവിധ കാരണങ്ങളാൽ കടലിലകപ്പെട്ട് ജീവൻ പൊലിയുന്ന ദു:ഖകരമായ സംഭവങ്ങൾ ചിലപ്പോൾ ഉണ്ടാകാറുണ്ട്. കടലിലെ പ്രക്ഷുബ്ധമായ അന്തരീക്ഷം നിലവിലുള്ള സംവിധാനങ്ങളെ മാത്രം ആശ്രയിച്ച് രക്ഷാപ്രവർത്തനം നടത്തുന്നതിന് ചിലപ്പോൾ പ്രതിബന്ധമാകാറുണ്ട്. അർപ്പണബോധമുള്ള മത്സ്യത്തൊഴിലാളികളുടെ സമയോചിതമായ ഇടപെടലുകളാണ് അപകടത്തിൽപ്പെടുന്നവരുടെ ജീവൻ രക്ഷിക്കുന്നതിന് പലപ്പോഴും സഹായകരമാകുന്നത്. ഇത്തരം ഘട്ടങ്ങളിൽ പരിചയസമ്പന്നരായ മത്സ്യത്തൊഴിലാളികളുടെയും തീരദേശ പോലീസിന്റെയും കോസ്റ്റൽ വാർഡൻമാരുടെയും കോസ്റ്റ് ഗാർഡിന്റെയും നേവിയുടെയും അടക്കമുള്ള സേവനങ്ങൾ സമന്വയിപ്പിച്ചാണ് രക്ഷാപ്രവർത്തനം നടത്തിവരുന്നത്. ഏകോപിതമായ ഈ രക്ഷാപ്രവർത്തനങ്ങൾ സംസ്ഥാനത്താകെ സാധ്യമാക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. സംസ്ഥാനത്ത് നിലവിൽ 18 തീരദേശ പോലീസ് സ്റ്റേഷനുകളാണുള്ളത്. രണ്ടാംഘട്ടത്തിലുൾപ്പെട്ട വടകര തീരദേശ

പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ തസ്തികകൾ 2017-ൽ സർക്കാർ അനുവദിച്ചിരുന്നു. ഒരു ഇൻസ്പെക്ടർ ഉൾപ്പെടെ 29 പോലീസ് ഉദ്യോഗസ്ഥരും 5 ബോട്ട് ജീവനക്കാരും നിലവിലുണ്ട്. ഇതിനുപുറമെ തീരദേശത്തെ മത്സ്യത്തൊഴിലാളികളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 6 പേരെ കോസ്റ്റൽ വാർഡൻമാരായി നിയമിച്ചിട്ടുണ്ട്. വിശേഷാൽ ചട്ടം രൂപീകരിക്കുന്നതോടെ ബോട്ട് ജീവനക്കാരുടെ തസ്തികയിൽ സ്ഥിരം നിയമനം നടത്താനാകും. വടകര പോലീസ് സ്റ്റേഷന്റെ സേവന ആവശ്യങ്ങൾക്കായി 12 ടൺ ശേഷിയുള്ള ഒരു Interceptor boat അനുവദിച്ചിട്ടുണ്ട്. നിലവിൽ കേന്ദ്ര മന്ത്രാലയം അനുവദിച്ചിട്ടുള്ള നാല് ബോട്ട് ജെട്ടികളിൽ വടകര ഉൾപ്പെട്ടിട്ടില്ല. നിലവിലെ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി സ്റ്റേഷൻ പരിധിയിൽവരുന്ന കടലിലും മറ്റ് പ്രദേശങ്ങളിലും വെഹിക്കിൾ പട്രോളിംഗും ബീറ്റ് പട്രോളിംഗും കാര്യക്ഷമമായി നടത്തിവരുന്നുണ്ട്. സംസ്ഥാനത്തെ തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് കൂടുതൽ ആധുനിക ജീവൻരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് 2.43 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം തീരദേശ പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർക്കും കോസ്റ്റൽ വാർഡൻമാർക്കും പരിശീലനം നൽകുന്നതിന് വിപുലമായ

പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നതുൾപ്പെടെ സംസ്ഥാനത്തെ തീരദേശ പോലീസ് സ്റ്റേഷനുകളെ മികവുറ്റതാക്കി മാറ്റുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(2)മരട്- കുമ്പളം പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കഴിഞ്ഞ ഒരു മാസമായി മരട്-കുമ്പളം പഞ്ചായത്ത്, മരട് മുനിസിപ്പാലിറ്റി, പശ്ചിമ കൊച്ചി പ്രദേശങ്ങളിൽ കുടിവെള്ള വിതരണം മുടങ്ങിയിരിക്കുകയാണെന്നുള്ള കാര്യം അങ്ങേയ്ക്കറിയാം. രണ്ട് വെർട്ടിക്കൽ ടർബൈൻ പമ്പുകൾ കേടായതിനെത്തുടർന്നാണ് കുടിവെള്ള വിതരണം മുടങ്ങിയത്. ഇതിന്റെ ഗൗരവമുൾക്കൊണ്ട് അങ്ങ് ബഹു. വ്യവസായ വകുപ്പുമന്ത്രിയോടൊപ്പം ചേർന്ന് നടത്തിയ കഴിഞ്ഞ മാസം 18-ാം തീയതിയിലെ യോഗത്തിൽവച്ച് വാട്ടർ അതോറിറ്റി വിതരണം ചെയ്തിരുന്ന അതേ അളവിൽ വെള്ളം ടാങ്കർ ലോറികളിൽ വാട്ടർ അതോറിറ്റി തന്നെ വിതരണം ചെയ്യുമെന്ന് ഉറപ്പ് നൽകിയിരുന്നു. എന്നാൽ ആ രീതിയിൽ വെള്ളം വിതരണം ചെയ്യാൻ സാധിച്ചില്ലെന്ന് അങ്ങേയ്ക്കും അറിയാമെന്ന് ഞാൻ കരുതുകയാണ്. മെയിൻ റോഡുകളിലെല്ലാം വലിയ ടാങ്കറുകളിൽ വെള്ളമെത്തിക്കാൻ സാധിച്ചെങ്കിലും ഇടറോഡുകളിൽ താമസിക്കുന്നവർക്ക് വെള്ളം കിട്ടാത്ത അതിരൂക്ഷമായ

സാഹചര്യമുണ്ടായി. ഒരു വെർട്ടിക്കൽ ടർബൈൻ പമ്പ് റിപ്പയർ ചെയ്ത് പമ്പിംഗ് ആരംഭിച്ചെന്നാണ് ഞാൻ മനസിലാക്കുന്നത്. രണ്ടാമത്തെ പമ്പ് സെറ്റിന്റെ റിപ്പയറിംഗ് 8-ാം തീയതി മാത്രമേ പൂർത്തിയാകൂ. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, കുടിവെള്ളവിതരണം സുഗമമാകുന്നതുവരെ ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന കുടിവെള്ള വിതരണം മുടങ്ങാതെ നടത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം എന്നാണ്. രണ്ടാമത്തെ കാര്യം, അങ്ങ് അന്ന് യോഗത്തിൽ ഉറപ്പുനൽകിയതുപോലെ ഒരു സ്റ്റാൻഡ് ബൈ വെർട്ടിക്കൽ ടർബൈൻ പമ്പ് അടിയന്തരമായി വാങ്ങണം. ഇപ്പോൾ ഓർഡർ കൊടുത്താലും ടെണ്ടർ വിളിച്ച് പമ്പ് സെറ്റ് കിട്ടുമ്പോൾ ആറു മാസം കഴിയുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു ദിവസംപോലും നഷ്ടപ്പെടുത്താതെ ഭരണാനുമതി നൽകി പുതിയ പമ്പ് സെറ്റ് വാങ്ങുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മൂന്നാമത്തെ കാര്യം, കൊച്ചിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതി അടിയന്തരമായി ആരംഭിക്കണം. കൊച്ചിയിൽ ഇന്ന് പ്രധാനപ്പെട്ട പൈപ്പ് ലൈൻ പൊട്ടി തകരാറിലായിട്ടുണ്ട്. അതിന്റെ റിപ്പയറിംഗും അടിയന്തരമായി നടത്തണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സബ്മിഷനിലൂടെ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇന്നുരാവിലെ വരെയുള്ള കാര്യങ്ങൾ ഇവിടെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത്, പാഴൂർ പമ്പ് ഹൗസിൽ റോ വാട്ടർ പമ്പ് ചെയ്യുന്നതിനായി 804 എച്ച്.പി. ശേഷിയുള്ള മൂന്ന് മോട്ടോർ പമ്പ് സെറ്റുകളാണുള്ളത്. രണ്ടെണ്ണം ഒരേസമയം പ്രവർത്തിക്കുന്നതും ഒരെണ്ണം സ്റ്റാൻഡ് ബൈ ആയിട്ടുമാണ് വിഭാവന ചെയ്തിട്ടുള്ളത്. കുടിവെള്ളത്തിന്റെ ആവശ്യകത കൂടിയതിനാലും ജലശുദ്ധീകരണശാലയുടെ സ്ഥാപിതശേഷി പൂർണ്ണപഥത്തിലെത്തുന്നതിനുമായി 01-03-2022 മുതൽ സ്റ്റാൻഡ് ബൈ ഉൾപ്പെടെ മൂന്നു പമ്പ് സെറ്റുകളും ഒരേസമയം പ്രവർത്തിപ്പിക്കുകയും ജലത്തിന്റെ ഉത്പാദനം 82 എം.എൽ.ഡി-യിൽ നിന്ന് 96 എം.എൽ.ഡി.-യിലേയ്ക്ക് ഉയർത്തുകയും ചെയ്തു. 28-01-2023-ന് മൂന്നാം നമ്പർ മോട്ടോർ പമ്പ് സെറ്റ് പ്രവർത്തനരഹിതമാവുകയും അറ്റകുറ്റപ്പണികൾ ചെയ്ത് 13-02-2023-ന് പ്രവർത്തിപ്പിച്ചുതുടങ്ങുകയും ചെയ്തു. 09-02-2023-ന് രണ്ടാം നമ്പർ മോട്ടോർ പമ്പ് സെറ്റ് പ്രവർത്തനരഹിതമായി. അതും അറ്റകുറ്റപ്പണികൾ നടത്തി മോട്ടോർ പമ്പ് സെറ്റ് പുന:സ്ഥാപിച്ച് ഇന്നലെ രാത്രിയോടെ പമ്പിംഗ് പുനരാരംഭിച്ചിട്ടുണ്ട്.

14-02-2023-ൽ തകരാറിലായ ഒന്നാം നമ്പർ പമ്പ് സെറ്റിന്റെ അറ്റകുറ്റപ്പണികൾ 08-03-2023-ന് പൂർത്തിയാകും. അതോടുകൂടി ആ പമ്പും പ്രവർത്തിപ്പിക്കാൻ കഴിയും. മരട് മുനിസിപ്പാലിറ്റി, ചെല്ലാനം, കുമ്പളങ്ങി, കുമ്പളം ഗ്രാമപഞ്ചായത്തുകൾ, കൊച്ചി കോർപ്പറേഷൻ, പശ്ചിമ കൊച്ചി, തേവര, പേട്ട, പൊൻതുരുത്തി, ഗാന്ധി സ്ക്വയർ, വടുതല, പച്ചാളം എന്നീ മേഖലകളിൽ ഇതുമൂലം ശുദ്ധജലവിതരണത്തിന്റെ അളവിൽ കുറവ് നേരിടുന്നുണ്ട്. 20-02-2023-ന് ജലവിതരണം നടത്താനുള്ള ടാങ്കർ ലോറികളുടെ ക്വട്ടേഷൻ ക്ഷണിച്ചിരുന്നെങ്കിലും ആരുടെയും പ്രതികരണം ഉണ്ടായില്ല. അതേത്തുടർന്ന് ജില്ലാഭരണകൂടത്തിന്റെ ഇടപെടലുണ്ടാകുകയും ടാങ്കർ ലോറി അസോസിയേഷനുകളുടെ സഹായത്തോടെ ജലവിതരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, കൊച്ചി കോർപ്പറേഷൻ സ്വന്തം നിലയിലും ജല അതോറിറ്റി വെൻഡിംഗ് പോയിന്റിൽ നിന്നും ജലവിതരണം നടത്തിവരുന്നുണ്ട്. അമൃത്-2.0 പദ്ധതിപ്രകാരം മരട് ജലശുദ്ധീകരണശാലയുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് പാഴൂർ പമ്പ് ഹൗസിൽ നിലവിലുള്ള മൂന്ന് പമ്പ് സെറ്റുകൾ മാറ്റി ശേഷികൂടിയ പുതിയ മോട്ടോർ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിന് 4.25 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതും പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുള്ളതുമാണ്.

അവിടെ 96 MLD ജലമാണ് വിതരണം ചെയ്തുകൊണ്ടിരുന്നത്. പമ്പ് സെറ്റുകൾ കേടായതോടുകൂടി ജലവിതരണത്തിലുണ്ടായ കുറവ് പരിഹരിക്കാൻ അങ്ങും ബഹുമാന്യരായ എം.എൽ.എ.-മാരും ബഹുമാനപ്പെട്ട എം.പി.യും അവിടത്തെ മന്ത്രിയെന്ന നിലയിൽ ശ്രീ.പി. രാജീവും ചേർന്നൊരു തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. അവിടെ 20-ാം തീയതി മുതൽ ജലവിതരണം ആരംഭിച്ചിട്ടുണ്ട്. പക്ഷെ, വലിയ ടാങ്കർ ലോറികൾ ഓരോ മേഖലയിലും കയറി ചെല്ലുക അപ്രായോഗികമാണെങ്കിലും ലഭ്യമായ എല്ലാ വണ്ടികളും പ്രയോജനപ്പെടുത്തി കഴിയുന്നത്ര മേഖലകളിൽ വെള്ളം എത്തിക്കണമെന്നു തന്നെയാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. മുൻകാലങ്ങളിൽ ഇത്തരത്തിലൊരു നടപടിയുണ്ടായിട്ടുണ്ടോയെന്ന് സംശയമാണ്. വാട്ടർ അതോറിറ്റി തന്നെ ടാങ്കർ ലോറികളുടെ എക്സ്പെൻസുംകൂടി വഹിച്ച് കഴിയുന്നത്ര വെള്ളം കൊടുക്കാമെന്ന നിലയിൽ മുന്നോട്ടുപോകുകയാണ്. ഈ നിലയിൽ കഴിഞ്ഞ ഒരാഴ്ചക്കാലം കൊണ്ട് 46 ലക്ഷത്തോളം ലിറ്റർ ജലം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ പൂർണ്ണമായും ജനങ്ങളെ തൃപ്തരാക്കാൻ കഴിയുന്ന സ്ഥിതിയല്ല. കാരണം, എല്ലാ മേഖലയിലും വെള്ളം എത്തിക്കുകയെന്നത് അപ്രായോഗികമാണെന്ന് നമുക്കറിയാവുന്നതാണ്. ഒരു

പമ്പ് കേടായാൽ സാധിക്കുന്ന കാര്യങ്ങളെല്ലാം ചെയ്യാൻകഴിഞ്ഞിട്ടുണ്ട്. അതിന് എല്ലാവരുടെയും സഹായവും പിന്തുണയും ലഭിച്ചിട്ടുണ്ട്. നിലവിൽ രണ്ട് പമ്പ് സെറ്റുകൾ പ്രവർത്തിപ്പിക്കാൻ കഴിയും. അപ്പോൾ നിലവിലുണ്ടായിരുന്ന പഴയ സ്റ്റാറ്റസിലേയ്ക്ക് വരാം. മൂന്നാമതൊരു പമ്പ് സെറ്റ് അന്ന് സ്റ്റാൻഡ് ബൈ ആയിരുന്നു. പിന്നീടാണ് മൂന്ന് പമ്പ് സെറ്റുകളും ഒരുമിച്ച് പ്രവർത്തിപ്പിച്ചുതുടങ്ങിയത്. ഈ മൂന്ന് പമ്പ് സെറ്റുകളിലൂടെ ഏതാണ്ട് 85 MLD ജലം വിതരണം ചെയ്യാനാകുമ്പോൾ ഏറെക്കുറെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകും. 8-03-2023 വരെ, മൂന്നാമത്തെ പമ്പ് സെറ്റുംകൂടി പ്രവർത്തക്ഷമമാകുന്നതുവരെ ജലവിതരണത്തിന് തടസ്സം നേരിടുന്ന ഭാഗങ്ങളിൽ ഇപ്പോഴത്തെപ്പോലെതന്നെ വെള്ളം എത്തിക്കാനാവശ്യമായ നടപടി തുടരാം. മൂന്ന് പമ്പ് സെറ്റുകൾ ഒരുമിച്ച് പ്രവർത്തിപ്പിക്കാൻ തീരുമാനമെടുത്താൽ ഒരു സ്റ്റാൻഡ് ബൈ പമ്പിന്റെ കുറവുണ്ടാകുമെന്നതാണ് മറ്റൊരു പ്രധാന വിഷയം. ആ കുറവ് ഉണ്ടാകാതിരിക്കാൻ പുതിയൊരു പമ്പ് വാങ്ങിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. താമസിയാതെ അതിന് സ്പെഷ്യൽ സാംഗ്ഷൻ നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഒരു സ്റ്റാൻഡ് ബൈ പമ്പ് സെറ്റ് കൊച്ചിക്കുവേണ്ടി വാങ്ങിക്കുന്നതിനാവശ്യമായ നടപടി

സ്വീകരിക്കാവുന്നതാണ്. ഇന്ന് രാവിലെ കൊച്ചിയിൽ പൊട്ടിയ പൈപ്പിനെക്കുറിച്ച് മനസ്സിലാക്കിയിട്ടില്ല. എവിടെയാണെങ്കിലും വളരെ പെട്ടെന്നുതന്നെ അത് റിപ്പയർ ചെയ്യുന്നതിന് നിർദ്ദേശം നൽകാം. കുടിവെള്ളവിതരണം സുഗമമായി കൊണ്ടുപോകുന്നതിന് കൂട്ടായ പരിശ്രമം ആവശ്യമാണ്. കൊച്ചിക്ക് ഒരു പുതിയ പദ്ധതി ഉണ്ടായേ മതിയാകൂ; അക്കാര്യം ഞാൻ കഴിഞ്ഞ ദിവസം സഭയെ ബോധ്യപ്പെടുത്തുകയും ചെയ്തിരുന്നു; അതിന് നമുക്ക് കൂട്ടായി ആലോചിക്കാവുന്നതാണ്. ആലുവയിൽ പുതിയൊരു പദ്ധതി രൂപപ്പെട്ടാൽ മാത്രമേ കൊച്ചിയിലെ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. അതിനൊരു തീരുമാനം നമുക്കെല്ലാവർക്കുംകൂടി എടുക്കേണ്ടതായിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ബഹുമാന്യരായ ധനകാര്യ - വ്യവസായ വകുപ്പുമന്ത്രിമാരുമായി ഒന്നാംഘട്ട ചർച്ച നടത്തിയിട്ടുണ്ട്. ആ നിലയിൽ കൊച്ചിയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാനാവശ്യമായ പുതിയൊരു പദ്ധതിക്ക് നേതൃത്വം നൽകാവുന്നതാണ്.

(3)<u>ഗാർഹിക കണക്ഷനുകളിലൂടെയുള്ള ജലവിതരണം</u>

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, വരൾച്ച ആരംഭിച്ചതോടുകൂടി രൂക്ഷമായിക്കൊണ്ടിരിക്കുന്ന കുടിവെള്ള പ്രശ്നപരിഹാരത്തിനുള്ള

നിർദ്ദേശമടങ്ങുന്ന സബ്മിഷനാണ് ഞാൻ സഭയിൽ ഉന്നയിക്കുന്നത്. കേരളത്തിന്റെ പ്രത്യേക ഭൂപ്രകൃതിമൂലം നൂറ്റാണ്ടുകളോളം ജലസുഭിക്ഷതയിൽ കഴിഞ്ഞവരാണ് നാം. പക്ഷേ ഇന്ന് ജലം തികച്ചും ദുർലഭമായൊരു വസ്തുവായി മാറിയിരിക്കുന്നു. മാറി വന്ന കാലാവസ്ഥാക്രമം കൊടിയ വരൾച്ച നമുക്ക് സമ്മാനിച്ചപ്പോഴാണ് ജലം അമൂല്യമാണെന്ന തിരിച്ചറിവ് വന്നു തുടങ്ങിയത്. ഈ മാറ്റമുൾക്കൊള്ളാൻ കേരളീയർക്ക് ഇന്നും കഴിഞ്ഞിട്ടില്ല. ജലത്തിന്റെ കാര്യത്തിൽ കുറ്റകരമായ പാഴാക്കലും അമിതമായ ഉപയോഗവും നാം ഇന്നും തുടർന്നുപോരുന്നുണ്ട്. അതിനാൽ ജലം ഉപയോഗിക്കുന്ന നാനാരംഗങ്ങളിലും അമിതവും തെറ്റായതുമായ ഉപയോഗം വ്യാപകമായുണ്ട്. ലഭ്യമായ ജലത്തെ മെച്ചപ്പെട്ട രീതിയിൽ എങ്ങനെ ഉപയോഗിക്കാമെന്ന അടിസ്ഥാന മാനേജ്മെന്റ് സങ്കൽപ്പം നാം പലപ്പോഴും മറന്നുപോകുന്നുണ്ട്. വിവിധ ഏജൻസികൾ നടത്തിയിട്ടുള്ള പഠനത്തിൽ ഗാർഹിക കണക്ഷനുകളിൽ നിന്നുള്ള ചോർച്ചയാണ് കണക്കിൽപ്പെടാത്ത ജലനഷ്ടത്തിന് പ്രധാന കാരണങ്ങളിലൊന്നായി കണ്ടെത്തിയിട്ടുള്ളത്. ജല അതോറിറ്റി സംഭരിക്കുകയും വിതരണശേഷം ബിൽ ചെയ്യുകയും ചെയ്യുന്ന വെള്ളത്തിന്റെ വ്യത്യാസം അടിസ്ഥാനപ്പെടുത്തിയുള്ള കണക്കിലൂടെയാണ് ജലനഷ്ടത്തിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നത്. ഇത്തരത്തിൽ ജലനഷ്ടം

ഉണ്ടാകുന്നതിനാൽ മോഷ്ടിക്കപ്പെടുന്ന ജലത്തിന്റെ അളവ് കണ്ടെത്താൻ കഴിയുന്നില്ല. വരുമാനരഹിത ജലത്തിന്റെ അളവ് കുറയ്ക്കാൻ വിവിധ തലങ്ങളിലുള്ള നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും മിക്കതും കാര്യക്ഷമമല്ല. ഇതിന് പരിഹാരമായി മീറ്റർ പോയിന്റിനടുത്തുതന്നെ തറ നിരപ്പിൽ വാട്ടർ ടാങ്ക് സ്ഥാപിച്ച് അവിടെനിന്നും ഉപഭോക്താവിന്റെ ആവശ്യപ്രകാരം ഏത് പ്രതലത്തിലേയ്ക്കാണോ അവിടേയ്ക്ക് പമ്പുപയോഗിച്ച് ജലം എത്തിക്കുന്നതിനുള്ള സാധ്യതകൾ വിശദപഠനത്തിന് വിധേയമാക്കേണ്ടതുണ്ട്. ഉപഭോക്താവിന്റെ താല്പര്യമനുസരിച്ച് മെക്കാനിക്കൽ-ഇലക്ട്രിക്കൽ-സോളാർ പമ്പുകൾ ഉപയോഗിക്കാവുന്നതാണ്. ഇപ്രകാരം ചെയ്യുമ്പോൾ ഉപഭോക്താക്കൾക്കുണ്ടാകുന്ന വൈദ്യുതി ചെലവ്, വരുമാനരഹിത ജലത്തിന്റെ കുറവ്, ലഭ്യമാകുന്ന വൈദ്യുതിയേക്കാൾ കുറവാണോ കൂടുതലാണോയെന്ന ശാസ്ത്രീയപഠനം എന്നിവ നടത്തേണ്ടതുണ്ട്. ഇതിലൂടെ വിതരണ ശൃംഖലയുടെ പ്രഷർ റേറ്റ് കുറയ്ക്കുന്നതിനും തൻമൂലം വിതരണ ശൃംഖലയിലുണ്ടാകുന്ന വരുമാനരഹിത ജലത്തിന്റെ അളവ് കുറയ്ക്കാനും കഴിയുമെന്ന് മാത്രമല്ല ഉയർന്ന പ്രദേശങ്ങളിൽ താമസിക്കുന്ന ഉപഭോക്താക്കൾക്ക് തുടർച്ചയായ കുടിവെള്ള ലഭ്യത ഉറപ്പുവരുത്താനും സാധിക്കും. ഗാർഹികരംഗത്തെ ഉപഭോഗം ആകെ ഉപയോഗത്തിന്റെ

ശതമാനക്കണക്കിൽ വളരെ കുറവാണെങ്കിലും രൂക്ഷമായ ജലപ്രതിസന്ധി നേരിടാൻ ഓരോ തുള്ളിയും അമൂല്യമായി കരുതേണ്ടതാണ്. അപ്രകാരം സംരക്ഷിക്കപ്പെടുന്ന ഓരോ തുള്ളി വെള്ളവും വലിയ അളവായി തീരുകയും പ്രശ്നപരിഹാരത്തിന് വലിയ സംഭാവന നൽകുകയും ചെയ്യും. ഈ സാഹചര്യത്തിൽ ഗാർഹിക കണക്ഷനുകളിലൂടെയുള്ള വരുമാനരഹിത ജലത്തിന്റെ അളവ് കുറയ്ക്കുന്നതിനും അതിലൂടെ കൂടുതൽ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, സഭയിൽ നല്ലനിലയിൽ ചിന്തിക്കേണ്ട പ്രധാനപ്പെട്ടൊരു വിഷയമാണ് ബഹുമാനപ്പെട്ട എം.എൽ.എ. സബ്മിഷനിലൂടെ ഉന്നയിച്ചിരിക്കുന്നത്. ഇന്ന് കേരള ജല അതോറിറ്റിയുടെ ജലവിതരണ സംവിധാനം മുഴുവനായും മർദ്ദാധിഷ്ഠിത പൈപ്പ്ലൈൻ സംവിധാനത്തിലൂടെയാണ് നടക്കുന്നത്. ഇത്തരം ഗാർഹിക/ ഗാർഹികേതര വിതരണ പൈപ്പുകൾ, പ്രധാന വിതരണ പൈപ്പുകൾ എന്നിവയിലെ ലീക്കുകൾ കുറയ്ക്കുന്നതിന് പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്. ആയത് മുൻനിർത്തിയാണ് പൈപ്പ് പോളിസി തയ്യാറാക്കിയിട്ടുള്ളത്. അതോറിറ്റി വാങ്ങുന്ന പൈപ്പുകളിൽ

തേർഡ് പാർട്ടി ഇൻസ്പെക്ഷൻ നിലവിൽ ഉറപ്പാക്കുന്നുണ്ട്. ഗാർഹിക കണക്ഷൻ നൽകുന്നതുസംബന്ധിച്ച് വളരെ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. കണക്ഷനുകൾ നൽകുന്നത് അതോറിറ്റി നിഷ്കർഷിക്കുന്ന ലൈസൻസ്ഡ് പ്ലംബർമാർ മുഖേന കുറ്റമറ്റ രീതിയിലാണ്. ഇതിന്റെ രൂപകൽപ്പന ഒരു നിശ്ചിത മർദ്ദം താങ്ങാവുന്ന വിധത്തിലാണ് ചെയ്യാറുള്ളത്. നിലവിൽ പൈപ്പുകൾ പൊട്ടുന്നതുമൂലമുണ്ടാകുന്ന ജലനഷ്ടമാണ് കൂടുതലായും കാണുന്നത്. റണ്ണിംഗ് കോൺട്രാക്ട് മുഖേനയും ബ്ലൂ ബ്രിഗേഡ് സംവിധാനം ഉപയോഗിച്ചും പൊട്ടിയ പൈപ്പിന്റെ ഭാഗം അടിയന്തരമായി മാറ്റി സ്ഥാപിച്ച് ജലനഷ്ടം ഒഴിവാക്കിവരുന്നു. ബ്ലൂ ബ്രിഗേഡ് സംവിധാനം ഇപ്പോൾ സംസ്ഥാനത്ത് എല്ലാ ഡിവിഷൻ ഓഫീസുകളിലും നടപ്പാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള അടിയന്തര ഇടപെടലുകളിലൂടെ ജലനഷ്ടം കുറയ്ക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. റണ്ണിംഗ് കോൺട്രാക്ടർമാർക്ക് ഫണ്ടിന്റെ അഭാവംകാരണം പണം നൽകാൻ കാലതാമസം നേരിട്ടിട്ടുള്ളത് ചില സമയങ്ങളിൽ അറ്റകുറ്റപ്പണികളെ ബാധിക്കുകയും ജലനഷ്ടമുണ്ടാകാൻ കാരണമാകുകയും ചെയ്തിട്ടുണ്ട്.

വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ 40% വരുമാനരഹിത ജലമായാണ് ഏകദേശം കണക്കാക്കുന്നത്. ഇതിൽ

പൈപ്പുകളിലൂടെയും മറ്റുമുള്ള ചോർച്ചമൂലവും മീറ്റർ തകരാർ, മോഷണം തുടങ്ങിയ കാരണങ്ങൾകൊണ്ട് ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്താൻ കഴിയാത്തതുമൂലവുമുള്ള നഷ്ടം ഉൾപ്പെടുന്നുണ്ട്. വരുമാനരഹിത ജലത്തിന്റെ അളവ് കുറയ്ക്കുന്നതിന്റെ ആദ്യപടിയായി നഷ്ടം കൃത്യമായി കണക്കാക്കേണ്ടതുണ്ട്. ആയതിനാൽ ഉല്പാദന കേന്ദ്രത്തിലും പ്രധാന വിതരണലൈനുകളിലും ബൾക്ക് വാട്ടർ മീറ്റർ സ്ഥാപിക്കേണ്ടതുണ്ട്. ആയത് ഘട്ടംഘട്ടമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രധാന പൈപ്പ് ലൈനുകളിലും ഉപലൈനുകളിലും ഭൂമിയുടെ മുകൾതട്ടിലേയ്ക്ക് വരാതെ മണ്ണിനടിയിലുണ്ടാകുന്ന ചോർച്ച കണ്ടെത്തുന്നതിനായി ലീക്ക് ഡിറ്റക്ഷൻ ഉപകരണങ്ങളുപയോഗപ്പെടുത്തിവരുന്നു. കൂടാതെ പ്രധാന ലൈനുകളിൽ ഫ്ലോ മീറ്ററുപയോഗിച്ച് ജലത്തിന്റെ അളവ് നിശ്ചയിച്ച് ലീക്ക് കണ്ടുപിടിക്കുന്ന മാർഗ്ഗവും സ്വീകരിക്കാറുണ്ട്. പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന ലീക്കുകളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യാനും ലീക്കുകൾ പരിഹരിക്കപ്പെടുന്നത് നിരീക്ഷിക്കുന്നതിനുമായി കേന്ദ്രകാര്യാലയത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരാതിപരിഹാര കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. വാണിജ്യ നഷ്ടത്തിന്റെ തോത് കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ ഒരു മീറ്റർ പോളിസിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കൺസ്യൂമർ പൈപ്പിലെ ജലനഷ്ടം

ഉടനടി കണ്ടെത്തുന്നതിന് സഹായകമാകുന്ന ഓട്ടോമാറ്റിക് മീറ്റർ റീഡിംഗ് സംവിധാനം പഠിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി നടപ്പാക്കുന്നതിനാണ് നിലവിൽ ആലോചിക്കുന്നത്. ജലനഷ്ടം കുറച്ചുകൊണ്ടുവരേണ്ടത് അത്യാവശ്യമാണ്. ഇന്നത്തെ പ്രായോഗിക സമീപനത്തിന്റെയും സാങ്കേതികമായി ഉണ്ടായിട്ടുള്ള മാറ്റത്തിന്റെയുംകൂടി പശ്ചാത്തലം പരിഗണിച്ച് ഏതെല്ലാം മാർഗ്ഗം സ്വീകരിക്കാമെന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുവരുന്നുണ്ട്.

## (4) സർവ്വകലാശാലകളിലെ ഗവേഷണ വിഷയങ്ങൾ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കേരളത്തിലെ സർവ്വകലാശാലകളിൽ ശാസ്ത്ര-സാങ്കേതിക-മാനവിക മുന്നേറ്റത്തിനുതകുന്ന ജനോപകാരപ്രദമായ വിഷയങ്ങളിലുള്ള ഗവേഷണങ്ങൾക്ക് പ്രോൽസാഹനം നൽകുന്നതിനും പ്ലീജറിസം തടയുന്നതിനും ഗവേഷണ പ്രബന്ധങ്ങളുടെ നിലവാരം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് ഞാൻ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. ഗവേഷണ പ്രബന്ധങ്ങളിലെ പിഴവുകളും പ്ലീജറിസവും അടുത്തിടെ ഏറെ ചർച്ച ചെയ്യപ്പെടുന്നവയാണ്. സംസ്ഥാനത്ത് സർവ്വകലാശാലകൾ ഗവേഷണ പഠനത്തിലും ബിരുദാനന്തര ബിരുദ

പഠനത്തിനും വളരെ ഉദാസീനതയാണ് കാണിക്കുന്നത്. കേരള സർവ്വകലാശാല പ്രതിവർഷം മുന്നൂറിലധികം ഗവേഷണ ബിരുദങ്ങളാണ് നൽകുന്നത്. സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകളുടെയും കണക്കെടുക്കുമ്പോൾ അത് പ്രതിവർഷം മൂവായിരത്തിലധികമായി വരും. ഗവേഷണം ചിലർക്ക് ഒരു ഫാഷനായി മാറിയതോടെ ഗവേഷണ വിഷയങ്ങൾ വെറും തട്ടിക്കൂട്ടും പ്രഹസനവുമായി മാറുകയാണ്. മുൻകാലങ്ങളിൽ മൂല്യനിർണ്ണയത്തിനയയ്ക്കുന്ന പല പ്രബന്ധങ്ങളും നിലവാരക്കുറവിന്റെ പേരിൽ തിരിച്ചയച്ചിരുന്നുവെങ്കിൽ ഇന്ന് അത്തരം സംഭവങ്ങളുണ്ടാകുന്നില്ലയെന്നതാണ് യാഥാർത്ഥ്യം. പ്രബന്ധ പരിശോധനയ്ക്കുള്ള വിഷയ വിദഗ്ദ്ധരുടെ പാനൽ, പരാതി പരിഹാരം എന്നിവയിലൊക്കെ സിൻഡിക്കേറ്റുകളുടെ അധികാരം ദുരുപയോഗം ചെയ്യപ്പെടുന്നുണ്ടെന്നതാണ് ആക്ഷേപം. പ്രബന്ധം വിലയിരുത്തപ്പെടേണ്ട വിദഗ്ദ്ധരും ഗൈഡും തെറ്റുകൾ കണ്ടെത്താൻ മെനക്കെടാത്ത സാഹചര്യത്തിൽ ഗവേഷണം വെറും പ്രഹസനമായി മാറുകയാണ്. സംസ്ഥാനത്ത് ഗവേഷണ കേന്ദ്രങ്ങളിൽ റിസർച്ച് മെത്തഡോളജി പോലും കാര്യമായി പരിഗണിക്കുന്നില്ല. ഗവേഷണ പുരോഗതിയും നിലവാരവും വിലയിരുത്താൻ ജെ.എൻ.യു. പോലുള്ള സ്ഥാപനങ്ങളിൽ അക്കാദമിക

സമിതികളുള്ളപ്പോൾ ഇവിടെ ഗൈഡിന്റെ മേൽനോട്ടത്തിനപ്പുറം മറ്റൊരു സംവിധാനവുമില്ലെന്നതാണ് യാഥാർത്ഥ്യം. ജെ.എൻ.യു. പോലുള്ള മറ്റു സംസ്ഥാനങ്ങളിലെ സർവ്വകലാശാലകളിൽ അഞ്ച് വർഷത്തിനുള്ളിൽ പ്രബന്ധം സമർപ്പിച്ചില്ലെങ്കിൽ ബിരുദം ലഭിക്കില്ലെന്നതാണ് നിയമം. എന്നാൽ ഇവിടെ കാലാവധി അനന്തമായി നീട്ടി നൽകുകയാണ്. ഒരുതവണ രജിസ്ട്രേഷൻ മുടങ്ങിയാൽ, നിശ്ചിത ഫീസ് അടച്ചാൽ, എത്ര വർഷത്തേയ്ക്ക് വേണമെങ്കിലും ഗവേഷണം തുടരാമെന്ന അവസ്ഥയാണ്. പത്തും പതിനഞ്ചും വർഷമെടുത്ത് ഗവേഷണം പൂർത്തിയാക്കുന്നവരുണ്ട്. ഗവേഷണ പ്രബന്ധങ്ങളിലെ മോഷണവും തെറ്റുകളും കണ്ടെത്താൻ കേരളത്തിലെ ഒരു സർവ്വകലാശാലയ്ക്കും ഫലപ്രദമായ സംവിധാനമില്ല. പകർത്തുന്ന ഭാഗത്തിന്റെ ശൈലിയും ഭാഷയും മാറ്റുകയോ ആശയവും കണ്ടെത്തലും കടമെടുക്കുകയോ ചെയ്താൽ സോഫ്റ്റ്‌വെയർ പരിശോധനയിൽ കണ്ടെത്താൻ സാധിക്കുകയില്ല. മലയാളവും സംസ്കൃതവുമുൾപ്പെടെയുള്ള പ്രാദേശിക ഭാഷകളുമായി ബന്ധപ്പെട്ട പ്രബന്ധങ്ങളിലെ മോഷണം കണ്ടെത്താൻ മതിയായ സോഫ്റ്റ്‌വെയർ നിലവിലില്ല. വ്യാപകമായ മോഷണവും പകർത്തിയെഴുത്തും നടക്കുന്നത് പ്രാദേശിക ഭാഷകളിലാണ്. യു.ജി.സി. ചട്ടമനുസരിച്ച് ഗവേഷണ പ്രബന്ധത്തിൽ പരമാവധി 10

ശതമാനം മാത്രമാണ് മറ്റുള്ളവയിൽ നിന്നും നമുക്ക് എടുക്കാൻ സാധിക്കുന്നത്. എന്നാൽ ഇവിടെ ഈ പരിധി വ്യാപകമായി ലംഘിക്കപ്പെടുകയാണ്. ഈയിടെ പി.എച്ച്.ഡി. നൽകിയ പ്രബന്ധത്തിന്റെ 95 ശതമാനം വാക്യങ്ങളും പകർത്തിയെഴുതിയതാണെന്ന ആക്ഷേപം നിലനിൽക്കുകയാണ്. പ്ലീജറിസം അനുവദനീയമായ പരിധിക്കുള്ളിലാണോ എന്ന സർട്ടിഫിക്കറ്റുകൂടി വച്ചാണ് ഗവേഷണപ്രബന്ധം മൂല്യനിർണ്ണയത്തിനായി സമർപ്പിക്കുന്നത്. എന്നാൽ തെറ്റുകൾ ചൂണ്ടിക്കാണിക്കപ്പെടേണ്ടവരുടെയും കണ്ടുപിടിക്കപ്പെടേണ്ടവരുടെയും ഒത്താശയും പരിശോധന വെറും ചടങ്ങായി മാറുകയും ചെയ്താൽ മോഷണവും തെറ്റുകളുമുണ്ടെങ്കിലും പ്രബന്ധങ്ങൾ അംഗീകരിക്കപ്പെടുന്ന സ്ഥിതി ഉണ്ടാകുകയാണ്. സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലും പ്ലീജറിസം തടയുന്നതിന് സാങ്കേതിക സഹായമടക്കമുള്ള ഫലപ്രദമായ നടപടി സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. ലക്ഷക്കണക്കിന് രൂപയാണ് യു.ജി.സി.യും സർവ്വകലാശാലകളും ഇതിനുവേണ്ടി ചെലവഴിക്കുന്നത്. വിദേശ വിദ്യാർത്ഥികളെയും വിദേശ സർവ്വകലാശാലകളെയും ഇവിടേയ്ക്കാകർഷിക്കാൻ ശ്രമിക്കുന്ന ഈ വേളയിൽ നമ്മുടെ സർവ്വകലാശാലകളിൽ നിന്നും നേടുന്ന ഗവേഷണ പ്രബന്ധങ്ങളുടെ

നിലവാരവും സാധ്യതയും മൂല്യവും ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്. ജനോപകാരപ്രദമായ വിഷയങ്ങളിലുള്ള ഗവേഷണങ്ങൾക്ക് പ്രോൽസാഹനം നൽകുന്നതിനും ശാസ്ത്ര-സാങ്കേതിക-മാനവിക മുന്നേറ്റത്തിനുതകുന്ന വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിനും സഹായകരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും പ്ലീജറിസം തടയുന്നതിനും ഗവേഷണ പ്രബന്ധങ്ങളുടെ നിലവാരവും ആധികാരികതയും ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഗവേഷണ പ്രബന്ധങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനും അവയുടെ നിലവാരം ഉറപ്പാക്കുന്നതിനും പ്ലീജറിസം തടയുന്നതിനും കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ നിരവധി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഗവേഷണ വിദ്യാർത്ഥിയും മാർഗ്ഗദർശിയും ചേർന്ന് ചർച്ച ചെയ്താണ് ഗവേഷണ വിഷയം തീരുമാനിക്കുന്നത്. ഗവേഷണ വിഷയത്തിന്റെ പ്രാധാന്യം, രീതിശാസ്ത്രം എന്നിവ വിലയിരുത്തി പരിഷ്കരിക്കുന്നുണ്ടെന്ന് ഗവേഷണ ഉപദേശക സമിതി ഉറപ്പുവരുത്തുന്നു. ഗവേഷണാരംഭം മുതൽ ഓരോ ആറുമാസം കൂടുമ്പോഴും ഗവേഷണ പുരോഗതി വിലയിരുത്തുന്നുണ്ട്. കൃത്യമായി നിർവ്വചിക്കപ്പെട്ട പ്രോഗ്രസ് കമ്മിറ്റിയാണ് അത്തരം

പരിശോധന നടത്തുന്നത്. യൂണിവേഴ്സിറ്റി ലൈബ്രറികളിൽനിന്നും പ്ലീജറിസം പരിശോധന സംബന്ധിച്ച സർട്ടിഫിക്കറ്റുകൾക്കൊപ്പമാണ് ഗവേഷകർ തങ്ങളുടെ ഗവേഷണ പ്രബന്ധങ്ങൾ സർവ്വകലാശാലകളിൽ സമർപ്പിക്കേണ്ടത്. ഇതിനായി വിവിധ സർവ്വകലാശാലകളിൽ iThenticate, Ouriginal, Urkund, Turnitin തുടങ്ങിയ സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നുണ്ട്. മലയാളം, ഹിന്ദി, സംസ്കൃതം, സിറിയക് തുടങ്ങിയ ഭാഷാ വിഷയങ്ങളിൽ plagiarism പരിശോധനയ്ക്ക് സോഫ്റ്റ്‌വെയർ ലഭ്യമല്ലാത്തതിനാൽ plagiarism percentage അനുവദനീയമായ പരിധിക്കുള്ളിലാണെന്ന ഗവേഷണ മാർഗ്ഗദർശിയുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതുണ്ട്. ദേശീയ അന്തർദേശീയതലത്തിലെ വിഷയ വിദഗ്ധരുൾപ്പെട്ട പാനലാണ് പ്രബന്ധങ്ങളുടെ മൂല്യനിർണ്ണയം നടത്തുന്നത്. തുറന്ന വാചാപരീക്ഷയിൽ മൂല്യനിർണ്ണയ കമ്മിറ്റിക്ക് പുറമെ പൊതുജനങ്ങൾക്കും പങ്കെടുത്ത് ചോദ്യങ്ങൾ ചോദിക്കാവുന്നതാണ്. ഗവേഷകരുടെ കണ്ടെത്തലുകൾ സ്റ്റാർട്ടപ്പ് മിഷനുമായി സംയോജിപ്പിച്ച് ഇൻഡസ്ട്രിയൽ തലങ്ങളിലേക്ക് എത്തിക്കാനുള്ള സംരംഭങ്ങളും ഈ അവസരത്തിൽ പ്രോത്സാഹിപ്പിച്ചുവരുന്നു. ഗവേഷണങ്ങളിലെ കണ്ടെത്തലുകൾ പ്രായോഗിക ജീവിതത്തിനുതകുന്ന വിധത്തിൽ

രൂപപ്പെടുത്തുന്നതിനായി സർവ്വകലാശാലകളിൽ Translational research centre-കൾ ആരംഭിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരികയാണ്. അവാർഡ് ചെയ്യപ്പെട്ട Ph.D തീസീസുകൾ Shodhganga പോലുള്ള വെബ്സൈറ്റുകളിൽ ലഭ്യമാണ്. നവകേരള സൃഷ്ടിക്കുയോജ്യമായ ഗവേഷണങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന് മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് പദ്ധതി നടപ്പാക്കിവരികയാണ്. രാജ്യത്തിനകത്തും പുറത്തുമുള്ള കേരളീയരായ പ്രഗത്ഭ ഗവേഷകരെ ആദരിക്കുന്നതിനും നൂതനവും വ്യത്യസ്തവുമായ ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി സർക്കാർ പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സർവ്വകലാശാലകൾക്കുള്ളിൽ Centre of Excellence ആരംഭിക്കുന്നതിനായി രൂപീകരിച്ച advisory committee-യിൽ സമർപ്പിച്ച ശിപാർശകൾ സർക്കാർ പരിശോധിച്ചുവരികയാണ്. പുതുതായി അദ്ധ്യാപക മേഖലയിലേക്ക് കടന്നുവരുന്ന അദ്ധ്യാപകർക്ക് ഗവേഷണത്തിൽ പ്രോത്സാഹനം നൽകുന്നതിനും ഗവേഷക വിദ്യാർത്ഥികൾക്ക് ഉയർന്ന ഗുണനിലവാരം പുലർത്തുന്ന ജേർണലുകളിൽ ആർട്ടിക്കിൾ പ്രസിദ്ധീകരിക്കുന്നതിനും ധനസഹായം നൽകിവരുന്നു. Affiliated കോളേജുകൾക്ക് ജേർണൽ പബ്ലിക്കേഷനുവേണ്ടി ഗ്രാന്റ്

നൽകിവരുന്നു. ഭാരത് എഡ്യൂക്കേഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഇ-ജേർണൽ കൺസോർഷ്യം ഇതിനകം രൂപീകരിച്ചിട്ടുണ്ട്. പേറ്റന്റുകൾക്ക് അപേക്ഷ സമർപ്പിക്കാനും അവ നേടിയെടുക്കാനും സർവ്വകലാശാലാ തലത്തിൽ പേറ്റന്റ് സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. ദേശീയ അന്തർദേശീയ തലങ്ങളിൽ മികച്ച സർവ്വകലാശാലകളുമായും ഗവേഷണ സ്ഥാപനങ്ങളുമായും വ്യവസായ സംഘടനകളുമായും അവിടത്തെ വിദഗ്ധരുമായും ചേർന്ന് വിവിധ മേഖലകളിൽ സെമിനാറുകളും വർക്ക്ഷോപ്പുകളും നടത്തിവരുന്നുണ്ട്. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഗവേഷണ പ്രബന്ധം സമർപ്പിക്കുന്നതിന് സമയപരിധി അഞ്ചുവർഷമാണെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കുകയുണ്ടായി. അഞ്ചുവർഷത്തിന് ശേഷം Re-register ചെയ്യുന്ന വിദ്യാർത്ഥികൾക്ക് എപ്പോൾ വേണമെങ്കിലും പ്രബന്ധം സമർപ്പിക്കാവുന്നതാണ് എന്നതാണ് അവിടത്തെ നിയമം. കേരളത്തിലെ സമർപ്പിക്കപ്പെടുന്ന പ്രബന്ധങ്ങളിൽ ഭൂരിഭാഗവും ഉന്നതനിലവാരം പുലർത്തുന്നവയാണ്. സാമാന്യവൽക്കരിച്ച് അടച്ചാപേക്ഷിച്ച് ഗവേഷകരുടെ മനോവീര്യം തകർക്കരുതെന്ന് അഭ്യർത്ഥിക്കുകയാണ്.

## (5) സാക്ഷരത പ്രേരക്മാരുടെ ഓണറേറിയം

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കഴിഞ്ഞ ഇരുപത്തിനാലു വർഷമായി തുടർ വിദ്യാഭ്യാസരംഗത്ത് പ്രവർത്തിച്ചുവരുന്ന സാക്ഷരത പ്രേരക്മാരുടെ ജീവിതം ഇന്ന് ദുരിതപൂർണ്ണമാണ്. 1713 പ്രേരക്മാരാണ് നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്. അവർ സെക്രട്ടേറിയറ്റിനുമുന്നിൽ സമരം ആരംഭിച്ചിട്ട് ഇന്ന് നൂറുദിവസം പൂർത്തിയാകുകയാണ്. 2009-ൽ കേന്ദ്രസർക്കാരിന്റെ ഫണ്ട് നിലച്ചതോടെ ഈ പദ്ധതിതന്നെ അവതാളത്തിലായതാണ്. എന്നാൽ അന്നത്തെ ഇടതുപക്ഷ ഗവൺമെന്റ് ഈ മേഖലയെ സംരക്ഷിച്ചു നിർത്തി. 2017-വരെയുള്ള കാലത്ത് വളരെ കുറഞ്ഞ ഓണറേറിയമാണ് പ്രേരക്മാർക്ക് ലഭിച്ചുകൊണ്ടിരുന്നത്. എന്നാൽ പ്രാരംഭഘട്ടത്തിൽനിന്നും വ്യത്യസ്തമായി ഇവർ മുഴുവൻ സമയ പ്രവർത്തകരായി മാറിയ പശ്ചാത്തലത്തിൽ അവരുടെ വിഷമതകളെല്ലാം കണ്ടറിഞ്ഞ 2016-ലെ എൽ.ഡി.എഫ്. ഗവൺമെന്റ് 2017 ജനുവരി 7 മുതൽ വേതന വർദ്ധനവ് നടപ്പാക്കി. 10500, 12000, 15000 എന്നീ മൂന്നു തലങ്ങളിലാണ് അവരുടെ വേതനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചിരുന്നത്. എന്നാൽ 2017 ഏപ്രിൽ മുതൽ വേതന വിതരണത്തിന്റെ ചുമതല സാക്ഷരതാ മിഷൻ നേരിട്ട് ഏറ്റെടുത്തതോടുകൂടി

പ്രേരക്മാരുടെ സ്ഥിതി പരിതാപകരമായി മാറി. വേതന തുക സാക്ഷരത മിഷന് നൽകാനാകാതെ വരികയും അവർ അത് ദിവസ വേതനമാക്കി അവധി ദിവസങ്ങളിലെ വേതനം നല്കാതെ ഓരോ മാസവും 1,750 മുതൽ 2,500 രൂപവരെ വെട്ടിക്കുറയ്ക്കുകയും ചെയ്തു. സാക്ഷരതാ മിഷന്റെ തുല്യതാ രജിസ്ട്രേഷനിൽ അശാസ്ത്രീയമായ ടാർജറ്റ് വ്യവസ്ഥയിൽ അടിച്ചേൽപ്പിച്ചതിന്റെ ഫലമായി ഇവരുടെ വേതനത്തിൽ ഭീമമായ വെട്ടിക്കുറവാണ് വന്നത്. 2,500 രൂപ മുതൽ 6,000 രൂപവരെയാണ് അവർക്ക് ഇന്ന് വേതനമായി ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ 2022 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരത്തക്ക വിധത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിലേക്കുള്ള പുനർവിന്യാസ ഉത്തരവ് നടപ്പാക്കുകയും തത്വത്തിൽ അത് അംഗീകരിക്കുകയും ചെയ്തതാണ്. 2022 മാർച്ച് 31-ന് ഈ ഉത്തരവ് ഇറങ്ങി. പക്ഷേ മൂന്നുമാസത്തിനകം സേവന വേതന വ്യവസ്ഥ തയ്യാറാക്കുന്നതിനും നടപ്പാക്കുന്നതിലുമുണ്ടായിട്ടുള്ള വീഴ്ച തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും വേതനം ലഭ്യമാകാത്തതുവഴി പ്രേരക്മാരുടെ ജീവിതത്തിനും ഏറെ പ്രതിസന്ധി സൃഷ്ടിച്ചു. മൂന്നുമാസത്തിനകം സമർപ്പിച്ച് നടപ്പാക്കാൻ ഉത്തരവിട്ട റിപ്പോർട്ട് പത്തുമാസം പിന്നിട്ടിട്ടും അംഗീകരിച്ച് നടപ്പാക്കിയിട്ടില്ല. ഈ ഉത്തരവ്

നടപ്പാക്കുന്നതിനുണ്ടായിട്ടുള്ള കാലതാമസത്തിന്റെ ഭാഗമായാണ് മാസങ്ങളായി വേതനംപോലും ലഭിക്കാതെ തുച്ഛവരുമാനക്കാരായ പ്രേരക്മാർ സമരത്തിന് തയ്യാറാകേണ്ട സാഹചര്യമുണ്ടായത്. 92 ശതമാനവും വനിതകളായിട്ടുള്ള പ്രേരക്മാർ നടത്തിക്കൊണ്ടിരിക്കുന്ന സമരം നൂറുദിവസം പൂർത്തിയാകുകയാണ്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന പാവപ്പെട്ടതും തുച്ഛവരുമാനക്കാരുമായിട്ടുള്ള പ്രേരക്മാരുടെ തദ്ദേശവകുപ്പിലേക്കുള്ള പുനർവിന്യാസ ഉത്തരവ് അടിയന്തരമായി നടപ്പാക്കുന്നതിനുവേണ്ടി ഗവൺമെന്റ് നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2023 ജനുവരി 17-ലെ കണക്കുപ്രകാരം സംസ്ഥാനത്തൊട്ടാകെ 1699 വിദ്യാ കേന്ദ്രങ്ങളിലായി 1698 സാക്ഷരതാ പ്രേരക്മാർ പ്രവർത്തിക്കുകയാണ്. ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾ, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി തലങ്ങളിലാണ് ഇവർ പ്രവർത്തിച്ചുവരുന്നത്. ആദ്യഘട്ടത്തിൽ ഒരു വിഭാഗം പ്രേരക്മാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവർക്ക് 300/- രൂപയായിരുന്നു ഓണറേറിയം നൽകിയിരുന്നത്. ഒരുഘട്ടത്തിൽ ഇവരെ മൂന്നുവിഭാഗമായും പിന്നീട് നാലുവിഭാഗമായും തരംതിരിക്കുകയുണ്ടായി. നോഡൽ പ്രേരക്, അസിസ്റ്റന്റ് പ്രേരക്, തുടർവിദ്യാകേന്ദ്രം പ്രേരക്, അസിസ്റ്റന്റ്

തുടർവിദ്യാകേന്ദ്രം പ്രേരക് എന്നീ വിഭാഗങ്ങളിലാണ് ഇവരെ ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ ഇവരുടെ വേതന വ്യവസ്ഥ ഇപ്രകാരമാണ്. നോഡൽ പ്രേരകിന് 15,000/-രൂപ, അസിസ്റ്റന്റ് പ്രേരകിന് 12,000/- രൂപ, തുടർവിദ്യാകേന്ദ്രം പ്രേരകിന് 12,000/- രൂപ, അസിസ്റ്റന്റ് തുടർവിദ്യാകേന്ദ്രം പ്രേരകിന് 10,500/- രൂപ എന്ന വ്യവസ്ഥയിലാണ് ഓണറേറിയം നൽകിവരുന്നത്. 2017 മാർച്ച് വരെ പ്രേരക്മാരുടെ ഓണറേറിയം അതത് ത്രിതല പഞ്ചായത്തുകളിൽനിന്ന് അനുവദിക്കുകയും പ്രസ്തുത തുക സാക്ഷരതാ മിഷൻ തിരികെ പഞ്ചായത്തുകൾക്ക് അനുവദിക്കുകയും ചെയ്തുവന്നു. 2019-ൽ ഓണറേറിയം അനുവദിക്കുന്നതിന് ടാർജറ്റ് നിശ്ചയിക്കുകയും അതിൻപ്രകാരം നൽകുന്ന ഓണറേറിയത്തിന്റെ 60 ശതമാനം സംസ്ഥാന സർക്കാരും 40 ശതമാനം സാക്ഷരതാ മിഷന്റെ തനതുഫണ്ടിൽനിന്ന് വഹിക്കാനും നിശ്ചയിച്ചു. 2021 ഏപ്രിൽ മാസം 1 മുതൽ സാക്ഷരതാ മിഷൻതന്നെ നേരിട്ട് ഓണറേറിയം പ്രേരക്മാരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകിവന്നു. 2022 മാർച്ച് 31-ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവുപ്രകാരം സംസ്ഥാന സാക്ഷരതാ മിഷന്റെ കീഴിൽ ജോലിചെയ്യുന്ന സാക്ഷരതാ പ്രേരക്മാരെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിച്ചതിന് തത്വത്തിൽ

അംഗീകാരം നൽകി. പ്രസ്തുത ഉത്തരവിൽ ഇവരുടെ സേവന- വേതന വ്യവസ്ഥകൾ സംബന്ധിച്ച് ഭരണപരവും സാമ്പത്തികപരവുമായ കാര്യങ്ങൾ തീരുമാനിക്കുന്നതിനും വേതന ഇനത്തിലുണ്ടാകുന്ന ബാധ്യത സംബന്ധിച്ച് പരിശോധിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ധനകാര്യ (റിസോഴ്സസ്) വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി എന്നിവരുൾപ്പെടുന്ന മൂന്നംഗ കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി സമർപ്പിക്കുന്ന ശിപാർശയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുന്നതാണെന്നും പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ നിലവിലെ വ്യവസ്ഥയിലെ പ്രേരക് ഓണറേറിയം അനുവദിക്കാൻ ഉദ്ദേശിച്ചുമാണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്. പ്രേരക്മാരുടെ വേതനത്തിൽ 2021 സെപ്റ്റംബർമുതൽ ഉണ്ടായിരുന്ന കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് ധനകാര്യ വകുപ്പ് 4 കോടി 78 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ചുകൊണ്ട് 2022 ഡിസംബർ മാസം വരെയുള്ള ഓണറേറിയം തുക പൂർണ്ണമായും വിതരണം ചെയ്തു. ജനുവരി മാസത്തെ ഓണറേറിയം വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പുനർവിന്യാസവുമായി ബന്ധപ്പെട്ടുള്ള വിഷയത്തിൽ

നേരത്തേ സൂചിപ്പിച്ച കമ്മിറ്റി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് സർക്കാർ തീരുമാനമെടുക്കുന്നതാണ്. ശ്രീ. പി. പി. ചിത്തരഞ്ജൻ സൂചിപ്പിച്ചതുപോലെ അവരുടെ സമരം നടന്നുവരികയാണ്. രണ്ടുപ്രാവശ്യം അവരെ ചർച്ചയ്ക്ക് ക്ഷണിക്കുകയുണ്ടായി. പക്ഷേ അതിൽ ഒത്തുതീർപ്പുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. അടിയന്തരമായി അവരെ ചർച്ചയ്ക്കുവിളിച്ച് അവരുടെ പുനർവിന്യാസം പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ, ശ്രീ. നജീബ് കാന്തപുരം)

## (6) വാരണി പാലം പുനർനിർമ്മാണം

ശ്രീ. എ. പ്രഭാകരൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിൽ വിശാലമായ സ്ഥലത്ത് അധിവസിക്കുന്നവരുടെ ദയനീയാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഒരു വിഷയമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. മലമ്പുഴ ഗ്രാമപഞ്ചായത്തിലെ മലമ്പുഴ പുഴയ്ക്കുകുറുകെയുള്ളതാണ് വാരണിപാലം. ഇത് പണ്ട് സാങ്കേതികവിദ്യയൊന്നും ഉപയോഗിച്ച് നിർമ്മിച്ചതല്ല. കാലപ്പഴക്കത്താൽ ദുർബ്ബലാവസ്ഥയിലാണ് ആ പാലം ഇപ്പോഴുമുള്ളത്. 2018-ലെ പ്രളയത്തിൽ പാലത്തിന്റെ ഒരു തൂൺ തകർന്നു. അതുകഴിഞ്ഞ് പാലം അറ്റകുറ്റപ്പണി

നടത്താത്തതിനാൽ പാലത്തിലൂടെയുള്ള ഗതാഗതവും തടസ്സപ്പെട്ടു. ഞാൻ എം.എൽ.എ. ആയശേഷം എം.എൽ.എ. ഫണ്ടുപയോഗിച്ച് അതിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി. ഇപ്പോൾ അടുത്ത തൂണുംതകർന്നു. കുട്ടികളെ സ്കൂളിൽ കൊണ്ടുപോകാനും തൊഴിലാളികൾ ജോലിക്കുപോകാനും ടൗണിലേയ്ക്ക് പോകാനുമൊക്കെ ഉപയോഗിച്ചിരുന്ന പാലമാണിത്. എഞ്ചിനീയർമാർ പരിശോധന നടത്തിയപ്പോൾ ഇത് കാലപ്പഴക്കത്താൽ ദുർബ്ബലപ്പെട്ടതാണ്, പുതിയ പാലം നിർമ്മിക്കുകയല്ലാതെ വേറെ മാർഗ്ഗമില്ല എന്ന രീതിയിലാണ് പറഞ്ഞത്. ഏകദേശം 100 മീറ്ററോളം നീളമുള്ള ഈ പാലത്തിന് 12 കോടിയോളം രൂപ ചെലവുവരുമെന്നാണ് അവരുടെ അഭിപ്രായം. ബസ് സർവ്വീസ് നിർത്തിയതുകാരണം കിലോമീറ്ററുകൾ ചുറ്റിയാണ് കുട്ടികൾ സ്കൂളിലേയ്ക്ക് പോകുന്നത്. ഇത് നാട്ടിൽ വല്ലാത്തൊരു പ്രശ്നമായി മാറിയിരിക്കുകയാണ്. ജനങ്ങളുടെ ദയനീയാവസ്ഥ മാറ്റിയെടുക്കുന്നതിനുവേണ്ടി ഏതെങ്കിലും ഫണ്ടുപയോഗിച്ച് അടിയന്തരമായി ഈ പ്രശ്നം പരിഹരിക്കാൻ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട മലമ്പുഴ അംഗം ഇവിടെ ഉന്നയിച്ചത് അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ കാലപ്പഴക്കത്താലുള്ള

ബലക്ഷയംമൂലം അപകടാവസ്ഥയിലായ വാരണി പാലത്തിന്റെ വിഷയമാണ്. നിലവിൽ ആ പാലം ജില്ലാ പഞ്ചായത്തിന്റെ ആസ്തിയിലാണ് ഉൾപ്പെടുന്നത്. ഈ പാലത്തിലൂടെയുള്ള വാഹനഗതാഗതം പൂർണ്ണമായും നിരോധിക്കപ്പെട്ടിട്ടുണ്ട്. നിലവിലുള്ള പാലം പൊളിച്ചുമാറ്റി പുതിയപാലം അതേ അലൈൻമെന്റിൽത്തന്നെ നിർമ്മിക്കാൻ സാധിക്കുമോയെന്ന് പി.ഡബ്ല്യു.ഡി. ഡിസൈൻ വിംഗ് പരിശോധിച്ചുവരികയാണ്. അത് വേഗത്തിലാക്കാം. ഡിസൈൻ ലഭ്യമായാൽ തുടർനടപടികൾ സ്വീകരിക്കാനാകും. ഏതെങ്കിലും പദ്ധതിയിലുൾപ്പെടുത്തി പാലം നിർമ്മാണം സാധ്യമാക്കാനാകുമോയെന്ന് പരിശോധിക്കാവുന്നതാണ്.

(7) ശബരിമലയിലേയ്ക്കുള്ള സമാന്തരപാത പൂർത്തീകരിക്കൽ

ശ്രീ. വാഴൂർ സോമൻ: സർ, കഴിഞ്ഞ ശബരിമല സീസണിൽ വടക്കുഭാഗത്തുനിന്ന് എം.സി. റോഡുവഴിയുള്ള ഗതാഗതം വളരെ ദുഷ്ക്കരമായിരുന്നു. അതുപോലെതന്നെയാണ് കുമിളിവഴി എരുമേലിയിലേയ്ക്കുള്ള പാതയിലെ ഗതാഗതവും. വാഹനങ്ങൾ തിങ്ങിനിറഞ്ഞ് പോകുന്ന സ്ഥിതിവിശേഷമാണുണ്ടായിരുന്നത്. അത് പരിഹരിക്കാൻ എന്റെയും ശ്രീ. പി. ജെ. ജോസഫ്, ശ്രീ. റോഷി അഗസ്റ്റിൻ എന്നിവരുടെയും നിയോജകമണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന ശബരിമലയിലേയ്ക്കുള്ള ഒരു

സമാന്തരപാത വികസിപ്പിക്കണം. തൊടുപുഴ കാഞ്ഞാറിൽ നിന്നാരംഭിച്ച് ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ നിയോജകമണ്ഡലത്തിലൂടെ ഇടുക്കുപാറ, പുള്ളിക്കാനം വഴി ചോറ്റുപാറവരെയുള്ള റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് ബി.എം.&ബി.സി. നിലവാരത്തിൽ പണി പൂർത്തിയാക്കിയിട്ടുണ്ട്. തുടർന്ന് ഉളുപ്പുണി-കോട്ടമല-ഉണ്ണിച്ചെടിക്കാട്-വട്ടപ്പതാൽ-വെള്ളപ്പതാൽ വരെയുള്ള റോഡ് ഗതാഗതയോഗ്യമല്ലാതായിട്ട് വർഷങ്ങളായി. വെള്ളപ്പതാൽ മുതൽ ഏലപ്പാറവരെയുള്ള ഭാഗം സെൻട്രൽ റോഡ് ഫണ്ടുപയോഗിച്ച് ബി.എം.&ബി.സി. നിലവാരത്തിൽ പണി പൂർത്തിയാക്കിയിട്ടുണ്ട്. തുടർന്ന് കോഴിക്കാനം - കിഴക്കേപുതുവൽ - തേങ്ങാക്കൽ - പള്ളിക്കട - വണ്ടിപ്പെരിയാർ വരെയുള്ള റോഡ് ഗ്രാമപഞ്ചായത്തിന്റെയും ജില്ലാപഞ്ചായത്തിന്റെയും നേതൃത്വത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി പണി നടത്തിയിട്ടുള്ളതാണ്. എന്നാൽ ഈ ഭാഗത്തെ റോഡ് കഴിഞ്ഞ 10 വർഷമായി അറ്റകുറ്റപ്പണികളൊന്നും നടത്താതെ കുണ്ടുംകുഴിയുമായ അവസ്ഥയിലാണ്. ബാക്കിയുള്ള ഭാഗമായ വണ്ടിപ്പെരിയാർ-ശബരിമല-സത്രം റോഡ് പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് കെ.എസ്.ടി.പി. മുഖേന 8 വർഷങ്ങൾക്കുമുമ്പ് പണി പൂർത്തിയാക്കിയെങ്കിലും മെയിന്റനൻസ് ജോലികൾ

നടക്കാത്തതിനാൽ ഈ ഭാഗത്തെ റോഡും തകർന്നുപോകുന്ന അവസ്ഥയിലാണ്. ഈ പാത കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ആദ്യ റീച്ചിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളതാണ്. ആയതിനാൽ പുതിയ റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കുന്നില്ലെന്നുള്ള തീരുമാനം മാറ്റി തൊടുപുഴ, ഇടുക്കി, പീരുമേട് എന്നീ നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്നതും ശബരിമലയിലേയ്ക്കുള്ള സമാന്തരപാതയായ, പി.ഡബ്ല്യു.ഡി. പണി നടത്തിക്കൊണ്ടിരിക്കുന്ന, പുതിയ എയർസ്ട്രിപ്പിലേയ്ക്കുള്ള ഈ പാതയുടെ പണി പൂർത്തിയാക്കാൻ ഉചിതമായ നടപടി സ്വീകരിക്കണമെന്നതാണ് പ്രധാന ആവശ്യം. അതോടൊപ്പം ബഹുമാനപ്പെട്ട മന്ത്രി ശബരിമല മുന്നൊരുക്കങ്ങളുടെ ഭാഗമായി അവിടം സന്ദർശിക്കാമെന്ന് ഏറ്റിരുന്നു. എന്നാൽ മറ്റെന്തോ കാരണത്താൽ അദ്ദേഹത്തിന് വരാൻ സാധിച്ചില്ല. വലിയ ടൂറിസം പൊട്ടൻഷ്യലുള്ള ഈ പ്രദേശം എത്രയുംവേഗം ബഹുമാനപ്പെട്ട മന്ത്രിതന്നെ നേരിട്ടുവന്നുകണ്ട് ഇതിന്റെ ആവശ്യകത ബോധ്യപ്പെടണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, തൊടുപുഴ, ഇടുക്കി, പീരുമേട് എന്നീ നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്നതും ശബരിമലയിലേയ്ക്കുള്ള സമാന്തര

പാതയുമായ റോഡ് പി.ഡബ്ല്യൂ.ഡി ഏറ്റെടുക്കണമെന്നാണ് ബഹുമാന്യനായ അംഗം സബ്മിഷനിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത്. പരാമർശിക്കപ്പെട്ട പല റോഡുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽ വരുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ ഏറ്റെടുത്ത് വികസിപ്പിക്കാനുള്ള പദ്ധതി സാധ്യമാക്കാൻ നിലവിൽ ചില പരിമിതികളുണ്ട്. കേരളത്തിൽ മൂന്നുലക്ഷം കിലോമീറ്ററുള്ള റോഡുകളുള്ളതിൽ പത്തിലൊന്ന് മാത്രംവരുന്ന പി.ഡബ്ല്യു.ഡി റോഡിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയെന്നുള്ളതാണ് ഇപ്പോൾ പ്രധാനമായും വകുപ്പ് ഉദ്ദേശിക്കുന്നത്. ഇക്കാര്യം ഇടയ്ക്കിടെ പറയുന്നതാണ്, എല്ലാവരും കേൾക്കുന്നത് നല്ലതാണ്. അതിന്റെ ഭാഗമായി പരമാവധി ഇന്ന് ഇന്ത്യയിൽ ഏറ്റവും ഉയർന്ന ഗുണനിലവാര നിർമ്മാണ രീതിയായ ബി.എം.&ബി.സി.-യിൽ റോഡുകൾ നിർമ്മിക്കുമെന്നുള്ള ലക്ഷ്യമാണ് പൊതുവെയുള്ളത്. എൽ.ഡി.എഫ്. പ്രകടന പത്രികയിൽ അത് വ്യക്തമാക്കിയിട്ടുള്ളതുമാണ്. 15000 കിലോമീറ്റർ ബി.എം.&ബി.സി. ആക്കുകയെന്ന ലക്ഷ്യംവച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. അത് നടപ്പാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പൊതുമരാമത്ത് വകുപ്പിന്റെ റോഡുകളുടെ നിലവാരമുയർത്തി നിർമ്മിക്കുന്നതിനാണ് ഇപ്പോൾ മുൻതൂക്കം നൽകുന്നത്.

ഈയൊരു കാഴ്ചപ്പാടുമായി മുന്നോട്ടുപോകുമ്പോൾ ഇതൊരു പ്രത്യേക പദ്ധതിയായി കണക്കാക്കി എന്തെങ്കിലും ചെയ്യാൻ പറ്റുമോയെന്നുള്ളത് പരിശോധിക്കാമെന്ന് മാത്രമാണ് ഇപ്പോൾ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്.

(8) ബാലുശ്ശേരി ടൂറിസം കോറിഡോർ

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, കോഴിക്കോട് ജില്ലയിൽ ഏറ്റവും മനോഹരമായ ടൂറിസം ഡെസ്റ്റിനേഷനുകളുള്ള നിയോജകമണ്ഡലമാണ് ബാലുശ്ശേരി. ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ വയലട, കരിയാത്തുംപാറ, കക്കയം എന്നീ ടൂറിസം കേന്ദ്രങ്ങളിൽ മാത്രമാണ് നിലവിൽ വിനോദസഞ്ചാരികൾക്കായി സർക്കാർ അടിസ്ഥാന സൗകര്യമൊരുക്കിയിട്ടുള്ളത്. നിയോജകമണ്ഡലത്തിലെ 9 ഗ്രാമപഞ്ചായത്തുകളിലും ഒന്നിലധികം ടൂറിസം കേന്ദ്രങ്ങൾ ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. വിനോദസഞ്ചാരികൾക്ക് ഒരുദിവസത്തെ യാത്ര പൂർണ്ണമായും ആസ്വദിക്കാവുന്ന തരത്തിൽ ബാലുശ്ശേരി ടൂറിസം കോറിഡോർ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടിയുണ്ടാകണം. കണയങ്കോട്, പുത്തഞ്ചേരിക്കെട്ട്, ബാലുശ്ശേരി കോട്ട, കാട്ടാമ്പള്ളി, നമ്പികുളം, കരിയാത്തുംപാറ, തോണിക്കടവ്, കക്കയം, അയനിക്കാട്, കുനിയിൽക്കടവ്,

മുത്താച്ചിപ്പാറ തുടങ്ങിയ പ്രകൃതി മനോഹരമായ ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ ഇനിയും വികസനം സാധ്യമാക്കേണ്ടതുണ്ട്. ചില ടൂറിസം ഡെസ്റ്റിനേഷനുകളിൽ ഗ്രാമപഞ്ചായത്തിന്റെയും കെ.എസ്.ഇ.ബി. എൽ., ഫോറസ്റ്റ്, ഇറിഗേഷൻ വകുപ്പുകളുടെയും സഹായത്തോടെ വികസനം സാധ്യമാക്കണം. നിയോജകമണ്ഡലത്തിലെ ടൂറിസം രംഗത്തിന്റെ സമഗ്രതയാർന്ന വികസന പ്രവർത്തനങ്ങൾക്കായി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനും ടൂറിസം കോറിഡോർ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുമുള്ള അടിയന്തര നടപടിയുണ്ടാകണമെന്നും സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട ബാലുശ്ശേരി അംഗം അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ ഒരു ടൂറിസം കോറിഡോറിനെ കുറിച്ചാണ് സബ്മിഷനിലൂടെ ഉന്നയിച്ചിട്ടുള്ളത്. വയലട ഗ്രാമീണ ടൂറിസം പദ്ധതി, നമ്പികുളം ഇക്കോ ടൂറിസം, ജലസേചന വകുപ്പുമായി ചേർന്ന് തോണിക്കടവ്, കരിയാത്തുംപാറ ടൂറിസം, കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തുമായി ചേർന്ന് കക്കയം ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ തുടങ്ങിയ പദ്ധതികളാണ് നടപ്പാക്കുന്നത്. കക്കയം പല നിലയിലും പ്രസിദ്ധമാണ്. അടിയന്തരാവസ്ഥയുടെ നാളുകളിൽ

കക്കയം പോലീസ് ക്യാമ്പിൽവച്ച് ഭീകര മർദ്ദനമേറ്റ സഖാവ് ടി. പി. രാമകൃഷ്ണൻ ഇന്ന് നമ്മുടെ സഭയിൽ അംഗമായിട്ടുണ്ട് എന്നത് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. പ്രകൃതിരമണീയമായ വയലട മലനിരകളിൽ ടൂറിസ്റ്റുകൾക്കായുള്ള അടിസ്ഥാന വികസന പദ്ധതികൾ നടപ്പാക്കിപ്പോകേണ്ടതുണ്ട്. നമ്പികുളം പ്രദേശത്ത് കക്കയം ഡാമിന്റെ വൃഷ്ടിപ്രദേശങ്ങളുടെയും കോഴിക്കോടിന്റെയും വിദൂര മനോഹര ദൃശ്യങ്ങൾ വീക്ഷിക്കുന്നതിനായി വിസിറ്റേഴ്സ് ഗ്യാലറിയുടെയും പാർക്കിംഗ് ഏരിയയുടെയും മറ്റ് അനുബന്ധ സൗകര്യങ്ങളുടെയും നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. തോണിക്കടവ്, കരിയാത്തുംപാറ, കക്കയം ഡാം പരിസരം എന്നീ മനോഹര പ്രദേശങ്ങളെ കോർത്തിണക്കി ജലസേചന, ടൂറിസം, റവന്യൂ വകുപ്പുകളെയുൾപ്പെടുത്തി ഒരു ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ച് മനോഹരമായ ഉദ്യാനം, വ്യൂവിംഗ് ഗ്യാലറി, വാച്ച് ടവർ, ബോട്ട് -കുതിര സവാരികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ ടൂറിസ്റ്റുകൾക്കായി ഒരു ഫെസിലിറ്റേഷൻ സെന്റർ പണികഴിപ്പിച്ചിട്ടുണ്ട്. ചില പ്രവൃത്തികൾകൂടി പൂർത്തിയായാൽ ഈ പദ്ധതിയും ടൂറിസ്റ്റുകൾക്കായി തുറന്നുനൽകുന്നതാണ്. ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളായ കണയംകോട്, പുരതൻഞ്ചേരിക്കെട്ട്,

ബാല്യശ്ശേരി കോട്ട, കാട്ടാമ്പള്ളി തുടങ്ങിയ പ്രദേശങ്ങളെയുംകൂടിയുൾപ്പെടുത്തിയാണ് ഒരു വിശദമായ രൂപരേഖ തയ്യാറാക്കേണ്ടത്. ഇവിടെവരുന്ന സന്ദർശകരുടെ താമസ സൗകര്യങ്ങൾക്കായി ഹോം സ്റ്റേ, സർവ്വീസ്ഡ് വില്ല എന്നീ സംരംഭങ്ങൾ പ്രാദേശിക ജനങ്ങളുടെ സഹകരണത്തോടെ ഒരുക്കേണ്ടതുണ്ട്. കൂടാതെ ഉത്തരവാദിത്ത ടൂറിസം സൊസൈറ്റിയുമായി സഹകരിച്ച് സംരംഭകർക്ക് സംരംഭകത്വ വികസനത്തിന് സെമിനാറുകളും ശിൽപ്പശാലകളും നടത്താനുദ്ദേശിക്കുന്നു. ഉത്തരവാദിത്ത ടൂറിസം മിഷൻ ഇപ്പോൾ സൊസൈറ്റിയായി മാറിയിരിക്കുകയാണ്. ഇന്നലെ അതിന്റെ ആഗോളതലത്തിലുള്ള സമ്മിറ്റ് കുമരകത്ത് നടക്കുകയുണ്ടായി. 2006-ൽ സഖാവ് വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ അന്നത്തെ ടൂറിസം വകുപ്പുമന്ത്രിയായിരുന്ന, ഇന്ന് നമുക്കൊപ്പമില്ലാത്ത സഖാവ് കോടിയേരി ബാലകൃഷ്ണനാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പാക്കിയതെന്നുകൂടി ഞാൻ ഈ സഭയെ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്.

ഭാവി ടൂറിസം വികസനം മുന്നിൽക്കണ്ട് മാസ്റ്റർപ്ലാൻ തയ്യാറാക്കണമെന്ന ബഹുമാന്യനായ എം.എൽ.എ.-യുടെ ആവശ്യം

പരിഗണിക്കാവുന്നതാണ്. ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ബാലുശ്ശേരി ടൂറിസം കോറിഡോർ യാഥാർത്ഥ്യമാക്കും. ഇതിനുള്ള പ്രാദേശിക പ്രചരണ പരിപാടികൾക്കും ടൂറിസം വകുപ്പ് നേതൃത്വം നൽകുമെന്നുള്ള കാര്യം സഭയെ അറിയിക്കുകയാണ്.

## (9) പാങ്ങ് പള്ളിപ്പറമ്പ് വളവിൽ സുരക്ഷാക്രമീകരണം

ശ്രീ. മഞ്ഞളാംകുഴി അലി: സർ, എന്റെ നിയോജകമണ്ഡലമായ മങ്കടയിൽ ഉൾപ്പെടുന്ന കൂട്ടിലങ്ങാടി-കാടാമ്പുഴ റോഡിലെ പാങ്ങ് പള്ളിപ്പറമ്പ് വളവിൽ റോഡ് മതിയായ വീതിയും സുരക്ഷാഭിത്തിയും ഇല്ലാത്തതുകാരണം അപകടങ്ങളുണ്ടാകുന്ന സംഭവങ്ങൾ പതിവാണ്. പലപ്പോഴായി നടന്ന അപകടങ്ങളിൽ ഇതിനോടകം 6 പേർ മരണപ്പെടുകയും ധാരാളം പേർക്ക് പരിക്കുപറ്റുകയും ചെയ്തിട്ടുണ്ട്. ഭാരം കയറ്റിയ ലോറികളുൾപ്പെടെ മറിഞ്ഞ് സമീപത്തെ വീടുകൾക്കും കടകൾക്കും നാശനഷ്ടമുണ്ടാകുന്ന സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. അപകട സാധ്യത ചൂണ്ടിക്കാട്ടുന്ന മുന്നറിയിപ്പ് ബോർഡുകളൊന്നും ഇവിടെ സ്ഥാപിച്ചിട്ടില്ല. അപകടങ്ങളുണ്ടാകുന്ന സമയത്ത് വകുപ്പിലെ ഉദ്യോഗസ്ഥർ വന്ന് സ്ഥലപരിശോധന നടത്തി പോകുക മാത്രമാണ് പതിവ്; യാതൊരു നടപടിയും സ്വീകരിക്കാറില്ല. അതുകൊണ്ട് ഭാവിയിൽ ഈ പ്രദേശത്ത്

അപകടങ്ങൾ ഇല്ലാതാക്കുന്നതിനും റോഡിന് വീതികൂട്ടി സുരക്ഷാഭിത്തിയും മുന്നറിയിപ്പ് ബോർഡുകളും സ്ഥാപിക്കണമെന്നും മറ്റ് പരിഹാര നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെടുകയാണ്. ഇനിയൊരു അപകടം ഉണ്ടാകുന്നതുവരെ കാത്തിരിക്കാതെ എത്രയുംവേഗം ആവശ്യമായ നടപടികൾക്ക് ബഹുമാനപ്പെട്ട മന്ത്രി വകുപ്പിന് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ, അങ്ങാടിപ്പുറം-വളാഞ്ചേരി റോഡ് മലപ്പുറം ജില്ലയിലെ ഏറ്റവും മോശമായ റോഡാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഇത് പലപ്രാവശ്യം കൊണ്ടുവന്നിട്ടുണ്ടെങ്കിലും ഇതുവരെയും ഒരു തുകയും പാസ്സാക്കിതന്നിട്ടില്ല. ഒരു ദിവസം പത്തമ്പതോളം ആംബുലൻസുകൾ കടന്നുപോകുന്ന റോഡാണിത്. അതിനുകൂടിയുള്ള ഫണ്ട് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി ഇവിടെ സൂചിപ്പിച്ച വിഷയം മങ്കട നിയോജകമണ്ഡലത്തിലെ വെട്ടിച്ചിറ-കാടാമ്പുഴ-കുട്ടിലങ്ങാടി റോഡിൽ പാങ്ങ് പള്ളിപ്പറമ്പ് വളവ് കുത്തനെയുള്ള ഇറക്കവും വളവുകളോട് കൂടിയതുമാണ് എന്നുള്ള വിഷയമാണ്. ഈ വളവിൽത്തന്നെ ഒരു പഞ്ചായത്ത് റോഡും വന്നുചേരുന്നുണ്ട്. പൊതുവെ വീതി കുറവുള്ള ഈ

ഭാഗത്ത് റോഡിൽ റമ്പിൾ സ്ലിപ്പുകളും സുരക്ഷാ ബോർഡുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടുതൽ സുരക്ഷാ മുന്നറിയിപ്പ് ബോർഡുകളും റമ്പിൾ സ്ലിപ്പുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഈ വളവ് അപകടരഹിതമാക്കുന്നതിന് രണ്ട് വശങ്ങളിലും കൂടുതൽ സ്ഥലമേറ്റെടുത്ത് വീതി കൂട്ടേണ്ടതായിട്ടുണ്ട്. അപകടങ്ങൾ ഒഴിവാക്കുന്നത് പഠിക്കാൻ റോഡ് സേഫ്റ്റി വിഭാഗത്തെ ചുമതലപ്പെടുത്തുകയും അവരുടെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

(10) <u>ഗുരുവായൂരിൽ ന്യൂനപക്ഷ വകുപ്പിന്റെ കോച്ചിംഗ് സെന്റർ</u>

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, 50 ശതമാനത്തിന് മുകളിൽ ന്യൂനപക്ഷ സമുദായങ്ങൾ താമസിക്കുന്ന ഗുരുവായൂർ നിയോജകമണ്ഡലത്തിൽ ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്ക് പരിശീലന കേന്ദ്രം അനുവദിക്കണമെന്നുള്ളതാണ് ഈ സബ്മിഷന്റെ ഉള്ളടക്കം. ന്യൂനപക്ഷ വകുപ്പിനുകീഴിലുള്ള മൈനോറിറ്റി കോച്ചിംഗ് സെന്റർ മികച്ച രീതിയിൽ സംസ്ഥാനത്തുടനീളം പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. PSC, UPSC ഉൾപ്പെടെയുള്ള മത്സര പരീക്ഷകളുടെ കോച്ചിംഗുകൾക്ക് സ്വകാര്യ സ്ഥാപനങ്ങൾ വലിയ തുക ഫീസ് വാങ്ങിക്കൊണ്ടിരിക്കുമ്പോൾ സൗജന്യമായ ഈ സംവിധാനം നിരവധി വിദ്യാർത്ഥികൾക്ക്

ഉപകാരപ്രദമാകുന്നുണ്ട്. തൃശ്ശൂർ ജില്ലയിൽ ന്യൂനപക്ഷങ്ങൾ ഏറെയുള്ള ഗുരുവായൂർ നിയോജകമണ്ഡലത്തിൽ നിലവിൽ ഈ കോച്ചിംഗ് സെന്റർ അനുവദിച്ചിട്ടില്ല. ഈ പ്രദേശത്ത് സർക്കാരുടമസ്ഥതയിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. ന്യൂനപക്ഷങ്ങൾ ഏറെയുള്ള നിയോജകമണ്ഡലം എന്നത് പരിഗണിച്ചും തീരദേശത്തെ പാവപ്പെട്ട ജനങ്ങൾ താമസിക്കുന്ന ഒരു കേന്ദ്രം കൂടിയായ ഗുരുവായൂരിൽ ന്യൂനപക്ഷ വകുപ്പിനുകീഴിൽ മൈനോറിറ്റി കോച്ചിംഗ് സെന്റർ അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. സെന്റർ അനുവദിച്ചാൽ സൗജന്യമായി ഭൗതിക പശ്ചാത്തല സൗകര്യങ്ങളൊരുക്കാൻ സന്നദ്ധമാണെന്നുകൂടി അറിയിക്കുകയാണ്

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ വിദ്യാർത്ഥികൾക്ക് PSC, UPSC, Railway, Banking തുടങ്ങിയ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിനുള്ള പരീക്ഷാ പരിശീലനമാണ് ന്യൂനപക്ഷ യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രങ്ങൾ മുഖാന്തരം നടപ്പാക്കുന്നത്. ന്യൂനപക്ഷ വിഭാഗങ്ങളുടെ പരീക്ഷാ പരിശീലനത്തിന് പ്രാദേശികമായ ആവശ്യകതകളുണ്ടെങ്കിൽ ഉപകേന്ദ്രങ്ങൾ

അനുവദിക്കുന്നുണ്ട്. ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങൾ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിൽ നേരിട്ട് നടത്തുന്നവയും ന്യൂനപക്ഷ ജനതയ്ക്കായുള്ള പരിശീലന കേന്ദ്രങ്ങൾ, ഉപകേന്ദ്രങ്ങൾ എന്നിവ വിവിധ സംഘടനകൾക്കായി അനുവദിക്കാവുന്നതുമാണ്. തൃശ്ശൂർ ജില്ലയിൽ നിലവിൽ കൊടുങ്ങല്ലൂരിൽ ഒരു ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രവും കേച്ചേരി, ഈസ്റ്റ് ഫോർട്ട് എന്നിവിടങ്ങളിൽ രണ്ട് ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. തൃശ്ശൂർ ജില്ലയിൽ പുതിയ പരിശീലന കേന്ദ്രങ്ങളുടെ കാര്യം ഇപ്പോൾ പരിഗണനയിലില്ല; പക്ഷെ, അത് ആവശ്യമാകുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്. ന്യൂനപക്ഷ ക്ഷേമ വകുപ്പ് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരളയുമായി ചേർന്ന് ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൈപുണ്യ മേഖലയിൽ വൈദഗ്ധ്യം നൽകുന്നതിനുള്ള പദ്ധതികളും ഇപ്പോൾ തയ്യാറാക്കി വരുന്നു. ഇതോടൊപ്പം 2023-24-ലെ കേന്ദ്ര ബഡ്ജറ്റിൽ ന്യൂനപക്ഷ ക്ഷേമത്തിനുള്ള വിഹിതത്തിൽ നടപ്പുസാമ്പത്തിക വർഷത്തേക്കാൾ 38.31 ശതമാനത്തിന്റെ കുറവ് വരുത്തിയിട്ടുണ്ടെന്നുള്ള വസ്തുതയും അറിയിക്കുന്നു. കൂടാതെ, ഗവേഷണ വിദ്യാർത്ഥികൾക്കുള്ള മൗലാനാ ആസാദ് ദേശീയ സ്കോളർഷിപ്പ്, പ്രീമെട്രിക് വിഭാഗത്തിൽ ഒന്നുമുതൽ എട്ടുവരെ ക്ലാസ്സുകളിലെ കുട്ടികൾക്കുള്ള

സ്കോളർഷിപ്പ് എന്നിവയും കേന്ദ്ര സർക്കാർ നിർത്തലാക്കിയിരിക്കുകയാണ്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആവശ്യം സംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുകയാണ്.

**[12.50am]**

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

(1) ലിസ്റ്റ് I പ്രകാരം

I. മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ. നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 1229/2022 | ജി.ഒ.(പി)നം. 11/2022/വിജി | 17.12.2022 | അല്ല |
| 2 | 115/2023 | ജി.ഒ.(എം.എസ്.)നം.19/2023/ഹോം | 19.01.2023 | അല്ല |
| 3 | 116/2023 | ജി.ഒ.(എം.എസ്)നം.21/2023/ഹോം | 20.01.2023 | അല്ല |
| 4 | 147/2023 | ജി.ഒ.(ആർ.ടി)നം. 221/2023/ഹോം | 28.01.2023 | അല്ല |
| 5 | 148/2023 | ജി.ഒ.(എം.എസ്.)നം.32/2023/ഹോം | 28.01.2023 | അല്ല |
| 6 | 172/2023 | ജി.ഒ.(എം.എസ്.)നം.34/2023/ഹോം | 02.02.2023 | അല്ല |
| 7 | 173/2023 | ജി.ഒ.(എം.എസ്.)നം.35/2023/ഹോം | 02.02.2023 | അല്ല |

| | | | | |
|---|---|---|---|---|
| 8 | 174/2023 | ജി.ഒ.(എം.എസ്)നം.36/2023/ഹോം | 02.02.2023 | അല്ല |
| 9 | 211/2023 | ജി.ഒ (എം.എസ്)നം.16/2023/ജി.എ.ഡി | 08.02.2023 | അല്ല |
| 10 | 212/2023 | ജി.ഒ.(ആർ.ടി)നം.337/2023/ഹോം | 11.02.2023 | അല്ല |
| 11 | 234/2023 | ജി.ഒ.(എം.എസ്.)നം. 46/2023/ഹോം | 16.02.2023 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കൊച്ചി ഇൻഫോപാർക്ക് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് | 2021-22 | വാർഷിക / ആഡിറ്റ് റിപ്പോർട്ട് | അതെ |
| 3 | കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ | | കമ്മീഷൻ ഉത്തരവിന്മേലുള്ള നടപടി വിവരം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് | ബാധകമല്ല |

II. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മീഷൻ | 2020-21 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |

III. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 196/2023 | ജി.ഒ.(പി)നം.39/2023/ആർ.ഡി | 09.02.2023 | അല്ല |
| 2 | 235/2023 | ജി.ഒ.(പി)നം.53/2023/ആർ.ഡി. | 18.02.2023 | അല്ല |

IV. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |

| | | | | |
|---|---|---|---|---|
| 1 | 137/2023 | ജി.ഒ.(പി)നം.10/2023/ടാക്സസ് | 27.01.2023 | അല്ല |
| 2 | 138/2023 | ജി.ഒ.(പി)നം.11/2023/ടാക്സസ് | 27.01.2023 | അല്ല |
| 3 | 170/2023 | ജി.ഒ.(പി)നം.17/2023/ടാക്സസ് | 01.02.2023 | അല്ല |
| 4 | 171/2023 | ജി.ഒ.(പി)നം.18/2023/ടാക്സസ് | 01.02.2023 | അല്ല |

V. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 206/2023 | സ.ഉ.(അച്ചടി)നം. 1/2023/വ്യവ | 24.01.2023 | അല്ല |
| 2 | 207/2023 | സ.ഉ.(അച്ചടി)നം.2/2023/വ്യവ. | 27.01.2023 | അല്ല |
| 3 | 213/2023 | സ.ഉ.(അച്ചടി)നം.3/2023/വ്യവ. | 27.01.2023 | അല്ല |
| 4 | 220/2023 | സ.ഉ.(അച്ചടി)നം.8/2023/വ്യവ. | 07.02.2023 | അല്ല |
| 5 | 222/2023 | സ.ഉ.(അച്ചടി)നമ്പർ.9/2023/വ്യവ. | 07.02.2023 | അല്ല |
| 6 | 228/2023 | സ.ഉ.(അച്ചടി)നമ്പർ 5/2023/വ്യവ. | 07.02.2023 | അല്ല |
| 7 | 229/2023 | സ.ഉ.(അച്ചടി)നമ്പർ 6/2023/വ്യവ. | 07.02.2023 | അല്ല |
| 8 | 230/2023 | സ.ഉ.(അച്ചടി)നമ്പർ 7/2023/വ്യവ. | 07.02.2023 | അല്ല |
| 9 | 243/2023 | സ.ഉ.(അച്ചടി)നമ്പർ 10/2023/വ്യവ. | 13.02.2023 | അല്ല |

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ) | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് | 2017-18 | വാർഷിക കണക്കുകൾ | അതെ |
| 3 | തിരുവനന്തപുരം പെർമനന്റ് ലോക് അദാലത് | 2018-19 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 4 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് | 2019-20 | വാർഷിക റിപ്പോർട്ട് | അതെ |
| 5 | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |
| 6 | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |
| 7 | കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് | 2020-21 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 8 | കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് | 2021-22 | വാർഷിക റിപ്പോർട്ട് | അതെ |
| 9 | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് | 2021-22 | വാർഷിക റിപ്പോർട്ട് | അതെ |

VI. തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1. | 191/2023 | ജി.ഒ. (പി)നം.14/2023/എൽ.എസ്.ജി.ഡി. | 08.02.2023 | അല്ല |

VII. കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | വാഴക്കുളം അഗ്രോ & ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി ലിമിറ്റഡ് | 2019-20 | വാർഷിക ആഡിറ്റ് റിപ്പോർട്ട് | അതെ |

VIII. സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 981/2022 | ജി.ഒ.(പി)നം.190/2022/കോ-ഓപ്പ് | 12.10.2022 | അതെ |
| 2 | 81/2023 | ജി.ഒ.(പി)നം. 9/2023/കോ-ഓപ്പ് | 13.01.2023 | അല്ല |

| | | | | |
|---|---|---|---|---|
| 3 | 188/2023 | ജി.ഒ.(പി)നം.32/2023/കോ-ഓപ്പ് | 04.02.2023 | അല്ല |
| 4 | 189/2023 | ജി.ഒ.(പി)നം.34/2023/കോ-ഓപ്പ് | 07.02.2023 | അല്ല |
| 5 | 200/2023 | ജി.ഒ.(പി)നം.35/2023/കോ-ഓപ്പ് | 11.02.2023 | അല്ല |
| 6 | 204/2023 | ജി.ഒ.(പി)നം.19/2023/ടാക്സസ് | 07.02.2023 | അല്ല |
| 7 | 208/2023 | ജി.ഒ.(പി)നം.36/2023/ടാക്സസ് | 14.02.2023 | അല്ല |
| 8 | 216/2023 | ജി.ഒ.(പി)നം.37/2023/കോ-ഓപ്പ് | 14.02.2023 | അല്ല |
| 9 | 217/2023 | ജി.ഒ.(പി)നം.38/2023/കോ-ഓപ്പ് | 14.02.2023 | അല്ല |
| 10 | 218/2023 | ജി.ഒ.(പി)നം.39/2023/കോ-ഓപ്പ് | 15.02.2023 | അല്ല |
| 11 | 219/2023 | ഓപ്പ് | 20.12.2022 | അല്ല |

IX. മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 49/2023 | ജി.ഒ.(പി)നം.24/2023/എഫ്&പി.ഡി. | 09.01.2023 | അല്ല |
| 2 | 62/2023 | സ.ഉ.(അച്ചടി)നം.20/2023/മതുവ | 07.01.2023 | അല്ല |
| 3 | 64/2023 | സ.ഉ.(അച്ചടി)നം.21/2023/മതുവ | 07.01.2023 | അല്ല |
| 4 | 65/2023 | സ.ഉ.(അച്ചടി)നം.23/2023/മതുവ | 07.01.2023 | അല്ല |
| 5 | 66/2023 | സ.ഉ.(അച്ചടി)നം.16/2023/മതുവ | 07.01.2023 | അല്ല |
| 6 | 67/2023 | സ.ഉ.(അച്ചടി)നം.15/2023/മതുവ | 07.01.2023 | അല്ല |
| 7 | 75/2023 | സ.ഉ.(അച്ചടി)നം.3/2023/മതുവ | 07.01.2023 | അല്ല |
| 8 | 76/2023 | സ.ഉ.(അച്ചടി)നം.14/2023/മതുവ | 07.01.2023 | അല്ല |

| | | | | |
|---|---|---|---|---|
| 9 | 77/2023 | സ.ഉ.(അച്ചടി) നം.5/2023/മറുവ | 07.01.2023 | അല്ല |
| 10 | 78/2023 | സ.ഉ.(അച്ചടി)നം.19/2023/മറുവ | 07.01.2023 | അല്ല |
| 11 | 79/2023 | സ.ഉ.(അച്ചടി)നം.18/2023/മറുവ | 07.01.2023 | അല്ല |
| 12 | 84/2023 | സ.ഉ.(അച്ചടി)നം.10/2023/മറുവ | 07.01.2023 | അല്ല |
| 13 | 85/2023 | സ.ഉ.(അച്ചടി)നം.17/2023/മറുവ | 07.01.2023 | അല്ല |
| 14 | 86/2023 | സ.ഉ.(അച്ചടി)നം.13/2023/മറുവ | 07.01.2023 | അല്ല |
| 15 | 87/2023 | സ.ഉ.(അച്ചടി)നം.22/2023/മറുവ | 07.01.2023 | അല്ല |
| 16 | 88/2023 | സ.ഉ.(അച്ചടി)നം.9/2023/മറുവ | 07.01.2023 | അല്ല |
| 17 | 96/2023 | സ.ഉ.(അച്ചടി)നം.11/2023/മറുവ | 07.01.2023 | അല്ല |
| 18 | 97/2023 | സ.ഉ.(അച്ചടി)നം.6/2023/മറുവ | 07.01.2023 | അല്ല |
| 19 | 99/2023 | സ.ഉ.(അച്ചടി)നം.12/2023/മറുവ | 07.01.2023 | അല്ല |
| 20 | 104/2023 | സ.ഉ.(അച്ചടി)നം.7/2023/മറുവ | 07.01.2023 | അല്ല |
| 21 | 105/2023 | സ.ഉ.(അച്ചടി)നം.4/2023/മറുവ | 07.01.2023 | അല്ല |
| 22 | 109/2023 | സ.ഉ.(അച്ചടി)നം.8/2023/മറുവ | 07.01.2023 | അല്ല |

X. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>):

സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 1223/2022 | ജി.ഒ.(പി)നം.98/2022/എൽ.ബി.ആർ. | 01.10.2022 | അല്ല |
| 2 | 145/2023 | ജി.ഒ.(പി)നം.18/2023/എൽ.ബി.ആർ. | 25.01.2023 | അല്ല |
| 3 | 158/2023 | ജി.ഒ.(പി)നം.9/2023/എൽ.ബി.ആർ | 11.01.2023 | അല്ല |
| 4 | 159/2023 | ജി.ഒ.(പി)നം.9/2023/എൽ.ബി.ആർ | 11.01.2023 | അല്ല |
| 5 | 160/2023 | ജി.ഒ.(പി)നം.9/2023/എൽ.ബി.ആർ | 11.01.2023 | അല്ല |

| | | | | |
|---|---|---|---|---|
| 6 | 166/2023 | ജി.ഒ.(പി)നം.10/2023/എൽ.ബി.ആർ | 11.01.2023 | അല്ല |
| 7 | 167/2023 | ജി.ഒ.(പി)നം.10/2023/എൽ.ബി.ആർ | 11.01.2023 | അല്ല |
| 8 | 168/2023 | ജി.ഒ.(പി)നം.10/2023/എൽ.ബി.ആർ | 11.01.2023 | അല്ല |
| 9 | 169/2023 | ജി.ഒ.(പി)നം.10/2023/എൽ.ബി.ആർ | 11.01.2023 | അല്ല |
| 10 | 178/2023 | ജി.ഒ.(പി)നം.17/2023/എൽ.ബി.ആർ. | 25.01.2023 | അല്ല |
| 11 | 179/2023 | ജി.ഒ.(പി)നം.17/2023/എൽ.ബി.ആർ. | 25.01.2023 | അല്ല |
| 12 | 182/2023 | ജി.ഒ.(പി)നം.20/2023/എൽ.ബി.ആർ | 04.02.2023 | അല്ല |
| 13 | 214/2023 | സ.ഉ.(അച്ചടി) നം. 24/2023/തൊഴിൽ | 14.02.2023 | അല്ല |

XI. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല | 2019-20 | വാർഷിക കണക്കുകൾ | അതെ |
| | | | ആഡിറ്റ് റിപ്പോർട്ട് | |
| | | 2020-21 | വാർഷിക റിപ്പോർട്ട് | അതെ |

XII. നിയമസഭ സെക്രട്ടറി (ശ്രീ. എ. എം. ബഷീർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

നിയമസഭ പാസ്സാക്കിയ ബില്ലുകളിൽ ഗവർണ്ണറുടെ അംഗീകാരം ലഭിച്ച താഴെപ്പറയുന്ന ആക്റ്റ്

| ക്രമ നം. | ആക്റ്റിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2023 | 12 | ദി കേരള ഹൈക്കോർട്ട് സർവ്വീസസ് (ഡിറ്റർമിനേഷൻ ഓഫ് റിട്ടയർമെന്റ് ഏജ്) അമെന്റ്മെന്റ് ആക്റ്റ്, 2022 |

**[12.52am]**

## VI റിപ്പോർട്ട് സമർപ്പണം

ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. കെ. പി. എ. മജീദ്: സർ, ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. ചെയർമാൻ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

**[12.53am]**

## VII ധനകാര്യം

2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ

ധനാഭ്യർത്ഥന നമ്പർ III - നീതിന്യായ നിർവ്വഹണം

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2023-2024 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| | | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2023-2024<br>സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) |
| II | സംസ്ഥാന ഭരണത്തലവന്മാർ, | 695,30,83,000 | - | 695,30,83,000 |

| | | | | |
|---|---|---|---|---|
| | മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | | | |
| III | നീതിന്യായ നിർവ്വഹണം | 1005,58,75,000 | - | 1005,58,75,000 |

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. ചെയർമാൻ: പ്രമേയം അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. ചെയർമാൻ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ II - സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 695,30,83,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പങ്കാളിത്ത പെൻഷനു പകരം സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിക്കുന്നത് പരിശോധിക്കുന്നതിനായി നിയോഗിച്ച കമ്മീഷന്റെ റിപ്പോർട്ടിൻമേൽ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. ആർ. മഹേഷ്</u>: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 695,30,83,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പി.എസ്.സി. പരീക്ഷകൾ സമയബന്ധിതമായി നടത്തി റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതിനും ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്തുകൊണ്ട് റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ പരമാവധി നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കാത്തതുമൂലം ഉദ്യോഗാർത്ഥികൾ പ്രതിസന്ധി നേരിടുന്നതായി

പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 695,30,83,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (എല്ലാ നിയമനങ്ങളും പി.എസ്.സി. വഴിയാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 695,30,83,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി. പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ റിട്ടയർ ചെയ്തവർക്ക് പുനർ നിയമനം നൽകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 695,30,83,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള കേന്ദ്ര സഹായം നേടിയെടുക്കുന്നതിന് ഫലപ്രദമായി പ്രവർത്തിക്കാൻ ഗവ. സെക്രട്ടറിമാർക്ക് കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 695,30,83,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വിതരണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയതായി പറയപ്പെടുന്ന സാഹചര്യത്തിൽ ദുരിതാശ്വാസ ഫണ്ട് അനർഹരുടെ കൈകളിൽ എത്തുന്നില്ല എന്നുറപ്പാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 695,30,83,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (കേരളത്തിന്റെ ഭൂപ്രകൃതിയിൽ വലിയ പാരിസ്ഥിതിക ആഘാതം ഉണ്ടാക്കുവാനിടയുള്ള സിൽവർ ലൈൻ പദ്ധതി പൂർണ്ണമായും ഉപേക്ഷിക്കുന്നതിന് തയ്യാറാകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 695,30,83,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംരക്ഷിത വന മേഖലയ്ക്കും ദേശീയ ഉദ്യാനങ്ങൾക്കും ചുറ്റുമുള്ള ജനവാസ പ്രദേശങ്ങളെ ഇക്കോ സെൻസിറ്റീവ് സോണിൽ നിന്നും ഒഴിവാക്കുന്നതിനായി കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 695,30,83,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റീ ബിൽഡ് കേരള പദ്ധതിക്കായി

വകയിരുത്തിയ തുക കാര്യക്ഷമമായി ചെലവഴിക്കുന്നതിലും പദ്ധതികൾ നടപ്പാക്കുന്നതിലും സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 695,30,83,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ലോക കേരളസഭയുടെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 695,30,83,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (എൻഡോസൾഫാൻ ദുരിതബാധിതർക്ക് വിദഗ്ധ ചികിത്സയും നഷ്ടപരിഹാരവും മറ്റു സഹായങ്ങളും ലഭ്യമാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ഉമ തോമസ്: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 695,30,83,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സെക്രട്ടേറിയറ്റിലെ പ്രവേശന നിയന്ത്രണങ്ങളുടെ പേരിൽ പൊതുജനങ്ങൾ ബുദ്ധിമുട്ട് നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ III - നീതിന്യായ നിർവ്വഹണം**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. അൻവർ സാദത്ത്: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1005,58,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കോടതി നടപടികൾ പൂർണമായും മാതൃഭാഷയിൽ ആക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1005,58,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കുട്ടികൾക്കെതിരെയുള്ള

ലൈംഗിക അതിക്രമ കേസ്സുകൾ വർദ്ധിച്ചു വരുന്നതായി പറയപ്പെടുന്നതിനാൽ കൂടുതൽ അതിവേഗ പോക്സോ കോടതികൾ സ്ഥാപിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1005,58,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കുടുംബ കോടതികളിലെ കേസ്സുകൾ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1005,58,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ലോകായുക്തയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1005,58,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (രാഷ്ട്രീയ കൊലപാതക കേസ്സുകളിൽ പ്രതികളായിട്ടുള്ളവരെ സംരക്ഷിക്കുന്നതിന് ഖജനാവിൽ നിന്നും വൻതുക ചെലവഴിച്ച് നിയമവിദഗ്ധരുടെ സഹായം തേടിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1005,58,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് കോടതി/കമ്മീഷൻ വിധികളിൽ പലതും കൃത്യമായി നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1005,58,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നിയമസഹായനിധിയിലേക്ക് പിരിച്ചെടുക്കുന്ന തുക വക മാറ്റി

ചെവഴിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1005,58,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പബ്ലിക് പ്രോസിക്യൂട്ടർമാർ പ്രതിഭാഗവുമായി ചേർന്ന് കേസുകൾ അട്ടിമറിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1005,58,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അട്ടപ്പാടി മധു വധക്കേസ് ഉൾപ്പെടെയുള്ള കേസ്സുകളിലെ പ്രതികൾ സാക്ഷികളെ സ്വാധീനിച്ച് കേസ്സുകൾ അട്ടിമറിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1005,58,75,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്ത്രീപീഡകരും

ഗുണ്ടാബന്ധമുള്ളവരും അഴിമതിക്കാരുമായ ഉദ്യോഗസ്ഥർക്കെതിരെ നിയമനടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1005,58,75,000 രൂപയിൽ നിന്ന് നൂറു രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. പി. സി. വിഷ്ണുനാഥ്
2. ശ്രീ. ടി. ജെ. വിനോദ്
3. ഡോ. മാത്യു കുഴൽനാടൻ
4. ശ്രീ. സനീഷ്കുമാർ ജോസഫ്
5. ശ്രീ. സി. ആർ. മഹേഷ്
6. ശ്രീമതി ഉമ തോമസ്
7. ശ്രീ. മോൻസ് ജോസഫ്

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രതിസന്ധിഘട്ടത്തിലും

ജനജീവിതത്തിന് ബുദ്ധിമുട്ടുണ്ടാക്കാതെ, സാമൂഹ്യക്ഷേമ നടപടികൾ തുടർന്നും മുന്നോട്ടുകൊണ്ടുപോകാനുള്ള ഈ സർക്കാരിന്റെ ധീരമായ തീരുമാനത്തെ അംഗീകരിക്കുകയാണ്. ഈ സഭാതലത്തിൽ സംസാരിക്കുമ്പോൾ ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുന്ന ഒരു കാര്യം, വളരെ പ്രധാനപ്പെട്ട രണ്ട് സംഭവങ്ങൾ ഓർക്കേണ്ട ദിവസമാണിന്ന് എന്നതാണ്. നമ്മുടെയെല്ലാം അഭിമാനമായ ചന്ദ്രശേഖര വെങ്കിട്ടരാമൻ, 1928-ൽ രാമൻ ഇഫക്ട് കണ്ടുപിടിച്ചതിന്റെ ഓർമ്മ പുതുക്കുന്ന ദിനമായ ഇന്ന് 'നാഷണൽ സയൻസ് ഡേ' ആയി ആചരിക്കുകയാണ്. ആകാശത്തിന്റെ നീലനിറത്തിനും കടലിന്റെ നീലനിറത്തിനുമൊക്കെ കാരണമാകുന്ന, പ്രകാശത്തിന്റെ സ്കാറ്ററിംഗുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട വിഷയം കണ്ടുപിടിച്ചതിന്റെ ഓർമ്മ പുതുക്കുന്ന ദിവസമാണ്. അദ്ദേഹത്തിന് നോബൽ സമ്മാനം കിട്ടിയതിന്റെ ഓർമ്മയും ഈ ദിവസവുമായി ബന്ധപ്പെട്ടുണ്ട്. മറ്റൊന്ന്, സ്വാതന്ത്ര്യത്തിനുമുൻപ് നമ്മുടെ നാട്ടിൽ നിലനിന്നിരുന്ന കടുത്ത ജാതി വിവേചനത്തിനെതിരായുള്ള വലിയൊരു പോരാട്ടമായ വൈക്കം സത്യാഗ്രഹത്തിന്റെ പ്രഖ്യാപനം വന്നതിന്റെ ഓർമ്മ പുതുക്കുന്ന ദിവസംകൂടിയാണിന്ന്. താഴ്ന്ന ജാതിക്കാർക്ക് വൈക്കം ക്ഷേത്രത്തിന്റെ ചുറ്റുമതിലിന് സമീപത്തുള്ള പൊതുനിരത്തിലൂടെ നടന്നുകൂടായെന്ന

സവർണ്ണരുടെ അധികാര ഭ്രാന്തിനെതിരായി മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിൽ നടന്ന സമരത്തിന്റെ ഓർമ്മ പുതുക്കുന്ന ദിവസം കൂടിയാണ്. അന്നത്തെ കോൺഗ്രസ്സിന് അതിനെല്ലാം നേതൃത്വം കൊടുക്കാൻ കഴിഞ്ഞിരുന്നു. സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി ഇതുപോലുള്ള കാര്യങ്ങൾ ചെയ്യാൻ ഇന്ത്യൻ ജനതയോടൊപ്പം കേരളത്തിലെ ജനങ്ങൾ തയ്യാറായതിന്റെകൂടെ അന്ന് മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിൽ വലിയൊരു പോരാട്ടം അയിത്താചരണത്തിനെതിരെ നടന്നിരുന്നു. എന്നാൽ ആ കോൺഗ്രസ്സ് ഇന്ന് എവിടെയെത്തി നിൽക്കുന്നുവെന്നുള്ളതാണ് ഇപ്പോഴത്തെ കോൺഗ്രസ്സിന്റെ സ്വഭാവ സവിശേഷതകളിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇന്ന് രാവിലെ സഭാതലത്തിൽ നടന്നിട്ടുള്ള പ്രകടനങ്ങളെല്ലാംതന്നെ കോൺഗ്രസ്സിനുണ്ടായ അപചയത്തിന്റെ പ്രത്യേകതകൾ ചൂണ്ടിക്കാണിക്കുന്നതാണ്. റായ്പൂരിൽ നടന്ന കോൺഗ്രസ്സിന്റെ പ്ലീനറി സമ്മേളനത്തിലെ പ്രഖ്യാപനത്തിലെ ചില കാര്യങ്ങൾ അംഗീകരിച്ചുകൊണ്ട് ബഹുമാന്യരായ മുഖ്യമന്ത്രിയും മന്ത്രിമാരുമുൾപ്പെടെ സംസാരിക്കുകയുണ്ടായി. ഏതായാലും കോൺഗ്രസ്സിന് ഒരു കാര്യം ബോധ്യമായിരിക്കുന്നു, നേരത്തെ അവരുടെ ഉദയ്പൂർ ചിന്തൻ ശിബിരത്തിൽനിന്നും കോൺഗ്രസ്സിന്റെ സമീപനം മാറിയിരിക്കുന്നുവെന്നുള്ളത്

സ്വാഗതാർഹമാണ്. ഉദയ്പൂർ ചിന്തൻ ശിബിരത്തിൽ ബി.ജെ.പി.-യെ നേരിടാൻ കോൺഗ്രസ്സിനുമാത്രമേ സാധിക്കൂ, കോൺഗ്രസ്സിനാണത് കഴിയുക, അതുകൊണ്ട് കോൺഗ്രസ്സ് തിരിച്ചുവരുമെന്ന രീതിയിലുള്ള പ്രചരണമാണ് നടത്തിയിരുന്നത്. എന്നാൽ കോൺഗ്രസ്സിന്റെ ചില നയങ്ങൾ അവരെ എത്രമാത്രം പിന്നോട്ടടിപ്പിച്ചിരിക്കുന്നുവെന്ന് ഇപ്പോൾ മനസ്സിലായിട്ടുണ്ട്. ബി.ജെ.പി.-യെ നേരിടാൻ, ബി.ജെ.പി. സ്വീകരിക്കുന്ന തീവ്രഹിന്ദുത്വത്തിന് പകരമായി മൃദുഹിന്ദുത്വ സമീപനം സ്വീകരിക്കുകയാണ് കോൺഗ്രസ്സ് സ്വീകരിച്ചിട്ടുള്ള മാർഗ്ഗം. അതിന് റായ്പൂർ പ്രഖ്യാപനത്തിലും മാറ്റമൊന്നും വന്നിട്ടില്ല. ഒറ്റയ്ക്കുനിന്നാൽ കോൺഗ്രസ്സ് ഒന്നുമല്ലായെന്നുള്ള കാര്യം റായ്പൂർ പ്രഖ്യാപനത്തിൽ അവർക്ക് വ്യക്തമായിട്ടുണ്ട്. അത്രയെങ്കിലും പോസിറ്റീവായി ആലോചിച്ചത് വളരെ നല്ല കാര്യമായി സ്വാഗതം ചെയ്യേണ്ടതാണ്. ജനാധിപത്യ ശക്തികളുമായി യോജിച്ചുകൊണ്ട് പ്രവർത്തിക്കണമെന്ന് കോൺഗ്രസ്സിന്റെ റായ്പൂർ പ്രഖ്യാപനത്തിന്റെ ഭാഗമായി വന്നതിനെ ഞങ്ങളെല്ലാം സ്വാഗതം ചെയ്യുകയാണ്, അത്രയും ധാരണ കോൺഗ്രസ്സിനുണ്ടാകുന്നത് നല്ലതാണ്. എന്നാൽ ആ ധാരണയുള്ളതുകൊണ്ടുമാത്രം കോൺഗ്രസ്സ് നന്നാകുകയില്ലായെന്നതിന്റെ സൂചന റായ്പൂർ ശിബിരത്തിലും ഉണ്ടായിയെന്നുള്ളതാണ്. അവിടെ

ബി.ജെ.പി. ഗവൺമെന്റിന്റെ ഏതെങ്കിലുമൊരു തെറ്റായ നയത്തെ തുറന്നെതിർക്കാൻ കോൺഗ്രസ്സിന് സാധിച്ചോ; പ്രത്യേകിച്ച് മതനിരപേക്ഷതയുമായി ബന്ധപ്പെട്ട കാര്യം. ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനഘടന മതനിരപേക്ഷതയിലും ജനാധിപത്യത്തിലും അധിഷ്ഠിതമാണ്. ജനാധിപത്യം പരിപൂർണ്ണമായും അവസരസമത്വമാണ്. മതേതരത്വമാണ് ഇന്ത്യയുടെ ബേസിക് സ്ട്രക്ചറെന്ന് നമുക്ക് പറയാം. അതിൽ മാറ്റമുണ്ടാക്കാൻ ആർക്കും അവകാശമില്ല; ഭരണഘടനയുടെ ഭേദഗതികളൊക്കെ ആകാം. ഇന്ന് ബി.ജെ.പി. ഗവൺമെന്റ് ഭരണഘടനയെ ഭേദഗതി ചെയ്യുക മാത്രമല്ല അതിന്റെ ബേസിക് സ്ട്രക്ചറിനെക്കൂടി പൊളിച്ചെഴുതുകയാണ്. മതത്തിലൂന്നിയതും വർഗ്ഗീയതയിലധിഷ്ഠിതവുമായ ഒരു ഹിന്ദുത്വരാഷ്ട്ര വാദവുമായിട്ടാണ് ബി.ജെ.പി. മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ബി.ജെ.പി. സ്വീകരിക്കുന്ന ഓരോ സമീപനവും നമ്മുടെ നാടിന്റെ മതനിരപേക്ഷതയെയും മതേതരത്വത്തെയും തകർക്കുന്നതാണ്. എന്നാൽ കോൺഗ്രസ്സിന്റെ ശിബിരത്തിൽ അത്തരത്തിലുള്ള സംഭവങ്ങളെക്കുറിച്ചുള്ള ദീർഘമായ ചർച്ചകളോ, തീരുമാനങ്ങളോ, എതിർപ്പുകളോ വന്നില്ല. കാശ്മീരിന്റെ പ്രത്യേക പദവി ഒഴിവാക്കിയത് സംബന്ധിച്ചും മുത്തലാഖ് നിയമം കൊണ്ടുവന്ന് ഒരു പ്രത്യേക

മതവിഭാഗത്തെ മാത്രം കുറ്റക്കാരായി കാണുന്ന സമീപനത്തിനെതിരായിട്ടും രാമക്ഷേത്ര നിർമ്മാണവുമായി മുന്നോട്ടുപോകുന്ന ബി.ജെ.പി.-യുടെ നയത്തെ വിമർശിച്ചുകൊണ്ടും കാശിയും മഥുരയും ലക്ഷ്യമാക്കിയുള്ള ബി.ജെ.പി.-യുടെ പ്രയാണത്തെ നിശിതമായി വിമർശിച്ചുകൊണ്ടുമുള്ള എന്തെങ്കിലും ആ ശിബിരത്തിലുണ്ടായോ; അല്ലെങ്കിൽ റായ്പൂരിലെ നിങ്ങളുടെ പ്ലീനറിയിൽ ഉണ്ടായോ; നിങ്ങൾ ഭയക്കുകയാണോ? ഇനിയെങ്കിലും നിങ്ങൾ മനസ്സിലാക്കേണ്ടത് ബി.ജെ.പി.-യുടെ അതേ നയം സ്വീകരിച്ചുകൊണ്ട് ബി.ജെ.പി.-ക്ക് ബദലായി നിങ്ങൾക്ക് വളർന്നുവരാൻ സാധിക്കുകയില്ലായെന്നുള്ളതാണ്. ഇന്ത്യയുടെ മതനിരപേക്ഷത കാത്തുസൂക്ഷിച്ചുകൊണ്ടും ഇന്ത്യൻ ജനതയെ ഒന്നായി കണ്ടുകൊണ്ടുംമാത്രമേ മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. കോൺഗ്രസ്സിന് അതിന് കഴിയില്ലായെന്നുള്ളതും മനസ്സിലായെന്നുള്ളതും റായ്പൂർ പ്രഖ്യാപനത്തിന്റെ ഭാഗമായി തെളിയിച്ചിരിക്കുന്നുവെന്നത് കോൺഗ്രസ്സിൽനിന്നും ഒന്നും പ്രതീക്ഷിക്കാനില്ല എന്നുള്ളതിന്റെ സൂചനയാണ്. നിങ്ങൾ എവിടെയാണ് ബഹളമുണ്ടാക്കുന്നത്? നിങ്ങൾ രാവിലെ മുതൽ ബഹളമുണ്ടാക്കിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കേരളത്തിലെ ഗവൺമെന്റിനെ തകർക്കാനാണ്. കേരളത്തിലെ ഗവൺമെന്റ് ഇന്ന് ഇന്ത്യയിൽ

ബി.ജെ.പി.-യുടെ അതിഭീകരമായ ഹിന്ദുരാഷ്ട്ര വാദത്തിനെതിരായി ഏറ്റവും ശക്തമായൊരു മതിലായി നിൽക്കുകയാണ്. ഞങ്ങൾ മറ്റുസംസ്ഥാനങ്ങളിലൊന്നും അധികാരത്തിലില്ല, ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളത്തിലാണുള്ളത്. പക്ഷേ, കേരളത്തിൽ ബി.ജെ.പി.-യുടെ വർഗ്ഗീയത, വിഭജനവാദം, ഹിന്ദുരാഷ്ട്രവാദം എന്നിവയൊക്കെ നടപ്പാക്കാൻ അനുവദിക്കുകയില്ലെന്ന് വ്യക്തമായി പ്രഖ്യാപിച്ചുകൊണ്ട് നിയമസഭയിലെ 99 പേരും പുറത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഒറ്റക്കെട്ടായും അതിനെ എതിർക്കുന്നു. ആ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെയും ഈ ഗവൺമെന്റിനെയും തകർത്തേ അടങ്ങൂവെന്ന വാശിയാണ് കേരളത്തിലെ കോൺഗ്രസ്സിന്. പിന്നെ എവിടെയാണ് ഈ രാജ്യത്തിന് രക്ഷയുള്ളത്; നിങ്ങൾ എന്താണ് ഉദ്ദേശിക്കുന്നത്? ജനാധിപത്യവാദികളെയെല്ലാം ചേർത്തുകൊണ്ടാണ് കോൺഗ്രസ്സിന്റെ പ്രവർത്തനമെന്ന് പറഞ്ഞുവല്ലോ; ഇവിടെ ഏറ്റവും ശക്തമായി ഞങ്ങൾ വർഗ്ഗീയതയെ പ്രതിരോധിക്കുന്നു. ഇപ്പോൾ സി.പി.ഐ.(എം.)-ന്റെ നേതൃത്വത്തിൽ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ രണ്ട് കാര്യങ്ങൾക്കെതിരെയാണ് പ്രതിരോധ ജാഥ നടത്തുന്നത്. ഒന്ന്, നമ്മുടെ ഭരണഘടനയുടെ അടിത്തറ തകർക്കുന്ന മതേതരത്വത്തിനെതിരായുള്ള, ഹിന്ദുരാഷ്ട്രവാദം വച്ചുകൊണ്ടുള്ള ബി.ജെ.പി.-

യുടെ നീക്കത്തിനെതിരെയാണ്. പാഠപുസ്തകങ്ങൾപോലും മാറ്റിയെഴുതുന്ന, നിയമങ്ങൾ മാറ്റിയെഴുതുന്ന, ജുഡീഷ്യറിയെപ്പോലും വരുതിയിൽ നിർത്തുന്ന, മറ്റെല്ലാ ജനാധിപത്യ സംവിധാനങ്ങളേയും വർഗ്ഗീയതയ്ക്ക് കീഴ്പ്പെടുത്തുന്ന ബി.ജെ.പി.-യുടെ ഭരണം 1930-കളിലെ ഫാസിസ്റ്റ് ഹിറ്റ്ലറുടെ ഭരണത്തെയാണ് ഓർമ്മിപ്പിക്കുന്നത്. കുറച്ചുപേരെ കൂട്ടുപിടിച്ച് മറ്റുള്ളവരെ പരാജയപ്പെടുത്തുകയെന്നുള്ളതാണ്. ക്രിസ്ത്യാനിക്ക് ഞങ്ങളുണ്ടെന്ന് പറയുകയാണ്, എന്നാൽ ക്രിസ്ത്യാനികളിൽ ചിലരെങ്കിലും അതിൽ വിശ്വസിച്ചാൽ 1930-കളിൽ ജർമ്മനിയിൽ നടന്ന കാര്യങ്ങൾ ഇവിടെ സംഭവിക്കുമെന്നതിൽ ഒരു സംശയവുമില്ല. മുസ്ലീങ്ങളിൽ ചില വിഭാഗങ്ങളെ കൂട്ടുപിടിച്ചുകൊണ്ട് മറ്റുള്ളവരെ മാറ്റിനിർത്താൻ സാധിക്കും; അതാണ് ജമാഅത്തെ ഇസ്ലാമിയുമായി ആർ.എസ്.എസ്. നടത്തിയ ചർച്ച. ഞങ്ങൾ അതിനെ എതിർത്തു; സൂക്ഷ്മതയോടുകൂടിയ വർഗ്ഗീയശക്തികളുടെ ഇടപെടലാണ്, അതാണ് ഞങ്ങൾ എതിർക്കാൻ കാരണം. ബി.ജെ.പി.-യുടെ തന്ത്രത്തിനെതിരെ ശക്തമായ പ്രതിരോധം തീർത്തുകൊണ്ടുമാത്രമേ കേരളത്തെയും അതുവഴി ഈ രാജ്യത്തെയും രക്ഷിക്കാനുള്ള ഒരു മോഡൽ നമുക്ക് കാണിച്ചുകൊടുക്കാൻ സാധിക്കുകയുള്ളൂ. നമുക്ക് രാജ്യത്തെയാകെ രക്ഷിക്കാൻ കഴിയുകയില്ല. എന്നാൽ കേരളത്തിൽ നാം ഒരു മോഡൽ

കാണിച്ചുകൊടുക്കാൻ ആഗ്രഹിക്കുന്നു. അത് ഇവിടത്തെ ഹിന്ദുവും മുസ്ലീമും ക്രിസ്ത്യാനിയും ഒരുമിച്ച് ചേർന്നുകൊണ്ട് ഈ രാജ്യത്തെ നശിപ്പിക്കുന്ന വർഗ്ഗീയതയ്ക്കെതിരായുള്ള സന്ധിയില്ലാത്ത സമരമാണ്. അതിനുള്ള പ്രതിരോധം തീർത്തുകൊണ്ട് മുന്നോട്ടുപോകാൻ തന്നെയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ആഗ്രഹിക്കുന്നത്.

രണ്ട്, നമ്മുടെ സംസ്ഥാനത്തെ സാമ്പത്തികമായി തകർക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നയത്തിനെതിരായിട്ടുള്ളതാണ്. കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ നിങ്ങൾ ഇവിടെ ഇന്ന് കാണിച്ച ഏതെങ്കിലും തരത്തിലുള്ള ഒരു ആക്രോശമോ അല്ലെങ്കിൽ അതിനെതിരായുള്ള ശക്തമായ അഭിപ്രായ പ്രകടനമോ ഈ സഭാതലത്തിലെങ്കിലും നിങ്ങൾക്ക് നടത്താമായിരുന്നില്ലേ? നമ്മുടെ സംസ്ഥാനത്തെ എത്രമാത്രം വീർപ്പുമുട്ടിക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റെടുത്തത്. കേന്ദ്ര ഗവൺമെന്റ് ഞെരുക്കുന്ന സമയത്ത് സംസ്ഥാന ഗവൺമെന്റിന്റെ നിലനിൽപ്പിനെ ചൊല്ലി 1600 രൂപവച്ച് ഈ സംസ്ഥാനത്തെ പാവങ്ങൾക്ക് പെൻഷൻ കൊടുക്കാനും അവർക്ക് സൗജന്യ ചികിത്സ കൊടുക്കാനും കഴിയുംവിധം രണ്ടു രൂപ പെട്രോളിയം ഉൽപ്പന്നങ്ങളുടെ മേൽ സെസ്സ് ചുമത്തിയതിനെ നിങ്ങൾ എന്തുവലിയ ചൂഷണമായിട്ടാണ് ചിത്രീകരിച്ചത്. കേരളത്തിലെ ഇടതുപക്ഷ

ഗവൺമെന്റ് ഒരിക്കലും കൂടുതൽ നികുതിഭാരം അടിച്ചേൽപ്പിച്ച് ദ്രോഹിക്കാനാഗ്രഹിക്കുന്നില്ലെന്ന് ഈ നാട്ടിലെ ജനങ്ങൾക്ക് മനസ്സിലായിട്ടുണ്ട്. കോവിഡ് മഹാമാരി വന്ന് ലോകം വിറങ്ങലിച്ചുനിന്നപ്പോൾ സൗജന്യ ചികിത്സ പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം. ധാരാളം പണം കെട്ടിവച്ചിട്ടല്ല നമ്മൾ അതുചെയ്തത്. ജനങ്ങൾക്കാകമാനം സൗജന്യ ചികിത്സ പ്രഖ്യാപിച്ചു. ഇവിടെ കെട്ടിവച്ച കാശുകൊണ്ടല്ല അത് ചെയ്തിട്ടുള്ളതെന്ന് നമുക്കെല്ലാപേർക്കും അറിയാം. എന്നാൽ ആ ഗവൺമെന്റിന്റെ നിലനിൽപ്പിനുവേണ്ടി, വായ്പയെടുക്കാനുള്ള പരിധിപോലും വെട്ടിച്ചുരുക്കിയിരിക്കുകയാണ്. നമുക്ക് കിട്ടാനുള്ള നികുതി വിഹിതത്തിൽ കോടിക്കണക്കിന് രൂപയുടെ കുറവ് വരുത്തിയിരിക്കുകയാണ്, നിങ്ങൾക്ക് അതുസംബന്ധിച്ച് ഒരു ചൂടുമില്ല. അതൽപ്പമെങ്കിലും കോൺഗ്രസ്സിന്റെ അല്ലെങ്കിൽ യു.ഡി.എഫ്.-ന്റെ മനസ്സിനെ അസ്വസ്ഥമാക്കിയിട്ടുണ്ടോ? കഴിഞ്ഞ കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റ് വന്നതിനുശേഷം എന്തെല്ലാം ദ്രോഹങ്ങളാണ് ഓരോ മേഖലയിലും ഉണ്ടായത്. രാസവള സബ്സിഡി വെട്ടിച്ചുരുക്കി കൃഷിക്കാരെ ദ്രോഹിക്കുന്ന നയം സ്വീകരിച്ചു. രാസവള സബ്സിഡി എത്രകണ്ടാണ് വെട്ടിച്ചുരുക്കിയത്; നിങ്ങൾ ചിന്തിച്ചോ? ഇവിടെ കൃഷി വകുപ്പ് നടത്തുന്ന 'എല്ലാവരും

കൃഷിയിലേയ്ക്ക് ' പദ്ധതിയിൽ ജനങ്ങളെ എങ്ങനെയാണ് ആകർഷിക്കുക? രാസവളത്തിന് വില കൂടിക്കൊണ്ടിരിക്കുമ്പോൾ ഏത് കൃഷിക്കാരനാണ് രക്ഷ കിട്ടുക? കാർഷിക മേഖലയിൽ കേന്ദ്രഗവൺമെന്റ് നടത്തുന്ന തെറ്റിനെതിരെയും ചൂഷണത്തിനെതിരെയും ഒരക്ഷരം മിണ്ടാനോ മാർച്ച് നടത്താനോ നിങ്ങൾ തയ്യാറായോ; ഈ ആവശ്യത്തിനായി കേന്ദ്രഗവൺമെന്റ് ഓഫീസുകൾക്കുമുന്നിലേയ്ക്കോ രാജ്ഭവന് മുന്നിലേയ്ക്കോ ഒരു മാർച്ച് നിങ്ങൾക്ക് നടത്താമായിരുന്നില്ലേ; കോൺഗ്രസ്സ് അങ്ങനെ ചെയ്തോ? അപ്പോൾ കോൺഗ്രസ്സിന് കൃഷിക്കാരുടെ പ്രശ്നമൊന്നും ഒരു വിഷയമേയല്ല. തൊഴിലുറപ്പ് പദ്ധതി രൂപീകരിച്ചത് ഒന്നാം യു.പി.എ. ഗവൺമെന്റിനെ ഇടതുപക്ഷം പിന്തുണയ്ക്കുന്ന സമയത്തായിരുന്നുവെന്നത് നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ? നിങ്ങളുടെ തലയിൽ അങ്ങനെയൊരു ആശയം ഉദിച്ചിട്ടില്ല. ഇന്ത്യയിലെ ഒരു കുടുംബത്തിലെ ഒരാൾക്കെങ്കിലും തൊഴിൽ കൊടുക്കണം, അതിന് എത്ര കോടി രൂപ ചെലവായാലും അങ്ങനെ കൊടുക്കണമെന്ന് നിങ്ങൾക്ക് ആഗ്രഹമുണ്ടായിട്ടില്ല. പക്ഷേ, അന്ന് പിന്തുണ തരണമെങ്കിൽ തൊഴിലുറപ്പ് പദ്ധതി കൊണ്ടുവരണമെന്ന് ഞങ്ങൾ നിർദ്ദേശിച്ചു. അന്ന് ഞങ്ങൾ പറഞ്ഞാൽ കേൾക്കുന്ന ഒരു സ്വഭാവമുണ്ടായിരുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞങ്ങൾതന്നെയാണ് നിർദ്ദേശിച്ചത്, അതിൽ യാതൊരു സംശയവുമില്ല, ഇതിൽ പോയിന്റ് ഓഫ് ഓർഡറില്ല.

മി. ചെയർമാൻ: പ്ലീസ്....ടീച്ചർക്ക് അനുവദിച്ച സമയം കഴിഞ്ഞു. പോയിന്റ് ഓഫ് ഓർഡർ. യെസ് പ്രോസീഡ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, റൂൾ 307, അവാസ്തവമായ കാര്യമാണ് പറഞ്ഞത്, 2004-ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ശ്രീമതി സോണിയാ ഗാന്ധി പുറത്തിറക്കിയ കോൺഗ്രസ്സിന്റെ പ്രകടനപത്രികയിലെ 'ലേബർ' എന്നതിലെ ഒന്നാമത്തെ വാഗ്ദാനമായിരുന്നു, കോൺഗ്രസ്സ് അധികാരത്തിൽവന്നാൽ നൂറുദിനം തൊഴിലുറപ്പാക്കുന്ന നിയമം കൊണ്ടുവരുമെന്നത്.

മി. ചെയർമാൻ: ചുരുക്കി പറയണം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, യു.പി.എ. വന്നതും അതിനെ ഇടതുപക്ഷം പിന്തുണയ്ക്കാൻ തീരുമാനിച്ചതും അതിനുശേഷമാണ്. കോൺഗ്രസിന് ഇതിനകത്ത് താത്പര്യമില്ലായിരുന്നുവെന്ന അവാസ്തവമായ കാര്യം രേഖയിൽനിന്നും നീക്കംചെയ്യണം എന്നതാണ് എന്റെ പോയിന്റ്.

മി. ചെയർമാൻ: പരിശോധിക്കാം+. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ പ്രസംഗം കൺക്ലൂഡ് ചെയ്യൂ.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ശ്രീ. പി. സി. വിഷ്ണുനാഥിന് അത് കൊള്ളേണ്ട കാര്യമില്ല.

മി. ചെയർമാൻ: ശ്രീ. പി. വി. ശ്രീനിജിൻ, അവിടെയിരിക്കൂ. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ കൺക്ലൂഡ് ചെയ്യുകയാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഒന്നാം യു.പി.എ. ഗവൺമെന്റിനുമുമ്പും നാലിൽ മൂന്ന് ഭൂരിപക്ഷത്തിനൊക്കെ കോൺഗ്രസ്സ് ഇവിടെ ഭരിച്ചിരുന്നല്ലോ; എന്നിട്ട് ഒരു കുടുംബത്തിലെ ഒരാൾക്ക് തൊഴിൽ കൊടുക്കണമെന്ന ചിന്ത നിങ്ങളുടെ മനസ്സിന്റെ നാലയലത്തുകൂടി പോയിട്ടുണ്ടോ; ആരാണ് അതിന് പ്രേരിപ്പിച്ചത്? ശ്രീ. പി. സി. വിഷ്ണുനാഥ്, ഇതൊന്നും പാഴ്മുറംകൊണ്ട് മറച്ചുപിടിച്ചാൽ മറഞ്ഞുപോകുന്ന കാര്യങ്ങളല്ല.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, സ്വാതന്ത്ര്യം കിട്ടിയ കാലംമുതൽ ഭരിച്ചിട്ടും തൊഴിൽ കൊടുക്കേണ്ടത് കോൺഗ്രസ്സിന്റെ ഉത്തരവാദിത്വമാണെന്ന് നിങ്ങൾക്ക് എന്നെങ്കിലും തോന്നിയിരുന്നോ? അന്ന്

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 3578/ഇ.ബി /2023/നി.സെ. തീയതി 01-03-2023) സഭാരേഖകളിൽ നിലനിർത്തി.

ഇടതുപക്ഷത്തിന്റെ ആഗ്രഹത്തിന്റെ ഭാഗമായിത്തന്നെയാണ് തൊഴിലുറപ്പ് പദ്ധതി കൊണ്ടുവന്നത്. പിന്നെ അത് എങ്ങനെ അട്ടിമറിക്കാമെന്നാണ് ശ്രമിച്ചുകൊണ്ടിരുന്നത്. ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റ് അത് അട്ടിമറിക്കാൻ ശ്രമിക്കുകയാണ്. ഞാൻ ചെയറിനെ ബുദ്ധിമുട്ടിക്കുന്നില്ല, നിർത്തുകയാണ്. അത്തരത്തിലുള്ള എല്ലാ നല്ല നടപടികൾക്കുപിന്നിലും ഇടതുപക്ഷത്തിന്റെ ഒരു ശ്രദ്ധയുണ്ട്. കേരളത്തിലെ ഇടതുപക്ഷത്തിന്റെ മാതൃകയോടുകൂട്ടുചേർന്നുകൊണ്ട് ഇതാണ് ജനകീയ മാതൃകയെന്ന് ഇന്ത്യയ്ക്ക് കാണിച്ചുകൊടുക്കാൻ കോൺഗ്രസ്സ് തയ്യാറായാൽ ഉത്തർപ്രദേശിലും മദ്ധ്യപ്രദേശിലുമൊക്കെ പോയി ബി.ജെ.പി.ക്ക് എതിരായി സംസാരിക്കാൻ നല്ല ആക്കം കിട്ടും. അതിന് നിങ്ങൾ തയ്യാറാകണമെന്നുമാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

മി. ചെയർമാൻ: എല്ലാവരും സമയം പാലിക്കണം, ഇന്ന് 17 പേർ സംസാരിക്കാനുണ്ട്.

ശ്രീ. സണ്ണി ജോസഫ്: സർ, ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ബഹുമാനപ്പെട്ട ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്ക് ഈ സർക്കാരിന്റെ സാമ്പത്തിക നയത്തെയോ നേട്ടങ്ങളെയോ സംബന്ധിച്ച് ഒരു വാക്ക് പറയാനില്ലാത്തതുകൊണ്ടാണോ കോൺഗ്രസിനെ കടന്നാക്രമിച്ചത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ യഥാർത്ഥത്തിൽ ടീച്ചർ തന്നെയാണ്, വിദ്യാഭ്യാസ യോഗ്യതയുള്ള, അദ്ധ്യാപികയായിരുന്നു. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ദിനപത്രം വായിക്കുന്നുണ്ടെന്നാണ് ഞങ്ങൾ മനസ്സിലാക്കിയിരുന്നത്. കോൺഗ്രസ്സ് സമ്മേളനത്തിന്റെ വർഗ്ഗീയതയ്ക്കെതിരെയും ബി.ജെ.പി.ക്കെതിരെയുമുള്ള പ്രമേയം എടുത്ത് ഉദ്ധരിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. ബി. രാജേഷ് അടിയന്തരപ്രമേയത്തിന് മറുപടി പറഞ്ഞത്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അത് കേട്ടില്ലേ? Now to read it again. എന്തെങ്കിലും സംശയമുണ്ടെങ്കിൽ ദിനപത്രങ്ങൾ വായിക്കണം, ഞങ്ങൾ ആ പ്രമേയങ്ങൾ തരാം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പ്രമേയത്തിന്റെ കോപ്പി നമ്മുടെ കയ്യിലുണ്ട്. അതുവേണമെങ്കിൽ ഇന്നുതന്നെ തരാം.

ശ്രീ. സണ്ണി ജോസഫ്: സർ, ശ്രീമതി കെ.കെ. ശൈലജ ടീച്ചറിന്റെ സമയം മുഴുവൻ എടുത്തത് കോൺഗ്രസിനെ കുറ്റം പറയാനാണ്. അങ്ങനെ ചെയ്യാൻ കാരണം, ഈ സർക്കാരിനെ ന്യായീകരിക്കാൻ ഒന്നുമില്ലാത്തതിനാലാണ്. അപ്പോഴാണ് തൊഴിലുറപ്പ് പദ്ധതി അവരുടേതുകൂടിയാണെന്ന് വരുത്താൻ ശ്രമിച്ചത്, അതിന് ശ്രീ. പി. സി.

വിഷ്ണുനാഥ് മറുപടി പറഞ്ഞപ്പോൾ നിങ്ങൾ എന്തുകൊണ്ടാണ് അങ്ങനെ ചെയ്യാതിരുന്നത്; 30 കൊല്ലമായില്ലേ, 75 കൊല്ലമായില്ലേ എന്നാണ് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ചോദിച്ചത്. അപ്പോൾ ഞങ്ങൾക്ക് ഒരു കാര്യം ചോദിക്കാനുണ്ട്, പശ്ചിമ ബംഗാളിൽ നിങ്ങൾ എത്രകൊല്ലം തുടർച്ചയായി ഭരിച്ചു, അവിടെ തൊഴിലുറപ്പ് പദ്ധതിയുണ്ടായിരുന്നോ? അത് കോൺഗ്രസ്സിന്റെമാത്രം ആശയമാണ്; ശ്രീമതി സോണിയാ ഗാന്ധി പ്രഖ്യാപിച്ച ആശയവും ശ്രീ. മൻമോഹൻ സിംഗ് നടപ്പാക്കിയ ആശയവുമാണ്. അതിന്റെ പിതൃത്വവും നിങ്ങൾ ഏറ്റെടുക്കാൻ ശ്രമിക്കുന്നത് നാണക്കേടാണ്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അത്ര തരംതാഴരുത്. (......ബഹളം.....) കേരള സർക്കാർ അവതരിപ്പിച്ച ജനദ്രോഹ ബഡ്ജറ്റിനെതിരെ, നികുതി നിർദ്ദേശങ്ങൾക്കെതിരെ, പെട്രോൾ-ഡീസൽ വിലവർദ്ധനയ്ക്കെതിരെ ഈ സംസ്ഥാനത്തെ ജനങ്ങളിലുണ്ടായ ശക്തമായ പ്രതിഷേധം സി.പി.ഐ.(എം.) അണികളിലുണ്ട്, ഇടതുപക്ഷത്തിന് വോട്ട് ചെയ്തവർക്കുമുണ്ട്. ആ പ്രതിഷേധത്തെ തടയുന്നതിനുള്ള പരിശ്രമത്തിന്റെ ഭാഗമായാണ് ഈ സഭയിലുണ്ടാകേണ്ട അംഗങ്ങളുൾപ്പെടെ ഒരു അസാധാരണജാഥയുമായി പോകുന്നത്. ജനകീയ പ്രതിരോധയാത്രയല്ല, നികുതി വർദ്ധനയിലൂടെ ജനങ്ങളെ പിഴിയുന്നതിനുള്ള ഒരു പ്രചരണ

യാത്രയാണ് സത്യത്തിൽ സി.പി.ഐ.(എം.) നടത്തിക്കൊണ്ടിരിക്കുന്നത്. പെട്രോൾ-ഡീസൽ വിലവർദ്ധനയെന്നത് ബി.ജെ.പി.ക്കെതിരായി എല്ലാവരും സമരം ചെയ്യുന്നതിലെ ഒരു പോയിന്റാണ്. നരേന്ദ്രമോദി ഗവൺമെന്റ് പെട്രോൾ-ഡീസൽ വിലവർദ്ധന നടപ്പാക്കിയപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അതിന്റെ വിഹിതം കേരളത്തിന് വേണ്ടെന്ന് തീരുമാനിച്ചു. എന്നാൽ അതുപോരാ, ഞങ്ങൾക്കൂടി നികുതി വർദ്ധിപ്പിക്കുമെന്ന നിലപാടാണ് ഇന്ന് പിണറായി വിജയൻ ഗവൺമെന്റ് സ്വീകരിച്ചത്. നികുതിഭാരം ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ചിരിക്കുകയാണ്. ശ്രീമതി കെ.കെ. ശൈലജ ടീച്ചർക്ക് ഇത് ന്യായീകരിക്കാൻ കഴിയുന്നതാണോ? അങ്ങനെ കേന്ദ്രം മാത്രം നികുതി വർദ്ധിപ്പിക്കേണ്ട എന്ന നിലപാടാണ് സ്വീകരിക്കുന്നത്, ഇടിവെട്ടേറ്റ് കിടക്കുന്നവന്റെ പോക്കറ്റടിക്കുന്ന പണിയാണ് ഇവർ ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിനെതിരെ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുടെ ജാഥ നടക്കുകയാണ്. ജാഥയ്ക്ക് ആളില്ലെന്ന് വന്നതുകൊണ്ടാണോ പലതും ചെയ്യുന്നത്? ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പറഞ്ഞ തൊഴിലുറപ്പില്ലേ, എന്താണ് അതിൽ നടന്നത്? ജാഥയിൽ വന്നില്ലെങ്കിൽ, നാളെ ജോലിയുണ്ടാകില്ലെന്ന മെസേജ് തൊഴിലുറപ്പ് തൊഴിലാളികൾക്ക് മയ്യിൽ

പഞ്ചായത്തിലെ സി.പി.ഐ.(എം.) വാർഡ് മെമ്പർ അയച്ചിരിക്കുകയാണ്. ശ്രീ. ടി. പി. രാമകൃഷ്ണന്റെ നാടായ പേരാമ്പ്രയിൽ സർക്കാർ സ്കൂളിന്റെ ബസ് പിടിച്ചാണ് ജാഥയ്ക്ക് ആളെക്കൂട്ടിയിരിക്കുന്നതെന്ന കാര്യം ആർക്കും ഇതുവരെ നിഷേധിക്കാൻ സാധിച്ചിട്ടില്ല. പത്തനംതിട്ടയിൽ മണൽ കടത്തുകാരനെ അവിടെയുള്ള പാർട്ടി നേതാക്കൾ ഭീഷണിപ്പെടുത്തിയതുകൊണ്ട് 3000 രൂപ കൊടുക്കാമെന്ന് പറഞ്ഞകാര്യം അവിടുത്തെ ഏരിയാസെക്രട്ടറിപോലും ഇതുവരെ നിഷേധിച്ചിട്ടില്ല. 15000 രൂപ തരികയാണെങ്കിൽ മണൽ എത്രവേണമെങ്കിലും വാരുന്നതിനുള്ള അനുവാദമാണ് ബ്രാഞ്ച് സെക്രട്ടറി കൊടുക്കുന്നത്. അങ്ങനെയാണോ ജാഥ വിജയിപ്പിക്കുന്നത്? ജാഥയ്ക്ക് ജനങ്ങളുടെ പിന്തുണയില്ലായെന്ന് അവർതന്നെ സമ്മതിച്ചുകഴിഞ്ഞ കാര്യമാണ്. ശ്രീമതി കെ. കെ. ശൈലജ ടീച്ചറും ഞാനും വരുന്നത് കണ്ണൂർ ജില്ലയിൽനിന്നാണല്ലോ, ഇന്നത്തെ പത്രവാർത്ത എന്താണ്? അവസാനം അവർ ആകാശ് തില്ലങ്കേരിക്കെതിരെ 'കാപ്പ' ചുമത്തി ജയിലിലാക്കാൻ നിർബന്ധിതരായിരിക്കുന്നു. തുറന്നുപറയാതിരിക്കാനാണ് അങ്ങനെ ചെയ്തത്. ആകാശ് തില്ലങ്കേരി എന്താണ് പറഞ്ഞത്; 'ഷുഹൈബിനെ എന്നെക്കൊണ്ട് കൊല്ലിച്ചതാണ്, കൊല്ലിച്ച ആളുകളുടെ പേര് ഞാൻ പറയും, കൊല്ലിച്ചവർ ഇപ്പോൾ സുഖവാസത്തിൽ കഴിയുന്നു, ആ ഉത്തരവാദിത്വം ഏറ്റെടുത്ത്

നിർവ്വഹിച്ച ഞങ്ങൾ ഇപ്പോൾ ജയിലിലും'. അവർ ഞങ്ങളെ തള്ളിപ്പറയുന്ന, ഞങ്ങൾ അവരുടെ പേരുകൾ വെളിപ്പെടുത്തും. അങ്ങനെ പറഞ്ഞതിനെത്തുടർന്ന് ആകാശ് തില്ലങ്കേരിയെയും കൂട്ടാളികളെയും ഇന്നലെ 'കാപ്പ' ചുമത്തി അകത്താക്കിയിരിക്കുന്നു. ഷുഹൈബ് കൊല്ലപ്പെട്ട അവസരത്തിൽ ഈ നിയമസഭയിൽ ഞാൻ തന്നെയാണ് അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി തേടി സംസാരിച്ചത്. അന്നത്തെ മുഖ്യമന്ത്രി ആ നടപടികളെ ന്യായീകരിക്കുകയാണ് ചെയ്തത്. ആകാശ് തില്ലങ്കേരി അന്ന് രണ്ട് കേസ്സുകളിൽ പ്രതിയായിരുന്നു. ഒരു കൊലക്കേസിൽ പ്രതിയായി ജാമ്യത്തിൽ നിൽക്കുമ്പോഴാണ് അയാൾ വീണ്ടും കൊലപാതകക്കേസിൽ ഒന്നാം പ്രതിയായത്, അതിനെ അന്ന് മുഖ്യമന്ത്രി ന്യായീകരിച്ചു. കേസിൽ ശരിയായ അന്വേഷണം വേണമെന്നും കൊന്നവരെയും കൊല്ലിച്ചവരെയും നിയമത്തിനുമുമ്പിൽ കൊണ്ടുവരണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് കൊലചെയ്യപ്പെട്ട ഷുഹൈബിന്റെ കുടുബാംഗങ്ങൾ സി.ബി.ഐ അന്വേഷണത്തിനായി കോടതിയിൽ പോയത്. കേരളത്തിലെ ഗവൺമെന്റ് എന്താണ് ചെയ്തത്? ആ അന്വേഷണത്തെയും അതിലെ ന്യായത്തെയും തടയുന്നതിനുവേണ്ടിയാണ് സുപ്രീംകോടതിയിലെ വക്കീലന്മാരെ കോടിക്കണക്കിന് രൂപ മുടക്കി ഇവിടെ വാദിക്കാൻ

കൊണ്ടുവന്നത്. അങ്ങനെ ചെയ്തത് സാധാരണക്കാരുടെ താത്പര്യങ്ങൾക്കുവേണ്ടിയാണോ; ഇന്നത്തെ ധനാഭ്യർത്ഥനയിൽ നീതിന്യായ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിന്റെകൂടി ചർച്ചയുണ്ടല്ലോ, ഈ പ്രവർത്തനങ്ങളെല്ലാം നീതി നടപ്പാക്കാൻവേണ്ടി ചെയ്തതാണോ; ഗവൺമെന്റ് നിൽക്കേണ്ടത് ആരുടെ ഭാഗത്താണ്? അവർ നിൽക്കുന്നത് സാധാരണ ജനങ്ങളുടെ ഭാഗത്തല്ല. അതാണ് കൃപേഷിന്റെയും ശരത് ലാലിന്റെയും ടി. പി. ചന്ദ്രശേഖരന്റെയും വധക്കേസിൽ കണ്ടത്. അങ്ങനെ വാടകക്കൊലയാളികളെ പാലൂട്ടിവളർത്തി സി.പി.ഐ.(എം.) രാഷ്ട്രീയ എതിരാളികളെ കൊലപ്പെടുത്തിയെങ്കിൽ, ആ വാടകക്കൊലയാളികൾതന്നെ ഇന്ന് പാർട്ടിയെ തിരിഞ്ഞുകുത്തുന്ന, നേതാക്കളെ ചോദ്യംചെയ്യുന്ന, രഹസ്യങ്ങൾ വെളിപ്പെടുത്തുമെന്ന് പ്രഖ്യാപിക്കുന്നൊരു സാഹചര്യം വന്നതുകൊണ്ടാണ് സർക്കാരിപ്പോൾ കാപ്പ ചുമത്തി കുറച്ചുപേരെയെങ്കിലും പിടിക്കാൻ തീരുമാനിച്ചത്. രാവിലെ ചർച്ച ചെയ്ത വിഷയമെന്താണ്? ശ്രീ. എം. ശിവശങ്കർ ജയിലിൽ കിടക്കുന്നതിനെക്കുറിച്ചാണ്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അത് ചിന്തിക്കണം, ആരായിരുന്നു ശിവശങ്കർ? കേരളത്തിന്റെ പ്രിയങ്കരനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 2016-ൽ മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ

ചെയ്യുന്ന സമയം നിശ്ചയിക്കാൻ ബഹു. ഗവർണറെ കാണാൻ പോയപ്പോൾ കൂട്ടിയത് അന്നത്തെ പാർട്ടി സെക്രട്ടറി കോടിയേരി ബാലകൃഷ്ണനെ ആയിരുന്നില്ല; ശിവശങ്കറെയായിരുന്നു. അപ്പോൾ അദ്ദേഹത്തിന്റെ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എം. ശിവശങ്കറായിരുന്നു. പിന്നീട്, കണ്ണൂർ ജില്ലാ സെക്രട്ടറിയായിരിക്കുന്ന ശ്രീ. എം. വി. ജയരാജനായിരുന്നു പ്രൈവറ്റ് സെക്രട്ടറി. ഇപ്പോഴത്തെ പ്രൈവറ്റ് സെക്രട്ടറി സി.പി.ഐ. (എം.) സംസ്ഥാന കമ്മിറ്റി അംഗവും എസ്.എഫ്.ഐ.യുടെ അഖിലേന്ത്യ പ്രസിഡന്റുമായിരുന്ന ശ്രീ. കെ. കെ. രാഗേഷാണ്. അത്രയേറെ വിശ്വസ്തനും സ്വന്തക്കാരനുമാണ് മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായി പ്രവർത്തിച്ച ശ്രീ. എം. ശിവശങ്കറെങ്കിൽ അദ്ദേഹമാണിപ്പോൾ കൂട്ടിൽ കിടക്കുന്നത്. അത് ഏതുകാലത്തെ പ്രവൃത്തിയുടെ ഫലമായാണ് എന്നാണ് നേരത്തെ ബഹു. പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാട്ടിയത്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ മന്ത്രിസഭയിലുണ്ടായിരുന്ന കാലത്തെ, പിണറായി വിജയൻ സർക്കാരിന്റെ അന്നത്തെ ഏറ്റവും വലിയ ഉപദേഷ്ടാവായിരുന്ന, സർക്കാർ ഉദ്യോഗസ്ഥനായിരുന്ന, വിശ്വസ്തനായിരുന്ന, ശ്രീ. എം. ശിവശങ്കർ ജയിലിൽ കിടക്കുകയാണ്. അടുത്തയാളെ ചോദ്യം ചെയ്യാൻ വിളിച്ചിരിക്കുകയാണ്. ശ്രീ. എം. ശിവശങ്കറിന് എന്ത്

സൗകര്യമാണ് ചെയ്തുകൊടുത്തത്? റിട്ടയറാകുന്നതുവരെ രണ്ടാമത് ചോദ്യം ചെയ്യാൻ വിളിച്ചില്ല; റിട്ടയർ ചെയ്ത അന്നാണ് ഇ.ഡി.യുടെ നോട്ടീസ് ലഭിച്ചത്; അതുകൊണ്ട് ഈ സർക്കാർ അഴിമതിയിലും ജനദ്രോഹനടപടിയിലും മുങ്ങിക്കുളിച്ചുനിൽക്കുന്നു. കർഷകരെ കേന്ദ്ര ഗവൺമെന്റ് വഞ്ചിക്കുന്നുവെന്ന് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പറഞ്ഞു, ശരിയാണ്; അക്കാര്യത്തിൽ ഞങ്ങൾ യോജിക്കുന്നു. പക്ഷെ, കേരള സർക്കാർ കൃഷിക്കാരോട് എന്താണ് ചെയ്യുന്നത്; പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ട കേരളത്തിലെ കർഷകർക്ക് എന്തെങ്കിലും സഹായം ചെയ്യുന്നുണ്ടോ? വന്യമൃഗശല്യത്തിൽ എല്ലാം നഷ്ടപ്പെടുന്ന കൃഷിക്കാർക്ക് ആനുകൂല്യങ്ങൾ കൊടുക്കുന്നില്ല. കാർഷിക കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ ഈ സർക്കാരിന് കൊടുക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് ജനദ്രോഹ നടപടികളും കർഷകദ്രോഹ നടപടികളും തൊഴിലാളിവിരുദ്ധ നടപടികളുമായിത്തന്നെ മുന്നോട്ടുപോകുന്നു. അതിന്റെകൂടെ അക്രമത്തെ ന്യായീകരിക്കാനും കൊലക്കേസ് പ്രതികൾക്ക് സൗകര്യമൊരുക്കാനും അതിനുവേണ്ടി പണം ചെലവഴിക്കാനുമാണ് ഈ സർക്കാർ ശ്രമിക്കുന്നത്. എത്ര മൂടിവച്ചാലും അത്തരം സത്യങ്ങളും അഴിമതിയുടെ കഥകളും വെളിച്ചത്തുവരും. അതാണ് ലൈഫ് മിഷനിൽ

ഞങ്ങളിവിടെ ഉന്നയിക്കാൻ തീരുമാനിച്ചത്. പ്രതിപക്ഷം വളരെ മോശമായി പെരുമാറിയെന്ന് ശ്രീമതി കെ.കെ. ശൈലജ ടീച്ചർ പറയുകയുണ്ടായി. സത്യത്തിൽ ആരാണ് മോശമായി പെരുമാറിയത്? ഇന്നത്തെ അടിയന്തരപ്രമേയ ചർച്ചയിൽ ആരാണ് മോശമായത്; ഭരണകക്ഷിയല്ലേ? ഇന്നലെയും അതാണ് കണ്ടത്. ഭരണകക്ഷിക്കാർ നടുത്തളത്തിലിറങ്ങി ഈ സഭാനടപടികൾ അലങ്കോലപ്പെടുത്തുന്ന സാഹചര്യമുണ്ടാക്കി. കാരണം, ഞങ്ങൾ പറയുന്നത് ജനങ്ങൾ കേട്ടാൽ, ഞങ്ങൾ പറയുന്നത് മന്ത്രിമാർ കേട്ടാൽ, അവർക്കൊരു മറുപടിയുമില്ല; എന്നുകൂടി പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. ബാലചന്ദ്രൻ: സർ, ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മൂന്നു സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പിനെ സംബന്ധിച്ച എക്സിറ്റ് പോൾ ഫലങ്ങൾ പുറത്തുവന്നിട്ടുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം ഒട്ടും ആശ്വാസകരമല്ലാത്ത തെരഞ്ഞെടുപ്പ് ഫലപ്രവചനമാണ് പുറത്തുവന്നിരിക്കുന്നത്. ശ്രീ. സണ്ണി ജോസഫിനോട് എനിക്ക് പറയാനുള്ളത്; 'കപ്പൽച്ഛേദം കാവ് ചുമന്നാൽ തീരില്ല' എന്നാണ്. ഇന്ത്യ മുഴുവൻ വളർന്നുവരുന്ന വർഗ്ഗീയതയെ കണ്ടുകൊണ്ട്, ആ വർഗ്ഗീയത ഉയർത്തുന്ന ഭീകരമായ വിപത്തുകളെ ദീർഘദർശനം ചെയ്തുകൊണ്ട്

അതിനെതിരെ പടയണി ഒരുക്കുന്നവരാണ് കേരളത്തിലെ ഇടതുപക്ഷം. ആ ഇടതുപക്ഷത്തിന്റെ ധാർമ്മിക പിന്തുണ ഇടതുപക്ഷ ശക്തികൾക്ക് പൊതുവിൽ കരുത്തുകുറഞ്ഞ സംസ്ഥാനങ്ങളിൽ കോൺഗ്രസ്സിന് അനുകൂലമായി വിനിയോഗിക്കാൻ ഇരുകമ്മ്യൂണിസ്റ്റ് പാർട്ടികളുടെയും പാർട്ടി കോൺഗ്രസ്സ്  തീരുമാനിച്ചിട്ടുണ്ട്. ഇതെല്ലാപേർക്കും അറിവുള്ള കാര്യമാണ്. അങ്ങനെ വർഗ്ഗീയതയെ തുറന്ന് എതിർക്കുന്ന ഇടതുപക്ഷത്തിലെ പ്രവർത്തനങ്ങളുമായി നിരന്തരം കേരളത്തിൽ ഏറ്റുമുട്ടിക്കൊണ്ട് മുന്നോട്ടുപോകുന്ന രാഷ്ട്രീയ സമീപനം സ്വീകരിച്ചുകൊണ്ടിരിക്കുന്ന കോൺഗ്രസ്സ് എവിടെ ചെന്നു നിൽക്കാൻ പോകുന്നുവെന്നാണ് എനിക്ക് വിനീതമായി ചോദിക്കാനുള്ളത്. പ്രകൃതിക്ഷോഭങ്ങളും പകർച്ചവ്യാധികളുംകൊണ്ട്, സാമ്പത്തികമായി വല്ലാതെ തകർന്നുനിൽക്കുന്ന കേരളത്തെ കഴുത്തിന് കുത്തിപ്പിടിക്കുന്ന രീതിയിൽ കടമെടുപ്പ് പരിധി പരിമിതപ്പെടുത്തിയും ബഡ്ജറ്റ് സഹായങ്ങളിലൂടെ ലഭിക്കുന്ന ദേശീയപാതയുടെയും റെയിൽവേയുടെയുമൊക്കെ വിഹിതം വെട്ടിക്കുറച്ചും ഒരു ജനതയെ ആകെ വീർപ്പുമുട്ടിക്കാൻ കേന്ദ്രം ശ്രമിക്കുമ്പോൾ കേരളത്തിൽ അവതരിപ്പിച്ച ബഡ്ജറ്റിനെക്കുറിച്ച് ബഹുതലസ്പർശിയായ വിമർശനങ്ങൾ ഇവർ ഉയർത്തുന്നുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്ന് സെസ്സുമായി

ബന്ധപ്പെട്ടതാണ്. സി. അച്യുതമേനോൻ കേരളത്തിലെ ആദ്യത്തെ ബഡ്ജറ്റ് അവതരിപ്പിക്കുന്ന വേളയിൽ ഇരുപത്തിയഞ്ചു രൂപ എൺപത്തിരണ്ട് പൈസ ആളോഹരി കടമുള്ള ബഡ്ജറ്റാണ് അവതരിപ്പിച്ചത്. അവിടെനിന്നിങ്ങോട്ട് കേരളം എത്തിച്ചേർന്നത് പതിനയ്യായിരം ഇരട്ടിയോളം കടം വർദ്ധിപ്പിക്കുന്ന ബഡ്ജറ്റുമായാണ്. എങ്ങനെയാണ് അതുണ്ടായത്; എന്താണ് ഫിസ്കൽ ഫെഡറലിസത്തിന്റെ ആപ്തവാക്യം? ആപ്തവാക്യമെന്നാൽ സദാസത്യവാക്യം; നമ്മളൊക്കെ നിർവ്വചനമെന്ന് വിശേഷിപ്പിക്കുന്നത്, ശക്തമായ സംസ്ഥാനവും സുശക്തമായ കേന്ദ്രവും എന്നാണ്. ശക്തമായ സംസ്ഥാനവും സുശക്തമായ കേന്ദ്രവും ഇന്നുണ്ടോ? സുശക്തമായ കേന്ദ്രത്തിന്റെ എന്തെങ്കിലും സഹായം കേരളത്തിന് ലഭിക്കുന്നുണ്ടോ? അങ്ങനെ ലഭിക്കേണ്ട സംവിധാനങ്ങളെ മുഴുവൻ തകരാറിലാക്കുകയും നാടിന്റെ നിലനിൽപ്പിനാധാരമായ മതേതരത്വത്തെ പരസ്യമായി വെല്ലുവിളിക്കുകയും ചെയ്യുന്ന വർഗ്ഗീയതയുടെ ഏറ്റവും വലിയ വിപത്കരമായ സന്ദേശം രാജ്യത്തുയർത്തുന്ന ശക്തിയെ നേരിടുന്നതിന് പകരം തെങ്ങോലത്തുമ്പുകളുടെ നാട്ടിൽ അരുണോദയത്തിന്റെയും അസ്തമയത്തിന്റെയും നേരത്ത് പ്രത്യക്ഷപ്പെടുന്ന ചുവപ്പുരാശിയും ഇനി കാണാൻ പാടില്ലായെന്ന് ശഠിച്ചുകൊണ്ട് അതിനെ

നേരിടുകയെന്നതാണ് ഞങ്ങളുടെ ദൗത്യമെന്ന് വീണ്ടും കേരളത്തിൽ ആവശ്യപ്പെടുന്നതിന്റെ അർത്ഥമെന്താണ്? റായ്പൂർ സമ്മേളനത്തിൽ ബി.ജെ.പി.-ക്കെതിരെ ചില തീരുമാനങ്ങളെടുത്തിട്ടുണ്ട്. എങ്ങനെയാണ് അത് നടപ്പാക്കാൻ പോകുന്നത്? ഇങ്ങനെയുള്ള സംഘടനാദൗർബല്യങ്ങൾ നിലനിൽക്കുന്ന കോൺഗ്രസിന് അത് എങ്ങനെ സാധിക്കും? ഖദർ ഉപയോഗിക്കുന്നതിലും മദ്യത്തിന്റെ കാര്യത്തിലും റായ്പൂർ സമ്മേളനം എടുത്തിട്ടുള്ള തീരുമാനങ്ങളെ സംബന്ധിച്ച് കോൺഗ്രസിനകത്തുനിന്നുതന്നെ വിമർശനങ്ങൾ ഉയർന്നുകഴിഞ്ഞു. ഗാന്ധിജിയെ അല്പമെങ്കിലും ഇപ്പോൾ ഇവർ മനസ്സിൽ കൊണ്ടുനടക്കുന്നത് ഖദറിന്റെ കാര്യത്തിലായിരിക്കും. ആ ഖദർ ഒരു ജീവിതചര്യയാക്കണ്ടെന്ന് റായ്പൂർ സമ്മേളനത്തിൽ നിങ്ങളുടെ പ്ലീനറി സെഷൻ തീരുമാനിച്ചുവെന്ന് വായിച്ചു. മുസ്ലീം ലീഗുമായി ഖദറിനൊരു ബന്ധമുണ്ട്. ഖദറിന്, ആ പേര് എങ്ങനെ കിട്ടിയെന്ന് നിങ്ങൾക്കറിയാമോ? കോൺഗ്രസ്സിൽ ആർക്കെങ്കിലും ഒരാൾക്കത് പറയാൻ സാധിച്ചാൽ മുസ്ലീം ലീഗുമായും മുസ്ലീം സമുദായവുമായുമുള്ള ബന്ധം കോൺഗ്രസ്സിന് നല്ലതുപോലെ മനസ്സിലാകും. ഖദ്ർ, ഖാദി എന്നൊക്കെയുള്ള പേര് എങ്ങനെകിട്ടിയെന്നുപറയാൻ ഇവിടെയുള്ള ഒരു കോൺഗ്രസ്സുകാരന് കഴിയുമോ? ആ പേര് കിട്ടിയതിനുപിന്നിൽ അലി സഹോദരന്മാരുടെ

വീടിനും മഹാത്മാ ഗാന്ധിക്കും ബന്ധമുണ്ട്. അലി സഹോദരന്മാരുടെ വീട്ടിൽ സ്വാതന്ത്ര്യസമരകാലത്ത് ഗാന്ധിജി പോകുമായിരുന്നു. ആയിരം വെള്ളകുതിരകളെ പൂട്ടിയ തേരിൽ സാക്ഷാൽ പൊന്നുതിരുമേനി വന്ന് നോമ്പ് എടുത്തവരെ തൊടുന്ന ദിവസമാണ് ലൈലത്തുൽ ഖദ്ർ. ആ ദിവസം അലി സഹോദരന്മാരുടെ വീട്ടിൽചെന്ന ഗാന്ധിജിക്ക് അവിടത്തെ ചർക്കയിൽനൂറ്റ നെയ്ത ഒരുവസ്ത്രം അവരുടെ അമ്മകൊടുത്തു. ആ വസ്ത്രത്തിന്റെ വിശേഷം എന്താണെന്ന് ഗാന്ധിജി അന്വേഷിച്ചു. ഇന്ന് ലൈലത്തുൽ ഖദ്ർ ആണെന്നും പെരുന്നാളിന്റെ ഏറ്റവും പുണ്യപ്പെട്ട ദിവസമാണെന്നും പറഞ്ഞപ്പോൾ ഗാന്ധിജി ആ വസ്ത്രം നെഞ്ചോട് ചേർത്ത്, ഖദർ എന്ന് പേരിട്ടു. അങ്ങനെയാണ് ചരിത്രത്തിൽ ഖദർ എന്ന പേരുണ്ടായത്. സംസ്കാരങ്ങളുടെയും മതങ്ങളുടെയും സമന്വയം അതിലുണ്ട്. ഗാന്ധിജിയുടെ സംസ്കാരത്തിന്റെ വിശുദ്ധി അതായിരുന്നു. കോൺഗ്രസ്സ് ഇന്ന് അതിൽനിന്നും എത്രമാത്രം അകന്നുപോയിരിക്കുന്നു. 'ഭാരത് ജോഡോ യാത്ര' നടത്തിയതും റായ്പൂർ സെഷൻ ബി.ജെ.പി.-ക്കെതിരെ പ്രമേയം പാസ്സാക്കിയതും നല്ല കാര്യം. കഴിയുന്ന സംസ്ഥാനങ്ങളിൽ ഇടതുപക്ഷങ്ങളോട് ചേർന്നുനിൽക്കണമെന്ന തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ അതും നല്ലതാണ്. പക്ഷേ, അതിന്റെ സാരാംശത്തിലേയ്ക്കും അന്തഃസത്തയിലേയ്ക്കും എന്തുകൊണ്ട്

കേരളത്തിലേയ്ക്ക് വരാൻ കഴിയുന്നില്ല. നല്ലതെല്ലാം ഞങ്ങളാണ് കൊണ്ടുവന്നതെന്ന് അവകാശപ്പെടുന്നു. നൂറുദിന തൊഴിലുറപ്പ് പദ്ധതി കൊണ്ടുവന്നതും വീടുണ്ടാക്കാനുള്ള പദ്ധതികൾ കൊണ്ടുവന്നതും അവരാണ്. ഈ രാജ്യത്തെ കൊള്ളയടിക്കുന്നതിനുവേണ്ടി സഹസ്രകോടീശ്വരന്മാർക്കും കോർപ്പറേറ്റ് മൂലധനത്തിനും വിട്ടുകൊടുത്ത പുത്തൻ സാമ്പത്തികനയം കൊണ്ടുവന്നതും നിങ്ങളാണ്. പണ്ഡിതനായ പ്രധാനമന്ത്രിയായ നരസിംഹ റാവു ആണ് കൊണ്ടുവന്നത്. ശ്രീ. മൻമോഹൻ സിംഗാണ് നടപ്പാക്കി തുടങ്ങിയത്. അതിന്റെ നടത്തിപ്പുകാരായാണ് ഇന്ന് സംഘ് പരിവാർ സംഘം ഭാരതീയ ജനതാ പാർട്ടിയുടെ നേതൃത്വത്തിൽ ഇന്ത്യയിൽ നടപ്പാക്കുന്നത്. ഈ സാമ്പത്തികനയത്തിന്റെ ചങ്കും കാതൽ ഭാഗങ്ങളും ഇന്ത്യയിൽ കരുപ്പിടിപ്പിച്ചതിന് പിന്നിൽ കോൺഗ്രസ്സിന്റെ കൈപ്പത്തിക്ക് സാരമായ പങ്കുണ്ട്. അതുകൊണ്ട് ഞങ്ങൾ പറയുന്നു, ഏതെങ്കിലുമൊരു സംസ്ഥാനം ഒരു വർഷക്കാലത്തേയ്ക്ക് അവതരിപ്പിക്കുന്ന ബഡ്ജറ്റിൽ സാമ്പത്തികമായി അഭിമുഖീകരിക്കുന്ന പ്രയാസങ്ങളും പ്രതിസന്ധികളും മറികടക്കുന്നതിനായി സെസ്സ് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് ഏർപ്പെടുത്താനുള്ള ഘട്ടം എങ്ങനെയുണ്ടായി? എത്ര കോടി രൂപയുടെ വെട്ടിക്കുറവാണ് വരുമാനത്തിൽ കേന്ദ്ര ഗവൺമെന്റ് വരുത്തിയത്? കേന്ദ്ര

ഗവൺമെന്റിനെതിരെ രാഷ്ട്രീയ നിലപാടുകളെടുത്ത് ആ നിലപാടുതറയിൽ നിന്നുകൊണ്ട് കേന്ദ്ര ഗവൺമെന്റിനെതിരെ സമരങ്ങൾ നടത്തി മുന്നോട്ടുപോകുന്നതിനുപകരം തരം കിട്ടിയാൽ പിന്നിൽനിന്ന് കുത്താൻ ഇടതുപക്ഷ ജനാധിപത്യമുന്നണിക്കെതിരെ വാളും കുന്തവും ഓങ്ങി നിൽക്കുന്ന ശക്തിയായാണ് ഇന്ന് കേരളത്തിൽ യു.ഡി.എഫ്. പ്രവർത്തിക്കുന്നതെന്നുള്ള സത്യം നിങ്ങൾ മനസ്സിലാക്കണം. അതുകൊണ്ട് കേരളത്തിൽ ശ്രീ. കെ. എൻ. ബാലഗോപാൽ ഒരു പ്രത്യേക ഘട്ടത്തിലാണ് ബഡ്ജറ്റ് അവതരിപ്പിച്ചത്. കിഫ്ബിയുടെയും അതുപോലെയുള്ള ആശ്വാസപദ്ധതികളുടെയും വരുമാനത്തിൽവന്ന കുറവിന്റെ അടിസ്ഥാനത്തിൽ കേരളത്തെ മുന്നോട്ടുകൊണ്ടുപോകണമെങ്കിൽ നാം ചില മേഖലകളിൽ ചില കാര്യങ്ങൾ നിയന്ത്രിച്ചും ശ്രദ്ധിച്ചും നടപ്പാക്കേണ്ടതുണ്ട്. അങ്ങനെ ക്ഷേമപദ്ധതികളിൽ കുറവില്ലാതെ വിശാലമായി ഒരു നവകേരള സൃഷ്ടിക്കുവേണ്ടിയുള്ള പുതുതലമുറയെ വിദ്യാഭ്യാസത്തിലും തൊഴിൽപരമായ മേഖലയിലും സംരക്ഷിച്ച് മുന്നോട്ടുകൊണ്ടുപോകുന്നതിനുവേണ്ടി, ഈ രാജ്യത്തെ ജനങ്ങളെയാകെ പരിരക്ഷിച്ചും നെഞ്ചോട് ചേർത്തുപിടിച്ചും മുന്നോട്ടുപോകുന്നതിനുവേണ്ടി ദീർഘവീക്ഷണത്തോടെ കേരളത്തിൽ അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റാണ്. ആ ബഡ്ജറ്റിന്റെ ധനവിനിയോഗ

മേഖലയെ ഓരോ വകുപ്പുകളും തിരിച്ച് നടപ്പാക്കുന്ന സന്ദർഭത്തിൽ അതിന് തടസ്സം നിൽക്കാതെ എല്ലാവിധത്തിലുമുള്ള പിന്തുണയും നൽകി സഹകരിക്കേണ്ടതിനുപകരം ഗവൺമെന്റിനെ വിമർശിക്കുന്ന സമീപനവുമായി പോകുന്ന നടപടി ശരിയല്ലെന്നുമാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സി. അച്യുതമേനോൻ അവതരിപ്പിച്ച ബഡ്ജറ്റിനെപ്പറ്റിയും മറ്റും ഇവിടെ ശ്രീ. പി. ബാലചന്ദ്രൻ പരാമർശിക്കുകയുണ്ടായി. സി. അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ എടുത്തിട്ടുള്ള എല്ലാ നിലപാടുകളെയും എല്ലാ ബഡ്ജറ്റ് നിർദ്ദേശങ്ങളെയും അതിശക്തമായി എതിർത്തവരുടെ കൂടെയാണ് നിങ്ങൾ ഇപ്പോൾ ഇരിക്കുന്നതെന്നൊരു ബോധം അങ്ങേയ്ക്കുണ്ടാകണമെന്നാണ് എനിക്കത് സംബന്ധിച്ച് പറയാനുള്ളത്. ചാവശ്ശേരിയിൽ വച്ച് ബസ് യാത്രക്കാരെയുൾപ്പെടെ കത്തിച്ചതും അന്ന് നടന്ന അക്രമ സമരങ്ങളെക്കുറിച്ചും നമുക്കറിയാമല്ലോ. പക്ഷേ, അതുവച്ചുകൊണ്ട് ഇന്നത്തെ ഗവൺമെന്റിനെ ന്യായീകരിക്കാനുള്ള എന്ത് കാര്യമാണ് അദ്ദേഹത്തിനുള്ളതെന്ന് എനിക്കറിയില്ല. പാർലമെന്റിലെ ഇടതുപക്ഷ

അംഗങ്ങളുടെ പ്രസംഗമാണ് ഇടതുപക്ഷം ഇവിടെ നടത്തുന്നത്. സംസ്ഥാനത്ത് നിലനിൽക്കുന്ന സംഭവങ്ങളെക്കുറിച്ചോ ബഡ്ജറ്റ് നിർദ്ദേശങ്ങളെക്കുറിച്ചോ ഒന്നും പറയാതെ കേന്ദ്രഗവൺമെന്റിനെയും കേന്ദ്രനയങ്ങളെയും കുറിച്ചാണ് ഇവിടെ സംസാരിക്കുന്നത്. ഈ ഗവൺമെന്റ് നടപ്പാക്കിയെന്നുപറയുന്ന വികസനപദ്ധതിയെക്കുറിച്ച് യാതൊരു പരാമർശവും ഇവിടെ നടത്തുന്നില്ല. ഇവരുടെ പ്രസംഗം കേൾക്കുമ്പോൾ ഇവരുടെ ഒന്നാമത്തെ ശത്രു കോൺഗ്രസ്സാണെന്നാണ് തോന്നുന്നത്. ഇവർ ബി.ജെ.പി.-യെക്കുറിച്ചല്ല മറിച്ച് ശത്രുവെന്ന നിലയിലാണ് ഇപ്പോൾ കോൺഗ്രസ്സിനെ കാണുന്നത്. നമ്മുടെയെല്ലാവരുടെയും പൊതുശത്രു ആരാണ്? രാഷ്ട്രീയത്തിലെ യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാതെ എങ്ങനെയാണ് മുന്നോട്ടുപോകാൻ കഴിയുന്നത്? ബി.ജെ.പി. ഈ ലോകസഭാ തെരഞ്ഞെടുപ്പോടുകൂടി അധികാരത്തിൽ വന്നുകഴിഞ്ഞാൽ രാജ്യം നശിക്കും. എല്ലാവരെയും ബാധിക്കാവുന്ന ഗൗരവതരമായ പ്രശ്നമാണ് ഇപ്പോഴുള്ളത്. അതുകൊണ്ട് യഥാർത്ഥമായി രാഷ്ട്രീയ കാര്യങ്ങളെ വിലയിരുത്തി ഇന്നത്തെ അവസ്ഥയെ മാറ്റി രാജ്യത്തെ ജനാധിപത്യ സംവിധാനവും ഭരണഘടനയും സംരക്ഷിക്കാനാവശ്യമായ രീതിയിൽ യോജിക്കാവുന്ന മേഖലയിലൊക്കെ

യോജിച്ചുപോകുകയെന്നുള്ളതാണ് ശരിയായ രാഷ്ട്രീയ കാഴ്ചപ്പാട്. കേരളത്തിൽ ബി.ജെ.പി. സീറ്റ് നേടില്ല അതുകൊണ്ട് നമുക്ക് തമ്മിൽ പോരാടാൻ സാധിക്കും. ജുഡീഷ്യറിയിലെ നിയമനങ്ങളിൽപ്പോലും കേന്ദ്രഗവൺമെന്റ് ഇടപെടാൻ പോകുകയാണ്. എല്ലാ ഭരണഘടനാസ്ഥാപനങ്ങളെയും തകർത്ത്, അതിലൊക്കെ ഇടപെട്ട് പ്രശ്നങ്ങളായിക്കൊണ്ടിരിക്കുകയാണ്. അത്തരം ഗൗരവതരമായ കാര്യങ്ങൾ കാണാതെ കോൺഗ്രസ്സ് അതിന്റെ പ്ലീനറി സമ്മേളനത്തിലെ കാര്യങ്ങളൊക്കെവച്ച് സംസാരിച്ച് പോകുന്നത് ആർക്കാണ് ഗുണം ചെയ്യുന്നത്? അതുകൊണ്ട് ഇന്നത്തെ രാഷ്ട്രീയ യാഥാർത്ഥ്യങ്ങൾ വച്ചുകൊണ്ട് കേന്ദ്രത്തിൽ ഇനിയൊരു ബി.ജെ.പി. ഗവൺമെന്റ് വരാതിരിക്കാൻവേണ്ടി എത്രമാത്രം വിട്ടുവീഴ്ച ചെയ്യാം, യോജിക്കാം, ധാരണയാകാം എന്നിവയെ സംബന്ധിച്ച് ചിന്തിക്കുകയും അതിനനുസൃതമായ രീതിയിൽ കേന്ദ്ര-സി.പി.എം. നേതൃത്വത്തിന് പിന്തുണകൊടുത്ത് അതിന്റെ ആത്മാർത്ഥത തെളിയിക്കുകയുമാണ് സി.പി.ഐ.(എം.) കേരളത്തിൽ ചെയ്യേണ്ടത്. മുൻആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഇവിടെ കുറേ കാര്യങ്ങൾ പറയുകയുണ്ടായി. ലൈഫ് പദ്ധതിയെ സംബന്ധിച്ച് ചർച്ച ചെയ്യുമ്പോൾ ഭരണപക്ഷം പ്രകോപിതരാകേണ്ട

കാര്യമെന്താണ്? പ്രസ്തുത പദ്ധതിയിൻകീഴിൽ നടക്കുന്ന കാര്യങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുകയല്ലേ, മുമ്പും വന്നതാണ്. മുഖ്യമന്ത്രിയുടെ ഓഫീസിൽ ഏറ്റവും സുപ്രധാനമായ താക്കോൽസ്ഥാനത്തിരുന്ന ഒരാൾ ചെയ്തുകൊണ്ടിരുന്ന തെറ്റായ കാര്യങ്ങളെ തെറ്റാണെന്ന് പറയാനും ശരിയല്ലെന്ന് പറയാനും അതിനെ അപലപിക്കാനും മുന്നോട്ടുവരാതിരിക്കുന്നതിന്റെ രഹസ്യമെന്താണ്?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ ഓഫീസിലെ പ്യൂണിനെ അറസ്റ്റുചെയ്തപ്പോഴാണ് കേരളം മുഴുവൻ സ്തംഭിപ്പിച്ചുകൊണ്ട് അദ്ദേഹം രാജി വയ്ക്കണമെന്നാവശ്യപ്പെട്ട് എൽ.ഡി.എഫ്.-ന്റെ പ്രക്ഷോഭം നടന്നത്. ഇപ്പോൾ അതിനേക്കാളും ഗൗരവമുള്ള ഒരു സാഹചര്യം വന്നിരിക്കുകയാണ്; മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയെ അറസ്റ്റ് ചെയ്തു; അതുസംബന്ധിച്ച് എന്താണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. കെ. പി. എ. മജീദ്: സർ, സി.പി.ഐ.(എം.)-ന്റെ നിലപാടിനെക്കുറിച്ച് അവർ ആലോചിക്കേണ്ടതാണ്. നേരത്തെയും ഇപ്പോഴും അവരെടുത്ത നിലപാടുകളെന്താണെന്ന് നോക്കണം. അന്ന് ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരെ വ്യാപകമായതു മാത്രമല്ല അക്രമാസക്തമായ

സമരമാണ് അവർ നടത്തിയത്. പക്ഷേ, ഇപ്പോഴുള്ള സംഭവങ്ങളിൽ പ്രിൻസിപ്പൽ സെക്രട്ടറിയെക്കുറിച്ചാണ് പറയുന്നത്. എന്നാൽ വേറൊരു വിഷയത്തിൽ പ്യൂണിനെക്കുറിച്ചുള്ള കാര്യമാണ് പറയുന്നത്. എന്നാൽ ഇപ്പോൾ നടന്നത് ഗൗരവതരമായ കാര്യമല്ലേ? പക്ഷേ, അതുസംബന്ധിച്ച് നിങ്ങളുടെ നിലപാട് എന്താണെന്ന് വ്യക്തമാക്കുന്നില്ലല്ലോ; ഒച്ചപ്പാടും ബഹളവുമുണ്ടാക്കി ആളുകളുടെ ശ്രദ്ധ തിരിച്ചുവിടുന്നതിനുള്ള ഒരു ശ്രമമാണ് നിങ്ങൾ നടത്തുന്നത്. അഴിമതിയെയും അതിൽ ആർക്കാണ് ഉത്തരവാദിത്വമെന്നത് സംബന്ധിച്ചും അന്വേഷിക്കേണ്ടതല്ലേ? നേരത്തെ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഇവിടെ സംസാരിച്ചു. കോവിഡ് കാലത്തുനടന്ന അഴിമതിയും ക്രമക്കേടും സംബന്ധിച്ച് ഇവിടെ ചർച്ച ചെയ്തു. ലോകായുക്ത എടുത്ത കേസ്സിനെതിരെ കോടതിയിൽ പോയി. അവസാനം ഹൈക്കോടതിയിൽ ഇത് തള്ളിയില്ലേ? ക്രമക്കേട് സംബന്ധിച്ച് കേരള ഹൈക്കോടതിയിലെ ചീഫ് ജസ്റ്റിസ് അദ്ധ്യക്ഷനായ ഡിവിഷൻ ബെഞ്ച് നടത്തിയ ഒരു നിരീക്ഷണമുണ്ട്. അത് ഞാൻ ശ്രദ്ധയിൽപ്പെടുത്താം. 'ദുരന്തങ്ങളെ ആരും അഴിമതിക്കുള്ള മറയാക്കരുത്' എന്നാണ്. ഒന്നിനുപുറകെയൊന്നായി ദുരന്തങ്ങൾ ആവർത്തിക്കുമ്പോൾ അവ ഓരോന്നും അഴിമതിക്ക് മറ പിടിക്കുകയാണോയെന്ന കോടതിയുടെ ചോദ്യം

ഗൗരവമുള്ളതാണ്. കോവിഡ് പോലുള്ള മഹാമാരി വരുമ്പോൾ അത് മറയാക്കി അഴിമതി നടത്തിയെന്ന് ഡിവിഷൻ ബെഞ്ച് പറഞ്ഞിരിക്കുകയാണ്. ഗൗരവമുള്ള കാര്യമല്ലേ അത്? കോവിഡ് മഹാമാരിയെ മാതൃകാപരമായി പ്രതിരോധിച്ചുവെന്ന് ഊറ്റം കൊള്ളുമ്പോഴാണ് അതിനെ മറയാക്കി ഉത്തരവാദിത്വപ്പെട്ടവർ കോടികളുടെ പൊതുമുതൽ കൊള്ളയടിച്ചത്. അക്കാര്യം ഈ സഭയിൽ പ്രതിപക്ഷം ഉന്നയിച്ചതാണ്. പക്ഷേ, നിങ്ങൾ അത് അംഗീകരിച്ചില്ല. കോവിഡ്കാലത്ത് 700 കോടിയോളം രൂപയുടെ കൊള്ളയാണ് നടന്നത്. അതിൽ പി.പി.ഇ. കിറ്റ്, മാസ്ക്, ഗ്ലൗസ്, തെർമോമീറ്റർ, ഫേസ് ഷീൽഡ്, എയർ കണ്ടീഷണർ തുടങ്ങിയവയെല്ലാമുണ്ട്. ഇല്ലാത്ത സ്ഥാപനങ്ങൾക്ക് കരാർ നൽകി രേഖയുണ്ടാക്കുകയായിരുന്നു. മാർക്കറ്റ് വിലയേക്കാളും മൂന്നിരട്ടി വില ഈടാക്കിയിരുന്നു. കടലാസ് കമ്പനികൾക്കാണ് മുൻകൂർ തുക കൊടുത്തത്. അതിനെയെല്ലാം ന്യായീകരിച്ച് നിൽക്കുന്ന നിങ്ങളാണ് അഴിമതിയെ സംബന്ധിച്ചുള്ള കാര്യങ്ങൾ പറയുന്നത്. ഇപ്പോൾ ഓഫീസുകളുടെ സ്ഥിതിയെന്താണ്; ഫയലുകളിന്മേൽ തീരുമാനമുണ്ടാകുന്നുണ്ടോ; ഇവയിലൊന്നും തീരുമാനമാകാതെ കെട്ടിക്കിടക്കുകയാണ്. 23 വർഷമായി കാണാതായ സർവ്വീസ് ബുക്ക് വിവരാവകാശ കമ്മീഷന്റെ ഇടപെടലിനെ

തുടർന്ന് 24 മണിക്കൂറിനകം പ്രത്യക്ഷപ്പെട്ടുവെന്ന് ഇന്നലെ പത്രത്തിൽ വാർത്ത വന്ന കാര്യവും ശ്രദ്ധയിൽപ്പെടുത്തുകയാണ്. 23 വർഷമായി ഇതിന്റെ പിന്നാലെ നടക്കുകയാണ്. മരിച്ചുപോയ ജീവനക്കാരന്റെ ആനുകൂല്യങ്ങൾ ലഭിക്കാനും ആശ്രിത നിയമനത്തിലുള്ള തടസ്സവും ഇതോടുകൂടി മാറുകയാണ്. ഈ ഗവൺമെന്റിന്റെ കീഴിലുള്ള നമ്മുടെ ഓഫീസുകളിലെ ഇപ്പോഴത്തെ സ്ഥിതിവിശേഷമാണിത്. എല്ലാ ഫയലുകളും അതുപോലെതന്നെയാണുള്ളത്.

ശ്രീ. എം. നൗഷാദ്: സർ, (മൈക്ക് ഓഫ്)

മി. ചെയർമാൻ: ശ്രീ. എം. നൗഷാദ് നിങ്ങൾ പരസ്പരം സംസാരിക്കരുത്.

ശ്രീ. കെ. പി. എ. മജീദ്: സർ, നിങ്ങൾ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ മുഴുവൻ നടപ്പാക്കിയെന്നാണല്ലോ പ്രഖ്യാപിച്ചത്. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ ഭരണകാലത്തും ഇപ്പോഴും കുറേ കാര്യങ്ങൾ നടപ്പാക്കിയെന്ന് പറയുന്നു. നിങ്ങൾ ആ പ്രകടനപത്രിക ഒരു പ്രാവശ്യമെങ്കിലും വായിച്ചിട്ടുണ്ടോ; അതിൽ പറയുന്ന കാര്യങ്ങൾ നടന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ പറയണം. പ്രകടനപത്രിക എന്റെ കയ്യിലുണ്ട്. അത് ഞാൻ വേണമെങ്കിൽ തരാം. സച്ചാർ കമ്മീഷൻ ശിപാർശയുടെ

ഭാഗമായി പാലോളി കമ്മിറ്റി ശിപാർശകൾ നടപ്പാക്കുമെന്നും നിയമനത്തിലെ ബാക്ക്‌ലോഗ് നികത്തുമെന്നും അറബിക് യൂണിവേഴ്സിറ്റി കൊണ്ടുവരുമെന്നും രംഗനാഥ് മിശ്ര കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുമെന്നും പറഞ്ഞിരുന്നു. അത് അംഗീകരിച്ച് നടപ്പാക്കുമെന്നൊക്കെ പ്രകടനപത്രികയിൽ പറഞ്ഞിട്ടില്ലേ; ഇതൊക്കെ നിങ്ങൾ നടപ്പാക്കിയോ; വെറുതെയെന്തെങ്കിലും പറഞ്ഞിട്ട് വല്ല കാര്യവുമുണ്ടോ? പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള മുഴുവൻ കാര്യങ്ങളും നടപ്പാക്കാതെ എല്ലാം നടപ്പാക്കിയെന്ന് പരസ്യമായി പറയുകയാണ്. ഇപ്പോഴത്തെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളുമായി മുന്നോട്ടുപോകുന്നുണ്ടോ? ഈ ഗവൺമെന്റിന് ഇക്കാര്യത്തിലൊന്നും യാതൊരുവിധ ആത്മാർത്ഥതയുമില്ലെന്നാണ് എനിക്ക് പറയാനുള്ളത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെയും പി.എസ്.സി.-യെയുമൊക്കെ നോക്കുകുത്തിയാക്കി ബോർഡുകളിലും കോർപ്പറേഷനുകളിലും യൂണിവേഴ്സിറ്റികളിലുമെല്ലാം ആളുകളെ തിരുകിക്കയറ്റുകയല്ലേ; ഇതിന് എന്ത് മാനദണ്ഡമാണുള്ളത്? ഇവിടെ ചെറുപ്പക്കാർ ജോലിക്കായി കാത്തിരിക്കുമ്പോൾ അതിനെയൊക്കെ മറികടന്ന് XXX[+] കാര്യങ്ങൾ

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിന്റെ (ഫ.നം. 3580/ഇ.ബി./2023/നി.സെ തീയതി 01/03/2023) അടിസ്ഥാനത്തിൽ സഭാരേഖകളിൽനിന്നും നീക്കം ചെയ്തു.

നടത്തുകയല്ലേ? ഭരണത്തിന്റെ എല്ലാ മേഖലകളിലും ധൂർത്താണ് നടക്കുന്നത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. എം. നൗഷാദ്: സർ, 'XXX' എന്ന വാക്ക് സഭാരേഖയിലുണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: അത് പരിശോധിക്കാം.

ശ്രീ. കെ. പി. എ. മജീദ്: സർ, XXX എന്ന് പറഞ്ഞത് തെറ്റായ പദപ്രയോഗമാണെങ്കിൽ അങ്ങ് പറഞ്ഞോളൂ. എനിക്ക് കുഴപ്പമില്ല, ഞാൻ പിൻവലിക്കുകയും ചെയ്യാം. എന്റെ നാട്ടിലെ ഭാഷയാണ് പറഞ്ഞത്. അദ്ദേഹത്തിന്റെ കൊല്ലം ഭാഷ നല്ലതുണ്ടെങ്കിൽ അതങ്ങ് ചേർത്തുകൊള്ളൂ. എനിക്ക് വിരോധമില്ല. ഞാൻ നാടൻ വർത്തമാനത്തിൽ പറഞ്ഞതാണ്, അല്ലാതൊന്നുമല്ല. ഇവിടെ എത്രയോ വക്കീലന്മാരുണ്ട്. എ.ജി.പി. (അഡീഷണൽ ഗവൺമെന്റ് പ്ലീഡർ) പോലുള്ള സ്ഥാനങ്ങളിൽ നൂറിലധികം അഭിഭാഷകർ സർക്കാരിന് ഹൈക്കോടതിയിൽ ഇല്ലേ? നിങ്ങൾ പുറത്തുനിന്ന് അഭിഭാഷകരെ കൊണ്ടുവരികയാണ്. എന്തിനാണ് കൊണ്ടുവരുന്നത്; സംസ്ഥാന താൽപര്യത്തിനുവേണ്ടിയാണോ അങ്ങനെ ചെയ്യുന്നത്? നിങ്ങൾ നടത്തുന്ന കൊലപാതക കേസ്സുകൾ സി.ബി.ഐ.-യ്ക്കും

മറ്റും പോകുമ്പോൾ അതിനെ നേരിടാനായി  കോടിക്കണക്കിന് രൂപ ചെലവാക്കി പുറത്തുനിന്ന് അഭിഭാഷകരെ കൊണ്ടുവരികയാണ്. ഇവിടെ കുറെ അഭിഭാഷകരും ഗവൺമെന്റ് പ്ലീഡർമാരും എ.ജി.പി.-യുമൊക്കെയുള്ളപ്പോൾ  നമ്മുടെ നിയമ വകുപ്പിനെയും  മറികടന്നാണ് നിങ്ങൾ പോകുന്നത്. അങ്ങനെ പാർട്ടി താൽപര്യത്തിനായി ഭരണസംവിധാനം ദുരുപയോഗപ്പെടുത്തുന്ന അനാവശ്യമായ കാര്യങ്ങളുമായി മുന്നോട്ടുപോകുന്നത് കാണാതെയാണ് നിങ്ങളിതിനെ പിന്തുണയ്ക്കുന്നതെന്ന്  പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കോൺഗ്രസ്സിന്റെ പ്ലീനറി സമ്മേളനത്തെക്കുറിച്ചായിരുന്നു ഇന്ന് ഒട്ടുമിക്ക നേതാക്കളും ഇവിടെ പ്രതിപാദിച്ചത്. ഇന്നത്തെ മലയാള മനോരമ ദിനപത്രം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുൾപ്പെടെ വായിച്ചിട്ടുണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അന്യന്റെ പറമ്പിൽ പുല്ലുകണ്ട് പശുവിനെ വളർത്താൻ പുറപ്പെട്ടതുപോലെയാണ് ഈ പ്ലീനറി സമ്മേളനം അവസാനിച്ചത്. 'ചോദ്യങ്ങളില്ല, ഉത്തരങ്ങളും' എന്നാണ് നിങ്ങളുടെ സ്വന്തം മലയാള മനോരമ ദിനപത്രം എഴുതിയത്. കോൺഗ്രസ്സ് ഏറ്റവും ശോഷിച്ച കാലത്ത് നടന്ന പ്ലീനറിയിൽ പാർട്ടിയുടെ

അവസ്ഥയെക്കുറിച്ചോ ഭാവിയെക്കുറിച്ചോ ചർച്ചയുണ്ടായില്ല. നയപരമായ ഒരു തീരുമാനവുമുണ്ടായില്ല. നേതാക്കളുടെ അപദാനങ്ങൾ വാഴ്ത്താനുള്ള വേദിയായി സമ്മേളനം മാറി. ഒരു നയപരമായ തീരുമാനവുമുണ്ടായില്ല. സാധാരണ സംഘടനാപരമായ നടപടിക്രമങ്ങൾപോലും പൂർത്തീകരിക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ല, പ്രവർത്തക സമിതിയെപ്പോലും തെരഞ്ഞെടുക്കാൻ കഴിഞ്ഞില്ല. "ഉദ്ധവ് താക്കറെയുടെ ശിവസേനയെ മതനിരപേക്ഷം, സോഷ്യലിസ്റ്റ്, സമാനഹൃദയർ, കോൺഗ്രസ്സിന്റെ ആശയങ്ങളോട് യോജിപ്പുള്ളവർ എന്നിവയിൽ ഏത് ഗണത്തിലാണ് പെടുത്തുകയെന്ന് പ്രതിനിധികളിൽ ഒരാൾക്കെങ്കിലും സംശയമുണ്ടാകാമെന്ന മുൻവിധിയോടെ ചർച്ചകളിൽ നേതാക്കൾക്ക് ഇടപെടാമായിരുന്നു" എന്ന് ഈ ലേഖനത്തിൽ പറയുന്നുണ്ട്. "എന്നാൽ, പാർട്ടി ഏറ്റവും ശോഷിച്ചിരിക്കുമ്പോൾ, തുറന്ന സ്വയം വിമർശനത്തിന് അടിയന്തരപ്രാധാന്യവും പ്രോത്സാഹനവും നൽകേണ്ടതല്ലായിരുന്നോ? ആറോ ഏഴോ സംസ്ഥാനങ്ങളിൽ മാത്രം ശക്തിയെന്ന സ്ഥിതി തുടർന്നാൽ ബി.ജെ.പി.-ക്കെതിരെയുള്ള പ്രതിരോധവും കർമ്മപദ്ധതിയുമൊന്നുംകൊണ്ട് കാര്യമില്ലെന്ന് ആർക്കാണ് അറിയാത്തത്?" എന്ന് ചോദിച്ചാണ് ലേഖനം അവസാനിപ്പിക്കുന്നത്. അങ്ങനെ വളരെ ദയനീയമായ ഒരു ലേഖനമാണ് ഇന്ന് മലയാള മനോരമയിൽ നിങ്ങളുടെ

പ്ലീനറി സമ്മേളനത്തെക്കുറിച്ച് വന്നിട്ടുള്ളത്. അവിടെ അങ്ങനെയായിരുന്നു. ഇരുപത്തിയഞ്ച് വർഷത്തിനുശേഷം നിങ്ങൾ നെഹ്റു കുടുംബത്തിൽനിന്ന് വ്യത്യസ്തമായൊരു കോൺഗ്രസ്സ് പ്രസിഡന്റിനെ തെരഞ്ഞെടുത്തു. പക്ഷേ, 'സോണിയ വരും, സോണിയ പോകും, രാഹുൽ ഗാന്ധി വരും രാഹുൽ ഗാന്ധി പോകും, പ്രിയങ്കാ ഗാന്ധി വരും, അവർ സംസാരിക്കും.....' ഇതുമാത്രമായിരുന്നു ഈ പ്ലീനറി സമ്മേളനത്തിലെ മൂന്ന് ദിവസങ്ങളിലെയും വാർത്ത. ഒരു രാഷ്ട്രീയ പ്രശ്നങ്ങളും ചർച്ച ചെയ്തിട്ടില്ല. ഇന്നലെ അടിയന്തരപ്രമേയത്തിലും ഇന്നുമെല്ലാം പറയുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയം കേരളത്തിലെ ഭരണത്തെക്കുറിച്ചാണ്. യൂത്ത് കോൺഗ്രസ്സുകാർ ഇവിടെ ഒരു സമരമാരംഭിച്ചിട്ടുണ്ട്. കണ്ണിൽ കുത്തിയിട്ട് കണ്ണീരിന്റെ കാരണം ചോദിക്കുകയാണിവർ. കളമശ്ശേരിയിൽ പോലീസുകാരനെ വളഞ്ഞിട്ട് മർദ്ദിക്കുന്ന ചിത്രം എല്ലാ മാധ്യമങ്ങളിലും നമ്മൾ കണ്ടതാണ്. വളരെ ക്രിമിനൽ ജീനുകളുമായി പിറന്നുവീണ ആളുകളുടെ സമരമാണിത്. ആയിരം തെങ്ങുള്ള നായർക്ക് പല്ലിട കുത്താൻ ഈർക്കിലില്ല എന്ന് പറഞ്ഞതുപോലെയാണ്. യൂത്ത് കോൺഗ്രസിന് പതിനായിരക്കണക്കിന് മെമ്പർമാരുണ്ടെന്നാണ് പറയുന്നത്. പക്ഷേ, ഒന്നോ രണ്ടോ ആളുകളാണ് ഈ സമരത്തിനെല്ലാം നേതൃത്വം നൽകുന്നത്. കേരളത്തിൽ നിങ്ങൾ

വിളിച്ചാൽ യുവജനങ്ങൾ വരില്ല. കാരണം, നിയമനനിരോധനം നടപ്പാക്കിയത് മുൻ ഉമ്മൻ ചാണ്ടി ഗവൺമെന്റായിരുന്നു. ഒന്നും രണ്ടും പിണറായി വിജയൻ സർക്കാരുകൾ അധികാരത്തിൽ വന്നപ്പോൾ ഈ കൊച്ചുകേരളത്തിൽ പബ്ലിക് സർവീസ് കമ്മീഷനെ ഏറ്റവും വലിയ തൊഴിൽ ദായക ഏജൻസിയാക്കി നിയമനങ്ങൾ നടന്നു. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് നിയമനം 1,61,361-ഉം രണ്ടാം പിണറായി വിജയൻ സർക്കാർ അധികാരമേറ്റെടുത്ത് രണ്ടാം വർഷം പൂർത്തിയാകുന്ന ഘട്ടത്തിൽ 37,840-ഉം നിയമനങ്ങളാണ് നടന്നത്. അങ്ങനെ 1,99,201 പേർക്ക് നിയമനം നൽകി. പുതുതായി തസ്തികകൾ സൃഷ്ടിച്ചു. ഒന്നാം പിണറായി വിജയൻ സർക്കാർ 25,000-ഉം രണ്ടാം പിണറായി വിജയൻ സർക്കാർ 8,731-വുമായി മൊത്തം 33,731 പുതിയ തസ്തികകൾ സൃഷ്ടിച്ച സർക്കാരാണിത്. ഈ സാഹചര്യത്തിൽ യൂത്ത് കോൺഗ്രസ്സുകാർ എങ്ങനെ വരും? യൂത്ത് കോൺഗ്രസ്സിന്റെ പ്രസിഡന്റുകൂടിയായ സാമാജികൻ ഇവിടെ ഒരു ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുകയുണ്ടായി. അതിന്റെ സാംഗത്യത്തെ ചോദ്യം ചെയ്യുന്നില്ല. നല്ല ഉള്ളടക്കമുള്ള ശ്രദ്ധ ക്ഷണിക്കലായിരുന്നു അത്. എന്നാൽ യൂത്ത് കോൺഗ്രസ്സ് പ്രസിഡന്റിന്റെ ശ്രദ്ധയിലേയ്ക്ക് ഒരു Calling Attention ഞാനിവിടെ അവതരിപ്പിക്കുകയാണ്. യൂത്ത് കോൺഗ്രസുകാരുടെ

ആന്തരികാവയവത്തെ ബാധിച്ചിരിക്കുന്ന സർക്കാർ വിരുദ്ധ ക്രിമിനൽ വൈറസ് നിയന്ത്രിക്കാനാണ് ആദ്യം കേരളത്തിൽ മുൻകരുതലുകളും പ്രതിവിധികളും സ്വീകരിക്കേണ്ടത് എന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. ഈ സമരങ്ങളുമായി ബന്ധപ്പെട്ട് ചില മാധ്യമങ്ങളുടെ നിലപാടുണ്ട്. കാള പെറ്റു എന്ന് പറയുമ്പോൾ കയറെടുക്കുകയാണ്. വർഷങ്ങൾക്കുമുമ്പ് ഒരു ദിവസം ഒരാൾ പത്തൊൻപതാം നിലയിലുള്ള തന്റെ ഓഫീസിലിരിക്കുകയായിരുന്നു. പെട്ടെന്ന് ഒരാൾ ഓടിവന്ന് വിളിച്ചുപറഞ്ഞു, 'ജോൺ, നിങ്ങളുടെ മകൾ അലീഷ ഒരു റോഡപകടത്തിൽപ്പെട്ട് താഴെ മരിച്ചുകിടക്കുന്നു'. ഞെട്ടിപ്പോയ അയാൾ എന്താണ് ചെയ്യേണ്ടതെന്നറിയാതെ ഓഫീസിന്റെ ജനാലയിലൂടെ താഴേയ്ക്ക് ചാടി. താഴേയ്ക്ക് പതിക്കുന്നതിനിടയിൽ പതിനാലാം നിലയിലെത്തിയപ്പോഴാണ് തനിക്ക് അലീഷയെന്ന മകളില്ലെന്ന കാര്യം അദ്ദേഹം ഓർമ്മിച്ചത്. ഏഴാം നിലയിലെത്തിയപ്പോൾ, താൻ കല്യാണമേ കഴിച്ചിട്ടില്ല എന്നദ്ദേഹം ആലോചിച്ചു. നിലത്ത് പതിക്കാറായപ്പോൾ, തന്റെ പേര് ജോൺ എന്നല്ലെന്നും ഓർമ്മിച്ചു. ഓടിവന്ന് പറഞ്ഞ ആളുടെ റോളാണ് ഈ സമരവുമായി ബന്ധപ്പെട്ട് കേരളത്തിലെ ചില മാധ്യമങ്ങൾ സൃഷ്ടിക്കുന്നത്. കേന്ദ്ര ഗവൺമെന്റിനെതിരായിട്ടുള്ള നയത്തിന്റെ ഫലമായാണ് കേരളം വലിയ സാമ്പത്തിക ബാധ്യതയിലേയ്ക്ക് പോയിട്ടുള്ളത്.

ഈ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ ഇവിടെയുണ്ട്. പലയാളുകളും സഭയിലുണ്ടായിരുന്നില്ല എന്നുള്ളത് വേറെ കാര്യം. ആ ഉപക്ഷേപങ്ങളിലെല്ലാം പറഞ്ഞത് തീർത്തും അസംബന്ധമായ കാര്യങ്ങളാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധിക്ക് കാരണക്കാരെ കണ്ടെത്താൻ ഇവർ തയ്യാറല്ല. നമുക്കേവർക്കും അറിയാവുന്നതുപോലെ, കേരളത്തെ വീർപ്പുമുട്ടിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയസമീപനത്തിനെതിരെ പ്രതികരിക്കുന്നതിനുപകരം ഇവിടെ സംസ്ഥാന ഗവൺമെന്റിനെ പ്രതിക്കൂട്ടിൽ നിർത്തി വിചാരണ നടത്തി സ്വയം വിധി പ്രഖ്യാപിക്കാനാണ് ഇവർ ശ്രമിക്കുന്നത്. അയ്യപ്പപ്പണിക്കർ പാടിയതുപോലെ, "തിര മാറി ചുര മാന്തി നിന്നിട്ടും കരയോളം പൊങ്ങീല കടലിന്നും". കള്ള നാക്കും കൊള്ളി വാക്കുകളുമായി പ്രതിപക്ഷം ഉറഞ്ഞുതുള്ളിയാലും വർദ്ധിച്ച ജനപിന്തുണയോടെ പിണറായി വിജയൻ സർക്കാർ മുന്നോട്ടേയ്ക്കുതന്നെയെന്ന് ഇവിടെ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ അന്യഗ്രഹ ജീവികളാണോ? കേരളമിന്ന് പുരസ്കാര നിറവിലാണ്. നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ കേരളം തുടർച്ചയായി നാലാം തവണയും ഒന്നാം സ്ഥാനം നേടി. 2021-ൽ പബ്ലിക്

അഫയേഴ്സ് സെന്റർ പ്രസിദ്ധീകരിച്ച പബ്ലിക് അഫയേഴ്സ് ഇൻഡക്സിൽ ഏറ്റവും മികച്ച ഭരണം കാഴ്ചവച്ച സംസ്ഥാനം കേരളമാണ്. നീതി ആയോഗിന്റെ ദേശീയ മൾട്ടി ഡയമെൻഷണൽ ദാരിദ്ര്യ സൂചികയിൽ കുറവ് ദാരിദ്ര്യമുള്ള സംസ്ഥാനവും നമ്മുടെ കൊച്ചുകേരളമാണ്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ മികവിന്റെ സൂചികയിൽ ഒന്നാം സ്ഥാനം നേടിയ സംസ്ഥാനം കേരളമാണ്. വിദ്യാഭ്യാസ അവസരത്തിനും സൗകര്യത്തിനും ഇന്ത്യയിലെ മികച്ച സംസ്ഥാനമായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം കേരളത്തെ തെരഞ്ഞെടുത്തിരിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ (ശ്രീ. കെ.ബാബു (നെന്മാറ)]

അഴിമതി വിമുക്ത പോലീസ് സേവനത്തിൽ കേരളം ഒന്നാമതാണെന്ന് ഇന്ത്യൻ പോലീസ് ഫൗണ്ടേഷൻ രേഖപ്പെടുത്തിയിരിക്കുന്നു. ആരോഗ്യ മേഖലയ്ക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡാർഡ് (എൻ.ക്യൂ.എ.എസ്.) അംഗീകാരം ലഭിച്ചിരിക്കുന്നു. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ ലഭ്യമാക്കിയ സർക്കാർ ആശുപത്രികൾക്കുള്ള അവാർഡ് കോട്ടയം മെഡിക്കൽ കോളേജ് നേടിയിരിക്കുന്നു. രാജ്യത്തെ മികച്ച കോവിഡ് വാക്സിനേഷൻ ഡ്രൈവ് കേരളത്തിലാണ് നടന്നത്. ഇന്ത്യാ

ടുഡേയുടെ Healthgiri അവാർഡ് നമുക്ക് നേടാൻ കഴിഞ്ഞു. കേരള ടൂറിസവും പുരസ്കാര നിറവിലാണ്. അയ്മനം മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമം പദ്ധതിക്ക് 'വേൾഡ് ട്രാവൽ മാർക്കറ്റ് ഇന്ത്യൻ റെസ്പോൺസിബിൾ ടൂറിസം വൺ ടു വാച്ച് ' അന്താരാഷ്ട്ര പുരസ്കാരം ലഭിച്ചു. മത്സ്യഫെഡ് മത്സ്യബന്ധന മേഖലയിൽ ഏറ്റവും മികച്ച അർദ്ധ സർക്കാർ സ്ഥാപനമായി തെരഞ്ഞെടുത്തത് നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിനെയാണ്. വയോജന പരിപാലനത്തിന് കേന്ദ്ര സർക്കാരിന്റെ വയോശ്രേഷ്ഠ പുരസ്കാരം കേരളത്തിന് ലഭിച്ചു. കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ സിറ്റി വിത്ത് ദി മോസ്റ്റ് സസ്റ്റെയിനബിൾ ട്രാൻസ്പോർട്ട് സിസ്റ്റം അവാർഡും നമുക്ക് ലഭിച്ചു. പ്രമുഖ റേറ്റിംഗ് കമ്പനിയായ CRISIL (Credit Rating Information Services of India Limited)-ന്റെ പട്ടികയിൽ തിരുവനന്തപുരം ടെക്നോപാർക്കിന് എ പ്ലസ് സ്റ്റേബിൾ എന്ന ഉയർന്ന സ്ഥാനം കരസ്ഥമാക്കാൻ കഴിഞ്ഞു. പറമ്പിക്കുളം കടുവ സംരക്ഷണ ഫൗണ്ടേഷന് പതിനൊന്നാമത് NatWest Group Earth Guardian Award ലഭ്യമാക്കാൻ കഴിഞ്ഞു. ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഭക്ഷ്യ സുരക്ഷാ സൂചികയിൽ രണ്ടാം സ്ഥാനം നേടിയത് നമ്മുടെ കേരളമാണ്. പുരപ്പുറ സോളാർ പദ്ധതിക്ക് EQ International

Magazine ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരം, ദേശീയ ഊർജ്ജകാര്യക്ഷമതാ സൂചികയിൽ കേരളത്തിന് രണ്ടാം സ്ഥാനം, സംസ്ഥാന നാഷണൽ സർവീസ് സ്കീമിന് നാഷണൽ സർവീസ് സ്കീം ദേശീയ അവാർഡ്, സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിന് സൊസൈറ്റി ഓഫ് ഇന്ത്യൻ എയ്റോസ്പേസ് ടെക്നോളജീസ് ആൻഡ് ഇൻഡസ്ട്രീസ് അവാർഡ്- 2022, പ്രതിരോധ മേഖലയിൽ പ്രവർത്തിക്കുന്ന പത്ത് കമ്പനികളിലൊന്നായി ഇൻഡസ്ട്രി ഔട്ട്ലുക്ക് മാഗസിൻ, സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സിനെ തെരഞ്ഞെടുത്തു തുടങ്ങിയ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു. ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡിന് ഏറ്റവും മികച്ച ഫോർജിംഗ് കമ്പനി എന്ന പുരസ്കാരം ലഭിച്ചു. കേരള സംസ്ഥാന ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ 'നിഷിദ്ധോ' എന്ന ചിത്രത്തിനാണ് സംസ്ഥാന ചലച്ചിത്ര പുരസ്കാരവും ഒട്ടാവ ഇന്ത്യൻ ഫിലിം അവാർഡും ലഭിച്ചത്. ചിത്രത്തിന്റെ സംവിധായികയ്ക്ക് 26-ാമത് ഐ.എഫ്.എഫ്.കെ.-യിൽ മികച്ച നവാഗത സംവിധായികയ്ക്കുള്ള അവാർഡും ലഭിച്ചു. അങ്ങനെ കലാ, സാംസ്കാരിക, സാമൂഹിക, സാമ്പത്തിക രംഗങ്ങളിലെല്ലാം ഫലപ്രദവും കാര്യക്ഷമവുമായിട്ടുള്ള ഇടപെടലുകളുമായി ഈ സർക്കാർ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. ഫെഡറൽ

സംവിധാനത്തോട് കോൺഗ്രസ്സിനും ബി.ജെ.പി.-ക്കും ഒരേ നയസമീപനമാണുള്ളത്. 2004-ൽ യു.പി.എ. ഗവൺമെന്റ് പൊതുമിനിമം പരിപാടിയിൽ വാഗ്ദാനം ചെയ്ത കാര്യംപോലും, കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെക്കുറിച്ച് അക്കാലത്ത് പഠിക്കാൻ നിശ്ചയിച്ച പൂഞ്ചി കമ്മിറ്റിയുടെ പരിഗണനാ വിഷയത്തിൽ പ്രത്യേകം എടുത്തു പറയാൻ കോൺഗ്രസ്സ് നേതൃത്വം അന്ന് തയ്യാറായിട്ടില്ല. കേന്ദ്രസർക്കാർ നേരിട്ട് ശേഖരിക്കുന്ന നികുതികളിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം, ആഭ്യന്തര വിപണിയിൽനിന്നും മറ്റ് വായ്പയെടുക്കാനുള്ള അവകാശം, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ വരുത്തേണ്ട മാറ്റങ്ങൾ എന്നിവ എൽ.ഡി.എഫ്. ഗവൺമെന്റ് അന്ന് നിർദ്ദേശങ്ങളായി സമർപ്പിക്കപ്പെട്ടെങ്കിലും അന്നത്തെ യു.പി.എ. ഗവൺമെന്റ് പരിഗണിച്ചിട്ടില്ല. ഫെഡറൽ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിന് ഇത്തരം നയങ്ങൾക്കുപകരം സംസ്ഥാനത്തിന്റെ അധികാരപരിധിയിലുള്ള ക്രമസമാധാനപരിപാലനം, വൻകിട വികസന പദ്ധതികൾ, കേന്ദ്ര ധനസഹായത്തിന് മുകളിൽ സംസ്ഥാനങ്ങൾക്കുമേൽ നിബന്ധന ഏർപ്പെടുത്തൽ തുടങ്ങിയവ പൂഞ്ചി കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്നു. എന്നാൽ കോൺഗ്രസ്സ് കേന്ദ്ര-സംസ്ഥാന ബന്ധങ്ങളെ ജനാധിപത്യവൽക്കരിക്കുന്നതിന് യാതൊരു സമീപനവും അക്കാലത്ത്

സ്വീകരിച്ചിട്ടില്ല. നികുതിയുടെ കാര്യത്തിൽ കൂടുതൽ അധികാരം വേണമെന്ന സംസ്ഥാനങ്ങളുടെ ആവശ്യം കാറ്റിൽ പറത്തി VAT നികുതി സമ്പ്രദായത്തിലൂടെ ഏകീകൃത നികുതി വ്യവസ്ഥയാണ് അന്ന് കോൺഗ്രസ്സ് മുന്നോട്ടുവച്ചത്. ധനകാര്യ കമ്മീഷനെയും ആസൂത്രണ കമ്മീഷനെയും ഉപയോഗപ്പെടുത്തി ധനകാര്യ കമ്മീഷനുകൾക്ക് ഭരണഘടനാ ബാഹ്യമായ ചില അധികാരങ്ങൾ നൽകുന്ന രീതിയുണ്ടായി. ഭരണഘടനയുടെ 275, 280 ഖണ്ഡികകൾപ്രകാരം സംസ്ഥാന വിഭവങ്ങളുടെമേൽ നിയന്ത്രണമേർപ്പെടുത്താനുള്ള അവകാശം ധനകാര്യ കമ്മീഷനുകൾക്കില്ല. എന്നാൽ 12, 13 ധനകാര്യ കമ്മീഷനുകളുടെ പരിഗണനാ വിഷയങ്ങളിൽ ഭരണഘടനാ ബാഹ്യമായ നിർദ്ദേശങ്ങളാണ് ഉയർന്നുവന്നത്. അങ്ങനെയെല്ലാതലത്തിലും ഇവരുടെ സമീപനം ബി.ജെ.പി.യോടൊപ്പമായിരുന്നു. കരുതൽ തടങ്കലിനെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്നലെ പറഞ്ഞു. നിങ്ങളോർക്കുന്നില്ലേ; ഉരുട്ടലും പമ്പാവാസനും കാവടിയാട്ടവും ഗരുഡൻതൂക്കവും കേരളം മറന്നിട്ടില്ല. അടിയന്തരാവസ്ഥയുടെ ഇരുണ്ട ദിനരാത്രങ്ങൾ, ബഹുമാനപ്പെട്ട ഇന്നത്തെ മുഖ്യമന്ത്രിയെപ്പോലും അന്ന് വെറുതേ വിട്ടില്ല. 1970-ലാണ് ഇന്നത്തെ മുഖ്യമന്ത്രി കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽനിന്ന് കേരള

നിയമസഭയിലെത്തുന്നത്. 1975 സെപ്റ്റംബർ 28-നുശേഷം സഭാരേഖകളിൽ സഖാവ് പിണറായി വിജയൻ എന്ന പേര് മറ്റുള്ളവരുടെ പ്രസംഗത്തിൽമാത്രമായി. കാരണം, അടിയന്തരാവസ്ഥ പ്രഖ്യാപനത്തോടെ ആദ്യംതന്നെ ജയിലിലിലടയ്ക്കപ്പെട്ട പത്ത് പ്രതിപക്ഷ എം.എൽ.എ.-മാരിലൊരാളായിരുന്നു അദ്ദേഹം. ഒരു പ്രതിപക്ഷ എം.എൽ.എ. ഇന്നലെ പറഞ്ഞല്ലോ; ഇവിടെ ഒന്ന് കാറ്റുവീശിയപ്പോൾ ഇതാ എം.എൽ.എ.-യെ ആക്രമിച്ചുവെന്ന്. എം.എൽ.എ. എന്ന നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കെ യുവസമാജികനായിട്ടുള്ള സഖാവ് പിണറായി വിജയൻ ഏറ്റുവാങ്ങിയ മർദ്ദനത്തിനതിരുണ്ടായിരുന്നില്ല. എഴുന്നേറ്റ് നിൽക്കാനാവാത്ത രീതിയിലുള്ള ഏറ്റവും അപകടകരമായ പീഡനം ഏറ്റുവാങ്ങിയിട്ടുള്ള നേതാവാണ് ശ്രീ. പിണറായി വിജയൻ. അങ്ങനെ ഒട്ടനവധി നേതാക്കൾ, ഈ ഭരണപക്ഷത്തുള്ള നിരവധി എം.എൽ.എ.-മാർ, മന്ത്രിമാർ ഇവരെല്ലാം കേരളത്തിലെ പോലീസിന്റെ ഭീകരമായ പീഡനങ്ങൾ ഏറ്റുവാങ്ങിയിട്ടുണ്ട്. കേരളത്തിൽ പോലീസിന്റെ വെടിവയ്പിനെത്തുടർന്ന് കൂത്തുപറമ്പിൽ അഞ്ച് സഹോദരങ്ങളുടെ ജീവൻ നഷ്ടപ്പെട്ടു. കാസർഗോഡ് ജില്ലയിലെ ബാലകൃഷ്ണനെ പോലീസ് വെടിവച്ചു. പരിയാരത്തെ സമരമുഖത്ത് നമ്മുടെ വിദ്യാർത്ഥികൾക്കുനേരെ നിങ്ങൾ ഇലക്ട്രിക് ബാറ്റൺ ഉപയോഗിച്ചു.

മൂന്നാംമുറ നിങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ടൊരു സ്വഭാവമായിരുന്നു. വിവിധ ഘട്ടങ്ങളിൽ പോലീസിന്റെ ഭീകര മർദ്ദനത്തിനെതിരെ ശക്തമായി പ്രതികരിക്കാൻ കേരളത്തിലെ വിദ്യാർത്ഥി സമൂഹം വന്നിട്ടുണ്ട്. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ ഭരണകാലത്ത് കേരളത്തിലെ തെരുവോരങ്ങളിൽ ഏറ്റവും അപകടകരമായ രീതിയിൽ വിദ്യാർത്ഥികളുടെയും യുവാക്കളുടെയും ചോരത്തുള്ളികളും മാംസച്ചീളുകളും തെറിച്ചുവീഴാത്ത ഇടങ്ങളുണ്ടായിരുന്നില്ല. ഈയൊരു തലത്തിൽ ഇന്ന് സമരാഭാസവുമായി ഇറങ്ങുന്ന സ്വന്തം അനുയായികളെ, അണികളെ നിലയ്ക്കുനിർത്താൻ കഴിയണം. എത്ര ചവിട്ടിയരച്ചാലും നിവർന്നുവരും, എത്ര തീയിട്ട് കരിച്ചാലും മുളച്ചുവരും, എത്ര കൊത്തിയരിഞ്ഞാലും തഴച്ചുവരും; കമ്മ്യൂണിസ്റ്റുപച്ച ഒരു ചെടിയുടെ പേരല്ലയെന്നു സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. കേന്ദ്രഗവൺമെന്റിന്റെ വികലമായ സാമ്പത്തിക നയങ്ങൾക്കിടയിലും കേരളത്തെ രക്ഷിക്കാൻവേണ്ടി മുന്നോട്ടുവച്ചൊരു ബഡ്ജറ്റാണിത്. ക്ഷേമപ്രവർത്തനങ്ങൾ മുടങ്ങരുത്, വികസനങ്ങൾ മുടങ്ങരുത്, അതോടൊപ്പംതന്നെ പാവപ്പെട്ടവരെയും സംരക്ഷിക്കണം. അതിനുവേണ്ടി അവതരിപ്പിച്ച ബഡ്ജറ്റാണിത്. ഇവിടെ

ഇന്നു രാവിലെ ലൈഫ് മിഷൻ പദ്ധതിയെ സംബന്ധിച്ച് ഒരു അടിയന്തര പ്രമേയം ചർച്ച ചെയ്യുകയുണ്ടായി. ബഹുമാന്യനായ പ്രതിപക്ഷനേതാവ് സഭയിലിരിപ്പുണ്ട്. കഴിഞ്ഞ ഭരണത്തിൽ യു.ഡി.എഫ്. അധികാരത്തിൽ വന്നാൽ ലൈഫ് പദ്ധതി നിർത്തലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. മൂന്നേകാൽ ലക്ഷം വീടുകൾ കേരളത്തിലെ പാവപ്പെട്ടവർക്ക് നിർമ്മിച്ചുനൽകിക്കൊണ്ട് ഒരു പുതിയ അദ്ധ്യായം കുറിച്ച ഒന്നാണ് ലൈഫ് ഭവന നിർമ്മാണ പദ്ധതി. കഴിഞ്ഞ ആഴ്ച ഡൽഹി വിമാനത്താവളത്തിൽ വച്ച് ഇ.ഡി. ആരെയാണ് അറസ്റ്റ് ചെയ്തതെന്ന് പ്രതിപക്ഷനേതാവിനോട് ഞാൻ ചോദിക്കുകയാണ്. കോൺഗ്രസ്സിന്റെ റായ്പൂർ സമ്മേളനത്തിന് പങ്കെടുക്കാനിറങ്ങിയ കോൺഗ്രസ്സ് നേതാവിനെ ഇ.ഡി. ഡൽഹി വിമാനത്താവളത്തിൽ വച്ച് അറസ്റ്റ് ചെയ്തപ്പോൾ നിങ്ങളെന്താണ് ചെയ്തത്; ശ്രീ. കെ. സി. വേണുഗോപാലുൾപ്പെടെയുള്ള നേതാക്കൾ അവിടെ പ്രതിഷേധിച്ചു; റൺവേയിൽ കുത്തിയിരുന്നു. നിങ്ങളുടെ റായ്പൂർ സമ്മേളനത്തെ പൊളിക്കാൻ വേണ്ടിയാണെന്ന് നിങ്ങൾ തന്നെയല്ലേ പറഞ്ഞത്. റായ്പൂർ സമ്മേളനം പൊളിക്കാൻ വേണ്ടിയാണ് ഇങ്ങനെയുള്ള അറസ്റ്റ് നടത്തിയതെന്ന് കോൺഗ്രസ്സ് നേതാക്കൾ പത്രസമ്മേളനം നടത്തിയപ്പോൾ പറഞ്ഞല്ലോ; ബഹുമാന്യരായ രാഹുൽ ഗാന്ധിയും സോണിയാ

ഗാന്ധിയുമുൾപ്പെടെയുള്ളവരെ മണിക്കൂറുകൾ മാത്രമല്ലല്ലോ, ആഴ്ചകളോളം ചോദ്യം ചെയ്തു. എന്നിട്ട് ഇവിടെ വരുമ്പോൾ ഇ.ഡി.-യെപ്പറ്റി പുകഴ്ത്തിപ്പറയുകയും കേരളത്തിന് പുറത്തേക്കിറങ്ങുമ്പോൾ ഇ.ഡി.-യെ ഇകഴ്ത്തിപ്പറയുകയുമാണ്. ഈ പ്രതിപക്ഷ നയം ഒരു രീതിയിലും കേരളത്തിലെ ജനങ്ങൾ അംഗീകരിക്കില്ല. നിങ്ങൾക്ക് കേരളത്തിലെ പാവപ്പെട്ടവരുടെ പെൻഷൻ മുടക്കണം, അതുപറഞ്ഞ് നിങ്ങൾക്ക് പ്രചരണം നടത്താം. പിണറായി വിജയൻ സർക്കാർ ഒരു രീതിയിലും പാവപ്പെട്ടവരുടെ ക്ഷേമ പ്രവർത്തനങ്ങൾ മുടക്കാനാഗ്രഹിക്കുന്നില്ല. കേന്ദ്രഗവൺമെന്റിന്റെ ബഡ്ജറ്റ് വിഹിതം കുറഞ്ഞ കാര്യം പറയാൻ ഒരു പ്രതിപക്ഷനേതാക്കളെയും കണ്ടില്ല. 3.875 ശതമാനമായിരുന്ന കേന്ദ്രഗവൺമെന്റ് ബഡ്ജറ്റ് വിഹിതം ഇപ്രാവശ്യം 1.92 ശതമാനമായി കുറച്ചപ്പോൾ പതിനായിരക്കണക്കിന് കോടിരൂപയുടെ കുറവാണ് സംസ്ഥാനത്തിനുണ്ടായത്. അക്കാര്യം പറയാൻ ഒരു പ്രതിപക്ഷ അംഗംപോലും മുന്നോട്ടുവന്നില്ല. അധികാരത്തിൽവന്ന് ഒരു വർഷം കഴിഞ്ഞപ്പോൾ കേരളത്തിലെ നേട്ടങ്ങളെയെണ്ണിപ്പറഞ്ഞുകൊണ്ട് ഈ ഗവൺമെന്റ് ചെയ്ത കാര്യങ്ങൾ വിലയിരുത്തി പ്രോഗ്രസ്സ് റിപ്പോർട്ട് ഇവിടെ വയ്ക്കുകയുണ്ടായി. ആ പ്രോഗ്രസ്സ് റിപ്പോർട്ട് നിങ്ങൾ വായിച്ചുനോക്കണം; അതിനെപ്പറ്റി നിങ്ങളൊന്ന് പഠിക്കണം; അതിൽ

പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എന്താണെന്ന് ഓർക്കണം. പറഞ്ഞ കാര്യങ്ങളോരോന്ന് ചെയ്യാനും അത് ജനങ്ങളിലെത്തിക്കാനും ഈ ഗവൺമെന്റ് ശ്രമിക്കുമ്പോൾ അതിനെ എതിർത്ത് തോൽപ്പിക്കാമെന്ന് വിചാരിച്ചാൽ നടക്കുന്ന കാര്യമല്ല. പോലീസിന്റെ കാര്യത്തിൽ കേരളം ഒന്നാമതായി നിൽക്കുന്നു. അഴിമതി വിമുക്ത പോലീസ് സേവനമാണെന്നാണ് ഇന്ത്യൻ പോലീസ് ഫൗണ്ടേഷൻ പറയുന്നത്. 2021-ലെ സംസ്ഥാന സർവ്വേയിൽ most happiest state എന്നാണ് കേരളത്തെപ്പറ്റി ഇന്ത്യ ടുഡേ ന്യൂസ് മാഗസീനിൽ പറയുന്നത്. കേരള പോലീസിന്റെ സോഷ്യൽമീഡിയ, സൈബർമീഡിയ ഇവയ്ക്കൊക്കെയിന്ന് ദേശീയ പുരസ്കാരം ലഭിച്ചുകൊണ്ടിരിക്കുകയാണ്. പാസ്പോർട്ട് അപേക്ഷയുടേതടക്കമുള്ള പരിശോധനയിൽ കൃത്യമായ നിർദ്ദേശവും വിവരങ്ങളും നൽകുന്ന സംസ്ഥാനമാണ് കേരളമെന്ന് കേന്ദ്ര വിദേശകാര്യാലയം പറഞ്ഞിരിക്കുകയാണ്. റബ്ബർ കൃഷിക്കാർക്ക് അവരുടെ ഫണ്ട് കൊടുക്കാൻ നൂറ് കോടി രൂപ അധികം വച്ച ഗവൺമെന്റാണിത്. അതോടൊപ്പം രണ്ടാം കുട്ടനാട് പാക്കേജിന് വേണ്ടി ഈ ബഡ്ജറ്റിലൂടെ തുക അനുവദിച്ച ഗവൺമെന്റാണിത്. അതോടൊപ്പം നെല്ല്, നാളികേര, പച്ചക്കറി, സുഗന്ധദ്രവ്യ കർഷകർക്ക് അർഹമായ രീതിയിൽ അവരുടെ

ക്ഷേമത്തിനുവേണ്ടി ഫണ്ട് അനുവദിച്ച ബഡ്ജറ്റാണിതെന്ന് പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സംസ്ഥാന ഭരണനേതൃത്വം കേരള ജനതയ്ക്ക് വൻദുരന്തമായി മാറിയിരിക്കുകയാണ്. ഭരണത്തിന്റെ നെടുംതൂണുകളായ ഗവർണറും മുഖ്യമന്ത്രിയും തമ്മിലുള്ള ഭരണപ്പോരുകൾ ഒത്തുതീർപ്പാക്കുന്നതിൽ ഇടനിലക്കാരായി ചില ശക്തികൾ പ്രവർത്തിക്കുന്നുണ്ടെന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുറ്റംപറയാൻ കഴിയില്ല. മുഖ്യമന്ത്രിയുടെ ഓഫീസ് മുതൽ വില്ലേജ് ഓഫീസ് വരെ നാഥനില്ലാ കളരിയായി മാറുമ്പോൾ, എ.കെ.ജി. സെന്റർ മുതൽ ബ്രാഞ്ച് ഓഫീസുവരെ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഇടനിലക്കാരായ പാർട്ടിക്കാർ ഭരണം കയ്യിലെടുത്ത് അമ്മാനമാടുന്ന കാഴ്ചയാണ് കാണുന്നത്. അഴിമതിയാരോപണങ്ങൾ സർക്കാരുകൾക്കെതിരെ ഉയർന്നുവരാറുണ്ട്. എന്നാൽ കള്ളക്കടത്തുകാരുടെ താവളമായി മുഖ്യമന്ത്രിയുടെ ഓഫീസ് മാറിയത് കേരള ചരിത്രത്തിൽത്തന്നെ ആദ്യമാണ്. എല്ലാ പഴുതുകളും അടച്ച് സംരക്ഷണം നൽകിയതിനുശേഷവും മുഖ്യമന്ത്രിയുടെ വിശ്വസ്തനായ പ്രിൻസിപ്പൽ സെക്രട്ടറി ദേശദ്രോഹ കുറ്റത്തിനും കള്ളക്കടത്തിനും

പിടിയിലായി വീണ്ടും ജയിലിലടയ്ക്കപ്പെട്ടിട്ടും നമ്മുടെ മുഖ്യമന്ത്രി അധികാരത്തിൽ കടിച്ചുതൂങ്ങി നിൽക്കുന്നതിൽ കേരളം ലജ്ജിക്കുകയാണ്. മുൻമന്ത്രിമാരിലും ഇപ്പോഴത്തെ ഭരണനേതൃത്വത്തിലുമുള്ളവരുടെയും പേരെടുത്തുപറഞ്ഞ് അവരെ വീട്ടിൽ കയറ്റാൻ കൊള്ളാത്തവരാണെന്ന് ഒരു സ്ത്രീ പത്രസമ്മേളനം നടത്തിയിട്ടും ഇപ്പോഴും മൗനമാചരിക്കുന്നവർക്ക് അപാര തൊലിക്കട്ടിയാണ്. ആരോപണം ഉന്നയിച്ച് ഒരു മാസമായപ്പോൾ പാർട്ടി സെക്രട്ടേറിയറ്റ് മാനനഷ്ട കേസ് നൽകാൻ അനുമതി നൽകിയിട്ടും ഒരു വക്കീൽ നോട്ടീസുപോലുമയച്ചതായി കേരളം കണ്ടില്ല. ഇപ്പോൾ സി.എം.-ന്റെ ഓഫീസിൽ മറ്റൊരു വിശ്വസ്തനായ സി.എം. ഭരണനേതൃത്വത്തിന്റെ തണലിൽ മുഖ്യമന്ത്രിയുടെ ഓഫീസിനെ കയ്യിലെടുത്ത് അമ്മാനമാടിയ കഥകൾ മലയാളികളുടെ മാനംകെടുത്തുന്നതാണ്. ഇതിന് ഭരണനേതൃത്വത്തിന് എന്ത് മറുപടിയാണ് പറയാനുള്ളത്? 'മോന്തായം വളഞ്ഞാൽ അറുപത്തിനാലും വളയും' എന്ന പഴമൊഴി അക്ഷരാർത്ഥത്തിൽ ഈ സർക്കാരിന്റെ കാര്യത്തിൽ ശരിയാകുകയാണ്. കേരളത്തിൽ ഭീകരമായി വളർന്നുകൊണ്ടിരിക്കുന്ന സ്ത്രീപീഡനം, ബാലപീഡനം, തട്ടിക്കൊണ്ടുപോക്ക്, കള്ളക്കടത്ത്, മയക്കുമരുന്ന് വ്യാപാരം, ക്വട്ടേഷൻ, കൊലപാതകങ്ങൾ തുടങ്ങി എല്ലാ അസാന്മാർഗ്ഗിക ദേശവിരുദ്ധ

പ്രവർത്തനങ്ങളുടെയും കേന്ദ്രമായി ഈ പാർട്ടി ഭരണനേതൃത്വം മാറിക്കഴിഞ്ഞു. ക്വട്ടേഷൻ, കൊലപാതക കേസ്സുകളിലെ പ്രതികളെ സംരക്ഷിക്കാൻ ലക്ഷക്കണക്കിന് രൂപ ചെലവഴിക്കുന്നതിന്റെ രഹസ്യം ആകാശ് തില്ലങ്കേരിയുടെ വെളിപ്പെടുത്തലുകളിലൂടെ കേരള ജനതയ്ക്ക് ബോധ്യപ്പെട്ടു. ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യാൻ പെട്രോളിന് സെസ്സ് ഏർപ്പെടുത്തി സാധാരണക്കാരെ പിഴിയുന്നതിൽ എന്ത് ന്യായമാണ് ഈ സർക്കാരിന് പറയാനുള്ളത്. കടം വാങ്ങി ധൂർത്തടിച്ച് കടക്കെണിയിലമരുന്ന കേരളം സമീപഭാവിയിൽ ശ്രീലങ്കയായി മാറുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടുന്ന ജനതയ്ക്ക് ആശ്വാസം പകരുന്ന എന്ത് പദ്ധതിയാണ് ഈ സർക്കാർ മുന്നോട്ടുവയ്ക്കുന്നത്? തൊഴിലില്ലാത്ത ചെറുപ്പക്കാർ തൊഴിലിനായി പി.എസ്.സി.-യെ വിശ്വസിച്ച് കാത്തിരിക്കുമ്പോൾ പാർട്ടി ഓഫീസിൽനിന്നും ലക്ഷക്കണക്കിന് രൂപ കൈക്കൂലി വാങ്ങി താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിലൂടെ തൊഴിലിനായി കാത്തിരിക്കുന്ന ലക്ഷക്കണക്കിന് ചെറുപ്പക്കാരുടെ കണ്ണീരിനെയാണ് വെല്ലുവിളിക്കുന്നത്. പി.എസ്.സി.-യുടെ കോൾ ലെറ്ററിനെക്കാളും അഡ്വൈസ് മെമ്മോയെക്കാളും പാർട്ടി ജില്ലാ സെക്രട്ടറിയുടെയോ

മേയർമാരുടെയോ കത്തുകൾക്ക് പ്രാധാന്യം കൽപ്പിക്കുന്നൊരു നാട്ടിൽ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ പലായനം ചെയ്യുന്നതിൽ എന്ത് അത്ഭുതമാണുള്ളത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ ലക്ഷങ്ങൾ സംഭാവന ചെയ്ത് വഞ്ചിക്കപ്പെട്ട വ്യക്തിയുടെ രോഷപ്രകടനം കേരളം കാണാനിടയായി. ആടുവിറ്റും കുടുക്കപൊട്ടിച്ചും ബീഡി തെറുത്തും ജീവിതത്തിൽ സമ്പാദിച്ചതുമുഴുവനും കൊടുത്ത് കേരളത്തിന്റെ ദുരിതകാലത്ത് സർക്കാരിന് താങ്ങായി മാറിയവരാണ് മലയാളികൾ. ദുരിതാശ്വാസനിധിയിലെ വൻതട്ടിപ്പിന്റെ കഥകളറിഞ്ഞ് അവർ ഞെട്ടിത്തരിക്കുകയാണ്. ഇവയൊക്കെ ശരിയായി കൈകാര്യം ചെയ്യാനറിയാത്ത ഭരണാധികാരികൾ ഒരു സംസ്ഥാനത്തിന്റെ ഭരണചക്രം തിരിക്കുന്നതെങ്ങനെയാണ്? ദുരിതാശ്വാസനിധിയിലേയ്ക്കുള്ള അപേക്ഷ എഴുതുന്ന ഏജന്റുമാർ മുതൽ സർട്ടിഫിക്കറ്റ് നൽകുന്ന ഡോക്ടർമാർ വരെ സംശയത്തിന്റെ നിഴലിലാണ്. ലൈഫ് മിഷൻ അഴിമതി എല്ലാവരും ഇതിനകം അംഗീകരിച്ചതാണ്. വീടിനുവേണ്ടിയുള്ള ലക്ഷങ്ങളുടെ കാത്തിരിപ്പ് ഓരോരുത്തരുടെയും ജീവിതാവസാനംവരെ തുടരുകയാണ്. അഴിമതിയിൽ മുങ്ങിക്കുളിച്ച ഭരണാധികാരികളുടെ പാർട്ടി സംവിധാനങ്ങളെ സംരക്ഷിക്കുന്നതിനായി ലോകായുക്തയുടെ ചിറകരിയാൻ ഒരു മടിയും ഈ

സർക്കാരിനില്ലായിരുന്നു. ഓരോ ഫയലും ഓരോ ജീവിതമാണെന്ന് പ്രഖ്യാപിച്ച മുഖ്യമന്ത്രി! സർക്കാർ ഓഫീസുകളിൽ തീർപ്പുകൽപ്പിക്കാത്ത ഫയലുകളിൽ എത്ര ജീവിതങ്ങളാണ് വഴിയാധാരങ്ങളാകുന്നതെന്ന് പൊതുഭരണം കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രിക്ക് അറിയാമോ? നിരവധി കർമ്മപദ്ധതികൾ നടപ്പാക്കിയശേഷവും സർക്കാർ വകുപ്പുകളിൽ 7,89,623 ഫയലുകൾ ഇപ്പോഴും കെട്ടിക്കിടക്കുന്നുണ്ടെന്നതാണ് അവസാനത്തെ കണക്ക്. സർക്കാരിപ്പോൾ അടുത്ത നൂറുദിന പരിപാടിയുടെ പണിപ്പുരയിലാണ്. വർഷംതോറും നൂറുദിന പരിപാടികൾ നടത്തുന്നതിനുപകരം വാർഷിക പരിപാടിയോ ത്രൈമാസ പരിപാടിയോ നടത്തിയാൽ ജനങ്ങൾക്ക് അത്രയും ലാഭംകിട്ടും. അധികാരം കൈമാറിയയുടനെതന്നെ നമ്മുടെ മുഖ്യമന്ത്രി അവതാരപ്പിറവികളെക്കുറിച്ച് ആശങ്കപ്പെട്ടിരുന്നു. സ്വയം അവതാരങ്ങളുടെ അവതാരമായിരിക്കുകയാണ് മുഖ്യമന്ത്രി. സാമൂഹ്യസുരക്ഷാ സെസ്സ് എന്ന പേരിൽ പെട്രോൾ, ഡീസൽ വിലവർദ്ധന വരുത്തുന്നതിലൂടെ താങ്ങാനാകാത്ത വിലക്കയറ്റത്തിലൂടെ കടന്നുപോകുന്നു. കോർട്ട് ഫീ സ്റ്റാമ്പുകളുടെ വില വർദ്ധനകാരണം വിവരാവകാശം ഉൾപ്പെടെയുള്ള അപേക്ഷകളുടെ ചെലവ് വർദ്ധിപ്പിക്കുമെന്നുതന്നെയാണ് കരുതുന്നത്. കോടതി വ്യവഹാരങ്ങൾക്ക്

ഒരു ശതമാനം ഫീസ് അധികമായി ഈടാക്കിയത് നീതിന്യായ വ്യവഹാരങ്ങളുടെ ചെലവ് വർദ്ധിപ്പിക്കും. അതായത് നീതിയും ന്യായവും നേടിയെടുക്കാൻ ഇനി സാധാരണക്കാർക്ക് അധിക തുകകൂടി ചെലവാക്കേണ്ടിവരുന്ന ഒരു കാലത്തേയ്ക്കാണ് നമ്മുടെ നാട് പോകുന്നത്. ഗഹാനകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള വലിയ സർച്ചാർജ്ജുൾപ്പെടെ വരുത്തി ഈ ബഡ്ജറ്റിന്റെ ഭാഗമായി ജനങ്ങളെ കൊള്ളയടിക്കുകയാണെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എം. നൗഷാദ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. കേരളത്തെ സ്നേഹിക്കുന്ന, കേരളത്തിന്റെ വികസനം ആഗ്രഹിക്കുന്ന, കേരളത്തിലെ ജനങ്ങളുടെ ക്ഷേമം ആഗ്രഹിക്കുന്ന ആർക്കെങ്കിലും ഈ ധനാഭ്യർത്ഥനകളെ എതിർക്കാൻ കഴിയുമോ? സ്വാമി വിവേകാനന്ദൻ ഭ്രാന്താലയമെന്ന് വിളിച്ച കേരളം ഇന്ന് ദൈവത്തിന്റെ സ്വന്തം നാടാണ്. ആ നാടിനെ ഭൂമിയിലെ സ്വർഗ്ഗമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളുമായാണ് ഒന്നാം പിണറായി വിജയൻ ഗവൺമെന്റും അതിന്റെ തുടർച്ചയായി രണ്ടാം പിണറായി വിജയൻ ഗവൺമെന്റും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ ഗവൺമെന്റിനെ ഞെക്കിക്കൊല്ലാനുള്ള പരിശ്രമങ്ങളുമായി നടക്കുന്ന,

സാമ്പത്തികമായി നമ്മളെ ഞെരുക്കി, ജനങ്ങൾക്കുള്ള ആശ്വാസ പ്രവർത്തനങ്ങളെയും ഈ നാടിന്റെ വികസന പ്രവർത്തനങ്ങളെയും തടസ്സപ്പെടുത്തി, വെടക്കാക്കി തനിക്കാക്കാൻവേണ്ടി പരിശ്രമിക്കുന്ന കേന്ദ്ര ഗവൺമെന്റിനെയും അവരുടെ ഏജൻസികളായ ഇ.ഡി.-യെയും സി.ബി.ഐ.-യെയും കൂട്ടുപിടിച്ച് കേരളത്തിൽ ജനക്ഷേമകരമായി പ്രവർത്തിക്കുന്ന ഈ ഗവൺമെന്റിനെ അസ്ഥിരപ്പെടുത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ് ഇവിടത്തെ പ്രതിപക്ഷം. അവർക്ക് ഈ ഗവൺമെന്റിനെതിരായി അടിസ്ഥാനപരമായ ആക്ഷേപങ്ങളൊന്നും ഉന്നയിക്കാൻ കഴിയുന്നില്ല; എന്ത് വികസനമാണ് ഈ കേരളത്തിലുണ്ടായതെന്നാണ് അവർ ചോദിക്കുന്നത്. കേരളത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്? നീതിന്യായ മേഖലയിൽ ജില്ലാ കോടതികൾ, കുടുംബ കോടതികൾ, അതിവേഗ കോടതികളുൾപ്പെടെ പുതുതായി സ്ഥാപിച്ചുകൊണ്ട് നീതിന്യായം വേഗത്തിലാക്കി ജനങ്ങൾക്ക് എളുപ്പത്തിൽ നീതി ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം ഭരണാധികാരികളുടെ മർദ്ദനോപകരണമായിരുന്ന പോലീസ് സംവിധാനത്തെ ജനകീയമാക്കി സാധാരണക്കാർക്ക് ഏതുസമയത്തും കടന്നുചെല്ലാൻ കഴിയുന്ന സ്ഥാപനമാക്കി പോലീസ്

സ്റ്റേഷനുകളെ സഖാവ് പിണറായി വിജയന്റെ ഭരണം മാറ്റിയിരിക്കുന്നു. അതിന്റെ ഭാഗമായി ഇന്ത്യൻ പോലീസ് ഫൗണ്ടേഷന്റേതുൾപ്പെടെ നിരവധി അവാർഡുകളാണ് കേരള പോലീസിന് ലഭിച്ചിട്ടുള്ളത്. കമ്പ്യൂട്ടർവൽക്കരണത്തിലൂടെ ഡിജിറ്റൽ സംവിധാനം ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി ഇ-ഗവേണൻസ് അവാർഡും കേരള പോലീസിനാണ് ലഭിച്ചിട്ടുള്ളത്. നീതി ആയോഗിന്റെയും ഇന്ത്യാ ടുഡേയുടെതുമുൾപ്പെടെ അവാർഡുകളുടെ ഒരു പെരുമഴക്കാലം വെറുതെ വന്നതല്ല; അത് മികച്ച പ്രവർത്തനങ്ങൾക്ക് ലഭിച്ച അംഗീകാരമാണ്. കേരളത്തിൽ ഒരിക്കലും നടക്കില്ലെന്ന് പ്രഖ്യാപിച്ചിരുന്ന പദ്ധതികളുൾപ്പെടെ നടപ്പാക്കി മുന്നോട്ടുപോകുകയാണ് ഈ ഗവൺമെന്റ്. കൂടംകുളം വൈദ്യുതി ലൈൻ, ഗെയിൽ പൈപ്പ് ലൈൻ എന്നിവയൊന്നും കേരളത്തിൽ നടക്കില്ലെന്ന് പറയുക മാത്രമല്ല അത് പ്രവൃത്തിപഥത്തിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയപ്പോൾ അതിനെല്ലാം തടസ്സം സൃഷ്ടിച്ചവരാണ് ഇവിടത്തെ യു.ഡി.എഫ്.-കാർ. കേരളത്തിന്റെ വികസനത്തിന് നാഴികക്കല്ലാകുന്ന നാഷണൽ ഹൈവേയുടെ വികസനത്തിനും സ്ഥലമെടുപ്പിനുമെതിരായി പ്രതിഷേധം സംഘടിപ്പിച്ച് തടസ്സപ്പെടുത്താൻ പരിശ്രമിച്ചവരാണ്. വിഴിഞ്ഞം പദ്ധതി കൊണ്ടുവന്നത്

അവരാണെങ്കിലും ഈ ഗവൺമെന്റ് അത് പൂർത്തീകരിക്കരുതെന്ന ലക്ഷ്യത്തോടുകൂടി അതിനെയും തടസ്സപ്പെടുത്താൻ പരിശ്രമിച്ചു. കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിനെ സാമ്പത്തികമായി ഞെരുക്കുമ്പോൾ അതിനെതിരെ ഒരക്ഷരംപോലും മിണ്ടാതെ ഈ ഗവൺമെന്റിന്റെ വികസന ക്ഷേമപ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന തരത്തിലാണ് അവരിപ്പോഴും മുന്നോട്ടുപോകുന്നത്. ഇവിടെ പെട്രോൾ സെസ്സിന്റെ കാര്യം സൂചിപ്പിച്ചു. പെട്രോളിന് രണ്ട് രൂപ സെസ്സ് ഏർപ്പെടുത്തേണ്ടിവന്നു. ഏത് സെസ്സും ജനങ്ങൾക്ക് ഭാരമാകുമെന്ന കാര്യത്തിൽ ഒരു സംശയവും ഈ സർക്കാരിനില്ല. അനിവാര്യമായതിനാലാണ് സെസ്സ് ഏർപ്പെടുത്തിയതെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുകയും അവർക്കത് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. 62 ലക്ഷം പേർക്ക് കൊടുക്കുന്ന സാമൂഹ്യസുരക്ഷാ പെൻഷനുകൾക്ക് പോരായ്മ സംഭവിക്കാതിരിക്കാൻ കൈത്താങ്ങായിട്ടാണ് സെസ്സ് ഏർപ്പെടുത്തിയത്. സർക്കാരിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കല്ല, മറിച്ച് ക്ഷേമ പെൻഷനുകൾ കൊടുക്കുന്നതിനുവേണ്ടിമാത്രമാണ് സെസ്സ് ഏർപ്പെടുത്തിയത്. 30 രൂപയുണ്ടായിരുന്ന സെസ്സിൽനിന്ന് 10 രൂപ കുറച്ച് 20 രൂപയുടെ സെസ്സിൽ രണ്ട് രൂപകൂടി ഏർപ്പെടുത്തി 750 കോടിരൂപ ലഭിക്കുമെന്ന് സംസ്ഥാനം കണക്കാക്കുമ്പോൾ 7500 കോടിരൂപ

സെസ്സിനത്തിൽ കേരളത്തിൽനിന്നും ഊറ്റിക്കൊണ്ടുപോകുന്ന കേന്ദ്ര സർക്കാരിനെതിരെ ഒരക്ഷരം മിണ്ടാൻ ഇവിടെ യു.ഡി.എഫ്.-കാർക്ക് നാവുപൊങ്ങില്ല. ഉമ്മൻ ചാണ്ടി ഗവൺമെന്റ് പെട്രോളിന്റെ നികുതി കുറച്ചു. 2011-ൽ ശ്രീ. ഉമ്മൻ ചാണ്ടി അധികാരത്തിൽ വരുമ്പോൾ 26.64 % ആയിരുന്ന സെസ്സ് അദ്ദേഹം അധികാരം വിട്ടൊഴിയുന്ന 2016-ൽ 31.8% ആയിമാറി. കഴിഞ്ഞ 7 വർഷത്തിനുള്ളിൽ ഒരു രൂപയുടെ നികുതി പെട്രോളിനകത്ത് ഈ ഗവൺമെന്റ് ഏർപ്പെടുത്തിയോ? ഏർപ്പെടുത്തിയില്ലെന്ന് മാത്രമല്ല; 2018-ൽ ഒരു ശതമാനം കുറയ്ക്കുകകൂടി ചെയ്തിട്ടുണ്ട്. ഇതെല്ലാം കേരളത്തിലെ ജനങ്ങൾക്കറിയാം, അതവർക്ക് മനസ്സിലാകും. നിങ്ങൾ ബി.ജെ.പി.-യോടും ഇ.ഡി.-യോടും സി.ബി.ഐ.-യോടും കേന്ദ്ര ഗവൺമെന്റിനോടുമൊപ്പം ചേർന്ന് കേരളത്തിന്റെ വികസനത്തെയും ജനങ്ങളുടെ ക്ഷേമത്തെയും തടസ്സപ്പെടുത്താനാണ് ശ്രമിക്കുന്നതെന്ന് അവർക്ക് മനസ്സിലാകും. എന്താണ് കാരണം? രണ്ടുതരം കോൺഗ്രസ്സുണ്ടെന്ന് ഒരംഗം ഇവിടെ രാവിലെ സൂചിപ്പിച്ചല്ലോ. സംഘ് പരിവാറിനുവേണ്ടി വിടുപണി ചെയ്യുന്ന കോൺഗ്രസ്സുകാർ ഇന്ന് ആ പാർട്ടിയിലുണ്ട്. അതിന് കൂടുതൽ തെളിവിലേയ്ക്കൊന്നും പോകണ്ടല്ലോ. നിങ്ങളുടെ കെ.പി.സി.സി. പ്രസിഡന്റ് പരസ്യമായി പ്രസംഗിച്ചതെന്താണ്?

'ആർ.എസ്.എസ്. ശാഖകൾക്ക് സംരക്ഷണം കൊടുത്തിട്ടുണ്ട് ഞാൻ' എന്ന് പറഞ്ഞയാളിനെ പ്രസിഡന്റാക്കി വച്ചുകൊണ്ടാണ് സംഘ് പരിവാറിനെതിരെ ഇവർ പ്രവർത്തിക്കുന്നത്. എന്തൊരു വിരോധാഭാസമാണ്? രാവിലെ ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ച ഡോ. മാത്യു കുഴൽനാടൻ കൊണ്ടുവന്ന റിമാൻഡ് റിപ്പോർട്ട് ഒരു രഹസ്യ രേഖയാണോ? അദ്ദേഹത്തിന് നിയമമെന്തെന്ന് അറിയില്ല; കാരണം, വളഞ്ഞവഴിയിൽക്കൂടിയാണ് ബിരുദങ്ങൾ നേടിയത്. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. അദ്ദേഹത്തിന്റെ നിയമോപദേശമൊന്നും ഇവിടെ വേണ്ട.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, പോയിന്റ് ഓഫ് ഓർഡർ...

<u>മി. ചെയർമാൻ</u>: ചട്ടം പറയൂ... പ്ലീസ്... പ്ലീസ്...

<u>ശ്രീ. എം. നൗഷാദ്</u>: സർ, ഞാൻ പറയുന്നു, ആ വളഞ്ഞ വഴിയിൽക്കൂടി ...(....മൈക്ക് ഓഫ്...)

<u>മി. ചെയർമാൻ</u>: പോയിന്റ് ഓഫ് ഓർഡർ, ചട്ടം 307.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, പോയിന്റ് ഓഫ് ഓർഡർ, ബഹുമാന്യനായ ഇരവിപുരം അംഗം, അദ്ദേഹത്തിന്റെ പ്രസംഗത്തിൽ

ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.-യെക്കുറിച്ച് അപകീർത്തികരമായ ഒരു പരാമർശം ഇവിടെ നടത്തുകയുണ്ടായി. അദ്ദേഹത്തിന്റെ നിയമ ബിരുദം വളഞ്ഞവഴിയിലൂടെ നേടിയതാണെന്ന ദുഃസൂചനയോടുകൂടി അദ്ദേഹം ഇവിടെ ഒരു പരാമർശം നടത്തുകയുണ്ടായി. ഡോ. മാത്യു കുഴൽനാടൻ നിയമ ബിരുദധാരിയും രാജ്യത്തെ ഏറ്റവും മികച്ച ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽനിന്നും പി.എച്ച്.ഡി. നേടിയിട്ടുള്ളതും ഹൈക്കോടതിയിലും സുപ്രീംകോടതിയിലുമുൾപ്പെടെ അറിയപ്പെടുന്ന ഒരു അഭിഭാഷകനുമായ അദ്ദേഹത്തിന്റെ ഡിഗ്രി വളഞ്ഞവഴിയിലൂടെ നേടിയെന്ന പരാമർശം തെറ്റാണ്; ദുഃസൂചനയാണ്. അത് സഭാരേഖകളിലുണ്ടാകരുതെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

<u>മി. ചെയർമാൻ</u>: പരിശോധിച്ച് ആവശ്യമായത് ചെയ്യാം.*

<u>ശ്രീ. എം. നൗഷാദ്</u>: സർ, ഞാൻ വളഞ്ഞവഴിയെന്നേ പറഞ്ഞുള്ളൂ. കോപ്പിയടിച്ചയാളാണെന്ന് എന്നെക്കൊണ്ട് പറയിപ്പിച്ചതാണ്. ഞാൻ പറഞ്ഞല്ലോ, രണ്ടുതരം കോൺഗ്രസ്സുണ്ടെന്ന്. അദ്ദേഹം കോപ്പിയടിച്ചതിന് ഡീബാർ ചെയ്യപ്പെട്ടയാളാണെന്ന് ഞാൻ ആധികാരികതയോടെ പറയുന്നു. (...ബഹളം...) സ്വാഭാവികമായും കോടതിയിൽ കൊടുക്കുന്ന റിമാൻഡ്

*ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നം.3579/ഇ.ബി./2023/നി.സെ. തീയതി 01-03-2023) സഭാരേഖയിൽ നിലനിർത്തി.

റിപ്പോർട്ട് ഒരിക്കലും രഹസ്യരേഖയല്ല. അത് ഈ സഭയുടെ മേശപ്പുറത്ത് വയ്ക്കാമെന്ന് പറയുമ്പോൾ അത് സഭാചട്ടങ്ങളെക്കുറിച്ചുള്ള അജ്ഞതയാണ്. അതുപോലെ തന്നെ അദ്ദേഹം സംഘ് പരിവാറിനുവേണ്ടി കോടതിയിൽ ഹാജരായിട്ടുള്ളയാളാണ്. ഞാൻ പറഞ്ഞത്, അദ്ദേഹം രഞ്ജിത്ത് കാർത്തികേയനെന്ന സംഘ് പരിവാറിന്റെ നേതാവിനുവേണ്ടി കിഫ്ബിക്കെതിരായി കോടതിയിൽ ഹാജരായിട്ടുള്ള ആളാണെന്നാണ്. ഒരു അവിശുദ്ധ ബന്ധമുണ്ട്. സംഘ് പരിവാറുകാരനായ ശ്രീ. കെ. സുധാകരനും സംഘ് പരിവാറിന്റെ സന്തതസഹചാരിയായ ഡോ. മാത്യു കുഴൽനാടനുമൊക്കെ ചേർന്ന കോൺഗ്രസിൽനിന്നും ബി.ജെ.പി.-ക്ക് അനുകൂലമായ പ്രതികരണമേ ഉണ്ടാവുകയുള്ളൂ. ബി.ജെ.പി.-ക്ക് ബദലായി ഇന്ന് ഇന്ത്യയ്ക്കുതന്നെ മാതൃകയായി പ്രവർത്തിക്കുന്ന ഈ ഗവൺമെന്റിനെ അസ്ഥിരപ്പെടുത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളുമായാണ് ഇവർ നടക്കുന്നത്. 'എന്നെത്തല്ലണ്ടമ്മാവാ ഞാൻ നന്നാവില്ല' എന്ന മനോഭാവമാണ് ഇവർക്കുള്ളത്. എന്താണ് പ്ലീനറി സമ്മേളനം? പ്ലീനറി സമ്മേളനത്തിൽ പങ്കെടുത്തത് ആരാണ്? സംഘ് പരിവാറിന് സംരക്ഷണം കൊടുക്കുന്ന ശ്രീ. കെ. സുധാകരൻ. ജാമ്യവ്യവസ്ഥ ലംഘിച്ച് സസ്പെന്റ് ചെയ്യപ്പെട്ടവർ എങ്ങനെയാണ് പ്ലീനറി സമ്മേളനത്തിൽ പങ്കെടുക്കുന്നത്?

നമ്മൾ വാർത്ത വായിച്ചപ്പോൾ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിയെ കോൺഗ്രസ്സ് പാർട്ടിയിൽനിന്നും സസ്പെന്റ് ചെയ്തെന്നാണ് അറിഞ്ഞത്. അദ്ദേഹത്തെ തിരിച്ചെടുത്തതായി അറിയില്ല. അപ്പോൾ സസ്പെന്റ് ചെയ്യപ്പെട്ടവരുടെതായിരുന്നോ പ്ലീനറി സമ്മേളനം? അവിടെപ്പോയി ഒരു പ്രവർത്തക സമിതിയെപ്പോലും എടുക്കാൻ കഴിയാത്ത ഗതികേടിലാണ്. ഒരു സമ്മേളനം നടത്തിയിട്ട് അതിൽ കാമ്പുള്ള യാതൊരു ചർച്ചയും നടത്താതെ, നിങ്ങളുടെ സ്വന്തം പത്രമായ മലയാള മനോരമയുടെ ലേഖനമൊന്ന് വായിച്ച് നന്നാകാൻ നോക്ക്. കേരളത്തിലെ ജനങ്ങളോടൊപ്പം നിന്നുകൊണ്ട് ജനക്ഷേമ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിനെ ജനങ്ങൾ സംരക്ഷിക്കും. നിങ്ങൾ പറഞ്ഞു, 'ഞങ്ങൾക്കാരെയും പേടിയില്ല' എന്ന്. ഞങ്ങൾക്ക് പേടിയുണ്ട്; ഞങ്ങൾക്ക് ജനങ്ങളെ പേടിയുണ്ട്. ജനങ്ങളെ പേടിച്ച് ജനപക്ഷത്തുനിന്നുകൊണ്ട് പ്രവർത്തിക്കുന്ന ഗവൺമെന്റാണ് ശ്രീ. പിണറായി വിജയന്റേത്. അത് ജനങ്ങൾക്ക് തിരിച്ചറിയാമെന്നുള്ളതുകൊണ്ട് അതുതന്നെയാണ് ഞങ്ങളുടെ സംരക്ഷണ വലയം. ജനങ്ങളാണ്, ജനങ്ങളുടെ നടുവിലാണ് ഞങ്ങൾ പ്രവർത്തിക്കുന്നത്; അവർക്കുവേണ്ടിയാണ് ഞങ്ങൾ പ്രവർത്തിക്കുന്നതെന്ന് അവർക്ക് തിരിച്ചറിയാം. അതുകൊണ്ട് നിങ്ങളുടെ കുപ്രചരണങ്ങളും ബി.ജെ.പി.-യെയും

മീഡിയയെയും ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളും ഇവിടെ ഏശാൻ പോകുന്നില്ലെന്നുള്ളത് വരുംനാളുകളിലും നിങ്ങൾക്ക് ബോധ്യപ്പെടും. എന്നാലെങ്കിലും നിങ്ങളൊന്ന് തിരുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. മതനിരപേക്ഷ രാജ്യമായ ഇന്ത്യയെ 2025 ആകുമ്പോഴേയ്ക്കും ഒരു സവർണ്ണ ഹിന്ദുരാഷ്ട്രമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ആർ.എസ്.എസ്.-നാൽ നിയന്ത്രിക്കപ്പെടുന്ന ബി.ജെ.പി. നമ്മുടെ രാജ്യത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. രാജ്യത്തിന്റെ പ്രധാനപ്പെട്ട മൂന്ന് ഭരണ സംവിധാനങ്ങളായ പാർലമെന്റിനെയും എക്സിക്യൂട്ടീവിനെയും ജുഡീഷ്യറിയെയും കൈപ്പിടിയിലൊതുക്കാനാവശ്യമായ ശ്രമമാണ് ഇപ്പോൾ രാജ്യത്ത് ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അതിൽ പാർലമെന്റിനെയും എക്സിക്യൂട്ടീവിനെയും ഒരു പരിധിവരെ നിയന്ത്രണത്തിൽ കൊണ്ടുവരാൻ അവർക്ക് ഇതിനോടകം സാധിച്ചു. ഇനി അവശേഷിക്കുന്ന ജുഡീഷ്യറിയെ തങ്ങളുടെ കൈപ്പിടിയിലൊതുക്കാനാവശ്യമായ ഇടപെടലുകളുമായാണ് കഴിഞ്ഞ 8 വർഷമായി ബി.ജെ.പി. സർക്കാരും ആർ.എസ്.എസ്.-ഉം

രാജ്യത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പ്രാഥമികമായി നീതി നടപ്പാക്കുകയെന്നതാണ് കോടതികളുടെ കടമ. നമ്മുടെ രാജ്യത്ത് സുപ്രീംകോടതി ജഡ്ജിമാരെ നിയമിക്കുന്നതിനുള്ള ഒരു പ്രത്യേക സംവിധാനമെന്ന രൂപത്തിൽ 1993-ൽ നിലവിൽ വന്നതാണ് കൊളീജിയം. കൊളീജിയം കഴിഞ്ഞ അഞ്ചാറ് വർഷമായി നിർദ്ദേശിക്കുന്ന സുപ്രീംകോടതി ജഡ്ജിമാരുടെ പേരെല്ലാം വച്ചുതാമസിപ്പിക്കുന്ന നിലപാടുകളാണ് രാജ്യം ഭരിക്കുന്ന ഭരണകൂടം സ്വീകരിക്കുന്നത്. സുപ്രീംകോടതി ജഡ്ജിമാരുടെ നിയമനം സംബന്ധിച്ച് കൊളീജിയം ശിപാർശകൾ അംഗീകരിക്കാതെ കേന്ദ്ര സർക്കാർ വച്ചുതാമസിപ്പിക്കുകയാണ്. ആവർത്തിച്ചാവർത്തിച്ച് കൊളീജിയം ആവശ്യപ്പെട്ടിട്ടും നിയമനങ്ങൾ നടത്താതെ നീട്ടിക്കൊണ്ടുപോകുന്ന സമീപനമാണ് കാണാൻ കഴിയുന്നത്. ശ്രീ. കെ. എം. ജോസഫ്, സുപ്രീംകോടതി ജഡ്ജിയാണ്. 2018 ജനുവരി 11-ന് സുപ്രീംകോടതി ജഡ്ജിയായി നിയമിക്കാൻ ശ്രീ. കെ. എം. ജോസഫിന്റെ പേര് നിർദ്ദേശിച്ചപ്പോൾ അദ്ദേഹത്തോടുള്ള പക കാരണം, ആ പകയെന്താണ്? 2016-ൽ ഉത്തരാഖണ്ഡിലെ സംസ്ഥാന സർക്കാരിനെ പിരിച്ചുവിടാൻ തീരുമാനിച്ചപ്പോൾ അതിനെതിരെ വിധിപറഞ്ഞ ഉദ്യോഗസ്ഥനെന്ന നിലയിൽ, എന്നാൽ പിന്നീട്

രാജ്യത്തിന്റെ സുപ്രീംകോടതി ജഡ്ജിയാകാൻ പേര് നിർദ്ദേശിക്കപ്പെട്ട വേളയിൽ പകകാരണം ആ പേര് വച്ചുതാമസിപ്പിച്ച് പുനഃപരിശോധിക്കണമെന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. എന്നാൽ അതിൽ പ്രതിഷേധിച്ചുകൊണ്ട് നൂറോളം സീനിയർ അഭിഭാഷകർ ഒപ്പിട്ട പ്രമേയം സുപ്രീംകോടതി ചീഫ് ജസ്റ്റിസിന് നൽകി ആവർത്തിച്ച് ആവശ്യപ്പെട്ടതുകൊണ്ടാണ് ഏഴുമാസം വച്ചുതാമസിപ്പിച്ചശേഷം 2018 ആഗസ്റ്റ് 6 മുതൽ അദ്ദേഹത്തിന് നിയമനം നൽകിയത്. എന്നാൽ ഇതേ അവസരത്തിൽ സുപ്രീംകോടതി അഭിഭാഷകയായ ഇന്ദു മൽഹോത്രയെ സുപ്രീംകോടതി ജഡ്ജിയായി നിയമിക്കാനായി 2018 ഏപ്രിൽ മാസം 25-ന് കൊളീജിയം നിർദ്ദേശം കൊടുക്കുകയും ഏപ്രിൽ മാസം 26-നുതന്നെ അതിനാവശ്യമായ ഇടപെടൽ നടത്തി കേന്ദ്രസർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. തികച്ചും രാഷ്ട്രീയമായി, നമ്മുടെ രാജ്യത്തെ പരമോന്നത നീതി സംവിധാനത്തിലെ പ്രധാനപ്പെട്ട ജഡ്ജിമാരെയുൾപ്പെടെ നിയന്ത്രിക്കാനും വരുതിയിലാക്കാനും തങ്ങൾക്ക് ഇഷ്ടമുള്ളവർക്ക് വളരെ വേഗത്തിൽ നിയമനം കൊടുക്കുന്ന രീതിയിൽ ജുഡീഷ്യറിയെ കൈപ്പിടിയിലൊതുക്കാനുമാവശ്യമായ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ സുപ്രീംകോടതിയും കേന്ദ്ര സർക്കാരും തമ്മിലുള്ള ഏറ്റുമുട്ടൽ

മൂർച്ഛിക്കുമ്പോൾ ജനതാല്പര്യമാണ് പലപ്പോഴും ബലികൊടുക്കേണ്ടിവരുന്നത്. സുപ്രീംകോടതിയിലും വിവിധ ഹൈക്കോടതികളിലുമായി ലക്ഷക്കണക്കിന് കേസ്സുകളാണ് കെട്ടിക്കിടക്കുന്നത്. കേരള ഹൈക്കോടതിയിൽ രണ്ടുലക്ഷം കേസ്സുകൾ തീർപ്പാക്കാനുണ്ടെന്നാണ് റിപ്പോർട്ട്. ജഡ്ജിമാരുടെ 10 ഒഴിവുകൾ നികത്താതെ കിടക്കുന്നു. 2021-ലാണ് ജഡ്ജിമാരുടെ നിയമനം അവസാനമായി നടന്നത്. ഈ അർത്ഥത്തിൽ, ഹൈക്കോടതിയായാലും സുപ്രീംകോടതിയായാലും രാജ്യത്തെ ജുഡീഷ്യറിയെ തങ്ങളുടെ വരുതിയിലാക്കുകയെന്ന സമീപനത്തിലേയ്ക്ക് രാജ്യം ഭരിച്ചുകൊണ്ടിരിക്കുന്ന രാഷ്ട്രീയപാർട്ടി പോകുന്ന സാഹചര്യം നമുക്ക് കാണാൻ സാധിക്കും. ഇപ്രകാരം എല്ലാ അർത്ഥത്തിലും നമ്മെ തകർക്കാനും സാമ്പത്തികമായി ഞെരുക്കാനുമുള്ള അങ്ങേയറ്റം പ്രയാസകരമായ നിലപാടുകൾ സംസ്ഥാന ഗവൺമെന്റിനുനേരെയെടുക്കുന്ന സമീപനത്തിലേയ്ക്ക് കേന്ദ്രം മാറുന്ന വേളയിൽ, കഴിഞ്ഞ ഏഴുവർഷമായി സമാനതകളില്ലാത്ത വികസന നേട്ടങ്ങളുമായി രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ രണ്ടാം വർഷം പൂർത്തിയാകാൻ പോകുകയാണ്. സമഗ്ര വികസനത്തിന്റെ ഏഴുവർഷമാണ് മലയാളികൾക്ക് ഈ സർക്കാർ ഇതുവരെ നൽകിയത്.

ഇപ്പോൾ കെ-ഫോൺ യാഥാർത്ഥ്യമാകാൻ പോകുകയാണ്. നമ്മുടെ രാജ്യത്ത് ടെലികോം രംഗത്ത് വലിയ കോർപ്പറേറ്റുകളുണ്ട്. രാജ്യത്തെ ജനങ്ങളുടെ കൈകളിൽനിന്നും അവർ കോടിക്കണക്കിന് രൂപയാണ് കൊള്ളയടിച്ചുകൊണ്ടിരിക്കുന്നത്. 28 ദിവസത്തേയ്ക്ക് 249 രൂപയാണ് ഒരു മൊബൈൽ ഇന്റർനെറ്റ് ഉപഭോക്താവ് കൊടുക്കേണ്ടിവരുന്നത്. ഇപ്രകാരം കോടിക്കണക്കിന് രൂപ നമ്മുടെ കൈകളിൽനിന്നും കൊള്ളയടിച്ചുകൊണ്ടുപോകുന്ന സാഹചര്യത്തിന്റെ ബദലായി എൽ.ഡി.എഫ്. സർക്കാർ ഉയർത്തിക്കാട്ടുന്ന ജനകീയ ബദലാണ് കെ-ഫോൺ. 11832 ഓഫീസുകളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. ഓരോ നിയോജകമണ്ഡലത്തിൽനിന്നും ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള 100 കുടുംബങ്ങൾക്കുവീതം 14000 കണക്ഷനുകൾ ഉടൻ നൽകാൻ പോകുകയാണ്. 2023 മാർച്ച് 31-നകം ഈ നടപടികൾ പൂർത്തീകരിക്കാനുള്ള ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്നതിനാൽ കേരളത്തിന്റെ സ്വപ്നപദ്ധതിയായ കെ-ഫോണും ഈ സർക്കാരിന്റെ ഭരണകാലത്ത് പൂർത്തീകരിക്കപ്പെടുമെന്ന് നിസ്സംശയം പറയാൻ സാധിക്കും. 2025 എന്ന വർഷമുണ്ടെങ്കിൽ, കേരളത്തിലെ ദേശീയപാതാ വികസനം യാഥാർത്ഥ്യമാകുന്നതായിരിക്കും. ഇപ്പോൾ കോയമ്പത്തൂരിൽനിന്നും

ആരംഭിച്ച് പാലക്കാട്, തൃശ്ശൂർ, എറണാകുളം വരെയാണ്. എറണാകുളം കഴിഞ്ഞ് ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ഉൾപ്പെടെയുള്ള ജില്ലകളിലേയ്ക്കും കേരളത്തിലെ വടക്കൻ ജില്ലകളായ മലപ്പുറം, കണ്ണൂർ, കോഴിക്കോട്, കാസർഗോഡ് ഉൾപ്പെടെയുള്ള ജില്ലകളിലേയ്ക്കും കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ നാലുവരി ദേശീയപാത 2025 എന്ന വർഷമുണ്ടെങ്കിൽ യാഥാർത്ഥ്യമായിരിക്കും.

2023 സെപ്റ്റംബർ മാസത്തിൽ ആദ്യ കപ്പൽ തുറമുഖത്ത് എത്തിക്കുന്നതിനാവശ്യമായ തരത്തിൽ ക്രിയാത്മകവും അനുസ്യൂതവുമായ പ്രവർത്തനങ്ങളിലൂടെ വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകാൻ പോകുകയാണ്. കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട തുറമുഖമെന്ന നിലയിൽ 2019-ൽ അത് പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ സാങ്കേതികവും കോവിഡ്-19-ഉം ഉൾപ്പെടെയുള്ള പ്രയാസങ്ങൾകാരണം പൂർത്തീകരിക്കാനായില്ല. ഇത്തരം നിർമ്മാണ പ്രവൃത്തികൾ അതിവേഗത്തിൽ പൂർത്തീകരിക്കാനാവശ്യമായ ഇടപെടലുകളിലൂടെയാണ് സംസ്ഥാന സർക്കാർ മുന്നോട്ടുപോകുന്നത്. ശബരിമല വിമാനത്താവളത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രവൃത്തികൾ കേരളത്തിൽ അതിവേഗത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കോട്ടയം

ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി സൗത്ത്, മണിമല എന്നീ വില്ലേജുകളിലായി 2570 ഏക്കർ സ്ഥലം നിർമ്മാണത്തിനുവേണ്ടി ഏറ്റെടുക്കാനാവശ്യമായ ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞു. ഏതാനും വർഷങ്ങൾക്കുള്ളിൽത്തന്നെ ആ പദ്ധതി പൂർത്തീകരിക്കാനാവശ്യമായ ഇടപെടലുകൾ നടത്തുന്നതിലൂടെ കേരളത്തിൽ അത് യാഥാർത്ഥ്യമാകും. അതോടൊപ്പം ലെവൽ ക്രോസില്ലാത്ത കേരളമെന്ന രൂപത്തിലും എൽ.ഡി.എഫ്. സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതി എന്ന രൂപത്തിലും 22-ഓളം വരുന്ന റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കാനാവശ്യമായ കൃത്യമായ നടപടിയിലേയ്ക്കാണ് സംസ്ഥാന സർക്കാർ പോകുന്നത്. പാർപ്പിടമില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും അത് നൽകുകയെന്ന ലക്ഷ്യത്തോടുകൂടി നടപ്പാക്കിയ ലൈഫ് പാർപ്പിട പദ്ധതി അതിവേഗത്തിൽ മുന്നോട്ടുപോകുകയാണ്. പത്തുവർഷത്തിനുള്ളിൽ 5 ലക്ഷം കുടുംബങ്ങൾക്ക് വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാകാൻ പോകുകയാണ്. 323894 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയെന്ന നിലയിൽ അത് മാറുകയാണ്. ഇപ്രകാരം എല്ലാ മേഖലയിലും വികസനമെന്ന കാഴ്ചപ്പാടോടുകൂടി മുന്നോട്ടുപോകുന്ന സർക്കാരാണിതെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുന്നു. പ്രസംഗത്തിലുടനീളം നിങ്ങൾ കേന്ദ്ര ബഡ്ജറ്റിനെ എതിർത്തില്ലേ; നിങ്ങളുടെ എം.പി.-മാർ അവിടെ ഇല്ലേ എന്നിങ്ങനെയുള്ള വിമർശനങ്ങളുണ്ടായി. നിങ്ങൾ 'ദേശാഭിമാനി' മാത്രമേ വായിക്കൂ, അതും പൂർണ്ണമായും വായിക്കില്ലെന്നാണ് തോന്നുന്നത്, വേറെ പത്രമൊന്നും വായിക്കില്ലെന്നതാണ് നിങ്ങളുടെ പ്രശ്നം. നിങ്ങൾ ഇന്നത്തെ മലയാള മനോരമ ദിനപത്രമൊന്ന് നോക്കണം. മലയാള മനോരമയിൽ മാത്രമല്ല എല്ലാ ദിനപത്രങ്ങളിലുമുണ്ട്. മലയാള മനോരമ ദിനപത്രമാണ് എന്റെ ശ്രദ്ധയിൽപ്പെട്ടത്. ബഡ്ജറ്റ് സമ്മേളനത്തിൽ ആ ബഡ്ജറ്റിനെതിരെ വളരെ ശക്തമായ നിലപാടെടുത്തതിന്റെ ഭാഗമായി അഡ്വ. ജെബി മേത്തർ ഉൾപ്പെടെയുള്ള രാജ്യസഭയിലെ കോൺഗ്രസ്സിന്റെ 13 എം.പി.-മാരോട് വിശദീകരണം ചോദിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അതുകൊണ്ടാണ് നിങ്ങൾ ദേശാഭിമാനിപത്രം മാത്രം വായിച്ച് ഇത്തരം വർത്തമാനങ്ങൾ പറയരുതെന്ന് ഞാൻ പറയുന്നത്. 'ഉറങ്ങുന്നവനെ വിളിച്ച് എഴുന്നേൽപ്പിക്കാം എന്നാൽ ഉറക്കം നടിക്കുന്നവനെ എന്തുചെയ്യാൻ സാധിക്കും', അതാണ് ഇപ്പോഴത്തെ അവസ്ഥ. സത്യം പറഞ്ഞാൽ ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിനെക്കുറിച്ച് സി.പി.ഐ.(എം.)-ന് ദീർഘവീക്ഷണമുണ്ടായിരുന്നു.

അതാണ് പാർട്ടി സെക്രട്ടറിയായ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പ്രതിരോധ ജാഥ പ്രഖ്യാപിച്ചത്. ഈ ബഡ്ജറ്റിന്റെ ഭാഗമായി ജനങ്ങൾ സഹിക്കേണ്ടതിനപ്പുറവും സഹിച്ചിരിക്കുകയാണ്. ജനവികാരം മുൻകൂട്ടി മനസ്സിലാക്കിയും ആ ദീർഘവീക്ഷണത്തിന്റെ ഭാഗമായും അതിന് പ്രതിരോധമെന്ന് പേരുമിട്ടിരിക്കുകയാണ്. കാരണം, ഗവൺമെന്റിനെതിരെയുള്ള ആ വലിയ ജനവികാരത്തെ പ്രതിരോധിക്കാൻവേണ്ടി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഈ ജാഥ നയിച്ച്, ന്യായീകരിച്ച് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. ആ ന്യായീകരണമെങ്ങുമെത്താതെ നിൽക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ ശ്രീ. ഇ. പി. ജയരാജൻ കൊള്ളാവുന്നൊരു നേതാവാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞാൽ സി.പി.ഐ.(എം.)-ലെ ഏറ്റവും സീനിയർ നേതാവും പറഞ്ഞാൽ പറഞ്ഞതുപോലെ ചെയ്യുന്ന ആളുമാണ് അദ്ദേഹം. അദ്ദേഹത്തിന് മനസ്സിലായി ഇത് പ്രതിരോധിക്കാൻ സാധിക്കില്ലെന്ന്. അദ്ദേഹം അത്യാവശ്യം പ്രതിരോധിച്ച് നിൽക്കുന്ന ആളാണ്; ഇത് ഒട്ടും പ്രതിരോധിക്കാൻ പറ്റില്ലെന്ന് മനസ്സിലായതുകൊണ്ടാണ് അദ്ദേഹം മാറിനിന്നത്.

ഇവിടെ കണക്കുകളെപ്പറ്റി പറയുന്നതുകേട്ടു. ഈ സർക്കാരിന്റെ ധൂർത്ത് എന്താണ്? ഈ മന്ത്രിസഭയുടെ വാർഷികത്തിനായി ഏകദേശം 45,56,866/- രൂപയാണ് തീയേറ്റർ പരസ്യത്തിനായി ചെലവഴിച്ചത്. അപ്രകാരം ഓരോ വിഷയത്തെക്കുറിച്ചും പറയാനുണ്ട്. എന്തിനാണ് പരസ്യം? ദേശാഭിമാനിക്കും കിട്ടും പരസ്യമെന്നതാണ് പ്രധാന ഘടകം. സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള കേരളത്തിലെ ഓഫീസുകളിൽ ഏകദേശം 789623 ഫയലുകൾ പെൻഡിംഗിലുണ്ട്. സാധാരണക്കാരുടെ ജീവൽ പ്രശ്നങ്ങൾ ചുവപ്പുനാടയിൽ കുരുക്കി ധൂർത്തിനും അഴിമതിക്കും കളമൊരുക്കുകയാണ് സർക്കാർ. ഇത്രമാത്രം ഫയലുകളെന്നത് കണക്കുകളാണ്. സാധാരണക്കാരന്റെ ഏഴുലക്ഷത്തിലധികം ഫയലുകൾ ഇന്നും പെൻഡിംഗിലാണ്. നിങ്ങൾ അത് പരിശോധിക്കണം. സർക്കാരിന് അതിനൊന്നും സമയമില്ല. സർക്കാർ ധൂർത്തും ചെലവുകളുമായി സുഖലോലുപരായി പി.ആർ. വർക്കും ചെയ്ത് മുന്നോട്ടുപോകുകയാണ്. ഇപ്പോൾ പി.ആർ. വർക്കും കാണാനില്ല, അതെല്ലാം അന്വേഷിക്കേണ്ടി വരും. അതെല്ലാം ഒരുവശത്ത് നിൽക്കുകയാണ്. ധൂർത്തിന്റെ ഭാഗമായാണ് ഇപ്പോൾ കെ.എസ്.ആർ.ടി.സി. കടുത്ത തീരുമാനത്തിലേയ്ക്ക് പോകുന്നത്. 'ഒരണസമരം' കൊണ്ട് കെ.എസ്.യു. പ്രസ്ഥാനം നേടിയെടുത്തതാണ്

വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യം. ആ കൺസെഷനിൽ ഇപ്പോൾ വേർതിരിവുണ്ടായിരിക്കുകയാണ്. എല്ലാവരും വിദ്യാർത്ഥികളാണ്. അവിടെ സെൽഫ് ഫിനാൻസെന്നോ മറ്റോ ഒന്നുമില്ല. ബി.പി.എൽ. കാർഡുള്ള കുടുംബങ്ങളിലെ കുട്ടികൾക്കുമാത്രം കൺസെഷൻ കൊടുക്കാനുള്ള തീരുമാനമെടുക്കാൻ പോകുന്നു. കുട്ടികൾക്ക് കൺസെഷൻ അനുവദിക്കുന്നത് ബി.പി.എൽ./എ.പി.എൽ. കാർഡിന്റെ അടിസ്ഥാനത്തിലാക്കുന്നത് എന്തിനാണ്; അതിന്റെ ആവശ്യമില്ല. അതുപോലെതന്നെ പെൻഷൻ വാങ്ങുന്നവരുടെയും ഇൻകം ടാക്സ് അടയ്ക്കുന്ന മാതാപിതാക്കളുടെയും കുട്ടികൾക്ക് കൺസെഷൻ നൽകുന്നില്ല. ഇതൊന്നും ശരിയായ നടപടിയല്ല. കെ.എസ്.ആർ.ടി.സി.-യിലെ നഷ്ടം ആരുടെ കെടുകാര്യസ്ഥതകൊണ്ടുണ്ടായതാണ്; നഷ്ടത്തിലായ കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാൻവേണ്ടി ഈ പാവപ്പെട്ട വിദ്യാർത്ഥികളുടെമേൽ കുതിരകയറേണ്ട ആവശ്യമുണ്ടോ? നിങ്ങൾ കോടിക്കണക്കിന് രൂപ കോടതികളിൽ ക്രിമിനലുകൾക്കുവേണ്ടിയും അവരുടെ സി.ബി.ഐ. അന്വേഷണവും മറ്റും തടയാൻവേണ്ടിയും ചെലവാക്കുന്നു. ഇവിടെ ഒന്നാന്തരം ഗവൺമെന്റ് പ്ലീഡർമാരുണ്ടായിട്ടും പുറത്തുനിന്ന് വക്കീലന്മാരെ കൊണ്ടുവരാൻ നിങ്ങൾ കോടിക്കണക്കിന്

രൂപയാണ് ചെലവഴിച്ചത്. ആ തുക കെ.എസ്.ആർ.ടി.സി.-ക്ക് കൊടുത്തിരുന്നുവെങ്കിൽ പാവപ്പെട്ട വിദ്യാർത്ഥികളെ പിഴിയുന്ന സാഹചര്യമുണ്ടാകില്ലായിരുന്നു. ഇത് കേരളത്തിലെ വിദ്യാർത്ഥി സമൂഹം അംഗീകരിക്കില്ല. ഇവിടെ എസ്.എഫ്.ഐ.-യുടെ നേതാക്കൾ ഇരിക്കുന്നുണ്ടല്ലോ; എന്തെങ്കിലും പറയാനുണ്ടോ; ഇതിൽ നിങ്ങളുടെ നിലപാടെന്താണ്? എസ്.എഫ്.ഐ. നേതാക്കൾ ഒന്നും പറയുന്നില്ല, ഒരു സ്റ്റേറ്റ്മെന്റെങ്കിലും കൊടുത്തോയെന്നറിയില്ല. വിദ്യാർത്ഥികൾക്കെതിരെയുള്ള ഗവൺമെന്റിന്റെ ഈ ശിപാർശ ഒരുകാരണവശാലും അംഗീകരിക്കാൻ പാടില്ലെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഇത് അംഗീകരിച്ചാൽ കേരളം വലിയ പ്രക്ഷോഭത്തിലേയ്ക്കുപോകും. അതുകൊണ്ട് ഈ ശിപാർശ കീറികളയുകയാണ്. (ശിപാർശ കീറിക്കളഞ്ഞു.) ഇത് ഒരു കാരണവശാലും അംഗീകരിക്കാൻ സാധിക്കില്ല.

<u>മി. ചെയർമാൻ</u>: പ്ലീസ്....പ്ലീസ്.....

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഇവിടെ ആരോഗ്യ വകുപ്പിന്റെ അവസ്ഥയെന്താണ്? മലയാള മനോരമ ദിനപത്രത്തിൽ ആരോഗ്യ വകുപ്പിനെക്കുറിച്ച് പ്രധാനപ്പെട്ടൊരു വാർത്ത വന്നിരുന്നു. 'വയോമിത്രം മരുന്നുകൾ കിട്ടാനില്ല, ദുരിതം' എന്ന് വളരെ വ്യക്തമായി മലയാള മനോരമ

ദിനപത്രം റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. ഇതുമൂലം പാവപ്പെട്ട രോഗികൾ വലിയ ദുരിതത്തിലാണ്. 65 വയസ്സിനുമുകളിലുള്ള രോഗികൾക്ക് മരുന്നുകൾ യഥാസമയം ലഭിക്കാത്ത സാഹചര്യമാണുള്ളത്. ആരോഗ്യ മേഖലയെ സംബന്ധിച്ച് മാതൃഭൂമിയിൽ മറ്റൊരു വാർത്തയും വന്നിട്ടുണ്ട്, 'പ്രഖ്യാപിച്ചത് 2799 തസ്തിക, നിലവിൽവന്നത് 932 മാത്രം'. ഇങ്ങനെ വെറുതെ ഗീർവാണം അടിക്കും; വലിയരീതിയിലുള്ള പ്രസ്താവനകളും കൊടുക്കും; പഞ്ച് ഡയലോഗ് അടിക്കാൻ ഈ സർക്കാരിന്റെ മന്ത്രിമാർക്ക് ഒരു മടിയുമില്ല. പഞ്ച് ഡയലോഗ് അടിച്ചാൽ മാത്രംപോര, അത് യാഥാർത്ഥ്യമാക്കുകയും ചെയ്യണം. അതുകൊണ്ടാണ് 2799 തസ്തികകൾ പ്രഖ്യാപിച്ചിട്ട് 932 എണ്ണം മാത്രം നടപ്പാക്കാൻ സാധിച്ചത്. ഈ ഗവൺമെന്റ് ഓരോ ദിവസവും ജനങ്ങളുടെ മുന്നിൽ മോശമായിക്കൊണ്ടിരിക്കുകയാണ്. എനിക്ക് ബഹുമാനപ്പെട്ട മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രിയോട് ഒരു കാര്യം പറയാനുണ്ട്. സിനിമാ മേഖലയിലെ കലാകാരന്മാരിൽനിന്നും ഏകദേശം 200 രൂപയാണ് സെസ്സ് പിരിക്കുന്നത്. പക്ഷേ, മറ്റുള്ള കലാകാരന്മാരിൽനിന്നും 50 രൂപ മാത്രമാണ് പിരിക്കുന്നതെന്നാണ് അവർ പറയുന്നത്. എന്നാൽ ഇരുകൂട്ടർക്കും ലഭിക്കുന്നത് 4000 രൂപയാണ് . ഇതിൽ ഒരു ശരികേടില്ലേ? ശ്രീ. ബാബു

പള്ളാശ്ശേരി എന്ന കലാകാരനാണ് ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. സിനിമാക്കാരെന്ന് പറയുന്നത് സൂപ്പർസ്റ്റാറുകൾ മാത്രമല്ല, വലിയ റെമ്യൂണറേഷൻ വാങ്ങുന്ന നടന്മാരും നടിമാരും ടെക്നീഷ്യന്മാരുമുണ്ട്. പക്ഷെ, അവരുടെ കൂട്ടത്തിൽ പാവപ്പെട്ടവരും സാധാരണക്കാരുമുണ്ട്. അതുകൊണ്ട് ഒന്നുകിൽ അവരിൽനിന്നും പിരിക്കുന്ന തുക കുറയ്ക്കുകയോ അല്ലെങ്കിൽ അവരുടെ പെൻഷൻ തുക വർദ്ധിപ്പിക്കുകയോ ചെയ്യണം. ബഹുമാനപ്പെട്ട മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി ഈ വിഷയം ഗൗരവമായി എടുത്തുകൊണ്ട് ഇതിലൊരു പരിഹാരം കണ്ടാൽ പുണ്യം കിട്ടും. കലാകാരന്മാർ നമ്മുടെ നാടിന്റെ സ്വത്താണ്. അവരെ ഒരിക്കലും അവഗണിക്കാൻ പാടില്ല.

മി. ചെയർമാൻ: പ്ലീസ്.... പ്ലീസ്.....

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. അതുപോലെത്തന്നെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച അഞ്ച് കോടി രൂപയുടെ ഒരു പദ്ധതിയാണ് 'നൊചിമ'. ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപിച്ചിട്ടും ആ പദ്ധതി നടപ്പാക്കാൻ സാധിച്ചിട്ടില്ല. മെല്ലെപോക്ക് സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഇതുപോലെ പല പദ്ധതികൾ നടപ്പാക്കുന്നതിലും ഗവൺമെന്റ് ഉദ്യോഗസ്ഥരിൽനിന്നും

വലിയ വീഴ്ചയാണ് സംഭവിച്ചിട്ടുള്ളത്. അത് നിയന്ത്രിക്കാൻ സർക്കാരിന് സാധിക്കുന്നില്ലെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. ടി. എ. റഹീം: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാർ പഞ്ച് ഡയലോഗ് അടിക്കുന്നുവെന്നാണ് ശ്രീ. അൻവർ സാദത്ത് പറഞ്ഞത്. നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയത്തെയും മഹാമാരിയെയും നാം അഭിമുഖീകരിച്ചിട്ടുപോലും ലൈഫ് മിഷൻ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ആർദ്രം, ഗ്രീൻ കേരള തുടങ്ങിയ പദ്ധതികൾ പരാജയപ്പെട്ടോ; ലൈഫ് മിഷൻ വിജയിച്ചില്ലേ? നമ്മുടെ സ്കൂളുകൾ പഴയതുപോലെയാണോ ഇപ്പോൾ പ്രവർത്തിക്കുന്നത്? നമ്മുടെ പി.എച്ച്.സി.-യും സി.എച്ച്.സി.-യും മറ്റ് ആശുപത്രികളും മുമ്പുള്ളതുപോലെയാണോ ഇപ്പോൾ പ്രവർത്തിക്കുന്നത്; ഗ്രീൻ കേരള മിഷനിലൂടെ നമുക്ക് എന്തെല്ലാം നേട്ടങ്ങളുണ്ടായി? ഇതൊക്കെ പഞ്ച് ഡയലോഗാണെന്ന് പറയാൻ ചുരുങ്ങിയ തൊലിക്കട്ടിയൊന്നും മതിയാകില്ല. ഇത്രയും മനോഹരമായി ഇത്തരം പദ്ധതികളൊക്കെ നടപ്പാക്കിയിട്ടുള്ള ഈ സർക്കാരിന് ഇനിയും ധാരാളം പദ്ധതികൾ നടപ്പാക്കാനുണ്ട്. കെ-ഫോൺ, വിഴിഞ്ഞം തുറമുഖം, ശബരിമല വിമാനത്താവളം, ആനക്കാംപൊയിൽ തുരങ്കപാത, ദേശീയ പാതാ വികസനം, തിരുവനന്തപുരം ഔട്ടർ റിംഗ്റോഡ്,

മലയോര -തീരദേശ ഹൈവേകൾ, സിറ്റി ഗ്യാസ് തുടങ്ങിയ പദ്ധതികളെല്ലാം പൂർത്തിയാക്കേണ്ടതുണ്ട്. അതിനിടയിലാണ് നൂറ്റാണ്ടിലെ ഏറ്റവും വലിയ വെള്ളപ്പൊക്കവും മഹാമാരിയും വന്നുഭവിച്ചത്. അതെങ്ങനെയാണ് പരിഹരിച്ചതെന്നും അതിനെ എങ്ങനെയാണ് നേരിട്ടതെന്നും നമുക്ക് വളരെ വ്യക്തമായി അറിയാം. ഈ സന്ദർഭത്തിലാണ് 'വായ്പയെടുത്ത് ജനക്ഷേമം വേണ്ടെന്നും സെസ്സ് പിരിക്കുന്നത് റോഡ് പണിയാനാണെന്നും പണം നൽകിയാൽ കേന്ദ്രം നിരീക്ഷിക്കുമെന്നും' കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ പറയുന്നത്. ഇങ്ങനെ പറയുമ്പോൾ നമുക്ക് എന്തുചെയ്യാൻ സാധിക്കും? ഇത്രയും പദ്ധതികൾ നടപ്പാക്കണമെങ്കിൽ ആവശ്യമായ സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്. കേന്ദ്ര സർക്കാർ പലതും വെട്ടിക്കുറയ്ക്കുകയാണ്. പിന്നോക്ക വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് കേന്ദ്രം വെട്ടിക്കുറച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് കേരളം അത് കൊടുക്കുമെന്ന് പ്രഖ്യാപിച്ചു. ഇതുപോലുള്ള ഒരുപാട് കാര്യങ്ങളുണ്ട്. നമുക്ക് വെറുതെ ഇരിക്കാൻ സാധിക്കില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ ഞങ്ങളെ എങ്ങനെയാണ് നിങ്ങൾക്ക് എതിർക്കാൻ സാധിക്കുക? നിങ്ങൾക്ക് സാമൂഹ്യസുരക്ഷാ സീഡ് ഫണ്ടിനെ സംബന്ധിച്ചുമാത്രമാണ് പറയാനുള്ളത്. അതുസംബന്ധിച്ച് ബഡ്ജറ്റിന്റെ 561-ാം ഖണ്ഡികയിൽ പറയുന്നത്,

'സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയെന്നത് സർക്കാരിന്റെ പ്രധാന കർത്തവ്യമായി തുടരും. വിവിധ സാമൂഹ്യ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ 6.7 ലക്ഷം പേർക്കുൾപ്പെടെ 57 ലക്ഷത്തോളം ഗുണഭോക്താക്കൾക്ക് പൂർണ്ണമായും സർക്കാരാണ് പെൻഷൻ നൽകുന്നത്. പ്രതിവർഷം ഏകദേശം 11000 കോടി രൂപ ഇതിനായി ആവശ്യമായി വരുന്നുണ്ട്. ഈ കടമ തുടർന്നും നിർവ്വഹിക്കുന്നതിനായി ഒരു സാമൂഹ്യ സുരക്ഷാ സീഡ് ഫണ്ട് മുഖേന അധിക സമാഹരണം നടത്താനുദ്ദേശിക്കുന്നു', അതുസംബന്ധിച്ചാണ് വലിയ വിമർശനം ഇവിടെയുണ്ടായിട്ടുള്ളത്. അതിനാലാണ് ജനങ്ങൾ ഇത് സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ പറഞ്ഞത്. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ നയിക്കുന്ന ജാഥയെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. ഞാനും രണ്ട് സ്ഥലങ്ങളിൽ ജാഥയിൽ പങ്കെടുത്തു. അതിലുണ്ടായിരുന്ന ജനബാഹുല്യവും സ്വീകാര്യതയും കണ്ടപ്പോൾ മനസ്സിലാകുന്നത് തീർച്ചയായും ജനങ്ങൾ ഇക്കാര്യങ്ങളൊക്കെ മനസ്സിലാക്കുന്നുണ്ടെന്നുതന്നെയാണ്. വടകര അംഗം ആരോ രോഷപ്രകടനം നടത്തിയതിനെ സംബന്ധിച്ച് പറയുകയുണ്ടായി. ആ രോഷപ്രകടനത്തിന്റെ കാരണമെന്താണ്; ഇതിലൊക്കെ വല്ല

വസ്തുതയുമുണ്ടോ? 'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന കെട്ടിട നികുതി പരിഷ്കരണം കുറേ കാലങ്ങളായി നടപ്പാക്കുന്നില്ല. കെട്ടിട നികുതി, അപേക്ഷാ ഫീസ്, പരിശോധനാ ഫീസ്, ഗാർഹിക-ഗാർഹികേതര കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് ഫീസ് എന്നിവ പരിഷ്കരിക്കാൻ സർക്കാരുദ്ദേശിക്കുന്നു. ഒരു വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഒന്നിലധികം വീടുകൾക്കും പുതുതായി നിർമ്മിച്ചതും ദീർഘകാലമായി ഒഴിഞ്ഞുകിടക്കുന്ന വീടുകൾക്കും പ്രത്യേക നികുതി ചുമത്തുന്നതിനുള്ള അനുയോജ്യമായ രീതി നടപ്പാക്കും' എന്ന് ബഡ്ജറ്റിൽ പറയുന്നു. ഇക്കാര്യത്തിൽ സമഗ്രമായ പരിഷ്കരണം തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പാക്കുമെന്ന ഒരു ഖണ്ഡികയെ ചൊല്ലിയാണ് ആരോ വലിയ രീതിയിൽ രോഷപ്രകടനം നടത്തിയെന്ന് പറയുന്നത്. ഇത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഒരു പദ്ധതി രൂപീകരിക്കുമെന്നാണ് പറഞ്ഞത്. ഒന്നിലധികം വീടുകൾ നിർമ്മിച്ച് വളരെക്കാലം പൂട്ടിയിട്ടിട്ട് പോകുന്നതിന് നികുതി ചുമത്തുന്നതിനുള്ള ആലോചനയുണ്ടെന്ന് പറയുമ്പോൾ, ചില ആളുകൾ ഇങ്ങനെ ഇറങ്ങി പുറപ്പെടുകയാണ്.

ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ ഷുക്കൂർ വധക്കേസുമായി ബന്ധപ്പെട്ട് ഒരു കാര്യം പറഞ്ഞു. ഷുക്കൂർ വധവുമായി ബന്ധപ്പെട്ട കേസ്

നിർഭാഗ്യകരമായൊരു സംഭവമാണ്. ഇപ്പോൾ അതിന് എന്താണ് സംഭവിച്ചത്? മുൻ എം.എൽ.എ.-യായിരുന്ന ശ്രീ. ടി. വി. രാജേഷിനെയും ശ്രീ. പി. ജയരാജനെയും പ്രതിയാക്കുകയുണ്ടായി. ഒരു സംഘട്ടനം നടന്നതിനെത്തുടർന്ന് ഇവർ രണ്ടുപേരും ആശുപത്രിയിലായിരുന്ന അവസരത്തിലാണ് ഈ കുട്ടി കൊല്ലപ്പെടുന്നത്. ആ സന്ദർഭത്തിലോ, ഗൂഢാലോചനയിലോ പ്രതിയാക്കാൻ സാധിക്കില്ലല്ലോ. അപ്പോൾ ഇല്ലാത്തൊരു വകുപ്പ് എവിടെനിന്നോ തേടിപിടിച്ചുകൊണ്ടുവന്ന് രണ്ടുപേരെയും പ്രതിയാക്കുകയുണ്ടായി. ഇപ്പോൾ ആ കേസിന്റെ അവസ്ഥ എന്താണ്; അതിന് തെളിവ് എന്താണ്? ശ്രീ. ടി. വി. രാജേഷും ശ്രീ. പി. ജയരാജനും ആശുപത്രിയിൽ കിടക്കുന്ന അവസരത്തിൽ ഇതിലൊരാൾ ആർക്കോ ഫോൺ ചെയ്യുകയും അത് വാതിലിന്റെ വിടവിലൂടെ രണ്ടുപേർ കാണുകയും ചെയ്യുന്നു. അവരാണ് ഈ കേസിലെ സാക്ഷികൾ. ഇപ്പോൾ ആ സാക്ഷികൾക്ക് എന്താണ് പറ്റിയത്; ആ സാക്ഷികൾ കൂറുമാറി;' അങ്ങനെ ഒരു കാര്യം ഞങ്ങൾ പറഞ്ഞിട്ടേയില്ല, അങ്ങനെയൊരു സംഭവമേയുണ്ടായിട്ടില്ല' എന്നാണ് അവർ കോടതിയിൽ പറഞ്ഞത്. നിങ്ങൾ ഇത്രയും കാലം പെരുപ്പിച്ച് കൊണ്ടുവന്ന ഒരു കേസ്സാണത്. ഇതുപോലുള്ള ഒരുപാട് വിഷയങ്ങളുണ്ട്. രാജ്യത്തിന്റെ ഇന്നത്തെ സ്ഥിതി

മനസ്സിലാക്കണം. നമ്മുടെ നാട് എങ്ങോട്ടാണ് പോകുന്നതെന്നതിനെ സംബന്ധിച്ച് ബഡ്ജറ്റ് പ്രസംഗത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതിനെക്കുറിച്ച് പല അംഗങ്ങളും സൂചിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വികസിത രാജ്യമായ ബ്രിട്ടണിൽപ്പോലും രണ്ടുമാസത്തിനിടയിൽ മൂന്ന് പ്രധാനമന്ത്രിമാരാണ് മാറിവന്നത്. രാഷ്ട്രീയ അസ്ഥിരതയുടെ അടിസ്ഥാനകാരണം സാമ്പത്തിക പ്രതിസന്ധിയും തൊഴിലില്ലായ്മയുമാണ്. നമ്മുടെ അയൽരാജ്യങ്ങളായ ശ്രീലങ്കയും പാക്കിസ്ഥാനും കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് വീണുപോയിരിക്കുന്നു. ഇന്ന് വൈദ്യുതി ഉൾപ്പെടെയുള്ള മുഴുവൻ കാര്യങ്ങളിലും എല്ലായിടത്തും പ്രശ്നങ്ങളാണ്. അതാണ് ഇന്നത്തെ ലോകത്തിന്റെ സ്ഥിതി. അതിനിടയിലാണ് കേരളം ഇത്തരമൊരു ബഡ്ജറ്റ് അവതരിപ്പിച്ച് മുന്നോട്ടുപോകാൻ ശ്രമിക്കുന്നത്. കക്ഷി രാഷ്ട്രീയത്തിനതീതമായി എല്ലാ ഭിന്നതകളും മാറ്റിവച്ച് നാമൊന്നായി കേരളത്തിനുവേണ്ടി നിലകൊള്ളേണ്ട കാലമാണിത്. കേരളത്തിന്റെ സവിശേഷതകളും പ്രത്യേകതകളും സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. കേരളത്തിലെ ഓരോ മനുഷ്യനെയും ചേർത്തുപിടിക്കുകയെന്നതാണ് എൽ.ഡി.എഫ്. സർക്കാരിന്റെ നിലപാട്. ഓരോരുത്തരുടെ മുന്നിലേയ്ക്കും വികസനവും ക്ഷേമവുമെത്തിക്കാൻ സർക്കാർ

പ്രതിജ്ഞാബദ്ധവുമാണ്. ആ ലക്ഷ്യം മുൻനിർത്തിക്കൊണ്ടാണ് ഇത്തരം പദ്ധതികളുമായി മുന്നോട്ടുപോകുന്നത്. കേന്ദ്രത്തിലെ സ്ഥിതിയെപ്പറ്റി നിങ്ങൾക്കറിയാം. കോടതിയെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. എല്ലാ ജഡ്ജിമാരെയും വരുതിയിലാക്കാനുള്ള ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. ബി.ബി.സി.-യുടെ റിപ്പോർട്ടിനെ സംബന്ധിച്ച് ഇവിടെ പരാമർശിച്ചു. ഞാൻ അതിന്റെ ദൃക്സാക്ഷിയാണ്. കൃത്രിമമായി സൃഷ്ടിച്ചിട്ടുള്ള ഒരു സംഭവമാണത്. ഞാനും എന്റെ കുടുംബവും അന്ന് അഹമ്മദാബാദിൽ അകപ്പെട്ടുപോയി. ഞാനും എന്റെ കുടുംബവും അവിടെ ചെന്ന്, ഏക്കറുകണക്കിന് വരുന്ന ലോ ഗാർഡൻ എന്ന സ്ഥലം കാണാൻ പോയപ്പോൾ ഒരു മനുഷ്യൻപോലും അവിടെയില്ലായിരുന്നു. അപ്പോൾ എന്നെ കൊണ്ടുപോയ വ്യക്തി പറഞ്ഞു ഇവിടെ എന്തോ വിഷയമുണ്ട്, രാത്രി ഒരുമണിക്കും രണ്ടുമണിക്കും വരെ പൂർണ്ണമായും ആളുകളുണ്ടായിരിക്കുന്ന സ്ഥലമാണിത്. പക്ഷേ, ആ സമയത്ത് ഒരു മനുഷ്യനും അവിടെയുണ്ടായിരുന്നില്ല. അവിടെ നിന്നും ഞങ്ങൾ തിരികെപോന്നു. അതിനടുത്ത് ഒരു അഖിലേന്ത്യാ എക്സിബിഷൻ നടക്കുകയായിരുന്നു. അത് മുഴുവൻ അക്രമികൾ തീവച്ച് നശിപ്പിച്ചു. തുടർന്ന് കേരളത്തിൽനിന്നും അവിടെപോയി താമസിക്കുന്ന ഒരു അഭിഭാഷകന്റെ വീട്ടിലാണ് ഞങ്ങൾ

അഭയം പ്രാപിച്ചത്. ഞാൻ അവിടേയ്ക്ക് എന്റെ മകളെ കൂട്ടാൻ പോയതായിരുന്നു. അവിടെനിന്നും ഞങ്ങൾ തിരികെ വരുന്നത് ഞാൻ നായരായും എന്റെ ഭാര്യ മിസിസ്സ് നായരുമായിട്ടാണ്. എന്റെ മകൾക്ക് വേറെ പേരിട്ടു. ആരോ ടിക്കറ്റ് എടുത്ത് തന്നിട്ടാണ് ഞങ്ങൾ ഇവിടേയ്ക്ക് തിരികെയെത്തിയത്. അങ്ങനെ പോലീസ് സംരക്ഷണത്തോടുകൂടി ഞങ്ങൾ ബോംബെ എയർപോർട്ടിലെത്തി. പോലീസുകാരെയും വിശ്വസിക്കാൻ സാധിക്കുമോ; രണ്ടുവാഹനങ്ങളിലായി മുന്നിലും പിന്നിലും പോലീസുണ്ടായിരുന്നു. ആ സഹായത്തോടെയാണ് അവിടെനിന്നും പോന്നത്. ഗോധ്ര കൂട്ടക്കൊല കൃത്രിമമായി ഉണ്ടാക്കിയൊരു സംഭവമാണ്. ആ സംഭവത്തിൽ തീവണ്ടി സ്റ്റേഷനിൽനിന്നും പുറപ്പെട്ടശേഷം ഔട്ടറിലാണ് നിന്നത്. ഒരാൾ ചങ്ങല വലിക്കാതെ ആ വണ്ടി നിൽക്കുമോ; എന്നിട്ട് വണ്ടിക്ക് തീയിട്ട് കർസേവകരെ കൊന്നൊടുക്കി. സാധാരണഗതിയിൽ അതാത് വീടുകളിലേയ്ക്കല്ലേ കൊണ്ടുപോകുന്നത്. പല ഇടങ്ങളിലും ഉള്ള ആളുകളല്ലേ. ഇതിന് ഞാൻ സാക്ഷിയാണ്. ഞങ്ങൾ എയർപോർട്ടിലേയ്ക്ക് പോകുന്ന സമയത്ത് രണ്ടുഭാഗത്തും തീ കത്തിക്കൊണ്ടിരിക്കുകയായിരുന്നു. ആസൂത്രിതമായി ഉണ്ടാക്കിയൊരു സംഭവമാണിത്. അന്ന് കേന്ദ്രം ഭരിച്ചിരുന്ന കോൺഗ്രസ്സ് ഗവൺമെന്റ് എന്താണ് ചെയ്തത്; ബാബറി

മസ്ജിദ് പൊളിച്ച സമയത്തും കേന്ദ്രത്തിൽ ഭരണം നടത്തിയത് കോൺഗ്രസ്സല്ലേ? പക്ഷേ, അതെല്ലാം ഒരു സ്ഥലത്ത് കൊണ്ടുവന്ന് വലിയ രീതിയിലുള്ള പ്രശ്നങ്ങളുണ്ടാക്കിയാണ് ആളുകളെ കൂട്ടക്കൊല ചെയ്ത് സ്വത്തുക്കൾ മുഴുവൻ നശിപ്പിച്ചത്. അങ്ങനെയുള്ള എല്ലാ സന്ദർഭങ്ങളിലും ഇതുതന്നെയാണ് അവസ്ഥ. അതുകൊണ്ട് കോൺഗ്രസ്സുകാരെ സംബന്ധിച്ച് കൂടുതലൊന്നും പറയാനില്ല. അബ്ദുൾ കലാം ആസാദിന്റെ ചിത്രം ചിലപ്പോൾ വിട്ടുപോകുകയും ഗോഡ്സെയുടെ ചിത്രം കയറി വരികയും ചെയ്യും. അത് അവർ കൽപ്പിച്ച് ചെയ്യുന്നതൊന്നുമല്ല. പിന്നീട് മാപ്പ് പറഞ്ഞാൽ തീരുന്ന വിഷയം മാത്രമേയുള്ളൂ. ഇത്രയും പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. 'Every rule shall have an exemption' എന്നൊരു പഴമൊഴിയുണ്ട്. കോൺഗ്രസ്സിന്റെ പ്ലീനറി സെഷൻ കഴിഞ്ഞപ്പോൾ, Every resolution passed at the plenary session of the congress will have a proviso. ഇന്നത്തെ അടിയന്തരപ്രമേയവും കഴിഞ്ഞ ദിവസങ്ങളിലെ ചില സംഭവവികാസങ്ങളും കാണുമ്പോൾ ഇ.ഡി.-ക്കും സി.ബി.ഐ. അടക്കമുള്ള അന്വേഷണ ഏജൻസികൾക്കുമെതിരെ റായ്പ്പൂരിലെ പ്ലീനറി സെഷനിൽ പാസ്സാക്കിയ പ്രമേയത്തെ ചില സംസ്ഥാനങ്ങൾ നടപ്പാക്കുന്നില്ലെന്നാണ്

മനസ്സിലാക്കുന്നത്. ഇന്നത്തെ ഒരു പത്രവാർത്തയാണിത്. രാഷ്ട്രീയ സമ്മർദ്ദത്തിന്റെ പേരിലാണ് തെളിവില്ലാതിരുന്നിട്ടും മനീഷ് സിസോദിയയെ അറസ്റ്റ് ചെയ്തതെന്നാണ് താൻ അറിഞ്ഞതെന്ന് മുഖ്യമന്ത്രി ശ്രീ. അരവിന്ദ് കെജ്രിവാൾ ട്വിറ്ററിൽ പ്രതികരിച്ചു. അറസ്റ്റിനെ അപലപിച്ച് കോൺഗ്രസ്സ് ഒഴികെയുള്ള പ്രധാന പ്രതിപക്ഷ പാർട്ടികൾ രംഗത്തുവന്നു. എതിർശബ്ദങ്ങളെ അടിച്ചമർത്താൻ ബി.ജെ.പി. കേന്ദ്ര ഏജൻസികളെ ദുരുപയോഗം ചെയ്യുകയാണെന്ന് പ്രതിപക്ഷം വിമർശിച്ചു. ഇതിൽനിന്നും കോൺഗ്രസ്സ് മാറിനിന്നു. മാത്രമല്ല, സിസോദിയയെ അനുകൂലിച്ച് പ്രസ്താവന നടത്തിയ മുതിർന്ന അഭിഭാഷകനും പാർട്ടി വക്താവുമായ അഭിഷേക് മനു സിംഗ്‌വിയെക്കൊണ്ട് നിലപാട് വ്യക്തിപരമാണെന്ന് തിരുത്തിച്ചു. എ.എ.പി. അഴിമതി പാർട്ടിയാണെന്ന് ആരോപിച്ച് ഡൽഹി പ്രദേശ് കോൺഗ്രസ്സ് കമ്മിറ്റി അറസ്റ്റിനെ സ്വാഗതം ചെയ്തു'. അതുകൊണ്ട് റായ്പൂരിലെ പ്രമേയം ഒരു പ്രോവൈസോയോടുകൂടിയാണ് കോൺഗ്രസ്സ് നടപ്പാക്കുന്നത്. Provided this resolution will not be applicable to the States ruled by non-congress Governments. ഇത് പറയുമ്പോൾ ഇന്ത്യയിലെ രാജസ്ഥാൻ, ഹിമാചൽ പ്രദേശ്, ഛത്തീസ്ഗഢ് ഒഴികെയുള്ള കോൺഗ്രസ്സ് ഭരിക്കാത്ത എല്ലാ സംസ്ഥാനങ്ങളിലും ഈ പ്രമേയം ബാധകമല്ലെന്ന നിലപാടാണ്

സ്വീകരിക്കുന്നത്. അതാണ് ഡൽഹിയിലും ഇന്ന് കേരളത്തിലെ ഇ.ഡി.-യുടെ ഇടപാടുകളെ ന്യായീകരിച്ച് അടിയന്തരപ്രമേയം ഉൾപ്പെടെയുള്ള കാര്യങ്ങൾ കൊണ്ടുവന്നതെന്ന് നമ്മൾ മനസ്സിലാക്കണം. റായ്പൂർ സമ്മേളനത്തിൽ ഫിസ്കൽ ഫെഡറലിസത്തെ സംബന്ധിച്ച് മറ്റൊരു പ്രധാന പ്രമേയം പാസാക്കിയെന്ന് പറയുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവാണ് ഈ പ്രമേയം അവതരിപ്പിച്ചതെന്നാണ് സഭയിൽ പറഞ്ഞത്. അതിന് അദ്ദേഹത്തെ അഭിനന്ദിക്കുന്നു. അതേസമയം ഈ ഒരു ദർശനം കേരളത്തോട് പുലർത്തുന്നില്ലെന്ന കാര്യത്തിൽ ഒരു തരത്തിലുള്ള പ്രതിഷേധത്തിനും പ്രതിപക്ഷം തയ്യാറാകാത്തത് എന്തുകൊണ്ടാണ്? പത്താം ധനകാര്യ കമ്മീഷനിൽ ലഭ്യമായ അവാർഡിൽനിന്നും പതിനഞ്ചാം ധനകാര്യ കമ്മീഷനിലെ അവാർഡിലേയ്ക്ക് വന്നപ്പോഴുണ്ടായ നഷ്ടം, പദ്ധതി വിഹിതങ്ങളിൽ വന്നിരിക്കുന്ന വലിയ ഇടിവ് എന്നിവ കേരളത്തിന്റെ സമ്പദ്ഘടനയെ എങ്ങനെ പ്രതികൂലമായി ബാധിക്കുമെന്ന പ്രശ്നത്തെ അഡ്രസ് ചെയ്യേണ്ടേ; പ്രമേയം പാസാക്കിയാൽ മാത്രം മതിയോ; ആ പ്രമേയവും കോൺഗ്രസ്സ് ഭരിക്കാത്ത സംസ്ഥാനങ്ങളിൽ ബാധകമല്ലേ? പദ്ധതി വിഹിതത്തിൽ പതിനായിരക്കണക്കിന് കോടി രൂപയുടെ നഷ്ടം പ്രതിവർഷം വരികയാണ്. ജി.എസ്.ടി.-യുടെ വരുമാന നഷ്ടത്തിലെ

കോമ്പൻസേഷൻ കാലാവധി ഇപ്പോൾ അവസാനിക്കുകയാണ്. പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തുന്ന സെസ്സിന് സംസ്ഥാനങ്ങൾക്ക് വിഹിതം ലഭിക്കുന്നില്ല. കടമെടുക്കാനോ, വിദേശ സഹായം സ്വീകരിക്കാനോ അനുവദിക്കുന്നില്ല. ബഡ്ജറ്റ് നിർദ്ദേശങ്ങൾ കൊണ്ടുവരുമ്പോൾ അതിനെ എതിർക്കുകയും ഈ ഫിസ്കൽ ഫെഡറലിസത്തെ നിങ്ങൾ പ്രമേയംകൊണ്ട് അനുകൂലിക്കുകയും ചെയ്യുമ്പോൾ എന്തുകൊണ്ട് നിങ്ങൾ ഈ നടപടിയെ ന്യായീകരിക്കാൻ തയ്യാറാകുന്നില്ല; നിങ്ങൾക്ക് എന്തെങ്കിലും ബദൽ നിർദ്ദേശമുണ്ടോ? കേന്ദ്രം കേരളത്തോട് ഇത്രയധികം ദ്രോഹം ചെയ്യുമ്പോൾ അതിനെ നിങ്ങൾ പിന്തുണയ്ക്കുന്നില്ലെങ്കിൽ, കേരളം നശിച്ച് നാറാണക്കല്ലാകരുതെന്ന ആഗ്രഹം അൽപ്പമെങ്കിലുമുണ്ടെങ്കിൽ നിങ്ങൾക്ക് ഇതുസംബന്ധിച്ച് എന്ത് ബദൽ നിർദ്ദേശമാണുള്ളത്?

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ)

നിങ്ങളൊക്കെ അവകാശപ്പെടുന്നത് ക്രിയാത്മക പ്രതിപക്ഷമാണെന്നാണല്ലോ. കേരളത്തെ ദ്രോഹിക്കുന്നവർക്ക് ഒപ്പമാണോ അതോ കേരളീയർക്കൊപ്പമാണോയെന്ന് വ്യക്തമാക്കാൻ നിങ്ങൾക്ക്

സാധിക്കണം. കോൺഗ്രസ്സ് ഭരിച്ചിരുന്ന കാലഘട്ടത്തിലും കേരളത്തിൽ ഇതേ അനുഭവങ്ങളാണുണ്ടായിരുന്നത്. ഞാൻ 1987-ൽ സഭയിൽ വന്ന ആളാണ്. പഴയ നിയമസഭാ മന്ദിരത്തിലാണ് അന്ന് സഭ കൂടുന്നത്. അന്ന് കേന്ദ്രത്തിൽ ഭരണം നടത്തിയത് രാജീവ് ഗാന്ധിയായിരുന്നു. കേരളത്തിന് ന്യായമായി ആനുകൂല്യം കിട്ടുന്ന സംവിധാനങ്ങൾ തടയുന്നത് ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സമരത്തിൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ.കെ. നായനാർ ഒഴികെ മറ്റുമന്ത്രിമാരടക്കം എല്ലാ ഭരണകക്ഷി എം.എൽ.എ.-മാരും ഡൽഹിയിൽ പോയിരുന്നു. ഞാനും പങ്കെടുത്തിരുന്നു. മുഖ്യമന്ത്രി പങ്കെടുക്കേണ്ടെന്ന അഭിപ്രായം വന്നതുകൊണ്ട് അദ്ദേഹം പങ്കെടുത്തില്ല. കെ. ആർ. ഗൗരിയമ്മ അടക്കമുള്ള മന്ത്രിമാർക്ക് ഡൽഹിയിൽ പോയി സത്യാഗ്രഹം ചെയ്യേണ്ടിവന്നു. ആ കാലഘട്ടത്തിൽ കേന്ദ്രം ഭരിച്ചിരുന്ന കേൺഗ്രസ്സ് ഗവൺമെന്റ് കോൺഗ്രസ്സിതര സംസ്ഥാന ഗവൺമെന്റുകളോട് സ്വീകരിച്ച അതേ നയംതന്നെയാണ് ഇന്ന് കേന്ദ്രത്തിന്റെ ബി.ജെ.പി. ഗവൺമെന്റ് ബി.ജെ.പി. ഇതര ഗവൺമെന്റുകളോട് സ്വീകരിക്കുന്നതെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. നമ്മൾ ഇപ്പോൾ ലൈഫ് മിഷനെക്കുറിച്ച് ചർച്ച ചെയ്തു. ഭവനരഹിതരില്ലാത്ത (Zero homeless) ഒരു സംസ്ഥാനമായി കേരളം

മാറുകയെന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സ്വപ്നമാണ്. അതിന് തടസ്സമുണ്ടാക്കാൻ ഒരു രൂപത്തിലും പ്രതിപക്ഷം കൂട്ടുനിൽക്കരുതെന്ന് മാത്രമാണ് എനിക്ക് ഈ ഘട്ടത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ബഹുമാനപ്പെട്ട ആലുവ അംഗം ഇവിടെ സംസാരിക്കുമ്പോൾ കെ.എസ്.ആർ.ടി.സി. ബസ്സിൽ കുട്ടികൾക്ക് കൺസെഷൻ അനുവദിക്കുന്നതിൽ എ.പി.എൽ./ബി.പി.എൽ. എന്ന തരംതിരിവ് പാടില്ലെന്ന് സൂചിപ്പിച്ചു. അദ്ദേഹം ഇപ്പോൾ സഭയിലില്ല. എ.പി.എൽ./ബി.പി.എൽ. എന്ന തരംതിരിവ് ഇന്ത്യയിൽ ആരാണ് ആദ്യം കൊണ്ടുവന്നത്? പി. വി. നരസിംഹറാവു ഗവൺമെന്റിന്റെ ഭരണകാലഘട്ടത്തിൽ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. മൻമോഹൻ സിംഗാണ് ഇന്ത്യൻ ജനതയെ എ.പി.എൽ./ബി.പി.എൽ. ആയി തരംതിരിച്ചുകൊണ്ടുള്ള നടപടികൾക്ക് തുടക്കംകുറിച്ചത്. ആഗോളീകരണ നവലിബറൽ സാമ്പത്തികനയങ്ങൾ ആരംഭിക്കുന്നതിന്റെ തുടക്കമെന്ന നിലയിൽ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കുന്ന നടപടികൾക്ക് തുടക്കംകുറിച്ചത് ആ കാലഘട്ടത്തിലായിരുന്നു. അത് കോൺഗ്രസ്സിന്റെ നയമാണ് എന്നത് മറന്നുകൊണ്ട് അത്തരമൊരു സംസാരം വേണ്ടിയിരുന്നില്ലെന്നാണ് എനിക്ക് തോന്നുന്നത്. 'ബ്രെയിൻ ഡ്രെയിൻ' സംബന്ധിച്ച് ഇവിടെ പ്രശ്നമുണ്ട്.

നിരവധിയാളുകൾ കുടിയേറുന്നുണ്ട്. കേരള ജനതയ്ക്ക് ഇവിടെത്തന്നെ തൊഴിൽചെയ്ത് ജീവിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. അത് ഗവൺമെന്റ് മുന്നോട്ടുവയ്ക്കുമ്പോൾ അതിനോടൊപ്പം പ്രതിപക്ഷവും കൈകോർക്കണമെന്ന അഭ്യർത്ഥനയാണ് എനിക്കുള്ളത്. 2016-ലാണ് ആദ്യത്തെ പിണറായി വിജയൻ ഗവൺമെന്റ് അധികാരത്തിൽ വരുന്നത്. 2021-ൽ അതിന്റെ തുടർച്ചയാണ്. 2016-ലെ കേരളമല്ല 2023-ൽ എന്നത് ഞങ്ങൾ അഭിമാനത്തോടുകൂടി പറയുകയാണ്. കേരളം വളരെയധികം മുന്നോട്ടുപോയിരിക്കുന്നു. നിരവധി റോഡുകൾ നിർമ്മിച്ചു; ദേശീയപാതാ വികസനം നടത്തുന്നു; നിരവധി പാലങ്ങൾ നിർമ്മിച്ചു. സർക്കാർ സ്കൂളുകൾ മെച്ചപ്പെടുത്തി. മൂന്നേകാൽ ലക്ഷം വീടുകളാണ് ലൈഫ് മിഷനിലൂടെ നിർമ്മിച്ച് കൊടുത്തിരിക്കുന്നത്. സർക്കാർ ആശുപത്രികളുടെ നവീകരണം, നിരവധി കുടിവെള്ള പദ്ധതികൾ, ലക്ഷക്കണക്കിനാളുകൾക്ക് പട്ടയം തുടങ്ങി ഒരുപാട് കാര്യങ്ങൾ ചെയ്തു. 2016-ൽനിന്ന് കേരളം വളരെയധികം മുന്നോട്ടുപോയതിനുപിന്നിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഇച്ഛാശക്തിയോടും നിശ്ചയദാർഢ്യത്തോടുമുള്ള പ്രവർത്തനമാണ് കാരണമായിട്ടുള്ളതെന്ന വസ്തുത മനസ്സിലാക്കിക്കൊണ്ട് ഈ ഗവൺമെന്റ് ചെയ്യുന്ന

പ്രവർത്തനങ്ങൾക്ക് എല്ലാ പിന്തുണയും നൽകാൻ നമ്മളെല്ലാവരും ബാധ്യസ്ഥരാണ്. ഈ വളർച്ചയെ മുരടിപ്പിക്കാനാണ് ബി.ജെ.പി. ശ്രമിക്കുന്നത്. ബി.ജെ.പി.-യുടെ ആ പരിശ്രമത്തോടൊപ്പം നിങ്ങൾ കൂട്ടുചേരരുതെന്ന് മാത്രമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ പടിവാതിൽക്കൽ നമ്മൾ എത്തിക്കൊണ്ടിരിക്കുകയാണ്. ഞങ്ങളുടേത് ഒരു ചെറിയ പാർട്ടിയാണ്, അത് അംഗീകരിക്കുകയാണ്. കർണ്ണാടകത്തിലും കേരളത്തിലും മറ്റ് ചില സംസ്ഥാനങ്ങളിലും പേരിന് മാത്രമുള്ളൊരു പാർട്ടിയാണ്. ഞങ്ങൾ ഈ രാജ്യം ഭരിക്കുമെന്നൊന്നും അവകാശപ്പെടുന്നില്ല. കോൺഗ്രസിന് രാജ്യം ഭരിക്കാനുള്ള കരുത്ത് ഇന്ന് ആയിട്ടുണ്ടോ? 225 എം.പി.-മാരുള്ള യു.പി., ബീഹാർ, പശ്ചിമ ബംഗാൾ, ആന്ധ്രാപ്രദേശ്, ഒഡീഷ, തെലുങ്കാന ഉൾപ്പെടെയുള്ള ആറ് സംസ്ഥാനങ്ങളിൽനിന്ന് കോൺഗ്രസ്സിന് 2014-ൽ പത്ത് എം.പി.-മാരാണ് ഉണ്ടായിരുന്നതെങ്കിൽ 2019-ൽ അത് എട്ടായിക്കുറഞ്ഞു. ബി.ജെ.പി. കോൺഗ്രസിനെ നേരിട്ട് ഏറ്റുമുട്ടുന്ന സംസ്ഥാനങ്ങളായ രാജസ്ഥാൻ, മധ്യപ്രദേശ്, ഗുജറാത്ത്, ഛത്തീസ്ഗഢ് എന്നിവിടങ്ങളിൽ 91 എം.പി. സീറ്റുകളുണ്ടായിരുന്നതിൽ 2014-ലും 2019-ലും കോൺഗ്രസ്സിന് ലഭിച്ചത് 3 സീറ്റ് വീതമാണ്. 48 എം.പി.-മാരുള്ള മഹാരാഷ്ട്രയിൽ 2014-ൽ നാല്

സീറ്റുണ്ടായിരുന്നത് 2019-ൽ ഒന്നായി കുറഞ്ഞു. ഈ വസ്തുത തിരിച്ചറിഞ്ഞുകൊണ്ട് യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള രാഷ്ട്രീയസമീപനം സ്വീകരിക്കണം. നയങ്ങളിൽ വ്യത്യാസമുണ്ട്. ബി.ജെ.പി. നടപ്പാക്കുന്ന സാമ്പത്തിക നയങ്ങളടക്കമുള്ളവ കോൺഗ്രസ്സ് ഇവിടെ ആരംഭിച്ച ജനവിരുദ്ധ നയങ്ങളുടെ തുടർച്ചയാണെന്ന് ആക്ഷേപിക്കുന്നവരാണ് ഞങ്ങൾ. എന്നാൽത്തന്നെയും ഇന്ന് വർഗ്ഗീയ ഫാസിസത്തെ നേരിടാനും മതേതര ജനാധിപത്യത്തെ സംരക്ഷിക്കാനും യാഥാർത്ഥ്യബോധത്തോടെയുള്ള സമീപനം കോൺഗ്രസ്സ് സ്വീകരിക്കണം. അതിനോടൊപ്പമായിരിക്കണം ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ഇന്ത്യയിലാകമാനം സ്വീകരിക്കുന്ന നിലപാടെന്നുമാത്രം ഞാൻ സൂചിപ്പിക്കുന്നു. ഇന്ത്യയിൽ ബദലാകാൻ കോൺഗ്രസ്സിന് കഴിയാത്തത് ബി.ജെ.പി.-ക്ക് ബദലായ സാമ്പത്തിക പരിപാടിയില്ലാത്തതുകൊണ്ടും ബി.ജെ.പി. വളരുന്നതിനാവശ്യമായ സാഹചര്യങ്ങൾ അവർക്ക് രൂപപ്പെടുത്തിയത് കോൺഗ്രസ്സാണെന്നുള്ളതുകൊണ്ടും കോൺഗ്രസ്സിന് തനിച്ച് ബി.ജെ.പി-ക്ക് ഒരു ബദലാകാൻ കഴിയുകയില്ല. ആ രാഷ്ട്രീയ യാഥാർത്ഥ്യം കേരളത്തിലെ പ്രതിപക്ഷം തിരിച്ചറിയണം. നിങ്ങൾ റായ്പൂരിൽ പാസ്സാക്കിയ പ്രമേയത്തിന്റെ സത്ത ഉൾക്കൊണ്ടുകൊണ്ടുവേണം

കേരളമടക്കമുള്ള സംസ്ഥാനങ്ങളിൽ പ്രവർത്തിക്കേണ്ടതെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. എച്ച്. സലാം: സർ, ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. നമ്മുടെ സാമ്പത്തിക അവസ്ഥയെക്കുറിച്ച് നല്ല ബോധ്യത്തോടും ശരിയായ നിലയ്ക്കും ബഡ്ജറ്റിലും സാമ്പത്തിക അവലോകന റിപ്പോർട്ടിലും പറയുന്നുണ്ട്. എന്നാൽ ചർച്ചയുടെ ഭാഗമായി ഇവിടെ സംസാരിക്കുന്ന പ്രതിപക്ഷം അത്തരം യാഥാർത്ഥ്യബോധമില്ലാതെയാണ് പലപ്പോഴും സംസാരിക്കുന്നതായി കാണാൻ കഴിയുന്നത്. സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് നിങ്ങൾ സംസാരിക്കുമ്പോൾ അത് തെറ്റാണെന്ന് ഞങ്ങൾ പറയുന്നത് എന്തുകൊണ്ടാണെന്ന് സ്വാഭാവികമായും നിങ്ങൾ ചിന്തിക്കേണ്ടതാണ്. നിങ്ങൾ ശരിയായ നിലയ്ക്ക് ഒരു കാര്യവും പറയാത്തതിന്റെ ഭാഗമായിട്ടാണ് ഞങ്ങൾ അങ്ങനെ സംസാരിക്കുന്നത്. കഴിഞ്ഞ ദിവസം ആലപ്പുഴയിൽ വച്ചുനടന്ന ഒരു പരിപാടിയിൽ ഈ സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കെ.പി.സി.സി.-യുടെ വർക്കിംഗ് പ്രസിഡന്റും എ.ഐ.സി.സി. ഭാരവാഹിയുമായിട്ടുള്ള ശ്രീ. കൊടിക്കുന്നിൽ സുരേഷ് സംസാരിക്കുന്ന അവസരത്തിൽ അദ്ദേഹം പറഞ്ഞത്, നമ്മുടെ നാടിന് എന്തൊക്കെ ഇല്ലാതിരുന്നോ ആ അവസ്ഥയിൽ നിന്ന് എല്ലാം

നേടുന്ന കാലത്തിലൂടെയാണ് നാം കടന്നുപോകുന്നതെന്നാണ്.ശ്രീ. പി. സി. വിഷ്ണുനാഥും ആ വേദിയിലുണ്ടായിരുന്നുവെന്നാണ് എനിക്ക് തോന്നുന്നത്. അദ്ദേഹത്തിന് നേരം വെളുത്തുവന്നിട്ടുണ്ട്. ഇവിടെ ഇരിക്കുന്നവരുടെ കൂട്ടത്തിൽ ഇല്ലാത്തതുകൊണ്ടായിരിക്കാം അദ്ദേഹം സമീപകാലത്ത് അല്പം യാഥാർത്ഥ്യബോധം പ്രകടിപ്പിക്കുന്നത്. കേട്ടിരുന്ന ശ്രീ. പി. സി. വിഷ്ണുനാഥ് എങ്കിലും അതൊന്ന് മനസ്സിലാക്കണമെന്ന് മാത്രമാണ് എനിക്ക് ഈ സമയത്ത് പറയാനുള്ളത്. നമ്മുടെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് പൊതുവിലും നിങ്ങൾക്കും ബോധ്യമാണ്. പക്ഷേ, ഇവിടെ ശ്രീ. മാത്യു ടി. തോമസ് സംസാരിച്ചപ്പോൾ പറഞ്ഞതുപോലെ കേന്ദ്ര സർക്കാർ സാമ്പത്തികമായി നമ്മെ ഞെരുക്കുന്ന സമീപനത്തെക്കുറിച്ച് ആത്മാർത്ഥമായൊരു ചെറിയ വാക്കുപോലും സംസാരിക്കാൻ നിങ്ങൾ തയ്യാറാകുന്നില്ല. അതിനുപകരം സർക്കാരിനെ കുറ്റപ്പെടുത്തുകയാണ്. നേരത്തെ ചർച്ചയിൽ പങ്കെടുക്കുമ്പോൾ ഇവിടെ സംസാരിച്ചൊരു ഭാഗമെന്ന് പറയുന്നത്, സംസ്ഥാന സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിന്റെ പിഴവിന്റെ ഭാഗമായാണ് സാമ്പത്തിക പ്രതിസന്ധിയുണ്ടായതെന്നാണ്, അങ്ങനെയാണോ? സംസ്ഥാനത്തിന്റെ കടത്തെപ്പറ്റി പരിശോധിച്ചാലും നമ്മുടെ വരുമാനത്തിൽ ടാക്സിലുണ്ടായ വർദ്ധനവിനെപ്പറ്റി കണക്കാക്കിയാലും

ഇങ്ങനെ പറയാൻ കഴിയുമോ? നികുതി പിരിവിൽ ജി.എസ്.ടി. വളർച്ചാ നിരക്കിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുമ്പോൾ 2021-22-ൽ 20.68 ശതമാനമായിരുന്നത് 2022-23-ൽ 25.11 ശതമാനമായി വർദ്ധിച്ചു. നികുതി പിരിവിൽ ഏതാണ്ട് നാല് ശതമാനത്തിലധികം വർദ്ധനവുണ്ടായി. ഇത് ധനകാര്യ മാനേജ്മെന്റിന്റെ പിഴവിന്റെ ഭാഗമായി സംഭവിക്കുന്ന മാറ്റമാണോ? മെച്ചപ്പെടുന്ന നിലയാണ് അക്കാര്യത്തിലുണ്ടായത്. അതുപോലെ കേരളത്തിന്റെ കടത്തെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയുടെ ഭാഗമായി സംസാരിക്കുമ്പോൾ പറഞ്ഞു. മൂന്ന് കൊല്ലത്തെ കടം നോക്കിയാൽ 2020-21-ൽ 38.51 ശതമാനവും 2021-22-ൽ 37.0 ശതമാനവും 2022-23-ൽ 36.38 ശതമാനവുമാണെന്ന് കാണാൻ കഴിയും. ഇവ പരിശോധിച്ചാൽ കടം കുറയുകയും നികുതി വരുമാനം വർദ്ധിക്കുകയും ചെയ്തുവെന്ന വ്യക്തമായ കണക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ രേഖാമൂലം അവതരിപ്പിച്ചതാണ്. എന്നാൽ നമുക്ക് ചെലവിന്റെ കാര്യത്തിൽ വർദ്ധനവാണുള്ളത്. ആ വർദ്ധനവിൽ ഏറ്റവും പ്രധാനമായി ബഹു. മന്ത്രിതന്നെ ചൂണ്ടിക്കാണിക്കപ്പെട്ടത്, സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനുമാണ്. അത് കൊടുക്കേണ്ടതുതന്നെയാണ്. കൊടുക്കാതിരിക്കാൻ കഴിയില്ല. പക്ഷേ,

അതിലുണ്ടായ വർദ്ധനവ് പ്രധാനപ്പെട്ടതാണ്. ശമ്പളം 46,754 കോടി രൂപയായിരുന്നത് 71,393 കോടി രൂപയായി വർദ്ധിച്ചു. ഒറ്റ വർഷംകൊണ്ട് 24,000 കോടി രൂപയാണ് വർദ്ധിച്ചത്. അതിന്റെ ശതമാനക്കണക്ക് നോക്കിയാൽ 2021-22-ലെ ശമ്പളത്തിന്റെയും പെൻഷന്റെയും ശതമാനം റവന്യൂ വരുമാനത്തിന്റെ 61.21 ശതമാനമായിരുന്നു. എന്നാൽ കഴിഞ്ഞ വർഷം അത് 50.34 ശതമാനമായി കുറഞ്ഞു. എങ്ങനെയാണ് ശതമാനം കുറയുന്നത്? വരുമാനം കൂടിയതിന്റെ ഭാഗമായി ശതമാനം കുറഞ്ഞുവെന്നുള്ളതിന്റെ ബോധ്യമാകുന്ന കണക്കുകൾ സഭാരേഖയായി മുന്നിൽനിൽക്കുമ്പോഴാണ് സാമ്പത്തിക അച്ചടക്കം ഇല്ലാത്തതിന്റെ ഭാഗമായി സംഭവിച്ച പ്രയാസങ്ങളാണെന്ന മട്ടിൽ പറയുന്നത്. ശ്രീമതി കെ. കെ. രമ ഇവിടെ സംസാരിക്കുമ്പോൾ സി.എം.ഡി.ആർ.എഫ്.-നെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. കാര്യമായൊരു ചെലവുമില്ലാതെ, കേരളത്തിലെ സാധാരണക്കാരായവർക്ക് അവരുടെ അക്കൗണ്ടിൽ കൃത്യമായി പണമെത്തിക്കുന്ന സിസ്റ്റമുണ്ടാക്കിയ സർക്കാരാണിത്. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ ഭരണകാലം മുതൽക്കേ അത് വ്യക്തമായി കാണാൻ കഴിയും. അതിന് കൃത്യമായ കണക്കുമുണ്ട്. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ എങ്ങനെയായിരുന്നു; ആ സമയത്ത് 50

കോടിയോളം രൂപ ചെലവഴിച്ച് എല്ലാ ജില്ലകളിലും ജനസമ്പർക്ക പരിപാടി നടത്തിയിട്ട് ആകെ നൽകുന്നത് നൂറ് കോടി രൂപയാണ്. ആംബുലൻസിൽ വരുന്നവരിൽനിന്നും അതിനകത്തുകയറി ചീട്ട് വാങ്ങി ഡോക്ടറെപ്പോലെ അതുനോക്കി തുക കുറിച്ച് കൊടുക്കുകയാണ് ചെയ്തിരുന്നത്. അതായത് ഒരാൾക്ക് 2000 രൂപ യാത്രാചെലവാകുന്നെങ്കിൽ 1000 രൂപ നൽകും. ഇതുവരെയുണ്ടായ സാഹചര്യം അത്തരത്തിലാണ്. ഈ സാഹചര്യത്തിൽനിന്നും മാറി അത്തരത്തിലുള്ള പ്രയാസങ്ങളുണ്ടാകാതെ രോഗികൾക്കും അർഹതപ്പെട്ടവർക്കും കൃത്യമായി തുക വിതരണം ചെയ്യാനുള്ള നിലപാട് സർക്കാർ സ്വീകരിച്ചു. ഇതിലേയ്ക്കായി 918.95 കോടി രൂപ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ ഭരണകാലത്ത് അനുവദിച്ചു. രണ്ടാം പിണറായി വിജയൻ സർക്കാർ, 2023 ജനുവരി മാസം 31-ാം തീയതി വരെ 462 കോടി രൂപ നൽകിയിട്ടുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 808 കോടി രൂപയാണ് നൽകിയത്. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലഘട്ടം പരിശോധിച്ചാൽ നിങ്ങളുടെ കാലഘട്ടത്തുള്ളതിനേക്കാൾ നൂറ് കോടി രൂപയാണ് അധികം കൊടുത്തിട്ടുള്ളത്. ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട തട്ടിപ്പിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇത് കണ്ടുപിടിച്ചതാരാണ്; നിങ്ങളാണോ

അതോ മാധ്യമങ്ങളാണോ? ബഹുമാന്യനായ മുഖ്യമന്ത്രി ഉത്തരവിട്ടതിന്റെ ഭാഗമായി കേരളത്തിൽ വിജിലൻസ് എൻക്വയറിക്ക് തീരുമാനിച്ചു. പ്രസ്തുത പരിശോധനയുടെ ഭാഗമായി പുറത്തുവന്ന വിവരങ്ങളെ ഉയർത്തിപ്പിടിച്ചാണ് നിങ്ങൾ ഇവിടെ ഓരോ വിഷയവും ഉന്നയിക്കുന്നത്. പുറത്ത് വന്ന വിവരങ്ങളിൽ ചിലത് സൂചിപ്പിക്കാം. 'അസ്വാഭാവികമായി കണ്ടെത്തിയ 16 അപേക്ഷകളിൽ ചിലതിൽ, കത്ത് കൊടുത്തത് കോൺഗ്രസ്സ് നേതാവ് ശ്രീ. അടൂർ പ്രകാശ് എം.പി.-യാണ്. പ്രവാസിയായിരുന്ന ഒരാൾക്ക് 45,000 രൂപ ലഭ്യമായ അപേക്ഷയിന്മേൽ കത്ത് കൊടുത്തത് പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശനാണ്'. അത്തരത്തിലുള്ള ചില കാര്യങ്ങളും സൂചിപ്പിക്കാനുണ്ട്. ഇവർ രണ്ടാളും ഇടനിലക്കാരായിരുന്നെന്ന് പറയാൻ കഴിയുമോ; ഞങ്ങളത് പറയുന്നില്ലല്ലോ. ഒരു പ്രശ്നമുണ്ടായാൽ അത് ശരിയായ നിലയിൽ കൊണ്ടുപോകാൻ സർക്കാർ സമീപനം സ്വീകരിക്കുമ്പോൾ അതിനെ ആക്ഷേപിച്ച് സംസാരിക്കുന്ന അവസ്ഥ ഒരുകാരണവശാലും ഉത്തരവാദിത്വപ്പെട്ട ജനപ്രതിനിധിയുടെ ഭാഗത്തുനിന്നുമുണ്ടാകാൻ പാടില്ല. ബി.ജെ.പി. സർക്കാർ നമുക്കുനേരെ യുദ്ധം പ്രഖ്യാപിക്കുന്നതെന്തുകൊണ്ടാണ്? നിങ്ങൾക്ക് ഇക്കാര്യത്തിൽ ഒരു പങ്കുമില്ലെന്ന് പറയുന്നു. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ തൊഴിലുറപ്പ്

പദ്ധതിയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. തൊഴിലുറപ്പ് പദ്ധതിയിന്മേൽ ഇടതുപക്ഷത്തിന്റെ പിന്തുണയുണ്ടായിരുന്നതു കൊണ്ടുമാത്രമാണ് പുരോഗതിയുണ്ടായത്. അതിനുമുമ്പ് എങ്ങനെയായിരുന്നു? ശ്രീ. മൻമോഹൻ സിംഗ് പ്രധാനമന്ത്രിയായിരുന്ന സമയത്ത് അദ്ദേഹത്തിന്റെ സാമ്പത്തിക ഉപദേഷ്ടാവ് ശ്രീ. രംഗരാജൻ അദ്ധ്യക്ഷനായ കമ്മീഷനെ നിയമിച്ചു. കമ്മീഷൻ റിപ്പോർട്ട് പുറത്തുവന്നു. അന്ന് മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ എന്തൊക്കെയാണ്? 'കേന്ദ്ര ധനക്കമ്മി അപകടകരമായി കുതിച്ചുയരുന്ന സാഹചര്യത്തിൽ എല്ലാ സബ്സിഡിയും വെട്ടിക്കുറയ്ക്കണം'. കോൺഗ്രസ്സിന്റെ നിർദ്ദേശമാണിത്. അതാണ് ബി.ജെ.പി. സർക്കാർ ഇപ്പോൾ നടപ്പാക്കുന്നത്. 'എല്ലാ നികുതി നിരക്കും വർദ്ധിപ്പിക്കണം; രാജ്യാന്തര വിപണിയിലെ ചലനങ്ങൾക്കനുസരിച്ച് ഇന്ത്യയിൽ എണ്ണയുടെ വില തീരുമാനിക്കണം;' ഈ റിപ്പോർട്ടിന്റെ ഭാഗമായി നിങ്ങൾ തീരുമാനിച്ച കാര്യങ്ങളാണിതൊക്കെ. ഇക്കാര്യങ്ങളെല്ലാം ഇന്ന് ബി.ജെ.പി. കുറച്ചുകൂടി വേഗത്തിൽ നടപ്പാക്കപ്പെടുന്നു എന്നതല്ലാതെ അതിനപ്പുറത്തേയ്ക്ക് വേറെന്താണ് നിങ്ങൾക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. സംസ്ഥാനത്തെ ഒന്നും രണ്ടും പിണറായി വിജയൻ സർക്കാരുകൾ ചെയ്യുന്ന പ്രവർത്തനങ്ങൾ ഞാനിവിടെ വിശദീകരിക്കേണ്ടതായിട്ടില്ല. ഇവിടെ ചൂണ്ടിക്കാണിക്കപ്പെട്ടതുപോലെ, ഒരു

സമൂഹത്തിലെ സമസ്ത മേഖലകളിലും എങ്ങനെ സഹായകരമായി നിൽക്കാൻ കഴിയുമെന്ന് ചിന്തിച്ച് അതിന് പാകമായ പദ്ധതി ആസൂത്രണം ചെയ്ത് മുന്നോട്ടുപോകുന്ന സർക്കാരാണിത്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാവർക്കും വീട്, എല്ലാ വീടുകളിലും കുടിവെള്ളം ഇതിനുപുറമേ എല്ലാ വീട്ടിലും ഇപ്പോൾ പാചകവാതകമെത്തിക്കാൻ സാധിക്കുമോ'യെന്ന കാര്യങ്ങൾ സർക്കാർ പരിഗണിക്കുകയാണ്. ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുകയെന്നതിൽ ആരംഭിച്ച് നാട്ടിലെ സാധാരണ കുടുംബത്തേയും സമൂഹത്തേയും ഏറ്റവും മെച്ചപ്പെട്ട ജീവിതാവസ്ഥയിലേയ്ക്ക് നയിക്കാൻ പ്രാപ്തമാകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടുന്ന സർക്കാരാണിതെന്ന് ഓരോ പദ്ധതിയും വിശകലനം ചെയ്യുമ്പോൾ മനസ്സിലാക്കാൻ കഴിയും. ഇവിടെ നിയമനങ്ങളെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. നിങ്ങളുടെ ഭരണകാലത്ത് നിയമനങ്ങൾ എങ്ങനെയായിരുന്നു; ബഹുമാനപ്പെട്ട വടകര അംഗമാണ് നിയമനത്തെക്കുറിച്ച് സൂചിപ്പിച്ചതെന്ന് തോന്നുന്നു. നിയമനങ്ങളെക്കുറിച്ച് പറഞ്ഞപ്പോൾ എല്ലാവർക്കും കണക്കുകൾ വ്യക്തമായിരിക്കുകയാണ്. 123000 പേർക്കാണ് യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് പി.എസ്.സി. നിയമനം ലഭിച്ചത്. പിണറായി വിജയൻ സർക്കാർ

അധികാരമേറ്റശേഷം 2016 മുതലുള്ള കണക്കുകളെടുത്തുപരിശോധിച്ചാൽ 228801 പേർക്ക് പി.എസ്.സി. വഴി നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമായി മനസ്സിലാക്കാൻ കഴിയും. കേരള ചരിത്രത്തിലെ റെക്കോർഡാണിത്. എല്ലാ സർക്കാരുകളുടേയും കണക്ക് പരിശോധിച്ചാൽ ഏറ്റവും ഉയർന്ന നിയമനം കൊടുത്തത് ഈ സർക്കാരിന്റെ കാലഘട്ടത്തിലാണെന്ന് അറിയാൻ കഴിയും. 40000 നിയമനങ്ങളാണ് ഇപ്പോൾ നൽകിയത്. 102573 പേരെയാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ചത്. ഏത് ഭരണകാലത്താണ് ഇതുപോലെ നിയമനം നടന്നിട്ടുള്ളത്? ഏതെങ്കിലും മാധ്യമങ്ങൾ ഉയർത്തിക്കൊണ്ടുവരുന്ന ഒന്നോ രണ്ടോ വിവാദപരമായ നിയമനത്തിന്റെ കാര്യം ചൂണ്ടിക്കാണിച്ച് കേരളത്തിൽ നിയമനങ്ങളേ നടക്കുന്നില്ലെന്ന രീതിയിൽ കണ്ണുംപൂട്ടി അവതരിപ്പിക്കാൻ ചെറിയ ചങ്കുറപ്പ് പോരെന്നമാത്രമാണ് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. ലൈഫ് എന്നാൽ വടക്കാഞ്ചേരി ഫ്ലാറ്റ് മാത്രമാണെന്നാണോ ഉദ്ദേശിക്കുന്നത്? പത്ത് ആളുകൾക്ക് വീട് കിട്ടട്ടേയെന്ന ശുദ്ധ മനസ്സോടെ സർക്കാർ ഒരു സ്കീം സ്വീകരിച്ചു. വീടുവച്ച് കൈമാറുന്നൊരു ഏർപ്പാട് മാത്രം. വേറെ എഗ്രിമെന്റുണ്ടോ; ഒരുപാട്

സന്ദർഭങ്ങളിൽ ഇത് ആവർത്തിച്ചിട്ടുണ്ട്. സുനാമിയുണ്ടായ സാഹചര്യത്തിൽ ആലപ്പുഴ, കൊല്ലം ജില്ലകളിൽ സി.പി.ഐ.(എം.) വീട് വച്ച് നല്കിയിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഞങ്ങൾ ആരുമായും എഗ്രിമെന്റ് ഉണ്ടാക്കിയിട്ടില്ല. സ്ഥലം കാണിച്ചുതന്നു; വീട് വച്ചുകൊടുത്തു; ഇതല്ലേ സാഹചര്യം. ഇതുമാത്രം കാണിച്ച് കേരളത്തിൽ 322922 കുടുംബങ്ങൾ ലൈഫിന്റെ ഭാഗമായി വീട് പൂർത്തിയാക്കി താക്കോൽ വാങ്ങി അവിടെ ജീവിക്കുന്നുവെന്ന കാര്യം നിങ്ങൾ മറന്നുപോകരുത്. അവർ നിങ്ങൾ പറയുന്ന വർത്തമാനം കേൾക്കുന്നുണ്ട്. ഈ നാട്ടിൽ ലൈഫിന്റെ ഭാഗമായി എല്ലാവർക്കും വീട് കൊടുക്കാനാവശ്യമായ നിലപാടുകൾ സ്വീകരിക്കുന്നു. 'പുനർഗേഹം' പദ്ധതിയുടെ ഭാഗമായി തീരദേശത്ത് വീട് കൊടുക്കുന്നു, ഫ്ലാറ്റുകൾ നിർമ്മിക്കുന്നു. അങ്ങനെ ഈ നാട്ടിലെ സാമാന്യജനങ്ങളുടെ ജീവിതവഴികളിൽ ഏറ്റവും ശക്തമായ സാന്നിദ്ധ്യമായും നേതൃത്വമായും നിൽക്കുന്ന സർക്കാരാണിതെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, തള്ളും പൊള്ളയുമായ ഒരു സർക്കാരിന്റെ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. 100 രൂപ പദ്ധതികളുടെ ഒരു ചീട്ട് കൊട്ടാരമായിരുന്നു 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ്. എല്ലാ

പദ്ധതികൾക്കും നൂറ് രൂപ. ഇടത് സർക്കാർ രണ്ട് ടേമുകളിലായി പ്രഖ്യാപിച്ച പദ്ധതികളും നൽകിയ വാഗ്ദാനങ്ങളും അച്ചടിച്ചാൽ എ.കെ.ജി. സെന്ററിന്റെ രണ്ടിരട്ടി വലിപ്പം വരും; നടപ്പാക്കിയ പദ്ധതികൾ ചേർത്ത് ഒരു പുസ്തകം അച്ചടിച്ചാൽ 150 പേജുണ്ടാകില്ല. ഏത് പദ്ധതിയാണ് നിങ്ങൾ നടപ്പാക്കിയത്? മടിയിൽ കനമില്ലെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്. പക്ഷെ, അദ്ദേഹത്തിന് വഴിയിൽ യാത്ര ചെയ്യാൻ പേടിയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇവിടത്തെ സ്ഥിതിയെന്താണ്? 2022-ൽ ആദ്യത്തെ 10 മാസത്തിൽ 183000 പേരാണ് ഇന്ത്യയിൽ പൗരത്വം ഉപേക്ഷിച്ചത്. അതായത് 604 പേർ ഒരു ദിവസം പൗരത്വം ഉപേക്ഷിക്കുന്നു. അതേസമയം ഒരു ദിവസം കേരളത്തിൽ നിന്ന് 100 കുട്ടികളാണ് വിദേശത്തേയ്ക്ക് പോകുന്നത്. രാജ്യത്ത് കേവലം മൂന്ന് ശതമാനത്തിൽ താഴെ മാത്രം ജനസംഖ്യയുള്ള ഒരു സംസ്ഥാനത്തിന്റെ സ്ഥിതിയാണിത്. വിദേശപഠനത്തിന് സഹായകരമാകുന്ന സെന്ററുകൾ കൂണുപോലെ കേരളത്തിൽ പെരുകുകയാണ്. നിങ്ങളല്ലാതെ ഉന്നത വിദ്യാഭ്യാസ മേഖല ഇത്രയധികം നശിപ്പിച്ച മറ്റൊരുകൂട്ടരായി ആരാണുള്ളത്? കാലിക്കറ്റ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് തെരഞ്ഞെടുപ്പ് നടത്താൻ വരെ സാധിക്കുന്നില്ല. എന്നിട്ട് ബഹു. ഗവർണറുടെ അടുത്തുപോയി

യാചിച്ച് 6 മാസം സിൻഡിക്കേറ്റിന് കാലാവധി നേടുകയാണ്. ബഹു. ഗവർണറെ നേരിൽക്കണ്ട് കാര്യം ബോധിപ്പിച്ച് സ്വന്തം പാർട്ടിക്കാരെ വച്ച് മാത്രം സിൻഡിക്കേറ്റ് നടത്താൻ നിങ്ങൾക്ക് ഉളുപ്പുണ്ടോ? നിങ്ങൾ സത്കാരം സ്വീകരിക്കുകയോ ഗവർണറെക്കൊണ്ട് ഒപ്പിടിപ്പിക്കുകയോ അല്ലെങ്കിൽ കുറച്ച് കുങ്കുമം കൂടി കൊണ്ടുപോയി കൊടുക്കുകയോ ചെയ്തോളൂ. എൽ.ഡി.എഫ്.-ന്റെ പാർലമെന്ററി പാർട്ടിയിലെ ഘടകകക്ഷിയായ ശ്രീ. കെ. ബി. ഗണേഷ് കുമാർ സൂചിപ്പിച്ചത് നിയോജകമണ്ഡലത്തിലൊന്നും നടക്കുന്നില്ലെന്നും ഭരണ കക്ഷി എം.എൽ.എ.-യ്ക്ക് പുറത്തിറങ്ങി നടക്കാൻ കഴിയുന്നില്ലെന്നുമാണ്. അതിവിടെ പറയേണ്ട കാര്യമല്ലെന്ന് സി.പി.(ഐ.)എം. -ന്റെ പാർലമെന്ററി പാർട്ടി സെക്രട്ടറി ശ്രീ. ടി. പി. രാമകൃഷ്ണൻ സൂചിപ്പിച്ചപ്പോൾ ശ്രീ. പി. വി. ശ്രീനിജിൻ കയ്യടിച്ചു. കുറച്ചുകഴിഞ്ഞപ്പോൾ ശ്രീ. കെ. ബി. ഗണേഷ് കുമാർ പറഞ്ഞത് ശരിയാണെന്ന് ഭാരവാഹികളും വിലയിരുത്തി. നിങ്ങൾക്ക് അങ്ങനെമാത്രമെ ബുദ്ധി വരികയുള്ളൂ. ഇതൊന്നും ഞങ്ങളല്ല നിങ്ങളുടെ കൂടെയിരിക്കുന്നവരാണ് പറയുന്നത്. സുരക്ഷയുടെ കാര്യം സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സുരക്ഷ ഉറപ്പാക്കാൻ 940 പോലീസുകാരെ നിയോഗിച്ചിട്ടുണ്ട്. ദുരന്തം അനുഭവിക്കുന്നവർക്ക് അത്യാവശ്യ സന്ദർഭങ്ങളിൽ 5

പോലീസുകാരെയെങ്കിലും അവരുടെ സുരക്ഷയ്ക്കായി ഏർപ്പെടുത്തുന്നതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ന്യൂനപക്ഷ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിന് തുക വകയിരുത്തിയിട്ടില്ല. എവിടെയെങ്കിലും നിങ്ങൾ കൊടുത്തിട്ടുണ്ടോ; കണ്ണൂർ പെരളശ്ശേരി എ.കെ.ജി. മ്യൂസിയത്തിന് 6 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിങ്ങളവിടെ പ്രദർശിപ്പിക്കാൻ പോകുന്നതെന്താണ്? ടി. പി. ചന്ദ്രശേഖരനെ വെട്ടിയ കത്തി, ആദ്യമായി സഖാക്കൾ പിരിവ് നടത്താനുപയോഗിച്ച ബക്കറ്റ്, ബോംബിന്റെ വിവിധ ഓടുകൾ  ഇതൊക്കെയാണോ? പണ്ടൊക്കെ ഉപ്പുചാക്ക് പീടികയ്ക്ക് പുറത്തിരിക്കും. ഇപ്പോൾ പീടികയ്ക്കുള്ളിലാണ് സൂക്ഷിക്കുന്നത്. കാരണം, അതിനും വില കൂട്ടി. ഉപ്പിന്റെ പായ്ക്കറ്റുപോലും സി.സി.ടി.വി. നിരീക്ഷണത്തിലാണ്. നിങ്ങളുടെ ഗവൺമെന്റിന്റെ ഭരണകാലത്താണ് ഇതൊക്കെ സംഭവിക്കുന്നത്. ഒരു സർക്കാരെന്ന് പറഞ്ഞിട്ടെന്താണ് കാര്യം;  ഏതെങ്കിലും കാര്യം നിങ്ങൾ നടപ്പാക്കുന്നുണ്ടോ? ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി ഇപ്പോൾ സീറ്റിലില്ല. തൊഴിൽ സംരംഭം തുടങ്ങാതെ വിജയിക്കുമെന്നാണ് അദ്ദേഹം പറയുന്നത്. അത് ഒരു ലക്ഷം ആളുകൾക്കാണ്. ആകെ വിജയിക്കുന്നത് ലഹരിക്കച്ചവടം മാത്രമാണ്. തൊഴിൽ സംരംഭത്തിൽ ലഹരിക്കച്ചവടമല്ലാതെ മറ്റെന്താണ്

വിജയിച്ചത്; അതും സഖാക്കൾ റിസർവ് ചെയ്തിരിക്കുകയാണ്. യഥാർത്ഥ കണക്കുകൾ എത്രയാണ്; സഖാക്കൾ തുടങ്ങിയ പല സംരംഭങ്ങളും പുറത്തുപറയാൻ കഴിയാത്തതുകൊണ്ട് മാത്രം ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഒരു ലക്ഷത്തിനുമുകളിൽ തൊഴിലുണ്ടാക്കുകയാണ്. ആലപ്പുഴയിലെ സഖാക്കളുടെ ലഹരിക്കച്ചവടവും കണ്ണൂരിൽ സ്വർണ്ണ കച്ചവടവുമൊക്കെയല്ലേയുള്ളത്? നിങ്ങളുടെ ഭരണകാലം ഗുണ്ടകളുടെ കാലമല്ലേ? 'പിണറായി നാട് വാണിടുംകാലം ഗുണ്ടകളെല്ലാം തില്ലങ്കേരിയാകും' എന്ന് പുതിയൊരു പാട്ട് വന്നിരിക്കുകയാണ്. അർജ്ജുൻ തില്ലങ്കേരി, ആകാശ് തില്ലങ്കേരി തുടങ്ങിയവരാണ് ഇവിടെയുള്ള ക്രമസമാധാനം കൈകാര്യം ചെയ്യുന്നത്. സ്വർണ്ണക്കള്ളക്കടത്ത് നടത്തണം, ആളെ വെട്ടിക്കൂട്ടണം, നവോത്ഥാന മതിലുകൾ പണിയണം എന്നിങ്ങനെയുള്ള എന്തെല്ലാം പണികളാണ്; ഇതൊക്കെ കേരളത്തിനുവേണ്ടി ഒരു തില്ലങ്കേരി നടത്തുന്ന സംഭാവനയാണോ? ഇതൊക്കെ തങ്കലിപിയിൽ ആലേഖനം ചെയ്യണമെന്നാണ് എനിക്ക് നിങ്ങളോട് പറയാനുള്ളത്. 'കെ' എന്ന് പറയുമ്പോൾ നിങ്ങൾക്ക് ഭയങ്കര പൂതിയാണ്. കെ-റെയിലിനെയും കെ-ഫോണിനെയുംക്കുറിച്ച് ബഹുമാനപ്പെട്ട

മുഖ്യമന്ത്രി പറഞ്ഞല്ലോ; നിങ്ങൾ എവിടെയാണ് കണക്ഷൻ കൊടുത്തത്; ഇന്റർനെറ്റ് കണക്ഷൻ എവിടെയാണ് നിങ്ങൾ കൊടുത്തത്?

മി. സ്പീക്കർ: അങ്ങ് ചെയറിനെ നോക്കി പറയൂ.

ശ്രീ. പി. കെ. ബഷീർ: സർ, അവിടെനിന്ന് മറുപടി പറഞ്ഞപ്പോൾ നോക്കിയതാണ്. ബഹുമാനപ്പെട്ട സ്പീക്കർ വളരെ ശ്രദ്ധിക്കണം. വളരെ ഭംഗിയായി ബഹുമാനപ്പെട്ട സ്പീക്കർ സഭയെ നിയന്ത്രിക്കുമ്പോൾ ഭരണപക്ഷ മുന്നണി അംഗങ്ങൾ മുന്നിലേയ്ക്ക് വന്ന് അങ്ങയെ പ്രകോപിപ്പിക്കുകയാണ്. നമ്മുടെ സുഹൃത്ത് സ്പീക്കറാകുമ്പോൾ നമുക്ക് സന്തോഷമുണ്ടാകില്ലേ; അത് നിങ്ങൾ മനസ്സിലാക്കാതെ അദ്ദേഹത്തെ മുൾമുനയിൽ നിർത്തുകയാണ്. അടിയന്തരപ്രമേയം അവതരിപ്പിക്കുമ്പോൾ ബഹു. സ്പീക്കറെ പ്രകോപിപ്പിക്കുന്നത് ചരിത്രത്തിലുണ്ടായിട്ടുണ്ടോ; പ്രതിപക്ഷാംഗങ്ങളാണ് ഇങ്ങനെ ചെയ്തതെങ്കിൽ അത് മനസ്സിലാക്കാം.

ശ്രീ. കെ. വി. സുമേഷ്: സർ, ഇന്നത്തെ ഇന്ത്യൻ രാഷ്ട്രീയ സാഹചര്യത്തിൽ ഫെഡറൽ സിസ്റ്റത്തിന് വിരുദ്ധമായി കേന്ദ്ര ഗവൺമെന്റ് കേരളത്തോട് സാമ്പത്തിക ഉപരോധം കാണിക്കുന്നതും അന്വേഷണ ഏജൻസികളെ രാഷ്ട്രീയമായി ഉപയോഗിക്കുന്നതും സംബന്ധിച്ച് മുസ്ലീം ലീഗിന്റെ അഭിപ്രായമെന്താണ്; അക്കാര്യം നിങ്ങളെന്താണ് പറയാത്തത്?

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഇത് ഞങ്ങൾ വിളിച്ചതല്ലല്ലോ; മുഖ്യമന്ത്രിയല്ലേ വിളിച്ചത്? എല്ലാ ഏജൻസികളും ഇവിടെവന്ന് കണ്ട് പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കത്ത് കൊടുത്തതല്ലേ; അത് സ്റ്റേറ്റിന്റെ അധികാരത്തിൽ പറ്റില്ലെന്ന് പറഞ്ഞതല്ലേ; മുസ്ലീം ലീഗിന് അവരുടേതായ നയമുണ്ട്. അല്ലാതെ ഓന്ത് നിറം മാറുന്നതുപോലെ മാറുന്ന നിങ്ങളുടെ നയമല്ല ഞങ്ങളുടേത്. ഞങ്ങൾക്കൊരു നിലപാടുണ്ടെന്ന് നിങ്ങൾ ആദ്യം മനസ്സിലാക്കണം. ഞങ്ങൾ എന്ന് പറയുന്നത്, ഞങ്ങളുടെ പാർട്ടി പ്രസിഡന്റിനെയാണ്. സംഘടനാ തെരഞ്ഞെടുപ്പ് നടക്കുന്ന സമയത്ത് മലപ്പുറം ജില്ലയിൽനിന്ന് പ്രസംഗിച്ചിട്ടുണ്ട്. ഞങ്ങൾ നിങ്ങളുടെയും കോൺഗ്രസ്സിന്റെയും കൂടെ കൂടിയിട്ടുണ്ട്. പക്ഷേ, ഇരുളിന്റെ മറവിൽനിന്നുകൊണ്ട് മറ്റുള്ളവരെ വഞ്ചിക്കുന്ന പരിപാടി എന്റെ പാർട്ടിക്കില്ലെന്നുള്ളത് ഞങ്ങളുടെ സംസ്ഥാന പ്രസിഡന്റ് പറഞ്ഞിട്ടുണ്ട്. നിങ്ങൾ ഓരോ അനാമത്തുമുണ്ടാക്കി ഓരോന്നുമുണ്ടാക്കുന്നതിന് അത് അന്വേഷിക്കേണ്ടെന്ന് പറയാൻ കഴിയുമോ; സ്വപ്നാ സുരേഷിനോട് തക്കാളി വർത്തമാനം പറഞ്ഞത് ഞങ്ങളാണോ; ഇതൊക്കെ നിങ്ങളുണ്ടാക്കിയ വിനയല്ലേ; മാധ്യമ സ്വാതന്ത്ര്യത്തെക്കുറിച്ച് സഖാക്കൾ വാതോരാതെ പ്രസംഗിക്കുകയാണ്. പത്രക്കാർക്ക്

അക്രഡിറ്റേഷൻ കൊടുത്ത് ഐഡന്റിറ്റി കാർഡ് നൽകുന്ന ഒരു കമ്മിറ്റിയുടെ ചെയർമാനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി. പത്രക്കാരെ നിങ്ങൾ എന്തുകൊണ്ടാണ് സെക്രട്ടേറിയറ്റിൽ കയറ്റാത്തത്; എന്താണ് നിങ്ങൾ മിണ്ടാത്തത്; ഇതിനുള്ളിൽ കയറ്റുന്നുണ്ടോ; നിങ്ങൾക്ക് എവിടെയാണ് ജനാധിപത്യം? പടച്ചോൻ കാത്തതുകൊണ്ടാണ് ഇതൊരു ജനാധിപത്യ രാജ്യമായത്, അല്ലെങ്കിൽ ഇവിടം നിങ്ങളൊക്കെ കൊറിയയെ പോലെ ആക്കുമായിരുന്നു; നിങ്ങൾ ആരാണ്; നിങ്ങൾക്ക് എന്ത് നയമാണുള്ളത്? സംസ്ഥാനത്ത് ധാരാളം പദ്ധതികൾ വന്നിട്ടുണ്ട്. നിങ്ങൾ ജനകീയ ഹോട്ടൽ പ്രഖ്യാപിച്ച് അവിടെ 20 രൂപയ്ക്ക് ചോറ് ലഭിക്കുമെന്ന് പറയുകയുണ്ടായി. എട്ട് മാസമായിട്ടും അതിന്റെ സബ്സിഡി കൊടുക്കുന്നുണ്ടോയെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്? ഇതുമായി ബന്ധപ്പെട്ട് കുടുംബശ്രീക്കാർ മുഴുവനും കടം വാങ്ങി നടക്കുകയാണ്; അഞ്ചും ആറും ലക്ഷം രൂപയുടെ കടമുണ്ട്. നിങ്ങൾ വെറുതെ ബഹളം വയ്ക്കരുത്. ഗൗരവമുള്ള കാര്യം പറയുമ്പോൾ അതിനെ ഉൾക്കൊള്ളാൻ കഴിയണം. ജനകീയ ഹോട്ടലുകൾക്ക് നിങ്ങൾ എവിടെയാണ് പണം കൊടുത്തത്? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രീ, 20 ശതമാനം ബഡ്ജറ്റിലുണ്ടെങ്കിൽ ഓട്ടോമാറ്റിക്കായി അഡ്മിനിസ്ട്രേറ്റീവ്

സാംഗ്ഷൻ കിട്ടും. ഒരു വർക്കിന് നിങ്ങൾ ആകെ തരുന്നത് മമ്മത് ഉമ്മായ്ക്ക് ചെലവിന് കൊടുക്കുന്നതുപോലെ 5 കോടി രൂപയാണ്. ആ തുകയ്ക്കുള്ള പ്രൊപ്പോസൽ അയച്ചാൽ അത് പി.ഡബ്ല്യു.ഡി.-യിലെ ചീഫ് എഞ്ചിനീയർ കണ്ട് പിന്നീട് ധനകാര്യ വകുപ്പിൽ പോയതിനുശേഷം ഏഴ് അംഗങ്ങളുള്ള ഒരു എ.എസ്. കമ്മിറ്റി ചേർന്ന് അതിന്റെ മിനിട്സ് ഇവരുടെ ഓഫീസിൽ അയച്ച് അവിടെനിന്നും അത് ഒപ്പിട്ട് വന്നതിനുശേഷം അതിന്റെ ഡ്രാഫ്റ്റ് കമ്മിറ്റിയിലെ ഏഴുപേരും ഒപ്പിടണം. അത് കഴിഞ്ഞ് ബന്ധപ്പെട്ട മന്ത്രി കാണണം. എന്ത് ഏർപ്പാടാണിത്? ഒരു വർക്കിന് എ.എസ്. ലഭിക്കണമെങ്കിൽ ഒരു വർഷം കഴിയണം. ഇരുപത് ശതമാനമുള്ള ഒരു വർക്കിനെങ്കിലും ഒരു എ.എസ്. കൊടുക്കാൻ നിങ്ങൾ ഒരു നടപടിയുണ്ടാക്കണ്ടേ? കാലതാമസമില്ലാതെ എ.എസ്. നൽകാനുള്ള നടപടിയുണ്ടാകണ്ടേ? (....ബഹളം......) ഏത് ക്ലാസിലുമുണ്ടാകും പൊട്ടിത്തെറിക്കുന്ന കുറച്ച് കുട്ടികൾ. അതുപോലെ ഈ നിയമസഭയിലും കുറച്ചുപേരുണ്ട്. കാര്യം പറഞ്ഞാൽ നിങ്ങൾക്ക് മനസ്സിലാകണ്ടേ? അതുകൊണ്ട് എനിക്ക് പറയാനുള്ളത്, നിങ്ങളുടെ ഭരണകാലത്ത് നിങ്ങൾ എന്താണ് ചെയ്തതെന്ന് നിങ്ങൾ ആലോചിക്കണം. ദുരിതാശ്വാസ സംഭാവനയെക്കുറിച്ചും സഹകരണത്തെക്കുറിച്ചും ഞാൻ പറയുന്നില്ല.

അനങ്ങിയാൽ ട്രഷറിയിലെ സിസ്റ്റത്തിന് തകരാറാണ്. ഒരു ഗവൺമെന്റ് പറയുകയാണ്, ഞങ്ങൾ ഒന്നാം തീയതി ശമ്പളം കൊടുക്കും; അഞ്ചാം തീയതി ശമ്പളം കൊടുക്കുമെന്ന്. എല്ലാ ഭരണകാലത്തും അങ്ങനെതന്നെയല്ലേ ചെയ്യുന്നത്. അതൊരു ആനക്കാര്യമായിട്ടാണ് മന്ത്രിമാർ പറയുന്നത്. നിങ്ങൾക്ക് വേറെ പണിയൊന്നുമില്ലേ; ക്രിയാത്മകമായി കാര്യങ്ങൾ പറയണ്ടേ എന്നു പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ തുടർച്ചയായി തെരഞ്ഞെടുപ്പ് നടക്കുമ്പോൾ എൽ.ഡി.എഫ്. തയ്യാറാക്കിയ പ്രകടനപത്രികയിൽ 900 വാഗ്ദാനങ്ങളാണ് മുന്നോട്ടുവച്ചത്. അതിൽ 80 ശതമാനത്തിലധികവും പ്രാഥമിക ഘട്ടത്തിലേയ്ക്കെത്തുകയും അതിന്റെ പ്രവർത്തനങ്ങൾ പുരോഗതിയിലേയ്ക്ക് നീങ്ങുകയുമാണ്. അതിന്റെ ഭാഗമായി, 2026-ഓടെ 40 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നാണ് എൽ.ഡി.എഫ്. പ്രഖ്യാപിച്ചിട്ടുള്ളതും അതിനനുസരിച്ചാണ് നീങ്ങുന്നതും. ഉന്നതവിദ്യാഭ്യാസ രംഗം പരിഷ്കരിച്ചും മൂല്യവർദ്ധിത വ്യവസായങ്ങൾക്ക് പ്രാധാന്യം നൽകിയും നൂതന സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് മുന്നേറ്റം നടത്തിയുമാണ് മുന്നോട്ടുപോകുന്നത്. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ

വരുമ്പോൾ മൂന്ന് ഐ.ടി. പാർക്കുകളിലായി 640 കമ്പനികളും 78,068 ജീവനക്കാരുമാണുണ്ടായിരുന്നത്. ഇപ്പോൾ അത് 1106 കമ്പനികളും 1,35,288 ജീവനക്കാരുമായി മാറി. 17,356 കോടി രൂപയുടെ ഐ.ടി. കയറ്റുമതിയും ഇക്കാലയളവിൽ നടന്നിട്ടുണ്ട്. ഇത് കൂട്ടായ പ്രവർത്തനത്തിന്റെ ഭാഗമായാണ്. വിവിധ മേഖലകളിലായി ഈ ഗവൺമെന്റിന് മുപ്പത്തിയഞ്ചിലേറെ അവാർഡുകളാണ് ലഭിച്ചിട്ടുള്ളത്. നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ കേരളം തുടർച്ചയായി നാലാം തവണയും ഒന്നാം സ്ഥാനം നേടിയിരിക്കുകയാണ്. നീതി ആയോഗിന്റെ ദേശീയ മൾട്ടി ഡയമെൻഷണൽ ദാരിദ്ര്യ സൂചികയിൽ കുറവുള്ള സംസ്ഥാനമായി കേരളം വന്നു. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ മികവിന്റെ സൂചികയിൽ ഒന്നാം സ്ഥാനമാണ് കേരളത്തിനുള്ളത്. വിദ്യാഭ്യാസ അവസരത്തിനും സൗകര്യത്തിനും ഇന്ത്യയിലെ മികച്ച സംസ്ഥാനമായി കേരളത്തെ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം തെരഞ്ഞെടുത്തു. അഴിമതിമുക്ത പോലീസ് സേവനത്തിൽ കേരളം ഒന്നാമതെന്ന് ഇന്ത്യൻ പോലീസ് ഫൗണ്ടേഷൻ; ആരോഗ്യ മേഖലയ്ക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ്; കേരള ടൂറിസത്തിന് അന്താരാഷ്ട്ര പുരസ്കാരം; ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനവും കേരളമാണ്. ഇന്ത്യ ടുഡേ ന്യൂസ് മാഗസിൻ സ്റ്റേറ്റ്

സർവേ 2021-ൽ കേരളത്തെ ഭാരതത്തിലെ മോസ്റ്റ് ഹാപ്പിയസ്റ്റ് സ്റ്റേറ്റായി പ്രഖ്യാപിച്ചു. കഴിഞ്ഞ വർഷത്തിനുമുമ്പ് ഇന്ത്യാ ടു ഡേ നടത്തിയ സർവ്വേയിൽ പാലുത്പാദന മേഖലയിൽ കേരളം മുന്നോട്ടുവന്നിട്ടുണ്ട്. കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് ഭാരത സർക്കാരിന്റെ മിനിസ്ട്രി ഓഫ് ഫിനാൻസിന്റെ സർട്ടിഫിക്കറ്റ് ഓഫ് അപ്രീസിയേഷൻ ലഭിച്ചു. അങ്ങനെ മുപ്പത്തിയഞ്ചിലേറെ അവാർഡുകളാണ് ഇതിനകം ലഭിച്ചിട്ടുള്ളത്. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നത് 1957-ലാണ്. ഭൂമിക്കുവേണ്ടിയുള്ള സമരത്തിന്റെ തുടർച്ചയായി, ഈ സർക്കാർ പട്ടയം നൽകുന്ന കാര്യത്തിൽ ഏറെ മുന്നോട്ടുപോകുകയാണ്. കഴിഞ്ഞ വർഷം 54,356 പട്ടയങ്ങൾ നൽകിയിട്ടുണ്ട്. ഇപ്പോൾ പട്ടയം മിഷൻ നടപ്പാക്കി. നൂറുദിന കർമ്മ പദ്ധതിയിലുൾപ്പെടുത്തി 40,000 പട്ടയങ്ങൾ വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. സമ്പൂർണ്ണ സൗജന്യ വിദ്യാഭ്യാസം എന്ന മുദ്രാവാക്യം വച്ചുകൊണ്ട് സർക്കാർ മുന്നോട്ടുപോകുകയാണ്. നാല് മിഷനുകൾ പ്രഖ്യാപിച്ചതിനെ സംബന്ധിച്ച് നേരത്തെ ഇവിടെ സൂചിപ്പിച്ചു. പത്ത് ലക്ഷം വിദ്യാർത്ഥികളാണ് ഗവൺമെന്റ്/ഗവൺമെന്റ് എയ്ഡഡ് മേഖലയിലേയ്ക്ക് പുതുതായി ഇതിന്റെ ഭാഗമായി കടന്നുവന്നിട്ടുള്ളത്. വിദ്യാഭ്യാസ മേഖലയിൽ അത്രയേറെ വലിയ മാറ്റങ്ങളാണ് നമ്മുടെ

സംസ്ഥാനത്ത് വന്നിട്ടുള്ളത്. മിഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ മറ്റ് പലരും നേരത്തെ സൂചിപ്പിച്ചതിനാൽ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. സംസ്ഥാനത്തെ 64 പദ്ധതികളിലായി 5,682 കോടി രൂപയുടെതിനാണ് കിഫ്ബി അനുമതി നൽകിയെന്നാണ് ഇന്നത്തെ ദിനപത്രത്തിൽനിന്നും അറിയാൻ കഴിഞ്ഞത്. ആകെ 80,352 കോടി രൂപയുടെ 1057 പദ്ധതികളാണ് കിഫ്ബിക്ക് കീഴിൽ കേരളത്തിൽ നടപ്പാക്കുന്നത്. കേരളത്തിലൂടെയൊന്ന് യാത്ര ചെയ്താലോ, ദേശീയപാത കണ്ടാലോ നമുക്കത് വ്യക്തമാകും. ഞാനതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. അങ്ങനെ പശ്ചാത്തല മേഖലയിലും വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിലുമുണ്ടായ മാറ്റങ്ങൾ ഒരു നവകേരള സൃഷ്ടിക്കുവേണ്ടിയുള്ള പ്രവർത്തനത്തിന്റെ ഭാഗമാണെന്ന് കാണാൻ സാധിക്കും. ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യുമാണ് ഇന്ന് ഇന്ത്യ ഭരിക്കുന്നതെന്ന വാർത്തകൾ വന്നിരിക്കുന്നു. ഹിന്ദുത്വ രാഷ്ട്രീയവാദം ഉയർത്തിപ്പിടിക്കുന്നതിന്റെ ഭാഗമായി വിവിധ സംഘടനകളും എം.പി.-മാരും മറ്റ് വ്യക്തികളും കോടതിയിലും മറ്റുമായി പല ശ്രമവും നടത്തിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയിലെ സ്ഥാരകങ്ങളുടെ പേര് മാറ്റണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാന്യനായ ഒരു എം.പി. സുപ്രീംകോടതിയെ സമീപിച്ചു. എന്നാൽ അത്തരമൊരു

നിലപാടിനോട് സുപ്രീംകോടതിക്ക് യോജിക്കാൻ കഴിയില്ല. ഇതുമായി ബന്ധപ്പെട്ട് വളരെ സന്തോഷകരമായ ഒരു വിധി വന്നത് നമുക്ക് കാണാൻ സാധിച്ചു. ബ്രിട്ടീഷുകാരുടെ ഭരണകാലത്ത് അവരെടുത്ത തന്ത്രമാണ് നിങ്ങളെടുക്കുന്നതെന്നും ഇതൊരു മതേതര രാഷ്ട്രമാണെന്നുമുള്ള ബോധ്യം നിങ്ങൾക്കുണ്ടാകണമെന്നും ആ ബെഞ്ച് വിധിച്ചത് ഏറെ സ്വാഗതാർഹമാണ്. അക്കാലത്ത് നടപ്പാക്കിയ നടപടികളിലേയ്ക്കാണ് ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും പോകുന്നതെന്നാണ് സുപ്രീംകോടതി പറയുന്നത്. അതിനെതിരെയുള്ള പോരാട്ടം ഇന്ത്യയിൽ നടക്കേണ്ടതുണ്ടെന്ന് കോടതി പോലും സൂചിപ്പിച്ചു. ആ നിലയിലേയ്ക്ക് പോകാനാണ് കമ്മ്യൂണിസ്റ്റ് പാർട്ടികളുൾപ്പെടെ അതിന്റെ പാർട്ടി കോൺഗ്രസ്സുകൾ തീരുമാനമെടുത്തിട്ടുള്ളത്. അത് സാന്ദർഭികമായി ഞാനിവിടെ സൂചിപ്പിച്ചതാണ്.

ലൈഫ് പദ്ധതിയുടെ ഭാഗമായി 322000-ലധികം വീടുകൾ ഇതിനകം നിർമ്മിച്ചുനൽകാൻ കഴിഞ്ഞിട്ടുണ്ട്. ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് ഇപ്പോൾ വന്നിട്ടുള്ള പഞ്ചായത്ത് ലിസ്റ്റിൽ സ്വന്തമായി സ്ഥലമില്ലാത്തവരുടെ പേരുകളുമുണ്ട്. അവരെ ഈ ലിസ്റ്റിൽത്തന്നെ ഉൾപ്പെടുത്തികൊണ്ട് ഈ വിഷയത്തിന് പരിഹാരം കാണുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ ഗവൺമെന്റിന്റെ ഭരണകാലാവധി പൂർത്തിയാകുന്നതിന് മുൻപ് വീടില്ലാത്തവർ എന്നൊരു വിഭാഗം കേരളത്തിലുണ്ടാകാത്ത തരത്തിൽ പദ്ധതി പൂർത്തീകരിക്കും. പക്ഷേ, ലിസ്റ്റിൽ പേര് വന്നിട്ടും വീട് ലഭിക്കാത്ത സാഹചര്യമുണ്ടാകുമോയെന്ന അവരുടെ ഭീതി നമുക്ക് പരിഹരിക്കാൻ സാധിക്കണം. ഇന്ന് ഇ.ഡി. (എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്)-യുമായി ബന്ധപ്പെട്ട ഒരു ചർച്ച സഭയിൽ നടക്കുകയുണ്ടായി. തുടർന്ന് മറ്റ് ബഹുമാനപ്പെട്ട അംഗങ്ങൾ ഇരുഭാഗത്തുനിന്നും അത് സൂചിപ്പിച്ചു. കഴിഞ്ഞ തെരഞ്ഞെടുപ്പ് വേളയിലാണ് ബി.ജെ.പി.-യും കോൺഗ്രസ്സും ചേർന്ന് ഇ.ഡി.-യുടെ അന്വേഷണവുമായി ബന്ധപ്പെട്ട പൊറാട്ടുനാടകം കളിച്ചത്. പക്ഷേ, കേരളം അത് ഉൾക്കൊള്ളാത്തതിന്റെ ഫലമായി തുടർഭരണം ഇടതുപക്ഷത്തിന് ലഭിച്ചു. ഇടതുപക്ഷ ജനാധിപത്യമുന്നണിയെ വൻഭൂരിപക്ഷത്തോടെ കേരളം വിജയിപ്പിക്കുകയാണ് ചെയ്തത്. അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഒറ്റതിരിഞ്ഞാക്രമിച്ച് കീഴ്പ്പെടുത്തിക്കളയാമെന്ന ധാരണ നിങ്ങൾക്ക് വേണ്ട. അങ്ങനെ കീഴ്പ്പെടുന്ന ഒരു വ്യക്തിയല്ല അദ്ദേഹം. അത്തരമൊരു സമീപനം കേരളീയ സമൂഹം അനുവദിക്കുകയില്ലെന്നതിന്റെ തെളിവാണ് 99 സീറ്റുമായി

എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുവന്നത്. അതിൽനിന്ന് നിങ്ങൾ പാഠം ഉൾക്കൊണ്ടില്ല. അതിന്റെ ഫലമായാണ് നിങ്ങൾ വീണ്ടും ഇ.ഡി.-യെ പൂജിച്ചുകൊണ്ടുനടക്കുന്നത്. റായ്പൂർ പ്ലീനറി സമ്മേളനത്തിലെ പ്രമേയം ഇവിടെ സൂചിപ്പിക്കുകയുണ്ടായി; അത് ആവർത്തിക്കാൻ ശ്രമിക്കുന്നില്ല. അത്തരമൊരു നിലപാട് സ്വീകരിക്കുന്നത് നിങ്ങൾക്ക് ഗുണകരമാണോ; പ്രത്യേകിച്ച്, കേരളത്തിൽ മാത്രം ഇത്തരത്തിലൊരു നിലപാട് സ്വീകരിക്കുന്ന പാർട്ടിയുടെ തീരുമാനം ശരിയാണോയെന്ന് നിങ്ങൾ ആലോചിക്കേണ്ടതുണ്ട്. കേരളത്തിൽ പൊതുവിൽ നാമെടുക്കുന്ന ഇത്തരം നിലപാടുകളുടെയെല്ലാം ഭാഗമായി കേരളീയ സമൂഹം എത്രമാത്രം ഈ ഗവൺമെന്റിനെ സ്നേഹിക്കുന്നുവെന്നതിന്റെ തെളിവാണ് നിങ്ങൾക്ക് കാണാൻ സാധിക്കുന്നത്. ഉദാഹരണത്തിന് നമ്മുടെ അച്ഛനോ അമ്മയ്ക്കോ മറ്റ് ബന്ധുക്കൾക്കോ ക്യാൻസർ രോഗം വന്നാൽ ഉള്ള സ്ഥലംപോലും വിറ്റു ചികിത്സ നടത്താൻ നമ്മൾ തയ്യാറാകും. അതുപോലെ കേരളത്തിലെ ഏകദേശം 60 ലക്ഷത്തിലേറെ വരുന്ന പാവപ്പെട്ടവർക്ക് പെൻഷൻ മുടങ്ങരുത്; കാരണം, ഇടതുപക്ഷ സർക്കാരിനെ വിജയിപ്പിച്ചത് അവരാണ്. അതുകൊണ്ടുതന്നെ ഞങ്ങൾക്ക് കൂറ് സാധാരണക്കാരോടാണ്. പെൻഷൻ വിതരണത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കുന്നില്ല.

സാധാരണക്കാരെ സംരക്ഷിച്ചുമാത്രമേ കേരളം മുന്നോട്ടു പോകുന്നുള്ളൂവെന്ന് എൽ.ഡി.എഫ്. പ്രഖ്യാപിച്ചു; അതിന് പണം വേണം; അതിന് നമുക്ക് കേരളീയ സമൂഹത്തിന്റെയാകെ പങ്ക് വേണം. നേരത്തെ പ്രഖ്യാപിച്ചതെല്ലാം ജനകീയ പദ്ധതികളാണ്. അതുപോലെ ഒരു ജനകീയ പദ്ധതിയെന്ന നിലയിൽ അവരുടെ പെൻഷൻ മുടങ്ങാതെ കൊടുക്കാൻ രണ്ട് രൂപ നിങ്ങൾ നൽകണമെന്നാവശ്യപ്പെട്ടു; അത് നൽകാൻ കേരളീയ സമൂഹം തയ്യാറുമാണ്. അതുകൊണ്ടാണല്ലോ അതുമായി ബന്ധപ്പെട്ട സമരവുമായി നിങ്ങൾക്ക് ശക്തമായി മുന്നോട്ടുപോകാൻ സാധിക്കാതിരുന്നത്. ഏതായാലും ആ നിലപാടിനെ കേരളീയ സമൂഹം അംഗീകരിച്ചിട്ടുണ്ട്. തീർച്ചയായും ഇത്തരം സമീപനങ്ങളെല്ലാം കേരളത്തിലെ ഗവൺമെന്റെടുക്കുന്നത് സാധാരണക്കാർക്ക് വേണ്ടിയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ തുടർച്ചയെന്ന നിലയ്ക്ക് അവരെടുത്ത നിലപാടുകളെക്കുറിച്ച് സാധാരണക്കാർക്ക് ബോധ്യമുണ്ട്. അതിന്റെ ഭാഗമായാണ് ഈ ഗവൺമെന്റ് രണ്ടാം വർഷത്തിലും നൂറുദിന കർമ്മപദ്ധതിയുമായി മുന്നോട്ടുപോകുന്നത്. നാട്ടിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ നമുക്ക് പരസ്പരമറിയാൻ കഴിയുന്ന ഒരവസരമാണ് അതിലൂടെ കടന്നുവരുന്നതെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നവകേരളം കെട്ടിപ്പടുക്കുകയെന്ന എൽ.ഡി.എഫ്.-ന്റെ സ്വപ്നപദ്ധതി സാക്ഷാത്കരിക്കുന്നതിലേയ്ക്കുള്ള പ്രയാണത്തിൽ കഴിഞ്ഞ ഏഴുവർഷക്കാലമായി പിണറായി വിജയൻ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ സമാനതകളില്ലാത്തതാണ്. ഒട്ടനവധി പ്രതിബന്ധങ്ങളും സാമ്പത്തിക പ്രതിസന്ധികളുമുണ്ടായിട്ടും വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് ഒരു തടസ്സവുമുണ്ടായിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. മതനിരപേക്ഷ-അഴിമതിരഹിത-വികസിത കേരളം എന്നതാണ് എൽ.ഡി.എഫ്. സർക്കാരിന്റെ ലക്ഷ്യം. കേരളത്തിൽ ഒരിക്കലും നടക്കാൻ സാധ്യമല്ലെന്ന് യു.ഡി.എഫ്.-ഉം ചില മാധ്യമങ്ങളും പ്രചരിപ്പിച്ച ഒട്ടനവധി പദ്ധതികൾ ഒന്നും രണ്ടും പിണറായി വിജയൻ സർക്കാരുകൾ നടപ്പാക്കിയിട്ടുണ്ട്. ഗ്യാസ് പൈപ്പ് ലൈൻ, വിഴിഞ്ഞം തുറമുഖം, ദേശീയപാതാ വികസനം, വ്യവസായ വികസനം, ജനകീയ വിദ്യാഭ്യാസം, കാർഷിക വികസനം, തൊഴിൽദായകം, പരിസ്ഥിതി സംരക്ഷണം, പൊതുഗതാഗത വികസനം തുടങ്ങിയ നിരവധി പദ്ധതികൾ കേരളത്തിൽ ഭംഗിയായി നടപ്പാക്കിയിട്ടുണ്ട്. കേരളത്തിൽ വികസന ക്ഷേമപ്രവർത്തനങ്ങൾ നടക്കണമെങ്കിൽ എൽ.ഡി.എഫ്. സർക്കാർ

അധികാരത്തിൽ വരണം. ശ്രീ. പിണറായി വിജയനെപ്പോലെ ആർജ്ജവമുള്ള ഒരു മുഖ്യമന്ത്രി കേരളത്തിന് ഉണ്ടെങ്കിൽമാത്രമേ ഇവിടെ വികസന പ്രവർത്തനങ്ങൾ നടക്കുകയുള്ളൂവെന്ന് കാലം തെളിയിച്ചിരിക്കുകയാണ്. ബഹുമാന്യരായ പ്രതിപക്ഷനേതാവിനോടും പ്രതിപക്ഷാംഗങ്ങളോടും ഒരു കാര്യം ചോദിക്കാനുണ്ട്. നിങ്ങൾക്ക് മുൻ കോൺഗ്രസ്സ് എം.പി. ആയിരുന്ന ഇഹ്സാൻ ജാഫ്രിയെ ഓർമ്മയുണ്ടോ? അദ്ദേഹത്തിന്റെ രക്തസാക്ഷിത്വ ദിനമാണ് ഇന്ന്. 2002 ഫെബ്രുവരി 28-ന് സംഘ് പരിവാർ കലാപകാരികൾ അഹമ്മദാബാദിലെ ഗുൽബർഗ് സൊസൈറ്റി ആക്രമിച്ച് ഏകദേശം 69 പേരെ കൊലപ്പെടുത്തുകയുണ്ടായി. അതിൽ രക്തസാക്ഷിത്വം വഹിച്ച വ്യക്തിയാണ് ഇഹ്സാൻ ജാഫ്രി. ഇതുസംബന്ധിച്ച് അദ്ദേഹത്തിന്റെ വിധവ കഴിഞ്ഞ 20 കൊല്ലങ്ങളായി നിയമപോരാട്ടത്തിലാണ്. അദ്ദേഹത്തിന്റെ രക്തസാക്ഷിത്വ ദിനം കോൺഗ്രസ്സിൽ ആർക്കും ഓർമ്മയില്ലെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്റെ ഫേസ്ബുക്ക് പേജിൽ കുറിച്ചത് ഇങ്ങനെയാണ്, 'സംഘ് പരിവാറിന്റെ ആക്രമണോത്സുക വർഗ്ഗീയതയ്ക്കെതിരെയുള്ള സാകിയയുടെ പോരാട്ടങ്ങൾക്കൊപ്പം ഐക്യപ്പെടാൻ മതനിരപേക്ഷ ഇന്ത്യയോട് ആഹ്വാനം ചെയ്യുന്നതാണ് ഇഹ്സാൻ ജാഫ്രിയുടെ സ്മരണ' എന്നാണ്.

ഇതാണ് ഇടതുപക്ഷം; ഇതാണ് സംഘ് പരിവാറിനോടുള്ള കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം. കോൺഗ്രസ്സുകാർക്ക് എന്ത് ഇഹ്സാൻ ജാഫ്രി? ബി.ജെ.പി.-യുടെ 'ബി' ടീമാണ് നിങ്ങൾ. 'ഇ.ഡി., മോഡി ' ഇതൊക്കെയാണ് നിങ്ങളുടെ പ്രധാനപ്പെട്ട ആപ്തവാക്യം. കേരളത്തിന്റെ കെ.പി.സി.സി. പ്രസിഡന്റ് ഇടയ്ക്കിടെ പറയുന്ന ഒരു കാര്യമുണ്ട്. 'ഞാൻ ബി.ജെ.പി.-യിൽ ചേരും, എന്നുമാത്രമല്ല 'ഞങ്ങൾ ആർ.എസ്.എസ്.-ന്റെ ശാഖയ്ക്ക് കാവലേർപ്പെടുത്തിയിട്ടുണ്ട്, ഇനിയും കാവൽ നിൽക്കും' എന്നാണ്. അതിനുവേണ്ടി അദ്ദേഹം കൂട്ടുപിടിക്കുന്നത് ഭാരതത്തിന്റെ ആദ്യത്തെ പ്രധാനമന്ത്രിയും കോൺഗ്രസ്സിന്റെ സമുന്നത നേതാവുമായിരുന്ന ജവഹർലാൽ നെഹ്റുവിനെയാണ്. നെഹ്റു സംഘ് പരിവാറുമായി സന്ധി ചെയ്തിട്ടുണ്ടെന്ന് അദ്ദേഹം അതിനെ ന്യായീകരിക്കുകയാണ്. ഇങ്ങനെ പറയുന്ന കോൺഗ്രസ്സിന്റെ നേതാവും കോൺഗ്രസും ബി.ജെ.പി.-യുടെ 'ബി' ടീം ആണെന്ന കാര്യത്തിൽ ആർക്കെങ്കിലും തർക്കമുണ്ടാകുമോ; അതുകൊണ്ട് ഈ നാട്ടിലെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനോ അതിലിടപെടാനോ ധാർമ്മികമായിപ്പോലും കഴിയാത്ത അവസ്ഥയിലേയ്ക്ക് എത്തുകയും ബി.ജെ.പി.-യുമായി ഒത്തുതീർപ്പിന് പോകുകയുമാണ് നിങ്ങൾ ചെയ്യുന്നത്.

പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് രണ്ട് രൂപ സെസ്സ് ഏർപ്പെടുത്തിയതിനെയാണ് നിങ്ങളിവിടെ വലിയ പ്രശ്നമായി അവതരിപ്പിക്കുന്നത്. 'നികുതി ഭീകരത' എന്നുപറഞ്ഞ് യു.ഡി.എഫ്. സമരം തുടങ്ങി. ക്ഷേമ പെൻഷൻ സംബന്ധിച്ച് നിങ്ങളുടെ അഭിപ്രായമെന്താണെന്നാണ് ബഹു. പ്രതിപക്ഷനേതാവിനോട് ചോദിക്കാനുള്ളത്; ക്ഷേമ പെൻഷൻ കൊടുക്കണമെന്നാണോ; കൊടുക്കണ്ടെന്നാണോ? കൊടുക്കണ്ടെന്നാണ് പറയുന്നതെങ്കിൽ നിങ്ങളെക്കുറിച്ച് ആലോചിക്കാനുണ്ട്. അതല്ല, കൊടുക്കണമെന്നാണ് പറയുന്നതെങ്കിൽ, എങ്ങനെ കൊടുക്കണം; എവിടെനിന്നാണ് വിഭവം എന്നതിനെക്കുറിച്ച് ആലോചിക്കണം. കേന്ദ്ര ഗവൺമെന്റ് സാമ്പത്തികമായി പലതരത്തിലുള്ള ബുദ്ധിമുട്ടുകളുമുണ്ടാക്കുന്നുവെന്ന് എല്ലാവർക്കും അറിയാം. അതിനാൽ രണ്ട് രൂപ സെസ്സ് ഏർപ്പെടുത്തുകയല്ലാതെ മറ്റെന്താണ് മാർഗ്ഗം? നികുതി പിരിക്കാനുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്കുണ്ടോ; രണ്ട് രൂപ സെസ്സ് ഏർപ്പെടുത്തിയത് മഹാപരാധമായിയെന്നൊക്കെ പറഞ്ഞ് നിങ്ങൾ സമരം തുടങ്ങിയിരിക്കുകയാണ്. സമരം നടത്തുമ്പോൾ കുറച്ച് ആളുകളെക്കൂട്ടി ചെയ്യണ്ടേ; രണ്ട് ആളുകളാണോ കരിങ്കൊടി കാണിക്കേണ്ടത്? ഞങ്ങളും

കരിങ്കൊടി കാണിച്ചിട്ടാണ് ഇവിടേയ്ക്ക് അംഗമായി വന്നത്. കൂത്തുപറമ്പിൽ കരിങ്കൊടി കാണിച്ചു; അവിടെ ആയിരക്കണക്കിന്/പതിനായിരക്കണക്കിന് ആളുകളുണ്ടായിരുന്നില്ലേ? നിങ്ങൾ വെടിവച്ച് കൊന്നില്ലേ? 1986-ൽ കാസർഗോഡ് കരിങ്കൊടി കാണിച്ചപ്പോൾ ഞാൻ ഡി.വൈ.എഫ്.ഐ.-യുടെ ജില്ലാ പ്രസിഡന്റായിരുന്നു. അന്ന് ബാലകൃഷ്ണനെ വെടിവച്ചുകൊന്നില്ലേ? അവിടെ നാലായിരത്തോളം ആളുകൾ അണിനിരന്നാണ് കരിങ്കൊടി കാണിച്ചത്; അല്ലാതെ നിങ്ങളെപ്പോലെ രണ്ടാളുകളല്ല കരിങ്കൊടി കാണിച്ചത്. ബഹു. മുഖ്യമന്ത്രി തീവണ്ടി മാർഗ്ഗം പോകുമ്പോൾ അതിനുമുന്നിൽ കരിങ്കൊടിയും പിടിച്ച് ചാടാൻ നിങ്ങളുടെ ആളുകൾക്ക് ധൈര്യമുണ്ടോ; നിങ്ങൾ എന്ത് സമരമാണ് നടത്തുന്നത്? ഒരു കേന്ദ്രം നിശ്ചയിച്ച് നാലാളെക്കൂട്ടി സമരം ചെയ്യുന്നതിനുപകരം ഓടുന്ന വണ്ടിയുടെ മുന്നിലേയ്ക്ക് ചാടി ആത്മാഹുതി ചെയ്യാൻ പുറപ്പെടുന്ന രീതിയാണ് നിങ്ങളുടേത്. അതുകൊണ്ടാണ് ആ സമരത്തിന് പിന്തുണ നൽകാതെ ജനം തള്ളിക്കളയുന്നത്. ഡി.വൈ.എഫ്.ഐ. കഴിഞ്ഞാൽ സാമാന്യം ഭേദപ്പെട്ട സംഘടനയാണ് യൂത്ത് കോൺഗ്രസ്സ്. സമരത്തിന് നാലാളെ കൂട്ടാൻ സാധിക്കുന്നില്ലെങ്കിൽ യൂത്ത് കോൺഗ്രസ്സിനത് നാണക്കേടാണെന്നാണ് ശ്രീ. ഷാഫി പറമ്പിലിനോട് പറയാനുള്ളത്. ക്ഷേമ പെൻഷൻ

നൽകണമെന്നത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഉറച്ച തീരുമാനമാണ്. നമ്മുടെ നാട്ടിലെ പാവപ്പെട്ട അഗതികൾക്കും വിധവകൾക്കും വാർദ്ധക്യം ബാധിച്ചവർക്കും മാസത്തിൽ 1,600 രൂപ വീതമാണ് പെൻഷൻ നൽകുന്നത്. മറ്റ് ഏത് സംസ്ഥാനത്താണ് ഇത്രയും തുക ക്ഷേമ പെൻഷൻ നൽകുന്നത്. കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനത്ത് എത്രയാണ് കൊടുക്കുന്നത്? ഇവിടെ അരി വാങ്ങാനും മറ്റ് അത്യാവശ്യ കാര്യങ്ങൾ നിർവ്വഹിക്കാനും പാവപ്പെട്ടവർ ക്ഷേമ പെൻഷനുവേണ്ടി കാത്തിരിക്കുകയാണ്. അത് നൽകണം; അതിന് പണം ആവശ്യമാണ്; അതുകൊണ്ടാണ് രണ്ട് രൂപ സെസ്സ് ഏർപ്പെടുത്തിയത്. ഇത് വലിയ കാര്യമായിപ്പോയെങ്കിൽ, ബി.ജെ.പി. ഗവൺമെന്റ് 20 രൂപ സെസ്സ് ഏർപ്പെടുത്തിയപ്പോൾ നിങ്ങൾ എന്താണ് സമരം ചെയ്യാത്തത്? അത് നിങ്ങൾക്കൊരു വിഷയമല്ലല്ലോ; കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനങ്ങളിൽ പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് കേരളത്തേക്കാൾ വിലയുണ്ട്. ഇവിടെ രണ്ട് രൂപ സെസ്സ് കൂട്ടിയാലുണ്ടാകുന്നതിനേക്കാൾ വില അവിടെ കൂടുതലാണല്ലോ; അതിന് നിങ്ങൾ ഒന്നും പറയുന്നില്ലല്ലോ; അപ്പോൾ നിങ്ങൾ ചെയ്യുന്ന സമരത്തിന് യാതൊരു അർത്ഥവുമില്ല. ജനങ്ങൾ പുച്ഛിച്ച് അവഗണിച്ച സമരമാണ് യു.ഡി.എഫ്. ഇപ്പോൾ നടത്തുന്നത്. എന്താണ് ഈ

ഗവൺമെന്റ് ചെയ്തത്; ഒരു കാര്യവും ഇവിടെ നടക്കുന്നില്ലായെന്ന് പറയുകയുണ്ടായി. ഈ സർക്കാരിന്റെ മൂന്നാമത്തെ നൂറുദിന കർമ്മ പരിപാടിയിൽ 17,896.03 കോടി രൂപയുടെ 1284 പദ്ധതികളാണ് നടപ്പാക്കാൻ പോകുന്നത്. ഇതൊന്നും കാണാതെ ഇവിടെ ഒന്നും നടക്കുന്നില്ലെന്ന് പ്രചരിപ്പിച്ചതുകൊണ്ട് നിങ്ങൾക്കെന്താണ് നേടാനാകുന്നത്? നിങ്ങളുടെ നിയോജകമണ്ഡലങ്ങളിലും പദ്ധതികൾ നടക്കുന്നില്ലേ; കേരളത്തിലാകെ പദ്ധതികൾ നടക്കുന്നില്ലേ? മഞ്ചേശ്വരത്തുനിന്ന് തുടങ്ങിയ ദേശീയപാതയുടെ പ്രവർത്തനം അത്ഭുതകരമായ രീതിയിൽ അതിവേഗതയിലാണ് നടന്നുകൊണ്ടിരിക്കുന്നത്. ഒരു വർഷംകൊണ്ട് പണി പൂർത്തിയാകും. അതോടെ കേരളമാകെ മാറും. അത് യു.ഡി.എഫ്. ഉപേക്ഷിച്ച പദ്ധതിയല്ലേ; യു.ഡി.എഫ്. ഗവൺമെന്റായിരുന്നെങ്കിൽ ആ പദ്ധതി നടപ്പാകുമെന്ന് തോന്നുന്നുണ്ടോ; ഒരിക്കലും നടക്കുമായിരുന്നില്ല. ഉപേക്ഷിക്കപ്പെട്ട പദ്ധതി നടത്തുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉറച്ച നിലപാടെടുത്ത് ഇടപെട്ടതിന്റെ ഫലമായിട്ടാണ് അത് നടപ്പാക്കാൻ സാധിച്ചത്. അപ്പോൾ ഇതെല്ലാം വെറുതെ നടക്കുന്നതാണോ? കേരളത്തിൽ ഭൂമിക്ക് വില കൂടുതലായതുകൊണ്ട് ഭൂമി ഏറ്റെടുക്കാൻ സാധിക്കില്ലെന്ന് വന്നപ്പോൾ ചർച്ച ചെയ്ത് 25 ശതമാനം പണം നൽകിയാണിത് ഏറ്റെടുക്കാൻ

തയ്യാറായത്. ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ നാട്ടിൽ വികസന പ്രവർത്തനങ്ങൾ ഏറ്റവും കൂടുതൽ നടന്നുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. തൊഴിലുറപ്പ് പദ്ധതി കോൺഗ്രസാണ് കൊണ്ടുവന്നതെന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് പറയുകയുണ്ടായി. നിങ്ങൾക്ക് അതിലൊരു പങ്കുമില്ല. ഒന്നാം യു.പി.എ. സർക്കാരിൽ ഇടതുപക്ഷം കോൺഗ്രസ്സിന് പിന്തുണ നൽകുമ്പോൾ അറുപത്തിയഞ്ചോളം എം.പി.-മാരുണ്ടായിരുന്ന ഇടതുപക്ഷം പറഞ്ഞത്, 'ഞങ്ങൾ മന്ത്രിസഭയിൽ പങ്കെടുക്കുന്നില്ല പകരം തൊഴിലുറപ്പ് പദ്ധതിയെ കോമൺ മിനിമം പ്രോഗ്രാമിൽ ഉൾപ്പെടുത്തി നടപ്പാക്കണം' എന്നാണ്. അങ്ങനെ ഇടതുപക്ഷത്തിന്റെ നിർദ്ദേശത്തിന്റെയടിസ്ഥാനത്തിലാണ് അന്നത് നടപ്പാക്കിയത്. അല്ലാതെ കോൺഗ്രസ്സിനതിൽ പങ്കില്ല. ഒന്നാം യു.പി.എ. സർക്കാരിന്റെ ഭരണകാലത്ത് ഇടതുപക്ഷ സമ്മർദ്ദത്തിന്റെ ഫലമായി നടപ്പാക്കിയതാണ് തൊഴിലുറപ്പ് പദ്ധതി; അതിനെയിപ്പോൾ അട്ടിമറിക്കാൻ നോക്കുകയാണ്. തൊഴിലുറപ്പ് പദ്ധതിയുടെ അവകാശി ഞങ്ങളാണെന്ന് നിങ്ങൾ കാണണം. ഒരുകാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. കോവിഡ് കാലത്ത് ഏറ്റവും മാതൃകാപരമായി പ്രവർത്തിച്ച ഒരു സംവിധാനമാണ് ജനകീയ ഹോട്ടലുകൾ. 20 രൂപയ്ക്ക് പാവപ്പെട്ടവർക്ക് ഭക്ഷണം നൽകുകയെന്നത് ഏറ്റവും മാതൃകാപരമായ

കാര്യമാണ്. പ്രത്യേകിച്ചും ഇപ്പോൾ അരി വില കൂടിയ സന്ദർഭത്തിൽ ഇന്ത്യയിൽ ഒരു സ്ഥലത്തും 20 രൂപയ്ക്ക് ഭക്ഷണം നൽകാൻ സാധിക്കില്ല. ജനകീയ ഹോട്ടലുകളുടെ സബ്സിഡി വർദ്ധിപ്പിക്കുകയും അവർക്ക് നൽകാനുള്ള തുക അനുവദിക്കുകയും ചെയ്തുകൊണ്ട് ആ സംവിധാനം നിലനിർത്തണം. നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് ഏറെ ഉപകാരപ്രദമായ ഒരു സംവിധാനമായതുകൊണ്ട് ജനകീയ ഹോട്ടലുകളെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. അതോടൊപ്പം മറ്റ് ഒട്ടനവധി വികസന പ്രവർത്തനങ്ങൾ നമ്മുടെ നാട്ടിൽ നടക്കുകയാണ്. ഞാൻ സമയക്കുറവുകൊണ്ട് മറ്റ് വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇത്രയുംപറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്. കെടുകാര്യസ്ഥതയും നിഷ്ക്രിയത്വവും അനാസ്ഥയും അഴിമതിയുമാണ് ഈ സർക്കാരിന്റെ മുഖമുദ്ര. ആ പശ്ചാത്തലത്തിൽ എങ്ങനെയാണ് പൊതുഭരണത്തിനുള്ള ധനാഭ്യർത്ഥനയെ പിന്തുണയ്ക്കാൻ കഴിയുക. കഴിഞ്ഞ കുറേമാസങ്ങളായി നമ്മുടെ സംസ്ഥാനത്ത് പതിയെ ആരംഭിച്ച് വേഗതയിലായ ഭരണസ്തംഭനം അതിന്റെ പൂർണ്ണതയിലേയ്ക്ക് നീങ്ങുകയാണ്. 25 ലക്ഷം രൂപയ്ക്കുമുകളിലുള്ള

ചെക്കുകളൊന്നും മാറില്ലായിരുന്നു. ഇപ്പോഴത് 10 ലക്ഷം രൂപയായി കുറഞ്ഞിരിക്കുകയാണ്. എന്നിട്ടും കേരളം കടക്കെണിയിലാണെന്ന് പറയുന്നത് ആരാണെന്നാണ് ബഹു. മുഖ്യമന്ത്രി ചോദിക്കുന്നത്. കേരളത്തിന്റെ ശത്രുക്കളാണ് കേരളം കടക്കെണിയിലാണെന്ന് പറയുന്നതെന്നാണ് അദ്ദേഹം പറയുന്നത്. 10 ലക്ഷം രൂപയ്ക്കുമുകളിലുള്ള ചെക്കുകൾ മാറിയില്ലെങ്കിൽ പിന്നെ എന്ത് പ്രവർത്തനമാണ് സംസ്ഥാനത്ത് നടക്കുന്നത്? സാമ്പത്തിക വർഷത്തിന്റെ അവസാനഘട്ട സമയത്താണ് പ്ലാനിൽ ഏറ്റവും കൂടുതൽ തുക ചെലവഴിക്കേണ്ടത്. ഒരു മാസം മുമ്പ് വരെ പ്ലാനിന്റെ ചെലവ് വളരെ കുറവായിരുന്നു. എൽ.എസ്.ജി.ഡി. ഒഴികെയുള്ള ബാക്കി വകുപ്പുകളിൽ അത് 55 ശതമാനമാണ്. എല്ലാ വകുപ്പുകളിലും താഴേയ്ക്കുപോകുകയാണ്. ഏറ്റവും കൂടുതൽ ചെലവുണ്ടാകേണ്ട പ്രധാനപ്പെട്ട സമയത്ത് 10 ലക്ഷം രൂപയ്ക്കുമുകളിലുള്ള ചെക്ക് പാസ്സാകില്ലെന്ന് പറയുകയാണ്. കോൺട്രാക്ടർമാരെല്ലാം അവരുടെ വർക്കുകൾ ഉപേക്ഷിക്കുകയാണ്. 10 ലക്ഷം രൂപയ്ക്കുമുകളിലുള്ള ബില്ലുകൾ മാറിയില്ലെങ്കിൽ ഏത് കോൺട്രാക്ടർക്ക് വർക്ക് അഫോർഡ് ചെയ്യാൻ കഴിയും. വലുതും ചെറുതും ഇടത്തരവുമായ കോൺട്രാക്ടർമാർക്ക് അഫോർഡ് ചെയ്യാൻ സാധിക്കാത്ത തരത്തിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. സമീപ

കാലത്തെങ്ങും കേരളത്തിന്റെ സാമ്പത്തികസ്ഥിതി രക്ഷപെടുന്ന യാതൊരുവിധ സാഹചര്യവുമില്ല; പദ്ധതിപ്രവർത്തനം പൂർണ്ണമായും നിലച്ചിരിക്കുകയാണ്. പണ്ടും നിങ്ങൾക്ക് പദ്ധതിയോട് താൽപ്പര്യമില്ല; നിങ്ങൾ മോദി സ്റ്റൈലിലാണ്; പദ്ധതിയെ നിഷ്പ്രഭമാക്കി കിഫ്ബി പോലെയുള്ള പ്രോജക്ടിലേയ്ക്ക് പോകുകയാണ്. ഞങ്ങൾ കിഫ്ബിയെ എതിർക്കാനുള്ള പ്രധാനപ്പെട്ട കാരണം അതിൽ റിസർവേഷനില്ലായെന്നതാണ്. സർക്കാർ 100 കോടി രൂപ ചെലവാക്കുമ്പോൾ 10 കോടി രൂപ പട്ടികജാതിക്കാർക്കും 2 കോടി രൂപ പട്ടികവർഗ്ഗക്കാർക്കും ചെലവാക്കേണ്ടതല്ലേ; കിഫ്ബിയിൽ എന്ത് റിസർവേഷനാണുള്ളത്? പ്ലാനിംഗിലാണ് പിന്നോക്കക്കാർക്ക് റിസർവേഷനുള്ളത്; അല്ലെങ്കിൽ പ്രയോരിറ്റിയുണ്ടാകും. പ്ലാനിംഗിന്റെ പ്രയോരിറ്റിയെന്താണ്? പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾ, പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾ, പാർശ്വവൽക്കരിക്കപ്പെട്ട ജനസമൂഹങ്ങൾ എന്നിവർക്കൊക്കെ പ്ലാനിംഗിൽ മുൻതൂക്കമുണ്ടാകും. പ്രോജക്ടിൽ ഇതൊന്നുമില്ല; അതാണ് മോദി സ്റ്റൈൽ. പ്ലാനിംഗിൽ താൽപ്പര്യമില്ല, പ്രോജക്ടിനോടാണ് താൽപ്പര്യം. Regional imbalance, Economic imbalance തുടങ്ങി പലരീതിയിലുള്ള imbalances പരിഹരിക്കാനുള്ള ഒരു

ശ്രമവും പ്രോജക്ടിലുണ്ടാകില്ല. കൺസൾട്ടന്റ്, കമ്മീഷൻ പരിപാടി എന്നിവയൊക്കെയായി പ്രോജക്റ്റ് മുന്നോട്ടുപോകും. കേന്ദ്ര സർക്കാരിന് അതാണ് താൽപ്പര്യം. സംസ്ഥാന സർക്കാരും അതേ പാതയിലൂടെയാണ് സഞ്ചരിക്കുന്നത്. ഇപ്പോൾ എന്തായി? കിഫ്ബിയുടെ കാര്യത്തിൽ ഞങ്ങൾ പറഞ്ഞതുതന്നെ യാഥാർത്ഥ്യമായില്ലേ? ഞാൻ കഴിഞ്ഞദിവസം പറഞ്ഞത് ആവർത്തിക്കുന്നില്ല. കിഫ്ബി irrelevant ആണ്. ഇപ്പോൾത്തന്നെ കിഫ്ബിക്ക് കോടിക്കണക്കിന് രൂപ കുടിശ്ശിക വന്നിരിക്കുകയാണ്. ഇതൊരു എക്സ്ട്രാ ബഡ്ജറ്ററി വെഹിക്കിളായിരുന്നുവെങ്കിൽ ബഡ്ജറ്റിന്റെ പരിധിയിൽ വരാതെ ലോൺ എടുക്കാനുള്ള മെക്കാനിസമുണ്ടാകുമായിരുന്നു. ഇപ്പോൾ അതെടുക്കാൻ സാധിക്കില്ല. സംസ്ഥാനത്തിന്റെ കടമെടുപ്പിന്റെ പരിധിയിൽ വരും. പിന്നെ കിഫ്ബിക്ക് എന്താണ് പ്രസക്തി? പി.ഡബ്ല്യൂ.ഡി.-ക്കും വാട്ടർ അതോറിറ്റിക്കും ബാക്കി ഡിപ്പാർട്ട്മെന്റുകൾക്കും ചെയ്യാവുന്ന വർക്ക് എന്തിനാണ് കിഫ്ബി ഹൈജാക്ക് ചെയ്യുന്നത്. അതുമാത്രമല്ല, അതൊരു നല്ലരീതിയല്ല, പ്ലാനിംഗിനെ മാറ്റി പ്രോജക്ടിലേയ്ക്ക് മുഴുവൻ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു സാമ്പത്തിക സമീപനം ശരിയല്ല. അതിനെയാണ് യു.ഡി.എഫ്. ശക്തിയായി എതിർക്കുന്നത്. പാവപ്പെട്ടവർക്കുള്ള പദ്ധതികളെക്കുറിച്ചാണല്ലോ നിങ്ങൾ പറയാറുള്ളത്.

പാവപ്പെട്ട നെൽ കർഷകർ വളരെ വൈകിയാണ് മില്ലുകളുമായി എഗ്രിമെന്റ് ഉണ്ടാക്കിയത്. അതിനുശേഷം നെല്ല് സംഭരിച്ചെങ്കിലും കുറെയൊക്കെ മഴയത്തും ഈർപ്പംബാധിച്ചും നശിച്ചുപോയി. ഇപ്പോൾ നെൽ കർഷകർക്ക് 200 കോടി രൂപ കുടിശ്ശിക നൽകാനുണ്ട്. 28698 കർഷകർക്കാണ് 200 കോടി രൂപയുടെ കുടിശ്ശിക നൽകാനുള്ളത്. കഴിഞ്ഞ ബഡ്ജറ്റിൽ 500 കോടി രൂപ വകയിരുത്തിയ റബ്ബർ വിലസ്ഥിരതാ ഫണ്ടിൽ ഈ ജനുവരി 10-ാം തീയതി വരെ കൊടുത്തത് 10 കോടി രൂപയാണ്. നിരവധി അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. കാരുണ്യ പദ്ധതിയിൽ ഡിസംബർ വരെ 574 കോടി രൂപ കുടിശ്ശികയുണ്ട്. ആറുമാസത്തോളം തുടർച്ചയായി ശമ്പളം ലഭിക്കാത്തതിനെത്തുടർന്ന് ഒരു സാക്ഷരതാ പ്രേരക് ആത്മഹത്യ ചെയ്തു. സാക്ഷരതാ പ്രേരകിനെക്കൊണ്ട് പഞ്ചായത്തിലെ എല്ലാ ജോലിയും ചെയ്യിക്കുകയാണ്. ആറേഴുമാസമായി അവർക്ക് ശമ്പളം കൊടുക്കാൻ ഗവൺമെന്റിന് കഴിയാതിരുന്നിട്ടും ബഹു. മുഖ്യമന്ത്രി പറയുന്നത് കേരളത്തിൽ കടക്കെണിയോ, പ്രശ്നങ്ങളോ, പ്രതിസന്ധികളോ ഇല്ലെന്നാണ്. സാക്ഷരതാ പ്രേരകിന് ശമ്പളം കൊടുക്കാൻ കഴിയുന്നില്ല. വീട്ടിൽ തളർന്നു കിടക്കുന്ന രോഗികളെ പരിചരിക്കുന്നവർക്ക് ധനസഹായം നൽകുന്ന 'ആശ്വാസ കിരണം' പദ്ധതിയിലൂടെ തുക നൽകിയിട്ടെത്ര

മാസമായി; അതിൽ എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ട്? ക്ഷേമ പെൻഷൻ പോലും മുടങ്ങുന്ന അവസ്ഥയിലേക്ക് പോകുകയാണ്, ഇപ്പോൾ കൃത്യമായി കൊടുക്കുവാൻ സാധിക്കുന്നില്ലല്ലോ? ഞങ്ങളെ മാറ്റി എല്ലാം ശരിയാക്കാനല്ലേ നിങ്ങൾ വന്നത്, നിങ്ങൾക്ക് കൊടുക്കാൻ പറ്റുന്നില്ല. (........ബഹളം...........). നിങ്ങൾക്ക് കൊടുക്കാൻ സാധിക്കാത്ത കാര്യമാണ് പറഞ്ഞത്. എയ്ഡ്സ് രോഗികളുടെ പെൻഷനടക്കം മുടങ്ങിയിരിക്കുകയാണ്. കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് പെൻഷൻ ലഭിച്ചിട്ട് എട്ടുമാസമായി. വന്യജീവി ശല്യംകൊണ്ട് നട്ടം തിരിയുമ്പോൾ നഷ്ടപരിഹാരത്തിനായി ഏകദേശം പതിനായിരത്തോളം അപേക്ഷകളാണ് കെട്ടിക്കിടക്കുന്നത്, പണമില്ലാത്തതുകാരണം കൊടുക്കാൻ കഴിയുന്നില്ല. എന്നാൽ അങ്ങ് അതുസംബന്ധിച്ച് മറുപടി പറയണ്ടേ? ഓരോ ഫയലിലും ഒരോ ജീവിതമുണ്ട്, അതുകൊണ്ട് എല്ലാം നോക്കണം എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. ഏകദേശം എട്ടുലക്ഷത്തോളം ഫയലാണ് ഇവിടെ കെട്ടിക്കിടക്കുന്നത്. ആദ്യം മുഖ്യമന്ത്രിയായപ്പോൾ അങ്ങ് ചില പ്രഖ്യാപനങ്ങൾ നടത്തിയിരുന്നു; 'എനിക്കു ചുറ്റും ഉപഗ്രഹങ്ങൾ ഉണ്ടാവില്ല എന്ന്.' അതൊരു നല്ല പ്രഖ്യാപനമായിരുന്നു. ഇപ്പോൾ ഉപഗ്രഹങ്ങളെ മുട്ടി നടക്കാൻ കഴിയാത്ത അവസ്ഥയാണ്. സെക്രട്ടേറിയറ്റിനകത്തും എല്ലാ

സ്ഥലത്തും പവർ ബ്രോക്കർമാരാണ്. എല്ലാസ്ഥലത്തും അമിതമായ അധികാരം കേന്ദ്രീകരിക്കുകയാണ്. അഡ്മിനിസ്ട്രേഷൻ ഓഫ് ജസ്റ്റിസ് എന്നുപറയുന്നത് ഒരു സ്റ്റേറ്റിന്റെ ഏറ്റവും അന്തിമമായ ലക്ഷ്യമാണ്. ഇവിയെന്താണ് നടക്കുന്നത്? പാവപ്പെട്ടവർക്ക് ഒരു നീതി പാർട്ടിക്കാർക്ക് വെറൊരു നീതി. അട്ടപ്പാടിയിലെ മധുവിനെ ആൾക്കൂട്ടം മർദ്ദിച്ച് കൊലപ്പെടുത്തിയിട്ട് അഞ്ചുവർഷമായെന്ന് ഇന്നിവിടെ ചോദ്യോത്തരവേളയിൽ പറഞ്ഞല്ലോ? നമ്മുടെയെല്ലാം മനസ്സിനെ വേട്ടയാടിയ സംഭവമാണത്. നമ്മുടെയെല്ലാം മനസ്സിൽ അയാളുടെ മുഖം വല്ലാത്ത വേദനയായി നിൽക്കുകയാണ്. നിങ്ങൾ എങ്ങനെയാണ് ആ കേസ് നടത്തിയത്. പ്രോസിക്യൂട്ടർമാർക്ക് ഫീസ് നൽകാതെ അട്ടപ്പാടി മധു കേസ് ദുർബ്ബലപ്പെടുത്താനായി ശ്രമിച്ചു. മധുവിന് വേണ്ടി വാദിക്കാൻ സർക്കാർ നിയമിച്ച രണ്ട് പ്രോസിക്യൂട്ടർമാർക്കും അലവൻസോ, സൗകര്യമോ അനുവദിച്ചില്ല. അതിനെത്തുടർന്ന് അവർ പിൻമാറി. ആ കേസ്സിലെ മിക്കവാറും എല്ലാ സാക്ഷികളും ഇതിനോടകം കൂറുമാറി. അവിടെ സാക്ഷികളെ കൂറുമാറ്റാൻ ശ്രമിക്കുന്നത് ആരാണെന്നും ആരാണ് അതിലെ യഥാർത്ഥ പ്രതികളെന്നും നിങ്ങൾ അന്വേഷിച്ചാൽ അറിയാം. കേരളത്തിന് മുഴുവൻ അപമാനകരമായ ഒരു സംഭവമുണ്ടായിട്ടും ആ കേസ്സിലെ പ്രതികൾക്കു

പോലും ശിക്ഷ കൊടുപ്പിക്കാൻ കഴിയാത്ത എന്ത് നീതിബോധമാണ് ഈ സർക്കാരിനുള്ളത്. അതൊരു പ്രസ്റ്റീജിയസ്സ് കേസ്സായെടുത്ത് ആ പാവത്തിനെ തല്ലികൊന്നവരെ നിയമത്തിനുമുന്നിൽ കൊണ്ടുവന്ന് ശിക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിനുപകരം, ആ കേസ് അട്ടിമറിക്കാൻ വേണ്ടി ചില ശക്തികൾ ശ്രമിക്കുമ്പോൾ അവർക്ക് പിന്തുണ കൊടുക്കുകയാണ് അറിഞ്ഞും അറിയാതെയും ഗവൺമെന്റ് ചെയ്യുന്നത്. അതല്ലേ വിശ്വനാഥന്റെ മരണം വീണ്ടും ഇവിടെ ആവർത്തിക്കപ്പെട്ടത്. ആദിവാസി സമൂഹത്തിന് നീതി നടപ്പാക്കാൻ സർക്കാർ ശ്രമിക്കുന്നില്ല. പക്ഷേ, പാർട്ടി നേതാക്കളെ രക്ഷിക്കാൻ എന്തും ചെയ്യും. ഇപ്പോൾ ആകാശ് തില്ലങ്കേരിയെന്ന മൂന്നാംകിട ക്രിമിനൽ സർക്കാരിനെ വിറപ്പിക്കുകയല്ലേ. ഈ കൊലപാതകം ഞങ്ങളോട് ചെയ്യാൻ പറഞ്ഞ ആളുകളുടെ പേര് ഞങ്ങൾ വെളിപ്പെടുത്തുമെന്ന് പറഞ്ഞ് പാർട്ടിയെ ഭീഷണിപ്പെടുത്തുകയാണ്. പാർട്ടി വിരണ്ടുനിൽക്കുകയാണ്. ആകാശ് തില്ലങ്കേരിയടക്കമുള്ളവരെ രക്ഷപ്പെടുത്താൻ വേണ്ടിയും സി.ബി.ഐ. അന്വേഷണം ഒഴിവാക്കാൻ വേണ്ടിയുമാണ് പെരിയ കൊലക്കേസിലും ഷുഹൈബിന്റെ കൊലക്കേസിലും കാശില്ലാത്ത ഈ സംസ്ഥാനത്തെ ഖജനാവിൽനിന്നും രണ്ടുകോടി പതിനൊന്ന് ലക്ഷം രൂപ നിങ്ങൾ മുടക്കി വലിയ വക്കീലൻമാരെ

കൊണ്ടുവന്നത്. ഈ മൂന്നാംകിട ക്രിമിനലുകളെയും അവർക്ക് കൂട്ടുനിന്നവരെയും അവരെക്കൊണ്ട് കുറ്റം ചെയ്യിപ്പിച്ചവരെയും സംരക്ഷിക്കാൻ വേണ്ടിയാണ് പാവപ്പെട്ടവന്റെ നികുതി പണമെടുത്ത് നിങ്ങൾ ചെലവഴിക്കുന്നത്. പാർട്ടിയാണ് കൊല്ലിച്ചതെന്ന് അവർ പറഞ്ഞല്ലോ? നിങ്ങൾ ഈ ക്രിമിനലുകളെ ഉപയോഗിച്ചുകൊണ്ട് രാഷ്ട്രീയപ്രവർത്തനം നടത്തുന്നത് അവസാനിപ്പിക്കണം. നിങ്ങൾ ആർ.എസ്.എസ്.-മായി സെറ്റിൽ ചെയ്തല്ലോ; ആർ.എസ്.എസും നിങ്ങളും തമ്മിൽ പ്രശ്നങ്ങളൊന്നുമില്ലല്ലോ. ശ്രീ. ജയരാജൻ തന്നെ പറഞ്ഞിട്ടുണ്ട്, തിരുവനന്തപുരത്തുവച്ച് മുഖ്യമന്ത്രിയും കോടിയേരി ബാലകൃഷ്ണനും ഒരു വശത്തും ശ്രീ. ഗോപാലൻകുട്ടിയും ശ്രീ. വത്സൻ തില്ലങ്കേരിയും മറുവശത്തുമായി ആത്മീയനേതാവായ ശ്രീഎം-ന്റെ സാന്നിദ്ധ്യത്തിൽ സെറ്റിൽമെന്റുണ്ടാക്കിയെന്ന്. നിങ്ങൾക്ക് കൊന്നുകൊണ്ടേയിരിക്കണം. ആർ.എസ്.എസ്.-മായി സെറ്റിൽ ചെയ്തുകഴിഞ്ഞപ്പോൾ, നിങ്ങൾ നിസ്സാര കാര്യങ്ങൾക്ക് കോൺഗ്രസ്സുകാരായ 19-20 വയസ്സുള്ള കുഞ്ഞുങ്ങളെ തലയിൽ മഴുകൊണ്ട് വെട്ടിപിളർത്തിയും കൈകാലുകൾ ഛേദിച്ചും കൊല്ലാൻ തുടങ്ങി. നിസ്സാര കാര്യങ്ങൾക്കാണ് കുഞ്ഞുങ്ങളെ കൊല്ലാൻ തുടങ്ങിയത്. നിങ്ങൾക്കിത് ചെയ്യാതിരിക്കാൻ പറ്റില്ല. നിങ്ങൾ ക്വട്ടേഷൻ

സംഘങ്ങളെക്കൊണ്ട് ചെയ്യിപ്പിച്ചു. ഇപ്പോൾ അവർ നിങ്ങളോട് ഡിക്റ്റേറ്റ് ചെയ്യുകയാണ്. അവർ ഇപ്പോൾ സാമൂഹ്യവിരുദ്ധ പ്രവർത്തനം നടത്തുകയാണ്. അവർ ജയിലിൽനിന്ന് ക്വട്ടേഷൻ വിളിക്കുകയാണ്. സ്വർണ്ണം കള്ളക്കടത്ത് നടത്താനും കള്ളക്കടത്ത് നടത്തിക്കൊണ്ടുവരുന്നവന്റെ സ്വർണ്ണം മോഷ്ടിച്ചെടുക്കാനുമുള്ള ക്വട്ടേഷനും അവർ ജയിലിൽ നിന്നെടുക്കുകയാണ്. നിങ്ങൾക്ക് അവരെ ഒന്നും ചെയ്യാൻ പറ്റില്ല. കാരണം, അവരെ നിങ്ങൾ ഉപയോഗിച്ചതുകൊണ്ട് അവർ നടത്തുന്ന സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് നിങ്ങൾക്ക് കുട പിടിച്ചുകൊടുക്കേണ്ട അവസ്ഥയിലേയ്ക്ക് വന്നു. നിങ്ങൾ സ്വപ്ന സുരേഷിനെ പോലുള്ളവരെ ഇടനിലക്കാരികളാക്കി ധനസമ്പാദനത്തിന് ശ്രമിച്ചു. ആകാശ് തില്ലങ്കേരിയെ പോലുള്ള ക്രിമിനലുകളെ വച്ചുകൊണ്ട് രാഷ്ട്രീയ എതിരാളികളായ ഞങ്ങളെ ഇല്ലായ്മ ചെയ്യാൻ നിങ്ങൾ ശ്രമിക്കുന്നു. ഭരണംകൊണ്ട് നിങ്ങളുടെ പാർട്ടിക്കുണ്ടായത് ഡീജനറേഷനും ജീർണ്ണതയുമാണ്. എല്ലാ ജില്ലകളിൽനിന്നും വരുന്ന റിപ്പോർട്ടുകളും ഞാൻ ഇവിടെ ആവർത്തിച്ചുപറയാൻ ശ്രമിക്കുന്നില്ല. ആലപ്പുഴ, തിരുവനന്തപുരം, കണ്ണൂർ, പാലക്കാട് തുടങ്ങിയ ജില്ലകളിൽനിന്നും എല്ലാദിവസവും വരുന്ന വാർത്തകളെന്താണ്? ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുടെ ജാഥയ്ക്കുവേണ്ടി

ബ്രാഞ്ച് സെക്രട്ടറി മണൽ വാരുന്നവരെ വിരട്ടുന്ന സംഭാഷണം റിക്കോർഡ് ചെയ്തതാണ്. കായലിൽ കിടക്കുന്ന മണലല്ലേ, കാശ് തന്നിട്ട് ഇഷ്ടം പോലെ വാരിക്കോളാനാണ് അതിൽ പറയുന്നത്. പള്ളിയും പഞ്ചായത്തും തമ്മിലുള്ള തർക്കം വന്നപ്പോൾ പള്ളിക്കാരോട് ഏരിയ കമ്മിറ്റിയംഗം ഒരു ലക്ഷം രൂപ ചോദിക്കുകയാണ്. ആലപ്പുഴയിലെ കഥകളൊന്നും ഞാൻ പറയുന്നില്ല. ആലപ്പുഴയിലെ എല്ലാ കഥകളും പറഞ്ഞുകഴിഞ്ഞാൽ നമുക്കുതന്നെ നാണക്കേടാകും. പറയാൻ കൊള്ളാത്ത കഥകളാണ്. നിങ്ങൾ മനസ്സിലാക്കേണ്ടത്, നിങ്ങളുടെ പാർട്ടിയെ ഈ ഭരണം ദുഷിപ്പിച്ചിരിക്കുന്നുവെന്നും അതിന് ജീർണ്ണത ബാധിച്ചിരിക്കുന്നുവെന്നുമാണ്. 33 വർഷക്കാലം പശ്ചിമ ബംഗാൾ ഭരിച്ച സി.പി.ഐ.(എം.)-ന് സംഭവിച്ച അതേ ദുരന്തമാണ് നിങ്ങൾക്ക് കേരളത്തിൽ സംഭവിക്കാൻ പോകുന്നത്. ബി.ജെ.പി. deep state ഉണ്ടാക്കാൻ പോകുന്നതുപോലെ, നിങ്ങളും deep state ഉണ്ടാക്കാൻ നോക്കിയതാണ്. നിങ്ങൾ പിൻവാതിൽ നിയമനങ്ങൾ നടത്തി. എല്ലായിടത്തും നിങ്ങളുടെ ആളുകളെ പ്രതിഷ്ഠിക്കാൻ ശ്രമിച്ചു. അജീവനാന്തം, ലോകാവസാനംവരെ ഈ ഭരണം കൈപ്പിടിയിൽ ഒതുക്കാമെന്ന് നിങ്ങൾ തെറ്റിദ്ധരിക്കുന്നു. പണ്ട് ചെഗുവേര പറഞ്ഞതുപോലെ, 'അവിടെ നിന്നുതന്നെ തുടങ്ങും പ്രതിവിപ്ലവം',

അതുതന്നെ നടന്നുകൊണ്ടിരിക്കുകയാണ്. ഞങ്ങൾ പാവങ്ങൾ, റായ്പൂർ സമ്മേളനം നടത്തിക്കോട്ടെ; ഞങ്ങൾ പ്ലീനറി സമ്മേളനങ്ങളും മറ്റും നടത്തിയിട്ട് കുറെ വർഷങ്ങളായല്ലോ; ഞങ്ങൾ ഫൈറ്റ് ചെയ്യുകയാണ്. ഫൈറ്റ് ചെയ്യുന്നത് മോദി ഭരണകൂടത്തിനെതിരെയാണ്. ഒരു മനുഷ്യൻ 4000 കിലോമീറ്റർ നടന്നത് ആ സന്ദേശം എത്തിക്കാൻ വേണ്ടിയാണ്. ഈ വെറുപ്പിന്റെ ചന്തയിൽ ഞാനൊരു സ്നേഹത്തിന്റെ കട തുറക്കുമെന്ന പ്രഖ്യാപനം അദ്ദേഹം നടത്തിയത് അതിനുവേണ്ടിയാണ്. ഫാസിസത്തിനെതിരായിട്ടുള്ള വിട്ടുവീഴ്ചയില്ലാത്ത പോരാട്ടമാണ് ഞങ്ങളുടേത്. ഞങ്ങളാണ് ഏറ്റവും കൂടുതൽ അവരുടെ മുമ്പിൽ നിൽക്കുന്നത്. ഞാൻ ജോർജ്ജ് ഓർവെല്ലിന്റെ '1984' എന്ന പുസ്തകം കോളേജിൽ പഠിക്കുമ്പോൾ വായിച്ചിട്ടുണ്ട്. വായിച്ചുകഴിഞ്ഞ് ഒരു മാസത്തോളം എനിക്ക് ഭയമായിരുന്നു, കാരണം അധികാരം; 'Big Boss is watching' എവിടെ പോയാലും ഗവൺമെന്റിന്റെ, ഭരണകൂടത്തിന്റെ കണ്ണുകളാണ്. നമുക്ക് ഒന്നും ചെയ്യാൻ സാധിക്കുന്നില്ല, നമ്മുടെ സ്വകാര്യതകളെല്ലാം നഷ്ടപ്പെട്ട് നമ്മൾ വല്ലാതെയാകുന്ന, എല്ലാം ഗവൺമെന്റിന് വിധേയമാകുന്ന അവസ്ഥയിലേയ്ക്ക് രാജ്യത്തെ കൊണ്ടുപോകാൻ കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുമ്പോൾ അവരുമായി ഞങ്ങൾ പോരാട്ടത്തിലാണ്. അതിൽ നിങ്ങൾക്ക് എന്താണ്

സംശയം; ആർക്കാണ് സംശയം? ഈ രാജ്യത്തെ വർഗ്ഗീയ ഫാസിസ്റ്റ് ശക്തികളുമായി ഒരു സന്ധിയും ചെയ്യാത്ത, വീട്ടുവിഴ്ചയില്ലാത്ത പോരാട്ടത്തിലാണ് കോൺഗ്രസ്സ്. ജയം മാത്രമല്ലല്ലോ തോൽവിയുമുണ്ടാകും. നിങ്ങൾ ഞങ്ങളെ പരിഹസിച്ചോളൂ, ബി.ജെ.പി. നേതാക്കൾ പരിഹസിക്കുന്ന അതേ ഭാഷ കടമെടുത്തുകൊണ്ടാണ് നിങ്ങൾ ഞങ്ങളെ പരിഹസിക്കുന്നത്. ഞങ്ങൾ തോൽക്കുമ്പോൾ തോൽവിയുണ്ടാകും. ഞങ്ങൾ അധികാരത്തിൽ വന്ന സ്ഥലങ്ങളിൽ പുതിയൊരു സംവിധാനം ഉപയോഗിച്ചുകൊണ്ടും ജനാധിപത്യത്തെ മുഴുവൻ കശാപ്പ് ചെയ്തുകൊണ്ടും ഞങ്ങളുടെ ഗവൺമെന്റുകളെ അട്ടിമറിക്കാൻ ശ്രമിക്കുന്നു. റായ്പൂരിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്ലീനറി സെഷൻ നടക്കുന്നതിനുമുമ്പ് കോൺഗ്രസ്സ് നേതാക്കളുടെ വീടുകൾ റെയ്ഡ് ചെയ്യുന്നതുൾപ്പെടെ ധാരാളം കാര്യങ്ങളുണ്ടായി. ഞങ്ങളുടെ നിലപാട് എന്താണെന്നുള്ളത് വളരെ കൃത്യമായി ഞാൻ രാവിലെ പറഞ്ഞല്ലോ? നിങ്ങളൊന്നും ചോദിക്കണ്ട. മുഖ്യമന്ത്രി പറഞ്ഞതിന് ഞാൻ കൃത്യമായി രാവിലെ മറുപടി പറഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ: പ്രതിപക്ഷനേതാവിന് ഇനി എത്ര സമയം വേണം.

ശ്രീ. വി. ഡി. സതീശൻ: സർ, അഞ്ച് മിനിട്ട് മതി. അതിനെതിരായി ഞങ്ങൾ പോരാടിക്കൊണ്ടിരിക്കുകയാണ്. ആ പോരാട്ടത്തിന്റെ ഭാഗമായി

കേരളത്തിലും ഞങ്ങൾക്ക് ഒരു വിട്ടുവീഴ്ചയുമില്ല. ടാക്സ് വർദ്ധിപ്പിച്ചതിനെതിരെ യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും സമരം ചെയ്യുന്നുവെന്നാണ് ബഹു. മുഖ്യമന്ത്രി എപ്പോഴും പറയുന്നത്. അവർ പ്രതിപക്ഷത്തല്ലേ; അവർ സമരം ചെയ്യരുതെന്ന് ഞങ്ങൾക്ക് പറയാൻ കഴിയുമോ? അങ്ങ് പാർട്ടി സെക്രട്ടറിയായിരിക്കുമ്പോൾ, സോളാർ കേസിൽ ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരെ നിങ്ങൾ സമരം ചെയ്തപ്പോൾ ബി.ജെ.പി.-യും സമരം ചെയ്യുകയുണ്ടായില്ലേ; പാർട്ടി സെക്രട്ടറിയായ ശ്രീ. പിണറായി വിജയനും ബി.ജെ.പി.-ക്കാരുംകൂടി ഒരുമിച്ചാണ് സമരം ചെയ്യുന്നതെന്ന് ഞങ്ങൾ പറഞ്ഞോ? ബാർ കോഴ കേസിനെതിരായി സമരം ചെയ്തപ്പോൾ നിങ്ങൾ രണ്ടുപേരും അന്ന് പ്രതിപക്ഷത്തായിരുന്നു. വിഴിഞ്ഞത്തെ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ സമരം നടത്തിയപ്പോൾ അതിനെതിരായി നിങ്ങളുടെ പാർട്ടി ജില്ലാ സെക്രട്ടറിയും ബി.ജെ.പി.-യുടെ ജില്ലാ പ്രസിഡന്റുംകൂടി ഒരുമിച്ച് സെക്രട്ടേറിയറ്റിൽ വന്ന് ഒരുമിച്ച് സമരം നടത്തിയല്ലോ; അതെന്താണ് മറക്കുന്നത്? കേരളത്തിൽ ബി.ജെ.പി.-ക്ക് സ്ഥാനമില്ല. അവർക്ക് സ്ഥാനമില്ലാതാക്കുന്ന വർക്കാണ് ഞങ്ങൾ നടത്തുന്നത്. എപ്പോഴും അവരുടെ കാര്യം പറഞ്ഞ് നിങ്ങൾ അവർക്ക് സ്ഥാനമുണ്ടാക്കിക്കൊടുക്കാൻ ശ്രമിക്കുകയാണ്. അവർക്ക്

സ്ഥാനമുണ്ടായിരുന്നു. അവർ കയറി വരികയായിരുന്നു. ഇപ്പോൾ അവർക്ക് കേരളത്തിൽ സ്ഥാനമില്ല. അതവർക്ക് നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ പോയി അവർക്ക് സ്ഥാനം കൊടുക്കേണ്ടതില്ല. അതുകൊണ്ട് രാഷ്ട്രീയം കൂടുതൽ പറയേണ്ടതില്ല. നിങ്ങളുടെ ഭരണത്തിൽ ഈ സംസ്ഥാനത്ത് ഗുണ്ടകളും മയക്കുമരുന്ന് മാഫിയകളും അഴിഞ്ഞാടുകയാണ്. അവർ സാമൂഹിക വിരുദ്ധന്മാരാണ്. ഇവരെ നിയന്ത്രിക്കാൻ നിങ്ങൾക്കോ നിങ്ങളുടെ ഭരണകൂടത്തിനോ കഴിയുന്നില്ല. നിങ്ങളുടെ പോലീസ് വകുപ്പിൽ എത്രമാത്രം ക്രിമിനലുകളാണുള്ളത്. ഹൈക്കോടതി ആവശ്യപ്പെട്ടതനുസരിച്ച് 32 കേസ്സുകളുണ്ടായിരുന്ന ഒരു പോലീസുദ്യോഗസ്ഥനെ സർവ്വീസിൽനിന്ന് നീക്കം ചെയ്തു. എന്നിട്ട് കഴിഞ്ഞ നാലഞ്ച് മാസംമുമ്പ് അയാളെ തിരിച്ചെടുത്തു. ഒരു പോലീസ് സ്റ്റേഷനിലിരുന്ന് 32 കേസ്സുകളുണ്ടാക്കിയത് വിജിലൻസ് കണ്ടെത്തുകയും അയാളെ സർവ്വീസിലിരുത്താൻ കഴിയില്ലെന്ന് റിപ്പോർട്ട് നൽകുകയും ചെയ്തു. ഹൈക്കോടതി പറഞ്ഞതനുസരിച്ച് അയാളെ പിരിച്ചുവിട്ടെങ്കിലും അയാളെ നിങ്ങൾ വീണ്ടും തിരിച്ചെടുത്തു. പോലീസിലെ ക്രിമിനലുകളെ നിങ്ങൾ പ്രോത്സാഹിപ്പിക്കുന്നുണ്ട്. പോലീസിൽ തീവ്രവാദ സംഘടനകളുടെ പ്രതിനിധികളുണ്ട്. നിങ്ങൾക്ക് കൺട്രോളില്ല. ഇന്നത്തെ പോലീസിനൊരു hierarchy ഇല്ല. ഡി.ജി.പി.

പറഞ്ഞാൽ ഏതെങ്കിലും എസ്.പി. കേൾക്കുമോ? എസ്.പി. കേൾക്കണമെങ്കിൽ പാർട്ടി സെക്രട്ടറി വിളിക്കണം. എസ്. പി. പറഞ്ഞാൽ സി.ഐ. കേൾക്കുമോ? സി.ഐ. കേൾക്കണമെങ്കിൽ ഏരിയ സെക്രട്ടറി വിളിക്കണം. ഗവേണൻസ് എന്നുപറയുന്നത് വളരെ വ്യത്യസ്തമാണ്. Good Governance എന്നുപറയുന്നത് വ്യത്യാസമാണ്. നിങ്ങൾ അതിനെയെല്ലാം പാർട്ടിവൽക്കരിച്ചു. ശ്രീ. നരേന്ദ്രമോദിയും ആർ.എസ്.എസ്-ഉം ഇന്ത്യ മുഴുവനും deep state ഉണ്ടാക്കാൻ പോകുന്നതുപോലെ നിങ്ങളും കേരളത്തിൽ അതിനുവേണ്ടി ശ്രമിക്കുകയാണ്. Same method ആണ്. എല്ലാ ഇൻസ്റ്റിറ്റ്യൂഷനെയും രാഷ്ട്രീയവൽക്കരിക്കുകയാണ്. എല്ലാ ഇൻസ്റ്റിറ്റ്യൂഷനുകളിലും ആളുകളെ നിയമിക്കുകയാണ്. ജനാധിപത്യ കേരളമാണ്, അതൊന്നും ശാശ്വതമല്ല. നിങ്ങൾക്ക് കൈകടത്താൻ കഴിയുന്ന മേഖലകളിലെല്ലാം കൈകടത്തി രാഷ്ട്രീയവൽക്കരിക്കുകയാണ്. ഈ രാഷ്ട്രീയവൽക്കരണം കേരളത്തെ അപകടത്തിലേയ്ക്കെത്തിക്കും; കേരളത്തിന്റെ ഭാവി തകർക്കും; കേരളത്തിന്റെ ഇക്കോണമി നിങ്ങൾ തകർത്ത് തരിപ്പണമാക്കിയില്ലേ? കേന്ദ്രത്തിനെതിരായി ഞങ്ങൾ ശക്തമായി സംസാരിച്ചു. ഞാനും റായ്പൂരിലെ സമ്മേളനത്തിൽ പങ്കെടുത്തു. കേന്ദ്രത്തിന്റെ തെറ്റായ

നടപടികൾക്കെതിരെ ഞങ്ങൾ സംസാരിക്കുമെന്ന് ബഡ്ജറ്റ് സമ്മേളനത്തിൽ ഈ നിയമസഭയിൽ പറഞ്ഞല്ലോ? എക്കണോമിക് റെസല്യൂഷനിൽ ഞാനും സംസാരിച്ചു. ഈ രാജ്യത്ത് ഫിസ്കൽ ഫെഡറലിസം തകരുകയാണ്. അവർ തകർക്കുകയാണെന്ന് ഞങ്ങൾ പറഞ്ഞു. ഇവിടെ അതുമാത്രമാണോ; നമ്മുടെ ജോലിയുംകൂടി ചെയ്യണ്ടേ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ഒരു സംശയം ചോദിക്കാൻ അങ്ങ് വഴങ്ങുമോ?

ശ്രീ. വി. ഡി. സതീശൻ: സർ, പ്ലീസ്.... എനിക്ക് വളരെ കുറച്ച് സമയമേയുള്ളൂ. കേരളത്തിൽ നികുതി പിരിക്കുന്നതിലുണ്ടായ പരാജയം പല രംഗത്തും പരാജയമാണുണ്ടാക്കിയിരിക്കുന്നത്. അക്കാര്യം ബഡ്ജറ്റ് പ്രസംഗത്തിൽ ഞങ്ങൾ ചൂണ്ടിക്കാട്ടിയല്ലോ? ബഹു. ധനകാര്യ വകുപ്പുമന്ത്രി അതിനെയൊന്നും എതിർക്കാതെ ശരിയാണെന്ന് പറഞ്ഞു. നികുതി പിരിക്കണമെന്നുള്ളത് ഗവൺമെന്റിന്റെ ചുമതലയാണ്. ന്യായമായി നികുതി പിരിക്കണം. അങ്ങനെ നികുതി പിരിക്കാൻ നിങ്ങൾക്ക് കഴിയുന്നില്ല. ചില പദ്ധതികളെക്കുറിച്ച് കൊട്ടിഘോഷിക്കുകയാണ്. ലൈഫ് മിഷനിൽ കഴിഞ്ഞ പ്രാവശ്യം കൊണ്ടുവന്നതല്ല; ഇന്ന് വേറെ കാര്യമാണ് കൊണ്ടുവന്നത്. ഏഴ് വർഷംകൊണ്ട് മൂന്ന് ലക്ഷത്തി ഇരുപതിനായിരം വീട്

പണിതുവെന്ന് പറയുന്നു. അഞ്ചുവർഷംകൊണ്ട് രണ്ടര ലക്ഷം വീടുകളാണ് നിങ്ങൾ നിർമ്മിച്ചത്. ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണകാലത്ത് അഞ്ച് വർഷംകൊണ്ട് നാലുലക്ഷത്തി അമ്പത്തിയയ്യായിരം വീട് നിർമ്മിച്ചുവെന്ന് നിങ്ങളുടെ മന്ത്രിമാർ നൽകിയ മറുപടി ഞങ്ങളുടെ കയ്യിലുണ്ട്. (...ബഹളം...) നിങ്ങളുടെ മന്ത്രിമാർ നൽകിയ കണക്ക് ഞാനിവിടെ വായിച്ചതാണ്. (....ബഹളം....) ഞാൻ വെല്ലുവിളിക്കുന്നു. എവിടെ വേണമെങ്കിലും തെളിയിച്ചുതരാം. 2011 മുതൽ 2016 വരെയുള്ള ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണകാലത്ത് 455000 വീട് വച്ചിട്ടുണ്ടെന്ന് ഞാൻ ആധികാരികമായി പറയുന്നു. അതേസമയം നിങ്ങൾ രണ്ടര ലക്ഷം വീട് വച്ചു. (....ബഹളം.......) നിങ്ങളുടെ മുൻമന്ത്രിയായിരുന്ന ശ്രീ. എ. കെ. ബാലൻ അടക്കമുള്ളവർ നൽകിയ കണക്കാണിത്. (.....ബഹളം....) നിങ്ങൾ ബഹളമുണ്ടാക്കേണ്ട. അതൊക്കെ എവിടെ വേണമെങ്കിലും തെളിയിച്ചുതരാം. നിങ്ങൾക്ക് ധൈര്യമുണ്ടെങ്കിൽ വന്നോളൂ. ഇന്ത്യയിലെങ്ങുമില്ലാത്തതെന്നല്ല, ലോകത്തെങ്ങുമില്ലാത്ത പദ്ധതിയാണെന്ന് പറഞ്ഞ് കൊട്ടിഘോഷിക്കുകയാണ്. സംരംഭക മഹാസംഗമം എന്താണ്? ഇപ്പോൾ മന്ത്രിക്കത് മനസ്സിലായി. ഞങ്ങൾ പറഞ്ഞതെന്താണ്? ഈ ഒരു വർഷത്തിനകം ഒരു ലക്ഷത്തിലധികം സംരംഭങ്ങൾ കൊണ്ടുവന്നിട്ട്

രണ്ടുലക്ഷത്തി ചില്വാനം ആളുകൾക്ക് തൊഴിൽ കൊടുത്തുവെന്ന് നിങ്ങൾ പറഞ്ഞു. നിങ്ങൾ കൊണ്ടുവന്നിട്ടില്ലെന്ന് ഞങ്ങൾ പറഞ്ഞപ്പോൾ നിങ്ങളെന്താണ് ചെയ്തത്? നിങ്ങളുടെ ആളുകൾ പഞ്ചായത്തിൽ പോയി അവിടെനിന്നും ലൈസൻസ് കൊടുക്കുന്നതിന്റെയെല്ലാം കണക്കെടുത്തു. നാട്ടിൽ ധാരാളം ആളുകൾ സംരംഭങ്ങൾ ആരംഭിക്കുന്നുണ്ട്. ഇഷ്ടംപോലെ പെട്ടിക്കടയും ബേക്കറിയുമൊക്കെയുണ്ട്. ഇപ്പോൾ പാൻഡമിക് സിറ്റുവേഷൻ കഴിഞ്ഞ് ഗൾഫിൽനിന്നൊക്കെ തിരിച്ചുവന്നവർ ധാരാളം കടകൾ തുടങ്ങിയിട്ടുണ്ട്. ചായക്കട, സൈക്കിൾ ഷോപ്പ്, വർക്ക്ഷോപ്പ്, ബേക്കറി, ബാർബർ ഷോപ്പ് തുടങ്ങി ധാരാളം സംരംഭങ്ങൾ എല്ലാ കാലത്തും നമ്മുടെ നാട്ടിൽ ആരംഭിക്കാറുണ്ട്, അതിപ്പോൾ മാത്രമല്ല. അതിനുശേഷം ബാങ്കുകളിൽപ്പോയി ലോൺ എടുത്തതിന്റെ കണക്കെടുത്തു. എന്നിട്ട് ഇതെല്ലാംകൂടി സമാഹരിച്ച് സർക്കാർ ഒരു വർഷംകൊണ്ട് ഒരു ലക്ഷത്തിലധികം സംരംഭങ്ങൾ നടത്തുമെന്ന് പറഞ്ഞാൽ ഇതൊക്കെ അന്വേഷിച്ചുപോകുന്ന കുറച്ച് പാവപ്പെട്ടവർ ഇപ്പുറത്തുണ്ടെന്നുകൂടി നിങ്ങൾ ആലോചിക്കണ്ടേ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വഴങ്ങുമോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പറഞ്ഞുതീർക്കട്ടെ. മന്ത്രിക്ക് മറുപടി പറയാൻ അവസരമുണ്ട്. ഇതെല്ലാം മനസ്സിലാക്കാൻ കോമൺ സെൻസ് മതി. ആ കോമൺസെൻസുവച്ച് അങ്ങനെ അന്വേഷിച്ച് പോയപ്പോഴാണ് ഈ കണക്ക് മനസ്സിലായത്. സർക്കാർ മുൻകയ്യെടുത്ത് ഒരു സംരംഭവും ആരംഭിച്ചിട്ടില്ലെന്നതാണ് യാഥാർത്ഥ്യം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, അങ്ങ് വഴങ്ങുമോ?

ശ്രീ. വി. ഡി. സതീശൻ: സർ, ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയിൽ മന്ത്രിമാർക്ക് മറുപടി പറയാനുള്ള അവസരമുണ്ട്. അപ്പോൾ പറയാം. സി.എം.ഡി.ആർ.എഫ്.-ലേയ്ക്ക് അപേക്ഷ കൊടുത്തപ്പോൾ പ്രതിപക്ഷനേതാവും ശ്രീ. അടൂർ പ്രകാശ് എം.പി.-യും ആളുകൾക്ക് തെറ്റായ കത്ത് കൊടുത്ത് ഇടനിലക്കാരായെന്ന് അമ്പലപ്പുഴ അംഗം പറയുകയുണ്ടായി. ഇങ്ങനെയുള്ള കാര്യം രേഖാമൂലം എഴുതിക്കൊടുക്കാതെ നിയമസഭയിൽ പറയാൻ പാടില്ല. അത് തെറ്റാണ്. ആരോപണമായിട്ടാണ് അദ്ദേഹം ഉന്നയിച്ചത്.

ശ്രീ. എച്ച്. സലാം: സർ, അങ്ങ് വഴങ്ങുമോ?

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, ഞാൻ പറയട്ടെ. നിങ്ങളവിടെ ഇരിക്കൂ. ഞാൻ ഇക്കാര്യം വിശദീകരിച്ചതാണ്. എല്ലാ എം.എൽ.എ.-മാരുടെയും മുന്നിൽ അപേക്ഷ വരുന്നതുപോലെ എന്റെമുന്നിലും ഒരു അപേക്ഷ വന്നു. അത് മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് നൽകിയ അപേക്ഷയാണ്. അതിൽ രണ്ട് ലക്ഷം രൂപയിൽ താഴെയാണ് അയാളുടെ വരുമാനമെന്ന് വില്ലേജാഫീസർ പരിശോധിച്ച് രേഖപ്പെടുത്തിയിരിക്കുന്നു. ഒരാളുടെ വരുമാനം പരിശോധിക്കുന്നത് എം.എൽ.എ. ആണോ; നിങ്ങളുടെയടുത്ത് ഒരു അപേക്ഷ വന്നാൽ നിങ്ങളാണോ അവരുടെ വീട്ടിൽപോയി പരിശോധിക്കുന്നത്? അല്ല. ആഴ്ചയിൽ മൂന്ന് പ്രാവശ്യം ഡയാലിസിസ് നടത്തുന്ന ക്രോണിക് കിഡ്നി പേഷ്യന്റാണെന്നും രോഗം അഞ്ചാമത്തെ സ്റ്റേജിലാണെന്നും ഡോക്ടർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ഈ രണ്ട് രേഖകളും കൊണ്ടുവന്നത് എന്റെ മുൻ പഞ്ചായത്ത് പ്രസിഡന്റാണ്. ഞാൻ ഡീറ്റയിൽസ് ചോദിച്ചപ്പോൾ അപേക്ഷ നൽകിയ ആളിനെ എനിക്ക് മനസ്സിലായി. അദ്ദേഹത്തിന് സുഖമില്ലാത്തതാണെന്ന് എനിക്കറിയാം. അദ്ദേഹത്തിന്റെ കഴുത്തിൽ ബാൻഡ്-എയ്ഡ് വച്ച് കണ്ടിട്ടുള്ളതിനാൽ എനിക്ക് ആളെ മനസ്സിലായി. അദ്ദേഹം തീരെ ബുദ്ധിമുട്ടുള്ള ആളാണോ; പ്രയാസപ്പെടുന്നുണ്ടോ എന്നറിയാൻ ഞാൻ അദ്ദേഹത്തെ വിളിച്ചു. ഞങ്ങൾ

പലരീതിയിലും ആളുകളെ സഹായിക്കാറുണ്ട്. മുഖ്യമന്ത്രിയുടെ ധനസഹായം മാത്രമല്ല, ആളുകളെ സഹായിക്കാൻ ഞങ്ങൾക്ക് വേറെയും സംവിധാനമുണ്ട്. അത് നിങ്ങളിൽ പലർക്കും കാണും. അദ്ദേഹത്തിന് കൂടുതൽ സഹായം ആവശ്യമുണ്ടോയെന്ന് ഞാൻ ചോദിച്ചപ്പോൾ സ്ഥിതി വളരെ മോശമാണെന്നും സർക്കാർ കൊടുക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷനായ വാർദ്ധക്യകാല പെൻഷൻ മാത്രമാണ് ഇപ്പോഴത്തെ ആകെ വരുമാനമെന്നും പറഞ്ഞു. വാർദ്ധക്യകാല പെൻഷൻ വാങ്ങുന്ന, ആഴ്ചയിൽ മൂന്ന് പ്രാവശ്യം ഡയാലിസിസ് നടത്തുന്ന ക്രോണിക് കിഡ്നി പേഷ്യന്റ്, രോഗം അഞ്ചാമത്തെ സ്റ്റേജിലാണെന്ന് ഡോക്ടറും വില്ലേജോഫീസറും സർട്ടിഫൈ ചെയ്ത ഒരാളുടെ അപേക്ഷ ഞാൻ കീറി കളയണോ? ആ അപേക്ഷ ഞാൻ മുഖ്യമന്ത്രിക്ക് അയച്ചു. ഇന്നലെ രാത്രിയും ഞാൻ കുറെ അപേക്ഷകളിൽ ഒപ്പിട്ട് അയച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ഓഫീസ് എന്താണ് ചെയ്യുന്നത്? മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും ആ അപേക്ഷ നേരെ വില്ലേജാഫീസിലേയ്ക്ക് അയയ്ക്കും. വില്ലേജാഫീസർ വീണ്ടും അതിൽ പറഞ്ഞിട്ടുള്ള വരുമാനവും മറ്റ് കാര്യങ്ങളുമെല്ലാം ശരിയാണോയെന്ന് പരിശോധിച്ച് താലൂക്കാഫീസിലേയ്ക്ക് അയയ്ക്കും. തഹസിൽദാർ അത് പരിശോധിച്ച് കളക്ടറേറ്റിലേയ്ക്ക് അയയ്ക്കും. കളക്ടറേറ്റിൽനിന്ന് റവന്യൂ

വകുപ്പിലേയ്ക്കും അവിടെനിന്ന് മുഖ്യമന്ത്രിയുടെ ഓഫീസിലേയ്ക്കും എത്തും. മുഖ്യമന്ത്രിയുടെ കയ്യിൽ വന്നപ്പോൾ 45000 രൂപ അനുവദിച്ചു. അതിൽ വളരെ നന്ദിയുണ്ട്. അയാൾ രോഗിയും വരുമാനമില്ലാത്തതുമായ പാവപ്പെട്ട ആളാണ്. അദ്ദേഹം ഗൾഫിലായിരുന്നുവെന്ന് പറഞ്ഞു. പണ്ട് അദ്ദേഹം ഗൾഫിലായിരുന്നു. കഷ്ടപ്പാടും ദുരിതവുമായിട്ടാണ് അദ്ദേഹം ഗൾഫിൽ പോയത്. ഗൾഫിൽ പോയതിന്റെ കടംപോലും തിരിച്ചടയ്ക്കാൻ കഴിയാതെ തിരിച്ചുവന്ന പാവപ്പെട്ട ഒരാളാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് വലിയ തുകകളെക്കുറിച്ചുള്ള ചില കേസ്സുകൾ നേരിട്ടും ഞാൻ പറയാറുണ്ട്. എല്ലാ എം.എൽ.എ.മാരും നിയമസഭയിൽ വന്നിട്ട്, സോഷ്യൽ മീഡിയയിൽ പ്രതിപക്ഷനേതാവ് അഴിമതി കാട്ടിയെന്ന് പ്രചരിപ്പിക്കുകയാണ്. ടിയാളുടെ 45,000/- രൂപയിൽ നിന്ന് ഞാൻ കാശ് വാങ്ങിയെന്നാണോ; സോഷ്യൽ മീഡിയയിൽ പ്രതിപക്ഷ നേതാവിനെക്കുറിച്ച് അധിക്ഷേപം; ഇത് തുടങ്ങിയിട്ട് കുറേനാളുകളായി. ഇവിടെ വേറൊരു എം.എൽ.എ.-യെക്കൊണ്ട് പ്രതിപക്ഷനേതാവിന്റെ സ്റ്റാഫിന്റെ ഡീറ്റെയിൽസ്, ശമ്പളം ഇതെല്ലാം ആരാഞ്ഞു. ഇ. കെ. നായനാരും സർവ്വശ്രീ വി. എസ്. അച്ചുതാനന്ദനും എ. കെ. ആന്റണിയും ഉമ്മൻ ചാണ്ടിയും രമേശ് ചെന്നിത്തലയും വാങ്ങിയതിനേക്കാൾ കൂടുതലായി ഞാൻ ഒന്നും വാങ്ങിയിട്ടില്ല. ചില

കാര്യങ്ങൾ വേണ്ടെന്നാണ് എഴുതിക്കൊടുത്തിട്ടുള്ളത്. നിങ്ങൾ ഇ. കെ നായനാരെയും ശ്രീ. വി. എസ്. അച്ചുതാനന്ദനെയും അപമാനിക്കുകയാണ്. ഞാൻ കാർ വാങ്ങിയെന്നു ഇവിടെ പറഞ്ഞു.

മി.സ്പീക്കർ: പ്ലീസ്...

ശ്രീ. വി. ഡി. സതീശൻ:സർ, അങ്ങ് കൂടി ഇത് അറിയണം. ഞാൻ നിയമസഭയിലെ പ്രതിപക്ഷനേതാവല്ലേ; 10 കാർ കൊടുത്തപ്പോൾ എനിക്കും ഒരു കാർ തന്നു. എന്റെ കാർ 6 വർഷം പഴക്കമുള്ളതാണ്. കാർ ലഭ്യമായതിനുശേഷം 5 പ്രാവശ്യം വർക്ക് ഷോപ്പിൽ കൊണ്ടുപോകേണ്ടിവന്നു. സാധാരണ ടൂറിസം ഡിപ്പാർട്ടുമെന്റ് അത്തരം മോശമായിട്ടുള്ള കാർ നൽകാറില്ല; അവർ വിത്ഡ്രോ ചെയ്യും. അതിന് ഞാൻ മാത്രം കാർ വാങ്ങിയെന്നും എനിക്ക് മാത്രം സ്റ്റാഫിനെ നിയമിച്ചുവെന്നുമൊക്കെയുള്ള വലിയ പ്രചരണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ നായനാരെയും ശ്രീ. വി. എസ്. അച്ചുതാനന്ദനെയും കൂടിയാണ് അപമാനിക്കുന്നതെന്ന് ആലോചിക്കണം. അവരൊക്കെ കാർ വാങ്ങിയിട്ടുണ്ട്. (......ബഹളം.....) ഇതുപോലെ ഏതുകാര്യത്തിനും അവിടെയിരുന്ന് സംസാരിക്കുന്ന കുറെയാളുകളുണ്ട്. നിങ്ങൾ നിങ്ങളുടെ നിലവാരം നോക്കുക. നിയമസഭയിലെ നിങ്ങളുടെ

പെർഫോമൻസിനെക്കുറിച്ച് നിങ്ങളുടെ നിയോജകമണ്ഡലത്തിൽ ഇലക്ഷൻ ക്യാമ്പയിന് പോകുമ്പോൾ ഞങ്ങൾ പറയും. അതുകൊണ്ട് ഇവിടെ ഒരു കാര്യം ഞാൻ വളരെ വ്യക്തമായി പറയാൻ ആഗ്രഹിക്കുന്നു. ഈ സർക്കാർ പാളം തെറ്റി ഓടുകയാണ്; ഇത് പ്രവർത്തനനിരതമായ ഗവൺമെന്റല്ല, പ്രവർത്തിക്കാത്ത ഗവൺമെന്റാണ്; നിഷ്ക്രിയമായ ഗവൺമെന്റാണ്. ഇപ്പോഴത്തെ സാമ്പത്തികാവസ്ഥ, നിങ്ങളെക്കൊണ്ട് ഒന്നും ചെയ്യിക്കാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് എത്തിച്ചിരിക്കുന്നു. 10 ലക്ഷത്തിന്റെ ഒരു ചെക്കുപോലും ട്രഷറിയിൽ നിന്ന് മാറാൻ കഴിയാത്ത ദയനീയമായ അവസ്ഥയിലേയ്ക്ക് നിങ്ങൾ കൂപ്പുകുത്തുന്നു. ഭരണത്തിന്റെ പൂർണ്ണമായ നിയന്ത്രണം നിങ്ങളിൽ നിന്ന് നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് എതിർക്കുന്നതിനുവേണ്ടി ചില വാദഗതികൾ ഇവിടെ ഉന്നയിക്കുകയുണ്ടായി; അതിനെക്കുറിച്ച് ആദ്യം പറയാം. അദ്ദേഹം സമർത്ഥിക്കാൻ നോക്കിയ കാര്യം സംസ്ഥാനത്തിന് വൻതോതിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടായിരിക്കുന്നുവെന്നാണ്. ഇവിടെ നേരത്തെ വ്യക്തമാക്കിയ ചില കാര്യങ്ങളുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ പതിനാലാം

പഞ്ചവത്സര പദ്ധതിയുടെ 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള അടങ്കൽ തുക 39,640 കോടി രൂപയാണ്; ഇതിൽ 27 ശതമാനത്തോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്; ഈയൊരു സ്ഥിതി മറ്റൊരു സംസ്ഥാനത്തും കാണാൻ കഴിയില്ലെന്നതും ഞാൻ പ്രത്യേകം എടുത്തുപറയേണ്ടതില്ല. കേരളത്തിലെ കടം സംബന്ധിച്ച് നേരത്തെ വ്യക്തമാക്കിയ കാര്യമാണ്. കേരളത്തിലെ ആഭ്യന്തരവരുമാന അനുപാതം ക്രമാനുഗതമായി കുറഞ്ഞുവരികയാണ്. വല്ലാത്ത സാമ്പത്തിക പ്രതിസന്ധിയുടെ ഘട്ടത്തിൽ അങ്ങനെയൊരവസ്ഥ അല്ലെങ്കിലുമുണ്ടാകും. 2020-21-ൽ ധനകമ്മി ആഭ്യന്തര വരുമാനത്തിന്റെ 4.57 ശതമാനമായിരുന്നു. 2022-23-ൽ 4.57 ശതമാനത്തിൽ നിന്ന് അത് 3.61 ശതമാനമായി കുറയുകയാണ് ചെയ്തത്. 2023-24-ൽ ഇത് 3.5 ശതമാനമായി കുറയ്ക്കാനാണ് ലക്ഷ്യമിടുന്നത്. അതുപോലെതന്നെ റവന്യൂ കമ്മി 2020-21-ൽ 2.6 ശതമാനമായിരുന്നത് 2022-23-ൽ 1.96 ശതമാനമായി കുറഞ്ഞു. ഇതൊന്നും സാമ്പത്തിക കെടുകാര്യസ്ഥതയുടെ ലക്ഷണമല്ല; എന്നാൽ എല്ലാം സുഭിക്ഷമാണെന്നുമല്ല. നമ്മുടെ സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കാനുള്ള ശ്രമം നടക്കുന്നുണ്ട്; അത് കേന്ദ്രസർക്കാരിന്റെ നയത്തിന്റെ ഭാഗമായുണ്ടാകുന്നതാണ്;

പ്രതിപക്ഷനേതാവടക്കമുള്ള ഉത്തരവാദപ്പെട്ട പ്രതിപക്ഷം അത് കാണുന്നില്ല. അപ്പോൾ ഈ കണക്കുകൂടി കാണാൻ അവർ തയ്യാറാകണമെന്നാണ് സൂചിപ്പിക്കാനുള്ളത്. നമ്മുടെ തനത് നികുതി വരുമാന വളർച്ച 20 ശതമാനം കടന്നിരിക്കുകയാണ്. 2013-14 മുതലുള്ള യു.ഡി.എഫ്. ഭരണകാലത്തെ വളർച്ചാനിരക്കിന്റെ ഇരട്ടിയാണിത്. ഇതൊന്നും ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക കെടുകാര്യസ്ഥതയല്ല കാണിക്കുന്നത്. ഫയലുകൾ കെട്ടിക്കിടക്കുന്നുവെന്ന് ഇവിടെ പറയുകയുണ്ടായി; അക്കാര്യത്തിൽ പരമാവധി പ്രാധാന്യം കൊടുത്തുകൊണ്ടുതന്നെയാണ് സർക്കാർ നീങ്ങിക്കൊണ്ടിരിക്കുന്നത്; അതിന്റെ ഭാഗമായി ധാരാളം ഫയലുകളിൽ തീർപ്പാക്കൽ നടന്നിട്ടുണ്ട്. സെക്രട്ടേറിയറ്റിന്റെ ഭാഗമായി കുറേക്കൂടി ജാഗ്രതയായി കാര്യങ്ങൾ നീക്കാൻതന്നെയാണ് സർക്കാർ നടപടികൾ എടുത്തുവരുന്നത്. പവർ ബ്രോക്കർമാരുടെ കാര്യം അദ്ദേഹം പഴയ ചില ഓർമ്മകൾ വച്ച് പറഞ്ഞതാണെന്നാണ് തോന്നുന്നത്. ഇന്ന് സെക്രട്ടേറിയറ്റ് ഇടനാഴികളിൽ പോയാൽ പവർ ബ്രോക്കർമാരെ കാണാൻ കഴിയില്ല. അത് 2016-ഓടുകൂടി അവസാനിച്ചുകഴിഞ്ഞു. ഇപ്പോൾ ഒരു പവർ ബ്രോക്കറിനും കാര്യങ്ങൾ എളുപ്പത്തിൽ നേടിയെടുക്കാൻ കഴിയുന്ന അവസ്ഥയില്ല; മെറിറ്റിനാണ് പ്രാധാന്യം.

നമ്മുടെ സമൂഹമാകെ വേദനിച്ച ഒന്നായിരുന്ന ആദിവാസി യുവാവായ മധുവിനെ തല്ലിക്കൊന്ന സംഭവം. അതിൽ വളരെ ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിച്ചത്. അതിന്റെ ഭാഗമായി ആ കേസ് നല്ലരീതിയിൽ നടത്താനുള്ള തയ്യാറെടുപ്പുകൾ തന്നെയാണ് നടത്തിയിട്ടുള്ളത്. ചില സാക്ഷികളെ സ്വാധീനിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുവെന്ന് പത്രവാർത്ത വന്നപ്പോൾ അത്തരം കാര്യങ്ങൾ എങ്ങനെ തടയാനാകുമെന്നതിനെക്കുറിച്ച് ആലോചിക്കുന്നതിനുവേണ്ടി ഒരു ഉന്നതതലയോഗം ചേരുകയും അതിന്റെ ഭാഗമായുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഒരു ഘട്ടത്തിൽ അത്തരത്തിൽ ഇടപെട്ടവരെല്ലാം ജയിലിനകത്തായി എന്ന കാര്യം പത്രത്തിൽ വന്നിട്ടുണ്ട്; ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അത് ഓർക്കുന്നുണ്ടാവുമെന്നാണ് കരുതുന്നത്. ആദിവാസി യുവാവായ മധുവിനെ കൊലപ്പെടുത്തിയവർക്ക് അർഹമായ ശിക്ഷ വിധിക്കണമെന്നതിനുള്ള നടപടികളാണ് സർക്കാർ അതിശക്തമായി സ്വീകരിച്ചുവരുന്നത്. ആ കേസിന്റെ അവസാനഘട്ടത്തിലാണ് നാം ഇപ്പോൾ നിൽക്കുന്നതെന്നാണ് മനസ്സിലാക്കുന്നത്. നമുക്ക് ശുഭപ്രതീക്ഷയോടെ തന്നെ നിൽക്കാം. കാരണം, കുറ്റം ചെയ്തവർക്ക് അർഹമായ ശിക്ഷ ലഭ്യമാകുമെന്നുതന്നെയാണ് പ്രതീക്ഷിക്കാവുന്നത്. വിശ്വനാഥന്റെ കാര്യം നേരത്തെ പറഞ്ഞുകൊണ്ട്

ആവർത്തിക്കുന്നില്ല. അക്കാര്യത്തിലും ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. കേരളത്തിലെ രക്തസാക്ഷി പട്ടികയുടെ പേര് പറയുമ്പോൾ ഓർക്കുന്നൊരു പേരാണ് 'തില്ലങ്കേരി'. നമ്മുടെ സംസ്ഥാനത്ത് ആ പ്രദേശത്തെ ആ രീതിയിലാണ് അറിയപ്പെടുന്നത്. ഏതെങ്കിലും ഗുണ്ടകളെ സംരക്ഷിക്കുന്ന നിലപാട് സംസ്ഥാന സർക്കാർ ഒരു ഘട്ടത്തിലും സ്വീകരിച്ചിട്ടില്ല. കേസ്സുകളുമായി ബന്ധപ്പെട്ട് ഫലപ്രദമായ അന്വേഷണം കേരളാ പോലീസ് നടത്തിക്കൊണ്ടിരിക്കുകയാണ്. ആ അന്വേഷണം സി.ബി.ഐ.-യെ ഏൽപ്പിക്കണമെന്നൊരാവശ്യം വന്നാൽ സാധാരണഗതിയിൽ അത് അംഗീകരിക്കാനാകില്ല. കാരണം, നിഷ്പക്ഷമായും കൃത്യതയോടെയുമാണ് ഇവിടെ പോലീസ് കേസ്സുകൾ അന്വേഷിക്കുന്നത്. അത് സി.ബി.ഐ.-യെ ഏൽപ്പിക്കണമെന്നൊരു നിലപാട് വരുമ്പോൾ അതിനെ നിയമപരമായി ചോദ്യം ചെയ്യാൻ സർക്കാർ ബാധ്യസ്ഥമാണ്; കാരണം, നല്ല നിലയ്ക്കാണ് കേരളാ പോലീസ് നടപടികൾ സ്വീകരിക്കുന്നത്. ഇത്തരം ചില കേസ്സുകളിൽ പോലീസ് കണ്ടെത്തിയതിനപ്പുറം എന്തെങ്കിലും കാര്യങ്ങൾ സി.ബി.ഐ. വന്നതിനുശേഷം കണ്ടെത്തിയ അനുഭവമുണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് നമ്മൾ പരിശോധിക്കണമല്ലോ. പരിശോധിക്കേണ്ടതല്ലേ; സി.ബി.ഐ.

വരുമ്പോഴേയ്ക്കും പോലീസ് അന്വേഷണം ഒരു ഘട്ടംവരെ എത്തിയിട്ടുണ്ടായിരിക്കും. അതിന്റെ ഭാഗമായി പോലീസ് ശേഖരിച്ച തെളിവുകൾ ആധാരമാക്കിക്കൊണ്ടല്ലേ പല കേസ്സുകളിലും സി.ബി.ഐ.-യ്ക്കുടക്കം നീങ്ങേണ്ടി വന്നിട്ടുള്ളത്. നിയമപരമായി ചോദ്യം ചെയ്യുമ്പോൾ നിയമപരമായി ചോദ്യം ചെയ്യാൻപറ്റിയ അഡ്വക്കേറ്റുമാരെ ഏൽപ്പിക്കുമെന്നത് വസ്തുതയാണ്. അപ്പോൾ ആ അഡ്വക്കേറ്റുമാർക്ക് ഫീസ് നൽകാതിരിക്കുകയെന്ന നിലപാട് സർക്കാർ സ്വീകരിക്കാറില്ല. സ്വാഭാവികമായും അവർക്ക് അവരുടേതായ റെമ്യൂണറേഷൻ നൽകേണ്ടതായി വരും. ഞങ്ങൾ ആർ.എസ്.എസ്.-മായി സന്ധി ഉണ്ടാക്കിയിരിക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത്. ഇപ്പോൾ ആർ.എസ്.എസ്. നടത്തുന്ന കൊലപാതകങ്ങൾക്ക് കുറവ് വന്നിട്ടുണ്ടെന്നത് വസ്തുതയാണ്. കുറച്ചുനാൾ മുമ്പാണ് അങ്ങയുടെ നിയോജകമണ്ഡലത്തിന്റെ ഭാഗമായി നിൽക്കുന്ന സ്ഥലത്ത് കൊലപാതകം നടന്നതെന്നത് ഓർക്കേണ്ട കാര്യമാണ്. അപ്പോൾ അതിലൊരു ഫുൾ സ്റ്റോപ്പ് വന്നിട്ടില്ല. പക്ഷെ, കൊലപാതകങ്ങൾ നടത്തുന്നതിൽ കുറവ് വന്നുവെന്നതിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് എന്തോ വിഷമമുള്ളതുപോലെയാണ് തോന്നുന്നത്.

ജയിലിൽ ആരെങ്കിലും ഏതെങ്കിലും തരത്തിലുള്ള നിയമവിരുദ്ധ പ്രവർത്തനം നടത്തുന്നുണ്ടെങ്കിൽ (ജയിലുള്ളവരായാലും പുറത്തുള്ളവരായാലും) അതിനോട് ഒരു തരത്തിലുള്ള വിട്ടുവീഴ്ചയും സർക്കാർ കാണിക്കുകയില്ല; അത്തരം കാര്യങ്ങളിൽ ശക്തമായ നടപടി സ്വീകരിച്ചു പോകുകതന്നെ ചെയ്യും. സർക്കാരിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഒരു തരത്തിലുള്ള ഇടനിലക്കാരെയും ആവശ്യമില്ല. നല്ല ശേഷിയുള്ള ഉദ്യോഗസ്ഥശ്രേണി ഉപയോഗിച്ചുകൊണ്ടാണ് ഞങ്ങൾ കാര്യങ്ങൾ നിർവ്വഹിക്കുന്നത്. അതിനപ്പുറത്ത് ഏതെങ്കിലും തരത്തിലുള്ള ഇടനിലക്കാരെ ഉപയോഗിക്കുന്ന നിലയില്ല.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നൽകിയ ഉപദേശത്തിന് നന്ദി. കാരണം, ഭരണം നടത്തുമ്പോൾ സ്വാഭാവികമായി അതിന്റേതായ ചില പ്രശ്നങ്ങൾ ചിലപ്പോൾ വന്നേയ്ക്കാനിടയുണ്ട്. അക്കാര്യത്തിൽ ഞങ്ങൾ എപ്പോഴും ജാഗരൂകരാണ്. കാരണം, നാം ജീവിക്കുന്ന സമൂഹത്തിന്റെ പ്രത്യേകതകൾകൊണ്ട് ചില ചെറ്റത്തരങ്ങൾ നമ്മേയും സ്വാധീനിക്കാനിടവരുന്നുണ്ട്. അക്കാര്യങ്ങളിലൊക്കെ സ്ഥായിയായ നിലപാടുകൾ ഞങ്ങൾക്കുണ്ട്. അതിന്റെ വിശദമായ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. അത്തരം കാര്യങ്ങളിൽ ഞങ്ങൾ എപ്പോഴും ജാഗ്രത പാലിച്ചു

പോരുന്നവരാണെന്നാണ് ബഹു. പ്രതിപക്ഷനേതാവ് മനസ്സിലാക്കേണ്ടത്. ആ ജാഗ്രത പാലിക്കുന്നതുകൊണ്ടാണ് ഞങ്ങൾക്ക് വലിയ കേട് പറ്റാതിരിക്കുന്നത്. ഞങ്ങളും മുന്നണിയും ജാഗ്രത പാലിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. കൂടുതൽ ജാഗ്രത പാലിക്കണമെന്ന ഉപദേശത്തിന് നന്ദി.

കേരളത്തിൽ ബി.ജെ.പി.-ക്ക് സ്പേസില്ലാതാക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നതെന്ന് അങ്ങ് പറഞ്ഞത് ഇത്തവണത്തെ ഏറ്റവും വലിയ തമാശയായിപ്പോയി. ബഹുമാനപ്പെട്ട വി. ശിവൻകുട്ടി ഇവിടെ ഇരിപ്പുണ്ട്. നേരത്തെ ഇവിടെ ബി.ജെ.പി.യുടെ സ്പേസ് എങ്ങനെയാണ് വന്നതെന്ന് നമുക്കെല്ലാവർക്കും അറിയാം; ആ സ്പേസില്ലാതാക്കിയത് ശ്രീ. വി. ശിവൻകുട്ടിയാണ്. ശ്രീ. വി. ശിവൻകുട്ടി എൽ.ഡി.എഫ്.-ന്റെ നേതാവായിട്ടാണ് ഇവിടെ ഇരിക്കുന്നത്. അക്കാര്യത്തിൽ വല്ലാത്തൊരു നില നിങ്ങൾക്കുണ്ടായിരുന്നുവെന്നത് നമുക്ക് അറിയാവുന്നതാണ്. ഏതായാലും ഞങ്ങൾക്ക് അത്തരം കാര്യങ്ങളിൽ വ്യക്തതയാർന്ന നിലപാടുണ്ട്. എല്ലാ കാലത്തും പോലീസിൽ ചില ക്രിമിനലുകളുണ്ട്. ആ ക്രിമിനലുകൾക്ക് സ്വൈരവിഹാരം നടത്താനാകുമായിരുന്നു. ഏതായാലും അത് അവസാനിപ്പിച്ചിരിക്കുകയാണ്. ചിലർ പുറത്തുപോയി കഴിഞ്ഞു. ചിലർ

പുറത്തേയ്ക്കുള്ള വഴിയിൽ നിൽക്കുകയാണ്. അടുത്ത തള്ളിന് അവരും പുറത്തുപോകും. അതിന് ഒരു വിട്ടുവീഴ്ചയുമില്ല. പോലീസ് പോലീസിന്റെ രീതിയിൽത്തന്നെ പ്രവർത്തിച്ചുപോകുകയാണ്. പോലീസ് വകുപ്പിൽ ഏതെങ്കിലും തരത്തിലുള്ള പുഴുക്കുത്തുകൾ ഉണ്ടാകാൻ പാടില്ലെന്ന നിലപാടാണ് സർക്കാരിനുള്ളത്. ഇവിടെ ശരിയായ രീതിയിലുള്ള ഗവേണൻസ് നടത്താനാണ് ശ്രമിക്കുന്നത്. അതിന്റെ ഭാഗമായുള്ള നടപടികളാണ് ഞങ്ങൾ സ്വീകരിച്ചു വരുന്നത്. ഗവേണൻസിന്റെ നിലയെടുത്താൽ അത് ശക്തിപ്പെടുകയാണ് ചെയ്യുന്നതെന്ന് എല്ലാവരും സമ്മതിക്കും. ഈയടുത്ത ദിവസം ന്യൂയോർക്കിൽ നിന്നും ഒരു സാധാരണക്കാരൻ എന്നെ കാണാൻ വന്നു. എനിക്ക് പരിചയമുള്ള വ്യക്തിയാണ്, അദ്ദേഹത്തിന്റെ പേര് പറയുന്നില്ല. അപ്പോൾ ന്യൂയോർക്കിൽ മെഡിസിൻ എം.ഡി. കോഴ്സ് പഠിക്കുന്ന അദ്ദേഹത്തിന്റെ മകനും കൂടിയുണ്ടായിരുന്നു. അവിടെ മെഡിസിൻ എം.ഡി. കോഴ്സ് എട്ട് വർഷമാണ് പഠിക്കേണ്ടതെന്നും അതിൽ നാല് കൊല്ലം കഴിഞ്ഞു, ബാക്കി നാല് കൊല്ലം നിൽക്കുന്നുവെന്ന കഥയൊക്കെ എന്നോട് അവർ പറഞ്ഞു. ആ ചെറുപ്പക്കാരന്റെ അമ്മയുടെ വീട് തൃശ്ശൂരും അമ്മയുടെ സഹോദരിയുടെ വീട് പാലക്കാട്ടുമാണ്. അവർ തൃശ്ശൂരിൽ നിന്നും പാലക്കാട് പോയി. ടണലിൽ

കൂടി പോയപ്പോൾ ആ കുട്ടിക്ക് ഭയങ്കര ആശ്ചര്യം, എന്തൊരു മാറ്റമാണ് കേരളത്തിൽ സംഭവിച്ചിരിക്കുന്നതെന്നും ന്യൂയോർക്കിനേക്കാൾ നല്ല റോഡുകളാണ് ഇവിടെയുള്ളതെന്നും നമ്മുടെ നാട് ഇങ്ങനെ മാറിയല്ലോ എന്നൊക്കെയാണ് ആ കുട്ടി പറഞ്ഞത്. ഇത് നിങ്ങളെ വിഷമിപ്പിക്കാൻ പറഞ്ഞതല്ല. ആ കുട്ടിയുടെ ബാല്യ കാലത്ത് ഇവിടെ വന്നിട്ടുണ്ട്. ആ രീതിയിൽ മാറ്റം ആളുകൾ അംഗീകരിക്കുകയും ഉൾക്കൊള്ളുകയുമാണ്. ഇക്കാര്യത്തിൽ മാത്രമല്ല മറ്റു കാര്യങ്ങളിലും വലിയ മാറ്റം വന്നിട്ടുണ്ടെന്ന് ആ കുട്ടിയുടെ അമ്മ പറഞ്ഞു. നമ്മുടെ നാടിന്റെ ഭാഗമായി നിൽക്കുന്ന മറ്റെല്ലാവർക്കും നമ്മുടെ നാടിനെക്കുറിച്ച് വലിയ അഭിമാനം തന്നെയാണുള്ളത്. കാരണം, മാറ്റം വന്നിരിക്കുന്നു. ആ മാറ്റത്തിന്റെ ഭാഗമായി അവിടെ നിന്നാൽപോര, അവിടെനിന്നും കൂടുതൽ ഉയരത്തിലേയ്ക്ക് പോകാനാണ് നമ്മൾ ശ്രമിക്കേണ്ടത്. സി.എം.ഡി.ആർ.എഫ്-ന്റെ കാര്യം വിശദമായി പറയണമെന്ന് കരുതിയതായിരുന്നു. പക്ഷെ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അക്കാര്യം വിശദമായി പറഞ്ഞുകഴിഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവോ, മറ്റേതെങ്കിലും ജനപ്രതിനിധിയോ ഇതിന്റെ ഭാഗമായി ഏതെങ്കിലും തരത്തിലുള്ള അപകടങ്ങൾ ചെയ്തുവെന്നല്ല ഞങ്ങൾ ചിന്തിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ചിലർ തട്ടിപ്പുകൾ നടത്താൻ ശ്രമം

നടത്തിയതിനെ അംഗീകരിക്കാനാകില്ല. അക്കാര്യത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതായി വരും. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അദ്ദേഹം കൃത്യമായി പറഞ്ഞിട്ടുണ്ട്. ഞാൻ പിന്നീട് അക്കാര്യത്തിലേയ്ക്ക് വരാം. സർക്കാർ ശരിയായ പാളത്തിൽക്കൂടിതന്നെയാണ് പോകുന്നത്. ഒരു പാളം തെറ്റലുമുണ്ടായിട്ടില്ല, സർക്കാർ നല്ല നിലയിൽ മുന്നോട്ടുപോകുകയാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ നടത്തുന്ന ജനകീയ പ്രതിരോധ ജാഥയെയും ടി ജാഥയ്ക്ക് ആളെ കൂട്ടുന്ന കാര്യങ്ങളെപ്പറ്റിയും ബഹുമാനപ്പെട്ട ചില അംഗങ്ങൾ അവരവരുടെ ഭാവനയ്ക്കനുസരിച്ച് പറയുകയുണ്ടായി. ഇപ്പോൾ ജാഥ മലപ്പുറം ജില്ലയിലാണുള്ളത്. മലപ്പുറം ജില്ലയിൽ ആ ജാഥയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചതെന്നും ഭയങ്കര ആൾക്കൂട്ടമാണെന്നുമാണ് അറിയാൻ സാധിച്ചത്. അത് ഇവിടെ പറഞ്ഞതുപോലുള്ള എന്തെങ്കിലും കാര്യങ്ങൾ കൊണ്ടാണോ; തൊഴിലുറപ്പ് തൊഴിലാളികളെ നിർബന്ധിച്ച് പങ്കെടുപ്പിക്കുന്നതുകൊണ്ടാണോ; മറ്റെന്തെങ്കിലും തരത്തിൽ സ്വാധീനം ഉപയോഗിച്ചതുകൊണ്ടാണോ? മലപ്പുറം ജില്ലയിൽ നിന്നുള്ള അംഗങ്ങൾ ഇവിടെയുണ്ടല്ലോ; മലപ്പുറത്തിന്റെ പ്രകൃതം എന്താണെന്നത് എല്ലാവർക്കും അറിയാം. വലിയതോതിലുള്ള ആരവത്തോടുകൂടിയാണ് ജാഥയെ സ്വീകരിക്കുന്നത്. എന്തുകൊണ്ടാണത്? ജനകീയ പ്രതിരോധ ജാഥയ്ക്ക്

അതിന്റേതായ സ്വീകാര്യത ലഭിച്ചു കഴിഞ്ഞിട്ടുണ്ട്. അത് കണ്ട് നിങ്ങൾ വിഷമിക്കേണ്ടതില്ല. അതിനെ മറ്റു തരത്തിൽ ആക്ഷേപിക്കാൻ ശ്രമിക്കരുതെന്നാണ് പറയാനുള്ളത്. ഞങ്ങൾ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ളവ നടപ്പാക്കി അതിൽ അഭിമാനം കൊള്ളുന്ന മുന്നണി തന്നെയാണ്. കാരണം, കഴിഞ്ഞ സർക്കാരിന്റെ ഭരണ കാലത്ത് പ്രകടനപത്രികയിൽ പറയുന്ന കാര്യങ്ങൾ പൂർണ്ണമായി നടപ്പാക്കാൻ സാധിച്ചുവെന്നത് നാട് അംഗീകരിച്ച കാര്യമാണ്. ഞങ്ങളോട് നിങ്ങൾ പ്രകടനപത്രിക ഒരാവർത്തിയെങ്കിലും വായിച്ചോയെന്ന് ചോദിച്ചാൽ അതൊരു കടന്ന ചോദ്യമായി പോയി എന്നുമാത്രമേ പറയാനുള്ളൂ. ഏതായാലും അത് തെറ്റിദ്ധരിച്ചുകൊണ്ട് ചോദിച്ചതാണെന്നാണ് തോന്നുന്നത്. പിന്നെ Chief Minister's Distress Relief Fund (CMDRF)-ൽ ലക്ഷങ്ങൾ സംഭാവന നൽകിയ ഒരാൾ വഞ്ചിക്കപ്പെട്ടുയെന്നു മനസ്സിലാക്കിയപ്പോഴുള്ള രോഷം കേരളം കണ്ടതാണെന്ന് ഒരാൾ പറയുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രതികരണം ഞാനും കേൾക്കാനിടയായി. ആ പ്രതികരണം എന്തർത്ഥത്തിലാണ് വന്നതെന്ന് അറിയില്ല. ആരെയെങ്കിലും സുഖിപ്പിക്കാൻ വന്ന പ്രതികരണമാണോ? നിങ്ങളെയല്ല കേട്ടോ, നിങ്ങളെ സുഖിപ്പിക്കാമെന്നല്ല ഞാൻ ഉദ്ദേശിച്ചത്.

പലതരത്തിലും പ്രശ്നങ്ങൾ വരാനിടയുള്ള ഒരാളിൽനിന്നാണ് ആ പ്രതികരണം കണ്ടത്. അപ്പോൾ ആരെയെങ്കിലും സുഖിപ്പിക്കുന്നതിനുവേണ്ടി നടത്തിയ ഒരു പ്രതികരണം ആയിരിക്കും. കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരിനെ വല്ലാതെ ആക്ഷേപിച്ചാൽ ചില കേന്ദ്രങ്ങളിൽ നല്ല പ്രതികരണം കിട്ടുമെന്ന് അദ്ദേഹം ധരിച്ചിട്ടുണ്ടോ എന്നറിയില്ല. അതിനപ്പുറത്തേയ്ക്ക് ഞാനിപ്പോൾ പോകുന്നില്ല. ഇപ്പോൾ ഓൺലൈൻ സംവിധാനം പൂർണമായും ഏർപ്പെടുത്തിയിരിക്കുകയാണ്. ദുരിതാശ്വാസനിധിക്കുവേണ്ടിയുള്ള അപേക്ഷ സമർപ്പിക്കുന്നത് മുതൽ ധനസഹായം അനുവദിക്കുന്നതുവരെ എല്ലാ നടപടിയും ഓൺലൈൻ വഴിയാണ് നടക്കുന്നത്. സഹായധനം ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ടാണ് കൈമാറുന്നത്. സങ്കീർണ്ണമായ നടപടിക്രമങ്ങൾ ലഘൂകരിച്ചും വിവിധ തലങ്ങളിൽ അനുവദിക്കാവുന്ന ധനസഹായത്തിന്റെ തുക ഉയർത്തിയും ഗുണഭോക്താവിന്റെ വരുമാന പരിധി വർദ്ധിപ്പിച്ചും അർഹതപ്പെട്ടവർക്ക് സഹായം എത്തിക്കാൻ കഴിയുന്നുണ്ട്. ധനസഹായത്തിനുവേണ്ടി ലഭിച്ച ഏതാനും ചില അപേക്ഷകൾ സർക്കാർതലത്തിൽ പരിശോധിച്ചപ്പോൾ ചില സംശയങ്ങൾ ഉയർന്നു. ചില കാര്യങ്ങൾ കണ്ടപ്പോൾ ചെറിയ സംശയം, എന്താണ് അങ്ങനെ? അതിന്റെ

ഭാഗമായി അതിനെക്കുറിച്ച് അന്വേഷണം നടത്താൻ വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകി. ആ നിർദ്ദേശത്തിന്റെ ഭാഗമായി വിജിലൻസ് 22.02.2023-ന് Operation Chief Minister's Distress Relief Fund (CMDRF) എന്ന പേരിൽ സംസ്ഥാന വ്യാപകമായി ജില്ലാ കളക്ടറേറ്റുകളിൽ മിന്നൽപരിശോധന നടത്തി. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുള്ള സഹായം അർഹരായവർക്ക് ഉറപ്പുവരുത്താനും അനർഹർ അത് കൈപ്പറ്റുന്നത് തടയാനും ശക്തമായ നടപടി സ്വീകരിക്കും. തെറ്റായ ഒരു പ്രവണതയും അതിൽ കടന്നുകൂടാതിരിക്കാനാണ് സമഗ്രമായ പരിശോധനയ്ക്ക് വിജിലൻസിനെ ചുമതലപ്പെടുത്തിയത്. ധനസഹായ വിതരണവുമായി ബന്ധപ്പെട്ട് വിജിലൻസ് കണ്ടെത്തിയ വിഷയങ്ങളിൽ തുടർനടപടികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി സുതാര്യമായി പ്രവർത്തിക്കുന്ന ഒന്നാണ്. Comptroller and Auditor General of India-യുടെ ഓഡിറ്റിംഗിന് വിധേയവുമാണ്. നമുക്കറിയാമല്ലോ കേന്ദ്രസർക്കാരിന്റെ ചില നിധികൾ ഓഡിറ്റിംഗിന് വിധേയമല്ലായെന്ന്. അതുപോലെയല്ലിത്. സാധാരണക്കാരുൾപ്പെടെ അകമഴിഞ്ഞു സംഭാവന നൽകുന്ന മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് അനർഹരായവർക്ക് ധനസഹായം

ലഭ്യമാക്കാൻ ശ്രമിച്ചവർക്കും അതിന് കൂട്ടുനിന്നവർക്കുമെതിരെ ഒരു ദാക്ഷണ്യവുമില്ലാതെ നടപടി സ്വീകരിക്കും. ദുരിതാശ്വാസനിധിയുടെ പൊതുസ്ഥിതിയെടുത്താൽ 2016 ജൂൺ മുതൽ 2021 മേയ് വരെ 6,82,569 അപേക്ഷകളിൽ 918 കോടി 95 ലക്ഷം രൂപയാണ് അനുവദിച്ചത്. പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സംഭാവനയായി ആകെ 4970 കോടി 29 ലക്ഷം രൂപ ലഭിച്ചു. ഇതിൽ 4627 കോടി 64 ലക്ഷം രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് സംഭാവനയായി 108 കോടി 59 ലക്ഷം രൂപയാണ് ലഭിച്ചത്. പക്ഷേ, ചെലവഴിച്ചത് 119 കോടി 34 ലക്ഷം രൂപയാണ്. കൊവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട് നാളിതുവരെ സംഭാവനയായി 1029.01 കോടി രൂപ ലഭിച്ചതിൽ 1028.06 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31.01.2023 വരെ 2,46,522 അപേക്ഷകളിൽ 462 കോടി 62 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് അധികാരത്തിലുള്ള ഇപ്പോഴത്തെ സർക്കാർ മുൻ ഇടതുപക്ഷ സർക്കാരുകളുടെ തുടർച്ച തന്നെയാണ്. ജനാധിപത്യ വ്യവസ്ഥിതിയിൽ അഞ്ചുകൊല്ലത്തിലൊരിക്കലാണ് വോട്ട് രേഖപ്പെടുത്തുന്നത്. അതുമാത്രമല്ല സമ്മതിദായകരും ഭരണകൂടവും തമ്മിലുള്ള ബന്ധമെന്ന് ഉറച്ച വിശ്വസിക്കുന്ന സർക്കാരാണിത്. അതുകൊണ്ടുതന്നെ

തെരഞ്ഞെടുപ്പ് വേളയിൽ ജനങ്ങൾക്ക് മുമ്പാകെ സമർപ്പിച്ച പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ എത്രത്തോളം നടപ്പാകുന്നുവെന്ന കാര്യം ഓരോ വർഷവും ജനസമക്ഷം അവതരിപ്പിക്കുന്ന രീതിയാണ് സർക്കാർ തുടർന്നുവരുന്നത്; കഴിഞ്ഞ വർഷവുമുണ്ടായി. ഈ വർഷവും അത് ആവർത്തിക്കാൻ പോകുകയാണ്. തെരഞ്ഞെടുപ്പ് വേളയിൽ നൽകുന്ന വാഗ്ദാനങ്ങൾ പാലിക്കാനുള്ളതാണെന്ന ബോധ്യമാണ് സർക്കാരിനുള്ളത്. നമ്മുടെ രാജ്യത്തെ ജനാധിപത്യ സംവിധാനത്തിൽ ഇതൊരു തനതായ മാതൃകയാണ്. സർക്കാർ വകുപ്പുകൾ നടപ്പാക്കുന്ന നയപരിപാടികൾക്ക് ഊർജ്ജസ്വലത നൽകാൻ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ രണ്ട് നൂറുദിന കർമ്മപരിപാടി ആവിഷ്കരിക്കുകയുണ്ടായി. 2021-ൽ അധികാരത്തിൽവന്ന ഈ സർക്കാർ രണ്ട് നൂറുദിന കർമ്മപരിപാടികൾ വിജയകരമായി നടപ്പാക്കി. മൂന്നാമത്തേത് (ഫെബ്രുവരി 10 മുതൽ മെയ് 20 വരെ) നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഘട്ടമാണ്. നൂറുദിന കർമ്മപരിപാടികൾ നടപ്പാക്കിയതിന്റെ പുരോഗതി ഓരോ പരിപാടി സമാപിക്കുമ്പോഴും ജനസമക്ഷം അവതരിപ്പിക്കുന്നുണ്ട്. ഇതിന്റെ വിവരങ്ങൾ വെബ്സൈറ്റിലും ലഭ്യമാണ്. തൊഴിലവസരങ്ങളും തൊഴിൽ ദിനങ്ങളും സൃഷ്ടിക്കുക, ലൈഫ് പുനർഗേഹം പദ്ധതികളിൽ ഭവനനിർമ്മാണം നടത്തുക, പശ്ചാത്തല

സൗകര്യ വികസന പദ്ധതി നല്ല രീതിയിൽ വ്യാപിപ്പിക്കുക ഇതെല്ലാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി ഉൾപ്പെടുത്തുന്നുണ്ട്. അതിന്റെ ആകെ വിശദാംശങ്ങളിലേക്ക് ഈ ഘട്ടത്തിൽ കടക്കേണ്ടതില്ലെന്നാണ് തോന്നുന്നത്. കേരളത്തിൽ എൽ.ഡി.എഫ്. സർക്കാർ സാമൂഹ്യ സുരക്ഷാ പദ്ധതികൾ, ഭൗതിക സാമൂഹ്യ പശ്ചാത്തല സൗകര്യ വികസന പദ്ധതികൾ ഇവയെല്ലാം ആവിഷ്കരിച്ച് നടപ്പാക്കുന്ന നയങ്ങളാണ് സ്വീകരിച്ചിരിക്കുന്നത്. കോവിഡ് കാലത്തും അതിനുശേഷവും ഉൽപ്പാദന രംഗത്ത് നിർണായക ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തിവരുന്നത്. അതിന്റെ ഗുണഫലങ്ങൾ കാർഷിക-വ്യാവസായിക മേഖലകളിൽ പ്രത്യക്ഷമായിത്തന്നെ കണ്ടുവരികയാണ്. 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ സ്ഥിരവിലയിലെ സാമ്പത്തിക വളർച്ച 12 ശതമാനമാണ്. ഇത് അഖിലേന്ത്യാ വളർച്ചാനിരക്കിനേക്കാൾ ഒന്നര ഇരട്ടി വരും. ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം, നമ്മുടെ സംസ്ഥാനത്തിന് എന്തെങ്കിലും മെച്ചമുണ്ടായാൽ അത് മെച്ചമല്ലെന്ന് സമർത്ഥിക്കാൻ ചിലർക്ക് വല്ലാത്ത താല്പര്യമാണ്. അതുകൊണ്ടാണ് ഇതിനെ നിസ്സാരവൽക്കരിക്കാൻ ചില കോണുകളിൽനിന്ന് ശ്രമമുണ്ടായത്. രാജ്യത്തും ലോകത്തെമ്പാടും സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങളുണ്ട്. ആ മാനദണ്ഡങ്ങളുടെ

അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ ആഭ്യന്തരവരുമാനവും കണക്കാക്കുന്നത്. നമ്മളായി പ്രത്യേക ഒരു മാനദണ്ഡം രൂപീകരിച്ചതല്ല. ഇതിൽനിന്നെല്ലാം മാറി വിചിത്രവാദങ്ങളുയർത്തി കേരളത്തിന്റെ സാമ്പത്തിക വളർച്ച 12 അല്ല, അത് 2.5 മാത്രമാണെന്ന് സമർത്ഥിക്കാൻ ഒരു മാധ്യമം വല്ലാതെ സാഹസപ്പെടുന്നത് നമ്മൾ കാണുകയുണ്ടായി. കോവിഡ് കാലത്തെ വലിയ സാമ്പത്തിക തളർച്ചയ്ക്കുശേഷം സർക്കാരിന്റെ നയപരമായ ഇടപെടലുകൾകൂടി ഉണ്ടായതുകാരണമാണ് കേരളം ഇത്തരത്തിലൊരു സാമ്പത്തിക വളർച്ച കൈവരിച്ചത്. അത് പൊതുവെ നമ്മുടെ നാടിന് അഭിമാനകരമായിട്ടുള്ളതാണ്. അതിനെയും നിസ്സാരവൽക്കരിക്കാനാണ് ഇവർക്ക് താൽപ്പര്യം. സംരംഭകത്വ പദ്ധതി, ബംഗളൂരു-കൊച്ചി വ്യവസായ ഇടനാഴി, ദേശീയപാത വികസനം എന്നിങ്ങനെ പശ്ചാത്തലസൗകര്യ വികസന പദ്ധതികളിൽ നല്ല പുരോഗതിയാണ് സംസ്ഥാനത്ത് കൈവരിച്ചിട്ടുള്ളത്. ഇതൊന്നും ഇവിടെ വേണ്ട എന്നാണ് ചിലർ പറയുന്നത്. കേരളം കടക്കെണിയിലാണ്, ഖജനാവ് കാലിയാണ് എന്നിങ്ങനെയുള്ള പ്രചരണമാണ് നടത്തുന്നത്. മൂലധനച്ചെലവുകൾക്കായി സംസ്ഥാന സർക്കാർ ഉൾക്കാഴ്ചയോടെ നടപ്പാക്കുന്ന പദ്ധതികളെയാകെ സാമ്പത്തിക സ്രോതസ്സുകൾ ഞെരുക്കിക്കൊണ്ട് തകർക്കാനാണ് കേന്ദ്രസർക്കാർ

ശ്രമിക്കുന്നത്. നിർഭാഗ്യവശാൽ അതിന് മുഴുവൻ പിന്തുണയും ഇവിടെ പ്രതിപക്ഷവും യു.ഡി.എഫ്.-ഉം നൽകുകയാണ്. കോവിഡിന്റെ അസാധാരണ സാഹചര്യത്തിൽ ഇന്ത്യാ ഗവൺമെന്റും ലോകത്താകെയുള്ള എല്ലാ സർക്കാരുകളും അധിക വായ്പയെടുക്കുകയുണ്ടായി. എല്ലാ രാജ്യങ്ങളുടെയും കടം, വരുമാനം എന്നിവ വർദ്ധിക്കുകയും ചെയ്തു. കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി കേരളവും കോവിഡ് സാഹചര്യം മറികടക്കാനായി അധികവായ്പ എടുത്തിരുന്നു. അതുകൊണ്ടാണ് 2020-21 വർഷത്തിൽ കടബാധ്യതയിൽ വർദ്ധനവുണ്ടായത്. അത് വലിയൊരു കുറ്റമായി ചിത്രീകരിക്കാനാണ് പ്രതിപക്ഷവും ഒരു വിഭാഗം മാധ്യമങ്ങളും ശ്രമിക്കുന്നത്. പശ്ചാത്തല സൗകര്യ വികസന പദ്ധതികളെ കാര്യക്ഷമമായി എൽ.ഡി.എഫ്. സർക്കാർ ചലിപ്പിക്കുകയാണ്. പക്ഷേ, ആ സർക്കാരിനെ 'കട്ടപ്പുറത്തെ സർക്കാർ' എന്നാണ് ചിലർ അധിക്ഷേപിക്കുന്നത്. അവരോട് ഒന്നേ പറയാനുള്ളൂ. 'കട്ടപ്പുറത്തെ പദ്ധതികളെ ചലിപ്പിക്കുന്ന സർക്കാർ' എന്നാക്കി അതുമാറ്റണം. ഫെഡറൽ സംവിധാനത്തെയാകെ അർത്ഥശൂന്യമാക്കുന്ന രീതിയിൽ സംസ്ഥാനത്തിന്റെ വായ്പാപരിധി വെട്ടിക്കുറയ്ക്കുകയും ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കുകയും ചെയ്ത കേന്ദ്ര നയങ്ങൾക്കെതിരെ സാധാരണഗതിയിൽ സംസ്ഥാന താൽപ്പര്യംവച്ച്

ഒരുമിച്ചുനിന്നുകൊണ്ട് പ്രതിഷേധിക്കുകയാണ് വേണ്ടത്. അതിനുപകരം സംസ്ഥാന സർക്കാരിനെ ഏതുവിധേനയും കടന്നാക്രമിക്കുകയെന്ന നയമാണ് ഇവിടെ കോൺഗ്രസ്സും യു.ഡി.എഫ്.-ഉം സ്വീകരിക്കുന്നത്. ഇത് സംസ്ഥാനത്തിന്റെ പൊതുതാല്പര്യത്തിന് വിരുദ്ധമാണെന്ന് ഞങ്ങൾ പറയുമ്പോൾ അതിനെയും ആക്ഷേപിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുകയാണ്. ഒരു സർക്കാരിന്റെ പ്രവർത്തനങ്ങളെ വിമർശനപരമായി കാണുന്നതും കുറ്റങ്ങളും കുറവുകളും ജനങ്ങൾക്ക് മുമ്പാകെ കൊണ്ടുവരുന്നതും സാധാരണനിലയ്ക്ക് പ്രതിപക്ഷത്തിന്റെ കടമയാണ്. സംസ്ഥാനത്തിന്റെ വികസന പദ്ധതികൾക്ക് അനുമതി നൽകരുതെന്ന് ശക്തമായി കേന്ദ്രസർക്കാരിനുമുന്നിൽ വാദിക്കുന്നത് പ്രതിപക്ഷത്തിന്റെ കടമയാണോ? അത് പ്രതിപക്ഷത്തിന്റെ കടമയല്ല. പകരം അത് അവരെ തെരഞ്ഞെടുത്ത ജനങ്ങളോടുള്ള വെല്ലുവിളിയാണെന്ന് ഉൾക്കൊള്ളണം. നമ്മുടെ രാജ്യത്തിന്റെ രാഷ്ട്രീയഘടനയുടെ ആണിക്കല്ലാണ് മതനിരപേക്ഷത. മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ അസാധാരണ ഭീഷണി നേരിടുന്നൊരു സാഹചര്യത്തിലാണ് നാം നിൽക്കുന്നത്. കേന്ദ്രത്തിലെ ബി.ജെ.പി. സർക്കാരിനെ എതിർക്കുന്നവരോട് സംഘ് പരിവാർ സംഘടനകൾ പുലർത്തുന്ന അസഹിഷ്ണുതയും നടത്തുന്ന വിവിധതരം

ആക്രമണങ്ങളും നാം അനുദിനം കണ്ടുകൊണ്ടിരിക്കുകയാണ്. ഇതിനെതിരെ യോജിപ്പിന്റെ മേഖലകൾ മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങളിൽ വിശ്വസിക്കുന്നവർ കണ്ടെത്തണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. പകരം കേന്ദ്രസർക്കാർ വിവിധ തരത്തിൽ നടത്തുന്ന ആക്രമണങ്ങൾ ഏതെങ്കിലും വിധത്തിൽ കേരളത്തിലെ സർക്കാരിനും ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്കും ക്ഷീണമാകുമെങ്കിൽ അതങ്ങനെ ആകട്ടെയെന്നുള്ള ഹ്രസ്വദൃഷ്ടി കേരളത്തിൽ കോൺഗ്രസ്സ് വച്ചുപുലർത്തരുത്. ഇവിടെ ഇടതുപക്ഷത്തെ എതിർക്കാൻ ബി.ജെ.പി. എങ്കിൽ ബി.ജെ.പി. എന്ന നിലപാട് കോൺഗ്രസ്സ് മുമ്പും സ്വീകരിച്ചിട്ടുള്ളതാണ്. 1991 മുതലുള്ള വിവിധ തെരഞ്ഞെടുപ്പുകളുടെ അനുഭവം നമ്മുടെ മുന്നിലുണ്ട്. ഇക്കഴിഞ്ഞദിവസം നടന്ന റായ്പൂർ പ്ലീനത്തിൽ പാസ്സാക്കിയ പ്രമേയങ്ങളിലെ നിലപാടും കേരളത്തിൽ കോൺഗ്രസ്സ് സ്വീകരിക്കുന്ന നിലപാടും തമ്മിൽ അന്തരമുണ്ടെന്ന് ഇവിടെ പലരും വ്യക്തമാക്കിക്കഴിഞ്ഞു. തങ്ങൾക്ക് ഇഷ്ടമില്ലാത്ത, തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന സർക്കാരുകളെ വരിഞ്ഞുമുറുക്കാൻ കേന്ദ്രസർക്കാർ സ്വീകരിക്കുന്ന നയങ്ങളെപ്പറ്റി കോൺഗ്രസ്സ് പ്ലീനറി സമ്മേളനത്തിലെ പ്രമേയത്തിൽ പരാമർശമുണ്ട്. അത് രാവിലെ ഇവിടെ ഉദ്ധരിച്ചതുമാണ്. അക്കാര്യങ്ങളിൽപ്പോലും യോജിച്ച നിലപാടെടുക്കാൻ ഇവിടത്തെ

കോൺഗ്രസ്സ് തയ്യാറാകുന്നില്ല. കേന്ദ്ര അധികാരം സംസ്ഥാനങ്ങൾക്കെതിരെ ദുരുപയോഗം ചെയ്യുന്നതിന്റെ ബാലപാഠങ്ങൾ ബി.ജെ.പി.-യെ പഠിപ്പിച്ചത് കോൺഗ്രസ്സ് ആണെന്നുള്ളത് മറ്റൊരു വസ്തുതയാണ്. പക്ഷേ, വൈകിയെങ്കിലും കോൺഗ്രസ്സിന്റെ ദേശീയനേതൃത്വം കാര്യങ്ങളുൾക്കൊണ്ട് പറയുമ്പോൾ അതിനോടുപോലും മുഖംതിരിക്കുന്ന സമീപനമാണ് കേരളത്തിലെ കോൺഗ്രസ്സ് സ്വീകരിക്കുന്നത്. വികസന പദ്ധതികളെ മാത്രമല്ല, ഫെഡറൽ സംവിധാനത്തെത്തന്നെ ഇല്ലായ്മ ചെയ്യാനുള്ള കേന്ദ്രനയങ്ങൾക്കെതിരെ കേരള സർക്കാർ ശബ്ദമുയർത്തുകയാണ്. പക്ഷേ, അങ്ങനെ ശബ്ദമുയർത്തുന്നതിനെ പരിഹസിക്കുന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. വാസ്തവത്തിൽ പ്രതിപക്ഷം പരിഹസിക്കുന്നത് കേരളത്തിലെ ജനങ്ങളെയാകെയാണ്. അനവധി പ്രതികൂല ഘടകങ്ങൾ നിലനിൽക്കുന്ന ഒരു ദേശീയ സാഹചര്യത്തിലാണ് പരിമിതമായ അധികാരമുള്ള സംസ്ഥാന സർക്കാർ പ്രവർത്തിക്കുന്നത്. ധനസ്രോതസ്സുകൾ കണ്ടെത്താനും പശ്ചാത്തലസൗകര്യ വികസന പദ്ധതികൾ നടപ്പാക്കാനും നമ്മൾ സ്വീകരിക്കുന്ന ഓരോ മാർഗ്ഗവും എങ്ങനെ തടയാമെന്നാണ് കേന്ദ്ര സർക്കാർ ആലോചിക്കുന്നത്. അതിന്റെ ഭാഗമാണ് കിഫ്ബിക്കെതിരായ നിലപാട്. ഇവിടെ നേരത്തേ കിഫ്ബിയെ ഒരു താത്വികാടിസ്ഥാനത്തിൽ

ബഹു. പ്രതിപക്ഷനേതാവ് സമീപിക്കുന്നത് കണ്ടു. അതായത്, പ്ലാനിന്റെ ഭാഗമായി എസ്.സി./എസ്.ടി., ദുർബ്ബല വിഭാഗങ്ങൾക്കെല്ലാം കൊടുക്കേണ്ട തരത്തിലുള്ള കാര്യങ്ങൾ കിഫ്ബിയുടെ ഭാഗമായി വരില്ലെന്നാണ് അദ്ദേഹം പരാമർശിച്ചത്. യഥാർത്ഥത്തിൽ ഞാൻ ആ സമയത്ത് അത് പറയാൻ വിട്ടുപോയതാണ്. അതിൽ നമ്മുടെ അനുഭവമെന്താണ്? കേരളത്തിലെ പൊതുവിദ്യാലയങ്ങൾ ശക്തിപ്പെടുത്തിയതിൽ കിഫ്ബിയുടെ പങ്ക് പ്രധാനമാണല്ലോ; കേരളത്തിലാകെയുള്ള അനുഭവമാണല്ലോ അത്; പൊതുവിദ്യാലയങ്ങൾ ശക്തിപ്പെട്ടു. നേരത്തേ പൊതുവിദ്യാലയങ്ങളിൽ നിന്ന് 5 ലക്ഷം കുട്ടികൾ കൊഴിഞ്ഞുപോയെങ്കിൽ ആ സ്ഥാനത്ത് 10 ലക്ഷത്തിലധികം കുട്ടികൾ കൂടുതലായി വന്നുചേർന്ന അനുഭവമാണ് ഇപ്പോഴുള്ളത്. ഈ പൊതുവിദ്യാലയങ്ങളിലൊക്കെ എല്ലാ വിഭാഗം കുട്ടികളും പഠിക്കുന്നില്ലേ? നമ്മുടെ സമൂഹത്തിൽ ഏറ്റവും അടിത്തട്ടിലുള്ളവർക്ക് ഏറ്റവും ഗുണകരമായതല്ലേ പൊതുവിദ്യാഭ്യാസ മേഖല ശക്തിപ്പെടുകയെന്നുള്ളത്. വിസ്താരഭയംകൊണ്ട് മറ്റുകൂടുതൽ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല.

അതുപോലെ നമ്മുടെ ആരോഗ്യസംവിധാനം മെച്ചപ്പെടുത്തി. ഹോസ്പിറ്റലുകളുടെ ശാക്തീകരണത്തിന് കിഫ്ബിയുടെ ഫണ്ടുപയോഗിച്ചു. ആർക്കാണ് അതുപകരിക്കുന്നത്; കോവിഡിന്റെ ഘട്ടത്തിൽ ലോകത്തെ

വൻകിടരാഷ്ട്രങ്ങളടക്കം മുട്ടുകുത്തിപ്പോയല്ലോ; നമ്മൾ ആ ഘട്ടത്തെ നല്ല രീതിയിലാണല്ലോ നേരിട്ടത്, എന്തുകൊണ്ടാണത്? നമ്മുടെ ആരോഗ്യമേഖലയ്ക്ക് അതിനുള്ള ശേഷിയുണ്ടായിയെന്നുള്ളതല്ലേ; ആ ശേഷി അത്തരത്തിൽ ആർജ്ജിക്കുന്നതിന് കിഫ്ബി ഉപകരിച്ചിട്ടില്ലേ? നാഷണൽ ഹൈവേയുടെ വികസനത്തിനുവേണ്ടി ഭൂമിയേറ്റെടുക്കുന്നതിന് 25 ശതമാനം എന്നൊരു ഒത്തുതീർപ്പ് വ്യവസ്ഥ വന്നപ്പോൾ നമുക്കത് കൊടുക്കാൻ കഴിഞ്ഞത് കിഫ്ബിയിൽനിന്ന് പണമെടുത്തല്ലേ; 6000 കോടിയോളം രൂപയല്ലേ അതിനുവേണ്ടി ഇപ്പോൾ നമ്മൾ കൊടുത്തത്? ഇവിടെ ഒരുഭാഗത്ത് ഹിൽ ഹൈവേ വരുന്നു, വേറൊരു ഭാഗത്ത് തീരദേശ ഹൈവേയും വരുന്നു. അതിനുള്ള പണം കിഫ്ബിയിൽ നിന്നല്ലേ നമ്മൾ കണ്ടെത്തുന്നത്; ജലപാതയുമായി ബന്ധപ്പെട്ട് വികസിപ്പിക്കേണ്ട കോവളം മുതൽ ബേക്കൽവരെയുള്ള ഭാഗം, അതിനാവശ്യമായി വരുന്ന പണം കിഫ്ബിയിൽ നിന്നല്ലേ കണ്ടെത്തുന്നത്? ഈ സംസ്ഥാനത്തെ റോഡുകളുടെ വികസനം, സംസ്ഥാനത്ത് വന്നിട്ടുള്ള വിവിധ പാലങ്ങൾ, വിവിധ ഡിപ്പാർട്ടുമെന്റുകളുടേതായ സ്വന്തം കെട്ടിടങ്ങൾ എന്നിവയൊക്കെ ഏതെങ്കിലുമൊരു ഭാഗത്ത് ചുരുങ്ങുന്നതല്ലല്ലോ; സംസ്ഥാനത്താകെയല്ലേ; ജനങ്ങൾക്കാകെ ഉപകരിക്കുന്നതല്ലേ; എല്ലാ വിഭാഗത്തിനുമല്ലേ; അതിന്റെ

ഏറ്റവും വലിയ ഗുണമുണ്ടാകുന്നത് നമ്മുടെ നാട്ടിലെ അധഃസ്ഥിത വിഭാഗത്തിനല്ലേ; അതല്ലേ നമ്മൾ കാണേണ്ടത്? കേന്ദ്ര സർക്കാർ എങ്ങനെയൊക്കെ നമ്മെ തടയാമെന്നാണ് ആലോചിക്കുന്നത്. അതിന്റെ ഭാഗമായാണ് കിഫ്ബിക്കെതിരായ നിലപാട് സ്വീകരിക്കുന്നത്. എന്നാൽ നമ്മൾ കാണേണ്ടതെന്താണ്? കിഫ്ബി പോലുള്ള സ്ഥാപനങ്ങൾ കേന്ദ്ര സർക്കാരിനുമുണ്ട്; പക്ഷേ, കേരളത്തിന് ഇതൊന്നും പാടില്ലെന്നുള്ള സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. കേന്ദ്രത്തിന്റെ പ്രസ്തുത നിലപാടിനെ പിന്തുണയ്ക്കുന്ന സമീപനമാണ് നിർഭാഗ്യവശാൽ കോൺഗ്രസ്സും യു.ഡി.എഫ്.-ഉം ഇവിടെ സ്വീകരിക്കുന്നത്. സംസ്ഥാന സർക്കാരിനെ സംബന്ധിച്ചിടത്തോളം ഒരു കാര്യം അസന്നിഗ്ദ്ധമായി വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്; 'ജനക്ഷേമ പരിപാടികളിൽനിന്നും ഒരിഞ്ചുപോലും പിന്നോട്ട് പോകില്ല'. സാമൂഹ്യക്ഷേമ പെൻഷനുകൾ കാര്യക്ഷമമായി വിതരണം ചെയ്യുന്നുണ്ട്. കേരളത്തിലെ ജനസംഖ്യാ ഘടനയിൽ 60 വയസ്സ് കഴിഞ്ഞവർക്ക് എണ്ണത്തിൽ പ്രാമുഖ്യമുണ്ടാകുകയാണ്. ഇത് ചില വികസിത രാജ്യങ്ങളിലും കണ്ടുവരുന്ന കാര്യമാണ്. ഈ വിഭാഗത്തിലെ 78% വരുന്നവർക്ക് വിവിധതരം പെൻഷനുകൾ സംസ്ഥാന സർക്കാർ നൽകുന്നുണ്ടെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ സംസ്ഥാന

ബഡ്ജറ്റുകളെക്കുറിച്ചുള്ള ഏറ്റവും ഒടുവിലത്തെ പഠനം ചൂണ്ടിക്കാണിക്കുകയാണ്. നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണിത്. ഈ വിഭാഗത്തിലെ 78% വരുന്നവർക്കാണ് വിവിധതരം പെൻഷനുകൾ കേരളത്തിൽ നൽകുന്നതെന്നാണ് ആർ.ബി.ഐ. ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഇതിനായി നമുക്ക് വരുമാനം കണ്ടെത്തേണ്ടിവരും. കാരണം, നമ്മെ സാമ്പത്തികമായി ഞെരുക്കാൻ നോക്കുമ്പോൾ ചില വരുമാന മാർഗ്ഗങ്ങൾ നമ്മൾ കണ്ടെത്തണമല്ലോ; അതിന് ചില ധനാഗമന മാർഗ്ഗങ്ങൾ സംസ്ഥാന സർക്കാർ തേടുകയാണ്. അപ്പോഴാണ് പ്രതിപക്ഷം വാളോങ്ങുന്ന നില സ്വീകരിക്കുന്നത്. യു.ഡി.എഫ്. ഭരണകാലത്ത് സാമൂഹ്യ സുരക്ഷാ പെൻഷൻ വല്ലപ്പോഴുമൊരിക്കൽ വിതരണം ചെയ്യുന്ന നിലയാണുണ്ടായിരുന്നത്. ഞാൻ അതിന്റെ ആവർത്തനത്തിലേയ്ക്ക് പോകുന്നില്ല. ഇന്നത്തെ സ്ഥിതി അതാണോ; കാര്യക്ഷമമായി വിതരണം ചെയ്യുകയല്ലേ; ആ നോട്ടും കയ്യിൽവച്ച് പ്രായമായവർ പലരും ചിരിക്കുന്ന കാഴ്ച ഈ അടുത്ത ദിവസങ്ങളിൽ കണ്ടിട്ടുള്ളതല്ലേ; ഇതിനുവേണ്ടി ധനസ്രോതസ്സുകൾ കണ്ടെത്താൻ സംസ്ഥാന സർക്കാർ ചില നടപടി സ്വീകരിക്കാൻ നിർബന്ധിതമാകുകയാണ്. അതെന്തോ വലിയ കുറ്റമായിപ്പോയെന്ന് നിങ്ങൾ

പറഞ്ഞാൽ യുക്തിസഹമായി ചിന്തിക്കുന്ന ഒരാളും കേരളത്തിൽ നിങ്ങളെ അനുകൂലിക്കില്ല എന്നതാണ് വസ്തുത. റെയിൽ തെറ്റിയ കഥയും ഗവേണൻസില്ലാത്ത കഥയുമൊക്കെ ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞല്ലോ. നമ്മുടെ ഭരണപരമായ ഇടപെടലുകൾക്ക് ദേശീയതലത്തിൽ വലിയ അംഗീകാരമാണ് ലഭിക്കുന്നത്; ഇത് നമുക്കാകെ അഭിമാനിക്കാൻ കഴിയുന്ന കാര്യമല്ലേ? ചില ഉദാഹരണങ്ങൾ നമ്മൾ ഓർത്താൽ മതി. നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ കേരളം തുടർച്ചയായി നാലാം തവണയും ഒന്നാം സ്ഥാനത്താണ്. നീതി ആയോഗിന്റെ ദേശീയ മൾട്ടി ഡയമെൻഷണൽ ദാരിദ്ര്യ സൂചികയിൽ കുറവ് ദാരിദ്ര്യമുള്ള സംസ്ഥാനം കേരളമാണ്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ മികവിന്റെ സൂചികയിൽ കേരളത്തിന് ഒന്നാം സ്ഥാനമാണ്. വിദ്യാഭ്യാസ അവസരത്തിലും സൗകര്യത്തിലും ഇന്ത്യയിലെ മികച്ച സംസ്ഥാനമായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം കേരളത്തെയാണ് തെരഞ്ഞെടുത്തത്. അഴിമതി വിമുക്ത പോലീസ് സേവനത്തിൽ കേരളം ഒന്നാമതെന്നാണ് ഇന്ത്യൻ പോലീസ് ഫൗണ്ടേഷന്റെ കണ്ടെത്തൽ. കേന്ദ്ര സർക്കാരിന്റെ Arogya Manthan 3.0-ൽ രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനത്തിനുള്ള പുരസ്കാരവും കേരളത്തിനാണ്. രാജ്യത്തെ

മികച്ച കോവിഡ് വാക്സിനേഷൻ ഡ്രൈവിന് ഇന്ത്യാ ടുഡേ-യുടെ ഹെൽത്ത് ഗിരി അവാർഡും കേരളത്തിന് ലഭിച്ചിട്ടുണ്ട്. ഇങ്ങനെ കിട്ടിയ ധാരാളം പുരസ്കാരങ്ങളുണ്ട്; എല്ലാം ഞാൻ പറയുന്നില്ല. സർക്കാർ സേവനങ്ങൾ ജനങ്ങളിലെത്തിക്കുന്നത് സുതാര്യവും വേഗത്തിലുമായിരിക്കണമെന്നതിൽ സർക്കാരിന് നിർബന്ധമുണ്ട്. ഇതിനായുള്ള നടപടികൾ കഴിഞ്ഞ കാലങ്ങളിൽ സർക്കാർ സ്വീകരിച്ചുവരികയാണ്. ഒഴിവാക്കാൻ കഴിയുന്ന സർട്ടിഫിക്കറ്റുകൾ ഒഴിവാക്കി സ്വയം സാക്ഷ്യപ്പെടുത്തലായി പരിവർത്തനം ചെയ്തിട്ടുണ്ട്. അതുപോലെ, മിക്ക സർക്കാർ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്ന പ്രക്രിയയിൽ ഒരു രീതിയിലുമുള്ള അഴിമതിയുമുണ്ടാകാൻ പാടില്ലെന്ന് സർക്കാരിന് നിർബന്ധമുണ്ട്.

മുഖ്യമന്ത്രിയുടെ പരാതി പരിഹാര സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ആകെ ലഭിച്ച പരാതികളിൽ 98.6% തീർപ്പാക്കിയിട്ടുണ്ട്. തീർപ്പാക്കിയ പരാതികളുടെ സമ്പൂർണ്ണ അവലോകനവും നടത്തുന്നുണ്ട്. ഭരണ നിർവ്വഹണ സുതാര്യതയുടെ ഭാഗമായി സെക്രട്ടേറിയറ്റിൽ 2018 ജനുവരി 1 മുതൽ പൂർണ്ണതോതിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പാക്കി. എല്ലാ

സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ പ്രസ്തുത സംവിധാനം 31-03-2023-നകം സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും നടപ്പിൽ വരുത്താൻ സർക്കാർ ഉദ്ദേശിക്കുകയാണ്. അതുപോലെത്തന്നെ, പൊതുജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ സന്ദർശിക്കാതെതന്നെ ഏതെങ്കിലും ഔദ്യോഗിക കാര്യത്തിന് സർക്കാർ ജീവനക്കാരെ നേരിട്ട് കാണേണ്ടതുണ്ടെങ്കിൽ അതിനായി നേരത്തെ അപ്പോയിന്റ്മെന്റ് ഫിക്സ് ചെയ്യുന്നതിനും ഓൺലൈൻ മാർഗ്ഗത്തിലൂടെ ജീവനക്കാരുമായി സംവദിക്കുന്നതിനും ഇ-ഓഫീസ് സംവിധാനംവഴി 'ഇ-സന്ദേശന സംവിധാനം' തയ്യാറായിട്ടുണ്ട്; ഉടൻതന്നെ ഈ സംവിധാനം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതാണ്.

ഫയലുകൾ തീർപ്പാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രത്യേക കർമ്മപരിപാടി നടപ്പാക്കുകയും 9,55,671 ഫയലുകളിന്മേൽ തീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഫയലുകൾ തീർപ്പാക്കുന്നത് കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്ന് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് മറ്റൊരു മുതൽക്കൂട്ടായ കേരള

അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്കുള്ള നിയമനം 2021 നവംബർ 1-ന് നടപ്പാക്കുകയും ഉദ്യോഗസ്ഥരുടെ പരിശീലനം അന്തിമഘട്ടത്തിലുമാണ്. കൃത്യമായും സുതാര്യമായും സർക്കാർ സർവ്വീസിലേയ്ക്കുള്ള നിയമനം കേരളത്തിൽ നടന്നുവരികയാണ്. കേന്ദ്രതലത്തിൽ സർക്കാരിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ലക്ഷക്കണക്കിന് ഒഴിവുകളാണ് നികത്താതെ കിടക്കുന്നത്. അപ്പോഴാണ് സംസ്ഥാന സർക്കാർ പബ്ലിക് സർവ്വീസ് കമ്മീഷൻവഴി 2021 മേയ് മുതൽ 2023 ജനുവരി വരെയുള്ള കാലയളവിൽ 41,732 പേർക്ക് നിയമന ശിപാർശ നൽകിയത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 1,61,268 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിരുന്നുവെന്ന കാര്യം ഇതിനോടൊപ്പം ഓർക്കണം. 2016-2023 കാലഘട്ടം ആകെയെടുത്താൽ 2,03,000 പേർക്കാണ് നിയമന ശിപാർശ നൽകിയത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1,200 റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മുൻകൂട്ടി പരീക്ഷാ കലണ്ടറുകൾ പ്രസിദ്ധീകരിച്ച് ഉദ്യോഗാർത്ഥികൾക്ക് പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുതകുന്ന സമീപനവും പി.എസ്.സി. കൈക്കൊണ്ടിട്ടുണ്ട്.

ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിൽ അഭിമാനകരമായ നേട്ടങ്ങളാണ് നമുക്ക് കൈവരിക്കാൻ കഴിഞ്ഞത്. കേരളത്തിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സർക്കാർ ജീവനക്കാരെ സജ്ജമാക്കുന്ന നടപടികളും സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. ഉല്പാദന മേഖലകൾക്ക് ഉത്തേജനം നൽകുന്ന നയങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ വ്യവസായ സംരംഭ സൗഹൃദമാക്കാൻ നിയമപരമായ നടപടികളും പ്രായോഗിക സമീപനങ്ങളും സംസ്ഥാന സർക്കാർ സ്വീകരിക്കുന്നുണ്ട്. എം.എസ്.എം.ഇ. മേഖലയിൽ കേരളം നല്ല നേട്ടമാണ് കൈവരിച്ചിട്ടുള്ളത്. സംസ്ഥാനത്ത് അതീവ ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങൾക്കായുള്ള പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പാക്കിവരികയാണ്. സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും ഗുണം ലഭിക്കുന്ന വികസന പദ്ധതികളാണ് സംസ്ഥാന സർക്കാർ നടപ്പാക്കുന്നത്. ഉയർന്ന സാമ്പത്തിക വളർച്ചയും ലക്ഷ്യമിടുകയാണ്. ഏതുവിധത്തിലും സംസ്ഥാനത്തിന്റെ ധനസ്രോതസ്സുകളെ ഞെരുക്കുന്ന ഫെഡറൽ വിരുദ്ധ സമീപനങ്ങൾക്കെതിരെ പ്രതിപക്ഷവും ഞങ്ങൾക്കൊപ്പം ശബ്ദമുയർത്താൻ തയ്യാറാകണമെന്നും അതിലൂടെ കേരളത്തിന്റെ തനതായ വികസന മാതൃക ഉയർത്തിപ്പിടിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ ഉദ്യമങ്ങളെ

സഹായിക്കണമെന്നമാണ് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. കെ-ഫോൺ പദ്ധതിയുമായി ബന്ധപ്പെട്ട കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. സംസ്ഥാനത്തൊട്ടാകെ അതിവേഗ ഇന്റർനെറ്റ് ലഭ്യമാക്കാനുള്ള കെ-ഫോൺ പദ്ധതിക്കായി 7,556 കിലോമീറ്റർ ബാക്ക് ബോൺ സ്ഥാപിക്കാനുള്ളതിൽ 6,500 കിലോമീറ്ററിലധികം പണി പൂർത്തിയായിട്ടുണ്ട്. 26,057 ഓഫീസുകളും സ്ഥാപനങ്ങളുമുണ്ട്, അതിൽ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. 11,832 ഓഫീസുകളിലും സ്ഥാപനങ്ങളിലും ഇന്റർനെറ്റ് ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. ഈ പ്രവൃത്തികൾ മാർച്ച് 31-നകം പൂർത്തിയാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. പ്രാഥമിക ഘട്ടത്തിൽ ഓരോ നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 100 കുടുംബങ്ങൾക്കുവീതം 140 നിയോജകമണ്ഡലങ്ങളിലുമായി 14,000 കുടുംബങ്ങൾക്ക് സൗജന്യ കെ-ഫോൺ കണക്ഷൻ നൽകാനും ലക്ഷ്യമിടുകയാണ്. ശരിയായ ദിശാബോധത്തോടെ റെയിലിൽത്തന്നെ സർക്കാർ മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ എല്ലാ പിന്തുണയും

എല്ലാ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്നും അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ II

### സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

മി. സ്പീക്കർ: സർവ്വശ്രീ കെ. പി. എ. മജീദ്, സി. ആർ. മഹേഷ്, കുറുക്കോളി മൊയ്തീൻ, എ. കെ. എം. അഷ്റഫ്, എൻ. എ. നെല്ലിക്കുന്ന്, കെ. ബാബു (തൃപ്പൂണിത്തുറ), സണ്ണി ജോസഫ്, പി. സി. വിഷ്ണുനാഥ്, ടി. ജെ. വിനോദ്, സനീഷ്കുമാർ ജോസഫ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി ഉമ തോമസ് എന്നീ അംഗങ്ങൾ II-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തില്ല.)

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ

കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: വോട്ടിംഗ് ആരംഭിക്കുന്നതിനുമുൻപ് ബഹുമാനപ്പെട്ട അംഗങ്ങൾ ഇ-നിയമസഭ ആപ്ലിക്കേഷനിൽ ലോഗിൻ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. എന്തെങ്കിലും അസിസ്റ്റൻസ് ആവശ്യമെങ്കിൽ നിയമസഭാ ജീവനക്കാരുടെ സഹായം തേടാവുന്നതാണ്.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. കെ. ആൻസലൻ

6. ശ്രീ. എം. എസ്. അരുൺ കുമാർ

7. ശ്രീമതി സി. കെ. ആശ

8. ശ്രീ. കെ. ബാബു (നെന്മാറ)

9. ശ്രീ. പി. ബാലചന്ദ്രൻ

10. ശ്രീ. കെ. എൻ. ബാലഗോപാൽ

11. ഡോ. ആർ. ബിന്ദു

12. ശ്രീ. ഇ. ചന്ദ്രശേഖരൻ

13. ശ്രീമതി ജെ. ചിഞ്ചുറാണി

14. ശ്രീ. പി. പി. ചിത്തരഞ്ജൻ

15. ശ്രീമതി ദെലീമ

16. ശ്രീ. ചിറ്റയം ഗോപകുമാർ

17. ശ്രീ. സി. കെ. ഹരീന്ദ്രൻ

18. ശ്രീമതി കാനത്തിൽ ജമീല

19. ഡോ. എൻ. ജയരാജ്

20. ശ്രീ. കെ. യു. ജനീഷ് കുമാർ

21. ശ്രീ. ജോബ് മൈക്കിൾ

22. ശ്രീ. ഒ. ആർ. കേളു

23. ശ്രീ. കെ. കൃഷ്ണൻകുട്ടി

24. ശ്രീ. സി. എച്ച്. കുഞ്ഞമ്പു

25. ശ്രീ. ലിന്റോ ജോസഫ്

26. ശ്രീ. ടി. ഐ. മധുസൂദനൻ

27. ശ്രീ. പി. മമ്മിക്കുട്ടി

28. ശ്രീ. എം. എം. മണി

29. ശ്രീ. മാത്യു ടി. തോമസ്

30. ശ്രീ. കെ. ജെ. മാക്സി

31. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

32. ശ്രീ. കെ. പി. മോഹനൻ

33. ശ്രീ. എ. സി. മൊയ്തീൻ

34. ശ്രീ. മുഹമ്മദ് മുഹസിൻ

35. ശ്രീ. സി. സി. മുകുന്ദൻ

36. ശ്രീ. ഡി. കെ. മുരളി

37. ശ്രീ. മുരളി പെരുനെല്ലി

38. ശ്രീ. എം. നൗഷാദ്

39. ശ്രീ. എ. പ്രഭാകരൻ

40. ശ്രീ. പ്രമോദ് നാരായൺ

41. ശ്രീ. വി. കെ. പ്രശാന്ത്

42. ശ്രീ. കെ. പ്രേംകുമാർ

43. ശ്രീ. കെ. രാധാകൃഷ്ണൻ

44. ശ്രീ. പി. ടി. എ. റഹീം

45. ശ്രീ. എ. രാജ

46. ശ്രീ. എം. രാജഗോപാലൻ

47. ശ്രീ. കെ. രാജൻ

48. ശ്രീ. പി. രാജീവ്

49. ശ്രീ. കെ. കെ. രാമചന്ദ്രൻ

50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

51. ശ്രീ. ടി. പി. രാമകൃഷ്ണൻ

52. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

53. ശ്രീ. റോഷി അഗസ്റ്റിൻ

54. ശ്രീ. കെ. എം. സച്ചിൻദേവ്

55. ശ്രീ. സജി ചെറിയാൻ

56. ശ്രീ. എച്ച്. സലാം

57. ശ്രീമതി ശാന്തകുമാരി കെ.

58. ശ്രീ. എ. കെ. ശശീന്ദ്രൻ

59. ശ്രീ. വി. ശശി

60. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

61. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

62. ശ്രീ. വി. ശിവൻകുട്ടി

63. ശ്രീ. പി. വി. ശ്രീനിജിൻ

64. ശ്രീ. ജി. സ്റ്റീഫൻ

65. ഡോ. സുജിത് വിജയൻപിള്ള

66. ശ്രീ. കെ. വി. സുമേഷ്

67. ശ്രീ. പി. പി. സുമോദ്

68. ശ്രീ. വി. ആർ. സുനിൽ കുമാർ

69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

70. ശ്രീ. തോമസ് കെ. തോമസ്

71. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

72. ശ്രീ. വി. എൻ. വാസവൻ

73. ശ്രീമതി വീണാ ജോർജ്

74. ശ്രീ. ഇ. കെ. വിജയൻ

75. ശ്രീ. പിണറായി വിജയൻ

76. ശ്രീ. എം. വിജിൻ

77. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീ. മഞ്ഞളാംകുഴി അലി

4. ശ്രീ. എ. പി. അനിൽ കുമാർ

5. ശ്രീ. അനൂപ് ജേക്കബ്

6. ശ്രീ. അൻവർ സാദത്ത്

7. ശ്രീ. എ. കെ. എം. അഷ്റഫ്

8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

9. ശ്രീ. പി. കെ. ബഷീർ

10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

12. ശ്രീ. യു. എ. ലത്തീഫ്

13. ശ്രീ. സി. ആർ. മഹേഷ്

14. ശ്രീ. കെ. പി. എ. മജീദ്

15. ഡോ. മാത്യു കുഴൽനാടൻ

16. ശ്രീ. കുറുക്കോളി മൊയ്തീൻ

17. ശ്രീ. നജീബ് കാന്തപുരം

18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

19. ശ്രീ. രമേശ് ചെന്നിത്തല

20. ശ്രീ. റോജി എം. ജോൺ

21. ശ്രീ. സജീവ് ജോസഫ്

22. ശ്രീ. സനീഷ്കുമാർ ജോസഫ്

23. ശ്രീ. വി. ഡി. സതീശൻ

24. ശ്രീ. ഷാഫി പറമ്പിൽ

25. ശ്രീ. സണ്ണി ജോസഫ്

26. ശ്രീമതി ഉമ തോമസ്

27. ശ്രീ. ടി. ജെ. വിനോദ്

28. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>നിഷ്പക്ഷത പാലിക്കുന്നവർ</u>: ആരുമില്ല

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 77 |
| പ്രതികൂലിക്കുന്നവർ | - | 28 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | 0 |

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ III
## നീതിന്യായ നിർവ്വഹണം

മി. സ്പീക്കർ: സർവ്വശ്രീ അൻവർ സാദത്ത്, കെ. പി. എ. മജീദ്, എൻ. എ. നെല്ലിക്കുന്ന്, കുറുക്കോളി മൊയ്തീൻ, എ. കെ. എം. അഷ്റഫ്, കെ. ബാബു (തൃപ്പൂണിത്തുറ), സണ്ണി ജോസഫ്, ഐ. സി. ബാലകൃഷ്ണൻ, പി. സി. വിഷ്ണുനാഥ്, ടി. ജെ. വിനോദ്, സനീഷ്കുമാർ ജോസഫ്, സി. ആർ. മഹേഷ്, മോൻസ് ജോസഫ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. മാത്യു കുഴൽനാടൻ, ശ്രീമതി കെ. കെ. രമ, ശ്രീമതി ഉമ തോമസ് എന്നീ അംഗങ്ങൾ III-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്തില്ല.)

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2023-24 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...................

പ്രതികൂലിക്കുന്നവർ...................

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. എം. എസ്. അരുൺ കുമാർ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു (നെന്മാറ)
9. ശ്രീ. പി. ബാലചന്ദ്രൻ
10. ശ്രീ. കെ. എൻ. ബാലഗോപാൽ
11. ഡോ. ആർ. ബിന്ദു

12. ശ്രീ. ഇ. ചന്ദ്രശേഖരൻ

13. ശ്രീമതി ജെ. ചിഞ്ചുറാണി

14. ശ്രീ. പി. പി. ചിത്തരഞ്ജൻ

15. ശ്രീമതി ദെലീമ

16. ശ്രീ. ചിറ്റയം ഗോപകുമാർ

17. ശ്രീ. സി. കെ. ഹരീന്ദ്രൻ

18. ശ്രീമതി കാനത്തിൽ ജമീല

19. ഡോ. എൻ. ജയരാജ്

20. ശ്രീ. കെ. യു. ജനീഷ് കുമാർ

21. ശ്രീ. ജോബ് മൈക്കിൾ

22. ശ്രീ. ഒ. ആർ. കേളു

23. ശ്രീ. കെ. കൃഷ്ണൻകുട്ടി

24. ശ്രീ. സി. എച്ച്. കുഞ്ഞമ്പു

25. ശ്രീ. ലിന്റോ ജോസഫ്

26. ശ്രീ. ടി. ഐ. മധുസൂദനൻ

27. ശ്രീ. പി. മമ്മിക്കുട്ടി

28. ശ്രീ. എം. എം. മണി

29. ശ്രീ. മാത്യു ടി. തോമസ്

30. ശ്രീ. കെ. ജെ. മാക്സി

31. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

32. ശ്രീ. കെ. പി. മോഹനൻ

33. ശ്രീ. എ. സി. മൊയ്തീൻ

34. ശ്രീ. മുഹമ്മദ് മുഹസിൻ

35. ശ്രീ. സി. സി. മുകുന്ദൻ

36. ശ്രീ. ഡി. കെ. മുരളി

37. ശ്രീ. മുരളി പെരുനെല്ലി

38. ശ്രീ. എം. നൗഷാദ്

39. ശ്രീ. എ. പ്രഭാകരൻ

40. ശ്രീ. പ്രമോദ് നാരായൺ

41. ശ്രീ. വി. കെ. പ്രശാന്ത്

42. ശ്രീ. കെ. പ്രേംകുമാർ

43. ശ്രീ. കെ. രാധാകൃഷ്ണൻ

44. ശ്രീ. പി. ടി. എ. റഹീം

45. ശ്രീ. എ. രാജ

46. ശ്രീ. എം. രാജഗോപാലൻ

47. ശ്രീ. കെ. രാജൻ

48. ശ്രീ. പി. രാജീവ്

49. ശ്രീ. കെ. കെ. രാമചന്ദ്രൻ

50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

51. ശ്രീ. ടി. പി. രാമകൃഷ്ണൻ

52. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

53. ശ്രീ. റോഷി അഗസ്റ്റിൻ

54. ശ്രീ. കെ. എം. സച്ചിൻദേവ്

55. ശ്രീ. സജി ചെറിയാൻ

56. ശ്രീ. എച്ച്. സലാം

57. ശ്രീമതി ശാന്തകുമാരി കെ.

58. ശ്രീ. എ. കെ. ശശീന്ദ്രൻ

59. ശ്രീ. വി. ശശി

60. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

61. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

62. ശ്രീ. വി. ശിവൻകുട്ടി

63. ശ്രീ. പി. വി. ശ്രീനിജിൻ

64. ശ്രീ. ജി. സ്റ്റീഫൻ

65. ഡോ. സുജിത് വിജയൻപിള്ള

66. ശ്രീ. കെ. വി. സുമേഷ്

67. ശ്രീ. പി. പി. സുമോദ്

68. ശ്രീ. വി. ആർ. സുനിൽ കുമാർ

69. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

70. ശ്രീ. തോമസ് കെ. തോമസ്

71. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

72. ശ്രീ. വി. എൻ. വാസവൻ

73. ശ്രീമതി വീണാ ജോർജ്

74. ശ്രീ. ഇ. കെ. വിജയൻ

75. ശ്രീ. പിണറായി വിജയൻ

76. ശ്രീ. എം. വിജിൻ

77. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>:

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീ. മഞ്ഞളാംകുഴി അലി

4. ശ്രീ. എ. പി. അനിൽ കുമാർ

5. ശ്രീ. അനൂപ് ജേക്കബ്

6. ശ്രീ. അൻവർ സാദത്ത്

7. ശ്രീ. എ. കെ. എം. അഷ്റഫ്

8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

9. ശ്രീ. പി. കെ. ബഷീർ

10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

12. ശ്രീ. യു. എ. ലത്തീഫ്

13. ശ്രീ. സി. ആർ. മഹേഷ്

14. ശ്രീ. കെ. പി. എ. മജീദ്

15. ഡോ. മാത്യു കുഴൽനാടൻ

16. ശ്രീ. കുറുക്കോളി മൊയ്തീൻ

17. ശ്രീ. നജീബ് കാന്തപുരം

18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

19. ശ്രീ. രമേശ് ചെന്നിത്തല

20. ശ്രീ. റോജി എം. ജോൺ

21. ശ്രീ. സജീവ് ജോസഫ്

22. ശ്രീ. സനീഷ്കുമാർ ജോസഫ്

23. ശ്രീ. വി. ഡി. സതീശൻ

24. ശ്രീ. ഷാഫി പറമ്പിൽ

25. ശ്രീ. സണ്ണി ജോസഫ്

26. ശ്രീമതി ഉമ തോമസ്

27. ശ്രീ. ടി. ജെ. വിനോദ്

28. ശ്രീ. പി. സി. വിഷ്ണുനാഥ്

നിഷ്പക്ഷത പാലിക്കുന്നവർ: ആരുമില്ല

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 77 |
| പ്രതികൂലിക്കുന്നവർ | - | 28 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | 0 |

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**[04.56 pm]**

**VIII അറിയിപ്പ്**

ചലച്ചിത്ര പ്രദർശനം

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ അഭിനയിച്ച 'സമാന്തരപക്ഷികൾ' എന്ന ചലച്ചിത്രത്തിന്റെ പ്രദർശനം നിയമസഭാ

മന്ദിരത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ഹാളിൽ നിയമസഭാ സാമാജികർക്കായി സംഘടിപ്പിക്കുന്നുണ്ട്.

ഓർഡർ.... ഓർഡർ....സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2023 മാർച്ച് മാസം 1-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.57-ന് പിരിഞ്ഞു.)

********

## അനുബന്ധം-1

## ചോദ്യം നമ്പർ *211 (സി പിരിവ്)-ന്റെ ഉത്തരത്തിലെ അനുബന്ധം

പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുക, അതിക്രമങ്ങൾക്ക് വിധേയമാകുന്നവരുടെ പുനരധിവാസം, അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമ സഹായം, അർഹമായ കേസ്സുകളിൽ ആശ്രിതർക്കുള്ള ധനസഹായം, സർക്കാർ ജോലി തുടങ്ങിയ പരിരക്ഷകളും ഈ നിയമപ്രകാരം ഉറപ്പുവരുത്തുന്നുണ്ട്.

പട്ടികജാതി -പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കേസ്സുകളും അതീവ ജാഗ്രതയോടെയും കാര്യക്ഷമമായും നീതിയുക്തമായും അന്വേഷണം നടത്തുന്നതിനും പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നീതി ഉറപ്പുവരുത്തുന്നതിനുമായി പോലീസ് ഉദ്യോഗസ്ഥർക്ക് നിരന്തരം കർശന നിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകൾ മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ജില്ലാതല വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റിയും സംസ്ഥാനതലത്തിൽ ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റിയും യഥാസമയം യോഗംചേർന്ന് അവലോകനം നടത്തി നടപടികൾ സ്വീകരിക്കുന്നുണ്ട്.

അതിക്രമം തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ അന്വേഷണം, കേസ്സുകളുടെ നടത്തിപ്പ് എന്നിവ സുഗമമാക്കുന്നതിനായി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും വയനാട് ജില്ലയിലെ മാനന്തവാടിയിലും കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിലും പാലക്കാട്

ജില്ലയിലെ മണ്ണാർക്കാടും സ്പെഷ്യൽ കോടതികളും പ്രവർത്തിച്ചുവരുന്നു. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ സ്പെഷ്യൽ കോടതികൾ അനുവദിക്കുകയുണ്ടായി. എറണാകുളം ജില്ലയിൽ സ്പെഷ്യൽ കോടതി സ്ഥാപിക്കുന്നതിനായുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളും ചൂഷണങ്ങളും തടയുന്നതിന് വകുപ്പ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ ചൂഷണത്തിൽനിന്നും തടയുക എന്ന ലക്ഷ്യത്തോടെ വകുപ്പ് വിദ്യാഭ്യാസ ഉന്നമന പദ്ധതികളും വിവിധ സാമൂഹിക സാമ്പത്തിക ഉന്നമന പദ്ധതികളും നടപ്പാക്കുന്നുണ്ട്. കൂടാതെ പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കെതിരായ അതിക്രമം തടയൽ നിയമത്തിലെ കർശന വ്യവസ്ഥകൾ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള നിയമസഹായം,

ബോധവൽക്കരണം എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി ജ്വാല പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കുകയാണ്.

ജ്വാല (JWALA - Justice, Welfare and Legal Assistance) പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും ഒരു ലീഗൽ കൗൺസിലർ വീതവും പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു ലീഗൽ സെല്ലും അതിൽ ഒരു ലീഗൽ അഡ്വൈസറേയും മൂന്ന് ലീഗൽ അസിസ്റ്റന്റുമാരെയും നിയമിച്ചിട്ടുണ്ട്. കൂടാതെ നിയമ ബിരുദധാരികളായ 94 പട്ടികജാതി- പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെ ഗവൺമെന്റ് പ്ലീഡർമാരുടെയും സീനിയർ അഡ്വക്കേറ്റുമാരുടെയും കീഴിൽ ഓണറേറിയത്തോടുകൂടി 2 വർഷക്കാലത്തേയ്ക്ക് നിയമിക്കുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്. കൂടാതെ 114 കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, 1182 പ്രൊമോട്ടർമാർ എന്നിവരുടെ സേവനം വകുപ്പ് പ്രയോജനപ്പെടുത്തുന്നുണ്ട്.

പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുവേണ്ടി ഈ വിഭാഗക്കാരെ പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ വകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പട്ടികജാതി കോളനികളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും

സാമൂഹ്യപ്രവർത്തകർക്കും പട്ടികജാതി അതിക്രമ നിരോധന നിയമപ്രകാരം ബോധവത്കരണ സെമിനാറുകളും ക്ലാസുകളും നടത്തുന്നുണ്ട്. കൂടാതെ വകുപ്പിന്റെ ഫീൽഡുതല ഉദ്യോഗസ്ഥർ മുഖാന്തരവും വകുപ്പിലെ ഓഫീസുകൾ മുഖേനയും അതിക്രമത്തിനെതിരെ ആവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ ആദിവാസി ദുർബ്ബല വിഭാഗങ്ങളുടെ ശാക്തീകരണം ലക്ഷ്യമിട്ട് വനിതകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ ഫലപ്രദമായി ചെറുക്കുന്നതിന് ട്രൈബൽ വിഭാഗങ്ങൾ കൂടുതൽ അധിവസിക്കുന്ന 14 പോലീസ് ജില്ലകൾ കേന്ദ്രീകരിച്ച് വ്യാപകമായ അവബോധ പ്രവർത്തനം നടത്താൻ ട്രൈബൽ ജനമൈത്രി പ്രോജക്ട് നടപ്പാക്കിവരുന്നുണ്ട്.

ചോദ്യംനമ്പർ *215( എ പിരിവ്)-ന്റെ ഉത്തരത്തിലെ അനുബന്ധം (1)

കേന്ദ്ര സർക്കാരിന്റെ കടൽ മത്സ്യബന്ധന നിയമം 2019-മായി ബന്ധപ്പെട്ട് സംസ്ഥാനം സമർപ്പിച്ച നിർദ്ദേശങ്ങൾ:

1. 12 നോട്ടിക്കൽ മൈലിനപ്പുറമുള്ള (200 നോട്ടിക്കൽ മൈൽ വരെയുള്ള) പ്രദേശങ്ങളിലെ മത്സ്യബന്ധന രജിസ്ട്രേഷൻ/ലൈസൻസ് നൽകുന്നതിന് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനെ ചുമതലപ്പെടുത്തണം.

2. കേന്ദ്രസർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന മറൈൻ ഫിഷറീസ് ബില്ലിൽ കേന്ദ്രസർക്കാരിന്റെ അധികാരപരിധി കൃത്യമായി രേഖപ്പെടുത്തണം. തീരക്കടലിലെ (12 നോട്ടിക്കൽ മൈലിനകത്ത്) മത്സ്യബന്ധന നിയന്ത്രണം, മാനേജ്മെന്റ് എന്നിവ നിലവിലുള്ളതുപോലെ പൂർണ്ണമായും സംസ്ഥാനത്തിന്റെ അധികാരപരിധിയിൽത്തന്നെ നിലനിർത്തണം.

3. നിയമലംഘനം പരിശോധിക്കുന്നതിനുള്ള അധികാരം കോസ്റ്റ്ഗാർഡ്, നേവി എന്നിവരിൽ മാത്രം നിജപ്പെടുത്തി നിശ്ചയിക്കാതെ സംസ്ഥാന ഫിഷറീസ് ഉദ്യോഗസ്ഥരെയും ഇതിനായി നിയോഗിക്കണം.

4. നിയമലംഘന വിഷയത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം (Adjudication) പ്രിൻസിപ്പൽ മജിസ്ട്രേറ്റ്/മെട്രോപോളിറ്റൻ മജിസ്ട്രേറ്റ് എന്നിവരിൽനിന്നുമാറ്റി ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ ഇതിനായി ചുമതലപ്പെടുത്തണം.

5. തീരുമാനത്തിൽ അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം ഫിഷറീസ് വകുപ്പിൽ (ഫിഷറീസ് ഡയറക്ടറിൽ) നിക്ഷിപ്തമാക്കണം.

6. ഇന്ത്യയുടെ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനത്തിന് വിദേശ യാനങ്ങൾക്ക് അനുമതി നൽകാൻ പാടില്ല.

7. ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കുമായി നിജപ്പെടുത്തണം. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ അതിനായി പ്രാപ്തരാക്കണം.

8. നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ മത്സ്യത്തൊഴിലാളികളെ വാറന്റില്ലാതെ അറസ്റ്റ് ചെയ്യണമെന്ന വ്യവസ്ഥ എടുത്തുകളയണം.

9. സംസ്ഥാനത്തിന്റെ അധികാരപരിധിയിലുള്ള 12 നോട്ടിക്കൽ മൈൽ പ്രദേശത്ത് ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കണം.

10. മത്സ്യവിഭവ പരിപാലനം, മാനേജ്മെന്റ് എന്നീ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിന് മത്സ്യത്തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തിയുള്ള പങ്കാളിത്ത മാനേജ്മെന്റ് സംവിധാനം കൊണ്ടുവരണം.

11. നിയമലംഘനത്തിന്റെ ഗൗരവത്തിനനുസരിച്ച് പിഴയുടെ അളവ് നിശ്ചയിക്കണം.

12. നിയമലംഘകരിൽനിന്ന് പിടിച്ചെടുക്കുന്ന മത്സ്യം വിറ്റഴിക്കുന്നതിനും സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതിനും സുതാര്യമായ സംവിധാനം വേണം.

13. മത്സ്യബന്ധന യാനങ്ങൾക്ക് എന്തെങ്കിലും കാരണവശാൽ പെർമിറ്റ് നഷ്ടപ്പെട്ടാൽ അതിനെതിരെ അപ്പീൽ നൽകാൻ വ്യവസ്ഥ വേണം.

14. ഫിഷിംഗ് പെർമിറ്റിന്റെ കാലാവധി നിശ്ചയിക്കുന്നതിനും ' Seaworthines' ഉറപ്പാക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്യണം.

15. ചെറുമത്സ്യങ്ങളെ പിടിക്കുന്നത് തടയൽ, മൺസൂൺകാല മത്സ്യബന്ധന നിയന്ത്രണം, മത്സ്യബന്ധന യാനങ്ങളുടെ എണ്ണം നിയന്ത്രിക്കൽ, അശാസ്ത്രീയ മത്സ്യബന്ധന നിയന്ത്രണം, വലകളുടെ കണ്ണി വലിപ്പം, ആകെ വലിപ്പം എന്നിവയിലെ നിയന്ത്രണം എന്നിവയ്ക്ക് ബില്ലിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തണം.

16. "മത്സ്യബന്ധനയാനം" എന്നതിന്റെ നിർവ്വചനത്തിൽ യന്ത്രം ഘടിപ്പിക്കാത്ത യാനങ്ങളെക്കൂടി ഉൾപ്പെടുത്തണം.

17. പ്ലാസ്റ്റിക്കുൾപ്പെടെയുള്ള എല്ലാതരം കടൽ മലിനീകരണത്തെയും നിയന്ത്രിക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം.

<u>ചോദ്യംനമ്പർ *215 (ബി പിരിവ്) -ന്റെ ഉത്തരത്തിലെ അനുബന്ധം(2)</u>

1. കരട് ബില്ലിൽ എക്സ്ക്ലൂസീവ് ഇക്കണോമിക് സോണിലെയും (EEZ, കരയിൽനിന്ന് പന്ത്രണ്ടുമുതൽ ഇരുന്നൂറു നോട്ടിക്കൽ മൈൽ വരെയുള്ള കടൽ പ്രദേശങ്ങൾ) ഹൈസീയിലെയും (High Sea, കരയിൽനിന്ന് ഇരുന്നൂറ്

നോട്ടിക്കൽ മൈലിന് അപ്പുറമുള്ള കടൽ പ്രദേശങ്ങൾ) മത്സ്യബന്ധന പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനാണെന്ന് ആമുഖത്തിൽ സൂചിപ്പിക്കുന്നുണ്ടെങ്കിലും സംസ്ഥാനങ്ങളുടെ അധികാരപരിധിയിലുള്ള ടെറിറ്റോറിയൽ കടലിലും 12 നോട്ടിക്കൽ മൈൽ (NM) വരെ വികസനത്തിനും പരിപാലനത്തിനുമുള്ള പ്ലാനുകളുണ്ടാക്കാൻ കേന്ദ്ര സർക്കാരിന് അധികാരം നൽകുന്നു. എന്നാൽ ഇന്ത്യൻ ഭരണഘടനയനുസരിച്ച് ടെറിറ്റോറിയൽ കടലിലെ മത്സ്യബന്ധനം സംസ്ഥാനത്തിന്റെ അധികാരപരിധിയിലുള്ള വിഷയമാണ്. ഈ പ്രദേശങ്ങളിലെ വികസന, പരിപാലന പ്ലാനുകളുണ്ടാക്കാനുള്ള അധികാരം സംസ്ഥാന സർക്കാരിന് നൽകാവുന്നതാണ്.

2. കരട് ബില്ലിൽ പങ്കാളിത്ത മാനേജ്മെന്റിനെ സംബന്ധിച്ച് പരാമർശമില്ല. കടലിലെ മത്സ്യവിഭവങ്ങളുടെ കൈകാര്യകർത്താക്കളായ മത്സ്യത്തൊഴിലാളികളെക്കൂടി വിഭവ സംരക്ഷണ/പരിപാലന ചുമതലകളിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇതിനായി ദേശീയതലത്തിലും സംസ്ഥാനതലത്തിലും മത്സ്യത്തൊഴിലാളി പ്രതിനിധികൾ ഉൾപ്പെടുന്ന മാനേജ്മെന്റ് കമ്മറ്റികളുണ്ടാവേണ്ടതുണ്ട്.

3. ചെറുകിട മത്സ്യത്തൊഴിലാളികളുടെ (Smal scale fishers) നിർവ്വചനം കുടുതൽ കൃത്യതയോടെ വേണം. അല്ലാത്തപക്ഷം വൻകിട മത്സ്യബന്ധന യാനങ്ങളും ഇതിന്റെ പരിധിയിൽവരാൻ സാധ്യതയുണ്ട്. കേരളത്തിലെ എല്ലാ മത്സ്യബന്ധന യൂണിറ്റുകളും (യന്ത്രവൽകൃത ബോട്ടുകൾ ഉൾപ്പെടെ) കരട് ബില്ലിലെ നിർവ്വചനമനുസരിച്ച് ചെറുകിട മത്സ്യത്തൊഴിലാളികളുടെ ഗണത്തിലുൾപ്പെടും. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ യന്ത്രവത്കൃത ബോട്ടുടമകളിൽനിന്ന് വ്യത്യസ്തമായി പ്രത്യേക വിഭാഗമായി പരിഗണിക്കാവുന്നതാണ്.

4. മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയിൽനിന്ന് ലഭിക്കുന്ന വരുമാനം കൊണ്ട് രൂപീകരിക്കുന്ന Marine Fisheries Development Fund മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി വിനിയോഗിക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിന് നൽകാവുന്നതാണ്.

5. 12 NM-ന് അകത്തുള്ള വികസന പ്രവർത്തനങ്ങൾ ആർട്ടിഫിഷ്യൽ റീഫ്, സീ റാഞ്ചിംഗ്, റിക്രിയേഷണൽ ഫിഷിംഗ്, അക്വാസ്പോർട്സ്, മറൈൻ ടൂറിസം എന്നിവ നടത്തുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിന് നൽകാവുന്നതാണ്. No Fishing Zones, Spatial and

temporal closures എന്നിവ നടപ്പാക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിന് നൽകണം.

**അനുബന്ധം-II**

(i). വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ii). രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**പട്ടികജാതി, പട്ടികഗോത്ര വർഗ്ഗക്കാർക്കായുള്ള ട്രേസ് പദ്ധതി**

6 (*216) ശ്രീ. മുരളി പെരുനെല്ലി:

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

ശ്രീ. പി. പി. സുമോദ്:

ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് വിദ്യാഭ്യാസപരമായി ഏറെ മുന്നേറാൻ

കഴിഞ്ഞിട്ടുണ്ടെങ്കിലും അതിന് ആനുപാതികമായി മികച്ച തൊഴിലവസരങ്ങൾ കരസ്ഥമാക്കാൻ കഴിയാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. വിദ്യാഭ്യാസപരമായി ഏറെ മുന്നോട്ടുവന്ന പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് ആനുപാതികമായി തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ സാധിച്ചിരുന്നില്ല. സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ പട്ടികജാതി/പട്ടികവർഗ്ഗ യുവജനങ്ങൾക്ക് തൊഴിലില്ലായ്മ പരിഹരിച്ച് സ്ഥിരവരുമാനമുള്ള തൊഴിൽ ഉറപ്പുവരുത്തി സാമൂഹിക-സാമ്പത്തിക ഉന്നമനം കൈവരിക്കുന്നതിനായി ഐ.ടി, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, അനിമേഷൻ, കൺസ്ട്രക്ഷൻ, ആരോഗ്യം, ഓയിൽ ആൻഡ് ഗ്യാസ്, മറൈൻ വ്യവസായം, എയർലൈൻ, എയർപോർട്ട്, കാർഗോ മാനേജ്മെന്റ് തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ സർക്കാർ അംഗീകൃത സ്ഥാപനങ്ങളായ KASE (Kerala Academy for Skills Excellence), KELTRON (Kerala State Electronics Development Corporation Limited), CIPET (Central Institute of Petrochemicals Engineering & Technology), CDAC (Centre for Development of

Advanced Computing), ASAP (Additional Skill Acquisition Programme Kerala) മുഖേന നടപ്പാക്കുന്നു. ഇത്തരം നൈപുണ്യ വികസന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായിച്ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റ് ഉറപ്പാക്കുന്നു.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിനുതകുന്ന സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി കേരള Start-Up-Mission-നുമായി ചേർന്ന് വകുപ്പ് നടപ്പാക്കിവരുന്നു.

(ബി) പട്ടികജാതി, പട്ടികഗോത്ര വർഗ്ഗ വിഭാഗങ്ങളിൽ ഉൾപ്പെട്ട എല്ലാ അഭ്യസ്തവിദ്യർക്കും തൊഴിൽ ലഭ്യമാക്കുന്നതിനായി ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(സി) രാജ്യത്തിനകത്തും പുറത്തുമുള്ള ആധുനിക തൊഴിൽ മേഖലകളിലേയ്ക്ക് പട്ടികജാതി, പട്ടികഗോത്ര വർഗ്ഗ യുവതയെ എത്തിച്ച് സുസ്ഥിര വരുമാനം ലഭ്യമാക്കുന്നതിന് പ്രത്യേകം പരിശീലനം നൽകാൻ

ട്രേസ് പദ്ധതിപ്രകാരം ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

(ബി&സി) ഉണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അവരുടെ പഠന മേഖലയ്ക്കനുസൃതമായ തൊഴിൽ പരിചയവും പരിശീലനവും നൽകി അവരുടെ കരിയർ ഉന്നതിയിലെത്തിക്കുന്നതിനും അതുവഴി മികവുറ്റ തൊഴിലുകൾക്ക് പ്രാപ്തരാക്കുന്നതിനും സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.

വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെയും മറ്റുവകുപ്പുകളുടെയും പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാകുകവഴി തങ്ങളുടെ കരിയർ പ്രോജ്ജ്വലമാക്കുന്നതിന് കൂടുതൽ ആത്മവിശ്വാസവും അനുഭവപരിചയവും സ്വായത്തമാകുന്നതാണ്. എഞ്ചിനീയറിംഗ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, ക്ലർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഹോണറേറിയത്തോടുകൂടി പരിശീലനത്തിനും പ്രവൃത്തി

പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. പരമാവധി രണ്ടുവർഷംവരെ പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതതു മേഖലകളിൽ അനിവാര്യമായ നൈപുണ്യം കൈവരിക്കുന്നതിനുതകുന്ന പ്രത്യേക പരിശീലനം നൽകുകയും ചെയ്യുന്നു. സർക്കാർതലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുക വഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു.

നിലവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും 500 എഞ്ചിനീയറിംഗ് ഉദ്യോഗാർത്ഥികൾക്ക് അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർമാരായി നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 114 MSW ബിരുദധാരികൾക്ക് സോഷ്യൽ വർക്കർമാരായും 380 ബിരുദധാരികൾക്ക് മാനേജ്മെന്റ് ട്രെയിനി/അപ്രന്റീസ് ക്ലർക്കുമാരായും 2399 പേർക്ക് പ്രൊമോട്ടർമാരായും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമനം നൽകിയിട്ടുണ്ട്. ഇതിനുപുറമെ 18 നിയമ ബിരുദധാരികളെ ഹോണറേറിയം വ്യവസ്ഥയിൽ ലീഗൽ കൗൺസിലർ, ലീഗൽ സെൽ കോ-ഓർഡിനേറ്റർ, ലീഗൽ അഡ്വൈസർ

തസ്തികകളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ പട്ടികജാതി/പട്ടികവർഗ്ഗക്കാരായ 94 നിയമ ബിരുദധാരികളെ ഗവ. പ്ലീഡർമാർ, സീനിയർ അഡ്വക്കേറ്റ്മാർ എന്നിവർക്കുകീഴിൽ ഹോണറേറിയത്തോടുകൂടി രണ്ട് വർഷക്കാലയളവിലേയ്ക്ക് പരിശീലനത്തിനായി നിയമിക്കുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്.

നഴ്സിംഗ്, പാരാമെഡിക്കൽ, മാനേജ്മെന്റ്, അദ്ധ്യാപന മേഖലയിലുള്ള ഉദ്യോഗാർത്ഥികളുടെ നിയമനം സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത്തരത്തിൽ വിവിധ മേഖലകളിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിനാവശ്യമായ പരിശീലനവും പിന്തുണയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് Training for Career Excellence (TRACE) എന്ന പേരിൽ പദ്ധതി നടപ്പാക്കുവാൻ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്ദേശിക്കുന്നത്.

**വന്യജീവി ആക്രമണം തടയുന്നതിനുള്ള സമഗ്ര നടപടികൾ**

7 (*217) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. ജി. സ്റ്റീഫൻ:

ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടുവ, ആന തുടങ്ങിയ വന്യജീവികളുടെ ആക്രമണത്തിൽ ജീവനാശം സംഭവിക്കുന്നത് പൂർണ്ണമായും തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ്, റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നിർമ്മിക്കുകയും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുന്നു. വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വയൽ മെയിന്റനൻസ്, വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും

വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതുകൂടാതെ കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നു. വന്യമൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങുന്ന സന്ദർഭത്തിൽ പരിസരവാസികൾക്ക് മുന്നറിയിപ്പ് നൽകുന്നതിന് എസ്.എം.എസ്. സംവിധാനം നടപ്പാക്കിയിട്ടുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം KIIFB-RKDP-യുടെ ധനസഹായത്തോടെ വനത്തിന് പുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

നാട്ടിലിറങ്ങിയ വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തിരികെ അയയ്ക്കുന്നതിന് റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി.) സേവനം വിനിയോഗിച്ചു വരുന്നു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 261 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

കൂടാതെ കേന്ദ്ര സർക്കാരിന്റെ 06-02-2021-ലെ F No.8-60/20 WL (Part I) അഡ്വൈസറിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന-ജില്ലാ തലങ്ങളിൽ ഇന്റർ ഡിപ്പാർട്ടുമെന്റൽ കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് 09-12-2021-ലെ സ.ഉ. (സാധാ) നം. 402/2021/വനം. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതുപ്രകാരം എല്ലാ ജില്ലകളിലും ജില്ലാതല ഏകോപന സമിതികൾ യോഗം കൂടിയിട്ടുണ്ട്. സംസ്ഥാനതല ഏകോപന സമിതിയുടെ യോഗം കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി അതത് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരെ നോഡൽ ഓഫീസർമാരായി ചുമതലപ്പെടുത്തി 26-12-2022-ലെ G.O. (Rt) 578/2022/F&WLD പ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുവേണ്ടി അഞ്ച് വർഷ കാലയളവിലേയ്ക്ക് 620 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചത് പരിശോധിച്ചുവരികയാണ്. മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് അടുത്ത 10 വർഷത്തേയ്ക്ക് ആവശ്യമായ 1150 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതി

സംസ്ഥാന പ്ലാനിംഗ് ബോർഡിന് 25-01-2021-ൽ വനം വകുപ്പ് ആസ്ഥാനത്തുനിന്നും സമർപ്പിച്ചിട്ടുണ്ട്. മേൽ നടപടികളിലൂടെ വന്യജീവി ആക്രമണം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) വന ആവാസവ്യവസ്ഥയിലുണ്ടായ മാറ്റവും വന്യജീവി വംശവർദ്ധനയുമാണ് പ്രശ്നകാരണമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തുന്നതിന് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ?

പ്രശ്നകാരണങ്ങൾ കണ്ടെത്തുന്നതിനും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുമായി ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ വിഭാവനം ചെയ്യുന്നതിന് KFRI, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, വെറ്ററിനറി യൂണിവേഴ്സിറ്റി, ടൈഗർ കൺസർവ്വേഷൻ ഫൗണ്ടേഷൻ, തദ്ദേശവാസികൾ എന്നിവരുമായി ബന്ധപ്പെട്ട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കിൾ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ വന്യജീവി സംരക്ഷണ നിയമം ഭേദഗതി ചെയ്ത് കൂടുതൽ കർക്കശമാക്കിയതോടെ വന്യമൃഗ ആക്രമണംമൂലം ജനജീവിതം കൂടുതൽ ദുരിതത്തിലാകുമെന്നതിനാൽ യുക്തമായ തിരുത്തൽ നടപടി ആവശ്യപ്പെടുമോ?

വന്യജീവി സംരക്ഷണ നിയമം ഭേഗദതി ചെയ്യുന്നതുമൂലം വന്യജീവി ആക്രമണം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വന്യജീവികളുടെ എണ്ണം വർദ്ധിക്കുന്നത് നിയന്ത്രിക്കുന്നതിനായി നിയമനടപടികൾ ഉൾപ്പെടെയുള്ള മാർഗ്ഗം അവലംബിക്കുമോയെന്ന് വ്യക്തമാക്കാമോ?

വന്യജീവികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതായി സ്ഥിരീകരിക്കുന്ന ശാസ്ത്രീയമായ രേഖകളൊന്നുംതന്നെ നിലവിലില്ല. വിവിധ കാലങ്ങളിൽ നടത്തിയ വന്യജീവി കണക്കെടുപ്പുകൾ സൂചിപ്പിക്കുന്നത് ഇവയുടെ സ്ഥായിയായ എണ്ണമാണ്. എന്നിരുന്നാലും ജനവാസ മേഖലയിലിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും വിപത്തുണ്ടാക്കുന്ന വന്യജീവികൾക്കെതിരെ വന്യജീവി (സംരക്ഷണ) നിയമം, 1972-ലെ ആവശ്യമായ സെക്ഷൻ (സെക്ഷൻ 11 (1) (എ)) ഉപയോഗിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ ജനവാസമേഖലയിലിറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ കൊല്ലുന്നതിനായി പൊതുജനങ്ങളുടെ അപേക്ഷയിന്മേൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓണററി വൈൽഡ് ലൈഫ് വാർഡൻ/അധികാരപ്പെട്ട ഉദ്യോഗസ്ഥന് അങ്ങനെയുള്ള പ്രദേശത്ത്

അത്തരം കാട്ടുപന്നികളെ കൊല്ലുന്നതിന്/കൊല്ലിക്കുന്നതിന് ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് നിബന്ധനകൾ ഉൾപ്പെടുത്തി 28-05-2022, 31-05-2022 എന്നീ തീയതികളിലെ സർക്കാർ ഉത്തരവുകൾ പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്.

**കെ.എം.എഫ്.ആർ. ആക്ടിൽ ഭേദഗതി വരുത്തുന്നതിന് നടപടി**

8 (*218) ശ്രീമതി യു. പ്രതിഭ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ തീരക്കടൽ മത്സ്യബന്ധന അനുമതി വിദേശ കുത്തകകൾക്ക് നൽകുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്തിന്റെ മത്സ്യസമ്പത്ത് സുസ്ഥിരമായ തോതിൽ പരിപാലിക്കുന്നതിന് 1980-ലെ കെ.എം.എഫ്.ആർ. ആക്ടിൽ പങ്കാളിത്ത വിഭവ സമാഹരണത്തിനും നിയന്ത്രണത്തിനുമായി കാലോചിതമായ ഭേദഗതികൾ വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

വിദേശ രാജ്യങ്ങളിൽ നിന്നുള്ള അത്യാധുനിക സംവിധാനങ്ങളുള്ള ട്രോളറുകൾ 12 നോട്ടിക്കൽ മൈലിന് പുറത്ത് എക്സ്ക്ലൂസീവ് എക്കണോമിക് സോൺ (EEZ)-ൽ 2018-വരെ മത്സ്യബന്ധനം നടത്തിയിരുന്നു. എന്നാൽ 2018-ൽ കേന്ദ്രസർക്കാർ വിദേശ യാനങ്ങൾക്ക് നൽകിയിരുന്ന ലെറ്റർ ഓഫ് പെർമിറ്റ് (LOP) കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ ആവശ്യവും കോടതി വിധിയും പരിഗണിച്ച് നിർത്തലാക്കിയതോടെ ഇത്തരത്തിലുള്ള മത്സ്യബന്ധനം അവസാനിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ മത്സ്യസമ്പത്ത് സുസ്ഥിരമായ തോതിൽ പരിപാലിക്കുന്നതിന് 1980-ലെ കെ.എം.എഫ്.ആർ. ആക്ടിൽ കാലോചിതമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി 2017-ൽ KMFR ആക്ട് ഭേദഗതി ചെയ്യുകയും 2018-ൽ പുതിയ റൂൾ നിലവിൽ വരികയും ചെയ്തു. അതുപ്രകാരം ട്രോൾ നെറ്റുകളുടെ കോഡ്എൻഡിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്റർ വരെ നീളമുള്ളതും 250 HP വരെ എഞ്ചിൻ ക്ഷമതയുള്ളതുമായ

യാനങ്ങൾക്ക് മാത്രമായി സംസ്ഥാനത്തിന്റെ തീരക്കടലിൽ (കരയിൽനിന്നും 12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് പരിമിതപ്പെടുത്തി. നശീകരണ മൽസ്യബന്ധന രീതികളായ പേഴ്സ്സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, പെയർ ട്രോൾ എന്നിവ നിരോധിച്ചു. നിയമലംഘനങ്ങൾക്ക് വർദ്ധിച്ച പിഴ ഏർപ്പെടുത്തി. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബോട്ട് നിർമ്മാണ യാർഡുകൾക്കും മൽസ്യബന്ധന-വലനിർമ്മാണ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തി. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നുവെന്ന് മനസ്സിലാക്കി കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പാക്കുകയും ചെയ്തുവരുന്നു. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽനിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു.

(ബി) ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന, ജില്ല, മത്സ്യഗ്രാമ തലങ്ങളിൽ ത്രിതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ?

സമുദ്ര മത്സ്യബന്ധനത്തിന്റെ ഫലപ്രദമായ നടത്തിപ്പിനും പരിപാലനത്തിനും നിരീക്ഷണത്തിനുമായി സംസ്ഥാനതല/ജില്ലാതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. അപ്രകാരം സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ, ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ എന്നിവയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ അഞ്ച് തീരദേശ ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ്) ഫിഷറീസ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള തീരദേശ ജില്ലകളിലെ ഫിഷറീസ് വില്ലേജ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ചു വരുന്നു.

(സി) പ്രസ്തുത കൗൺസിലുകൾവഴി ഏതെല്ലാം തരത്തിലുള്ള വിഭവ പരിപാലനവും നിയന്ത്രണങ്ങളുമാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ, ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ, വില്ലേജ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ എന്നിവ വഴി ലക്ഷ്യം വയ്ക്കുന്ന വിഭവ പരിപാലനവും നിയന്ത്രണവും സംബന്ധിച്ച വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) തീരക്കടൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്നും ഏതെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും അറിയിക്കാമോ?

സീകേജ്, കടലിൽ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി എന്നിവയാണ് തീരക്കടൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കുന്ന പദ്ധതികൾ. നോർവേയിൽ നിന്നുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത സാങ്കേതിക വിദ്യയുടെ പിന്തുണയോടെ യോജിച്ച പ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ സജീവ പങ്കാളിത്തത്തോടെ സമുദ്രകൂട്ടുകൃഷി പദ്ധതി നടപ്പാക്കുവാൻ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 96 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുകൂടാതെ കടൽ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനുമുതകുന്ന തരത്തിൽ കെ.എം.എഫ്.ആർ. ആക്റ്റും റൂൾസും കാലോചിതമായി പരിഷ്കരിക്കുകയും കാര്യക്ഷമമായി നടപ്പാക്കുകയും ചെയ്തുവരുന്നു. വിവിധ മത്സ്യവർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥകൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളും ട്രോളറുകളും ഉപയോഗിച്ചുള്ള മത്സ്യബന്ധനം മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥയെയും

പ്രജനന കേന്ദ്രങ്ങളെയും നശിപ്പിക്കുമെന്ന് മനസ്സിലാക്കി കേരള സമുദ്ര മൽസ്യബന്ധന നിയന്ത്രണ നിയമം 1980 (ഭേദഗതി നിയമം 2017) പ്രകാരം കൊല്ലങ്കോട് മുതൽ പറവൂർ പൊഴിക്കരവരെ തീരത്തുനിന്ന് 30 മീറ്റർ ആഴത്തിന് പുറത്തും പറവൂർ പൊഴിക്കര മുതൽ ബങ്കാരമഞ്ചേശ്വരം വരെ തീരത്തുനിന്നും 20 മീറ്റർ ആഴത്തിനുപുറത്തും മാത്രമാണ് യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടുകൾക്ക് മത്സ്യബന്ധനം നടത്താൻ അനുമതി നൽകിയിട്ടുള്ളത്. ഇതുകൂടാതെ തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള യന്ത്രവൽകൃത യാനങ്ങളിൽ 20 മീറ്ററിനുമുകളിൽ നീളമുള്ളതും 250 HP-ക്കുമുകളിൽ എഞ്ചിൻ കുതിരശക്തിയുള്ളതുമായ ബോട്ടുകൾക്ക് 12 നോട്ടിക്കൽ മൈലിനുള്ളിൽ ഫിഷിംഗ് ലൈസൻസ് നിരോധിച്ചു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യത്തീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നുവെന്ന് മനസ്സിലാക്കി

കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പാക്കുകയും ചെയ്തുവരുന്നു. കൂടാതെ ട്രോൾ ബാൻ 47 ദിവസത്തിൽനിന്നും 52 ദിവസമായി വർദ്ധിപ്പിച്ചിട്ടുമുണ്ട്.

**എൻ ഊര് ഗോത്ര പൈതൃക ഗ്രാമം പദ്ധതി**

9 (*219) ശ്രീ. സി. സി. മുകുന്ദൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗോത്ര പൈതൃകത്തിന്റെ ഭാഗമായുള്ള പരമ്പരാഗത അറിവുകളും ചികിത്സാരീതികളും അന്താരാഷ്ട്രതലത്തിൽ പ്രചരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

വിദേശ രാജ്യങ്ങളിൽ നിന്നുള്ള അത്യാധുനിക സംവിധാനങ്ങളുള്ള ട്രോളറുകൾ 12 നോട്ടിക്കൽ മൈലിന് പുറത്ത് എക്സ്ക്ലൂസീവ് എക്കണോമിക്

സോൺ (EEZ)-ൽ 2018 വരെ മത്സ്യബന്ധനം നടത്തിയിരുന്നു. എന്നാൽ 2018-ൽ കേന്ദ്രസർക്കാർ വിദേശ യാനങ്ങൾക്ക് നൽകിയിരുന്ന ലെറ്റർ ഓഫ് പെർമിറ്റ് (LOP) കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ ആവശ്യവും കോടതി വിധിയും പരിഗണിച്ച് നിർത്തലാക്കിയതോടെ ഇത്തരത്തിലുള്ള മത്സ്യബന്ധനം അവസാനിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ മത്സ്യസമ്പത്ത് സുസ്ഥിരമായ തോതിൽ പരിപാലിക്കുന്നതിന് 1980-ലെ കെ.എം.എഫ്.ആർ. ആക്ടിൽ കാലോചിതമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി 2017-ൽ KMFR ആക്ട് ഭേദഗതി ചെയ്യുകയും 2018-ൽ പുതിയ റൂൾ നിലവിൽ വരികയും ചെയ്തു. അതുപ്രകാരം ട്രോൾ നെറ്റുകളുടെ കോഡ്എൻഡിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്റർ വരെ നീളമുള്ളതും 250 HP വരെ എഞ്ചിൻ ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് മാത്രമായി സംസ്ഥാനത്തിന്റെ തീരക്കടലിൽ (കരയിൽനിന്നും 12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് പരിമിതപ്പെടുത്തി.

നശീകരണ മൽസ്യബന്ധന രീതികളായ പേഴ്സ്സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, പെയർ ട്രോൾ എന്നിവ നിരോധിച്ചു. നിയമലംഘനങ്ങൾക്ക് വർധിച്ച പിഴ ഏർപ്പെടുത്തി. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബോട്ട് നിർമ്മാണ യാർഡുകൾക്കും മൽസ്യബന്ധന-വലനിർമ്മാണ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തി. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യതീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നുവെന്ന് മനസ്സിലാക്കി കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പാക്കുകയും ചെയ്തുവരുന്നു. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽനിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു.

(ബി) വിനോദസഞ്ചാര വികസനത്തിനുകൂടി ഇത്തരം അറിവുകൾ സഹായകമാകുന്ന തരത്തിൽ എൻ ഊര് ഗോത്ര പൈതൃക ഗ്രാമം പദ്ധതി വിനോദസഞ്ചാര വകുപ്പുമായി സഹകരിച്ച് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

സമുദ്ര മത്സ്യബന്ധനത്തിന്റെ ഫലപ്രദമായ നടത്തിപ്പിനും പരിപാലനത്തിനും നിരീക്ഷണത്തിനുമായി സംസ്ഥാനതല/ജില്ലാതല

ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. അപ്രകാരം സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ, ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ എന്നിവയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ അഞ്ച് തീരദേശ ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ്) ഫിഷറീസ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള തീരദേശ ജില്ലകളിലെ ഫിഷറീസ് വില്ലേജ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ചു വരുന്നു.

(സി) പ്രസ്തുത പദ്ധതിയിലൂടെ ഗോത്രവിഭാഗങ്ങളുടെ പരമ്പരാഗത ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും മെച്ചപ്പെടുത്തുന്നതിനും അതിലൂടെ ഗോത്ര വിഭാഗങ്ങൾക്ക് സ്ഥിരം തൊഴിലും മെച്ചപ്പെട്ട വരുമാനവും ലഭിക്കുന്നതിനും അവസരം ലഭിക്കുമോ; വിശദമാക്കാമോ?

സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ, ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ, വില്ലേജ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ എന്നിവ വഴി ലക്ഷ്യംവയ്ക്കുന്ന വിഭവ പരിപാലനവും നിയന്ത്രണവും സംബന്ധിച്ച വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

സീകേജ്, കടലിൽ കൃത്രിമ പാര് നിക്ഷേപിക്കുന്ന പദ്ധതി എന്നിവയാണ് തീരക്കടൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കുന്ന പദ്ധതികൾ. നോർവേയിൽ നിന്നുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത സാങ്കേതികവിദ്യയുടെ പിന്തുണയോടെ, യോജിച്ച പ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ സജീവ പങ്കാളിത്തത്തോടെ സമുദ്രകൂടുകൃഷി പദ്ധതി നടപ്പാക്കുവാൻ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 96 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുകൂടാതെ കടൽ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന തരത്തിൽ കെ.എം.എഫ്.ആർ. ആക്ടും റൂൾസും കാലോചിതമായി പരിഷ്കരിക്കുകയും കാര്യക്ഷമമായി നടപ്പാക്കുകയും ചെയ്തുവരുന്നു. വിവിധ മത്സ്യവർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളും ട്രോളറുകളും ഉപയോഗിച്ചുള്ള മത്സ്യബന്ധനം മത്സ്യങ്ങളുടെ ആവാസ വ്യവസ്ഥയെയും പ്രജനന കേന്ദ്രങ്ങളെയും നശിപ്പിക്കുമെന്ന് മനസ്സിലാക്കി കേരള സമുദ്ര

മൽസ്യബന്ധന നിയന്ത്രണ നിയമം 1980 (ഭേദഗതി നിയമം 2017) പ്രകാരം കൊല്ലങ്കോട് മുതൽ പറവൂർ പൊഴിക്കരവരെ തീരത്തുനിന്ന് 30 മീറ്റർ ആഴത്തിന് പുറത്തും പറവൂർ പൊഴിക്കര മുതൽ ബങ്കാരമഞ്ചേശ്വരം വരെ തീരത്തുനിന്നും 20 മീറ്റർ ആഴത്തിന് പുറത്തും മാത്രമാണ് യന്ത്രവൽക്കൃത മത്സ്യബന്ധന ബോട്ടുകൾക്ക് മത്സ്യബന്ധനം നടത്താൻ അനുമതി നൽകിയിട്ടുള്ളത്. ഇതുകൂടാതെ തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള യന്ത്രവൽക്കൃത യാനങ്ങളിൽ 20 മീറ്ററിനുമുകളിൽ നീളമുള്ളതും 250 HP-ക്കുമുകളിൽ എഞ്ചിൻ കുതിരശക്തിയുള്ളതുമായ ബോട്ടുകൾക്ക് 12 നോട്ടിക്കൽ മൈലിനുള്ളിൽ ഫിഷിംഗ് ലൈസൻസ് നിരോധിച്ചു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യത്തീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നുവെന്ന് മനസ്സിലാക്കി കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന

കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പാക്കുകയും ചെയ്തുവരുന്നു. കൂടാതെ ട്രോൾ ബാൻ 47 ദിവസത്തിൽനിന്നും 52 ദിവസമായി വർദ്ധിപ്പിച്ചിട്ടുമുണ്ട്.

## ദളിത്, ആദിവാസി വിഭാഗങ്ങൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയാൻ നടപടി

10 (*220) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദളിത്, ആദിവാസി വിഭാഗങ്ങൾക്ക് നേരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്നതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഭാഗങ്ങൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് പൊതുവെ പട്ടികവർഗ്ഗ വിഭാഗക്കാർ ആൾക്കൂട്ട ആക്രമണങ്ങൾക്കും അധിക്ഷേപങ്ങൾക്കും ഇരയാകുന്നില്ല. എന്നാൽ

ഒറ്റപ്പെട്ട ചില സംഭവങ്ങളുണ്ടായത് സർക്കാർ ഗൗരവമായി കാണുന്നുണ്ട്. ആയതിന്മേൽ കർശനനടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ആൾക്കൂട്ട ആക്രമണത്തെത്തുടർന്ന് അട്ടപ്പാടിയിൽ മധു മരണപ്പെട്ടതും ഇപ്രകാരം വയനാട്ടിൽ വിശ്വനാഥൻ മരണപ്പെട്ടതായി ആരോപിക്കപ്പെടുന്നതുമായ സാഹചര്യത്തിൽ സമാനമായ അക്രമങ്ങൾ തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അഗളി പോലീസ് സ്റ്റേഷൻ പരിധിയിൽ ആൾക്കൂട്ട ആക്രമണത്തിൽ മധു വയസ്സ് 30, ചിണ്ടക്കി ഊര്, മുക്കാലി എന്നയാൾ കൊല്ലപ്പെട്ടതിന് അഗളി പോലീസ് സ്റ്റേഷനിൽ Crime No.87/2018 പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി 16 പ്രതികൾക്കെതിരെ ബഹുമാനപ്പെട്ട മണ്ണാർക്കാട് സ്പെഷ്യൽ SC/ST കോടതി മുമ്പാകെ 22-05-2018-ന് കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ബഹുമാനപ്പെട്ട കോടതി SC/265/2018 ആയി ഫയലിൽ സ്വീകരിച്ചിട്ടുള്ളതുമാണ്. സംഭവ സ്ഥലത്തിന്റെ രണ്ടു മഹസ്സറുകൾ കൂടി തയ്യാറാക്കുന്നതിനായി കേസ്സ് വീണ്ടും പുനരന്വേഷണം നടത്തുകയും തുടർന്ന് ബഹുമാനപ്പെട്ട മണ്ണാർക്കാട് സ്പെഷ്യൽ SC/ST കോടതി മുമ്പാകെ

കുറ്റപത്രം 09-10-2020-ന് സമർപ്പിച്ചിട്ടുള്ളതും കേസ്സിന്റെ വിചാരണ നടപടികൾ നടന്നുവരികയുമാണ്. ഈ കേസിന്റെ അഡീ. സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടർക്ക് യാത്രാബത്ത ഇനത്തിൽ 1,41,510/- രൂപയും വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്. വയനാട് സ്വദേശിയായ വിശ്വനാഥൻ എന്ന ആൾ ജീവനൊടുക്കിയ സംഭവത്തിന് കോഴിക്കോട് മെഡിക്കൽ കോളേജ് സ്റ്റേഷനിൽ Crime No.156/23 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ഒരു സ്പെഷ്യൽ ടീം രൂപീകരിച്ച് അന്വേഷണം നടത്തിവരുന്നു. ടി കേസിന്റെ അന്വേഷണം കാര്യക്ഷമമായി നടത്തുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി ടി കേസിന്റെ അന്വേഷണം നേരിട്ട് മേൽനോട്ടം വഹിക്കുന്നതിനായി കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മരണപ്പെട്ട വിശ്വനാഥന്റെ കുടുംബത്തിന് വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് രണ്ട് ലക്ഷം രൂപ അനുവദിക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിന് സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം ഫലപ്രദമായി നടപ്പാക്കിവരുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സാംസ്കാരിക രംഗത്തെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കാൻ നടപടി

11 (*221) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) പരിഷ്കൃത സമൂഹത്തിന്റെ അപഭ്രംശങ്ങളായി അനാചാരങ്ങളും ആഭിചാരങ്ങളും വളർന്നുവരുന്ന സാഹചര്യത്തിൽ പ്രതിലോമശക്തികളെ ചെറുക്കുന്നതിന് സാംസ്കാരിക രംഗത്തെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) കലയിലൂടെയും സാംസ്കാരിക കൂട്ടായ്മയിലൂടെയും ശാസ്ത്രചിന്തയും യുക്തിബോധവും വളർത്തുകയെന്ന ലക്ഷ്യത്തോടെയുള്ള പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) യുവജനങ്ങളുടെ ഇടയിൽ ഭരണഘടനാ സാക്ഷരത വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് എന്തെങ്കിലും

പരിപാടികൾ സാംസ്കാരികകാര്യ വകുപ്പ് സംഘടിപ്പിക്കുന്നുണ്ടോ; വിശദമാക്കുമോ?

(എ-സി) ആവിഷ്കരിച്ചിട്ടുണ്ട്. മയക്കുമരുന്ന്, അനാചാരം, അന്ധവിശ്വാസം തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ ഒരു മാസം നീണ്ടുനിന്ന ആശയ, പ്രചരണ, ബോധവത്കരണ പരിപാടിയുടെ ഉദ്ഘാടനം 28-10-2022-ന് പാളയത്തുള്ള അയ്യങ്കാളി ഹാളിൽവച്ച് ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രി നിർവ്വഹിക്കുകയുണ്ടായി. സാംസ്കാരിക വകുപ്പിന്റെ വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതിയിൽ സംസ്ഥാനത്തൊട്ടാകെ നിയോഗിച്ചിട്ടുള്ള വജ്രജൂബിലി ഫെല്ലോഷിപ്പ് കലാകാരന്മാരുടെ നേതൃത്വത്തിലാണ് ആശയ-പ്രചരണ ബോധവത്കരണ പരിപാടി നടപ്പാക്കിയത്. യുവജനങ്ങൾക്കിടയിൽ ഭരണഘടനാ സാക്ഷരത വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പരിപാടികളൊന്നും നിലവിൽ സംഘടിപ്പിക്കുന്നില്ല. എന്നാൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, ബുക്ക് മാർക്ക്, സാഹിത്യ അക്കാദമി, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സാംസ്കാരിക സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കൂട്ടായും തനത് സ്ഥാപനങ്ങൾ മുഖാന്തരവും ഭരണഘടനാ

സാക്ഷരതയുമായി ബന്ധപ്പെട്ട പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം ആലോചിച്ചുവരുന്നു.

കൂടാതെ യുവജനക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ യുവജനങ്ങളിൽ ഭരണഘടനാ അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ പരിപാടികൾ നടത്തുന്ന കാര്യവും പരിഗണനയിലാണ്.

**അട്ടപ്പാടി മേഖലയിലെ ശിശുമരണം ആവർത്തിക്കാതിരിക്കാൻ നടപടി**

12 (*222) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീമതി ഉമ തോമസ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിൽ ശിശുമരണങ്ങൾ ആവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ?

ശിശുമരണങ്ങൾ എല്ലാംതന്നെ പട്ടികവർഗ്ഗ വികസനവകുപ്പ് ഗൗരവതരമായി കാണുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2023 ജനുവരി മാസത്തിൽ പുതൂർ പഞ്ചായത്തിലെ ചാളയൂർ ഊരിൽ ഉമപ്രിയ, അപ്പു ദമ്പതികളുടെ കുഞ്ഞ് മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അട്ടപ്പാടി പുതൂർ ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ ഇരുള സമുദായക്കാരിയായ ശ്രീമതി ഉമപ്രിയയുടെ പ്രതീക്ഷിത പ്രസവ തീയതി 04-05-2023-നായിരുന്നു. 7 മാസം ഗർഭിണിയായ ഇവരെ 03-02-2023-ന് കോട്ടത്തറ ഗവ. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും രക്തസമ്മർദ്ദം കൂടിയതിനെത്തുടർന്ന് അന്നുതന്നെ തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുകയും 04-02-2023-ന് സിസേറിയനിലൂടെ കുട്ടിക്ക് ജന്മം നൽകുകയും ചെയ്തിരുന്നു. പ്രസവ സമയത്ത് കുഞ്ഞിന് 890 ഗ്രാം തൂക്കം മാത്രമേയുണ്ടായിരുന്നുള്ളൂ. ആയതിനാൽ കുഞ്ഞിന് വെന്റിലേറ്ററിന്റെ സഹായത്തോടെയാണ് ചികിത്സ നൽകിയിരുന്നത്. ചികിത്സയിലിരിക്കെ 08-02-2023-ന് രാത്രി 8 മണിക്ക് കുഞ്ഞ് മരണപ്പെട്ടു.

(സി) സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനായി ഗർഭിണികൾക്കും കുട്ടികൾക്കും മതിയായ ചികിത്സയും പോഷകാഹാരവും ലഭ്യമാക്കാനും ആയത് ഉറപ്പുവരുത്താനും വകുപ്പ് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

നടപടികൾ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി

13 (*223) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

2024-ഓടുകൂടി സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കി ശുദ്ധജല ലഭ്യത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉറപ്പാക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി ജൽജീവൻ മിഷൻ പദ്ധതി നടപ്പാക്കിവരുന്നു. കേരളത്തിൽ ആകെയുള്ള 70 ലക്ഷം ഗ്രാമീണ ഭവനങ്ങളിൽ 01-04-2020 വരെ 17.5 ലക്ഷം കുടുംബങ്ങളിലാണ് ടാപ്പ് വഴി കുടിവെള്ളം ലഭ്യമായിരുന്നത്. 2020-21-ൽ 4.04 ലക്ഷവും 2021-22-ൽ 6.64 ലക്ഷവും 2022-23-ൽ (23-02-2023 വരെ) 4.8 ലക്ഷവും കുടിവെള്ള കണക്ഷനുകൾ ജൽജീവൻ മിഷൻ പദ്ധതി വഴി നൽകാൻ കഴിഞ്ഞിട്ടുണ്ട്. ജൽജീവൻ മിഷൻ പദ്ധതി ആരംഭിച്ചതിനുശേഷം നിലവിലെ കണക്കുപ്രകാരം ആകെയുള്ള കണക്ഷനുകളുടെ എണ്ണം 32.98 ലക്ഷമായി ഉയർന്നിട്ടുണ്ട്. ഇത് ആകെയുള്ള ഗ്രാമീണ വിടുകളുടെ 46.65 ശതമാനമാണ്.

സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, ആർ.കെ.ഐ., അമൃത്, ജൽജീവൻ മിഷൻ കൂടാതെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തികൾ എന്നിവ വഴി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലുള്ള പദ്ധതികളുടെ വിപുലീകരണം നടത്തിയും ഗുണമേന്മയുള്ള ശുദ്ധജലം തടസ്സരഹിതമായി ലഭിക്കുന്നത് കാര്യക്ഷമമാക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾ എൽ.ഐ.സി., ജെ.ഐ.സി.എ. തുടങ്ങിയ ഏജൻസികളുടെ സഹായത്തോടെ പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

നിലവിൽ എൽ.ഐ.സി., ജെ.ഐ.സി.എ. ധനസഹായത്തോടെയുള്ള പ്രവൃത്തികളൊന്നുംതന്നെ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടപ്പാക്കുന്നില്ല. മുൻകാലങ്ങളിൽ എൽ.ഐ.സി., ജെ.ഐ.സി.എ. ധനസഹായത്തോടെ ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികളിൽ മുടങ്ങിക്കിടന്നവ മറ്റു പദ്ധതികളിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## പ്രാദേശിക മത്സ്യകൃഷി വ്യാപിപ്പിക്കാൻ നടപടി

14 (*224) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>:
<u>ശ്രീ. ജോബ് മൈക്കിൾ</u>:
<u>ശ്രീ. പ്രമോദ് നാരായൺ</u>:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാദേശിക മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് പ്രാദേശിക മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി 73.3973 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സുഭിക്ഷ കേരളം, ജനകീയ മത്സ്യകൃഷി പദ്ധതികളിലൂടെ സംസ്ഥാനത്ത് 25 ഇനം കൃഷി രീതികൾ നടപ്പാക്കിവരുന്നു. 2021-22 സാമ്പത്തിക വർഷം സുഭിക്ഷകേരളം, ജനകീയമത്സ്യകൃഷി പദ്ധതികളിലുൾപ്പെടുത്തി വിവിധ മത്സ്യകൃഷി രീതികൾ നടപ്പാക്കുന്നതിനായി 98 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതനുസരിച്ച് വിവിധ പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യോൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് 2020-21 സാമ്പത്തിക വർഷം സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പാക്കി പൂർത്തീകരിച്ചു. 2021-22 സാമ്പത്തിക വർഷം

പ്രധാനമന്ത്രി മത്സ്യ സമ്പത്ത് യോജന പദ്ധതിയിലുൾപ്പെടുത്തി 78.90 കോടി രൂപ അടങ്കൽ തുകവരുന്ന വിവിധ മത്സ്യകൃഷി പദ്ധതികളും നടപ്പാക്കിവരുന്നു.

(ബി) തദ്ദേശീയ മത്സ്യകർഷകർക്ക് മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്തുവരുന്നുണ്ടോ; എങ്കിൽ ഏതൊക്കെയിനം മത്സ്യക്കുഞ്ഞുങ്ങളെയാണ് വിതരണം ചെയ്യുന്നതെന്ന് അറിയിക്കാമോ?

തദ്ദേശീയ മത്സ്യകർഷകർക്ക് മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്തുവരുന്നുണ്ട്. ഗുണമേന്മയുള്ള നല്ലയിനം മത്സ്യവിത്തുകൾ ഉൽപ്പാദിപ്പിക്കുന്നതിനും അവ മത്സ്യകർഷകർക്ക് ലഭ്യമാക്കുന്നതിനുമായി വകുപ്പിനുകീഴിലുള്ളതും അഡാക്ക്, മത്സ്യഫെഡ് എന്നിവയുടെ കീഴിലുള്ളതുമായ 31 ഫിഷ് സീഡ് ഫാമുകളിലും ഹാച്ചറികളിലും മത്സ്യവിത്തുകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. കട്‌ല, രോഹു, മൃഗാൽ, പൂമീൻ, ഗ്രാസ് കാർപ്പ്, കോമൺ കാർപ്പ്, തിലാപ്പിയ, അനാബസ്, വരാൽ, ആറ്റുകൊഞ്ച്, കാരചെമ്മീൻ, നാരൻചെമ്മീൻ തുടങ്ങിയ ഇനം മത്സ്യക്കുഞ്ഞുങ്ങളെയാണ് തദ്ദേശീയ മത്സ്യകർഷകർക്ക് വിതരണം ചെയ്തു വരുന്നത്.

(സി) അപ്രകാരം വിതരണം ചെയ്യുന്ന മത്സ്യക്കുഞ്ഞുങ്ങളിൽ ചിലയിനത്തിന് രുചി കുറവാണെന്നതിനാൽ അത്തരം മത്സ്യങ്ങൾക്ക് വിപണി ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നമ്മുടെ സംസ്ഥാനത്ത് പൊതുവെ കടൽ മത്സ്യങ്ങളോടാണ് പ്രിയം എന്നതൊഴിച്ചാൽ വളർത്തുമത്സ്യങ്ങൾക്ക് രുചി കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പൊതുസ്വീകാര്യമായതും രുചികരമായതുമായ ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

പൊതുസ്വീകാര്യമായതും രുചികരമായതുമായ ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പിന് കീഴിലുള്ള ഹാച്ചറികളിലും ഫാമുകളിലും ഉൽപ്പാദിപ്പിക്കുന്ന മത്സ്യക്കുഞ്ഞുങ്ങൾക്കുപുറമെ മത്സ്യവിത്തുൽപ്പാദിപ്പിക്കുന്ന ചെറുകിട കർഷകരിൽനിന്നും മത്സ്യക്കുഞ്ഞുങ്ങളെ ശേഖരിച്ച് വിതരണം ചെയ്യുന്നു. 2022-23 സാമ്പത്തിക വർഷം സംസ്ഥാനത്തെ 14 ജില്ലകളിലുമായി 150 പിന്നാമ്പുറങ്ങളിലെ കരിമീൻ മത്സ്യവിത്തുൽപ്പാദന യൂണിറ്റുകളും 150 വരാൽ മത്സ്യവിത്തുൽപ്പാദന യൂണിറ്റുകളും സ്ഥാപിക്കുന്നതിന് 430 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് പദ്ധതി പൂർത്തീകരിച്ചുവരുന്നു.

(ഇ) പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങൾക്ക് വേണ്ടത്ര വിപണി ലഭിക്കാത്തതിനാൽ ഫിഷറീസ് വകുപ്പിന്റെ തന്നെ ആഭിമുഖ്യത്തിൽ സംസ്ഥാനതലത്തിൽ വിപണി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ജനകീയമത്സ്യകൃഷി സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി അഡാക്ക് മുഖേന 'ലൈവ് ഫിഷ് മാർക്കറ്റിംഗ് ഔട്ട്ലെറ്റ്' പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി മത്സ്യകൃഷി വഴി ഉൽപ്പാദിപ്പിക്കുന്ന മത്സ്യങ്ങളെ ജീവനോടെ വിപണനം നടത്തുന്നതിനായി 30 ലൈവ് ഫിഷ് മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾ വിവിധ ജില്ലകളിൽ സ്ഥാപിക്കുന്നതിലേയ്ക്ക് 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ റാന്നി, പെരുനാട്, കോന്നി, ആയിരംതെങ്ങ്, എരഞ്ഞോളി, പൊയ്യ, പീച്ചി, കല്ലാനോട് എന്നിവിടങ്ങളിൽ സ്ഥലം കണ്ടെത്തുകയും ഔട്ട്ലെറ്റുകൾ തുടങ്ങുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. പ്രാദേശികമായി ഉല്പാദിപ്പിക്കുന്നതും താരതമ്യേന വിപണിയിൽ ആവശ്യക്കാരുള്ളതുമായ തിലാപ്പിയ (ഗിഫ്റ്റ്), കാളാഞ്ചി, കരിമീൻ ഇനങ്ങളിൽപ്പെട്ട മത്സ്യങ്ങളെ മത്സ്യഫെഡ് നേരിട്ട് നടത്തുന്നതും ഫ്രാഞ്ചൈസി വ്യവസ്ഥയിലുള്ളതുമായ ഫിഷ് മാർട്ടുകളുടെ ആവശ്യാനുസരണം ബേസ് സ്റ്റേഷനുകളിൽ സംഭരിച്ച്

വിപണനം ചെയ്യുകയും ചെയ്യുന്നുണ്ട്. പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന മത്സ്യങ്ങൾ ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പരീക്ഷണാടിസ്ഥാനത്തിലുള്ള ഉത്പാദനം മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ നടത്തിയെങ്കിലും കടൽ മത്സ്യങ്ങളുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ അതേ രീതിയിലുള്ള സ്വീകാര്യത ലഭ്യമായിട്ടില്ല.

## കേരള അർബൻ വാട്ടർ സർവ്വീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ട്

15 (*225) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) കേരള അർബൻ വാട്ടർ സർവ്വീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB) ധനസഹായത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സർവ്വീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (KUWSIP), തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ 24x7 ജലവിതരണ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളതാണ്.

ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി 07-02-2020-ലെ G.O. (Ms) No. 13/2020/WRD പ്രകാരം നൽകുകയുണ്ടായി. ADB-യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് പദ്ധതിയുടെ ചെലവ് പങ്കിടുന്നത്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയും വിധമാണ്.

1. കൊച്ചി, തിരുവനന്തപുരം നഗരങ്ങളിലെ വിവിധ മേഖലകളിലേയ്ക്കുള്ള ജലവിതരണത്തിലെ ഏറ്റക്കുറച്ചിലുകൾ ഒഴിവാക്കി സുസ്ഥിരമായ 24x7 കുടിവെള്ളവിതരണം ഉറപ്പാക്കുക.

2. നഗരപരിധികളിലെ പിന്നാക്ക വിഭാഗങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് തടസ്സരഹിതവും നീതിയുക്തവുമായ ശുദ്ധജലവിതരണം ഉറപ്പാക്കുക.

3. മെച്ചപ്പെട്ട ഉപഭോക്തൃ സേവനവും ശുദ്ധജലവിതരണത്തിലെ ഗുണനിലവാരവും ഉറപ്പാക്കുക.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4. പദ്ധതി പൂർത്തീകരണത്തോടുകൂടി കണക്കിൽപ്പെടാതെ പോകുന്ന കുടിവെള്ളം (Non Revenue Water - NRW) ദേശീയ അളവുകോലിന് തുല്യമായ 20 ശതമാനത്തിൽ എത്തിക്കുക.

5. വിവിധ തലങ്ങളിലെ ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾ ഉൾപ്പെടെയുള്ള സ്ഥാപന ശാക്തീകരണ നടപടികൾ നടപ്പാക്കി, ഉയർന്ന കാര്യക്ഷമത കൈവരിച്ചുകൊണ്ട് സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുക.

പദ്ധതിയുടെ കാലാവധി 10 വർഷമാണ്. ഒന്നാം ഘട്ടത്തിൽ കൊച്ചി നഗരത്തിലെ ജലവിതരണ ശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും തിരുവനന്തപുരം, കൊച്ചി നഗരങ്ങളിലെ ജലശുദ്ധീകരണശാലകളുടെ നവീകരണവുമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം നഗരത്തിലെ ജലവിതരണശൃംഖലയുടെ നവീകരണവും ജീവനക്കാർക്കുള്ള പരിശീലനം, സ്ഥാപനശാക്തീകരണ നടപടികൾ തുടങ്ങിയവ രണ്ടാം ഘട്ടത്തിൽ ഉൾക്കൊള്ളിക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ കുടിവെള്ള വിതരണവും വെള്ളക്കരം പിരിക്കാനുള്ള ചുമതലയും സ്വകാര്യകമ്പനിക്ക്

കൈമാറാൻ പ്രസ്തുത പദ്ധതിയുടെ ഭാഗമായി ധാരണയായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല. കുടിവെള്ള വിതരണത്തിന്റെ പ്രവൃത്തി കരാറെടുക്കുന്ന കമ്പനിക്ക് ആയിരിക്കുമെങ്കിൽത്തന്നെയും മീറ്റർ റീഡിംഗ് എടുക്കൽ, റവന്യൂ പിരിക്കൽ, ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകൽ എന്നിവ കേരള ജല അതോറിറ്റി നിർവ്വഹിക്കുന്നതാണ്.

(സി) എങ്കിൽ പ്രസ്തുത കരാറിലെ പ്രധാനപ്പെട്ട വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഡിസൈൻ, ബിൽഡ്, ഓപ്പറേറ്റ് & മെയിന്റനൻസ് (DBOM) വ്യവസ്ഥയിൽ ആദ്യ 7 വർഷം കൊണ്ട് നിർമ്മാണപ്രവർത്തനങ്ങളും അനുബന്ധമായുള്ള അറ്റകുറ്റപ്പണികളും പൂർത്തിയാക്കി തുടർന്നുള്ള 3 വർഷത്തേയ്ക്കുള്ള അറ്റകുറ്റപ്പണികൾ മൊത്തമായും പ്രവൃത്തി ഏറ്റെടുത്തിരിക്കുന്ന കരാറുകാരനിൽ നിക്ഷിപ്തമാക്കിക്കൊണ്ട് 10 വർഷ കാലയളവിൽ പൂർണ്ണതയിലെത്തുന്ന തരത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി പ്രദേശത്തെ പത്തുവർഷത്തെ അറ്റകുറ്റപ്പണികൾ പൂർണ്ണമായും ഈ പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും.

## വന്യജീവി ആക്രമണത്തിന് ഇരയാകുന്ന പട്ടികവിഭാഗക്കാർക്കുള്ള ഇൻഷ്വറൻസ് പദ്ധതി

16 (*226) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വനത്തിനുള്ളിലും വനാതിർത്തിയിലും താമസിച്ചുവരുന്ന വന്യജീവി ആക്രമണത്തിന് ഇരയാകുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വനം വകുപ്പ് ഏർപ്പെടുത്തിയിരുന്ന ഇൻഷ്വറൻസ് പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ?

വനത്തിനുള്ളിലും വനാതിർത്തിയിലും താമസിച്ചുവരുന്ന വന്യജീവി ആക്രമണത്തിന് ഇരയാകുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വനം വകുപ്പ് ഏർപ്പെടുത്തിയിരുന്ന ഇൻഷ്വറൻസ് പദ്ധതി നിർത്തലാക്കിയിട്ടില്ല. ഈ പദ്ധതിയുടെ തുടർനടത്തിപ്പിന് 01-02-2023-ലെ ജി.ഒ.(ആർ.റ്റി) നമ്പർ 49/2023/വനം ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതി മുഖേന ലഭിച്ചിരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

വനത്തിനുള്ളിലും വനാതിർത്തികളിലും താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഇടിമിന്നലേറ്റുള്ള മരണം, മുങ്ങി മരണം, മരത്തിൽ നിന്നുള്ള വീഴ്ച, ഭക്ഷ്യവിഷബാധ, വൈദ്യുതാഘാതം, മോട്ടോർ വാഹന അപകടം, വന്യജീവി ആക്രമണം, പാമ്പുകടി എന്നിവ കാരണമുള്ള മരണത്തിനും സ്ഥായിയായ അംഗവൈകല്യത്തിനും 1,00,000/- രൂപയും അപകടത്തെ തുടർന്നുള്ള ആശുപത്രി ചികിത്സയ്ക്ക് 5,000/- രൂപയും ആശുപത്രി യാത്ര ചെലവിന് 1000/- രൂപയും വന്യജീവി ആക്രമണം മൂലമോ, പ്രകൃതിക്ഷോഭം മൂലമോ വീടുകൾക്ക് കേടുപാടുകളുണ്ടായാൽ 5000/- രൂപയും ഇൻഷ്വറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ, വനത്തിനുപുറത്ത് താമസിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത ആളുകൾക്ക് വന്യജീവി ആക്രമണംമൂലമുള്ള അപകട മരണത്തിന് 1,00,000/- രൂപയും ആശുപത്രി ചികിത്സാ ചെലവിനായി 5000/- രൂപയും ഈ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ പരിധി ഒരു വർഷം പരമാവധി അഞ്ച് ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

(സി) വന്യജീവി ആക്രമണം വർദ്ധിച്ചുവരുന്ന ഈ കാലത്ത് മുൻകാല പ്രാബല്യത്തോടെ പ്രസ്തുത പദ്ധതി പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി 01-02-2023-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 49/2023/വനം ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയതിന്മേലുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ ഇതൊരു ഇൻഷ്വറൻസ് പദ്ധതി ആയതിനാൽ മുൻകാല പ്രാബല്യത്തോടെ നടപ്പാക്കുവാൻ വ്യവസ്ഥയില്ല.

**ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് കുടിവെള്ള കണക്ഷൻ**

17 (*227) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർഹതപ്പെട്ട ബി.പി.എൽ. വിഭാഗക്കാർക്ക് സൗജന്യമായി കുടിവെള്ള കണക്ഷൻ നൽകുന്നുണ്ടോ; എങ്കിൽ കൂടുതൽ ബി.പി.എൽ. കുടുംബങ്ങൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ബി.പി.എൽ. വിഭാഗക്കാർക്ക് കുടിവെള്ള കണക്ഷൻ വാട്ടർ അതോറിറ്റി സൗജന്യമായി നൽകുന്നില്ല.

(ബി) അർഹരായവർക്ക് കുടിവെള്ള കണക്ഷൻ ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റാനായി അപേക്ഷ നൽകുന്നതിന് അവസരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

ബി.പി.എൽ. ആനുകൂല്യം ലഭിക്കുന്നതിനായി എല്ലാ വർഷവും ജനുവരി 1 മുതൽ ജനുവരി 31 വരെ പുതിയ അപേക്ഷകൾ നൽകുന്നതിനും നിലവിലുള്ള അപേക്ഷകൾ പുതുക്കുന്നതിനും അവസരം നൽകുന്നുണ്ട്. എന്നാൽ അർഹരായ എല്ലാവർക്കും അവസരം ലഭിക്കുന്നതിലേയ്ക്കായി ഈ വർഷം മാർച്ച് 31 വരെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

## പട്ടികഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി ലഭ്യമാക്കുന്ന പദ്ധതി

18 (*228) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികഗോത്ര വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വനാവകാശനിയമം, ലാൻഡ് ബാങ്ക്, നിക്ഷിപ്ത വനഭൂമി എന്നിവയിൽ ഉൾപ്പെടുത്തി ഭൂമി ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം 198 ഗുണഭോക്താക്കൾക്ക് 38.01 ഏക്കർ ഭൂമിയും നിക്ഷിപ്ത വനഭൂമിവിതരണം ചെയ്യുന്ന പദ്ധതിപ്രകാരം 80 പേർക്ക് 15.20 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. വനാവകാശ നിയമപ്രകാരം 1369 പേർക്ക് 1699.04 ഏക്കർ ഭൂമിയുടെ കൈവശാവകാശരേഖയും നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ആകെ 1647 പേർക്ക് 1752.25 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം പത്തനംതിട്ട, എറണാകുളം, കോട്ടയം എന്നീ ജില്ലകളിലായി 13.72 ഏക്കർ ഭൂമി വാങ്ങി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകളിലായി 24.83 ഏക്കർ ഭൂമി വാങ്ങുന്നതിന് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഭൂമി വാങ്ങി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം ഭൂമി വാങ്ങുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 12,84,87,557/- രൂപ (പന്ത്രണ്ട് കോടി എൺപത്തിനാല് ലക്ഷത്തി എൺപത്തി ഏഴായിരത്തിയഞ്ഞൂറ്റി അൻപത്തി ഏഴ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം നടത്തുന്നതിനായി കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമിയിൽനിന്നും 109.259 ഹെക്ടർ ഭൂമി ഗുണഭോക്താക്കൾക്ക് പതിച്ച് നൽകുന്നതിനായി സർവ്വേ നടപടികൾ പൂർത്തിയാക്കി 1254 പ്ലോട്ടുകളായി തിരിച്ചിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വനാവകാശ നിയമപ്രകാരം വ്യക്തിഗത കൈവശാവകാശരേഖ ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ ഗ്രാമസഭ, എസ്.ഡി.എൽ.സി, ഡി.എൽ.സി. മുമ്പാകെ പെന്റിംഗിലുള്ള 3535 അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പട്ടികഗോത്ര വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക മിഷന് രൂപം കൊടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനം വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ ഭൂരഹിതരും ഭൂമി കുറവുള്ളതുമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഒരേക്കറിൽ കുറയാതെയും ഭൂമിയുടെ ലഭ്യതയനുസരിച്ച് അഞ്ച് ഏക്കർ വരെയും വിതരണം ചെയ്യുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ആദിവാസി പുനരധിവാസ വികസന മിഷൻ (TRDM) രൂപീകരിച്ചിട്ടുണ്ട്.

ആദിവാസി പുനരധിവാസ വികസന മിഷന്റെ പ്രവർത്തനത്തിനാവശ്യമായ നയപരമായ കാര്യങ്ങൾക്കും പ്രോജക്ടുകളുടെ അംഗീകാരത്തിനും മിഷൻ പ്രവർത്തനങ്ങൾക്ക് ഫീൽഡ് തലത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി ചീഫ് സെക്രട്ടറി ചെയർമാനായി ഉന്നതാധികാര മിഷൻ കമ്മിറ്റിയും പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചീഫും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സ്പെഷ്യൽ ഓഫീസറുമായി സംസ്ഥാനതല മിഷനും ഭൂമി വിതരണത്തിന്റെയും വികസന പ്രവർത്തനങ്ങളുടെയും ജില്ലാതല ഏകീകരണത്തിനായി

ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ചെയർമാന്മാരായി ജില്ലാ മിഷനുകളും പ്രവർത്തിക്കുന്നു.

ഭൂരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വാസയോഗ്യവും കൃഷി യോഗ്യവുമായ ഭൂമി കണ്ടെത്തി പുനരധിവസിപ്പിക്കുക എന്നതാണ് ഈ മിഷന്റെ ലക്ഷ്യം.

ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമിവിതരണം, വനാവകാശ നിയമം നടപ്പാക്കൽ എന്നിവ മുഖേന ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നു.

ഇപ്രകാരം ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കുന്ന കുടുംബങ്ങൾക്ക് ഭവനം, കുടിവെള്ളം, റോഡ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം അവരുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനും ജീവനോപാധികൾക്കുമുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1647 പേർക്ക് 1752.25 ഏക്കർ ഭൂമിയും 280 പേർക്ക് വീടും അനുവദിച്ചിട്ടുണ്ട്.

## പട്ടികജാതി, പട്ടികഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങളുടെ തൊഴിൽ പങ്കാളിത്തം

19 (*229) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി മാനവവിഭവശേഷി വികസനത്തിനുള്ള എന്തൊക്കെ പരിപാടികളാണ് നടപ്പാക്കിയിട്ടുള്ളത്; അവയുടെ ഫലപ്രാപ്തി അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിനുതകുന്ന സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി കേരള Start-Up-Mission-നുമായി ചേർന്ന് വകുപ്പ് നടപ്പാക്കിവരുന്നു. ടി പദ്ധതിയുടെ

ഭാഗമായി പട്ടികജാതി വികസന വകുപ്പിന്റെ തിരുവനന്തപുരം മണ്ണന്തലയിലുള്ള അംബേദ്കർ ഭവനിൽ 5000 ച.അടി സ്ഥലം 133.10 ലക്ഷം രൂപ വിനിയോഗിച്ച് ആവശ്യമായ സൗകര്യങ്ങളോടെ ഇൻകുബേഷൻ സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. നാമമാത്രമായ ലൈസൻസ് ഫീസ് മാത്രമാണ് പട്ടികജാതി വിഭാഗത്തിലുള്ളവരിൽനിന്ന് ഈടാക്കുന്നത്.

റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് പദ്ധതി പട്ടികജാതി വിഭാഗങ്ങളിലുള്ളവർക്കായി ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമാണ്. നൂതന ആശയമോ ഉല്പന്നമോ ഉള്ളവരെയാണ് മേൽപ്പറഞ്ഞ പരിശീലനത്തിനായി എടുക്കുന്നത്. കേരള സ്റ്റാർട്ട് അപ്പ് മിഷന്റെ എല്ലാ പദ്ധതികളുടെയും ആനുകൂല്യം സ്റ്റാർട്ടപ്പ് ഡ്രീംസിലുള്ളവർക്കും ലഭിക്കും. ഓരോ സ്റ്റാർട്ട് അപ്പിനുമായി അനുവദിക്കുന്ന അടിസ്ഥാന സൗകര്യങ്ങളിൽ അതിവേഗ ഇന്റർനെറ്റും, പ്ലഗ് ആൻഡ് പ്ലേ വർക്ക് സ്റ്റേഷനും കോൺഫറൻസ്- മീറ്റിംഗ് റൂം ഉൾപ്പെടെയുള്ള കോമൺ ഫെസിലിറ്റീസും സ്റ്റാർട്ടപ്പ് ഡ്രീംസിൽ ലഭ്യമാണ്. പ്രീ ഇൻകുബേഷൻ വിഭാഗത്തിൽ 3 മുതൽ 6 മാസം കാലയളവുവരെയും ഇൻകുബേഷൻ വിഭാഗത്തിൽ 11 മാസംവരെയുമാണ് നൽകിവരുന്നത്. ഇതിനുശേഷം

സ്റ്റാർട്ടപ്പുകൾ കൂടുതൽ സമയപരിധി ആവശ്യപ്പെടുന്ന മുറയ്ക്ക് വിലയിരുത്തലുകളോടെ കാലയളവ് ദീർഘിപ്പിക്കുന്നതാണ്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളതും അല്ലാത്തവരുമായ തൊഴിൽരഹിതരായവർക്ക് വിവിധ മേഖലകളിൽ തൊഴിൽ ഉറപ്പാക്കുന്നതിന് വകുപ്പ് നൈപുണ്യ പരിശീലന പരിപാടികൾ നടപ്പാക്കിവരുന്നുണ്ട്. വിവരസാങ്കേതികം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഹോട്ടൽ മാനേജ്മെന്റ്, ഏവിയേഷൻ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിന് ഉതകുന്ന പരിശീലനങ്ങൾ നൽകുന്ന പദ്ധതികൾ വകുപ്പ് നടപ്പാക്കിവരുന്നു. ഇത്തരം നൈപുണ്യ വികസന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റും പദ്ധതിപ്രകാരം ഉറപ്പാക്കുന്നുണ്ട്.

2022-23 വർഷം മൂവായിരത്തോളം പേർക്ക് തൊഴിൽ ഉറപ്പാക്കാൻ സാധിക്കുന്ന വിവിധ നൈപുണ്യ വികസന പരിശീലനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. സ്റ്റാർട്ട് അപ്പ് ഡ്രീം പദ്ധതിപ്രകാരം ഇതുവരെ 36 സ്റ്റാർട്ടപ്പുകൾക്ക് ഇൻക്യൂബേഷൻ പിന്തുണയും 55 സ്റ്റാർട്ടപ്പുകൾക്ക് മെന്റർഷിപ്പ് പിന്തുണയും നൽകിയിട്ടുണ്ട്.

അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് അവരവരുടെ താൽപ്പര്യത്തിനും അഭിരുചിക്കുമനുസരിച്ച് ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാദ്ധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ നൽകുകയും പ്ലേസ്മെന്റ് മുഖേന സ്ഥിരശമ്പളത്തോടുകൂടി പല നല്ല സംരംഭങ്ങളിലും തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിനോ സാധിച്ചിട്ടുണ്ട്. നാളിതുവരെ നടപ്പാക്കിയ ഹോട്ടൽ മാനേജ്മെന്റ്, ഏവിയേഷൻ മേഖലയിലെ എയർലൈൻ കസ്റ്റമർ സർവ്വീസ്, എയർലൈൻ ആൻഡ് എയർപോർട്ട് മാനേജ്മെന്റ്, ഓട്ടോ മൊബൈൽ മേഖലയിലെ കോഴ്സുകൾ, കമ്പ്യൂട്ടർ ആൻഡ് ഡിജിറ്റൽ മീഡിയ മേഖലയിലെ കോഴ്സുകൾ, ടൂറിസം ആൻഡ് ഹോട്ടൽ മാനേജ്മെന്റ് മേഖലയിലെ കോഴ്സുകൾ തുടങ്ങി 20-ഓളം പരിശീലന പരിപാടികളിൽ നിന്നായി 5843 പേർക്ക് പരിശീലനം നൽകുകയും 2827 പേർക്ക് ജോലി ലഭ്യമാകുകയും ചെയ്തു.

നിലവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും 500 എഞ്ചിനീയറിംഗ് ഉദ്യോഗാർത്ഥികൾക്ക് അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർമാരായി നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 114 MSW ബിരുദധാരികൾക്ക് സോഷ്യൽ വർക്കർമാരായും 380

ബിരുദധാരികൾക്ക് മാനേജ്മെന്റ് ട്രെയിനി/അപ്രന്റീസ് ക്ലർക്കുമാരായും 2399 പേർക്ക് പ്രൊമോട്ടർമാരായും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമനം നൽകിയിട്ടുണ്ട്. ഇതിനുപുറമേ 18 നിയമ ബിരുദധാരികളെ ഹോണറേറിയം വ്യവസ്ഥയിൽ ലീഗൽ കൗൺസിലർ, ലീഗൽ സെൽ കോ-ഓർഡിനേറ്റർ, ലീഗൽ അഡ്വൈസർ തസ്തികകളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ പട്ടികജാതി-പട്ടികവർഗ്ഗക്കാരായ 94 നിയമ ബിരുദധാരികളെ ഗവൺമെന്റ് പ്ലീഡർമാർ, സീനിയർ അഡ്വക്കേറ്റ്മാർ എന്നിവർക്ക് കീഴിൽ ഹോണറേറിയത്തോടുകൂടി രണ്ട് വർഷക്കാലയളവിലേയ്ക്ക് പരിശീലനത്തിനായി നിയമിക്കുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്. നഴ്സിംഗ്, പാരാമെഡിക്കൽ, മാനേജ്മെന്റ്, അദ്ധ്യാപന മേഖലയിലുള്ള ഉദ്യോഗാർത്ഥികളുടെ നിയമനം സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത്തരത്തിൽ വിവിധ മേഖലകളിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ പരിശീലനവും പിന്തുണയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് Training for Career Excellence (TRACE) എന്ന പേരിൽ പദ്ധതി നടപ്പാക്കുവാൻ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്ദേശിക്കുന്നത്.

പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വിദ്യാഭ്യാസം ഇടയ്ക്കുവച്ച് നഷ്ടപ്പെട്ടവർക്ക് തുടർവിദ്യാഭ്യാസ പരിപാടി എന്ന നിലയിലും സുസ്ഥിര വരുമാനം ഉറപ്പാക്കുക എന്ന ലക്ഷ്യം വച്ചുമാണ് അവർക്കായി കെട്ടിട നിർമ്മാണ മേഖലയിൽ പരിശീലനം നൽകി അവരെ ചെറു സംഘങ്ങളായി രജിസ്റ്റർ ചെയ്ത് നിർമ്മാണ സാമഗ്രികൾ വാങ്ങുന്നതിന് ധനസഹായം അനുവദിച്ച് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാൻ പ്രാപ്തരാക്കിയിട്ടുള്ളത്.

(ബി) പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട യുവജനങ്ങൾക്ക് സംരംഭകത്വ പരിശീലനം നൽകുന്നതിനും സംരംഭങ്ങൾ ആരംഭിക്കാൻ വേണ്ട മൂലധന വായ്പ ലഭ്യമാക്കുന്നതിനുമുള്ള പദ്ധതി കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇത്തരം പദ്ധതികളിൽ വനിതകളുടെ പങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ?

സംരംഭകത്വ പരിശീലനം നൽകുന്നതിനും സംരംഭങ്ങൾ ആരംഭിക്കാൻ വേണ്ട മൂലധനവായ്പ ലഭ്യമാക്കുന്നതിനുമുള്ള പദ്ധതി കാര്യക്ഷമമായി നടപ്പാക്കിവരുന്നു. പട്ടികജാതിക്കാർക്ക് പരിധി ബാധകമാക്കാതെ 3 ലക്ഷം വരെയുള്ള വായ്പകൾക്ക് വായ്പാത്തുകയുടെ 1/3 സബ്സിഡി നൽകുന്നു. പട്ടികജാതിക്കാർ അംഗങ്ങളായ സ്വാശ്രയ സംഘങ്ങൾക്കും വനിതാ സ്വയംസഹായ സംഘങ്ങൾക്കും

അംഗീകരിക്കപ്പെടുന്ന പ്രോജക്ടുകളുടെ 75 ശതമാനം തുക (പരമാവധി 10 ലക്ഷം രൂപ) ബാങ്ക് അക്കൗണ്ടിലൂടെ അനുവദിച്ചുവരുന്നു. പ്രസ്തുത പദ്ധതികളിൽ വനിതകളുടെ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും വ്യക്തിഗത ഗ്രൂപ്പ് സംരംഭങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുമുള്ള പദ്ധതിക്ക് പരമാവധി 20 ശതമാനം വായ്പ കേരളാ സ്റ്റേറ്റ് എസ്.സി./എസ്.ടി. കോർപ്പറേഷൻ മുഖേന ലഭ്യമാക്കുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ട് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട യുവതികളിൽ തൊഴിൽ, വ്യാപാര മേഖലകളിൽ നൈപുണ്യം വളർത്തുന്നതിന് വനിതാ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സംയോജിത വനിതാ നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതികളിൽ തൊഴിൽ വ്യാപാര മേഖലകളിൽ നൈപുണ്യം പുലർത്തുന്നതിന് വനിതാ വികസന കോർപ്പറേഷൻ സംയോജിത വനിതാ നൈപുണ്യ പദ്ധതി കോഴിക്കോട്

ജില്ലയിലെ ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെ വിജയകരമായി നടത്തിവരുന്നു. പ്രസ്തുത പദ്ധതിയുടെ (വനമിത്ര) ഭാഗമായി നിരവധി സാമ്പത്തിക തൊഴിൽ നൈപുണ്യ വികസന പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്. കുട്ട നിർമ്മാണം, തയ്യൽ പരിശീലനം തുടങ്ങി തൊഴിൽ അധിഷ്ഠിത പരിശീലനങ്ങളും നടത്തിവരുന്നു. തയ്യൽ പരിശീലനം നൽകിയതിനെത്തുടർന്ന് വനിതകൾ ചേർന്ന് തയ്യൽ യൂണിറ്റുകൾ ആരംഭിക്കുകയും പ്രസ്തുത സംരംഭത്തിന് 2021-ൽ ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷന്റെ ഇന്ത്യയിലെ മികച്ച സംരംഭത്തിനുള്ള പുരസ്കാരം ലഭ്യമാകുകയും ചെയ്തു. ഈ മേഖലയിലെ പട്ടികവർഗ്ഗ വനിതകൾക്ക് സ്ഥിരവരുമാനം ഉറപ്പുവരുത്തുന്നതിന് കേരള സംസ്ഥാന പട്ടികവർഗ്ഗ വകുപ്പിന്റെ ധനസഹായത്തോടുകൂടി ടി മേഖലയിലെ 50 വനിതകൾക്ക് ഒരാൾക്ക് 2 പശുക്കൾ വീതം വിതരണം ചെയ്യുന്ന പദ്ധതിയും വിജയകരമായി നടപ്പാക്കിയിട്ടുണ്ട്.

## യുവജന കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

20 (*230) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. അബ്ദുൽ ഹമീദ്:

ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ ) സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന യുവജന കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

യുവാക്കളുടെ ക്ഷേമത്തിനായി മാർഗ്ഗനിർദ്ദേശം നൽകുന്നതിനും അവരെ സഹായിക്കുന്നതിനും കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും വിദ്യാസമ്പന്നരാക്കുന്നതിനും ശാക്തീകരിക്കുന്നതിനും വേണ്ടി പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നതിനും യുവാക്കളുടെ സംരക്ഷകനായി വർത്തിക്കുന്നതിനും വേണ്ടി അർദ്ധ ജുഡീഷ്യൽ അധികാരങ്ങളോടെ നിയമപ്രകാരം രൂപീകരിക്കപ്പെട്ട സ്ഥാപനമാണ് കേരള സംസ്ഥാന യുവജന കമ്മീഷൻ.

(ബി) പ്രസ്തുത ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കമ്മീഷന് കഴിയുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പ്രസ്തുത ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് കമ്മീഷന് കഴിയുന്നുണ്ട്. യുവജനങ്ങളുടെ പരാതിയിന്മേൽ കമ്മീഷൻ നടപടികൾ സ്വീകരിക്കുകയും കമ്മീഷൻ ആസ്ഥാനത്ത് സിറ്റിംഗുകൾ നടത്തുകയും

ചെയ്യുന്നുണ്ട്. അതോടൊപ്പം ജില്ലാതല അദാലത്തുകൾ നടത്തി പരാതികൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വിവിധ പരാതികളിന്മേലുള്ള കമ്മീഷന്റെ ശിപാർശയിന്മേൽ സർക്കാർതലത്തിലും പൊതുമേഖല/സർക്കാർ-ഇതര സ്ഥാപനങ്ങളും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി യുവജനങ്ങളുടെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. കമ്മീഷൻ നടപ്പാക്കുന്ന വിവിധ പദ്ധതികൾ മുഖേനയും കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(സി) കമ്മീഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും യുവജന പങ്കാളിത്തം ഉറപ്പാക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

കമ്മീഷന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

**1.** <u>പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും കോളേജുകളിലും ബോധവത്കരണ പരിപാടികൾ</u>

യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡു സുരക്ഷ, മാനസികാരോഗ്യം എന്നിവ

സംബന്ധിച്ചും സംസ്ഥാനമൊട്ടാകെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും കോളേജുകളിലും ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

**2.** ജില്ലാതലത്തിൽ അദാലത്തുകൾ/ഹിയറിംഗുകൾ/വിസിറ്റുകൾ

യുവാക്കളുടെ പ്രശ്നങ്ങളും യുവാക്കളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളും സംബന്ധിച്ച് കമ്മീഷന് ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും പരിഗണിക്കുന്നതിനായി കമ്മീഷൻ ആസ്ഥാനത്ത് സിറ്റിംഗും ജില്ലാതലത്തിൽ അദാലത്തുകൾ/ഹിയറിംഗുകൾ/വിസിറ്റുകൾ എന്നിവയും നടത്തിവരുന്നു.

**3.** ദേശീയ സെമിനാർ

യുവാക്കളുടെ സർഗ്ഗാത്മകതയും നൈപുണ്യവും വികസിപ്പിച്ചുകൊണ്ട് ഉന്നത നിലവാരത്തിലുള്ള നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുന്നതിനും വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങളിൽ അവരുടെ സാധ്യതകളും കഴിവുകളും കണ്ടെത്തുന്നതിലേയ്ക്കും അവബോധം സൃഷ്ടിക്കുന്നതിനുമായി വിവിധ മേഖലകളിൽപ്പെട്ട വിദഗ്ധരെ ഉപയോഗപ്പെടുത്തിക്കൊണ്ട് കമ്മീഷൻ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ യുവജനങ്ങളുടെ അവകാശങ്ങൾ,

ലിംഗസമത്വം തുടങ്ങിയ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ യുവജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് എല്ലാ വർഷവും ദേശീയ സെമിനാർ സംഘടിപ്പിച്ചു വരുന്നു.

**4.** ആരോഗ്യക്യാമ്പ്

സാമൂഹ്യനീതി വകുപ്പും പട്ടികവർഗ്ഗ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഗോത്രവർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾക്ക് ആരോഗ്യരംഗത്ത് ബോധവത്കരണം നൽകുന്നതിനും ആദിവാസി കോളനികളിലെ യുവജനങ്ങളുടെ തൊഴിൽപരവും ആരോഗ്യപരവും സാമൂഹ്യപരവുമായ വികസനം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ യുവജന കമ്മീഷൻ ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു.

**5.** യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ

യുവജനങ്ങൾക്ക് സൗജന്യ നിയമ സഹായം നൽകുക എന്ന ഉദ്ദേശ്യത്തോടെ 'യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ' പ്രവർത്തിച്ചുവരുന്നു.

**6.** യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാം

കോവിഡാനന്തര കേരളീയ സമൂഹത്തിൽ എല്ലാ മേഖലകളിലും സ്വയം പര്യാപ്തത നേടേണ്ടത് അനിവാര്യമാണ്. ഈ ലക്ഷ്യം മുൻനിർത്തി യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാമിൽ ഗ്രീൻ യൂത്ത് പദ്ധതി ഉൾപ്പെടുത്തിക്കൊണ്ട് കമ്മീഷനിലെ അംഗങ്ങളുടെ നേതൃത്വത്തിൽ 'ഗ്രീൻ സോൺ' പദ്ധതി വർഷം തോറും നടത്തിവരുന്നു. തരിശ് ഭൂമികൾ കണ്ടെത്തി ആയവ കൃഷിക്കനുയോജ്യമായ രീതിയിൽ പരിവർത്തനപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കിവരുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി സംരക്ഷണം, പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണവും നടത്തിവരുന്നു. ഇതുവഴി ഏത് തൊഴിലും അന്തസ്സായി ചെയ്ത് ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനുള്ള അറിവ് പ്രദാനം ചെയ്യുന്നു. കമ്മീഷൻ നടത്തുന്ന വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പദ്ധതിയുടെ ഭാഗമായ ജോബ് ഫെസ്റ്റ് സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെടുന്ന 7 കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചുവരുന്നു. പരസ്യ പ്രചരണങ്ങളിലൂടെയും കമ്മീഷൻ അംഗങ്ങൾ, സ്റ്റേറ്റ് കോ-ഓർഡിനേറ്റർമാർ, ജില്ലാ കോ-ഓർഡിനേറ്റർമാർ എന്നിവരുടെ

പ്രവർത്തനങ്ങളിലൂടെയും പ്രസ്തുത പദ്ധതികളിൽ യുവജന പങ്കാളിത്തം ഉറപ്പാക്കുന്നു.

**പട്ടികജാതി യുവാക്കൾക്ക് സുസ്ഥിര വരുമാനം**

21 (*231) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി യുവാക്കൾക്ക് വിദേശത്ത് ഉൾപ്പെടെ തൊഴിൽ മേഖല കണ്ടെത്തി സുസ്ഥിര വരുമാനം സാധ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം തൊഴിൽ മേഖലകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ?

(എ&ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അവരുടെ പഠന മേഖലയ്ക്കനുസൃതമായ തൊഴിൽ പരിചയവും പരിശീലനവും നൽകി അവരുടെ കരിയർ

ഉന്നതിയിലെത്തിക്കുന്നതിനും അതുവഴി മികവുറ്റ തൊഴിലുകൾക്ക് പ്രാപ്തരാക്കുന്നതിനും സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.

വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാകുക വഴി തങ്ങളുടെ കരിയർ പ്രോജ്ജ്വലമാക്കുന്നതിന് കൂടുതൽ ആത്മവിശ്വാസവും അനുഭവപരിചയവും സ്വായത്തമാകുന്നു. എഞ്ചിനീയറിംഗ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, ക്ലർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഹോണറേറിയത്തോടുകൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. പരമാവധി രണ്ടുവർഷംവരെ പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതത് മേഖലകളിൽ അനിവാര്യമായ നൈപുണ്യം കൈവരിക്കുന്നതിനുതകുന്ന പ്രത്യേക ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു. സർക്കാർതലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുക വഴി ആർജ്ജിക്കുന്ന

പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു.

നിലവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും 500 എഞ്ചിനീയറിംഗ് ഉദ്യോഗാർത്ഥികൾക്ക് അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസീയർമാരായി നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 114 MSW ബിരുദധാരികൾക്ക് സോഷ്യൽ വർക്കർമാരായും 380 ബിരുദധാരികൾക്ക് അപ്രന്റീസ് ക്ലർക്കുമാരായും 2399 പേർക്ക് പ്രൊമോട്ടർമാരായും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമനം നൽകിയിട്ടുണ്ട്. ഇതിനുപുറമെ 18 നിയമ ബിരുദധാരികളെ ഹോണറേറിയം വ്യവസ്ഥയിൽ ലീഗൽ കൗൺസിലർ, ലീഗൽ സെൽ കോ-ഓർഡിനേറ്റർ, ലീഗൽ അഡ്വൈസർ തസ്തികകളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ പട്ടികജാതി-പട്ടികവർഗ്ഗക്കാരായ 94 നിയമ ബിരുദധാരികളെ ഗവൺമെന്റ് പ്ലീഡർമാർ, സീനിയർ അഡ്വക്കേറ്റുമാർ എന്നിവർക്ക് കീഴിൽ ഹോണറേറിയത്തോടുകൂടി രണ്ട് വർഷക്കാലയളവിലേയ്ക്ക് പരിശീലനത്തിനായി നിയമിക്കുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്.

നഴ്സിംഗ്, പാരാമെഡിക്കൽ, മാനേജ്മെന്റ്, അദ്ധ്യാപന മേഖലയിലുള്ള ഉദ്യോഗാർത്ഥികളുടെ നിയമനം സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത്തരത്തിൽ വിവിധ മേഖലകളിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിനാവശ്യമായ പരിശീലനവും പിന്തുണയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് Training for Career Excellence (TRACE) എന്ന പേരിൽ പദ്ധതി നടപ്പാക്കുവാൻ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്ദേശിക്കുന്നത്.

(സി) പ്രസ്തുത പദ്ധതിയുടെ ഗുണം ലഭിക്കുന്നതിനായി എല്ലാ ജില്ലകളിലും പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

അഭ്യസ്തവിദ്യരായ പട്ടികജാതി വിദ്യാർത്ഥികളെ വിവിധ മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനും മറ്റുമായി എല്ലാ നിയമസഭാ മണ്ഡലങ്ങളിലും വെർച്ച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## പട്ടികജാതി, പട്ടികഗോത്ര വർഗ്ഗ സമൂഹങ്ങളുടെ ശാക്തീകരണം

22 (*232) ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികഗോത്രവർഗ്ഗ സമൂഹങ്ങളുടെ ശാക്തീകരണത്തിന് വിഘാതമായിട്ടുള്ള പ്രധാന ഘടകം ആധുനിക തൊഴിൽ മേഖലയിലെ പങ്കാളിത്തക്കുറവാണെന്നത് വസ്തുതയാണോ; എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ജനസമൂഹങ്ങളുടെ ശാക്തീകരണത്തിന് വിഘാതമായിട്ടുള്ള ഒരു ഘടകം ആധുനിക തൊഴിൽ മേഖലയിലെ പങ്കാളിത്തക്കുറവാണെന്നത് വസ്തുതയാണ്. ആയതിനാൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ ശാക്തീകരണത്തിന് സ്ഥിരവരുമാനവും തൊഴിലും ഉറപ്പാക്കേണ്ടതുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അവരുടെ പഠന മേഖലയ്ക്കനുസൃതമായ തൊഴിൽ പരിചയവും പരിശീലനവും നൽകി അവരുടെ കരിയർ ഉന്നതിയിലെത്തിക്കുന്നതിനും അതുവഴി മികവുറ്റ തൊഴിലുകൾക്ക് പ്രാപ്തരാക്കുന്നതിനും സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.

വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാകുക വഴി തങ്ങളുടെ കരിയർ പ്രോജ്ജ്വലമാക്കുന്നതിന് കൂടുതൽ ആത്മവിശ്വാസവും അനുഭവപരിചയവും സ്വായത്തമാകുന്നു. എഞ്ചിനീയറിംഗ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഹോണറേറിയത്തോടുകൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. പരമാവധി രണ്ടുവർഷംവരെ പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതതു മേഖലകളിൽ അനിവാര്യമായ നൈപുണ്യം കൈവരിക്കുന്നതിന് ഉതകുന്ന പ്രത്യേക

ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു. സർക്കാർതലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുക വഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു.

നിലവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും 500 എഞ്ചിനീയറിംഗ് ഉദ്യോഗാർത്ഥികൾക്ക് അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസീയർമാരായി നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 114 MSW ബിരുദധാരികൾക്ക് സോഷ്യൽ വർക്കർമാരായും 380 ബിരുദധാരികൾക്ക് അപ്രന്റീസ് ക്ലർക്കുമാരായും 2399 പേർക്ക് പ്രൊമോട്ടർമാരായും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമനം നൽകിയിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 18 നിയമ ബിരുദധാരികളെ ഹോണറേറിയം വ്യവസ്ഥയിൽ ലീഗൽ കൗൺസിലർ, ലീഗൽ അഡ്വൈസർ തസ്തികകളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ പട്ടികജാതി-പട്ടികവർഗ്ഗക്കാരായ 94 നിയമബിരുദധാരികളെ ഗവ. പ്ലീഡർമാർ, സീനിയർ അഡ്വക്കേറ്റുമാർ എന്നിവർക്ക് കീഴിൽ ഹോണറേറിയത്തോടുകൂടി രണ്ട്

വർഷക്കാലയളവിലേയ്ക്ക് പരിശീലനത്തിനായി നിയമിക്കുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്.

നഴ്സിംഗ്, പാരാമെഡിക്കൽ, മാനേജ്മെന്റ്, അദ്ധ്യാപന മേഖലയിലുള്ള ഉദ്യോഗാർത്ഥികൾക്കുള്ള നിയമനം സംബന്ധിച്ചുള്ള വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത്തരത്തിൽ വിവിധ മേഖലകളിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിനാവശ്യമായ പരിശീലനവും പിന്തുണയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് Training for Career Excellence (TRACE) എന്ന പേരിൽ പദ്ധതി നടപ്പാക്കുവാൻ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്ദേശിക്കുന്നത്.

ആധുനിക തൊഴിൽ മേഖലകളിൽ പട്ടികവിഭാഗക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും മികച്ച തൊഴിൽ അവസരങ്ങൾ കരസ്ഥമാക്കുന്നതിനുമായി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ ഹോട്ടൽ മാനേജ്മെന്റ്, എയർലൈൻ കസ്റ്റമർ സർവ്വീസ്, എയർലൈൻ ആൻഡ് എയർപോർട്ട് മാനേജ്മെന്റ്, ഓട്ടോ ഡയഗണോസിസ് ആൻഡ് റിപ്പെയർ, ഗ്രാഫിക് ഡിസൈനിംഗ്, ഐ.ടി., ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ, അനിമേഷൻ, കൺസ്ട്രക്ഷൻ, ആരോഗ്യം,

പ്ലാസ്റ്റിക് വ്യവസായം, ഓയിൽ & ഗ്യാസ്, മറൈൻ വ്യവസായം തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനങ്ങൾ നൽകി പ്ലേസ്മെന്റ് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് സംഘടിപ്പിച്ച മേല്പറഞ്ഞ പരിശീലന പരിപാടികളിൽ 5843 പേർക്ക് പരിശീലനം നൽകുകയും 2827 പേർക്ക് ജോലി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന ഓഫീസുകളിൽ മാനേജ്മെന്റ് ട്രെയിനികളായും ഫീൽഡുതലത്തിൽ പട്ടികവർഗ്ഗ പ്രൊമോട്ടർമാരായും ധാരാളം യുവതീയുവാക്കൾ ജോലി ചെയ്തുവരുന്നുണ്ട്. ഇതുകൂടാതെ യോഗ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കളെ സാമൂഹ്യ പഠനമുറികളിലെ ഫെസിലിറ്റേറ്റർമാരായും കുടുംബശ്രീ അനിമേറ്റർമാരായും ഹോണറേറിയം വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. നൈപുണ്യ പരിശീലനം ലഭിച്ചവർക്കും അല്ലാത്തവർക്കും സംരംഭം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭനടപടികളും പട്ടികവർഗ്ഗ വികസന വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമെ തൊഴിൽ നൈപുണി സ്വായത്തമാക്കിയ പട്ടികവർഗ്ഗ യുവതീയുവാക്കളെ ഉൾപ്പെടുത്തി

എംപവർമെന്റ് സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

(ബി) എസ്.സി., എസ്.ടി. വിഭാഗക്കാരെ സംരംഭകരാക്കുകയെന്ന ലക്ഷ്യത്തോടെ കേരള എംപവർമെന്റ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തനം വിശദമാക്കാമോ; പ്രസ്തുത സൊസൈറ്റിയുടെ ഭാഗമായി ടാലന്റ് സെന്ററുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട യുവതീയുവാക്കൾക്ക് ശരിയായ മാർഗ്ഗനിർദ്ദേശവും പരിശീലനവും സാമ്പത്തിക സഹായവും മികച്ച മാനേജ്മെന്റ് പിന്തുണയും നൽകി ആധുനിക സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രാപ്തരാക്കാൻ വേണ്ടിയുള്ള പദ്ധതിയാണ് കേരള എംപവർമെന്റ് സൊസൈറ്റി. സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട യുവതീയുവാക്കൾക്കിടയിൽ തൊഴിലവസരങ്ങളും വരുമാനവും സ്വാശ്രയബോധവും സൃഷ്ടിക്കുന്നതിനും ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികവിഭാഗങ്ങളിൽപ്പെട്ട യുവതീയുവാക്കളെ ഒരേ സമയം തൊഴിൽ സംരംഭകരായും തൊഴിൽദാതാക്കളായും സജ്ജരാക്കുക എന്നതാണ് എംപവർമെന്റ് സൊസൈറ്റിയുടെ പ്രധാന ലക്ഷ്യം.

എംപവർമെന്റ് സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

(സി) ഇത്തരത്തിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള പട്ടികവിഭാഗങ്ങളിൽപ്പെട്ട യുവതീയുവാക്കളെ ഒരേ സമയം തൊഴിൽ സംരംഭകരായും തൊഴിൽദാതാക്കളായും സജ്ജരാക്കുന്നതിനായി എംപവർമെന്റ് സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

സംരംഭകത്വ പരിശീലനം നൽകുന്നതിനും സംരംഭങ്ങൾ ആരംഭിക്കാൻ വേണ്ട മൂലധന വായ്പ ലഭ്യമാക്കുന്നതിനുമുള്ള പദ്ധതി കാര്യക്ഷമമായി നടപ്പാക്കിവരുന്നു. പട്ടികജാതിക്കാർക്ക് പരിധി ബാധകമാക്കാതെ 3 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് വായ്പാതുകയുടെ 1/3 സബ്സിഡി നൽകുന്നു. പട്ടികജാതിക്കാർ അംഗങ്ങളായ സ്വാശ്രയ സംഘങ്ങൾക്കും വനിതാ സ്വയംസഹായ സംഘങ്ങൾക്കും അംഗീകരിക്കപ്പെടുന്ന പ്രോജക്ടുകളുടെ 75 ശതമാനം തുക (പരമാവധി 10 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.

സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും വ്യക്തിഗത ഗ്രൂപ്പ് സംരംഭങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതിക്ക് പരമാവധി 20 ശതമാനം വായ്പ കേരളാ സ്റ്റേറ്റ് എസ്.സി./എസ്.ടി. കോർപ്പറേഷൻ മുഖേന ലഭ്യമാക്കുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ട് ഭരണാനുമതി നൽകിയിട്ടുണ്ട്.

**കേരള അർബൻ വാട്ടർ സർവ്വീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ട്**

23 (*233) ശ്രീമതി കെ. കെ. രമ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ കേരള അർബൻ വാട്ടർ സർവ്വീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി എ.ഡി.ബി.-യിൽനിന്ന് വായ്പ ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB) ധനസഹായത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സർവ്വീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (KUWSIP) പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി

07-02-2020-ലെ G.O. (Ms) No. 13/2020/WRD പ്രകാരം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ?

പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയും വിധമാണ്.

1. കൊച്ചി, തിരുവനന്തപുരം നഗരങ്ങളിലെ വിവിധ മേഖലകളിലേയ്ക്കുള്ള ജലവിതരണത്തിലെ ഏറ്റക്കുറച്ചിലുകൾ ഒഴിവാക്കി സുസ്ഥിരമായ 24x7 കുടിവെള്ളവിതരണം ഉറപ്പാക്കുക.

2. നഗരപരിധികളിലെ പിന്നാക്ക വിഭാഗങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് തടസ്സരഹിതവും നീതിയുക്തവുമായ ശുദ്ധജലവിതരണം ഉറപ്പാക്കുക.

3. മെച്ചപ്പെട്ട ഉപഭോക്തൃ സേവനവും ശുദ്ധജലവിതരണത്തിലെ ഗുണനിലവാരവും ഉറപ്പാക്കുക.

4. പദ്ധതി പൂർത്തീകരണത്തോടുകൂടി കണക്കിൽപ്പെടാതെ പോകുന്ന കുടിവെള്ളം (Non Revenue Water-NRW) ദേശീയ അളവുകോലിന് തുല്യമായ 20 ശതമാനത്തിലെത്തിക്കുക.

5. വിവിധ തലങ്ങളിലെ ജീവനക്കാർക്കുള്ള പരിശീലനപരിപാടികൾ ഉൾപ്പെടെയുള്ള സ്ഥാപന ശാക്തീകരണ നടപടികൾ നടപ്പാക്കി ഉയർന്ന കാര്യക്ഷമത കൈവരിച്ചുകൊണ്ട് സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുക.

പദ്ധതിയുടെ കാലാവധി 10 വർഷമാണ്. ഒന്നാം ഘട്ടത്തിൽ കൊച്ചി നഗരത്തിലെ ജല വിതരണ ശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലെ ജലശുദ്ധീകരണശാലകളുടെ നവീകരണവുമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

തിരുവനന്തപുരം നഗരത്തിലെ ജലവിതരണ ശൃംഖലയുടെ നവീകരണവും ജീവനക്കാർക്കുള്ള പരിശീലനം, സ്ഥാപനശാക്തീകരണ നടപടികൾ തുടങ്ങിയ പ്രവൃത്തികൾ രണ്ടാം ഘട്ടത്തിൽ ഉൾക്കൊള്ളിക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി പത്ത് വർഷത്തേയ്ക്ക് സ്വകാര്യ കമ്പനിയെ ഏൽപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഡിസൈൻ, ബിൽഡ്, ഓപ്പറേറ്റ് & മെയിന്റനൻസ് (DBOM) വ്യവസ്ഥയിൽ ആദ്യ 7 വർഷംകൊണ്ട് നിർമ്മാണപ്രവർത്തനങ്ങളും അനുബന്ധമായുള്ള അറ്റകുറ്റപ്പണികളും പൂർത്തിയാക്കി തുടർന്നുള്ള 3

വർഷത്തേയ്ക്കുള്ള അറ്റകുറ്റപ്പണികൾ മൊത്തമായും പ്രവൃത്തി ഏറ്റെടുത്തിരിക്കുന്ന കരാറുകാരനിൽ നിക്ഷിപ്തമാക്കിക്കൊണ്ട് 10 വർഷ കാലയളവിൽ പൂർണ്ണതയിലെത്തുന്ന തരത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

## വനങ്ങൾക്ക് ചുറ്റുമുള്ള കരുതൽ മേഖലയുമായി ബന്ധപ്പെട്ട അന്തിമ റിപ്പോർട്ട്

24 (*234) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനങ്ങൾക്ക് ചുറ്റുമുള്ള കരുതൽ മേഖലയുമായി ബന്ധപ്പെട്ട അന്തിമ റിപ്പോർട്ട് എന്നത്തേയ്ക്ക് തയ്യാറാകുമെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹെൽപ് ഡെസ്കുകളിൽ ലഭിച്ച പരാതികൾ സൂക്ഷ്മപരിശോധന നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ;

(സി) വനങ്ങൾക്ക് ചുറ്റുമുള്ള കരുതൽ മേഖലയുമായി ബന്ധപ്പെട്ട് സുപ്രീം കോടതി 2022 ജൂണിൽ വിധി പ്രഖ്യാപിച്ച് എട്ട് മാസം കഴിഞ്ഞിട്ടും അന്തിമ റിപ്പോർട്ട് തയ്യാറാക്കാൻ കാലതാമസം വരുന്നതിന്റെ കാരണം വിശദമാക്കാമോ?

(എ-സി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിലെ ഖണ്ഡിക 44(സി)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള വിവരശേഖരണത്തിനായി ESZ-ൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തിയിരുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ഈ വിഷയം സംബന്ധിച്ച് ചേർന്ന ഓൺലൈൻ യോഗത്തിൽ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ (KSREC) ലഭ്യമാക്കിയ കരട് പഠന റിപ്പോർട്ട് വിശദമായി പരിശോധിക്കുകയും തുടർന്ന് പൊതുജനാഭിപ്രായംകൂടി

കണക്കിലെടുത്തുകൊണ്ട് ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്കുപുറമെ ഭൗതിക സ്ഥലപരിശോധന കൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ആയതിനായി 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.424/2022/വനം പ്രകാരം ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ ചെയർമാനായ ഒരു വിദഗ്ധ സമിതിയും സാങ്കേതിക വിദഗ്ധരുടെ സമിതിയും രൂപീകരിച്ചു.

വിദഗ്ധ സമിതിയുടെ ഭൗതിക സ്ഥലപരിശോധന അവസാനഘട്ടത്തിലാണ്. പൊതുജന പങ്കാളിത്തത്തോടെ ജനവാസ മേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികളാണ് വിദഗ്ധ സമിതി സ്വീകരിച്ചുവരുന്നത്. ഇതുസംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികൾ/വിവരങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച് പരാതികളുണ്ടെങ്കിൽ ആയത് നിർദ്ദിഷ്ട പ്രൊഫോർമയിൽ ഇ-മെയിൽ മുഖേനയും വനം വകുപ്പ് ജോയിന്റ് സെക്രട്ടറിക്ക് തപാൽ മാർഗ്ഗവും പഞ്ചായത്ത്/നഗരസഭാതലത്തിൽ ആരംഭിച്ച ഹെൽപ്പ് ഡെസ്കുകളിലും അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. ആയതിന് 2022

ഡിസംബർ 23 വരെയാണ് ആദ്യം സമയം അനുവദിച്ചിരുന്നത്. എന്നാൽ കൂടുതൽ ജനങ്ങൾക്ക് ഈ രേഖകൾ പരിശോധിക്കുന്നതിനും വിവരങ്ങൾ/പരാതികൾ സമർപ്പിക്കുന്നതിനുമുള്ള സാവകാശം ലഭിക്കുന്നതിനായി ടി വിവരങ്ങൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി 2023 ജനുവരി 7 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. ടി പരാതികൾ സ്വീകരിക്കുന്നതിനും തുടർനടപടികൾ കൈക്കൊള്ളുന്നതിനുമായി ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭാതലത്തിൽ ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തിച്ചിരുന്നു. റവന്യൂ വകുപ്പുമായും കൂടിയാലോചിച്ചാണ് ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഫീൽഡുതല വിലയിരുത്തലിനായി ജിയോ ടാഗിംഗ് നടത്തി മൊബൈൽ ആപ്പ് മുഖേന വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വനം വകുപ്പിൽനിന്നും നിയോഗിക്കപ്പെട്ടവർക്ക് ഓൺലൈനായി പരിശീലനം നൽകുകയും ജനങ്ങളിൽനിന്നും ലഭിച്ച എല്ലാ പരാതികളും പഞ്ചായത്ത് അടിസ്ഥാനത്തിൽ തരംതിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ദ്ധ സമിതി തുടർനടപടി സ്വീകരിച്ചിട്ടുണ്ട്.

വിദഗ്ദ്ധ സമിതിയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി

നേരിട്ടും ഓൺലൈനായും നാളിതുവരെ 13 യോഗങ്ങൾ ചേർന്നിട്ടുണ്ട്. ഈ വിഷയത്തിൽ ലഭിച്ച പരാതികളുടെ ബാഹുല്യം നിമിത്തം എല്ലാ പരാതികളും പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുവാൻ കൂടുതൽ സമയം ആവശ്യമായിവന്നു.

**പുതിയ വന്യജീവി സങ്കേതങ്ങൾ രൂപീകരിക്കാനുള്ള നടപടി**

25 (*235) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വന്യജീവി സങ്കേതങ്ങൾ രൂപീകരിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ; എങ്കിൽ നൽകുമോ?

സംസ്ഥാനത്ത് താഴെ പറയുന്ന വന്യജീവി സങ്കേതങ്ങൾ രൂപീകരിക്കാനുള്ള നടപടി ആരംഭിച്ചിരുന്നു. അവയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. സൈലന്റ് വാലി ദേശീയോദ്യാനത്തിന്റെ ബഫർ സോണിൽ പാലക്കാട്, മലപ്പുറം ജില്ലകളിലായി ഭവാനി വന്യജീവി സങ്കേതം രൂപീകരിക്കുന്നതിന് നടപടി ആരംഭിച്ചിരുന്നു.

സൈലന്റ് വാലി ദേശീയോദ്യാനത്തിന്റെ കരുതൽ മേഖലയുടെ പാരിസ്ഥിതിക പ്രാധാന്യം കണക്കിലെടുത്തുകൊണ്ടും വിശദമായ ചർച്ചയ്ക്കുശേഷവുമാണ് സൈലന്റ് വാലി ദേശീയോദ്യാനത്തിന്റെ 148 ച.കി.മീ. വരുന്ന കരുതൽ മേഖല വന്യജീവി സങ്കേതമായി പ്രഖ്യാപിക്കുന്നതിനുള്ള ശിപാർശ സംസ്ഥാന വന്യജീവി ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചത്. 30-11-2010-നുകൂടിയ സംസ്ഥാന വന്യജീവി ബോർഡ്, സൈലന്റ് വാലി ദേശീയോദ്യാനത്തിന്റെ കരുതൽ മേഖല വന്യജീവി സങ്കേതമായി പ്രഖ്യാപിക്കാനുള്ള ശിപാർശ അംഗീകരിക്കുകയും ബോർഡിന്റെ തീരുമാനപ്രകാരം സർക്കാരിന് ശിപാർശ സമർപ്പിക്കുകയും ചെയ്തു. സർക്കാർ ഇതിന് മറുപടിയായി പൊതുജനാഭിപ്രായം സ്വരൂപിക്കുന്നതിനും ആയതിനുശേഷം വീണ്ടും സ്റ്റേറ്റ് ബോർഡിൽ ടി വിഷയം അവതരിപ്പിക്കുന്നതിനും നിർദ്ദേശം നൽകി. ഇതനുസരിച്ച് മുക്കാലിയിൽവച്ച് 12-01-2011-ന് പൊതുജനാഭിപ്രായം സ്വരൂപിക്കുന്നതിനായി ശിൽപ്പശാല നടത്തിയിരുന്നു.

തുടർന്ന് മേൽ വിഷയം 12-11-2018-ൽ കൂടിയ ബോർഡിന്റെ യോഗത്തിൽ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നെങ്കിലും ഇതിന്മേലുള്ള തീരുമാനം വിശദമായ ചർച്ചകൾക്കായി അടുത്ത യോഗത്തിൽ തീരുമാനിക്കാനായി മാറ്റിവച്ചു. തുടർന്ന് 23-01-2020-നുകൂടിയ സംസ്ഥാന വന്യജീവി ബോർഡ് യോഗത്തിൽ പരിഗണനയ്ക്കായി സമർപ്പിക്കുകയും ബോർഡ് പ്രൊപ്പോസൽ അംഗീകരിക്കുകയും ചെയ്തു. എന്നാൽ വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും അതിർത്തികളിൽനിന്നും ഒരു കി.മീ. ചുറ്റളവിൽ നിർബന്ധമായും ഇക്കോ സെൻസിറ്റീവ് സോൺ ആയിരിക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ ഉത്തരവ് ജനങ്ങൾക്കിടയിൽ വ്യാപക പ്രതിഷേധമുണ്ടായ സാഹചര്യത്തിൽ ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ നിലവിലുള്ള കേസുകളിൽ തീരുമാനമുണ്ടാകുന്നതുവരെ പുതിയ വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും പ്രഖ്യാപനം നിർത്തിവയ്ക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

2. തിരുവനന്തപുരം, കൊല്ലം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന പൊൻമുടി (ശംഖിലി) വന്യജീവി സങ്കേതം രൂപീകരിക്കുന്നതിന് നടപടി ആരംഭിച്ചിരുന്നു. പൊൻമുടി വന്യജീവി സങ്കേതം രൂപീകരിക്കുന്നതിനുള്ള

നിർദ്ദേശം 23-01-2020-ൽ കൂടിയ സംസ്ഥാന വന്യജീവി ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ ഔദ്യോഗിക തീരുമാനം സ്വീകരിക്കുന്നതിനുമുമ്പായി തദ്ദേശവാസികളുമായി കൂടിയാലോചിച്ചെടുത്ത തീരുമാനം ബോർഡിന്റെ അടുത്ത യോഗത്തിൽ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട വാമനപുരം എം.എൽ.എ., ശ്രീ. ഡി. കെ. മുരളിയുടെ അദ്ധ്യക്ഷതയിൽ പൊതുജനങ്ങളുമായി 10-10-2020-ൽ പൊൻമുടിയിൽ വച്ച് യോഗം ചേരുകയും ടി വിഷയം ചർച്ച ചെയ്യുകയുമുണ്ടായി. പ്രസ്തുത യോഗത്തിൽ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, വന സംരക്ഷണ സമിതി അംഗങ്ങൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തിരുന്നു. 137 സ്ക്വയർ കി.മീ. വനപ്രദേശം വന്യജീവി സങ്കേതമായി പ്രഖ്യാപിക്കുന്നത് ആ പ്രദേശത്തെ ജൈവവൈവിധ്യത്തെ സംരക്ഷിക്കാൻ സഹായിക്കുമെന്നുള്ള പൊതുഅഭിപ്രായം പ്രസ്തുത യോഗത്തിൽ രൂപീകൃതമായി. 23-01-2020-ലെ ബോർഡ് യോഗതീരുമാനമനുസരിച്ച് പൊൻമുടി വന്യജീവി സങ്കേതം രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം വീണ്ടും സംസ്ഥാന വന്യജീവി ബോർഡ് മുമ്പാകെ സമർപ്പിക്കാൻ യോഗം തീരുമാനിച്ചു. നിർദ്ദിഷ്ട വന്യജീവി

സങ്കേതത്തിന് 'പൊൻമുടി' എന്ന പേര് നൽകുന്നത് പൊൻമുടിയിലുള്ള ടൂറിസം കേന്ദ്രവും ജനവാസമേഖലയും നിർദ്ദിഷ്ട വന്യജീവി സങ്കേതത്തിന്റെ ഭാഗമാണെന്നുള്ള തെറ്റിദ്ധാരണ പൊതുജനങ്ങളിൽ ഉണ്ടാക്കുമെന്നതിനാൽ പൊൻമുടി വന്യജീവി സങ്കേതത്തിന് 'ശംഖിലി' വന്യജീവി സങ്കേതം എന്ന് പുനർനാമകരണം ചെയ്യുന്നതിനും ടി പ്രൊപ്പോസൽ സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുന്നതിനും 19-01-2023-ന് കൂടിയ സംസ്ഥാന വന്യജീവി ബോർഡിൽ ശിപാർശ സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത നിർദ്ദേശം ബോർഡ് മാറ്റിവയ്ക്കുകയാണ് ചെയ്തത്.

(ബി) സംസ്ഥാനത്ത് പുതിയ വനമേഖലകൾ സൃഷ്ടിക്കാനുള്ള തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിലെ ഏതൊക്കെ പഞ്ചായത്തുകളിലാണെന്ന് അവയുടെ വിസ്തൃതി ഉൾപ്പെടെ വ്യക്തമാക്കാമോ?

സംസ്ഥാനത്താകമാനം വിവിധ പ്രദേശങ്ങളിലായി സർക്കാരിന്റെയും വനം വകുപ്പിന്റെയും ഉടമസ്ഥതയിലും സംരക്ഷണയിലുമുള്ള 3545.6362 ഹെക്ടർ വനസാദൃശ്യമുള്ള ഭൂമി പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനായി കേരള വന നിയമം സെക്ഷൻ 4 പ്രകാരം പ്രൊപ്പോസ്ഡ് റിസർവ് വനമായി വിജ്ഞാപനം ചെയ്യുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയവയുടെ ജില്ല തിരിച്ചും പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തിരിച്ചും, വിസ്തൃതി എന്നിവയുടെ വിവരങ്ങളും അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) കഴിഞ്ഞ പത്ത് വർഷത്തിൽ സംസ്ഥാനത്തെ വനവിസ്തൃതിയിൽ ഉണ്ടായിട്ടുള്ള വർദ്ധനവിന്റെ വിശദാംശം ലഭ്യമാണോ; എങ്കിൽ നൽകുമോ; പരിഹാര വനവൽക്കരണത്തിന്റെ ഭാഗമായി ഉണ്ടായ വർദ്ധനവ് എത്രയാണെന്ന് അറിയിക്കാമോ?

വനഭൂമി വനേതര ആവശ്യങ്ങൾക്കായി വിട്ടുകൊടുക്കുന്നതിന് പകരമായാണ് പരിഹാര വനവത്കരണം നടത്തുന്നത്. ആയതിനാൽ പരിഹാര വനവത്കരണത്തിന്റെ ഫലമായി കഴിഞ്ഞ 10 വർഷത്തിനുള്ളിൽ വന വിസ്തൃതിയിൽ വർദ്ധനയുണ്ടായിട്ടില്ല.

(ഡി) 2022 ജൂൺ 3-ലെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംരക്ഷിത വനമേഖലയ്ക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ ബഫർസോൺ നടപ്പാക്കിയാൽ എത്ര ഏക്കർ കൃഷി ഭൂമി വനമായി മാറുമെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജൂൺ 3-ലെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംരക്ഷിത വനമേഖലയ്ക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പാരിസ്ഥിതിക സംവേദക മേഖല അഥവാ ഇക്കോ സെൻസിറ്റീവ് സോൺ നടപ്പാക്കിയാൽ കൃഷി ഭൂമി വനമായി ഒരിക്കലും മാറുകയില്ല. 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമം, 3-ാം വകുപ്പുപ്രകാരവും പരിസ്ഥിതി സംരക്ഷണ ചട്ടങ്ങളിലെ 5 (1) പ്രകാരവും കേന്ദ്ര സർക്കാർ വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ചുറ്റും പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിനായി വിജ്ഞാപനം ചെയ്യുന്ന പ്രദേശമാണ് പാരിസ്ഥിതിക സംവേദക മേഖല അഥവ ഇക്കോ സെൻസിറ്റീവ് സോൺ (ESZ). സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതുകൊണ്ട് കൃഷിഭൂമി വനമായി മാറുന്ന സാഹചര്യമുണ്ടാകില്ല. പാരിസ്ഥിക സംവേദക മേഖല സംരക്ഷിത പ്രദേശങ്ങൾക്ക് സുരക്ഷാ കവചമായി പ്രവർത്തിക്കുമെന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം.

പരിസ്ഥിതി മലിനീകരണം, പാരിസ്ഥിതികാഘാതം എന്നിവയിൽനിന്ന് വന്യജീവി സങ്കേതങ്ങൾക്ക് സംരക്ഷണം നൽകാൻ കഴിയുന്നുവെന്നതിന് പുറമെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാനും

കഴിയുന്നുവെന്നതാണ് പാരിസ്ഥിതിക സംവേദക മേഖല രൂപീകരിക്കുന്നതുകൊണ്ടുള്ള പ്രധാന നേട്ടങ്ങൾ. ശുദ്ധവായു, ശുദ്ധജലം എന്നിവയുടെ ലഭ്യത, പ്രകൃതി ദുരന്തങ്ങളിൽ നിന്നുള്ള മോചനം എന്നിവ പാരിസ്ഥിതിക സംവേദക മേഖല രൂപീകരിക്കുന്നതിന്റെ നേട്ടങ്ങളാണ്.

## വൻകിട ജലസേചന പദ്ധതികളുടെ പൂർത്തീകരണം

26 (*236) ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൻകിട ജലസേചന പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

മൂവാറ്റുപുഴ ജലസേചന പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കേണ്ടതിൽ വന്ന കാലതാമസവും ഫണ്ടിന്റെ ലഭ്യതക്കുറവും കാരണം പദ്ധതിക്ക് കാലതാമസം നേരിട്ടു. 2000-ൽ എ.ഐ.ബി.പി. പദ്ധതിയിൽപ്പെടുത്തി കേന്ദ്രസഹായം ലഭിച്ച് തുടങ്ങിയതിനുശേഷം പദ്ധതിയുടെ പൂർത്തീകരണം സുഗമമായി. നിലവിൽ

കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ 2, 3, 5, 6 എന്നീ റീച്ചുകളൊഴികെ ബാക്കി എല്ലാ കനാലുകളിലും ജലവിതരണം സാദ്ധ്യമാണ്. ഇടമലയാർ ജലസേചന പദ്ധതിയുടെ ലിങ്ക് കനാലും കാഞ്ഞൂർ തെക്കുംഭാഗം ബ്രാഞ്ച് കനാലുമാണ് പൂർത്തീകരിക്കാനായുള്ളത്. ഇതിൽ ലിങ്ക് കനാൽ പൂർത്തീകരിക്കുന്നതിനായുള്ള 127 കോടി രൂപയുടെ റിവൈസ്ഡ് ഡി.പി.ആർ. സർക്കാർ പരിശോധിച്ചുവരുന്നു. ഐ.ഐ.പി.-യുടെ ഏക ബ്രാഞ്ച് കനാലായ കാഞ്ഞൂർ തെക്കുംഭാഗം ബ്രാഞ്ച് കനാലിന്റെ വിഭാവനം ചെയ്ത ആയക്കട്ടിൽ കുറവ് വന്നതിനാൽ ഈ സ്കീം ഫീസിബിളല്ലെന്ന് മനസ്സിലായതിനെത്തുടർന്ന് ആൾട്ടർനേറ്റ് പ്രൊപ്പോസലിന്റെ 3.855 കോടി രൂപയുടെ ഡി.പി.ആർ. സർക്കാരിൽ ലഭ്യമായതും ആയത് പരിശോധിച്ച് വരികയുമാണ്. ഇടത്തരം പദ്ധതികളായ കാരാപ്പുഴ പദ്ധതിയും ബാണാസുരസാഗർ പദ്ധതിയും പൂർത്തീകരണം ലക്ഷ്യമിട്ട് പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) പദ്ധതികളുടെ പൂർത്തീകരണം ഇപ്രകാരം നീണ്ടുപോകുന്നതുകൊണ്ടും ഭൂവിനിയോഗരീതിയിലുണ്ടായ മാറ്റങ്ങൾ പരിഗണിച്ചുകൊണ്ടും ഇത്തരം പദ്ധതികൾ പുനഃക്രമീകരിക്കുവാനും

സമയബന്ധിതമായി പൂർത്തീകരിക്കുവാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ജിയോളജിക്കൽ സ്ലാറ്റകളിലെ മാറ്റം, ഡിസൈൻ മാറ്റം, പൊതുജനങ്ങളുടെ ആവശ്യങ്ങൾ എന്നിവ പരിഗണിച്ച് എസ്റ്റിമേറ്റ് പുതുക്കുകയും അഡീഷണൽ വർക്കുകൾ ചെയ്യേണ്ടതായും വന്നിട്ടുണ്ട്. ഭൂവിനിയോഗത്തിലുണ്ടായ മാറ്റങ്ങൾ പരിഗണിച്ച് പദ്ധതികൾ ക്രമീകരിച്ച് സമയബന്ധിതമായി പൂർത്തിയാക്കാനുള്ള ഉദ്ദേശ്യത്തോടുകൂടിയാണ് ഡി.പി.ആർ. വിഭാവനം ചെയ്തിട്ടുള്ളത്.

(സി) മൂവാറ്റുപുഴ വാലി, ഇടമലയാർ വാലി എന്നീ ജലസേചന പദ്ധതികളുടെ നിലവിലെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പദ്ധതികൾ വഴി ലക്ഷ്യമിടുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>മൂവാറ്റുപുഴ ജലസേചന പദ്ധതി</u>: മൂവാറ്റുപുഴ പദ്ധതിയുടെ മെയിൻ കനാലിന്റെയും ബ്രാഞ്ച് കനാലിന്റെയും 100 ശതമാനം പണികളും ഡിസ്ട്രിബ്യൂട്ടറിയുടെ 96.3 ശതമാനം പണികളും പൂർത്തീകരിച്ചിട്ടുണ്ട്. മൂവാറ്റുപുഴ പദ്ധതി വഴി എറണാകുളം, ഇടുക്കി, കോട്ടയം ജില്ലകളിലായി 35745 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുന്നതിനും അതുവഴി കൃഷിയുടെ വികസനത്തിനും സഹായകമാകുന്നു. കനാൽ ബണ്ട് റോഡുകൾ

ജനങ്ങളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കുടിവെള്ളത്തിന്റെ ദൗർലഭ്യം ഇല്ലാതാക്കാനും കനാൽ ജലംകൊണ്ട് സാധിച്ചിട്ടുണ്ട്.

ഇടമലയാർ ജലസേചന പദ്ധതി: പുതിയ ഡി.പി.ആർ.-ന് അനുമതി ലഭിക്കുന്ന മുറയ്ക്ക് ഇടമലയാർ പ്രോജക്ടിന്റെ ലിങ്ക് കനാൽ പൂർത്തീകരിക്കാനും അതുവഴി രൂക്ഷമായ ജലദൗർലഭ്യം അനുഭവപ്പെടുന്ന ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിൽ ഇപ്പോഴുള്ള ആയക്കട്ട് സ്റ്റെബിലൈസ് ചെയ്യാനും 2565 ഹെക്ടർ ആയക്കട്ട് കൈവരിക്കുവാനും സാധിക്കുന്നതാണ്.

## നഗരപ്രദേശങ്ങളിൽ കുടിവെള്ള ലഭ്യത കാര്യക്ഷമമാക്കുന്നതിന് നടപടി

27 (*237) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എ. സി. മൊയ്തീൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരപ്രദേശങ്ങളിലെ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയാണ് അടൽ മിഷൻ ഫോർ റിജ്യുവിനേഷൻ ആൻഡ് അർബൻ ട്രാൻസ്ഫർമേഷൻ (അമൃത്). 2015-ൽ ആരംഭിച്ച അമൃത് ഒന്നാം ഘട്ടത്തിൽ ജലവിതരണം, സ്വീവേജ് & സെപ്റ്റേജ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് എന്നീ 5 സെക്ടറുകളിലായി 2357.69 കോടി രൂപ അനുവദിച്ചിരുന്നു. കേരളത്തിലെ 6 കോർപ്പറേഷനുകളും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് മുനിസിപ്പാലിറ്റികളിലുമാണ് പദ്ധതി നടപ്പാക്കിവരുന്നത്. അമൃത് 1.0 പദ്ധതിയിലുൾപ്പെടുത്തി 1170.698 കോടി രൂപയുടെ 175 ജലവിതരണ പദ്ധതികൾക്ക് ഭരണാനുമതി നൽകി. ഇതിൽ 794.09 കോടി രൂപയുടെ 159 ജലവിതരണ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 16 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. വിശദവിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

2026-ഓടെ രാജ്യത്തെ അംഗീകൃത നഗരങ്ങളിലെ എല്ലാ വീടുകളിലും പൈപ്പിലൂടെ കുടിവെള്ളമെത്തിക്കുന്നതിന് ആവിഷ്കരിച്ച കേന്ദ്രാവിഷ്കൃത

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയാണ് അമൃത് 2.0. അമൃത് 2.0-ന്റെ ഭാഗമായി കേരളത്തിലെ 93 നഗരങ്ങൾക്കായി ഏകദേശം 3500 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഇതിൽ കുടിവെള്ള മേഖലയ്ക്കായി 1713.4 കോടി രൂപയും (കേന്ദ്ര വിഹിതം-736.10 കോടി), മലിനജല സംസ്കരണത്തിനായി 902.16 കോടി രൂപയും ബാക്കി തുക ജലാശയങ്ങളുടെ നവീകരണം, പാർക്ക് തുടങ്ങിയവയ്ക്കാണ് അനുവദിച്ചിരിക്കുന്നത്. ഇതുകൂടാതെ 84 അമൃത് ഇതര നഗരങ്ങൾക്കായി 100 കോടി രൂപയും (കേന്ദ്ര വിഹിതം-50 കോടി) 9 അമൃത് നഗരങ്ങൾക്കായി 636.16 കോടി രൂപയും (കേന്ദ്ര വിഹിതം-212.39 കോടി) കുടിവെള്ള മേഖലയ്ക്കായി ഫ്ലോട്ടിംഗ് ഇൻസെന്റീവ് ഫണ്ടായും അനുവദിച്ചിട്ടുണ്ട്.

അമൃത് 2.0-ന്റെ ഭാഗമായി കേരളത്തിലെ 9 അമൃത്-1 നഗരങ്ങൾ ഉൾപ്പെടെ 81 നഗരങ്ങളിലേയ്ക്കുള്ള കുടിവെള്ള പദ്ധതിക്കായി 1828.65 കോടി രൂപയുടെ പ്രൊപ്പോസലാണ് Tranche 1 സമർപ്പിച്ചത്. ഇതിൽ ആദ്യഘട്ടം എന്ന നിലയിൽ 616.829 കോടി രൂപയുടെ 77 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു. 04-01-2023-ൽ കൂടിയ കേന്ദ്ര സർക്കാർതല അപെക്സ് കമ്മിറ്റി Tranche 2-ൽ 184.5017 കോടി രൂപയുടെ 10 പദ്ധതികൾക്ക് അംഗീകാരം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിയിട്ടുണ്ട്. അമൃത് 2.0 പദ്ധതിയുടെ ഭാഗമായി കേരള വാട്ടർ അതോറിറ്റി വിവിധ മുനിസിപ്പാലിറ്റികൾക്കായി സമർപ്പിച്ച പദ്ധതികളുടെ വിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) സംസ്ഥാനത്തെ ഏതെല്ലാം നഗരങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്?

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ നഗരങ്ങളെയാണ് അമൃത് 1.0 പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അമൃത് 2.0-ന്റെ ഭാഗമായി കേരളത്തിലെ 9 അമൃത്-1 നഗരങ്ങൾ ഉൾപ്പെടെ 93 നഗരങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) അമൃത് ഒന്നാംഘട്ട പദ്ധതിയുടെ ഭാഗമായി ഏതെല്ലാം നഗരങ്ങളിലെ കുടിവെള്ള ലഭ്യത കാര്യക്ഷമമാക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ?

അമൃത് ഒന്നാം ഘട്ട പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ നഗരങ്ങളിലെ കുടിവെള്ള ലഭ്യത കാര്യക്ഷമമാക്കാൻ സാധിച്ചു. തിരുവനന്തപുരം ജില്ലയിൽ അരുവിക്കരയിലെ 75 MLD

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജല ശുദ്ധീകരണശാല, തൃശ്ശൂർ ജില്ലയിൽ പീച്ചിയിലെ 20 MLD ശേഷിയുള്ള ജല ശുദ്ധീകരണശാല, ഗുരുവായൂർ കോട്ടപ്പടിയിലെ 15 MLD ശേഷിയുള്ള ജല ശുദ്ധീകരണശാല, പാലക്കാട് ജില്ലയിലെ മലമ്പുഴയിലെ 45 MLD ശേഷിയുള്ള ശുദ്ധീകരണശാല എന്നീ പ്രവൃത്തികൾ അമൃത് 1.0 പദ്ധതിയിലൂടെ കേരള ജല അതോറിറ്റി പൂർത്തിയാക്കിക്കഴിഞ്ഞു. കൊല്ലം ജില്ലയിലെ വസൂരിച്ചിറയിലെ 100 MLD ശേഷിയുള്ള ശുദ്ധീകരണശാലയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ഡി) തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ സദാസമയവും കുടിവെള്ളം ലഭ്യമാക്കുന്നതിനായി പ്രത്യേക പദ്ധതി ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB) ധനസഹായത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സർവ്വീസസ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് (KUWSIP), തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ 24x7 ജലവിതരണ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിച്ചുള്ളതാണ്. പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി 07-02-2020-ലെ G.O. (Ms) No. 13/2020/WRD ഉത്തരവുപ്രകാരം നൽകിയിട്ടുണ്ട്. ADB-യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് പദ്ധതിയുടെ

ചെലവ് പങ്കിടുന്നത്. പദ്ധതിയുടെ കാലാവധി 10 വർഷമാണ്. ഒന്നാം ഘട്ടത്തിൽ കൊച്ചി നഗരത്തിലെ ജല വിതരണ ശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലെ ജലശുദ്ധീകരണ ശാലകളുടെ നവീകരണവുമാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്. തിരുവനന്തപുരം നഗരത്തിലെ ജലവിതരണ ശൃംഖലയുടെ നവീകരണവും ജീവനക്കാർക്കുള്ള പരിശീലനം, സ്ഥാപന ശാക്തീകരണ നടപടികൾ തുടങ്ങിയ പ്രവൃത്തികൾ രണ്ടാംഘട്ടത്തിൽ ഉൾക്കൊള്ളിക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്. കൊച്ചി കോർപ്പറേഷനിൽ ആദ്യഘട്ടമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കൊച്ചി നഗരത്തിലെ ജല വിതരണ ശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും പത്ത് വർഷത്തേയ്ക്കുള്ള ഓപ്പറേഷൻ & മെയിന്റനൻസ് (O&M) കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവൃത്തിയുടെ അടങ്കൽ തയ്യാറാക്കി. ഈ പ്രവൃത്തിക്കായുള്ള ദർഘാസ് 26-04-2023-ൽ തുറക്കുന്ന രീതിയിൽ ക്ഷണിച്ചിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത ഭവനം**

28 (*238) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:

ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത ഭവനമൊരുക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി വിവിധ പദ്ധതികളിലൂടെ ഇതുവരെ എത്ര വീടുകൾ നൽകാനായിട്ടുണ്ട് എന്നതിന്റെ കണക്ക് ലഭ്യമാണോ?

സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത ഭവനമൊരുക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കിയ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 3,561 പേരെ ഭവന നിർമ്മാണ ധനസഹായത്തിന് പരിഗണിച്ചതിൽ 3,041 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഭൂരഹിതരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 1854 പേരെ പുനരധിവസിപ്പിക്കുന്നതിന് പരിഗണിച്ചതിൽ 1431 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും 1219 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു.

2017-18 മുതൽ ഫിഷറീസ് വകുപ്പ് മുഖേന ഭവന നിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നില്ല. തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതിയായ പുനർഗേഹം പദ്ധതിയാണ് നിലവിൽ ഫിഷറീസ് വകുപ്പ് നടപ്പാക്കിവരുന്നത്.

അർഹരായ എല്ലാവർക്കും സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ലൈഫ് മിഷൻ പദ്ധതി മുഖേനയാണ് മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗം ജനങ്ങൾക്കും ഭവന പദ്ധതി നിലവിൽ നടപ്പാക്കി വരുന്നത്. സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട 5,985 ഗുണഭോക്താക്കൾ ലൈഫ് ഭവന പദ്ധതിപ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്തും 3,650 ഗുണഭോക്താക്കൾ ഈ സർക്കാരിന്റെ കാലത്തും ഇതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായം ലഭ്യമാക്കുന്നതിന് 15-11-2022-ലെ സ.ഉ.(സാധാ) 2806/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 22-02-2023 വരെ ടി വിഭാഗത്തിൽപ്പെട്ട 1,504

ഗുണഭോക്താക്കൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ മുഴുവൻ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പുനർഗേഹം പദ്ധതിപ്രകാരം സുരക്ഷിത മേഖലയിലേയ്ക്ക് മാറി താമസിക്കാൻ സന്നദ്ധരായ 8743 കുടുംബങ്ങളിൽ 2358 കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിച്ചിട്ടുണ്ട്. ആയതിൽ 1968 കുടുംബങ്ങളെ വ്യക്തിഗത ഭവനങ്ങളിലേയ്ക്കും 390 കുടുംബങ്ങളെ ഫ്ലാറ്റുകളിലേയ്ക്കുമാണ് പുനരധിവസിപ്പിച്ചിട്ടുള്ളത്. നിലവിൽ 644 ഫ്ലാറ്റുകളുടെ നിർമ്മാണം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി പുരോഗമിക്കുന്നു. 540 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുള്ളതും ഉടൻ നിർമ്മാണം ആരംഭിക്കുന്നതുമാണ്. ഇത്തരത്തിൽ 5504 കുടുംബങ്ങൾക്ക് പുനരധിവാസം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. 168 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് ഭൂമി ലഭ്യമായിട്ടുള്ളതും ഭരണാനുമതിക്കായി നടപടി സ്വീകരിച്ചുവരികയുമാണ്. 24 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള

ഭൂമി ഫിഷറീസ് വകുപ്പിന് കൈമാറുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**(ബി) സംസ്ഥാനത്തെ തീരദേശ മേഖലയിലുള്ളവരുടെ വാസം സുരക്ഷിതമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പുനർഗേഹം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ?**

2018-ൽ നടത്തിയ സർവ്വേപ്രകാരം കണ്ടെത്തിയ മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള 18,685 കുടുംബങ്ങളിൽ മാറി താമസിക്കുവാൻ സന്നദ്ധത അറിയിച്ചിട്ടുള്ളത് 8,743 കുടുംബങ്ങളാണ്. ആയതിൽ 1,968 കുടുംബങ്ങളെ വ്യക്തിഗത ഭവനങ്ങളിലേയ്ക്കും 390 കുടുംബങ്ങളെ ഫ്ലാറ്റുകളിലേയ്ക്കും പുനരധിവസിപ്പിച്ചുകഴിഞ്ഞു. 644 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. 540 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുള്ളതും ഉടൻ നിർമ്മാണം ആരംഭിക്കുന്നതുമാണ്. 168 ഫ്ലാറ്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ലഭ്യമാക്കി ഭരണാനുമതിക്കായി നടപടി സ്വീകരിച്ചുവരുന്നു. 24 ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിന് സ്ഥലം ഫിഷറീസ് വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മാറി താമസിക്കാൻ

സന്നദ്ധരായ ഗുണഭോക്താക്കൾക്കായി വ്യക്തിഗത ഭവന നിർമ്മാണത്തിനുപുറമെ ഭവനസമുച്ചയ നിർമ്മാണത്തിനായും ഭൂമി കണ്ടെത്തുന്നതിനുള്ള ഊർജ്ജിത ശ്രമങ്ങൾ നടന്നുവരുന്നു. ഇത്തരത്തിൽ ഭവനസമുച്ചയ നിർമ്മാണത്തിനായി 20 ഏക്കറോളം ഭൂമി കണ്ടെത്തി അർത്ഥനാ പത്രം സമർപ്പിച്ചിട്ടുള്ളതാണ്.

(സി) സർവ്വേയുടെ അടിസ്ഥാനത്തിൽ മാറ്റി പാർപ്പിക്കേണ്ടതായി കണ്ടെത്തിയ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ എത്രയെന്നും അതിൽ എത്ര കുടുംബങ്ങൾ മാറിത്താമസിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

സർവ്വേപ്രകാരം മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ 18685 കുടുംബങ്ങൾ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ആയതിൽ മാറി താമസിക്കാൻ സന്നദ്ധത അറിയിച്ചിട്ടുള്ളത് 8743 കുടുംബങ്ങളാണ്.

**മണ്ഡലകാല തീർത്ഥാടനത്തിനായി നടത്തിയ മുന്നൊരുക്കങ്ങൾ**

29 (*239) ശ്രീ. ആന്റണി ജോൺ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ഡി. കെ. മുരളി:

ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മണ്ഡലകാല തീർത്ഥാടനം കുറ്റമറ്റതും പരാതിരഹിതവുമാക്കി മാറ്റുന്നതിന് ശബരിമലയിൽ എന്തെല്ലാം മുന്നൊരുക്കങ്ങളാണ് നടത്തിയത്; വിശദാംശം നൽകാമോ?

കോവിഡിനുശേഷമുള്ള ശബരിമല തീർത്ഥാടന കാലം എന്ന നിലയിൽ വൻ ഭക്തജന തിരക്ക് ഉണ്ടാകുമെന്നത് മുന്നിൽ കണ്ട് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനായി കാലേക്കൂട്ടി നടപടികൾ സ്വീകരിച്ചിരുന്നു. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡ് കൈക്കൊള്ളേണ്ടതായ മുന്നൊരുക്കങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബോർഡ് പ്രസിഡന്റ്, അംഗങ്ങൾ, ബോർഡിലെ ഉന്നത ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ച് 13-09-2022-ന് യോഗം ചേർന്ന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. തുടർന്ന് 14-09-2022-ന് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും

ബഹുമാന്യരായ റവന്യൂ വകുപ്പുമന്ത്രി, ആരോഗ്യ വകുപ്പുമന്ത്രി, ജലവിഭവ വകുപ്പുമന്ത്രി, ഗതാഗത വകുപ്പുമന്ത്രി, വനം വകുപ്പുമന്ത്രി, ബന്ധപ്പെട്ട എം.പി., എം.എൽ.എ.-മാർ എന്നിവരുടെ സാന്നിധ്യത്തിലും വിവിധ സർക്കാർ വകുപ്പ് മേധാവികളുടെ യോഗം ചേർന്ന് മുന്നൊരുക്കങ്ങൾ അവലോകനം ചെയ്തിരുന്നു. മേൽപ്പറഞ്ഞ യോഗങ്ങളിൽ കൈക്കൊണ്ട തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തുന്നതിനായി 17-10-2022-ന് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പമ്പയിൽ യോഗം ചേരുകയുണ്ടായി. തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ 18-10-2022-ന് എല്ലാ വകുപ്പുകളുടെയും യോഗം വിളിക്കുകയും മുന്നൊരുക്കങ്ങൾ വിലയിരുത്തുകയും ചെയ്തു. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ എൻഡോവ്മെന്റ് വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും യോഗം 02-11-2022-ന് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി വിളിച്ച് ചേർത്തിരുന്നു. തുടർന്ന് പുനലൂർ, ചെങ്ങന്നൂർ, പന്തളം എന്നീ ഇടത്താവളങ്ങളിലെ മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി ടി സ്ഥലങ്ങളിൽ വച്ച് 10-11-2022-ന് യോഗം ചേരുകയുണ്ടായി. മേൽപ്പറഞ്ഞ അവലോകന യോഗങ്ങൾ കൂടാതെ മറ്റ് വകുപ്പുകൾ കൈകാര്യം ചെയ്യുന്ന മന്ത്രിമാരും ശബരിമലയുമായി ബന്ധപ്പെട്ട്

അവലോകന യോഗങ്ങൾ വിളിക്കുകയും തങ്ങളുടെ വകുപ്പുകളുടെ മുന്നൊരുക്കങ്ങൾ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. വകുപ്പ് മേധാവികളുടെയും ജില്ലാ കളക്ടർമാരുടെയും നേതൃത്വത്തിലും മറ്റ് അനേകം യോഗങ്ങൾ നടക്കുകയുണ്ടായി.

ഇക്കഴിഞ്ഞ ശബരിമല തീർത്ഥാടന കാലത്ത് ഭക്തർക്ക് സുഗമമായ തീർത്ഥാടനം സാദ്ധ്യമാക്കുന്നതിലേയ്ക്കായി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് മികച്ച നിലയിൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

ഇക്കഴിഞ്ഞ ശബരിമല മണ്ഡല മകരവിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് സന്നിധാനം, പമ്പ, നിലക്കൽ എന്നിവിടങ്ങളിലെ വിവിധ വകുപ്പുകളുടെ ഏകോപനത്തിനും ശുചീകരണ പ്രവർത്തനങ്ങളും സ്ക്വാഡ് പ്രവർത്തനങ്ങളും ദുരന്തനിവാരണ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനുമായി ഐ.എ.എസ്. കേഡറിലുള്ള ഒരു ഉദ്യോഗസ്ഥനെ ശബരിമല അഡീഷണൽ ജില്ലാ മജിസ്ട്രേറ്റായി സർക്കാർ നിയമിച്ചിരുന്നു. ഇക്കഴിഞ്ഞ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് മികച്ച രീതിയിൽ ക്രമീകരണങ്ങളൊരുക്കുന്നതിന് സാധിച്ചിട്ടുണ്ട്. പോലീസ് വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, പത്തനംതിട്ട, ഇടുക്കി, കോട്ടയം, ആലപ്പുഴ ജില്ലാ ഭരണകൂടങ്ങൾ, വനം വകുപ്പ്, വാട്ടർ അതോറിറ്റി, ഇറിഗേഷൻ വകുപ്പ്, കെ.എസ്.ആർ.ടി.സി., ആരോഗ്യ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, കെ.എസ്.ഇ.ബി.എൽ., ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ്, എക്സൈസ്, റെയിൽവേ, ഫുഡ് സേഫ്റ്റി തുടങ്ങിയ വകുപ്പുകളുടെ സഹായത്തോടെ തിരക്ക് നിയന്ത്രണം, ക്രമസമാധാന പാലനം, മാലിന്യ നിർമ്മാർജ്ജനം, ദുരന്ത നിവാരണം, കാനനപാത സജ്ജീകരിക്കുന്നതിനുള്ള നടപടികൾ, ശുദ്ധജല ലഭ്യത, ലഹരി നിരോധനം, ഭക്ഷ്യസുരക്ഷ, ആരോഗ്യ പരിപാലനം, ഗതാഗത സൗകര്യങ്ങൾ മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നു. തിരക്ക് കുറയ്ക്കുന്നതിനായി വെർച്വൽ ക്യൂവിൽ നിയന്ത്രണം ഏർപ്പെടുത്തിയതും സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക ക്യൂ സംവിധാനം ഏർപ്പെടുത്തിയതും ക്യൂവിൽ നിൽക്കുന്നവർക്ക് ലഘുഭക്ഷണവും കുടിവെള്ളവും നൽകിയതും ഭക്തർക്ക് ഏറെ ആശ്വാസകരമായി. വിവിധ വകുപ്പുകളിൽനിന്നും ഏകദേശം 9,58,40,000/-

രൂപയുടെ ധനസഹായം ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തിയ തീർത്ഥാടകർക്ക് സൗകര്യമൊരുക്കുന്നതിനായി പ്രത്യേക മുന്നൊരുക്കങ്ങൾ നടത്തിയിരുന്നോ; വിശദമാക്കാമോ?

ശബരിമലയിലേയ്ക്ക് മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും തീർത്ഥാടകർ ധാരാളമായി എത്തിച്ചേരുമെന്നതിനാൽ ശബരിമലയിൽ സ്വീകരിച്ചിരിക്കുന്ന ക്രമീകരണങ്ങൾ സംബന്ധിച്ച് ടി സംസ്ഥാനങ്ങളെ അറിയിക്കുന്നതിനും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആവശ്യങ്ങളും പരിഗണിക്കുന്നതിനുമായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ എൻഡോവ്മെന്റ് വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും യോഗം 02-11-2022-ന് ബ<u>ഹു</u>. ദേവസ്വം വകുപ്പുമന്ത്രി വിളിച്ച് ചേർത്തിരുന്നു. ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തിയ തീർത്ഥാടകർക്കുവേണ്ടി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ അൻപതോളം ഇടത്താവളങ്ങൾ സജ്ജമാക്കിയിരുന്നു. ഇടത്താവളങ്ങളിൽ പ്രവർത്തിച്ചിരുന്ന ഇൻഫർമേഷൻ സെന്റർ, വെർച്വൽ ക്യൂ ബുക്കിംഗ് സെന്റർ

എന്നിവിടങ്ങളിൽ വിവിധ ഭാഷകൾ കൈകാര്യം ചെയ്യാൻ പ്രാവീണ്യമുള്ളവരെ നിയമിച്ചിരുന്നു. ഭക്തർക്കായി ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷൻ, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് എന്നിവിടങ്ങളിലായി ഇൻഫർമേഷൻ കൗണ്ടറുകൾ ഒരുക്കിയിരുന്നു. ഇംഗ്ലീഷ്, തമിഴ്, കന്നട, തെലുഗു ഭാഷകളിലായി ശബരിമല സന്ദർശനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ e-leaflet-കളും വീഡിയോകളും പ്രസിദ്ധീകരിക്കുകയും ഇതുസംബന്ധിച്ച അറിയിപ്പ് നൽകുകയും ചെയ്തു. കൂടാതെ ഇതര സംസ്ഥാന തീർത്ഥാടകർ എത്തിച്ചേരുന്ന ഇടങ്ങളിൽ വിവിധ ഭാഷകളിലുള്ള സൂചനാ ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തുകൊണ്ട് മുന്നൊരുക്കങ്ങൾ നടത്തിയിരുന്നു.

(ഡി) മികച്ച രീതിയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി പവിത്രം ശബരിമല എന്ന ശുചീകരണ പദ്ധതി എത്രത്തോളം പ്രയോജനം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ പവിത്രം ശബരിമല എന്ന പേരിൽ നടത്തിയ ശുചീകരണ പദ്ധതി വിജയകരമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. എല്ലാ ദിവസവും രാവിലെ 9 മണി മുതൽ 10 മണി വരെ ഒരു മണിക്കൂർ സമയത്തേയ്ക്ക് ദേവസ്വം

ജീവനക്കാർ, ഇതര വകുപ്പ് ജീവനക്കാർ, വിവിധ സംഘടനകൾ, ഭക്തജനങ്ങൾ, ഉപദേശകസമിതി അംഗങ്ങൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടാണ് പവിത്രം ശബരിമല ശുചീകരണ പരിപാടി നടത്തിയിട്ടുള്ളത്. ടി പദ്ധതി ശബരിമല, പമ്പ, നിലയ്ക്കൽ പ്രദേശങ്ങളിലും കൂടാതെ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ഇടത്താവളങ്ങളായ എരുമേലി, വൈക്കം, ഏറ്റുമാനൂർ തുടങ്ങിയ പ്രമുഖ ക്ഷേത്രങ്ങളിലും മറ്റ് സ്ഥലങ്ങളിലും നടപ്പാക്കിയിട്ടുണ്ട്.

## സമുദ്ര മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

30 (*240) ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സമുദ്ര മത്സ്യബന്ധനത്തിലെ അശാസ്ത്രീയ രീതികൾ തടഞ്ഞുകൊണ്ടും ശാസ്ത്രീയ മത്സ്യബന്ധന രീതികളിൽ മത്സ്യത്തൊഴിലാളികളെ പ്രാവീണ്യരാക്കിക്കൊണ്ടും സമുദ്ര മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും സമുദ്ര മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന തരത്തിൽ കെ.എം.എഫ്.ആർ. ആക്ട്-ഉം റൂളും കാലോചിതമായി പരിഷ്കരിക്കുകയും കാര്യക്ഷമമായി നടപ്പാക്കുകയും ചെയ്തുവരുന്നു. വിവിധ മത്സ്യവർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.-ക്ക് മുകളിൽ ഇന്ധന ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. നശീകരണ മൽസ്യബന്ധന രീതികളായ പേഴ്സ്സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, പെയർ ട്രോൾ എന്നിവ നിരോധിച്ചു. നിയമലംഘനങ്ങൾക്ക് വർദ്ധിച്ച പിഴ ഏർപ്പെടുത്തി. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യത്തീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ

ശോഷണത്തിന് കാരണമാകുന്നുവെന്ന് മനസ്സിലാക്കി കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം ഇറക്കുകയും ആയത് നടപ്പാക്കുകയും ചെയ്തുവരുന്നു. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു.

അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനായി ചെറുമത്സ്യങ്ങളുടെയും മത്സ്യസമ്പത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് മത്സ്യത്തൊഴിലാളികളെ ബോധവത്കരിക്കാൻ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾക്ക് രൂപം നൽകിയിട്ടുണ്ട്. മത്സ്യ വകുപ്പിന്റെ നേതൃത്വത്തിൽ കേന്ദ്ര-സംസ്ഥാന ഗവേഷണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ശാസ്ത്രീയവും സുരക്ഷയിലൂന്നിയതും സാമ്പത്തിക മെച്ചം ലഭിക്കുന്നതും ഉത്പന്നത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതുമായ സാങ്കേതിക പരിശീലന പരിപാടികൾ നിരന്തരമായി നടത്തിവരുന്നു.

(ബി) കേരളവും നോർവെയും തമ്മിൽ സഹകരണത്തിന് ധാരണയായിട്ടുള്ള കടൽ മത്സ്യബന്ധനത്തിലെ നൂതന രീതികളും സാങ്കേതിക മികവുകളും സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് സ്വായത്തമാക്കാൻ ഉതകുമോയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് കടൽ മത്സ്യബന്ധന രംഗത്തെ ഗവേഷണ, വികസന സാധ്യതകൾക്ക് കുഫോസുമായി സഹകരിക്കാൻ നോർവേ തയ്യാറായിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ബി&സി) നോർവേ ആസ്ഥാനമായി പ്രവർത്തിക്കുന്ന നോർവീജിയൻ ഫുഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (NOFIMA), നോർവീജിയൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി (NTNU), നോർഡ് യൂണിവേഴ്സിറ്റി, നോർവീജിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മറൈൻ റിസർച്ച് (IMR), നാൻസെൻ എൻവയോൺമെന്റൽ ആൻഡ് റിമോട്ട് സെൻസിംഗ് സെന്റർ (NERSC) തുടങ്ങിയ പ്രധാനപ്പെട്ട വിദ്യാഭ്യാസ-ഗവേഷണ സ്ഥാപനങ്ങളെല്ലാംതന്നെ കേരളത്തിലെ സമുദ്ര മത്സ്യകൃഷി/മത്സ്യബന്ധന മേഖലയ്ക്കാവശ്യമായ സാങ്കേതിക ഉപദേശവും സഹായസഹകരണവും നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിനുള്ള ഏകോപനപ്രവർത്തനം നടത്തുന്നതിന് കുഫോസിലെ അക്വാകൾച്ചർ വകുപ്പ് മേധാവിയെ നോഡൽ ഓഫീസറായി നിയോഗിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കടൽ മത്സ്യബന്ധന രംഗത്തെ ഗവേഷണ വികസന സാധ്യതകൾക്ക് കുഫോസുമായി സഹകരിക്കാൻ നോർവേ തയ്യാറായിട്ടുണ്ട്. നേർവേയിൽ നിന്നുള്ള

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത സാങ്കേതിക വിദ്യയുടെ പിന്തുണയോടെ കേരളത്തിലെ യോജിച്ച പ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ സജീവ പങ്കാളിത്തത്തോടെ സമുദ്ര കൂട്ടുകൃഷി നടപ്പാക്കുന്നതിനായി 2023-24 വർഷത്തെ ബജറ്റിൽ 9 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സംഘവും നടത്തിയ നോർവേ സന്ദർശനത്തിനുശേഷം രൂപീകരിച്ച ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിന് ഒരു ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കുന്നതിനും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി 2023-24 വർഷത്തെ ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരമുള്ള ധനസഹായം

1(2670) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് മുഖേനയുള്ള ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ

പൂർത്തീകരിച്ചവർക്ക് ഒരു മാസത്തിലധികമായി പണം നൽകാൻ സാധിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭൂമി രജിസ്റ്റർ ചെയ്ത് കൊടുത്തവർക്ക് അവരുടെ കൈവശം ഉണ്ടായിരുന്ന ഭൂമി കൈവിട്ടുപോകുകയും എന്നാൽ അതിന്റെ വില കിട്ടാതിരിക്കുകയും ചെയ്യുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ?

ഗൗരവത്തോടെ കാണുന്നു.

(സി) ഇക്കാരണത്താൽ ബ്ലോക്കുതലത്തിലുള്ള പട്ടികജാതി വികസന ഓഫീസുകളിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം ഭൂമി രജിസ്റ്റർ ചെയ്ത് കൊടുത്തവർക്ക് തുക എന്നത്തേയ്ക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്നും ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

ഭൂമി രജിസ്റ്റർ ചെയ്ത് കൊടുത്തവർക്ക് തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ ഈ ഇനത്തിൽ തുക ബാക്കി നിൽക്കുന്ന സാഹചര്യത്തിൽ പ്രസ്തുത തുക കൃത്യമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഒറ്റപ്പാലം മണ്ഡലത്തിലെ ഭവന-ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ**

2(2672) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ സ്വന്തമായി വീട്, സ്ഥലം എന്നിവ ഇല്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരം തദ്ദേശസ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) അത്തരം കുടുംബങ്ങൾക്ക് വീട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പ്

ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായവും ഭൂരഹിത-ഭവനരഹിതർക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭൂമി ആർജ്ജിക്കുന്നതിനും ഭവനനിർമ്മാണത്തിനുമുള്ള ധനസഹായവും അനുവദിച്ചുവരുന്നു. കൂടാതെ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം ഭവനനിർമ്മാണത്തിനായി ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ചുവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ്

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം കണ്ടെത്തിയ ഭൂമി കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ ഭൂരഹിത-ഭവനരഹിതരായ 2 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചെങ്കിലും മാറി താമസിക്കാൻ അവർ തയ്യാറല്ലാത്തതിനാൽ ഇവർക്ക് സ്ഥലവും വീടും ലഭ്യമാക്കാൻ സാധിച്ചിട്ടില്ല.

**പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം**

3(2673) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട പട്ടികജാതി വിഭാഗക്കാരായ ഭൂരഹിത ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് വകുപ്പ് മുഖേന ധനസഹായം അനുവദിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ലൈഫ് മിഷന്റെ ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ട പട്ടികജാതി കുടുംബങ്ങളുടെ അർഹത പരിശോധിച്ച് പഞ്ചായത്ത് പ്രദേശത്ത് കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3.75 ലക്ഷം രൂപയും മുനിസിപ്പൽ പ്രദേശത്ത് കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4.5 ലക്ഷം രൂപയും കോർപ്പറേഷൻ പരിധിയിൽ കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപയും ധനസഹായം അനുവദിക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കിവരുന്നു.

(ബി) എങ്കിൽ പ്രസ്തുത പദ്ധതികൾക്കായി 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുക അനുവദിച്ചുവെന്നും എത്ര ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിക്കായി 2022-23 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച 180 കോടി രൂപയിൽ 115,01,20,118/- രൂപ (2023 ഫെബ്രുവരി 22 വരെ) ചെലവഴിച്ചിട്ടുണ്ട്.

(സി) മലപ്പുറം ജില്ലയിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ച എത്ര ഗുണഭോക്താക്കളുണ്ടെന്ന് ബ്ലോക്ക് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

വിശദവിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ഡി) മലപ്പുറം ജില്ലയിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതിക്കാരായ ഗുണഭോക്താക്കൾക്ക് ഭൂമി വിൽപ്പന നടത്തിയതിൽ എത്ര പേർക്ക് അതിന്റെ തുക നൽകാനുണ്ടെന്നും തുക നൽകാത്തതിന്റെ കാരണം എന്താണെന്നും വിശദമാക്കുമോ?

മലപ്പുറം ജില്ലയിൽ ഭൂരഹിത പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി ഭൂമി രജിസ്റ്റർ ചെയ്തിട്ടുള്ളതും തുക നൽകാനുണ്ടായിരുന്നതുമായ 34 പേർക്ക് തുക അനുവദിച്ചിട്ടുണ്ട്.

## ഗുരുവായൂർ മണ്ഡലത്തിലെ സേഫ് പദ്ധതി

4(2674) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ വിവിധ ഭവന പദ്ധതിപ്രകാരം ധനസഹായം ലഭിച്ചിട്ടും വീട് നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്ത

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി കുടുംബങ്ങളുടെ വിശദാംശം തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ നൽകുമോ;

(ബി) സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഗുരുവായൂർ മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കളുടെ വിശദാംശം നൽകുമോ?

(എ&ബി) വിവരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**ഭവനരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ**

5(2675) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഭവനരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിനായി എത്ര രൂപയാണ് നീക്കിവച്ചിട്ടുള്ളതെന്ന് വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ ഭവനനിർമ്മാണ പദ്ധതിക്ക് മാത്രമായി തുക വകയിരുത്തുന്നില്ല. ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം, ലൈഫ് മിഷൻ മുഖേനയുള്ള ഭവനനിർമ്മാണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നിവയ്ക്കായി ഒറ്റശീർഷകത്തിലാണ് തുക വകയിരുത്തുന്നത്. 2016-17 മുതൽ 2022-23 വരെ വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) ലൈഫ് ഭവന പദ്ധതി ആരംഭിച്ചത് മുതൽ നാളിതുവരെ ഭവനരഹിതർക്ക് വീട് നിർമ്മിച്ച് നൽകുന്നതിനായി പട്ടികജാതി വികസന വകുപ്പ് ലൈഫ് ഭവന പദ്ധതിയിലേയ്ക്ക് നൽകിയ തുക എത്രയെന്ന് അറിയിക്കുമോ; ഇതുസംബന്ധിച്ച വിശദവിവരം വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

ലൈഫ് ഭവനനിർമ്മാണ പദ്ധതിക്കായി പട്ടികജാതി വികസന വകുപ്പ് നാളിതുവരെ 884.30 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| **വർഷം** | **ലൈഫ് മിഷന് കൈമാറിയ തുക** |
|---|---|
| 2018-19 | 61.30 കോടി രൂപ |
| 2019-20 | 0 |
| 2020-21 | 245 കോടി രൂപ |
| 2021-22 | 278 കോടി രൂപ |
| 2022-23 | 300 കോടി രൂപ |
| **ആകെ** | **884.30 കോടി രൂപ** |

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വാമനപുരം മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടും സ്ഥലവും ലഭ്യമാക്കാൻ പദ്ധതി

6(2676) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്ത എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിശദാംശം നൽകുമോ?

വിവരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത വിഭാഗങ്ങൾക്ക് സ്ഥലവും വീടും ലഭിക്കാൻ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഭവനരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായവും ഭൂരഹിത-ഭവനരഹിതർക്ക് ഭൂമി ആർജ്ജിക്കുന്നതിനും ഭവന നിർമ്മാണത്തിനുമുള്ള ധനസഹായവും അനുവദിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടാതെ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന ഭൂരഹിത പുനരധിവാസ പദ്ധതിപ്രകാരം ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ചുവരുന്നു.

പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ആദിവാസി പുനരധിവാസ മിഷൻ മുഖേന ലാൻഡ് ബാങ്ക് പദ്ധതിയിൽ ഭൂമി വാങ്ങി നൽകുന്നു. ഇതുകൂടാതെ വനാവകാശ നിയമപ്രകാരം അർഹരായവരുടെ ഭൂമിക്ക് കൈവശരേഖയും നൽകുന്നു. ഭൂമി വിതരണം ചെയ്യുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ മിഷൻ മുഖേന വീടും അനുവദിച്ചുനൽകുന്നുണ്ട്.

(സി) അതിദരിദ്രരെ കണ്ടെത്താൻ സർക്കാർ നടത്തിയ സർവ്വേ പ്രകാരമുള്ള പട്ടികയിൽ മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങളുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

വിവരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## വട്ടച്ചിറ കോളനിയിലെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

7(2677) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ വട്ടച്ചിറ പട്ടികവർഗ്ഗ കോളനിയിലെ അന്തേവാസികൾക്ക് ഭവനനിർമ്മാണ പദ്ധതിപ്രകാരം എത്ര വീടുകൾ അനുവദിച്ചിട്ടുണ്ട്; അതിൽ പ്രവൃത്തി ആരംഭിച്ചതും പൂർത്തിയാക്കിയതും അവശേഷിക്കുന്നതുമായ വീടുകൾ എത്രയാണെന്ന് ഇനം തിരിച്ച് അറിയിക്കാമോ?

കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ വട്ടച്ചിറ പട്ടികവർഗ്ഗ കോളനിയിൽ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന 19 വീടുകൾ അനുവദിച്ചിരുന്നു. ആയതിൽ 12 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 7 വീടുകളുടെ നിർമ്മാണം നടന്നുവരികയാണ്.

(ബി) ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; എപ്പോൾ പൂർത്തിയാക്കുമെന്ന് അറിയിക്കാമോ?

വട്ടച്ചിറ പട്ടികവർഗ്ഗ കോളനിയിലെ ഭവനനിർമ്മാണ പദ്ധതിയുടെ നിർവ്വഹണ ഏജൻസി ജില്ലാ നിർമ്മിതി കേന്ദ്രമാണ്. 7 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് കോഴിക്കോട് ട്രൈബൽ

ഡെവലപ്മെന്റ് ഓഫീസർ ഏജൻസിയുമായി നിരന്തരം ബന്ധപ്പെട്ടിരുന്നെങ്കിലും നിർവ്വഹണ ഏജൻസി നിർമ്മാണം പൂർത്തീകരിക്കുന്നതിന് യാതൊരുവിധ നടപടികളും സ്വീകരിച്ചിരുന്നില്ല. ഗുണഭോക്താക്കൾ സ്വന്തം നിലയിൽ വീട് നിർമ്മിക്കാമെന്ന് അറിയിച്ച സാഹചര്യത്തിൽ ജില്ലാ നിർമ്മിതികേന്ദ്രത്തെ ഒഴിവാക്കി ഗുണഭോക്താക്കളെക്കൊണ്ട് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 7 വീടുകളുടെ നിർമ്മാണത്തിനായി നിർവ്വഹണ ഏജൻസിക്ക് അഡ്വാൻസായി നൽകിയ ആദ്യ ഗഡു തുകയിൽനിന്നും ചെയ്ത പ്രവൃത്തിയുടെ തുക കിഴിച്ച് ബാക്കി തുക തിരിച്ചടയ്ക്കാൻ തയ്യാറാണെന്ന് ജില്ലാ നിർമ്മിതി കേന്ദ്രം അറിയിച്ചിട്ടുണ്ട്.

**ലാൻഡ് ബാങ്ക് പദ്ധതിയിലുൾപ്പെടുത്തി ഭൂമി അനുവദിക്കാൻ നടപടി**

8(2678) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ ആര്യങ്കാവ് പഞ്ചായത്തിലെ അച്ചൻകോവിൽ, മുതലത്തോട് എന്നിവിടങ്ങളിൽ താമസിക്കുന്ന

പട്ടികവർഗ്ഗ മലപണ്ടാര കുടുംബങ്ങൾക്ക് ലാൻഡ് ബാങ്ക് പദ്ധതിയിലുൾപ്പെടുത്തി ഭൂമി അനുവദിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ?

ആര്യങ്കാവ് പഞ്ചായത്തിലെ അച്ചൻകോവിൽ, മുതലത്തോട് എന്നിവിടങ്ങളിലെ പട്ടികവർഗ്ഗ മലപണ്ടാര കുടുംബങ്ങൾ ഉൾപ്പെടെ കൊല്ലം ജില്ലയിലെ ഭൂരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ലാൻഡ് ബാങ്ക് പദ്ധതിയിലുൾപ്പെടുത്തി ഭൂമി അനുവദിക്കുന്നതിനായി ഭൂമി വിൽക്കാൻ തയ്യാറുള്ളവരിൽനിന്നും ഓഫറുകൾ സ്വീകരിക്കുന്നതിനായി ജില്ലയിലെ ഭൂവുടമകളിൽനിന്നും താൽപ്പര്യപത്രം ലഭ്യമാക്കി തുടർനടപടി സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി ആര്യങ്കാവ് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ച 3 ഭൂവുടമകളുടെ 2.809378 ഏക്കർ ഭൂമിയുടെ പഞ്ചായത്തുതല, ജില്ലാതല പരിശോധനാ നടപടികൾ പൂർത്തിയാക്കി ജില്ലാതല പർച്ചേസ് കമ്മിറ്റി വില നിശ്ചയിക്കുകയും ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ എസ്.എൽ.ഇ.സി.-യുടെ അംഗീകാരം ലഭിക്കുന്നതിനുവേണ്ടി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് കൈമാറുന്നതിനായി കണ്ടെത്തിയ ഭൂമിയിൽ എസ്.എൽ.ഇ.സി.-യുടെ അംഗീകാരത്തിന് കൈമാറുന്ന

നടപടികൾക്കായി കളക്ടറേറ്റിൽ സമർപ്പിച്ച ഭൂമിയുടെ അളവെത്രയാണെന്നറിയിക്കുമോ?

2.809378 ഏക്കർ.

(സി) കൊല്ലം കളക്ടറേറ്റിൽനിന്നും നടപടികൾ പൂർത്തിയാക്കി ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ എസ്.എൽ.ഇ.സി.-യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി പൂർത്തിയാക്കാനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; പ്രസ്തുത നടപടികൾ പൂർത്തിയാക്കി എന്നത്തേയ്ക്ക് എസ്.എൽ.ഇ.സി.-ക്ക് സമർപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. നടപടികൾ പൂർത്തിയാക്കി ഭൂമി ഏറ്റെടുക്കുന്നതിനായി എസ്.എൽ.ഇ.സി.-യുടെ അംഗീകാരം ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത വിഷയത്തിൽ മുഴുവൻ നടപടിക്രമങ്ങളും പൂർത്തിയാക്കി മേൽപ്പറഞ്ഞ കുടുംബങ്ങൾക്ക് എന്നത്തേയ്ക്ക് ഭൂമി വാങ്ങി നൽകാനാകുമെന്ന് വ്യക്തമാക്കാമോ?

എസ്.എൽ.ഇ.സി.-യുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പൂർത്തിയാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

## ചാപ്പകടപ്പുറത്തെ പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള പുനരധിവാസ പദ്ധതികൾ

9(2679) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ രൂക്ഷമായ കടലാക്രമണ ഭീഷണിയുള്ള ചാപ്പകടപ്പുറത്ത് താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ചാപ്പ കടപ്പുറത്ത് താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതിയിലുൾപ്പെടുത്തി എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ കണ്ടെത്തിയ ഭൂമി വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇവരെ പുനരധിവസിപ്പിക്കുന്നതിനായി ഭൂമി വിട്ടുനൽകാൻ തയ്യാറായ മാലിപ്പുറം കാരിക്കശ്ശേരി ശ്രീ. സാബു സേവ്യറിന്റെ വക 32.10 ആർ വസ്തു ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന

ലാൻഡ് ബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

മാലിപ്പുറം കാരിക്കശ്ശേരി ശ്രീ. സാബു സേവ്യറിന്റെ പേരിലുള്ള 32.10 ആർ സ്ഥലം പഞ്ചായത്തുതല കമ്മിറ്റിയും ജില്ലാതല സ്ക്രൂട്ടിനി കമ്മിറ്റിയും പരിശോധന പൂർത്തിയാക്കി ജില്ലാതല പർച്ചേസ് കമ്മിറ്റി വില നിശ്ചയിച്ച് എസ്.എൽ.ഇ.സി.-യുടെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) സ്ഥലത്തിന്റെ വില 5,00,000/- രൂപയിൽ കൂടുതലായതിനാൽ സ്റ്റേറ്റ് ലെവൽ പർച്ചേസ് കമ്മിറ്റിയുടെ അംഗീകാരത്തിനായി എറണാകുളം ജില്ലാ കളക്ടർ 07-06-2022-ന് സമർപ്പിച്ച റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഇതുസംബന്ധിച്ച് എറണാകുളം ജില്ലാ കളക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ 27-02-2023-ന് നടക്കുന്ന സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ മീറ്റിംഗിന്റെ അജണ്ടയിലുൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവന നിർമ്മാണം

10(2680) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ 2016 മുതൽ നാളിതുവരെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നിർമ്മിച്ച് നൽകിയ വീടുകളുടെ എണ്ണവും ഇതിനായി ചെലവഴിച്ച തുകയും വ്യക്തമാക്കുമോ?

കാസർഗോഡ് ജില്ലയിൽ 2016 മുതൽ നാളിതുവരെ പട്ടികവർഗ്ഗക്കാർക്കായി 696 വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഇതിനായി 2,96,15,750/-രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ജില്ലയിൽ എത്ര കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകാനുള്ള അപേക്ഷകൾ പരിഗണയിലുണ്ടെന്നും പ്രസ്തുത അപേക്ഷകളിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടി എന്തെല്ലാമെന്നും വിശദമാക്കുമോ?

പട്ടികവർഗ്ഗക്കാരുടെ ഭവനനിർമ്മാണവും നിലവിൽ ലൈഫ് മിഷൻ മുഖേന നടപ്പാക്കുന്നതിനാൽ ഭവനരഹിതരായവരുടെ അപേക്ഷകൾ വകുപ്പിന്റെ പരിഗണനയിലില്ല.

**അരുവിക്കര നിയോജകമണ്ഡലത്തിലെ സേഫ് പദ്ധതി**

11(2681) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീട് നിർമ്മിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള സേഫ് പദ്ധതി മുഖേന അരുവിക്കര നിയോജകമണ്ഡലത്തിൽ എത്ര പേർക്ക് തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

അരുവിക്കര നിയോജകമണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 90-ഉം ഗുണഭോക്താക്കളെയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 40-ഉം ഗുണഭോക്താക്കളെ സേഫ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വടക്കാഞ്ചേരി മണ്ഡലത്തിലെ സേഫ് പദ്ധതി

12(2682) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിൽനിന്നും സേഫ് പദ്ധതിയിലേയ്ക്ക് ആകെ എത്ര അപേക്ഷകൾ ലഭ്യമായി; എത്ര പേർക്ക് നടപ്പ് സാമ്പത്തികവർഷം ആനുകൂല്യം നൽകാൻ സാധിക്കും; വിശദാംശം ലഭ്യമാക്കുമോ?

വടക്കാഞ്ചേരി മണ്ഡലത്തിൽനിന്നും സേഫ് പദ്ധതിയിലേയ്ക്ക് പട്ടികജാതി വിഭാഗത്തിൽ 636 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. നടപ്പ് സാമ്പത്തികവർഷം ആകെ 56 പേർക്ക് ആനുകൂല്യം അനുവദിക്കാൻ കഴിയും. നിലവിൽ 30 പേർക്ക് ഒന്നാം ഗഡുവും ഒരാൾക്ക് രണ്ടാം ഗഡുവും അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത മണ്ഡലത്തിൽനിന്നും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആരുംതന്നെ നടപ്പ് സാമ്പത്തികവർഷം സേഫ് പദ്ധതിക്ക് അപേക്ഷ നൽകിയിട്ടില്ല.

## പട്ടിക ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും പാർപ്പിടവും നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ

13(2683) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:

ശ്രീ. പി. വി. അൻവർ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടിക ഗോത്രവർഗ്ഗ കുടുംബങ്ങൾ നേരിടുന്ന പ്രധാന പ്രശ്നമായ ഭവന, ഭൂരാഹിത്യം പരിഹരിക്കുന്നതിന് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്ത് പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭവന ഭൂരാഹിത്യം പരിഹരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) പട്ടിക ഗോത്രവർഗ്ഗ വിഭാഗത്തിൽ ഭൂരഹിതരില്ലാത്ത ജില്ലയായി തിരുവനന്തപുരം ജില്ലയെ മാറ്റാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ സ്വന്തമായി ഭൂമിയില്ലെന്ന് കണ്ടെത്തിയിരുന്ന 13 പേരിൽ 9 പേർക്ക് ലാൻഡ് ബാങ്ക് പദ്ധതിപ്രകാരവും 2 പേർക്ക് വനാവകാശ നിയമപ്രകാരവും ഭൂമി ലഭ്യമാക്കിയിട്ടുണ്ട്. ബാക്കിയുള്ള 2 പേരിൽ ഒരാൾ മരണപ്പെട്ടിട്ടുള്ളതും മറ്റൊരാൾ ജില്ല വിട്ടുപോകുകയും ചെയ്തിട്ടുള്ളതാണ്. ഇത്തരത്തിൽ തിരുവനന്തപുരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലയിലെ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കി നിലവിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ ഭൂരഹിതരില്ലാത്ത ജില്ലയാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം വനാവകാശ നിയമപ്രകാരവും ലാൻഡ് ബാങ്ക് പദ്ധതിപ്രകാരവും എത്ര പട്ടിക ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തി വാങ്ങി നൽകുന്ന ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം 198 ഗുണഭോക്താക്കൾക്ക് 38.01 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. വനാവകാശ നിയമപ്രകാരം 1369 പേർക്ക് 1699.04 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖയും നൽകിയിട്ടുണ്ട്.

(ഡി) പട്ടിക ഗോത്രവർഗ്ഗ പുനരധിവാസ മിഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ ഭൂരഹിതരും ഭൂമി കുറവുള്ളതുമായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഒരേക്കറിൽ കുറയാതെയും ഭൂമിയുടെ ലഭ്യതയനുസരിച്ച് അഞ്ച് ഏക്കർവരെയും ഭൂമി വിതരണം ചെയ്യുന്നതിനും പുനരധിവാസ

പ്രവർത്തനങ്ങൾ നടത്തുന്നതിനുമായിട്ടാണ് ആദിവാസി പുനരധിവാസ വികസന മിഷൻ രൂപീകരിച്ചത്. ആദിവാസി പുനരധിവാസ വികസന മിഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നിർമ്മിച്ച് നൽകിയ വീടുകളുടെ എണ്ണം

14(2684) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2011 മുതൽ 16 വരെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നിർമ്മിച്ച് നൽകിയ വീടുകളുടെ എണ്ണവും ഇതിനായി ചെലവഴിച്ച തുകയും വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ കാലയളവിൽ എത്ര പട്ടികജാതി കുടുംബങ്ങൾക്ക് ഭവന പുനരുദ്ധാരണത്തിനായി വായ്പ അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത ഇനത്തിൽ ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) വിശദാംശങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പാറശ്ശാല നിയോജകമണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

15(2685) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിപ്രകാരം 2016 മുതൽ നാളിതുവരെ പാറശ്ശാല നിയോജകമണ്ഡലത്തിലെ ഏതൊക്കെ കോളനികൾ നവീകരിക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

2016-17 വർഷത്തിൽ പുല്ലച്ചക്കോണം കല്ലുവിള കോളനി (ആര്യങ്കോട് ഗ്രാമപഞ്ചായത്ത്), വേങ്കവിള കുട്ടത്തിവിള നക്കോട്ടുകോണം കോളനി (കുന്നത്തുകാൽ ഗ്രാമപഞ്ചായത്ത്) എന്നീ കോളനികളും 2021-22 വർഷത്തിൽ എ.കെ.ജി. കോളനി (കൊല്ലയിൽ ഗ്രാമപഞ്ചായത്ത്), മലഞ്ചൂറ്റ് കോളനി (പാറശ്ശാല ഗ്രാമപഞ്ചായത്ത്) എന്നീ കോളനികളും പട്ടികജാതി വികസന വകുപ്പുവഴി നടപ്പാക്കുന്ന അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. അമ്പൂരി ഗ്രാമപഞ്ചായത്തിലെ തൊന്മല സെറ്റിൽമെന്റിനെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന

അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; പദ്ധതിയുടെ പുരോഗതി വിശദീകരിക്കാമോ?

പുല്ലച്ചക്കോണം കല്ലുവിള കോളനിയുടെയും വേങ്കവിള കുട്ടത്തിവിള നക്കോട്ടുകോണം കോളനിയുടെയും തെന്മല സെറ്റിൽമെന്റിന്റെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എ.കെ.ജി. കോളനിയുടെയും മലഞ്ചൂറ്റ് കോളനിയുടെയും എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിപ്രകാരം മണ്ഡലത്തിലെ ഏതൊക്കെ ആദിവാസി ഊരുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന വിശദാംശം നൽകാമോ?

അമ്പൂരി ഗ്രാമപഞ്ചായത്തിലെ തെന്മല സെറ്റിൽമെന്റിനെ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുണ്ട്.

## അംബേദ്കർ ഗ്രാമം പദ്ധതി

16(2686) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിവരുന്ന അംബേദ്കർ ഗ്രാമം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത മണ്ഡലത്തിൽനിന്നും 2016-17 വർഷത്തെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുട്ടാല കവറപ്പുര കോളനി, പറക്കുന്നം കോളനി, ചാമപ്പറമ്പ് കോളനി, പനമ്പഴക്കാട് കോളനി, നെടുങ്ങരൻക്കാട് കോളനി, 2018-19 വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കൊരക്കാലി കോളനി, 2019-20 വർഷത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള മലക്കാട്ടുകുന്ന് കോളനി, കാക്കാമൂച്ചിക്കാട് കോളനി എന്നീ കോളനികളിലെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

2021-22 വർഷത്തെ പാറക്കുളം കോളനി, പഴയകുളം കോളനി എന്നിവയുടെ നവീകരണത്തിനായി നിർവ്വഹണ ഏജൻസിയായ Forest Industries (Travancore) Limited എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. പാറക്കുളം കോളനിയിലെ എസ്റ്റിമേറ്റ് അംഗീകരിച്ച് നൽകിയിട്ടുണ്ട്. പഴയകുളം

കോളനിയിലെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പദ്ധതി പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി എരുത്വാപ്പുഴ മലവേടർ പട്ടികവർഗ്ഗ കോളനി വികസനം

17(2687) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി എരുത്വാപ്പുഴ മലവേടർ പട്ടികവർഗ്ഗ കോളനി നവീകരിക്കുന്നതിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

എരുമേലി എരുത്വാപ്പുഴ മലവേടർ പട്ടികവർഗ്ഗ കോളനിയിൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന

നിർമ്മിതി കേന്ദ്രം തയ്യാറാക്കിയ ഡി.പി.ആർ.-ന് ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിന് അനുമതിയും ഫണ്ടും ഉടൻ അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഏതൊക്കെ പ്രവൃത്തികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശം നൽകുമോ?

പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. പൊതുകിണർ ആഴം കൂട്ടി റിംഗ് ഇറക്കുന്നത്
2. വീടുകളോട് ചേർന്നുള്ള കിണറുകൾക്ക് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നത്
3. നടപ്പാത കോൺക്രീറ്റിംഗ്
4. സംരക്ഷണ ഭിത്തി നിർമ്മാണം
5. ഭവനനിർമ്മാണം
6. ഇലക്ട്രിഫിക്കേഷൻ

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിച്ച് കോളനി നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

## ദേവികുളം നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

18(2688) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിപ്രകാരം ദേവികുളം നിയോജകമണ്ഡലത്തിൽ 2016-17 മുതൽ 2022-23 വരെ എത്ര പട്ടികജാതി കോളനികൾ നവീകരിക്കുന്നതിന് ഫണ്ട് അനുവദിച്ചുവെന്ന് വിശദമാക്കാമോ; ഓരോ കോളനികൾക്കും അനുവദിച്ച തുകയും കോളനിയുടെ പേരും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം എത്ര കോളനികളുടെ നവീകരണം പൂർത്തിയായിട്ടുണ്ടെന്നും പൂർത്തീകരിക്കാത്ത കോളനികളുടെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

(എ&ബി) പ്രസ്തുത മണ്ഡലത്തിൽനിന്നും 2016-17 സാമ്പത്തിക വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലേയ്ക്ക് കടുക്കാസിറ്റി എസ്.സി. കോളനിയെ തെരഞ്ഞെടുക്കുകയും 1 കോടി രൂപ അനുവദിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ

തെരഞ്ഞെടുത്ത ചാനൽമേട് എസ്.സി. കോളനിയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ

19(2689) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിപ്രകാരം 2016-17 മുതൽ 2022-23 വരെ ഏതെല്ലാം കോളനികൾ നവീകരിക്കുന്നതിന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നുള്ള വിവരം വർഷം തിരിച്ച് വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുമോ?

വിവരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

പട്ടികജാതി വികസന വകുപ്പ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2022-23 വർഷത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് എം.എൽ.എ. ശിപാർശ ചെയ്യുന്ന രണ്ട് കോളനികളെ തെരഞ്ഞെടുത്ത് വികസനപ്രവർത്തനങ്ങൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ്

വാമനപുരം മണ്ഡലത്തിൽ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി അംഗീകാരത്തിനായി നെടുമങ്ങാട് ഐ.ടി.ഡി. പ്രോജക്ട് ഓഫീസർ സമർപ്പിച്ചിട്ടുള്ള ചുവടെ പറയുന്ന 4 പദ്ധതികൾ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിന് വിധേയമായി നടപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

1. നീർപ്പാറ കോളനി കുടിവെള്ള പദ്ധതി ആകെ - 63,07,119/- രൂപ

2. നീർപ്പാറ കോളനി റോഡ് കോൺക്രീറ്റിംഗ് ആകെ - 20,00,000/- രൂപ

3. പോട്ടോമാവ് സാംസ്കാരിക നിലയം - അരിപ്പ റോഡ് കോൺക്രീറ്റിംഗ് ആകെ - 23,00,000/- രൂപ

4. കാട്ടിലക്കുഴി-കൊന്നമൂട് റോഡ് കോൺക്രീറ്റിംഗ് ആകെ - 25,00,000/- രൂപ

## ദേവികുളം നിയോജകമണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി

20(2690) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിപ്രകാരം ദേവികുളം നിയോജകമണ്ഡലത്തിൽ 2016-17 മുതൽ എത്ര പട്ടികവർഗ്ഗ ഊരുകൾ നവീകരിക്കുന്നതിന് ഫണ്ട് അനുവദിച്ചുവെന്നും ഓരോ സെറ്റിൽമെന്റിനും അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ?

അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിപ്രകാരം ദേവികുളം നിയോജകമണ്ഡലത്തിൽ തെരഞ്ഞെടുത്ത കോളനികളിൽ 8 കോളനികളുടെ നവീകരണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കോളനി | തുക |
|---|---|---|
| 1 | കുറത്തിക്കുടി | 39,03,748/-രൂപ |
| 2 | കട്ടമുടിക്കുടി | 87,87,233/-രൂപ |
| 3 | നെല്ലിപ്പെട്ടിക്കുടി | 31,36,410/-രൂപ |
| 4 | ആട്ടുവിളന്താൻകുടി | 79,15,464/-രൂപ |
| 5 | കുടല്ലാർക്കുടി | 82,02,247/-രൂപ |
| 6 | ചമ്പക്കാട്ട്കുടി | 91,21,651/-രൂപ |
| 7 | കോഴിയാളക്കുടി | 98,32,229/-രൂപ |

| | | |
|---|---|---|
| 8 | സിങ്കുടി | 94,79,963/-രൂപ |

(ബി) പ്രസ്തുത പദ്ധതിപ്രകാരം എത്ര സെറ്റിൽമെന്റുകളുടെ നവീകരണം പൂർത്തിയായിട്ടുണ്ടെന്നും പൂർത്തീകരിക്കാത്തവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

കുറത്തിക്കുടി, കട്ടമുടിക്കുടി, ആട്ടുവിളന്താൻകുടി, കുടല്ലാർക്കുടി, ചമ്പക്കാട്ടുകുടി, കോഴിയാളക്കുടി, സിങ്കുടി എന്നീ കോളനികളിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

നെല്ലിപ്പെട്ടിക്കുടിയിൽ സാമൂഹിക പഠനമുറി, സത്രം നിർമ്മാണം, റോഡ് കോൺക്രീറ്റ് എന്നിവ പൂർത്തിയായിട്ടുണ്ട്. എന്നാൽ സാമൂഹിക പഠനമുറി, സത്രം എന്നിവിടങ്ങളിൽ കുടിവെള്ളമെത്തിക്കൽ, വൈദ്യുതീകരണം, സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

## മാവേലിക്കര മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസനം

21(2691) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകമോ:

ഈ സർക്കാരിന്റെ കാലത്ത് മാവേലിക്കര നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ വസിക്കുന്ന കോളനികളുടെ വികസനത്തിനായി സ്വീകരിച്ച നടപടികളും അനുവദിച്ച തുകയും പദ്ധതികളുടെ തൽസ്ഥിതി വിവരവും ലഭ്യമാക്കുമോ?

വിവരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## ദേവസ്വം പറമ്പ് ചെങ്ങോട് വലിയ പറമ്പ് കോളനിയുടെ നവീകരണ പ്രവൃത്തി

22(2692) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ദേവസ്വം പറമ്പ് ചെങ്ങോട് വലിയ പറമ്പ് കോളനിയുടെ നവീകരണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) ദേവസ്വം പറമ്പ് ചെങ്ങോട് വലിയ പറമ്പ് കോളനിയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വടക്കാഞ്ചേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി**

23(2693) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ ഗ്രാമവികസന പദ്ധതിപ്രകാരം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽനിന്നും കുമാരനല്ലൂർ ഐ.എച്ച്.ഡി.പി., പോന്നോർ ഐ.എച്ച്.ഡി.പി. എന്നീ കോളനികളെ ഒരുകോടി രൂപ വീതം അനുവദിച്ച് വികസനപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി 2021-22 വർഷത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ചിട്ടുള്ളതും ഈ സർക്കാരിന്റെ കാലത്ത്

തുക മാറി നൽകിയതുമായ കോളനികളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## പറമ്പിക്കുളം-തേക്കടി മേഖലയിലെ ആദിവാസി കോളനികളിലെ അടിസ്ഥാന സൗകര്യ വികസനം

24(2694) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-തേക്കടി മേഖലയിലെ വിവിധ ആദിവാസി കോളനികളിലുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

പറമ്പിക്കുളം-തേക്കടി മേഖലയിലെ വിവിധ ആദിവാസി കോളനികളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

1. തേക്കടി ചെമ്മണാംപതി വനപാത തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കാട് വെട്ടിത്തെളിച്ചു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. ഒറവൻപാടി കോളനിയിൽ 30 കുടുംബങ്ങൾക്ക് ലൈഫ് മിഷൻ മുഖേനയുള്ള ഭവനനിർമ്മാണം പൂർത്തീകരിച്ചുവരുന്നു.
3. തേക്കടി കമ്മ്യൂണിറ്റി ഹാളിലേയ്ക്ക് ഫർണിച്ചർ വാങ്ങുന്നതിന് കോർപ്പസ് ഫണ്ട് മുഖേന തുക അനുവദിച്ചിട്ടുണ്ട്.
4. തേക്കടി ഒറവൻപാടി ചപ്പാത്ത് പാലം നിർമ്മാണം വനം വകുപ്പ് മുഖേന ആരംഭിച്ചിട്ടുണ്ട്.
5. കാടർ വിഭാഗത്തിൽപ്പെട്ട 20 കുടുംബങ്ങളുടെ ഭവന നവീകരണത്തിനായി സേഫ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.
6. തേക്കടി കോളനികൾക്കായി BSNL മൊബൈൽ ടവർ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2022 നവംബർ മാസം വകുപ്പുമന്ത്രി ആദിവാസി സമൂഹവുമായി നേരിട്ട് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കൊല്ലപ്പെട്ട ആദിവാസികളുടെ എണ്ണം

25(2695) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ആദിവാസികൾ കൊല്ലപ്പെട്ടിട്ടുണ്ട്; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 8 പട്ടികവർഗ്ഗക്കാർ കൊല്ലപ്പെട്ടിട്ടുണ്ട്.

(ബി) കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

അർഹതയുള്ള കേസുകളിൽ ധനസഹായം അനുവദിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 8 ദാരുണ സംഭവങ്ങളിൽ 3 കൃത്യങ്ങൾ SC/ST Prevention of Atrocities Act-ന്റെ പരിധിയിൽ വരുന്നതല്ല. ശേഷിക്കുന്ന 5 സംഭവങ്ങളിൽ ജില്ലാതല വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശയും ആവശ്യമായ പ്രമാണങ്ങളും ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) സാമ്പത്തിക സഹായം യഥാസമയം കൊടുക്കുന്നതിൽ ഉദ്യോഗസ്ഥർ അലംഭാവം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പട്ടികജാതി, പട്ടികവർഗ്ഗ പീഡന നിരോധന നിയമപ്രകാരം കേസെടുക്കുന്നതിന് നടപടി

26(2696) ശ്രീ. എം. വിൻസെന്റ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സി. ആർ മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി സമൂഹത്തിൽപ്പെട്ടവർ ആൾക്കൂട്ട വിചാരണയ്ക്കും ആക്രമണത്തിനും വിധേയമാകുന്ന സാഹചര്യത്തിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് പൊതുവെ പട്ടികവർഗ്ഗ വിഭാഗക്കാർ ആൾക്കൂട്ട ആക്രമണങ്ങൾക്കും അധിക്ഷേപങ്ങൾക്കും ഇരയാകുന്നില്ല. എന്നാൽ ഒറ്റപ്പെട്ട ചില സംഭവങ്ങളുണ്ടായത് സർക്കാർ ഗൗരവമായി കാണുന്നുണ്ട്. ആയതിന്മേൽ കർശനനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ദളിത്-ആദിവാസി സമൂഹത്തിൽപ്പെട്ടവർ ആക്രമണത്തിന് വിധേയമാകുമ്പോൾ അതിനെതിരെ പട്ടികജാതി, പട്ടികവർഗ്ഗ പീഡന നിരോധന നിയമപ്രകാരം പോലീസ് കേസെടുക്കാത്ത സംഭവങ്ങൾ കൂടിവരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) എങ്കിൽ ഇത്തരം സംഭവങ്ങളിൽ പ്രസ്തുത നിയമപ്രകാരം കേസെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് വകുപ്പ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

ഇത്തരം കേസുകളുണ്ടായാൽ ജില്ലാതല വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റികളിൽ അവ ചർച്ച ചെയ്യുകയും പട്ടികജാതി-പട്ടികവർഗ്ഗ പീഡന നിരോധന നിയമപ്രകാരം കേസെടുക്കേണ്ടതിന്റെ ആവശ്യകത ഉറപ്പുവരുത്തി ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം പോലീസ് വിഭാഗം  നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ പട്ടികജാതി വികസന വകുപ്പ് രൂപീകരിച്ചിരിക്കുന്ന ജ്വാല നിയമസഹായ സെല്ലിൽ ലഭ്യമാകുന്ന ഇത്തരം പരാതികൾ പരിശോധിച്ച് ആവശ്യമായ നിയമ സഹായങ്ങളും നൽകിവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന എല്ലാ കേസുകളും അതീവ ജാഗ്രതയോടെയും കാര്യക്ഷമമായും നീതിയുക്തമായും അന്വേഷണം നടത്തുന്നതിനും എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് നീതി ഉറപ്പ് വരുത്തുന്നതിനുമായി പോലീസുദ്യോഗസ്ഥർക്ക് നിരന്തരം കർശനനിർദ്ദേശങ്ങൾ നൽകിവരുന്നതും കേസുകളും പരാതികളും സുതാര്യതയോടെ കൈകാര്യം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി സബ് ഡിവിഷൻതലത്തിലും ജില്ലാതലത്തിലും പോലീസ് ആസ്ഥാനത്തും സർക്കാർ തലത്തിലും അവലോകനം നടത്തിവരുന്നതുമാണ്. കൂടാതെ കാര്യക്ഷമമായ പട്രോളിംഗ്, ബീറ്റ് ഡ്യൂട്ടി എന്നിവയും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെയും ജനമൈത്രി സുരക്ഷാ ഉദ്യോഗസ്ഥരുടെയും സംയുക്താഭിമുഖ്യത്തിൽ ബോധവത്കരണ ക്ലാസ്സുകളും നടത്തിവരുന്നു.

**പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്**

27(2697) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ 2021-ൽ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തും പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സ്കോളർഷിപ്പ് പദ്ധതിയിലും ആനുകൂല്യ വിതരണത്തിലും എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; ഏതെങ്കിലും വിഭാഗത്തിലുള്ള കുട്ടികൾക്ക് നിലവിലുള്ള ആനുകൂല്യം നഷ്ടമാകുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി 05-01-2023-ലെ സ.ഉ.(പി) 1/2023/SCSTDD, സ.ഉ.(പി) 2/2023/SCSTDD എന്നീ ഉത്തരവുകൾ പ്രകാരം പരിഷ്കരിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ദേശീയപ്രാധാന്യമുള്ള സ്ഥാപനങ്ങൾ, സെൻട്രൽ/സ്റ്റേറ്റ് യൂണിവേഴ്സിറ്റി/ യു.ജി.സി. അംഗീകാരമുള്ള സ്വയംഭരണ കോളേജുകൾ, ഡീംഡ് യൂണിവേഴ്സിറ്റികൾ, സംസ്ഥാന സർക്കാരിന്റെയോ കേന്ദ്രസർക്കാരിന്റെയോ അംഗീകാരമുള്ള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും ബഹുമാനപ്പെട്ട സുപ്രീം കോടതി നിർദ്ദേശപ്രകാരമുള്ള ഫീ ഫിക്സേഷൻ കമ്മിറ്റിയുടെ പരിധിയിൽ വരുന്നതുമായ സ്വകാര്യ പ്രൊഫഷണൽ

സ്ഥാപനങ്ങൾ, കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകാരമുള്ളതും ഡിപ്ലോമ കോഴ്സ് നടത്തുന്നതുമായ സ്ഥാപനങ്ങൾ, NMC/AICTE തുടങ്ങിയ അംഗീകൃത ഏജൻസികൾ, 11, 12 ക്ലാസുകൾക്ക് അംഗീകാരമുള്ള സ്കൂളുകൾ, കേന്ദ്ര/സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള മറ്റ് നിയന്ത്രണ ഏജൻസികൾ അഫിലിയേറ്റ്/അംഗീകരിച്ച കോഴ്സ്/സ്ഥാപനങ്ങൾ, NCVT-യുടെ അംഗീകാരമുള്ള വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ കോഴ്സുകൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്. സംസ്ഥാന സർക്കാർ/യൂണിവേഴ്സിറ്റി/സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ/ഫീ ഫിക്സേഷൻ കമ്മിറ്റി എന്നിവ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെടുന്ന ഫീസും സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള സ്റ്റേറ്റ് അക്കാഡമിക് അലവൻസ് തുകയുമാണ് ലഭിക്കുന്നത്. അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മെരിറ്റിലോ/റിസർവ്വേഷനിലോ പ്രവേശനം നേടുന്ന രണ്ടര ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക വരുമാനമുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നിഷേധിച്ചപ്പോൾ സംസ്ഥാന സർക്കാർ പ്രത്യേകമായി ബഡ്ജറ്റിൽ തുക

വകയിരുത്തി വരുമാനപരിധി ബാധകമാക്കാതെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം**

28(2698) ശ്രീ. വി. ശശി:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങൾക്കുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം മാതൃകാപരമാക്കുന്നതിനും മികച്ച മാനേജ്മെന്റിലൂടെ ഉന്നത പഠന നിലവാരം ഉറപ്പാക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി എം.ആർ.എസ്.-കളിലെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അടിയന്തരമായി പരിഹരിക്കുകയും ചെയ്തുവരുന്നുണ്ട്. വിദ്യാർത്ഥികളുടെ രാത്രികാല പഠനത്തിന് മേൽനോട്ടം വഹിക്കുന്നതിന് റസിഡന്റ് ട്യൂട്ടർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ

പഠനത്തിന് മേൽനോട്ടം വഹിക്കുന്നതിന് പ്രത്യേകം അധ്യാപകരെ ചുമതലപ്പെടുത്തുന്നു. കൂടാതെ വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസ്സുകൾ, സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ, പേഴ്സണാലിറ്റി ഡെവലപ്മെന്റ് ക്ലാസ്സുകൾ, കൗൺസിലിംഗ് എന്നിവയും നൽകിവരുന്നു.

(ബി) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

എം.ആർ.എസ്.-കളിലെ വിദ്യാർത്ഥികളുടെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി സയൻസ് ക്ലബ്ബ്, മാത്സ് ക്ലബ്ബ്, പരിസ്ഥിതി ക്ലബ്ബ്, ലഹരിവിരുദ്ധ ക്ലബ്ബ് മുതലായവ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. 5, 6, 7 ക്ലാസ്സുകളിലെ കുട്ടികൾക്ക് K-Disc മുഖേന ഗണിത പഠനത്തിനുള്ള 'മഞ്ചാടി' ക്ലാസ്സുകളും നടത്തിവരുന്നു. ശാസ്ത്ര-കായിക മേളകളിലും കലോത്സവങ്ങളിലും വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. കൂടാതെ യോഗ ക്ലാസ്സുകൾ, ഫിസിക്കൽ ട്രെയിനിംഗ്, മ്യൂസിക് ക്ലാസ്സുകൾ എന്നിവയും വിദ്യാർത്ഥികൾക്കായി നടത്തുന്നുണ്ട്.

(സി) പ്രസ്തുത സ്കൂളുകളിലെ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള മെസ് അലവൻസ് വർദ്ധിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. 26-02-2022-ലെ സ.ഉ. (സാധാ)നം. 689/2022/പ.ജ.പ.വ.വി.വ. പ്രകാരം മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പ്രീ-മെട്രിക് വിദ്യാർത്ഥികൾക്ക് പ്രതിമാസം 3,125/- (പഴയ നിരക്ക് 2500/-) രൂപയായും പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് പ്രതിമാസം 3,575/- (പഴയ നിരക്ക് 2850/- രൂപ) രൂപയായും മെസ് അലവൻസ് വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ശ്രീ അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിലെ വിദ്യാർത്ഥികളുടെ പ്രതിദിന അലവൻസ് 250/- (പഴയ നിരക്ക് 200/-രൂപ ) രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളെ പഠനത്തിൽ സഹായിക്കുന്നതിനുവേണ്ടി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കുമോ?

എം.ആർ.എസ്.-കളിൽ സ്മാർട്ട് ക്ലാസ്റൂമുകൾ, ലൈബ്രറി, ഇന്റർനെറ്റ് സൗകര്യമുള്ള ഐ.ടി. ലാബ്, സയൻസ് ലാബ്, ഭൂമിശാസ്ത്ര ലാബ്, ലാംഗ്വേജ്

ലാബ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. 5, 6, 7 ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ ഗണിത പഠനത്തിനായി 'മഞ്ചാടി' ക്ലാസ്സുകൾ നടത്തുന്നുണ്ട്. വിദ്യാർത്ഥികളുടെ രാത്രികാല പഠനത്തിന് മേൽനോട്ടം വഹിക്കുന്നതിന് റസിഡന്റ് ട്യൂട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. സ്കൂൾ സമയത്തിനുശേഷം വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ ക്ലാസ്സുകൾ നടത്തുന്നു. ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു. മോട്ടിവേഷൻ ക്ലാസ്സുകൾ, കൗൺസിലിംഗ് എന്നിവയും നൽകുന്നു.

## പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠിക്കുന്നതിനുള്ള ധനസഹായം

29(2699) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും (2016-21) ഈ സർക്കാരിന്റെയും കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ എത്ര വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠിക്കുന്നതിന് ലഭിക്കുന്ന ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

മുൻ സർക്കാരിന്റെ കാലത്ത് (2016-21) 60 പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഈ സർക്കാരിന്റെ കാലത്ത് 352 പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഓവർസീസ് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.

(ബി) വിദേശത്ത് ഏതെല്ലാം കോഴ്സുകൾ പഠിക്കുന്നതിനാണ് ധനസഹായം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

എം.എസ്‌സി. (ഇന്റർനാഷണൽ ബിസിനസ്), എം.എസ്‌സി. (മാർക്കറ്റിംഗ് മാനേജ്മെന്റ് ഡിജിറ്റൽ), എം.എസ്‌സി. (സസ്റ്റൈനബിൾ എനർജി & ഗ്രീൻ ടെക്നോളജീസ്, എം.എസ്‌സി. (സപ്ലൈ ചെയിൻ മാനേജ്മെന്റ്), എം.ബിഎ., എം.എസ്‌സി. (ഫിനാൻസ് ആന്റ് ഇൻവെസ്റ്റ്മെന്റ്), എം.എസ്‌സി. (ഇൻവെസ്റ്റിഗേറ്റീവ് ഫോറൻസിക് സൈക്കോളജി), എം.എസ്‌സി. (ഹൈഡ്രോളജി), എം.എസ്‌സി. (എൻവയോൺമെന്റൽ അസസ്സ്മെന്റ് ആന്റ് മാനേജ്മെന്റ്), എം.എസ്‌സി. (ഡാറ്റാ അനലിറ്റിക്സ്), എം.എസ്‌സി. (എഞ്ചിനീയറിംഗ് മാനേജ്മെന്റ് ഫോർ പ്രോസസ് എക്സലൻസ്), എം.എസ്‌സി. (ബിസിനസ് ആന്റ് മാനേജ്മെന്റ് വിത്ത് അഡ്വാൻസ് പ്രാക്ടീസ്), എം.എസ്‌സി. (ബിസിനസ് അനലിറ്റിക്സ്), എം.എസ്‌സി. (ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് എൻവയൺമെന്റൽ

എഞ്ചിനീയറിംഗ്), എം.എസ്സി. (ഇന്റർനാഷണൽ ബിസിനസ് ആന്റ് എന്റർപ്രണർഷിപ്പ്), എം.എസ്സി. (ഫുഡ് സയൻസ്), എം.എസ്സി. (ബാങ്കിംഗ് ആൻഡ് ഇന്റർനാഷണൽ ഫിനാൻസ്), എം.എസ്സി. (ബയോ മെഡിക്കൽ എഞ്ചിനീയറിംഗ്), എം.എസ്സി. ബിസിനസ് വിത്ത് ഇന്റർനാഷണൽ മാനേജ്മെന്റ്, എം.എസ്സി. (ഗ്ലോബൽ ലോജിസ്റ്റിക്സ്), ഇൻഡസ്ട്രിയൽ ഓട്ടോമേഷൻ, പോസ്റ്റ് ഗ്രാജ്വേഷൻ ഡിപ്ലോമ ഇൻ എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള കോഴ്സുകൾ പഠിക്കുന്നതിനാണ് ധനസഹായം നൽകിയിട്ടുള്ളത്.

## മലപ്പുറം ജില്ലയിൽ ഇ-ഗ്രാന്റ്സ് അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ

30(2700) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഓഫീസുകളിൽ 2015 ജനുവരി മുതൽ നാളിതുവരെ ഇ-ഗ്രാന്റ്സുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അവയിൽ

എത്ര എണ്ണം ഇനി തീർപ്പാക്കാൻ ശേഷിക്കുന്നുണ്ടെന്നും എത്ര അപേക്ഷകൾ ഡയറക്ടറേറ്റിന്റെ പരിഗണനയ്ക്ക് അയച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) മേൽപ്പറഞ്ഞ കാലയളവിൽ മലപ്പുറം ജില്ലയിൽനിന്നും പട്ടികജാതി- പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഡയറക്ടറേറ്റുകളിൽ ലഭിച്ച ഇ-ഗ്രാന്റ്സ് അപേക്ഷകളിൽ എത്ര എണ്ണം തീർപ്പാക്കാനുണ്ടെന്ന് വിശദമാക്കുമോ; ഇ-ഗ്രാന്റ്സ് അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ?

(എ&ബി) 2015 ജനുവരി മുതൽ നാളിതുവരെ ഇ-ഗ്രാന്റ്സുമായി ബന്ധപ്പെട്ട് മലപ്പുറം ജില്ലയിലെ പട്ടികജാതി വികസന വകുപ്പിന്റെ ഓഫീസുകളിൽ ലഭിച്ച 1,23,165 അപേക്ഷകളിൽ 1,08,990 -ഉം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഓഫീസുകളിൽ ലഭിച്ച 3303 അപേക്ഷകളിൽ 3174-ഉം തീർപ്പാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന അപേക്ഷകൾ തീർപ്പാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

2021-22 അധ്യയന വർഷം മുതൽ പട്ടികജാതി വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യാൻ കേന്ദ്ര സർക്കാരിൽനിന്നും നിർദ്ദേശം ലഭിക്കുകയുണ്ടായി. ആയതിന്റെ

അടിസ്ഥാനത്തിൽ നിലവിലുണ്ടായിരുന്ന സംവിധാനങ്ങളിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുകയുണ്ടായി. നിലവിൽ 2021-22 അധ്യയന വർഷം ലഭിച്ച സ്കോളർഷിപ്പ് അപേക്ഷകളിൽ സംസ്ഥാന വിഹിതം പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്.

2022-23 അധ്യയന വർഷം മുതൽ സ്കോളർഷിപ്പ് വിതരണത്തിനായി കേന്ദ്ര സർക്കാരിന്റെ പുതുക്കിയ സാങ്കേതിക നിബന്ധനകൾ കൊണ്ടുവരികയും പ്രസ്തുത നിബന്ധനകൾ പൂർത്തീകരിക്കുന്നതിന് സംസ്ഥാനത്തിനാവശ്യമായ സാങ്കേതിക സഹായങ്ങൾ യഥാസമയം നൽകുന്നതിന് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും കാലതാമസം നേരിട്ടതിനാൽ സ്കോളർഷിപ്പ് വിതരണത്തിൽ തടസ്സം നേരിട്ടെങ്കിലും സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ഇടപെടലുകളിലൂടെ 2022 ഒക്ടോബർ മാസത്തോടുകൂടി അപേക്ഷ സ്വീകരിക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുകയും നവംബർ മാസത്തിൽ സ്കോളർഷിപ്പ് പോർട്ടൽ തുറന്നുകൊടുക്കുകയും ചെയ്തിട്ടുണ്ട്. പുതിയ സാങ്കേതികവിദ്യാ ക്രമീകരണങ്ങൾ പൂർത്തിയാക്കി 2022-23 അദ്ധ്യയന വർഷത്തെ സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) മലപ്പുറം ജില്ലയിൽ ഇ-ഗ്രാന്റ്സ് ലഭിക്കാൻ കുടിശ്ശികയുള്ള സ്ഥാപനങ്ങളുടെ വിവരം ലഭ്യമാക്കുമോ?

ഇ-ഗ്രാന്റ്സ് ലഭിക്കാൻ കുടിശ്ശികയുള്ള സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി+ ചേർക്കുന്നു.

## സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിന് നടപടി

31(2701) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് പുറത്ത് അഡ്മിഷൻ നേടുന്ന മുഴുവൻ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും അവരുടെ പ്രവേശന രീതി പരിഗണിക്കാതെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികൾ നടത്തുന്ന അഖിലേന്ത്യാതലത്തിലുള്ള പ്രവേശന പരീക്ഷയിലൂടെ മെരിറ്റ്/റിസർവ്വേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്കും സുതാര്യവും നീതിയുക്തവുമായ രീതിയിൽ മെരിറ്റ്/റിസർവ്വേഷനിൽ സ്പോട്ട് അഡ്മിഷൻ നേടുന്നവരുമായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഇതര സംസ്ഥാന പഠനത്തിന് സ്കോളർഷിപ്പിന് അർഹതയുണ്ട്.

(ബി) 2018-19 അധ്യയനവർഷം പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നിഷേധിക്കുന്നുവെന്ന വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കുമോ; പ്രസ്തുത വിഷയം സംബന്ധിച്ച് കോടതി വിധി നിലവിലുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

2018-19, 2019-20 വർഷങ്ങളിൽ പ്രവേശനം നേടിയ എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും പ്രവേശനരീതി കണക്കാക്കാതെ ഒരു പ്രത്യേക കേസായി പരിഗണിച്ച് അവരുടെ പഠനകാലാവധി തീരുന്നതുവരെ മാത്രം സ്കോളർഷിപ്പ് ആനുകൂല്യം അനുവദിക്കുന്നതിന് 05-02-2021-ലെ സ.ഉ. (എം.എസ്.) നം.16/2021/പ.ജ.പ.വ.വി.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സംബന്ധിച്ച WP(C) No.20340/2020 നമ്പർ കേസ് തീർപ്പാക്കിയിട്ടുണ്ട്.

(സി) കോവിഡ് കാലഘട്ടത്തിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് അവരുടേതല്ലാത്ത കാരണത്താൽ കോഴ്സ് നീണ്ടുപോയതിന്റെ അടിസ്ഥാനത്തിൽ നീണ്ടുപോയ കാലഘട്ടത്തിലെ

ഫീസ് അടയ്ക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന സാഹചര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്.

## വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിലെ വിദ്യാർത്ഥികളുടെ സ്റ്റൈപന്റ് കുടിശ്ശിക

32(2702) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിൽ അർഹരായ വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ് കുടിശ്ശികയായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത തുക എന്നത്തേയ്ക്ക് നൽകാൻ സാധിക്കുമെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) തരൂർ മണ്ഡലത്തിലെ വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിൽ അർഹരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ് കുടിശ്ശികയായിട്ടുണ്ട്. കുടിശ്ശിക തുക എത്രയും വേഗം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റ് കുടിശ്ശികയില്ല.

## ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾ

33(2703) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾ നിലവിൽ ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്നുവെന്ന കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന വിദ്യാർത്ഥികളുടെ കണക്ക് ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) ഇതിൽ മലയാളം, സയൻസ് എന്നീ വിഷയങ്ങൾ തെരഞ്ഞെടുത്ത എത്ര കുട്ടികളുണ്ടെന്നുള്ള കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

മലയാളം, സയൻസ് എന്നീ വിഷയങ്ങൾ തെരഞ്ഞെടുത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക് ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ എത്രപേർ ഗവൺമെന്റ് കോളേജുകളിലും എത്രപേർ എയ്ഡഡ് കോളേജുകളിലും പഠിക്കുന്നുവെന്ന് അറിയിക്കാമോ?

ഗവൺമെന്റ് കോളേജുകളിലും എയ്ഡഡ് കോളേജുകളിലും ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## ഡിജിറ്റൽ പഠന സൗകര്യം ഉറപ്പുവരുത്താൻ നടപടി

34(2704) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ, ഉന്നതവിദ്യാഭ്യാസ മേഖലയിൽ അദ്ധ്യയനം നടത്തുന്ന ആദിവാസി വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥി-വിദ്യാർത്ഥിനികളിൽ ഡിജിറ്റൽ പഠന സൗകര്യമില്ലാത്തവർ എത്രയെന്ന് വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ മേഖലകളിലെ സാമൂഹ്യ പഠനമുറികൾ, കമ്മ്യൂണിറ്റിഹാൾ, അങ്കണവാടികൾ, ഹോസ്റ്റലുകൾ, ക്ലബ്ബുകൾ മുതലായ പൊതുയിടങ്ങളിലാണ് ഡിജിറ്റൽ കണക്ടിവിറ്റി ക്രമീകരിച്ചിരിക്കുന്നത്. ഈ സൗകര്യം പട്ടികവർഗ്ഗ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഭാഗത്തിൽപ്പെട്ട എല്ലാ വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്കും പ്രയോജനപ്പെടുന്ന രീതിയിലാണ്. ഡിജിറ്റൽ പഠനസൗകര്യമില്ലാത്തവർ എത്രയെന്ന് നിജപ്പെടുത്താൻ സാധിച്ചിട്ടില്ല.

(ബി) ഇവർക്ക് പൂർണ്ണമായും ഡിജിറ്റൽ പഠന സൗകര്യം ഉറപ്പുവരുത്തുന്നതിന് പട്ടികവർഗ്ഗ വകുപ്പ് നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

നെറ്റ് വർക്ക് കണക്റ്റിവിറ്റിയില്ലാത്ത കോളനികളിൽ നെറ്റ് കണക്റ്റിവിറ്റി ഏർപ്പെടുത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. നെറ്റ് കണക്റ്റിവിറ്റിയില്ലാത്ത 1284 കോളനികളിൽ 1070 കോളനികളിൽ നെറ്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. വിദൂര ദുർഘട മേഖലയായ ഇടമലക്കുടി പോലെയുള്ള കോളനികളിലും നെറ്റ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഇടമലക്കുടിയിൽ മാത്രം ഇന്റർനെറ്റ് കണക്റ്റിവിറ്റിക്കായി 4.31 കോടി രൂപയാണ് ചെലവഴിക്കുന്നത്.

## പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി

35(2705) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2020 മുതൽ നാളിതുവരെ പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതിപ്രകാരം എത്ര പേർക്ക് സഹായം ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കാമോ?

2020 മുതൽ നാളിതുവരെ 14,48,453 പട്ടികജാതി വിദ്യാർത്ഥികൾക്കും 1,88,386 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഉൾപ്പടെ 16,36,839 പേർക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതിപ്രകാരം സഹായം അനുവദിച്ചിട്ടുണ്ട്.

## നെന്മാറ നിയോജകമണ്ഡലത്തിൽ കാർഷിക കോളേജ്

36(2706) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ സംസ്ഥാന ബജറ്റിൽ നെന്മാറ നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിനുകീഴിൽ

കാർഷിക കോളേജ് ആരംഭിക്കുന്നതിനായി 20 ശതമാനം തുക വകയിരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2018 ജൂലൈ 18-ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട പാവപ്പെട്ട കുട്ടികൾക്ക് കാർഷിക വിഷയങ്ങളിൽ മികച്ച പഠനം നടത്തുന്നതിന് ലക്ഷ്യമിട്ട് പാലക്കാട് ജില്ലയിൽ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ കോൺസ്റ്റിറ്റ്യൂവന്റ് കോളേജായി ഒരു കാർഷിക കോളേജ് ആരംഭിക്കുന്നതിന് തീരുമാനമെടുത്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കാർഷിക സർവ്വകലാശാല രജിസ്ട്രാറും കൃഷി വകുപ്പ് ഡയറക്ടറുടെയും നേതൃത്വത്തിൽ കൂടിയ യോഗതീരുമാനപ്രകാരം ഇതിലേയ്ക്ക് അനുയോജ്യമായ സ്ഥലം പാലക്കാട് നെന്മാറയിൽ കണ്ടെത്തുന്നതിന് തീരുമാനിക്കുകയും താൽപ്പര്യപത്രം ക്ഷണിക്കുകയും ചെയ്തു. അതിൻപ്രകാരം കൊല്ലങ്കോട് എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റ് കോളേജിനാവശ്യമായ സ്ഥലം നൽകുന്നതിനുള്ള താല്പര്യപത്രം സമർപ്പിക്കുകയും ടി ട്രസ്റ്റിന്റെ

അധീനതയിലുള്ള സ്ഥലം കാർഷിക കോളേജിനായി കണ്ടെത്തുകയുമായിരുന്നു.

(ബി) പ്രസ്തുത കാർഷിക കോളേജിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; പ്രസ്തുത കോളേജിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

പാലക്കാട് ജില്ലയിലെ നെന്മാറയിലെ കാർഷിക കോളേജിനുവേണ്ടി തെരഞ്ഞെടുത്ത കൊല്ലങ്കോട് എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ അധീനതയിലുള്ള ഭൂസ്വത്തുക്കൾ ലോൺ എടുത്തതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൈവശത്തിലായിരുന്നു. 2022 ആഗസ്റ്റ് മാസം Debt Recovery Tribunal-ന്റെ നിർദ്ദേശപ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം തുക നൽകി പ്രസ്തുത വസ്തുവകകളുടെ കൈവശാവകാശവും അസ്സൽ രേഖകളും SBI-യിൽ നിന്ന് ട്രസ്റ്റിന് തിരികെ ലഭ്യമായിട്ടുണ്ട്. വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസത്തിനായി കേന്ദ്ര സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ

37(2707) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസത്തിനായി കേന്ദ്ര സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പട്ടികജാതി വിഭാഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. Central Prematric Scholarship (Comp-I)

9,10 ക്ലാസ്സ് സ്കോളർഷിപ്പ്:- സർക്കാർ/എയ്ഡഡ്/അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ 9, 10 ക്ലാസുകളിലെ പട്ടികജാതിവിഭാഗ വിദ്യാർത്ഥികൾക്ക് 2.50 ലക്ഷം രൂപ വരുമാനപരിധിക്ക് വിധേയമായി സ്കോളർഷിപ്പ് നൽകുന്നു. ഡേ സ്കോളേഴ്സ് വിദ്യാർത്ഥികൾക്ക് പ്രതിവർഷം 3,500/- (മൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ ഹോസ്റ്റലേഴ്സ് വിദ്യാർത്ഥികൾക്ക് പ്രതിവർഷം 7000/- (ഏഴായിരം രൂപ മാത്രം) രൂപ

ക്രമത്തിൽ അനുവദിക്കുന്നു. ആകെ തുകയുടെ 40% വിഹിതം സംസ്ഥാന സർക്കാരും 60% വിഹിതം കേന്ദ്രസർക്കാരും വഹിക്കുന്നു.

2. Central Prematric Scholarship (Comp-II).

<u>അനാരോഗ്യകരമായ ചുറ്റുപാടുകളിൽ തൊഴിലിൽ ഏർപ്പെടുന്നവരുടെ ആശ്രിതർക്കുള്ള സെൻട്രൽ സ്കോളർഷിപ്പ്</u> :- സർക്കാർ/ എയ്ഡഡ്/ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 10 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ജാതി-മത വരുമാന പരിഗണനകളില്ലാതെ സ്കോളർഷിപ്പ് നൽകുന്ന പദ്ധതി. ഡേ സ്കോളേഴ്സ് വിദ്യാർത്ഥികൾക്ക് പ്രതിവർഷം 3,500/- (മൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം) രൂപ, ഹോസ്റ്റലേഴ്സ് വിദ്യാർത്ഥികൾക്ക് പ്രതിവർഷം 8000/- (എണ്ണായിരം രൂപ മാത്രം) രൂപ ക്രമത്തിൽ അനുവദിക്കുന്നു. ആകെ തുകയുടെ 40% വിഹിതം സംസ്ഥാന സർക്കാരും 60% വിഹിതം കേന്ദ്രസർക്കാരും വഹിക്കുന്നു.

3. <u>പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്:-</u> ഹയർ സെക്കണ്ടറി തലം മുതലുള്ള കോഴ്സുകൾക്ക് മെറിറ്റ് / റിസർവ്വേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടിയ പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്ക് അംഗീകൃത ഫീസും അക്കാഡമിക്

അലവൻസും അനുവദിക്കുന്നു. അക്കാഡമിക് അലവൻസിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| കോഴ്സ് കാറ്റഗറി | ഹോസ്റ്റലേഴ്സ് | ഡേ സ്കോളേഴ്സ് |
|---|---|---|
| ഗ്രൂപ്പ് - 1 | ₹ 13,500/- | ₹ 7,000/- |
| ഗ്രൂപ്പ് - 2 | ₹ 9,500/- | ₹ 6,500/- |
| ഗ്രൂപ്പ് - 3 | ₹ 6,000/- | ₹ 3,000/- |
| ഗ്രൂപ്പ് - 4 | ₹ 4,000/- | ₹ 2,500/- |

പ്രസ്തുത സ്കോളർഷിപ്പുകളുടെ 60% തുക കേന്ദ്ര സർക്കാരും 40% സംസ്ഥാന സർക്കാരും വഹിക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട്

**1)** 9, 10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (75% കേന്ദ്രസഹായം)

9, 10 ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുപുറമേ പ്രതിവർഷം 2,250/-രൂപ (രണ്ടായിരത്തി ഇരുന്നൂറ്റി അമ്പത് രൂപ മാത്രം) സ്കോളർഷിപ്പ് ഇനത്തിലും ബുക്കുകളും പഠനോപകരണങ്ങളും വാങ്ങുന്നതിനായി 750/- (എഴുന്നൂറ്റി അമ്പത് രൂപ മാത്രം) രൂപയും ഹോസ്റ്റലുകളിൽ താമസിച്ച് പഠനം

നടത്തിവരുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം യഥാക്രമം 5,250/- രൂപയും 1,000/- രൂപയും നൽകിവരുന്നു.

പ്രസ്തുത പദ്ധതിക്കായി 75% കേന്ദ്ര വിഹിതമായും 25% സംസ്ഥാന വിഹിതമായും കുട്ടികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന ആനുകൂല്യം നൽകിവരുന്നു.

2) <u>പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി (75% കേന്ദ്രസഹായം)</u>

പട്ടികവർഗ്ഗ വിഭാഗത്തിലെ 10-ാം ക്ലാസിന് മുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, ഫീസ്, മറ്റ് ചെലവുകൾ, ഹോസ്റ്റലുകളുടെ ചെലവുകൾ, പോക്കറ്റ് മണി ഇവ വിതരണം ചെയ്തുവരുന്നു.

പ്രസ്തുത പദ്ധതിക്കായി 75% കേന്ദ്ര വിഹിതമായും 25% സംസ്ഥാന വിഹിതമായും കുട്ടികൾക്ക് ആനുകൂല്യം നൽകിവരുന്നു. ഈ സ്കോളർഷിപ്പുകൾ അനുവദിക്കുന്നതും വിതരണം ചെയ്യുന്നതും ഇ-ഗ്രാന്റ്സ് മുഖേനയാണ്.

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗക്കാർക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ പറയുന്നു.

1. <u>പ്രീ മെട്രിക് സ്കോളർഷിപ്പ് :-</u> കുടുംബ വാർഷിക വരുമാനം 2.50 ലക്ഷം വരെയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ടി സ്കോളർഷിപ്പ് അനുവദിക്കുന്നു.

2. <u>അനാരോഗ്യകരമായ ചുറ്റുപാടുകളിൽ തൊഴിലിൽ ഏർപ്പെടുന്നവരുടെ മക്കൾക്കുള്ള സെൻട്രൽ സ്കോളർഷിപ്പ്</u> :- പ്രസ്തുത വിഭാഗത്തിൽപ്പെട്ട തൊഴിലാളികളുടെ മക്കൾക്ക് ജാതി/മതം/വരുമാന പരിധി ബാധമാകാതെ ടി സ്കോളർഷിപ്പ് അനുവദിക്കുന്നു.

3. <u>ഇ-ഗ്രാന്റ്സ് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് :-</u> കുടുംബ വാർഷിക വരുമാനം 2.50 ലക്ഷം വരെയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട മെരിറ്റ്/റിസർവ്വേഷൻ അടിസ്ഥാനത്തിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് പ്രസ്തുത സ്കോളർഷിപ്പ് അനുവദിക്കുന്നു.

പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രസ്തുത വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡം ചുവടെ ചേർക്കുന്നു.

1. കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ കുറവായിരിക്കണം.

2. സർക്കാർ/സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളായിരിക്കണം.

3. വിദ്യാർത്ഥികൾക്ക് ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം. ആയത് ആധാറും മൊബൈൽ നമ്പരുമായി ലിങ്ക് ചെയ്തിട്ടുണ്ടായിരിക്കണം.

4. വിദ്യാർത്ഥികൾ പഠിക്കുന്ന ക്ലാസിലേയ്ക്കായി ഒറ്റത്തവണ മാത്രമേ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുകയുള്ളൂ. റിപ്പീറ്റ് ചെയ്യുന്നവർക്ക് ആ ക്ലാസ്സിലേയ്ക്ക് വീണ്ടും അനുവദിക്കില്ല.

5. പ്രീമെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നതിൽ അനാഥരായ വിദ്യാർത്ഥികളെ സംരക്ഷിക്കുന്നവരുടെ വരുമാനം കണക്കാക്കുന്നതല്ല.

6. മറ്റ് സ്കോളർഷിപ്പുകൾ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാരിന്റെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്ത വിദ്യാർത്ഥികൾക്ക് വരുമാനപരിധിയില്ലാതെ സംസ്ഥാന സർക്കാർ സ്കോളർഷിപ്പ് അനുവദിക്കുന്നു.

**ത്രീ ഡി.എം. വിഷ്വൽ ടീച്ചിംഗ് ക്ലാസ് റൂം പദ്ധതി**

38(2708) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.-കളിൽ നടപ്പാക്കിയ ത്രീ ഡി.എം. വിഷ്വൽ ടീച്ചിംഗ് ക്ലാസ് റൂം പദ്ധതിയുടെ സോഫ്റ്റ്‌വെയർ സംബന്ധിച്ച കരാർ ഓരോ വർഷവും പുതുക്കിവരുന്നുണ്ടോ; എങ്കിൽ അവസാനം പുതുക്കിയ തീയതിയും എന്നുവരെ പ്രാബല്യത്തിൽ ഉണ്ടെന്നുമുള്ള വിവരം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സോഫ്റ്റ്‌വെയറിൽ പുതുക്കിയ എൻ.എസ്.ക്യു.എഫ്. സിലബസ്പ്രകാരം എല്ലാ വിഷയങ്ങളും യഥാസമയം അപ്ഡേറ്റ് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ 2017 മുതൽ ഏതൊക്കെ അപ്ഡേഷൻ വരുത്തിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.-കളിൽ പ്രസ്തുത സോഫ്റ്റ്‌വെയർ 2017 മുതൽ നാളിതുവരെ എത്ര മണിക്കൂർ പ്രവർത്തിപ്പിച്ചിട്ടുണ്ടെന്ന് സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ?

(എ - സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## പട്ടികജാതി വികസന വകുപ്പിന്റെ ഐ.ടി.ഐ.-കളിലെ ത്രീഡി.എം. വിഷ്വൽ ടീച്ചിംഗ് പദ്ധതി

39(2709) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കളിൽ നടപ്പാക്കാൻ വിസമ്മതിച്ച ത്രീ ഡി.എം. വിഷ്വൽ ടീച്ചിംഗ് പദ്ധതി പട്ടികജാതി വികസന വകുപ്പിന്റെ ഐ.ടി.ഐ.-കളിൽ ധൃതിപിടിച്ച് നടപ്പാക്കിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി നടപ്പാക്കാനുള്ള കാരണം വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.റ്റി.ഐ.-കളിൽ നടപ്പാക്കിയ ത്രിഡി.എം. വിഷ്വൽ ടീച്ചിംഗ് ക്ലാസ്സ് റും പദ്ധതിക്കുവേണ്ടി കെൽട്രോൺ സമർപ്പിച്ച പ്രൊപ്പോസലിൽ വ്യാവസായിക പരിശീലന വകുപ്പിലെ വിവിധ ഐ.റ്റി.ഐ.-കളിൽ നടപ്പാക്കിയതായി പരാമർശിച്ചിരുന്നതിനാൽ പ്രസ്തുത പദ്ധതി നടപ്പാക്കിയത് സംബന്ധിച്ച് വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറോട് വിവരം ആരായുകയും ആയതിൻപ്രകാരം വ്യാവസായിക വകുപ്പിന്റെ കീഴിലുള്ള 77 ഐ.റ്റി.ഐ.-കളിൽ എം.എം.വി., ഡി/സിവിൽ, ഇലക്ട്രീഷ്യൻ, ഫിറ്റർ, ടർണർ, മെഷ്യനിസ്റ്റ് എന്നീ ട്രേഡുകളിലും എഞ്ചിനീയറിംഗ് ഡ്രോയിംഗ് വിഷയത്തിലും 3DM Visual Teaching Aid നടപ്പാക്കിയിട്ടുണ്ടെന്നും ഒരു ടച്ചിംഗ് ടൂൾ എന്ന നിലയിൽ ഗുണപ്രദമാണെന്നും സംസ്ഥാനതലത്തിൽ ഏകീകൃത രീതിയിൽ

പരിശീലനം നൽകാനും വിഷ്വൽസ് ഉള്ളതിനാൽ യന്ത്രഭാഗങ്ങളെക്കുറിച്ച് വിശദമായി മനസ്സിലാക്കാനും കഴിയുന്നുണ്ടെന്നും വ്യാവസായിക വകുപ്പ് ഡയറക്ടർ അറിയിക്കുകയും ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകുപ്പിന്റെ ഐ.റ്റി.ഐ.-കളിലും ടി പദ്ധതി നടപ്പാക്കാനുള്ള ശിപാർശ സമർപ്പിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പിന്റെ ഐ.റ്റി.ഐ.-കളിൽ പദ്ധതി നടപ്പാക്കുകയും ചെയ്തിരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപയുടെ കരാറാണ് ഒപ്പു വച്ചിട്ടുള്ളത്; ഏത് ഏജൻസിയുമായാണ് കരാർ ഒപ്പുവച്ചിട്ടുള്ളത്; പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച് നൽകുമോ?

പ്രസ്തുത പദ്ധതിക്കായി 4,81,00,610/- രൂപയുടെ കരാറാണ് രണ്ട് MOU-കൾപ്രകാരം കെൽട്രോൺ എന്ന ഏജൻസിയുമായി ഒപ്പുവച്ചിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുകയുടെ വിശദാംശം ശേഖരിച്ച് നൽകുന്നതാണ്.

(സി) 2017 മുതൽ നാളിതുവരെ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഓരോ വർഷവും നൽകിയിട്ടുള്ള വാർഷിക മെയിന്റനൻസ് ഫീസ് എത്രയാണെന്ന് വ്യക്തമാക്കുമോ?

2017 മുതൽ വാർഷിക മെയിന്റനൻസ് ഫീസായി തുക ഒന്നും നൽകിയിട്ടില്ല.

## ത്രിഡി എം വിഷ്വൽ ടീച്ചിംഗ് ക്ലാസ് റൂം പദ്ധതി

40(2710) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.-കളിൽ നടപ്പാക്കിയ ത്രിഡി.എം. വിഷ്വൽ ടീച്ചിംഗ് ക്ലാസ് റൂം പദ്ധതി സംബന്ധിച്ച് വകുപ്പ് ഡയറക്ടർ കരാർ ഒപ്പുവച്ചിട്ടുള്ളത് ആരുമായിട്ടാണെന്ന് അറിയിക്കാമോ; പ്രസ്തുത കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ?

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.റ്റി.ഐ.-കളിൽ നടപ്പാക്കിയ ത്രിഡി.എം. വിഷ്വൽ ടീച്ചിംഗ് ക്ലാസ്സ് റൂം

പദ്ധതി സംബന്ധിച്ച് വകുപ്പ് ഡയറക്ടർ കരാർ ഒപ്പുവച്ചിട്ടുള്ളത് KELTRON-മായിട്ടാണ്. കരാറിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടിയുള്ള പ്രൊപ്പോസൽ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചത് ആരാണെന്നോ ഏത് ഏജൻസിയാണെന്നോ വ്യക്തമാക്കുമോ; കരാർ ഒപ്പുവച്ചിട്ടുള്ള ഏജൻസിക്ക് എൻ.സി.വി.ടി. സിലബസ്പ്രകാരം വിവിധ ട്രേഡുകളിൽ ഐ.ടി.ഐ. കുട്ടികൾക്കുവേണ്ട ക്ലാസുകൾ തയ്യാറാക്കാനുള്ള സാങ്കേതിക പരിജ്ഞാനം ഉണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.റ്റി.ഐ.-കളിൽ നടപ്പാക്കിയ ത്രിഡി.എം. വിഷ്വൽ ടീച്ചിംഗ് ക്ലാസ്സ് റൂം പദ്ധതിക്കുവേണ്ടി കെൽട്രോൺ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. വ്യാവസായിക പരിശീലന വകുപ്പിലെ വിവിധ ഐ.റ്റി.ഐ.-കളിൽ പ്രസ്തുത പ്രോഗ്രാം കെൽട്രോൺ മുഖേന നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കിയതുസംബന്ധിച്ച് വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടറുടെ അഭിപ്രായം ആരായുകയും വ്യാവസായിക വകപ്പിന്റെ കീഴിലുള്ള 77 ഐ.റ്റി.ഐ.-കളിൽ എം.എം.വി, ഡി/സിവിൽ, ഇലക്ട്രീഷ്യൻ, ഫിറ്റർ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടർണർ, മെഷ്യനിസ്റ്റ് എന്നീ ട്രേഡുകളിലും എഞ്ചിനീയറിംഗ്, ഡ്രോയിംഗ് വിഷയത്തിലും 3DM Visual Teaching Aid നടപ്പാക്കിയിട്ടുണ്ടെന്നും ഒരു ടച്ചിംഗ് ടൂൾ എന്ന നിലയിൽ ഗുണപ്രദമാണെന്നും സംസ്ഥാനതലത്തിൽ ഏകീകൃത രീതിയിൽ പരിശീലനം നൽകാനും വിഷ്വൽസ് ഉള്ളതിനാൽ യന്ത്രഭാഗങ്ങളെക്കുറിച്ച് വിശദമായി മനസ്സിലാക്കാനും കഴിയുന്നുണ്ടെന്നും വ്യാവസായിക വകുപ്പ് ഡയറക്ടർ അറിയിക്കുകയും ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകുപ്പിന്റെ ഐ.റ്റി.ഐ.-കളിലും ടി പദ്ധതി നടപ്പാക്കാനുള്ള ശിപാർശ സമർപ്പിക്കുകയും ഭരണാനുമതി നൽകുകയും വകുപ്പിന്റെ ഐ.റ്റി.ഐ.-കളിൽ പദ്ധതി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത കരാർ ഒപ്പുവച്ചിട്ടുള്ള ഏജൻസിയുടെ രജിസ്ട്രേഷൻ നമ്പർ, അഡ്രസ്സ്, പ്രസ്തുത മേഖലയിലുള്ള മുൻപരിചയം എന്നിവ വ്യക്തമാക്കുമോ?

<u>പ്രസ്തുത ഏജൻസിയുടെ രജിസ്ട്രേഷൻ നമ്പർ</u> : 2450 CIN: U74999 KL1972SGC002450

<u>അഡ്രസ്സ്</u>: കെൽട്രോൺ ഹൗസ്, വെള്ളയമ്പലം, തിരുവനന്തപുരം -695 033, ഇൻഡ്യ.

<u>മുൻപരിചയം</u>: പ്രസ്തുത ഏജൻസി മുഖേന വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള 77 ഐ.റ്റി.ഐ.-കളിൽ എം.എം.വി, ഡി/സിവിൽ, ഇലക്ട്രീഷ്യൻ, ഫിറ്റർ, ടർണർ, മെഷ്യനിസ്റ്റ് എന്നീ ട്രേഡുകളിലും എഞ്ചിനീയറിംഗ്, ഡ്രോയിംഗ് വിഷയത്തിലും 3DM Visual Teaching Aid നടപ്പാക്കിയിട്ടുണ്ട്.

**പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.-കളിലെ 3DM വിഷ്വൽ ടീച്ചിംഗ് ക്ലാസ് റൂം പദ്ധതി**

41(2711) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.-കളിൽ നടപ്പാക്കിയ 3DM വിഷ്വൽ ടീച്ചിംഗ് ക്ലാസ് റൂം പദ്ധതി നടപ്പാക്കിയതിനു ശേഷം വകുപ്പിന്റെ ഏതെങ്കിലും ഉന്നത ഉദ്യോഗസ്ഥരോ ചുമതലപ്പെടുത്തിയവരോ നാളിതുവരെ ഐ.ടി.ഐ.-കൾ സന്ദർശിച്ച് സോഫ്റ്റ്‌വെയർ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഐ.റ്റി.ഐ.-കൾ സന്ദർശിച്ച് സോഫ്റ്റ്വെയർ പരിശോധന നടത്തുന്നതിനായി വകുപ്പിലെ ഉദ്യോഗസ്ഥരെ പ്രത്യേകമായി ചുമതലപ്പെടുത്തിയിട്ടില്ല.

(ബി) വകുപ്പിലെ ഇൻസ്ട്രക്ടർമാരെ ഉപയോഗിച്ച് പ്രായോഗിക പരിശീലനത്തിന്റെ വീഡിയോ ഷൂട്ട് ചെയ്ത് സോഫ്റ്റ്വെയർ തയ്യാറാക്കാം എന്ന് മേൽപ്പറഞ്ഞ പദ്ധതിയുടെ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ. ഇൻസ്ട്രക്ടർമാരുടെ സേവനം ബന്ധപ്പെട്ട കമ്പനിക്ക് സോഫ്റ്റ്വെയർ നിർമ്മിക്കാൻവേണ്ടി വിട്ടുകൊടുക്കാൻ വകുപ്പിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(ബി&സി) ഇല്ല.

(ഡി) സോഫ്റ്റ്വെയർ നിർമ്മാണത്തിനായി വകുപ്പിലെ ഇൻസ്ട്രക്ടർമാരുടെ സേവനം ഉപയോഗിച്ചതിനുശേഷം ബന്ധപ്പെട്ട കമ്പനി പ്രസ്തുത സേവനത്തിന് ഉൾപ്പെടെയുള്ള തുക വകുപ്പിൽനിന്നും ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ബാധകമല്ല.

(ഇ) സോഫ്റ്റ്‌വെയർ അപ്‌ഡേഷനുമായി ബന്ധപ്പെട്ട് പ്രസ്തുത കമ്പനിക്ക് നാളിതുവരെ നൽകിയിട്ടുള്ള തുകയുടെ വിശദാംശം ഇനം തിരിച്ച് നൽകുമോ?

സോഫ്റ്റ്‌വെയർ അപ്‌ഡേഷനുമായി ബന്ധപ്പെട്ട് പ്രസ്തുത കമ്പനിക്ക് നാളിതുവരെ തുകയൊന്നും നൽകിയിട്ടില്ല.

## പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ സീറ്റ് വർദ്ധനവ്

42(2712) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പുകൾക്കുകീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടില്ല.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ ഈ വർഷം തൃശ്ശൂർ ജില്ലയിൽ 30 കുട്ടികളെ ഉൾക്കൊള്ളുന്ന ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ പുതിയതായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അഭാവത്തിൽ പ്രസ്തുത ഹോസ്റ്റലുകളിൽ മറ്റ് വിഭാഗക്കാർക്ക് അഡ്മിഷൻ അനുവദിക്കാറുണ്ടോയെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പുകൾക്കുകീഴിലുള്ള ഹോസ്റ്റലുകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിൽ അവരുടെ അഭാവത്തിൽ മറ്റ് വിഭാഗക്കാർക്ക് അഡ്മിഷൻ അനുവദിക്കാറില്ല.

പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ 90% സീറ്റുകൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും 10% സീറ്റുകൾ പട്ടികജാതി ഇതര വിഭാഗത്തിൽപ്പെട്ടവർക്കുമായി സംവരണം ചെയ്തിട്ടുണ്ട്. വകുപ്പിനുകീഴിലുള്ള പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളിൽ 68% സീറ്റുകളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും 17% സീറ്റുകൾ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും 5% സീറ്റുകൾ മറ്റർഹ വിഭാഗത്തിൽപ്പെട്ടവർക്കും 10% മറ്റുള്ളവർക്കുമായി സംവരണം ചെയ്തിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള പ്രീമെട്രിക് - പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ 90% സീറ്റുകൾ പട്ടികവർഗ്ഗ

വിഭാഗത്തിൽപ്പെട്ടവർക്കും 10% സീറ്റുകൾ പട്ടികവർഗ്ഗ ഇതര വിഭാഗത്തിൽപ്പെട്ടവർക്കുമായി സംവരണം ചെയ്തിട്ടുണ്ട്.

## പ്രീ മെട്രിക് ഹോസ്റ്റലുകൾ

43(2713) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പ്രീ മെട്രിക് ഹോസ്റ്റലുകൾ ഉണ്ടെന്ന് അറിയിക്കുമോ; നിലവിൽ പ്രസ്തുത ഹോസ്റ്റലുകളിൽ ഓരോന്നിലും എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്ന് അറിയിക്കുമോ; വിശദമാക്കുമോ;

(ബി) ഓരോ പ്രീ മെട്രിക് ഹോസ്റ്റലുകളുടേയും വിദ്യാർത്ഥികളെ ഉൾക്കൊള്ളാനുള്ള ശേഷി വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പിനുകീഴിൽ 85 പ്രീ മെട്രിക് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു. നിലവിൽ പ്രസ്തുത ഹോസ്റ്റലുകളിൽ ഓരോന്നിലും പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണവും ഹോസ്റ്റലിൽ ഉൾക്കൊള്ളാവുന്ന വിദ്യാർത്ഥികളുടെ എണ്ണവും അനുബന്ധം 1[+] ആയി ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ സംസ്ഥാനത്ത് നിലവിൽ 107 പ്രീ മെട്രിക് ഹോസ്റ്റലുകൾ ഉണ്ട്. വിശദാംശം അനുബന്ധം II+ ആയി ചേർക്കുന്നു.

(സി) സംസ്ഥാനത്ത് പുതിയ പ്രീ മെട്രിക് ഹോസ്റ്റലുകളുടെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; പുതിയ ഹോസ്റ്റലുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

പൊതുവിദ്യാഭ്യാസ മേഖലയിൽ വലിയ മുന്നേറ്റം സംഭവിച്ചിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാനത്ത് നിലവിൽ പുതിയ പ്രീ മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകതയില്ലെന്നാണ് വിലയിരുത്തിയിട്ടുള്ളത്. പുതിയ പ്രീ മെട്രിക് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനുള്ള ശിപാർശകളൊന്നും ലഭ്യമായിട്ടില്ല.

## പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ ആധുനികീകരണം

44(2714) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത്, പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആധുനികീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിച്ച് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിലേയ്ക്കായി അറ്റകുറ്റപ്പണികൾ, നവീകരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു. ഹോസ്റ്റലുകളിൽ ലൈബ്രറി, കമ്പ്യൂട്ടർ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഹോസ്റ്റലുകളിലും ടെലിവിഷൻ, ഫ്രിഡ്ജ്, മിക്സി, ഗ്രൈൻഡർ, ഗ്യാസ് കണക്ഷൻ, ശുദ്ധജല ലഭ്യതയ്ക്കായി വാട്ടർ പ്യൂരിഫയർ എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. ഹോസ്റ്റലുകളിൽ സോളാർ പാനലുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, സി.സി.ടി.വി. ക്യാമറകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഓരോ ഹോസ്റ്റലിനും തുടർന്നും ആവശ്യാനുസരണം ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

## വെർച്ച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളുടെ പ്രവർത്തനം

45(2715) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ആരംഭിക്കാനുദ്ദേശിക്കുന്ന വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളുടെ പ്രവർത്തനം ഏത് രീതിയിലാണെന്ന് വിശദമാക്കാമോ?

അഭ്യസ്തവിദ്യരായ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗ വിദ്യാർത്ഥികളെ വിവിധ മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനും മറ്റുമായി എല്ലാ നിയമസഭാ മണ്ഡലങ്ങളിലും വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനായി കുറഞ്ഞത് 50 വിദ്യാർത്ഥികൾക്കെങ്കിലും ഒരേ സമയമിരുന്ന് ക്ലാസ്സ് കേൾക്കുന്നതിന് പര്യാപ്തമായ ഹാൾ/മുറി ഓരോ നിയോജകമണ്ഡലത്തിലും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 02-11-2022-ന് എല്ലാ MLA-മാർക്കും വകുപ്പുമന്ത്രി കത്ത് നൽകിയിരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## പട്ടികജാതി യുവതീയുവാക്കളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി പദ്ധതികൾ

46(2716) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ഡി.ഐ.എസ്.സി., അസാപ്, കെ.എ.എസ്.ഇ. എന്നിവ മുഖേന പട്ടികജാതി യുവതീയുവാക്കളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി പദ്ധതികൾ അസൂത്രണം ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

ഉണ്ട്. സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ പട്ടികജാതി യുവതീയുവാക്കളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി ഐ.ടി., ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, അനിമേഷൻ, കൺസ്ട്രക്ഷൻ, ആരോഗ്യം, ഓയിൽ & ഗ്യാസ്, മറൈൻ വ്യവസായം, എയർലൈൻ, എയർപോർട്ട് മേഖല, കാർഗോ മാനേജ്മെന്റ് തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ സർക്കാർ അംഗീകൃത സ്ഥാപനങ്ങളായ KASE (Kerala Academy for Skills Excellence), KELTRON (Kerala State Electronics Development

Corporation Limited), CIPET (Central Institute of Petrochemicals Engineering & Technology), C-DAC (Centre for Development of Advanced Computing), ASAP (Additional Skill Acquisition Programme Kerala) മുഖേന നടപ്പാക്കുന്നു. ഇത്തരം നൈപുണ്യ വികസന പരിപാടികൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പരിശീലന സ്ഥാപനങ്ങളുമായിച്ചേർന്ന് വിവിധ വ്യവസായ മേഖലകളിൽ പ്ലേസ്മെന്റ് ഉറപ്പാക്കുന്നു.

(ബി) ഒൻപത്, പത്ത് എന്നീ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി നിലവിൽ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

9,10 ക്ലാസുകളിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പ്രീമെട്രിക് സ്കോളർഷിപ്പ്, ലംപ്സംഗ്രാന്റ്, സ്റ്റൈപന്റ്, ബുക്കുകളും പഠനോപകരണങ്ങളും വാങ്ങുന്നതിനുള്ള ധനസഹായം, ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ധനസഹായം എന്നിവ അനുവദിച്ചുവരുന്നു.

## നൈപുണ്യ പോഷണത്തിന്റെ അടിസ്ഥാനത്തിൽ പ്ലെയ്സ്മെന്റ്

47(2717) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് നൈപുണ്യ പോഷണത്തിന്റെ അടിസ്ഥാനത്തിൽ പ്ലെയ്സ്മെന്റ് നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(ബി) ഇതുമുഖേന എത്രപേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞുവെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

(എ&ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിവിധ മേഖലകളിൽ നൈപുണ്യ വികസന പരിശീലനം നൽകി പ്ലെയ്സ്മെന്റ് ഉറപ്പാക്കുന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ട്. അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് അവരുടെ താല്പര്യത്തിനും അഭിരുചിക്കും അനുസരിച്ച് ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാദ്ധ്യതയുള്ളതുമായ മേഖലകളിൽ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ നൽകുകയും പ്ലെയ്സ്മെന്റ് മുഖേന സ്ഥിര ശമ്പളത്തോടുകൂടി പല സംരംഭങ്ങളിലും തൊഴിൽ ലഭ്യമാക്കുന്നതിനും പ്രസ്തുത മേഖലകളിൽ സ്വന്തം രീതിയിൽ

ഉപജീവനം കണ്ടെത്തുന്നതിനും ആവശ്യമായ സഹായങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പുമുഖേന നൽകുന്നുണ്ട്.

നാളിതുവരെ നടപ്പാക്കിയ ഹോട്ടൽ മാനേജ്മെന്റ്, ഏവിയേഷൻ മേഖലയിലെ എയർലൈൻ കസ്റ്റമർ സർവ്വീസ്, എയർലൈൻ ആൻഡ് എയർപോർട്ട് മാനേജ്മെന്റ്, ഓട്ടോമൊബൈൽ മേഖലയിലെ കോഴ്സുകൾ, കമ്പ്യൂട്ടർ ആൻഡ് ഡിജിറ്റൽ മീഡിയ മേഖലയിലെ കോഴ്സുകൾ, ടൂറിസം & ഹോട്ടൽ മാനേജ്മെന്റ് മേഖലയിലെ കോഴ്സുകൾ തുടങ്ങിയ വിവിധ പരിശീലന പരിപാടികൾ മുഖേന പരിശീലനം നേടിയ 2827 പേർക്ക് പ്ലെയ്സ്മെന്റ് നൽകിയിട്ടുണ്ട്. നൈപുണ്യ വികസന പരിശീലനങ്ങൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്ലേസ്മെന്റ് ഉറപ്പാക്കുന്നതിനുപുറമെ സ്വദേശത്തും വിദേശത്തും തൊഴിൽ ലഭിക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമുതകുന്ന തരത്തിൽ ഐ.ടി., ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ, ആനിമേഷൻ, കൺസ്ട്രക്ഷൻ, ആരോഗ്യം, ഓയിൽ & ഗ്യാസ്, മറൈൻ വ്യവസായം തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ വിവിധ ഏജൻസികൾ മുഖേന 2022-23 വർഷം നടപ്പാക്കുന്നുമുണ്ട്.

## പട്ടിക വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്കുള്ള തൊഴിൽസാധ്യത

48(2718) <u>ശ്രീ. പി. ടി. എ. റഹീം</u>:
<u>ശ്രീ. എം. വിജിൻ</u>:
<u>ശ്രീ. വി. കെ. പ്രശാന്ത്</u>:
<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിനകത്തും പുറത്തുമായി പുതിയ തൊഴിൽ മേഖലകളിലേയ്ക്ക് യുവതയെ എത്തിച്ച് സുസ്ഥിര വരുമാനം സാധ്യമാക്കുക എന്ന ലക്ഷ്യവുമായി പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീ-യുവാക്കൾക്ക് നൂതന കോഴ്സുകളിൽ പ്രാവീണ്യം ലഭ്യമാക്കുന്നതിനായി പ്രത്യേക പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) പരിശീലനം ലഭ്യമാക്കുന്ന നൂതന മേഖലകൾ, പ്രതീക്ഷിക്കുന്ന തൊഴിൽ സാധ്യത തുടങ്ങിയവയുടെ വിശദാംശം വ്യക്തമാക്കാമോ?

(എ&ബി) പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അവരുടെ പഠന മേഖലയ്ക്കനുസൃതമായ തൊഴിൽപരിചയവും പരിശീലനവും നൽകി അവരുടെ കരിയർ

ഉന്നതിയിലെത്തിക്കുന്നതിനും അതുവഴി മികവുറ്റ തൊഴിലുകൾക്ക് പ്രാപ്തരാക്കുന്നതിനും സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.

വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാകുകവഴി തങ്ങളുടെ കരിയർ പ്രോജ്ജ്വലമാക്കുന്നതിന് കൂടുതൽ ആത്മവിശ്വാസവും അനുഭവപരിചയവും സ്വായത്തമാകുന്നു. എഞ്ചിനീയറിംഗ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, ക്ലർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഓണറേറിയത്തോടുകൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. പരമാവധി രണ്ടുവർഷംവരെ പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതത് മേഖലകളിൽ അനിവാര്യമായ നൈപുണ്യം കൈവരിക്കുന്നതിന് ഉതകുന്ന പ്രത്യേക ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു. സർക്കാർതലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുകവഴി ആർജ്ജിക്കുന്ന

പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു.

നിലവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും 500 എഞ്ചിനീയറിംഗ് ഉദ്യോഗാർത്ഥികൾക്ക് അക്രെഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർമാരായി നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 114 MSW ബിരുദധാരികൾക്ക് സോഷ്യൽ വർക്കർമാരായും 380 ബിരുദധാരികൾക്ക് അപ്രന്റീസ് ക്ലർക്കുമാരായും 2399 പേർക്ക് പ്രൊമോട്ടർമാരായും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമനം നൽകിയിട്ടുണ്ട്. ഇതിനുപുറമേ 18 നിയമബിരുദധാരികളെ ഓണറേറിയം വ്യവസ്ഥയിൽ ലീഗൽ കൗൺസിലർ, ലീഗൽ അഡ്വൈസർ തസ്തികകളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. നഴ്സിംഗ്, പാരാമെഡിക്കൽ, മാനേജ്മെന്റ്, അദ്ധ്യാപനമേഖലയിലുള്ള ഉദ്യോഗാർത്ഥികൾക്കുള്ള നിയമനം സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവപരിഗണനയിലാണ്. ഇത്തരത്തിൽ വിവിധ മേഖലകളിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ പരിശീലനവും പിന്തുണയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ്

Training for Career Excellence (TRACE) എന്ന പേരിൽ പദ്ധതി നടപ്പാക്കാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്ദേശിക്കുന്നത്.

**മടിക്കൈ ഗ്രാമപഞ്ചായത്തിലെ കോർപ്പസ് ഫണ്ട് പ്രവൃത്തികൾ**

49(2719) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ മടിക്കൈ ഗ്രാമപഞ്ചായത്തിലെ കൊളങ്ങാട് - കടുക്കാതൊണ്ടി കമ്മ്യൂണിറ്റി ഹാളിന്റെ നവീകരണവും നാര-നെടുംത്തുടുപ്പ് (കൊരങ്ങനാടി) റോഡ് പുനരുദ്ധാരണവും കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) രണ്ട് പദ്ധതികളും അടിയന്തരമായി നടപ്പാക്കുന്നതിനുവേണ്ട പരിഗണന നൽകി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

(എ&ബി) കാഞ്ഞങ്ങാട് മണ്ഡലത്തിൽ മടിക്കൈ ഗ്രാമ പഞ്ചായത്തിലെ കൊളങ്ങാട് - കടുക്കാതൊണ്ടി കമ്മ്യൂണിറ്റി ഹാളിന്റെ നവീകരണത്തിനായി 35 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു. എന്നാൽ അത് പഴയ DSR പ്രകാരമുള്ളതായതിനാൽ

2018 ഡിഎസ്ആർ പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

നാര-നെടുംത്തുട്ടപ്പ് (കൊരങ്ങനാടി) റോഡ് പുനരുദ്ധാരണത്തിനായി 115.30 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നെങ്കിലും അംഗീകാരം ലഭ്യമായിരുന്നില്ല. അംഗീകാരം ലഭ്യമാക്കുന്നതിന് പ്രൊപ്പോസൽ പുനഃപരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതികളും തുകയും**

50(2720) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന ജില്ലകളിൽ കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണ്?

18-09-2014-ലെ സ.ഉ(കൈ)നം. 68/14/പജപവവിവ ഉത്തരവിലെ വ്യവസ്ഥകൾപ്രകാരമാണ് കോർപ്പസ് ഫണ്ട് പദ്ധതി നടപ്പാക്കിവരുന്നത്. അടങ്കൽ തുക പരമാവധി 25 ലക്ഷം രൂപവരെയുള്ള പദ്ധതികൾ ജില്ലാ

കളക്ടർ അദ്ധ്യക്ഷനായ സമിതിയുടെ അംഗീകാരത്തോടെ ജില്ലാതലത്തിൽ നടപ്പാക്കുന്നു.

(ബി) കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദമാക്കാമോ?

കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :-

കുടിവെള്ള വിതരണം, ഗതാഗത സൗകര്യ വികസനം, വൈദ്യുതി വിതരണം, പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിക്ക് (വിദ്യാഭ്യാസം, സംസ്കാരം, കായികം) ഉതകുന്ന പ്രോജക്ടുകൾ.

(സി) കണ്ണൂർ ജില്ലയിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി 2022-23 വർഷത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ?

കണ്ണൂർ ജില്ലയിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി 2022-23 വർഷത്തിൽ 41 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 39,68,889/- (മുപ്പത്തിയൊൻപത് ലക്ഷത്തി അറുപത്തെണ്ണായിരത്തി എണ്ണൂറ്റി എൺപത്തിയൊൻപത് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## കോർപ്പസ് ഫണ്ട്

51(2721) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച കോർപ്പസ് ഫണ്ട് എത്രയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിൽ നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച കോർപ്പസ് ഫണ്ട് വിശദാംശങ്ങൾ അനുബന്ധം I+ ആയി ചേർക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ഏറനാട് മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെയായി ചെയ്ത പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വികസന വകുപ്പ് കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ഏറനാട് മണ്ഡലത്തിൽ 2016 മുതൽ നാളിതുവരെയായി ചെയ്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം II+ ആയി ചേർക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ് ചെയ്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം III+ ആയി ചേർക്കുന്നു.

(സി) കോർപ്പസ് ഫണ്ട് ഉപയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, അനുവദിക്കാവുന്ന പരമാവധി തുക എന്നിവ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

പട്ടികജാതി വികസന വകുപ്പിൻകീഴിൽ 18-09-2014-ലെ സ.ഉ(കൈ)നം.68/14/പജപവവിവ ഉത്തരവിലെ വ്യവസ്ഥകൾപ്രകാരം അടങ്കൽ തുക 25 ലക്ഷം രൂപവരെയുള്ള പദ്ധതികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെയും 25 ലക്ഷത്തിന് മുകളിലുള്ള പദ്ധതികൾ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെയും നടപ്പാക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പട്ടികവർഗ്ഗ വിഭാഗക്കാർ അധിവസിക്കുന്ന മേഖലകളിൽ വികസന വിടവുകൾ നികത്തുന്നതിനാവശ്യമായ പദ്ധതികൾ നടപ്പാക്കുന്നതിനാണ് കോർപ്പസ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫണ്ട് വിനിയോഗിക്കുന്നത്. പട്ടികവർഗ്ഗക്കാരുടെ സാമ്പത്തിക ഉന്നമനത്തിനും ഉപജീവനമാർഗ്ഗത്തിനും കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പദ്ധതികൾ ഈ ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിവരുന്നു. വികസനത്തിനായുള്ള പട്ടികജാതി/പട്ടികവർഗ്ഗ ജില്ലാതല കമ്മിറ്റിയുടെ (DLC for SC/ST) അംഗീകാരത്തോടെ 25 ലക്ഷം രൂപവരെയുള്ള പദ്ധതികൾക്കും അതിനുമുകളിലുള്ള പദ്ധതികൾ ഈ കമ്മിറ്റിയുടെ ശിപാർശയോടെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് അംഗീകാരത്തോടെയുമാണ് നടപ്പാക്കുന്നത്. എന്നാൽ റോഡ് നിർമ്മാണത്തിനുള്ള 25 ലക്ഷം രൂപവരെയുള്ള പദ്ധതികൾക്ക് ജില്ലാതല സമിതിയുടെ ശിപാർശയോടെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പാണ് അനുമതി നൽകുന്നത്.

(ഡി) ഏറനാട് മണ്ഡലത്തിൽ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ആരംഭിച്ച പ്രവൃത്തികൾ ഇപ്പോൾ ഏത് അവസ്ഥയിലാണെന്നും പുതുതായി ഏതെല്ലാം പദ്ധതികൾക്കാണ് കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിന് തീരുമാനം എടുത്തിട്ടുള്ളതെന്നും അറിയിക്കുമോ?

ഏറനാട് മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ആരംഭിച്ച പ്രവൃത്തികളുടെ നിലവിലെ

സ്ഥിതിവിവരങ്ങളും പുതുതായി കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിന് തീരുമാനം എടുത്തിട്ടുള്ള പദ്ധതികളുടെ വിവരങ്ങളും അനുബന്ധം II+ ആയി ചേർത്തിരിക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിൽ അനുമതി ലഭ്യമായ പദ്ധതികളെല്ലാം പൂർത്തീകരിച്ചു.

**മലപ്പുറം ജില്ലയിൽ എസ്.സി. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി അനുമതി നൽകിയ പ്രവൃത്തികൾ**

52(2722) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷം എസ്.സി. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിൽ അനുമതി നൽകിയ പ്രവൃത്തികളുടെ വിവരം ബ്ലോക്ക് തിരിച്ച് ലഭ്യമാക്കുമോ; ഏതെല്ലാം തരത്തിലുള്ള പ്രവൃത്തികൾക്കാണ് മുൻ വർഷം മുൻഗണന നൽകിയതെന്നും വ്യക്തമാക്കുമോ?

2022-23 വർഷം എസ്.സി. കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി മലപ്പുറം ജില്ലയിൽ അനുമതി നൽകിയ പ്രവൃത്തികളുടെ വിവരം അനുബന്ധം I+ ആയി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചേർക്കുന്നു. കുടിവെള്ള പദ്ധതി, റോഡ് നിർമ്മാണം, ഭവന സുരക്ഷ എന്നീ പ്രവൃത്തികൾക്കാണ് മുൻവർഷം മുൻഗണന നൽകിയിരുന്നത്.

(ബി) 2022-23 കാലയളവിൽ നിലമ്പൂർ ബ്ലോക്കിൽനിന്നും ഏതെല്ലാം പദ്ധതികളാണ് എസ്.സി. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്താനായി അപേക്ഷിച്ചിരുന്നതെന്നും ഏതെല്ലാം പദ്ധതികൾക്കാണ് അനുമതി ലഭിച്ചതെന്നും അറിയിക്കുമോ; അപേക്ഷിച്ചതും അനുമതി ലഭിച്ചതുമായ പദ്ധതികളുടെ പേരുവിവരങ്ങൾ തദ്ദേശ സ്ഥാപനം തിരിച്ച് ലഭ്യമാക്കുമോ?

2022-23 വർഷക്കാലയളവിൽ കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി നിലമ്പൂർ ബ്ലോക്കിലെ ചുങ്കത്തറ ഗ്രാമ പഞ്ചായത്തിലെ മണലി കളക്കുന്ന് പട്ടികജാതി കോളനി കുടിവെള്ളപദ്ധതി, നിലമ്പൂർ നഗരസഭയിലെ അരുവാക്കോട് പട്ടികജാതി കോളനി സംരക്ഷണ ഭിത്തി നിർമ്മാണം എന്നീ രണ്ട് പദ്ധതികളുടെ അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്.

(സി) പ്രസ്തുത കാലയളവിൽ സ്ഥലം എം.എൽ.എ.-യുടെ ശിപാർശയോടുകൂടി നിലമ്പൂർ ബ്ലോക്കിലെ ചുങ്കത്തറ ഗ്രാമപഞ്ചായത്തിലെ കളക്കുന്ന് എസ്.സി. കോളനിയിലെ കുടിവെള്ള പദ്ധതിയുടെ പ്രൊപ്പോസൽ എസ്.സി. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിന് ലഭിച്ചിരുന്നോയെന്ന്

അറിയിക്കുമോ; പ്രസ്തുത പദ്ധതി മലപ്പുറം ജില്ലാ വർക്കിംഗ് ഗ്രൂപ്പിലേയ്ക്ക് പരിഗണിച്ചിരുന്നോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

നിലമ്പൂർ ബ്ലോക്കിലെ ചുങ്കത്തറ ഗ്രാമപഞ്ചായത്തിലെ മണലി കുളക്കുന്ന് പട്ടികജാതി കോളനി കുടിവെള്ള പദ്ധതിയുടെ പ്രൊപ്പോസൽ മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ലഭ്യമായിട്ടുണ്ട്. അത് ജില്ലാ പട്ടികജാതി വികസന ഓഫീസറുടെയും ജില്ലാ പ്ലാനിംഗ് ഓഫീസറുടെയും സംയുക്ത പരിശോധനയ്ക്കുശേഷം റിപ്പോർട്ട് സഹിതം പട്ടികജാതി പട്ടികവർഗ്ഗ ജില്ലാ സമിതി യോഗത്തിൽ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്.

(ഡി) മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്കിൽ 2016 മുതൽ നാളിതുവരെ എസ്.സി. കോർപ്പസ് ഫണ്ടിൽ അനുവദിച്ച പ്രവൃത്തികളുടെ വിവരങ്ങളും അനുവദിച്ച തുകയും തദ്ദേശ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കുമോ; ഇതിൽ സ്ഥലം എം.എൽ.എ. ശിപാർശ ചെയ്ത പ്രവൃത്തികൾ ഏതെല്ലാമെന്നും വിശദമാക്കുമോ?

മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്കിൽ 2016 മുതൽ നാളിതുവരെ എസ്.സി. കോർപ്പസ് ഫണ്ടിൽ അനുവദിച്ച പ്രവൃത്തികളുടെ വിവരങ്ങളും അനുവദിച്ച തുകയും തദ്ദേശ സ്ഥാപനങ്ങൾ തിരിച്ച് അനുബന്ധം II+ ആയി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചേർത്തിരിക്കുന്നു. ഇതിൽ സ്ഥലം എം.എൽ.എ. ശിപാർശ ചെയ്ത പ്രവൃത്തികൾ ഒന്നുംതന്നെ ഇല്ല.

**കോർപ്പസ് ഫണ്ട്**

53(2723) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ ഉന്നമനത്തിനായി ചെലവഴിക്കുന്ന കോർപ്പസ് ഫണ്ട് ഏതൊക്കെ മേഖലകളിൽ എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ചെലവഴിക്കുന്നതെന്ന് അറിയിക്കാമോ?

എസ്.സി./എസ്.ടി. വിഭാഗക്കാർ അധിവസിക്കുന്ന മേഖലകളിലെ നിർണ്ണായക വികസന വിടവുകൾ നികത്തുന്നതിനാവശ്യമായ പദ്ധതികൾക്കാണ് കോർപ്പസ് ഫണ്ട് വിനിയോഗിക്കുന്നത്. കുടിവെള്ള വിതരണം, ഗതാഗത സൗകര്യ വികസനം, വൈദ്യുതി വിതരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിക്കും (വിദ്യാഭ്യാസം, സാംസ്കാരികം, കായികം) സാമ്പത്തിക

ഉന്നമനത്തിനും ഉപജീവന മാർഗ്ഗത്തിനും ആവശ്യമായ പദ്ധതികൾ ഈ ഫണ്ടിലുൾപ്പെടുത്തി നടപ്പാക്കിവരുന്നു.

(ബി) 2022-23 സാമ്പത്തിക വർഷത്തിൽ ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് കോർപ്പസ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; ഗ്രാമപഞ്ചായത്തുകൾ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

പട്ടികജാതി വികസന വകുപ്പ് 2022-23 സാമ്പത്തിക വർഷത്തിൽ ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ഉണ്ണികുളം പഞ്ചായത്തിലെ മൊകായി കോളനി കിണർ ഗ്രില്ലിടൽ പ്രവൃത്തിക്ക് 1,30,000/- രൂപ വകയിരുത്തിയിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചിട്ടില്ല.

പട്ടികവർഗ്ഗ വികസന വകുപ്പ് 2022-23 വർഷത്തിൽ ബാലുശ്ശേരി മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു :-

1) <u>കരിഞ്ചോറച്ചാൽ കോളനി കോൺക്രീറ്റ് നടപ്പാത നിർമ്മാണം</u> - ഉണ്ണികുളം ഗ്രാമപഞ്ചായത്ത് - അടങ്കൽ തുക 3,20,000/-രൂപ. (എഗ്രിമെന്റ് നടപടികൾ പൂർത്തീകരിച്ചു.)

2) <u>വിവിധ കോളനി ഭവനങ്ങളുടെ ചോർച്ച തടയുന്നതിന് ടാർപോളിൻ ഷീറ്റ് വിതരണം</u> - പൂർത്തീകരിച്ചു.

3) <u>കാട്ടുവെട്ട് യന്ത്രം വിതരണം</u> - കായണ്ണ ഗ്രാമപഞ്ചായത്ത് - പുരോഗമിക്കുന്നു.

4) <u>മരംമുറി യന്ത്രം വിതരണം</u> - ബാലുശ്ശേരി, കോട്ടൂർ, ഉണ്ണികുളം പഞ്ചായത്തുകൾ - പുരോഗമിക്കുന്നു.

5) <u>പെട്ടിക്കട നിർമ്മാണം നടത്തിപ്പ്</u> - കോട്ടൂർ, ബാലുശ്ശേരി പഞ്ചായത്തുകൾ- പുരോഗമിക്കുന്നു.

6) <u>തെങ്ങുകയറ്റ യന്ത്രം വിതരണം</u> - പനങ്ങാട്, കോട്ടൂർ, ഉണ്ണികുളം പഞ്ചായത്തുകൾ - പുരോഗമിക്കുന്നു.

7) <u>ആട്ടു വളർത്തൽ പദ്ധതി</u>- പനങ്ങാട്, കോട്ടൂർ, കായണ്ണ, ബാലുശ്ശേരി, ഉണ്ണികുളം പഞ്ചായത്തുകൾ - പുരോഗമിക്കുന്നു.

8) <u>തയ്യൽ മെഷീൻ വിതരണം</u> - കായണ്ണ, കോട്ടൂർ പഞ്ചായത്തുകൾ - പുരോഗമിക്കുന്നു.

**ദേവികുളം മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ പദ്ധതികൾ**

54(2724) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് മുഖേന 2022-23 വർഷത്തിൽ നടപ്പാക്കിയതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് ദേവികുളം മണ്ഡലത്തിൽനിന്നും 2022-23 വർഷത്തിൽ കോർപ്പസ് ഫണ്ട് മുഖേന നടപ്പാക്കാൻ ഫീസിബിളായ പ്രവൃത്തികളുടെ എസ്റ്റിമേറ്റൊന്നും ലഭിച്ചിട്ടില്ല. ടി മണ്ഡലത്തിൽനിന്നും നിർദ്ദേശം ലഭിച്ച ആലുവ മൂന്നാർ റോഡിൽ അമ്പതാംമൈൽ എന്ന സ്ഥലത്ത് പൊളിഞ്ഞുപോയ കലുങ്ക് നിർമ്മാണം എന്ന പദ്ധതി ഫീസിബിൾ അല്ല.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് ദേവികുളം മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് മുഖേന 2022-23 വർഷത്തിൽ നടപ്പാക്കിയതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികൾ അനുബന്ധം-I+ ആയി ചേർക്കുന്നു.

(ബി) 2016 മുതൽ നാളിതുവരെ പ്രസ്തുത മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കാൻ നിർദ്ദേശിച്ച പ്രവൃത്തികളുടെ വിശദവിവരങ്ങൾ വർഷം തിരിച്ച് അറിയിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി&സി) പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് 2016 മുതൽ നാളിതുവരെ പ്രസ്തുത മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ പ്രവൃത്തികൾ അനുബന്ധം-II+ ആയി ചേർക്കുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് 2016 മുതൽ നാളിതുവരെ പ്രസ്തുത മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കാൻ നിർദ്ദേശിച്ച പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധം-III+ ആയി ചേർക്കുന്നു.

## ആദിവാസികളുടെ പാരമ്പര്യ കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

55(2725) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും  വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിൽ പാരമ്പര്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പട്ടികവർഗ്ഗ വകുപ്പ് ആദിവാസി കർഷകർക്ക് നൽകിവരുന്ന സഹായങ്ങളുടെ വിശദവിവരങ്ങൾ നൽകുമോ?

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. അട്ടപ്പാടിയിൽ ആദിവാസി വിഭാഗങ്ങളുടെ പോഷകാഹാര കുറവ് പരിഹരിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും ഉപജീവനം മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി ഭൂമിയുള്ളതും കൃഷി ചെയ്യാൻ താൽപ്പര്യവുമുള്ള പട്ടികവർഗ്ഗ കർഷകർക്ക് ജൈവകൃഷിയിലൂടെ ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിനായി നടപ്പാക്കിയ പദ്ധതിയാണ് "നമത് വെള്ളാമെ".
2. അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി ചേർന്ന് "മില്ലെറ്റ് വില്ലേജ്" പദ്ധതി നടപ്പാക്കിവരുന്നു.
3. പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന ആദ്യഘട്ടത്തിൽ ഇടുക്കിയിലും വയനാട് ജില്ലകളിലുമായി "ഹരിതരശ്മി" പദ്ധതി നടപ്പാക്കിവരുന്നു.

(ബി) 2016 മുതൽ നാളിതുവരെ പ്രസ്തുത മേഖലയിൽ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത മേഖലയിലെ പ്രവർത്തനങ്ങൾക്ക് കേന്ദ്രസഹായം ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ?

പ്രസ്തുത കാലയളവിൽ പദ്ധതികൾക്ക് ചെലവഴിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. ടി കാലയളവിൽ പ്രസ്തുത മേഖലയിലെ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സഹായമായി 2 കോടി രൂപ ലഭ്യമായിട്ടുണ്ട്.

## 2022-23 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക

56(2726) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബഡ്ജറ്റിൽ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾക്കായി എത്ര രൂപ വകയിരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ഏതെല്ലാം മേഖലയ്ക്കായി എത്ര രൂപ വീതമാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ?

(എ&ബി) പട്ടികജാതി വികസന വകുപ്പിന് 2022-23 വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I+ ആയി ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികവർഗ്ഗ വികസന വകുപ്പിന് 2022-23 വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം II+ ആയി ചേർക്കുന്നു.

(സി) ബഡ്ജറ്റിൽ വകയിരുത്തിയ തുക ധനകാര്യ വകുപ്പിൽ നിന്ന് അനുവദിച്ച് കിട്ടിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

പ്രവൃത്തികൾ പൂർത്തിയായി ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്. ധനവ്യയ നിയന്ത്രണമുള്ള ശീർഷകങ്ങളിൽ ബില്ലുകൾക്ക് വേയ്സ് ആൻഡ് മീൻസ് ക്ലിയറൻസ് ലഭ്യമാക്കിയശേഷം തുക അനുവദിച്ചു വരുന്നതാണ്.

(ഡി) ബഡ്ജറ്റിൽ വകയിരുത്തിയ തുക ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിവരം മേഖലയും ജില്ലയും തിരിച്ച് വ്യക്തമാക്കാമോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

(ഡി&ഇ) ചെലവഴിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം III+ ആയി ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം IV+ ആയി ചേർക്കുന്നു.

**ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധന**

57(2727) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം അവസാനമായി പരിശോധന നടത്തിയത് എന്നാണെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പിൽ കണ്ണൂർ ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ കാര്യാലയത്തിൽ കണ്ണൂർ ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് 25-01-2023-നും പട്ടികവർഗ്ഗ വികസന വകുപ്പിൽ പ്രസ്തുത വകുപ്പിനുകീഴിലെ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ്, പുനലൂരിൽ കൊല്ലം ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് 15-02-2023-നും നടത്തിയ പരിശോധനയാണ് ധനകാര്യ പരിശോധനാ വിഭാഗം പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ അവസാനമായി നടത്തിയ പരിശോധന.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുഞ്ഞൻ വെളുമ്പൻ പഠന ഗവേഷണ കേന്ദ്രത്തിന് ധനസഹായമനുവദിക്കാൻ നടപടി

58(2728) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള തണ്ടാൻ മഹാസഭയുടെ ആചാര്യനായ കുഞ്ഞൻ വെളുമ്പന്റെ പേരിൽ ഓച്ചിറയിൽ പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് 3 കോടി രൂപയുടെ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പരിശോധിക്കുന്നതാണ്.

## പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറികൾ

59(2729) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറികൾ ആയുഷ് വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 24-07-2019-ന് ചേർന്ന യോഗത്തിൽ

എടുത്ത തീരുമാനങ്ങൾ പൂർണ്ണമായി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; പ്രസ്തുത യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഹോമിയോ ഹെൽത്ത് ഡിസ്പെൻസറികളിലേയ്ക്ക് സ്ഥിരം തസ്തികകൾ അനുവദിക്കുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറികളിൽ ആയുഷ് വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 24-07-2019-ന് ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ പൂർണ്ണമായി നടപ്പാക്കിയിട്ടില്ല. പ്രസ്തുത മീറ്റിംഗിന്റെ നടപടിക്കുറിപ്പിലെ നിർദ്ദേശാനുസരണം 29 ഹോമിയോ ഹെൽത്ത് സെന്ററുകളിലേയ്ക്ക് ആവശ്യമായ 116 തസ്തിക സൃഷ്ടിക്കുന്നതിനും തസ്തിക സൃഷ്ടിക്കുന്നതുവരെയുള്ള തുടർപ്രവർത്തനങ്ങൾക്കുള്ള തുക പട്ടികജാതി വികസന വകുപ്പിൽനിന്നും വഹിക്കുന്നതിനുമാണ് തീരുമാനമായിരുന്നത്. അതിൻപ്രകാരം 29 ഹോമിയോ ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനങ്ങൾക്കുള്ള തുക പട്ടികജാതി വികസന വകുപ്പിൽനിന്നും നൽകി

വരുന്നുണ്ട്. ഹോമിയോ ഹെൽത്ത് സെന്ററുകളുടെ 2022-23 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്ക് 3.52 കോടി രൂപ അനുവദിച്ച് സർക്കാർ ഉത്തരവാകുകയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 2.53 കോടി രൂപ ഹോമിയോ ഡെപ്യൂട്ടി ഡയറക്ടർക്ക് ഇതുവരെ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. 116 തസ്തികകൾ സൃഷ്ടിക്കുന്നതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## എ.ബി.സി.ഡി. പദ്ധതി

60(2730) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വിഭാഗങ്ങൾക്കായി എ.ബി.സി.ഡി. പദ്ധതി നടപ്പാക്കിയ മാതൃകയിൽ പ്രസ്തുത പദ്ധതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായും നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്കായി എ.ബി.സി.ഡി (Akshaya Big Campaign for Document Digitalization) പദ്ധതി നടപ്പാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ടി പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗക്കാർക്കായും ABCD പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇ-ഗ്രാന്റ്സ് വർദ്ധിപ്പിക്കാൻ നടപടി

61(2731) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകൾക്ക് പഠിച്ചു കൊണ്ടിരിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അവർ മുമ്പ് മറ്റ് കോഴ്സുകൾക്ക് പഠിച്ചിരുന്ന സമയത്ത് ലഭിച്ചതിനേക്കാൾ കുറഞ്ഞ തുകയാണ് ഇ-ഗ്രാന്റ്സ് ആയി ലഭിക്കുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതുസംബന്ധിച്ച് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ നിലവിലുള്ള ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പരാതി പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ബാധകമല്ല.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് അനുവദിച്ച വാഹനങ്ങൾ

62(2732) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ എത്ര വാഹനങ്ങൾ നിലവിലുണ്ട്; 2016 ജൂൺമാസം മുതൽ നാളിതുവരെ എത്ര പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്; ഏതൊക്കെ വാഹനങ്ങളാണ് വാങ്ങിയതെന്നും ഓരോന്നിനും ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ 28 വാഹനങ്ങളും പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 50 വാഹനങ്ങളും നിലവിലുണ്ട്. 2016 ജൂൺമാസം മുതൽ ആകെ 12 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം. | വാങ്ങിയ വാഹനം | ചെലവായ തുക |
|---|---|---|
| 1 | Mahindra Xylo (4 Nos) | 753285*4 = 30,13,140/- |
| 2 | Mahindra Bolero (2 Nos) | 795382+621672 = 14,17,054/- |
| 3 | Toyota Crysta(2 Nos) | 1343673+1316765 = 26,60,438/- |
| 4 | Honda Activa | 62,476/- |
| 5 | Force Gurkha | 13,63,904/- |
| 6 | Maruthi Breeza | 8,96,000/- |

| | | |
|---|---|---|
| 7 | Bolero Jeep | 7,18,729/- |

(ബി) വകുപ്പുമന്ത്രിയുടെ ഓഫീസിലെ ആവശ്യങ്ങൾക്കായി എത്ര വാഹനങ്ങൾ വിട്ടുനൽകിയിട്ടുണ്ട്; ഏതൊക്കെ വാഹനങ്ങളാണ് ഇപ്രകാരം നൽകിയത്; പ്രസ്തുത വാഹനങ്ങളുടെ ഇന്ധനച്ചെലവ് ഉൾപ്പെടെ നിർവ്വഹിക്കുന്നത് ആരാണ്; വിശദമാക്കാമോ?

വകുപ്പുമന്ത്രിയുടെ ഓഫീസിലെ ആവശ്യങ്ങൾക്കായി മാരുതി ബ്രീസ്സ, മാരുതി എസ്.എക്സ്-4, ടൊയോട്ട ഇന്നോവ എന്നീ 3 വാഹനങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത വാഹനങ്ങളുടെ ഇന്ധനച്ചെലവ് ഉൾപ്പെടെ നിർവ്വഹിക്കുന്നത് യഥാക്രമം പട്ടികജാതി വികസന വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നാണ്.

**കുന്നത്തുനാട് മണ്ഡലത്തിൽ ചികിത്സാധനസഹായം**

63(2733) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും ചികിത്സാധനസഹായം അനുവദിച്ച അപേക്ഷകരുടെ പേര് വിവരം, അനുവദിച്ച തുക എന്നിവയും ഇനിയും തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം സംബന്ധിച്ച വിവരവും ഗ്രാമപഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരമേറ്റതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിൽ നിന്നും ചികിത്സാധനസഹായം അനുവദിച്ച അപേക്ഷകരുടെ പേര് വിവരം, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ അടങ്ങിയ ലിസ്റ്റ് അനുബന്ധമായി+ ചേർക്കുന്നു.

ഇനിയും തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം സംബന്ധിച്ച ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം

വാഴക്കുളം - 11
കിഴക്കമ്പലം - 4
കുന്നത്തുനാട് - 16
മഴുവന്നൂർ - 12
തിരുവാണിയൂർ - 1
വടവുകോട് പുത്തൻകുരിശ് - 7
ഐക്കരനാട് - 7

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുതുക്ക - 10

ആകെ - 68 അപേക്ഷകൾ

(ബി) ചികിത്സാധനസഹായം കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കാലതാമസം കൂടാതെ ചികിത്സാ ധനസഹായം വിതരണം ചെയ്തുവരുന്നു.

**പട്ടികജാതി പെൺകുട്ടികൾക്കുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ**

64(2734) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ നിയോജകമണ്ഡലത്തിലെ പൂത്തോൾ പി. കെ. ചാത്തൻ മാസ്റ്റർ സ്മാരക ഭൂമിയിൽ പട്ടികജാതി പെൺകുട്ടികൾക്കുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

തൃശ്ശൂർ ജില്ലയിലെ പി. കെ. ചാത്തൻ മാസ്റ്റർ സ്മാരക ഭൂമിയിൽ പട്ടികജാതി പെൺകുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണത്തിനായുള്ള പ്രോജക്ട് പ്രൊപ്പോസൽ 2023-24 സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത

പദ്ധതിയായ PM-AJAY (Pradhan Mantri Anusuchit Jaati Abhyuday Yojna) പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

PM-AJAY പദ്ധതിപ്രകാരം പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി അനുമതി ലഭ്യമാകുന്ന മുറയ്ക്ക് കാലതാമസമില്ലാതെ പദ്ധതി പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

**ഗിരിജൻ സൊസൈറ്റിക്ക് ചുമട്ടുകൂലി ഇനത്തിൽ നൽകാനുള്ള തുക**

65(2735) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്രവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിൽ റേഷൻ സാധനങ്ങൾ എത്തിച്ചുനൽകുന്ന ഗിരിജൻ സൊസൈറ്റിക്ക് ചുമട്ടുകൂലി ഇനത്തിൽ തുക ലഭിക്കാതിരിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ചുമട്ടുകൂലി ഇനത്തിൽ എത്ര തുക സൊസൈറ്റിക്ക് നൽകാനുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത തുക നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇടമലക്കുടിയിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിലേയ്ക്കുള്ള റേഷൻ സാധനങ്ങൾ എത്തിച്ചതിന്റെ ചുമട്ടുകൂലി ഇനത്തിൽ ദേവികുളം ഗിരിജൻ സർവ്വീസ് സൊസൈറ്റിക്ക് 01-12-2020 മുതൽ 31-08-2022 വരെ നൽകാനുള്ള തുകയായ 31,28,846/- രൂപ അനുവദിക്കുന്നതിലേയ്ക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## മണ്ണാർക്കാട് മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പാക്കിവരുന്ന പദ്ധതികൾ

66(2736) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മണ്ണാർക്കാട് മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

അംബേദ്കർ ഗ്രാമം:- കിഴക്കുംപുറം കോളനി - എസ്റ്റിമേറ്റ് പരിശോധിച്ച് വരുന്നു.

തോരാപ്പുരം:- പ്രവൃത്തി പുരോഗതിയിലാണ്. മാർച്ച് മാസത്തിനകം പൂർത്തീകരിക്കുന്നതാണ്.

കോർപ്പസ് ഫണ്ട് പ്രവൃത്തികൾ:- തെന്നാരി എസ്.സി. കോളനി സംരക്ഷണഭിത്തി - പ്രവൃത്തി പുരോഗതിയിലാണ്.

കിഴക്കുംപുറം എസ്.സി.കോളനി റോഡ് കോൺക്രീറ്റിംഗ്:- പ്രവൃത്തി പുരോഗതിയിലാണ്.

മറ്റ് പദ്ധതികൾ :- പഠനമുറി, സേഫ്, ഭൂമി, ചികിത്സാ ധനസഹായം, സ്വയംതൊഴിൽ പദ്ധതി, വിദേശതൊഴിൽ, മിശ്രവിവാഹം, വിവാഹം, ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബത്തിനുള്ള

ധനസഹായം, വിദ്യാഭ്യാസ ഗ്രാന്റുകൾ, സ്കോളർഷിപ്പുകൾ, ദുർബല വിഭാഗ പദ്ധതികൾ (ഭൂമി, ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, ടോയ്‌ലെറ്റ്)

മണ്ണാർക്കാട് മണ്ഡലത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

<u>ജനനി-ജന്മരക്ഷ പദ്ധതി</u>

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അമ്മയ്ക്കും കുഞ്ഞിനും വേണ്ട പരിചരണം ഉറപ്പാക്കുന്നതിനും പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് ജനനി ജന്മരക്ഷ പദ്ധതി. ഗർഭിണി ആയതിനുശേഷമുള്ള 3 മാസം മുതൽ കുഞ്ഞിന് ഒരു വയസ്സാകുന്നതുവരെയുള്ള 18 മാസക്കാലം പ്രതിമാസം 2,000/- (രണ്ടായിരം രൂപ മാത്രം) രൂപ വീതം ഈ പദ്ധതിയിലൂടെ നൽകിവരുന്നു.

<u>ഭക്ഷ്യസഹായ പദ്ധതി</u>

ക്ഷാമമാസങ്ങളിൽ അർഹരായ പട്ടികവർഗ്ഗക്കാരെ കണ്ടെത്തി ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തുന്ന പദ്ധതി.

<u>സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി</u>

പട്ടികവർഗ്ഗക്കാർക്ക് എല്ലാത്തരം ചികിത്സാ ചെലവുകളും സൗജന്യമായി ഉറപ്പുവരുത്തുന്ന പദ്ധതി.

ഒ. പി. ക്ലിനിക്ക്

ആംബുലൻസ് സൗകര്യം

വാത്സല്യ സ്പർശം പദ്ധതി

സിക്കിൾ സെൽ അനീമിയ രോഗികൾക്ക് ധനസഹായം :-

സിക്കിൾ സെൽ അനീമിയ രോഗികൾക്ക് പ്രതിമാസം 2500/- രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതി.

പുനർജനി /കാരുണ്യാശ്രമം

അട്ടപ്പാടിയിലെ മാനസികരോഗികളുടെ പുനരധിവാസത്തിനായി നടപ്പാക്കുന്ന പദ്ധതിയാണ് 'പുനർജനി'. ഈ പദ്ധതി നിലവിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നിരാലംബർക്കായി ആരംഭിച്ച കാരുണ്യാശ്രമത്തിന്റെ ഭൂമി, കെട്ടിടം, മറ്റ് ഭൗതിക സൗകര്യങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി നടപ്പാക്കിവരുന്നു.

കാരുണ്യാശ്രമത്തിൽ നിലവിലുള്ള അന്തേവാസികളെ നിലനിർത്തിക്കൊണ്ട് സ്ഥാപനത്തിൽ നിലവിലുള്ള ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തി പ്രവർത്തനം നടന്നുവരുന്നു. നിലവിൽ 50

അന്തേവാസികൾ സ്ഥാപനത്തിൽ ഉണ്ട്. വിവിധ വകുപ്പുകളെ ചുമതലപ്പെടുത്തി ഈ സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഒറ്റപ്പാലം സബ്കളക്ടർ മുഖേന നടപടി സ്വീകരിച്ചുവരുന്നു.

കമ്മ്യൂണിറ്റി കിച്ചൻ (കുടുംബശ്രീ മുഖേന):- അട്ടപ്പാടിയിലെ ഊരുകളിൽ കുടുംബശ്രീ മുഖേന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

കൈത്താങ്ങ് പദ്ധതി

മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലാത്തതുമൂലം അനാഥരായ കുട്ടികൾക്ക് 18 വയസ്സ് പൂർത്തിയാകുന്നതുവരെ അവരുടെ സംരക്ഷണം ഏറ്റെടുത്തവർക്ക് പ്രതിമാസം 1500 രൂപ വീതം നൽകുന്ന പദ്ധതിയാണിത്.

അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി

വിദ്യാഭ്യാസം

മോഡൽ റസിഡൻഷ്യൽ സ്കൂൾ/ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീമെട്രിക്/ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ.

പ്രീമെട്രിക് വിദ്യാഭ്യാസം :- അദ്ധ്യയന വർഷം ആരംഭിക്കുമ്പോഴുള്ള ചെലവുകൾക്കായി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്

എന്നിവ നൽകിവരുന്നു. ആനുകൂല്യങ്ങൾ കുട്ടികളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു.

| വിഭാഗം | ലംപ്സം ഗ്രാന്റ് | പ്രതിമാസ സ്റ്റൈപ്പന്റ് |
|---|---|---|
| എൽ.പി. | 750/- | 200/- |
| യു.പി. | 900/- | 200/- |
| എച്ച്.എസ്. | 1,000/- | 200/- |

<u>പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം</u>

എസ്.എസ്.എൽ.സി.-ക്കുശേഷം യൂണിവേഴ്സിറ്റി അംഗീകൃത സ്ഥാപനങ്ങളിൽ വിവിധ കോഴ്സുകൾ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ മുഴുവൻ ഫീസും, ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ ഇ-ഗ്രാന്റ്സ് മുഖേന നൽകുന്നു.

വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ ചേർന്നു പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ സമയത്തെ ചെലവുകൾക്ക് 5,000/- രൂപ അനുവദിക്കുന്നു.

<u>ലാപ്ടോപ്പ് വിതരണം</u>

അംഗീകൃത യൂണിവേഴ്സിറ്റികളിൽ/സ്ഥാപനങ്ങളിൽ പഠനം നടത്തുന്ന നിശ്ചിത കോഴ്സുകളിലെ 2-ാം വർഷ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക്

ലാപ്ടോപ്പ് വിതരണം നടത്തുന്നു. 32 നിശ്ചിത കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രം അനുവദിക്കുന്നു.

<u>അയ്യങ്കാളി സ്കോളർഷിപ്പ്</u>

ടി പദ്ധതിയിൽ മത്സരപരീക്ഷയിൽ തെരഞ്ഞെടുത്ത നിശ്ചിത എണ്ണം വിദ്യാർത്ഥികൾക്ക് (5-10) സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ്, ഫർണിച്ചർ എന്നിവയ്ക്ക് ധനസഹായം നൽകുന്നു.

<u>മെന്റർ ടീച്ചർ പദ്ധതി</u>

എൽ.പി. ക്ലാസ്സുകളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അവരുടെ സംസാര ഭാഷയിൽത്തന്നെ പാഠ്യഭാഗങ്ങൾ വിശദീകരിച്ചു നൽകുന്നതിനും ഇവരെ സ്കൂൾ സമ്പ്രദായത്തോട് കൂടുതൽ ഇണക്കിച്ചേർക്കുന്നതിനുമായി അധ്യാപന പരിശീലനം ലഭിച്ച പട്ടികവർഗ്ഗക്കാരിൽ നിന്നുള്ളവരെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന പദ്ധതി.

<u>സാമൂഹ്യ പഠനമുറി</u>

പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായാണ് പട്ടികവർഗ്ഗ കോളനികളിൽ സാമൂഹ്യപഠനമുറി എന്ന പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഒരു പഠനകേന്ദ്രത്തിൽ മുപ്പത് പട്ടികവർഗ്ഗ പഠിതാക്കൾക്ക് പഠനസൗകര്യങ്ങൾ ഒരുക്കുന്ന കെട്ടിടങ്ങളാണ് ഇതിനായി തയ്യാറായിരിക്കുന്നത്. കോളനിയിലെ കമ്മ്യൂണിറ്റിഹാളോ, മറ്റ് സമാന ഇടങ്ങളോ ഇതിനായി സജ്ജീകരിച്ചിട്ടുണ്ട്. കോളനിയിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കളെ ട്യൂട്ടർമാരായി തെരഞ്ഞെടുത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പഠനകാര്യത്തിൽ സഹായിക്കുക, ട്യൂഷൻ നൽകുക, പഠനസാമഗ്രികൾ വിതരണം നടത്തുക, ലഘുഭക്ഷണം നൽകുക, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ലൈബ്രറി പുസ്തകങ്ങൾ തുടങ്ങിയ അധിക സൗകര്യങ്ങൾ ഒരുക്കുക എന്നിവയാണ് ഈ പദ്ധതിയിൽ ലക്ഷ്യം വയ്ക്കുന്നത്.

<u>മെറിറ്റ് അവാർഡ്</u>

എസ്.എസ്.എൽ.സി., പ്ലസ്-ടു, ഡിഗ്രി, പി.ജി. തുടങ്ങിയ പരീക്ഷകളിൽ മികച്ച വിജയം കാഴ്ചവച്ച കുട്ടികൾക്ക് വിവിധ നിരക്കിൽ ധനസഹായം നൽകുന്നു.

<u>ഭവന നിർമ്മാണം</u>

ഭവന പുനരുദ്ധാരണം (SAFE)

ഈ പദ്ധതിയിൽ ഒരു വീടിന് പരമാവധി 2,50,000/- (രണ്ടു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രൂപയാണ് അനുവദിച്ചുവരുന്നത്.

വിവാഹ ധനസഹായം

നിർദ്ധനരായ പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് വിവാഹ ധനസഹായ ആനുകൂല്യമായ 1,50,000/- (ഒരു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രൂപയും അനാഥരായ പെൺകുട്ടികൾക്ക് 2,00,000/- (രണ്ടുലക്ഷം രൂപ മാത്രം) രൂപയും അനുവദിച്ചുവരുന്നു.

മിശ്രവിവാഹ ധനസഹായം

മിശ്രവിവാഹംമൂലം ദുരിതമനുഭവിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് മിശ്രവിവാഹ ധനസഹായമായി 75,000/- (എഴുപത്തയ്യായിരം രൂപ മാത്രം) രൂപ അനുവദിച്ചുവരുന്നു.

MGNREGS, Tribal Plus Scheme

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം പട്ടികവർഗ്ഗ മേഖലയിൽ ഒരു കുടുംബത്തിന് 100 ദിവസത്തെ തൊഴിലിനു പുറമെ അധികമായി 100 ദിവസം കൂടി നൽകി വർഷത്തിന് 200 ദിവസം

തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുന്നു. ഇതിനാവശ്യമായ അധിക തുക ട്രൈബൽ പ്ലസ് സ്കീംപ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്ലാൻ ശീർഷകത്തിൽനിന്ന് നൽകിവരുന്നു.

(ബി) മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ ഏതൊക്കെയാണെന്നും പ്രസ്തുത കോളനികളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമാണ് നിലവിലുള്ളതെന്നും വിശദമാക്കുമോ?

മണ്ഡലത്തിലെ പട്ടികജാതി കോളനികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം - I+ ആയി ചേർക്കുന്നു. പ്രസ്തുത കോളനികളിൽ ശുദ്ധജല ലഭ്യത, കോളനി റോഡ് നവീകരണം, മഴവെള്ളക്കെട്ട് പ്രശ്നപരിഹാരം, സംരക്ഷണഭിത്തി നിർമ്മാണം, മാലിന്യ സംസ്കരണം, എന്നീ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമാണ് നിലവിലുള്ളത്.

പട്ടികവർഗ്ഗ വികസനവകുപ്പുമായി ബന്ധപ്പെട്ട് അട്ടപ്പാടി മേഖലയിൽ 193 ഊരുകളാണ് നിലവിലുള്ളത്. ലിസ്റ്റ് അനുബന്ധം-II+ ആയി ചേർക്കുന്നു. മിക്ക കോളനികളിലും ശുദ്ധജലക്ഷാമം നേരിടുന്നുണ്ട്. പട്ടികവർഗ്ഗ കോളനികളുടെ വിവരം അനുബന്ധം III+ ആയി ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത കോളനികളുടെ നവീകരണത്തിനുള്ള അനുമതിക്കായി നടപ്പ് സാമ്പത്തിക വർഷം സമർപ്പിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നതും സംബന്ധിച്ച വിശദാംശം അറിയിക്കുമോ?

റോഡ്, കുടിവെള്ളം, പൊതുശ്മശാന സംരക്ഷണം, ആരാധനാലയ സംരക്ഷണം, സംരക്ഷണഭിത്തി നിർമ്മാണം, ഹൈമാസ്റ്റ്-മിനിമാസ്റ്റ് ലൈറ്റുകൾ എന്നിവയ്ക്കായി അതത് ഗ്രാമ-ബ്ലോക്ക്-പഞ്ചായത്തുകളുമായി ചേർന്ന് പട്ടികജാതി വികസന വകുപ്പ് പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കിവരുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് നടപ്പുസാമ്പത്തികവർഷം സമർപ്പിച്ച പദ്ധതികളും സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

**1.** <u>അംബേദ്ക്കർ സെറ്റിൽമെന്റ് പദ്ധതി</u>: 2020-21 സാമ്പത്തികവർഷം അഗളി പഞ്ചായത്തിലെ പോത്തുപ്പാടി ഫസ്റ്റ് സൈറ്റ് ഊരും ഷോളയൂർ പഞ്ചായത്തിലെ വെള്ളകുളം ഊരും തെരഞ്ഞെടുത്ത് ഒരു കോടി രൂപ വീതമുള്ള പ്രവൃത്തികൾ നടപ്പാക്കുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രയുമായി ഉടമ്പടിവച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു.

2022-23 വർഷം അട്ടപ്പാടി മേഖലയിൽ ഏറ്റവും കൂടുതൽ പിന്നാക്കം നിൽക്കുന്നതായ 4 കോളനികളെ അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള ശിപാർശ പരിശോധിച്ചുവരുന്നു. കോളനികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഷോളയൂർ ഗ്രാമപഞ്ചായത്ത്

1. വെങ്കക്കടവ് ഊര്

2. വെള്ളകുളം

പുതൂർ ഗ്രാമപഞ്ചായത്ത്

3. മുരുഗള

4. കിണറ്റുകര

5. മേലെ ആനവായ്

6. കടുകുമണ്ണ

അഗളി ഗ്രാമപഞ്ചായത്ത്

7. കരടിപ്പാറ

8. വെള്ളമാരി

9. കവണിക്കാൻ കോളനി

**2.** അട്ടപ്പാടി മേഖലയിലെ പുതുർ പഞ്ചായത്തിലെ 7 പി.വി.റ്റി.ജി. കോളനികളായ തടിക്കുണ്ട്, മുരുഗള, ആനവായ്, മേലെ ആനവായ്, പാലപ്പട, കിണറ്റുകര, കടുകുമണ്ണ കോളനികൾ വൈദ്യുതീകരിക്കുന്നതിന് മണ്ണാർക്കാട് കെ.എസ്.ഇ.ബി.എൽ. ഡിവിഷൻ തയ്യാറാക്കിയ 4,94,47,384/- (നാല് കോടി തൊണ്ണൂറ്റി നാല് ലക്ഷത്തി നാൽപ്പത്തിയേഴായിരത്തി മുന്നൂറ്റി എൺപത്തിനാല് രൂപ മാത്രം)രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതിയും ഫണ്ടും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. തുക കെ.എസ്.ഇ.ബി.എൽ.-ന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**3.** അട്ടപ്പാടി മേഖലയിലെ പുതുർ പഞ്ചായത്തിലെ പി.വി.റ്റി.ജി. കോളനികളായ ആനവായ് മുതൽ തുടുക്കി വരെയുള്ള റോഡ്, പാലങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് 69,73,00,000/- (അറുപത്തിയൊൻപത് കോടി എഴുപത്തിമൂന്ന് ലക്ഷം രൂപ മാത്രം) രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

**4.** പട്ടികവർഗ്ഗ മേഖലയിലെ പ്രത്യേക ദുർബല വിഭാഗക്കാരുടെ വികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി പുതുർ

പഞ്ചായത്തിലെ കുറുക്കത്തിക്കല്ല് കോളനിയിൽ സാമൂഹ്യ പഠനമുറി നിർമ്മിക്കുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്ര തയ്യാറാക്കിയ 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഫണ്ടും ഭരണാനുമതിയും ലഭിക്കുകയും നിലവിൽ പഠനമുറിയുടെ നിർമ്മാണം പുരോഗമിച്ചുവരികയും ചെയ്യുന്നു.

പാലക്കാട് ട്രൈബൽ ഡെവലപ്‌മെന്റ് ഓഫീസറുടെ പരിധിയിൽ നടപ്പാക്കുന്ന പദ്ധതികൾ:-

പുനരധിവാസ കോളനികൾ മാതൃകാ കോളനികളാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

അടിസ്ഥാനസൗകര്യ വികസനത്തിൽ പിന്നാക്കം നിൽക്കുന്ന കോളനികളെ 2022-23 അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള ശിപാർശ പരിശോധിച്ചുവരുന്നു.

## പെരിങ്ങോം മോഡൽ റസിഡൻഷ്യൽ സ്കൂൾ

67(2737) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം മോഡൽ റസിഡൻഷ്യൽ സ്കൂളിലേയ്ക്ക് പ്രവേശനത്തിനായി അപേക്ഷ ക്ഷണിച്ചിട്ടും കുട്ടികൾ ഇല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉണ്ട്. കണ്ണൂർ ജില്ലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പട്ടുവത്ത് ഒരു എം.ആർ.എസ്. പ്രവർത്തിക്കുന്നുണ്ട്. പെരിങ്ങോം എം.ആർ.എസ്-ൽനിന്നും 10 കിലോമീറ്റർ അകലെയല്ലാതെ കാസർഗോഡ് ജില്ലയിലെ വെള്ളച്ചാലിൽ വകുപ്പിന്റെ കീഴിൽ മറ്റൊരു എം.ആർ.എസ്സും പ്രവർത്തിക്കുന്നുണ്ട്. ഇക്കാരണത്താൽ പെരിങ്ങോം എം.ആർ.എസ്. - ലേയ്ക്ക് കുട്ടികളെ ലഭിക്കുന്നതിന് പ്രയാസമുണ്ടാകുന്ന സാഹചര്യമാണുള്ളത്. പ്രമുഖ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ പരസ്യം നൽകിയും പട്ടികജാതി വികസന ഓഫീസർമാർ, എസ്.സി. പ്രൊമോട്ടർമാർ എന്നിവർ മുഖേനയും ശ്രമങ്ങൾ നടത്തിയെങ്കിലും മതിയായ കുട്ടികളെ ലഭിക്കാത്തതുകാരണം പെരിങ്ങോം എം.ആർ.എസ്.-ൽ ക്ലാസ്സുകൾ ആംരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) പ്രസ്തുത സ്കൂളിന്റെ നിലവിലുള്ള സൗകര്യം ഉപയോഗപ്പെടുത്തി വിദ്യാർത്ഥികൾക്ക് ഉപയോഗപ്രദമാകുന്ന മറ്റ് പദ്ധതികൾ നടപ്പാക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോയെന്ന് അറിയിക്കുമോ; വിശദമാക്കുമോ?

പെരിങ്ങോം മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി സ്ഥാപനത്തെ ഒരു മികച്ച തൊഴിൽ പരിശീലന കേന്ദ്രമാക്കി മാറ്റുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരികയാണ്.

**പൊന്നാനി നിയോജകമണ്ഡലത്തിലെ**
**കുംഭാര കോളനി പദ്ധതി-2022**

68(2738) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊന്നാനി നിയോജകമണ്ഡലത്തിൽ കുംഭാര കോളനി പദ്ധതി-2022 നടപ്പാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

2022-23 വർഷം ലഭിച്ച അപേക്ഷകൾ മാനദണ്ഡപ്രകാരമുള്ള മുൻഗണനാക്രമത്തിൽ നടപ്പാക്കുന്നതിനുള്ള അനുമതിക്കായി ലഭിച്ചിട്ടുണ്ട്. ഇവയിൽ പൊന്നാനി മുനിസിപ്പാലിറ്റിയിലെ ഇഴുവത്തുരുത്തി (വാർഡ് 8) ഉൾപ്പെടുത്തിയിട്ടുണ്ട്. വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**പുതുക്കാട് മണ്ഡലത്തിലെ എച്ചിപ്പാറ ട്രൈബൽ ഹൈസ്കൂൾ നവീകരണം**

69(2739) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുക്കാട് മണ്ഡലത്തിലെ എച്ചിപ്പാറ ട്രൈബൽ ഹൈസ്കൂൾ നവീകരിക്കുന്നതിനും ഓഡിറ്റോറിയം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പുതുക്കാട് മണ്ഡലത്തിലെ എച്ചിപ്പാറയിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ട്രൈബൽ സ്കൂളിൽ നിലവിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം 50 ശതമാനത്തിൽ താഴെയാണ്. ഈ സാഹചര്യത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നിലവിൽ സ്കൂളിൽ നവീകരണ പ്രവൃത്തികൾ നിർവ്വഹിക്കാൻ കഴിയുകയില്ല.

**തട്ടാമുകൾ കാരുകുന്ന് എസ്.സി. കോളനി പാലത്തിന്റെ നിർമ്മാണം**

70(2740) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിലെ തട്ടാമുകൾ കാരുകുന്ന് എസ്.സി. കോളനി പാലത്തിന്റെ നിർമ്മാണത്തിനായി സമർപ്പിച്ച എസ്റ്റിമേറ്റ് (ഫയൽ നം. എസ്.സി.ഡി.ഡി./843/2023/പി2(പി.എൽ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരം പാലത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച ചികിത്സാധനസഹായം**

71(2741) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ ആലത്തൂർ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിൽനിന്നും ചികിത്സാധനസഹായം ലഭിക്കുന്നതിനായി എത്രപേർ അപേക്ഷ നൽകിയെന്നറിയിക്കാമോ?

2021 മുതൽ നാളിതുവരെ ആലത്തൂർ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിൽനിന്നും ചികിത്സാധനസഹായം ലഭിക്കുന്നതിനായി 267 പേർ അപേക്ഷ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് എത്ര പേർക്ക് എത്ര തുക നൽകിയെന്നുള്ള വിവരം ലഭ്യമാക്കാമോ?

പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് 159 പേർക്ക് 43,91,000/-രൂപ (നാല്പത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റൊന്നായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(സി) ഏതെങ്കിലും അപേക്ഷകൾ നിരസിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്നും നിരസിക്കാനുള്ള കാരണം എന്താണെന്നും വിശദമാക്കാമോ?

7 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1. ശ്രീമതി അഞ്ജലി, കൊട്ടാരപ്പടി, കുഴൽമന്ദം (വരുമാന പരിധി കൂടുതലാണ്)
2. ശ്രീമതി ഓമന, ചിതലി, കുഴൽമന്ദം (ഡ്യൂപ്ലിക്കേഷൻ)
3. ശ്രീമതി ഓമന, ചൂക്കംകോണം, വിളയൂർ (ഡ്യൂപ്ലിക്കേഷൻ)
4. ശ്രീമതി കൃഷ്ണലീല, തേങ്കുറിശ്ശി (വരുമാന പരിധി കൂടുതലാണ്)

5. ശ്രീ. ആണ്ടവൻ, തേങ്കുറിശ്ശി (ഡ്യൂപ്ലിക്കേഷൻ)

6. ശ്രീമതി ദേവകി, നൈനംകാട്, കിഴക്കഞ്ചേരി (വരുമാന പരിധി കൂടുതലാണ്)

7. ശ്രീ. ആയുഷ്, വടക്കേപ്പള്ളം, പുതുക്കോട് (വരുമാന പരിധി കൂടുതലാണ്)

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിവരുന്ന സഹായങ്ങൾ

72(2742) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിവരുന്ന ഏതൊക്കെ ആനുകൂല്യങ്ങൾക്കാണ് കേന്ദ്രസർക്കാർ സഹായം ലഭിച്ചുകൊണ്ടിരിക്കുന്നത്?

പട്ടികവർഗ്ഗ വിഭാഗത്തിനായി കേന്ദ്ര സർക്കാർ ചുവടെ പറയുന്ന പദ്ധതികൾക്കായി സഹായം നൽകിവരുന്നുണ്ട്.

1. അതിക്രമം തടയൽ

2. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്
3. പ്രീ മെട്രിക് സ്കോളർഷിപ്പ്
4. കൺസർവേഷൻ കം ഡെവലപ്മെന്റ് (പ്രത്യേക ദുർബ്ബല ഗോത്ര വിഭാഗങ്ങൾക്കുള്ള വികസന പദ്ധതി)
5. ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള സഹായവും നിർമ്മാണപ്രവൃത്തികളും
6. പി.എം.എ.എ.ജി.വൈ. (പട്ടികവർഗ്ഗ ഉപപദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്ര സഹായം)

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതി; 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി, ആരോഗ്യഹാനിക്ക് ഇടയാക്കുന്ന സാഹചര്യങ്ങളിൽ തൊഴിലെടുക്കുന്നവരുടെ കുട്ടികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്, അതിക്രമം തടയൽ പദ്ധതി (50%CSS), PM-AJAY പദ്ധതി, SCST കോർപ്പറേഷനുള്ള ധനസഹായ പദ്ധതി എന്നിവയ്ക്കാണ് കേന്ദ്രസർക്കാർ സഹായം ലഭിച്ചുകൊണ്ടിരിക്കുന്നത്.

(ബി) പ്രസ്തുത കേന്ദ്രസഹായത്തിൽ എന്തൊക്കെ കുറവുകളും നിർത്തലാക്കലുകളുമാണ് കഴിഞ്ഞ രണ്ടുവർഷത്തിനിടെ ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കാമോ?

പ്രീമെട്രിക് സ്കോളർഷിപ്പ്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് വിതരണത്തിൽ പുതുക്കിയ മാനദണ്ഡങ്ങൾ കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടില്ല. മുൻ വർഷത്തിൽ നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിലവിൽ നൽകിവരുന്നു. 75% കേന്ദ്ര വിഹിതം ലഭിക്കുന്ന 2 പദ്ധതികൾക്കും പൂർണ്ണമായും കേന്ദ്രസഹായം ലഭിച്ചിട്ടില്ല. പട്ടികവർഗ്ഗ ഉപപദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്ര സഹായം എന്ന പദ്ധതി പി.എം.എ.എ.ജി. എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലമായി പട്ടികവർഗ്ഗ ജനസംഖ്യ കൂടുതലുള്ള പ്രദേശത്ത് മാത്രമാണ് ധനസഹായം ലഭിക്കുന്നത്.

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി 100% കേന്ദ്രാവിഷ്കൃത പദ്ധതിയായിരുന്നു. എന്നാൽ 2021-22 വർഷം മുതൽ പ്രസ്തുത പദ്ധതി 40:60 സംസ്ഥാന - കേന്ദ്ര അനുപാതത്തിൽ നടപ്പാക്കുന്നു.

പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ (9-10 ക്ലാസ് സ്കോളർഷിപ്പ്, അനാരോഗ്യ ചുറ്റുപാടിൽ തൊഴിൽ ചെയ്യുന്നവരുടെ ആശ്രിതർക്കുള്ള സ്കോളർഷിപ്പ്) 2022-23 വർഷം മുതൽ 40:60 സംസ്ഥാന-കേന്ദ്ര അനുപാതത്തിൽ നടപ്പാക്കുന്നു.

SCA to SCSP പദ്ധതിക്ക് 2019-20 സാമ്പത്തിക വർഷംവരെ കേന്ദ്രസഹായം ലഭ്യമായിരുന്നു. എന്നാൽ 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ കേന്ദ്രസഹായം ലഭ്യമായിട്ടില്ല.

(സി) ഇത്തരം വെട്ടിക്കുറയ്ക്കൽ കാരണം സഹായവിതരണം തടസ്സപ്പെടുന്ന സാഹചര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യ വിതരണത്തിൽ തടസ്സം വരാതിരിക്കാനായി നിലവിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽനിന്നും അനുവദിച്ച് നൽകിവരുന്നു. കൂടാതെ തുക അനുവദിക്കുന്നതിനായി കേന്ദ്രസർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ യഥാസമയം സർക്കാർ നൽകിയിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് പുതുക്കിയ നിരക്കിലും രീതിയിലും സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുവേണ്ടി NPCI, PFMS

എന്നിവയുമായുള്ള ഇന്റഗ്രേഷൻ കേന്ദ്രസർക്കാർ നിർബന്ധമാക്കുകയും എന്നാൽ അതിനുള്ള സാങ്കേതിക സഹായം സംസ്ഥാനത്തിനു ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുകയും ചെയ്തതിനാൽ 2022-23 വർഷം സ്കോളർഷിപ്പ് വിതരണത്തിൽ കാലതാമസം നേരിട്ടിട്ടുണ്ട്. പ്രസ്തുത വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും നിലവിൽ സാങ്കേതിക നടപടികൾ പൂർത്തിയാക്കി സ്കോളർഷിപ്പ് വിതരണത്തിനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടും കേന്ദ്രസർക്കാരിന്റെ സഹായം ലഭിക്കാത്തതുകൊണ്ടുമാത്രം ആനുകൂല്യങ്ങൾ നൽകാൻ സാധിക്കാതെ വന്ന പദ്ധതികളുടെ വിശദാംശം അറിയിക്കാമോ; കേന്ദ്രസർക്കാരുമായി നേരിട്ട് ചർച്ച നടത്തി ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ?

2021-22 സാമ്പത്തിക വർഷം പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യത്തിനായി 26.118 കോടി രൂപ ആവശ്യപ്പെട്ടതിൽ 13.0591 കോടി രൂപയും പ്രീമെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ 3.76 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചതിൽ 1.88 കോടി രൂപയും ലഭിച്ചിട്ടുണ്ട്. എന്നാൽ

2022-23 സാമ്പത്തിക വർഷം പ്രൊപ്പോസലുകൾ സമർപ്പിച്ചെങ്കിലും നാളിതുവരെയും കേന്ദ്രത്തിന്റെ വിഹിതം വിവിധ കാരണങ്ങളാൽ ലഭിച്ചിട്ടില്ല. എന്നാൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം നടത്തുന്നതിൽ തടസ്സം നേരിടാതിരിക്കാനായി സംസ്ഥാന ബഡ്ജറ്റിൽനിന്നും നിലവിൽ തുക അനുവദിച്ചുവരുന്നു.

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് SCA to SCSP പദ്ധതിക്ക് മുൻവർഷങ്ങളിൽ കേന്ദ്രം അനുവദിച്ചിട്ടുള്ളതും ചെലവഴിക്കാതെ അവശേഷിക്കുന്നതുമായ തുകയിൽനിന്നും തുക ചെലവഴിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പട്ടികജാതി അതിക്രമ നിരോധന നിയമം, മിശ്രവിവാഹ ധനസഹായം എന്നീ പദ്ധതികൾക്ക് മുൻ വർഷംവരെ കേന്ദ്ര വിഹിതം ലഭിച്ചിട്ടുണ്ട്. നടപ്പു വർഷം പ്രൊപ്പോസൽ നൽകിയിട്ടും നാളിതുവരെ കേന്ദ്ര വിഹിതം ലഭിച്ചിട്ടില്ല.

**പദ്ധതിയിനത്തിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും**

73(2743) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പദ്ധതിയിനത്തിൽ അനുവദിച്ചതും ചെലവഴിച്ചതുമായ തുക സംബന്ധിച്ച വിശദാംശം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

**ആദിവാസി മേഖലയിലെ ശിശു മരണങ്ങൾ**

74(2744) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ എത്ര ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇതിൽ പോഷകാഹാര കുറവുമൂലവും മതിയായ ചികിത്സ ലഭിക്കാത്തതുമൂലവും മരണമടഞ്ഞ കുട്ടികളുടെ എണ്ണം എത്രയെന്നും ബാക്കി കേസുകളിൽ മരണകാരണങ്ങൾ എന്താണെന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും ആദിവാസി മേഖലകളിൽ ഓരോന്നിന്റെയും സമഗ്ര വികസനത്തിനായി

വിവിധ പദ്ധതികൾപ്രകാരം ആകെ എത്ര തുക വകയിരുത്തി, എത്ര തുക ചെലവഴിച്ചു, ചെലവഴിക്കാതെ ബാക്കിയായത് എത്ര എന്നിങ്ങനെ ഇനം തിരിച്ച് വിവരം ലഭ്യമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**ആദിവാസികളുടെ ജനസംഖ്യയിലെ കുറവ്**
**പരിഹരിക്കുന്നതിനുള്ള നടപടികൾ**

75(2745) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതരീതികളിലെ മാറ്റം കേരളത്തിലെ ആദിവാസികളുടെ നിലനിൽപ്പിനെ ബാധിക്കുന്ന സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ആദിവാസികൾക്കിടയിൽ ജീവിതശൈലീ രോഗങ്ങളും 40 വയസ്സിന് താഴെയുള്ളവരുടെ മരണനിരക്കും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ജീവിതരീതികളിലെ മാറ്റം പൊതുസമൂഹത്തിലേതുപോലെ തന്നെ പട്ടികവർഗ്ഗക്കാർക്കിടയിലും ജീവിതശൈലീ രോഗങ്ങൾ, മറ്റു

മാനസിക പ്രശ്നങ്ങൾ എന്നിവ വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത വിഭാഗങ്ങൾക്കിടയിൽ ഗർഭിണികളുടെയും കുട്ടികളുടെയും എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതൊക്കെ ആദിവാസി വിഭാഗങ്ങൾക്കിടയിലാണ് എണ്ണത്തിൽ ഗണ്യമായ കുറവ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) ആദിവാസി വിഭാഗക്കാർക്ക് ഇടയിലുള്ള എണ്ണത്തിലെ കുറവ് സംബന്ധിച്ച് ശാസ്ത്രീയമായി പഠനം നടത്തുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(സി-ഇ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്കിടയിൽ ഗർഭിണികളുടേയും കുട്ടികളുടേയും എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വായ്പകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ

76(2746) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ആധാരത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാത്ത പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രസ്തുത വായ്പകൾ ഒഴിവാക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇത്തരം പദ്ധതി നിലവിൽ ഉണ്ടായിരുന്നോ; എങ്കിൽ ആയത് നിർത്തലാക്കിയതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

(എ&ബി) പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽനിന്നും സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 31-03-2010-ന് തിരിച്ചടവ് കാലാവധി പൂർത്തിയായി കുടിശ്ശികയായതുമായ വായ്പകളിൽ മുതലും പലിശയുമുൾപ്പെടെ ഒരു ലക്ഷം രൂപവരെ എഴുതി തള്ളുന്നതിന് 30-03-2015-ലെ സ.ഉ.(പി) നമ്പർ 24/2015/പജപവവിവ പ്രകാരം അനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ അർഹരായ ഗുണഭോക്താക്കളുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളിയിരുന്നു.

വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന

കോർപ്പറേഷൻ എന്നിവിടങ്ങളിൽനിന്ന് പട്ടികവർഗ്ഗക്കാർ എടുത്തിട്ടുള്ളതും 01-04-2006 മുതൽ 31-03-2014 വരെ തിരിച്ചവടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ പലിശയും പിഴപലിശ്ശയുമുൾപ്പെടെയുള്ള ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന് 01-10-2015-ലെ സ.ഉ.(അ) നമ്പർ 71/2015/പജപവവിവ പ്രകാരം ഉത്തരവായിരുന്നു. അതിൻപ്രകാരം 01-04-2006 മുതൽ 31-03-2014 വരെയുള്ള കാലയളവിൽ കടം എഴുതിത്തള്ളുന്ന പദ്ധതിയിൽ തെരഞ്ഞെടുത്തിരുന്ന 12949 ഗുണഭോക്താക്കളിൽ 29-03-2018 വരെ 3349 പേരുടെ വായ്പ എഴുതിത്തള്ളുകയുണ്ടായി.

(സി) ഇത്തരത്തിൽ ദുരിതമനുഭവിക്കുന്ന പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികളുടെ രണ്ട് ലക്ഷം രൂപവരെ വരുന്ന വായ്പകൾ ഒഴിവാക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; വ്യക്തമാക്കുമോ?

പരിശോധിച്ചുവരുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള**

**സ്ഥാപനങ്ങളിലെ ഓഡിറ്റ്**

77(2747) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ കഴിഞ്ഞ മൂന്നുവർഷ കാലയളവിൽ സി.&എ.ജി. നടത്തിയ ഓഡിറ്റിൽ എന്തൊക്കെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഡിറ്റ് സംബന്ധിച്ച അന്തിമ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ സി&എ.ജി. നടത്തിയ ഓഡിറ്റിംഗിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ സി&എ.ജി. ഓഡിറ്റിംഗ് നടത്തുന്നില്ല.

## പണിയ വിഭാഗക്കാരുടെ പിന്നാക്കാവസ്ഥ

78(2748) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗത്തിലെ പിന്നാക്ക വിഭാഗമായ പണിയ സമുദായക്കാരുടെ പിന്നാക്കാവസ്ഥ സംബന്ധിച്ച് കേന്ദ്ര ഗിരിജനക്ഷേമ വകുപ്പുമന്ത്രി റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എന്തൊക്കെ വിവരങ്ങളാണ് കേന്ദ്രം ആവശ്യപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) ഇതുസംബന്ധിച്ച് സംസ്ഥാനം റിപ്പോർട്ട് നൽകുകയുണ്ടായോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പണിയ വിഭാഗക്കാരുടെ പിന്നാക്കാവസ്ഥയ്ക്കുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നാണ് സർക്കാർ കണ്ടെത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ?

(എ-ഡി)ഇത്തരത്തിലൊരു റിപ്പോർട്ട് കേന്ദ്ര ട്രൈബൽ അഫയേഴ്സ് വകുപ്പുമന്ത്രി ആവശ്യപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പട്ടിക ഗോത്രവിഭാഗക്കാരിലെ പോഷകാഹാരക്കുറവ് പരിഹരിക്കാൻ നടപടി

79(2749) ശ്രീ. ടി. വി. ഇബ്രാഹിം
ശ്രീ. പി. അബ്ദുൽ ഹമീദ്
ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടിക ഗോത്രവർഗ്ഗ വിഭാഗക്കാരിൽ പോഷകാഹാരക്കുറവ് മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുമ്പോൾ പട്ടികവർഗ്ഗക്കാർക്കിടയിൽ പോഷക മൂല്യങ്ങൾ കുറവുള്ളതായും ആയതിന്റെ ഫലമായി ആരോഗ്യ പ്രശ്നങ്ങൾ ഉള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനായി പോഷകാഹാരം വിതരണം ചെയ്യുന്നതിന് പ്രത്യേക കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത കേന്ദ്രങ്ങളിൽനിന്നും മറ്റെന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ബി&സി) ഭക്ഷണത്തിലുള്ള പോഷകമൂല്യങ്ങൾ കുറയുന്നത് തടയാൻ വകുപ്പിന്റെ വിവിധ പ്രോജക്ട് ഓഫീസ്/പട്ടികവർഗ്ഗ വികസന ഓഫീസ് മുഖേന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയതിന്റെ ഭാഗമായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന ഭക്ഷ്യസഹായ പദ്ധതിപ്രകാരം കോളനികളിൽ പോഷകമൂല്യങ്ങളടങ്ങിയ ഭക്ഷ്യക്കിറ്റ് വിതരണം നടത്തുകയും ഗർഭിണികളിലും മുലയൂട്ടുന്ന അമ്മമാരിലും ഉണ്ടാകുന്ന അവപോഷണം പരിഹരിക്കുന്നതിനായി ജനനി-ജന്മരക്ഷാ പദ്ധതിയിലുൾപ്പെടുത്തി ധനസഹായം അനുവദിച്ചുവരികയും ചെയ്യുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒ.പി ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ആരോഗ്യ വകുപ്പിന്റെ പ്രൈമറി ഹെൽത്ത് സെന്റർ എന്നിവ മുഖേന നടത്തിവരുന്ന മെഡിക്കൽ ക്യാമ്പുകളിൽ കൃത്യമായ പരിശോധനകൾ നടത്തി ആവശ്യമായ മരുന്നുകൾ കോളനികളിൽ നൽകിവരുന്നുണ്ട്. പരിശോധനകളിൽ അവപോഷണം നേരിടുന്നവരിൽ ഡോക്ടർ നിർദ്ദേശിക്കുന്നവർക്ക് പ്രത്യേക പോഷകാഹാര കിറ്റുകൾ എത്തിച്ചുനൽകുന്നു. കൂടാതെ ഈ വിഷയം ആരോഗ്യം, വനിതാ

ശിശു വികസനം, തദ്ദേശസ്വയംഭരണം, പൊതുവിതരണം എന്നീ വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. വനിതാ ശിശു വികസന വകുപ്പ് മുഖേന 6 വയസ്സിന് താഴെയുള്ള കുട്ടികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഭക്ഷ്യവസ്തുക്കൾ നൽകിവരുന്നുണ്ട്.

യൂണിസെഫിന്റെ സാമ്പത്തിക സഹായത്തോടെ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിയമിച്ചിരിക്കുന്ന ട്രൈബൽ ഹെൽത്ത് ആന്റ് ന്യൂട്രീഷ്യൻ കൺസൾട്ടന്റിന്റെ സേവനം ഇത്തരത്തിൽ പ്രശ്നങ്ങൾ നേരിടുന്ന പ്രത്യേക മേഖലയിലെ ആരോഗ്യ പോഷകകാര്യങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

നിലവിലുള്ള സംവിധാനങ്ങൾ വഴി കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**സേഫ്, പഠനമുറി പദ്ധതികൾപ്രകാരം അനുവദിച്ച ധനസഹായം**

80(2750) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷം സേഫ്, പഠനമുറി എന്നീ പദ്ധതികൾ മുഖേന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും അതിൽ എത്ര പേർ നിർമ്മാണം പൂർത്തീകരിച്ചു എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

**പട്ടികജാതി വികസന വകുപ്പ്**

2022-23 സാമ്പത്തിക വർഷം സേഫ് പദ്ധതിപ്രകാരം 2716 പേർക്ക് ധനസഹായം അനുവദിക്കുകയും ആയതിൽ 28 പേർ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

പഠനമുറി പദ്ധതിപ്രകാരം 5048 പേർക്ക് ധനസഹായം അനുവദിക്കുകയും 1218 പേർ പഠനമുറി നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

**പട്ടികവർഗ്ഗ വികസന വകുപ്പ്**

നടപ്പ് വർഷം ഭവന പുനരുദ്ധാരണത്തിനായി ജില്ലകൾക്ക് അനുമതി നല്കിയ 1500 വീടുകൾ സേഫ് പദ്ധതിയിലുൾപ്പെടുത്തി ഗുണഭോക്താക്കൾക്ക് സേഫ് പദ്ധതിയുടെ നിരക്കുപ്രകാരം തുക അനുവദിച്ച് പദ്ധതി പുരോഗമിച്ചുവരുന്നു. പഠനമുറി പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നടപ്പാക്കുന്നില്ല.

(ബി) പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ പൂർത്തീകരിച്ചിട്ടും നിശ്ചിത ഗഡുക്കൾ പ്രകാരമുള്ള തുക എത്ര പേർക്ക് നൽകാനുണ്ടെന്നും ഇതിന് ആവശ്യമായ തുക എത്രയെന്നും ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

അനുബന്ധമായി+ ചേർക്കുന്നു.

(സി) പ്രസ്തുത തുക വിതരണം പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) യഥാസമയം തുക ലഭിക്കാതെ ഗുണഭോക്താക്കൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത തുക വിതരണം പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ?

(സി&ഡി) പട്ടികജാതി വികസന വകുപ്പ്- ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ്- ഗുണഭോക്താക്കളെ കണ്ടെത്തി കരാർ വച്ച് വിവിധ ഘട്ടങ്ങളിലായി വീടുകൾ പുരോഗമിച്ചുവരുന്നു.

## പട്ടികജാതി വികസന വകുപ്പുവഴി ഗ്രാമീണ മേഖലയുടെ വികസനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

81(2751) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമീണ മേഖലയുടെ വികസനത്തിനായി പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

അംബേദ്കർ ഗ്രാമം പദ്ധതി, കോർപ്പസ് ഫണ്ട് എന്നീ പദ്ധതികളാണ് ഗ്രാമീണ മേഖലയുടെ വികസനത്തിനായി പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്നത്. വിശദാംശങ്ങൾ അനുബന്ധമായി+ നൽകുന്നു.

## ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച ചികിത്സാധനസഹായം

82(2752) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഉൾപ്പെട്ടവരുടെ ചികിത്സാധനസഹായത്തിനായി എത്ര അപേക്ഷകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രപേർക്ക് ധനസഹായം ലഭ്യമായിട്ടുണ്ടെന്നും എത്ര രൂപ ഇതിനകം അനുവദിച്ചിട്ടുണ്ടെന്നും തരം തിരിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ പട്ടികജാതി വിഭാഗങ്ങളിൽ ഉൾപ്പെട്ടവരുടെ ചികിത്സാ ധനസഹായത്തിനായി 235 അപേക്ഷകൾ ലഭിക്കുകയും അതിൽ 182 പേർക്ക് 57,91,378/-രൂപ (അമ്പത്തിയേഴ് ലക്ഷത്തി തൊണ്ണൂറ്റൊന്നായിരത്തി മുന്നൂറ്റി എഴുപത്തിയെട്ട് രൂപ മാത്രം) അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

പട്ടികവർഗ്ഗക്കാരുടെ ചികിത്സാ ധനസഹായത്തിനായുള്ള അപേക്ഷകളൊന്നും ഈ കാലയളവിൽ ലഭ്യമായിട്ടില്ല.

**കുണ്ടറ നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

83(2753) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ നിയോജകമണ്ഡലത്തിൽ 2019-20, 2020-21, 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ചിട്ടുള്ള അംബേദ്കർ ഗ്രാമം പദ്ധതികൾ ഏതൊക്കെയാണെന്ന് പഞ്ചായത്ത് തിരിച്ച്

വിശദമാക്കാമോ; പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ചിരുന്ന തുക എത്രയാണെന്നും പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

പ്രസ്തുത നിയോജകമണ്ഡലത്തിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ള ഇളമ്പള്ളൂർ പഞ്ചായത്തിലെ എല്ലുകുഴി കോളനിയിലെ 70% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ കുണ്ടറ പഞ്ചായത്തിലെ മുക്കട് ജയന്തി കോളനിയേയും ത്രിക്കോവിൽ വട്ടം പഞ്ചായത്തിലെ ജയന്തി കോളനിയേയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കോളനികളുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയിലേയ്ക്ക് കോളനികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**അംബേദ്കർ ഗ്രാമം പദ്ധതി - പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന നടത്താൻ നടപടി**

84(2754) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ആറ് സാമ്പത്തിക വർഷക്കാലയളവിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ എത്ര പ്രവൃത്തികൾക്ക് വീതമാണ് അനുമതി നൽകിയിരുന്നതെന്ന് വിശദമാക്കാമോ; ഇവയിൽ ഏതൊക്കെ വർഷങ്ങളിലെ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇവയിൽ ഓരോ പ്രവൃത്തികളുടെയും നിർവ്വഹണ ഏജൻസി ഏതാണെന്ന് വിശദമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന പ്രവൃത്തികൾ നിർവ്വഹണ ഏജൻസികൾ മുഖേന മാത്രമേ നടത്താൻ പാടുള്ളൂവെന്ന് സർക്കാർ നിർദ്ദേശിക്കുന്നതിനുള്ള കാരണം വിശദമാക്കാമോ?

18-03-2017-ലെ സ.ഉ.(കൈ)നം.15/2017/പജപവവിവ, 03-12-2021-ലെ സ.ഉ. (കൈ)നം.54/2021/പജപവവിവ എന്നിവ പ്രകാരമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അംബേദ്കർ പദ്ധതി നിർവ്വഹണത്തിന് സർക്കാർ അക്രഡിറ്റഡ് ഏജൻസികളെ ചുമതല ഏൽപ്പിക്കുന്നത്.

(സി) അഡ്വാൻസ് തുക കൈപ്പറ്റുന്ന നിർവ്വഹണ ഏജൻസികൾ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ താൽപ്പര്യം കാണിക്കാത്തതും സബ് കോൺട്രാക്ട് എടുക്കുന്നവരുടെ മേൽ വേണ്ടത്ര നിയന്ത്രണങ്ങളില്ലാത്തതും ആക്ഷേപങ്ങൾക്ക് ഇടവരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തികൾ തദ്ദേശസ്വയംഭരണവകുപ്പ് മുഖേന ഇ-ടെണ്ടർ വഴി നടത്തുന്നതിനുള്ള നടപടി വകുപ്പ് സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ അവലോകന യോഗങ്ങളിൽ നൽകിയ കർശന നിർദ്ദേശത്തെത്തുടർന്ന് 2012-13 മുതൽ 2019-20 വരെയുള്ള കാലയളവിലെ പൂർത്തീകരിക്കാതെ കിടന്നിരുന്ന 84% കോളനികളിലെയും പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. അംബേദ്കർ ഗ്രാമം പദ്ധതിയുടെ നിർവ്വഹണം തദ്ദേശസ്വയംഭരണ വകുപ്പുമായി യോജിച്ച് ചെയ്യുന്ന വിഷയം പരിശോധിക്കുന്നതാണ്.

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ നടത്തുന്ന പ്രവർത്തനങ്ങൾ പരിശോധിക്കാൻ സംവിധാനം**

85(2755) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ നടത്തുന്ന പ്രവർത്തനങ്ങൾ അവരുടെ സാമൂഹിക, സാമ്പത്തിക മേഖലകളിൽ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ ഉണ്ടാക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ സംവിധാനം നിലവിലുണ്ടോയെന്ന് വിശദമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ നടത്തുന്ന പ്രവർത്തനങ്ങൾ അവരുടെ സാമൂഹിക, സാമ്പത്തിക മേഖലകളിലുണ്ടാക്കുന്ന മാറ്റങ്ങൾ പരിശോധിക്കാൻ നിലവിൽ വിവിധ തലങ്ങളിൽ സംവിധാനങ്ങളുണ്ട്. നടപ്പാക്കുന്ന പദ്ധതികളുടെ ഗുണപരമായ വിനിയോഗം, യഥാർത്ഥ ഗുണഭോക്താവിന് ഉറപ്പാക്കുന്നതിനായി സോഷ്യൽ വർക്കർമാർ, എസ്.സി./എസ്.ടി. പ്രൊമോട്ടർമാർവഴി ഫീൽഡുതല പ്രയോജനക്ഷമത എന്നിവ പരിശോധിക്കുന്നുണ്ട്. കൂടാതെ ഓരോ സങ്കേതങ്ങളിലുമുള്ള ഊരുക്കൂട്ടങ്ങൾ അതത് പ്രദേശത്തെ വികസന പ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും മേൽനോട്ടത്തിലും ഇടപെടലുകൾ നടത്തുന്ന രീതിയിൽ ശാക്തീകരിക്കപ്പെട്ടിട്ടുണ്ട്.

വികേന്ദ്രീകൃതാസൂത്രണ പദ്ധതിയിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പട്ടികജാതി വികസന ഫണ്ട് (SCSP) പദ്ധതിയിലൂടെ പുരോഗതി അവലോകനം ആസൂത്രണസമിതികളുടെ മേൽനോട്ടത്തിൽ നടത്തിവരുന്നുണ്ട്. ജില്ലാ ആസൂത്രണ സമിതികളുടെ മേൽനോട്ടത്തിൽ എല്ലാ ജില്ലകളിലും വാർഷിക പദ്ധതി പുരോഗതി അവലോകനങ്ങൾ നടത്തിവരുന്നുണ്ട്. ബ്ലോക്ക് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന ടി യോഗങ്ങളിൽ പട്ടികജാതി വികസന പദ്ധതി പ്രോജക്ടുകൾ പ്രത്യേകം വിലയിരുത്തുകയും നിർവ്വഹണം ത്വരിതഗതിയിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ജില്ലാതലത്തിൽ പട്ടികജാതി വികസന ഓഫീസർമാരുടെ മേൽനോട്ടത്തിൽ പദ്ധതി പുരോഗതി അവലോകനയോഗങ്ങൾ സംഘടിപ്പിക്കുന്നുണ്ട്.

പദ്ധതികളുടെ കാര്യക്ഷമവും സുതാര്യവും സമയബന്ധിതവുമായ നടത്തിപ്പിന് നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

വികസന പ്രവർത്തനങ്ങൾക്കും സാമ്പത്തിക ഉന്നമനത്തിനുമായി നടപ്പാക്കിവരുന്ന പദ്ധതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഡയറക്ടറേറ്റുതലത്തിലും ജില്ലാ ബ്ലോക്കുതലത്തിലും സത്വരനടപടികൾ

സ്വീകരിച്ചുവരുന്നുണ്ട്. വകുപ്പ് മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കാൻ വകുപ്പുതലത്തിൽ ജില്ലാതല ഉദ്യോഗസ്ഥരുടെ പ്രതിമാസ പുരോഗതി അവലോകന യോഗങ്ങൾ സംഘടിപ്പിക്കുന്നുണ്ട്.

പദ്ധതി നിർവ്വഹണ പുരോഗതി കൈവരിക്കാത്ത സ്കീമുകൾ പ്രത്യേകം അവലോകനം ചെയ്യുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എല്ലാ **നിയമസഭാ നിയോജകമണ്ഡലങ്ങളിലും** MLA-മാരുടെ അദ്ധ്യക്ഷതയിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി മണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ മേഖലകളിൽ നടപ്പാക്കുന്ന പദ്ധതികളുടെ വിശദമായ അവലോകനം നടത്തുന്നുണ്ട്.

(ബി) ഇല്ലെങ്കിൽ ആയത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ബാധകമല്ല.

**ഇടമലക്കുടിയിൽ നടപ്പാക്കിയ പദ്ധതികൾ**

86(2756) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ഇടമലക്കുടിയുടെ വികസനത്തിനായി നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നതെന്നും ഇതിൽ ഏതൊക്കെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) ഇതിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

(എ&ബി) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിലുള്ള തടസ്സം പരിഹരിക്കുന്നതിനായി വനം വകുപ്പുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് നിലവിൽ തടസ്സം ഇല്ല.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടിയുള്ള സർവ്വേ**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

87(2757) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>
<u>ശ്രീ. നജീബ് കാന്തപുരം:</u>
<u>ശ്രീ. എ. കെ. എം. അഷ്റഫ്:</u>
<u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാരുടെ വിദ്യാഭ്യാസ, സാമ്പത്തിക, സാമൂഹിക പുരോഗതി സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത സർവ്വേയിലെ കണ്ടെത്തലുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(എ-സി) കേരളത്തിലെ പട്ടികജാതി വിഭാഗക്കാരുടെ വിദ്യാഭ്യാസ, സാമ്പത്തിക, സാമൂഹിക പുരോഗതി സംബന്ധിച്ച സമഗ്ര സർവ്വേ നടത്തി ഡാറ്റാബേസ് അപ്ഡേറ്റ് ചെയ്യുന്നതിനായി ഡിജിറ്റൽ സർവ്വേ നടത്താൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഡിജിറ്റൽ സർവ്വേയുടെ നടത്തിപ്പിനായി എസ്.സി. സ്റ്റാർട്ടപ്പ് ആയ M/S Mergious IT Solution Pvt. Ltd. എന്ന ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഡിജിറ്റൽ സർവ്വേയിൽ താഴെത്തട്ട് മുതലുള്ള റിപ്പോർട്ടുകളും അനുബന്ധ വിവരങ്ങളും ലഭ്യമാകുന്ന രീതിയിലാണ് ഇതിലേയ്ക്കായുള്ള സോഫ്റ്റ്‌വെയർ രൂപകൽപ്പന ചെയ്യുന്നത്. ഇതിനായുള്ള ചോദ്യാവലി അന്തിമ രൂപത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. എസ്.സി. പ്രൊമോട്ടർമാർക്ക് വിവരശേഖരണത്തിനായി പരിശീലനം നൽകിയിട്ടുണ്ട്. ഡിജിറ്റൽ സർവ്വേയിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ നിരന്തരം അപ്ഡേറ്റ് ചെയ്യാവുന്നതാണ്. ഇതുസംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരുന്നു.

## പട്ടികജാതി വിഭാഗക്കാർക്കുവേണ്ടിയുള്ള വികസന, ക്ഷേമ പ്രവർത്തനങ്ങൾ

88(2758) ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള മൂന്നാം നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി പട്ടികജാതി വിഭാഗക്കാർക്കുവേണ്ടി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള വികസന, ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച രൂപരേഖ തയ്യാറായിട്ടുണ്ടോയെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

രൂപരേഖ തയ്യാറായിട്ടുണ്ട്. അത്, അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഇതോടനുബന്ധിച്ച് പ്രസ്തുത മേഖലയിൽ പശ്ചാത്തല സൗകര്യ വികസനത്തിനായി നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

സർക്കാരിന്റെ മൂന്നാം നൂറ് ദിന കർമ്മപരിപാടിയുടെ ഭാഗമായി പശ്ചാത്തല സൗകര്യ വികസനത്തിനായി പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പഠനമുറി നിർമ്മാണം

2. ഐ.ടി. സെൽ സ്ഥാപിക്കൽ

3. ഹരിതവരുമാന പദ്ധതി

4 ഉന്നതി ഹോസ്റ്റൽ

5 കാസർഗോഡ് ജില്ലയിലെ നീലേശ്വരം ഐ.ടി.ഐ.-യുടെ അക്കാഡമിക് ബ്ലോക്കിന്റെ പൂർത്തീകരിച്ച കെട്ടിടം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

6. കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഐ.ടി.ഐ.-യുടെ അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണ പദ്ധതി.

(സി) പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട് പട്ടികജാതി വിഭാഗക്കാരുടെ സാമൂഹ്യ ഉന്നമനം ലക്ഷ്യമിട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ?

മൂന്നാം നൂറ് ദിന പരിപാടിയുമായി ബന്ധപ്പെട്ട് പട്ടികജാതി വിഭാഗക്കാരുടെ സാമൂഹ്യ ഉന്നമനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:-

<u>ജ്വാല</u>: - പൗരാവകാശ സംരക്ഷണ നിയമം (PCR), അതിക്രമം തടയൽ നിയമം (POA) എന്നിവയിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പാക്കുക, അതിക്രമത്തിനിരയാകുന്ന പട്ടികജാതിക്കാർക്ക് അടിയന്തര നിയമസഹായവും ആശ്വാസ ധനസഹായവും ലഭ്യമാക്കുക എന്നീ ലക്ഷ്യത്തോടെ ജ്വാല പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

<u>യൂണിഫോം കോഴ്സ്</u> - സായുധ സേനയിൽ ചേരാൻ ആഗ്രഹിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് വിവിധ പ്രീ റിക്രൂട്ട്മെന്റ് പരിശീലന സ്ഥാപനങ്ങൾ വഴി പരിശീലനം നൽകുകയും കര, നാവിക, വ്യോമസേന, കേന്ദ്ര സായുധ പോലീസ് സേന, ദേശീയ സുരക്ഷാ ഗാർഡ്

തുടങ്ങിയ വിവിധ സായുധ സേനകളിലേയ്ക്ക് റിക്രൂട്ട്മെന്റിനായി സജ്ജരാക്കുന്നു.

ഏവിയേഷൻ മേഖലയിൽ തൊഴിൽ ലഭ്യമാക്കൽ - പട്ടികജാതി വിഭാഗം യുവതി-യുവാക്കൾക്ക് ഏവിയേഷൻ മേഖലയിൽ തൊഴിൽ ലഭ്യമാകുന്ന IATA (International Air Transport Association) അംഗീകരിച്ച Cabin Crew Training, Airline Customer Service, Supply Chain & Operation Modes എന്നീ കോഴ്സുകളിൽ പരിശീലനം നൽകി ഏവിയേഷൻ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ പ്ലേസ്മെന്റ് നൽകുന്നു.

**ചികിത്സാ ധനസഹായ പദ്ധതി**

89(2759) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽനിന്നും മട്ടന്നൂർ മണ്ഡലത്തിലെ എത്രപേർക്ക് ചികിത്സാ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽനിന്നും മട്ടന്നൂർ മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 16 പേർക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 2 പേർക്കും ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ചികിത്സാ ധനസഹായ പദ്ധതി വഴി സംസ്ഥാനത്ത് ഇതുവരെ എത്ര പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

പ്രസ്തുത ചികിത്സാ ധനസഹായ പദ്ധതി വഴി സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട 23,741 പേർക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 10,523 പേർക്കും നാളിതുവരെ ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ചികിത്സാ ധനസഹായ പദ്ധതിയിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങളും വിശദാംശവും നൽകാമോ; അപേക്ഷ നൽകുന്നതിനായി പ്രത്യേക വെബ് പോർട്ടൽ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>പട്ടികജാതി വിഭാഗം</u>:-മാരക രോഗങ്ങൾ ബാധിച്ചവരും ദീർഘകാല ചികിത്സ ആവശ്യമുള്ളവരുമായ 1,00,000/-രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 50,000/-രൂപവരെ ധനസഹായം അനുവദിക്കുന്നു. ഹൃദയ ശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ തുടങ്ങിയ ഗുരുതരരോഗം ബാധിച്ചവർക്ക് 1,00,000/-രൂപവരെ ധനസഹായം അനുവദിക്കുന്നു.

നിശ്ചിത ഫാറത്തിലുള്ള ജാതി, വരുമാന സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ പകർപ്പ്, ബാങ്ക് അക്കൗണ്ട് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ സഹിതം അക്ഷയ കേന്ദ്രങ്ങളിലൂടെ സൗജന്യമായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനോടൊപ്പം അക്ഷയ കേന്ദ്രങ്ങളിൽനിന്നും ലഭിക്കുന്ന പ്രിന്റ് സഹിതം ടി അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം.

അപേക്ഷ സമർപ്പിക്കാനും ചികിത്സാ ധനസഹായം സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുമായി ടി ഗ്രാന്റ്സ് എന്ന പ്രത്യേക വെബ് പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്.

<u>പട്ടികവർഗ്ഗ വിഭാഗം</u>:-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അത്യാഹിത സന്ദർഭങ്ങളിൽ സാമ്പത്തിക സഹായം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ളതാണ് പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിലുള്ള ദുരിതാശ്വാസ നിധി.

ചികിത്സാ ധനസഹായം ലഭിക്കുന്നതിനായി നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം അപേക്ഷകന്റെ/അപേക്ഷകയുടെ ജാതി-വരുമാന സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡ്/ആധാർ കാർഡ് എന്നിവയുടെ പകർപ്പുകൾ, ആശുപത്രി മേധാവി സാക്ഷ്യപ്പെടുത്തിയ ചികിത്സാ രേഖകളും അസൽ ബില്ലുകളും ചികിത്സ നടത്തിയത് സ്വകാര്യ ആശുപത്രിയിലാണെങ്കിൽ ഗവൺമെന്റ് മെഡിക്കൽ ഓഫീസറിൽനിന്നും ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ്, ചികിത്സാവശ്യത്തിനായി പഞ്ചായത്തിൽനിന്നും ധനസഹായം അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

ചികിത്സാധനസഹായം അനുവദിക്കുന്നതിനുള്ള വരുമാനപരിധി ഒരു ലക്ഷം രൂപയാണ്.

അപകടത്തെത്തുടർന്ന് ചികിത്സയിൽ കഴിയുകയാണെങ്കിൽ 25,000/- രൂപവരെ ധനസഹായം അനുവദിക്കുന്നു.

ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി ഒരു ലക്ഷം രൂപവരെ ധനസഹായം അനുവദിക്കുന്നു. ഇപ്രകാരം അനുവദിക്കുന്ന തുക രോഗി ചികിത്സയിലിരിക്കുന്ന ആശുപത്രിയിലെ ഡോക്ടറുടെ സർട്ടിഫിക്കറ്റ്, ചികിത്സയ്ക്ക് വേണ്ടിവരുന്ന ചെലവ് സംബന്ധിച്ച ആശുപത്രി അധികൃതർ നൽകുന്ന എസ്റ്റിമേറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിക്ക് നൽകുന്നു.

മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് 50,000/- രൂപവരെ ചികിത്സാ സഹായം അനുവദിക്കുന്നു.

പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, പി.ഒ./ടി.ഡി.ഒ.-മാർ, ജനപ്രതിനിധികൾ എന്നിവർ മുഖേനയോ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

അപേക്ഷകൾ ഓൺലൈൻ മുഖേന നൽകുന്നതിനുള്ള വെബ് പോർട്ടൽ സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അട്ടപ്പാടി മേഖലയിലെ നവജാത ശിശുക്കളുടെ ആരോഗ്യ സംരക്ഷണം**

90(2760) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി മേഖലയിൽ ശിശുമരണങ്ങൾ തുടരെ ഉണ്ടാകുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത മേഖലയിൽ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുള്ള പദ്ധതികളുടെ ഫലപ്രാപ്തിയെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. അട്ടപ്പാടി മേഖലയിൽ ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് വകുപ്പുമന്ത്രി 3 തവണ അട്ടപ്പാടി സന്ദർശിക്കുകയും ആരോഗ്യം, പട്ടികവർഗ്ഗ വികസനം, കുടുംബശ്രീ, വനിതാ ശിശുവികസനം, എക്സൈസ്, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുതലവന്മാരുടെയും ജനപ്രതിനിധികളുടെയും യോഗം വിളിച്ചുചേർക്കുകയും ഓരോ വകുപ്പുകളും

നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനം നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ അട്ടപ്പാടിയിൽ നടപ്പാക്കുന്ന ക്ഷേമ പദ്ധതികൾ ജില്ലാ കളക്ടറുടേയും ജില്ലയിലെ എം.പി., മണ്ണാർക്കാട് എം.എൽ.എ. ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ അടങ്ങുന്നതും ഒറ്റപ്പാലം സബ് കളക്ടർ കൺവീനറുമായുള്ള 10 അംഗ ഏകോപന സമിതിയുടെയും നേതൃത്വത്തിൽ അവലോകനം നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നുമുണ്ട്. അട്ടപ്പാടി മേഖലയിൽ വകുപ്പുമുഖേന നടപ്പാക്കുന്ന പദ്ധതികൾ എല്ലാംതന്നെ കാലാകാലങ്ങളിൽ പരിശോധനയ്ക്കും നിരീക്ഷണത്തിനും വിധേയമാക്കുകയും ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ കമ്മ്യൂണിറ്റി കിച്ചൻ മുഖേനയുള്ള ഭക്ഷണ വിതരണ പദ്ധതിയുടെ അവലോകനം സംസ്ഥാനതലത്തിൽ നടത്തിവരുന്നുണ്ട്.

(ബി) അട്ടപ്പാടി ഊരുകളിൽ നിലവിലുള്ള സമൂഹ അടുക്കളകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും കൂടുതൽ സമൂഹ അടുക്കളകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

അട്ടപ്പാടി ഊരുകളിൽ നിലവിലുള്ള കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനങ്ങൾക്കായി 2022-23 സാമ്പത്തിക വർഷം പട്ടികവർഗ്ഗ

വികസന വകുപ്പിന്റെ വിഹിതമായ (40%) 1,68,84,000/- രൂപ കുടുംബശ്രീ മിഷന് അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടുതൽ സമൂഹ അടുക്കളകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർതലത്തിൽ പരിശോധിക്കുന്നതാണ്.

(സി) നവജാത ശിശുക്കളുടെ ആരോഗ്യ സംരക്ഷണത്തിൽ ഗർഭാവസ്ഥയിലെ പരിചരണത്തിന് പ്രാധാന്യമുള്ളതിനാൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികളാണ് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

പട്ടികവർഗ്ഗ വിഭാഗത്തിലെ ഗർഭിണികളുടെയും ഗർഭസ്ഥ ശിശുക്കളുടെയും ആരോഗ്യ സംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ചുവടെ പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

1. ജനനി ജന്മരക്ഷ
2. കമ്മ്യൂണിറ്റി കിച്ചൻ
3. ഭക്ഷ്യസഹായ പദ്ധതി
4. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി
5. വാത്സല്യ സ്പർശം

**വായ്പകൾ എഴുതി തള്ളുന്നതിന് നടപടി**

91(2761) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾ എടുത്ത വായ്പകൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച് 13844/ബി 3/2015/പ.ജ.പ.വ.വി.വ. ഫയൽപ്രകാരം വകുപ്പുമന്ത്രിയുടെ ഓഫീസിൽനിന്നും ബഹു. സഹകരണ വകുപ്പുമന്ത്രിക്ക് നൽകിയ 10 പേരുടെ ലിസ്റ്റിൽനിന്നും ഒരാളെപ്പോലും സഹകരണ ബാങ്ക് എഴുതിത്തള്ളുന്ന വായ്പകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ; മേൽപ്പറഞ്ഞവർക്ക് അർഹതയ്ക്കനുസരിച്ച് ആനുകൂല്യം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾ എടുത്ത വായ്പകൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച് 13844/ബി3/2015/പ.ജ.പ.വ.വി.വ. ഫയൽപ്രകാരം വകുപ്പുമന്ത്രിയുടെ ആഫീസിൽനിന്നും സഹകരണ വകുപ്പുമന്ത്രിക്ക് നൽകിയ 10 പേരുടെ ലിസ്റ്റിലെ വ്യക്തികൾക്ക് കടാശ്വാസം ലഭ്യമാകാത്തതിനുള്ള വിവരം ചുവടെ ചേർക്കുന്നു.

1. **ശ്രീ. അറുമുഖൻ**

കേരള സംസ്ഥാനത്തിലെ പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിരുന്നതും 31-03-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) രൂപ വരെയുള്ള വായ്പകളാണ് കടാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ശ്രീ. അറുമുഖന്റെ വായ്പ ടി പരിധിയിൽ വരാത്തതിനാലാണ് സഹകരണബാങ്ക് എഴുതിത്തള്ളുന്നതിനുള്ള വായ്പകളുടെ ലിസ്റ്റിൽ ടിയാന്റെ പേര് ഉൾപ്പെടുത്താതിരുന്നത്.

2. **ശ്രീ. രാമൻകുട്ടി**

വല്ലങ്ങി വിത്തനശ്ശേരി സർവ്വീസ് സഹകരണ ബാങ്കിൽനിന്നും 15-06-2010-ന് എടുത്ത 30,000/-(മുപ്പതിനായിരം രൂപ മാത്രം) രൂപയുടെ ടി വായ്പ പ്രസ്തുത പദ്ധതിയുടെ കാലപരിധിയിൽ വരുന്നതല്ല.

3. **ശ്രീ. റ്റി. രവി**

കേരള ബാങ്കിന്റെ പാറശ്ശാല ബ്രാഞ്ചിൽനിന്നും 50,000/-(അമ്പതിനായിരം രൂപ മാത്രം) രൂപ വായ്പയെടുത്ത ശ്രീ. റ്റി. രവി എന്ന വ്യക്തിക്ക് എസ്.സി./എസ്.റ്റി. ആനുകൂല്യം ലഭിക്കുന്നതിന് വായ്പാക്കാരൻ അടയ്ക്കേണ്ട വിഹിതം അടയ്ക്കണമെന്ന് കാണിച്ച് ബാങ്ക് കത്തുകൾ

അയച്ചിട്ടും പല പ്രാവശ്യം ഫോൺ മുഖാന്തരവും ഭവന സന്ദർശനവും നടത്തി വിഹിതം അടയ്ക്കണമെന്ന് അറിയിച്ചിട്ടും വായ്പാകക്ഷി വിഹിതം അടയ്ക്കാൻ കൂട്ടാക്കാത്തതിനാൽ കടാശ്വാസ പദ്ധതിയിൽ ടിയാനെ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല.

4. **ശ്രീമതി പ്രഭാവതി കെ.**

പട്ടികജാതി വിഭാഗക്കാർ സഹകരണ ബാങ്കിൽനിന്നും എടുത്തിട്ടുള്ള 1,00,000/- (ഒരു ലക്ഷം രൂപവരെ മാത്രം) രൂപവരെയുള്ള വായ്പകൾക്കാണ് കടാശ്വാസം അനുവദിച്ചിരുന്നത്. എന്നാൽ ശ്രീ. രാജന്റെ പേരിൽ മുൻ ജില്ലാ സഹകരണ ബാങ്കിന്റെ പെരിങ്ങത്തൂർ ശാഖയിൽനിന്നും എടുത്ത വായ്പ 1,50,000/- (ഒരു ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രൂപയുടേതായതിനാൽ പ്രസ്തുത ആനുകൂല്യം അനുവദിച്ചിരുന്നില്ല.

5. **ശ്രീമതി എം. ജെ. വൽസല**

പത്തനംതിട്ട മല്ലപ്പള്ളി സർവ്വീസ് സഹകരണ ബാങ്കിൽനിന്നും 23-12-2006 - ൽ എടുത്ത 15,000/-(പതിനയ്യായിരം രൂപ മാത്രം) രൂപയുടെ വായ്പ 23-04-2012-ൽ അവസാനിപ്പിച്ചിട്ടുള്ളതാണ്. പിന്നീട് 19-05-2012-ന് എടുത്ത 25,000/-(ഇരുപത്തിയയ്യായിരം രൂപ മാത്രം) രൂപയുടെ ടി വായ്പ

(വായ്പ നം. ഒ.എൽ.പി. 5/12-13) പ്രസ്തുത പദ്ധതിയുടെ കാലപരിധിയിൽ വരുന്നതല്ല.

6. **ശ്രീമതി എൻ. വസന്ത**

ശ്രീമതി എൻ. വസന്ത കടാശ്വാസത്തിനായി അപേക്ഷിച്ച രേഖകളോടിയാൾ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ആളാണെന്നുള്ള സാക്ഷ്യപത്രമോ സമർപ്പിച്ചിട്ടില്ലെന്ന് കേരള ബാങ്കിൽനിന്നും അറിയിച്ചിട്ടുണ്ട്.

7. **ശ്രീമതി വസന്ത.**

ശ്രീമതി വസന്ത കിളിമാനൂർ പി.സി.എ.ആർ.ഡി.ബി.-യിൽനിന്നും 2010 - ൽ എൻ.എച്ച്.എസ് 210/2010 നമ്പരായി എടുത്ത 2,00,000/- (രണ്ടു ലക്ഷം രൂപ മാത്രം) രൂപയുടെ ടി വായ്പ പ്രസ്തുത പദ്ധതിയുടെ കാലപരിധിയിൽ വരുന്നതല്ലാത്തതിനാൽ ആനുകൂല്യത്തിന് അർഹയല്ല.

8. **ശ്രീ. ടി. എസ്. പ്രദീഷ് കുമാർ**

കേരള ബാങ്കിന്റെ നെയ്യാറ്റിൻകര മെയിൻ ബ്രാഞ്ചിൽനിന്നും വായ്പയെടുത്ത ശ്രീ. ടി. എസ്. പ്രദീഷ് കുമാർ എന്ന വ്യക്തിയുടെ സി എം

എൽ 40/00-ാം നമ്പർ വായ്പ ഹെഡ്ഡാഫീസ് ഡിക്രീഡ് ലോണിലേയ്ക്ക് വക മാറ്റുകയും തുടർന്ന് ടിയാന്റെ വിഹിതം അടച്ച് എസ്.സി./എസ്.റ്റി. ഇളവും ലഭ്യമാക്കി കടം കണക്ക് പൂർണ്ണമായും അവസാനിപ്പിച്ചിട്ടുണ്ട്.

9. **ശ്രീ. കെ. വിജയൻ**

കഴക്കൂട്ടം സർവ്വീസ് സഹകരണ ബാങ്കിൽനിന്നും ടിയാൻ 24-09-2013-ൽ OF 004014130034 നമ്പരായി എടുത്ത ഒരു ലക്ഷം രൂപയുടെ വായ്പ 31-03-2010-നുശേഷം എടുത്ത വായ്പയായതിനാൽ പ്രസക്തമായ പട്ടികജാതി/പട്ടികവർഗ്ഗ കടാശ്വാസ പദ്ധതിയുടെ പരിധിയിൽ വരുന്നതല്ല.

10. **ശ്രീമതി രമണി. എ**

ശ്രീമതി രമണി. എ കിളിമാനൂർ പി.സി.എ.ആർ.ഡി.ബി.-യിൽ നിന്നും എൻ.എച്ച്.എസ് 2/2011 നമ്പരായി എടുത്ത 2,00,000/-(രണ്ട് ലക്ഷം രൂപ മാത്രം) രൂപയുടെ ടി വായ്പ പ്രസ്തുത പദ്ധതിയുടെ കാലപരിധിയിൽ വരുന്നതല്ലാത്തതിനാൽ ആനുകൂല്യത്തിന് അർഹയല്ല.

(ബി) പട്ടിക വിഭാഗങ്ങളുടെ വായ്പ എഴുതിത്തള്ളുന്നതിനായി സഹകരണസംഘം രജിസ്ട്രാർക്ക് ഈ സർക്കാർ അധികാരത്തിൽ

വന്നതിനുശേഷം എത്ര രൂപ കൈമാറിയിട്ടുണ്ടെന്നും ഇതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

പട്ടികവർഗ്ഗക്കാരുടെ വായ്പ എഴുതിത്തള്ളുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് തുക കൈമാറിയിട്ടില്ല.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സഹകരണവകുപ്പ് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വായ്പ എഴുതിത്തള്ളിയിട്ടില്ല.

എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ/പരിവർത്തിത ക്രൈസ്തവ വിഭാഗക്കാർക്കുവേണ്ടിയുള്ള കടാശ്വാസ പദ്ധതിപ്രകാരം വായ്പാക്കുടിശ്ശിക എഴുതി തള്ളുന്നതുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയിലെ ഇ.93-ാം നമ്പർ ഉടുമ്പന്നൂർ സർവ്വീസ് സഹകരണ ബാങ്കിന് 5,07,790/- (അഞ്ച് ലക്ഷത്തി ഏഴായിരത്തി എഴുന്നൂറ്റി തൊണ്ണൂറ് രൂപ മാത്രം) രൂപ അനുവദിക്കണമെന്ന ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ 06-04-2022-ലെ സ.ഉ(സാധാ)നം.402/2022/പജ.പവ.വി.വ. പ്രകാരം തുക അനുവദിച്ചുനൽകിയിട്ടുണ്ട്.

**ട്രേസ് പദ്ധതി**

92(2762) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ എത്ര പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കാണ് ട്രേസ് (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്) പദ്ധതിയിൽ ഉൾപ്പെടുത്തി പരിശീലനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ട്രേസ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം തൊഴിൽ മേഖലയിലാണ് പരിശീലനം നൽകുന്നതെന്നും ഇതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പദ്ധതി നടപ്പാക്കുന്നതിനുള്ള മാനദണ്ഡങ്ങളും വ്യക്തമാക്കുമോ; പദ്ധതി നടപ്പാക്കുന്നതിന് ചുമതലയുള്ള ജില്ലാതല ഓഫീസർ ആരാണ് എന്ന് വ്യക്തമാക്കുമോ?

(എ-സി) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ട്രേസ് പദ്ധതിയുടെ ഭാഗമായി രണ്ട് അക്രഡിറ്റഡ് എഞ്ചിനീയർമാർക്കും മൂന്ന്

ഓവർസീയർമാർക്കും ഒരു കമ്മ്യൂണിറ്റി സോഷ്യൽ വർക്കർക്കും പരിശീലനം നൽകിവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അവരുടെ പഠനമേഖലയ്ക്കനുസൃതമായ തൊഴിൽ പരിചയവും പരിശീലനവും നൽകി അവരുടെ കരിയർ ഉന്നതിയിലെത്തിക്കുന്നതിനും അതുവഴി മികവുറ്റ തൊഴിലുകൾക്ക് പ്രാപ്തരാക്കുന്നതിനും സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്.

വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാകുക വഴി തങ്ങളുടെ കരിയർ പ്രോജ്ജ്വലമാക്കുന്നതിന് കൂടുതൽ ആത്മവിശ്വാസവും അനുഭവപരിചയവും സ്വായത്തമാകുന്നതാണ്. എഞ്ചിനീയറിംഗ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, ക്ലർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഹോണറേറിയത്തോടുകൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. പരമാവധി രണ്ടു വർഷംവരെ

പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതതു മേഖലകളിൽ അനിവാര്യമായ നൈപുണികൾ കൈവരിക്കുന്നതിനുതകുന്ന പ്രത്യേക പരിശീലനം നൽകുകയും ചെയ്യുന്നു. സർക്കാർതലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുക വഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു.

നിലവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും 500 എഞ്ചിനീയറിംഗ് ഉദ്യോഗാർത്ഥികൾക്ക് അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർമാരായി നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 114 MSW ബിരുദധാരികൾക്ക് സോഷ്യൽ വർക്കർമാരായും 380 ബിരുദധാരികൾക്ക് മാനേജ്മെന്റ് ട്രെയിനി/അപ്രന്റീസ് ക്ലർക്കുമാരായും 2399 പേർക്ക് പ്രൊമോട്ടർമാരായും നിയമനം നൽകിയിട്ടുണ്ട്. ഇതിനുപുറമെ 18 നിയമ ബിരുദധാരികളെ ഹോണറേറിയം വ്യവസ്ഥയിൽ ലീഗൽ കൗൺസിലർ, ലീഗൽ സെൽ കോ-ഓർഡിനേറ്റർ, ലീഗൽ അഡ്വൈസർ തസ്തികകളിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ, പട്ടികജാതി-പട്ടികവർഗ്ഗക്കാരായ 94 നിയമബിരുദധാരികളെ ഗവ. പ്ലീഡർമാർ, സീനിയർ അഡ്വക്കേറ്റുമാർ

എന്നിവർക്ക് കീഴിൽ ഹോണറേറിയത്തോടുകൂടി രണ്ട് വർഷക്കാലയളവിലേയ്ക്ക് പരിശീലനത്തിനായി നിയമിക്കുന്നതിനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്.

നഴ്സിംഗ്, പാരാമെഡിക്കൽ, മാനേജ്മെന്റ്, അദ്ധ്യാപന മേഖലയിലുള്ള ഉദ്യോഗാർത്ഥികളുടെ നിയമനം സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത്തരത്തിൽ വിവിധ മേഖലകളിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ പരിശീലനവും പിന്തുണയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് Training for Career Excellence (TRACE) എന്ന പേരിൽ പദ്ധതി നടപ്പാക്കാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്ദേശിക്കുന്നത്.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമുതകുന്ന തരത്തിലുള്ള വിവര സാങ്കേതികം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ വകുപ്പ് നടപ്പാക്കിവരുന്നുണ്ട്.

പ്രസ്തുത പദ്ധതിയിലൂടെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് അവരവരുടെ താൽപ്പര്യത്തിനനുസരിച്ചും ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാദ്ധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ നൽകുന്നതുവഴി പ്ലേസ്മെന്റ് മുഖേന സ്ഥിരശമ്പളത്തോടുകൂടി വിവിധ സംരംഭങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനും പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിനും സാധിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ചുമതല ജില്ലാ പട്ടികജാതി/പട്ടികവർഗ്ഗ വികസന ഓഫീസർമാർക്കാണ്.

## ഉന്നതി പദ്ധതി

93(2763) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പുകളുടെ വികസന, വിദ്യാഭ്യാസ, ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായുള്ള ഉന്നതി പദ്ധതിയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് അറിയിക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വികസന വകുപ്പുകൾ നടപ്പാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങളെ, പദ്ധതികളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളുടെയും നിർവ്വഹണ രീതികളുടെയും സമാന സ്വഭാവ സവിശേഷതകൾ കണക്കിലെടുത്ത് കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പാക്കുന്നതിനും ഇതിലൂടെ ഈ വിഭാഗക്കാരെ സമൂഹത്തിന്റെ ഉന്നതിയിലെത്തിക്കുന്നതിനുമാണ് 'ഉന്നതി' എന്ന പൊതുനാമധേയം സ്വീകരിച്ചിട്ടുള്ളത്. വകുപ്പുകളുടെ വിവിധ പദ്ധതികൾ ഉന്നതി പദ്ധതിയിൽ വരുന്നു. വിംഗ്സ് പദ്ധതി, സേഫ് പദ്ധതി, ഹോം പദ്ധതി, ട്രേസ് പദ്ധതി, ജ്വാല പദ്ധതി, ഗ്രീൻ ഇൻകം പദ്ധതി തുടങ്ങിയവ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പാക്കുന്ന നൂതന പദ്ധതികളാണ്.

## ദേവസ്വം ബോർഡുകൾ

94(2764) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാന സർക്കാരിന് കീഴിലുള്ള ദേവസ്വം ബോർഡുകളുടെ എണ്ണം എത്ര; വ്യക്തമാക്കാമോ?

5 എണ്ണം.

1. തിരുവിതാംകൂർ ദേവസ്വം ബോർഡ്

2. കൊച്ചിൻ ദേവസ്വം ബോർഡ്

3. മലബാർ ദേവസ്വം ബോർഡ്

4. ഗുരുവായൂർ ദേവസ്വം

5. കൂടൽമാണിക്യം ദേവസ്വം

(ബി) പ്രസ്തുത ദേവസ്വം ബോർഡുകളുടെ കീഴിൽ എത്ര ക്ഷേത്രങ്ങളുണ്ട്; ദേവസ്വം തിരിച്ച് വ്യക്തമാക്കുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡ് - ഏകദേശം 1250 ക്ഷേത്രങ്ങൾ

മലബാർ ദേവസ്വം ബോർഡ് - 1403 ക്ഷേത്രങ്ങൾ

കൊച്ചിൻ ദേവസ്വം ബോർഡ് - 406 ക്ഷേത്രങ്ങൾ

ഗുരുവായൂർ ദേവസ്വം - ഗുരുവായൂർ ക്ഷേത്രവും 11 കീഴേടം ക്ഷേത്രങ്ങളും

കൂടൽമാണിക്യം ദേവസ്വം - കൂടൽമാണിക്യം ക്ഷേത്രവും 11 കീഴേടം ക്ഷേത്രങ്ങളും.

(സി) പ്രസ്തുത ദേവസ്വം ബോർഡുകളുടെ കീഴിൽ എത്ര ഹെക്ടർ ഭൂമി വെറുതെ കിടക്കുന്നു; ദേവസ്വം തിരിച്ച് വ്യക്തമാക്കുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിൽ ഏകദേശം 155 ഹെക്ടർ 49 ആർ തരിശ് ഭൂമിയുണ്ട്. മലബാർ ദേവസ്വം ബോർഡിന്റെ

ഉടമസ്ഥതയിൽ ഭൂമി ഇല്ല. മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ സർവ്വേ റിപ്പോർട്ട് പ്രകാരം 1123 ക്ഷേത്രങ്ങളുടെ കൈവശത്തിൽ 3112.20 ഏക്കർ ഭൂമി ഉണ്ട്. ഇപ്രകാരം ക്ഷേത്രങ്ങളുടെ കൈവശത്തിലുള്ള ഭൂമിയിൽ വെറുതെ കിടക്കുന്ന ഭൂമി സംബന്ധിച്ച് സർവ്വേ റിപ്പോർട്ടുകളോ മറ്റ് ആധികാരികമായ രേഖകളോ തയ്യാറാക്കിയിട്ടില്ല.

കൊച്ചിൻ ദേവസ്വം ബോർഡ് ദേവസ്വങ്ങളിലെ തനത് രജിസ്റ്റർപ്രകാരം അവിടെ ആകെ 1313.46 ഏക്കർ ഭൂമിയുണ്ട്.

കൂടൽമാണിക്യം ദേവസ്വം വക ഏകദേശം 10 ഏക്കർ തരിശ് ഭൂമി ഉണ്ട്.

(ഡി) ഇപ്രകാരം ദേവസ്വത്തിനുകീഴിൽ വെറുതെ കിടക്കുന്ന മുഴുവൻ ഭൂമിയിലും ക്ഷേത്രങ്ങളുടെ ദൈനംദിന ആവശ്യങ്ങൾക്കുള്ള പൂക്കൾ നട്ടുവളർത്താനും ധാന്യങ്ങൾ കൃഷി ചെയ്യാനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള വിവിധ ക്ഷേത്രങ്ങളിൽ തരിശായി കിടക്കുന്ന ഭൂമിയിൽ അനുയോജ്യമായ പച്ചക്കറികളും മറ്റ് കാർഷിക വിളകളും പുഷ്പസസ്യങ്ങളും കൃഷി

ചെയ്യുന്നതിലേയ്ക്കായി 'ദേവഹരിതം' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതും ആയത് നടപ്പാക്കിവരുന്നതുമാണ്.

ഹരിതക്ഷേത്രം പദ്ധതിപ്രകാരം ചില ക്ഷേത്രങ്ങളിൽ ക്ഷേത്രാവശ്യങ്ങൾക്കുള്ള പൂക്കളും ഫലവൃക്ഷങ്ങളും മറ്റും നട്ടുവളർത്തി വരുന്നുണ്ട്. ടി ഭൂമിയിൽ ക്ഷേത്രങ്ങളിലെ ക്ഷേത്രഭൂമി ക്ഷേത്ര ഉപദേശക സമിതികൾക്കും, വ്യക്തികൾക്കും ഒരു വർഷത്തേയ്ക്ക് വാഴ മുതലായവ കൃഷി ചെയ്യുന്നതിന് നിശ്ചിത സംഖ്യ ഈടാക്കിക്കൊണ്ട് അനുവാദം നൽകിയിട്ടുണ്ട്. കൂടാതെ ചിലയിടത്ത് കരനെൽകൃഷി, നെൽകൃഷി എന്നിവ പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയിട്ടുള്ളതാണ്.

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളുടെ ഭൂമിയിൽ പൂജാപുഷ്പങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും ഔഷധ സസ്യങ്ങൾ വളർത്തുന്നതിനുമുള്ള പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നുണ്ട്.

കൂടൽമാണിക്യം ദേവസ്വത്തിനു കീഴിലുള്ള തരിശ് ഭൂമിയിൽ തെങ്ങ്, വാഴ, വഴുതന, ഔഷധ സസ്യങ്ങൾ എന്നിവ കൃഷി ചെയ്യാനുള്ള പദ്ധതി നടന്നുവരുന്നു.

**മലബാറിലെ ആചാര സ്ഥാനികർക്കും കോലധാരികൾക്കും പെൻഷൻ**

95(2765) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ ആചാരസ്ഥാനികർക്കും കോലധാരികൾക്കും പെൻഷൻ ലഭിക്കുന്നതിന് അവസാനമായി അപേക്ഷ ക്ഷണിച്ചത് എപ്പോഴാണ് എന്ന് വ്യക്തമാക്കാമോ?

2016 മാർച്ച് മാസമാണ് അവസാനമായി അപേക്ഷകൾ ക്ഷണിച്ചിട്ടുള്ളത്. പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് 420 ആചാര സ്ഥാനികരേയും 105 കോലധാരികളേയും പുതിയ ഗുണഭോക്താക്കളായി ഉൾപ്പെടുത്തി 24-11-2018-ലെ GO(Rt) No.4876/2018/റവ. പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

(ബി) ഈ വിഭാഗത്തിൽപ്പെട്ടവർക്ക് പുതുതായി അപേക്ഷ സമർപ്പിക്കാനുള്ള അവസരം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

നടപടി സ്വീകരിക്കുന്നതാണ്.

**ദേവസ്വം വകുപ്പിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധന**

96(2766) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവസ്വം വകുപ്പിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം അവസാനമായി പരിശോധന നടത്തിയത് എന്നാണ്; പ്രസ്തുത പരിശോധനയിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്; പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ദേവസ്വം വകുപ്പിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിട്ടില്ല.

എന്നാൽ വകുപ്പിനുകീഴിലുള്ള ദേവസ്വം ബോർഡുകളിൽ പരിശോധന നടത്തിയിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡ് മലപ്പുറം അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസിൽ 15-09-2022-ന് ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിട്ടുണ്ട്. പ്രസ്തുത പരിശോധനയിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ കണ്ടെത്തുകയോ റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല.

കൂടൽമാണിക്യം ദേവസ്വത്തിന്റെ ഓഫീസിൽ 01-02-2023-ന് പരിശോധന നടത്തിയിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

## പാലാ മണ്ഡലത്തിലെ ശബരിമല ഇടത്താവളങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം

97(2767) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ മണ്ഡലത്തിൽ ശബരിമല ഭക്തർക്കുള്ള ഇടത്താവളങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതെ ഭക്തർ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഇടത്താവളങ്ങളിൽ ഭക്തർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പാലാ മണ്ഡലത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് ഇടത്താവളങ്ങൾ ഇല്ല എന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

## ക്യൂ നിയന്ത്രിക്കുന്നതിന് റോബോട്ടിക് സംവിധാനം

98(2768) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശബരിമല പോലെയുള്ള ക്ഷേത്രങ്ങളിലും മറ്റ് സമാന സ്ഥലങ്ങളിലും ക്യൂ നിയന്ത്രിക്കുന്നതിന് റോബോട്ടിക് സംവിധാനം നടപ്പാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ശബരിമലയിൽ തിരക്ക് നിയന്ത്രിക്കുന്നതിനായി നിലവിൽ വെർച്വൽ ക്യൂ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്. ദേവസ്വത്തിനുകീഴിലുള്ള ക്ഷേത്രങ്ങളിൽ റോബോട്ടിക് സംവിധാനം നടപ്പാക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല.

## തിരുവിതാംകൂർ ദേവസ്വം ബോർഡ് നിയമനം

99(2769) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിൽ മുഴുവൻ നിയമനങ്ങളും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേന ആണോ നടത്തുന്നത്; അല്ലെങ്കിൽ ഏതൊക്കെ നിയമനങ്ങളാണ് പ്രസ്തുത ബോർഡ് മുഖേന നടത്താത്തതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത നിയമനങ്ങൾ നടത്തുന്ന രീതി വ്യക്തമാക്കാമോ?

അല്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലുള്ള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ദേവസ്വങ്ങളിലെ പാരമ്പര്യ അവകാശങ്ങളുള്ള കാരായ്മ നിയമനങ്ങളുമാണ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയല്ലാതെ നടത്തുന്നത്. കൂടാതെ ആശ്രിത നിയമനം വഴിയും ബൈ ട്രാൻസ്ഫർ മുഖേനയും നിയമനങ്ങൾ നടത്തിവരുന്നു.

(ബി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വന്നതിനുശേഷം ബോർഡ് മുഖേന അല്ലാതെ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നടത്തിയ നിയമനങ്ങൾ ഏതൊക്കെയാണെന്നും ഏത് രീതിയിലാണ് നിയമനം നടത്തിയതെന്നും ഇതിൽ കരാർ താൽക്കാലിക നിയമനങ്ങൾ ഉണ്ടെങ്കിൽ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നിയമന തട്ടിപ്പുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത പരാതികളിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പരാതികളുടെ അടിസ്ഥാനത്തിൽ ദേവസ്വം ബോർഡ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ആർക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(സി-ഇ) രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികളിന്മേൽ ദേവസ്വം വിജിലൻസ് വിഭാഗം അന്വേഷണം നടത്തിവരുന്നു.

## മലബാർ ദേവസ്വം ബോർഡിലെ ക്ഷേത്രം ജീവനക്കാരുടെ ശമ്പള പരിഷ്കരണം

100(2770) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിലെ ക്ഷേത്രം ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

12-02-2021-ലെ G.O (MS) No. 57/2021/RD പ്രകാരം, മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പളം 01-01-2019 പ്രാബല്യത്തിൽ പരിഷ്കരിക്കുന്നതിന് സർക്കാർ അനുമതി

നൽകിയിരുന്നു. പ്രസ്തുത ശമ്പള പരിഷ്കരണ ഉത്തരവിലെ അനോമലികൾ പരിഹരിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിഗണനയിലാണ്.

(ബി) പ്രസ്തുത ജീവനക്കാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട അനോമലി പരിഹരിക്കുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസലിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത ശമ്പള പരിഷ്കരണം സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) ഇല്ല. വിഷയം ധനകാര്യ വകുപ്പിൽ പരിശോധിച്ചുവരുന്നു.

**ഗുരുവായൂർ ദേവസ്വത്തിന് കീഴിലുള്ള മൃഗപരിപാലന സംവിധാനം**

101(2771) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വത്തിന് കീഴിലുള്ള മൃഗപരിപാലന സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കാമോ; ഏതൊക്കെ മൃഗങ്ങളെയാണ് പരിപാലിക്കുന്നതെന്നും നടയ്ക്കിരുത്തുന്ന മൃഗങ്ങളെ എവിടെയാണ് സംരക്ഷിക്കുന്നതെന്നും അറിയിക്കാമോ?

ഗുരുവായൂർ ക്ഷേത്രത്തിൽ ഭക്തർ വഴിപാടായി സമർപ്പിക്കുന്ന ഗോക്കളെയും ആനകളെയുമാണ് ഗുരുവായൂർ ദേവസ്വം പരിപാലിച്ചു വരുന്നത്. ആനകളെ പുന്നത്തൂർ കോട്ട ആന പരിപാലന കേന്ദ്രത്തിലും ഗോക്കളെ മലപ്പുറം ജില്ലയിലെ വെങ്ങാട് ഗോകുലത്തിലും ഗുരുവായൂരിലെ കാവീട് ഗോകുലം, അനക്സ് ഗോകുലം എന്നിവിടങ്ങളിലുമായി സംരക്ഷിച്ചുവരുന്നു.

(ബി) മൃഗപരിപാലനത്തിന് നിയോഗിക്കപ്പെട്ട എത്ര ജീവനക്കാരുണ്ടെന്നും അവരെ നിയോഗിച്ചിരിക്കുന്ന സ്ഥലങ്ങൾ ഏതൊക്കെയെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ?

ഗുരുവായൂർ ദേവസ്വം മൃഗ പരിപാലനത്തിനായി നിലവിൽ ആകെ 236 ജീവനക്കാർ ഉണ്ട്. ആയതിന്റെ തസ്തിക തിരിച്ചുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു.

(സി) നടയ്ക്കിരുത്തുന്ന പശുക്കളെ സംരക്ഷിക്കുന്നത് എവിടെയാണെന്നും പ്രസ്തുത ആവശ്യത്തിന് ഗുരുവായൂർ ദേവസ്വത്തിന്റെ എത്ര ഭൂമി ഉപയോഗിക്കുന്നുണ്ടെന്നും എത്ര പശുക്കളെ അവിടെ സംരക്ഷിക്കുന്നുണ്ടെന്നും വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടയ്ക്കിരുത്തുന്ന പശുക്കളെ മലപ്പുറം ജില്ലയിലെ വെങ്ങാട് ഗോകുലത്തിലും ഗുരുവായൂരിലെ കാവീട് ഗോകുലം, അനക്സ് ഗോകുലം എന്നിവിടങ്ങളിലുമായി സംരക്ഷിച്ചുവരുന്നു.

വെങ്ങാട് ഗോകുലം - 93.83 ഏക്കർ - 1407 ഗോക്കൾ

കാവീട് ഗോകുലം - 1 ഏക്കർ 32 സെൻറ് - 96 ഗോക്കൾ

ഗുരുവായൂർ അനക്സ് ഗോകുലം - 21.5 സെന്റ് - 19 ഗോക്കൾ

(ഡി) പശുക്കളെ പരിപാലിക്കുന്നതിന് പ്രതിവർഷം ചെലവഴിക്കുന്ന തുക എത്രയെന്ന് അറിയിക്കാമോ; പരിപാലനകേന്ദ്രത്തിൽ എല്ലാ പശുക്കൾക്കും മഴയും വെയിലും ഏൽക്കാതിരിക്കാൻ തക്കവിധത്തിലുള്ള തൊഴുത്തുകൾ ലഭ്യമാണോ; ഇല്ലെങ്കിൽ അവ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

പശുക്കൾക്ക് തീറ്റ, ചികിത്സ എന്നിവയ്ക്കായി പ്രതിവർഷം ഏകദേശം 5,39,52,000/- രൂപ ചെലവഴിക്കുന്നുണ്ട്. കാവീട്, അനക്സ് ഗോകുലങ്ങളിൽ ഗോക്കളെ മഴയും വെയിലും ഏൽക്കാതെ സംരക്ഷിക്കുന്നതിനുള്ള തൊഴുത്തുകൾ നിലവിലുണ്ട്. വെങ്ങാട് ഗോകുലത്തിൽ മുഴുവൻ പശുക്കളെയും ഉൾക്കൊള്ളുന്നതിനുള്ള തൊഴുത്തുകൾ നിലവിലില്ല. വെങ്ങാട്

ഗോകുലത്തിലെ ഗോക്കൾക്ക് വിശ്രമത്തിന് അനുയോജ്യമായ തൊഴുത്തുകൾ, പാഡക്കുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

**മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന്റെ നവീകരണം**

102(2772) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി പദ്ധതി നടപ്പാക്കുന്നത് പരിഗണിക്കുമോ; അതിന് ആവശ്യമായ തുക അനുവദിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

(എ&ബി) എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. പരിശോധിച്ച് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഇരിക്കൂർ മണ്ഡലത്തിലെ ക്ഷേത്രക്കുളം നവീകരണ പദ്ധതി**

103(2773) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രക്കുളം നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഇരിക്കൂർ നിയോജകമണ്ഡലത്തിലെ എത്ര ക്ഷേത്രക്കുളങ്ങൾ നവീകരിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ശ്രീ അരങ്ങം ശിവക്ഷേത്രത്തിന് ക്ഷേത്രക്കുളം നവീകരണത്തിനായി 16-06-2015-ന് 2,10,000/- രൂപയും 13-04-2018-ന് 90,000/- രൂപയും ചേർത്ത് ആകെ 3 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ എത്ര ക്ഷേത്രക്കുളങ്ങൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; അവ ഏതെല്ലാമെന്ന് അറിയിക്കാമോ?

രണ്ട്.

1) ശ്രീ ളാവിൽ ശിവക്ഷേത്രം, കുറുമാത്തൂർ, ചേടിച്ചേരി.

2) ശ്രീ ചുഴലി ഭഗവതി ക്ഷേത്രം.

**കോമരം, ക്ഷേത്രപൂജാരി തുടങ്ങിയവർക്ക് നൽകുന്ന ധനസഹായം**

104(2774) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രങ്ങളിലെ കോമരം, ക്ഷേത്രപൂജാരി തുടങ്ങിയവർക്ക് നൽകുന്ന ധനസഹായത്തിനുള്ള മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ;

(ബി) ആർക്കെല്ലാമാണ് ധനസഹായം ലഭിക്കുന്നതെന്നും ഒരു മാസം എത്ര രൂപയാണ് ധനസഹായം നൽകുന്നതെന്നും വിശദമാക്കാമോ?

(എ&ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിൽ കോമരം എന്ന ലാവണം നിലവിലില്ല. ക്ഷേത്ര പൂജാരിമാരെ ക്ലാസ് ഫോർ ജീവനക്കാരായി കണക്കാക്കി കെ.എസ്.ആർ. മാനദണ്ഡപ്രകാരമുള്ള ശമ്പളവും ആനുകൂല്യങ്ങളും നൽകിവരുന്നു.

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലെ കോമരം "വെളിച്ചപ്പാട്, ക്ഷേത്രപൂജാരി" തുടങ്ങിയ അംഗീകൃത തസ്തികകളിൽ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക്, ക്ഷേത്രങ്ങളുടെ ഗ്രേഡ് അനുസരിച്ച്

കാലാകാലങ്ങളിലുള്ള ശമ്പള പരിഷ്കരണ വ്യവസ്ഥകൾപ്രകാരം ശമ്പളം നിജപ്പെടുത്തിയിട്ടുണ്ട്.

കൂടൽമാണിക്യം ദേവസ്വത്തിൽ കോമരം എന്ന ലാവണമില്ല. കൂടൽമാണിക്യം ക്ഷേത്രത്തിനുകീഴിൽ ദേവസ്വം റഗുലേഷൻപ്രകാരം കാലാകാലങ്ങളിലുള്ള ശമ്പള പരിഷ്കരണം വഴിയാണ് പൂജാരിക്കും മറ്റു ജീവനക്കാർക്കും ശമ്പളം നൽകിവരുന്നത്. മേൽശാന്തിയുടെ ശമ്പളം പ്രതിമാസം 35073/- രൂപയാണ്.

കൊച്ചിൻ ദേവസ്വത്തിൽ ശാന്തി, കഴകം, കോമരം, വാദ്യക്കാർ, അടിച്ചുതളി എന്നീ ക്ഷേത്രജീവനക്കാർക്ക് ശമ്പളം കൂടാതെ ചികിത്സാസഹായം, വിവാഹ ധനസഹായം, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് എന്നിവ നൽകിവരുന്നുണ്ട്.

ഗുരുവായൂർ ദേവസ്വത്തിനുകീഴിലെ ക്ഷേത്രങ്ങളിൽ ഗുരുവായൂർ ദേവസ്വം കമ്മീഷണർ അംഗീകരിച്ച പ്രതിമാസ വേതനമാണ് നൽകിവരുന്നത്. കോമരം, ക്ഷേത്ര പൂജാരി തുടങ്ങിയവർക്ക് മറ്റു ധനസഹായം നൽകുന്നില്ല.

## ദേവസ്വം വകുപ്പിന്റെ കീഴിലുള്ള റസ്റ്റ് ഹൗസുകൾ, താമസസ്ഥലങ്ങൾ

105(2775) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം വകുപ്പിന്റെ കീഴിൽ സംസ്ഥാനത്തുള്ള റസ്റ്റ് ഹൗസുകൾ, മറ്റ് താമസസ്ഥലങ്ങൾ എന്നിവയുടെ വിശദാംശം നൽകാമോ?

ദേവസ്വം വകുപ്പിന്റെ കീഴിൽ റസ്റ്റ് ഹൗസുകൾ നിലവിലില്ല. വിവിധ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള റസ്റ്റ് ഹൗസുകൾ, മറ്റ് താമസ സ്ഥലങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡ്**

1. ദേവികുളം
2. ഏറ്റുമാനൂർ
3. പീരുമേട്
4. കോട്ടയം
5. ശ്രീശൈലം ഗസ്റ്റ് ഹൗസ്, വൈക്കം
6. വിഘ്നേശ്വര ഗസ്റ്റ് ഹൗസ്, പമ്പ
7. ശബരി ഗസ്റ്റ് ഹൗസ്, സന്നിധാനം

8. ആലുവ ഗസ്റ്റ് ഹൗസ്

9. മുണ്ടക്കയം

**കൊച്ചിൻ ദേവസ്വം ബോർഡ്**

ചോറ്റാനിക്കര ക്ഷേത്രം റസ്റ്റ് ഹൗസ്

കൊടുങ്ങല്ലൂർ ക്ഷേത്രം റസ്റ്റ് ഹൗസ്

തിരുവില്വാമല ക്ഷേത്രം റസ്റ്റ്ഹൗസ്

**മലബാർ ദേവസ്വം ബോർഡ്**

1) ശ്രീ കൊട്ടിയൂർ ദേവസ്വം

2) തിരുവങ്ങാട് ശ്രീരാമസ്വാമി ക്ഷേത്രം

3) ശ്രീ തിരുനെല്ലി ദേവസ്വം

4) ചെറുകുന്ന് ശ്രീ അന്നപൂർണ്ണേശ്വരി ക്ഷേത്രം

5) മാടായി ശ്രീ തിരുവർക്കാട്ട് കാവ് ക്ഷേത്രം

6) ശ്രീ അല്ലൂർക്കാവ് ദേവസ്വം

7) ശ്രീമദ് അനന്തേശ്വര ക്ഷേത്രം

8) മധൂർ ശ്രീ മദനന്തേശ്വര വിനായക ക്ഷേത്രം

9) തളിപ്പറമ്പ് ശ്രീ രാജരാജേശ്വര ക്ഷേത്രം

10) മാമാനിക്കുന്ന് ശ്രീ മഹാദേവി ക്ഷേത്രം, ഇരിക്കൂർ

11) കാടാമ്പുഴ ശ്രീഭഗവതി ക്ഷേത്രം

12) തിരുമാന്ധാംകുന്ന് ശ്രീ ഭഗവതി ക്ഷേത്രം

13) തിരുനാവായ ശ്രീ നാവാമുകുന്ദ ക്ഷേത്രം

14) മമ്മിയൂർ ശ്രീ മഹാദേവ ക്ഷേത്രം

കൂടൽമാണിക്യം ദേവസ്വത്തിന്റെ കീഴിൽ റസ്റ്റ് ഹൗസുകൾ ഒന്നുമില്ല.

**ഗുരുവായൂർ ദേവസ്വം**

1) ശ്രീവത്സം ഗസ്റ്റ് ഹൗസ്

2) ശ്രീവത്സം എക്സ്റ്റൻഷൻ ഗസ്റ്റ് ഹൗസ്

3) ശ്രീവത്സം അനക്സ് റസ്റ്റ് ഹൗസ്

4) പാഞ്ചജന്യം റസ്റ്റ് ഹൗസ്

5) കൗസ്തുഭം റസ്റ്റ് ഹൗസ്

6) GSSM റസ്റ്റ് ഹൗസ്

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ മുറികൾ ബുക്ക് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഗസ്റ്റ് ഹൗസിലേയ്ക്ക് സ്പോട്ട് ബുക്കിംഗ് മുഖാന്തരമാണ് മുറികൾ ബുക്ക് ചെയ്യേണ്ടത്.

മലബാർ ദേവസ്വം, കൊച്ചിൻ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള റസ്റ്റ് ഹൗസുകളിൽ നേരിട്ടോ ഫോൺ മുഖേനയോ മുറികൾ ബുക്ക് ചെയ്യാവുന്നതാണ്.

ഗുരുവായൂർ ദേവസ്വത്തിന്റെ ശ്രീവത്സം, ശ്രീവത്സം എക്സ്റ്റൻഷൻ എന്നിവ VIP ഗസ്റ്റ് ഹൗസുകൾ ആകയാൽ ബുക്കിംഗ് സ്വീകരിക്കുന്നില്ല. മറ്റ് റസ്റ്റ് ഹൗസുകളിൽ നേരിട്ടും ഡി.ഡി., ചെക്ക്, മണിയോർഡർ എന്നിവ മുഖേനയും മുറി ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യം നിലവിലുണ്ട്.

**ക്ഷേത്രകലാ അക്കാദമിയുടെ പ്രവർത്തനത്തിനുള്ള നീക്കിയിരിപ്പ് തുക**

106(2776) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേത്രകലാ അക്കാദമിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പണം ചെലവഴിക്കുന്നത് എവിടെ നിന്നാണെന്ന് അറിയിക്കാമോ?

ക്ഷേത്രകലാ അക്കാദമിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ പണം ചെലവഴിക്കുന്നത്, സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിലുൾപ്പെടുത്തി, റവന്യൂ

(ദേവസ്വം), സാംസ്കാരികം എന്നീ വകുപ്പുകൾ മുഖേന അനുവദിക്കുന്ന ഗ്രാന്റ്-ഇൻ-എയ്ഡിൽ നിന്നാണ്.

(ബി) ക്ഷേത്രകലാ അക്കാദമിക്ക് നീക്കിയിരിപ്പ് തുകയുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

ക്ഷേത്രകലാ അക്കാദമിയുടെ അക്കൗണ്ടിൽ 16-02-2023-ലെ കണക്ക് പ്രകാരം നീക്കിയിരിപ്പ് തുക 1,44,000/- രൂപയാണ്.

(സി) നീക്കിയിരിപ്പ് തുക ഇല്ലാത്തപക്ഷം ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത് ദേവസ്വം ബോർഡാണോ; വിശദാംശം ലഭ്യമാക്കാമോ?

ക്ഷേത്രകലാ അക്കാദമിക്ക് മലബാർ ദേവസ്വം ബോർഡിൽനിന്നും ഫണ്ട് അനുവദിക്കാറില്ല. ക്ഷേത്രകലാ അക്കാദമിക്ക് 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ഉടൻ അനുവദിക്കുന്നതാണ്.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് മഞ്ചേശ്വരം മണ്ഡലത്തിൽ നടത്തിയ പരിപാടികൾ

107(2777) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് ഈ വർഷം നടത്തിയ വിവിധ പരിപാടികളുടെ വിശദാംശം ലഭ്യമാക്കുമോ?

പാർലമെന്ററികാര്യ വകുപ്പിനുകീഴിലുള്ള പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് മേഖലകളിലുള്ള സ്കൂളുകളിലും കോളേജുകളിലും ഫോറം ഫോർ ഡെമോക്രസി ആൻഡ് സോഷ്യൽ ജസ്റ്റിസ് (FDSJ) അഥവാ ജനാധിപത്യത്തിനും സാമൂഹ്യനീതിക്കുമായുള്ള വേദി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വിവരം എല്ലാ നിയമസഭാ സാമാജികരെയും അറിയിച്ചിട്ടുണ്ട്. ഫോറം ഫോർ ഡെമോക്രസി ആൻഡ് സോഷ്യൽ ജസ്റ്റിസിന്റെ ഭാഗമാകാൻ 155 സ്കൂളുകളും 45 കോളേജുകളും ഫോറം ഫോർ ഡെമോക്രസി ആൻഡ് സോഷ്യൽ ജസ്റ്റിസിന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ജനപ്രതിനിധികളുടെ പങ്കാളിത്തത്തോടെ സ്കൂൾ/കോളേജുതല യൂത്ത്/മോഡൽ പാർലമെന്റ് മത്സരങ്ങൾ, ഏകദിന, ദ്വിദിന സെമിനാറുകൾ, പ്രഭാഷണങ്ങൾ, ശില്പശാലകൾ, ക്വിസ്, ഉപന്യാസ-പ്രസംഗ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചു. 2023 ഫെബ്രുവരി 15, 16, 17 തീയതികളിൽ യൂത്ത്/മോഡൽ പാർലമെന്റ് റിപ്പീറ്റ് പെർഫോമൻസ്, മികച്ച പാർലമെന്റേറിയന്മാർക്കുള്ള ക്യാമ്പ്, സ്കൂൾ/കോളേജുതലത്തിൽ വിജയികളായ സ്ഥാപനങ്ങളിലെ

വിദ്യാർത്ഥികൾക്കായുള്ള സമ്മാനദാനം എന്നിവ തിരുവനന്തപുരത്തുവച്ച് സംഘടിപ്പിച്ചു. സ്കൂൾ/കോളേജ് അധ്യാപക കോ-ഓർഡിനേറ്റർമാർക്ക് വിവിധ തലങ്ങളിലുള്ള പരിശീലന പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്. ഭരണഘടനയെയും ജനാധിപത്യ മൂല്യങ്ങളെയും പൊതുസമൂഹത്തിനുമുന്നിൽ പരിചയപ്പെടുത്തുന്നതിലേയ്ക്കായി വിവിധ സ്ഥാപനങ്ങളിൽ നടപ്പാക്കുന്ന പരിപാടികൾക്കുപുറമെ ജനപ്രതിനിധികളെയും ഭരണഘടനാ വിദഗ്ദ്ധരെയുമുൾപ്പെടുത്തിക്കൊണ്ട് ഭരണഘടനാ ദിനാഘോഷവും ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം സ്വാതന്ത്ര്യദിനം, മനുഷ്യാവകാശദിനം, റിപ്പബ്ലിക് ദിനം, പ്രധാന വ്യക്തികളുടെ അനുസ്മരണങ്ങൾ എന്നിവ വിവിധ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് നടപ്പാക്കിവരുന്നു. പരിപാടികളുടെ കൃത്യമായ നടത്തിപ്പിലേയ്ക്കായി ജില്ലാ കോ-ഓർഡിനേറ്റർമാരെയും സ്കൂൾ-കോളേജുതലത്തിൽ അധ്യാപക-വിദ്യാർത്ഥി കോ-ഓർഡിനേറ്റർമാരെയും തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) മഞ്ചേശ്വരം മണ്ഡലത്തിലെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടത്തിയ വിവിധ പരിപാടികളുടെ വിശദാംശം ലഭ്യമാക്കുമോ?

പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് നടപ്പാക്കുന്ന പരിപാടികൾ FDSJ മുഖേന ആയിരിക്കണമെന്ന് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബോർഡ് ഓഫ് ഗവർണേഴ്സ് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് മേഖലകളിലുള്ള സ്കൂളുകളിലും കോളേജുകളിലും FDSJ രൂപീകരിക്കുന്നതുസംബന്ധിച്ച അറിയിപ്പ് എല്ലാ നിയമസഭാ സാമാജികർക്കും നൽകുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ മഞ്ചേശ്വരം എം.എൽ.എ. മണ്ഡലത്തിൽ FDSJ രൂപീകരിക്കേണ്ട സ്കൂളുകളുടെയും കോളേജുകളുടെയും പട്ടിക ലഭ്യമാക്കിയിരുന്നു. അതിൻപ്രകാരം FDSJ രൂപീകരിച്ച് റിപ്പോർട്ട് ചെയ്യുവാൻ സർക്കാർ/എയ്ഡഡ് മേഖലകളിലുള്ള സ്കൂൾ/കോളേജുകൾക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് അറിയിപ്പ് നൽകിയിരുന്നു. ഇപ്പോൾ മഞ്ചേശ്വരം മണ്ഡലത്തിലെ രണ്ട് സ്കൂളുകളിൽ FDSJ രൂപീകരിച്ചിട്ടുണ്ട്.

(സി) മഞ്ചേശ്വരം എം.എൽ.എ. നിർദ്ദേശിച്ച ഏതൊക്കെ വിദ്യാലയങ്ങളിലാണ് പ്രസ്തുത പ്രോഗ്രാം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

FDSJ-യുടെ നേതൃത്വത്തിൽ പരിപാടികൾ നടത്തുന്നതിനുവേണ്ടി മഞ്ചേശ്വരം എം.എൽ.എ. നിർദേശിച്ച സ്കൂൾ/കോളേജുകൾ ചുവടെ ചേർക്കുന്നു.

1. IHRD Applied Science College, Manjeswaram

2. Govinda Pai Govt. College

3. HSS Bangara Manjeshwar

4. GHSS Mangalpadi

5. GVHSS Heroormeepri

6. GHSS Kumbla

7. GHS Kadambar

8. GHS Kodiyamme

9. GHSS Uppala

10. GHSS Paivalika Nagar

11. GVHSS Mogral

പ്രസ്തുത സ്കൂൾ/കോളേജുകളിൽ FDSJ രൂപീകരിക്കാനുള്ള അറിയിപ്പ് നൽകിയിരുന്നു. ഇതിൽ GHS Kadambar, GVHSS Mogral എന്നീ സ്കൂളുകളിൽ FDSJ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഈ സ്കൂളുകളിൽ ഇൻസ്റ്റിറ്റ്യൂട്ട്

ഓഫ് പാർലമെന്ററി അഫയേഴ്സ് FDSJ മുഖാന്തരം നിർദ്ദേശിച്ച പരിപാടികൾ നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

**ജണ്ട നിർമ്മാണം**

108(2778) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റേഞ്ചിൽ പെരിങ്ങമ്മല സെക്ഷനിൽ ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട് ക്രമക്കേട് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ജണ്ട നിർമ്മാണ ക്രമക്കേടുകൾ കണ്ടെത്തിയ കേസുകളിൽ അന്വേഷണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ വിജിലൻസിനും അന്വേഷണത്തിലെ കണ്ടെത്തലുകളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)-നും 16-07-2022-ൽ കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം വനമേഖലയുടെ പരിധിയിലെ പെരിങ്ങമ്മല സെക്ഷനിലെ ജണ്ട

നിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേടുകളിൽ ഉത്തരവാദികളായ ശ്രീ. ബി. അജിത് കുമാർ, റേഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ. ആർ. ബി. അരുൺകുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർക്കെതിരെ ഫോറസ്റ്റ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തി കർശന അച്ചടക്കനടപടി സ്വീകരിക്കുന്നതിനും നഷ്ടം ഈടാക്കുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്മാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനായി കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക തയ്യാറാക്കിയിട്ടുണ്ടെന്നും സർക്കാർ അംഗീകാരം ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചിട്ടുണ്ട്.

(ബി) ജണ്ട നിർമ്മാണത്തിനായി 2017-18 സാമ്പത്തിക വർഷം മുതൽ നാളിതുവരെ അനുവദിച്ച തുകയും ചെലവഴിച്ച തുകയും ക്രമക്കേടുകൾമൂലം നഷ്ടപ്പെട്ടതായി കണ്ടെത്തിയ തുകയും സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ?

ജണ്ട നിർമ്മാണത്തിനായി 2017-18 സാമ്പത്തിക വർഷം മുതൽ 2022-23 വർഷത്തിൽ നാളിതുവരെ അനുവദിച്ച തുകയും ചെലവഴിച്ച തുകയും ക്രമക്കേടുകൾമൂലം നഷ്ടപ്പെട്ടതായി നാളിതുവരെ ബന്ധപ്പെട്ട വിഭാഗം

കണ്ടെത്തിയ തുകയും സാമ്പത്തിക വർഷം തിരിച്ച് വിവിധ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ അനുബന്ധമായി+ ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

**കടുവ ചത്ത വിവരം അറിയിച്ച വ്യക്തി ജീവനൊടുക്കിയ സംഭവം**

109(2779) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് അമ്പലവയൽ അമ്പുകുത്തി ഭാഗത്ത് കടുവ ചത്ത സംഭവത്തിന്റെ ആദ്യ ദൃക്സാക്ഷിയായ ഹരികുമാർ ആത്മഹത്യ ചെയ്ത സംഭവം വനം വകുപ്പ് ഉദ്യോഗസ്ഥരുടെ പീഡനംമൂലമാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംഭവത്തിൽ അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഇക്കാര്യം ഗൗരവമായി കാണുകയും ടി ആരോപണം സംബന്ധിച്ച് വിശദമായ അന്വേഷണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടത്താൻ കോഴിക്കോട് ഐ & ഇ വിഭാഗം ഫോറസ്റ്റ് കൺസർവേറ്ററെ ചുമതലപ്പെടുത്തിയിരിക്കുകയുമാണ്.

(സി) സംഭവത്തിൽ സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച് നടത്തിവരുന്ന അന്വേഷണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ഏതെങ്കിലും ജീവനക്കാർ കുറ്റക്കാരാണെന്ന് കണ്ടെത്തുന്നപക്ഷം അവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

**വനം-വന്യജീവി വകുപ്പിൽ ധനകാര്യ ഇൻസ്പെക്ഷൻ**

110(2780) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനം-വന്യജീവി വകുപ്പിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം അവസാനമായി പരിശോധന നടത്തിയത് എന്നാണ്; പ്രസ്തുത പരിശോധനയിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്; പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ലഭ്യമായ വിവരങ്ങൾപ്രകാരം വനം-വന്യജീവി വകുപ്പിൽ ധനകാര്യ പരിശോധനാ വിഭാഗം 02-02-2023, 20-02-2023 എന്നീ തീയതികളിൽ മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലാണ് അവസാനമായി

പരിശോധന നടത്തിയത്. പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ധനകാര്യ വകുപ്പിൽനിന്നും ലഭ്യമായിട്ടില്ല.

## കാട്ടാക്കട മണ്ഡലത്തിൽ ചെറുവനങ്ങൾ സൃഷ്ടിക്കൽ

111(2781) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ കാട്ടാക്കട നിയോജകമണ്ഡലത്തിൽ നഗരവനം, വിദ്യാവനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റ് എന്നിങ്ങനെ ചെറുവനങ്ങൾ സൃഷ്ടിക്കുന്നതിനായി തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും തുടർനടപടികൾ എന്താണെന്നും വിശദമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ നഗരവനം, വിദ്യാവനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് എന്നിങ്ങനെ 100 ചെറുവനങ്ങൾ നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ 5054-80-800-66 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി പ്ലാൻ ബഡ്ജറ്റ് ശീർഷകമായ 2406-01-800-55-01-Extension Forestry എന്ന ശീർഷകത്തിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച്

2022-23 സാമ്പത്തിക വർഷത്തിൽ കാട്ടാക്കട നിയോജകമണ്ഡലത്തിൽ അഞ്ച് വിദ്യാവനങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്നു. ടി പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപ ചെലവ് വരുന്നതാണ്.

**കടുവ ചത്ത വിവരം അറിയിച്ച വ്യക്തി ജീവനൊടുക്കിയ സംഭവം**

112(2782) ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് അമ്പലവയൽ അമ്പുകുത്തി ഭാഗത്ത് കടുവ ചത്ത സംഭവത്തിന്റെ ആദ്യ ദൃക്സാക്ഷിയായ ഹരികുമാറിനെ വനം വകുപ്പ് ഉദ്യോഗസ്ഥർ ചോദ്യം ചെയ്തിരുന്നോയെന്ന് വ്യക്തമാക്കാമോ?

വയനാട് അമ്പലവയൽ അമ്പുകുത്തി ഭാഗത്ത് കടുവ ചത്ത സംഭവത്തിൽ കടുവയെ ആദ്യമായി കണ്ടയാൾ എന്ന നിലയിൽ ഹരികുമാർ ജോലിചെയ്തിരുന്ന ഗ്രീൻ ഗാർഡൻ ഫാമിൽ ചെന്ന് പ്രദേശത്തെ മുൻ വാർഡ് മെമ്പറുടെ സാന്നിദ്ധ്യത്തിൽ മേപ്പാടി റേഞ്ച് ഫോറസ്റ്റ് ഓഫീസർ വിവരങ്ങൾ ചോദിച്ചിരുന്നു.

(ബി) വനം വകുപ്പ് ഉദ്യോഗസ്ഥരുടെ ചോദ്യം ചെയ്യലും ഭീഷണിയും കാരണമാണ് ഹരികുമാർ ആത്മഹത്യ ചെയ്തതെന്ന ആരോപണം അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത വിഷയം സംബന്ധിച്ച് കോഴിക്കോട് ഐ & ഇ വിഭാഗം ഫോറസ്റ്റ് കൺസർവേറ്റർ അന്വേഷണം നടത്തിവരികയാണ്.

(സി) പ്രസ്തുത സംഭവത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇതുസംബന്ധിച്ച് നടന്നുവരുന്ന അന്വേഷണത്തിൽ വനം വകുപ്പ് ജീവനക്കാർ കുറ്റക്കാരാണെന്ന് കണ്ടെത്തുന്നപക്ഷം ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

**പരിസ്ഥിതിലോല മേഖല**

113(2783) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങളുടെയും ദേശീയ ഉദ്യാനങ്ങളുടെയും ഒരു കിലോമീറ്റർ ചുറ്റളവ് പരിസ്ഥിതിലോല മേഖലയായി നിർണ്ണയിക്കണമെന്ന

സുപ്രീം കോടതി വിധി പാലക്കാട് ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളെ ബാധിക്കുമെന്ന് അറിയിക്കാമോ?

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ WP(C) 202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവ് പ്രകാരം വന്യജീവി സങ്കേതങ്ങളുടേയും ദേശീയോദ്യാനങ്ങളുടേയും ഒരു കി.മീ. ചുറ്റളവ് ഇക്കോ സെൻസിറ്റീവ് സോണായി നിശ്ചയിച്ചാൽ പാലക്കാട് ജില്ലയിലെ 14 പഞ്ചായത്തുകൾ ആയതിൽ ഉൾപ്പെടുന്നതാണ്. ഇവയുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. വണ്ടാഴി
2. പെരിങ്ങോട്ടുകുറിശ്ശി
3. കുത്തന്നൂർ
4. തരൂർ
5. അയിലൂർ
6. നെല്ലിയാമ്പതി
7. കണ്ണമ്പ്ര
8. കിഴക്കഞ്ചേരി
9. അലനെല്ലൂർ

10. കുമരംപുത്തൂർ

11. പുതൂർ

12. അഗളി

13. തെങ്കര

14. വടക്കഞ്ചേരി (മുനിസിപ്പാലിറ്റി)

(ബി) പ്രസ്തുത വിധി പാലക്കാട് ജില്ലയിലെ ഓരോ പഞ്ചായത്തിലെയും ഏതൊക്കെ വാർഡുകളെ ബാധിക്കുമെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് വാർഡ് തിരിച്ചുള്ള വിവരങ്ങൾ തയ്യാറാക്കിയിട്ടില്ല.

**വനസംരക്ഷണ സമിതികൾ**

114(2784) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ ഡി.എഫ്.ഒ.-യുടെ കീഴിൽ വരുന്ന റേഞ്ചുകളിൽ നിലവിൽ എത്ര വനസംരക്ഷണ സമിതികൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതൊക്കെ സ്ഥലങ്ങളിലാണെന്നും വിശദമാക്കാമോ?

നെന്മാറ ഡി.എഫ്.ഒ.-യുടെ കീഴിൽ വരുന്ന റേഞ്ചുകളിൽ 12 വന സംരക്ഷണ സമിതികൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശം അനുബന്ധം-1+ ആയി ചേർക്കുന്നു.

(ബി) പ്രസ്തുത സമിതികൾ മുഖാന്തരം 2016 മുതൽ 2022 വരെ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പ്രസ്തുത സമിതികൾ മുഖാന്തരം 2016 മുതൽ 2022 വരെ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-2+ ആയി ചേർക്കുന്നു.

**സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളുടെ പ്രവർത്തനങ്ങൾ**

115(2785) ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമായ തേക്കടിയുടെ ടൂറിസം വികസനത്തിന് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

അന്താരാഷ്ട്ര വിനോദസഞ്ചാര കേന്ദ്രമായ തേക്കടിയുടെ ടൂറിസം വികസനത്തിന് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

- വിനോദസഞ്ചാരികളുടെ സൗകര്യത്തിനായി ഇൻഫർമേഷൻ സെന്റർ അമ്പാടി ജംഗ്ഷനിൽ പ്രവർത്തിച്ചുവരുന്നു.
- തേക്കടി സന്ദർശനത്തിനായി എത്തിച്ചേരുന്ന വിനോദസഞ്ചാരികളുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായി വിശാലമായ പാർക്കിംഗ് ഗ്രൗണ്ട് നിർമ്മിച്ചിട്ടുണ്ട്.
- വിനോദസഞ്ചാരികളെ ബോട്ട് ലാന്റിംഗിലേയ്ക്ക് എത്തിക്കാൻ 8 ബസുകൾ ക്രമീകരിച്ചിട്ടുണ്ട്.
- തേക്കടി സന്ദർശനത്തിനായി എത്തിച്ചേരുന്ന വിനോദസഞ്ചാരികൾക്കായി ലഘുഭക്ഷണശാലകൾ പാർക്കിംഗ് ഗ്രൗണ്ടിലും ബോട്ട് ലാന്റിംഗിനടുത്ത് ആമ പാർക്കിലുമായി സജ്ജമാക്കിയിട്ടുണ്ട്.
- സഞ്ചാരികൾക്കായി വന ഉൽപ്പന്നങ്ങൾകൂടിയുൾപ്പെടുത്തിക്കൊണ്ട് രണ്ട് സ്ഥലങ്ങളിൽ ഇക്കോഷോപ്പുകൾ ക്രമീകരിച്ചിട്ടുണ്ട്.
- സഞ്ചാരികൾക്കായി Community Based ഇക്കോടൂറിസം പ്രോഗ്രാമുകളായ ബോർഡർ ഹൈക്കിംഗ്, പമ്പാർക്ക് ട്രെയിൽ, ഗ്രീൻവാക്ക്, നേച്ചർവാക്ക് തുടങ്ങിയ ട്രക്കിംഗ് പാക്കേജുകളും

താമസസൗകര്യമുള്ള ബാംബൂഗ്രോവ്, വാച്ച്ടവർ, ടൈഗർ ട്രെയിൽ എന്നീ പ്രോഗ്രാമുകളും നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ മാർഗ്ഗരേഖ അനുസരിച്ചും അംഗീകൃത ടൈഗർ കൺസർവേഷൻ പ്ലാനിലെ നിർദ്ദേശങ്ങൾക്കനുസൃതമായും ക്രമീകരിച്ചിട്ടുണ്ട്.

- വിനോദസഞ്ചാരികൾക്കായി പാർക്കിംഗ് ഗ്രൗണ്ടിലും ബോട്ട് ലാന്റിംഗിലും ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുണ്ട്.

(ബി) പെരിയാർ ടൈഗർ കൺസേർവഷൻ ഫൗണ്ടേഷന്റെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

പ്രധാനമായും താഴെ പറയുന്ന നാല് മേഖലകളിലുള്ള പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്:

- ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റികൾക്കുള്ള സഹായ പദ്ധതികൾ
- സംരക്ഷിത വനമേഖലകളുടെ മെച്ചപ്പെട്ട മാനേജ്മെന്റ്
- പാരിസ്ഥിതിക പഠനവും ബോധവൽക്കരണവും
- ഇംപാക്റ്റ് മോണിറ്ററിംഗ് ആൻഡ് റിസർച്ച് -

ടി പ്രവർത്തനങ്ങളിൽ വനാശ്രിത കുടുംബത്തിൽപ്പെട്ട ആദിവാസികൾക്ക് കൃഷിക്കും ചെറുകിടസംരംഭങ്ങൾക്കുമുള്ള സഹായം,

ജീവനക്കാർക്കും ഇ.ഡി.സി.-കൾക്കുമുള്ള പരിശീലന പരിപാടികൾ, പ്രകൃതി പഠന ക്യാമ്പുകൾ, വിവിധ സസ്യ, പക്ഷി-ജന്തുജാലങ്ങളുടെ കണക്കെടുപ്പ്, ഹാബിറ്റാറ്റ് മാനേജ്മെന്റ് പ്രവർത്തനങ്ങൾ, ശബരിമല തീർത്ഥാടനം, ടൂറിസം തുടങ്ങിയവയ്ക്ക് അനുബന്ധമായുള്ള പാരിസ്ഥിതിക പഠനങ്ങൾ, കടുവസങ്കേതം സന്ദർശിക്കാനെത്തുന്നവർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കൽ തുടങ്ങിയവ ഉൾപ്പെടുന്നു.

(സി) വിനോദസഞ്ചാര കേന്ദ്രമായ ഗവിയിലേയ്ക്ക് വണ്ടിപ്പെരിയാറിൽ നിന്നും വള്ളക്കടവ്‌വഴി യാത്രക്കാരെയും വിനോദസഞ്ചാരികളെയും അവരുടെ വാഹനങ്ങൾ ഉൾപ്പെടെ കടത്തിവിടുന്നതിന് തടസ്സങ്ങളുണ്ടോയെന്ന് വിശദമാക്കാമോ?

ഗവിയിലേയ്ക്ക് വള്ളക്കടവിലൂടെ യാത്രക്കാർക്കും വിനോദസഞ്ചാരികൾക്കും അവരുടെ വാഹനങ്ങൾ ഉൾപ്പെടെ കടന്നുപോകുന്നതിന് ദേശീയ കടുവ സംരക്ഷണ അതോറിറ്റിയുടെ അംഗീകൃത ടൈഗർ കൺസർവേഷൻ പ്ലാൻ അനുസരിച്ച് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

2021-22 - 2030-31 ടൈഗർ കൺസർവേഷൻ പ്ലാനിൽ കോർ പ്ലാൻ അനുബന്ധം-അദ്ധ്യായം-4, വള്ളക്കടവ് റേഞ്ച് പ്രൊട്ടക്ഷൻ പ്ലാൻ

പ്രൊട്ടക്ഷൻ– സ്റ്റാറ്റജി - 3.3 വെഹിക്കുലർ ട്രാഫിക് റെഗുലേഷൻപ്രകാരമുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിവരുന്നുണ്ട്. യാത്രക്കാർക്കും വിനോദസഞ്ചാരികൾക്കും ഗവിയിലേയ്ക്ക് പോകുന്നതിനായി കേരള വനവികസന കോർപ്പറേഷന്റെ പാക്കേജ് ടൂർ, വള്ളക്കടവ് റേഞ്ചിന്റെ സഫാരി ബസ് എന്നിവ ഉപയോഗിക്കാവുന്നതാണ്.

(ഡി) തേക്കടി ആനവെച്ചാൽ പാർക്കിംഗ് ഗ്രൗണ്ടിൽ പൊതുജനങ്ങളുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് നിലവിലുള്ള നിയമ തടസ്സങ്ങൾ വ്യക്തമാക്കാമോ; പ്രസ്തുത തടസ്സങ്ങൾ നീക്കി പൊതുജനങ്ങളുടെ വാഹനങ്ങൾകൂടി പാർക്ക് ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കാമോയെന്ന് വിശദമാക്കോമോ?

നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ 15-11-2017-ലെ അപേക്ഷ നമ്പർ 89/2014 ഉത്തരവുപ്രകാരം പെരിയാർ വന്യജീവിസങ്കേതത്തിന്റെ സംരക്ഷണാർത്ഥം ബന്ധപ്പെട്ട വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടുകൂടിയും ദേശീയ കടുവ സംരക്ഷണ അതോറിറ്റി അംഗീകരിച്ച ടൂറിസം പരിപാടികളുടെ ആവശ്യത്തിലേയ്ക്കായും വാഹന പാർക്കിംഗ് സൗകര്യം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ അംഗീകരിക്കപ്പെട്ട ടൈഗർ കൺസർവേഷൻ പ്ലാൻപ്രകാരം

നടത്താവുന്നതാണ്.

ടി ഉത്തരവിനെതിരെ തമിഴ്നാട് സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ 19581-82/17 നമ്പരായി അപ്പീൽ സമർപ്പിച്ചിട്ടുണ്ട്. നിലവിൽ പാർക്കിംഗ് ഗ്രൗണ്ട് വിഷയം ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിൽ ആയതിനാലും അംഗീകരിച്ച ടൈഗർ കൺസർവ്വേഷൻ പ്ലാൻപ്രകാരം വനാശ്രിത സമൂഹത്തെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള, വന്യജീവി സംരക്ഷണവും വികസനവും പരിപാലനവും അനുബന്ധമായിട്ടുള്ള ടൂറിസം പ്രവർത്തനങ്ങൾക്കും മാത്രമേ പാർക്കിംഗ് ഏരിയായിലെ സൗകര്യങ്ങൾ ഉപയോഗിക്കാനാകുകയുള്ളൂ എന്നതിനാലും അവ ഒഴികെയുള്ള മറ്റ് ഉപയോഗങ്ങൾക്ക് അനുവദിക്കാൻ കഴിയാത്തതാണ്.

(ഇ) പെരിയാർ ടൈഗർ റിസർവുമായി ബന്ധപെട്ട് മനുഷ്യ - വന്യജീവി സംഘർഷം ലഘൂകരിക്കാൻ കുമളി കേന്ദ്രീകരിച്ച് ഒരു ആർ.ആർ.ടി.-യെ നിയമിക്കാൻ നടപടി സ്വീകരിക്കാമോയെന്ന് വിശദമാക്കുമോ?

നിലവിൽ പീരുമേട് ആസ്ഥാനമായി ഒരു താത്കാലിക ആർ.ആർ.ടി. പ്രവർത്തിച്ചുവരുന്നുണ്ട്. ടി ആർ.ആർ.ടി.-യുടെ സേവനം കുമളിയിലേയ്ക്കും

ലഭ്യമാക്കാവുന്ന സാഹചര്യത്തിൽ കുമളിയിൽ പുതിയ ആർ.ആർ.ടി. രൂപീകരിക്കേണ്ട സാഹചര്യം നിലവിലില്ല.

**കണ്ടൽക്കാടുകളുടെ സംരക്ഷണം**

116(2786) ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപന നയരേഖ - 2021 പ്രകാരം സംസ്ഥാനത്ത് സ്വകാര്യ ഭൂമിയിലുള്ള കണ്ടൽക്കാടുകൾ ഉടമസ്ഥരുടെ സമ്മതത്തോടെ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം ഭൂമി വിട്ടുനൽകുന്നതിനുള്ള സമ്മതപത്രം ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ ലഭിച്ച അപേക്ഷകളിന്മേലുള്ള നടപടിക്രമങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കണ്ടൽക്കാടുകളുടെ പാരിസ്ഥിതിക പ്രാധാന്യം ഉൾക്കൊണ്ട് അവയെ സംരക്ഷിക്കുന്നതിനുവേണ്ടി അനുയോജ്യമായ ഭൂമി വിട്ടുനൽകാൻ തയ്യാറുള്ള ഉടമകളിൽനിന്നും ഭൂമി ഏറ്റെടുത്ത് കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

(എ-സി) 17-12-2021-ലെ സ.ഉ. (കൈ)നമ്പർ.29/2021/വനം പ്രകാരം സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായി സർക്കാർ അംഗീകരിച്ച നയരേഖയിൽ പാരിസ്ഥിതിക പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ ഉടമസ്ഥരുടെ സമ്മതത്തോടെ അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുത്ത് പുനഃസ്ഥാപനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ 28-04-2022-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ.189/2022/വനം പ്രകാരം സ്വകാര്യ കണ്ടലുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. മേൽ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ഡി) സംരക്ഷിത വനപ്രദേശങ്ങൾക്ക് നൽകുന്ന പ്രാധാന്യം കണ്ടൽക്കാടുകൾക്ക് നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

1961-ലെ കേരള വനം നിയമപ്രകാരം ജൈവവൈവിധ്യമാർന്നതും പാരിസ്ഥിതിക പ്രാധാന്യമുള്ള കണ്ടൽക്കാടുകളുള്ളതുമായ ലഭ്യമായ മറ്റു ഭൂമികൾ റിസർവ് വനമായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ആയതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ (ചേറ്റുവ) 3.3853 ഹെക്ടറും കാസർഗോഡ് ജില്ലയിൽ 54.6952 ഹെക്ടറും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണ്ടൽ വനങ്ങൾ 1961-ലെ കേരള വനം നിയമം സെക്ഷൻ(19) പ്രകാരം റിസർവ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗാന്ധിവനം (174.7914 ഹെക്ടർ), മലപ്പുറം (20.78 ഹെക്ടർ), കോഴിക്കോട് (2.82 ഹെക്ടർ), തൃശ്ശൂർ (വെണ്മനാട്, 94.77 ഹെക്ടർ), എറണാകുളം (പുതുവൈപ്പ്, 65.83 ഹെക്ടർ) എന്നിങ്ങനെ ആകെ 358.9914 ഹെക്ടർ കണ്ടൽ വനങ്ങൾ വന നിയമം സെക്ഷൻ (4) പ്രകാരം "പ്രൊപ്പോസ്ഡ് റിസർവ് ഫോറസ്റ്റ്" ആയി വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

**പാലക്കാട് ജില്ലയിലെ ബഫർസോൺ പരിധി**

117(2787) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളാണ് ബഫർസോൺ പരിധിയിൽ വരുന്നതെന്ന് വിശദമാക്കാമോ?

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ WP(C) 202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവുപ്രകാരം വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും

ഒരു കി.മീ. ചുറ്റളവ് ഇക്കോ സെൻസിറ്റീവ് സോണായി നിശ്ചയിച്ചാൽ പാലക്കാട് ജില്ലയിലെ 14 പഞ്ചായത്തുകൾ ആയതിൽ ഉൾപ്പെടുന്നതാണ്. ഇവയുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. വണ്ടാഴി
2. പെരിങ്ങോട്ടുകുറിശ്ശി
3. കുത്തന്നൂർ
4. തരൂർ
5. അയിലൂർ
6. നെല്ലിയാമ്പതി
7. കണ്ണമ്പ്ര
8. കിഴക്കഞ്ചേരി
9. അലനെല്ലൂർ
10. കുമരംപുത്തൂർ
11. പുതൂർ
12. അഗളി
13. തെങ്കര
14. വടക്കഞ്ചേരി (മുനിസിപ്പാലിറ്റി)

(ബി) ബഫർസോണുമായി ബന്ധപ്പെട്ട് ആലത്തൂർ നിയോജക മണ്ഡലത്തിൽനിന്ന് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്; പ്രസ്തുത പരാതികൾക്ക് പരിഹാരം കാണുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ആലത്തൂർ നിയോജകമണ്ഡലത്തിലെ കിഴക്കഞ്ചേരി, വണ്ടാഴി പഞ്ചായത്തുകളിൽ നിന്നായി 1098 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായും KSREC-യുടെ അസറ്റ് മാപ്പർ ആപ്പ് പ്രകാരം അപ്‌ലോഡ് ചെയ്തിട്ടുള്ളതാണ്.

(സി) പ്രസ്തുത മണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളിലെ ഏതൊക്കെ സർവ്വേ നമ്പർ ഭൂമികളാണ് ബഫർസോൺ മേഖലയിൽ ഉൾപ്പെടുന്നതെന്ന് വിശദമാക്കാമോ?

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ WP(C) 202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവുപ്രകാരം വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ഒരു കി.മീ. ചുറ്റളവ് ഇക്കോ സെൻസിറ്റീവ് സോണായി നിശ്ചയിച്ചാൽ ആലത്തൂർ മണ്ഡലത്തിൽപ്പെടുന്ന കിഴക്കഞ്ചേരി-I, കിഴക്കഞ്ചേരി-II,

മംഗലംഡാം എന്നീ വില്ലേജുകളിൽപ്പെടുന്ന പ്രദേശങ്ങൾ ആയതിൽ ഉൾപ്പെടുന്നുണ്ട്.

നിലവിലുള്ള കരട് ലിസ്റ്റ് അന്തിമമാകുമ്പോൾ മാത്രമേ ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ സർവ്വേ നമ്പരിൽപ്പെട്ട ഭൂമികളാണ് സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ. പരിധിയിലെ ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്നുവെന്ന് വ്യക്തമാകുകയുള്ളൂ.

**നഗരവനങ്ങൾ**

118(2788) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നഗരവനങ്ങൾ നടപ്പാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആലോചിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

വനം വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നഗരവനങ്ങൾ നടപ്പാക്കുന്നില്ല. എന്നാൽ നഗരങ്ങളിൽ വനാവരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് വൃക്ഷസമൃദ്ധി പദ്ധതി നടപ്പാക്കിവരുന്നു.

**സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി**

119(2789) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനമേഖലയ്ക്കടുത്ത് താമസിക്കുന്ന കർഷകരെ മാറ്റി പാർപ്പിക്കുന്നതിനായി സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വനമേഖലയ്ക്കടുത്ത് താമസിക്കുന്ന കർഷകരെ മാറ്റി പാർപ്പിക്കുന്നതിനായി സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി ആരംഭിച്ചിട്ടുണ്ട്.

കേരളത്തിലെ വനങ്ങളിൽ ധാരാളം മനുഷ്യവാസ കേന്ദ്രങ്ങൾ നിലവിലുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം, തുടർച്ചയായി സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, വികസനപ്രവർത്തനങ്ങളുടെ അപര്യാപ്തത തുടങ്ങിയ വിവിധ കാരണങ്ങൾ മുൻനിർത്തി വനത്തിനുള്ളിലെ ഇത്തരം മനുഷ്യവാസ മേഖലകളിൽനിന്നും പുനരധിവാസത്തിനായുള്ള ആവശ്യം ഉയരുന്നുണ്ട്.

പൊതുജനങ്ങളുടെ പൂർണ്ണസമ്മതത്തോടെ അവരുടെ ഭൂമി മതിയായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് സർക്കാർ റീബിൽഡ് കേരള

ഡെവലപ്മെന്റ് പദ്ധതി (14-11-2019-ലെ ജി.ഒ. (ആർ.റ്റി.) 483/2018/പി&ഇ.എ. നമ്പർ ഉത്തരവ്), കിഫ്ബി Phase II (23-01-2020-ലെ ജി.ഒ. (എം.എസ്.) 2/2020/വനം വന്യജീവി, 02-08-2021-ലെ ജി.ഒ. (എം.എസ്.) 12/2021/വനം വന്യജീവി നമ്പർ ഉത്തരവുകൾ) എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു.

വനാന്തരങ്ങളിൽ താമസിക്കുന്നവർക്ക് പദ്ധതിയുക നൽകുകവഴി മെച്ചപ്പെട്ട ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ എന്നീ ജീവിതസാഹചര്യങ്ങൾ ഒരുക്കുകയെന്നതാണ് മേൽപദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്.

(ബി) സംസ്ഥാനത്തെ എത്ര റേഞ്ചുകളിൽ ഏതൊക്കെ സെറ്റിൽമെന്റുകളിലാണ് പദ്ധതി നടപ്പാക്കുന്നതെന്ന് അറിയിക്കുമോ?

വിവരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) എത്ര കുടുംബങ്ങളും എത്ര ഹെക്ടർ ഭൂമിയുമാണ് പ്രസ്തുത പദ്ധതിപ്രകാരം ഒഴിപ്പിക്കപ്പെടുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉണ്ട്. റീബിൽഡ് കേരള ഡെവലപ്മെന്റ്, കിഫ്ബി ഫേസ് II എന്നീ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതികൾപ്രകാരം 464 അർഹതപ്പെട്ട

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുടുംബങ്ങൾക്ക് പദ്ധതിത്തുക നൽകുക വഴി 101.6767 ഹെക്ടർ സ്വകാര്യ ഭൂമി, വനഭൂമിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഒഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളുടെ പുനരധിവാസത്തിനായി അവരുടെ കൈവശഭൂമിക്ക് തുല്യമായ ഭൂമി സർക്കാർ കണ്ടെത്തിയിട്ടുണ്ടോ?

ഇല്ല.

(ഇ) വനാതിർത്തിയിൽനിന്ന് ജനങ്ങളെ മാറ്റി വനവിസ്തൃതി വർദ്ധിപ്പിക്കുമ്പോൾ മനുഷ്യ-വന്യജീവി സംഘർഷം, പ്രകൃതി ദുരന്തങ്ങൾ, വികസന പ്രവർത്തനങ്ങളുടെ പരിമിതി എന്നീ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കുമോ?

വനാതിർത്തിയിൽനിന്ന് ജനങ്ങളെ മാറ്റി താമസിപ്പിക്കുമ്പോൾ മനുഷ്യ-വന്യജീവി സംഘർഷം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് കുറവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**തകർന്നുകിടക്കുന്ന റോഡുകളുടെയും വഴികളുടെയും പുനരുദ്ധാരണം**

120(2790) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിലെ ആദിവാസി മേഖലകളിൽ താമസിക്കുന്ന ജനവിഭാഗങ്ങൾക്ക് സഞ്ചരിക്കുന്നതിനായി പ്രസ്തുത

പ്രദേശത്ത് നിലവിൽ തകർന്ന് കിടക്കുന്ന റോഡുകളും വഴികളും പുനരുദ്ധരിക്കുന്നതിന് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

അരുവിക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന തിരുവനന്തപുരം വന്യജീവി വനം ഡിവിഷനുകീഴിൽ വരുന്ന പേപ്പാറ വന്യജീവി സങ്കേതത്തിലെ കാറലക്കോട്-കുന്നത്തോരി റോഡ് 2021-22 സാമ്പത്തിക വർഷത്തിൽ 12.48 ലക്ഷം രൂപ വിനിയോഗിച്ച് നവീകരിച്ചിട്ടുണ്ട്. ടി ഡിവിഷനുകീഴിലെ എ.ബി.പി. വനം റേഞ്ചിലെ മാങ്കോട്-അഞ്ചു നാഴികത്തോട് റോഡ് 2021-22 സാമ്പത്തിക വർഷത്തിൽ 12.70 ലക്ഷം രൂപ വിനിയോഗിച്ച് നവീകരിച്ചിട്ടുണ്ട്. കൂടാതെ ആദിവാസി മേഖലകളിൽ താമസിക്കുന്നവർക്ക് പ്രയോജനപ്രദമാകുന്ന റോഡുകളും വഴികളും പുനരുദ്ധരിച്ച് ഗതാഗതയോഗ്യമാക്കുന്നതിന് അതത് പ്രദേശങ്ങളിലെ ഊരുക്കൂട്ടംകൂടി തീരുമാനമെടുത്ത് തദ്ദേശസ്ഥാപനങ്ങൾവഴി ആവശ്യമായ തുക കണ്ടെത്തി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ 2006-ലെ വനാവകാശ നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് അനുമതി നൽകിവരുന്നുണ്ട്.

(ബി) പ്രസ്തുത ആവശ്യത്തിലേയ്ക്കായി വനം വകുപ്പ് നീക്കിവച്ചിട്ടുള്ള തുക സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ?

പേപ്പാറ വന്യജീവി സങ്കേതത്തിലെ റോഡ് നവീകരണത്തിനായി നടപ്പ് സാമ്പത്തികവർഷം 2406-02-110-24-പി.എസ്. ഫണ്ടിൽ 3.60 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. കോട്ടൂർ-മീൻമുട്ടി റോഡ് നവീകരണത്തിനായി 13.38 ലക്ഷം രൂപ ചെലവിൽ അംഗീകരിച്ച അടങ്കൽ പ്രകാരമുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

**വനത്താൽ ചുറ്റപ്പെട്ട സ്വകാര്യ ഭൂമി ഏറ്റെടുക്കാൻ നടപടി**

121(2791) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നുഭാഗവും വനത്താൽ ചുറ്റപ്പെട്ട സ്വകാര്യ ഭൂമിയിൽ കൃഷി അസാധ്യമായതിനാൽ ഇത്തരത്തിലുള്ള സ്ഥലം വനം വകുപ്പ് വില നൽകി ഏറ്റെടുക്കുന്ന പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

കേരള വനം - വന്യജീവി വകുപ്പ് റീബിൽഡ് കേരള ഡെവലപ്മെന്റ് സ്വയംസന്നദ്ധ പുനരധിവാസ/കിഫ്ബി ഫേസ് II എന്നീ സർക്കാർ പദ്ധതികൾ വിനിയോഗിച്ച് വനാന്തരങ്ങളിൽ ഒറ്റപ്പെട്ട് താമസിക്കുന്ന ആദിവാസി ഇതര ജനവിഭാഗങ്ങൾക്ക് അവർ സന്നദ്ധത അറിയിക്കുന്നപക്ഷം മാറി താമസിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്.

(ബി) എങ്കിൽ ഇതിന്റെ നടപടിക്രമങ്ങളും വിശദാംശവും ലഭ്യമാക്കുമോ; ഉടമസ്ഥൻ തയ്യാറാണെങ്കിൽ പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പൊതുജനങ്ങളുടെ പൂർണ്ണസമ്മതത്തോടെ അവരുടെ ഭൂമി മതിയായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് സർക്കാർ റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി (14-11-2019-ലെ ജി.ഒ. (ആർ.റ്റി) 483/2018/ പി&ഇ.എ. നമ്പർ ഉത്തരവ്), കിഫ്ബി Phase II (23-01-2020-ലെ ജി.ഒ. (എം.എസ്.) 2/2020/വനം വന്യജീവി, 02-08-2021-ലെ ജി.ഒ. (എം.എസ്.) 12/2021/വനം വന്യജീവി നമ്പർ ഉത്തരവുകൾ) എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു.

കേരളത്തിലെ വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസി ഇതര കുടുംബങ്ങൾ സ്വമേധയാ അതത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് തങ്ങളുടെ കൈവശഭൂമി മേൽപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷ നൽകുകയും അപേക്ഷകർ ഉൾപ്പെട്ടിട്ടുള്ള സെറ്റിൽമെന്റ് മേൽപദ്ധതിയുടെ അംഗീകൃത മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ അംഗീകൃതമാണോയെന്ന് ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പരിശോധിക്കുന്നതാണ്. ആയത് അംഗീകൃതമാണെങ്കിൽ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

ബന്ധപ്പെട്ട ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ മുഖേന സ്പെഷ്യൽ ഓഫീസർ, RKDP-ക്ക് സമർപ്പിക്കുകയും ആയത് സ്പെഷ്യൽ ഓഫീസർ RKDP സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയിൽ അവതരിപ്പിച്ച്, ടി സെറ്റിൽമെന്റിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അതിലുൾപ്പെട്ടിട്ടുള്ള അപേക്ഷകരുടെ കൈവശഭൂമി സ്ഥലപരിശോധന നടത്തിയും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും ഓരോ അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതിത്തുകയായ 15 ലക്ഷം രൂപ രണ്ട് ഗഡുക്കളായി നൽകിവരുന്നു.

**ജണ്ട നിർമ്മാണം സംബന്ധിച്ച ക്രമക്കേടുകളിൽ അന്വേഷണം**

122(2792) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് ജണ്ട നിർമ്മിച്ചത് സംബന്ധിച്ച ക്രമക്കേടുകൾ അന്വേഷിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരാണെന്ന് വ്യക്തമാക്കുമോ?

വനം വിജിലൻസ് വിഭാഗം ഫോറസ്റ്റ് കൺസർവേറ്റർ (ഇൻസ്പെക്ഷൻ & ഇവാല്യുവേഷൻ) കോഴിക്കോട്/കോട്ടയം എന്നിവരുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർമാർ വിശദമായ അന്വേഷണം നടത്തിവരുന്നുണ്ട്. കൂടാതെ ബന്ധപ്പെട്ട സർക്കിൾ

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരും അന്വേഷണവും വെരിഫിക്കേഷനും തുടർനടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) വനം വകുപ്പ് ജണ്ട നിർമ്മിച്ചത് സംബന്ധിച്ച ക്രമക്കേടുകളിൽ അന്വേഷണം ആരംഭിച്ചത് എന്നാണ്; അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; സമയപരിധി നിശ്ചയിച്ച് അന്വേഷണം പൂർത്തീകരിക്കാൻ ബന്ധപ്പെട്ടവർക്ക് കർശനനിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

21-12-2021 മുതലാണ് ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണങ്ങൾ ഫോറസ്റ്റ് കൺസർവേറ്റർ (ഇൻസ്പെക്ഷൻ & ഇവാല്യൂവേഷൻ) കോഴിക്കോട്/കോട്ടയം എന്നിവരുടെ നേതൃത്വത്തിൽ ആരംഭിച്ചത്. പ്രസ്തുത അന്വേഷണം സംബന്ധിച്ച റിപ്പോർട്ട് ഫോറസ്റ്റ് കൺസർവേറ്റർ (ഇൻസ്പെക്ഷൻ & ഇവാല്യൂവേഷൻ) കോഴിക്കോട്/കോട്ടയം എന്നിവർ സമർപ്പിച്ചിട്ടുള്ളതും ആയത് പരിശോധിച്ച് സമയപരിധി നിശ്ചയിച്ച് കുറ്റക്കാർക്കെതിരെ അച്ചടക്ക നടപടി അടക്കമുള്ള ഉചിതമായ നടപടികൾ കൈകൊള്ളുന്നതിനായി ടെറിറ്റോറിയൽ/വൈൽഡ് ലൈഫ് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക് കൈമാറുന്നതിന് ഫോറസ്റ്റ് കൺസർവേറ്റർ (ഇൻസ്പെക്ഷൻ & ഇവാല്യൂവേഷൻ) കോഴിക്കോട്/

കോട്ടയം എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പാലോട് റേഞ്ചിൽ പെരിങ്ങമ്മല സെക്ഷനിൽ ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട് കുറ്റക്കാരായി കണ്ടെത്തിയ ശ്രീ. ബി. അജിത്കുമാർ, റേഞ്ച് ഫോറസ്റ്റ് ഓഫീസർ, പെരിങ്ങമ്മല സെക്ഷനിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ. ആർ. ബി. അരുൺ കുമാർ എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട സർക്കാർ നഷ്ടമായ 8,01,035/- രൂപ ഉത്തരവാദികളായ ജീവനക്കാരിൽനിന്നും ഈടാക്കുന്നതിനും ആവശ്യമായ ശിപാർശ വനം വകുപ്പിലെ ഭരണ വിഭാഗത്തിന് വിജിലൻസ് വിഭാഗം കൈമാറിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്മാർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിനായി കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക തയ്യാറാക്കിയിട്ടുള്ളതാണെന്നും സർക്കാർ അംഗീകാരം ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഭരണം)-ഉം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## പരിസ്ഥിതി ലോല മേഖലാ ഭൂപടത്തിൽനിന്നും വിട്ടുപോയ നിർമ്മിതികൾ

123(2793)ശ്രീ. എം. എം. മണി:
ശ്രീ. സി. കെ ഹരീന്ദ്രൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:

<u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി ലോല മേഖലാ ഭൂപടത്തിൽനിന്നും വിട്ടുപോയ നിർമ്മിതികൾ സംബന്ധിച്ച് ലഭിച്ച പരാതികളുടെയും സർവ്വേയുടേയും ഭാഗമായി പുതുക്കിയ ഭൂപടം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ആയത് സുപ്രീം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച ഭൂപടങ്ങളിൽ വിട്ടുപോയ നിർമ്മിതികൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികൾ നൽകുന്നതിനായി ജനുവരി 7 വരെ സമയം അനുവദിച്ചിരുന്നു. അപ്രകാരം ലഭിച്ച പരാതികൾ ഉൾപ്പെടെ ഈ വിഷയം സംബന്ധിച്ച എല്ലാ രേഖകളും ഇതുസംബന്ധിച്ച് രൂപീകരിച്ച വിദഗ്ധ സമിതി പരിശോധിച്ചുകൊണ്ട് സർക്കാരിലേയ്ക്ക് നൽകുന്നതിനുള്ള അന്തിമ റിപ്പോർട്ട് തയ്യാറാക്കി വരികയാണ്.

(ബി) ഫീൽഡ് സർവ്വേവഴി തയ്യാറാക്കിയ റിപ്പോർട്ടിൽ, ഉപഗ്രഹ ചിത്രങ്ങൾ മുഖാന്തരം തയ്യാറാക്കിയ റിപ്പോർട്ടിൽ ഉള്ളതിനേക്കാൾ കൂടുതൽ നിർമ്മിതികൾ ഉൾപ്പെടുന്നുണ്ടോ; എങ്കിൽ എന്തെല്ലാം

അധികവിവരങ്ങളാണ് പുതിയ ഭൂപടത്തിൽ ഉൾപ്പെട്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

ഭൗതിക സ്ഥലപരിശോധന നടത്തുന്നതിനായി നിയമിച്ച വിദഗ്ദ്ധ സമിതിയുടെ പ്രവർത്തനം അവസാന ഘട്ടത്തിലാണ്. വിദഗ്ദ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ ഇതുസംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ വൃക്ഷസമൃദ്ധി പദ്ധതി**

124(2794) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ വൃക്ഷസമൃദ്ധി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട നാല് ഗ്രാമപഞ്ചായത്തുകളിലെ താഴെ പറയുന്ന സ്ഥലങ്ങളിൽ വൃക്ഷസമൃദ്ധി പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

1. തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത് - പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ട്.

2. പായിപ്പാട് ഗ്രാമപഞ്ചാത്ത് – പ്രാഥമികാരോഗ്യ കേന്ദ്രം, പായിപ്പാട്.

3. മാടപള്ളി ഗ്രാമപഞ്ചായത്ത് - പ്രാഥമികാരോഗ്യ കേന്ദ്രം, മാടപള്ളി.

4. കുറിച്ചി ഗ്രാമപഞ്ചായത്ത് – മന്ദിരം കവലയ്ക്കുസമീപം, എണ്ണക്കാച്ചിറ കോളനി.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

24-11-2021-ലെ സ.ഉ. (സാധാ) നം. 2373/2021/ത.സ്വ.ഭ.വ., 16-02-2022-ലെ സ.ഉ. (സാധാ) നം. 52/2022/വനം എന്നീ സർക്കാർ ഉത്തരവുകൾ അടിസ്ഥാനമാക്കിയാണ് വൃക്ഷസമൃദ്ധി പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS) തൊഴിലാളികളെ ഉപയോഗിച്ച് ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, MGNREGS, ഡിസ്ട്രിക്ട് എഞ്ചിനീയർ, ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ എന്നിവരുടെ മേൽനോട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് വൃക്ഷസമൃദ്ധി പദ്ധതി

നടപ്പാക്കുന്നത്. ടി പദ്ധതി നടപ്പാക്കുന്നതിനുവേണ്ട സാങ്കേതിക ഉപദേശം നൽകുന്നതിന് എല്ലാ ബ്ലോക്കുകളിലേയ്ക്കും സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് ചുമതല നൽകിയിട്ടുണ്ട്. കൂടാതെ ഡിവിഷൻതലത്തിലേയ്ക്ക് ഒരു റേഞ്ച് ഫോറസ്റ്റ് ഓഫീസറെ നോഡൽ ഓഫീസറായും നിയമിച്ചിട്ടുണ്ട്.

**തീരദേശ മേഖലയിൽ വനവത്കരണം**

125(2795) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മേഖലയിൽ വനവത്കരണം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

തീരദേശ മേഖലയുടെ സംരക്ഷണത്തിനായി സംസ്ഥാനത്തിന്റെ വിവിധ തീരപ്രദേശങ്ങളിൽ കാറ്റാടിത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഏതെങ്കിലും തീരദേശ മേഖലയിൽ വനവത്കരണം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

2021-22-ൽ ചേർത്തല അർത്തുങ്കൽ പ്രദേശത്ത് 7 ഹെക്ടർ സ്ഥലത്തായി 70000 കാറ്റാടിത്തൈകളും ചെത്തി മുതൽ മാരാരിക്കുളംവരെ 2.80 ഹെക്ടർ സ്ഥലത്തായി 28000 കാറ്റാടിത്തൈകളും 2022-23-ൽ

അമ്പലപ്പുഴ മുതൽ പുന്നപ്രവരെ 4 ഹെക്ടർ സ്ഥലത്തായി 40000 കാറ്റാടിത്തൈകളും നട്ടുപിടിപ്പിച്ചിട്ടുണ്ട്.

എറണാകുളം ജില്ലയിൽ ചേറായി വളപ്പ്, ചാപ്പാ ബീച്ച്, മാലിപ്പുറം; തൃശ്ശൂർ ജില്ലയിൽ കരിമ്പ്രം, പാലപ്പെട്ടി, അകലാട്, കാട്ടിലപ്പിള്ളി എന്നിവിടങ്ങളിലെ തീരപ്രദേശങ്ങളിൽ കാറ്റാടിത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. പുന്നയൂർ മുതൽ അകലാടുവരെയുള്ള തീരപ്രദേശത്ത് 2000 വൃക്ഷത്തൈകളും ചാവക്കാട് തീരപ്രദേശത്ത് 1100 വൃക്ഷത്തൈകളും 2022-23-ൽ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ കടൽത്തീര സംരക്ഷണത്തിനായി തയ്യാറാക്കി വരുന്ന കാറ്റാടിത്തൈകൾ 2023-24 വർഷത്തിൽ നട്ടുപിടിപ്പിക്കുന്നതാണ്.

മലപ്പുറം ജില്ലയിലെ പൊന്നാനി തീരപ്രദേശത്തും കോഴിക്കോട് ജില്ലയിലെ പാലൂർ വെസ്റ്റ്, മന്ദമംഗലം, കണ്ണൻകടവ്, കല്ലകത്ത്, തിരുക്കോട്ടൂർ വെസ്റ്റ്, അഴിയൂർ, പൂഴിത്തോട്, ചോമ്പാല, മുക്കാലി, കപ്പഴക്കൽ, ആവിക്കര, കേളൂർ ബീച്ച്, മാടക്കര, മടപ്പള്ളി, പള്ളിപറമ്പത്ത്, കരുവച്ചൽ, ഗോതീശ്വരം തീരം എന്നിവിടങ്ങളിൽ കാറ്റാടിത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ ധർമ്മടം, മുഴപ്പിലങ്ങാട്, ചൂട്ടാട്, മാട്ടൂൽ, അഴീക്കൽ, ചാൽ ബീച്ച് തുടങ്ങിയ തീരപ്രദേശങ്ങളിലും കാറ്റാടിത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ പള്ളിക്കര വലിയപ്പറമ്പ്, മഞ്ചേശ്വരം, നെല്ലിക്കുന്ന്, ചേറ്റുകുണ്ട് ഭാഗങ്ങളിലെ തീരപ്രദേശങ്ങളിലും സി.പി.സി.ആർ.ഐ.-യുടെ അധീനതയിലുള്ള ഭൂമിയിലും കാറ്റാടിത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

(സി) തീരദേശ മേഖലയിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് വനവത്കരണം നടത്തേണ്ടതെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

തീരപ്രദേശങ്ങളിൽ സാധ്യമായ സ്ഥലങ്ങളിൽ വനവത്കരണം നടത്തിയിട്ടുണ്ട്. അനുയോജ്യമായ സ്ഥലം കണ്ടെത്തുന്ന മുറയ്ക്ക് വനവത്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**മിയാവാക്കി വനവത്കരണ പദ്ധതി**

126(2796) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിയാവാക്കി വനവത്കരണ പദ്ധതി സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ നടപ്പാക്കിവരുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഏതുവർഷം മുതലാണ് സംസ്ഥാനത്ത് നടപ്പാക്കി തുടങ്ങിയതെന്നും ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

(എ&ബി) മിയാവാക്കി വനവത്കരണ പദ്ധതി വനംവകുപ്പ് നടപ്പാക്കുന്നില്ല. എന്നാൽ ഇതേ തത്വം ഉൾക്കൊള്ളിച്ച് നഗരങ്ങളിൽ "നഗരവനങ്ങൾ", വിദ്യാലയങ്ങളിൽ "വിദ്യാവനങ്ങൾ" എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്.

## പാതയോരങ്ങളിൽ മരങ്ങൾ നട്ടുപിടിപ്പിക്കാൻ നടപടി

127(2797) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാന ദേശീയ, സംസ്ഥാന പാതകളുടെ വശങ്ങളിൽ സാമൂഹ്യ വനവത്കരണ പദ്ധതി മുഖേന മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പ്രധാന ദേശീയ, സംസ്ഥാന പാതകളുടെ വശങ്ങളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ സ്ഥലലഭ്യതയുടെ അടിസ്ഥാനത്തിൽ വഴിയോരത്തണൽ പദ്ധതിയിലുൾപ്പെടുത്തി മരങ്ങൾ നട്ടുപിടിപ്പിച്ചുവരുന്നുണ്ട്.

(ബി) ഇപ്രകാരം നടുന്ന തണൽ മരങ്ങളിൽ മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങൾ കൂടുതലായി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഇപ്രകാരം നടുന്ന തണൽ മരങ്ങളിൽ തദ്ദേശീയമായ ഫലവൃക്ഷത്തൈകൾ കൂടുതൽ ഉൾപ്പെടുത്തിവരുന്നു. എന്നാൽ മാവ്, പ്ലാവ് എന്നീ വൃക്ഷ ശിഖരങ്ങളുടെ വളർച്ചാസാധ്യത കൂടുതലായതിനാലും ഫലങ്ങൾ പാതകളിൽ വീണ് അപകടം ഉണ്ടാകാൻ സാധ്യത കൂടുതലുള്ളതിനാലും ടി വൃക്ഷങ്ങൾ പാതയോരങ്ങളിൽ നട്ടുപിടിപ്പിക്കുന്നത് അഭികാമ്യമല്ല.

**കാക്കവയൽ വനപർവ്വം വികസന പദ്ധതി**

128(2798) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ കാക്കവയൽ വനപർവ്വം ശലഭോദ്യാനത്തിൽ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ കാക്കവയൽ വനപർവ്വത്തിൽ ശലഭോദ്യാനം, നക്ഷത്രവനം, ഔഷധത്തോട്ടം, വെള്ളച്ചാട്ടം കേന്ദ്രീകരിച്ചുള്ള വിനോദസഞ്ചാരം, വെള്ളച്ചാട്ടം വരെയുള്ള നേച്ചർ ട്രെയിൽ, ഇന്റർപ്രട്ടേഷൻ സെന്റർവഴി പ്രകൃതി പഠന ക്യാമ്പുകൾ എന്നിവ നടപ്പാക്കിവരുന്നു. മെഡിസിനൽ ഗാർഡൻ, ശലഭോദ്യാനം എന്നിവ നവീകരിക്കുന്നതിനുള്ള പ്രവൃത്തികളും നടത്തിയിട്ടുണ്ട്.

(ബി) വനപർവ്വം ഇക്കോ ടൂറിസം കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കാക്കവയൽ വനസംരക്ഷണ സമിതി മുഖാന്തരം നടത്തിവരുന്ന കാക്കവയൽ ഇക്കോടൂറിസം കേന്ദ്രത്തിൽ ഇന്റർപ്രെട്ടേഷൻ സെന്റർ, ശലഭോദ്യാനം, നക്ഷത്രവനം, ഔഷധത്തോട്ടം, വെള്ളച്ചാട്ടം കേന്ദ്രീകരിച്ചുള്ള വിനോദ സഞ്ചാരം, വെള്ളച്ചാട്ടം വരെയുള്ള നേച്ചർ ട്രെയിൽ, ടോയ്‌ലറ്റ് സൗകര്യം എന്നിവയാണ് സന്ദർശകർക്കായി ഏർപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ട്. ആയതിന് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ വനം വകുപ്പ് കൈക്കൊണ്ടുവരുന്നു.

## വിദ്യാവനം പദ്ധതി

129(2799) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോഷ്യൽ ഫോറസ്ട്രി മുഖേന നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

സോഷ്യൽ ഫോറസ്ട്രി വിഭാഗം വനത്തിന് പുറത്തുള്ള വൃക്ഷവൽക്കരണ പദ്ധതികളാണ് മുഖ്യമായും നടപ്പാക്കിവരുന്നത്. ഇതിന്റെ ഭാഗമായി ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. വിദ്യാലയങ്ങളിൽ ഫോറസ്ട്രി ക്ലബ്ബുകളുടെ സഹായത്തോടെ ചെറുവനങ്ങൾ നട്ടുവളർത്തുന്ന വിദ്യാവനം, നഗരങ്ങളിൽ ചെറുവനങ്ങൾ സൃഷ്ടിക്കുന്ന നഗരവനം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ പങ്കാളിത്തത്തോടെ വൃക്ഷാവരണം വിപുലപ്പെടുത്തുന്ന വൃക്ഷസമൃദ്ധി പദ്ധതി, കണ്ടൽക്കാടുകളുടെയും കാവുകളുടെയും സംരക്ഷണം, തീരദേശ സംരക്ഷണത്തിനായി കാറ്റാടിത്തൈകൾ വച്ചുപിടിപ്പിക്കൽ, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, നദീതീരങ്ങളുടെ സംരക്ഷണത്തിനായി മുളത്തൈകൾ നട്ടുപിടിപ്പിക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പാക്കിവരുന്നു.

കൂടാതെ സ്വകാര്യഭൂമികളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി, കാവുകളുടെ സംരക്ഷണത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കുന്ന കാവുകളുടെ ഉടമസ്ഥർക്ക് ധനസഹായം നൽകുന്ന പദ്ധതി എന്നിവയും നടപ്പാക്കിവരുന്നു.

(ബി) സ്കൂളുകൾ/കോളേജുകളിൽ ചെറുവനങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിവരുന്ന വിദ്യാവനം പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാമാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

വിദ്യാവനം പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാവനം പദ്ധതി നിലവിൽ നടപ്പാക്കിയിട്ടില്ല.

## ഗുരുവായൂർ മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ

130(2800) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഗുരുവായൂർ മണ്ഡലത്തിൽ വനം വകുപ്പ് മുഖേന 2022-23 വർഷം നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ?

ഗുരുവായൂർ മണ്ഡലത്തിൽ പുന്നയൂർ മുതൽ അകലാട് വരെയുള്ള തീരപ്രദേശത്ത് 2000 വൃക്ഷത്തൈകളും ചാവക്കാട് തീരദേശത്ത് 1100 വൃക്ഷത്തൈകളും 2022-23-ൽ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ കടലേറ്റ ഭീഷണി തടയുന്നതിനായി കൂടുതൽ കാറ്റാടി മരങ്ങൾ നട്ടുവളർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രസ്തുത മണ്ഡലത്തിലെ കടൽത്തീര സംരക്ഷണത്തിന്, 2023-24-ൽ വച്ചുപിടിപ്പിക്കുന്നതിനായി 10000 കാറ്റാടിത്തൈകളുടെ നഴ്സറി തയ്യാറാക്കി വരുന്നു.

**വൃക്ഷസമൃദ്ധി പദ്ധതി**

131(2801) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്ഷസമൃദ്ധി പദ്ധതി നടപ്പാക്കുന്നതുവഴി ഗ്രാമീണ മേഖലയിൽ എത്ര തൊഴിൽ സൃഷ്ടിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ?

വൃക്ഷസമൃദ്ധി പദ്ധതി നടപ്പാക്കുന്നത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ്. പഞ്ചായത്തുകളിൽനിന്നും ലഭിച്ച കണക്കനുസരിച്ച് 35.93 ലക്ഷം വൃക്ഷത്തൈകൾ ടി പദ്ധതിപ്രകാരം ഇതിനോടകം നട്ടുപിടിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി ഏകദേശം 40 ലക്ഷത്തിൽപ്പരം തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ പഞ്ചായത്തുകൾക്ക് കഴിഞ്ഞിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ?

പ്രസ്തുത പദ്ധതിക്കായി 2021-22-ൽ വിത്തുകൾ നൽകുകയും തൈകൾ ഉത്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുകയും മാത്രമാണ് വനം വകുപ്പ് ചെയ്തത്. 2022-23 മുതൽ വൃക്ഷത്തൈകൾ ഉത്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക സഹായം മാത്രമാണ് വനം വകുപ്പ് നൽകുന്നത്.

**വനശ്രീ**

132(2802) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന വനശ്രീ എന്ന സംവിധാനത്തെക്കുറിച്ച് വിശദമാക്കാമോ?

വനം വകുപ്പ്, തടിയേതര വനവിഭവങ്ങളുടെ വില്പനയ്ക്കായി ആരംഭിച്ച വിപണന ശൃംഖലയാണ് 'വനശ്രീ'. ഇതിനായി വനവികസന ഏജൻസികളുടെ നേതൃത്വത്തിൽ, വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളിലെ അംഗങ്ങൾ ശാസ്ത്രീയമായ രീതിയിൽ ശേഖരണം, സംസ്കരണം, മൂല്യവർദ്ധനം എന്നിവ നടത്തി വനവിഭവങ്ങൾ വനശ്രീ മുഖേന വിൽപ്പന നടത്തുന്നു. വനമേഖലയിൽനിന്നും ശേഖരിക്കുന്ന തടിയേതര വനവിഭവങ്ങൾ ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കാനും മൂല്യവർദ്ധനവ് നടത്തി വിപണനത്തിന് സജ്ജമാക്കാനും അതുവഴി വനാശ്രിത സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങളും വരുമാനവും ഉറപ്പാക്കാനും 'വനശ്രീ' മുഖാന്തരം സാധിക്കുന്നു.

(ബി) സംസ്ഥാനത്ത് ആകെ എത്ര വനശ്രീ പ്രവർത്തിക്കുന്നുണ്ടെന്നും 2021-22 സാമ്പത്തിക വർഷം അതിലൂടെ ലഭിച്ച വരുമാനം എത്രയെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ രണ്ട് മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ 69 "വനശ്രീ ഇക്കോഷോപ്പുകൾ"

പ്രവർത്തിക്കുന്നുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ വനശ്രീ ഇക്കോഷോപ്പുകൾവഴി ₹4,32,20,828 (നാലു കോടി മുപ്പത്തിരണ്ട് ലക്ഷത്തി ഇരുപതിനായിരത്തി എണ്ണൂറ്റി ഇരുപത്തിയെട്ട് രൂപ) വരുമാനം ലഭിച്ചിട്ടുണ്ട്.

**വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിനായി നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്**

133(2803) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിലെ മറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ പത്തുകുളങ്ങരയിൽ ജലജീവൻ മിഷന്റെ പ്രവൃത്തികളുടെ ഭാഗമായി ഇരുപത് ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിനായി വനം വകുപ്പിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വെള്ളിക്കുളങ്ങര വില്ലേജ് സർവ്വേ നമ്പർ 2253/3-ലുള്ള മുരിക്കിങ്ങൽ ദേശത്ത് മുഹമ്മദ് വട്ടത്തൊടി എന്ന വ്യക്തിയുടെ സ്ഥലം കൃഷി, വീട്, കട എന്നീ ആവശ്യങ്ങൾക്കായാണ് പട്ടയം നൽകിയിട്ടുള്ളത് എന്ന കാരണം പറഞ്ഞ് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിനായി വനം വകുപ്പ് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകാതിരിക്കുന്ന പ്രശ്നത്തിൽ ഇടപെടുന്നതിനും

പതിമൂവായിരം കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതിക്ക് പ്രസ്തുത പട്ടയ ഭൂമി ഉപയോഗപ്പെടുത്താൻ എൻ.ഒ.സി. നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ മുരിക്കിങ്ങലിൽ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് മറ്റത്തൂർ ഗ്രാമപഞ്ചായത്ത് അധികൃതർ വിലയ്ക്ക് വാങ്ങിയിട്ടുള്ള 25 സെന്റ് സ്ഥലം The Kerala Land Assignment (Regularization of occupations of forest lands prior to 01-01-1977) Special Rules 1993-ലെ റൂൾ 9(3) പ്രകാരം പതിച്ചുനൽകിയ വനഭൂമിയാണ്. കൃഷി, വീട്, കട എന്നീ ആവശ്യങ്ങൾക്കാണ് വനഭൂമി പതിച്ചുനൽകിയത്. 1980-ലെ ഫോറസ്റ്റ് കൺസർവ്വേഷൻ ആക്ട് പ്രകാരം വനം-വനേതര ആവശ്യങ്ങൾക്ക് അനുവദിച്ച് നൽകുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ടി പദ്ധതിമൂലം പതിമൂന്നായിരം കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാകുമെന്നതിനാൽ ആയതിനുവേണ്ട വാട്ടർടാങ്ക് നിർമ്മിക്കുന്നതിനുള്ള അനുമതിക്കായുള്ള അപേക്ഷ പരിവേഷ് വെബ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് മറ്റത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 22-02-2023-ന് ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ്

ഓഫീസർ കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ വേണ്ട തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ബ്ലാവന, ബംഗ്ലാവ് കടവ് പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി**

134(2804) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലെ ബ്ലാവന, ബംഗ്ലാവ് കടവ് പാലങ്ങളുടെ ഇൻവെസ്റ്റിഗേഷനുവേണ്ടി ഭരണാനുമതി ലഭ്യമായിട്ടുണ്ടെങ്കിലും വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ബ്ലാവന-കല്ലേലിമേട് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിക്ക് വനഭൂമി ആവശ്യപ്പെട്ടുകൊണ്ട് പൊതുമരാമത്ത് വകുപ്പ് പരിവേഷ് പോർട്ടലിൽ സമർപ്പിച്ച അപേക്ഷ നിലവിൽ ഡ്രാഫ്റ്റ് സ്റ്റേജിൽ യൂസർ ഏജൻസിയിൽത്തന്നെ നിലനിൽക്കുകയാണ്. ടി പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷന്റെ ഭാഗമായി സർവ്വേ ചെയ്യുന്നതിനും ബോർഹോൾ എടുക്കുന്നതിനുമായി യൂസർ ഏജൻസി 06-05-2022-ൽ സമർപ്പിച്ച

അപേക്ഷയിൽ തുടർനടപടി സ്വീകരിക്കുന്നതിനായി ആയത് പരിവേഷ് പോർട്ടലിൽ സമർപ്പിക്കാൻ 09-01-2023-ൽ മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ യൂസർ ഏജൻസിക്ക് അറിയിപ്പ് നൽകിയിരുന്നു, ആയത് യൂസർ ഏജൻസി നാളിതുവരെ പരിവേഷിൽ സമർപ്പിച്ചിട്ടില്ലാത്തതാണ്.

ബംഗ്ലാവ് കടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ ഭാഗമായി ബോർ ഹോൾ എടുക്കുന്നതിന് പരിവേഷ് പോർട്ടലിൽ യൂസർ ഏജൻസി അപേക്ഷ ഒന്നുംതന്നെ സമർപ്പിച്ചിട്ടില്ല.

(ബി) പ്രസ്തുത പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി വനം വകുപ്പിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിനുവേണ്ടി പൊതുമരാമത്ത് വകുപ്പിൽനിന്നും അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ബ്ലാവന, ബംഗ്ലാവ് കടവ് പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ ഭാഗമായി സർവ്വേ ചെയ്യുന്നതിനും ബോർഹോൾ എടുക്കുന്നതിനും അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള യൂസർ ഏജൻസിയുടെ കത്തുകളിന്മേൽ 09-01-2023, 16-02-2023 തീയതികളിൽ യൂസർ ഏജൻസിക്ക് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മലയാറ്റൂർ അറിയിപ്പ്

നൽകിയിട്ടുണ്ട്. ഇപ്രകാരം പരിവേഷ് പോർട്ടലിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) എങ്കിൽ പ്രസ്തുത അപേക്ഷപ്രകാരം നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ആവശ്യപ്പെട്ട വിവരങ്ങൾ യൂസർ ഏജൻസി പരിവേഷിൽ സമർപ്പിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

**പെരുവ-കടൽക്കണ്ടം പാലം നിർമ്മാണം**

135(2805) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കോളയാട് ഗ്രാമപഞ്ചായത്തിലെ പെരുവ-കടൽക്കണ്ടം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ അനുമതിക്കായി അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ലഭിച്ചിട്ടുണ്ട്. പരിവേഷ് 2.0 പോർട്ടലിൽ ലഭ്യമായ FP/KL/ROAD/416479/2023 നമ്പർ പ്രൊപ്പോസൽ പരിശോധിച്ച് സ്റ്റേജ്-1 അനുമതി നൽകിയിട്ടുണ്ട്.

**മലപ്പുറം ഹാജിയാർ പള്ളിയിലെ വനം വകുപ്പ് ഭൂമിയിലെ പദ്ധതികൾ**

136(2806) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിലെ വനം വകുപ്പിന്റെ അധീനതയിലുള്ള ഹാജിയാർ പള്ളിയിലെ ഒരു ഹെക്ടർ ഭൂമിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ബട്ടർഫ്ലൈ പാർക്ക്, ബാംബൂസെറ്റം, ഇക്കോ പാർക്ക്, ബൊട്ടാണിക്കൽ ഗാർഡൻ എന്നിവയ്ക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ?

ഭരണാനുമതി ലഭിക്കുന്നതിനായി മലപ്പുറം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ തയ്യാറാക്കിയ മൈക്രോപ്ലാൻ 22-02-2023-ന് കോഴിക്കോട് ഫോറസ്റ്റ് കൺസർവേറ്റർക്ക് സമർപ്പിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകാമോ?

പദ്ധതി നടപ്പാക്കാൻ 2 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ബാംബൂസെറ്റം നിർമ്മിക്കുന്നതിനായി 10 ലക്ഷം രൂപയും ബട്ടർഫ്ലൈ പാർക്കിനായി 5 ലക്ഷം രൂപയും കൺസർവേഷൻ എഡ്യൂക്കേഷൻ സെന്റർ നിർമ്മാണത്തിനായി 1 കോടി രൂപയും ഇൻഫർമേഷൻ സെന്റർ നിർമ്മാണത്തിനായി 35 ലക്ഷം രൂപയും ഇന്റർപ്രെട്ടേഷൻ സെന്റർ നിർമ്മാണത്തിനായി 25 ലക്ഷം രൂപയും ഇക്കോഷോപ്പിന് 10 ലക്ഷം രൂപയും റഫറൻസ് ലൈബ്രറിക്ക് 15 ലക്ഷം രൂപയും ചെലവ് പ്രതീക്ഷിക്കുന്നു.

(സി) ബട്ടർ ഫ്ലൈ പാർക്ക്, ബാംബൂസെറ്റം, ഇക്കോ പാർക്ക് എന്നിവ ആരംഭിക്കുന്നതിന് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ശാസ്ത്രജ്ഞർ 22-07-2022-ന് പദ്ധതിപ്രദേശം സന്ദർശിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വരുന്ന മഴക്കാലം ആരംഭിക്കുന്നതോടുകൂടി മുളത്തൈകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ മഴക്കാലത്ത് ബട്ടർഫ്ലൈ പാർക്ക് നിർമ്മിക്കാനാവശ്യമുള്ള പൂമ്പാറ്റകളുടെ ആതിഥേയ സസ്യങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തി

പരിപൂർണ്ണമായിട്ടില്ല. അടുത്ത വർഷക്കാലത്തും പ്രസ്തുത പ്രവൃത്തി തുടരുന്നതാണ്.

(ഡി) പ്രസ്തുത പദ്ധതികൾ അടിയന്തരമായി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രസ്തുത പ്രവൃത്തികൾ യാഥാർത്ഥ്യമാക്കുന്നതാണ്.

**മൂളിയാർ ഗ്രാമപഞ്ചായത്തിലെ ഫോറസ്റ്റ് റോഡ്**

137(2807) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൂളിയാർ ഗ്രാമപഞ്ചായത്തിലെ പൂവാള പട്ടികജാതി കോളനിയിലേയ്ക്കുള്ള ഫോറസ്റ്റ് റോഡ് വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ഗതാഗതയോഗ്യമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കാസർഗോഡ് ജില്ലയിലെ മൂളിയാർ ഗ്രാമപഞ്ചായത്തിലെ പൂവാള പട്ടികജാതി കോളനിയിലേയ്ക്കുള്ള ഫോറസ്റ്റ് റോഡ് വനം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് ഗതാഗതയോഗ്യമാക്കിയിട്ടില്ല.

(ബി) ഇല്ലെങ്കിൽ പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടി വകുപ്പിന്റെ ഭാഗത്തുനിന്നും സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

മൂളിയാർ ഗ്രാമത്തിലെ പൂവാള പട്ടികജാതി കോളനിയിലേയ്ക്കുള്ള ഫോറസ്റ്റ് റോഡ് ഗതാഗതയോഗ്യമാക്കുന്നതിനായി വനം വകുപ്പിന്റെ ഫണ്ടിൽ നിന്നും 9 ലക്ഷം രൂപയ്ക്കുള്ള അടങ്കൽ തയ്യാറാക്കി നിലവിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ചാക്കപ്പാറ-പൂരവിമല റോഡിന്റെ ശോചനീയാവസ്ഥ**

138(2808) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പൂരി ഗ്രാമപഞ്ചായത്തിലെ തൊട്ടുമല വാർഡിൽ പന്ത്രണ്ടിലധികം വരുന്ന ഊരുകളിലായി താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ജനങ്ങളെ പുറംലോകവുമായി ബന്ധിപ്പിക്കുന്ന ഏക റോഡായ ചാക്കപ്പാറ-പൂരവിമല റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

അമ്പൂരി ഗ്രാമപഞ്ചായത്തിലെ തൊട്ടുമല വാർഡിലെ ചാക്കപ്പാറ-പൂരവിമല റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. യൂസർ ഏജൻസിയായ PMU, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സമർപ്പിച്ച അഞ്ച് അപേക്ഷകളിലും 20-02-2023-ൽ ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ നവീകരണത്തിനായി പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചെങ്കിലും വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനാൽ പദ്ധതി നിർവ്വഹണം തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത റോഡിന്റെ നവീകരണത്തിനായി വനം വകുപ്പ് നിലവിൽ അനുമതി നൽകിയിട്ടുണ്ട്.

(സി) നിലവിൽ 6 മീറ്ററിലധികം വീതിയുള്ള പ്രസ്തുത റോഡ് 3 മീറ്റർ വീതിയിൽ നവീകരിക്കുന്നതിന് വനം വകുപ്പ് അനുമതി നൽകിയെങ്കിലും പ്രസ്തുത പദ്ധതിക്ക് 6 മീറ്റർ വീതി വേണമെന്നുള്ളതിനാൽ പദ്ധതി നടപ്പാക്കാൻ കഴിയുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്രകാരം യൂസർ ഏജൻസി 10-01-2023, 17-02-2023 എന്നീ തീയതികളിൽ അപേക്ഷ നൽകിയതിനെത്തുടർന്ന് യൂസർ ഏജൻസി ആവശ്യപ്പെട്ട വീതിയിൽ സെറ്റിൽമെന്റ് മേഖലകളിൽ

3.75 മീറ്റർ വീതിയിൽ ടാറിംഗിനും 2.25 മീറ്റർ വീതിയിൽ സൈഡ് വാൾ/ ഓട എന്നിവ നിർമ്മിക്കുന്നതിനും വനമേഖലയ്ക്കുള്ളിൽ വരുന്ന ഭാഗത്ത് 3.75 മീറ്റർ വീതിയിൽ കോൺക്രീറ്റ് ചെയ്ത് നവീകരിക്കുന്നതിനും 20-02-2023-ൽ അനുമതി നൽകിയിട്ടുണ്ട്.

**പാലപ്പിള്ളി-ചീനിക്കുന്ന് റിംഗ് റോഡ്**

139(2809) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ പാലപ്പിള്ളി-ചീനിക്കുന്ന് റിംഗ് റോഡ് നിർമ്മാണത്തിനായി വനം വകുപ്പിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് സമർപ്പിച്ച അപേക്ഷയിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പുതുക്കാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ പാലപ്പിള്ളി-ചീനിക്കുന്ന് റിംഗ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട അപേക്ഷ 11-07-2022-ൽ ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ ലഭിച്ചിട്ടുള്ളതാണ്. ടി റോഡിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിന് Ministry of Environment & Forests

(FC Division)-ന്റെ 29-04-2005-ലെ മാർഗ്ഗരേഖപ്രകാരം "for upgradation of Kutcha road constructed prior to 1980 in Forest areas to Pucca roads" എന്നതിലുൾപ്പെടുത്തി നിരാക്ഷേപ പത്രം അനുവദിക്കുന്നതിന് പ്രസ്തുത റോഡ് 1980-നുമുമ്പ് നിലനിന്നിരുന്നതാണെന്ന സാക്ഷ്യപത്രം ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയിൽനിന്നും 22-02-2023-ന് ലഭിച്ചിട്ടുണ്ട്. ആയതിനാൽ മേൽ റോഡ് ടൈൽ വിരിക്കുന്നതിനുള്ള നിരാക്ഷേപപത്രം എത്രയുംപെട്ടെന്ന് അനുവദിക്കുന്നതാണെന്ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ചാലക്കുടി അറിയിച്ചിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത റോഡ് നിർമ്മാണത്തിനായി വനം വകുപ്പിന്റെ എൻ.ഒ.സി. അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചുവരുന്നു.

**ആറാം മൈൽ-എളംബ്ലാശ്ശേരി-കുറത്തിക്കുടി റോഡ് പുനരുദ്ധാരണം**

140(2810) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ ആറാം മൈൽ-എളംബ്ലാശ്ശേരി-കുറത്തിക്കുടി റോഡിന്റെ പുനരുദ്ധാരണത്തിനായി ചീഫ്

പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 05-10-2021-ൽ ചേർന്ന യോഗത്തിൽ പ്രസ്തുത ഭാഗങ്ങളിൽ ടൈൽ വിരിക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനം നടപ്പാക്കുന്നതിന് വനം വകുപ്പിന്റെ സംയുക്ത പരിശോധനയ്ക്കുള്ള അനുമതിക്കുവേണ്ടി പൊതുമരാമത്ത് വകുപ്പിൽനിന്നും അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഭാഗങ്ങളിൽ ടൈൽ വിരിച്ച് റോഡ് പുനരുദ്ധാരണം നടത്തുന്നതിന് വനം വകുപ്പുമായി സംയുക്ത പരിശോധനയ്ക്കുവേണ്ടി കേരള റോഡ് ഫണ്ട് ബോർഡിൽനിന്നും മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകിയ 15-10-2022-ലെ കെ.ആർ.എഫ്.ബി./പി.എം.യു./ എം.വി.പി.എ.-ഐ.ഡി.കെ./എച്ച്.എച്ച്.-സി.എച്ച്. സി.എച്ച്./2021 നമ്പർ കത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ?

(എ&ബി) മേൽ വിഷയം സംബന്ധിച്ച അപേക്ഷ മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ ലഭ്യമായിട്ടില്ലാത്തതാണ്.

(സി) ആദിവാസി മേഖലകളിൽക്കൂടി കടന്നുപോകുന്ന പ്രസ്തുത റോഡിന്റെ നവീകരണം എത്രയും വേഗത്തിൽ നടപ്പാക്കേണ്ടതിനാൽ വനം വകുപ്പ് സംയുക്ത പരിശോധനയ്ക്ക് വേഗത്തിൽ അനുമതി നൽകി പരിശോധന പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇക്കാര്യത്തിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കോഴിക്കോട് ജില്ലയിലെ ഇക്കോ ടൂറിസം പദ്ധതികൾ**

141(2811) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ വനം വകുപ്പിന് കീഴിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന ഇക്കോ ടൂറിസം പദ്ധതികൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ പരിപാലന ചുമതല ആർക്കാണ്; വിശദാംശം അറിയിക്കാമോ?

കോഴിക്കോട് ഡിവിഷനുകീഴിൽ തുഷാരഗിരി, കാക്കവയൽ, കക്കയം, പെരുവണ്ണാമൂഴി, ജാനകിക്കാട് എന്നീ 5 അംഗീകൃത ഇക്കോടൂറിസം സെന്ററുകളാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. മേൽ ഇക്കോടൂറിസം പദ്ധതികളുടെ നിർവ്വഹണ പരിപാലന ചുമതല കോഴിക്കോട് വനവികസന ഏജൻസിക്കുകീഴിൽവരുന്ന അതത് വനസംരക്ഷണ സമിതികൾക്കാണ്. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കക്കയം ഉരക്കുഴി ഇക്കോ ടൂറിസം കേന്ദ്രം സഞ്ചാരികൾക്ക് കൂടുതൽ ഭൗതിക സൗകര്യങ്ങളൊരുക്കി നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

കക്കയം ഉരക്കുഴി ഇക്കോ ടൂറിസം കേന്ദ്രത്തിൽ സന്ദർശകർക്കായി ഇരിപ്പിട സൗകര്യം, ഇക്കോ ഷോപ്പ് & കഫറ്റീരിയ, കുടിവെള്ള സൗകര്യം, ഇന്റർപ്രെട്ടേഷൻ സെന്റർ എന്നീ ഭൗതിക സൗകര്യങ്ങൾ നവീകരണത്തിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്.

(സി) ഉരക്കുഴി ഇക്കോ ടൂറിസം കേന്ദ്രത്തിലെ തൂക്കുപാലം കാലപ്പഴക്കം കൊണ്ട് അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ സന്ദർശകരെ തൂക്കുപാലത്തിലേയ്ക്ക് കടത്തിവിടുന്നില്ല.

(ഡി) പുതിയ തൂക്കുപാലം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പുതിയ തൂക്കുപാലം നിർമ്മിക്കുന്നത് സംബന്ധിച്ച് ആവശ്യമായ പരിശോധനകൾക്കും പഠനങ്ങൾക്കുംശേഷം പരിശോധിക്കുന്നതാണ്.

**മീൻമുട്ടി ടൂറിസ്റ്റ് കേന്ദ്രത്തിൽ വനസംരക്ഷണ സമിതി**

142(2812) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീൻമുട്ടി ടൂറിസ്റ്റ് കേന്ദ്രത്തിൽ സ്ഥിരമായി വനസംരക്ഷണ സമിതി രൂപീകരിക്കാനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

സൗത്ത് വയനാട് ഡിവിഷനിലെ മേപ്പാടി റേഞ്ചിലെ മീൻമുട്ടി വിനോദസഞ്ചാര കേന്ദ്രത്തിൽ മീൻമുട്ടി - നീലിമല വനസംരക്ഷണ സമിതി രൂപീകരിക്കുന്നതിനുള്ള പ്രാഥമിക യോഗം 21-01-2023-ന് വിളിച്ചുചേർത്ത് താൽക്കാലിക കമ്മിറ്റി രൂപീകരിച്ച് തുടർപ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) പ്രസ്തുത വിനോദസഞ്ചാര കേന്ദ്രം സഞ്ചാരികൾക്കായി തുറന്ന് കൊടുക്കാനുള്ള തീയതി നിശ്ചയിച്ചിട്ടുണ്ടോ; വിനോദസഞ്ചാരികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

മേൽ വിനോദസഞ്ചാര കേന്ദ്രം സഞ്ചാരികൾക്ക് തുറന്നുകൊടുക്കാൻ നിലവിൽ തീയതി നിശ്ചയിച്ചിട്ടില്ല. വനസംരക്ഷണ സമിതിയുടെ സ്ഥിരം കമ്മിറ്റി നിലവിൽ വന്നതിനുശേഷം സമിതിയുടെ തീരുമാനപ്രകാരവും വനം വകുപ്പിന്റെ അംഗീകാരവും ലഭ്യമായതിനുശേഷം മാത്രമേ മീൻമുട്ടി വിനോദ

സഞ്ചാര കേന്ദ്രം സഞ്ചാരികൾക്ക് തുറന്നുകൊടുക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ, മേൽ വിനോദസഞ്ചാര കേന്ദ്രത്തിൽ നിലവിൽ അടിസ്ഥാനസൗകര്യങ്ങളും സുരക്ഷാ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടില്ല.

**ചിമ്മിനി ഡാം ഇക്കോ ടൂറിസം പദ്ധതി**

143(2813) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട ചിമ്മിനി ഡാം ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട ചിമ്മിനി വന്യജീവി സങ്കേതത്തിലെ ഇക്കോടൂറിസം വികസനവുമായി ബന്ധപ്പെട്ട് ഒരു പ്രൊപ്പോസൽ വനം വന്യജീവി വകുപ്പ് തയ്യാറാക്കി വരുന്നു.

(ബി) പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകുന്നതിനും എസ്റ്റിമേറ്റ് തുകയായ അഞ്ച് കോടി രൂപ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതിക്കുള്ള തുക ടൂറിസം വകുപ്പ്, എം.എൽ.എ. ഫണ്ട് തുടങ്ങിയ സ്രോതസ്സുകളിൽനിന്നും ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**വനശ്രീ ഉല്പന്നങ്ങൾ**

144(2814) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിനോദസഞ്ചാര കേന്ദ്രമായ വർക്കലയിൽ സഞ്ചാരികൾക്കും പൊതുജനങ്ങൾക്കും വനശ്രീ ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിനായി പ്രസ്തുത ഉല്പന്നങ്ങൾ വിൽക്കുന്ന ഇക്കോഷോപ്പ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

വിനോദ സഞ്ചാര കേന്ദ്രമായ വർക്കലയിൽ വനശ്രീ ഉല്പന്നങ്ങൾ വിൽക്കുന്ന ഇക്കോഷോപ്പ് ആരംഭിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## നിലമ്പൂർ നോർത്ത് ഡിവിഷൻ ഓഫീസിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ വിവരങ്ങൾ

145(2815) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നോർത്ത് ഡിവിഷൻ ഓഫീസിൽ മിനിസ്റ്റീരിയൽ ജീവനക്കാരായി സ്ഥിരം തസ്തികകളിൽ ജോലി ചെയ്തുവരുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരവും തസ്തികയും പ്രസ്തുത ഓഫീസിൽ എന്നുമുതൽ ജോലി ചെയ്തുവരുന്നു എന്നുമുള്ള വിവരം അറിയിക്കാമോ?

അനുബന്ധം (എ)+ ആയി ചേർത്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നിലമ്പൂർ നോർത്ത് ഡിവിഷനിൽ എത്ര ഡിവിഷണൽ ഫോറസ്റ്റ് സർവ്വേയർമാരുണ്ടെന്നും ഈ ഉദ്യോഗസ്ഥർ എത്ര വർഷം തുടർച്ചയായി പ്രസ്തുത ഓഫീസിൽ ജോലി ചെയ്തുവരുന്നുവെന്നുമുള്ള വിവരങ്ങൾ ഉദ്യോഗസ്ഥരുടെ പേരും ജോലിയിൽ പ്രവേശിച്ച തീയതിയും സഹിതം വ്യക്തമാക്കാമോ; ഇവരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണോ നിയമിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

നിലമ്പൂർ നോർത്ത് ഡിവിഷനിൽ സർവ്വേയറായി ഒരാൾ അഞ്ച് വർഷമായി ജോലി ചെയ്തുവരുന്നു. വിനയചന്ദ്രൻ സി., ടി ഡിവിഷനിൽ 05-07-2017 മുതൽ ജോലി ചെയ്തുവരുന്നു. ടിയാൻ തന്റെ മാതൃവകുപ്പായ സർവ്വേ ഡിപ്പാർട്ട്മെന്റിൽനിന്നും ടി ഡിവിഷനിലെ അംഗീകൃത തസ്തികയിലേയ്ക്ക് ഡെപ്യൂട്ടേഷനിൽ നിയോഗിക്കപ്പെട്ടിട്ടുള്ളതാണ്.

(സി) നിലമ്പൂർ നോർത്ത് ഡിവിഷൻ ഓഫീസിലും പ്രസ്തുത ഡിവിഷന് കീഴിൽ വരുന്ന റേഞ്ച് ഓഫീസുകളിലും മിനിസ്റ്റീരിയൽ ജീവനക്കാരല്ലാത്ത എത്ര താൽക്കാലിക ജീവനക്കാർ ജോലി ചെയ്തുവരുന്നുണ്ടെന്നും ഇവരെ എന്നുമുതലാണ് നിയമിച്ചതെന്നുമുള്ള വിവരങ്ങൾ പേരും ഡിവിഷനും റേഞ്ചും നിയമിച്ച തീയതിയും തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധം (ബി)+ ആയി ചേർത്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിയുടെ ഫണ്ട് ഉപയോഗിച്ച് നിലമ്പൂർ നോർത്ത് ഡിവിഷൻ ഓഫീസിൽ എത്ര താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് ഇവരുടെ പേരും വിലാസവും തസ്തികയും ജോലിയിൽ പ്രവേശിച്ച തീയതിയും സഹിതം ലഭ്യമാക്കാമോ; ഇവരെ നിയമിച്ചതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ?

അനുബന്ധം (സി)+ ആയി ചേർത്തിട്ടുണ്ട്.

**പുനലൂർ മണ്ഡലത്തിൽ ബഫർസോണിൽ ഉൾപ്പെട്ട പ്രദേശങ്ങൾ**

146(2816) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിലെ ചെന്തുരുണി വന്യജീവി സങ്കേതത്തിലെ കരുതൽ മേഖല അതിർത്തി സംബന്ധിച്ച് വ്യക്തത വരുത്തിയിട്ടുണ്ടോ; പുനലൂർ താലൂക്കിലെ തെന്മല, ആര്യങ്കാവ്, കുളത്തുപ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകളിലായി ഏതൊക്കെ പ്രദേശങ്ങൾ ബഫർ സോണിൽ ഉൾപ്പെടുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ചെന്തുരുണി വന്യജീവി സങ്കേതത്തിലെ ഇക്കോ സെൻസിറ്റീവ് സോൺ അതിർത്തി തിരിച്ച് അടയാളങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പുനലൂർ താലൂക്കിലെ തെന്മല, ആര്യങ്കാവ്. കുളത്തുപ്പുഴ എന്നീ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗ്രാമപഞ്ചായത്തുകളിലെ കഴുതുരുട്ടി, തെന്മല, റോസ്മല, നെടുവണ്ണൂർ കടവ്, കട്ടിളപ്പാറ, വില്ലുമല, രണ്ടാംമൈൽ, കുളംബി, പെരുവഴിക്കാല എന്നീ പ്രദേശങ്ങൾ ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്നതാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽ കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിലെ കിഴക്കൻ വനമേഖലയിലെ വില്ലുമല, രണ്ടാം മൈൽ, കുളംബി, പെരുവഴികാല തുടങ്ങിയ ആദിവാസി കോളനികളും കട്ടിളപ്പാറയുടെ മൂന്ന് കിലോമീറ്റർ അകലെയുള്ള 15 ഏക്കർ പുറമ്പോക്ക് പ്രദേശങ്ങളും പ്രസ്തുത മേഖലയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ?

വില്ലുമല, രണ്ടാംമൈൽ, കുളംബി, പെരുവഴിക്കാല എന്നീ പ്രദേശങ്ങൾ ചെന്തുരുണി വന്യജീവി സങ്കേതത്തിന്റെ ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്നവയാണ്. 15 ഏക്കർ പുറമ്പോക്ക് എന്നുദ്ദേശിക്കുന്നത് നെടുവണ്ണൂർക്കടവ്-മീൻമുട്ടിഭാഗം ആണെങ്കിൽ ആ പ്രദേശവും ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്നവയാണ്.

(സി) ബഫർസോൺ വിഷയവുമായി ബന്ധപ്പെട്ട് പുനലൂർ താലൂക്കിലെ തെന്മല, ആര്യങ്കാവ്, കുളത്തുപ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകളിൽനിന്നും എത്ര പരാതികൾ ലഭിച്ചുവെന്നും അവയിൽ എത്രയെണ്ണം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കാമോ; പ്രസ്തുത പരാതികളിൽ

പരിഹരിക്കപ്പെടാത്തവ എന്നത്തേയ്ക്ക് പരിഹരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഇക്കോ സെൻസിറ്റീവ് സോൺ വിഷയവുമായി ബന്ധപ്പെട്ട് പുനലൂർ താലൂക്കിലെ തെന്മല, ആര്യങ്കാവ്. കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തുകളിൽനിന്നും ലഭിച്ച പരാതികളുടെയും അവയിൽ പരിഹരിക്കാൻ കഴിഞ്ഞവയുടെയും എണ്ണം അനുബന്ധമായി+ ചേർക്കുന്നു.

## വിദ്യാവനം പദ്ധതി

147(2817) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഏതെല്ലാം സ്കൂളുകളിൽ വിദ്യാവനം പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ 2022-23 വർഷത്തിൽ ജി.എച്ച്.എസ്.എസ്. രാവണേശ്വരം, ജി.എച്ച്.എസ്.എസ്. പെരിയ, ജവഹർ നവോദയ വിദ്യാലയ, പെരിയ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാവനം പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിലൂടെ ഓരോ വിദ്യാലയത്തിലും ഈ വർഷം എത്ര വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചുവെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. ജി.എച്ച്.എസ്.എസ്. രാവണേശ്വരം സ്കൂൾ - 350 വൃക്ഷത്തൈകൾ

2. ജി.എച്ച്.എസ്.എസ്. പെരിയ - 310 വൃക്ഷത്തൈകൾ

3. ജവഹർ നവോദയ വിദ്യാലയ, പെരിയ - 500 വൃക്ഷത്തൈകൾ.

(സി) പ്രസ്തുത പദ്ധതി കൂടുതൽ വിദ്യാലയങ്ങളിൽ നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ സ്കൂളുകളിൽ ഫോറസ്ട്രി ക്ലബ്ബുകൾ മുഖേന വിദ്യാവനങ്ങൾ നടപ്പാക്കുന്നതാണ്.

## പദ്ധതിയിനത്തിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും

148(2818) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനം വന്യജീവി വകുപ്പിന് 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പദ്ധതിയിനത്തിൽ അനുവദിച്ച തുകയും വകുപ്പ് ചെലവഴിച്ച തുകയും സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

വനം-വന്യജീവി വകുപ്പിന് 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പദ്ധതിയിനത്തിൽ അനുവദിച്ച തുകയുടെയും വകുപ്പ് ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## പുനലൂർ മണ്ഡലത്തിൽ ക്ലിയർഫെല്ലിംഗ് നടത്താനുള്ള തോട്ടങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

149(2819) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ ക്ലിയർ ഫെല്ലിംഗ് നടത്തി ഒഴിച്ചിട്ടിരിക്കുന്ന എത്ര തേക്ക്, പൾപ്പ് വുഡ് തോട്ടങ്ങളുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കാമോ?

പുനലൂർ നിയോജകമണ്ഡലത്തിൽ ക്ലിയർ ഫെല്ലിംഗ് നടത്തി ഒഴിച്ചിട്ടിരിക്കുന്ന തേക്ക് തോട്ടങ്ങളില്ല. എന്നാൽ പുനലൂർ നിയോജകമണ്ഡലത്തിലെ പുനലൂർ ഡിവിഷന്റെ പരിധിയിൽവരുന്ന അഞ്ചൽ റേഞ്ചിലുള്ള 2010 കടമാൻകോട് അക്കേഷ്യ തോട്ടം (34.15 ഹെ.) 2019-20 ഔട്ട്റൈറ്റ് സെയിൽ നടത്തിയശേഷം അക്കേഷ്യ, യൂക്കാലിപ്റ്റസ് എന്നിവ നട്ടുപിടിപ്പിക്കേണ്ട എന്ന സർക്കാരിന്റെ പുതിയ പദ്ധതിപ്രകാരം 7 ഹെക്ടർ സ്ഥലം സ്വാഭാവിക വനമാക്കി മാറ്റിയിട്ടുള്ളതാണ്. ബാക്കിയുള്ള സ്ഥലത്തെ പുനരുജ്ജീവന നടപടി പുതിയ വർക്കിംഗ് പ്ലാനിന്റെ അംഗീകാരത്തിന് വിധേയമായി മാത്രമേ നടപ്പാക്കാൻ കഴിയുകയുള്ളൂ.

(ബി) പ്രസ്തുത മണ്ഡലത്തിൽ റൊട്ടേഷൻ പൂർത്തിയായ (മെച്വർ ആയ) എത്ര തേക്ക്, പൾപ്പ് വുഡ് തോട്ടങ്ങളുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും വിശദമാക്കാമോ?

പുനലൂർ മണ്ഡലത്തിൽ റൊട്ടേഷൻ പൂർത്തിയായ തേക്ക്, പൾപ്പ് വുഡ് തോട്ടങ്ങളുടെ വിവരങ്ങൾ അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

(സി) റൊട്ടേഷൻ പൂർത്തിയാക്കിയ തോട്ടങ്ങൾ എന്നത്തേയ്ക്ക് ക്ലിയർ ഫെല്ലിംഗ് നടത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

റൊട്ടേഷൻ പൂർത്തിയാക്കിയ തെന്മല ഡിവിഷനിലെ മൂന്ന് തേക്ക് തോട്ടങ്ങളിൽ ക്ലിയർ ഫെല്ലിംഗ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. അച്ചൻകോവിൽ ഡിവിഷനിലെ 1960 പള്ളിമുണ്ടാൻ തേക്ക് തോട്ടത്തിലെ 15 ഹെക്ടറും 1960 മ്ലാന്തടം തേക്ക് തോട്ടത്തിലെ 15 ഹെക്ടറും 2022-23 കാലയളവിൽ ഫൈനൽ ഫെല്ലിംഗ് നടത്തുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ഡിവിഷൻ പരിധിയിലുള്ള കുളത്തുപ്പുഴ റേഞ്ചിലെ റൊട്ടേഷൻ പൂർത്തിയാക്കിയ രണ്ട് പൾപ്പ് വുഡ് തോട്ടങ്ങളിലെ ക്ലിയർ ഫെല്ലിംഗ് എക്സ്പെർട്ട് കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം മാത്രമേ നടത്തുകയുള്ളൂ. പുനലൂർ ഡിവിഷൻ പരിധിയിൽ റൊട്ടേഷൻ പൂർത്തിയാക്കിയ 19 പൾപ്പ് വുഡ് തോട്ടങ്ങളിലെ തുടർനടപടികൾ പുതിയ വർക്കിംഗ് പ്ലാൻ അംഗീകരിച്ച് അതിലെ തീരുമാനത്തിന് വിധേയമായി മാത്രമേ സ്വീകരിക്കുകയുള്ളൂ.

**കോതമംഗലം മണ്ഡലത്തിലെ പുതിയ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പാലം നിർമ്മാണത്തിന് എൻ.ഒ.സി.**

150(2820) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ മണികണ്ഠൻചാൽ ചപ്പാത്തിൽ പുതിയ പാലം നിർമ്മിക്കാൻ വനം വകുപ്പിന്റെ അനുമതിക്കുവേണ്ടി അപേക്ഷിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

മണികണ്ഠൻചാൽ പാലത്തിന്റെ നിർമ്മാണാനുമതിക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. ബ്രിഡ്ജസ് ഡിവിഷൻ, എറണാകുളം Forest (Conservation) Act, 1980 പ്രകാരം ഓൺലൈനായി പരിവേഷ് പോർട്ടലിൽ 25-10-2021-ന് FP/KL/Approach/148741/2021 നമ്പരായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ പരിവേഷ് പോർട്ടലിൽ ലഭ്യമായിട്ടില്ല.

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായുള്ള എൻ.ഒ.സി.-ക്ക് വേണ്ടി പി.ഡബ്ല്യു.ഡി. പരിവേഷ് പോർട്ടലിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

മണികണ്ഠൻചാൽ പാലത്തിന്റെ നിർമ്മാണാനുമതിക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. ബ്രിഡ്ജസ് ഡിവിഷൻ, എറണാകുളം Forest (Conservation) Act, 1980 പ്രകാരം ഓൺലൈനായി പരിവേഷ് പോർട്ടലിൽ 25-10-2021-ന് FP/KL/Approach/148741/2021 നമ്പരായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ള പ്രസ്തുത പാലം നിർമ്മാണത്തിന് വനം വകുപ്പിൽനിന്നും എൻ.ഒ.സി. ലഭ്യമായാൽ മാത്രമേ ഭരണാനുമതിക്ക് സമർപ്പിക്കാൻ കഴിയുകയുള്ളൂവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രസ്തുത പാലത്തിന്റെ നിർമ്മാണാനുമതിക്കായി പരിവേഷ് പോർട്ടൽ വഴി ലഭ്യമായ അപേക്ഷ പരിശോധിച്ചതിൽ ന്യൂനതകൾ കണ്ടെത്തിയതിനെത്തുടർന്ന് ആയത് പരിഹരിക്കുന്നതിന് 16-01-2023-ൽ പരിവേഷ് പോർട്ടൽ വഴി യൂസർ ഏജൻസിക്ക് (എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. ബ്രിഡ്ജസ് ഡിവിഷൻ, എറണാകുളം) ഡിവിഷണൽ

ഫോറസ്റ്റ് ഓഫീസർ, മലയാറ്റൂർ അറിയിപ്പ് നൽകിയിരുന്നു. ന്യൂനത പരിഹരിച്ച് വിവരങ്ങൾ യൂസർ ഏജൻസി പരിവേഷ് പോർട്ടലിൽ നാളിതുവരെയും അപ്‌ലോഡ് ചെയ്തിട്ടില്ല.

(ഇ) വനം വകുപ്പിൽനിന്നും എൻ.ഒ.സി. ലഭ്യമാക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

യൂസർ ഏജൻസി പരിവേഷ് പോർട്ടൽവഴി ആവശ്യപ്പെട്ട വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്ന മുറയ്ക്ക് ടി അപേക്ഷയിന്മേൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

**പരുത്തിപ്പള്ളി റേഞ്ചിൽ തൊണ്ടിമുതൽ നഷ്ടപ്പെട്ട വിഷയം**

151(2821) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരുത്തിപ്പള്ളി റേഞ്ചിൽ 2001 മുതൽ 2004 വരെയുള്ള കാലയളവിൽ തൊണ്ടിമുതൽ നഷ്ടപ്പെട്ട എത്ര ഒ.ആർ. കേസ്സുകളിൽ വനം വകുപ്പ് പാരാജയപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; ഇതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി വിശദീകരിക്കാമോ?

പരുത്തിപ്പള്ളി റേഞ്ചിൽനിന്നും തൊണ്ടിമുതൽ നഷ്ടപ്പെട്ട ഒ.ആർ. 15/2001, ഒ.ആർ. 21/2002, ഒ.ആർ. 9/2004 എന്നീ കേസുകളിൽ വനം വകുപ്പ് പരാജയപ്പെട്ടിട്ടുണ്ട്. ഇതിൽ ഒ.ആർ. 21/2002 കേസിന്മേൽ വകുപ്പുതല അച്ചടക്കനടപടി പൂർത്തീകരിച്ചിട്ടുണ്ട്. ഒ.ആർ. 15/2001 കേസിൽ ഡിവിഷൻതലത്തിൽ അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ട്.

തൊണ്ടിമുതലുകൾ കാണാതായത് സംബന്ധിച്ച് അന്വേഷണ വിധേയമായി പരുത്തിപ്പള്ളി റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരായിരുന്ന ശ്രീമതി ദിവ്യ എസ്. എസ്. റോസ്, ശ്രീ. ആർ. വിനോദ് എന്നിവരെ സസ്പെൻഡ് ചെയ്ത് അച്ചടക്കനടപടി സ്വീകരിച്ചുവരികയാണ്. കൂടാതെ പരുത്തിപ്പള്ളി റേഞ്ചിലെ ഒ.ആർ. 9/16, 14/04 നമ്പർ കേസുകളിലെ തൊണ്ടിവകകൾ കാണാതായ വിഷയത്തിൽ പരുത്തിപ്പള്ളി റേഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ. റ്റി. എഫ്. ഷാജി ജോസിനെതിരെ സർക്കാർതലത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

(ബി) മേൽപ്പറഞ്ഞ വിഷയത്തിൽ 18-22 വർഷം പിന്നിട്ടിട്ടും കുറ്റക്കാരെ കണ്ടെത്തി അച്ചടക്ക നടപടി സ്വീകരിക്കാത്തത് ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ അടിയന്തരമായി അന്വേഷണം പൂർത്തിയാക്കി തുടർനടപടി സ്വീകരിക്കുമോ?

പരുത്തിപ്പള്ളി റേഞ്ചിൽ തൊണ്ടിമുതലുകൾ മോഷണം പോയത് ഗൗരവമായി കണക്കിലെടുത്ത് വിജിലൻസ് വിഭാഗം അന്വേഷണം നടത്തി വരുന്നു. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) തിരുവനന്തപുരം വന ഡിവിഷനിൽ നടന്ന കോടിക്കണക്കിന് രൂപയുടെ ജണ്ട നിർമ്മാണം, വൈഡൂര്യ ഖനനം, തൊണ്ടി മോഷണ ക്രമക്കേടുകൾ എന്നിവയ്ക്ക് ഉത്തരവാദികളായ ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടെ കണ്ടെത്തി നിയമത്തിനുമുന്നിൽ കൊണ്ടുവരുമോയെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം വനം ഡിവിഷന്റെ കീഴിലെ പാലോട് റേഞ്ചിൽ പെരിങ്ങമ്മല സെക്ഷനിൽ ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട് ക്രമക്കേട് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കാലയളവിൽ പാലോട് റേഞ്ചിൽ റേഞ്ച് ഫോറസ്റ്റ് ഓഫീസറായി ജോലി നോക്കിയിരുന്ന ശ്രീ. ബി. അജിത്കുമാർ, പെരിങ്ങമ്മല സെക്ഷനിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ. ആർ. ബി. അരുൺ കുമാർ എന്നിവർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട് സർക്കാരിന്

നഷ്ടമായ 8,01,035/- രൂപ ഉത്തരവാദികളായ ജീവനക്കാരിൽനിന്നും ഈടാക്കുന്നതിനും ആവശ്യമായ തുടർനടപടി സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം വനം ഡിവിഷനിലെ പരുത്തിപ്പള്ളി റേഞ്ചിൽനിന്നും തൊണ്ടിവകകൾ നഷ്ടപ്പെട്ട കേസുമായി ബന്ധപ്പെട്ട് പരുത്തിപ്പള്ളി റേഞ്ചിലെ മുൻ റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീമതി ദിവ്യ എസ്. എസ്. റോസ്, ശ്രീ. ആർ. വിനോദ് എന്നിവരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ടി വിഷയത്തിൽ കൂടുതൽ അന്വേഷണം ആവശ്യമാണെന്ന് കണ്ടതിനാൽ വനം വിജിലൻസ് വിഭാഗം ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഇതുമായി ബന്ധപ്പെട്ട് പരുത്തിപ്പള്ളി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന, വിരമിച്ച റേഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. റ്റി. എഫ്. ഷാജി ജോസിനെതിരെ സർക്കാർതലത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം ഡിവിഷനിലെ പാലോട് റേഞ്ചിൽ നടന്ന വൈഡൂര്യ ഖനനവുമായി ബന്ധപ്പെട്ട് ശ്രീ. റ്റി. അജികുമാർ, റേഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെ സർക്കാർതലത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു. ടി വിഷയത്തിൽ വിജിലൻസ് വിഭാഗം കോട്ടയം ഇൻസ്പെക്ഷൻ & ഇവാല്യുവേഷൻ ഫോറസ്റ്റ് കൺസർവേറ്ററുടെ

നേതൃത്വത്തിൽ അന്വേഷണം നടത്തിവരികയാണ്. കുറ്റക്കാരായ കൂടുതൽ ജീവനക്കാരെ കണ്ടെത്തുന്നപക്ഷം ആയവർക്കെതിരെ ഉചിതമായ അച്ചടക്കനടപടി സ്വീകരിക്കുന്നതാണ്.

## വകുപ്പിന് ബജറ്റിൽ വകയിരുത്തിയ തുക

152(2822) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം-വന്യജീവി വകുപ്പിനായി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എത്ര രൂപ വകയിരുത്തിയിരുന്നുവെന്ന് വ്യക്തമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തിലെ ചെലവുകൾക്കായി XXXIV-ാം നമ്പർ ധനാഭ്യർത്ഥനപ്രകാരം മൊത്തം 81661.99 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത് (6.38 ലക്ഷം രൂപ ചാർജ്ജ് ചെയ്തത് ഉൾപ്പെടെ). ഇതിൽ 28131 ലക്ഷം രൂപ പദ്ധതിയിനത്തിലും 53530.99 ലക്ഷം രൂപ പദ്ധതിയേതര ഇനത്തിലുമാണുൾപ്പെടുത്തിയിട്ടുള്ളത്.

കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ് എന്നിവർക്കും കൂടിയുള്ള തുകയാണ് XXXIV-ാം നമ്പർ ധനാഭ്യർത്ഥനപ്രകാരം വകയിരുത്തിയിട്ടുള്ളത്.

(ബി) വകയിരുത്തിയ തുക ഏതെല്ലാം മേഖലയ്ക്കായി എത്ര വീതമാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ?

വനം വകുപ്പിന് മാത്രമായി വകയിരുത്തിയ തുക (അധിക ധനാഭ്യർത്ഥന, പുനർ ധനാഭ്യർത്ഥനവഴി ലഭിച്ച തുക ഉൾപ്പെടെ) മേഖല തിരിച്ച് (പദ്ധതി/പദ്ധതിയേതരം) അനുബന്ധമായി+ ചേർത്തിരിക്കുന്നു.

പദ്ധതിയേതര ഇനത്തിൽ നീക്കിവച്ചിട്ടുള്ള കൂടുതൽ ബഡ്ജറ്റ് ശീർഷകങ്ങളും വനം-വന്യജീവി വകുപ്പിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത, വീട്ടുവാടക അലവൻസ്, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, മറ്റ് അലവൻസുകൾ, യാത്രാ ചെലവുകൾ, സ്ഥലംമാറ്റ ബത്ത, അവധി യാത്രാനുകൂല്യം, വെള്ളക്കരം, വൈദ്യുത ചെലവ്, ടെലഫോൺ ചെലവ്, മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, ഔദ്യോഗിക ഭാഷാ പ്രയോഗം, വാഹനങ്ങളുടെ ഇന്ധനസംബന്ധമായ ചെലവുകൾ തുടങ്ങി വിവിധ ആവശ്യങ്ങൾക്കാണ് വകകൊള്ളിച്ചിട്ടുള്ളത്.

(സി) ബഡ്ജറ്റിൽ വകയിരുത്തിയ തുക ധനകാര്യ വകുപ്പിൽനിന്ന് അനുവദിച്ച് കിട്ടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക മുഴുവനായും ലഭ്യമായിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) വകയിരുത്തിയ തുക ചെലവഴിച്ചുകഴിഞ്ഞോ എന്ന് മേഖലയും ജില്ലയും തിരിച്ച് വ്യക്തമാക്കാമോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

(ഡി&ഇ) പദ്ധതിയിനത്തിൽ റിലീസ് ചെയ്ത് നൽകിയതിൽ, ചെലവഴിച്ച തുക സംബന്ധിച്ച് മേഖല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു. സാലറി ഒഴികെയുള്ള പദ്ധതിയേതര പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയും വിശദാംശങ്ങളും അനുബന്ധമായി+ ചേർത്തിരിക്കുന്നു. വനം വകുപ്പിൽ തുക അനുവദിക്കുന്നതും ചെലവഴിക്കുന്നതും സർക്കിൾ/ഡിവിഷൻ തലത്തിലാണ്. ഡിവിഷനുകൾ ഉൾപ്പെടെ സർക്കിളുകളിൽ തുക ചെലവഴിച്ചതിന്റെ ക്രോഡീകരിച്ച വിവരങ്ങൾ അനുബന്ധമായി+ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ റിലീസ് ചെയ്തുനൽകിയ തുക ചെലവഴിച്ചുവരുന്നുണ്ട്.

## സി. ആൻഡ് എ.ജി. ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ

153(2823) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വനം-വന്യജീവി വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ സി. ആൻഡ് എ.ജി. കഴിഞ്ഞ മൂന്നുവർഷ കാലയളവിൽ നടത്തിയ ഓഡിറ്റിൽ എന്തൊക്കെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഡിറ്റ് സംബന്ധിച്ച അന്തിമ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) വനം-വന്യജീവി വകുപ്പിനുകീഴിലുള്ള കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ 2018-22 കാലയളവിലെ സി. & എ.ജി. ഓഡിറ്റ് 2023 ജനുവരി മാസത്തിൽ അവസാനിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് 24-02-2023-ന് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് വരികയാണ്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## മുത്തപ്പൻ പുഴയിൽ ഏറ്റെടുത്ത കെട്ടിടം ട്രാവലേഴ്സ് ബംഗ്ലാവ് ആക്കി മാറ്റാൻ നടപടി

154(2824) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തിക്കുള്ളിലാണെന്ന കാരണത്താൽ മുത്തപ്പൻ പുഴയിൽ സ്വകാര്യ വ്യക്തിയിൽനിന്നും ഏറ്റെടുത്ത കെട്ടിടത്തിന്റെയും സ്ഥലത്തിന്റെയും നിലവിലെ സ്ഥിതി വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുത്തപ്പൻ പുഴയിൽ സ്വകാര്യ വ്യക്തിയിൽനിന്നും ഏറ്റെടുത്ത കെട്ടിടവും സ്ഥലവും നിലവിൽ വനം വകുപ്പിന്റെ സംരക്ഷണത്തിലാണ്. മുൻ കയ്യേറ്റക്കാർ ഹൈക്കോടതി മുമ്പാകെ വ്യവഹാരം സമർപ്പിച്ചതിൽ കോടതി നടപടികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത സ്ഥലവുമായി ബന്ധപ്പെട്ട് മറ്റ് വ്യവഹാരങ്ങളൊന്നുമില്ലെങ്കിൽ ഏറ്റെടുത്ത കെട്ടിടം വനം വകുപ്പിന്റെ കീഴിൽ ട്രാവലേഴ്സ് ബംഗ്ലാവ് ആക്കി മാറ്റുന്നതിന് തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത സ്ഥലവുമായി ബന്ധപ്പെട്ട് സുഖിയ മുഹമ്മദിയ ട്രസ്റ്റ് ഫയൽ ചെയ്ത WP(C)-16945/18 നമ്പർ കേസിൽ 01-10-2019-ന് വനം വകുപ്പിന് അനുകൂലമായി ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പുറപ്പെടുവിക്കുകയും ടി വിധിക്കെതിരെ സുഖിയ മുഹമ്മദിയ ട്രസ്റ്റ് ഫയൽ ചെയ്ത WA-726/2020 നമ്പർ കേസിൽ കോടതി നടപടികൾ നടന്നുവരികയുമാണ്. ആയതിനാൽ പ്രസ്തുത കെട്ടിടം നിലവിൽ ട്രാവലേഴ്സ് ബംഗ്ലാവ് ആക്കുന്നതിന് തടസ്സങ്ങളുണ്ട്.

(സി) ഇല്ലെങ്കിൽ പ്രസ്തുത കെട്ടിടം ട്രാവലേഴ്സ് ബംഗ്ലാവ് ആക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

## പട്ടയം വിതരണം ചെയ്യുന്നതിനുള്ള തടസ്സങ്ങൾ നീക്കാൻ നടപടി

155(2825) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ വനമേഖലയോട് ചേർന്ന് താമസിക്കുന്നവർക്ക് പട്ടയം വിതരണം ചെയ്യുന്നതിന് വനം വകുപ്പിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

പട്ടയം നൽകുന്നത് റവന്യൂ വകുപ്പിൽ നിന്നാണ്. വനഭൂമിയുടെ അതിർത്തി പങ്കിടുന്ന സ്വകാര്യഭൂമിക്ക് വനം വകുപ്പ് നൽകുന്ന എൻ.ഒ.സി.-യുടെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിന് വനം വകുപ്പ് തടസ്സം ഉന്നയിക്കാറില്ല. വനാതിർത്തിയോട് ചേർന്നുകിടക്കുന്ന പട്ടയഭൂമി ക്രയവിക്രയം ചെയ്യുന്നതിന് വനം വകുപ്പിന്റെ നിരാക്ഷേപ പത്രം ആവശ്യമാണെന്നാണ് വനം-വന്യജീവി വകുപ്പിന്റെ 18-12-1986-ലെ 21497/ഇ 2/86-വനം നമ്പർ ഉത്തരവും 08-06-2010-ലെ 6143/എ 2/2009/വനം നമ്പർ കത്തുപ്രകാരവും വ്യക്തമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

## ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ പുനരുദ്ധാരണം

156(2826) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് (കെ.പി.പി.എൽ.) എന്ന പേരിൽ പുനരുദ്ധാരണ പ്രവർത്തനം നടത്തുന്നതിൽ വനം വകുപ്പിന്റെ പങ്ക് വിശദമാക്കാമോ?

കേന്ദ്ര സർക്കാർ സ്ഥാപനമായ M/s. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, സംസ്ഥാന സർക്കാർ ഏറ്റെടുത്തതിന്റെ ഭാഗമായി രൂപീകരിപ്പെട്ട കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് (KPPL)-ന്, ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ധനകാര്യ, വ്യവസായ, വനം വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെട്ട കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച് മെട്രിക് ടണ്ണിന് 500/- രൂപ നിരക്കിൽ വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതിനെത്തുടർന്ന് KPPL-ന് ഉത്പാദന

പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി, അംഗീകൃത വർക്കിംഗ്പ്ലാൻ നിർദ്ദേശങ്ങൾക്കനുസൃതമായി തൃശ്ശൂർ, തിരുവനന്തപുരം വനം ഡിവിഷനുകളിലെ തോട്ടങ്ങളിൽനിന്നും 24000 മെട്രിക് ടൺ (MT) അസംസ്കൃത വസ്തുക്കൾ മെട്രിക് ടണ്ണിന് 500/- രൂപ നിരക്കിൽ ശേഖരിക്കുന്നതിന് KPPL-ന് അനുമതി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിനായി, അന്തിമ കരാർ ഒപ്പുവയ്ക്കുന്നതുവരെ, അന്തിമ കരാറിലെ ഉപാധികളും നിബന്ധനകളും പാലിച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡുമായി ഒരു താൽക്കാലിക കരാറിൽ ഏർപ്പെടുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന് അനുമതി നൽകിയിട്ടുണ്ട്.

**തൊണ്ടിമുതൽ മോഷണം പോയതിന്റെ അന്വേഷണം**

157(2827) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരുത്തിപ്പള്ളി റേഞ്ചിൽനിന്നും 2022-ൽ തൊണ്ടിമുതൽ മോഷണം പോയതിന്റെ അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകളും തുടർന്ന് കുറ്റക്കാർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടികളും വിശദമാക്കാമോ; ഇല്ലെങ്കിൽ അന്വേഷണം നടത്തുന്നതും

മേൽനോട്ടം വഹിക്കുന്നതും ഏതൊക്കെ ഉദ്യോഗസ്ഥരാണെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം വനം ഡിവിഷനിലെ പരുത്തിപ്പള്ളി റേഞ്ചിൽനിന്നും 2022-ൽ തൊണ്ടിമുതൽ മോഷണം പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒ.ആർ. 9/16, 14/04 നമ്പർ കേസുകളിലെ തൊണ്ടിവകകൾ നഷ്ടമായെന്ന് 2022-ൽ ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അന്വേഷണം നടത്തിയിരുന്നു. എന്നാൽ ടി വിഷയത്തിൽ കൂടുതൽ അന്വേഷണം ആവശ്യമാണെന്ന് കണ്ടതിനാൽ വനം വിജിലൻസ് വിഭാഗം ഒരു പ്രത്യേക അന്വേഷണസംഘം രൂപീകരിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു. അന്വേഷണം നടത്തുന്നതിന് ശ്രീമതി നീതു ലക്ഷ്മി ഐ.എഫ്.എസ്. ഫോറസ്റ്റ് കൺസർവേറ്റർ (ഐ & ഇ) കോട്ടയത്തിന്റെ മേൽനോട്ടത്തിൽ വിജിലൻസ് വിഭാഗത്തിലെ മൂന്ന് അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. തൊണ്ടിമുതലുകൾ കാണാതായത് സംബന്ധിച്ച് പരുത്തിപ്പള്ളി റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരായിരുന്ന ശ്രീമതി ദിവ്യ എസ്. എസ്. റോസ്, ശ്രീ. ആർ. വിനോദ് എന്നിവരെ സസ്പെൻഡ് ചെയ്ത് അച്ചടക്ക നടപടി സ്വീകരിച്ചുവരികയാണ്. കൂടാതെ

പരുത്തിപ്പള്ളി റേഞ്ചിലെ ഒ.ആർ. 9/16, 14/04 നമ്പർ കേസുകളിലെ തൊണ്ടിവകകൾ കാണാതായതായി 2022-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരുത്തിപ്പള്ളി റേഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ. റ്റി. എഫ്. ഷാജി ജോസിനെതിരെയും സർക്കാർതലത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

(ബി) തൊണ്ടിമുതലുകൾ നഷ്ടപ്പെട്ടതായി പോലീസിൽ പരാതി നൽകി ഒരാഴ്ചയ്ക്കുള്ളിൽ റേഞ്ച് ആസ്ഥാനത്തുനിന്നും അവ കണ്ടെടുത്തിരുന്നോ; മോഷണം പോയവ തന്നെയാണ് കണ്ടെടുത്തതെന്ന് സ്ഥിരീകരിച്ചിട്ടുണ്ടോ; എങ്കിൽ ആര് എന്ത് ശാസ്ത്രീയാടിസ്ഥാനത്തിലാണ് സ്ഥിരീകരിച്ചതെന്ന് വിശദമാക്കുമോ?

തിരുവനന്തപുരം വനം ഡിവിഷനിലെ പരുത്തിപ്പള്ളി റേഞ്ചിൽ രജിസ്റ്റർ ചെയ്ത ഒ.ആർ. 09/2016 നമ്പർ കേസിലെ തൊണ്ടിവകകൾ നഷ്ടപ്പെട്ടത് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 03-07-2022-ൽ കാട്ടാക്കട പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിരുന്നു. ആയതിനുശേഷം കൂടുതൽ പരിശോധനയിൽ 06-07-2022-ൽ റേഞ്ച് തൊണ്ടി റൂമിൽനിന്നും ടി തൊണ്ടിവകകൾ കണ്ടെടുത്തിരുന്നു. ടി തൊണ്ടിവകകളുടെ ആധികാരികത കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

മുഖേന പരിശോധിക്കുന്നതിലേയ്ക്കുവേണ്ടി ഫോറസ്റ്റ് ഒഫൻസ് കോടതി, നെടുമങ്ങാടിൽനിന്നും ലഭ്യമാക്കുന്നതിന് പരുത്തിപ്പള്ളി റേഞ്ച് ഫോറസ്റ്റ് ഓഫീസർ ബഹുമാനപ്പെട്ട കോടതി മുമ്പാകെ അപേക്ഷ നൽകിയിട്ടുണ്ട്.

(സി) പരുത്തിപ്പള്ളി റേഞ്ചിൽ നാളിതുവരെ നടന്ന ഒ.ആർ. കേസുകളിൽ തൊണ്ടിമുതൽ നഷ്ടപ്പെട്ട വിഷയത്തിൽ പോലീസ് വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടുള്ള വന ആസ്ഥാനത്തെ ഫയലിൽ തിരിമറി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തുമോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സംസ്ഥാനത്തെ കടുവകളുടെ എണ്ണം**

158(2828) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നിലവിൽ എത്ര കടുവകളുണ്ടെന്ന കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ?

ദേശീയാടിസ്ഥാനത്തിൽ 2018-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നടത്തിയ കടുവകളുടെ കണക്കെടുപ്പുപ്രകാരം സംസ്ഥാനത്ത് ആകെ 190 (166-215) കടുവകളെയാണ് കണ്ടെത്തിയിട്ടുള്ളത്. പ്രസ്തുത കണക്കെടുപ്പ്

ജില്ല തിരിച്ച് നടത്തിയിട്ടില്ല. ഇത് ലാൻഡ്സ്കേപ്പുപ്രകാരമാണ് നടത്തിയത്. ലാൻഡ്സ്കേപ്പുപ്രകാരം നടത്തിയ കണക്കെടുപ്പിന്റെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. പ്രസ്തുത ലാൻഡ് സ്കേപ്പുകളിൽ വിവിധ ജില്ലകൾ ഉൾപ്പെട്ടിട്ടുണ്ട്.

**വന്യജീവി ആക്രമണത്തിൽ മരണപ്പെടുന്നവർക്കുള്ള ധനസഹായം**

159(2829) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇഴ ജന്തുക്കളുടെ കടിയേറ്റും വന്യജീവി ആക്രമണത്തിലും മരണപ്പെടുന്നവർക്ക് വനംവകുപ്പ് നൽകുന്ന ധനസഹായ പദ്ധതികളുടെ വിശദാംശം ഇനം തിരിച്ച് അറിയിക്കാമോ;

(ബി) ഓരോ ഇനത്തിലും എത്ര രൂപയാണ് ധനസഹായം അനുവദിക്കുന്നത്; വിശദാംശം നൽകാമോ?

(എ&ബി) വന്യജീവികളുടെ ആക്രമണംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് 1980-ലെ കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നു. 05-04-2018-ലെ സ.ഉ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(കൈ) നം.17/2018/വനം നമ്പർ ഉത്തരവുപ്രകാരമാണ് നിലവിൽ നഷ്ടപരിഹാരം നൽകിവരുന്നത്.

കൂടാതെ കടന്നൽ, തേനീച്ച എന്നിവയുടെ കുത്തേറ്റ് മരണപ്പെടുന്നവർക്കും 25-10-2022-ലെ സ.ഉ. (കൈ) നം 50/2022/F&WLD നമ്പർ ഉത്തരവുപ്രകാരം ടി ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ നഷ്ടപരിഹാരം നൽകിവരുന്നു. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി+ ചേർക്കുന്നു.

**വയനാട് ജില്ലയിൽ വനത്തിനുള്ളിലെ ആനകളുടെ കണക്ക്**

160(2830) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വനത്തിനുള്ളിൽ വനം വകുപ്പിന്റെ ഔദ്യോഗിക കണക്കുപ്രകാരം നിലവിൽ എത്ര ആനകളുണ്ട്; വ്യക്തമാക്കുമോ?

2017-ലെ ആനകളുടെ കണക്കെടുപ്പുപ്രകാരം 217 ആനകളാണ് വയനാട് ജില്ലയിൽ കണക്കാക്കിയിട്ടുള്ളത്.

വയനാട് വന്യജീവി സങ്കേതം - 131

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വയനാട് നോർത്ത് ഫോറസ്റ്റ് ഡിവിഷൻ - 44

വയനാട് സൗത്ത് ഫോറസ്റ്റ് ഡിവിഷൻ - 42

(നിലമ്പൂർ എലിഫന്റ് റിസർവ്വിന്റെ ഭാഗം & വയനാട് സൗത്ത് ഫോറസ്റ്റ് ഡിവിഷൻ വയനാട് എലിഫന്റ് റിസർവ്വിന്റെ ഭാഗം)

(ബി) ഔദ്യോഗിക കണക്കുപ്രകാരം 2010-ൽ വയനാട് ജില്ലയിൽ എത്ര ആനകൾ വനത്തിലുണ്ടായിരുന്നെന്ന് വ്യക്തമാക്കുമോ?

2010-ലെ ആനകളുടെ കണക്കെടുപ്പുപ്രകാരം വയനാട് ജില്ലയിൽ 299 ആനകളുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്.

വയനാട് വന്യജീവി സങ്കേതം - 224

വയനാട് നോർത്ത് ഫോറസ്റ്റ് ഡിവിഷൻ - 33

വയനാട് സൗത്ത് ഫോറസ്റ്റ് ഡിവിഷൻ - 42

(സി) ആനയുടെ എണ്ണം വർദ്ധിക്കുന്നുണ്ടെങ്കിൽ ഓരോ വർഷവും എത്ര ശതമാനം വർദ്ധനവ് രേഖപ്പെടുത്തുന്നു എന്നതിന്റെ കണക്ക് ലഭ്യമാക്കാമോ?

ആനയുടെ എണ്ണം വർദ്ധിക്കുന്നതായി പറയാൻ കഴിയില്ല. ഓരോ വർഷവും ആനകളുടെ കണക്കെടുപ്പ് നടത്താറില്ല.

(ഡി) ഇങ്ങനെ വർദ്ധനവ് ഉണ്ടാകുന്നുവെങ്കിൽ ആനകൾക്ക് ആവശ്യമായ ഭക്ഷണം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ വനം വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നോ; എങ്കിൽ വിശദമാക്കുമോ?

ആനയുൾപ്പെടെയുള്ള വന്യജീവികളുടെ ആവാസവ്യവസ്ഥ സന്തുലിതമായി നിലനിർത്തുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം, വയലുകളിൽ കാണപ്പെടുന്ന തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, കാട്ടുതീ പ്രതിരോധപ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നുണ്ട്. കൂടാതെ വന്യജീവികൾക്ക് ഭക്ഷണലഭ്യത ഉറപ്പുവരുത്തുന്നതിനായി മുള, തദ്ദേശീയ സസ്യങ്ങൾ എന്നിവ വച്ചുപിടിപ്പിക്കുന്നുണ്ട്. കൂടാതെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപന പ്രവർത്തനങ്ങളും വിവിധ പദ്ധതികൾപ്രകാരം നടപ്പാക്കിവരുന്നുണ്ട്.

സ്വാഭാവിക വനങ്ങൾക്ക് ഭീഷണിയായ മഞ്ഞക്കൊന്ന (സെന്ന) ഇനത്തിൽപ്പെട്ട അധിനിവേശ സസ്യങ്ങൾ നീക്കംചെയ്ത് സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം ചെയ്യുന്നതിനായി നബാർഡ്/ആർ.കെ.ഡി.പി. പദ്ധതികളിലുൾപ്പെടുത്തി മഞ്ഞക്കൊന്ന നിർമ്മാർജ്ജനം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## വന്യജീവികളുടെ പുനരധിവാസ കേന്ദ്രങ്ങൾ

161(2831) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാഭാവിക ആവാസവ്യവസ്ഥയിൽനിന്നും ജനവാസ മേഖലയിലേയ്ക്കെത്തുകയും പരിക്കുമൂലവും മറ്റ് ആരോഗ്യ പ്രശ്നങ്ങളാലും തിരികെ പോകാൻ സാധിക്കാത്തതുമായ വന്യമൃഗങ്ങളുടെ പരിപാലനത്തിനും പുനരധിവാസത്തിനും നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ആനിമൽ ഹോസ്പൈസ് ആൻഡ് പാലിയേറ്റീവ് കെയർ സെന്ററുകൾ സ്ഥാപിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് ജനവാസമേഖലയിൽ ഇറങ്ങുന്നവയിൽ പിടികൂടുന്നതും പരിക്കും മറ്റ് ആരോഗ്യപ്രശ്നങ്ങളുമുള്ള വന്യമൃഗങ്ങളെ പരിപാലിക്കുന്നതിനായി വിവിധ ഡിവിഷനുകളുടെ കീഴിലായി 15 അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർമാരുടെ സേവനം ലഭ്യമാണ്. പരിക്കും മറ്റ് ആരോഗ്യപ്രശ്നങ്ങളാലും തിരികെ കാട്ടിലേയ്ക്കയയ്ക്കാൻ

കഴിയാത്ത കടുവ, പുള്ളിപ്പുലി എന്നിവയ്ക്കായി വയനാട് കുപ്പാടിയിൽ ഹോസ്പൈസ് സെന്റർ പ്രവർത്തിച്ചുവരുന്നു.

(സി) വന്യജീവികളുടെ പുനരധിവാസ കേന്ദ്രങ്ങൾ അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

വയനാട് ജില്ലയിൽ കുപ്പാടിയിൽ പ്രവർത്തിക്കുന്ന അനിമൽ ഹോസ്പൈസ് ആൻഡ് പാലിയേറ്റീവ് കെയർ സെന്റർ ദേശീയ കടുവ സംരക്ഷണ അതോറിറ്റിയുടെയും കേന്ദ്ര മൃഗശാല അതോറിറ്റിയുടെയും മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പണി പൂർത്തീകരിച്ചിട്ടുള്ളതാണ്. കടുവ/പുള്ളിപ്പുലികളെ പാർപ്പിക്കുന്നതിനായി 5 ഹോൾഡിംഗ് റൂമുകളും 4 ഓപ്പൺ പെഡോക്കുകളും തയ്യാറാക്കിയിട്ടുണ്ട്. എല്ലാ ഓപ്പൺ പെഡോക്കുകളിലും മൃഗങ്ങൾക്കായി കുളങ്ങളും മറ്റും ഒരുക്കിയിട്ടുണ്ട്. അതുകൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന നിരീക്ഷണകേന്ദ്രം, വെറ്ററിനറി സമുച്ചയം, സ്റ്റോറേജ് റൂം എന്നിവയും ഇവിടെ നിർമ്മിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ കോട്ടൂരിൽ ആനകളുടെ പുനരധിവാസത്തിനായി കിഫ്ബിയുടെ സഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ആനപരിപാലന കേന്ദ്രത്തിന്റെ നിർമ്മാണം പുരോഗമിച്ചു

വരിയാണ്. 50 ആനകളെ അവയുടെ സ്വാഭാവിക ആവാസവ്യവസ്ഥയിൽ പാർപ്പിക്കാനുള്ള സൗകര്യം, കുട്ടിയാനകളുടെ പ്രത്യേക പരിചരണത്തിനുള്ള കേന്ദ്രം, ക്വാറന്റൈൻ സെന്റർ, വെറ്ററിനറി ഹോസ്പിറ്റൽ, പാപ്പാന്മാരുടെ താമസത്തിന് 40 പേർക്കുള്ള കുടുംബ ക്വാർട്ടേഴ്സുകൾ, 40 പേർക്കുള്ള ഡോർമിറ്ററി സൗകര്യം, ആനകൾക്ക് ഭക്ഷണം തയ്യാറാക്കാൻ വിശാലമായ കിച്ചൻ സൗകര്യം, ആനപിണ്ഡത്തിൽനിന്ന് ക്രാഫ്റ്റ് പേപ്പർ നിർമ്മിക്കാനുള്ള സൗകര്യം, ആനകളെ ഒറ്റയ്ക്കും കൂട്ടമായും പാർപ്പിക്കാൻ ഒരേക്കർ മുതൽ 5 ഏക്കർവരെ വിസ്തൃതിയിൽ ചുറ്റും ഇരുമ്പുവേലി കെട്ടിത്തിരിച്ച എൻക്ലോഷറുകൾ, ഓരോ എൻക്ലോഷറിലും ആനക്കൊട്ടിൽ, കുളങ്ങൾ, കേന്ദ്രത്തിന് ചുറ്റിലും കാട്ടാനകളെ തടയുന്നതിനുള്ള സംരക്ഷണ വേലി, പാപ്പാന്മാർക്കുള്ള നൈറ്റ് ഷെൽട്ടർ തടയണകൾ, 2.2 കി.മീ. ഫോറസ്റ്റ് റോഡ്, പോസ്റ്റുമോർട്ടത്തിനും ജഡം സംസ്കരിക്കുന്നതിനുമുള്ള കേന്ദ്രം, ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനം തുടങ്ങിയ സൗകര്യങ്ങൾ 176 ഹെക്ടർ വനത്തിലാണ് ഇവിടെ ഒരുക്കിയിട്ടുള്ളത്. ഇതോടൊപ്പം അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, സ്റ്റാഫുകൾക്കും ഓഫീസർമാർക്കുമുള്ള താമസസൗകര്യം, വിശാലമായ പാർക്കിംഗ് കേന്ദ്രങ്ങൾ, റിസപ്ഷൻ കേന്ദ്രം, റിസർച്ച് ആൻഡ് ട്രെയിനിംഗ് കേന്ദ്രം, 16000 ച. അടിയിൽ ആന മ്യൂസിയം, കഫറ്റീരിയ,

ടോയ്‌ലറ്റ് ബ്ലോക്ക്, ട്രെയിനിമാർക്കുള്ള ഹോസ്റ്റലുകൾ, വൈദ്യുതി വിതരണത്തിന് രണ്ട് സബ്സ്റ്റേഷനുകൾ, വൈദ്യുതി വിതരണ ശൃംഖല, ജലശുദ്ധീകരണ പ്ലാന്റും ജലവിതരണ സംവിധാനവും റോഡുകളുടെ പുനരുദ്ധാരണം എന്നീ സൗകര്യങ്ങളും ഒരുക്കുന്നുണ്ട്.

## കടുവകളുടെ എണ്ണം

162(2832) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനങ്ങളിൽ നിലവിലുള്ള ആകെ കടുവകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ?

ദേശീയാടിസ്ഥാനത്തിൽ 2018-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നടത്തിയ കടുവകളുടെ കണക്കെടുപ്പുപ്രകാരം സംസ്ഥാനത്ത് ഏകദേശം 190 (പോപ്പുലേഷൻ റേഞ്ച് 166-215) കടുവകളെയാണ് കണ്ടെത്തിയിട്ടുള്ളത്.

(ബി) കഴിഞ്ഞ 20 വർഷക്കാലയളവിനിടയിൽ സംസ്ഥാനത്തെ വനങ്ങളിലെ കടുവകളുടെ എണ്ണം നാലിരട്ടിയിലേറെയായി വർദ്ധിച്ചിട്ടുണ്ടോ; വർദ്ധനവ് സംബന്ധിച്ച വിശദാംശം നൽകുമോ?

സംസ്ഥാനത്തെ കടുവകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടില്ല.

വനം പോലുള്ള ആവാസവ്യവസ്ഥയ്ക്ക് അതിന്റേതായ സന്തുലിതാവസ്ഥ നിലവിലുള്ളതാണ്. പ്രസ്തുത ആവാസവ്യവസ്ഥയിലെ ആഹാര ശൃംഖലയിൽ സസ്യങ്ങളും സസ്യഭുക്കുകളും മാംസഭുക്കുകളുമായ വന്യമൃഗങ്ങൾ സഹവസിക്കുന്നു. സസ്യഭുക്കുകളുടെ എണ്ണം പുല്ല് ഉൾപ്പെടെയുള്ള ഭക്ഷ്യയോഗ്യമായ സസ്യങ്ങളുടെ സാന്ദ്രതയുമായി ബന്ധപ്പെട്ടിരിക്കുന്നു. സസ്യഭുക്കുകളുടെ എണ്ണം കൂടുന്ന സാഹചര്യത്തിൽ അവയെ ഭക്ഷിച്ച് ജീവിക്കുന്ന മാംസഭുക്കുകളുടെയും എണ്ണം ആനുപാതികമായി കൂടുന്നതും തദ്വാരാ സസ്യഭുക്കുകളുടെ എണ്ണം കുറയുന്നതും അതുവഴി ടി സസ്യഭുക്കുകളെ ഭക്ഷിച്ച് ജീവിക്കുന്ന മാംസഭുക്കുകളുടെ എണ്ണം കുറയുന്നതുമാണ്. ഇരയുടെ എണ്ണത്തിലും അവയെ ഭക്ഷിച്ച് ജീവിക്കുന്ന മാംസഭുക്കുകളായ വന്യമൃഗങ്ങളുടെ എണ്ണത്തിലുമുള്ള പാരസ്പര്യം ചെറിയ ഏറ്റക്കുറച്ചിലുകൾക്കുള്ളിൽ നിലനിൽക്കുന്നതായി ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളതാണ്.

വനം-പരിസ്ഥിതി മന്ത്രാലയവും വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും അംഗീകരിച്ച രീതികൾ അവലംബിച്ചാണ് വന്യജീവികളുടെ എണ്ണം തിട്ടപ്പെടുത്തുന്നത്. വ്യത്യസ്തവർഗ്ഗങ്ങളിൽപ്പെട്ട ജീവികൾക്ക് വ്യത്യസ്ത രീതികളാണ് കണക്കെടുപ്പിനായി അവലംബിച്ചുവരുന്നത്. ഒരു

ഇനത്തിൽപ്പെട്ട വന്യമൃഗത്തിന്റെ ഏകദേശ എണ്ണമാണ് ഈ രീതിയിലൂടെ കണ്ടെത്താൻ സാധിക്കുന്നത്. കണക്കെടുപ്പ് നടത്തുന്ന സീസൺ, കണക്കെടുപ്പിന് അവലംബിച്ച രീതി (Direct count/Indirect method) കാലാവസ്ഥാ വ്യതിയാനം, ആവാസവ്യവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ തുടങ്ങിയ ഘടകങ്ങളെ ആശ്രയിച്ച് ഓരോ മേഖലയിലും കാണപ്പെടുന്ന വന്യമൃഗങ്ങളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്. ആയതിനാൽ വനമേഖലയിൽ വന്യമൃഗങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതായി പറയാൻ കഴിയില്ല.

അഖിലേന്ത്യാതലത്തിൽ കടുവകളുടെ കണക്കെടുപ്പ് നടത്തിയതുപ്രകാരം കേരളത്തിൽ കണ്ടെത്തിയ കടുവകളുടെ വിവരം അനുബന്ധമായി+ ചേർക്കുന്നു.

2006, 2010, 2014, 2018, 2022 എന്നീ വർഷങ്ങളിലാണ് അഖിലേന്ത്യാതലത്തിൽ കടുവകളുടെ പോപ്പുലേഷൻ എസ്റ്റിമേഷൻ നടത്തിയത്. ആയതിൽ 2022-ലെ റിപ്പോർട്ട് ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ലാത്തതാണ്. 2006-ലാണ് ക്യാമറാ ട്രാപ്പ് കടുവകളുടെ കണക്കെടുപ്പിന് ഉപയോഗിച്ചുതുടങ്ങിയത്. 2006-ൽ പെരിയാർ കടുവ സങ്കേതത്തിലെ ചില ഭാഗങ്ങളിൽ മാത്രമാണ് ക്യാമറാ ട്രാപ്പ് ഉപയോഗിച്ച്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണക്കെടുപ്പ് നടത്തിയത്. സംസ്ഥാനത്തിന്റെ മറ്റ് വനപ്രദേശങ്ങളിൽ പരോക്ഷ രീതിയിലുള്ള (Eight day protocol) കണക്കെടുപ്പാണ് നടത്തിയത്. 2010-ലും 2014-ലും ക്യാമറാ ട്രാപ്പ് ഉപയോഗിച്ചുള്ള പോപ്പുലേഷൻ എസ്റ്റിമേഷൻ പെരിയാർ കടുവ സങ്കേതത്തിന്റെയും പറമ്പിക്കുളം കടുവ സങ്കേതത്തിന്റെയും ചില ഭാഗങ്ങളിൽ മാത്രമേ നടത്തിയിട്ടുള്ളൂ. എന്നാൽ 2014-ൽ പെരിയാർ കടുവ സങ്കേതത്തിൽ കൂടുതൽ ഇടങ്ങളിൽ (261) ക്യാമറാ ട്രാപ്പ് ഉപയോഗിച്ചു. 2018-ൽ രണ്ട് കടുവ സങ്കേതങ്ങൾക്ക് (പെരിയാർ & പറമ്പിക്കുളം) പുറമെ വയനാട് ലാന്റ്സ്കേപ്പിലും (വയനാട് നോർത്ത്, വയനാട് സൗത്ത്, ആറളം, കൊട്ടിയൂർ, കണ്ണൂർ ഡിവിഷന്റെ ചില ഭാഗങ്ങൾ), സൈലന്റ് വാലി, മലയാറ്റൂർ, റാന്നി എന്നിവിടങ്ങളിലും ക്യാമറ ട്രാപ്പ് സ്ഥാപിച്ച് കണക്കെടുപ്പ് നടത്തുകയുണ്ടായി. ഓരോ കണക്കെടുപ്പ് സമയത്തും നൂതന സാങ്കേതികവിദ്യ കൂടുതൽ മേഖലകളിൽ ഉപയോഗപ്പെടുത്തിയതുകൊണ്ടാണ് ഓരോ സമയത്തും കൂടുതൽ കൃത്യതയാർന്ന വിവരം ലഭ്യമായിട്ടുള്ളത്.

(സി) കടുവകളുടെ വർദ്ധനവിന് അനുസൃതമായി സംസ്ഥാനത്തെ വനവിസ്തൃതിയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ കടുവകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടില്ല.

(ഡി) നിലവിലുള്ള കടുവകൾക്ക് യഥേഷ്ടം ജീവിക്കുന്നതിനുള്ള വിസ്തൃതിയും വനവിഭവങ്ങളും സംസ്ഥാനത്തെ വനങ്ങളിൽ ഉണ്ടെന്ന് കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

നിലവിലുള്ള കടുവകൾക്ക് യഥേഷ്ടം ജീവിക്കുന്നതിനുള്ള വിസ്തൃതിയും വനവിഭവങ്ങളും സംസ്ഥാനത്തെ വനങ്ങളിൽ ലഭ്യമാണ്

(ഇ) വനത്തിനുള്ളിലെ ആഹാരത്തിന്റെയും ജലത്തിന്റെയും ദൗർലഭ്യം കടുവകളെ നാട്ടിലേയ്ക്ക് ഇറങ്ങാൻ പ്രേരിപ്പിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കണ്ടെത്തിയിട്ടില്ല.

(എഫ്) സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന വന്യജീവി ആക്രമണങ്ങൾ കണക്കിലെടുത്ത് ജനവാസ കേന്ദ്രങ്ങളിലേയ്ക്കുള്ള വന്യജീവി ഇടപെടലുകൾ തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ അയയ്ക്കുന്നതിനും റാപ്പിഡ്

റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.ടി.) സേവനം വിനിയോഗിച്ചു വരുന്നു. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് എട്ട് സ്ഥിരം റാപ്പിഡ് റെസ്പോൺസ് ടീമുകൾ നിലമ്പൂർ നോർത്ത്, വയനാട്, പാലക്കാട്, കണ്ണൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ എന്നിവിടങ്ങളിലും ഏഴ് താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി, പീരുമേട് എന്നിവിടങ്ങളിലും പ്രവർത്തിച്ചുവരുന്നു.

- സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ്, റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നുണ്ട്.
- വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമുകളെ അടിസ്ഥാനമാക്കി ഏർളി വാർണിംഗ് സിസ്റ്റം മൂന്നാർ വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.

- കുങ്കിയാനകളെ ഉപയോഗിച്ച് കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്.
- മനുഷ്യജീവനും സ്വത്തിനും നിരന്തരം നാശംവരുത്തുന്ന ആന, കടുവ, പുലി തുടങ്ങിയ വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തുരത്താൻ കഴിയാതെ വരുന്നപക്ഷം ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.
- മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 261 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്.
- കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത്

ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്.

- വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

**വന്യജീവികളുടെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിന് പദ്ധതി**

163(2833) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ എണ്ണത്തിലുണ്ടായിട്ടുള്ള പെരുപ്പത്തിനോടൊപ്പം വനത്തിനുള്ളിൽ ഭക്ഷണ വസ്തുക്കളുടെ ദൗർലഭ്യതയും മൃഗങ്ങൾ കാടിറങ്ങുന്നതിന് മുഖ്യഹേതുവാകുന്നതിനാൽ വനത്തിനുള്ളിൽ ജലസ്രോതസ്സും ഭക്ഷണലഭ്യതയും വർദ്ധിപ്പിച്ച് മൃഗങ്ങൾ കാടിറങ്ങുന്നത് തടയുന്നതിന് പദ്ധതിയുണ്ടോ?

വന്യജീവികളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വന്യജീവികളുടെ ആവാസവ്യവസ്ഥ സന്തുലിതമായി നിലനിർത്തുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം എന്നിവ നടത്തിവരുന്നുണ്ട്. കൂടാതെ വന്യജീവികൾക്ക് ഭക്ഷണലഭ്യത ഉറപ്പുവരുത്തുന്നതിനായി മുള, തദ്ദേശീയ സസ്യങ്ങൾ എന്നിവ വച്ചുപിടിപ്പിക്കുന്നുണ്ട്. കൂടാതെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപന പ്രവർത്തനങ്ങളും വിവിധ പദ്ധതികൾപ്രകാരം നടപ്പാക്കിവരുന്നുണ്ട്.

വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മണൽച്ചാക്ക്, ബ്രഷ് വുഡ് എന്നിവ ഉപയോഗിച്ച് താത്കാലിക തടയണകളും സ്ഥിരം തടയണകളും നിർമ്മിക്കുന്നു. വനത്തിനുള്ളിലെ കുളങ്ങൾ, നീർച്ചാലുകൾ തുടങ്ങിയവയിലെ ചെളി, മണ്ണ്, എന്നിവ നീക്കം ചെയ്ത് ഉപയോഗയോഗ്യമാക്കുന്നുണ്ട്. ഭക്ഷണലഭ്യത ഉറപ്പാക്കുന്നതിന് വയലുകളിൽ കാണപ്പെടുന്ന കളകളുടെ നിർമ്മാർജ്ജനം കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ യഥാസമയം നടത്തിവരുന്നു.

(ബി) വന്യജീവികളുടെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി വനത്തിനുള്ളിലെ അധിനിവേശ സസ്യങ്ങളും മഞ്ഞക്കൊന്നയുൾപ്പെടെ അതിദ്രുതം വ്യാപിച്ച് തീറ്റ സസ്യങ്ങൾ ഇല്ലാതാക്കുന്ന സസ്യങ്ങളും നശിപ്പിക്കാൻ പദ്ധതിയുണ്ടോ?

പദ്ധതിയുണ്ട്. സ്വാഭാവിക വനങ്ങൾക്ക് ഭീഷണിയായി മഞ്ഞക്കൊന്ന (സെന്ന) ഇനത്തിൽപ്പെട്ട അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്ത് സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായി നബാർഡ്/ആർ.കെ.ഡി.പി.-യിൽ ഉൾപ്പെടുത്തി മഞ്ഞക്കൊന്ന നിർമ്മാർജ്ജനം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിക്കുവേണ്ടി 13-04-2022-ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നമ്പർ 17/2022/വനം-വന്യജീവി വകുപ്പുപ്രകാരം വയനാട് വൈൽഡ് ലൈഫ് ഡിവിഷനിൽ നബാർഡ് പദ്ധതിയിലുൾപ്പെടുത്തി 621.78 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആസൂത്രണ സാമ്പത്തികകാര്യവകുപ്പ് (RKI) ഡിപ്പാർട്ട്മെന്റിൽനിന്നും 20-10-2022-ലെ സർക്കാർ ഉത്തരവ് G.O(Rt)No.396/2022/P&EA പ്രകാരം 100 കോടി രൂപ അനുവദിച്ചിരുന്നു. ആദ്യഘട്ടത്തിൽ (Phase - I) പ്രകാരം 40 കോടി രൂപ 5475-00-115-94- post flood project under rebuild Kerala initiative (P) എന്ന ഹെഡ്ഡിൽ

ലഭിച്ചിട്ടുണ്ട്. വയനാട് വൈൽഡ് ലൈഫ് ഡിവിഷനിലെ തോൽപ്പെട്ടി റേഞ്ചിലെ ബ്ലോക്ക് നം. റ്റി-22, മുത്തങ്ങ റേഞ്ചിലെ ബ്ലോക്ക് നമ്പർ M-10-ന്റെ Site specific plan, Principal Chief Conservator of Forests & Special Officer (RKDP) അംഗീകരിച്ച് നൽകിയിട്ടുണ്ട്. അധിനിവേശ സസ്യങ്ങൾ നീക്കംചെയ്ത് വനത്തിനകത്ത് മുളയുൾപ്പെടെയുള്ള തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നുണ്ട്. വ്യാവസായികാവശ്യത്തിനായി വച്ചുപിടിപ്പിച്ചിട്ടുള്ള ഏകവിള തോട്ടങ്ങൾ വർക്കിംഗ് പ്ലാൻ വ്യവസ്ഥയ്ക്ക് വിധേയമായി ഘട്ടംഘട്ടമായി സ്വാഭാവിക വനങ്ങളായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) വന്യമൃഗങ്ങളുടെ ജനന നിയന്ത്രണ നടപടികൾ സുപ്രീംകോടതി സ്റ്റേ ചെയ്തത് ഒഴിവാക്കിക്കിട്ടുന്നതിന് നിയമനടപടി സ്വീകരിച്ചിട്ടുണ്ടോ?

വന്യമൃഗങ്ങളുടെ ജനന നിയന്ത്രണ നടപടികൾ ബഹുമാനപ്പെട്ട സുപ്രീം കോടതി സ്റ്റേ ചെയ്തത് ഒഴിവാക്കി കിട്ടുന്നതിന് നിയമനടപടി നിലവിൽ സ്വീകരിച്ചിട്ടില്ല.

## കോട്ടൂർ-കാപ്പുകാട് ആന പരിപാലന കേന്ദ്രം

164(2834) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടൂർ-കാപ്പുകാട് ആന പരിപാലന കേന്ദ്രത്തിന്റെ വികസനത്തിനായി നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും അവ ഏതൊക്കെ ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

കോട്ടൂർ-കാപ്പുകാട് ആന പരിപാലന കേന്ദ്രം അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് കിഫ്ബി ധനസഹായത്തോടെ പദ്ധതി നടപ്പാക്കിവരുന്നു. 50 ആനകളെ അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ പാർപ്പിക്കാനുള്ള സൗകര്യം, കുട്ടിയാനകളുടെ പ്രത്യേക പരിചരണത്തിനുള്ള കേന്ദ്രം, ക്വാറന്റൈൻ സെന്റർ, വെറ്ററിനറി ഹോസ്പിറ്റൽ, പാപ്പാന്മാരുടെ താമസത്തിന് 40 പേർക്കുള്ള കുടുംബ ക്വാർട്ടേഴ്സുകൾ, 40 പേർക്കുള്ള ഡോർമിറ്ററി സൗകര്യം, ആനകൾക്ക് ഭക്ഷണം തയ്യാറാക്കാൻ വിശാലമായ കിച്ചൻ സൗകര്യം, ആനപിണ്ഡത്തിൽനിന്ന് ക്രാഫ്റ്റ് പേപ്പർ നിർമ്മിക്കാനുള്ള സൗകര്യം, ആനകളെ ഒറ്റയ്ക്കും കൂട്ടമായും പാർപ്പിക്കാൻ ഒരേക്കർ മുതൽ 5 ഏക്കർവരെ വിസ്തൃതിയിൽ ചുറ്റും ഇരുമ്പുവേലി കെട്ടിത്തിരിച്ച എൻക്ലോഷറുകൾ, ഓരോ എൻക്ലോഷറിലും ആനക്കൊട്ടിൽ, കുളങ്ങൾ, കേന്ദ്രത്തിനുചുറ്റിലും കാട്ടാനകളെ തടയുന്നതിനുള്ള സംരക്ഷണ വേലി, പാപ്പാന്മാർക്കുള്ള നൈറ്റ് ഷെൽട്ടർ തടയണകൾ, 2.2 കി.മീ. ഫോറസ്റ്റ് റോഡ്, പോസ്റ്റുമോർട്ടത്തിനും ജഡം സംസ്കരിക്കുന്നതിനുമുള്ള

കേന്ദ്രം, ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനം തുടങ്ങിയ സൗകര്യങ്ങൾ 176 ഹെക്ടർ വനത്തിലാണ് ഒരുക്കിയിട്ടുള്ളത്. ഇതോടൊപ്പം അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, സ്റ്റാഫുകൾക്കും ഓഫീസർമാർക്കുമുള്ള താമസസൗകര്യം, വിശാലമായ പാർക്കിംഗ് കേന്ദ്രങ്ങൾ, റിസപ്ഷൻ കേന്ദ്രം, റിസർച്ച് ആൻഡ് ട്രെയിനിംഗ് കേന്ദ്രം, 16000 ച.അടിയിൽ ആന മ്യൂസിയം, കഫറ്റീരിയ, ടോയ്‌ലെറ്റ് ബ്ലോക്ക്, ട്രെയിനികൾക്കുള്ള ഹോസ്റ്റലുകൾ, വൈദ്യുതി വിതരണത്തിന് രണ്ട് സബ്സ്റ്റേഷനുകൾ, വൈദ്യുതി വിതരണ ശൃംഖല, ജലശുദ്ധീകരണ പ്ലാന്റും ജലവിതരണ സംവിധാനവും റോഡുകളുടെ പുനരുദ്ധാരണം എന്നീ സൗകര്യങ്ങളും ഒരുക്കുന്നുണ്ട്. മേൽപ്പറഞ്ഞ എല്ലാ പണികളും 90 ശതമാനം പൂർത്തിയായി.

(ബി) പ്രസ്തുത കേന്ദ്രത്തിന്റെ വികസനത്തിനായി എത്ര തുകയാണ് നിലവിൽ നീക്കിവച്ചിട്ടുള്ളതെന്നും അതിൽ എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

പ്രസ്തുത കേന്ദ്രത്തിന്റെ ഒന്നാം ഘട്ടത്തിന് കിഫ്ബിയിൽനിന്നും 2019 ഫെബ്രുവരിയിൽ 79.09 കോടി രൂപ അനുവദിച്ചു. ഇതുവരെ 50.42 കോടി രൂപ ചെലവഴിച്ചു.

## പൊൻമുടി, ശംഖിലി പ്രദേശങ്ങൾ ഉൾപ്പെടുത്തി വന്യജീവി സങ്കേതം ആരംഭിക്കാൻ പദ്ധതി

165(2835) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കിഴക്കൻ വനമേഖലയായ പൊൻമുടി, ശംഖിലി പ്രദേശങ്ങൾ ഉൾപ്പെടുത്തി പുതുതായി വന്യജീവി സങ്കേതം ആരംഭിക്കാൻ പദ്ധതിയുണ്ടോയെന്ന് വിശദമാക്കാമോ?

പൊൻമുടി വന്യജീവി സങ്കേതം രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം 23-01-2020-ൽ കൂടിയ സംസ്ഥാന വന്യജീവി ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ ഔദ്യോഗിക തീരുമാനം സ്വീകരിക്കുന്നതിന് മുമ്പായി തദ്ദേശവാസികളുമായി കൂടിയാലോചിച്ചെടുത്ത തീരുമാനം ബോർഡിന്റെ അടുത്ത യോഗത്തിൽ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചു.

ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട വാമനപുരം എം.എൽ.എ, ശ്രീ. ഡി. കെ. മുരളിയുടെ അദ്ധ്യക്ഷതയിൽ പൊതുജനങ്ങളുമായി 10-10-2020-ൽ പൊൻമുടിയിൽവച്ച് യോഗം ചേരുകയും ടി വിഷയം ചർച്ച ചെയ്യുകയുമുണ്ടായി. പ്രസ്തുത യോഗത്തിൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, വന സംരക്ഷണ സമിതി അംഗങ്ങൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ

പങ്കെടുത്തിരുന്നു. 137 സ്ക്വയർ കി.മീ. വനപ്രദേശം വന്യജീവി സങ്കേതമായി പ്രഖ്യാപിക്കുന്നത് ആ പ്രദേശത്തെ ജൈവവൈവിധ്യത്തെ സംരക്ഷിക്കാൻ സഹായിക്കുമെന്നുള്ള പൊതുഅഭിപ്രായം പ്രസ്തുത യോഗത്തിൽ രൂപീകൃതമായി. 23-01-2020-ലെ ബോർഡ് യോഗതീരുമാനമനുസരിച്ച് പൊൻമുടി വന്യജീവി സങ്കേതം രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം വീണ്ടും സംസ്ഥാന വന്യജീവി ബോർഡ് മുമ്പാകെ സമർപ്പിക്കാൻ യോഗം തീരുമാനിച്ചു.

നിർദ്ദിഷ്ട വന്യജീവി സങ്കേതത്തിന് 'പൊൻമുടി' എന്ന പേര് നൽകുന്നത് പൊൻമുടിയിലുള്ള അനേകം ജനവാസ കേന്ദ്രങ്ങളും ടൂറിസം കേന്ദ്രങ്ങളും നിർദ്ദിഷ്ട വന്യജീവി സങ്കേതത്തിന്റെ ഭാഗമാണെന്നുള്ള തെറ്റിദ്ധാരണ പൊതുജനങ്ങളിൽ ഉണ്ടാകുമെന്നതിനാൽ പൊൻമുടി വന്യജീവി സങ്കേതത്തിന് 'ശംഖിലി' വന്യജീവി സങ്കേതം എന്ന് പുനർ നാമകരണം ചെയ്യാൻ നിർദ്ദേശിച്ചു. പൊൻമുടി വന്യജീവി സങ്കേതത്തിന് 'ശംഖിലി' വന്യജീവി സങ്കേതം എന്ന് പുനർനാമകരണം ചെയ്യുന്നതിനും ടി പ്രൊപ്പോസൽ സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുന്നതിനും 19-01-2023-ന് കൂടിയ സംസ്ഥാന വന്യജീവി ബോർഡിൽ ശിപാർശ

സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത നിർദ്ദേശം ബോർഡ് മാറ്റിവയ്ക്കുകയാണ് ചെയ്തത്.

(ബി) എങ്കിൽ പ്രസ്തുത വന്യജീവി സങ്കേതത്തിന്റെ പരിധിയിൽ ഏതെല്ലാം വില്ലേജ് പ്രദേശങ്ങളായിരിക്കും വരുന്നതെന്ന് വിശദമാക്കാമോ?

പെരിങ്ങമ്മല, വിതുര, തെന്നൂർ, കുളത്തുപ്പുഴ എന്നീ വില്ലേജുകളാണ് പ്രസ്തുത സങ്കേതത്തിന്റെ പരിധിയിൽ വരുന്നത്.

## വന്യമൃഗ സംരക്ഷണം

166(2836)ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ ഭക്ഷണവും വെള്ളവും സുലഭമായി ലഭിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ ഭക്ഷണവും വെള്ളവും സുലഭമായി ലഭിക്കുന്നതിന് വനം വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു.

വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വനത്തിനുള്ളിലെ കുളങ്ങൾ, നീർച്ചാലുകൾ തുടങ്ങിയവയിലെ ചെളി, മണ്ണ്, എന്നിവ നീക്കംചെയ്ത് ഉപയോഗയോഗ്യമാക്കുന്നുണ്ട്. മണൽച്ചാക്ക്, ബ്രഷ് വുഡ് എന്നിവ ഉപയോഗിച്ച് താത്കാലിക തടയണകളും സ്ഥിരം തടയണകളും നിർമ്മിക്കുന്നു. ഭക്ഷണലഭ്യത ഉറപ്പാക്കുന്നതിന് കളകളുടെ നിർമ്മാർജ്ജനം, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ യഥാസമയം നടത്തിവരുന്നു. കൂടാതെ വന്യജീവികൾക്ക് ഭക്ഷണലഭ്യത ഉറപ്പുവരുത്തുന്നതിനായി മുള, തദ്ദേശീയ സസ്യങ്ങൾ എന്നിവ വച്ചുപിടിപ്പിക്കുന്നുണ്ട്.

വന്യജീവികളുടെ ആവാസവ്യവസ്ഥ സന്തുലിതമായി നിലനിർത്തുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ഗള്ളി പ്ലഗ്ഗിംഗ്, ചെക്ക് ഡാമുകളുടെ നിർമ്മാണം, കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം എന്നിവ നടത്തിവരുന്നുണ്ട്. കൂടാതെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപന പ്രവർത്തനങ്ങളും വിവിധ പദ്ധതികൾപ്രകാരം നടപ്പാക്കിവരുന്നുണ്ട്.

**പാമ്പ് കടിയേൽക്കുന്നവർക്കുള്ള ധനസഹായം**

167(2837) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാമ്പ് കടിയേറ്റ് മരിക്കുന്നവർക്കും കടിയേറ്റ് ചികിത്സയിലുള്ളവർക്കും എന്തൊക്കെ സഹായങ്ങളാണ് വനംവകുപ്പ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ?

1980-ലെ "The Kerala Rules for Payment of Compensation to Victims of Attack by Wild Animals" പ്രകാരവും ടി ചട്ടത്തിലെ വ്യവസ്ഥകൾപ്രകാരം പുറപ്പെടുവിക്കുന്ന ഗവൺമെന്റ് ഉത്തരവുകൾപ്രകാരവുമാണ് നഷ്ടപരിഹാരം നൽകുന്നത്. 05-04-2018-ലെ സ.ഉ. (കൈ) 17/2018/വനം നമ്പർ ഉത്തരവുപ്രകാരമാണ് നിലവിൽ നഷ്ടപരിഹാരം നൽകിവരുന്നത്. ബന്ധപ്പെട്ട സർക്കാർ ഉത്തരവിൽ തുക രേഖപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) കണ്ണൂർ ജില്ലയിൽ ഇതുമായി ബന്ധപ്പെട്ട് ഏത് തീയതിവരെ അപേക്ഷിച്ചവർക്ക് സഹായം വിതരണം ചെയ്തിട്ടുണ്ട്; ഇനി എത്രപേർക്ക് സഹായം വിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണ്ണൂർ ജില്ലയിൽ പാമ്പ് കടിയേറ്റ് പരിക്കേറ്റവരിൽനിന്ന് നഷ്ടപരിഹാരത്തിന് ലഭിച്ച അപേക്ഷകളിൽ 09-02-2021 വരെയുള്ളതും പാമ്പ് കടിയേറ്റ് മരണപ്പെട്ടവരുടെ ആശ്രിതർ നൽകിയ അപേക്ഷകളിൽ 24-01-2022 വരെയുള്ളതുമായ രേഖകൾ പൂർണ്ണമായും സമർപ്പിക്കപ്പെട്ടതും പരിശോധനയിൽ അർഹതയുണ്ടെന്ന് കണ്ടെത്തിയതുമായ അപേക്ഷകളിൽ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഇനിയും 603 പേർക്ക് നഷ്ടപരിഹാരം വിതരണം ചെയ്യാൻ ബാക്കിയുണ്ട്.

## വന്യജീവി ആക്രമണം

168(2838) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗ ആക്രമണത്തിൽ 2011 മുതൽ സംസ്ഥാനത്ത് എത്ര പേർക്കാണ് കൃഷിനാശം സംഭവിച്ചതെന്ന വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) അപ്രകാരം കൃഷിനാശം സംഭവിച്ചവരിൽ എത്ര പേർക്ക് നഷ്ടപരിഹാരം നൽകി എന്ന വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് 2011 മുതൽ വന്യമൃഗ ആക്രമണത്തിൽ കൃഷി നാശം സംഭവിച്ച് നഷ്ടപരിഹാരത്തിനായി ലഭിച്ച അപേക്ഷകളുടെ എണ്ണവും

നഷ്ടപരിഹാരം അനുവദിച്ച അപേക്ഷകളുടെ എണ്ണവും വർഷം തിരിച്ച് അനുബന്ധമായി+ ചേർക്കുന്നു.

## വന്യമൃഗ ആക്രമണം

169(2839) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2011 മുതൽ വന്യമൃഗ ആക്രമണത്തിൽ എത്രപേർ മരിച്ചെന്ന വിവരം വർഷം തിരിച്ച് ലഭ്യമാക്കുമോ?

വനത്തിനുള്ളിലും വനത്തിനുപുറത്തും പാമ്പ് ഉൾപ്പെടെയുള്ള വന്യജീവികളുടെയും കടന്നലിന്റെയും ആക്രമണംമൂലം 2011 മുതൽ നാളിതുവരെ മരിച്ചവരുടെ എണ്ണം വർഷം തിരിച്ച് അനുബന്ധം-1+ ആയി ചേർക്കുന്നു.

(ബി) ഓരോ വർഷവും ഇതിൽ എത്ര കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകിയെന്ന വിവരം വർഷം തിരിച്ച് ലഭ്യമാക്കുമോ?

2011 മുതൽ നാളിതുവരെ മേൽപ്പറഞ്ഞപ്രകാരം മരിച്ചവരുടെ കുടുംബാംഗങ്ങൾ നഷ്ടപരിഹാരത്തിനായി സമർപ്പിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർന്നുവരുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർഷങ്ങളിൽ (മുൻ വർഷത്തെ അപേക്ഷകൾ ഉൾപ്പെടെ) നഷ്ടപരിഹാരം നൽകിയതിന്റെ വിവരം വർഷം തിരിച്ച് അനുബന്ധം-2+ ആയി ചേർക്കുന്നു.

## പാലപ്പിള്ളിയിൽ വന്യജീവി ആക്രമണങ്ങൾ തടയുന്നതിന് നടപടി

170(2840) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഫോറസ്റ്റ് ഡിവിഷനുകീഴിലുള്ള പാലപ്പിള്ളി റേഞ്ചിലെ വിവിധ പ്രദേശങ്ങളിൽ വന്യജീവി ആക്രമണം തടയുന്നതിനും കാട്ടാനക്കൂട്ടം ഉൾപ്പെടെയുള്ളവയെ വനത്തിലേയ്ക്ക് തിരിച്ചുവിടുന്നതിനും എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പാലപ്പിള്ളി റേഞ്ചിലെ വിവിധ പ്രദേശങ്ങളിൽ വന്യജീവികളുടെ ആക്രമണം തടയുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയും നാട്ടിലേയ്ക്കിറങ്ങുന്ന വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തിരിച്ചുവിടുന്നതിന് കൂടുതൽ വാച്ചർമാരെ നിയോഗിച്ചും വന്യമൃഗസാന്നിദ്ധ്യം അറിഞ്ഞാൽ ഉടനെ SMS അലെർട്ട് സിസ്റ്റംവഴി ജനങ്ങൾക്ക് ജാഗ്രതാനിർദ്ദേശം നൽകുകയും ചെയ്തുവരുന്നു. കൂടാതെ ഹാരിസൺ മലയാളം ലിമിറ്റഡ്, കൊച്ചിൻ മലബാർ ലിമിറ്റഡ് പ്ലാന്റേഷൻ ജോലിക്കാരുടെ ജോലി സമയം ക്രമീകരിക്കുന്നതിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(രാവിലെ 5.30-നുശേഷമാക്കുന്നതിന്) കമ്പനി സീനിയർ ജനറൽ മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എലിക്കോട് ട്രൈബൽ കോളനി (2.5 കി.മി), നടാംപാടം മുതൽ പുലിക്കണ്ണി (2.5 കി.മി), ചീനിക്കുന്ന് ട്രൈബൽ കോളനി (1 കി.മി) എന്നിവിടങ്ങളിൽ സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. കള്ളിചിത്ര കോളനിക്കുചുറ്റും സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള വന്യമിത്രയുടെ യോഗം 01-11-2022, 04-11-2022 തീയതികളിൽ വരന്തരപ്പിള്ളി പഞ്ചായത്തിൽ ജനപ്രതിനിധികളും ജീവനക്കാരും കൂടിച്ചേരുകയും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി എടുക്കേണ്ട മുൻകരുതലുകളെക്കുറിച്ച് നടത്തിയ ചർച്ചയിൽനിന്നും വന്യജീവികൾ ജനവാസ മേഖലയിലേയ്ക്ക് വനത്തിൽനിന്നും ഇറങ്ങിവരുന്ന ഭാഗങ്ങളിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനും സ്ട്രീറ്റ് ലൈറ്റുകൾ ഇല്ലാത്ത 5, 6, 8 വാർഡുകളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) പാലപ്പിള്ളിയിൽ റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനം ഉറപ്പുവരുത്തുന്നതിനും വന്യജീവി ആക്രമണങ്ങൾ തടയുന്നതിനും

ആവശ്യമായ ആധുനിക സജ്ജീകരണങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ചാലക്കുടി ഡിവിഷനിൽ റാപ്പിഡ് റെസ്പോൺസ് ടീം ആരംഭിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

**വന്യജീവി ആക്രമണത്തിന്റെ കാരണങ്ങൾ സംബന്ധിച്ച റിപ്പോർട്ട്**

171(2841) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന വന്യജീവി ആക്രമണത്തിന്റെ കാരണങ്ങൾ സംബന്ധിച്ച് പഠനം നടത്തി കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വന്യജീവി ആക്രമണത്തിന്റെ കാരണങ്ങൾ സംബന്ധിച്ച് പഠനം നടത്തി കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം ശാസ്ത്രീയ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(സി) കാട്ടിലെ മഞ്ഞ കൊന്നകൾ ആവാസ വ്യവസ്ഥയ്ക്ക് ദോഷകരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഉൾപ്പെടെയുള്ള വിവിധ ശാസ്ത്രഗവേഷണ സ്ഥാപനങ്ങൾ പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടുകളിൽ കാട്ടിലെ മഞ്ഞ കൊന്നകൾ ആവാസ വ്യവസ്ഥയ്ക്ക് ദോഷകരമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സ്വാഭാവിക വനങ്ങൾക്ക് ഭീഷണിയായ മഞ്ഞക്കൊന്ന (സെന്ന) ഇനത്തിൽപ്പെട്ട അധിനിവേശ സസ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം**

172(2842) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കഴിഞ്ഞ പത്ത് വർഷത്തിനിടെ വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചയിനത്തിൽ കർഷകർക്ക് വിതരണം ചെയ്ത നഷ്ടപരിഹാര തുക എത്രയെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ കഴിഞ്ഞ 10 വർഷത്തിനിടയിൽ വന്യമൃഗങ്ങൾ കൃഷി നശിപ്പിച്ചയിനത്തിൽ കർഷകർക്ക് നഷ്ടപരിഹാരമായി 1544.32 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ വന്യമൃഗശല്യ പ്രതിരോധത്തിനായി ജില്ലയിൽ ചെലവഴിച്ച ആകെ തുക എത്രയെന്നും ഏതൊക്കെ പദ്ധതികൾക്ക് ഓരോ വർഷവും എത്ര തുക ചെലവഴിച്ചെന്നും വ്യക്തമാക്കാമോ?

വന്യമൃഗശല്യ പ്രതിരോധത്തിനായി വയനാട് ജില്ലയിൽ കഴിഞ്ഞ 10 വർഷം ചെലവഴിച്ച തുകയുടെ പദ്ധതികൾ തിരിച്ചുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു.

(സി) വന്യമൃഗശല്യം ഏറ്റവും കൂടുതലുള്ള വയനാട് ജില്ലയിലെ ഫോറസ്റ്റ് ഡിവിഷൻ ഏതാണെന്ന് വ്യക്തമാക്കാമോ?

സൗത്ത് വയനാട് ഡിവിഷന്റെ വനാതിർത്തിയോട് ചേർന്നുവരുന്ന പ്രദേശങ്ങളിലാണ് വന്യമൃഗശല്യം കൂടുതലായി കാണുന്നത്.

## വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം

173(2843) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശത്തിന് കർഷകർക്ക് നിലവിൽ നൽകുന്ന നഷ്ടപരിഹാര തുക എത്രയാണെന്നറിയിക്കുമോ; വിശദാംശം നൽകുമോ?

വന്യജീവികളുടെ ആക്രമണംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് 1980-ലെ 'The Kerala Rules for Payment of Compensation to Victims of Attack by Wild Animals' പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നു. വന്യമൃഗങ്ങൾമൂലമുണ്ടാകുന്ന കൃഷിനാശത്തിന് 08-01-2015-ലെ സ.ഉ(കൈ)നം.2/2015/വനം ഉത്തരവിൽ പറയുംപ്രകാരമുള്ള നിരക്കിൽ ഓരോ കാർഷിക വിളകൾക്കും നഷ്ടപരിഹാരം അനുവദിച്ചുവരുന്നുണ്ട്. ടി സർക്കാർ ഉത്തരവ് അനുബന്ധം 1+ ആയി ചേർക്കുന്നു. 05-04-2018-ലെ സ.ഉ (കൈ) നം.17/2018/വനം പ്രകാരം കൃഷിനാശത്തിന് കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100 ശതമാനം (പരമാവധി ഒരു ലക്ഷം രൂപ)ആണ് അനുവദിക്കുന്നത്. ഒരു വ്യക്തിക്ക് വർഷത്തിൽ നാല് തവണവരെ നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്. ടി സർക്കാർ ഉത്തരവ് അനുബന്ധം 2+ ആയി ചേർക്കുന്നു.

## വന്യജീവി ആക്രമണം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

174(2844) <u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വന്യജീവി ആക്രമണം തടയുന്നതിന് വനമേഖലയും കാർഷിക മേഖലയും വേർതിരിച്ച് മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിന് ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

വനമേഖലയോട് ചേർന്നുകിടക്കുന്ന കൃഷിസ്ഥലങ്ങളിൽ വന്യജീവി ആക്രമണം തടയുന്നതിനായി അതത് സ്ഥലങ്ങളിലെ സാഹചര്യങ്ങൾക്കനുസൃതമായി സൗരോർജ്ജവേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ മതിൽ, ആന പ്രതിരോധ കിടങ്ങ്, ക്രാഷ്ഗാർഡ് റോപ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ബയോ ഫെൻസിംഗ്, കയ്യാല എന്നിവ നിർമ്മിക്കുകയും യഥാസമയം അറ്റകുറ്റപ്പണി നടത്തുകയും ചെയ്യുന്നു. 2023 ജനുവരി വരെ വനംവകുപ്പ് നടത്തിയിട്ടുള്ള പ്രതിരോധ പ്രവൃത്തികളുടെ വിവരം അനുബന്ധം+ ആയി ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

ഹൈറേഞ്ച് സർക്കിൾ, സെൻട്രൽ സർക്കിൾ, ഈസ്റ്റേൺ സർക്കിൾ, നോർത്തേൺ സർക്കിൾ എന്നീ ടെറിട്ടോറിയൽ സർക്കിളുകളിലായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

NABARD Tranche XXVIII (2022-23) പദ്ധതിയിലുൾപ്പെടുത്തി വനാതിർത്തികളിൽ ഭൗതിക പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനായി 4947.80 ലക്ഷം രൂപയുടെ പദ്ധതി അംഗീകാരത്തിനായി സമർപ്പിച്ചതിൽ ഈസ്റ്റേൺ സർക്കിളിലെ പ്രവൃത്തികൾക്ക് 586.11 ലക്ഷം രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

**വണ്ടൂർ മണ്ഡലത്തിൽ പുലി, കടുവ തുടങ്ങിയ വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം**

175(2845) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ പുലി, കടുവ തുടങ്ങിയ വന്യമൃഗങ്ങളുടെ ശല്യം രൂക്ഷമായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് വനമേഖലയോടുചേർന്ന ചില പ്രദേശങ്ങളിൽ പുലി, കടുവ അടക്കമുള്ള വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

• വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ അയയ്ക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി.) സേവനം വിനിയോഗിച്ചുവരുന്നു. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് എട്ട് സ്ഥിരം റാപ്പിഡ് റെസ്പോൺസ് ടീമുകൾ നിലമ്പൂർ നോർത്ത്, വയനാട്, പാലക്കാട്, കണ്ണൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ എന്നിവിടങ്ങളിലും ഏഴ് താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി, പീരുമേട് എന്നിവിടങ്ങളിലും പ്രവർത്തിക്കുന്നു.

• സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നുണ്ട്.

• വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിന് റാപ്പിഡ് റെസ്പോൺസ് ടീമുകളെ അടിസ്ഥാനമാക്കി ഏർളി വാർണിംഗ് സിസ്റ്റം

മൂന്നാർ വനത്തിനോടുചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.

- കുങ്കിയാനകളെ ഉപയോഗിച്ച് കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

- മനുഷ്യ ജീവനും സ്വത്തിനും നിരന്തരം നാശം വരുത്തുന്ന ആന, കടുവ, പുലി തുടങ്ങിയ വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തുരത്താൻ കഴിയാതെ വരുന്നപക്ഷം ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

- മനുഷ്യ - വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടി സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 261 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്.

- കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-

ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജല ലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്.

- വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിന് വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

(സി) വണ്ടൂർ നിയോജകമണ്ഡലത്തിലെ ചോക്കാട്, കരുവാരകുണ്ട് ഗ്രാമ പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളിൽ പുലി, കടുവ തുടങ്ങിയ വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം കണ്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

നിലമ്പൂർ സൗത്ത് വനം ഡിവിഷന്റെ കീഴിൽ വരുന്ന ടി പ്രദേശങ്ങളിൽ പുലിയുടെ സാന്നിദ്ധ്യമുള്ളതായി പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പുലിയെ കണ്ടതായി നാട്ടുകാർ അറിയിച്ച സ്ഥലങ്ങളിൽ ക്യാമറാ ട്രാപ്പുകൾ സ്ഥാപിച്ചതിൽ അത്തരം വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പ്രസ്തുത പ്രദേശങ്ങളിലെ ജനവാസകേന്ദ്രങ്ങളിൽ മേൽപ്പറഞ്ഞ വന്യമൃഗങ്ങളുടെ സാന്നിദ്ധ്യത്താൽ ജനങ്ങൾക്കുണ്ടായ ഭയാശങ്ക പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളും ഇനി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളും വിശദമാക്കാമോ?

പ്രസ്തുത പ്രദേശങ്ങളിൽ ആർ.ആർ.റ്റി. ജീവനക്കാരും, കരുവാരക്കുണ്ട് ഫോറസ്റ്റ് സ്റ്റേഷനിലെ ജീവനക്കാരും പകൽ സമയത്തും രാത്രികാലങ്ങളിലും നിരന്തരം പട്രോളിംഗ് നടത്തിവരുന്നുണ്ട്. കൂടാതെ വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം അറിയുന്നതിനായി അടിക്കാടുകൾ വെട്ടിത്തെളിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പുലിയെ കണ്ടതായി അറിയിച്ച സ്ഥലങ്ങളിൽ ക്യാമറാ ട്രാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്.

## വന്യജീവി ശല്യം നേരിടാൻ വൈദ്യുത വേലി

176(2846) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ വന്യജീവി ശല്യം നേരിടുന്ന സ്ഥലങ്ങളിൽ തൂങ്ങിക്കിടക്കുന്ന വൈദ്യുത വേലി നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് ഇത് സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ വന്യജീവി ശല്യം നേരിടുന്ന പ്രദേശങ്ങളായ ദേലംപാടി, കാറഡുക്ക, മൂളിയാർ, ബേഡഡുക്ക, കുറ്റിക്കോൽ ഗ്രാമപഞ്ചായത്തുകളിൽ ജില്ലാ പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്താൽ കാറഡുക്ക ആന പ്രതിരോധ പദ്ധതി (KAPP-2021) എന്ന പേരിൽ പദ്ധതി തയ്യാറാക്കുകയും കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള വനാതിർത്തിയിൽ 29.00 കി.മീറ്റർ സൗരോർജ്ജ തൂക്ക് വേലി നിർമ്മിക്കാൻ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 8.00 കി.മീറ്റർ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 21 കി.മീറ്റർ പ്രവൃത്തികൾ പുരോഗമിക്കുന്നു. കാഞ്ഞങ്ങാട് റെയിഞ്ചിലെ പനത്തടി, ഓട്ടമല, ബളാൽ, അത്തിയടുക്കം, ഈസ്റ്റ് എളേരി എന്നീ ഭാഗങ്ങളിൽ 32 കി.മീറ്റർ നീളത്തിൽ തൂക്കുവേലി നിർമ്മിക്കാൻ നബാർഡിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും Tranche XXVIII-ന് അനുവദിച്ചിട്ടുള്ള അലോക്കേഷനപരിയായി പദ്ധതി രേഖകൾ നബാർഡിന് ലഭ്യമാക്കിക്കഴിഞ്ഞതിനാൽ, ഈ പദ്ധതിക്ക് നബാർഡിന്റെ അംഗീകാരം ലഭിച്ചില്ല.

**അങ്കമാലി നിയോജകമണ്ഡലത്തിലെ വന്യമൃഗ ശല്യം**

177(2847) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യമ്പുഴ, മലയാറ്റൂർ, നീലീശ്വരം, മൂക്കന്നൂർ, കറുകുറ്റി എന്നീ പഞ്ചായത്തുകളിലെ വന്യമൃഗശല്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാഴച്ചാൽ ഡിവിഷനിലെ അതിരപ്പിള്ളി റെയിഞ്ചിന്റെ കീഴിലെ അയ്യമ്പുഴ, മൂക്കന്നൂർ, കറുകുറ്റി എന്നീ പ്രദേശങ്ങളിലാണ് വളർത്തുമൃഗങ്ങളെ ആക്രമിക്കുന്നതും കൃഷിനാശം സംഭവിക്കുന്നതുമായ കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. മലയാറ്റൂർ ഡിവിഷനുകീഴിലെ കാലടി റെയിഞ്ചിൽ മലയാറ്റൂർ, നീലീശ്വരം, അയ്യമ്പുഴ പഞ്ചായത്തുകളുടെ വനമേഖലയോടുചേർന്ന പ്രദേശങ്ങളിലും വന്യജീവി ശല്യം കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

(ബി) ഈ പ്രദേശങ്ങളിൽ വന്യമൃഗങ്ങൾ വ്യാപക കൃഷി നാശം വരുത്തുന്നതും ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്നതുമായ സാഹചര്യത്തിൽ വന്യമൃഗങ്ങൾ കാട് വിട്ടിറങ്ങാതെ കാട്ടിൽത്തന്നെ നിലനിർത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് 2021-22, 2022-23

വർഷങ്ങളിൽ ഈ പ്രദേശത്ത് നടപ്പാക്കിയതെന്ന കണക്ക് ഇനം തിരിച്ച് ലഭ്യമാക്കുമോ?

ഈ പ്രദേശങ്ങളിൽ വാഴച്ചാൽ, മലയാറ്റൂർ വനം ഡിവിഷനുകൾ മുഖേന നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വാഴച്ചാൽ ഡിവിഷൻ

1. വാഴച്ചാൽ ഡിവിഷൻ പരിധിയിൽ വരുന്ന ഒലിവേലിച്ചിറ, വെള്ളപ്പാറ, പി.സി.കെ. ഏരിയ, ഏഴാറ്റുമുഖം, നെല്ലിപോക്കറ്റ്, അയ്യമ്പുഴ, ചുള്ളി എന്നീ ഭാഗങ്ങളിൽ കാടുവിട്ട് നാട്ടിലേയ്ക്കിറങ്ങുന്ന ആനകളെ തിരികെ കാട്ടിലേയ്ക്ക് അയയ്ക്കുന്നതിനായി വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്. ആയതിന് 2021-22 വർഷത്തിൽ 5.09 ലക്ഷം രൂപയും 2022-23 വർഷത്തിൽ 10.04 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

2. നെല്ലിച്ചോട് മുതൽ അയ്യമ്പുഴവരെയുള്ള 7 കി.മീറ്റർ പരിധിയിലുള്ള സോളാർ ഫെൻസിംഗ് അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന് 2022-23 വർഷത്തിൽ 8.56 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

3. കുളം നവീകരണത്തിനായി 2021-22 വർഷത്തിൽ 2.7 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതും 2022-23 വർഷത്തിൽ 2.50 ലക്ഷം രൂപ കൂടി നീക്കിവച്ചിട്ടുള്ളതുമാണ്.

4. അതിരപ്പിള്ളി റെയ്ഞ്ചിലെ ഏഴാറ്റുമുഖം ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ താല്ക്കാലികമായി റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിക്കുകയും വാഹനം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. റാപ്പിഡ് റെസ്പോൺസ് ടീം ജനവാസ മേഖലകളിൽ രാത്രിയും പകലും ഫലപ്രദമായ രീതിയിൽ പട്രോളിംഗ് നടത്തി വരികയും ചെയ്യുന്നുണ്ട്.

<u>മലയാറ്റൂർ ഡിവിഷൻ</u>

1. മലയാറ്റൂർ ഡിവിഷനുകീഴിലെ സൗരോർജ്ജവേലി നിർമ്മാണം 3 കി.മീറ്റർ ദൂരത്തിൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. ആയതിന് 2021-22 വർഷത്തിൽ 3.27 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

2. 2022-23 വർഷത്തിൽ സൗരോർജ്ജവേലി നിർമ്മാണം 10.50 കി.മീറ്റർ ദൂരത്തിൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. ആയതിന് 16.65 ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) വന്യമൃഗശല്യം അതിരൂക്ഷമായ അയ്യമ്പുഴ പ്ലാന്റേഷൻ പ്രദേശത്തും മറ്റ് ശല്യസാധ്യതാ പ്രദേശങ്ങളിലും ഏതെല്ലാം പുതിയ പദ്ധതികളാണ് 2023-24 വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

വാഴച്ചാൽ ഡിവിഷൻ

ഫലപ്രദമായ രീതിയിൽ വന്യജീവി ആക്രമണം തടയുന്നതിന് വേണ്ടിയുള്ള 570.30 ലക്ഷം രൂപയുടെ 60 കിലോമീറ്റർ വരുന്ന ഹാംഗിംഗ് സോളാർ ഫെൻസിംഗ് നിർമ്മാണത്തിനായുള്ള പ്രൊപ്പോസൽ നബാർഡിന്റെ ധനസഹായത്തിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ചതിൽ NABARD Tranche XXVIII-ൽ അനുവദിച്ചിട്ടുള്ള അലോക്കേഷൻ അധികരിച്ചതിനാൽ ടി പ്രൊപ്പോസലുകൾക്ക് NABARD-ന്റെ അംഗീകാരം ലഭിച്ചിട്ടില്ല.

മലയാറ്റൂർ ഡിവിഷൻ

ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വന്യജീവി ആക്രമണ സാധ്യത കൂടുതലുള്ള പ്രദേശങ്ങളിൽ അനുബന്ധം 1+ പ്രകാരമുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

(ഡി) വനസംരക്ഷണത്തിനും വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങുന്നത് തടയുന്നതിനും 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റ്, ബഡ്ജറ്റിതര കേന്ദ്രാവിഷ്കൃത പദ്ധതികൾ, നബാർഡ് പദ്ധതിയിലുൾപ്പെടുത്തിയ വിവിധ പദ്ധതികൾ എന്നിവയിൽ ഭരണാനുമതി ലഭിച്ചത് ഏതിനെല്ലാമെന്നും ഓരോ വനം ഡിവിഷനും എത്ര

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുക വീതം നൽകിയെന്നും ഓരോ ഡിവിഷനും എത്ര ശതമാനം വീതം ചെലവഴിച്ചെന്നും ഇനം തിരിച്ച് ലഭ്യമാക്കുമോ?

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ വാർഷിക പദ്ധതി രൂപരേഖ കേന്ദ്ര സർക്കാരിന് സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുകയാണ് ചെയ്യുന്നത്. നബാർഡ് പദ്ധതിയിൽ ഭരണാനുമതി നൽകിയ പദ്ധതികളുടെ വിവരം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിവരങ്ങളോടൊപ്പം അനുബന്ധം-2+ ആയി ഉള്ളടക്കം ചെയ്യുന്നു.

(ഇ) മനുഷ്യജീവന് വൻ ഭീഷണിയായി നിൽക്കുന്ന സാഹചര്യം കണക്കിലെടുത്ത് കൂടുതൽ തുക ബഡ്ജറ്റ്, ബഡ്ജറ്റിതര ഇനങ്ങളിലും നബാർഡ് പോലുള്ള പദ്ധതികളിലും ഉൾപ്പെടുത്തുന്നതിന് പ്രത്യേക ഊന്നൽ കൊടുക്കുന്നതിന് വകുപ്പ് തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ?

മനുഷ്യ-വന്യജീവി സംഘർഷം പ്രതിരോധിക്കുന്നതിനുള്ള പദ്ധതികൾ നബാർഡ്, KIIFB പോലുള്ള പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിന് വകുപ്പ് പ്രത്യേക ഊന്നൽ നൽകിവരുന്നു. മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിനായി NABARD Tranche XXVIII - 2022-23-ൽ ഉൾപ്പെടുത്തുന്നതിന് സർക്കാരിലേയ്ക്ക് അംഗീകാരത്തിനായി സമർപ്പിച്ച 'Proposal for the Management of Human Wildlife Conflict in various

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Divisions under Eastern Circle, Palakkad' എന്ന പദ്ധതിക്കായി G.O (Ms) No.5/2023/F&WLD പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(എഫ്) 2022-23 സാമ്പത്തിക വർഷം മറ്റ് പല വകുപ്പുകളും നബാർഡ് പദ്ധതികൾ സമയബന്ധിതമായി സമർപ്പിക്കാത്തതിനാൽ കൂടുതൽ തുക ഈ ഹെഡ്ഡിൽ ബാക്കി നിൽക്കുന്നതിനാൽ അത്തരം തുകയുംകൂടി വനം വകുപ്പ് കൂടുതൽ പദ്ധതികൾ നൽകി ധനവകുപ്പിന്റെ അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

NABARD Tranche XXVIII - (2022-23) പദ്ധതിയിൽ വനം വകുപ്പിന് അനുവദിച്ചിരുന്ന തുക 80 കോടി രൂപയാണ്. NABARD Tranche XXVIII - 2022-23-ൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി 20,674.36 ലക്ഷം രൂപയ്ക്ക് പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. ഇതിൽ 4947.80 ലക്ഷം രൂപയുടെ പദ്ധതികൾ മനുഷ്യ-വന്യജീവി സംഘർഷ പ്രതിരോധത്തിനുള്ളവയാണ്. മനുഷ്യ-വന്യജീവി സംഘർഷം പ്രതിരോധിക്കുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടെയുള്ള ആകെ പദ്ധതികളിൽ 6,552.96 ലക്ഷം രൂപയുള്ള 6 പദ്ധതികൾക്ക് 20-02-2023-ലെ G.O(Ms)No.5/23/F&WLD പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേയ്ക്ക് ഇറങ്ങുന്നത് തടയുന്നതിനുവേണ്ടി സമർപ്പിച്ച 4947.80 ലക്ഷം രൂപയുടെ 4 പദ്ധതികളിൽ ഈസ്റ്റേൺ സർക്കിളിൽനിന്നും സമർപ്പിച്ച 586.11 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

## വന്യജീവി ആക്രമണങ്ങൾക്ക് നഷ്ടപരിഹാരം

178(2848) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങളിൽ മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കും പരിക്കേറ്റവർക്കും ഫണ്ടിന്റെ അപര്യാപ്തതമൂലം നഷ്ടപരിഹാരം അനുവദിക്കാൻ കഴിയാത്ത എത്ര കേസുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; ഫണ്ട് ലഭിക്കാത്തതിന്റെ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങളിൽ മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കും പരിക്കേറ്റവർക്കും ഫണ്ടിന്റെ അപര്യാപ്തതമൂലം നഷ്ടപരിഹാരം അനുവദിക്കാൻ കഴിയാത്ത 1551 കേസുകൾ നിലവിലുണ്ട്. അധിക തുക ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വന്യജീവി ആക്രമണങ്ങളിൽ പരിക്കേൽക്കുന്നവർക്കും മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനായി കേന്ദ്രഫണ്ട് ലഭ്യമാകുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഫണ്ട് മുൻവർഷങ്ങളിൽ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോ; 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ വർഷവും ഈ ഇനത്തിൽ കേന്ദ്രസർക്കാർ അനുവദിച്ച ഫണ്ടിന്റെ വിശദാംശം നൽകുമോ?

വന്യജീവി ആക്രമണങ്ങളിൽ പരിക്കേൽക്കുന്നവർക്കും മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതികളായ പ്രോജക്ട് എലിഫന്റ്, ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്സ്- പ്രൊട്ടക്ഷൻ ഓഫ് വൈൽഡ് ലൈഫ്- ഔട്ട് സൈഡ് പ്രൊട്ടക്ടഡ് ഏരിയ സ്കീമുകളിൽ തുക ലഭിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ വർഷവും പ്രസ്തുത സ്കീമുകളിൽ നഷ്ടപരിഹാരം നൽകുന്നതിനായി കേന്ദ്ര സർക്കാർ അനുവദിച്ച തുകയുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

**വന്യജീവി ആക്രമണങ്ങൾക്ക് വിധേയരായവർക്കുള്ള നഷ്ടപരിഹാരം**

179(2849) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) വന്യജീവികളുടെ ആക്രമണംമൂലം 2022-23 കാലഘട്ടത്തിൽ സംസ്ഥാനത്ത് എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നും എത്ര പേർക്ക് പരിക്ക് പറ്റിയിട്ടുണ്ടെന്നുമുള്ള വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

വന്യജീവികളുടെ ആക്രമണംമൂലം 2022-23 കാലഘട്ടത്തിൽ മരണപ്പെട്ടവരുടെയും പരിക്ക് പറ്റിയിട്ടുള്ളവരുടെയും ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം -1+ ആയി ചേർക്കുന്നു.

(ബി) ഇതിൽ എത്ര പേർക്ക്/ആശ്രിതർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും ഇനിയും എത്ര പേർക്ക് ധനസഹായം കിട്ടാനുണ്ടെന്നും അറിയിക്കാമോ?

ധനസഹായം അനുവദിച്ചിട്ടുള്ളതിന്റെയും ഇനി അനുവദിക്കാനുള്ളവരുടെയും ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധം-2+ ആയി ചേർക്കുന്നു.

## മുള്ളൻ പന്നികളെ നിയന്ത്രിക്കുന്നതിന് നടപടി

180(2850) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) മുള്ളൻ പന്നികൾ നാട്ടിൻപുറങ്ങളിലുൾപ്പെടെ വ്യാപകമായി കൃഷിനാശം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുള്ളൻ പന്നികൾ വ്യാപകമായ തോതിൽ കൃഷിനാശം ഉണ്ടാക്കുന്നതായുള്ള പരാതികൾ ലഭിച്ചിട്ടില്ല.

(ബി) ഇവയെ നിയന്ത്രിക്കുന്നതിന് വനം വകുപ്പിന് സ്വീകരിക്കാവുന്ന നടപടികൾ എന്തൊക്കെയെന്നറിയിക്കാമോ?

ഉത്തരം (എ)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## വന്യജീവി ആക്രമണം തടയാൻ നടപടി

181(2851) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസ മേഖലകളിൽ വന്യജീവികളുടെ സാന്നിധ്യവും ആക്രമണവും വർദ്ധിച്ചുവരുന്നതിനാൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി വനം വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

വന്യജീവികൾ ജനവാസ മേഖലകളിലിറങ്ങുന്നത് തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജവേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്,

ജൈവവേലി എന്നിവ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നിർമ്മിക്കുകയും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുന്നു. വനം വകുപ്പ് 2023 ജനുവരിവരെ നടത്തിയ പ്രതിരോധ പ്രവൃത്തികളുടെ വിവരം അനുബന്ധം-1+ ആയി ചേർക്കുന്നു. വന്യമൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങുന്ന സന്ദർഭത്തിൽ പരിസരവാസികൾക്ക് മുന്നറിയിപ്പ് നൽകുന്നതിന് എസ്.എം.എസ്. സംവിധാനം നടപ്പാക്കിയിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജനപങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 261 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി അതത് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരെ നോഡൽ ഓഫീസർമാരായി ചുമതലപ്പെടുത്തി 26-12-2022-ലെ G.O(Rt) 578/2022/F&WLD പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് അനുബന്ധം-2+ ആയി ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഏറനാട് നിയോജകമണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണം തടയുന്നതിന് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം നൽകാമോ; പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഏറനാട് നിയോജകമണ്ഡലത്തിൽ വന്യജീവികളുടെ ആക്രമണം തടയുന്നതിനായി നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും ചെലവാക്കിയ തുകയും അനുബന്ധം -3+ ആയി ചേർക്കുന്നു.

(സി) വന്യജീവി ആക്രമണം ശാശ്വതമായി തടയുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ട് ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ വിഭാവനം ചെയ്യുന്നതിനും KFRI, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, വെറ്ററിനറി യൂണിവേഴ്സിറ്റി, ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ, തദ്ദേശവാസികൾ എന്നിവരുമായി ബന്ധപ്പെട്ട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കിൾ നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വന്യജീവി ആക്രമണം

182(2852) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വന്യജീവികളുടെ മനുഷ്യവാസ മേഖലയിലേയ്ക്കുള്ള കടന്നുകയറ്റം സംബന്ധിച്ച വിഷയങ്ങൾ സമഗ്ര പഠനത്തിന് വിധേയമാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള സംസ്ഥാനതല സ്ട്രാറ്റജി രൂപീകരിക്കുന്നതിനുള്ള പഠനത്തിനായി വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, കേരള വനം വകുപ്പ്, പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ എന്നിവരുമായി ചേർന്ന് 13-11-2018-ൽ ഒരു MoU ഒപ്പുവയ്ക്കുകയും അതുപ്രകാരം പ്രസ്തുത പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഇടക്കാല റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. അന്തിമ റിപ്പോർട്ട് നാളിതുവരെ ലഭിച്ചിട്ടില്ല. ടി പഠനം നടത്തിയതുമായി ബന്ധപ്പെട്ട പ്രോജക്ട് പ്രൊപ്പോസലിൽ കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കുന്നത് താഴെപ്പറയുന്ന കാരണങ്ങളാലാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

1. കാടിനുചുറ്റുമുള്ള കൃഷിയിടങ്ങളുടെ വിസ്തൃതി വർദ്ധിച്ചിരിക്കുന്നു. കൃഷി സമ്പ്രദായം മാറി, കർഷകർ കരിമ്പ്, വാഴ പോലുള്ള വാണിജ്യ വിളകൾ വർദ്ധിച്ച തോതിൽ കൃഷി ചെയ്യാനാരംഭിച്ചു.

2. മനുഷ്യരും വളർത്തുമൃഗങ്ങളും വന്യജീവി മേഖലകളിൽ സഞ്ചരിക്കുന്നതും തങ്ങുന്നതും ചിലപ്പോൾ അപകടങ്ങൾക്കിടയാക്കുന്നു.

3. ആവാസ മേഖലകൾ ചെറുകഷണങ്ങളായി മുറിഞ്ഞുപോകുന്നതുമൂലം വന്യജീവികളുടെ സ്വൈരവിഹാരം തടസ്സപ്പെടുന്നതിനും വന്യജീവികൾ ജനവാസ മേഖലകളിലേയ്ക്ക് ഇറങ്ങുന്നതിനും കാരണമാകുന്നു.

4. അധിനിവേശ വിദേശ സസ്യങ്ങളും ജീവികളും വന്യജീവികൾക്ക് ഭക്ഷ്യ ലഭ്യത കുറയ്ക്കുന്നു.

5. യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ മുതലായ വിദേശ ഇനം സസ്യങ്ങൾ വനത്തിനുള്ളിലും പുൽമേട്ടുകളിലും മറ്റും തോട്ടമായി മുൻകാലങ്ങളിൽ നട്ടുവളർത്തിയത് ആവാസ വ്യവസ്ഥകളുടെ ഗുണനിലവാരം നശിപ്പിച്ചു.

6. ആധുനിക വാർത്താവിനിമയ വിവരസാങ്കേതിക സൗകര്യങ്ങൾ വർദ്ധിച്ച അളവിൽ ഉപയോഗപ്പെടുത്തുന്നതുമൂലം മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

## പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ വന്യമൃഗ ശല്യം പരിഹരിക്കാൻ നടപടി

183(2853) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വന്യമൃഗ ശല്യത്തിന് പരിഹാരം കാണുന്നതിനായി വനമേഖലയുമായി അതിർത്തി പങ്കിടുന്ന ജനവാസകേന്ദ്രങ്ങളിൽ വന്യമൃഗ പ്രതിരോധ സംവിധാനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ വന മേഖലയുമായി അതിർത്തി പങ്കിടുന്ന പമ്പ റെയിഞ്ചിലെ എരുമേലി പഞ്ചായത്തിലുൾപ്പെട്ട പമ്പാവാലിയിലെ ജനവാസമേഖലകളിൽ വന്യമൃഗ പ്രതിരോധ സംവിധാനങ്ങളുടെ ഭാഗമായി 21.68 കി.മി ദൂരത്തിൽ സോളാർവേലിയും 11.09 മീറ്റർ ദൂരത്തിൽ ട്രഞ്ചും സ്ഥാപിച്ചിട്ടുണ്ട്. സോളാർ വേലിയുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനായി ലൈൻമാൻമാരേയും നിയോഗിച്ചിട്ടുണ്ട്. കൂടാതെ പെരിയാർ വെസ്റ്റ് ഡിവിഷൻ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്ന റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനവും ഉപയോഗിച്ചുവരുന്നു.

കോട്ടയം ഡിവിഷനിലെ എരുമേലി റെയിഞ്ചിന്റെ അധീനതയിൽ വരുന്നതും പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്നതുമായ വനമേഖലയോട് ചേർന്ന കൃഷിയിടങ്ങളിൽ വന്യജീവി ശല്യം കുറയ്ക്കുന്നതിനായി വനാതിർത്തി പങ്കിടുന്ന കോരുത്തോട്, മുണ്ടക്കയം, എരുമേലി പഞ്ചായത്തുകളിൽ 42.66 കി.മി. ദൂരത്തിൽ സൗരോർജ്ജവേലി നിർമ്മിച്ചിട്ടുള്ളതാണ്. കൂടാതെ ദിവസവേതന വാച്ചർമാരെയുൾപ്പെടുത്തി സൗരോർജ്ജവേലികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൃത്യമായ ഇടവേളകളിൽ സൗരോർജ്ജവേലികളുടെ സമീപത്തുള്ള അടിക്കാടുകൾ വെട്ടിത്തെളിച്ച് വേലിയുടെ പ്രവർത്തനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വന്യജീവി ആക്രമണം തടയുന്നതിനായി പ്രശ്നബാധിത മേഖലകളിലെ തദ്ദേശവാസികളെ പങ്കെടുപ്പിച്ച് ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുള്ളതും യോഗങ്ങൾ നിശ്ചിത സമയക്രമങ്ങളിൽ ചേർന്ന് പ്രവർത്തനം വിലയിരുത്തിവരുന്നതുമാണ്. തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി സൗരോർജ്ജ വേലികളുടെ സമീപത്തുള്ള അടിക്കാടുകൾ തെളിക്കുന്ന ജോലികൾ മുൻപിനാലെ വന്യജീവി സംഘർഷം രൂക്ഷമായ ചില മേഖലകളിൽ നടത്തിയിട്ടുള്ളതും ഭാവിയിലും ഗ്രാമപഞ്ചായത്ത്

അധികൃതരുമായി കൂടിയാലോചിച്ച് അത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുമുണ്ട്.

(ബി) വന്യമൃഗങ്ങളിൽനിന്ന് കൃഷി ഭൂമി സംരക്ഷിക്കുന്നതിനായി കോരുത്തോട് ഗ്രാമപഞ്ചായത്തിലെ പത്തേക്കർ മുതൽ പന്നിവെട്ടുംപാറവരെ അഞ്ഞൂറ് മീറ്റർ നീളത്തിൽ കിടങ്ങ് നിർമ്മിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള 12.43 ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

NABARD Tranche XXVIII (2022-23) വർഷത്തെ പദ്ധതികളിലുൾപ്പെടുത്തി ഹൈറേഞ്ച് സർക്കിൾ, മനുഷ്യ-വന്യജീവി സംഘർഷ പ്രതിരോധത്തിനായി 991.07 ലക്ഷം രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്നെങ്കിലും Tranche XXVIII-ന് അനുവദിച്ചിട്ടുള്ള അലോക്കേഷനുപരിയായുള്ള പദ്ധതി രേഖകൾ നബാർഡിന് ലഭ്യമാക്കിക്കഴിഞ്ഞതിനാൽ ഈ പദ്ധതിക്ക് നബാർഡിന്റെ അംഗീകാരം ലഭിച്ചില്ല.

## വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ പരിക്ക് പറ്റുന്നവർക്കുള്ള ധനസഹായം

184(2854) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങളുടെയും പാമ്പ്, തേനീച്ച തുടങ്ങിയ ജീവികളുടെയും ആക്രമണങ്ങളിൽ പരിക്ക് പറ്റുന്നവർക്കും മരണപ്പെടുന്നവർക്കും എന്തെല്ലാം സഹായങ്ങളാണ് വനം വകുപ്പിൽനിന്നും അനുവദിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിലുള്ള സഹായങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും ആയത് എത്ര കാലയളവിനുള്ളിൽ നൽകാനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

(എ&ബി) 05-04-2018-ലെ സ.ഉ.(കൈ)നം. 17/2018/വനം പ്രകാരമാണ് വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്കും മരണമടയുന്നവർക്കും (പാമ്പ് കടിയുൾപ്പെടെ) നഷ്ടപരിഹാരം നൽകിവരുന്നത്. ടി സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1+ ആയി ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തേനീച്ച, കടന്നൽ എന്നിവയുടെ കുത്തേറ്റ് ജീവഹാനി സംഭവിക്കുന്നവർക്ക് 25-10-2022-ലെ സ.ഉ.(കൈ)നം. 50/2022/വനം പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധം -2+ ആയി ചേർക്കുന്നു.

ഇത്തരത്തിലുള്ള സഹായങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ മേൽ സർക്കാർ ഉത്തരവുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കാനുള്ള കാലയളവിനെ സംബന്ധിച്ച് 17-12-2015-ലെ സ.ഉ(കൈ)104/2015/വനം നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധം-3+ ആയി ചേർക്കുന്നു.

## വന്യമൃഗങ്ങളുടെ കണക്കെടുപ്പ്

185(2855) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് ഡിവിഷനുകൾക്കുകീഴിൽ വനത്തിനുള്ളിലെ വന്യമൃഗങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഏതെല്ലാം വർഷങ്ങളിലാണ് കണക്കെടുപ്പ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടത്തിയതെന്നും ഏതൊക്കെ വന്യമൃഗങ്ങളുടെ കണക്കുകളാണ് ശേഖരിച്ചതെന്നും അറിയിക്കാമോ?

2011-ൽ കേരള സംസ്ഥാനത്ത് വന്യജീവി കണക്കെടുപ്പിന്റെ ഭാഗമായി നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് ഡിവിഷനുകളിൽ പ്രധാനപ്പെട്ട സസ്തനികളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ട്. തുടർന്ന് 2012-ലും 2017-ലും കേരളത്തിൽ ആനകളുടെ കണക്കെടുപ്പ് നടത്തുന്നതിന്റെ ഭാഗമായി പ്രസ്തുത ഡിവിഷനുകളിൽ ആനകളുടെ കണക്കെടുപ്പും 2018-ൽ ആൾ ഇന്ത്യാ ടൈഗർ എസ്റ്റിമേഷന്റെ ഭാഗമായി കടുവകളുടെ കണക്കെടുപ്പും നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ഡിവിഷനുകൾക്കുകീഴിൽ 2010 മുതലുള്ള കാലയളവിലെ ആനകളുടെ എണ്ണം വർഷവും റെയിഞ്ചും തിരിച്ച് ലഭ്യമാക്കാമോ; 2010 മുതൽ 2023 വരെയുള്ള കാലയളവിൽ ആനകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് എത്രയെന്നും ഇത് എത്ര ശതമാനം വരുമെന്നും അറിയിക്കാമോ?

മേൽ നടത്തിയ കണക്കെടുപ്പുപ്രകാരം പ്രസ്തുത ഡിവിഷനുകളിലെ ആനകളുടെ എസ്റ്റിമേഷൻ അനുബന്ധം-1+ ആയി ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത ഡിവിഷനുകൾക്കുകീഴിൽ അവസാനമായി നടത്തിയ കണക്കെടുപ്പിൽ ആനകളെ കൂടാതെ എത്ര വന്യമൃഗങ്ങളുണ്ടെന്ന് റെയിഞ്ചുകൾ തിരിച്ച് വിവരം ലഭ്യമാക്കാമോ; ഇതിനായി അവലംബിക്കുന്നത് ഏതു വർഷമെടുത്ത വന്യമൃഗങ്ങളുടെ കാനേഷുമാരി കണക്കുകളാണെന്ന് അറിയിക്കാമോ?

2011-ൽ കേരള സംസ്ഥാനത്ത് പ്രധാനപ്പെട്ട സസ്തനികളുടെ കണക്കെടുപ്പിന്റെ ഭാഗമായി നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് ഡിവിഷനുകളിൽ നടത്തിയ വന്യജീവി കണക്കെടുപ്പിൽ പ്രസ്തുത ഡിവിഷനുകളിൽ കണ്ടെത്തിയ മറ്റു മൃഗങ്ങളുടെ എസ്റ്റിമേഷൻ അനുബന്ധം-2+ ആയി ചേർക്കുന്നു.

(ഡി) വനത്തിനുള്ളിലെ ഓരോ ആനകളുടെയും ആവാസത്തിന് എത്ര വിസ്തീർണ്ണം സ്ഥലമാണ് വനം വകുപ്പ് കണക്കാക്കിയിട്ടുള്ളതെന്നും മലപ്പുറം ജില്ലയിൽ ആകെയുള്ള വനഭൂമിയുടെ വിസ്തീർണ്ണവും അവസാനത്തെ കണക്കെടുപ്പിൽ വനത്തിനുള്ളിലെ ആനകളുടെ എണ്ണവും റെയിഞ്ചുകൾ തിരിച്ച് ലഭ്യമാക്കാമോ?

വനത്തിനുള്ളിലെ ഓരോ ആനകളുടെയും ആവാസത്തിനുള്ള വിസ്തീർണ്ണം കണക്കാക്കിയിട്ടില്ല. മലപ്പുറം ജില്ലയിൽ ഈ സർക്കിളിന്റെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിധിയിലുള്ള നിലമ്പൂർ നോർത്ത് ഡിവിഷന്റെ വിസ്തീർണ്ണം 439.95 ച.കി.മീറ്ററും നിലമ്പൂർ സൗത്ത് ഡിവിഷന്റെ വിസ്തീർണ്ണം 323.37 ച.കി.മീറ്ററുമാണ്. റെയിഞ്ച് തിരിച്ചുള്ള ആനകളുടെ എണ്ണം ലഭ്യമല്ല.

**കാസർഗോഡ് ജില്ലയിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ**

186(2856) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫ്ലഡ് ഡാമേജ് വർക്ക് ലിസ്റ്റിലുൾപ്പെടുത്തി കാസർഗോഡ് മൈനർ ഇറിഗേഷൻ സമർപ്പിച്ച എത്ര പ്രവൃത്തികൾക്ക് 2022-23 വർഷത്തിൽ അനുമതി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ കുമ്പള പഞ്ചായത്തിലെ കോയിപ്പാടി തോടിലെ എക്കലും ചെളിയും നീക്കംചെയ്യുന്ന പ്രവൃത്തിക്ക് 2022-23 വർഷത്തിൽ ഫ്ലഡ് ഡാമേജ് ശീർഷകത്തിൽ (മൺസൂൺ മുന്നൊരുക്കം) ഉൾപ്പെടുത്തി 5 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്.

**ജലാശയങ്ങളുടെ ആസ്തി രജിസ്റ്റർ തയ്യാറാക്കാൻ നടപടി**

187(2857) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിഭവ വകുപ്പിന്റെ ആസ്തികളായി കണക്കാക്കിയിട്ടുള്ള ജലാശയങ്ങൾ, തോടുകൾ, പുഴകൾ, മറ്റ് ജലനിർഗ്ഗമന മാർഗ്ഗങ്ങൾ എന്നിവയുടെ നീളം, വീതി എന്നിവയുൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് അടിയന്തരമായി തയ്യാറാക്കാൻ നടപടി സ്വീകരിക്കാമോ;

(ബി) തോടുകളുടെയും പുഴകളുടെയും കുളങ്ങളുടെയും അതിർത്തികൾ വേർതിരിക്കാത്തത് കയ്യേറ്റങ്ങൾ വർദ്ധിക്കുന്നതിനും ആയത് ഒഴിപ്പിച്ചെടുക്കുന്നതിന് തടസ്സമാകുന്നുവെന്നതും കണക്കിലെടുത്ത് എത്രയും വേഗം ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

(എ&ബി) സംസ്ഥാനത്ത് ജലവിഭവ വകുപ്പിന്റെ ആസ്തികളായി കണക്കാക്കിയിട്ടുള്ള ജലാശയങ്ങൾ, തോടുകൾ, പുഴകൾ, മറ്റ് ജലനിർഗ്ഗമന മാർഗ്ഗങ്ങൾ എന്നിവയുടെ നീളം, വീതി എന്നിവയുൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ ജലാശയങ്ങൾ, തോടുകൾ, പുഴകൾ എന്നിവയുടെ വിശദാംശങ്ങളുൾപ്പെടുത്തി ഹരിതകേരളം മിഷൻ (ഫേസ് 1)-ന്റെ ഭാഗമായി watershed map അഥവാ നീർത്തടമാപ്പുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കി അതത് പഞ്ചായത്തുകളിൽ ലഭ്യമാക്കിയിട്ടുണ്ട്.

Minor Irrigation Water Body census 2017-18-ൽ തയ്യാറാക്കി സംസ്ഥാനത്തെ ജലാശയങ്ങളുടെ inventory details കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്.

കൂടാതെ, തോടുകളുടേയും പുഴകളുടേയും കുളങ്ങളുടേയും അതിർത്തികൾ വേർതിരിച്ച് കയ്യേറ്റങ്ങൾ തടയുന്നതുമായി ബന്ധപ്പെട്ട് കേരള ജല അതോറിറ്റിയുടെ അധീനതയിലുള്ള ശാസ്താംകോട്ട തടാകത്തിന്റെ സമീപമുള്ള ഭൂമി അളന്നതിട്ടപ്പെടുത്തി അതിർത്തിവേലി സ്ഥാപിച്ച്, കേരള ജല അതോറിറ്റിയുടെ ബോർഡ് സ്ഥാപിക്കാനുള്ള നടപടി കൈക്കൊള്ളാൻ പി.എച്ച്. ഡിവിഷൻ കൊല്ലം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ "ജിക്ക" കുടിവെള്ള പദ്ധതിയുടെ ഭാഗമായി ജല അതോറിറ്റിയിൽ ഉപരിതല ജലാശയങ്ങൾ, സ്വാഭാവിക ഡ്രെയിനേജ് എന്നിവയുടെ GIS ആസ്തി മാപ്പിംഗ് നടത്തിയിട്ടുണ്ട്. ഇതിന്റെ ഡാറ്റ ജല അതോറിറ്റിയുടെ വെബ്സൈറ്റിൽ "GIS Portal" എന്ന വിഭാഗത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

**സംസ്ഥാനത്തിന്റെ ജലസമ്പത്ത് സംബന്ധിച്ച് സമഗ്ര പഠനം**

188(2858) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന്റെ ജലവിഭവം സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന്റെ ജലവിഭവം സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടില്ല.

ഭൂജല സ്രോതസ്സുകളുടെ കാലാനുസൃതമായ (PERIODICAL) വിഭവ നിർണ്ണയം സംസ്ഥാന ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി നടത്തിവരുന്നുണ്ട്. മാർച്ച് 2022 വരെയുള്ള ഭൂജല സമ്പത്തിന്റെ കണക്കെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഭൂജലസ്ഥിതി സംബന്ധിച്ച് ഏറ്റവും പുതിയ കണക്കുകളുടെ അടിസ്ഥാനത്തിൽ (മാർച്ച് 2022 വരെയുള്ള) സംസ്ഥാനത്തെ ആകെ വാർഷിക ഭൂജല ലഭ്യത 5.19 ബി.സി.എമ്മും (BCM) ഭൂജല വികസനം 52.56 ശതമാനവുമാണ്.

2022 മാർച്ചുവരെയുള്ള ഭൂജല വിഭവ നിർണ്ണയ റിപ്പോർട്ടുപ്രകാരം ഭൂജല ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ബ്ലോക്കുകളെ ഗുരുതരം, അർദ്ധഗുരുതരം, സുരക്ഷിതം എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 3 എണ്ണം ഗുരുതര ബ്ലോക്കുകളും 27 അർദ്ധഗുരുതര ബ്ലോക്കുകളും 122

സുരക്ഷിത ബ്ലോക്കുകളും ആണ്. വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) സംസ്ഥാനത്തിന്റെ ജലസമ്പത്ത് സംബന്ധിച്ച പഠനം 1958-ലും 1984-ലും നടത്തിയതിനുശേഷം നാൽപത് വർഷത്തോളമായിട്ടും അത്തരമൊരു സമഗ്ര പഠനം നടത്തിയിട്ടില്ലെന്നത് കണക്കിലെടുത്ത് എത്രയും വേഗം ജലകമ്മീഷൻ രൂപീകരിച്ച് സമഗ്ര പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്തിന്റെ ജലസമ്പത്തുസംബന്ധിച്ച് 1958, 1974 എന്നീ വർഷങ്ങളിൽ പഠനം നടത്തിയിട്ടുണ്ട്. Water Resources Kerala 1974/ Central Water Commission എന്നിവയിൽ നിന്നുള്ള ജലവിഭവ വിവരങ്ങൾ നിലവിൽ ഉപയോഗിച്ചുവരുന്നുണ്ട്. Water Resources Kerala 1974-ലെ വിവരങ്ങളാണ് വകുപ്പിൽ ഔദ്യോഗികമായി ഉപയോഗിച്ചുവരുന്നത്. കേരളത്തിലെ പല നദികളെ സംബന്ധിച്ചും അന്തർ സംസ്ഥാന വിഷയങ്ങൾ നിലനിൽക്കുന്നുണ്ട്. ഒപ്പം ഈ വിഷയത്തിൽ കോടതികളിൽ കേസുകൾ നിലനിൽക്കുന്ന സാഹചര്യവുമുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ ഈ സാഹചര്യങ്ങളെല്ലാം കണക്കിലെടുത്തുമാത്രമേ പഠനം നടത്താൻ സാധിക്കുകയുള്ളൂ.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കെ.ഐ.പി. സ്ഥലം ജഡ്ജസ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനായി വിട്ടുനല്കൽ

189(2859) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂരിൽ ജഡ്ജസ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനായി കല്ലട ഇറിഗേഷൻ പ്രോജക്ട് (കെ.ഐ.പി)-ന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വിട്ടുകിട്ടുന്നതുസംബന്ധിച്ച് 03-6-2020-ന് അന്നത്തെ ബഹുമാനപ്പെട്ട വനം വന്യജീവി വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ജലവിഭവ വകുപ്പുമന്ത്രിയുടെ ചേംബറിൽ വച്ചുകൂടിയ യോഗത്തിൽ പുനലൂർ കെ.ഐ.പി.-യുടെ ഏകദേശം 1200 ചതുരശ്ര മീറ്റർ സ്ഥലത്തോടൊപ്പം കിണറും പമ്പ് ഹൗസും സ്ഥിതി ചെയ്യുന്ന സ്ഥലം കൂടി വിട്ടുനല്കുന്നതിന് തീരുമാനിച്ചിരുന്നെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള നിയമങ്ങൾക്കും വ്യവസ്ഥകൾക്കുമനുസൃതമായി കോടതിക്കായി സ്ഥലം വിട്ടുനല്കുന്നതിനുമുമ്പായി കെ.ഐ.പി.-യുടെ ക്യാമ്പസിൽ പുതിയ കിണറും പമ്പ്ഹൗസും പുനലൂർ കോടതിയുടെ ചെലവിലും ഉത്തരവാദിത്വത്തിലും നിർമ്മിച്ചുനൽകുന്നതിന് തീരുമാനിക്കുകയും ആയതിന്റെ തുടർനടപടികൾക്കായി കെ.ഐ.പി.,

കൊട്ടാരക്കര സൂപ്രണ്ടിംഗ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത യോഗതീരുമാനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുനലൂർ കെ.ഐ.പി.(എൽ.ബി.) സബ് ഡിവിഷൻ-1-ന്റെ ഉപയോഗത്തിലിരിക്കുന്ന കിണറും പമ്പ് ഹൗസും ഒഴികെ ദേശീയ പാതയോട് ചേർന്ന് ഉപയോഗശൂന്യമായ രണ്ട് ക്വാർട്ടേഴ്സുകളുൾപ്പെടുന്ന ഏകദേശം 1200 ച.മീ. സ്ഥലം കോടതി സമുച്ചയ നിർമ്മാണത്തിന്റെ ആവശ്യത്തിലേയ്ക്കായി നിലവിലുള്ള നിയമങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി വിട്ടുനൽകുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ കിണറും പമ്പ്ഹൗസും ഉൾപ്പെടുന്ന സ്ഥലം കൂടി, പുതിയ കിണറും പമ്പ്ഹൗസും KIP-യുടെ കാമ്പസിൽ പുനലൂർ കോടതിയുടെ ഉത്തരവാദിത്വത്തിൽ നിർമ്മിച്ചുനൽകണമെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തി വിട്ടു നൽകുന്നതിന് അനുമതി നൽകാവുന്നതാണെന്ന് 03-06-2020-ൽ അന്നത്തെ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. അതിന്മേൽ ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ കിണർ

നിർമ്മാണവുമായി ബന്ധപ്പെട്ട് കോടതിയുടെ ഭാഗത്തുനിന്നും വ്യവസ്ഥകൾ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള നടപടികളൊന്നും ഇതുവരെ ഉണ്ടായിട്ടില്ലെന്നും കിണറും പമ്പ് ഹൗസും കോടതിയുടെ ഉത്തരവാദിത്വത്തിൽ നിർമ്മിച്ചുനൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ജില്ലാ ജഡ്ജിക്ക് കത്ത് നൽകിയെങ്കിലും തിരുമാനം ഇതുവരെ എടുത്തിട്ടില്ലെന്നും പദ്ധതി വിഭാഗം-II ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കെ.ഐ.പി.-ക്കുവേണ്ടി പൊന്നും വിലയ്ക്കെടുത്ത ഭൂമി കൈമാറുന്നതിന് റവന്യൂ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്നും കിണറും പമ്പ് ഹൗസും നിർമ്മിച്ച് നൽകുന്ന മുറയ്ക്ക് 1200 ച.മീ. സ്ഥലം കൈമാറാവുന്നതാണെന്നും പ്രോജക്ട് വിഭാഗം-2, ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) പുനലൂർ കോർട്ട് കോംപ്ലക്സിന് ഓഫീസ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത നിർമ്മാണം നടത്തുന്നതിനായി തീരുമാനിച്ചിട്ടുള്ള ഭൂമി വിട്ടുനൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ; ആയത് എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് വിശദമാക്കുമോ?

മേൽ വിഷയം പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്.

**ഇറിഗേഷൻ മൈനർ, മേജർ വിഭാഗങ്ങൾക്ക് ഭരണാനുമതി**

190(2860) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ എത്ര രൂപയുടെ പദ്ധതികൾക്കാണ് ഇറിഗേഷൻ മൈനർ, മേജർ വിഭാഗങ്ങൾക്ക് ഭരണാനുമതി നൽകിയതെന്ന് സർക്കിൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) 2022-23-ൽ പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ ഭരണാനുമതി നൽകിയതിൽ ലഭിക്കാൻ അവശേഷിക്കുന്ന തുക എത്രയെന്ന വിവരം ലഭ്യമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ അനുവദിച്ച തുകയനുസരിച്ചുള്ള പ്ലാൻ, നോൺ പ്ലാൻ ഇനത്തിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയതിനുശേഷം മാത്രമേ അവശേഷിക്കുന്ന തുക എത്രയെന്ന് അറിയാൻ സാധിക്കുകയുള്ളൂ.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഇറിഗേഷൻ-ടൂറിസം പദ്ധതി

191(2861) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ-ടൂറിസം പദ്ധതി എന്താണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജലസേചന വകുപ്പിനുകീഴിലുള്ള ഡാമുകളുടെയും മറ്റു സ്ഥലങ്ങളുടെയും വിനോദസഞ്ചാര സാദ്ധ്യത പ്രയോജനപ്പെടുത്താനായി ഉദ്ദേശിച്ചുള്ള പദ്ധതിയാണ് ഇറിഗേഷൻ ടൂറിസം പദ്ധതി. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (KIIDC)-നെയാണ് ടൂറിസം പദ്ധതി നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുള്ളത്.

സംസ്ഥാനത്തെ ജലവിഭവ വകുപ്പിനുകീഴിൽ വരുന്ന ഡാം സൈറ്റുകൾ, ഒഴിഞ്ഞുകിടക്കുന്ന ഭൂമികൾ, ജലാശയങ്ങൾ മുതലായവയിൽ വിനോദ സഞ്ചാരവുമായി ബന്ധപ്പെട്ട് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാനും ഇതിൽനിന്നുള്ള വരുമാനം പൂർണ്ണമായി ഇറിഗേഷൻ വകുപ്പിന് ഉപയോഗപ്രദമാക്കി മാറ്റുന്നതിനും ഉദ്ദേശിച്ചുള്ള പദ്ധതിയാണ് ഇറിഗേഷൻ ടൂറിസം.

(ബി) പ്രസ്തുത പദ്ധതി ഏതൊക്കെ മണ്ഡലങ്ങളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഇറിഗേഷൻ ടൂറിസം നടപ്പാക്കുന്നതിന് ബഹു.മാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 03-11-2022-ന് യോഗം കൂടുകയും ഓരോ പ്രോജക്ട് ഡിവിഷന്റേയും കീഴിൽ എത്രമാത്രം സ്ഥലമുണ്ടെന്ന വിവരവും നിലവിലുള്ള ഡാമും പരിസരവും അല്ലാതെ ടൂറിസത്തിന് അനുയോജ്യമായ സ്ഥലങ്ങൾ, ടേക്ക് എ ബ്രേക്കിന് അനുയോജ്യമായ സ്ഥലങ്ങൾ എന്നിങ്ങനെ ടൂറിസത്തിന് അനുയോജ്യമായ സ്ഥലങ്ങളുടെ വിവരങ്ങൾ തയ്യാറായിവരുന്നു.

ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം - I -ന്റെ കാര്യാലയത്തിനുകീഴിൽ കുറ്റ്യാടി, കാരാപ്പുഴ, കാഞ്ഞിരപ്പുഴ, മലമ്പുഴ, മംഗലം, പോത്തുണ്ടി എന്നീ പദ്ധതികളിൽ ഇറിഗേഷൻ ടൂറിസം പദ്ധതി നിലവിലുണ്ട്. നിയമസഭാ മണ്ഡലങ്ങൾ താഴെ പറയും പ്രകാരമാണ്.

- കുറ്റ്യാടി - പെരുവണ്ണാമൂഴി : പേരാമ്പ്ര
- തോണിക്കടവ്-കരിയത്തൻപാറ : ബാലുശ്ശേരി
- കാരാപ്പുഴ : കൽപ്പറ്റ കാഞ്ഞിരപ്പുഴ : കോങ്ങാട്
- മലമ്പുഴ : മലമ്പുഴ
- മംഗലം : ആലത്തൂർ

- പോത്തുണ്ടി : നെൻമാറ

കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (KIIDC) വകുപ്പിന്റെ ധനസഹായത്തോടെ വിവിധ ടൂറിസം പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട്. അതിൽ ഡാം ടൂറിസവുമായി ബന്ധപ്പെട്ട് നിലവിൽ പുരോഗമിച്ചുവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

പടിയൂരിലെ പഴശ്ശി അണക്കെട്ടിലും പരിസര പ്രദേശങ്ങളിലും ഇക്കോ ടൂറിസം വികസനം: റോഡ്, റെസ്റ്റോറന്റ്, വുഡൻ ഡെക്ക്, പ്രവേശന കവാടം, ടോയ്ലറ്റ് ബ്ലോക്ക്, വൈദ്യുതീകരണം തുടങ്ങിയവയുൾപ്പെടുന്ന 5.66 കോടി രൂപയുടെ പദ്ധതി.

കൊല്ലം ജില്ലയിലെ തെന്മല അണക്കെട്ടിലും പരിസരപ്രദേശങ്ങളിലും ഇക്കോ ടൂറിസം വികസനവും മെച്ചപ്പെടുത്തലും, നടപ്പാത, കുട്ടികളുടെ കളിസ്ഥലം, ഇരിപ്പിടം, സെക്യൂരിറ്റി റൂമും ക്ലോക്ക് റൂമും, പവലിയൻ, വ്യൂ പോയിന്റ്, കെട്ടിട നവീകരണം, ടോയ്ലറ്റ് നവീകരണം, വൈദ്യുതീകരണം, ലാൻഡ്സ്കേപ്പിംഗ് തുടങ്ങിയവ ഉൾപ്പെടുന്ന 4.49 കോടി രൂപയുടെ പദ്ധതി.

(സി) അരൂർ മണ്ഡലത്തിൽ പെരുമ്പളം നോർത്ത് പ്രദേശത്ത് ഇറിഗേഷൻ-ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

വിനോദ സഞ്ചാരത്തിന് യോഗ്യമായ ഇടങ്ങൾ കണ്ടെത്തുന്നതിനും അപ്രകാരമുള്ള വിശദ റിപ്പോർട്ട് സമർപ്പിക്കാനും ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് വിവരങ്ങൾ സമർപ്പിക്കുന്നതിനായി മറ്റ് ചീഫ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ജലസേചന വകുപ്പിനുകീഴിൽ വിനോദസഞ്ചാര യോഗ്യമായതും വിനോദസഞ്ചാര സാധ്യതയുള്ളതുമായ പ്രദേശങ്ങൾ തിരിച്ചറിഞ്ഞ് ആയതിന്റെ വിവരങ്ങളും വിശദ റിപ്പോർട്ടും തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

**ഒറ്റപ്പാലം മണ്ഡലത്തിലെ മൈനർ/മേജർ ഇറിഗേഷൻ പദ്ധതികൾ**

192(2862) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ നടപ്പാക്കുന്ന മൈനർ/മേജർ ഇറിഗേഷൻ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**തിരൂരങ്ങാടിയിലെ വെഞ്ചാലി കാപ്പ് നവീകരണം**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

193(2863) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ തിരൂരങ്ങാടി നഗരസഭയിൽപ്പെട്ട വെഞ്ചാലി കാപ്പ് നവീകരണവുമായി ബന്ധപ്പെട്ട് നിലവിൽ ഏതെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് അനുമതി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് ഓഫീസിലാണ്; ആയതിന്റെ ഫയൽ നമ്പർ ലഭ്യമാക്കാമോ?

(എ-സി) തിരൂരങ്ങാടി മണ്ഡലത്തിലെ തിരൂരങ്ങാടി നഗരസഭയിൽപ്പെട്ട വെഞ്ചാലി കാപ്പ് നവീകരണവുമായി ബന്ധപ്പെട്ട് നിലവിൽ സർക്കാരിന്റെ പരിഗണനയിൽ പദ്ധതികളില്ല. എന്നാൽ ഇതുസംബന്ധിച്ച പ്രൊപ്പോസൽ മിഷൻ അമൃത് സരോവർ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മുൻഗണനാ ലിസ്റ്റിൽ ഒന്നാം നമ്പറായി ഉൾപ്പെടുത്തി, 01-06-2022-ലെ കത്ത് നമ്പർ ഡി5-1655/2022, പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ ഡിവിഷൻ മലപ്പുറം

കാര്യാലയത്തിൽനിന്നും 20-06-2022-ന് ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ, MGNREGS, മലപ്പുറത്തിന് ഇ-മെയിൽ മുഖാന്തരം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

**അങ്കമാലി മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ**

194(2864) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിൽ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ പ്ലാൻ, നോൺപ്ലാൻ ഇനങ്ങളിൽ മൈനർ, മേജർ ഇറിഗേഷൻ വിഭാഗങ്ങളിൽ എത്ര പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയതെന്നതിന്റെ പട്ടിക ഇനം തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഭരണാനുമതിക്കായി ചീഫ് എഞ്ചിനീയർ നൽകിയ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകാനുള്ളത്; ആയത് അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

1.20 കോടി രൂപയുടെ "Construction of new LI scheme from Periyar river to Thekkumbhagam branch canal of Thiruvilamchuzhi

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIS in Kanjoor GP" എന്ന പ്രവൃത്തിക്ക് അധികഫണ്ട് ലഭ്യമാക്കി ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിന് വകയിരുത്തിയ തുക**

195(2865) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിനായി 2023-24 സാമ്പത്തിക വർഷം എത്ര തുകയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്ന് ശീർഷകം തിരിച്ച് വ്യക്തമാക്കാമോ?

പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിനായി 2023-24 സാമ്പത്തിക വർഷത്തിൽ 2700-01-101-98-18 എന്ന ശീർഷകത്തിൽ 8 കോടി രൂപ (കനാൽ അറ്റകുറ്റപ്പണികൾ, പുനരുദ്ധാരണ പ്രവൃത്തികൾ), 2700-01-101-98-82 എന്ന ശീർഷകത്തിൽ 8 ലക്ഷം രൂപ (ഗാർഡൻ) എന്നീ തുകയുമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

(ബി) 2023-24 വർഷത്തിൽ പ്രസ്തുത പ്രോജക്ടിൽ ഏതെല്ലാം പ്രവൃത്തികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2023-24 സാമ്പത്തിക വർഷത്തിൽ പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടിൽ കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ, അടിയന്തര പുനരുദ്ധാരണ പ്രവൃത്തികൾ, ബ്രീച്ച് രൂപപ്പെടുന്നത് പരിഹരിക്കൽ, ഗാർഡനുകൾ പരിപാലനം ചെയ്യുന്നതിനുള്ള പ്രവൃത്തികൾ, ഹെഡ് വർക്കുകളുടെ അറ്റകുറ്റപ്പണികളും പുനരുദ്ധാരണവും ഉൾപ്പെടെയുള്ള പ്രവൃത്തികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്.

(സി) തകർന്ന കനാലുകളുടെ പുനർനിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും വകയിരുത്തിയ തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

കനാലുകളുടെ അറ്റകുറ്റപ്പണികൾക്കും പുനരുദ്ധാരണത്തിനുമായി 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**മേപ്പാടം-മുതാരുകുളമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

196(2866) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തരൂർ മണ്ഡലത്തിലെ മേപ്പാടം-മുതാരുകുളമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നിലവിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

തരൂർ മണ്ഡലത്തിലെ മുതാരുകുളമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് 226 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിക്ക് സാങ്കേതികാനുമതി നൽകി അടിയന്തരമായി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ചരിത്ര പ്രാധാന്യമുള്ളതും പഴക്കമുള്ളതുമായ ജലാശയങ്ങളുടെ നവീകരണം

197(2867) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസാദി കാ അമൃത് മഹോത്സവിന്റെ ഭാഗമായി ചരിത്ര പ്രാധാന്യമുള്ളതും നൂറ് വർഷത്തിലധികം പഴക്കമുള്ളതുമായ ജലാശയങ്ങൾ നവീകരിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയിലേയ്ക്ക് സംസ്ഥാനത്തുനിന്നും ജലവിഭവ വകുപ്പുമുഖേന പ്രൊപ്പോസലുകൾ അയച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ആസാദി കാ അമൃത് മഹോത്സവ് പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര ജലവിഭവ വകുപ്പിൽ നിന്നും ആവശ്യപ്പെട്ടതനുസരിച്ച്, കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും 24 കുളങ്ങളെ (Ponds/Tanks) അമൃത് സരോവർ ആയി തിരിച്ച് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ പ്രോജക്ട് കൺസൾട്ടിംഗ് ഏജൻസിയായ വാപ്കോസ് ലിമിറ്റഡ് മുഖാന്തരം മേൽ പദ്ധതിയിലേയ്ക്ക് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ; ഏതെല്ലാം നിയോജകമണ്ഡലങ്ങളിലെ ഏതെല്ലാം പദ്ധതികളുടെ പ്രൊപ്പോസലുകളാണ് നൽകിയതെന്ന വിശദാംശം ലഭ്യമാക്കാമോ?

സർക്കാർ വാപ്കോസ് ലിമിറ്റഡ് മുഖാന്തരം മേൽ പദ്ധതിയിലേയ്ക്ക് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല.

(സി) മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച ആശയവിനിമയങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; ഇവയ്ക്ക് സർക്കാർ നൽകിയ മറുപടികളുടെ പകർപ്പുകളും ലഭ്യമാക്കാമോ?

കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച ആശയവിനിമയ കത്തുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ഡി) മേൽ പദ്ധതിയിലേയ്ക്ക് ഏതെങ്കിലും ജലാശയങ്ങളെ തെരഞ്ഞെടുത്തതായി കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാനത്തിന് അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ലഭിച്ചിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ അരിയല്ലൂർ ബീച്ചിൽ പരപ്പാൽ തീരസംരക്ഷണം

198(2868) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ അരിയല്ലൂർ ബീച്ചിൽ പരപ്പാൽ തീരസംരക്ഷണ പ്രവൃത്തിയുടെ ഡിസൈൻ ചെയ്യുന്നതിന് ഹൈഡ്രോളിക് മോഡൽ പഠനം നടത്തുന്നതിനായി സ്വീകരിച്ചുവരുന്ന തുടർപ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

മലപ്പുറം ജില്ലയിൽ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ അരിയല്ലൂർ ബീച്ചിൽ പരപ്പാൽ തീരസംരക്ഷണ പ്രവൃത്തിയുടെ ഹൈഡ്രോളിക് മോഡൽ സ്റ്റഡി നടത്തുന്നതിനായി എം.ഒ.യു. ഒപ്പുവയ്ക്കുന്നതിനായി മലപ്പുറം ഇറിഗേഷൻ ഡിവിഷൻ കാര്യാലയത്തിൽനിന്നും സി.ഡബ്ല്യ.പി.ആർ.എസ്. (CWPRS) പൂനെ-യ്ക്ക് അയച്ചുനൽകിയിട്ടുണ്ട്. ഒപ്പുവച്ച് ലഭിക്കുന്ന മുറയ്ക്ക് പഠനം ആരംഭിക്കാവുന്നതാണ്

(ബി) പ്രസ്തുത പഠനം നടത്തുന്നതിനായി നിലവിൽ നിയോഗിച്ചിരിക്കുന്ന എജൻസിയെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

Central Water and Power Research Station, Pune എന്ന കേന്ദ്ര ഗവേഷണ സ്ഥാപനത്തെയാണ് പഠനം നടത്താനായി നിയോഗിച്ചിരിക്കുന്നത്.

(സി) ഹൈഡ്രോളിക് മോഡൽ പഠനം പൂർത്തിയാകുന്ന മുറയ്ക്ക് അരിയല്ലൂർ ബീച്ചിൽ പരപ്പാൽ തീരസംരക്ഷണ പ്രവൃത്തിയുടെ ഡിസൈൻ പ്രവർത്തനങ്ങൾ ഏതുതരത്തിൽ നിർവ്വഹിക്കാനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഹൈഡ്രോളിക് മോഡൽ സ്റ്റഡി നടത്തി പ്രസ്തുത സ്ഥലത്തിന് അനുയോജ്യമായ തീരസംരക്ഷണ നിർമ്മിതിയുടെ രൂപകല്പന ചെയ്തു കിട്ടിയാൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്

**കൊച്ചി കായലിലെ എക്കലും ചെളിയും നീക്കം ചെയ്യാൻ നടപടി**

199(2869) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി കായലിൽ നിറഞ്ഞുകിടക്കുന്ന എക്കലും ചെളിയും നീക്കം ചെയ്ത് ജലയാനങ്ങളുടെ യാത്രയും മത്സ്യബന്ധനവും സുഗമമാക്കുന്നതിനായി ഏതെങ്കിലും പദ്ധതികൾ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ&ബി) കൊച്ചി കായലിലെ എക്കലും ചെളിയും നീക്കം ചെയ്ത് ജലയാനങ്ങളുടെ യാത്രയും മത്സ്യബന്ധനവും സുഗമമാക്കുന്നതിനായി എറണാകുളം ജില്ലയിലെ കണ്ണങ്ങാട്ട് വില്ലിംഗ്ടൺ ഐലന്റ് ബ്രിഡ്ജ് മുതൽ അരൂർ ബ്രിഡ്ജ് വരെയുള്ള (ഇടക്കൊച്ചി - അരൂർ) വേമ്പനാട്ട് കായലിന്റെ ആഴംകൂട്ടൽ - റീച്ച് -1 എന്ന 120 ലക്ഷം രൂപയുടെ പ്രവൃത്തിയും ഫോർട്ടു കൊച്ചി മുതൽ മട്ടാഞ്ചേരി വരെയുള്ള SWTD ബോട്ട് റൂട്ടിന്റെ ആഴം കൂട്ടലിന് മൂന്ന് റീച്ചുകളിലായി റീച്ച് ഒന്നിനും രണ്ടിനും 193 ലക്ഷം രൂപയുടെ വീതം പ്രവൃത്തികളും റീച്ച് മൂന്നിൽ 198 ലക്ഷം രൂപയുടെ പ്രവൃത്തിയും ഇപ്പോൾ നടന്നുവരുന്നു.

കൂടാതെ എറണാകുളം ജില്ലയിൽ പെരുമ്പടപ്പ് കുമ്പളങ്ങി പാലം മുതൽ കണ്ണമാലി വരെയുള്ള വേമ്പനാട് കായലിന്റെ ആഴംകൂട്ടലിന് 452 ലക്ഷം രൂപയുടെയും ഇടക്കൊച്ചി അരൂർ പാലം മുതൽ പെരുമ്പടപ്പ് കുമ്പളങ്ങി പാലം വരെയുള്ള വേമ്പനാട്ട് കായലിന്റെ ആഴം കൂട്ടലിന് 950 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ ഡി.പി.ആർ. പ്രകാരം പ്രവൃത്തിയിലൂടെ ലഭിക്കുന്ന മണ്ണിന്റെ അളവ് വളരെ

കൂടുതലായതിനാൽ താല്പര്യപത്രം (Expression of interest) ക്ഷണിച്ച് പ്രവൃത്തി നടപ്പാക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

(സി) ഇപ്രകാരം നീക്കം ചെയ്യുന്ന എക്കലും ചെളിയും വെള്ളക്കെട്ടുമൂലം ദുരിതമനുഭവിക്കുന്ന താഴ്ന്ന പ്രദേശങ്ങളിൽ നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ജലപാതകളുടെ ആഴവും വീതിയും കൂട്ടുന്ന പ്രവൃത്തികളിൽ നിന്നുലഭിക്കുന്ന സ്പോയിലിന്റെ ഘടന പരിശോധിച്ചശേഷമാണ് അതിന്റെ ഉപയോഗം നിശ്ചയിക്കപ്പെടുന്നത്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പോലെ നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി മാത്രമേ ടി സ്പോയിൽ നിക്ഷേപിക്കുന്ന പ്രദേശങ്ങൾ തിരഞ്ഞെടുക്കാൻ കഴിയൂ.

**പുഴയോര സംരക്ഷണം**

200(2870) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുഴയോര സംരക്ഷണത്തിനായി ജലവിഭവ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

നദികളുടെ തീരസംരക്ഷണത്തിനുവേണ്ടി flood damages/flood control എന്നീ നോൺ പ്ലാൻ ശീർഷകങ്ങളിൽ ലഭ്യമായ ഫണ്ട് വിനിയോഗിച്ച് പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. കൂടാതെ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ചും ഇടിഞ്ഞുപോയ നദീതീരങ്ങൾ കരിങ്കൽ/കോൺക്രീറ്റ് ഉപയോഗിച്ച് സംരക്ഷണ ഭിത്തികൾ നിർമ്മിച്ച് പരിപാലിച്ചുവരുന്നു.

കരിങ്കൽ/കോൺക്രീറ്റ് തുടങ്ങിയവയുപയോഗിച്ച് സംരക്ഷിക്കാൻ സാധ്യമല്ലാത്ത ഭാഗങ്ങളിൽ ജൈവ വൈവിധ്യങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള സംരക്ഷണ പ്രവൃത്തികൾ നടപ്പാക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായങ്ങൾ നൽകിവരുന്നു.

(ബി) പട്ടാമ്പി മണ്ഡലത്തിലൂടെ ഒഴുകുന്ന ഭാരതപ്പുഴയുടെ തീരങ്ങൾ സൗന്ദര്യവത്കരിക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങളെ ആകർഷിക്കുന്ന തരത്തിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നതിന്റെ വിശദാംശം നൽകുമോ?

പട്ടാമ്പി മണ്ഡലത്തിലൂടെ ഒഴുകുന്ന ഭാരതപ്പുഴയുടെ തീരങ്ങളിൽ പൊതു ജനങ്ങളെ ആകർഷിക്കുന്ന തരത്തിൽ സൗന്ദര്യവത്കരിക്കുന്നതിന്റെ

ഭാഗമായി 2021-22 എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ 90 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ഭരണാനുമതി ലഭിക്കുന്നതിനുവേണ്ടി വിശദമായ പദ്ധതിരേഖ ജില്ലാ കളക്ടർ, പാലക്കാടിന് 10-02-2023-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ ഡിവിഷൻ പാലക്കാടിന്റെ കാര്യാലയത്തിൽനിന്നും സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**പുഴയുടെ സമഗ്ര സംരക്ഷണം**

201(2871) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴകൾ സംരക്ഷിക്കുന്നതിനും പുഴയുടെ തീരങ്ങളിലെ കൃഷി, മൽസ്യകൃഷി, ടൂറിസം, ജൈവവേലി തുടങ്ങിയ ജീവനോപാധി പ്രവർത്തനങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനുമായി സമഗ്രമായ ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ;

(ബി) പുഴയുടെ സമഗ്ര സംരക്ഷണത്തോടൊപ്പം മറ്റ് വരുമാന മാർഗ്ഗങ്ങൾകൂടി ലഭിക്കുന്ന തരത്തിൽ പ്രത്യേകമായ പദ്ധതി തയ്യാറാക്കാനും വിവിധ വകുപ്പുകളുടെ ഫണ്ടുകൾ ലഭിക്കുന്നതിനുമായി നടപടി സ്വീകരിക്കാമോ?

(എ&ബി) പുഴകൾ സംരക്ഷിക്കുന്നതിനും തീരമിടിയുന്നതു തടയുന്നതിനും ഒപ്പം പുഴകളെ പുനരുജ്ജീവിപ്പിക്കുന്നതിന്റെയും ഭാഗമായി വിവിധ പദ്ധതികൾ ജലസേചന വകുപ്പ് പ്ലാൻ, നോൺ പ്ലാൻ (ഫ്ലഡ് കൺട്രോൾ, ഫ്ലഡ് ഡാമേജ് എന്നിവ) ഹെഡ്ഡുകളിൽ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു. ഇതിൽ പുഴകളുടെ വശങ്ങൾ കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിച്ചുകൊണ്ട് പുഴയുടെ തീരമിടിയുന്നത് തടഞ്ഞ് പുഴയുടെ സ്വാഭാവിക ഗതി തടസ്സപ്പെടാതെ ചെയ്യാൻ കഴിയുന്ന പ്രവൃത്തികളാണ് പ്രധാനമായും നടപ്പാക്കുന്നത്. ഹരിതകേരളം മിഷന്റെ ഒന്നാം ഘട്ടത്തിൽ പുഴകൾ വീണ്ടെടുക്കുന്നതിനായി 'പുഴ പുനരുജ്ജീവനി' എന്ന പദ്ധതി വിവിധ വകുപ്പുകൾ, ഏജൻസികൾ ഇവയുടെ നേതൃത്വത്തിൽ ജന പങ്കാളിത്തത്തോടെ (ഉദാ:വരട്ടാർ), ഹരിതകേരളം മിഷന്റെ 'ഇനി ഞാൻ ഒഴുകട്ടെ' എന്ന ആശയത്തിനുകീഴിൽ, പുഴകളിലേയ്ക്ക് എത്തിച്ചേരുന്ന ജലമാർഗ്ഗങ്ങൾ കണ്ടെത്തുകയും ആയതിന്റെ വീണ്ടെടുപ്പിലൂടെ പുഴകളിലൂടെ ജലം, വർഷം മുഴുവൻ ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങളും നടപ്പാക്കിയിട്ടുണ്ട്. പ്രളയത്തോടനുബന്ധിച്ചും കാലാകാലങ്ങളായും കേരളത്തിലെ പുഴകളിൽ അടിഞ്ഞുകൂടിയ എക്കലും മണ്ണും വകുപ്പ് നീക്കം ചെയ്ത്, ആയതുപയോഗിച്ച് പുഴയുടെ ബണ്ട് ബലപ്പെടുത്തി പറ്റുന്നയിടങ്ങളിൽ കയർ ഭൂവസ്ത്രം വിരിച്ച്

സംരക്ഷിച്ചിട്ടുണ്ട്. പുഴയുടെ സമഗ്ര സംരക്ഷണത്തോടൊപ്പം മറ്റുവരുമാന മാർഗ്ഗങ്ങൾകൂടി ലഭിക്കുന്ന തരത്തിൽ പ്രത്യേകമായ പദ്ധതി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മാത്രമേ നടപ്പാക്കാനാകൂ.

(സി) പുഴകൾ സംരക്ഷിക്കുന്നതിനായി ഏതൊക്കെ ഫണ്ടുകളാണ് നിലവിലുള്ളത്; വിശദമാക്കാമോ?

പുഴകൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചുവടെ കൊടുത്തിരിക്കുന്ന പ്ലാൻ സ്കീമുകൾ വഴി ചെയ്തുവരുന്നു.

1) Restoration of polluted stretches of rivers based on National Green Tribunal Order.

2) Bhavani Basin Check Dams in Attappady.

3) Check Dam and Regulators.

ഒപ്പം ഫ്ലഡ് ഡാമേജ് (FD), ഫ്ലഡ്കൺട്രോൾ (FC) എന്നീ നോൺ പ്ലാൻ ഹെഡ്ഡുകളിലും പുഴയുടെ തീരസംരക്ഷണം നടപ്പാക്കുന്നുണ്ട്.

(ഡി) പുഴ - ജല സംരക്ഷണത്തിനായി കേന്ദ്ര സർക്കാരിന്റെ ഏതൊക്കെ ഫണ്ടുകളാണ് നിലവിൽ ലഭ്യമായിട്ടുള്ളത്; 2022-23 വർഷത്തിൽ പുഴ സംരക്ഷണത്തിനായി കേന്ദ്ര സർക്കാരിന്റെ ഫണ്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പുഴ-ജലസംരക്ഷണത്തിനായി കേന്ദ്ര സർക്കാരിന്റെ ഫണ്ടുകളൊന്നും 2022-23-ൽ ലഭ്യമായിട്ടില്ല.

(ഇ) ബാലുശ്ശേരി മണ്ഡലത്തിലെ മഞ്ഞപ്പുഴ-രാമൻപുഴ സംരക്ഷിക്കുന്നതിനും പുഴയെ മനുഷ്യന്റെ ജീവനോപാധിയായി മാറ്റുന്നതിനും വിവിധ വകുപ്പുകളുടെ സഹായത്താൽ ഒരു സമഗ്ര മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**ക്ലാരി തോട് നവീകരണം**

202(2872) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽപ്പെട്ട പെരുമണ്ണ ക്ലാരി പഞ്ചായത്തിലെ ക്ലാരിത്തോട് നവീകരണത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?

ക്ലാരിത്തോട് നവീകരണവും വി.സി.ബി. നിർമ്മാണവും എന്ന പ്രവൃത്തിക്ക് നഗരസഞ്ചയ പദ്ധതിയിൽ 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ ക്ലാരി തോട് നവീകരണത്തിനായി പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഏകദേശം 20 ലക്ഷം രൂപ 2021-

22, 2022-23 വർഷങ്ങളിൽ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 2023 മേയ് മാസത്തോടെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്. 20 ലക്ഷം രൂപ അടങ്കൽ തുകയുള്ള "ക്ലാരി തോട് നവീകരണം പാലിച്ചിറമാട്ടു ഭാഗത്ത്" എന്ന ജില്ലാപഞ്ചായത്ത് പദ്ധതി 80% പൂർത്തീകരിച്ചിട്ടുണ്ട്. 2023 മേയ് മാസത്തോടെ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

(ബി) നഗര സഞ്ജയ പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ച പ്രസ്തുത പ്രവൃത്തിയുടെ നാളിതുവരെ പൂർത്തീകരിച്ച നടപടികളും ഇനി പൂർത്തീകരിക്കാൻ അവശേഷിക്കുന്ന നടപടികളും വിശദമാക്കാമോ?

ക്ലാരിത്തോട് നവീകരണവും വി.സി.ബി. നിർമ്മാണവും എന്ന നഗരസഞ്ചയ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തിക്ക് 2023-24 സാമ്പത്തിക വർഷത്തിലാണ് പ്രധാനമായും ഫണ്ട് വകയിരുത്തിയിട്ടുള്ളത്. ആയതിന്റെ നിർവ്വഹണം സർക്കാർ അംഗീകൃത അക്രെഡിറ്റഡ് ഏജൻസി മുഖേന നിർവ്വഹണം നടത്തുന്നതിനായി ടെണ്ടർ നടപടികൾ 2023 മാർച്ച് മാസത്തോടെ പൂർത്തീകരിക്കുന്നതാണ്.

## ഗുരുവായൂർ മണ്ഡലത്തിലെ പൊതുകുളങ്ങൾ, തടാകങ്ങൾ എന്നിവയുടെ പുനരുദ്ധാരണം

203(2873) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പൊതുകുളങ്ങൾ, തടാകങ്ങൾ എന്നിവയുടെ പുനരുദ്ധാരണത്തിന് 2016 മുതൽ നാളിതുവരെ അനുവദിച്ച പദ്ധതികളുടെ വിശദാംശം അറിയിക്കുമോ?

വിശദാംശങ്ങൾ അനുബന്ധം I+ ആയി ചേർക്കുന്നു.

(ബി) നിലവിൽ ഗുരുവായൂർ മണ്ഡലത്തിലെ ഏതൊക്കെ പൊതുകുളങ്ങളുടെ/തടാകങ്ങളുടെ നവീകരണത്തിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

നിലവിൽ ഗുരുവായൂർ മണ്ഡലത്തിൽ 2022-23 ആന്വൽ പ്ലാനിൽ ഹരിതകേരളം പദ്ധതിയിലുള്ള കുളങ്ങളുടെ പുനരുദ്ധാരണം എന്ന ശീർഷകത്തിലുൾപ്പെടുത്തി 2 പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. പ്രവൃത്തികളുടെ മുൻഗണനയും ഫണ്ട് ലഭ്യതയ്ക്കനുസരിച്ചും തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. വിശദാംശങ്ങൾ അനുബന്ധം II+ ആയി ചേർക്കുന്നു.

**കല്ലട ജലസേചന പദ്ധതിയുടെ കനാൽ നവീകരണം**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

204(2874) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലട ജലസേചന പദ്ധതിയുടെ മാവേലിക്കര മണ്ഡലത്തിലെ കനാൽ നവീകരിക്കുന്നതിനും ചോർച്ച തടയുന്നതിനുമായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ കല്ലട ജലസേചന പദ്ധതിയുടെ മാവേലിക്കര മണ്ഡലത്തിലൂടെയുള്ള മെയിൻ കനാലിന്റെ 138 മീറ്റർ നവീകരിക്കുന്നതിനായും ചോർച്ച പരിഹരിക്കുന്നതിനുമായി 10 ലക്ഷം രൂപയും ഉപകനാലിന്റെ 65 മീറ്റർ നവീകരണത്തിനായി 4 ലക്ഷം രൂപയും അനുവദിച്ചിട്ടുള്ളതും മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതുമാകുന്നു.

(ബി) പ്രസ്തുത കനാലിന്റെ നവീകരണത്തിനാവശ്യമായ തുക അനുവദിക്കുമോ; കനാലിന്റെ വിവിധ ഭാഗങ്ങളിലെ നവീകരണ പ്രവർത്തനങ്ങൾക്കായി എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോയെന്നും അതിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചെന്നും അറിയിക്കാമോ?

KIP കനാലുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ സംബന്ധിച്ച നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

**കുറ്റ്യാടി ഇറിഗേഷൻ കനാലുകളുടെ ചോർച്ച**

205(2875) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ കനാലുകളുടെ ചോർച്ച തടയുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കുറ്റ്യാടി ജലസേചന പദ്ധതിക്കായി 2022-23 വർഷത്തെ പ്ലാൻ ശീർഷകത്തിൽ ലഭ്യമായ 3 കോടി രൂപയുള്ള പ്രവൃത്തികളിൽ അടിയന്തരമായി ചോർച്ച പരിഹരിക്കേണ്ട സ്ഥലങ്ങളിൽ ചെയ്യേണ്ട പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. കൂടാതെ 2022-23 വർഷത്തെ നോൺ പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയ 1.80 കോടി രൂപയുള്ള പ്രവൃത്തികളും ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കനാലുകളിൽ വെള്ളം തുറന്നുവിടുന്നതിന് മുമ്പ് പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കുമോയെന്ന് വിശദമാക്കാമോ?

2022-23 വർഷത്തിൽ പ്ലാൻ, നോൺപ്ലാൻ ശീർഷകങ്ങളിൽ വകയിരുത്തിയ തുക ഉപയോഗപ്പെടുത്തി ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിച്ച് 2023 ഫെബ്രുവരി 20-ാം തീയതി ജലവിതരണം ആരംഭിച്ചിട്ടുണ്ട്.

**പൂഞ്ഞാർ മണ്ഡലത്തിലെ നദികളിൽ നിന്നും തോടുകളിൽനിന്നും നീക്കം ചെയ്ത മണൽ ലേലം ചെയ്യാൻ നടപടി**

206(2876) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഒക്ടോബർ മാസമുണ്ടായ ഉരുൾപൊട്ടലിലും പ്രളയത്തിലും പൂഞ്ഞാർ മണ്ഡലത്തിലെ വിവിധ നദികളിലും അവയുടെ പോഷക നദികളിലും ചെക്ക് ഡാമുകളിലും നദികളോടനുബന്ധിച്ചുള്ള കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സുകളിലും അടിഞ്ഞുകൂടിയ മണ്ണും ചെളിയും മാലിന്യങ്ങളും വാരിയെടുത്ത് വിവിധ സ്ഥലങ്ങളിൽ നിക്ഷേപിച്ചിരിക്കുന്നത് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ജലാശയങ്ങളിലെ മണ്ണും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യൽ പദ്ധതിപ്രകാരം പ്രസ്തുത മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽനിന്നും നീക്കം ചെയ്ത മണൽ ലേലം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പ്രളയാനന്തരം വിവിധ നദികളിലും അവയുടെ പോഷക നദികളിലും അടിഞ്ഞുകൂടിയ മണ്ണും എക്കലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന്റെ ഭാഗമായി മീനച്ചിലാറിലും മണിമലയാറിലും അവയുടെ പോഷക നദികളിലും അടിഞ്ഞുകൂടിയ മാലിന്യങ്ങൾ വകുപ്പിലെ എക്സിക്യൂട്ടീവ്

എഞ്ചിനീയർമാരുടെ [(എം.ഐ.) ഡിവിഷൻ പത്തനംതിട്ട, ഇറിഗേഷൻ ഡിവിഷൻ, കോട്ടയം] നേതൃത്വത്തിൽ നീക്കം ചെയ്ത് ലേല നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ കളക്ടർമാർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർ നൽകിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ കോട്ടയത്തിന്റെ കാര്യാലയത്തിൽനിന്നും ലേലം ചെയ്ത് നീക്കം ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. കൂടാതെ, പൊളിച്ചുമാറ്റിയ കൂട്ടിക്കൽ ചെക്ക് ഡാമിൽ അടിഞ്ഞുകൂടിയ എക്കലും ചെളിയും നീക്കം ചെയ്യുന്നതിനുവേണ്ടി കോട്ടയം ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

**തുമ്പാത്തോട് പുനരുദ്ധാരണം**

207(2877) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ, ചെങ്ങമനാട് ഗ്രാമപഞ്ചായത്തിലെ തുമ്പാത്തോട് പുനരുദ്ധാരണത്തിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് 16-11-2022-ൽ നൽകിയ അപേക്ഷയിൽ (11002/വി.ഐ.പി./എം(ഡബ്ല്യൂ.ആർ.)/2022) ചീഫ് എഞ്ചിനീയർ (ഐ&എ) നാളിതുവരെ എന്തെല്ലാം നടപടികൾ

സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ചീഫ് എഞ്ചിനീയർ നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) തുമ്പാത്തോട് എത്രയും വേഗം പുനരുദ്ധാരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) ആലുവ, ചെങ്ങമനാട് ഗ്രാമപഞ്ചായത്തിലെ തുമ്പാത്തോട് പുനരുദ്ധാരണത്തിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് 16-11-2022 -ൽ നൽകിയ അപേക്ഷയിന്മേൽ (11002/വിഐപി/എം(ഡബ്ല്യൂ.ആർ/2022) "Urgent side protection works to the banks of Thoombathodu tributory of Periyar river in Ward No.11 and 12 of Chengamanadu panchayath - General Civil work" എന്ന പ്രവൃത്തിക്കായി 5 കോടി രൂപയുടെ എസ്റ്റിമേറ്റും ഡി.പി.ആറും തയ്യാറാക്കി ചീഫ് എഞ്ചിനീയർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് ഐആർ2/43/2023/ജവിവ നമ്പർ ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു. 24-01-2023-ൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ച ഡബ്ല്യൂ.4/55547/2023/എ.എസ്. നമ്പർ കത്തിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പീരുമേട് മണ്ഡലത്തിലെ തോണിത്തടി ചെക്ക്ഡാം.

208(2878) ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട് മണ്ഡലത്തിലെ പെരിയാർ നദിയിൽ തോണിത്തടിയിൽ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ചെക്ക്ഡാം പണിയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

പെരിയാർ നദിയിൽ തോണിത്തടിയിൽ ചെക്ക്ഡാം നിർമ്മിക്കുന്നതിനായി ടെണ്ടർ ചെയ്യുകയും 21-03-2022-ൽ പ്രവൃത്തി അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി.എൽ.-ന്റെ പരാതിപ്രകാരം ഉപ്പുതറ പോലീസ് പണികൾ തടയുകയും കെ.എസ്.ഇ.ബി. എൽ. ഡാം സേഫ്റ്റി വിഭാഗത്തിന്റെ അനുമതി വേണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഡാം സേഫ്റ്റി വിഭാഗത്തിന്റെ അനുമതിക്കായി KWA/JB/PIU-2/AEE-5/10/KIIFB/Ayyappancovil എന്ന നമ്പരിൽ ചീഫ് എഞ്ചിനീയർ ഓപ്പറേഷൻ 15-11-2022-ൽ ഡയറക്ടർ, K.S.E.B. Ltd.-ന് കത്ത് നൽകുകയും തുടർന്ന് 06-12-2022-ൽ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ

തടയണ നിർമ്മാണത്തിന്റെ തർക്കം ഒത്തുതീർപ്പാക്കുന്നതിന് എം.എൽ.എ.-യുടെ നേതൃത്വത്തിൽ സ്ഥലപരിശോധന നടത്താൻ നിർദ്ദേശിക്കുകയും അതിനുശേഷം 29-12-2022-ൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നേതൃത്വത്തിൽ പകൽ 11.00 മണിക്ക് ഡാം സേഫ്റ്റി അതോറിറ്റി, വനം - വന്യജീവി വകുപ്പ്, കേരള വാട്ടർ അതോറിറ്റി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി സംയുക്ത സ്ഥലപരിശോധന നടത്തുകയും തടയണ നിർമ്മാണം F.R.L.-ന്റെ ഉള്ളിൽ വരുന്നതാണെന്നും ഇടുക്കി റിസർവോയറിന് ഇത് സുരക്ഷാഭീഷണി ഇല്ലാത്തതാണെന്നും എന്നാൽ തടയണ നിർമ്മാണത്തിന്റെ തീരുമാനം ബോർഡിന്റെ ഉന്നതതലങ്ങളിൽനിന്ന് ഉണ്ടാകേണ്ടതാണെന്നും ആയതിന് റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതാണെന്ന് K.S.E.B.L ഡാം സേഫ്റ്റി അധികൃതർ അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ചെക്ക് ഡാം പണിയുന്നതിന് എത്ര രൂപയാണ് അനുവദിച്ചിരിക്കുന്നതെന്നും ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോയെന്നും വിശദമാക്കാമോ?

ഇതിലേയ്ക്കായി 3,25,31,443/- രൂപയ്ക്കാണ് ടെണ്ടർ നൽകിയിരുന്നത്.

(സി) അടുത്ത കാലവർഷത്തിനുമുമ്പ് പണി പൂർത്തിയാക്കാനാകുമോയെന്ന് വിശദമാക്കാമോ?

ഡാം സേഫ്റ്റിയുടെ അനുമതി കിട്ടുന്ന മുറയ്ക്ക് പണികൾ പൂർത്തിയാക്കാവുന്നതാണ്.

## പമ്പയാറ്റിൽ മൂലക്കയം പ്രദേശത്ത് ചെക്ക് ഡാം കം കോസ്‌വേ

209(2879) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി പഞ്ചായത്ത് പന്ത്രണ്ടാം വാർഡിലെ മൂലക്കയം പ്രദേശവും റാന്നി മണ്ഡലത്തിലെ പെരുനാട് പഞ്ചായത്തിലെ എട്ടാം വാർഡിലെ കിസുമം പ്രദേശവും തമ്മിൽ ബന്ധിപ്പിച്ച് പമ്പയാറ്റിൽ ഒരു ചെക്ക്ഡാം കം കോസ്‌വേ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി പഞ്ചായത്ത് പന്ത്രണ്ടാം വാർഡിലെ മൂലക്കയം പ്രദേശവും റാന്നി മണ്ഡലത്തിലെ പെരുനാട് പഞ്ചായത്തിലെ എട്ടാം വാർഡിലെ കിസുമം പ്രദേശവും തമ്മിൽ ബന്ധിപ്പിച്ച് പമ്പയാറ്റിൽ ഒരു ചെക്ക്ഡാം കം കോസ്‌വേ നിർമ്മിക്കുന്നതിനായി മണ്ണ് പരിശോധനയും ടോപ്പോഗ്രാഫിക് സർവ്വേയും നടത്താനുള്ള പ്രവൃത്തിക്ക് അനുമതി നൽകുകയും പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി ഭരണാനുമതിക്കായുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**വാമനപുരം നദിയിൽ തടയണ സ്ഥാപിക്കാൻ അനുമതി**

210(2880) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലലഭ്യതയ്ക്കായി വാമനപുരം നദിയിൽ എവിടെയെല്ലാമാണ് ജല അതോറിറ്റി മുഖാന്തരം തടയണകൾ സ്ഥാപിക്കാൻ അനുമതിയായിട്ടുള്ളതെന്നും ഇതിന്റെ നിർവ്വഹണ ചുമതല ഏത് വകുപ്പിനാണ് നൽകിയിട്ടുള്ളതെന്നും അറിയിക്കാമോ?

ജല അതോറിറ്റി മുഖാന്തരം വാമനപുരം നദിയിൽ താഴെപ്പറയുന്ന സ്ഥലങ്ങളിലാണ് തടയണ നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുള്ളത്.

1. മുദാക്കൽ പഞ്ചായത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി പുരവൂർ പുഴക്കടവിൽ തടയണ നിർമ്മിക്കാൻ കിഫ്ബി വഴി ഭരണാനുമതി നൽകിയിട്ടുണ്ട്.
2. വർക്കല മുനിസിപ്പാലിറ്റിക്ക് സമീപമുള്ള പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി കീഴാറ്റിങ്ങൽ സുബ്രഹ്മണ്യ ക്ഷേത്രത്തിനടുത്ത് റെഗുലേറ്റർ നിർമ്മിക്കുന്നതിന് ജലജീവൻ മിഷനിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു.
3. കൂടാതെ കല്ലറ, പാങ്ങോട്, പനവൂർ, പുല്ലമ്പാറ, വെമ്പായം എന്നീ 5 പഞ്ചായത്തുകൾക്ക് ജല ലഭ്യതയ്ക്കായി വാമനപുരം നദിയിൽ അരുവിപ്പുറം എന്ന സ്ഥലത്തും തടയണ നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

മേൽ പറഞ്ഞിട്ടുള്ളവയുടെ നിർവ്വഹണ ചുമതല കേരള വാട്ടർ അതോറിറ്റിക്കാണ്.

(ബി) വാമനപുരം നദിയിൽ അരുവിപ്പുറം എന്ന സ്ഥലത്ത് രണ്ട് വർഷം മുമ്പ് തടയണ നിർമ്മിക്കാൻ അനുമതി ലഭിച്ചിട്ടും ഇതുവരെയും

നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

കല്ലറ, പാങ്ങോട്, പനവൂർ, പുല്ലമ്പാറ, വെമ്പായം എന്നീ 5 പഞ്ചായത്തുകൾക്ക് ജല ലഭ്യതയ്ക്കായി വാമനപുരം നദിയിൽ അരുവിപ്പുറം പാലത്തിനുസമീപം തടയണയുൾപ്പെടെയുള്ള പ്രവൃത്തികൾക്കായി ജൽ ജീവൻ മിഷൻ മുഖാന്തരം ഭരണാനുമതി നൽകുകയും തുടർന്ന് സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ സ്വീകരിക്കുകയും ചെയ്തതാണ്. എന്നാൽ രണ്ടുപ്രാവശ്യം ദർഘാസ് ക്ഷണിച്ചിട്ടും ആരും പങ്കെടുക്കാതിരുന്നതിനാൽ അത് റദ്ദാക്കി ചെറിയ പ്രവൃത്തികളായി വിഭജിച്ച് ദർഘാസ് ക്ഷണിക്കുന്നതിനുള്ള തീരുമാനമെടുത്തു. തുടർന്ന് PRICE-1-ൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയുണ്ടായി. സാങ്കേതികാനുമതിക്ക് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്ന സമയത്ത് PRICE-3 software നിലവിൽ വന്നു. അതിനാൽ PRICE-3-ൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത തടയണകളുടെ നിർമ്മാണം എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ?

മുദാക്കൽ പഞ്ചായത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി പുഴവൂർ പുഴക്കടവിലുള്ള തടയണയുടെ നിർമ്മാണ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ദർഘാസ് നടപടികൾ ആരംഭിക്കാവുന്ന ഘട്ടത്തിലാണ്. ദർഘാസ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കും ഇറിഗേഷൻ വകുപ്പിൽനിന്നും നിരാക്ഷേപപത്രം ലഭിക്കുന്ന മുറയ്ക്കും നിർമ്മാണം ആരംഭിക്കാവുന്നതാണ്.

വർക്കല മുനിസിപ്പാലിറ്റിക്ക് സമീപമുള്ള പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഭാഗമായി കീഴാറ്റിങ്ങൽ സുബ്രഹ്മണ്യ ക്ഷേത്രത്തിനടുത്ത് വാമനപുരം നദിയിൽ റെഗുലേറ്റർ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ അവസാന ഘട്ടത്തിലാണ്. സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കും ഇറിഗേഷൻ വകുപ്പിൽനിന്നും നിരാക്ഷേപപത്രം ലഭിക്കുന്ന മുറയ്ക്കും നിർമ്മാണം ആരംഭിക്കാനാവും.

അരുവിപ്പുറത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന തടയണയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ പൂർത്തിയാക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു.

## പെരിയാർ തീരത്തുള്ള കെട്ടിടങ്ങൾക്ക് സംരക്ഷണഭിത്തി നിർമ്മിക്കാൻ നടപടി

211(2881) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ, ചെങ്ങമനാട് ഗ്രാമപഞ്ചായത്തിലെ തലപ്പാടി റോഡിൽ ഈസ്റ്റ് ദേശം പെരിയാർ തീരത്തുള്ള കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിന് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നത് സംബന്ധിച്ച് 07-01-2022-ന് നൽകിയ നിവേദനത്തിൽ (5353/വി.ഐ.പി./എം.(ഡബ്ല്യു.ആർ.)/2022), ചീഫ് എഞ്ചിനീയർ (ഐ&എ) (സി.ഇ.ഐ.എ./647/2022/ഡബ്ല്യു4) നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; പ്രസ്തുത വിഷയത്തിൽ ചീഫ് എഞ്ചിനീയർ നാളിതുവരെ നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സംരക്ഷണ ഭിത്തി നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) പ്രസ്തുത നിവേദനം ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും മുഖേന തൃശ്ശൂർ, ഇറിഗേഷൻ സെൻട്രൽ സർക്കിൾ, സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കുന്നതിനും റിപ്പോർട്ടിനുമായി നൽകുകയുണ്ടായി.

നിവേദനത്തിന്മേൽ "Urgent side protection works to the right bank of Periyar river near East Desom, Thalappilly road in ward No. 15 of Chengamanad Panchayath" എന്ന പ്രവൃത്തിക്കായി 28.80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ മുൻഗണനയുമനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്. മേൽ വിഷയത്തിൽ നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ അനുബന്ധമായി+ ചേർക്കുന്നു.

**തീരസംരക്ഷണത്തിനായി നടത്തിവരുന്ന പദ്ധതികൾ**

212(2882) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരസംരക്ഷണത്തിനായി എന്തൊക്കെ പദ്ധതികളാണ് സർക്കാർ നടത്തിവരുന്നതെന്ന് വിശദമാക്കാമോ?

2021-22 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച 5 വർഷം കൊണ്ട് പൂർത്തീകരിക്കാൻ കഴിയുന്ന 5300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യ ഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പാക്കാൻ തീരുമാനിക്കുകയുണ്ടായി. ഇന്നത്തെ പരിസ്ഥിതിക്ക് അനുയോജ്യമായ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കടലാക്രമണ പ്രതിരോധ നിർമ്മിതികൾ ഡിസൈൻ ചെയ്യുന്നതിനുവേണ്ടി വിശദമായ പഠനം നടത്താൻ ചെന്നൈ കേന്ദ്രമായുള്ള National Centre for Coastal Research (NCCR) എന്ന വിദഗ്ദ്ധ സ്ഥാപനവുമായി MoU ഒപ്പിടുകയുണ്ടായി. ടി സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്താൻ കടലാക്രമണം ഏറ്റവും കൂടുതൽ രൂക്ഷമായി ബാധിക്കുന്ന കൊല്ലങ്കോട്, ശംഖുമുഖം, ആലപ്പാട്, ചെല്ലാനം, ഒറ്റമശേരി, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ് എന്നീ പ്രദേശങ്ങൾ ഹോട്ട്സ്പോട്ടുകളായി തെരഞ്ഞെടുക്കുകയുണ്ടായി. കടലാക്രമണം ഏറ്റവും രൂക്ഷമായ ചെല്ലാനം പ്രദേശത്ത് ടെട്രാപോഡ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള സംയോജിത കടൽ ഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമ്മാണം ജലസേചന വകുപ്പിന്റെ SPV-യായ KIIDC മുഖേന നടപ്പാക്കിവരുന്നു.

മറ്റൊരു ഹോട്ട്സ്പോട്ട് ആയ ശംഖുമുഖം പ്രദേശത്ത് NCCR (National Centre for Coastal Research) പഠനം നടത്തി ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കാൻ തീരുമാനിക്കുകയും ആയതിന്റെ ഡിസൈൻ പുരോഗമിച്ചും വരുന്നു. NCCR-ന്റെ ഡിസൈൻപ്രകാരം കൊല്ലങ്കോട് പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള

51 കോടി രൂപയുടെ എസ്റ്റിമേറ്റിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആലപ്പാട് പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിന് NCCR-ന്റെ ഡിസൈൻ പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. മറ്റ് പ്രദേശങ്ങളിൽ തീരപ്രദേശത്തിന്റെ ഘടനയനുസരിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ കണ്ടൽ കാടുകൾ വച്ചുപിടിപ്പിക്കുക, തീര പോഷണം (beach nourishment) പോലുള്ള പ്രകൃതി സൗഹാർദ്ദ തീരസംരക്ഷണ മാർഗ്ഗങ്ങളും മറ്റനുയോജ്യമായ നിർമ്മിതികളും അവലംബിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു. ഇതുകൂടാതെ ലോക ബാങ്കിന്റെ സഹായത്തോടെ രൂക്ഷമായ കടലാക്രമണം നേരിടുന്ന മറ്റുപ്രദേശങ്ങളിൽ അനുയോജ്യമായ തീരസംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇത്തരം പദ്ധതികൾക്കാവശ്യമായ ഗവേഷണ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കടൽത്തീരവുമായി ബന്ധപ്പെട്ട് ശാസ്ത്രീയമായി വിവരശേഖരണം നടത്തി ലഭ്യമാകുന്ന വിവരങ്ങൾ വിശകലനം ചെയ്തശേഷമാണ് തീരസംരക്ഷണ പ്രവൃത്തികൾക്കുള്ള രൂപകൽപ്പന നടത്തുന്നത്. ഇക്കാര്യത്തിൽ, ഇന്ത്യയിലെ പ്രധാനപ്പെട്ട സ്ഥാപനങ്ങളായ സെൻട്രൽ

വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ, പൂനെ, നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച്, ചെന്നൈ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ചെന്നൈ എന്നിവയുടെ സഹകരണമാണ് ലഭ്യമാക്കിയിട്ടുള്ളത്.

സെൻട്രൽ മിനിസ്ട്രി ഓഫ് എർത്ത് സയൻസിന് കീഴിലുള്ള ചെന്നൈ ആസ്ഥാനമായ "നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച്" എന്ന സ്ഥാപനവുമായി മൂന്ന് വർഷം നീണ്ടുനിൽക്കുന്ന പഠന പ്രവർത്തനത്തിനുള്ള ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ ചെല്ലാനം പ്രദേശത്ത് NCCR പഠനം നടത്തി ഒരു ഹൈബ്രിഡ് തീരസംരക്ഷണ പദ്ധതി അവലംബിക്കുകയും പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നുണ്ട്.

NCCR-ന്റെ ഡിസൈൻപ്രകാരം കൊല്ലങ്കോട് പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കാൻ സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. ശംഖുമുഖം പ്രദേശത്ത് NCCR പഠനം നടത്തി ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കാൻ തീരുമാനിക്കുകയും ആയതിന്റെ ഡിസൈൻ പുരോഗമിക്കുകയും ചെയ്യുന്നു. കോഴിക്കോട് ജില്ലയിലെ കാപ്പാട് പ്രദേശത്ത് NCCR പഠനം നടത്തിയിട്ടുണ്ട്. മറ്റുപ്രദേശങ്ങളിലെ വിവരശേഖരണവും ശാസ്ത്രീയ പഠനവും മുൻഗണനാക്രമത്തിൽ NCCR മുഖാന്തരം ഏറ്റെടുത്ത്

നടപ്പാക്കുന്നതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി രൂപരേഖ തയ്യാറാക്കി പ്രവൃത്തികൾ നടപ്പാക്കാവുന്നതാണ്.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ കടൽ ഭിത്തി നിർമ്മാണം

213(2883) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കടലാക്രമണ ഭീഷണി രൂക്ഷമായ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി, മാട്ടൂൽ എന്നീ ഗ്രാമപഞ്ചായത്തുകളിലെ കടൽഭിത്തിയുടെ നിർമ്മാണ പുരോഗതിയുടെ വിശദാംശം ലഭ്യമാക്കാമോ; പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നറിയിക്കുമോ?

കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി, മാട്ടൂൽ ഗ്രാമ പഞ്ചായത്തുകളിലെ കടൽഭിത്തി പുനർനിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഇതുവരെ 1137 മീ. ഭിത്തിയുടെ പുനർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ആകെ പ്രവൃത്തിയുടെ 39% പൂർത്തീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തി 20-05-2023-നകം പൂർത്തിയാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## ചെറുപുഴയുടെയും കടലുണ്ടിപ്പുഴയുടെയും തീരങ്ങളിൽ സംരക്ഷണ ഭിത്തി നിർമ്മിക്കാൻ നടപടി

214(2884) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലൂടെ കടന്നുപോകുന്ന ചെറുപുഴയുടേയും കടലുണ്ടിപ്പുഴയുടേയും തീരങ്ങൾ ഇടിയുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇരുപുഴകളുടേയും തീരങ്ങൾ ഇടിയുന്ന പ്രദേശങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കുമോയെന്ന് അറിയിക്കാമോ?

ഇരുപുഴകളുടെയും തീരങ്ങൾ ഇടിയുന്ന പ്രദേശങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു. ഫണ്ടിന്റെ ലഭ്യത, ആവശ്യകത, feasibility, public utility എന്നിവ പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

## പൊന്നാനി മണ്ഡലത്തിൽ ആധുനിക കടൽത്തീര സംരക്ഷണ രീതികൾ ഉപയോഗിച്ച് കടൽഭിത്തി നിർമ്മാണം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

215(2885) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊന്നാനി മണ്ഡലത്തിൽ ടെട്രാപോഡ് പോലെയുള്ള ആധുനിക കടൽത്തീര സംരക്ഷണ രീതികൾ ഉപയോഗിച്ച് കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിൽ വെളിയങ്കോട്, പെരുമ്പടപ്പ് എന്നീ പഞ്ചായത്തുകളും പൊന്നാനി മുനിസിപ്പാലിറ്റി പ്രദേശവും ഉൾപ്പെടുന്ന പൊന്നാനി തീരദേശ മേഖല രൂക്ഷമായ കടലാക്രമണം നേരിടുന്ന പ്രദേശമായതിനാലും തീരദേശ മേഖല ഹോട്ട്സ്പോട്ടിലുൾപ്പെടുത്തിയിട്ടുള്ളതിനാലും ടെട്രാപോഡ്പോലെയുള്ള ആധുനിക കടൽത്തീര സംരക്ഷണ രീതികളുപയോഗിച്ച് കടൽ ഭിത്തി നിർമ്മിക്കുന്നതിന് "National Centre for Coastal Research (NCCR)" എന്ന ഏജൻസി ജലസേചന വകുപ്പിലെ കോസ്റ്റൽ വിഭാഗവുമായി ചേർന്ന് 11-08-2022, 12-08-2022 എന്നീ തീയതികളിൽ സന്ദർശിച്ചിട്ടുള്ളതും പ്രാഥമിക വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പാക്കാവുന്നതാണ്.

## തോട്ടപ്പള്ളി സ്പിൽവേ കം ബ്രിഡ്ജ്

216(2886) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി സ്പിൽവേയുടെ ഷട്ടറുകൾ കാലപ്പഴക്കത്താൽ കൃത്യമായി പ്രവർത്തിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഷട്ടറുകളിൽ എത്ര എണ്ണമാണ് ഉയർത്താൻ കഴിയാത്ത സ്ഥിതിയിലുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം ഷട്ടറുകളിൽ ഒരെണ്ണം മാത്രമാണ് (7-ാം നമ്പർ ഷട്ടർ) ഉയർത്താൻ കഴിയാത്ത സ്ഥിതിയിലുള്ളത്.

(ബി) സ്പിൽവേയുടെ അറ്റകുറ്റപ്പണികൾക്കായി കഴിഞ്ഞ പത്ത് വർഷങ്ങളിൽ ഓരോ വർഷവും എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ 10 വർഷത്തിനുള്ളിൽ അറ്റകുറ്റപ്പണികൾക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിവരം അനുബന്ധമായി+ ചേർക്കുന്നു.

(സി) കോടികൾ ചെലവഴിച്ച് അറ്റകുറ്റപ്പണികൾ നടത്തുന്നതിനുപകരം കുറച്ചുതുക കൂടി വിനിയോഗിച്ച് പുതിയ സ്പിൽവേ കം ബ്രിഡ്ജ് സ്ഥാപിക്കാൻ കഴിയുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിശോധന നടത്തിയിട്ടുണ്ട്.

(ഡി) ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി തോട്ടപ്പിള്ളിയിൽ പുതിയ സ്പിൽവേ കം ബ്രിഡ്ജ് നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

നിലവിലെ Stainless Steel Shutter-കളിലെ കോർണർ ആംഗിൾ മാറ്റുന്നതിനും മറ്റ് അറ്റകുറ്റപ്പണികൾക്കുമായി 16,11,20,000/- രൂപയുടെ (പതിനാറ് കോടി പതിനൊന്ന് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിലൂടെ ഷട്ടറുകൾക്ക് മാക്സിമം ലിഫ്റ്റ് ലഭിക്കുന്നതും കൂടുതൽ കാലം സുഗമമായ പ്രവർത്തനത്തിന് പര്യാപ്തവുമാണ്. ആയതിനാൽ പുതിയ സ്പിൽവേ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**കീഴ്മുറികടവ് മൂതിക്കയം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം**

217(2887) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ ജലസ്രോതസ്സ് നിലനിർത്തുന്നതിന് കുന്തിപുഴയിൽ നിലാപറമ്പിന് സമീപം കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ

നടപ്പാക്കിവരുന്ന കീഴ്മുറികടവ് മൂതിക്കയം റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും ഏകദേശം എത്ര ശതമാനം പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്നും സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കുമോ?

(എ&ബി) മലപ്പുറം ജില്ലയിൽ മൂർക്കനാട് പഞ്ചായത്തിൽ, കീഴ്മുറിക്കടവ്, തൂതപുഴയ്ക്ക് കുറുകെ മൂതിക്കയം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം കിഫ്ബി ധനസഹായത്തോടെ ജലസേചന വകുപ്പിന്റെ എസ്.പി.വി.-ആയ കെ.ഐ.ഐ.ഡി.സി. മുഖേനയാണ് നടപ്പാക്കിവരുന്നത്. പ്രസ്തുത റെഗുലേറ്റർ -കം-ബ്രിഡ്ജ് പാലക്കാട് ജില്ലയിലെ പട്ടാമ്പി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന തിരുവേഗപ്പുറ, മലപ്പുറം ജില്ലയിലെ മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട് എന്നീ ഗ്രാമപഞ്ചായത്തുകളെ തമ്മിൽ പാലംവഴി ബന്ധിപ്പിക്കുന്നു. കരാർപ്രകാരം 18 മാസമാണ് പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണ കാലാവധി. ഇതുവരെ

40.5 ശതമാനം പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 12 സ്പാനുകളുള്ള റെഗുലേറ്ററിന്റെ 7 സ്പാനുകളും 48 ഗർഡറുകളിൽ 48 എണ്ണവും 11 പിയറുകളിൽ 7 എണ്ണവും പൂർത്തീകരിച്ചിട്ടുണ്ട്. വലതുകരയിലെ അപ്സ്ട്രീമിൽ 600 മീറ്ററിൽ 530 മീറ്റർ സംരക്ഷണഭിത്തിയുടെ നിർമ്മാണവും ഡൗൺസ്ട്രീമിൽ 250 മീറ്ററിൽ 250 മീറ്റർ സംരക്ഷണഭിത്തിയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. മെക്കാനിക്കൽ പ്രവൃത്തികൾ 17 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഇരിക്കൂർ മണ്ഡലത്തിലെ തോക്കാട് വി.സി.ബി.-യുടെ അറ്റകുറ്റപ്പണി**

218(2888) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ ആലക്കോട് പഞ്ചായത്തിൽ തിമിരി വാർഡിൽ പച്ചാണിയിലുള്ള തോക്കാട് വെന്റഡ് ക്രോസ്സ് ബാർ (വി.സി.ബി)-ന് കാലപ്പഴക്കത്താൽ ബലക്ഷയം സംഭവിക്കുകയും ആയതിന്റെ ഷട്ടറുകൾ ഉപയോഗശൂന്യമായിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വി.സി.ബി.-യുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ജലദൗർലഭ്യം നേരിടുന്ന ഈ പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും കൃഷി ആവശ്യത്തിനും ഏറെ സഹായകരമാകുന്ന പ്രസ്തുത വി.സി.ബി., അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

(ബി&സി) തോക്കാട് വി.സി.ബി.-യുടെ അറ്റകുറ്റപ്പണികൾക്കുള്ള 20,00,000/- രൂപയുടെ എസ്റ്റിമേറ്റ് സാമ്പത്തികാനുമതിക്കായി പ്രൈസ്-1-ൽ ആണ് ലഭ്യമായിട്ടുള്ളത്. പ്രൈസ്-3 നിലവിൽ വന്ന സാഹചര്യത്തിൽ മേൽ പ്രവൃത്തിയുടെ അടിയന്തര സ്വഭാവം പരിഗണിച്ച് അടുത്ത സാമ്പത്തിക വർഷത്തെ ഉചിതമായ ശീർഷകത്തിൽ മുൻഗണനാപട്ടികയിലുൾപ്പെടുത്തി എസ്റ്റിമേറ്റ് സമർപ്പിക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് സാമ്പത്തികാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**കടക്കാട്ടുപാറ ആലുംകടവ് റെഗുലേറ്റർ പദ്ധതി**

219(2889) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ കടക്കാട്ടുപാറ ആലുംകടവ് റെഗുലേറ്റർ പദ്ധതിക്കായി തയാറാക്കിയ ഡി.പി.ആർ. ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതി അംഗീകാരത്തിനായി കിഫ്ബിക്ക് നൽകിയിട്ടുണ്ടോ; കിഫ്ബിയിലേയ്ക്ക് നൽകിയ ശിപാർശയുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) കടക്കാട്ടുപാറ ആലുംകടവ് റെഗുലേറ്റർ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ തുക ഇത്തരം പ്രവൃത്തികൾക്കായി കിഫ്ബിയിൽ മാറ്റിവച്ചിട്ടുള്ള അക്കൗണ്ട് ഹെഡ്ഡിൽ ലഭ്യമാണോയെന്ന് വ്യക്തമാക്കാമോ?

(എ-സി) ഡി.പി.ആർ. ലഭ്യമായിട്ടില്ല. ഡി.പി.ആർ. ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**ജലവിഭവ വകുപ്പിനുകീഴിലെ ക്യാഷ് കൗണ്ടറുകൾ**

220(2890) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിനുകീഴിൽ നിലവിൽ എത്ര ക്യാഷ് കൗണ്ടറുകൾ പ്രവർത്തിച്ചുവരുന്നുണ്ട്; അവ നിർത്തലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിൽ 151 ക്യാഷ് കൗണ്ടറുകളാണുള്ളത്. കേരള സർക്കാരിന്റെ എല്ലാ സേവനങ്ങളും സമ്പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയിലും ഓൺലൈൻ പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് ആകെ കളക്ഷന്റെ 57 ശതമാനവും ഓൺലൈൻ പേയ്മെന്റ് മുഖേനയാണ് ലഭിക്കുന്നത്. ഓൺലൈൻ ആയി പേയ്മെന്റ് ചെയ്യുന്ന ഉപഭോക്താവിന് ബിൽ തുകയുടെ ഒരു ശതമാനം (പരമാവധി നൂറു രൂപവരെ) ഇൻസെന്റീവും നൽകിവരുന്നുണ്ട്. ഓൺലൈൻ പേയ്മെന്റ് പ്രോത്സാഹിപ്പിച്ച് ഘട്ടംഘട്ടമായി ക്യാഷ് കൗണ്ടറുകൾ കുറച്ചുകൊണ്ട് വരാനാണുദ്ദേശിക്കുന്നത്. ആയതിനാലാണ് ഒരു ക്യാമ്പസ്സിൽ ഒന്നിലധികം കൗണ്ടറുകൾ പ്രവർത്തിക്കുന്ന ഓഫീസുകളിൽ ഒരു കൗണ്ടർ നിർത്തലാക്കാൻ തീരുമാനിച്ചത്. അതനുസരിച്ച് പാളയം സെക്ഷനുകീഴിലെ ഒരു കൗണ്ടറും കൊല്ലം സെക്ഷനുകീഴിലും

പാലക്കാട് സെക്ഷനുകീഴിലും ഓരോ കൗണ്ടറുകൾ വീതം ആകെ മൂന്ന് കൗണ്ടറുകളാണ് നിർത്തലാക്കിയത്.

(ബി) പ്രസ്തുത കൗണ്ടറുകൾ നിർത്തലാക്കിയാൽ അക്ഷയ കേന്ദ്രങ്ങൾ വഴി വാട്ടർ ചാർജ് അടയ്ക്കുന്ന ഉപഭോക്താക്കൾക്ക് അക്ഷയ കേന്ദ്രത്തിൽ ഫീസ് നൽകേണ്ട സാഹചര്യം ഉണ്ടാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഒരു ക്യാമ്പസ്സിൽ ഒന്നിൽ കൂടുതൽ ക്യാഷ് കൗണ്ടറുകൾ നിലവിലുള്ള സ്ഥലങ്ങളിൽ മാത്രമേ രണ്ടാമത്തെ കൗണ്ടർ നിർത്തലാക്കിയിട്ടുള്ളൂ. അക്ഷയകേന്ദ്രങ്ങൾ കൂടാതെ NEFT/RTGS, BBPS, QUICK PAY ആപ്ലിക്കേഷൻ, ജനസേവന കേന്ദ്രങ്ങൾ എന്നിവയിലൂടെ ഉപഭോക്താക്കൾക്ക് അതോറിറ്റിയുടെ ഓഫീസുകളിൽ വരാതെതന്നെ വാട്ടർ ചാർജ് അടയ്ക്കാവുന്നതാണ്. എല്ലാ ഉപഭോക്താക്കൾക്കും ഒരു VAN ഐഡി അനുവദിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രത്തിൽ പോകാതെ ബാങ്കുവഴി വാൻ ഐഡി ഉപയോഗിച്ച് SBI മുഖേന സൗജന്യമായി വാട്ടർ ചാർജ് അടയ്ക്കുന്നതിന് ക്രമീകരണം ചെയ്തിട്ടുണ്ട്. ആയതിനാൽ അക്ഷയ കേന്ദ്രത്തെ മാത്രം ആശ്രയിക്കേണ്ട സാഹചര്യമില്ല. 01-01-2023 മുതൽ ഗാർഹിക ഉപഭോക്താക്കൾ ഒഴികെയുള്ള

കണക്ഷനുകളിലെ വാട്ടർ ചാർജ്ജ് ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ എന്നും 500/- രൂപവരെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രമേ ഓൺലൈൻ സൗകര്യത്തിനുപുറമേ ക്യാഷ് കൗണ്ടറുകൾവഴി വാട്ടർ ചാർജ് അടയ്ക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുകയുള്ളൂവെന്നും തീരുമാനിച്ചുള്ള സർക്കാർ ഉത്തരവ് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യുകയും തൽസ്ഥിതി തുടരാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(സി) എങ്കിൽ നിർത്തലാക്കാൻ ഉദ്ദേശിക്കുന്ന ക്യാഷ് കൗണ്ടറുകൾ നിലനിർത്താൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

കേരള സർക്കാരിന്റെ എല്ലാ സേവനങ്ങളും സമ്പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയിലും ഓൺലൈൻ പേയ്മെന്റ് സംവിധാനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഒരു ക്യാമ്പസ്സിൽ ഒന്നിലധികം കൗണ്ടറുകൾ പ്രവർത്തിക്കുന്ന ഓഫീസുകളിൽ ഒരു കൗണ്ടർ നിർത്തലാക്കാൻ തീരുമാനിച്ചത്. ജല അതോറിറ്റിയുടെ ഉപഭോക്താക്കൾക്ക് ക്യാഷ് കൗണ്ടറുകളിൽ വരാതെതന്നെ വാട്ടർ ചാർജ് ഓൺലൈനായും മറ്റു

ഡിജിറ്റൽ രീതികളിലും അടയ്ക്കാൻ സംവിധാനം നിലവിലുള്ളതുകൊണ്ട് നിർത്തലാക്കിയ കൗണ്ടറുകൾ പുനഃസ്ഥാപിക്കേണ്ടതായി കാണുന്നില്ല.

**പാലക്കാട് ജില്ലയിൽ ജലസേചന വകുപ്പിൽ ക്ലാർക്കുമാരുടെ ഒഴിവുകൾ**

221(2891) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ജലസേചന വകുപ്പിൽ സ്ഥാനക്കയറ്റവും വിരമിക്കലുംമൂലം എത്ര ക്ലാർക്കുമാരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

ഒഴിവുകൾ നിലവിലില്ല.

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഒഴിവുകളുണ്ടായ തീയതി, പി.എസ്.സി.-ക്ക് റിപ്പോർട്ടുചെയ്ത തീയതി എന്നിവ സഹിതം വിശദമാക്കാമോ?

ബാധകമല്ല.

(സി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ റിപ്പോർട്ട് ചെയ്യാത്തതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ?

മറ്റു വകുപ്പുകളിലേയ്ക്ക് പി.എസ്.സി മുഖാന്തരം നിയമനം ലഭിച്ച് വിടുതൽ വാങ്ങിപ്പോയത് മുഖേനയുണ്ടായ രണ്ട് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. 10-11-2022-ലെ സ.ഉ(സാധാ)നം. 1002/2022/ജ.വി.വ. പ്രകാരം ഐ.ഡബ്ല്യൂ.ആർ. സബ് ഡിവിഷൻ, പാലക്കാട് കാര്യാലയം വയനാട് ജില്ലയിലേയ്ക്ക് മാറ്റപ്പെട്ടതിനാൽ ടി കാര്യാലയത്തിലെ ക്ലാർക്കുമാരെ അവരുടെ ജില്ലയിലേയ്ക്ക് പുനർവിന്യസിക്കേണ്ടത് അത്യാവശ്യമായതിനാൽ ആയതിലേയ്ക്ക് രണ്ട് ഒഴിവുകൾ മാറ്റിവച്ചിട്ടുണ്ട്.

**ജലസേചന വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ(സിവിൽ) തസ്തികയിലെ ഒഴിവുകൾ**

222(2892) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ജലസേചന വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കുമോ?

തൃശ്ശൂർ ജില്ലയിൽ ജലസേചന വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ ഒഴിവുകൾ നിലവിലില്ല.

(ബി) പ്രസ്തുത ഒഴിവുകൾ ഏതൊക്കെ ഓഫീസുകളിലാണെന്നും അവ എത്ര കാലമായി ഒഴിഞ്ഞുകിടക്കുന്നെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ബി&സി) ബാധകമല്ല.

## ഇറിഗേഷൻ വകുപ്പിൽ വിരമിക്കുന്നവരുടെ എണ്ണം

223(2893) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിൽ 2023 ഫെബ്രുവരി മുതൽ 2024 ഏപ്രിൽ വരെ ഓവർസിയർ ഗ്രേഡ് III, II, I (സിവിൽ), അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) എന്നീ തസ്തികയിൽനിന്ന് വിരമിക്കുന്നവരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

- അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) - 14
  (ഡിപ്പാർട്ട്മെന്റ് ക്വാട്ട - 5, ഡിപ്ലോമ ക്വാട്ട - 5, സർട്ടിഫിക്കറ്റ് ക്വാട്ട - 4)
- ഓവർസിയർ ഗ്രേഡ് - I (സിവിൽ) - 44
- ഓവർസിയർ ഗ്രേഡ് - II (സിവിൽ) - 45
- ഓവർസിയർ ഗ്രേഡ് - III (സിവിൽ) - ഇല്ല

(ബി) പ്രസ്തുത ഒഴിവുകളിൽ ഓരോ തസ്തികയിലും എത്ര ഒഴിവുകളാണ് നേരിട്ടുള്ള നിയമനം മുഖേന നികത്തപ്പെടേണ്ടതെന്ന് അറിയിക്കാമോ?

പ്രസ്തുത ഒഴിവുകളിൽ നേരിട്ടുള്ള നിയമനം വഴി നികത്തേണ്ട ഒഴിവുകളുണ്ടാകുന്നില്ല.

**വൈപ്പിൻ മണ്ഡലത്തിലെ ജല അതോറിറ്റി വക ഭൂമി**

224(2894) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ജല അതോറിറ്റി വക ഭൂമി ഏതൊക്കെയെന്നും എവിടെയൊക്കെയെന്നും വസ്തുവകകളുടെ വിസ്തീർണ്ണം എത്രയെന്നും വിശദമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിലെ കേരള വാട്ടർ അതോറിറ്റിയുടെ വാട്ടർ ടാങ്കും പമ്പ് ഹൗസുകളും സ്റ്റോറും ഓഫീസും സ്ഥിതി ചെയ്യുന്ന ഭൂമിയുടെ വിശദ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) എളങ്കുന്നപുഴ പഞ്ചായത്തിലെ ഓച്ചന്തുരുത്തിൽ സ്ഥിതിചെയ്യുന്ന വാട്ടർ ടാങ്ക് പ്രവർത്തനക്ഷമമാണോ; പ്രസ്തുത ടാങ്ക് പ്രവർത്തനക്ഷമമാക്കുന്നതിനും ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉപയോഗയോഗ്യമാക്കുന്നതിനും ജലഅതോറിറ്റി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഓച്ചന്തുരുത്തിൽ സ്ഥിതിചെയ്യുന്ന 55 വർഷത്തിന് മുകളിൽ പഴക്കമുള്ള ഒരു ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള വാട്ടർ ടാങ്ക് ഇപ്പോൾ പ്രവർത്തനക്ഷമമല്ല. പ്രസ്തുത കോമ്പൗണ്ടിൽ വൈപ്പിൻ ഭാഗത്തേയ്ക്കുള്ള പൈപ്പ് ലൈനുകളും പമ്പിംഗ് നിയന്ത്രിക്കുന്ന വാൽവും ഉണ്ട്. കൂടാതെ പെരുമ്പാവൂർ പ്രോജക്റ്റ് ഡിവിഷൻ മുഖാന്തരം മുരുക്കുംപാടത്ത് പുതുതായി നിർമ്മിച്ച വാട്ടർ ടാങ്കിൽ നിന്നുള്ള പൈപ്പ് ലൈനുകളും നിലവിലുള്ള പൈപ്പ് ലൈനുകളും തമ്മിൽ ബന്ധിപ്പിക്കുന്നതിനായി പ്രസ്തുത കോമ്പൗണ്ടിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടന്നുവരുന്നു.

## കുറ്റ്യാടി ഇറിഗേഷൻ പദ്ധതി

225(2895) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായ ഏതെല്ലാം നിർമ്മാണങ്ങളാണ് അപകടാവസ്ഥയിലുള്ളതെന്ന് അറിയിക്കാമോ?

കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായ അപകടാവസ്ഥയിലുള്ള നിർമ്മാണങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ബി) ഇത്തരം നിർമ്മാണപ്രവൃത്തികളുടെ അപകടാവസ്ഥ അടിയന്തരമായി പരിഹരിച്ച് ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ കനാൽ നവീകരണത്തിനായി 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതുപ്രകാരം 10 കോടി അടങ്കൽ വരുന്ന 44 പ്രവൃത്തികളുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**കോഴിക്കോട് ജില്ലയിലെ കുടിവെള്ള പദ്ധതി**

226(2896) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ താത്തൂർപൊയിൽ കെ.ഡബ്ല്യൂ.എ. കുടിവെള്ള പദ്ധതി മൈനർ ഇറിഗേഷൻ വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട് കെ.ഡബ്ല്യൂ.എ., എം.ഡി. പുറപ്പെടുവിച്ച ഉത്തരവിന്റെ തീയതി വ്യക്തമാക്കാമോ?

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കെ.ഡബ്ല്യൂ.എ., എം.ഡി. പുറപ്പെടുവിച്ച ഉത്തരവിന്റെ തീയതി 8-7-2020 ആണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സർക്കാർതലത്തിൽ തീരുമാനമായിട്ടും പ്രസ്തുത പദ്ധതി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മൈനർ ഇറിഗേഷൻ വകുപ്പിന് കൈമാറുന്നതിൽ അസാധാരണ കാലതാമസമുണ്ടായതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി മൈനർ ഇറിഗേഷന് കൈമാറുന്ന നടപടി എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള താത്തുർപൊയിൽ, നിലവിലുള്ള ഉപയോഗശൂന്യമായ കിണറും പമ്പ് ഹൗസും ഉൾപ്പെട്ട പദ്ധതി മൈനർ ഇറിഗേഷന് കൈമാറുന്നതിന് തീരുമാനമായിട്ടുണ്ട്. (Order No. 1671/DMI(SU)/2020/KWA Dated 08-07-2020.) ഇതുസംബന്ധിച്ച വിവരങ്ങൾ ഇറിഗേഷൻ വകുപ്പിന് കൈമാറിയിട്ടുണ്ട്. എന്നാൽ 28-05-2022-ലെ ജില്ലാ കളക്ടറുടെ കത്തിൽ ഭൂമി കൈവശം വയ്ക്കുന്ന വാട്ടർ അതോറിറ്റി, സേവന വകുപ്പിന്റെ നിർവ്വചനത്തിൽ ഉൾപ്പെട്ടുവരാത്തതിനാൽ ഇറിഗേഷൻ വകുപ്പിന് കൈമാറാൻ സാധിക്കില്ലെന്നും ടി സാഹചര്യത്തിൽ മേൽ ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് വിട്ടൊഴിയുന്നതിനുള്ള അപേക്ഷ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ കോഴിക്കോട് സബ് കളക്ടർക്ക് സമർപ്പിക്കേണ്ടതാണെന്നും

അറിയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ നിശ്ചിത പ്രൊഫോർമയിൽ സ്ഥലം റവന്യൂ വകുപ്പിലേയ്ക്ക് കൈമാറുന്നതിന് സാക്ഷ്യപ്പെടുത്തി 01-12-2022-ൽ ജില്ലാ കളക്ടർക്കും സബ് കളക്ടർക്കും സമർപ്പിച്ചിട്ടുണ്ട്. 19-01-2023-ൽ റീലിങ്ക്വിഷ്മെന്റ് ഫോം വില്ലേജ് ഓഫീസിലും കളക്ടറേറ്റിലും നൽകിയിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി മൈനർ ഇറിഗേഷൻ വകുപ്പിന് കൈമാറാൻ കഴിയുന്നതാണെന്ന് പ്രതീക്ഷിക്കുന്നു.

## തോട്ടപ്പള്ളി സ്പിൽവേ

227(2897) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടിനെ പ്രളയത്തിൽനിന്ന് സംരക്ഷിക്കുന്ന തോട്ടപ്പള്ളി സ്പിൽവേയും പാലവും ഏതു വർഷമാണ് നിർമ്മിച്ചത്; എത്ര ഷട്ടറുകളാണിതിനുള്ളത്; വിശദമാക്കുമോ?

തോട്ടപ്പള്ളി സ്പിൽവേയും പാലവും 1954-ലാണ് നിർമ്മിച്ചത്. 40 സ്റ്റെയിൻലെസ് സ്റ്റീൽ ഷട്ടറുകളാണ് ഇതിനുള്ളത്.

(ബി) കാലപ്പഴക്കംമൂലം ഷട്ടറുകളുടെ കൃത്യമായ പ്രവർത്തനം നടക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

കാലപ്പഴക്കം ചെന്ന എം.എസ്. ഷട്ടറുകൾ മാറ്റി 2013-14 കാലഘട്ടത്തിൽ സ്റ്റെയിൻലെസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപിക്കുകയുണ്ടായി. എന്നാൽ തദവസരത്തിൽ concrete groove, Corner angle എന്നിവയ്ക്ക് യാതൊരുവിധ നവീകരണ പ്രവർത്തനങ്ങളും നടത്തിയില്ല. ആയതുമൂലം ഷട്ടർ റെഗുലേറ്റ് ചെയ്യുന്ന സമയങ്ങളിൽ ബുദ്ധിമുട്ട് നേരിട്ടിരുന്നു. എന്നാൽ Groove-ൽ നിന്നും തെന്നിമാറിയ ഏഴാം നമ്പർ ഷട്ടറൊഴികെ 39 ഷട്ടറുകളും നിലവിൽ മെയിന്റനൻസ് നടത്തി റെഗുലേറ്റ് ചെയ്യാൻ സജ്ജമാക്കിയിട്ടുണ്ട്.

(സി) അറ്റകുറ്റപ്പണിക്കായി കഴിഞ്ഞ അഞ്ചു വർഷം എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളതെന്നും ഏതൊക്കെ പ്രവൃത്തികൾക്കായാണ് ഇത് ചെലവഴിച്ചതെന്നും വിശദമാക്കാമോ?

അറ്റകുറ്റപ്പണിക്കായി കഴിഞ്ഞ 5 വർഷം പ്രവൃത്തികൾക്ക് ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ഡി) നിലവിൽ ഷട്ടറുകളുടെ അറ്റകുറ്റപ്പണിക്കായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എത്ര രൂപയാണ് ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക; പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തയ്യാറാക്കിയിട്ടുണ്ട്. ഷട്ടറുകളുടെ ഉയരം കൂട്ടൽ, end box-ന്റെ ഉയരം കൂട്ടി roller സ്ഥാപിക്കൽ, Corner angle മാറ്റി S.S. Groove സ്ഥാപിക്കൽ, Wire rope മാറ്റൽ, റബ്ബർ സീൽ മാറ്റൽ എന്നിവയ്ക്കും മറ്റനുബന്ധ പ്രവർത്തനങ്ങൾക്കുമായി 16,11,20,000/-(പതിനാറ് കോടി പതിനൊന്ന് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നത് പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഇ) സ്പിൽവേ ഷട്ടറുകൾക്ക് ഉയരം കുറവായതിനാൽ ഉപ്പുവെള്ളം ഷട്ടറിന് മുകളിലൂടെ ശുദ്ധജല തടാകത്തിൽ കയറുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ശക്തമായ വേലിയേറ്റമുള്ള സമയത്ത് ഷട്ടറുകൾക്ക് മുകളിലൂടെ ശുദ്ധജല തടാകത്തിലേയ്ക്ക് ഉപ്പുവെള്ളം കയറുന്നതിനാൽ ഷട്ടറുകൾക്ക് 50 സെ.മീ. ഉയരം കൂട്ടുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾക്ക് 16,11,20,000/- രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നത് പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്.

**മാനന്തവാടി മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതി**

228(2898) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ ജലജീവൻ മിഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം മാനന്തവാടി മണ്ഡലത്തിൽ എത്ര ഗാർഹിക കണക്ഷൻ നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്; നിലവിൽ എത്ര കണക്ഷൻ നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

(എ&ബി) ജലജീവൻ മിഷൻ പദ്ധതിപ്രകാരം മാനന്തവാടി മണ്ഡലത്തിൽ നടപ്പാക്കുന്ന വിവിധ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

## കുട്ടനാട്ടിലെ ആറുകളിലും തോടുകളിലുമുള്ള പായൽ നീക്കം ചെയ്യുന്നതിന് നടപടി

229(2899) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ആറുകളിലും തോടുകളിലും അടിഞ്ഞുകിടക്കുന്ന പായൽ നീക്കം ചെയ്യുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്ലാൻ പദ്ധതി, നബാർഡ്, എസ്.ഡി.ആർ.എഫ്. എന്നീ പദ്ധതികളിലുൾപ്പെടുത്തി disiltation പ്രവൃത്തികൾ നടപ്പാക്കുന്നതിനോടൊപ്പം കുട്ടനാട്ടിലെ ആറുകളിലും തോടുകളിലും അടിഞ്ഞുകൂടിയ പായൽ നീക്കം ചെയ്തുവരുന്നു. ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ 14-03-2022-ലെ DMC2-37654/2011/MW നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കുട്ടനാട് പ്രദേശത്തെ വീയപുരം പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന അച്ചൻകോവിലാറ്റിലെ പായലും എക്കലും മറ്റ് മാലിന്യങ്ങളും നീക്കംചെയ്യുന്ന പ്രവൃത്തി ഭാഗികമായി ആലപ്പുഴ വൻകിട ജലസേചന വിഭാഗം മുഖേന നടപ്പാക്കിയിട്ടുണ്ട്.

(ബി) പായൽ നീക്കം ചെയ്യാത്തതുമൂലം വെള്ളം കെട്ടിക്കിടന്ന് മലിനമാകുന്നതും ചെറുവള്ളങ്ങൾക്കുൾപ്പെടെ സഞ്ചരിക്കാൻ കഴിയാത്തതും പരിഹരിക്കാൻ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ആറുകളിലും വീതി കൂടിയ തോടുകളിലും പായൽ കെട്ടിക്കിടന്ന് മലിനമാകുകയോ ചെറുവള്ളങ്ങൾക്ക് സഞ്ചരിക്കാൻ കഴിയാത്ത സാഹചര്യമോ ഉണ്ടായാൽ പായൽ നീക്കം ചെയ്ത് പ്രശ്നം പരിഹരിക്കാവുന്നതാണ്.

## കീച്ചേരിയിൽ ജലവിഭവ വകുപ്പിനുകീഴിലുള്ള സ്ഥലത്ത് സ്റ്റേഡിയം നിർമ്മാണം

230(2900) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നഗരസഭയിലെ കീച്ചേരിയിൽ ജലവിഭവ വകുപ്പിനുകീഴിലുള്ള സ്ഥലം സ്റ്റേഡിയം നിർമ്മാണത്തിന് വിട്ടുനൽകുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം കൈമാറുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) മട്ടന്നൂർ നഗരസഭാ പരിധിയിൽ സ്റ്റേഡിയം നിർമ്മാണത്തിനായി ആവശ്യപ്പെട്ട സ്ഥലം പഴശ്ശി റിസർവോയറിൽനിന്നും (KERI-യുടെ പഠനമനുസരിച്ച്) സിൽറ്റ് നീക്കം ചെയ്യാനുള്ള പ്രവൃത്തി നടപ്പാക്കുമ്പോൾ ഉപയോഗിക്കേണ്ട ഡമ്പിംഗ് യാർഡാണ്. കൂടാതെ കനാലിലൂടെ ജലവിതരണം പുനരാരംഭിക്കുന്നതിന്റെ ആദ്യ പടിയെന്ന നിലയിൽ 2022 ജനുവരി പകുതിയോടുകൂടി കനാലിന്റെ 5.5 കി.മീ. വരെ വാട്ടർ ടെസ്റ്റിംഗ് നടത്തിയിരുന്നു. വരുംകാലങ്ങളിൽ ജലവിതരണം നടത്തുമ്പോൾ ആവശ്യാനുസരണം കനാലിലെ സിൽറ്റ് നീക്കം

ചെയ്യേണ്ടതുണ്ട്. ടി സിൽറ്റ് ഡമ്പ് ചെയ്യാനുള്ള ഡമ്പിംഗ് യാർഡും പ്രസ്തുത സ്ഥലമാണ്. ഈ സാഹചര്യത്തിൽ, മട്ടന്നൂർ നഗരസഭാ പരിധിയിൽ കുന്നക്കരി കീച്ചേരി പ്രദേശത്ത് ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ളതും കോളരി വില്ലേജിൽ ബ്ലോക്ക് നം.24-ൽ, റീ സർവ്വേ നം.58/3-ലുൾപ്പെട്ട 0.862 ഹെക്ടർ സ്ഥലം സ്റ്റേഡിയം നിർമ്മിക്കുന്നതിനായി നഗരസഭയ്ക്ക് അനുവദിക്കാൻ കഴിയില്ല.

ടി വിവരം മട്ടന്നൂർ നഗരകാര്യ ഡയറക്ടറേയും ബഹുമാനപ്പെട്ട എം.എൽ.എ.-യേയും അറിയിച്ചിട്ടുണ്ട്.

**താത്കാലിക ബണ്ട് നീക്കം ചെയ്യാനുള്ള നടപടി**

231(2901) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം വടുതല ഭാഗത്ത് ഡി.പി.വേൾഡ് കമ്പനി നിർമ്മിച്ച താത്കാലിക ബണ്ട് നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ?

വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനലിലേയ്ക്കുള്ള റെയിൽവേ പാതയുടെ നിർമ്മാണത്തോടനുബന്ധിച്ച് നിർമ്മിച്ച താൽക്കാലിക ബണ്ടും നിർമ്മാണാവശിഷ്ടങ്ങളും നീക്കംചെയ്യുന്നതുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ്

തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പെരിയാർ നദി കായലുമായി സംഗമിക്കുന്ന സ്ഥലത്തെ നീരൊഴുക്ക് നിശ്ചലമാക്കിയതുസംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഡബ്ല്യൂ.പി.(സി)24027/2021, ഡബ്ല്യൂ.പി.(സി)23911/2018 എന്നീ കേസുകൾ നിലവിലുണ്ട്. ടി വിഷയത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുന്നതിനും ഉത്തരവാദിത്വം തീരുമാനിക്കുന്നതിനും ബഹുമാനപ്പെട്ട ഹൈക്കോടതി ഇറിഗേഷൻ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സാങ്കേതിക സമിതിയെ നിയമിച്ചിട്ടുണ്ട്. ടി സമിതിയുടെ റിപ്പോർട്ടിന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**പറശ്ശിനിക്കടവ് പാലം റീ-ടാറിംഗ് ചെയ്യുന്നതിനുള്ള നടപടി**

232(2902) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറശ്ശിനിക്കടവ് പാലത്തിന്റെ റീ-ടാറിംഗ് നടത്തുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പഴശ്ശി ജലസേചന പദ്ധതിയിൽ "General - main canal - PyIP – providing wearing coat over Parassinikkadavu Aqueduct cum

bridge at Ch.42/500 km - General Civil Work" എന്ന പ്രവൃത്തിക്ക് 27-08-2022 -ലെ AS/59D/22/21684 ഉത്തരവുപ്രകാരം പദ്ധതി വിഭാഗം-1, ചീഫ് എഞ്ചിനീയർ 45 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പാലത്തിന്റെ റീ-ടാറിംഗിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മേൽ പ്രവൃത്തിക്കായി 14-11-2022, 14-12-2022 എന്നീ തീയതികളിൽ 2 തവണ ഇ-ടെണ്ടർ നടത്തിയെങ്കിലും കരാറുകാരിൽനിന്ന് പ്രതികരണമുണ്ടായില്ല. തുടർന്ന് 28-12-2022-ന് മൂന്നാം തവണ നടത്തിയ ഇ-ടെണ്ടറിൽ 54.97% അധികരിച്ച നിരക്കിൽ ഒരു കരാറുകാരൻ പങ്കെടുത്തു. എന്നാൽ ക്വോട്ട് ചെയ്ത നിരക്ക് DSR + 10 ശതമാനത്തിൽ അധികരിച്ചതിനാൽ ടെണ്ടർ അംഗീകരിച്ചില്ല. പിന്നീട് പാലത്തിന്റെ Hand rail, Kerb എന്നിവയുടെ കേടുപാടുകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ പ്രസ്തുത പ്രവൃത്തികൾകൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യുകയും പുതുക്കിയ എസ്റ്റിമേറ്റ് തുകയായ 81 ലക്ഷം രൂപയ്ക്ക് പഴശ്ശി പദ്ധതിയുടെ 2022-23 പ്ലാൻ ശീർഷകത്തിൽ ഏറ്റെടുത്ത മറ്റ് പ്രവൃത്തികളിൽ മിച്ചംവന്ന തുക (Tender Savings) ഉപയോഗപ്പെടുത്തി സാമ്പത്തികാനുമതി നൽകാൻ

അപേക്ഷിച്ചുകൊണ്ട് 23-02-2023-ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ, പ്രോജക്റ്റ് സർക്കിൾ, കണ്ണൂർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പാലം അവസാനമായി ടാർ ചെയ്തത് ഏത് വർഷമാണ്?

2014-15 സാമ്പത്തിക വർഷമാണ് പ്രസ്തുത പാലം അവസാനമായി ടാർ ചെയ്തത്.

(ഡി) പ്രസ്തുത പാലത്തിന്റെ റീ-ടാറിംഗ് പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനും മൂന്ന് മാസത്തിനകം പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കാമോ?

ആവശ്യമായ അനുമതികൾ ലഭ്യമാക്കി പ്രവൃത്തി അടിയന്തരമായി ആരംഭിക്കാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**മൂവാറ്റുപുഴ ഇറിഗേഷൻ പ്രോജക്റ്റ്**

233(2903) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്റ്റിന്റെ കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ ആറാമത്തെ റീച്ച് തടസ്സപ്പെട്ടിരിക്കുന്നത് പരിഹരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ 2, 3, 5, 6 റീച്ചുകളിൽ നടപ്പാക്കേണ്ട ബാക്കി പ്രവൃത്തികൾക്കാവശ്യമായ 34.90 കോടി രൂപയുടെ വിശദമായ പദ്ധതിരേഖ പരിശോധിച്ചുവരുന്നു.

(ബി) ആയത് പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾക്ക് നിലവിലെ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ വകുപ്പുതല ടെക്നിക്കൽ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ 2, 5 റീച്ചുകളുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകി, വിവിധ റീച്ചുകളിൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഒറ്റ പ്രവൃത്തിയായി ചെയ്യുന്നതിന് നിലവിലെ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കാൻ 29-04-2020-ൽ ചേർന്ന ടെക്നിക്കൽ കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്.

(സി) മുളക്കുളം പഞ്ചായത്തിലൂടെയുള്ള പ്രസ്തുത പ്രോജക്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ഡി) കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ രണ്ട്, അഞ്ച് റീച്ചുകളുടെ നിർമ്മാണം സംബന്ധിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ?

(സി&ഡി) കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ ബാലൻസ് പ്രവൃത്തിയുടെ വിശദമായ പദ്ധതിരേഖ (34.90 കോടി രൂപ), കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ 2, 5 റീച്ചുകളുടെ നിർമ്മാണം സംബന്ധിച്ച് സമർപ്പിക്കപ്പെട്ട എസ്റ്റിമേറ്റ് എന്നിവ സർക്കാർ പരിശോധിച്ചുവരുന്നു.

**തരൂർ മണ്ഡലത്തിലെ കോട്ടായിയിൽ സൈഫണേജ് നിർമ്മാണം**

234(2904) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തരൂർ മണ്ഡലത്തിലെ കോട്ടായിയിലെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച സൈഫണേജ് നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

**ഹരിപ്പാട് മണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ**

235(2905) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ ഹരിപ്പാട് മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പുമുഖേന നിർവ്വഹിക്കുന്നതിനായി തുക അനുവദിച്ചിരുന്ന പുളിക്കീഴ് റെഗുലേറ്റർ-കം-ബ്രിഡ്ജ്, ആറാട്ടുപുഴ പഞ്ചായത്തിലെ മണിവേലിക്കടവ്

കടവത്ത് പാലം പ്രദേശത്തെ സംരക്ഷണ പ്രവൃത്തി എന്നിവയുടെ ഭരണാനുമതിയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് എത്രയും വേഗം ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) സംസ്ഥാന ബഡ്ജറ്റിൽ ഹരിപ്പാട് മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പുമുഖേന അനുവദിച്ചിരുന്ന പുളിക്കീഴ് റഗുലേറ്റർ - കം - ബ്രിഡ്ജ് പ്രവൃത്തിയുടെ 10 കോടി രൂപയുടെ പ്രൊപ്പോസൽ ഭരണാനുമതിക്കായി ലഭിച്ചിരുന്നുവെങ്കിലും എസ്റ്റിമേറ്റ് പുനർനിർണ്ണയിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. കൂടാതെ മണിവേലിക്കടവ് കടവത്ത് പാലം പ്രദേശത്തെ സംരക്ഷണ പ്രവൃത്തിക്കായി 7.00 കോടി (ഏഴ് കോടി) രൂപയുടെ എസ്റ്റിമേറ്റിന്റെ approved version ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ**

236(2906) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഇറിഗേഷൻ(മൈനർ/മേജർ)/വാട്ടർ അതോറിറ്റി മുഖാന്തരം ഏതെല്ലാം പ്രവൃത്തികൾ നടപ്പാക്കുന്നതിനാണ് ഭരണാനുമതി ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഇറിഗേഷൻ (മൈനർ/ മേജർ)/വാട്ടർ അതോറിറ്റി മുഖാന്തരം നടപ്പാക്കിയ പ്രവൃത്തികളും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## മഞ്ചേശ്വരം മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

237(2907) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തനപുരോഗതി സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ?

(എ&ബി) മഞ്ചേശ്വരം മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികളും അവയുടെ പ്രവർത്തന പുരോഗതിയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**കാട്ടാക്കട മണ്ഡലത്തിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾ**

238(2908) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ നബാർഡിൽ സമർപ്പിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) കാട്ടാക്കട മണ്ഡലത്തിലെ ജലസംരക്ഷണ പ്രവർത്തനങ്ങൾ നബാർഡ് RIDF സ്കീമിലുൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി NABARD RIDF TRANCHE XXVIII-2022-23-Improving Irrigation facilities for various Ela in Kattakada Constituency എന്ന 25.00

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോടി രൂപ അടങ്കൽ തുക പ്രതീക്ഷിക്കുന്ന പ്രവൃത്തിയുടെ വിശദമായ പദ്ധതിരേഖ ലഭിച്ചിട്ടുണ്ട്. ആയതിന്മേൽ നിലവിലുള്ള ന്യൂനതകൾ പരിഹരിച്ച് ആവശ്യമായ രേഖകൾ ലഭ്യമാക്കി Provisional Technical Sanction നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് പൂർത്തിയായാലുടൻതന്നെ പ്രസ്തുത പദ്ധതി NABARD-ന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**തോട്ടപ്പള്ളി സ്പിൽവേയ്ക്ക് സമീപം വ്യാവസായിക ആവശ്യങ്ങൾക്ക് മണൽ നീക്കം ചെയ്യൽ**

239(2909) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി സ്പിൽവേയ്ക്ക് പടിഞ്ഞാറ് വശം പൊഴിമുഖത്തുനിന്നും വ്യാവസായിക ആവശ്യങ്ങൾക്കായി മണൽ നീക്കം ചെയ്യാൻ കെ.എം.എം.എൽ., ഐ.ആർ.ഇ.എൽ. എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച കരാറിൽ ഏർപ്പെട്ടതെന്നാണ്; പ്രസ്തുത കരാറിലെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

31-05-2019-ലെ GO(Rt)No.385/2019/WRD പ്രകാരം തോട്ടപ്പിള്ളി സ്പിൽവേയ്ക്ക് പടിഞ്ഞാറ് പൊഴിമുഖത്തുനിന്നും വ്യാവസായിക

ആവശ്യങ്ങൾക്കായി മണൽ നീക്കം ചെയ്യാൻ കെ.എം.എം.എൽ.-മായി സൂപ്രണ്ടിംഗ് എഞ്ചിനീയർ 11-10-2019-ൽ നം.47/SE/ISC/2019-20 നമ്പരായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഐ.ആർ.ഇ.എൽ.-മായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത കരാർപ്രകാരം കെ.എം.എം.എൽ., ഐ.ആർ.ഇ.എൽ. എന്നീ സ്ഥാപനങ്ങൾ ഓരോന്നും ശേഖരിച്ച മണലിന്റെ അളവ് എത്ര വീതമാണെന്ന് വിശദമാക്കാമോ?

പ്രസ്തുത കരാർപ്രകാരം കെ.എം.എം.എൽ. ശേഖരിച്ച മണലിന്റെ അളവ് 5,80,779.54$m^3$ ആണ്.

(സി) പ്രസ്തുത ഇനത്തിൽ ഓരോ സ്ഥാപനവും സർക്കാരിലേയ്ക്ക് എത്ര തുക വീതം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത ഇനത്തിൽ കെ.എം.എം.എൽ. സർക്കാരിലേയ്ക്ക് 27,94,83,935/- രൂപ അടച്ചിട്ടുണ്ട്.

(ഡി) ധാതുക്കൾ വേർതിരിച്ചശേഷം അവശേഷിക്കുന്ന മണൽ തിരികെ നിക്ഷേപിക്കണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര അളവിൽ മണൽ തിരികെ നിക്ഷേപിച്ചുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

ധാതുക്കൾ വേർതിരിച്ചശേഷം അവശേഷിക്കുന്ന മണൽ തിരികെ നിക്ഷേപിക്കണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തിരികെ നിക്ഷേപിച്ച മണലിന്റെ അളവ് 14308.61 MT ആണ്.

**ജലവിഭവ വകുപ്പിലെ ധനകാര്യ ഇൻസ്പെക്ഷൻ**

240(2910) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലവിഭവ വകുപ്പിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം അവസാനമായി പരിശോധന നടത്തിയത് എന്നാണെന്നും പ്രസ്തുത പരിശോധനയിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്നും അറിയിക്കുമോ; പരിശോധന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ജലവിഭവ വകുപ്പിനുകീഴിലുള്ള ചീഫ് എഞ്ചിനീയർ, പ്രോജക്ട് 1 കാര്യാലയത്തിൽ 04-10-2019-ലും പഴശ്ശി ഡിവിഷനിൽ 10-02-2017-ലും ബാണാസുരസാഗർ ഡിവിഷനിൽ 2023 ജനുവരി മാസത്തിലും കാരാപ്പുഴ ഡിവിഷനിൽ 24-11-2018, 28-11-2018-ലും മലമ്പുഴ ഡിവിഷനിൽ 2015-ലും കെ.പി.ഐ.പി. ഡിവിഷൻ നം.1, കാഞ്ഞിരപ്പുഴയിൽ 2020-ലും ഇറിഗേഷൻ ഡിവിഷൻ ചിറ്റൂരിൽ 2018-ലും ആണ് ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിട്ടുള്ളത്. റിപ്പോർട്ട് അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചീഫ് എഞ്ചിനീയർ, പ്രോജക്ട് 2-ന് കീഴിലുള്ള പെരിയാർവാലി ഇറിഗേഷൻ പദ്ധതി കാര്യാലയത്തിൽ 2019-ലും 2021-ലുമാണ് ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിട്ടുള്ളത്. റിപ്പോർട്ട് അനുബന്ധമായി+ ചേർക്കുന്നു.

ചീഫ് എഞ്ചിനീയർ, ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജ് കാര്യാലയത്തിൽ 31-01-2023-ലും വകുപ്പിനുകീഴിലുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ 2017 മേയ് മാസത്തിലും ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിട്ടുണ്ട്. പരിശോധനാ റിപ്പോർട്ട് അനുബന്ധമായി+ ചേർക്കുന്നു.

മെക്കാനിക്കൽ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ 28-03-2016-ന് ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിട്ടുണ്ട്. പരിശോധനാ റിപ്പോർട്ട് അനുബന്ധമായി+ ചേർക്കുന്നു.

ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി.-യിൽ 28-12-2022-ലും കേരള വാട്ടർ അതോറിറ്റിയിൽ 24-09-2022-ലും ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിട്ടുണ്ട്. റിപ്പോർട്ട് പ്രസ്തുത ഓഫീസുകളിൽ ലഭിച്ചിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജലനിധിയുടെ ഓഫീസിൽ 2017 ഡിസംബർ മാസത്തിലാണ് ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിട്ടുള്ളത്. റിപ്പോർട്ട് അനുബന്ധമായി+ ചേർക്കുന്നു.

ഭൂജല വകുപ്പിന്റെ വിവിധ ഓഫീസുകളിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയ തീയതിയും റിപ്പോർട്ടും അനുബന്ധമായി+ ചേർക്കുന്നു.

## CEIA/101/21-A6 നമ്പർ കത്തിന്മേലുള്ള തുടർനടപടികൾ

241(2911) <u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും സർക്കാരിലേയ്ക്ക് നൽകിയിരുന്ന 26-02-2022-ലെ CEIA/101/21-A6 നമ്പർ കത്തിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ജലവിഭവ വകുപ്പിൽ ഇതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുന്ന ഫയൽ ഏതാണെന്ന് അറിയിക്കാമോ; പ്രസ്തുത ഫയലിന്റെ നോട്ട്, കറന്റ് ഭാഗങ്ങളുടെ മുഴുവൻ പേജുകളുടേയും പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) ചീഫ് എഞ്ചിനീയർ (ഐ&എ)-യുടെ 26-02-2022-ലെ CEIA/101/21-A6 നമ്പർ കത്ത് പരിശോധിക്കുകയും സീനിയോരിറ്റി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തർക്കങ്ങൾമൂലം പ്രൊമോഷൻ തടസ്സപ്പെടുന്ന സാഹചര്യം കണക്കിലെടുത്ത് 08-06-2021-ലെ സ.ഉ.(കൈ)നം.13/2021/ഉ.ഭ.പ.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് 13-02-2023-ലെ എ 3/225/2021/ജ.വി.വ. നമ്പർ കത്തുപ്രകാരം ചീഫ് എഞ്ചിനീയർ (ഐ&എ)-ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത ഫയലിലെ നോട്ട് ഫയലിന്റേയും കറന്റ് ഫയലിന്റേയും പകർപ്പുകൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**സി. ആൻഡ് എ. ജി. ഓഡിറ്റ് റിപ്പോർട്ട്**

242(2912) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി. & എ.ജി. ജലവിഭവ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ നടത്തിയ ഓഡിറ്റിൽ എന്തൊക്കെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഡിറ്റ് സംബന്ധിച്ച അന്തിമ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) സി. & എ.ജി. ജലവിഭവ വകുപ്പിനുകീഴിലുള്ള ലൈൻ വകുപ്പ്/ ഏജൻസികളായ ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഭൂജല വകുപ്പ് എന്നീ വകുപ്പദ്ധ്യക്ഷന്മാരുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ കഴിഞ്ഞ മൂന്ന് വർഷ കാലയളവിൽ നടത്തിയ ഓഡിറ്റിൽ ചില ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.ആയത് യഥാക്രമം അനുബന്ധം 1+, 2+, 3+ ആയി ചേർക്കുന്നു.

## കേരള വാട്ടർ അതോറിറ്റിയിൽ ടെക്നിക്കൽ ചട്ടം രൂപീകരിക്കാൻ നടപടി

243(2913) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് പി.എസ്.സി. നടത്തുന്ന വകുപ്പുതല പരീക്ഷയ്ക്ക് നിലവിൽ അതോറിറ്റിയിൽ ജോലി ചെയ്യുന്ന ബി.ടെക് യോഗ്യതയുള്ള ഓപ്പറേറ്റർ ഉൾപ്പെടെയുള്ള ലോവർ കാറ്റഗറി ജീവനക്കാർക്ക് അവസരം നൽകുന്നതിനാവശ്യമായ ടെക്നിക്കൽ ചട്ടം രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

27-01-2023-ൽ ടെക്നിക്കൽ ചട്ടം G.O.(P) No. 1/2023/WRD രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ഇതുപ്രകാരം നിലവിൽ അതോറിറ്റിയിൽ ജോലി ചെയ്യുന്ന ബി.ടെക് (സിവിൽ, മെക്കാനിക്കൽ, കെമിക്കൽ)/തത്തുല്യ യോഗ്യതയുള്ള ഓപ്പറേറ്റർ ഉൾപ്പെടെയുള്ള ലോവർ കാറ്റഗറി ജീവനക്കാർക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇൻസർവ്വീസ് ക്വാട്ടവഴി അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് പി.എസ്.സി. നടത്തുന്ന വകുപ്പുതല പരീക്ഷ വഴി അവസരം ലഭ്യമായിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയിൽ ടെക്നിക്കൽ ചട്ടങ്ങൾ രൂപീകരിക്കാൻ ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ചട്ടം രൂപീകരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയിൽ ഇലക്ട്രിക്കൽ ഗ്രേഡ് 1, ഓവർസിയറായി ജോലി ചെയ്തിരുന്ന ശ്രീ. പ്രബോധ്ചന്ദ്രൻ ഫയൽ ചെയ്ത WP(C)9844/2021 എന്ന അന്യായത്തിലെ വിധിപ്രകാരം ടെക്നിക്കൽ ചട്ടങ്ങൾ രൂപീകരിക്കാൻ നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 27-01-2023-ൽ നടപടികൾ പാലിച്ച് ടെക്നിക്കൽ ചട്ടം G.O.(P) No. 1/2023/WRD രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ പകർപ്പ് അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(സി) പ്രസ്തുത സ്ഥാപനത്തിൽ കാറ്റഗറി 3, 4 തസ്തികകളിൽ നിലവിൽ ജോലി ചെയ്യുന്ന സിവിൽ, മെക്കാനിക്കൽ, കെമിക്കൽ എന്നീ വിഷയങ്ങളിൽ ബി.ടെക് യോഗ്യതയുള്ളവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**പഞ്ചായത്തുകളിലെ ജലസ്രോതസ്സുകളുടെ സംരക്ഷണവും നവീകരണവും**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

244(2914) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലെ പ്രധാന ജലസ്രോതസ്സുകളും കുളങ്ങളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും ഭൂജല വകുപ്പ് നടപടി സ്വീകരിച്ചു വരുന്നുണ്ടോ?

ഭൂജല വകുപ്പ് തുറന്ന കിണർ/കുഴൽക്കിണർ/മഴക്കുഴികൾ വഴിയുള്ള ഭൂജലസംപോഷണം, ചെറിയ തടയണകൾ, അടിയണകൾ, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം എന്നീ പ്രവർത്തനങ്ങൾ വകുപ്പിന്റെ പ്ലാൻ പദ്ധതിയായ 'ഭൂജല സംരക്ഷണവും സംപോഷണവും' മുഖേന നടപ്പാക്കിവരുന്നു.

കൂടാതെ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പാക്കിവരുന്ന 'ജൽ ശക്തി അഭിയാൻ' – Catch the rain programme – 2022-ന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ തനത് ഫണ്ട് ഉപയോഗപ്പെടുത്തി വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്.

(ബി) ഓരോ വർഷവും ഓരോ പഞ്ചായത്തിലും ഒരു ജലസ്രോതസ്സെങ്കിലും നവീകരിച്ച് സംരക്ഷിക്കുന്നതിനാവശ്യമായ ഫണ്ടും അനുമതിയും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഭൂജല വകുപ്പിന് 2022-23 സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി 900 ലക്ഷം രൂപ ഭൂജല സംപോഷണ പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുണ്ട്. 923 ലക്ഷം രൂപയുടെ 304 വിവിധ ഭൂജല സംപോഷണ പദ്ധതികൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ജില്ലകൾക്ക് നൽകിയിട്ടുണ്ട്. 97 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവർത്തനങ്ങൾ ജില്ലകളിൽ പുരോഗമിച്ചുവരുന്നു. 2023-24 സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി 900 ലക്ഷം രൂപ ഭൂജല സംപോഷണ പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭൂജല സംപോഷണ പ്രവർത്തനങ്ങൾ വിവിധ ജില്ലകളിൽ ഏകോപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

## വെൽ സെൻസസ് പദ്ധതിയുടെ പുരോഗതി

245(2915) ഡോ. കെ. ടി. ജലീൽ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂജല സമ്പത്തിന്റെ വിവരശേഖരണാർത്ഥം ഈ സർക്കാർ ആരംഭിച്ച വെൽ സെൻസസ് പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

സംസ്ഥാനത്തെ ഭൂജല സ്രോതസ്സുകളുടെ വിവരശേഖരണം നടത്തുന്നതിന് നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി ഭൂജലവകുപ്പ് വെൽ സെൻസസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഒന്നാംഘട്ടം കേരളത്തിലെ 39 തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ (ഭൂജല സ്രോതസ്സുകളിൽ കുറവ് രേഖപ്പെടുത്തിയവ) കുടുംബശ്രീ പ്രവർത്തകർ മുഖേന "നീരറിവ്" മൊബൈൽ ആപ്പിലൂടെ വിവരശേഖരണം ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സെൻസസിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ?

വെൽ സെൻസസ് പദ്ധതിയിലൂടെ സംസ്ഥാനത്തെ മുഴുവൻ ഭൂജല സ്രോതസ്സുകളുടെയും (തുറന്ന കിണർ, കുഴൽക്കിണർ, കുളങ്ങൾ, നീരുറവകൾ മുതലായവ) എണ്ണം രേഖപ്പെടുത്തുന്നതിനോടൊപ്പം അവയുടെ സ്ഥാനം, ഉടമസ്ഥത, ഉപയോഗലക്ഷ്യം (ഗാർഹിക/കുടിവെള്ള/കൃഷി/വ്യവസായം), ഉപയോഗിക്കുന്ന മോട്ടോർ – ന്റെ ഗുണനിലവാരം, വരൾച്ചാസാധ്യത എന്നീ വിവരങ്ങൾകൂടി ശേഖരിച്ചു. ആയത് സംസ്ഥാനത്തെ വിവിധ പഠന

ആവശ്യങ്ങൾക്ക് ഉതകുംവിധം KWRIS വഴി ലഭ്യമാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്.

(സി) ഭൂജല സമ്പത്തിന്റെ സുസ്ഥിര വികസനവുമായി ബന്ധപ്പെട്ട് നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഭൂജല സമ്പത്തിന്റെ സുസ്ഥിര വികസനവുമായി ബന്ധപ്പെട്ട് നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ ഭൂജലവിഭവ സമ്പത്തിനെക്കുറിച്ച് സംസ്ഥാന ഭൂജലവകുപ്പും കേന്ദ്ര ഭൂജലബോർഡും സംയുക്തമായി പഠനങ്ങൾ നടത്തിവരുന്നു. 2022 മാർച്ചിൽ പ്രസിദ്ധീകരിച്ച ഭൂജല വിഭവ മൂല്യനിർണ്ണയ റിപ്പോർട്ടുപ്രകാരം കേരള സംസ്ഥാനത്തെ ആകെ ഭൂജലസമ്പത്ത് 5.19 ബില്ല്യൺ ക്യൂബിക് മീറ്റർ ആണ്. 2020 മാർച്ചിലെ പഠന റിപ്പോർട്ടുപ്രകാരം കേരള ഭൂജലസമ്പത്ത് 5.12 ബില്ല്യൺ ക്യൂബിക് മീറ്റർ ആയിരുന്നു. 2022 മാർച്ചിൽ പ്രസിദ്ധീകരിച്ച പുതിയ റിപ്പോർട്ടുപ്രകാരം 0.07 BCM - ന്റെ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

2017 മാർച്ചിലെ ഭൂജല വിഭവ മൂല്യനിർണ്ണയ റിപ്പോർട്ടുപ്രകാരം ഭൂജല ഉപഭോഗ തോതിൽ പാലക്കാട് ജില്ലയിലെ അമിത ചൂഷിത ബ്ലോക്കായിരുന്ന

ചിറ്റൂരിനെ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ കൃത്രിമ ഭൂജലസംപോഷണ മാർഗ്ഗങ്ങൾ നടപ്പാക്കുകവഴി ഗുരുതര വിഭാഗത്തിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. കൂടാതെ കാസർഗോഡ് ജില്ലയിലെ അർദ്ധ ഗുരുതര വിഭാഗത്തിൽ ഉൾപ്പെട്ടിരുന്ന കാറഡുക്ക, കാഞ്ഞങ്ങാട് ബ്ലോക്കുകൾ മാർച്ച് 2022 - ലെ Groundwater Resource Estimation റിപ്പോർട്ടുപ്രകാരം സുരക്ഷിത വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഭൂജലവകുപ്പ് തുറന്ന കിണർ/കുഴൽക്കിണർ/മഴക്കുഴികൾ വഴിയുള്ള ഭൂജലസംപോഷണം, ചെറിയ തടയണകൾ, അടിയണകൾ, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം എന്നീ പ്രവർത്തനങ്ങൾ വകുപ്പിന്റെ പ്ലാൻ പദ്ധതിയായ 'ഭൂജലസംരക്ഷണവും സംപോഷണവും' മുഖേന നടപ്പാക്കിവരുന്നു.

കൂടാതെ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പാക്കിവരുന്ന 'ജൽ ശക്തി അഭിയാൻ' - Catch the rain programme- 2022 -ന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ തനത് ഫണ്ട് ഉപയോഗപ്പെടുത്തി വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പാക്കിവരുന്നു.

**വർക്കല മണ്ഡലത്തിൽ ഭൂജല വകുപ്പിന്റെ മിനി കുടിവെള്ള പദ്ധതികൾ**

246(2916) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ കുടിവെള്ളം പൈപ്പ് ലൈൻ മുഖേന എത്തിക്കാൻ കഴിയാത്ത പ്രദേശങ്ങൾ കണ്ടെത്തിയിട്ടുണ്ടോ;

(ബി) അത്തരത്തിലുള്ള പ്രദേശങ്ങളിൽ ഭൂജല വകുപ്പിന്റെ മിനി കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) ഉണ്ട്. അത്തരം പ്രദേശങ്ങളിൽ മിനി കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഭൂജല വകുപ്പിലെ സി.എൽ.ആർ. തൊഴിലാളികളെ എസ്.എൽ.ആർ. ആക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ**

247(2917) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജല വകുപ്പിൽ സി.എൽ.ആർ. തൊഴിലാളികളെ എസ്.എൽ.ആർ. ആക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ?

ഭൂജല വകുപ്പിൽ സി.എൽ.ആർ. തൊഴിലാളികളെ എസ്.എൽ.ആർ. ആക്കുന്നത് സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്.

(ബി) സി.എൽ.ആർ. തൊഴിലാളികളെ എസ്.എൽ.ആർ. ആയി മാറ്റുന്നത് സംബന്ധിച്ച് ജി.ഡബ്ല്യൂ1/272/2022 നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. ഭൂജല വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) നിലവിലുള്ള സി.എൽ.ആർ. തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സി.എൽ.ആർ. ജീവനക്കാരെ എസ്.എൽ.ആർ. വർക്കറായി നിയോഗിക്കുന്നതിനുള്ള അർഹത പരിശോധിക്കുന്നതിനും ഇവരെ സ്കിൽഡ് വർക്കർ തസ്തികയിൽ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(സി&ഡി) നിലവിൽ പരിഗണനയിലില്ല.

(ഇ) കുഴൽക്കിണർ നിർമ്മാണ സൈറ്റുകളിലും ഭൂജല സർവ്വേ പ്രവർത്തനങ്ങൾക്കുമുള്ള സി.എൽ.ആർ. ജീവനക്കാരെ ജോലിയുടെ സ്വഭാവമനുസരിച്ച് എട്ട് മണിക്കൂർ ഷിഫ്റ്റ് സമയക്രമങ്ങളിലും ഓഫീസ് സമയക്രമങ്ങളിലും നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കുഴൽക്കിണർ നിർമ്മാണ സൈറ്റുകളിലും ഭൂജല സർവ്വേ പ്രവർത്തനങ്ങൾക്കുമുള്ള സി.എൽ.ആർ. ജീവനക്കാരെ ഫീൽഡ്

ജോലികളുടെ ആവശ്യകതയനുസരിച്ച് ഷിഫ്റ്റ് സമ്പ്രദായത്തിലുൾപ്പെടെ നിയോഗിക്കാറുണ്ട്.

## ഭൂജല വകുപ്പിൽ ഡെലിഗേഷൻ ഓഫ് ഫിനാൻഷ്യൽ പവർ വർദ്ധിപ്പിക്കുന്നതിന് നടപടി

248(2918) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിഭവ വകുപ്പ് മുഖേന നടപ്പാക്കുന്ന കുടിവെള്ള പദ്ധതിക്ക് സാങ്കേതികാനുമതി നൽകുന്നതിന് ജില്ലാ ഭൂജല വകുപ്പ് ഓഫീസർക്കുള്ള ഡെലിഗേഷൻ ഓഫ് ഫിനാൻഷ്യൽ പവർ എത്ര രൂപവരെയാണ്; വിശദാംശം അറിയിക്കാമോ?

സംസ്ഥാനത്ത് ജലവിഭവ വകുപ്പ് മുഖേന നടപ്പാക്കുന്ന കുടിവെള്ള പദ്ധതിക്ക് സാങ്കേതികാനുമതി നൽകുന്നതിന് ജില്ലാ ഭൂജലവകുപ്പ് ഓഫീസർക്കുള്ള ഡെലിഗേഷൻ ഓഫ് ഫിനാൻഷ്യൽ പവർ 4 ലക്ഷം രൂപവരെയാണ്.

(ബി) പ്രസ്തുത ഡെലിഗേഷൻ ഓഫ് ഫിനാൻഷ്യൽ പവർ നിജപ്പെടുത്തിയത് എന്നാണെന്ന് അറിയിക്കാമോ?

പ്രസ്തുത ഡെലിഗേഷൻ ഓഫ് ഫിനാൻഷ്യൽ പവർ നിജപ്പെടുത്തിയത്, 11-11-2013-ലെ G.O.(MS) No. 112/2013/WRD പ്രകാരമാണ്.

(സി) മറ്റ് വകുപ്പുകളിൽ ജില്ലാ ഓഫീസർമാർക്ക് സാങ്കേതികാനുമതി നൽകാനുള്ള ഡെലിഗേഷൻ ഓഫ് ഫിനാൻഷ്യൽ പവർ ഒരു കോടി രൂപ വരെയായിരിക്കെ ഭൂജല വകുപ്പിൽമാത്രം കാലാനുസൃതമായ മാറ്റം വരുത്തുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ;

(ഡി) മറ്റ് വകുപ്പുകൾക്ക് നൽകിയതുപോലെ ഭൂജല വകുപ്പിലും സാങ്കേതികാനുമതി നൽകാനുള്ള ഡെലിഗേഷൻ ഓഫ് ഫിനാൻഷ്യൽ പവർ കാലാനുസൃതമായി വർദ്ധിപ്പിച്ച് നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ?

(സി&ഡി) മറ്റ് വകുപ്പുകളുമായി താരതമ്യം ചെയ്യുമ്പോൾ ഭൂജലവകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ 25 ലക്ഷം രൂപവരെയുള്ള സാങ്കേതികാനുമതിയുടെ പരിധിയിലാണ്.

ഭൂജല വകുപ്പ് ഡയറക്ടറിൽനിന്നും നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

**കുണ്ടറ മണ്ഡലത്തിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് നടത്തിവരുന്ന പ്രവൃത്തികൾ**

249(2919) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ മണ്ഡലത്തിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ നടത്തിവരുന്ന പ്രവൃത്തികൾ ഏതൊക്കെയെന്നും ആയതിന്റെ നിലവിലെ പ്രവർത്തന പുരോഗതി എന്തെന്നും വിശദമാക്കാമോ?

കുണ്ടറ മണ്ഡലത്തിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ നടത്തി വരുന്ന പ്രവൃത്തികളുടെ വിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## കേരള വാട്ടർ അതോറിറ്റിക്ക് അനുവദിച്ച ഗ്രാന്റ് നൽകാൻ നടപടി

250(2920) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിക്ക് 2022-ൽ അനുവദിച്ച പദ്ധതിയേതര ഗ്രാന്റ് തുക പൂർണ്ണമായും നൽകാൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പദ്ധതിയേതര ഗ്രാന്റ് തുകയായി 2022-ൽ അനുവദിച്ച 353 കോടി രൂപയിൽ 183 കോടി രൂപ മാത്രമാണ് നൽകിയത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബാക്കി തുക യഥാസമയം നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ബഡ്ജറ്റിൽ കേരള വാട്ടർ അതോറിറ്റിക്ക് പദ്ധതിയേതര ഗ്രാന്റ് തുകയായി 353.16 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഇതുവരെ (23-02-2023 വരെ) 183.73 കോടി രൂപ അനുവദിച്ചുനൽകി. ബാക്കി 169.43 കോടി രൂപ അനുവദിച്ച് നൽകാനുള്ള കേരള വാട്ടർ അതോറിറ്റിയുടെ അഭ്യർത്ഥന പരിഗണനയിലാണ്.

## പൈപ്പ്ലൈൻ സ്ഥാപിക്കൽ പ്രവൃത്തികൾ സമയബന്ധിതമായി നടത്തുന്നതിന് നടപടി

251(2921) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ സ്ഥാപിക്കൽ പ്രവൃത്തികൾ സമയബന്ധിതമായി നടക്കാത്തതുമൂലം റോഡ് പ്രവൃത്തികൾ നീണ്ടുപോകുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ഉണ്ട്.

(ബി) പൊതുമരാമത്ത് റോഡുകളിൽ റോഡ് പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുമ്പായി ആവശ്യമായ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് വകുപ്പുതല ഏകോപനത്തിനുള്ള സംവിധാനം ഏർപ്പെടുത്താൻ സർക്കാർ സന്നദ്ധമാവുമോ; വിശദമാക്കുമോ?

ജലവിഭവ വകുപ്പിന്റെ പ്രവൃത്തികളുടെ ഭാഗമായി വെട്ടിപ്പൊളിക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് സമയബന്ധിതമായി തീർക്കുന്നതിനായി ജലവിഭവ വകുപ്പും പൊതുമരാമത്തു വകുപ്പും സംയുക്തമായി ഒരു ഓൺലൈൻ പോർട്ടൽ (RoW-portal) സംവിധാനം നടപ്പാക്കിയിട്ടുണ്ട്. 05-01-2022-ൽ ബഹുമാന്യരായ പൊതുമരാമത്തു വകുപ്പുമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും ചേർന്ന മീറ്റിംഗിൽ പൊതുമരാമത്തു വകുപ്പ് സെക്രട്ടറി ചെയർമാനായും പൊതുമരാമത്തു വകുപ്പ് ഉദ്യോഗസ്ഥരും ജല അതോറിറ്റി ഉദ്യോഗസ്ഥരും ചേർന്ന ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കാൻ നിർദ്ദേശിച്ചതിൻപ്രകാരം 18-01-2022-ൽ ചേർന്ന ആദ്യ കമ്മിറ്റിയിൽ നടപ്പ് വർഷത്തിൽ ജല അതോറിറ്റിക്ക് ഭരണാനുമതി നൽകിയതിൽ ജല വിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളുടെ വിവരവും പൊതുമരാമത്തു റോഡ് നവീകരണ

പ്രവൃത്തികളുടെ വിവരവും അടിയന്തരമായി മേൽപ്പറഞ്ഞ RoW പോർട്ടലിൽ ചേർക്കേണ്ടതാണെന്നും തീരുമാനിച്ചു. പൊതുമരാമത്തു റോഡുകളിൽ പൈപ്പ്ലൈൻ സ്ഥാപിക്കലും റോഡ് പുനഃസ്ഥാപിക്കലുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിൽനിന്നും സർക്കാർ ഉത്തരവുകൾ (24-02-2022-ലെ G.O.(Ms)No.8/2022/PWD, 14-02-2023-ലെ G.O.(Ms)No.11/2023/PWD) നിലവിലുണ്ട്. മേൽ നടപടികൾക്ക് വിധേയമായി പൊതുമരാമത്തു റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് Row പോർട്ടൽവഴി അപേക്ഷ സമർപ്പിക്കുന്നതിനും പ്രവൃത്തികൾ മുൻകൂട്ടി പ്ലാൻ ചെയ്യുന്നതിനും സംവിധാനം നിലവിലുണ്ട്.

കൂടാതെ രണ്ട് വകുപ്പുകളിലെയും ചീഫ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ എല്ലാ മാസത്തിലും കമ്മിറ്റികൂടി റോഡുകളിലെ പൈപ്പ് ലൈൻ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്താറുണ്ട്.

**വാട്ടർ അതോറിറ്റിക്ക് ലഭിക്കേണ്ട ഗ്രാന്റ് തുക**

252(2922) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റത് മുതൽ കേരള വാട്ടർ അതോറിറ്റിയുടെ പ്രതിമാസ വരവും ചെലവും എത്ര വീതമാണെന്ന് ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

കേരള വാട്ടർ അതോറിറ്റിക്ക് 2021 ഏപ്രിൽ മാസം മുതൽ പ്രതിമാസം ലഭിച്ച വരുമാനവും അത് ഏതൊക്കെ ചെലവുകൾക്ക് വിനിയോഗിച്ചെന്ന വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന പ്രതിമാസ കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് അനുബന്ധം 1+, 2+ ആയി ചേർക്കുന്നു.

(ബി) നടപ്പ് സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാരിൽനിന്നും വാട്ടർ അതോറിറ്റിക്ക് ഗ്രാന്റ് ഇനത്തിൽ ലഭിക്കാനുള്ള ബാക്കി തുക എത്രയാണെന്ന് അറിയിക്കുമോ?

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കേരള വാട്ടർ അതോറിറ്റിക്ക് പദ്ധതിയേതര ഗ്രാന്റ് തുകയായി 353.16 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഇതുവരെ (24-02-2023 വരെ) 183.73 കോടി രൂപ അനുവദിച്ചുനൽകി. 169.43 കോടി രൂപ ബാക്കി നൽകാനുണ്ട്.

സ്റ്റേറ്റ് പ്ലാൻ ശീർഷകങ്ങളിൽ ബഡ്ജറ്റ് വിഹിതമായ 276.53 കോടി രൂപയിൽ 91.26 കോടി രൂപ BiMS-ൽ അനുവദിച്ചുനൽകിയിട്ടുണ്ട്. ഈ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ശീർഷകങ്ങളിൽ ബാക്കി 185.29 കോടി രൂപ അനുവദിച്ചുനൽകാനുണ്ട്. നബാർഡ് ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായ 80.20 കോടി രൂപയിൽ 32.44 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. ഈ ഇനത്തിൽ ബാക്കി 47.76 കോടി രൂപ അനുവദിച്ചുനൽകാനുണ്ട്.

(സി) മുൻ വർഷങ്ങളിൽ ഗ്രാന്റ് തുക മുഴുവനായും ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ 2016 മുതൽ ഗ്രാന്റ് ഇനത്തിൽ ഉണ്ടായിട്ടുള്ള ആകെ കുറവ് എത്രയാണെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

വർഷം തിരിച്ചുള്ള കണക്ക് അനുബന്ധം 3+ ആയി ചേർക്കുന്നു.

## വെള്ളക്കര വർദ്ധനവ്

253(2923) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കും ഗാർഹികേതര ഉപഭോക്താക്കൾക്കും 2023 ജനുവരി മാസത്തിൽ യൂണിറ്റ് ഒന്നിന് ഈടാക്കിയിരുന്ന വെള്ളക്കരം എത്രയാണെന്ന് വ്യക്തമാക്കുമോ?

2023 ജനുവരി മാസത്തിൽ ഗാർഹിക ഉപഭോക്താക്കൾക്ക് ഒരു കിലോ ലിറ്ററിന് (1000 ലിറ്റർ) ഈടാക്കിയിരുന്ന ഏറ്റവും കുറഞ്ഞ നിരക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

4.41 രൂപയും ഗാർഹികേതര ഉപഭോക്താക്കൾക്ക് ഒരു കിലോ ലിറ്ററിന് (1000 ലിറ്റർ) 16.54 രൂപയും ആയിരുന്നു.

(ബി) പുതുക്കിയ നിരക്കുപ്രകാരം ഉപഭോക്താക്കൾക്ക് യൂണിറ്റ് ഒന്നിന് ഈടാക്കുന്ന വെള്ളക്കരം എത്രയാണെന്ന് വ്യക്തമാക്കുമോ?

പുതുക്കിയ നിരക്കുപ്രകാരം ഗാർഹിക ഉപഭോക്താക്കൾക്ക് ഒരു കിലോ ലിറ്ററിന് (1000 ലിറ്റർ) ഏറ്റവും കുറഞ്ഞ നിരക്ക് 14.41 രൂപയും ഗാർഹികേതര ഉപഭോക്താക്കൾക്ക് ഒരു കിലോ ലിറ്ററിന് (1000 ലിറ്റർ) 26.54 രൂപയുമാണ്.

**വൈജ്ഞാനിക ഭരണനിർവ്വഹണം നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ**

254(2924) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിൽ വൈജ്ഞാനിക ഭരണനിർവ്വഹണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള 21-11-2022-ലെ യോഗത്തിലെ നിർദ്ദേശത്തിന്മേൽ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

(എ&ബി) ജലവിഭവ വകുപ്പിൽ വൈജ്ഞാനിക ഭരണ നിർവ്വഹണം (Knowledge Administration) നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട്, ജലവിഭവ വകുപ്പ് സെക്രട്ടറി ചെയർമാനായി രൂപീകരിക്കപ്പെട്ട വകുപ്പുതല സമിതിയുടെ 21-11-2022-ലെ യോഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, മാനേജിംഗ് ഡയറക്ടർ (കേരള വാട്ടർ അതോറിറ്റി), ഡയറക്ടർ (ഭൂജല വകുപ്പ്) എന്നിവർ പ്രൊപ്പോസലുകൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) വിശദവും പൂർണ്ണവുമായ പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള സത്വരനടപടി സ്വീകരിച്ചുവരുന്നു.

## കേരള വാട്ടർ അതോറിറ്റി ഗ്രാന്റ്

255(2925) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള വാട്ടർ അതോറിറ്റിക്ക് 2011 മുതൽ സർക്കാർ അനുവദിച്ച പദ്ധതിയേതര ഗ്രാന്റും ഓരോ വർഷവും നൽകിയ തുകയും വർഷം തിരിച്ച് ലഭ്യമാക്കാമോ?

2011 മുതൽ സർക്കാർ അനുവദിച്ച പദ്ധതിയേതര ഗ്രാന്റും ഓരോ വർഷവും നൽകിയ തുകയും അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## ജലവിഭവ വകുപ്പിന് പദ്ധതിയിനത്തിൽ അനുവദിച്ച തുക

256(2926) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലവിഭവ വകുപ്പിന് 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പദ്ധതിയിനത്തിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പിന് 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പദ്ധതിയിനത്തിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## മങ്കട മണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികൾ

257(2927) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ നടപ്പാക്കിവരുന്ന ജലജീവൻ മിഷൻ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും എത്ര കുടിവെള്ള കണക്ഷനുകൾ നൽകിയെന്നും ഇതിനായി എത്ര തുക

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ചെലവഴിച്ചെന്നും എത്ര കണക്ഷനുകൾ നൽകാൻ അവശേഷിക്കുന്നുണ്ട് എന്നതിന്റെയും വിശദാംശം ഗ്രാമപഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

(എ&ബി) മങ്കട നിയോജമണ്ഡലത്തിൽ അങ്ങാടിപ്പുറം, കൂട്ടിലങ്ങാടി, കുറുവ, മക്കരപ്പറമ്പ്, മങ്കട, മൂർക്കനാട്, പുഴക്കാട്ടിരി എന്നീ പഞ്ചായത്തുകളിലാണ് ജലജീവൻ മിഷൻ പ്രവൃത്തികൾ നടപ്പാക്കിവരുന്നത്. മണ്ഡലത്തിൽ 40672 ഗാർഹിക കണക്ഷനുകൾ നൽകുന്നതിന് 31963.80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ജലജീവൻ മിഷൻ പദ്ധതി ആരംഭിച്ചതിനുശേഷം 22-02-2023 വരെയുള്ള കാലയളവിൽ 27689 കണക്ഷനുകളാണ് നൽകിയിട്ടുള്ളത്. ഇനി 12983 കണക്ഷനുകളാണ് നൽകാനുള്ളത്. പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. പഞ്ചായത്ത് തിരിച്ചുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് അങ്ങാടിപ്പുറം, മങ്കട ഗ്രാമപഞ്ചായത്തുകളിലെ സ്ഥലമേറ്റെടുപ്പിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ജലജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് അങ്ങാടിപ്പുറം പഞ്ചായത്തിൽ ജലസംഭരണി നിർമ്മിക്കുന്നതിനായി 25 സെന്റ് ഭൂമി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഏറന്തോട് ശിവക്ഷേത്രം പരിസരത്തുള്ള ഒരു സ്വകാര്യ വ്യക്തിയിൽനിന്നും ലഭിക്കാനുണ്ട്. അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസ്തുത സ്ഥലത്തിന്റെ വില നിർണ്ണയത്തിനായി റവന്യൂ വകുപ്പിൽ നൽകിയിരുന്ന അപേക്ഷപ്രകാരം വില നിർണ്ണയം ലഭ്യമായിട്ടുണ്ട്. അതനുസരിച്ച് സ്ഥലം രജിസ്റ്റർ ചെയ്ത് വാങ്ങാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചുവരികയാണ്. കൂടാതെ പ്രസ്തുത സ്ഥലത്ത് ഉന്നത ജലസംഭരണി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ആരംഭിക്കുന്നതിന് മുൻകൂർ അനുമതി നൽകാൻ 24-02-2023-ൽ ചേർന്ന പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട്.

മങ്കട പഞ്ചായത്തിൽ കുഴാപറമ്പിൽ ജലസംഭരണി നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്നതിന് പഞ്ചായത്ത്, ബ്ലോക്ക് തലങ്ങളിൽ നടപടികൾ പുരോഗമിച്ചുവരുന്നു.

**മഞ്ചേരി മണ്ഡലത്തിലെ ജലജീവൻ മിഷൻ**

258(2928) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതി മുഖേന കുടിവെള്ളം എത്തിക്കുന്നതിനുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

മഞ്ചേരി മണ്ഡലത്തിലെ ജെ.ജെ.എം. പദ്ധതിയുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

മഞ്ചേരി മണ്ഡലത്തിലെ തൃക്കലങ്ങോട്-പോരൂർ-പാണ്ടിക്കാട് പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള ഉല്പാദനഘടകങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തൃക്കലങ്ങോട്, പാണ്ടിക്കാട് പഞ്ചായത്തുകളിലെ പ്രവൃത്തി ആരംഭിക്കുന്നതാണ്. മേലാറ്റൂർ, കീഴാറ്റൂർ, വെട്ടത്തൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായി കീഴാറ്റൂർ പഞ്ചായത്തിലെ പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) മഞ്ചേരി ടൗണിലെ പൈപ്പ് ലൈൻ മാറ്റുന്ന പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മഞ്ചേരി ടൗണിലെ പൈപ്പ്ലൈൻ മാറ്റുന്ന പ്രവൃത്തിയിൽ പൈപ്പ് ലൈൻ സ്ഥാപിക്കാനുള്ള റോഡുകളുടെ ടാർ കട്ടിംഗ് അനുമതി പൊതുമരാമത്ത് വകുപ്പിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## നാട്ടിക-ഫർക്ക കുടിവെള്ള പദ്ധതി

259(2929) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ നാട്ടിക-ഫർക്ക കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തൃശ്ശൂർ ജില്ലയിലെ ചാവക്കാട്, കൊടുങ്ങല്ലൂർ താലൂക്കുകളിൽപ്പെട്ടതും നാട്ടിക, കൈപ്പമംഗലം നിയോജകമണ്ഡലങ്ങളിൽപ്പെട്ടതുമായ എസ്.എൻ.പുരം, മതിലകം, പെരിഞ്ഞനം, കൈപ്പമംഗലം, എടത്തിരുത്തി എന്നീ പഞ്ചായത്തുകളും നാട്ടിക നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വലപ്പാട്, നാട്ടിക, തളിക്കുളം എന്നീ പഞ്ചായത്തുകളും മണലൂർ നിയോജകമണ്ഡലത്തിലെ വാടാനപ്പിള്ളി പഞ്ചായത്തും ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ഏങ്ങണ്ടിയൂർ പഞ്ചായത്തിനുംവേണ്ടി കിഫ്ബി സാമ്പത്തിക സഹായത്തോടെ 69.96 കോടി രൂപ ചെലവിൽ നടപ്പാക്കുന്ന പദ്ധതിയാണ് കിഫ്ബി നാട്ടിക -ഫർക്ക സമഗ്ര ശുദ്ധജല വിതരണ പദ്ധതി വിപുലീകരണം.

നാട്ടിക വിപുലീകരണ പദ്ധതിയുടെ ഉല്പാദന ഘടകങ്ങൾക്കും 10 പഞ്ചായത്തുകൾക്ക് പൊതുവായ ക്ലിയർ വാട്ടർ പമ്പിംഗ് മെയിനും 3

പഞ്ചായത്തുകളിലെ ടാങ്കിലേയ്ക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിനും സ്ഥാപിക്കുന്നതിന് 69.96 കോടി രൂപയുടെ ഫണ്ടിംഗ് അനുമതിയും 69.95 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

രണ്ട് പാക്കേജുകളായാണ് ഈ പദ്ധതി ടെണ്ടർ ചെയ്തത്. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

നിലവിൽ ഈ പ്രവൃത്തി ആർക്കും അവാർഡ് ചെയ്തിട്ടില്ല. ഈ പ്രവൃത്തിക്ക് പുതുക്കിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയിലേയ്ക്ക് പുതുക്കിയ ഫണ്ടിംഗ് അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. പുതിയ ഫണ്ടിംഗ് അനുമതിയും സാങ്കേതികാനുമതിയും ലഭിച്ചതിനുശേഷം രണ്ടുവർഷത്തിനകം പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

## കുണ്ടറ കഠിനാപൊയ്ക കുടിവെള്ള പദ്ധതി

260(2930) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നിർമ്മിച്ച് കുണ്ടറ പഞ്ചായത്തിന് കൈമാറിയ കഠിനാപൊയ്ക കുടിവെള്ള പദ്ധതി പ്രവർത്തനരഹിതമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കുണ്ടറ മണ്ഡലത്തിലെ കുണ്ടറ ഗ്രാമപഞ്ചായത്തിൽ ഒന്നാം വാർഡിൽ കേരള വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ പൂർത്തീകരിച്ച് പഞ്ചായത്തിന് കൈമാറിയിട്ടുള്ള കഠിനാപൊയ്ക കുടിവെള്ള പദ്ധതി നിലവിൽ പ്രവർത്തന രഹിതമാണ്.

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ പുനരുദ്ധാരണത്തിനായി നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പ്രസ്തുത പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തി കുണ്ടറ ഗ്രാമ പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിലാണ് നടപ്പാക്കേണ്ടത്.

**ആലത്തൂർ മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

261(2931) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക എത്രയാണെന്ന് അറിയിക്കുമോ; ആയതിന്റെ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) ജലജീവൻ മിഷൻ പദ്ധതിപ്രകാരം ആലത്തൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന വിവിധ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക അനുബന്ധം 1+ ആയി ചേർക്കുന്നു.

ഭരണാനുമതിയുടെ പകർപ്പ് അനുബന്ധം 2+ ആയി ചേർക്കുന്നു.

## കുറ്റ്യാടി ജലസേചന പദ്ധതി

262(2932) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലസേചന പദ്ധതിയുടെ കനാലുകളിലേയ്ക്ക് വെള്ളം തുറന്നുകൊടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

2022-23 വർഷത്തെ പ്ലാൻ, നോൺപ്ലാൻ ശീർഷകങ്ങളിൽ ചെയ്ത പ്രവൃത്തികൾ പൂർത്തീകരിക്കുകയും കനാലുകൾ ശുചീകരിച്ച് ജലവിതരണത്തിന് സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) കുറ്റ്യാടി മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലെ കനാലുകളിൽ വെള്ളം എത്തുന്നത് സംബന്ധിച്ച സമയക്രമം വിശദമാക്കാമോ?

കുറ്റ്യാടി മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലെ കനാലുകളിൽ വെള്ളം എത്തുന്ന സമയം താഴെ പറയുന്നു.

വലതുകര കനാൽ - 3-03-2023

കായക്കൊടി ബ്രാഞ്ച് കനാൽ - 10-03-2023

തളിയിൽ ഡിസ്ട്രിബ്യൂട്ടറി കനാൽ -12-03-2023

## കേരള അർബൻ വാട്ടർ സർവ്വീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ട്

263(2933) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അർബൻ വാട്ടർ സർവ്വീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി സംസ്ഥാനത്തെ രണ്ട് നഗരങ്ങളിലെ കുടിവെള്ള വിതരണത്തിന്റെ പൂർണ്ണ ചുമതലയും വെള്ളക്കരം പിരിക്കൽ അടക്കമുള്ളവയുടെ അധികാരവും സ്വകാര്യ കമ്പനിക്ക് നൽകാൻ വാട്ടർ അതോറിറ്റിയുമായി എ.ഡി.ബി. മുന്നോട്ടുവച്ച കരാറിന്റെ വ്യവസ്ഥകളിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ 24x7 ജലവിതരണ സംവിധാനം ഏർപ്പെടുത്താനുദ്ദേശിച്ച്, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB) ധനസഹായത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സർവ്വീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ട് ആദ്യഘട്ടമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കൊച്ചി നഗരത്തിലെ ജലവിതരണ ശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും പദ്ധതിയിൽ കുടിവെള്ള വിതരണത്തിന്റെ നിയന്ത്രണം കരാർ എടുക്കുന്ന കമ്പനിക്കായിരിക്കുമെങ്കിലും മീറ്റർ റീഡിംഗ്, റവന്യൂ പിരിക്കൽ, ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകൽ എന്നിവ കേരള ജല അതോറിറ്റിതന്നെ നിർവ്വഹിക്കുന്നതാണ്. കോൺട്രാക്ടർക്ക് ഈ ചുമതലകൾ കൈമാറാൻ ധാരണയായിട്ടില്ല.

(ബി) കൊച്ചിയിൽ വിതരണ നഷ്ടം 35 ശതമാനത്തിൽ താഴെയാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വാട്ടർ അതോറിറ്റിയുടെ വിതരണ നഷ്ടം 50 ശതമാനത്തിൽനിന്നും 20 ശതമാനമാക്കി കുറയ്ക്കാൻ കഴിയുമെന്ന് അർബൻ വാട്ടർ സർവ്വീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി കരാർ കമ്പനി മുന്നോട്ടുവച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൊച്ചി കോർപ്പറേഷനിലെ നിലവിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പുലൈനുകളിൽ പഴക്കംചെന്ന പൈപ്പുകളിലൂടെയും

വാട്ടർ കണക്ഷൻ, വാൽവുകൾ എന്നിവയിലൂടെയുള്ള ലീക്കുകളുൾപ്പെടെ കണക്കിൽപ്പെടാതെ പോകുന്ന കുടിവെള്ളത്തിന്റെ (Non Metered Water) അളവ് 50 ശതമാനത്തോളമാണെന്ന് പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ പ്രദേശങ്ങളിലെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ, വാൽവുകൾ മുതലായവ മാറ്റി സ്ഥാപിച്ച് കണക്കിൽപ്പെടാതെ പോകുന്ന കുടിവെള്ളം (Non Revenue Water-NRW) 20 ശതമാനത്തിലേയ്ക്ക് കുറയ്ക്കുന്നതിന് ലക്ഷ്യമിട്ട് എ.ഡി.ബി. ധനസഹായത്തോടെ കൊച്ചി കോർപ്പറേഷനിൽ ആദ്യഘട്ടമായി നടപ്പാക്കാനുദ്ദേശിക്കുന്ന കൊച്ചി നഗരത്തിലെ ജലവിതരണ ശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലുമുൾപ്പെടുത്തിക്കൊണ്ടുള്ള പ്രവൃത്തിയുടെ അടങ്കൽ തയ്യാറാക്കി ഈ പ്രവൃത്തിക്കായുള്ള ദർഘാസ് 26-04-2023-ൽ തുറക്കുന്ന രീതിയിൽ ക്ഷണിച്ചിട്ടുണ്ട്.

(സി) പദ്ധതിയുടെ ഭാഗമായി കരാർ കമ്പനി മുന്നോട്ടുവച്ച പ്രസ്തുത അവകാശവാദങ്ങൾ സ്വീകരിക്കുകയുണ്ടായോ; എങ്കിൽ സാഹചര്യം വിശദമാക്കാമോ?

എ.ഡി.ബി. പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു സ്വകാര്യ കമ്പനിയുമായും കരാറിലേർപ്പെടുകയോ കരാർ നിബന്ധനകൾ മുന്നോട്ടുവയ്ക്കുകയോ ചെയ്തിട്ടില്ല.

## മണലൂർ മണ്ഡലത്തിലെ ജലജീവൻ പദ്ധതിക്കായി നീക്കിവച്ച തുക

264(2934) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ എത്ര വീടുകളിൽ കുടിവെള്ള കണക്ഷൻ നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

മണലൂർ മണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതി നടപ്പാക്കിയതിനുശേഷമുള്ള കാലയളവിൽ 8695 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധം 1+ ആയി ചേർക്കുന്നു.

(ബി) എത്ര വീടുകൾക്ക് കുടിവെള്ള കണക്ഷനുവേണ്ടിയുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്; പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് നൽകാമോ?

ജലജീവൻ മിഷൻ പദ്ധതി ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും പ്രവർത്തനക്ഷമമായ കുടിവെള്ള കണക്ഷനുകൾവഴി കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതാണ്. ഇതിനായി ഓരോ ഗ്രാമ പഞ്ചായത്തിലെയും അവശേഷിക്കുന്ന എല്ലാ വീടുകളിലും കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതികൾക്കാണ് അനുമതി നൽകി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നടപ്പാക്കിവരുന്നത്. ആയതിനാൽ കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി പ്രത്യേകം അപേക്ഷ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയില്ല.

(സി) പ്രസ്തുത മണ്ഡലത്തിലെ മുഴുവൻ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതിനായി ജലജീവൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; ആയതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകാമോ?

(സി&ഡി) മണലൂർ മണ്ഡലത്തിലെ മുഴുവൻ വീടുകളിലും കുടിവെള്ളം എത്തിക്കുന്നതിനായി ജലജീവൻ മിഷനിൽപ്പെടുത്തി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 2+ ആയി ചേർക്കുന്നു.

മണ്ഡലത്തിലെ അരിമ്പൂർ, മണലൂർ, ചൂണ്ടൽ, കണ്ടാണശ്ശേരി, വെങ്കിടങ്ങ്, വാടാനപ്പള്ളി എന്നീ പഞ്ചായത്തുകളിൽ ജൽജീവൻ മിഷൻ പദ്ധതിപ്രകാരം വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. മുല്ലശ്ശേരി, പാവറട്ടി പഞ്ചായത്തുകളിൽ ആർ.കെ.ഐ. പദ്ധതിയിലുൾപ്പെടുത്തി വിതരണശൃംഖല സ്ഥാപിച്ചുവരുന്നു. അരിമ്പൂർ,

\+ നിയമസഭയുടെ സഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മണലൂർ, ചൂണ്ടൽ, കണ്ടാണശ്ശേരി, വെങ്കിടങ്ങ്, വാടാനപ്പള്ളി എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള പ്രൊഡക്ഷൻ കംപോണന്റ് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയാണ് നിർമ്മിക്കുന്നത്. എളവള്ളി പഞ്ചായത്തിലെ പ്രവൃത്തികൾ ജലനിധി നടപ്പാക്കിവരുന്നു.

(ഇ) പ്രസ്തുത പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ?

കണ്ടാണശ്ശേരി പഞ്ചായത്തിൽ ടാങ്കിന്റെ സ്ഥലം ലഭ്യമാകാത്തതിനാൽ വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി ടെണ്ടർ ചെയ്യാൻ സാധിച്ചിട്ടില്ല. മറ്റ് പഞ്ചായത്തുകളിൽ പദ്ധതി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത പദ്ധതി 2024 മാർച്ചോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**എടരിക്കോട് ജലജീവൻ പദ്ധതി**

265(2935) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് പഞ്ചായത്തിൽ ജലജീവൻ പദ്ധതി മുഖേന നടപ്പാക്കുന്ന കുടിവെള്ള പദ്ധതിക്ക് എടരിക്കോട് കെ.ഇ.എൽ.-ന്റെ ഭൂമിയിൽനിന്നും സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കാവശ്യമായ സ്ഥലം ജലജീവൻ പദ്ധതിക്ക് ഉപയോഗിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് പഞ്ചായത്തിൽ നടപ്പാക്കുന്ന ജലജീവൻ മിഷൻ പ്രവൃത്തികളിൽ ഉൾപ്പെടുന്ന ശുദ്ധീകരണശാല (6 MLD) സ്ഥാപിക്കുന്നതിനായി എടരിക്കോട് കെ.ഇ.എൽ. ഉടമസ്ഥതയിലുള്ള ഭൂമിയുടെ ഉപയോഗാനുമതി മലപ്പുറം ജില്ലാ കളക്ടറുടെ ഉത്തരവുപ്രകാരം ലഭിക്കുകയും 17-02-2023-ന് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരും കെ.ഇ.എൽ. അധികാരികളുംകൂടി നടത്തിയ സംയുക്ത പരിശോധനയിൽ കെ.ഇ.എൽ. പ്രൊഡക്ഷൻ യൂണിറ്റിനോട് ചേർന്നുള്ള 50 സെന്റ് ഭൂമി ജലജീവൻ മിഷൻ പ്രവൃത്തിയുടെ ശുദ്ധീകരണശാല സ്ഥാപിക്കുന്നതിനായി ലഭിക്കുന്നതിന് ധാരണയാവുകയും ചെയ്തിട്ടുണ്ട്. ആയതുപ്രകാരം 20-02-2023-ന് പ്രസ്തുത ഭൂമി അളന്ന് തിട്ടപ്പെടുത്തി തരുന്നതിനായി എടരിക്കോട് വില്ലേജ് ഓഫീസർക്ക് തിരൂർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കത്ത് നൽകിയിട്ടുണ്ട്. ഈ വിവരം കാണിച്ചുകൊണ്ട് 21-02-2023-ന് ജില്ലാ കളക്ടർക്കും കത്ത് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

2023 മാർച്ച് അവസാനത്തോടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**അഴീക്കോട് മണ്ഡലത്തിലെ ജലജീവൻ പദ്ധതി**

266(2936) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

അഴീക്കോട് മണ്ഡലത്തിലെ ജലജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി പഞ്ചായത്ത് അടിസ്ഥാനത്തിൽ അനുബന്ധമായി+ ചേർക്കുന്നു.

(ബി) വളപട്ടണം പഞ്ചായത്തിൽ ജലജീവൻ പദ്ധതിപ്രകാരം എത്ര കണക്ഷൻ നൽകാൻ സാധിച്ചുവെന്ന് അറിയിക്കുമോ?

വളപട്ടണം പഞ്ചായത്തിൽ ജലജീവൻ മിഷൻ ആരംഭിച്ചതിനുശേഷം ഇതുവരെ 315 കണക്ഷനുകൾ നൽകിയിട്ടുണ്ട്.

**കുട്ടനാട് കുടിവെള്ള പദ്ധതി**

267(2937) ശ്രീ. തോമസ് കെ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ സഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) കുട്ടനാട് കുടിവെള്ള പദ്ധതിക്കായി ഓവർ ഹെഡ് ടാങ്ക് നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

കുട്ടനാട് താലൂക്കിൽപ്പെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നീ പഞ്ചായത്തുകൾക്കുവേണ്ടി കിഫ്ബി ധനസഹായത്തോടുകൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 289.54 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി നൽകിയിട്ടുണ്ട്. ടി പഞ്ചായത്തുകളിൽ ഓവർഹെഡ് ടാങ്കുകളും ജലശുദ്ധീകരണശാലയും നിർമ്മിക്കുന്നതിനായി സ്ഥലം 2022 ഒക്ടോബർ മാസം പൂർണ്ണമായി ലഭ്യമായിട്ടുണ്ട്.

(ബി) സ്ഥലം ഏറ്റെടുക്കുന്നതിലെ കാലതാമസംമൂലം കുടിവെള്ള പദ്ധതിക്ക് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉണ്ട്, വീയപുരത്ത് ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനുവേണ്ടിയുള്ള 20 സെന്റ് സ്ഥലം തണ്ണീർത്തടം

ആണെന്നാണ് പഞ്ചായത്ത് അറിയിച്ചിരിക്കുന്നത്. പ്രസ്തുത സ്ഥലത്ത് നിർമ്മാണപ്രവൃത്തികൾ നടത്തുന്നതിന് അനുമതി ലഭ്യമാകേണ്ടതായിട്ടുണ്ട്. ഈ ആവശ്യത്തിലേയ്ക്കായുള്ള അപേക്ഷകളും രേഖകളും പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട്.

പുളിങ്കുന്ന് പഞ്ചായത്തിൽ ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായി 20 സെന്റ് സ്ഥലം ലഭ്യമായിട്ടുണ്ട്. ടി സ്ഥലത്ത് നിർമ്മാണപ്രവൃത്തികൾ നടത്തുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരം പരിവർത്തന അനുമതി ലഭ്യമാകേണ്ടതുണ്ട്. ഇതിന്റെ നടപടിക്രമങ്ങൾ കൃഷി/റവന്യൂ വകുപ്പിൽ നടന്നുവരുന്നു.

കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി സ്ഥലം ലഭ്യമായ കുട്ടനാട് കുടിവെള്ള പദ്ധതി പ്രദേശങ്ങളിലെ പ്രവൃത്തികൾ, 10-01-2023-ൽ കിഫ്ബിയിൽ ചേർന്ന യോഗത്തിന്റെ നിർദ്ദേശാനുസരണം അനുവദിക്കപ്പെട്ടിരിക്കുന്ന ഭരണാനുമതികളുള്ളിൽ ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടി**

268(2938) <u>ശ്രീ. കെ. പി. എ. മജീദ്:</u>
<u>ശ്രീ. മഞ്ഞളാംകുഴി അലി:</u>

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u>
<u>ശ്രീ. യു. എ. ലത്തീഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലം ആരംഭിച്ചതോടുകൂടി സംസ്ഥാനത്ത് പലയിടത്തും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വേനൽക്കാലം ആരംഭിച്ചതോടുകൂടി സംസ്ഥാനത്ത് ചില സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇപ്രകാരം കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഇടങ്ങളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനായി കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിച്ചും വാൽവുകൾ ക്രമീകരിച്ചും സോൺ തിരിച്ച് വിതരണം നടത്തിയും പമ്പിംഗ് സമയം ദീർഘിപ്പിച്ചും ജല ദുർവിനിയോഗം തടഞ്ഞും വേനൽക്കാലത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാനുള്ള ബഹുമുഖമായ നടപടികൾ സ്വീകരിച്ചുവരുന്നു. വേനൽക്കാലത്തിനുമുമ്പ് പമ്പ് സെറ്റുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

പുരോഗമിച്ചുവരുന്നു. ജലച്ചോർച്ച സമയബന്ധിതമായി പരിഹരിച്ച് ജലനഷ്ടം തടയുന്നു. സ്രോതസ്സുകളിൽ ജലലഭ്യത കുറയുമ്പോൾ താൽക്കാലിക തടയണകൾ കെട്ടി പമ്പിംഗ് തടസ്സപ്പെടാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഉറവിട സ്രോതസ്സുകളിലെ ജലലഭ്യത ഉയർത്തുന്നതിനായി അവയുടെ ശുചീകരണവും അറ്റകുറ്റപ്പണികളും വേനൽക്കാലത്തിന് മുന്നോടിയായി ചെയ്തുവരുന്നു. ജലലഭ്യത കൂട്ടുന്നതിലേയ്ക്കായി ഉറവിട സ്രോതസ്സുകളിലേയ്ക്ക് ജലലഭ്യതയുള്ള സ്ഥലങ്ങളിൽനിന്ന് ചാലുകൾ മുഖേനയും പമ്പിംഗ് മുഖേനയും ജലം എത്തിക്കുന്നു. കൂടാതെ വിതരണത്തിനായുള്ള ഇലക്ട്രോ-മെക്കാനിക്കൽ ഘടകങ്ങൾ സമയബന്ധിതമായി കേടുപാടുകൾ തീർത്ത് വിതരണത്തിലുണ്ടായേക്കാവുന്ന തടസ്സങ്ങൾ മുൻകൂട്ടിക്കണ്ട് പരിഹരിച്ചുവരുന്നു. അടിയന്തര അറ്റകുറ്റപ്പണികൾ നടത്തുന്നതിലേയ്ക്കായി ബ്ലൂ ബ്രിഗേഡ് സംവിധാനവും ഉപയോഗപ്പെടുത്തുന്നുണ്ട്. കൂടാതെ, ജലനിധി പദ്ധതിയിൽ ഭൂഗർഭ ജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ജല സംരക്ഷണത്തിനായി ജലനിധി, കിണറുകളിൽ റീചാർജ്, തടയണകൾ, (ചെറുതും വലുതും) ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented cross Bar), മണ്ണ് ഭിത്തി സംരക്ഷണം,

മഴക്കുഴികൾ എന്നിവ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പാക്കിയിട്ടുണ്ട്. ജലനിധി പദ്ധതികളിൽ മുടങ്ങിക്കിടക്കുന്നവയെ പുനരുജ്ജീവിപ്പിക്കാൻ സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി സുസ്ഥിരതാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ജലനിധി മുഖേന സംസ്ഥാന പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി പുരപ്പുറ മഴവെള്ള സംഭരണവും ഭൂജല പരിപോഷണവും പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കുടിവെള്ളക്ഷാമം നേരിടുന്ന ഗ്രാമപഞ്ചായത്തുകളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുകയും വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ സംഭരണ ശേഷിയുള്ള ഫെറോ സിമന്റ് ടാങ്കുകൾ നിർമ്മിച്ച് മഴവെള്ളം സംഭരിച്ച് ജല ദൗർലഭ്യം നേരിടുന്ന അവസരങ്ങളിൽ ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും സാഹചര്യമൊരുക്കിയിട്ടുണ്ട്. വ്യക്തിഗത കുടുംബങ്ങളിൽ നിലവിലുള്ള തുറന്ന കിണറുകൾ പുരപ്പുറ മഴവെള്ളം ശേഖരിച്ച് റീചാർജ് ചെയ്യുന്നതിനും കിണറുകൾ സംരക്ഷിച്ച് സുസ്ഥിരതാ ജലസ്രോതസ്സുകളാക്കി മാറ്റുന്ന പ്രവൃത്തികളും നടപ്പാക്കിവരുന്നു.

(സി) വേനൽക്കാലത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് ഏതെങ്കിലും ദീർഘകാല പദ്ധതി ആവിഷ്കരിക്കുന്നതിന് ആലോചനയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഗ്രാമീണ മേഖലയിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി ജലജീവൻ മിഷൻ പദ്ധതിയിൽപ്പെടുത്തി വിവിധ ശുദ്ധജല പദ്ധതികൾ പല ഘട്ടങ്ങളിലായി നടന്നുവരുന്നു. നഗര പ്രദേശങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി അമൃത് 2.0-സ്കീമിൽപ്പെടുത്തി പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. കിഫ്ബി, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) പദ്ധതികളിലൂടെ ഭാവിയിലെ ജല ഉപഭോഗത്തിന്റെ ആവശ്യകത കണക്കിലെടുത്തുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

**പൈപ്പുകൾ പൊട്ടുന്നതുമൂലമുള്ള ജലനഷ്ടം ഒഴിവാക്കാൻ നടപടി**

269(2939) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ പൊട്ടുന്നതുമൂലം വെള്ളം പാഴാകുന്നതും കുടിവെള്ളം ലഭിക്കുന്നതിന് തടസ്സമുണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വാട്ടർ അതോറിറ്റിയുടെ പഴകിയ പൈപ്പുകളിൽ പൊട്ടലുകളും ചോർച്ചകളും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തി ജലവിതരണം പുന:സ്ഥാപിച്ചുവരുന്നുണ്ട്.

(ബി) ഇതുസംബന്ധിച്ച പരാതികൾ പൊതുജനങ്ങൾക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനും അവ സമയബന്ധിതമായി പരിഹരിച്ച വിവരം ഓൺലൈനായി അറിയിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

കേരള ജല അതോറിറ്റിയുടെ പൊതുപരാതി പരിഹാര സോഫ്റ്റ്‌വെയറായ 'അക്വാലൂം' മുഖേന ബില്ല്, ജലദൗർലഭ്യം, പൈപ്പ് ലൈനിലെ ലീക്ക് മുതലായ പരാതികൾ ജല അതോറിറ്റിയെ അറിയിക്കുന്നതിനും പരാതിയുടെ നിലവിലെ അവസ്ഥ (സ്റ്റാറ്റസ്) പരാതിക്കാരന് അറിയുന്നതിനും സാധ്യമാണ്. ജല അതോറിറ്റിയുടെ Toll free നമ്പർ ആയ 1916, സമൂഹ മാധ്യമങ്ങളായ Facebook, Messenger, Official WhatsApp നമ്പറായ 9495998258 തുടങ്ങി വിവിധ രീതികളിൽ ജല അതോറിറ്റി ഹെഡ് ഓഫീസിലും മറ്റു ഓഫീസുകളിലും ലഭിക്കുന്ന പരാതികൾ, അക്വാലൂം സോഫ്റ്റ്‌വെയറിൽ രജിസ്റ്റർ ചെയ്ത്, ബന്ധപ്പെട്ട

ഉദ്യോഗസ്ഥരെ അറിയിക്കുകയും പരാതികൾ പരിഹരിച്ച് വരികയും ചെയ്യുന്നു.

(സി) പൈപ്പുകൾ പൊട്ടുന്നതുമൂലമുണ്ടാകുന്ന ജലനഷ്ടം ഒഴിവാക്കുന്നതിന് ബ്ലൂ ബ്രിഗേഡ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉണ്ട്. പൈപ്പ് ലീക്കുകൾ റിപ്പയർ ചെയ്യുന്നതിന് "റണ്ണിംഗ് കോൺട്രാക്ട്" (RC) സിസ്റ്റം ഉപയോഗിച്ചുവരുന്നു. എന്നാൽ ചില സമയങ്ങളിൽ ലീക്ക് അറ്റകുറ്റപ്പണികൾക്ക് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സാഹചര്യത്തിൽ അടിയന്തരമായി അറ്റകുറ്റപ്പണി ചെയ്യുന്നതിലേയ്ക്ക് ബ്ലൂ ബ്രിഗേഡ് സംവിധാനം ഉപയോഗപ്പെടുത്താറുണ്ട്. ഒരു പ്ലംബർ/ഫിറ്റർ, വർക്കർമാർ എന്നിവർ അടങ്ങുന്നതാണ് ബ്ലൂ ബ്രിഗേഡ് സംവിധാനം. ഇതിന്റെ നേരിട്ടുള്ള നിയന്ത്രണം ഓവർസിയർ/അസിസ്റ്റന്റ് എഞ്ചിനീയർക്കാണ്. നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഡിവിഷൻ ഓഫീസുകളിലും ബ്ലൂ ബ്രിഗേഡ് സംവിധാനം ഒരുക്കിയിട്ടുണ്ട്. പൈപ്പ് ലൈനിലെ അടിയന്തര അറ്റകുറ്റപ്പണി, വാൽവ് റിപ്പയർ, വാൽവ് നിയന്ത്രണം തുടങ്ങിയ പണികൾ കൺട്രോളിംഗ് ഓഫീസറുടെ നിർദ്ദേശപ്രകാരം ചെയ്തുവരുന്നു.

## കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന

270(2940) <u>ശ്രീ. കെ. പി. എ. മജീദ്:</u>
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u>
<u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരകമായ ഉദര രോഗങ്ങൾക്ക് കാരണമാകുന്ന നോറോ വൈറസ് കുടിവെള്ളത്തിലൂടെ പകരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ജലത്തിലൂടെ പ്രസ്തുത വൈറസ് പകരുന്നതിന്റെ സാഹചര്യം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

(എ&ബി) വയറിളക്ക രോഗബാധിതരായ കുറച്ചുപേരുടെ സാമ്പിളുകൾ വൈറസുകളുടെ സാന്നിദ്ധ്യം അറിയുന്നതിനുള്ള വൈറൽ PCR ടെസ്റ്റിന് ആരോഗ്യവകുപ്പ് വിധേയമാക്കാറുണ്ട്. ഇത്തരത്തിൽ പരിശോധന നടത്തിയതിൽ വയനാട്, മലപ്പുറം, എറണാകുളം, തിരുവനന്തപുരം ജില്ലകളിൽനിന്നും നോറോ വൈറസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിവിധ ഇനം വൈറസുകൾ, ബാക്ടീരിയ, പാരസൈറ്റുകൾ എന്നിവ വയറിളക്ക രോഗങ്ങൾക്ക് കാരണമാകാറുണ്ട്. റോട്ടാ വൈറസ്, നോറോ വൈറസ്, അഡിനോ വൈറസ് എന്നിവയാണ് വയറിളക്ക രോഗങ്ങൾക്ക് കാരണമാകുന്ന പ്രധാന വൈറസുകൾ. രോഗമുള്ളവരുമായുള്ള അടുത്ത

സമ്പർക്കം, അണുബാധിതമായ വെള്ളം, ഭക്ഷണം എന്നിവയിലൂടെയാണ് ഈ വൈറസുകൾ പകരുന്നത്. എന്നാൽ വയറിളക്ക രോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്ന സാഹചര്യത്തിൽ, അതിന്റെ കാരണം കണ്ടെത്തുന്നതിനുള്ള PCR പരിശോധന ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ലഭ്യമാണ്.

നിലവിൽ ഈ സംവിധാനം താഴെ പറയുന്ന ലാബുകളിൽ ലഭ്യമാണ്.

1) State Public Health Lab, Thiruvananthapuram.

2) NIV, Alappuzha.

3) Institute of Advanced Virology, Thonnakal, Thiruvananthapuram.

കൂടാതെ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, മെഡിക്കൽകോളേജിലുള്ള ICMR-VRDL ലാബുകളിലും ഈ പരിശോധനയ്ക്കുള്ള കിറ്റുകൾ ഉടൻ ലഭ്യമാകുന്നതാണ്.

കൂടാതെ കുടിവെള്ള സാമ്പിളുകൾ കോളിഫോം ബാക്ടീരിയ പരിശോധനയ്ക്കായി അയയ്ക്കുന്നുണ്ട്. കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം കുടിവെള്ളത്തിന്റെ മലിനീകരണത്തെ സൂചിപ്പിക്കുന്നു.

(സി) കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്ക് നിലവിൽ എന്തെല്ലാം സംവിധാനമാണുള്ളത്?

കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്ക് നിലവിലുള്ള സംവിധാനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ഡി) നോറ വൈറസ് പോലെയുള്ള രോഗങ്ങൾ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്ക് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണോ; വിശദമാക്കുമോ?

നിലവിലെ സാഹചര്യത്തിൽ പരിശോധനാ സംവിധാനങ്ങൾ പര്യാപ്തമാണ്. ആവശ്യമെങ്കിൽ നിലവിലുള്ള PCR ലാബുകളിൽ കിറ്റ് ലഭ്യമാക്കി വിപുലീകരിക്കാൻ കഴിയും.

**ജലസ്രോതസ്സുകളുടെ അപര്യാപ്തത പരിഹരിക്കാൻ നടപടി**

271(2941) ശ്രീ. ഇ. കെ വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള വിതരണ സംവിധാനത്തിന്റെ ശേഷിയും ഭാവിയിലെ ആവശ്യകതയും അടിസ്ഥാനമാക്കിയുള്ള സമഗ്ര പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കുടിവെള്ള വിതരണ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ കുടിവെള്ള വിതരണ സംവിധാനത്തിന്റെ ശേഷിയും ജനസാന്ദ്രതയും ജലത്തിന്റെ ആവശ്യകതയും ഭാവിയിലെ ജനസംഖ്യ കണക്കാക്കി (Population Projection ശരാശരി 30 വർഷത്തേയ്ക്ക്) ഭാവിയിലേയ്ക്ക് ആവശ്യമുള്ള വികസനപ്രവർത്തനം എന്നിവയെ മുൻനിർത്തിയാണ് പദ്ധതികൾ നടപ്പാക്കിവരുന്നത്. ആയതിനാൽ ഭാവിയിലെ ആവശ്യകതയ്ക്കനുസരിച്ച് പദ്ധതികൾ വിപുലീകരിക്കാൻ കഴിയുന്നതാണ്.

(ബി) സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകളുടെ ശേഷി, നിലവിലുള്ള ജലവിതരണ ക്ഷമത, ഗുണനിലവാരം, ശുദ്ധീകരണ സംവിധാനങ്ങളുടെ കാര്യക്ഷമത എന്നിവയുടെ അടിസ്ഥാനത്തിൽ സമഗ്ര കുടിവെള്ള ഓഡിറ്റിംഗ് നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളുടെ ശേഷി, ഗുണനിലവാരം, വിതരണ സംവിധാന കാര്യക്ഷമത തുടങ്ങിയ കാര്യങ്ങൾ സമയാസമയങ്ങളിൽ പരിശോധന നടത്തി പദ്ധതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രവൃത്തികൾ സ്വീകരിക്കാറുണ്ട്.

(സി) നഗര പ്രദേശങ്ങളിലെയും ഗ്രാമ പ്രദേശങ്ങളിലെയും കുടിവെള്ള വിതരണത്തിലെ അപര്യാപ്തതയ്ക്ക് ജലസ്രോതസ്സുകളുടെ ശേഷിക്കുറവ്

എത്രത്തോളം കാരണമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ജലസ്രോതസ്സുകളിലെ ജലലഭ്യത വിലയിരുത്തിയതിനുശേഷമാണ് ശുദ്ധജല വിതരണ പദ്ധതികൾ ആവിഷ്കരിക്കുന്നത്. നഗരപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും നിലവിലുള്ള പദ്ധതി സ്രോതസ്സുകളുടെ കാലാകാലങ്ങളിലുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾമൂലം അത്തരം സാഹചര്യങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാൻ കഴിയുന്നുണ്ട്. കൂടാതെ അമൃത്, ജെ. ജെ. എം. പദ്ധതികളിൽ ഉൾപ്പെടുത്തി ജലസ്രോതസ്സുകളുടെ വിപുലീകരണവും ശേഷി വർദ്ധനവിനാവശ്യമായ പ്രവർത്തനങ്ങളും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി ചെയ്യുന്നുണ്ട്. ജലസ്രോതസ്സുകളുടെ ശേഷിക്കുറവ് സംഭവിക്കാറുള്ള സാഹചര്യങ്ങളിൽ തടയണ സംവിധാനങ്ങൾ സ്ഥാപിക്കലും അല്ലാത്തപക്ഷം പുതിയ സ്രോതസ്സുകൾ കണ്ടെത്തി നടപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കാറുണ്ട്. കേരളത്തിലെ ജലക്ഷാമത്തിന് ഒരു കാരണം ലഭ്യമായ മഴവെള്ളം ശേഖരിച്ച് നിർത്തുവാൻ ആവശ്യമായ അളവിൽ ജലസംഭരണികൾ ഇല്ലാത്തതാണ്. മഴക്കാലത്ത് പെയ്യുന്ന മഴവെള്ളം ഏതാനും മണിക്കൂറിനുള്ളിൽ കടലിലേയ്ക്ക് ഒഴുകി നഷ്ടപ്പെടുന്ന സ്ഥിതിയാണുള്ളത്.

അനിയന്ത്രിതമായ മണലൂറ്റുകാരണം നദികളുടെ സംഭരണശേഷി നഷ്ടപ്പെടുന്നു. കുടിവെള്ള സ്രോതസ്സുകകളിൽ മഴയുടെ തോതനുസരിച്ചുമാത്രം ജല ലഭ്യതയുള്ളതിനാൽ മഴയിലുണ്ടാകുന്ന വ്യതിയാനം കുടിവെള്ള പദ്ധതികളെ ബാധിക്കാറുണ്ട്. ഈ പ്രശ്നത്തിനൊരു ശാശ്വതപരിഹാരം നദികളിൽ ആവശ്യത്തിന് ജലസംഭരണികൾ നിർമ്മിക്കുകയെന്നുള്ളതാണ്. എന്നാൽ സ്ഥലലഭ്യതയും പാരിസ്ഥിതിക പ്രശ്നങ്ങളും കാരണം വൻകിട ജല സംഭരണികൾക്കുള്ള സാധ്യത കേരളത്തിൽ താരതമ്യേന കുറവാണ്. മേൽസാഹചര്യത്തിൽ വേനൽക്കാലത്തെ ജല ആവശ്യങ്ങൾക്കായി താത്കാലിക തടയണകൾ നിർമ്മിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നു. കൂടാതെ ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സുകൾ സാധ്യമായ രീതിയിൽ സംരക്ഷിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) വൻകിട കുടിവെള്ള പദ്ധതികളിൽ ജലസ്രോതസ്സുകളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് ചെറുകിട ജലസ്രോതസ്സുകളെ ഉപയോഗപ്പെടുത്തി കുടിവെള്ള ലഭ്യത നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

വൻകിട കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സുകളുടെ അപര്യാപ്തത പൊതുവെ സംഭവിക്കാറില്ല. ചെറുകിട പദ്ധതികൾക്ക് ആവശ്യമായ

ജലസ്രോതസ്സുകൾ ജലലഭ്യത ഉറപ്പുവരുത്തിമാത്രമേ പദ്ധതികളുടെ സ്രോതസ്സുകളായി പരിഗണിച്ച് പദ്ധതി വിഭാവനം ചെയ്യാറുള്ളൂ. ഗ്രാമീണ മേഖലകളിൽ ചെറുകിട ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി കുടിവെള്ള ലഭ്യത നിലനിർത്തുന്നുണ്ട്. വൻകിട കുടിവെള്ള പദ്ധതികളിൽ ജലസ്രോതസ്സുകളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് ചെറുകിട ജലസ്രോതസ്സുകളെ ഉപയോഗപ്പെടുത്തുന്നത് പ്രായോഗികമല്ല.

**വാട്ടർ അതോറിറ്റിക്ക് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക**

272(2942) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി നിലവിൽ എത്ര കോടി രൂപ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്; വ്യക്തമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന് ഓഡിറ്റിനായി സമർപ്പിച്ച കണക്കുപ്രകാരം 2021-2022-ലെ സാമ്പത്തിക വർഷത്തിലെ നഷ്ടം 824.34 കോടി രൂപയും സഞ്ചിത നഷ്ടം 4911.42 കോടി രൂപയുമാണ്.

(ബി) ഗാർഹിക പൈപ്പ് കണക്ഷനുകളിൽ എത്ര മീറ്ററുകളാണ് പ്രവർത്തിക്കാത്തവയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമൂലം

പ്രതിവർഷം എത്ര രൂപയുടെ വരുമാനനഷ്ടമാണ് വാട്ടർ അതോറിറ്റിക്ക് ഉണ്ടാകുന്നത്; വ്യക്തമാക്കുമോ?

ഗാർഹിക പൈപ്പ് കണക്ഷനുകളിൽ ജനുവരി 2023-ലെ കണക്കുപ്രകാരം 59085 മീറ്ററുകൾ പ്രവർത്തനരഹിതമാണ്. ഒരു വാട്ടർ മീറ്റർ പ്രവർത്തനരഹിതമായാൽ മുൻ ആവറേജ് പ്രകാരമാണ് ബില്ല് ചെയ്യുന്നത്. മീറ്ററുകൾ പ്രവർത്തനരഹിതമാകുമ്പോൾ മുൻ മാസത്തെ റീഡിംഗ് അനുസരിച്ചുള്ള തുകയാണ് വാട്ടർ ചാർജായി കണക്കാക്കുന്നത്. അതോടൊപ്പം ആദ്യ രണ്ടുമാസം ജല ഉപഭോഗത്തിന്റെ മുൻശരാശരി പ്രകാരമുള്ള വാട്ടർ ചാർജിന്റെ 25 ശതമാനവും അതുകഴിഞ്ഞുള്ള രണ്ട് മാസങ്ങളിൽ 50 ശതമാനവും ആറ് മാസം കഴിഞ്ഞാൽ 100 ശതമാനവും സർചാർജായി ഈടാക്കുന്നുണ്ട്. ഇപ്രകാരം 100 ശതമാനവും സർചാർജ് ഈടാക്കുന്നതിനാൽ ഗാർഹിക വിഭാഗം കണക്ഷനുകളിലെ മീറ്ററുകൾ പ്രവർത്തനരഹിതമായാലും കാര്യമായ നഷ്ടം വരുന്നില്ല.

(സി) പൈപ്പ് കണക്ഷനുകളുടെ ചോർച്ചമൂലം പ്രതിദിന വിതരണത്തിനായി തയ്യാറാക്കുന്ന വെള്ളത്തിന്റെ എത്ര ശതമാനമാണ് കണക്കിൽപ്പെടാതെ നഷ്ടപ്പെടുന്നത്; ഇതുമൂലം പ്രതിവർഷം എത്ര തുകയുടെ വരുമാന നഷ്ടമാണ് വാട്ടർ അതോറിറ്റിക്കുണ്ടാകുന്നത്; വ്യക്തമാക്കുമോ?

ആകെ ഉല്പാദിപ്പിക്കുന്ന ജലത്തിന്റെ അളവും 'വിതരണ ശൃംഖല' വഴി ഉപഭോക്താവിന്റെ പക്കലെത്തി ഉപയോഗിക്കപ്പെടുന്ന ജലത്തിന്റെ അളവും തമ്മിലുള്ള വ്യത്യാസത്തെ വരുമാനരഹിത ജലമായാണ് (Non-Revenue Water) കണക്കാക്കുന്നത്. ഇത് പ്രധാനമായും രണ്ട് ഘടകങ്ങളെ ആശ്രയിച്ചാണ് കണക്കാക്കുന്നത് - പൈപ്പുകളിലൂടെയും മറ്റും ചോർച്ച കാരണം യഥാർത്ഥത്തിലുണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടവും) മീറ്റർ തകരാർ, മോഷണം തുടങ്ങിയവ കാരണം ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്താൻ കഴിയാത്തത് കാരണമുണ്ടാകുന്ന നഷ്ടവും (വാണിജ്യ നഷ്ടം), കേരള വാട്ടർ അതോറിറ്റിയുടെ മൊത്തം ഉത്പാദനശേഷിയും ആകെ ബില്ല് ചെയ്യുന്ന വെള്ളത്തിന്റെ അളവും കണക്കിലെടുത്ത് വരുമാനരഹിത ജലത്തിന്റെ അളവ് (Non-Revenue Water) ഏകദേശം 40-45 ശതമാനത്തോളമാണെന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ ഭൗതിക നഷ്ടവും (Physical Loss) വാണിജ്യ നഷ്ടവും (Commercial loss) ഉൾപ്പെടുന്നു. അതോറിറ്റിയെ സംബന്ധിച്ച് ഇവ വേർതിരിച്ച് നിർണ്ണയിക്കാനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. എങ്കിലും ആകെയുള്ള വരുമാനരഹിത ജലത്തിൽ 20 ശതമാനം മുതൽ 25 ശതമാനംവരെ മാത്രമാണ് ഭൗതിക നഷ്ടം സംഭവിക്കുന്നതെന്നാണ് പ്രാഥമികമായി വിലയിരുത്തപ്പെടുന്നത്.

## കുടിവെള്ള പദ്ധതിയുടെ പൈപ്പുകൾ ദേശീയ പാതയിൽ സ്ഥാപിക്കുന്നതിന് നടപടി

273(2943) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷൻ അടക്കമുള്ള കുടിവെള്ള പദ്ധതിയുടെ പൈപ്പുകൾ ദേശീയ പാതയിൽ സ്ഥാപിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റിയിൽനിന്നും യഥാസമയം അനുമതി ലഭിക്കാത്തതുകാരണം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടാകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി മണ്ഡലത്തിലൂടെ കടന്നുപോകുന്ന എൻ.എച്ച്. 966, എൻ. എച്ച് 66 എന്നീ ദേശീയ പാതകളിൽ എവിടെയെല്ലാം വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതിക്കുള്ള പൈപ്പിടൽ അനുമതിക്കായി അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികൾക്ക് അനുമതി ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി മണ്ഡലത്തിനുകീഴിലുള്ള നാല് പ്രവൃത്തികൾക്കാണ് എൻ.എച്ച്.എ.ഐ.-യിൽ റോഡ് കട്ടിംഗ്

അനുമതിക്കായി സമർപ്പിച്ചിട്ടുള്ളത്. വിശദവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) ദേശീയ പാത അതോറിറ്റിയുമായി ഇതുസംബന്ധിച്ച് മന്ത്രിതല യോഗം ചേർന്ന് അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പദ്ധതി നിർവ്വഹണത്തിന്റെ ഏകോപനത്തിനായി സംസ്ഥാനതലത്തിൽ ഒരു സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിച്ച് പദ്ധതി പുരോഗതി നിരന്തരം വിലയിരുത്തുകയും ഏകോപന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുൻഗണനാപദ്ധതികളിൽ ഉൾപ്പെടുത്തി ഇത്തരം അനുമതിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. ബഹു. വകുപ്പുമന്ത്രി ജില്ലകൾതോറും നേരിട്ട് എം.എൽ.എ.-മാരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മീറ്റിംഗുകൾ വിളിച്ചുചേർത്ത് ജലജീവൻ മിഷൻ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ സുഗമമായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കൂടാതെ ദേശീയപാതാ അതോറിറ്റിയുടെ അനുമതി ലഭിക്കുന്നതിന് മാത്രമായി കേന്ദ്ര സർക്കാർ യോഗങ്ങൾ ചേർന്ന് അതോറിറ്റിക്ക് നിർദ്ദേശം നൽകുന്നുണ്ട്.

## പൊതുടാപ്പുകൾ മുഖേന വിതരണം ചെയ്യുന്ന ജലം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

274(2944) <u>ശ്രീ. ടി. സിദ്ദിഖ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളിലും പഞ്ചായത്തുകളിലുമായി അനുവദിച്ചിട്ടുള്ള പൊതുടാപ്പുകളുടെ എണ്ണം എത്രയെന്നും അവയിലൂടെ ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ അളവ് എത്രയാണെന്നുമുള്ള കണക്ക് ലഭ്യമാക്കാമോ?

സംസ്ഥാനത്തെ നഗരസഭകളിലും പഞ്ചായത്തുകളിലുമായി അനുവദിച്ചിട്ടുള്ള പൊതുടാപ്പുകളുടെ എണ്ണം താഴെപ്പറയുംപ്രകാരമാണ്.

പഞ്ചായത്ത് - 1,20,422

മുനിസിപ്പാലിറ്റി - 25,631

കോർപ്പറേഷൻ - 16,052

ആകെ - 1,62,105

പൊതുടാപ്പുകൾ വഴി വിതരണം ചെയ്യുന്ന ജലം അളക്കുന്നതിന് മീറ്ററുകൾ ഘടിപ്പിച്ചിട്ടില്ല.

പഞ്ചായത്ത് പ്രദേശത്ത് ഒരു ടാപ്പിൽക്കൂടി ഒരു ദിവസം ഒരു മിനുട്ടിൽ 5 ലിറ്റർ ജലം എന്ന കണക്കിൽ 8 മണിക്കൂർ വച്ച് ജലം വിതരണം ചെയ്യുന്നതായിട്ടാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

കോർപ്പറേഷൻ/മുനിസിപ്പൽ പ്രദേശത്തെ ഒരു ടാപ്പിൽക്കൂടി ഒരു മിനിട്ടിൽ 5 ലിറ്റർ ജലം എന്ന കണക്കിൽ ഒരു ദിവസം 12 മണിക്കൂർ വിതരണം ചെയ്യുന്നതായിട്ടാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

(ബി) പൊതുടാപ്പുകൾവഴി ഉപയോഗിക്കുന്ന ജലത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബിൽ നൽകുന്നുണ്ടോ; എങ്കിൽ എന്നുമുതലാണ് ഇപ്രകാരം ബിൽ നൽകാൻ ആരംഭിച്ചതെന്നും ആയത് വാർഷിക അടിസ്ഥാനത്തിലാണോ പ്രതിമാസ അടിസ്ഥാനത്തിലാണോ നൽകി വരുന്നതെന്നതും വ്യക്തമാക്കുമോ?

പൊതുടാപ്പുകൾ വഴി ഉപയോഗിക്കുന്ന ജലത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബില്ല് നൽകുന്നുണ്ട്. 2007-08 മുതലാണ് പ്രതിമാസ അടിസ്ഥാനത്തിൽ ഇപ്രകാരം ബിൽ നൽകാൻ ആരംഭിച്ചത്.

(സി) പൊതുടാപ്പുകളുടെ ബിൽ തുകയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

പൊതുടാപ്പുകളുടെ ബിൽ തുകയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുടിശ്ശിക വരുത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കുടിശ്ശിക വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പൊതുടാപ്പുകളുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കുടിശ്ശിക അടയ്ക്കണമെന്നുകാണിച്ച് ഡിവിഷൻതലത്തിൽ ബില്ലുകൾ നൽകിവരുന്നു. കൂടാതെ ഈ കുടിശ്ശിക പ്രസ്തുത പഞ്ചായത്തിൽനിന്നും വസൂലാക്കിത്തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ടിട്ടുണ്ട്. കൂടാതെ ഈ സ്ഥാപനങ്ങളെ ആംനെസ്റ്റി സ്കീമിലുൾപ്പെടുത്തി പരമാവധി പലിശയിളവ് അനുവദിച്ചുകൊണ്ട് വാട്ടർ ചാർജ് അടയ്ക്കുന്നതിന് ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

(ഇ) 2021, 2022, 2023 എന്നീ വർഷങ്ങളിൽ പൊതുടാപ്പുകളുടെ വെള്ളക്കരം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

10-02-2021-ലെ G.O.(MS)No.9/2021/WRD പ്രകാരം 01-04-2021 മുതൽ 31-03-2022 വരെയുള്ള കാലഘട്ടത്തിലും 01-04-2022 മുതൽ 02-02-2023 വരെയുള്ള കാലഘട്ടത്തിലും വാട്ടർചാർജ് വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ 03-02-2023-ലെ G.O.(MS)No.11/2023/WRD ഉത്തരവുപ്രകാരം

2023-ൽ പൊതുടാപ്പുകൾ ഉൾപ്പെടെ എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും വാട്ടർ ചാർജ് വർദ്ധനവുണ്ടായിട്ടുണ്ട്.

## കേരള അർബൻ വാട്ടർ സർവ്വീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ട്

275(2945) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാട്ടർ അതോറിറ്റിയുടെ കേരള അർബൻ വാട്ടർ സർവ്വീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (KUWSIP)-ന്റെ ഭാഗമായി ലഭ്യമാക്കിയ എ.ഡി.ബി. വായ്പയുടെ വ്യവസ്ഥകൾ വിശദമാക്കാമോ; ഇതുസംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB) ധനസഹായത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സർവ്വീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (KUWSIP), തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ 24X7 ജലവിതരണ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിച്ചുള്ളതാണ്. ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി 07-02-2020-ലെ G.O. (Ms) No. 13/2020/WRD പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ADB-യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് പദ്ധതിയുടെ ചെലവ് പങ്കിടുന്നത്. പദ്ധതിയുടെ നിർവ്വഹണ ഏജൻസി കേരള ജല അതോറിറ്റിയാണ്. 250 മില്യൺ ഡോളറാണ് ടി പദ്ധതിക്കായി എ.ഡി.ബി. വായ്പയായി നൽകുന്നത്.

വായ്പാ വ്യവസ്ഥകൾ അനുസരിച്ച് കുറഞ്ഞത് 30 ശതമാനം പ്രവൃത്തികളെങ്കിലും ദർഘാസ് നടപടികൾ പൂർത്തിയാക്കി അവാർഡ് ചെയ്യുന്ന ഘട്ടം എത്തിയാൽ മാത്രമേ കേരള സർക്കാരിനും കേന്ദ്ര സർക്കാരിനും ADB-യുമായി വായ്പാ ചർച്ചകളിലേയ്ക്ക് കടക്കാൻ കഴിയൂ.

കൊച്ചി കോർപ്പറേഷനിൽ ആദ്യഘട്ടമായി നടപ്പാക്കാനുദ്ദേശിക്കുന്ന കൊച്ചി നഗരത്തിലെ ജലവിതരണ ശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും പത്ത് വർഷത്തേയ്ക്കുള്ള ഓപ്പറേഷൻ & മെയിന്റനൻസ് (0&M) കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവൃത്തിയുടെ അടങ്കൽ തയ്യാറാക്കി ഈ പ്രവൃത്തിക്കായുള്ള ദർഘാസ് 26-04-2023-ൽ തുറക്കുന്ന രീതിയിൽ ക്ഷണിച്ചിട്ടുള്ളതാണ്.

ADB മാനദണ്ഡങ്ങൾക്കനുസൃതമായി ലോൺ ഇംപ്ലിമെന്റേഷൻ സപ്പോർട്ട് യൂണിറ്റ് (LISU) കൺസൽട്ടന്റ് ഈ പദ്ധതി നടപ്പാക്കുന്നതിന് വാട്ടർ അതോറിറ്റിയെ സഹായിക്കുന്നതാണ്. ഈ കൺസൾട്ടൻസിയെ

തെരഞ്ഞെടുക്കുന്നതിനായി ക്ഷണിച്ച ദർഘാസ് തുറക്കുകയും തുടർനടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.

## വാമനപുരം മണ്ഡലത്തിലെ പ്രദേശങ്ങളിൽ എ.സി. പൈപ്പുകൾക്ക് പകരം ഡി.ഐ. പൈപ്പുകൾ

276(2946) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ കല്ലറ പഞ്ചായത്തിൽ കൊടിതുക്കിക്കുന്ന് മുതൽ പാട്ടറ ജംഗ്ഷൻവരെയും പാങ്ങോട് പഞ്ചായത്തിൽ ചാമവിള, കൊച്ചാലുംമൂട്, ഭരതന്നൂർ, നെല്ലിക്കുന്ന് തൃക്കോവിൽവട്ടം വരെയുമുള്ള പ്രദേശങ്ങളിലും നിലവിൽ സ്ഥാപിച്ചിട്ടുള്ള എ.സി. (ആസ്ബറ്റോസ് സിമന്റ്) പൈപ്പുകൾമാറ്റി പകരം ഡി.ഐ. (ഡക്റ്റയിൽ അയൺ) പൈപ്പുകൾ സ്ഥാപിക്കുന്നതിനായി കിഫ്ബിയിൽനിന്ന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

വാമനപുരം മണ്ഡലത്തിലെ കല്ലറ പഞ്ചായത്തിൽ കൊടിതുക്കിക്കുന്നുമുതൽ പാട്ടറവരെയും പാങ്ങോട് പഞ്ചായത്തിൽ ചാമവിള, കൊച്ചാലുംമൂട്, ഭരതന്നൂർ, നെല്ലിക്കുന്നുവരെയുമുള്ള പ്രദേശങ്ങളിലേയ്ക്ക് 3.42 കോടി രൂപയും പാങ്ങോട് പഞ്ചായത്തിലെ നെല്ലിക്കുന്ന്, തൃക്കോവിൽവട്ടം

അയ്യർകുന്ന് എന്നിവിടങ്ങളിലേയ്ക്ക് 1.03 കോടി രൂപയും നിലവിൽ സ്ഥാപിച്ചിട്ടുള്ള എ.സി. (ആസ്ബറ്റോസ് സിമന്റ്) പൈപ്പുകൾ മാറ്റി പകരം ഡി.ഐ. (ഡക്റ്റയിൽ അയൺ) പൈപ്പുകൾ സ്ഥാപിക്കുന്നതിന് കിഫ്ബിയിൽനിന്ന് ഫണ്ടിംഗ് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഈ പ്രവൃത്തി ഏത് കാരണത്താലാണ് നാളിതുവരെയായി ആരംഭിക്കാത്തതെന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ഈ പ്രവൃത്തിയുടെ ഭരണാനുമതി നൽകിയ സമയത്ത് റോഡ് ടാർ ചെയ്തിട്ടില്ലായിരുന്നു. എന്നാൽ കിഫ്ബിയിൽനിന്ന് ഫണ്ടിംഗ് അനുമതി നൽകിയപ്പോഴേയ്ക്കും ആ stretch-ൽ റോഡ് ടാർ ചെയ്തിരുന്നു. അതിനാൽ ടാർ കട്ടിംഗ് തുകയും GST വർദ്ധനവും ഉൾപ്പെടുത്തി പുതിയ എസ്റ്റിമേറ്റ് കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. അതിനാലാണ് ഈ പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്തത്.

(സി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കുമെന്നും ആയത് എന്നേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നതും വിശദമാക്കുമോ?

കിഫ്ബിയിൽനിന്ന് അനുമതി നൽകുന്ന മുറയ്ക്ക് ദർഘാസ് നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കാവുന്നതാണ്. പ്രവൃത്തി ആരംഭിച്ച് ഒരു വർഷത്തിനകം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

## വാട്ടർ ചാർജ് താരിഫ് വർദ്ധന

277(2947) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അധിക വായ്പ അനുവദിക്കുന്നതിനുള്ള ഉപാധിയായി കേന്ദ്രസർക്കാർ വ്യവസ്ഥപ്രകാരം 2021 മുതൽ പ്രതിവർഷം വാട്ടർ ചാർജ് നിരക്കിൽ 5 ശതമാനം താരിഫ് വർദ്ധന ഏർപ്പെടുത്തണമെന്ന നിബന്ധന സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം മുതൽ നടപ്പാക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 2023-24 സാമ്പത്തിക വർഷത്തിൽ 5 ശതമാനം താരിഫ് വർദ്ധന ഏർപ്പെടുത്തുന്നത് ഒഴിവാക്കുന്നത് സർക്കാർ പരിഗണിച്ചുവരികയാണ്.

## താന്നിക്കോട് മല കേന്ദ്രമാക്കി പ്രത്യേക കുടിവെള്ള പദ്ധതി

278(2948) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ താന്നിക്കോട് മല കേന്ദ്രമാക്കി കുടിവെള്ള വിതരണത്തിനുള്ള പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ഉപയോഗപ്പെടുത്തി ഏതൊക്കെ പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ചാത്തമംഗലത്തിനും സമീപ പഞ്ചായത്തുകൾക്കുമായി ശുദ്ധജലവിതരണ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. അതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ജലശുദ്ധീകരണശാല കുളിമാടാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. കുളിമാട് ജലശുദ്ധീകരണശാലയിൽനിന്നും വരുന്ന ജലം താന്നിക്കോട്ടുമലയിൽ സ്ഥാപിക്കുന്ന 70 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണിയിൽനിന്നും ചാത്തമംഗലം, ഉണ്ണികുളം, കട്ടിപ്പാറ, കിഴക്കോത്ത്, പുതുപ്പാടി മടവൂർ, താമരശ്ശേരി, കോടഞ്ചേരി എന്നീ പഞ്ചായത്തുകൾക്കും കൂടാതെ ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി കാരശ്ശേരിയും തിരുവമ്പാടി, കൂടരഞ്ഞി, പഞ്ചായത്തുകളിലേയ്ക്കുള്ള ശുദ്ധജലവിതരണ പദ്ധതിയിൽ ഉൾപ്പെടുന്ന ഓമശ്ശേരി, കൊടിയത്തൂർ

(ഭാഗികമായി 50 ശതമാനം) എന്നീ പഞ്ചായത്തുകൾക്കുമാണ് ഈ പദ്ധതി വഴി ശുദ്ധജലവിതരണം നല്കാൻ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ ഭരണാനുമതി തുക 701.00 കോടി രൂപയാണ്.

(സി) പ്രസ്തുത പദ്ധതിക്കുവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

ചാത്തമംഗലത്തിനും സമീപ പഞ്ചായത്തുകൾക്കുമായുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ താന്നിക്കോട് മലയിലെ 70 ലക്ഷം ലിറ്റർ ടാങ്കിനുള്ള 76 സെന്റ് സ്ഥലം (സർവ്വേ നമ്പർ: 25/1A3) ലഭ്യമാക്കുന്നതിനായി കോഴിക്കോട് തഹസിൽദാർ വിപണി വില നിർണ്ണയം നടത്തിയെങ്കിലും ആ തുകയ്ക്ക് സ്ഥലം വിട്ടുനൽകാൻ ഉടമസ്ഥർ തയ്യാറായില്ല. ആയതിനാൽ ലാൻഡ് അക്വിസിഷൻ നടപടിപ്രകാരം പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിന് എ.ഡി.ബി. വായ്പ**

279(2949)ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ഡോ. എം. കെ. മുനീർ:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിന് എ.ഡി.ബി.-യിൽനിന്നും വായ്പ തേടാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത വായ്പ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലെ കുടിവെള്ള വിതരണ സംവിധാനം പൂർണ്ണമായി സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ?

(എ-ഡി) കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്താനും 24X7 മതിയായ കുടിവെള്ളം നൽകാനും ലക്ഷ്യമിട്ടുകൊണ്ട് എ.ഡി.ബി. ധനസഹായത്തോടെ കേരള അർബൻ വാട്ടർ സർവ്വീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ടി പദ്ധതിക്കായി 2511 കോടി രൂപയുടെ ഭരണാനുമതി 07-02-2020-ലെ G.O. (Ms) No. 13/2020/WRD പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു. എ.ഡി.ബി-യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിലാണ് പദ്ധതിയുടെ ചെലവ് പങ്കിടുന്നത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പദ്ധതിയുടെ നിർവ്വഹണ ഏജൻസി കേരള ജല അതോറിറ്റിയാണ്. 250 മില്യൺ ഡോളറാണ് ടി പദ്ധതിക്കായി എ. ഡി. ബി. വായ്പയായി നൽകുന്നത്.

വായ്പാ വ്യവസ്ഥകൾ അനുസരിച്ച് കുറഞ്ഞത് 30 ശതമാനം പ്രവൃത്തികളെങ്കിലും ദർഘാസ് നടപടികൾ പൂർത്തിയാക്കി അവാർഡ് ചെയ്യുന്ന ഘട്ടം എത്തിയാൽ മാത്രമേ കേരള സർക്കാരിനും കേന്ദ്ര സർക്കാരിനും എ.ഡി.ബി-യുമായി വായ്പാ ചർച്ചകളിലേയ്ക്ക് കടക്കാൻ കഴിയൂ. ഒന്നാം ഘട്ടത്തിൽ കൊച്ചി നഗരത്തിലെ ജലവിതരണ ശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിലെ ജലശുദ്ധീകരണശാലകളുടെ നവീകരണവുമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

തിരുവനന്തപുരം നഗരത്തിലെ ജലവിതരണ ശൃംഖലയുടെ നവീകരണവും ജീവനക്കാർക്കുള്ള പരിശീലനം, സ്ഥാപനശാക്തീകരണ നടപടികൾ തുടങ്ങിയ പ്രവൃത്തികൾ രണ്ടാം ഘട്ടത്തിൽ ഉൾക്കൊള്ളിക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്.

ഡിസൈൻ, ബിൽഡ്, ഓപ്പറേറ്റ് & മെയിന്റനൻസ് (DBOM) വ്യവസ്ഥയിൽ ആദ്യ 7 വർഷംകൊണ്ട് നിർമ്മാണപ്രവർത്തനങ്ങളും

അനുബന്ധമായുള്ള അറ്റകുറ്റപ്പണികളും പൂർത്തിയാക്കി, തുടർന്നുള്ള 3 വർഷങ്ങളിലേയ്ക്കുള്ള ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് മൊത്തമായും പ്രവൃത്തി ഏറ്റെടുത്തിരിക്കുന്ന കരാറുകാരനിൽ നിക്ഷിപ്തമാക്കിക്കൊണ്ട്, 10 വർഷക്കാലയളവിൽ പൂർണ്ണതയിലെത്തുന്ന തരത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

കൊച്ചി കോർപ്പറേഷനിൽ ആദ്യഘട്ടമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കൊച്ചി നഗരത്തിലെ ജലവിതരണ ശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും പത്ത് വർഷത്തേയ്ക്കുള്ള ഓപ്പറേഷൻ&മെയിന്റനൻസ് (0&M) കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവൃത്തിയുടെ അടങ്കൽ തയ്യാറാക്കി ഈ പ്രവൃത്തിക്കായുള്ള ദർഘാസ് 26-04-2023-ൽ തുറക്കുന്ന രീതിയിൽ ക്ഷണിച്ചിട്ടുള്ളതാണ്.

എ.ഡി.ബി. മാനദണ്ഡങ്ങൾക്കനുസൃതമായി ലോൺ ഇംപ്ലിമെന്റേഷൻ സപ്പോർട്ട് യൂണിറ്റ് (LISU) കൺസൽട്ടന്റ് ഈ പദ്ധതി നടപ്പാക്കുന്നതിന് വാട്ടർ അതോറിറ്റിയെ സഹായിക്കുന്നതാണ്. ഈ കൺസൾട്ടൻസിയെ തെരഞ്ഞെടുക്കുന്നതിനായി ക്ഷണിച്ച ദർഘാസ് തുറക്കുകയും തുടർനടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു.

**ജലജീവൻ മിഷൻ**

280(2950) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷൻ പദ്ധതിയിലൂടെ സംസ്ഥാനത്ത് എത്ര പുതിയ കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ?

ജലജീവൻ മിഷൻ പദ്ധതിയിലൂടെ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ 25-02-2023-വരെ 15,48,508 പുതിയ കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) കുടിവെള്ള ചാർജിനത്തിൽ 2016 മാർച്ച് മാസത്തിൽ വാട്ടർ അതോറിറ്റിക്ക് ലഭിച്ച വരുമാനം എത്രയാണ്; ഈ ഇനത്തിൽ 2023 ജനുവരി മാസത്തിൽ ലഭിച്ച വരുമാനം എത്രയാണ്; വ്യക്തമാക്കുമോ?

2016 മാർച്ച് മാസത്തിൽ വാട്ടർ അതോറിറ്റിക്ക് ലഭിച്ച വരുമാനം = 50.60 കോടി രൂപ.

2023 ജനുവരി മാസത്തിൽ വാട്ടർ അതോറിറ്റിക്ക് ലഭിച്ച വരുമാനം = 65.78 കോടി രൂപ.

(സി) നിലവിൽ നടപ്പാക്കിയ വാട്ടർ ചാർജ് വർദ്ധനവിലൂടെ ഈ ഇനത്തിൽ പ്രതിമാസം എത്ര അധികവരുമാനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

നിലവിൽ നടപ്പാക്കിയ വാട്ടർ ചാർജ് വർദ്ധനവിലൂടെ പ്രതിമാസം 33.47 കോടി രൂപ അധിക വരുമാനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## അർദ്ധസർക്കാർ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ അടയ്ക്കാനുള്ള വെള്ളക്കര കുടിശ്ശിക

281(2951) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളക്കര കുടിശ്ശിക വരുത്തിയിട്ടുള്ള അർദ്ധസർക്കാർ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വിവരങ്ങളും കുടിശ്ശികയായ തുകയും ഉൾപ്പെടെയുള്ള വിശദവിവരം തരംതിരിച്ച് ലഭ്യമാക്കാമോ?

വിശദവിവരം തരംതിരിച്ച് അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വാട്ടർ ചാർജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ശക്തമായ പല നടപടികളും വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. കൃത്യമായി ബില്ല് അടയ്ക്കാത്ത ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷൻ നോട്ടീസ് നൽകുകയും അടയ്ക്കാത്തപക്ഷം ഡിസ്കണക്ഷൻ നടത്തുകയും ചെയ്യുന്നു. അധിക കുടിശ്ശിക

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വരുത്തിയ ഉപഭോക്താക്കളുടെ കുടിശ്ശിക നിവാരണം ചെയ്യുന്നതിന് ആംനസ്റ്റി പദ്ധതിപ്രകാരം വാട്ടർ ചാർജ് അടയ്ക്കുന്നതിന് ക്രമീകരണം ചെയ്തുവരുന്നു. കൂടാതെ സമയബന്ധിതമായി കുടിശ്ശിക തീർക്കുന്നതിന് വാർ റൂം എല്ലാ സെക്ഷൻതലത്തിലും സബ് ഡിവിഷൻതലത്തിലും ഡിവിഷൻതലത്തിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഉപഭോക്താവ് ആവശ്യപ്പെടുന്ന മുറയ്ക്ക് തവണകളായി കുടിശ്ശിക അടയ്ക്കുന്നതിന് ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

സർക്കാർ ഓഫീസുകളുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അതോറിറ്റിയുടെ എല്ലാ ഓഫീസുകളിൽനിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് കുടിശ്ശിക തുക അടയ്ക്കണമെന്നുകാണിച്ച് കത്ത് മുഖേനയും നേരിട്ടും അറിയിപ്പുകൾ നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങളിൽനിന്നും കുടിശ്ശിക അടയ്ക്കണമെന്ന് കാണിച്ച് ജല വിഭവവകുപ്പ് സെക്രട്ടറി വകുപ്പുസെക്രട്ടറിമാർക്ക് കത്ത് നൽകിയിട്ടുണ്ട്. സർക്കാർ പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതിയിലുൾപ്പെടുത്തി നിയമാനുസൃത ഇളവുകൾ നൽകി കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള തീവ്രശ്രമം നടത്തിവരുന്നു. യുദ്ധകാലാടിസ്ഥാനത്തിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുവേണ്ടി എല്ലാ ഓഫീസുകളിലും 01-01-2023 മുതൽ 31-03-2023-വരെ വാർ റൂമുകൾ

പ്രവർത്തിച്ചുവരുന്നു. ഈ കാലയളവിലും കുടിശ്ശിക തുക അടയ്ക്കാത്ത കണക്ഷനുകൾ വിച്ഛേദിക്കുന്നതാണ്.

(സി) പൊതുടാപ്പുകൾക്ക് നൽകിവരുന്ന വെള്ളക്കരം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; ആയതിന്റെ ബാദ്ധ്യത ആരാണ് ഏറ്റെടുക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

വർദ്ധിപ്പിച്ചിട്ടുണ്ട്. 03-02-2023-ലെ GO.(MS)No.11/2023/WRD പ്രകാരം ഒരു ലിറ്ററിന് ഒരു പൈസ വീതം വർദ്ധിപ്പിച്ചപ്പോൾ പ്രതിവർഷം കോർപ്പറേഷൻ/മുനിസിപ്പാലിറ്റി പൊതുടാപ്പുകളുടെ വാട്ടർ ചാർജ് ഒരു ടാപ്പിന് 21,838.68 രൂപയും പഞ്ചായത്തുകളുടെ പൊതുടാപ്പുകളുടെ വാട്ടർ ചാർജ് ഒരു ടാപ്പിന് 14,559.12 രൂപയുമായും വർദ്ധിച്ചു.

പൊതുടാപ്പുകളുടെ വാട്ടർ ചാർജ് കുടിശ്ശികയുടെ ബാദ്ധ്യത അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.

**ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ കുടിവെള്ള പദ്ധതിയുടെ ആധുനികീകരണം**

282(2952) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ കുടിവെള്ള പദ്ധതിയുടെ ആധുനികീകരണത്തിനും ശേഷിവർദ്ധിപ്പിക്കലിനുമായി കിഫ്ബി മുഖേന

എത്ര രൂപയുടെ പദ്ധതിക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്; ആയതിന്റെ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ 1 മുതൽ 4, 20 മുതൽ 26, 30 മുതൽ 44, 46 മുതൽ 52 വരെയുള്ള വാർഡുകളിലെയും സമീപ പഞ്ചായത്തുകളായ ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിലേയും ജലവിതരണ ശൃംഖലയുടെ വിപുലീകരണത്തിനും നവീകരണത്തിനുംവേണ്ടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 184 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിക്ക് 211.71 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി കിഫ്ബി മുഖാന്തരം നൽകിയിട്ടുണ്ട്. ഭരണാനുമതിയുടെയും ഫണ്ടിംഗ് അനുമതിയുടെയും പകർപ്പ് അനുബന്ധം 1+-ഉം 2+ -ഉം ആയി ചേർത്തിട്ടുണ്ട്.

(ബി) പദ്ധതിയുടെ എസ്.പി.വി. ആരാണെന്നും എന്തൊക്കെ പദ്ധതികളാണ് ഇതിലുൾപ്പെടുത്തിയിട്ടുള്ളതെന്നും അറിയിക്കുമോ; അതിൽ ഏതൊക്കെ പദ്ധതികളാണ് അമ്പലപ്പുഴ മണ്ഡലപരിധിയിൽ വരുന്നതെന്നും ഓരോ പദ്ധതിക്കും എത്ര തുക വീതമാണ് ചെലവഴിക്കുകയെന്നും വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പദ്ധതിയുടെ എസ്.പി.വി. കേരള വാട്ടർ അതോറിറ്റിയാണ്.

ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ 1 മുതൽ 4, 20 മുതൽ 26, 30 മുതൽ 44, 46 മുതൽ 52 വരെയുള്ള വാർഡുകളിൽ ജലവിതരണ ശൃംഖല സ്ഥാപിക്കലും (397 കി.മി), ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ചാത്തനാട് 16 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണിയും 5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഭൂഗർഭ ജലസംഭരണിയും വടികാട് 16 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണിയും 3 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂഗർഭ ജലസംഭരണിയും ചുടുകാട് (16 ലക്ഷം ലിറ്റർ), ചന്ദനക്കാവ് (12 ലക്ഷം ലിറ്റർ), വഴിച്ചേരി (6 ലക്ഷം ലിറ്റർ) ഉന്നതതല ജല സംഭരണികളും ആര്യാട് പഞ്ചായത്തിൽ (9 ലക്ഷം ലിറ്റർ) ഉന്നതതല ജല സംഭരണിയും 19 കി.മീ. വിതരണ ശൃംഖലയും മണ്ണഞ്ചേരി പഞ്ചായത്തിൽ (12 ലക്ഷം ലിറ്റർ) സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണിയും 3 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂഗർഭ ജലസംഭരണിയും 103 കി.മീ. വിതരണ ശൃംഖലയും മാരാരിക്കുളം തെക്ക് പഞ്ചായത്തിൽ 12 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണിയും 3 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂഗർഭ ജലസംഭരണി, ഇതിലേയ്ക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ (2.6 കി.മീ.), 101 കി.മീ. വിതരണ ശൃംഖലയും

അനുബന്ധ മോട്ടോറുകളും പമ്പുകളും, കൂടാതെ ഓപ്പറേറ്റർമാർക്കുള്ള ക്വാർട്ടേഴ്സും കലവൂർ സർവ്വോദയപുരം ഭാഗത്തെ റെയിൽവേ ക്രോസ്സിംഗുമാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്.

ഇതിൽ അമ്പലപ്പുഴ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പ്രവൃത്തികൾ:

1. പാക്കേജ് 2 - ചുടുകാട് 16 ലക്ഷം ലിറ്ററും ചന്ദനക്കാവ് 12 ലക്ഷം ലിറ്ററും സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണികളുടെ നിർമ്മാണം - അടങ്കൽ തുക 12.41 കോടി രൂപ.
2. പാക്കേജ് 4 - ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ 25, 30, 31, 32, 33, 34, 36, 37, 38, 39, 40, 41, 42, 43, 44 എന്നീ വാർഡുകളിലെ വിതരണ ശൃംഖലയും (172 കി.മി) റെയിൽവേ ക്രോസ്സിംഗും - ഇതിന്റെ എസ്റ്റിമേറ്റ് തുക 120.62 കോടി രൂപയുമാണ്.

(സി) പ്രസ്തുത മണ്ഡലത്തിലെ പ്രവൃത്തികൾ എന്നത്തേയ്ക്കാണ് പൂർത്തീകരിക്കേണ്ടതെന്നും നാളിതുവരെ ഏതൊക്കെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും ഓരോ പ്രവൃത്തിയുടെയും എത്ര ശതമാനമാണ് ആരംഭിക്കാൻ കഴിഞ്ഞതെന്നും അറിയിക്കുമോ?

പ്രസ്തുത പ്രവൃത്തികൾ 31-05-2023-ൽ പൂർത്തീകരിക്കേണ്ടതാണ്. ഈ പ്രവൃത്തികളിൽ പാക്കേജ് - 2 റീ ടെണ്ടർ ചെയ്തിരിക്കുകയാണ്. പാക്കേജ് - 4 ടെണ്ടർ ചെയ്യുന്നതിന് അധിക തുകയ്ക്കുള്ള അനുമതി കിഫ്ബി മുഖാന്തരം ലഭ്യമാക്കേണ്ടതുണ്ട്.

(ഡി) പ്രസ്തുത മണ്ഡലത്തിലുൾപ്പെടുന്ന പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാനുണ്ടായ കാലതാമസത്തിന് കാരണം വിശദമാക്കുമോ?

പാക്കേജ് 2:- നിർമ്മാണ പ്രവൃത്തികൾക്ക് 18-01-2021-ൽ ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ 23-03-2021 വരെ ദീർഘിപ്പിക്കുകയും തുടർന്നും ആരും പങ്കെടുക്കാത്തതിനാൽ ടെണ്ടർ റദ്ദുചെയ്തു. തുടർന്ന് 21-04-2021-ൽ റീ ടെണ്ടർ ചെയ്യുകയും പ്രസ്തുത ടെണ്ടറിൽ ഒരാൾ മാത്രം പങ്കെടുക്കുകയും ചെയ്തു. 36 ശതമാനം കൂടുതൽ തുകയിൽ ക്വാട്ട് ചെയ്തതിനാലും കരാറുകാരൻ നെഗോസിയേഷൻ വിസമ്മതിച്ചിരുന്നതിനാലും പ്രസ്തുത ടെണ്ടർ റദ്ദ് ചെയ്യുകയായിരുന്നു. തുടർന്ന് 26-11-2021-ൽ വീണ്ടും ദർഘാസ് ക്ഷണിച്ചിരുന്നെങ്കിലും ദർഘാസിൽ പങ്കെടുത്ത മൂന്നുപേരിൽ രണ്ടുപേരുടേയും ടെക്നിക്കൽ പ്രീക്വാളിഫിക്കേഷൻ തൃപ്തികരമല്ലാതിരുന്നതിനാൽ ഈ ടെണ്ടറും റദ്ദാക്കുകയായിരുന്നു. തുടർന്ന്

28-05-2022-ൽ വീണ്ടും ദർഘാസ് ക്ഷണിച്ചിരുന്നു. ഈ ദർഘാസ്സിലും ആരുംതന്നെ പങ്കെടുത്തിരുന്നില്ല. എസ്റ്റിമേറ്റ് PRICE 3.0-ൽ തയ്യാറാക്കുകയും 01-11-2022-ൽ റീടെണ്ടർ ചെയ്തെങ്കിലും ആരും പങ്കെടുത്തിരുന്നില്ല. നിലവിൽ 07-03-2023 അവസാന തീയതിയായി പ്രഖ്യാപിച്ച് 12-02-2023-ൽ റീടെണ്ടർ ചെയ്തിട്ടുണ്ട്.

പാക്കേജ് 4:- പാക്കേജ് 4-ന്റെ പ്രവൃത്തിക്കുള്ള തുക പദ്ധതിയുടെ ഫണ്ടിംഗ് അനുമതി തുകയേക്കാൾ അധികരിച്ച് വന്നതിനാൽ പ്രവൃത്തി ഇതുവരെ ടെണ്ടർ ചെയ്തിട്ടില്ല.

(ഇ) ഈ പദ്ധതിയുടെ ഭരണാനുമതി പുതുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പുതുക്കിയ പദ്ധതിപ്രകാരം എത്ര കോടി രൂപയാണ് ഇതിന് അധികമായി വേണ്ടിവരികയെന്നും ആയതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും അറിയിക്കുമോ?

പുതുക്കി തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് GST കൂടിയതിനാലും DSR 2018 Rate revision വന്നതിനാലും LSGD റോഡ് റിസ്റ്റോറേഷൻ ഉൾപ്പെടുത്തിയതിനാലും ഫണ്ടിംഗ് അനുമതി തുകയേക്കാൾ 87.6 കോടി രൂപ അധികം വേണ്ടതിനാൽ പുതുക്കിയ ഫണ്ടിംഗ് അനുമതിക്കായി

കിഫ്ബിയിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. നിലവിൽ ഇത് കിഫ്ബിയുടെ പരിഗണനയിലാണ്.

**കിഫ്ബി വഴി നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ**

283(2953) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകളിലേയ്ക്കുമുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി മണലൂർ മണ്ഡലത്തിലെ മണലൂർ, അരിമ്പൂർ, വെങ്കിടങ്ങ് പഞ്ചായത്തുകളിലെ കുടിവെള്ള വിതരണത്തിന് കിഫ്ബി വഴി നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

തൃശ്ശൂർ കോർപ്പറേഷനിൽ പല്ലിശ്ശേരിക്കുന്നിൽ 100 എം.എൽ.ഡി. വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, 45 ദശലക്ഷം ശേഷിയുള്ള ഭൂതല ജലസംഭരണി, റോവാട്ടർ, ക്ലിയർവാട്ടർ പമ്പിംഗ് മെയിൻ, 530 HP VT 4 Nos. പമ്പ് സെറ്റ് മുതലായവ കിഫ്ബി ധനസഹായത്തോടെ സ്ഥാപിക്കുന്നതിന് 185.00 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിരുന്നത്. 2018 SOR പ്രകാരം 222.97 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്.

പുതുക്കിയ ഫണ്ടിംഗ് അനുമതി ലഭിക്കുന്നതിനായി ഡി. ഇ. ആർ. കിഫ്ബിയിൽ സമർപ്പിച്ചിരിക്കുകയാണ്.

പാണഞ്ചേരി, പുത്തൂർ, മാടക്കത്തറ, നടത്തറ, പറപ്പൂക്കര, വല്ലച്ചിറ, ചേർപ്പ്, പാറളം, അവിണിശ്ശേരി, നെൻമണിക്കര, മണലൂർ, അരിമ്പൂർ, കോലഴി, മുളങ്കുന്നത്തുകാവ്, അവണ്ണൂർ, അടാട്ട്, വെങ്കിടങ്ങ് എന്നീ പഞ്ചായത്തുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ജലജീവൻ മിഷൻ പദ്ധതിയിൽ കൈപ്പറമ്പ്, തോളൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിലേയ്ക്ക് വേറെ കുടിവെള്ള സ്രോതസ്സുകൾ ഇല്ലാത്തതിനാൽ ഈ പഞ്ചായത്തുകൾകൂടി കിഫ്ബി പദ്ധതിയിൽ പിന്നീട് കൂട്ടിച്ചേർത്തിട്ടുണ്ട്.

(ബി) പത്തൊൻപത് പഞ്ചായത്തുകൾക്ക് പ്രയോജനകരമായ പ്രസ്തുത പദ്ധതിയുടെ പ്രധാന ജലസ്രോതസ്സ് ഏതാണെന്നും പദ്ധതിയുടെ ഭാഗമായി സർവ്വീസ് കണക്ഷനുകൾ നൽകുന്ന നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുമോ?

ഈ സ്കീമിന്റെ പ്രധാന ജലസ്രോതസ്സ് കരുവന്നൂർ പുഴയിൽ വല്ലച്ചിറ പഞ്ചായത്തിലെ തിരുക്കുഴിയെന്ന സ്ഥലത്താണ്. വിതരണ ശൃംഖലയും കണക്ഷനുകളും കൊടുക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ?

കിഫ്ബിയിൽനിന്നും പുതുക്കിയ ഫണ്ടിംഗ് അനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി അവാർഡ് ചെയ്തതിനുശേഷം 2 വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കാസർഗോഡ് ജില്ലയിലെ കിഫ്ബി പദ്ധതി

284(2954) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കിഫ്ബി സാമ്പത്തികാനുമതി നൽകിയ ഡബ്ല്യൂ.എസ്.എസ്.ടു. കാസർഗോഡ് മുനിസിപ്പാലിറ്റി ആൻഡ് ചെമ്മനാട് പഞ്ചായത്തെന്ന പ്രവൃത്തിയുടെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

കിഫ്ബി ധനസഹായത്തോടുകൂടി കാസർഗോഡ് മുനിസിപ്പാലിറ്റിക്കും ചെമ്മനാട് പഞ്ചായത്തിനും വേണ്ടിയുള്ള ജലവിതരണ പദ്ധതിക്ക് 76 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തി 5 പാക്കേജുകളായാണ് പൂർത്തീകരിക്കുന്നത്. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പ്രസ്തുത പ്രോജക്റ്റിൽ ചെമ്മനാട് പഞ്ചായത്തിലെ കുടിവെള്ള പദ്ധതിക്കായി എത്ര തുക നീക്കിവച്ചിട്ടുണ്ട്; ആയതിന്റെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

പ്രസ്തുത പദ്ധതിക്കുവേണ്ടി 76 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽനിന്നും ചെമ്മനാട് പഞ്ചായത്തിനുവേണ്ടിമാത്രം 21.24 കോടി രൂപയും കാസർഗോഡ് മുനിസിപ്പാലിറ്റി, ചെമ്മനാട് പഞ്ചായത്ത് എന്നിവയ്ക്കുള്ള നിർമ്മാണ ഘടകങ്ങൾക്കുവേണ്ടി 42.35 കോടി രൂപയും കാസർഗോഡ് മുനിസിപ്പാലിറ്റിക്കുവേണ്ടി മാത്രം 12.41 കോടി രൂപയുമാണ് നീക്കിവച്ചിട്ടുള്ളത്.

ഉന്നതതല ജലസംഭരണിക്കുവേണ്ടിയുള്ള സ്ഥലങ്ങൾ ഏറ്റെടുത്ത് സ്ഥലങ്ങളുടെ വില നൽകിയിട്ടുണ്ട്. ടാങ്ക് നിർമ്മിക്കാനാവശ്യമായ സ്ഥലങ്ങളുടെ മണ്ണ് പരിശോധനയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അരുവിക്കര ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

285(2955) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിന് ഉൾപ്പെടെ കുടിവെള്ളം എത്തിക്കുന്ന അരുവിക്കര ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

അരുവിക്കര അണക്കെട്ടിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണലും എക്കലും പൂർണ്ണമായും നീക്കം ചെയ്യുന്ന പ്രവൃത്തിയുടെ പദ്ധതി നിർവ്വഹണം KIIDC-നെ ഏൽപ്പിച്ചു. മണൽ നീക്കം ചെയ്യുന്ന പ്രവൃത്തിക്കായി വിശദ പദ്ധതി രേഖ തയ്യാറാക്കുന്നതിനാവശ്യമായ സർവ്വെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) ആയതിലേക്കായി വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

അരുവിക്കര ഡാമിൽനിന്നും ചെളിയും മണലും നീക്കാനുള്ള ഡീസിൽറ്റേഷൻ പദ്ധതിയുടെ EIA & EMP പഠനം നടത്തിയതുമായി ബന്ധപ്പെട്ട് Mantec Consultants Pvt. Ltd.-ന് 6,65,000 രൂപ നൽകുകയും KIIDC-ന് സർവ്വെയ്ക്കും മണ്ണ് പരിശോധനകൾക്കുമായി 27.28 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

**പൊതുടാപ്പുകളുടെ നിരക്ക് വർധന**

286(2956) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി പൊതുടാപ്പുകളുടെ നിരക്ക് വർദ്ധിപ്പിച്ചത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽ അമിതഭാരം ഉണ്ടാക്കിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിലവിലുള്ള നിരക്കും പുതുക്കിയ നിരക്കും വ്യക്തമാക്കാമോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്ന പ്രസ്തുത നയം പുനഃപരിശോധിക്കുമോ?

(എ&ബി) പ്രതിവർഷം കോർപ്പറേഷൻ/മുനിസിപ്പാലിറ്റി പൊതുടാപ്പുകളുടെ വാട്ടർ ചാർജ് ഒരു ടാപ്പിന് 8,692.11 രൂപയും പഞ്ചായത്ത് പൊതുടാപ്പുകളുടെ വാട്ടർ ചാർജ് ഒരു ടാപ്പിന് 5,788.13 രൂപയുമാണ്. 03-02-2023-ലെ GO.(MS)No. 11/2023/WRD പ്രകാരം ഒരു ലിറ്ററിന് ഒരു പൈസ വീതം വർദ്ധിപ്പിച്ചപ്പോൾ പ്രതിവർഷം കോർപ്പറേഷൻ/മുനിസിപ്പാലിറ്റി പൊതുടാപ്പുകളുടെ വാട്ടർ ചാർജ് ഒരു ടാപ്പിന് 21,838.68 രൂപയും പഞ്ചായത്ത് പൊതുടാപ്പുകളുടെ വാട്ടർചാർജ് ഒരു ടാപ്പിന് 14,559.12 രൂപയുമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

നിലവിലെ വാട്ടർ അതോറിറ്റിയുടെ സാമ്പത്തികാവസ്ഥ പരിഗണിച്ച് വർദ്ധിപ്പിച്ച നിരക്ക് പുനഃപരിശോധിക്കാൻ നിർവ്വാഹമില്ല. 1000 ലിറ്റർ ജലം

ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് വാട്ടർ അതോറിറ്റിക്ക് 22.85 രൂപ ചെലവാകുന്നു. എന്നാൽ ലഭിക്കുന്ന ശരാശരി വരുമാനം 10.92 രൂപയാണ്. അതായത് ഒരു കിലോ ലിറ്റർ ജലം വിതരണം ചെയ്യുമ്പോൾ 11.93 രൂപയുടെ നഷ്ടംവരുന്നു. മാത്രമല്ല വൈദ്യുതി ചാർജ്ജിനത്തിൽ 31-01-2023-ന് 1294.64 കോടി രൂപ KSEBL-ന് വാട്ടർ അതോറിറ്റി നൽകാനുണ്ട്. ഉല്പാദന ചെലവിനോടടുത്തെങ്കിലും വാട്ടർ ചാർജ് നിരക്ക് എത്തേണ്ടതുണ്ട്. ഈ ഘടകങ്ങളെല്ലാം പരിശോധിച്ചാണ് വാട്ടർ ചാർജ് നിരക്ക് ഒരു ലിറ്ററിന് ഒരു പൈസ വീതം വർദ്ധിപ്പിച്ചത്.

ജലശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചെലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതുവഴി വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവർഷം ഉണ്ടാകുന്നത്. വർഷാവർഷം വർദ്ധിച്ചുവരുന്ന വൈദ്യുതി ചാർജ്, കെമിക്കൽസിന്റെ വില വർദ്ധനവ്, അറ്റകുറ്റപ്പണികളുടെ ചെലവ്, വായ്പാ തിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവയ്ക്ക് അനുസൃതമായി വാട്ടർ ചാർജിൽ വർദ്ധനവുണ്ടാകുന്നില്ല. 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ (എ.ജി.-ക്ക് ഓഡിറ്റിന് നൽകിയത്) പ്രകാരം വാട്ടർ

അതോറിറ്റിക്ക് 31-03-2022-വരെ 4911.42 കോടി രൂപയാണ് സഞ്ചിത നഷ്ടം.

10/2014-ലാണ് സമ്പൂർണ്ണമായി വാട്ടർ ചാർജ് വർദ്ധിപ്പിച്ചിട്ടുള്ളത്. ഈ വർദ്ധനവിലും 15,000 ലിറ്റർവരെ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് യാതൊരുവിധ വർദ്ധനവും വരുത്തിയിട്ടില്ല. (04/2021-ലും 04/2022-ലും 5 ശതമാനം വീതം വർദ്ധനവ് വരുത്തിയിട്ടുണ്ട്). 6.5 ലക്ഷം ബി.പി.എൽ. വിഭാഗത്തിലുള്ള ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബി.പി.എൽ. ഉപഭോക്താക്കൾക്ക് പ്രതിമാസം 15,000 ലിറ്റർ ജലം സൗജന്യമായാണിപ്പോൾ നൽകിവരുന്നത്.

2018 മുതൽക്കുള്ള പെൻഷൻ ആനുകൂല്യങ്ങളും പി.എഫ്. ഉൾപ്പെടെയുള്ള മറ്റാനുകൂല്യങ്ങളും ജീവനക്കാർക്ക് കൊടുക്കാനുണ്ട്. അറ്റകുറ്റപ്പണികൾ ചെയ്ത വകയിൽ കരാറുകാർക്ക് 137.06 കോടി രൂപ കൊടുത്തുതീർക്കാനുണ്ട്. രാസവസ്തുക്കൾ, അറ്റകുറ്റപ്പണികളുടെ ഉപകരണങ്ങൾ, കൂലി തുടങ്ങിയവയുടെ വില വർദ്ധിച്ചു. കൂടാതെ സ്കീമുകളുടെ കാലപ്പഴക്കം കാരണം ഓപ്പറേഷനും മെയിന്റനൻസും ചെലവുകളും ഗണ്യമായി വർദ്ധിച്ചു. ജലവിതരണ, മലിനജല മേഖലകളിൽ സമയബന്ധിതമായ നവീകരണം അനിവാര്യമാണ്. ഇതിന് തുക

കണ്ടെത്തേണ്ടതുണ്ട്. അതിനാൽ വാട്ടർ ചാർജ് വർദ്ധിപ്പിക്കുകവഴി പൊതുജനങ്ങൾക്ക് തുടർച്ചയായി മെച്ചപ്പെട്ട സേവനങ്ങൾ നൽകാൻ സഹായിക്കും. മേൽപ്പറഞ്ഞ സാഹചര്യത്തിലാണ് വാട്ടർ അതോറിറ്റി വാട്ടർചാർജ് വർദ്ധിപ്പിച്ചത്. ആയതിനാൽ വർദ്ധിപ്പിച്ച നിരക്ക് പുനഃപരിശോധിക്കാൻ സാധിക്കാത്ത അവസ്ഥയാണ്.

## വെള്ളക്കരം വർദ്ധിപ്പിച്ചതിന്റെ ഭാഗമായി പൊതുടാപ്പുകൾക്കുള്ള ചാർജ് വർദ്ധനവ്

287(2957) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെള്ളക്കരം വർദ്ധിപ്പിച്ചതിന്റെ ഭാഗമായി പൊതുടാപ്പുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകേണ്ട ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകുമോ?

(എ&ബി) ഉണ്ട്. 03-02-2023-ലെ GO (MS) No. 11/2023/WRD പ്രകാരം കോർപ്പറേഷൻ/മുനിസിപ്പാലിറ്റി പൊതുടാപ്പുകളുടെ വാട്ടർ ചാർജ് പ്രതിവർഷം ഒരു ടാപ്പിന് 21,838.68 രൂപയും പഞ്ചായത്തുകളുടെ

പൊതുടാപ്പുകളുടെ വാട്ടർ ചാർജ് ഒരു ടാപ്പിന് 14,559.12 രൂപയുമായി വർദ്ധിച്ചിട്ടുണ്ട്.

(സി) ഫണ്ട് കുറവായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കുന്നതായി പറയപ്പെടുന്ന പ്രസ്തുത നടപടി പുന:പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിലെ വാട്ടർ അതോറിറ്റിയുടെ സാമ്പത്തികാവസ്ഥ പരിഗണിച്ച് വർദ്ധിപ്പിച്ച നിരക്ക് പുനഃപരിശോധിക്കാൻ നിർവ്വാഹമില്ല. 1000 ലിറ്റർ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് വാട്ടർ അതോറിറ്റിക്ക് 22.85 രൂപ ചെലവാകുന്നു. എന്നാൽ ലഭിക്കുന്ന ശരാശരി വരുമാനം 10.92 രൂപയാണ്. അതായത് ഒരു കിലോ ലിറ്റർ ജലം വിതരണം ചെയ്യുമ്പോൾ 11.93 രൂപയുടെ നഷ്ടം വരുന്നു. മാത്രമല്ല വൈദ്യുതി ചാർജ്ജിനത്തിൽ 31-01-2023-ന് 1294.64 കോടി രൂപ KSEBL-ന് വാട്ടർ അതോറിറ്റി നൽകാനുണ്ട്. ഉല്പാദന ചെലവിനോടടുത്തെങ്കിലും വാട്ടർ ചാർജ് നിരക്ക് എത്തേണ്ടതുണ്ട്. ഈ ഘടകങ്ങളെല്ലാം പരിശോധിച്ചാണ് വാട്ടർ ചാർജ് നിരക്ക് ഒരു ലിറ്ററിന് ഒരു പൈസ വീതം വർദ്ധിപ്പിച്ചത്.

ജലശുദ്ധീകരണം, വിതരണം എന്നിവയിൽ വരുന്ന ചെലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം

ചെയ്യുന്നതുവഴി വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവർഷമുണ്ടാകുന്നത്. വർഷാവർഷം വർദ്ധിച്ചുവരുന്ന വൈദ്യുതി ചാർജ്, കെമിക്കൽസിന്റെ വില വർദ്ധനവ്, അറ്റകുറ്റപ്പണികളുടെ ചെലവ്, വായ്പാ തിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവയ്ക്കനുസൃതമായി വാട്ടർ ചാർജിൽ വർദ്ധനവുണ്ടാകുന്നില്ല. 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ (എ.ജി.-ക്ക് ഓഡിറ്റിന് നൽകിയത്) പ്രകാരം വാട്ടർ അതോറിറ്റിക്ക് 31-03-2022 വരെ 4911.42 കോടി രൂപയാണ് സഞ്ചിത നഷ്ടം. 10/2014-ലാണ് സമ്പൂർണ്ണമായി വാട്ടർ ചാർജ് വർദ്ധിപ്പിച്ചിട്ടുള്ളത്. ഈ വർദ്ധനവിലും 15,000 ലിറ്റർവരെ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് യാതൊരുവിധ വർദ്ധനവും വരുത്തിയിട്ടില്ല. (04/2021-ലും 04/2022-ലും 5 ശതമാനം വീതം വർദ്ധനവ് വരുത്തിയിട്ടുണ്ട്). 6.5 ലക്ഷം ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബി.പി.എൽ. ഉപഭോക്താക്കൾക്ക് പ്രതിമാസം 15,000 ലിറ്റർ ജലം സൗജന്യമായാണ് ഇപ്പോൾ നൽകിവരുന്നത്.

2018 മുതൽക്കുള്ള പെൻഷൻ ആനുകൂല്യങ്ങളും പി.എഫ്. ഉൾപ്പെടെയുള്ള മറ്റു ആനുകൂല്യങ്ങളും ജീവനക്കാർക്ക് കൊടുക്കാനുണ്ട്. അറ്റകുറ്റപ്പണികൾ ചെയ്ത വകയിൽ കരാറുകാർക്ക് 137.06 കോടി രൂപ

കൊടുത്തുതീർക്കാനുണ്ട്. രാസവസ്തുക്കൾ, അറ്റകുറ്റപ്പണികളുടെ ഉപകരണങ്ങൾ, കൂലി തുടങ്ങിയവയുടെ വില വർദ്ധിച്ചു. കൂടാതെ സ്കീമുകളുടെ പ്രായാധിക്യം കാരണം ഓപ്പറേഷനും മെയിന്റനൻസും ചെലവുകളും ഗണ്യമായി വർദ്ധിച്ചു. ജലവിതരണ, മലിനജല മേഖലകളിൽ സമയബന്ധിതമായ നവീകരണം അനിവാര്യമാണ്. ഇതിന് തുക കണ്ടെത്തേണ്ടതുണ്ട്. അതിനാൽ വാട്ടർ ചാർജ് വർദ്ധിപ്പിക്കുക വഴി പൊതുജനങ്ങൾക്ക് തുടർച്ചയായി മെച്ചപ്പെട്ട സേവനങ്ങൾ നൽകാൻ സഹായിക്കും. മേല്പറഞ്ഞ സാഹചര്യത്തിലാണ് വാട്ടർ അതോറിറ്റി വാട്ടർ ചാർജ് വർദ്ധിപ്പിച്ചത്. ആയതിനാൽ വർദ്ധിപ്പിച്ച നിരക്ക് പുനഃപരിശോധിക്കുവാൻ സാധിക്കാത്ത അവസ്ഥയാണ്.

### ജലസേചന വകുപ്പിന് 2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ തുക

288(2958) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ജലസേചന വകുപ്പിനുള്ള ആകെ അടങ്കൽ തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ?

2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റ് പ്രസംഗത്തിൽ ജലസേചന വകുപ്പിന് 552.45 കോടി രൂപയാണ് അടങ്കൽ തുകയായി വകയിരുത്തിയിരുന്നത്. എന്നാൽ അതേ വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ്പ്രകാരം 1237.2042 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തുക ഏതെല്ലാം മേഖലയ്ക്ക് എത്ര രൂപ വീതമാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത തുക സംബന്ധിച്ച വിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) ബജറ്റിൽ വകയിരുത്തിയ തുക ധനകാര്യ വകുപ്പിൽനിന്ന് അനുവദിച്ച് കിട്ടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ബജറ്റിൽ വകയിരുത്തിയ തുക ധനകാര്യ വകുപ്പിൽനിന്ന് അനുവദിച്ച് കിട്ടിയിട്ടുണ്ട്.

(ഡി) ഇപ്രകാരം വകയിരുത്തിയ തുക ചെലവഴിച്ച് കഴിഞ്ഞിട്ടുണ്ടെങ്കിൽ മേഖലയും ജില്ലയും തിരിച്ച് വിശദാംശം അറിയിക്കുമോ?

ബജറ്റിൽ വകയിരുത്തിയ തുക ചെലവഴിച്ചതിന്റെ മേഖലയും ജില്ലയും തിരിച്ചുള്ള വിശദാംശം അനുബന്ധം (ബി)+ ആയി ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ?

വകയിരുത്തിയ തുക ചെലവഴിക്കാൻ കഴിയാത്തതിനുള്ള കാരണം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**വാട്ടർ ചാർജ് കുടിശ്ശിക**

289(2959) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാട്ടർ അതോറിറ്റിക്ക് കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുകയിൽ ആംനസ്റ്റി പദ്ധതി മുഖേന എത്ര തുക പിരിച്ചെടുക്കാനാണ് ലക്ഷ്യമിട്ടത്; വിശദാംശം ലഭ്യമാക്കുമോ?

വാട്ടർ അതോറിറ്റിക്ക് കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുകയിൽ ആംനസ്റ്റി പദ്ധതി മുഖേന 913.37 കോടി രൂപയാണ് പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടത്. ആകെ 99,234 പരാതികൾ ആംനസ്റ്റി പദ്ധതിപ്രകാരം ലഭിച്ചിട്ടുണ്ട്. അതിൽ 97,129 (97.88%) പരാതികൾ പരിഹരിച്ചു. 49.62 കോടി രൂപ (23-02-2023 വരെ) പിരിച്ചെടുത്തു. 97.55 കോടി രൂപ തവണകളായി അടയ്ക്കുന്നതിന് അനുമതി നൽകി. കൂടാതെ 349.32 കോടി രൂപ ഈ പദ്ധതിപ്രകാരം ഇളവ് ചെയ്ത് നൽകിയിട്ടുണ്ട്.

**കേരള വാട്ടർ അതോറിറ്റിയിലെ തസ്തിക പുനർവിന്യാസ നടപടി**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

290(2960) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിലെ 1294 തസ്തികകൾ പുനർവിന്യാസം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ തസ്തികകളാണ് ഇപ്രകാരം പുനർവിന്യാസം ചെയ്യുന്നതെന്ന് തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയിലെ 1294 തസ്തികകൾ പുനർവിന്യസിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഏതൊക്കെ തസ്തികകളാണ് പുനർവിന്യാസം ചെയ്യുന്നതെന്ന് തരംതിരിച്ചുള്ള വിശദാംശം അടങ്ങിയ പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത തസ്തിക പുനർവിന്യാസ നടപടികളിൽനിന്നും മീറ്റർ റീഡർമാരെ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

പ്രസ്തുത പുനർവിന്യാസ നടപടികളിൽനിന്നും മീറ്റർ റീഡർമാരെ ഒഴിവാക്കിയിട്ടുണ്ട്. ജലജീവൻ മിഷൻ കണക്ഷനുകൾ കൂടിവരുന്ന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സാഹചര്യത്തിൽ മീറ്റർ റീഡർമാരുടെ ആവശ്യകത വേണ്ടിവരുന്നതിനാലാണ് ഒഴിവാക്കിയത്.

## വായനശാലകൾക്കും, ഗ്രന്ഥശാലകൾക്കും പ്രത്യേക സ്ലാബ് ഏർപ്പെടുത്തുന്നതിന് നടപടി

291(2961) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുച്ഛമായി കുടിവെള്ളം ഉപയോഗിക്കുന്ന വായനശാലകളെയും ഗ്രന്ഥശാലകളെയും ഗാർഹികേതര ഉപഭോക്താവായി കണക്കാക്കുന്ന നിലവിലെ രീതി മാറ്റി അവർക്ക് പ്രത്യേക സ്ലാബ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

13-12-2012-ലെ G.O(Rt)No. 1457/2012/WRD പ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അനാഥാലയങ്ങൾക്കും വൃദ്ധസദനങ്ങൾക്കും മാത്രമേ നിലവിലുള്ള നിയമം അനുസരിച്ച് ഗാർഹിക വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിന് വ്യവസ്ഥയുള്ളൂ. നിലവിലുള്ള രീതി മാറ്റി പ്രത്യേക സ്ലാബ് ഏർപ്പെടുത്തുന്ന തീരുമാനം പരിഗണനയിലില്ല.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് ജല അതോറിറ്റി കുടിശ്ശിക ഇനത്തിൽ എത്ര തുകയാണ് അടയ്ക്കേണ്ടതെന്ന് വ്യക്തമാക്കുമോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് ജല അതോറിറ്റി കുടിശ്ശിക ഇനത്തിൽ 31-01-2023 വരെ 1294.64 കോടി രൂപ അടയ്ക്കാനുണ്ട്.

(സി) ഗാർഹിക ഉപഭോക്താക്കൾക്ക് ദ്വൈമാസ ബില്ലിംഗ് സംവിധാനം അവസാനിപ്പിച്ച് മാസംതോറും ബില്ല് നൽകുന്ന സമ്പ്രദായം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

കേരള വാട്ടർ അതോറിറ്റിയിൽ നിലവിൽ ഇ അബാക്കസിൻപ്രകാരം 40,64,775 വാട്ടർ കണക്ഷനുകളുണ്ട്. ഉപഭോക്താക്കൾക്ക് സ്വയമായി റീഡിംഗ് എടുത്ത് പോസ്റ്റ് ചെയ്ത് ബിൽ അടയ്ക്കുന്ന സംവിധാനമാണ് "കെ സെൽഫ്" മൊബൈൽ ആപ്പ്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരത്തിലെ പാളയം, പാറ്റൂർ സെക്ഷനുകളിൽ നടപ്പാക്കിയിട്ടുണ്ട്. ആയത് വിജയകരമാകുന്ന മുറയ്ക്ക് ടി സംവിധാനം കേരളത്തിൽ മുഴുവനും വ്യാപിപ്പിക്കാൻ സാധിക്കും. പ്രസ്തുത സംവിധാനംവഴി ഉപഭോക്താവിന് എല്ലാ മാസവും സ്വയമായി റീഡിംഗ് എടുത്ത് ഈ സോഫ്റ്റ്‌വെയർവഴി പോസ്റ്റ് ചെയ്ത് ബിൽ സ്വയം അടയ്ക്കാനാകും. ഈ

സംവിധാനം ഉപയോഗപ്പെടുത്തുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് ദ്വൈമാസ ബില്ലിംഗ് സംവിധാനം അവസാനിപ്പിച്ച് മാസംതോറും ബില്ലെന്ന സമ്പ്രദായത്തിലേയ്ക്ക് മാറാനുള്ള അവസരം നൽകാൻ സാധിക്കും.

(ഡി) പൈപ്പിൽ ചോർച്ച കണ്ടെത്തിയാൽ തദ്ദേശ സ്ഥാപനത്തിൽനിന്നോ പൊതുമരാമത്ത് വകുപ്പിൽനിന്നോ അനുമതി വാങ്ങിയിട്ടാണോ ആയത് പരിഹരിക്കാൻ ജല അതോറിറ്റി റോഡ് വെട്ടിപ്പൊളിക്കാറുള്ളതെന്നും പ്രസ്തുത റോഡ് എത്ര ദിവസത്തിനകം പൂർവ്വസ്ഥിതിയിൽ എത്തിക്കുമെന്നും വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ, പൊതുമരാമത്ത് വകുപ്പിന്റെയോ ടാർ/കോൺക്രീറ്റ് റോഡിലെ പൈപ്പിൽ ചോർച്ച കണ്ടെത്തിയാൽ ടി സ്ഥാപനങ്ങളുടെ അനുമതി വാങ്ങിയിട്ടാണ് ചോർച്ച പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നത് (RoW Portal). ചില അവസരങ്ങളിൽ എഗ്രിമെന്റ്/ഡെപ്പോസിറ്റ് പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെടാറുണ്ട്. നിലവിൽ പൊതുമരാമത്ത് റോഡുകളിൽ ലീക്ക് ഉൾപ്പെടെയുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് 14-02-2023-ലെ GO(Ms)No. 11/2023/PWD Thiruvananthapuram പ്രകാരമുള്ള ഉത്തരവുണ്ട്. ഇത്തരം സാങ്കേതികത്വം കൂടിയുള്ളതിനാൽ കൃത്യമായ സമയക്രമം പറയാൻ

സാധിക്കുന്നില്ല. എന്നാലും കുടിവെള്ള നഷ്ടം പരമാവധി കുറയ്ക്കുന്നതിനും ലീക്കുകൾ വേഗത്തിൽ പരിഹരിക്കാനും പ്രസ്തുത കോൺക്രീറ്റ്/ടാർ റോഡ് വേഗത്തിൽ പൂർവ്വസ്ഥിതിയിൽ എത്തിക്കാനുമാണ് കേരള വാട്ടർ അതോറിറ്റി ശ്രമിക്കുന്നത്.

(ഇ) പൈപ്പ് ലൈനിലെ ചോർച്ച കണ്ടെത്തുന്നതിനായി ഏതെല്ലാം ആധുനിക സംവിധാനങ്ങളാണ് കേരള വാട്ടർ അതോറിറ്റിക്കുള്ളതെന്ന് വിശദമാക്കുമോ?

പ്രധാന പൈപ്പ്ലൈനുകളിലും ഉപലൈനുകളിലും ഭൂമിയുടെ മുകൾത്തട്ടിലേയ്ക്കുവരാതെ മണ്ണിനടിയിലുണ്ടാകുന്ന ചോർച്ച കണ്ടെത്തുന്നതിനായി ലീക്ക് ഡിറ്റക്ഷൻ ഉപകരണം (Acoustic Portable Leak Detector) ഉപയോഗപ്പെടുത്തിവരുന്നു. ഈ ഉപകരണം നിലവിൽ ഹെഡ്ഓഫീസ് തലത്തിലാണുള്ളത്. ടി ഉപകരണം മറ്റ് സ്ഥലങ്ങളിലേയ്ക്കും ആവശ്യമായ ഘട്ടത്തിൽ ഉപയോഗപ്പെടുത്താറുണ്ട്. കൂടാതെ എല്ലാ ഡിവിഷൻ ഓഫീസുതലത്തിലും ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

## വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ചോർച്ച പരിഹരിക്കാൻ നടപടി

292(2962) ഡോ. എം. കെ. മുനീർ:

ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ചോർച്ച കേരള വാട്ടർ അതോറിറ്റിയുടെ വരുമാന നഷ്ടത്തിന് ഒരു പ്രധാന കാരണമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ചോർച്ച എത്ര ശതമാനമാണെന്നും ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ 40 ശതമാനത്തോളം വരുമാനരഹിത ജലമായാണ് കണക്കാക്കുന്നത്. ഇതിൽ പൈപ്പുകളിലൂടെയുള്ള ചോർച്ച കാരണമുണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം) മീറ്റർ തകരാർ, മോഷണം തുടങ്ങിയ കാരണങ്ങളാൽ ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്താൻ കഴിയാത്തതുമൂലമുള്ള നഷ്ടവും (വാണിജ്യ നഷ്ടം) ഉൾപ്പെടുന്നു. വരുമാനരഹിത ജലത്തിന്റെ അളവ് കുറയ്ക്കുന്നതിന്റെ ആദ്യപടിയായി നഷ്ടം കൃത്യമായി കണക്കാക്കേണ്ടതുണ്ട്. ആയതിനായി ഉൽപ്പാദന കേന്ദ്രങ്ങളിലും പ്രധാന വിതരണ ലൈനുകളിലും ബൾക്ക് വാട്ടർ

മീറ്ററുകൾ സ്ഥാപിക്കേണ്ടതുണ്ട്. ആയത് ഘട്ടംഘട്ടമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രധാന പൈപ്പ് ലൈനുകളിലും ഉപലൈനുകളിലും ഭൂമിയുടെ മുകൾത്തട്ടിലേയ്ക്ക് വരാതെ മണ്ണിനടിയിലുണ്ടാകുന്ന ചോർച്ച കണ്ടെത്തുന്നതിനായി ലീക്ക് ഡിറ്റക്ഷൻ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തിവരുന്നു. കൂടാതെ പ്രധാന ലൈനുകളിൽ ഫ്ലോമീറ്റർ ഉപയോഗിച്ച് ജലത്തിന്റെ അളവ് നിർണ്ണയിച്ച് ലീക്ക് കണ്ടുപിടിക്കുന്ന മാർഗ്ഗവും സ്വീകരിക്കാറുണ്ട്. പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന വിവരങ്ങളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ കണ്ടെത്തുന്ന ലീക്കുകൾ അടിയന്തരമായി റണ്ണിംഗ് കോൺട്രാക്ട് മുഖേനയും ബ്ലൂ ബ്രിഗേഡ് സംവിധാനം ഉപയോഗിച്ചും പരിഹരിച്ചുവരുന്നു. പൈപ്പുകളുടെ കാലപ്പഴക്കംമൂലം ചോർച്ചവഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ വിവിധ പദ്ധതികളിൽ (അമൃത്, കിഫ്ബി, ജലജീവൻ മിഷൻ, എ. ഡി. ബി., സ്റ്റേറ്റ് പ്ലാൻ, നഗരസഭ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തിയിലും) ഉൾപ്പെടുത്തി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് പോളിസിയിൽ നിഷ്കർഷിച്ചിട്ടുള്ള പൈപ്പുകൾ ഉപയോഗിക്കുന്നതുവഴി

ജലവിതരണ പൈപ്പുകൾ അടിക്കടി പൊട്ടുന്നത് ഒഴിവാക്കാൻ സാധിക്കുന്നുണ്ട്.

ജലഅതോറിറ്റിയുടെ പരിധിയിൽ ഉപയോഗിക്കുന്ന പൈപ്പുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻവേണ്ടി പ്രത്യേക നടപടികളും സ്വീകരിച്ചുവരുന്നു. ഇതിനായി പൈപ്പുകളുടെ Pre Delivery, Post Delivery ടെസ്റ്റിംഗ് നടത്തുന്നതിനായി സർക്കാർ സ്ഥാപനമായ CIPET- നെ നിലവിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പൊതുജനങ്ങൾക്ക് പരാതികൾ രജിസ്റ്റർ ചെയ്യാനും പരാതികളുടെ തത്സ്ഥിതി നിരീക്ഷിക്കാനുമായി കേന്ദ്ര കാര്യാലയത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരാതിപരിഹാര കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. വാണിജ്യ നഷ്ടത്തിന്റെ തോത് കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ മീറ്റർ പോളിസിയും രൂപീകരിച്ചിട്ടുണ്ട്.

**പമ്പ് ഹൗസുകളിലെ ഓട്ടോമേഷൻ സംവിധാനം**

293(2963) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിക്ക് പ്രത്യേകമായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

അനുവദിച്ചിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ (RKI) ഉൾപ്പെടുത്തി ആകെ 16 പ്രവൃത്തികൾക്ക് 239.84 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇവയുടെ വിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) എതെല്ലാം പ്രവർത്തനങ്ങൾക്കാണ് പ്രസ്തുത ഫണ്ട് വിനിയോഗിക്കപ്പെട്ടതെന്നും ഇതിന്റെ ഭാഗമായി വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസുകളിലും പ്ലാന്റുകളിലും ഓട്ടോമേഷൻ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

വാട്ടർ അതോറിറ്റിയിൽ RKI ഓട്ടോമേഷനുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവൃത്തികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

1. സബ്മേഴ്സിബിൾ പമ്പുകളുടെ ഓട്ടോമേഷൻ

2. സ്റ്റാൻഡ്ബൈ കൺട്രോൾ മൊഡ്യൂൾ വാങ്ങുന്നതിന്

3. അണുനശീകരണ പ്രവർത്തനങ്ങൾക്ക്

4. സംവിധാനങ്ങളുടെ സുരക്ഷയ്ക്ക് സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നതിന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

5. VT പമ്പുകളുടെ ഓട്ടോമേഷനും അതിനോടനുബന്ധിച്ച് വാൽവുകളും, സ്റ്റാർട്ടറുകളും വാങ്ങുന്നതിനും. നിലവിൽ ടി പ്രവൃത്തികൾ ഘട്ടംഘട്ടമായി പൂർത്തിയായി വരുന്നു. (പൂർത്തിയായവ - സബ്മേഴ്സിബിൾ പമ്പ് - 350 എണ്ണം, വെർട്ടിക്കൽ ടർബൈൻ -104 എണ്ണം, സ്റ്റാൻഡ് ബൈ മൊഡ്യൂൾ - 74 എണ്ണം, സി.സി.ടി.വി. - 192 എണ്ണം, ഡോസിംഗ് - 61 എണ്ണം)

(സി) എങ്കിൽ ഏത് കമ്പനിക്കാണ് പമ്പ് ഹൗസുകളിലും പ്ലാന്റുകളിലും ഓട്ടോമേഷൻ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ ലഭിച്ചത്; ഇതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള ടെണ്ടർ നടപടിക്രമങ്ങളുടേയും ഇതിൽ പങ്കെടുത്തിരുന്ന സ്ഥാപനങ്ങളുടേയും വിശദവിവരം ലഭ്യമാക്കാമോ?

പമ്പ് ഹൗസുകളിലെ ഓട്ടോമേഷനും അനുബന്ധ പ്രവർത്തനങ്ങൾക്കും താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് അനുമതി ലഭ്യമായിട്ടുണ്ട്.

- വോൾവർട്ട് ഇലക്ട്രിക് പ്രൈവറ്റ് ലിമിറ്റഡ്, വെണ്ണല, കൊച്ചി
- ഗോകുലം ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വർക്സ്, അങ്ങാടിപ്പുറം
- ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് സർവ്വീസ്, പട്ടാമ്പി
- റോഡ്, എഞ്ചിനീയേഴ്സ് വേ, കണ്ണൂർ
- ഗ്രീൻ ഡീസൽ, കണ്ണൂർ

- സ്മാക്സ് ഓട്ടോമേഷൻസ് പോറ്റ്സ് ഡിവൈസ് & സിസ്റ്റം, മൂവാറ്റുപുഴ
- ട്രിസ് മാർക്കറ്റിംഗ് ജോറ്റ്നന്റ്സ്, തൃശ്ശൂർ
- സ്മാർട്ട് ടെക്നിക്സ് പ്ലാനറ്റ് സൊല്യൂഷൻസ്
- പോഡ്സ് ഐ. ഒ. ടി. പ്രൈവറ്റ് ലിമിറ്റഡ്
- പ്രൊഫിഷ്യന്റ് ഓട്ടോമേഷൻ ആൻഡ് കൺട്രോൾസ്
- വോൾവെർട്ട് ഇലക്ട്രിക്ക് പ്രൈവറ്റ് ലിമിറ്റഡ്
- അരിമ്പൂർ പവർ സർവ്വീസസ്
- ഡെൻ ഏദൻസ് സസ്റ്റൈനബിൾ സൊല്യൂഷൻസ്
- ഫാരഡെ ഇലക്ട്രിക്ക് വർക്ക്
- കുമാർ കൺസ്ട്രക്ഷൻസ്
- വി. എസ്. അസ്സോസിയേറ്റ്സ്
- മഹാലക്ഷ്മി ട്രേഡേഴ്സ്

പദ്ധതി നിലവിൽ പൂർത്തീകരിക്കാത്തതിനാൽ ടെണ്ടർ/ക്വട്ടേഷൻ വിവരങ്ങൾ പൂർണ്ണമായും ക്രോഡീകരിച്ചിട്ടില്ല. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതാണ്.

(ഡി) കെൽട്രോൺ അടക്കമുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ പ്രസ്തുത ടെണ്ടർ നടപടികളിൽ പങ്കെടുപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നോ എന്ന് അറിയിക്കാമോ?

ഓപ്പൺ ടെണ്ടർ (e-ടെണ്ടർ) വ്യവസ്ഥയിലും ഓപ്പൺ ക്വട്ടേഷൻ വ്യവസ്ഥയിലുമാണ് സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത്. ആയതിനാൽ കെൽട്രോൺ അടക്കമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കും സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശപ്രകാരം പങ്കെടുക്കാവുന്നതാണ്.

(ഇ) ഓട്ടോമേഷൻ സംവിധാനം പ്രാവർത്തികമായപ്പോൾ എത്ര താല്ക്കാലിക ജീവനക്കാർക്കാണ് ജോലി നഷ്ടമായത്; ഇവരെ വാട്ടർ അതോറിറ്റിയുടെ മറ്റ് പ്രോജക്ടുകളിലോ, യൂണിറ്റുകളിലോ പുനർവിന്യസിക്കുന്നതിനുള്ള എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

സ്ഥിരം ജീവനക്കാരില്ലാത്ത പമ്പ് ഹൗസുകളിൽ ആവശ്യമായി വരുന്ന തൊഴിൽദിനങ്ങൾ കരാറുകാർ മുഖേനയാണ് നികത്തിയിരുന്നത്.

ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഓട്ടോമേഷൻ സംവിധാനം പ്രാവർത്തികമായപ്പോൾ 67 തൊഴിൽദിനങ്ങൾ ആവശ്യമില്ലാത്തതായിവന്നു. ഇതിൽ 19 എണ്ണം മറ്റ് സ്ഥലങ്ങളിലേയ്ക്ക് മാറ്റിനൽകിയിട്ടുണ്ട്. കേരളത്തിലെ എല്ലാ വീടുകളിലും കുടിവെള്ളമെത്തിക്കാൻ വിഭാവനം ചെയ്തിട്ടുള്ള ജെ.ജെ.എം. പദ്ധതിയിൽ വിപുലമായ വികസന പ്രവൃത്തികളാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്, കൂടാതെ അമൃതിലും ബൃഹത് പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഇത്തരം ബൃഹത് പദ്ധതികളിൽക്കൂടിത്തന്നെ അധികം തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട്.

(എഫ്) താൽക്കാലിക ജീവനക്കാരുടെ അഭാവത്തിൽ പമ്പ് ഹൗസുകളിൽ ജലശുദ്ധീകരണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി ഇപ്പോൾ എന്ത് ബദൽ ക്രമീകരണമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

പമ്പ് ഓട്ടോമേഷൻ നടപ്പാക്കിയ പമ്പ് ഹൗസുകളിൽ ശുദ്ധീകരണ പ്രവർത്തങ്ങൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ (SoP) മുഖേന മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ അണുനശീകരണ

പ്രവർത്തനവും ഓട്ടോമേഷൻ പ്രവൃത്തിയുടെ ഭാഗമായി ഡോസിംഗ് സിസ്റ്റവും ഏർപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നിരീക്ഷണത്തിനും ഡോസിംഗ് പ്രവൃത്തികൾ ഏകോപിപ്പിച്ചുകൊണ്ടുപോകുന്നതിനും സ്ഥിര/കരാർ മുഖേനയുള്ള ജീവനക്കാർ എന്നിവരുടെ സേവനം ലഭ്യമാക്കിവരുന്നു.

## സംസ്ഥാനത്തെ പൊതുടാപ്പുകളുടെ നിരക്ക്

294(2964) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുടാപ്പുകൾക്ക് നിലവിൽ നൽകുന്ന നിരക്ക് എത്രയെന്ന് അറിയിക്കാമോ?

പ്രതിവർഷം സംസ്ഥാനത്തെ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി പൊതുടാപ്പുകളുടെ വാട്ടർ ചാർജ് നിലവിൽ ഒരു ടാപ്പിന് 8,692.11 രൂപയും പഞ്ചായത്തുകളുടെ പൊതുടാപ്പുകളുടെ വാട്ടർ ചാർജ് ഒരു ടാപ്പിന് 5,788.13 രൂപയും ആണ്.

(ബി) പുതിയ ബജറ്റ്പ്രകാരം പൊതുടാപ്പുകൾക്ക് എത്ര വർദ്ധനവാണ് നിരക്കിൽ വരുത്തിയതെന്ന് അറിയിക്കാമോ?

പുതിയ ബഡ്ജറ്റ്പ്രകാരം പൊതുടാപ്പുകളുടെ നിരക്കിൽ യാതൊരു വർദ്ധനവും വരുത്തിയിട്ടില്ല. എന്നാൽ 03-02-2023-ലെ GO (MS) No. 11/2023/WRD പ്രകാരം പ്രതിവർഷം കോർപ്പറേഷൻ/മുനിസിപ്പാലിറ്റി പൊതുടാപ്പുകളുടെ വാട്ടർ ചാർജ് ഒരു ടാപ്പിന് 21,838.68 രൂപയും പഞ്ചായത്തുത്ത് പൊതുടാപ്പുകളുടെ വാട്ടർ ചാർജ് ഒരു ടാപ്പിന് 14,559.12 രൂപയുമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ഇത്തരത്തിലുള്ള വർദ്ധനവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറെ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വർദ്ധിപ്പിച്ച നിരക്ക് കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

(സി&ഡി) നിലവിലെ വാട്ടർ അതോറിറ്റിയുടെ സാമ്പത്തികാവസ്ഥ പരിഗണിച്ച് വർദ്ധിപ്പിച്ച നിരക്ക് പുനഃപരിശോധിക്കാൻ നിർവ്വാഹമില്ല. 1000 ലിറ്റർ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് വാട്ടർ അതോറിറ്റിക്ക് 22.85 രൂപ ചെലവാകുന്നു. എന്നാൽ ലഭിക്കുന്ന ശരാശരി വരുമാനം 10.92 രൂപയാണ്. അതായത് ഒരു കിലോ ലിറ്റർ ജലം വിതരണം ചെയ്യുമ്പോൾ 11.93 രൂപയുടെ നഷ്ടം വരുന്നു. മാത്രമല്ല വൈദ്യുതി

ചാർജിനത്തിൽ 31-01-2023-ന് 1294.64 കോടി രൂപ KSEBL-ന് വാട്ടർ അതോറിറ്റി നൽകാനുണ്ട്. ഉല്പാദന ചെലവിനോടടുത്തെങ്കിലും വാട്ടർ ചാർജ് നിരക്ക് എത്തേണ്ടതുണ്ട്. ഈ ഘടകങ്ങളെല്ലാം പരിശോധിച്ചാണ് വാട്ടർ ചാർജ് നിരക്ക് ഒരു ലിറ്ററിന് ഒരു പൈസ വീതം വർദ്ധിപ്പിച്ചത്.

ജല ശുദ്ധീകരണം, വിതരണം എന്നിവയിൽ വരുന്ന ചെലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതുവഴി വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവർഷം ഉണ്ടാകുന്നത്. വർഷാവർഷം വർദ്ധിച്ചുവരുന്ന വൈദ്യുതി ചാർജ്ജ്, കെമിക്കൽസിന്റെ വില വർദ്ധനവ്, അറ്റകുറ്റപ്പണികളുടെ ചെലവ്, വായ്പാതിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവയ്ക്ക് അനുസൃതമായി വാട്ടർ ചാർജ്ജിൽ വർദ്ധനവുണ്ടാകുന്നില്ല. 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ (എ.ജി.-ക്ക് ഓഡിറ്റിന് നൽകിയത്) പ്രകാരം വാട്ടർ അതോറിറ്റിക്ക് 31-03-2022 വരെ 4911.42 കോടി രൂപയാണ് സഞ്ചിത നഷ്ടം.

10/2014-ലാണ് സമ്പൂർണ്ണമായി വാട്ടർ ചാർജ് വർദ്ധിപ്പിച്ചിട്ടുള്ളത്. ഈ വർദ്ധനവിലും 15,000 ലിറ്റർവരെ ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് യാതൊരുവിധ വർദ്ധനവും വരുത്തിയിട്ടില്ല. (04/2021-

ലും 04/2022-ലും 5 ശതമാനം വീതം വർദ്ധനവ് വരുത്തിയിട്ടുണ്ട്). 6.5 ലക്ഷം ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബി.പി.എൽ. ഉപഭോക്താക്കൾക്ക് പ്രതിമാസം 15,000 ലിറ്റർ ജലം സൗജന്യമായാണ് ഇപ്പോൾ നൽകിവരുന്നത്.

2018 മുതൽക്കുള്ള പെൻഷൻ ആനുകൂല്യങ്ങളും പി.എഫ്. ഉൾപ്പെടെയുള്ള മറ്റു ആനുകൂല്യങ്ങളും ജീവനക്കാർക്ക് കൊടുക്കാനുണ്ട്. അറ്റകുറ്റപ്പണികൾ ചെയ്ത വകയിൽ കരാറുകാർക്ക് 137.06 കോടി രൂപ കൊടുത്തുതീർക്കാനുണ്ട്. രാസവസ്തുക്കൾ, അറ്റകുറ്റപ്പണികളുടെ ഉപകരണങ്ങൾ, കൂലി, തുടങ്ങിയവയുടെ വില വർദ്ധിച്ചു. കൂടാതെ സ്കീമുകളുടെ പ്രായാധിക്യം കാരണം ഓപ്പറേഷനും മെയിന്റനൻസും ചെലവുകളും ഗണ്യമായി വർദ്ധിച്ചു. ജലവിതരണ, മലിനജല മേഖലകളിൽ സമയബന്ധിതമായ നവീകരണം അനിവാര്യമാണ്. ഇതിന് തുക കണ്ടെത്തേണ്ടതുണ്ട്. അതിനാൽ വാട്ടർ ചാർജ് വർദ്ധിപ്പിക്കുകവഴി പൊതുജനങ്ങൾക്ക് തുടർച്ചയായി മെച്ചപ്പെട്ട സേവനങ്ങൾ നൽകാൻ സാധിക്കും. മേൽപ്പറഞ്ഞ സാഹചര്യത്തിലാണ് വാട്ടർ അതോറിറ്റി വാട്ടർ ചാർജ് വർദ്ധിപ്പിച്ചത്. ആയതിനാൽ വർദ്ധിപ്പിച്ച നിരക്ക് പുനഃപരിശോധിക്കാൻ സാധിക്കാത്ത അവസ്ഥയാണ്.

## കേരള അർബൻ വാട്ടർ സർവ്വീസസ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് (KUWSIP)

295(2965) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാട്ടർ അതോറിറ്റിയുടെ കേരള അർബൻ വാട്ടർ സർവ്വീസസ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് (KUWSIP)-ന്റെ ഭാഗമായി സ്വകാര്യ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ?

തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ 24x7 ജലവിതരണ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിച്ച് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് (ADB) ധനസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സർവ്വീസ് ഇംപ്രൂവ്മെന്റ് പ്രോജക്ടുമായി (KUWSIP) ബന്ധപ്പെട്ട് സ്വകാര്യ കമ്പനിയുമായി സർക്കാർ കരാറിൽ ഏർപ്പെട്ടിട്ടില്ല.

## കുടിവെള്ളത്തിന്റെ ദുരുപയോഗം തടയാൻ നടപടി

296(2966) <u>ഡോ. എൻ. ജയരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളത്തിന്റെ ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടാൽ തുടർന്ന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കാമോ?

കുടിവെള്ളത്തിന്റെ ദുരുപയോഗം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തുകയും പ്രസ്തുത വ്യക്തികൾക്ക്/ സ്ഥാപനങ്ങൾക്ക് ഉടനടി നോട്ടീസ് നൽകുകയും കണക്ഷൻ വിച്ഛേദിക്കുക/പിഴ ചുമത്തൽ/കണക്ഷൻ നോൺ ഡൊമസ്റ്റിക് കാറ്റഗറിയിലേയ്ക്ക് മാറ്റുക മുതലായ നടപടികളെടുത്ത് ഇത്തരം പ്രവൃത്തികൾക്ക് തടയിടാറുണ്ട്.

(ബി) വാഹനം കഴുകുന്നതടക്കമുള്ള കുടിവെള്ള ദുരുപയോഗം കണ്ടെത്താനുള്ള സ്ക്വാഡ് സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ്, ബ്ലൂ ബ്രിഗേഡ് സംവിധാനം എന്നിവ മുഖേന വിതരണ ലൈനുകളിലെ ശുദ്ധജല ദുരുപയോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കുടിവെള്ള ദുരുപയോഗം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് പൊതുജനങ്ങൾക്ക് അവസരം നൽകുന്ന

വിധത്തിൽ ടോൾ ഫ്രീ കംപ്ലയിന്റ് രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്താമോ?

കുടിവെള്ളവുമായി ബന്ധപ്പെട്ട എല്ലാ പരാതികളും അറിയിക്കുന്നതിനായി 1916 എന്ന ടോൾ ഫ്രീ നമ്പർ നിലവിലുണ്ട്.

## ഔദ്യോഗിക വസതിയിലെ വാട്ടർ ചാർജ്

297(2967) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലവിഭവ വകുപ്പുമന്ത്രിയുടെ ഔദ്യോഗിക വസതിയിലെ കഴിഞ്ഞ ഒരു വർഷത്തെ വാട്ടർ ചാർജിന്റെ വിശദാംശം, ഉപയോഗിച്ച യൂണിറ്റ്, ബിൽ തുക എന്നിവ സഹിതം വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ രണ്ടു കണക്ഷനുകളാണുള്ളത്. കഴിഞ്ഞ ഒരു വർഷത്തെ വാട്ടർ ചാർജിന്റെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

## മലപ്പുറം മണ്ഡലത്തിലെ ജലനിധി പദ്ധതികൾ

298(2968) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കിവരുന്ന ജലനിധി ഗ്രാമീണ കുടിവെള്ള പദ്ധതികളുടെ വിശദാംശം നൽകുമോ;

- മലപ്പുറം മണ്ഡലത്തിലെ പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തിൽ Sustainability support to community managed water supply scheme എന്ന സുസ്ഥിരതാ പദ്ധതിയിലുൾപ്പെടുത്തി 2021-22 വർഷത്തിൽ ഭരണാനുമതി നൽകിയ കണ്ടാപ്പിക്കുന്ന് എന്ന ജലനിധി കുടിവെള്ള വിതരണ പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചു. 2022-23 വർഷത്തിൽ ഭരണാനുമതി നൽകിയ പാറക്കുണ്ടിൽമുക്ക്, കുറുക്കൻകുന്ന്, പാറപ്പുറം, കോളർകുന്ന് എന്നീ കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിക്കുന്നു.
- മൊറയൂർ ഗ്രാമപഞ്ചായത്തിൽ Sustainability support to community managed water supply scheme എന്ന സുസ്ഥിരതാ പദ്ധതിയിലുൾപ്പെടുത്തി 2021-22 വർഷത്തിൽ ഭരണാനുമതി നൽകിയ കീരങ്ങാട്ടുതൊടിയെന്ന ജലനിധി കുടിവെള്ള വിതരണ പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചു.
- പുൽപ്പറ്റ ഗ്രാമപഞ്ചായത്തിൽ Sustainability support to community managed water supply scheme എന്ന സുസ്ഥിരതാ

പദ്ധതിയിലുൾപ്പെടുത്തി 2022-23 വർഷത്തിൽ ഭരണാനുമതി നൽകിയ പഞ്ചമി, വെട്ടുവക്കുണ്ട്, വരിക്കക്കാട് എന്നീ ജലനിധി കുടിവെള്ള വിതരണ പദ്ധതികളുടെയും വരിക്കക്കാട് ചെറിയ കുടിവെള്ള പദ്ധതിയുടെയും പുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിക്കുന്നു. മാറാണി ചെമ്മലമുക്ക് ചെറിയ കുടിവെള്ള പദ്ധതിയുടെ ക്വട്ടേഷൻ നടപടികൾ പൂർത്തീകരിച്ചു. കൂടാതെ പള്ളിപ്പടി എന്ന ജലനിധി കുടിവെള്ള വിതരണ പദ്ധതിയുടെ കരാർ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ ജലനിധി പദ്ധതികൾക്കായി അനുവദിച്ച തുകയും പദ്ധതിയുടെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതിയും വ്യക്തമാക്കാമോ?

അനുബന്ധമായി+ ചേർക്കുന്നു.

(സി) വേനൽ രൂക്ഷമാകുന്ന സാഹചര്യത്തിൽ മലപ്പുറം മണ്ഡലത്തിലെ ജലനിധി പദ്ധതികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

2023 മാർച്ച് 31-ഓടുകൂടി മേൽ പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## കല്ല്യാശ്ശേരി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

299(2969) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും പട്ടുവം ജപ്പാൻ കുടിവെള്ള ഒന്നാംഘട്ടം/രണ്ടാംഘട്ടം പദ്ധതികൾ മുഖേനയും നബാർഡ്, ജലജീവൻ മിഷൻ, കിഫ്ബി എന്നീ പദ്ധതികൾ വഴിയും സ്ഥാപിച്ച പൈപ്പ് ലൈനുകൾ, അതിനായി ചെലവഴിച്ച തുക, നൽകിയ കണക്ഷനുകളുടെ എണ്ണം എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

ജിക്ക സഹായത്തോടെയുള്ള പട്ടുവം കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ മൊത്തം 625 കി.മീ. വിതരണ ശൃംഖല സ്ഥാപിച്ചതിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഉൾപ്പെട്ട പഞ്ചായത്തുകളിൽ പൈപ്പ് ലൈൻ സ്ഥാപിച്ചതിന്റെ വിശദവിവരങ്ങൾ അനുബന്ധം 1+ ആയി ചേർക്കുന്നു.

പട്ടുവം കുടിവെള്ള പദ്ധതി (ജിക്ക) വിതരണ ശൃംഖലയുടെ ഒന്നാം ഘട്ടത്തിൽ ആകെ മൊത്തം ചെലവഴിച്ച തുക 88.82 കോടി രൂപയാണ്.

പട്ടുവം കുടിവെള്ള പദ്ധതി (ജിക്ക) വിതരണ ശൃംഖലയുടെ ബാക്കിഭാഗം ഒന്നാം ഘട്ടം നബാർഡ് ധനസഹായത്തോടെയും രണ്ടാം ഘട്ടം സ്റ്റേറ്റ് പ്ലാനിലുമുൾപ്പെടുത്തി അനുമതി നൽകി. പ്രസ്തുത പ്രവൃത്തികളുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പൈപ്പ് ലൈൻ ദീർഘിപ്പിച്ചതിന്റെയും ചെലവഴിച്ച തുകയുടെയും വിശദവിവരങ്ങൾ (കല്ല്യാശ്ശേരി മണ്ഡലത്തിലെ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ) അനുബന്ധം 2[+] ആയി ചേർക്കുന്നു.

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് ജലജീവൻ പദ്ധതി പൂർത്തീകരിക്കാനുള്ളത്; വിശദമാക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം, കടന്നപ്പള്ളി, പാണപ്പുഴ, ചെറുതാഴം, കുഞ്ഞിമംഗലം എന്നീ പഞ്ചായത്തുകളിലാണ് ജൽജീവൻ പദ്ധതി പൂർത്തീകരിക്കാനുള്ളത്. പട്ടുവം, കടന്നപ്പള്ളി, പാണപ്പുഴ പഞ്ചായത്തുകളിൽ KRFB-യുടെയും കുഞ്ഞിമംഗലം പഞ്ചായത്തിൽ റെയിൽവേയുടെയും ചെറുതാഴം പഞ്ചായത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI)-യുടെയും റോഡ് കട്ടിംഗ് അനുമതി ലഭ്യമാകാത്തതുകൊണ്ടാണ് പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാത്തത്.

**പാറശ്ശാല മണ്ഡലത്തിൽ ജൽജീവൻ മിഷൻ**

300(2970) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) ജൽജീവൻ മിഷൻപ്രകാരം പാറശ്ശാല മണ്ഡലത്തിൽ 2020 മുതൽ 2023 വരെ എത്ര കുടിവെള്ള കണക്ഷനുകൾ നൽകിയെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

ജൽജീവൻ മിഷൻപ്രകാരം പാറശ്ശാല മണ്ഡലത്തിൽ 2020 മുതൽ 2023 വരെ നൽകിയ കുടിവെള്ള കണക്ഷനുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 1+ ആയി ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും നൽകിയ തുക എത്രയെന്ന് വേർതിരിച്ച് വ്യക്തമാക്കാമോ;

കേരളത്തിലെ ജലജീവൻ മിഷൻ പദ്ധതിക്ക് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ഇതുവരെ നൽകിയ തുകയുടെ വിവരങ്ങൾ അനുബന്ധം 2+ ആയി ചേർക്കുന്നു.

(സി) പ്രസ്തുത പദ്ധതി ത്വരിതപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ജലജീവൻ പദ്ധതി നിർവ്വഹണത്തിനായി സംസ്ഥാന-ജില്ലാ - ഗ്രാമതലങ്ങളിൽ വിവിധ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജലജീവൻ പദ്ധതിയുടെ നിർവ്വഹണപുരോഗതി വിവിധതലങ്ങളിൽ ഉദ്യോഗസ്ഥർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നിരന്തരം വിലയിരുത്തുന്നുണ്ട്. മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ ആഴ്ചതോറും പദ്ധതിയുടെ പുരോഗതി വിലയിരുത്തിവരുന്നു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവർത്തനപുരോഗതി വിലയിരുത്തുന്നുണ്ട്. ബഹു. ജലവിഭവ വകുപ്പുമന്ത്രി ജില്ലകൾ തോറും നേരിട്ട് എം.എൽ.എ.-മാരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മീറ്റിംഗുകൾ വിളിച്ചുചേർത്ത് ജലജീവൻ മിഷൻ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി പദ്ധതിപ്രവർത്തനങ്ങൾ സുഗമമായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കൂടാതെ പദ്ധതിയുടെ പുരോഗതി കേന്ദ്ര സർക്കാർ നിരന്തരം വിലയിരുത്തുന്നുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ ഏകോപനത്തിനായി സംസ്ഥാനതലത്തിൽ ഒരു സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിച്ച് പദ്ധതി പുരോഗതി നിരന്തരം വിലയിരുത്തുകയും ഏകോപന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ വിവിധ വകുപ്പുകളിൽനിന്നും ലഭ്യമാകേണ്ട അനുമതികൾ ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുമായി ആവശ്യമായ ഇടപെടലുകൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മുഖേന നടത്തുന്നുണ്ട്. പദ്ധതി നിർവ്വഹണ പുരോഗതി, പൊതുജനങ്ങൾക്കും പ്രാപ്യമായ രീതിയിൽ,

കേരള വാട്ടർ അതോറിറ്റിയുടെയും കേന്ദ്രസർക്കാരിന്റെയും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്.

മേൽപ്പറഞ്ഞ സംവിധാനങ്ങളിലൂടെയും നടപടികളിലൂടെയും പദ്ധതിനിർവ്വഹണത്തിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ ശ്രമങ്ങൾ നടത്തുന്നുണ്ട്.

## കടുത്തുരുത്തി മണ്ഡലത്തിലെ കേരള വാട്ടർ അതോറിറ്റിയുടെ കെട്ടിട നിർമ്മാണം

301(2971) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ കേരള വാട്ടർ അതോറിറ്റിയുടെ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് ഉദ്ഘാടനം ചെയ്ത് കൈമാറിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉണ്ട്. 2020 നവംബർ 5-ാം തീയതി ഉദ്ഘാടനം നടത്തി ഈ കെട്ടിടം കൈമാറിയിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിടത്തിന് എത്ര തുകയാണ് ചെലവായതെന്നും എസ്റ്റിമേറ്റ് തുക എത്രയാണെന്നും വ്യക്തമാക്കുമോ; കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി എത്ര തുകയ്ക്കാണ് കരാർ കൊടുത്തതെന്നും ഏത് ഏജൻസിയാണ് കരാറിൽ ഒപ്പിട്ടിരിക്കുന്നതെന്നും അറിയിക്കാമോ?

പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണത്തിനുവേണ്ടി 1,37,07,133/- രൂപയും ഇലക്ട്രിക്കൽ പ്രവൃത്തികൾക്കുവേണ്ടി 8,61,984/- രൂപയും ചെലവായിട്ടുണ്ട്.

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 105 ലക്ഷം രൂപയാണ്. 1,45,69,116/- രൂപയ്ക്കുള്ള പുതുക്കിയ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഈ പ്രവൃത്തി 12,896,300/- രൂപയ്ക്ക് നോബിൾടെക്ക്, പാലാരിവട്ടം എന്ന കമ്പനിക്കാണ് കരാർ നൽകിയിട്ടുള്ളത്. ഇലക്ട്രിക്കൽ പ്രവൃത്തി ശ്രീ. മോഹൻദാസ് കെ.എം., കുളത്തുങ്കൽ വീട്, തിരുവമ്പാടി എന്ന കരാറുകാരനാണ് നൽകിയത്.

(സി) പ്രസ്തുത കമ്പനിക്ക് ബിൽപ്രകാരമുള്ള തുക പൂർണ്ണമായും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ബിൽ തുക പൂർണ്ണമായും നൽകിയിട്ടില്ല. നോബിൾടെക് കമ്പനിയുടെ 17.39 ലക്ഷം രൂപയുടെ ബിൽ 24-03-2021-ന് ഹെഡ് ഓഫീസിൽ ലഭിക്കുകയും സീനിയോരിറ്റി നമ്പർ 65 ആയി രേഖപ്പെടുത്തുകയും ചെയ്തു. ശ്രീ. മോഹൻദാസിന്റെ 8.46 ലക്ഷം രൂപയുടെ ബിൽ 29-12-2022-ന് ഹെഡ് ഓഫീസിൽ ലഭിക്കുകയും സീനിയോരിറ്റി നമ്പർ 140 ആയി രേഖപ്പെടുത്തുകയും ചെയ്തു. "കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ

നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം" 2215-01-190-92 എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന മേല്പറഞ്ഞ ബില്ലുകൾക്ക്, ബജറ്റ് വിഹിതം അലോക്കേറ്റ് ചെയ്യുന്ന മുറയ്ക്ക് ബില്ലുകളുടെ സീനിയോരിറ്റി അനുസരിച്ച് തുക നൽകുന്നതാണ്.

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുണ്ടായിരിക്കുന്ന പ്രധാന തടസ്സം വ്യക്തമാക്കാമോ;

(ഇ) രണ്ടാംഘട്ട നിർമ്മാണത്തിന്റെ ഡി.പി.ആർ. വാട്ടർ അതോറിറ്റി അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ഡി&ഇ) രണ്ടാം ഘട്ടമായി ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി മൂന്നാം നിലയിൽ ക്വാളിറ്റി കൺട്രോൾ ലാബ് നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## അമ്പലപ്പുഴയിൽ കാലപ്പഴക്കമുള്ള ജലവിതരണ പൈപ്പുകൾ മാറ്റുന്നതിന് നടപടി

302(2972) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ കാലപ്പഴക്കവും പൈപ്പുകളുടെ വലുപ്പമില്ലായ്മയുംമൂലം നിലവിലുള്ള കുടിവെള്ള പദ്ധതികളിലെ പല പൈപ്പുകളിലൂടെയും സുഗമമായി ജലവിതരണം നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇരുപത്തിയഞ്ച് വർഷത്തിലധികം പഴക്കമുള്ള ജലവിതരണ പൈപ്പുകൾമാറ്റി പുതിയവ സ്ഥാപിക്കുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതി കെ.ഡബ്ല്യൂ.എ. നടപ്പാക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ കുടിവെള്ള പദ്ധതികളിലെ പൈപ്പുകളാണ് മാറ്റാൻ തീരുമാനിച്ചിട്ടുള്ളതെന്നും എത്ര രൂപയാണ് ഇതിന് ചെലവാകുന്നതെന്നും അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ അമ്പലപ്പുഴ മണ്ഡലത്തിലെ ഇരുപത്തിയഞ്ച് വർഷത്തിലധികം കാലപ്പഴക്കമുള്ള മുഴുവൻ പൈപ്പുകളും മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) അമ്പലപ്പുഴ മണ്ഡലത്തിൽ ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾക്കായി, അമൃത് 1.0 പദ്ധതിയിലുൾപ്പെടുത്തി 67.215 കോടി രൂപയുടെ ഭരണാനുമതിയും അമൃത് 2.0 - ൽ ഉൾപ്പെടുത്തി 9.693 കോടി രൂപയുടെ

ഭരണാനുമതിയും നൽകിയിട്ടുണ്ട്. അമൃത് 1.0 പദ്ധതി ഏകദേശം പൂർത്തീകരിച്ചുവരുന്നു. അമൃത് 2.0 പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള വാർഡുകളിൽ പൈപ്പ് മാറ്റുന്ന പ്രവൃത്തി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.

അമ്പലപ്പുഴ മണ്ഡലത്തിനുകീഴിലെ പഞ്ചായത്തുകളിൽ പൈപ്പുകൾ മാറ്റുന്നതിനുള്ള സർവ്വേ നടപടികൾ വാട്ടർ അതോറിറ്റി ഡിസൈൻ വിഭാഗമായ പി.പി.ഡി. മുഖാന്തരം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ 1 മുതൽ 4, 20 മുതൽ 26, 30 മുതൽ 44, 46 മുതൽ 52, വരെയുള്ള വാർഡുകളിലെയും സമീപ പഞ്ചായത്തുകളായ ആര്യാട്, മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക് പഞ്ചായത്തുകളിലെയും ജലവിതരണ ശൃംഖലയുടെ വിപുലീകരണത്തിനും നവീകരണത്തിനുംവേണ്ടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 211.71 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി 6 പാക്കേജുകളായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ പാക്കേജ് 4-ൽ ഉൾപ്പെട്ട പ്രവൃത്തികൾ ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ 25, 30, 31, 32, 33, 34, 36, 37, 38, 39, 40, 41, 42, 43, 44 എന്നീ വാർഡുകളിലെ വിതരണ ശൃംഖലയും (172 കി.മീ)

റെയിൽവേ ക്രോസിംഗും ഉൾപ്പെടുന്നു. ഇതിന്റെ എസ്റ്റിമേറ്റ് തുക 120.62 കോടി രൂപയായിരുന്നു. എന്നാൽ GST കൂടിയതിനാലും DSR 2018 Rate revision വന്നതിനാലും LSGD റോഡ് റസ്റ്റോറേഷനുൾപ്പെടുത്തിയതിനാലും പുതുക്കി തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക ഫണ്ടിംഗ് അനുമതി തുകയേക്കാൾ അധികരിച്ചതിനാൽ പുതുക്കിയ ഫണ്ടിംഗ് അനുമതി കിഫ്ബിയുടെ പരിഗണനയിലാണ്.

കാലപ്പഴക്കംചെന്ന പൈപ്പുകൾ മാറ്റാൻ അമ്പലപ്പുഴ മണ്ഡലത്തിൽ മേൽ പറയുന്ന പ്രവൃത്തികളാണ് നിലവിലുള്ളത്.

**ഹരിപ്പാട് കുടിവെള്ള പദ്ധതി**

303(2973) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടം, റീച്ച് 1-ന്റെ ഭാഗമായി മാന്നാർ ഇൻടേക്ക്‌വെൽ മുതൽ പള്ളിപ്പാട് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുവരെ 800 മില്ലിമീറ്റർ സ്പൈറലി വെൽഡഡ് എം.എസ്. പൈപ്പ് വിതരണം ചെയ്ത് സ്ഥാപിക്കുന്ന പ്രവൃത്തി എത്ര തവണ ടെണ്ടർ/റീ ടെണ്ടർ ചെയ്തിട്ടുണ്ടെന്നും അതിന്റെ വിശദവിവരവും അറിയിക്കാമോ?

പ്രസ്തുത പദ്ധതിക്കായി 25-11-2021-ൽ 18,82,42,032/- രൂപയുടെ (റോഡ് റെസ്റ്റോറേഷൻ ചാർജ് ഒഴികെ) അടങ്കൽ തുകയ്ക്കുള്ള ദർഘാസ് ക്ഷണിച്ചപ്പോൾ കരാറുകാരാരും പങ്കെടുക്കുകയുണ്ടായില്ല. അതിനാൽ 21-01-2022-ൽ പുനഃദർഘാസ് ക്ഷണിക്കുകയുണ്ടായി. എന്നാൽ പുനഃദർഘാസ് ചെയ്തപ്പോഴും ഒരു ഓഫറും ലഭിക്കാത്തതിനാൽ 20-04-2022-ൽ വീണ്ടും ദർഘാസ് ക്ഷണിക്കുകയുണ്ടായി. അപ്പോൾ M/s. മിഡ് ലാൻഡ് എഞ്ചിനീയറിംഗ് & കോൺട്രാക്റ്റിംഗ് കമ്പനിയുടെ ഒരു ഓഫർ ലഭ്യമായി. എന്നാൽ കമ്പനി, എസ്റ്റിമേറ്റ് തുകയേക്കാൾ 60 ശതമാനം കൂടുതലായ 30,11,87,251/- തുകയ്ക്കാണ് ക്വാട്ട് ചെയ്തത്.

നിലവിലുള്ള 06-02-2017-ലെ G.O(P)No.16/2017/Fin പ്രകാരം താഴെപ്പറയുന്നവയിൽ കുറഞ്ഞ തുകയ്ക്കു മാത്രമേ പ്രവൃത്തി അനുവദിക്കുവാൻ സാധിക്കുകയുള്ളൂ.

1. ടെണ്ടർ ചെയ്ത അടങ്കൽ തുകയും 10 ശതമാനം കൂട്ടിച്ചേർത്തതുമായ തുകയായ 20,70,66,235/- രൂപ.
2. പ്രാദേശിക വിപണി നിരക്കിനെ അടിസ്ഥാനമാക്കി എസ്റ്റിമേറ്റ് തുകയായ 19,33,29,142/- രൂപ.
3. ഏറ്റവും കുറഞ്ഞ ക്വാട്ട് ചെയ്ത തുകയായ 30,11,87,251/-രൂപ.

M/s. മിഡ് ലാൻഡ് എഞ്ചിനീയറിംഗ് & കോൺട്രാക്റ്റിംഗ് കമ്പനിയോട് പ്രാദേശിക വിപണി നിരക്കായ (LMR) 19,33,29,142/- രൂപയ്ക്ക് പ്രസ്തുത പ്രവൃത്തി എഗ്രിമെന്റ് ചെയ്യുന്നതിന് തയ്യാറാണോയെന്ന് അറിയിക്കാൻ നിർദ്ദേശിക്കുകയുണ്ടായി. എന്നാൽ നിലവിൽ ജോലിക്കൂലിയും സാധന വിലയും ഇരട്ടിയായിട്ടുള്ളതിനാൽ എൽ.എം.ആർ. എസ്റ്റിമേറ്റ് തുകയ്ക്ക് എഗ്രിമെന്റ് ചെയ്യുന്നതിന് സാധിക്കുകയില്ലെന്നും മേൽ പ്രവൃത്തി യഥാസമയം പൂർത്തീകരിക്കുന്നതിന് ക്വാട്ട് ചെയ്തിട്ടുള്ള തുകയായ 30,11,87,251/-രൂപയ്ക്ക് അംഗീകരിച്ച് നൽകണമെന്ന് അറിയിക്കുകയുമുണ്ടായി.

ഇനിയും ദർഘാസ് ക്ഷണിച്ചാൽ ടി ടെൻഡറിനെക്കാളും മികച്ച ഓഫർ ലഭിക്കുവാൻ സാധ്യതയില്ലെന്നും പമ്പിംഗ് ലൈനിന്റെ ബാക്കിയുള്ള ഭാഗവും വിതരണ ശൃംഖലയും ജൽജീവൻ മിഷനിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാൽ ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടൊപ്പം മേൽ പ്രവൃത്തികൂടി പൂർത്തീകരിച്ചാൽ മാത്രമേ ജനങ്ങൾക്ക് ശുദ്ധജലം നൽകാൻ സാധിക്കുകയുള്ളൂവെന്നും ചൂണ്ടിക്കാട്ടി കേരള വാട്ടർഅതോറിറ്റി പ്രസ്തുത ദർഘാസ് സർക്കാരിന്റെ പരിഗണയ്ക്കായി സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ധനകാര്യ വകുപ്പിന്റെകൂടി അഭിപ്രായം പരിഗണിച്ച് പ്രസ്തുത പ്രവൃത്തിക്ക് പുനഃദർഘാസ്

ക്ഷണിക്കാൻ 23-12-2022-ലെ കത്തിലൂടെ കേരള വാട്ടർ അതോറിറ്റിയോട് നിർദ്ദേശിക്കുകയുണ്ടായി.

നിലവിൽ ടി പദ്ധതി JJM-ൽ ഉൾപ്പെടുത്തി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ റീ-ടെണ്ടർ/കരാറിന്റെ സ്ഥിരീകരണത്തിനായുള്ള ഫയൽ ക്യാബിനറ്റിന്റെ പരിഗണനയ്ക്ക് വിടുന്നതിനായി മുഖ്യമന്ത്രിയുടെ അംഗീകാരത്തിനായി സമർപ്പിക്കപ്പെട്ടിരുന്നോ; എങ്കിൽ പ്രസ്തുത ഫയലിൽ മുഖ്യമന്ത്രി/ചീഫ് സെക്രട്ടറി എന്തുതീരുമാനമാണ് എടുത്തിരുന്നതെന്ന് അറിയിക്കാമോ;

(സി) മുഖ്യമന്ത്രിയുടെയോ വകുപ്പുമന്ത്രിയുടേയോ അംഗീകാരത്തോടെയാണോ ചീഫ് സെക്രട്ടറി ഇതുസംബന്ധിച്ച റിമാർക്സ്/തീരുമാനം എടുത്തിട്ടുള്ളതെന്ന കാര്യം വ്യക്തമാക്കാമോ?

(ബി&സി) പ്രസ്തുത പ്രവൃത്തിക്ക് ലഭിച്ച Single Bid അംഗീകരിക്കുന്നതു സംബന്ധിച്ച് ക്യാബിനറ്റിന്റെ പരിഗണനയ്ക്ക് വിടുന്നതിന് ഉത്തരവിനായി ഫയൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ നിർദ്ദേശപ്രകാരം പ്രസ്തുത പ്രവൃത്തിക്ക് പുനഃദർഘാസ് ക്ഷണിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവിട്ടു.

(ഡി) സമാന സ്ഥിതിവിശേഷവും സാഹചര്യവും നേരിടുന്ന വർക്കുകളുടെ നിർവ്വഹണത്തിന് അനുവർത്തിക്കേണ്ട/സ്വീകരിക്കേണ്ട ഭരണപരവും നിയമാനുസൃതവുമായ നടപടിക്രമങ്ങൾ എന്താണെന്നും ഈ നടപടിക്രമങ്ങൾ പ്രസ്തുത വർക്കിന്റെ കാര്യത്തിൽ അനുവർത്തിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

നിലവിലുള്ള 06-02-2017-ലെ സർക്കാർ ഉത്തരവ് G.O (P) No.16/2017/Fin. പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. പ്രസ്തുത സർക്കാർ ഉത്തരവുപ്രകാരമുള്ള നടപടിക്രമങ്ങൾ ടി പ്രവൃത്തിയുടെ കാര്യത്തിൽ പാലിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത ഫയലിന്റെ നിലവിലെ അവസ്ഥ എന്താണെന്നും പ്രസ്തുത ടെണ്ടർ സ്ഥിരീകരിച്ച് നൽകുന്നതിന് എന്ത് സാങ്കേതിക തടസ്സമാണ് നിലവിലുള്ളതെന്നും അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തിക്ക് 06-02-2017-ലെ സ.ഉ(പി)നം.16/17/ധന. ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്നപ്രകാരം പുനഃദർഘാസ് ക്ഷണിക്കുന്നതിന് 23-12-2022-ലെ കത്തിലൂടെ കേരള വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകുകയുണ്ടായി.

(എഫ്) ഹരിപ്പാട് മണ്ഡലത്തിലെ തീരദേശ പ്രദേശങ്ങളിൽ ഉൾപ്പെടെ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഗണിച്ച് പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണത്തിന് അടിയന്തരമായി അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ ടി പദ്ധതി ജലജീവൻ മിഷനിലുൾപ്പെടുത്തി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## പൂഞ്ഞാർ മണ്ഡലത്തിലെ സുഭിക്ഷ കേരളം പദ്ധതി

304(2974) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പൂഞ്ഞാർ മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം മത്സ്യകൃഷി ചെയ്യുന്ന കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സുഭിക്ഷ കേരളം 2020-21, 2021-22 എന്നീ പദ്ധതികളിലുൾപ്പെടുത്തി തിടനാട്, കൂട്ടിക്കൽ, എരുമേലി, മുണ്ടക്കയം, പാറത്തോട് എന്നീ പഞ്ചായത്തുകളിൽ വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി, ബയോഫ്ലോക്ക് മത്സ്യകൃഷി എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിപ്രകാരം മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മത്സ്യ കർഷകർക്ക് മത്സ്യകൃഷി പരിശീലനം നൽകുന്നു. കൂടാതെ മത്സ്യവിത്ത്, മത്സ്യത്തീറ്റ എന്നിവ ഫിഷറീസ് വകുപ്പ് മുഖാന്തരം മത്സ്യകർഷകർക്ക് വിതരണം ചെയ്യുന്നു. സുഭിക്ഷകേരളം വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി പദ്ധതിപ്രകാരം 2 സെന്റ് പടുതാക്കുളത്തിൽ 1000 ആസാംവാള മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് കൃഷി ചെയ്യുന്നതിന് യൂണിറ്റ് കോസ്റ്റ് 1,23,000/- രൂപയാണ്. സുഭിക്ഷ കേരളം ബയോഫ്ലോക്ക് പദ്ധതിപ്രകാരം $20m^3$ ബയോഫ്ലോക്ക് ടാങ്കിൽ 1250 നൈൽ തിലാപ്പിയ (ഗിഫ്റ്റ്) മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യകൃഷി ചെയ്യുന്നതിന് യൂണിറ്റ് കോസ്റ്റ് 1,38,000/- രൂപയാണ്. സുഭിക്ഷ കേരളം, വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി, ബയോഫ്ലോക്ക് പദ്ധതികൾപ്രകാരം ജനറൽ വിഭാഗത്തിന് യൂണിറ്റ് കോസ്റ്റിന്റെ 40 ശതമാനവും എസ്.സി. ഗുണഭോക്താവിന് യൂണിറ്റ് കോസ്റ്റിന്റെ 75 ശതമാനവും എസ്.റ്റി.

ഗുണഭോക്താവിന് യൂണിറ്റ് കോസ്റ്റിന്റെ 100 ശതമാനവും സബ്സിഡി നൽകുന്നു. സുഭിക്ഷ കേരളം വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി, ബയോഫ്ലോക്ക് പദ്ധതികൾപ്രകാരം 2020-21, 2021-22 വർഷങ്ങളിൽ നൽകിയ സഹായങ്ങളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(സി) പദ്ധതിപ്രകാരമുള്ള മത്സ്യകൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിലവിലുള്ള പദ്ധതിപ്രകാരം മത്സ്യകൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. മത്സ്യകൃഷിക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന വിഷയം പരിശോധിച്ചുവരുന്നു.

**ഫിഷറീസ് വകുപ്പിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധന**

305(2975) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫിഷറീസ് വകുപ്പിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം അവസാനമായി പരിശോധന നടത്തിയത് എന്നാണ്; പ്രസ്തുത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പരിശോധനയിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഫിഷറീസ് വകുപ്പിലെ വിവിധ ഓഫീസുകളിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധനകളുടെ വിവരം അനുബന്ധം 1+ ആയി ചേർക്കുന്നു.

കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലെ ഔദ്യോഗിക വാഹന ദുരുപയോഗം സംബന്ധിച്ച് കാസർഗോഡ് ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡ് നടത്തിയ ആകസ്മിക പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം 2+ ആയി ചേർക്കുന്നു.

**കുറ്റ്യാടി മണ്ഡലത്തിലെ ഉൾനാടൻ മത്സ്യകൃഷി**

306(2976) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷിയെന്ന പദ്ധതിയും പ്രധാനമന്ത്രി മത്സ്യസമ്പദ യോജന (PMMSY) എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയും നടപ്പാക്കിവരുന്നു. ഈ പദ്ധതികളിൽ ഉൾപ്പെട്ട ഗുണഭോക്താക്കളായ മത്സ്യ കർഷകർക്ക് സബ്സിഡിയും മത്സ്യകൃഷി പരിശീലനവും നൽകിവരുന്നു. 2022-23 സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി കാർപ്പ്, അനാബാസ്, ആസ്സാംവാള തുടങ്ങിയ മത്സ്യക്കുഞ്ഞുങ്ങളും മത്സ്യത്തീറ്റയും സബ്സിഡിയായി നൽകുന്നു. പിന്നാമ്പുറങ്ങളിലെ വിത്തുല്പാദന പദ്ധതിയിൽ കരിമീൻ, വരാൽ എന്നിവയുടെ വിത്തുല്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഈ പദ്ധതിക്ക് യൂണിറ്റ് കോസ്റ്റിന്റെ 40 ശതമാനം സബ്സിഡിയായി നൽകിവരുന്നു. പ്രധാനമന്ത്രി മത്സ്യസമ്പദ യോജന പദ്ധതിയുടെ ഭാഗമായി പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യകൃഷി, ഓരുജല കൂട് കൃഷി എന്നിവ സ്ഥാപിച്ചുവരുന്നു. പ്രസ്തുത പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് ജനറൽ വിഭാഗത്തിന് യൂണിറ്റ് കോസ്റ്റിന്റെ 40 ശതമാനം സബ്സിഡിയും

എസ്.സി./എസ്.റ്റി. വനിതാവിഭാഗത്തിന് 60 ശതമാനം സബ്സിഡിയും നൽകിവരുന്നുണ്ട്.

(ബി) ഇത്തരത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായി മത്സ്യ ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കാമോ?

ഉണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(സി) ഉൾനാടൻ മത്സ്യകർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാകുന്നുണ്ടോ; ഇല്ലെങ്കിൽ മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

കർഷകർക്ക് ശരാശരി വില മാത്രമാണ് നിലവിൽ ലഭിച്ചുവരുന്നത്. മത്സ്യകൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാകുന്നതിനുവേണ്ടി ജനകീയ മത്സ്യകൃഷിയുടെ ഭാഗമായി താമരശ്ശേരിയിലെ പുതുപ്പാടിയിൽ മാർക്കറ്റിംഗ് ഔട്ട്ലെറ്റ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ PMMSY പദ്ധതിയിലുൾപ്പെടുത്തി 20 ലക്ഷത്തിന്റെ ലൈവ് ഫിഷ് സെന്റർ നടപ്പാക്കുന്നതിനുള്ള നടപടികൾ പയ്യോളി കേന്ദ്രീകരിച്ച് നടപ്പാക്കിവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## പയ്യന്നൂർ മണ്ഡലത്തിലെ തീരദേശ കോർപ്പറേഷൻ മുഖേനയുള്ള പദ്ധതികൾ

307(2977) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ കോർപ്പറേഷൻ മുഖേന പയ്യന്നൂർ മണ്ഡലത്തിൽ പുതിയ പദ്ധതികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികൾക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ;

(സി) ഈ പദ്ധതികൾക്ക് ഭരണാനുമതി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-സി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന പയ്യന്നൂർ മണ്ഡലത്തിൽ പുതിയ പദ്ധതികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

## കാസർഗോഡ് ജില്ലയിൽ ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ

308(2978) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പ് കാസർഗോഡ് ജില്ലയിൽ 2022-23 വർഷം നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി വകയിരുത്തിയ തുക, ചെലവഴിച്ച തുക, അവയുടെ നിലവിലെ പ്രവർത്തന പുരോഗതി എന്നിവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) ഫിഷറീസ് വകുപ്പും സാഫ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ് എന്നീ ഏജൻസികളും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

309(2979) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷിയിലൂടെ 25 ഇനം കൃഷി രീതികൾ നടപ്പാക്കിവരുന്നു. വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(ബി) കൃഷിചെയ്ത മത്സ്യം വിൽക്കുന്നതിന് മതിയായ സൗകര്യം ലഭിക്കാത്തതുമൂലം ചെറുകിട മത്സ്യകർഷകർ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി കർഷകരിൽനിന്നും മത്സ്യം ശേഖരിക്കുന്നതിനും വിപണനം നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി കർഷകരിൽനിന്നും മത്സ്യം ശേഖരിക്കുന്നതിനും വിപണനം നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

## ഫിഷറീസ് കൺവെൻഷൻ സെന്റർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

310(2980) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി നഗരസഭയിൽ ഫിഷറീസ് വകുപ്പിനുകീഴിൽ കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

(എ&ബി) ഫിഷറീസ് വകുപ്പിനുകീഴിൽ കൺവെൻഷൻ സെന്ററുകൾ നിർമ്മിക്കുന്നതിപ്പോൾ പരിഗണനയിലില്ല.

**മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവും സാമൂഹ്യസുരക്ഷയും**

311(2981) ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവും സാമൂഹ്യസുരക്ഷയും മുൻനിർത്തി ഈ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. വിശദാംശം അനുബന്ധം-1* ആയി ചേർക്കുന്നു.

(ബി) വൈജ്ഞാനിക തൊഴിൽ എന്ന ലക്ഷ്യം മുൻനിർത്തി മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ നൈപുണ്യ പരിശീലനത്തിനായി ഫിഷറീസ് വകുപ്പ് പദ്ധതി തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

തൊഴിൽ നൈപുണ്യ പരിശീലനത്തിനായി അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് നൽകുന്ന പരിശീലന പരിപാടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മത്സ്യത്തൊഴിലാളി കുടുംബത്തിലെ വിദ്യാസമ്പന്നരായ യുവതീ യുവാക്കളെ തൊഴിലിനായി സജ്ജമാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ 'കേരള നോളഡ്ജ് ഇക്കോണമി മിഷന്റെ' സഹായത്തോടെ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിലവസരം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടുകൂടി കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിന്റെ ഭാഗമായി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സ്റ്റൈപന്റോടുകൂടി 8 മാസം നീളുന്ന അക്വാകൾച്ചർ പരിശീലനം വകുപ്പിന്റെ കീഴിലുള്ള ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ട്രെയിനിംഗ്) ഓഫീസ് മുഖാന്തരം ഓരോ വർഷവും നൽകിവരുന്നു.

മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകുന്നതിന്റെ ഭാഗമായി സാഫ് മുഖേന Digital Media, Marketing & Advertising Design Certificate Course നടപ്പാക്കിയിട്ടുണ്ട്. Gender Equality & Women Empowerment Policy ശീർഷകത്തിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽനിന്നും തെരഞ്ഞെടുത്ത ബിരുദധാരികളായ 25 യുവതികൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള ASAP (Additional Skill Acquisition Programme Kerala) മുഖേന Digital Media, Marketing & Advertising Design-ൽ 3 മാസത്തെ Online Course നൽകുകയുണ്ടായി. 3 മാസത്തെ Online കോഴ്സ് പൂർത്തിയാക്കിയവർക്ക് 3 മാസം സാഫ് യൂണിറ്റിന്റെ Online Marketing & Sales-ൽ സൗജന്യ പ്രായോഗിക പരിശീലനം നല്കിയിട്ടുണ്ട്. പരിശീലന കാലയളവിൽ ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ (Tablet) പഠിതാക്കൾക്ക് നല്കിയിരുന്നു. സാഫിന്റെ ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ്

കണ്ടെത്തുന്നതിനും Digital Media & Marketing രംഗത്തേയ്ക്ക് മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും ഇതുവഴി സാധിക്കുന്നതാണ്.

(സി) പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി മത്സ്യത്തൊഴിലാളികൾക്ക് കിടപ്പാടമൊരുക്കുന്നതിനായി സർക്കാർ നടപ്പാക്കുന്ന ഭവനപദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും അൻപത് മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഉൾപ്പെടെയുള്ള മുഴുവൻ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതിയുടെ പുരോഗതി സർക്കാർ തലത്തിലും വകുപ്പുതലത്തിലും ജില്ലാതലത്തിലും യഥാസമയം വിലയിരുത്തുന്നുണ്ട്. വിശദാംശം അനുബന്ധം-2* ആയി ചേർക്കുന്നു.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഫിഷറീസ് വകുപ്പിന്റെ പദ്ധതികൾ**

312(2982) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫിഷറീസ് വകുപ്പ് കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പാക്കിയതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന പുനർഗേഹം, സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി, പ്രധാനമന്ത്രി മത്സ്യ സമ്പത്ത് യോജന (PMMSY) എന്നീ പദ്ധതികളുടെ ഘടക പദ്ധതികളായ ഓരുജല കൂട്ടുകൃഷി, സെമി ഇന്റൻസീവ് കാർപ്പ് കൃഷി, പൊതുകുളങ്ങളിലെ കാർപ്പ് മത്സ്യകൃഷി, കരിമീൻ കൃഷി, വരാൽ വിത്തുല്പാദന യൂണിറ്റ്, പടുതാകുളങ്ങളിലെ മത്സ്യകൃഷി, ബയോഫ്ലോക്ക് മത്സ്യകൃഷി, റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ശുദ്ധജല കൂട്ടുകൃഷി എന്നീ പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കൂടാതെ സാഫ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മുഖേന കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പാക്കിയതും നടപ്പാക്കിവരുന്നതുമായ പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധം-1* ആയി ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മണ്ഡലത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഫിഷറീസ് വകുപ്പ് മുഖാന്തരം നടപ്പാക്കുന്ന പുനർഗേഹം പദ്ധതിപ്രകാരം രജിസ്ട്രേഷൻ പൂർത്തിയാക്കിയ 18 ഗുണഭോക്താക്കളിൽ 15 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ ഒന്നാം ഘട്ടവും 11 ഗുണഭോക്താക്കൾ രണ്ടാം ഘട്ടവും 6 ഗുണഭോക്താക്കൾ മൂന്നാം ഘട്ടവും പൂർത്തീകരിച്ചിട്ടുണ്ട്.

"സുഭിക്ഷ കേരളം" "ജനകീയ മത്സ്യകൃഷി" പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY)" എന്നീ പദ്ധതികൾപ്രകാരം മത്സ്യകർഷകർ മത്സ്യവിത്ത് സംഭരിച്ച് കൃഷി ആരംഭിച്ചിട്ടുണ്ട്.

കൂടാതെ സാഫ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ് എന്നീ ഏജൻസികളും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മുഖേനയുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധം - 2* ആയി ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സമുദ്ര വിഭവങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ

313(2983) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സമുദ്ര വിഭവങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് സംസ്ഥാനത്ത് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള കൊല്ലം ശക്തികുളങ്ങരയിൽ സ്ഥിതി ചെയ്യുന്ന മത്സ്യസംസ്കരണ യൂണിറ്റിൽ വിവിധ മത്സ്യയിനങ്ങൾ സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി ഉപഭോക്താക്കൾക്ക് എത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽനിന്നും ഗുണനിലവാരമുറപ്പാക്കിക്കൊണ്ട് സൗരോർജ്ജ ഡ്രൈയറിൽ ഉണക്കിയെടുത്ത വിവിധ മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ "ഡ്രിഷ് കേരള" ബ്രാന്റിൽ വിപണിയിൽ എത്തിച്ചുവരുന്നു. കൂടാതെ വിവിധയിനം മത്സ്യ അച്ചാറുകളും മറ്റ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും വിപണിയിൽ എത്തിച്ചുവരുന്നു. പ്രത്യേകം പരിശീലനം ലഭിച്ച വനിതകൾ

മുഖേനയാണ് ഉൽപ്പന്ന നിർമ്മാണം നടത്തിവരുന്നത്. ഇതുവഴി വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

മത്സ്യഫെഡിനുകീഴിൽ എറണാകുളം ജില്ലയിൽ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ വിവിധതരം മത്സ്യ അച്ചാറുകളും (ചെമ്മീൻ, ചൂര, ഓലക്കൊടി, കണവ) കട്ലറ്റ്, പീര എന്നീ ഉൽപ്പന്നങ്ങളും നിർമ്മിക്കുന്നു. കൂടാതെ സ്വയംസഹായ ഗ്രൂപ്പുകളിലെ വനിതകൾ നിർമ്മിക്കുന്ന റെഡി റ്റു ഈറ്റ് & റെഡി റ്റി കുക്ക് വിഭവങ്ങൾ മത്സ്യഫെഡ് ഈറ്റ്സ്, മത്സ്യഫെഡ് ട്രീറ്റ്സ് എന്നീ പേരുകളിൽ ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, രണ്ടുതരം ഫിഷ് കറിക്കൂട്ടുകൾ, ഫിഷ് ഫ്രൈ മസാല എന്നിവയും ഫിഷ് മാർട്ടുകൾ, ഫ്രാഞ്ചൈസി മാർട്ടുകൾ, അന്തിപ്പച്ച യൂണിറ്റുകൾ എന്നിവ വഴി വിപണനം ചെയ്തുവരുന്നു. ടി പ്ലാന്റ് വഴി കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി നിലവിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി പ്ലാന്റ് പുനരുദ്ധരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ കൈറ്റോസൺ പ്ലാന്റിൽ ചെമ്മീൻതോടിൽനിന്നും കൈറ്റോൺ ഗുളികകളും ഉൽപ്പാദിപ്പിക്കുന്നുണ്ട്. ചെങ്ങന്നൂർ മുളക്കുഴയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ് സി.ഐ.എഫ്.റ്റി.-യുടെ സാങ്കേതിക സഹായത്തോടെ തുടങ്ങുന്നതിനുള്ള

നടപടിയും സ്വീകരിച്ചിട്ടുണ്ട്. പുതിയ സംസ്കരണശാലകൾ തുടങ്ങുന്നതിനും പദ്ധതിയുണ്ട്.

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

314(2984) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മത്സ്യകർഷകർക്ക് ഏതെല്ലാം തരത്തിലുള്ള സേവനങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ സേവനങ്ങൾ നൽകിവരുന്നു. സംസ്ഥാനാവിഷ്കൃത പദ്ധതിയായ സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി, കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (പി.എം.എം.എസ്.വൈ.) തുടങ്ങിയ പദ്ധതികൾ വഴി നടപ്പാക്കുന്ന വിവിധ മത്സ്യകൃഷികൾക്ക് മത്സ്യകൃഷി രീതികൾക്കനുസൃതമായ സബ്സിഡികൾ നൽകിവരുന്നു. ഇതിനുപുറമെ ടി പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ള മത്സ്യ

കർഷകർക്ക് പരിശീലന പരിപാടികൾ, സാങ്കേതിക സഹായങ്ങൾ എന്നിവയും നൽകിവരുന്നു.

2022-23 സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി കാർപ്പ് മത്സ്യകൃഷിക്കായി സൗജന്യ മത്സ്യക്കുഞ്ഞുങ്ങളെയും ആസാംവാള മത്സ്യകൃഷിക്കായി മത്സ്യക്കുഞ്ഞുങ്ങളുടെ 70% സബ്സിഡിയും നൽകിവരുന്നു. കൂടാതെ പടുതാക്കുളത്തിലെ മത്സ്യകൃഷി, ബയോഫ്ലോക്ക് മത്സ്യകൃഷി തുടങ്ങിയവയ്ക്ക് 70% മത്സ്യക്കുഞ്ഞുങ്ങളുടെയും 40% തീറ്റയുടെയും സബ്സിഡി നൽകിവരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജനയുടെ ഭാഗമായി റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ലോക്ക് യൂണിറ്റ്, പിന്നാമ്പുറത്തെ അലങ്കാര മത്സ്യകൃഷി യൂണിറ്റ് എന്നീ മത്സ്യകൃഷി പദ്ധതികൾ നടപ്പാക്കിവരുന്നു. 7.5 ലക്ഷം രൂപ യൂണിറ്റ് ചെലവ് വരുന്ന റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ലോക്ക് യൂണിറ്റ് എന്നീ പദ്ധതികൾക്കും 3 ലക്ഷം രൂപ യൂണിറ്റ് ചെലവ് വരുന്ന പിന്നാമ്പുറത്തെ അലങ്കാര മത്സ്യകൃഷി യൂണിറ്റിനും ജനറൽ വിഭാഗത്തിന് യൂണിറ്റ് കോസ്റ്റിന്റെ 40% സബ്സിഡിയും എസ്.സി./എസ്.റ്റി. വനിതാ വിഭാഗത്തിന് 60% സബ്സിഡിയും നൽകിവരുന്നു.

(ബി) മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് സേവനം ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന പഞ്ചായത്തുകളിൽ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

<u>ജനകീയ മത്സ്യകൃഷി നടപ്പാക്കിവരുന്ന മുനിസിപ്പാലിറ്റി/ പഞ്ചായത്തുകൾ</u>

ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി

വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്

മാടപ്പള്ളി ഗ്രാമപഞ്ചായത്ത്

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്

പായിപ്പാട് ഗ്രാമപഞ്ചായത്ത്

കുറിച്ചി ഗ്രാമപഞ്ചായത്ത്

**സുഭിക്ഷ കേരളം പദ്ധതി നടപ്പാക്കിയ മുനിസിപ്പാലിറ്റി/ പഞ്ചായത്തുകൾ**

ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി

വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്

കുറിച്ചി ഗ്രാമപഞ്ചായത്ത്

**പ്രധാനമന്ത്രി മത്സ്യ സമ്പത്ത് യോജന നടപ്പാക്കുന്ന മുനിസിപ്പാലിറ്റി/ പഞ്ചായത്തുകൾ**

ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി

തൃക്കൊടിത്താനം ഗ്രാമപഞ്ചായത്ത്

മാടപ്പള്ളി ഗ്രാമപഞ്ചായത്ത്

പായിപ്പാട് ഗ്രാമപഞ്ചായത്ത്

കുറിച്ചി ഗ്രാമപഞ്ചായത്ത്

വാഴപ്പള്ളി ഗ്രാമപഞ്ചായത്ത്

## മത്സ്യമേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ

315(2985) ശ്രീമതി ഉമ തോമസ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ ജനങ്ങൾക്ക് തൊഴിലും ജീവനോപാധിയും നൽകുന്ന മത്സ്യമേഖലയുടെ പ്രാധാന്യം സർക്കാർ കണക്കിലെടുത്തിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മേഖലയിൽ നിലവിൽ സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

(എ&ബി) ഉണ്ട്. തീരദേശമേഖലയുടെ ക്ഷേമം, വികസനം, മത്സ്യത്തൊഴിലാളികളുടെ സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിനുതകുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പദ്ധതി വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധന രീതിയിലേയ്ക്ക് പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പത്ത് യോജന (PMMSY)-യിലുൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന പദ്ധതി.

2. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ എഫ്.ആർ.പി. യാനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടുകൂടി എഫ്.ആർ.പി. യാനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി.

3. അടിയന്തര സാഹചര്യങ്ങളിൽ കടൽ രക്ഷാപ്രവർത്തനത്തിന് 900 മത്സ്യത്തൊഴിലാളി യുവാക്കളെ തെരഞ്ഞെടുത്ത് കടൽ സുരക്ഷ

സ്ക്വാഡുകളാക്കാൻ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പ്രത്യേക പരിശീലനം നൽകി സജ്ജമാക്കുന്ന പദ്ധതി.

4. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുസ്ഥിരവും സുരക്ഷിതവുമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് ജി.പി.എസ്. (മൗണ്ടിംഗ് ടൈപ്പ്, ഹാൻഡ് ഹെൽഡ് ടൈപ്പ്), ലൈഫ് ബോയ്, എക്കോസൗണ്ടർ, ഡാറ്റ് (DAT) എന്നിവ വിതരണം ചെയ്യുന്ന പദ്ധതി.

5. 2018-19 സാമ്പത്തിക വർഷം മുതൽ മത്സ്യബന്ധന ഉപാധികൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി നടപ്പാക്കിവരുന്നു.

6. മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം കേട്ടുകൂടാതെ സൂക്ഷിക്കുന്നതിനായി 75% സബ്സിഡിയോടെ ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ നൽകുന്ന പദ്ധതി വകുപ്പ് നടപ്പാക്കിവരുന്നു.

7. പരമ്പരാഗത മത്സ്യബന്ധന എഞ്ചിനുകൾ എൽ.പി.ജി. ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ എൽ.പി.ജി. കിറ്റുകൾ സബ്സിഡിയോടുകൂടി നൽകുന്നതിന് 7 ലക്ഷം രൂപയുടെ പദ്ധതി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽനിന്നും തെരഞ്ഞെടുത്ത 10 മത്സ്യത്തൊഴിലാളികൾക്ക്

എൽ.പി.ജി. കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. 500 പരമ്പരാഗത യാനങ്ങൾക്ക് എൽ.പി.ജി. കിറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി പരിശോധിച്ചുവരുന്നു.

8. മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കും രക്ഷാപ്രവർത്തനത്തിനുമായി 9 മറൈൻ ജില്ലകളിലായി 11 രക്ഷാബോട്ടുകളും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ കേന്ദ്രീകരിച്ച് 3 മറൈൻ ആംബുലൻസുകളും സജ്ജീകരിച്ചിട്ടുണ്ട്.

9. സംസ്ഥാനത്തെ 15 ഹാർബറുകളിൽ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സ് (NIWS)-ൽ പരിശീലനം സിദ്ധിച്ച 200 സുരക്ഷാസ്ക്വാഡുകളെ നിയമിക്കുകയും രക്ഷാപ്രവർത്തനത്തിൽ പരിശീലനം ലഭിച്ച 175 മത്സ്യത്തൊഴിലാളികൾക്ക് റീവാലിഡേഷൻ ട്രെയിനിംഗ് നൽകുകയും ചെയ്തു.

10. രക്ഷാപ്രവർത്തനം ഊർജ്ജിതമാക്കുന്നതിനായി പ്രധാനപ്പെട്ട 10 ഹാർബറുകളിൽ സി.സി.റ്റി.വി. ക്യാമറകൾ സ്ഥാപിച്ച് അവയുടെ പ്രവർത്തനം 3 റീജിയണൽ കൺട്രോൾ റൂമുമായും മാസ്റ്റർ കൺട്രോൾ റൂമുമായും ബന്ധിപ്പിച്ച് രക്ഷാപ്രവർത്തനം ഏകോപിപ്പിച്ചു നടപ്പാക്കിവരുന്നു.

(സി) എല്ലാ മത്സ്യബന്ധന ഗ്രാമങ്ങളിലും ശുദ്ധജലം, ശൗചാലയം, മാലിന്യസംസ്കരണ സംവിധാനം എന്നീ പ്രാഥമിക സംവിധാനങ്ങൾ

ഒരുക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

മത്സ്യബന്ധന ഗ്രാമങ്ങളിൽ പൊതുവായ ശുദ്ധജല വിതരണം, പൊതു ശൗചാലയങ്ങൾ എന്നിവ ഒരുക്കുന്നത് ഫിഷറീസ് വകുപ്പ് മുഖേനയല്ല. എന്നാൽ തീരദേശ അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ ഉൾപ്പെടുത്തി കുടിവെള്ളം എത്താത്ത മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന മേഖലകളിൽ കുടിവെള്ളം എത്തിക്കുന്നതിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനും അതായത് വൈദ്യുതി, ആരോഗ്യ സൗകര്യങ്ങൾ, ലൈബ്രറി, കളിസ്ഥല നിർമ്മാണം, ഡ്രെയിനേജ്, ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ വികസനം എന്നിവയ്ക്ക് 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മേൽ തുക തീരദേശ അടിസ്ഥാന സൗകര്യ വികസനത്തിനായി ചെലവഴിച്ചുവരുന്നു.

**തീരദേശ മേഖലകളുടെ സമഗ്രവികസനം**

316(2986) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മേഖലകളുടെ സമഗ്രവികസനത്തിനായി 2016 മുതൽ നാളിതുവരെ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം അനുവദിച്ച തുക വിനിയോഗിച്ച് പൂർത്തീകരിച്ച പ്രവൃത്തികളുടെയും പൂർത്തിയാക്കാനുള്ള പ്രവൃത്തികളുടെയും വിശദാംശം അറിയിക്കാമോ;

(സി) നാളിതുവരെ ആരംഭിക്കാത്ത എത്ര പ്രവൃത്തികൾ ഉണ്ടെന്ന് അറിയിക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

317(2987) ശ്രീ. വി. ജോയി:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും കയറ്റുമതി ചെയ്യുന്ന സമുദ്രോല്പന്നങ്ങളുടെ അളവിലും കയറ്റുമതി മൂല്യത്തിലും മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

2020-21 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2021-22-ൽ കേരളത്തിൽ നിന്നുള്ള സമുദ്രോൽപ്പന്ന കയറ്റുമതിയിലും കയറ്റുമതി മൂല്യത്തിലും വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. എന്നാൽ യൂണിറ്റ് വാല്യൂ റിയലൈസേഷൻ പരിഗണിക്കുമ്പോൾ ഡിസംബർ 2022 വരെയുള്ള കാലയളവിൽ ഡിസംബർ 2021 വരെയുള്ള കാലയളവിനേക്കാൾ നേരിയ കുറവ് കാണുന്നുണ്ട്. വിദേശത്തുനിന്നുള്ള സമുദ്രോൽപ്പന്നങ്ങളുടെ ഓർഡറിൽ ഉണ്ടായ കുറവായിരിക്കാം ഇതിന് കാരണമെന്ന് കണക്കാക്കുന്നു. എങ്കിലും 2020-21 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് കയറ്റുമതിയുടെ അളവിലും മൂല്യത്തിലും വർദ്ധനവുതന്നെയാണുള്ളത്.

(ബി) സമുദ്രോല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിക്കുന്ന നിലയിലേയ്ക്ക് മത്സ്യമേഖലയെ പ്രാപ്തമാക്കുന്നതിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന നോർവേ, വിയറ്റ്നാം സന്ദർശനങ്ങളുമായി ബന്ധപ്പെട്ട് സമുദ്രോൽപ്പന്ന കയറ്റുമതി മേഖലയിൽ പുതിയ വിപണികൾ കണ്ടെത്തുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ ആരായുകയുണ്ടായി. സമുദ്രോൽപ്പന്ന കയറ്റുമതിയിൽ മുൻപന്തിയിൽ നിൽക്കുന്ന നോർവെ, വിയറ്റ്നാം പോലെയുള്ള രാജ്യങ്ങളിൽ കയറ്റുമതി

പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള വിവിധ മാർഗ്ഗങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ഉദ്യോഗസ്ഥതലത്തിൽ ചുമതലപ്പെടുത്തുകയും ആയതിന്റെ ഭാഗമായി ഈ രാജ്യങ്ങളിലെ ബന്ധപ്പെട്ട വിദഗ്ധരായ ഉദ്യോഗസ്ഥരെ കേരളത്തിലേയ്ക്ക് ക്ഷണിക്കുകയും വിവിധ ഘട്ടങ്ങളിലായി വിശദമായ ചർച്ചകൾ നടത്തുകയുമുണ്ടായി. ഇതേ തുടർന്ന് നോർവെ മോഡലിൽ ഒരു ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ 2023-24 സാമ്പത്തിക വർഷംതന്നെ പ്രവർത്തനം ആരംഭിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സർക്കാർ മുമ്പോട്ടുപോകുന്നത്. ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ സാധ്യമാകുന്നതോടെ മേഖലയിൽ കൂടുതൽ വിപണിമൂല്യമുള്ള ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം സാധ്യമാക്കുകവഴി കൂടുതൽ രാജ്യങ്ങളിലേയ്ക്ക് കേരളത്തിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ കയറ്റുമതി സാധ്യത വർദ്ധിക്കുമെന്ന് കരുതുന്നു.

(സി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സർക്കാരിന്റെ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾക്കായി ബഡ്ജറ്റിൽ ഒരു കോടി

രൂപ വകയിരുത്തിയിട്ടുണ്ട്. സമുദ്രോൽപ്പന്ന ഉൽപ്പാദക - കയറ്റുമതി അനുബന്ധ വ്യവസായ ശൃംഖലയുടെ ഒരു കേന്ദ്ര പ്രോത്സാഹന സംവിധാനമായി കൗൺസിൽ പ്രവർത്തിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

## ശുദ്ധജല മത്സ്യോല്പാദനം വർദ്ധിപ്പിക്കാൻ നടപടി

318(2988) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സവിശേഷ സാഹചര്യം പരിഗണിച്ച് ശുദ്ധജല മത്സ്യകൃഷി വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് കടൽ, ഉൾനാടൻ മത്സ്യോല്പാദനത്തിലൂടെ 8.26 ലക്ഷം മെട്രിക് ടൺ മത്സ്യമാണ് നിലവിൽ ഉല്പാദിപ്പിക്കുന്നത്. സംസ്ഥാനത്തിന്റെ വാർഷിക ആഭ്യന്തര മത്സ്യ ഉപഭോഗത്തിനാവശ്യമായത് 7.5 ലക്ഷം മെട്രിക് ടണ്ണാണ്. ആകെ ഉല്പാദിപ്പിച്ച മത്സ്യത്തിൽ 1.45 ലക്ഷം മെട്രിക് ടൺ കയറ്റുമതി ചെയ്യുന്നുണ്ട് എന്നിരിക്കെ സംസ്ഥാനത്തിന്റെ

ആഭ്യന്തര ഉപഭോഗത്തിനായി ലഭിക്കുന്നത് 6.81 ലക്ഷം മെട്രിക് ടൺ മത്സ്യം മാത്രമാണ്. ഇതനുസരിച്ച് 0.69 ലക്ഷം മെട്രിക് ടൺ മത്സ്യത്തിന്റെ കുറവാണ് സംസ്ഥാനത്ത് നിലവിലുള്ളത്. ഈ കുറവ് പരിഹരിക്കുന്നതിനായി മത്സ്യകൃഷിയിലൂടെയുള്ള മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ശുദ്ധജല മത്സ്യകൃഷിക്കായി കുളങ്ങളും പാടശേഖരങ്ങളും ഉൾപ്പെടെ 58,188.68 ഹെക്ടർ സ്ഥലം ഉപയോഗപ്പെടുത്തി അത്രയും പ്രദേശത്ത് മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിലൂടെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും അതുവഴി മത്സ്യ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നതാണ്. നിലവിൽ 25671 ഹെക്ടർ സ്ഥലം ശുദ്ധജല മത്സ്യകൃഷിക്കായി ഉപയുക്തമാക്കിയിട്ടുണ്ട്. ശുദ്ധജല മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി 3523.84 ലക്ഷം രൂപയുടെ വിവിധ ശുദ്ധജല മത്സ്യകൃഷി പദ്ധതികൾ നടപ്പാക്കിവരുന്നു.

(ബി) ശുദ്ധജല മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത നടപടികളുടെ ഫലമായി മത്സ്യോല്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

ശുദ്ധജല മത്സ്യോല്പാദനം ഉൾപ്പെടെയുള്ള ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2022-23 സാമ്പത്തിക വർഷം സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിക്കായി 73.3973 കോടി രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് ശുദ്ധജല മത്സ്യകൃഷിയും ഓരുജല മത്സ്യകൃഷിയും നടപ്പാക്കിയിട്ടുണ്ട്.

2021-22 സാമ്പത്തികവർഷം പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി 750 ലക്ഷം രൂപ അടങ്കൽ തുക വരുന്ന റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റവും 1081.80 ലക്ഷം രൂപ അടങ്കൽ തുക വരുന്ന റിസർവോയർ പദ്ധതിക്കും ഭരണാനുമതി നൽകിയതനുസരിച്ച് പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ വിവിധ ഓരുജല, ശുദ്ധജല മത്സ്യകൃഷി പദ്ധതികളിലൂടെ 2020-21 സാമ്പത്തിക വർഷത്തെ 34,987 മെട്രിക് ടണ്ണായിരുന്ന മത്സ്യോല്പാദനം 2021-22 സാമ്പത്തിക വർഷമായപ്പോൾ 37,521 മെട്രിക് ടണ്ണായി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

(സി) ശുദ്ധജല മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി നൂതന കൃഷിരീതികൾ അവലംബിക്കുന്നതിനും ഗുണമേന്മയുള്ള മത്സ്യവിത്തുകളുടെ

ഉല്പാദനത്തിനും അവയുടെ കാര്യക്ഷമമായ വിതരണത്തിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് ശുദ്ധജല മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി നൂതന സാങ്കേതികവിദ്യകൾ അവലംബിച്ചുള്ള നൂതന മത്സ്യകൃഷി രീതികൾ നടപ്പാക്കിയതിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം 2800 വീട്ടുവളപ്പിലെ കുളങ്ങളിൽ മത്സ്യകൃഷി, 305 റീ-സർക്കുലേറ്ററി അക്വാകൾച്ചർ യൂണിറ്റുകൾ, 1453 ബയോഫ്ളോക്ക് യൂണിറ്റുകൾ എന്നിവ സ്ഥാപിച്ചുവരുന്നു. 2021-22 സാമ്പത്തിക വർഷം സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി 3064 ബയോഫ്ളോക്ക് യൂണിറ്റുകളും 5373 വീട്ടുവളപ്പിലെ കുളങ്ങളിൽ മത്സ്യകൃഷി (ഇന്റൻസീവ് അക്വാകൾച്ചർ) യൂണിറ്റുകളും 498 റീ-സർക്കുലേറ്ററി അക്വാകൾച്ചർ യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി 100 റീ സർക്കുലേറ്ററി അക്വാകൾച്ചർ യൂണിറ്റുകളും 400 ബയോഫ്ളോക്ക് യൂണിറ്റുകളും സ്ഥാപിക്കാനുള്ള നടപടി പൂർത്തീകരിച്ചുവരുന്നു.

ഗുണമേന്മയുള്ള നല്ലയിനം മത്സ്യവിത്തുകൾ ഉല്പാദിപ്പിക്കുന്നതിനും അവ മത്സ്യ കർഷകർക്ക് ലഭ്യമാക്കുന്നതിനുമായി വകപ്പിനുകീഴിലുള്ള 31 ഫിഷ്

സീഡ് ഫാമുകളിലും ഹാച്ചറികളിലും മത്സ്യവിത്തുകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. ഗുണമേന്മയുള്ള മത്സ്യവിത്ത് ഉല്പാദനത്തിനായി തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, തൃശ്ശൂർ ജില്ലയിലെ പീച്ചി, വയനാട് ജില്ലയിലെ തളിപ്പുഴ, കാരാപ്പുഴ എന്നിവിടങ്ങളിൽ പുതിയ കാർപ്പ് ഹാച്ചറികൾ സ്ഥാപിച്ചു. പത്തനംതിട്ട ജില്ലയിലെ പോളച്ചിറ, കോട്ടയം ജില്ലയിലെ പള്ളം, പാലക്കാട് ജില്ലയിലെ മീങ്കര, ചുള്ളിയാർ, കോഴിക്കോട് ജില്ലയിലെ കല്ലാനോട് എന്നീ ഹാച്ചറികളിലെ അടിസ്ഥാനസൗകര്യം വികസിപ്പിക്കുകയും അതുവഴി ഉല്പാദനശേഷി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ ഗുണമേന്മയുള്ള കല്ലുമ്മക്കായയുടെയും സമുദ്ര മത്സ്യങ്ങളുടെയും വിത്തുല്പാദനത്തിനായി 50 ലക്ഷം ഉല്പാദനശേഷിയുള്ള വിത്തുല്പാദന കേന്ദ്രം സ്ഥാപിക്കുന്നതിനും ആലപ്പുഴ ജില്ലയിലെ വളഞ്ഞവഴിയിൽ ശുദ്ധജല ആറ്റുകൊഞ്ചിന്റെ വിത്തുല്പാദനം ലക്ഷ്യമിട്ട് 50 ലക്ഷം ഉല്പാദനശേഷിയുള്ള ഹാച്ചറി സ്ഥാപിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ ഭൂതത്താൻകെട്ട് ഹാച്ചറിയുടെ രണ്ടാംഘട്ട വികസനത്തിനായി നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 25-ൽ ഉൾപ്പെടുത്തി പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട് മുഖേന

നടപ്പാക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ചെങ്കുളത്ത് ഒരു മൾട്ടി സ്പീഷീസ് ഫിഷ് സീഡ് ഫാം സ്ഥാപിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ കോഴിക്കോട് ജില്ലയിലെ കല്ലാനോട് ഒരു തിലാപ്പിയ ഹാച്ചറി സ്ഥാപിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്.

നടപ്പ് സാമ്പത്തിക വർഷം വകുപ്പിന്റെകീഴിലുള്ള ഫാമുകൾ/ഹാച്ചറികൾ എന്നിവയിലായി 452 ലക്ഷം മത്സ്യവിത്തുകളുടെ ഉല്പാദനം ലക്ഷ്യമിട്ട് 'ഓപ്പറേഷൻ ആൻഡ് മാനേജ്മെന്റ് ഓഫ് ഗവണ്മെന്റ് ഫിഷ് സീഡ് ഫാംസ് ആൻഡ് ഹാച്ചറീസ് 2022-23 (ആക്ഷൻ പ്ലാൻ 2022-23) എന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ കരിമീൻ, വരാൽ എന്നിവയുടെ ഗുണമേന്മയുള്ള വിത്തുല്പാദനം ലക്ഷ്യമിട്ട് 14 ജില്ലകളിലുമായി 'ബാക്ക് യാർഡ് ഫിഷ് സീഡ് പ്രൊഡക്ഷൻ' എന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ട്.

(ഡി) ഉല്പാദിപ്പിക്കുന്ന മത്സ്യത്തിന്റെ സംസ്കരണത്തിനും മെച്ചപ്പെട്ട വിതരണശൃംഖല സൃഷ്ടിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് പരിഗണനയിലുള്ളത്; വിശദമാക്കുമോ?

സംയോജിത മത്സ്യ സംസ്കരണത്തിലൂടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനായി റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് ഫണ്ട് (RIDF) വിനിയോഗിച്ചുകൊണ്ട് ചെങ്ങന്നൂർ മുളക്കുഴ കേന്ദ്രമാക്കി ഒരു

ഉല്പാദന യൂണിറ്റ് ആരംഭിക്കുന്നതിന് മത്സ്യഫെഡിന് നബാർഡിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഈ യൂണിറ്റിൽ ശുദ്ധജല മത്സ്യങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

ഉൾനാടൻ ജനകീയ മത്സ്യകൃഷിയായ 'സുഭിക്ഷകേരളം' പദ്ധതിയുടെ ഭാഗമായി ലൈവ് ഫിഷ് മാർക്കറ്റിംഗ് ഔട്ട്‌ലെറ്റ് പദ്ധതി നടപ്പാക്കുന്നതിന് അഡാക്ക് മുഖേന മത്സ്യകൃഷി വഴി ഉല്പാദിപ്പിക്കുന്ന മത്സ്യങ്ങളെ ജീവനോടെ വിപണനം നടത്തുന്നതിനായി 30 ലൈവ് ഫിഷ് മാർക്കറ്റ് ഔട്ട്‌ലെറ്റുകൾ വിവിധ ജില്ലകളിൽ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. റാന്നി, പെരുനാട്, കോന്നി, ആയിരംതെങ്ങ്, എരഞ്ഞോളി, പൊയ്യ, പീച്ചി, കല്ലാനോട് എന്നിവിടങ്ങളിൽ സ്ഥലം കണ്ടെത്തി ഔട്ട്‌ലെറ്റുകൾ തുടങ്ങുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു.

**സി. ആന്റ് എ. ജി. ഓഡിറ്റ്**

319(2989) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ സി.ആന്റ്.എ.ജി. നടത്തിയ ഓഡിറ്റിൽ എന്തൊക്കെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഡിറ്റ് സംബന്ധിച്ച അന്തിമ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) കേരള സർക്കാരിനെ സംബന്ധിക്കുന്ന മാർച്ച് 2019, മാർച്ച് 2020, മാർച്ച് 2021-ൽ അവസാനിക്കുന്ന വർഷങ്ങളിലെ സി.&എ.ജി. റിപ്പോർട്ടുകളിലെ "Cases of Misappropriation, Loss, Theft, Defalcations" എന്ന അനുബന്ധങ്ങളിൽ പരാമർശമുണ്ട്. പ്രസക്തഭാഗം അനുബന്ധം I+, II+, III+ആയി ചേർക്കുന്നു.

ഫിഷറീസ് വകുപ്പിന്റെ കീഴിലെ മറ്റു സ്ഥാപനങ്ങളെപ്പറ്റി റിപ്പോർട്ടിൽ പരാമർശിക്കുന്നില്ല.

**മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി**

320(2990) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ മൂന്നാം ഗഡു നാളിതുവരെ നൽകിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻ വർഷങ്ങളിൽ ഇത്തരം സാഹചര്യം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നിലവിൽ മൂന്നാം ഗഡു നൽകുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ?

(എ&ബി) 2022-23 സാമ്പത്തിക വർഷത്തെ സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ഒന്നാം ഗഡു ഗുണഭോക്തൃ വിഹിതവും രണ്ടാം ഗഡു സംസ്ഥാന സർക്കാർ വിഹിതവും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. മൂന്നാം ഗഡു കേന്ദ്ര സർക്കാർ വിഹിതം നൽകാനുണ്ട്. മുൻ വർഷങ്ങളിൽ സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ കേന്ദ്രവിഹിതം യഥാസമയം ലഭ്യമാകാത്ത കാലയളവുകളിൽ ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം യഥാസമയം ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ വിഹിതവും കേന്ദ്ര സർക്കാർ വിഹിതവും സംസ്ഥാന ഫണ്ടിൽനിന്നും യഥാസമയം അനുവദിച്ച് നൽകിയിരുന്നു.

2022-23 സാമ്പത്തിക വർഷം 183541 ഗുണഭോക്താക്കളിൽനിന്നും ശേഖരിച്ച 26,36,25,000/- രൂപയ്ക്ക് ആനുപാതികമായ കേന്ദ്ര സർക്കാർ

വിഹിതം ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം വരെയുള്ള കുടിശ്ശിക തുകയും (7275.10 ലക്ഷം രൂപ) 2022-23 വർഷത്തെ തുകയായ 26.3625 കോടി രൂപയും അനുവദിക്കണമെന്ന് സംസ്ഥാന മത്സ്യബന്ധന വകുപ്പുമന്ത്രി 13-01-2023 -ലെ കത്ത് മുഖേന കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

പദ്ധതിപ്രകാരമുള്ള കേന്ദ്ര വിഹിതം ലഭിക്കാത്തതിനാൽ കേന്ദ്ര വിഹിതം കൂടി സംസ്ഥാന സർക്കാർ മുൻകൂറായി അനുവദിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് ഫിഷറീസ് ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ കേന്ദ്ര വിഹിതംകൂടി സംസ്ഥാന സർക്കാർ മുൻകൂറായി അനുവദിക്കുന്ന രീതി അഭിലഷണീയമല്ലെന്ന് 10-02-2023 തീയതിയിലെ കത്തുപ്രകാരം കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. കേന്ദ്രാനുമതിയും തുകയും ലഭിക്കുന്ന മുറയ്ക്ക് മൂന്നാം ഗഡുവായ കേന്ദ്ര വിഹിതം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതാണ്.

**കേടുപാടുകൾ സംഭവിച്ച ബോട്ടുകൾ നന്നാക്കുന്നതിന് ധനസഹായം**

321(2991) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭംമൂലം കേടുപാടുകൾ സംഭവിച്ച മത്സ്യബന്ധന ബോട്ടുകൾ, ഉപകരണങ്ങൾ എന്നിവ നന്നാക്കുന്നതിനായി പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന ബജറ്റ് ശീർഷകത്തിൽനിന്നും കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക നാളിതുവരെ ചെലവഴിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

(എ&ബി) പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന ബജറ്റ് ശീർഷകം ഫിഷറീസ് വകുപ്പ് കൈകാര്യം ചെയ്യുന്നില്ല. കടലാക്രമണത്തിൽ പൂർണ്ണമായോ/ഭാഗികമായോ നഷ്ടം സംഭവിക്കുന്ന മത്സ്യബന്ധന യാനങ്ങൾക്കും അനുബന്ധ ഉപകരണങ്ങൾക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ധനസഹായം അനുവദിക്കുന്നുണ്ട്. 2018 മൺസൂണിനുശേഷം സംസ്ഥാനത്തുണ്ടായ മത്സ്യബന്ധന യാനങ്ങളുടെ നാശനഷ്ടം പരിഗണിച്ച് പൊന്നാനിയിലുണ്ടായ അപകടങ്ങൾക്ക് രണ്ട്

ഘട്ടങ്ങളിലായി 2,61,17,174/- രൂപയും മറ്റു ജില്ലകളിൽ അപകടം സംഭവിച്ചവർക്ക് രണ്ട് ഘട്ടങ്ങളിലായി 3,96,65,400/- രൂപയും ചേർത്ത് ആകെ 6,57,82,574/- രൂപ ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

2018-ലെ പ്രളയത്തിൽ വിവിധ ജില്ലകളിലായി പൂർണ്ണമായും നാശനഷ്ടം സംഭവിച്ച ബോട്ടുകളുടെ നഷ്ടപരിഹാരത്തിനായി ആകെ 22,56,000/- രൂപയും ഭാഗികമായി നാശനഷ്ടം സംഭവിച്ച ബോട്ടുകൾക്കുള്ള നഷ്ടപരിഹാരത്തിനായി ആകെ 41,08,200/- രൂപയും അതത് ജില്ലകൾക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്.

2019-ലെ പ്രളയത്തിൽ പൂർണ്ണമായി നാശനഷ്ടം സംഭവിച്ച ബോട്ടുകൾക്ക് ബോട്ട് ഒന്നിന് 9600/- രൂപ നിരക്കിൽ നൽകുന്നതിന് 5,18,400/- രൂപയും ഭാഗികമായി നാശനഷ്ടം സംഭവിച്ച ബോട്ടുകൾക്ക് ബോട്ട് ഒന്നിന് 4,100/- രൂപ നിരക്കിൽ 5,12,500/- രൂപയും അനുവദിച്ചുനൽകിയിട്ടുണ്ട്.

**കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിലെ മത്സ്യമാർക്കറ്റ് നവീകരണം**

322(2992) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനുവേണ്ടി സംസ്ഥാനത്ത് പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനായി ഏതെല്ലാം മത്സ്യമാർക്കറ്റുകൾ തെരഞ്ഞെടുത്തു എന്നും അവയിൽ ഏതെല്ലാം ഇതിനകം നവീകരിച്ചു എന്നും വിശദമാക്കുമോ?

സംസ്ഥാനത്തെ തെരഞ്ഞെടുത്ത 51 മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിനായി 137.81 കോടി രൂപയുടെ കിഫ്ബി ധനസഹായം ലഭ്യമായിട്ടുണ്ട്. ഇതുകൂടാതെ നബാർഡിന്റെ ഗ്രാമീണാടിസ്ഥാനസൗകര്യ വികസന പദ്ധതി ട്രാഞ്ചേ 25-ൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിൽ മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനും അംഗീകാരം ലഭ്യമായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ സ്ഥലത്ത് പ്രവർത്തിക്കുന്ന മത്സ്യമാർക്കറ്റിന്റെ നവീകരണം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. നവീകരണം നിലവിൽ പരിഗണനയിലില്ല.

## മത്സ്യലഭ്യതയിൽ ഇടിവ്

323(2993) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷം കഴിയുംതോറും മത്സ്യലഭ്യതയിൽ ഇടിവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് കടൽ മത്സ്യത്തിന്റെ ലഭ്യത 2017-18 വരെ കുറഞ്ഞുവരുന്നതായി വിലയിരുത്തിയിട്ടുണ്ട്. എന്നാൽ കെ.എം.എഫ്.ആർ. നിയമം 2017-ൽ കാലോചിതമായി പരിഷ്കരിക്കുകയും 2018-ൽ പരിഷ്കരിച്ച കെ.എം.എഫ്.ആർ. നിയമം നടപ്പാക്കുകയും ചെയ്തുവഴി ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുകയും കടൽ മത്സ്യസമ്പത്ത് 2018-19-ൽ 6.09 ടണ്ണായി വർദ്ധിക്കുകയും ചെയ്തിരുന്നു. എന്നാൽ തുടർന്ന് 2019-20, 2020-21 കാലയളവിൽ മത്സ്യലഭ്യത കുറയുന്നതായാണ് കണ്ടത്. മത്സ്യലഭ്യത കുറയാനുള്ള പ്രധാന കാരണം കോവിഡ് പ്രതിസന്ധി, കാലാവസ്ഥാ മുന്നറിയിപ്പ് എന്നിവമൂലം മത്സ്യബന്ധന ദിവസങ്ങൾ

കുറഞ്ഞതാണ്. എന്നാൽ കെ. എം. എഫ്. ആർ. നിയമം ശക്തമായി നടപ്പാക്കുന്നതിന്റെ ഫലമായി, 2021-22, 2022-23 (മൂന്നാം പാദംവരെ) എന്നീ വർഷങ്ങളിൽ മത്സ്യലഭ്യതയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായതായി കാണാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സംസ്ഥാനത്തുനിന്നും ഓരോ വർഷവും എത്ര ടൺ മത്സ്യം വീതമാണ് ലഭിച്ചത്; ഇതുസംബന്ധിച്ച നിലവിലെ സ്ഥിതി എന്താണ്; വ്യക്തമാക്കുമോ?

കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സംസ്ഥാനത്തുനിന്നും ഓരോ വർഷവും ലഭിച്ച മത്സ്യത്തിന്റെ അളവ് അനുബന്ധമായി+ ചേർക്കുന്നു. കെ. എം. എഫ്. ആർ. നിയമം ശക്തമായി നടപ്പാക്കുന്നതിന്റെയും നിയമം ലംഘിക്കുന്നവർക്കെതിരെ പിഴ ഉൾപ്പെടെയുള്ള കർശന ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിന്റെയും ഫലമായി 2022-23 (മൂന്നാം പാദം വരെ) വർഷത്തിൽ മത്സ്യലഭ്യതയിൽ ഗണ്യമായ വർദ്ധനവ് (5.44 ലക്ഷം മെട്രിക് ടൺ - മൂന്നാം പാദം വരെ) ഉണ്ടാകുന്നതായി കാണാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യബന്ധന ബോട്ടുകൾ സംസ്ഥാന തീരത്തെ ചെറുമീനുകളെയടക്കം പിടിച്ച് മത്സ്യസമ്പത്തിന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശോഷണം വരുത്തുന്നത് തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

തീരത്തുനിന്നും 12 നോട്ടിക്കൽ മൈൽ അകലെവരെയുള്ള സംസ്ഥാന അധികാര പരിധിയിൽ വരുന്ന തീരക്കടലിൽ അന്യസംസ്ഥാന ബോട്ടുകളുടെ മത്സ്യബന്ധനം കേരള കടൽ മത്സ്യബന്ധന നിയന്ത്രണ നിയമംമൂലം നിയന്ത്രിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടലിൽ പട്രോളിംഗ് നടത്തി നിയമലംഘനം നടത്തുന്ന യാനങ്ങളെ കണ്ടുകെട്ടി ഉയർന്ന പിഴ ചുമത്തുന്നത് അടക്കമുള്ള ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. അന്യസംസ്ഥാന ബോട്ടുകൾക്ക് സംസ്ഥാനത്തിന്റെ തീരക്കടലിലൂടെ ഹാർബറുകളിൽ പ്രവേശിക്കുന്നതിനും ഹാർബറുകളിലെ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനും വാർഷിക പെർമിറ്റ് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്.

**കുണ്ടറ മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷന്റെ കീഴിൽ നടന്നുവരുന്ന പ്രവൃത്തികൾ**

324(2994) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ നിയോജകമണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷന്റെ കീഴിൽ നടന്നുവരുന്ന പ്രവൃത്തികൾ എതൊക്കെയെന്നും അവയുടെ പ്രവർത്തന പുരോഗതിയും വിശദമാക്കാമോ?

വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

**ഫിഷറീസ് വകുപ്പിന് പദ്ധതിയിനത്തിൽ അനുവദിച്ച തുക**

325(2995) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫിഷറീസ് വകുപ്പിന് 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പദ്ധതിയിനത്തിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും സാമ്പത്തിക വർഷ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

ഫിഷറീസ് വകുപ്പിന് പദ്ധതിയിനത്തിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | (തുക ലക്ഷത്തിൽ) |
|---|---|

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | ബഡ്ജറ്റ് അലോക്കേഷൻ | എക്സ്പെൻഡിച്ചർ |
|---|---|---|
| 2016-17 | 32731.00 | 34671.00 |
| 2017-18 | 37709.00 | 38182.00 |
| 2018-19 | 40924.00 | 31380.12 |
| 2019-20 | 30840.00 | 22359.05 |
| 2020-21 | 26268.00 | 26798.139 |
| 2021-22 | 32412.08 | 38693.17 |
| 2022-23 | 29933.00 | 24135.62 |
| 2023-24 | 34571.00 | ഇല്ല |

**മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

326(2996) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിർധനരായ മത്സ്യത്തൊഴിലാളികളുടെ പഠനത്തിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

വിദ്യാഭ്യാസ പ്രോത്സാഹനത്തിലൂടെ മത്സ്യത്തൊഴിലാളികളുടെ മക്കളെ വികസന മുഖ്യധാരയിൽ എത്തിക്കുന്നതിന് ഫിഷറീസ് വകുപ്പ് വിവിധ വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികൾ നടപ്പാക്കിവരുന്നു.

മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ് മണി, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് മുതലായവ നൽകിവരുന്നു. മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യത്തിനായി 2022-23-ൽ 32.21 കോടി രൂപ വകയിരുത്തിയതിൽ 32.21 കോടി രൂപയും ജില്ലകൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

പ്രീ-മെട്രിക്കിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ മുഖേനയും +2 മുതലുള്ള ക്ലാസ്സുകളിലെ വിദ്യാഭ്യാസാനുകൂല്യങ്ങൾ 2017-18 മുതൽ ഇ-ഗ്രാന്റ്സ് പദ്ധതി മുഖേനയും അനുവദിച്ചുവരുന്നു.

ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള തീരദേശത്തെ 10 ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പൂർണ്ണമായും സൗജന്യ വിദ്യാഭ്യാസം ലഭ്യമാക്കുന്നു.

പഠനം, ഭക്ഷണം, താമസം, യൂണിഫോം, സ്പെഷ്യൽ കോച്ചിംഗ്, സ്റ്റഡി ടൂർ എന്നിവ പൂർണ്ണമായും സൗജന്യമാണ്. ടി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള സമഗ്ര നടപടികൾ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കിവരുന്നു.

ടി സ്കൂളുകളിലെ കായിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുമുള്ള ഒരു പദ്ധതി സ്പോർട്സ് കേരള ഫൗണ്ടേഷനുമായി ചേർന്ന് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ വിദ്യാതീരം പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം, ബാങ്ക് പരിശീലനം, സിവിൽ സർവ്വീസ് (ഐ.എ.എസ്) കോച്ചിംഗ് എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു. 2015-16 മുതൽ 2021-22 വരെ 421 വിദ്യാർത്ഥികൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകുകയും ഇതിൽ 78 വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്.-നും 103 പേർക്ക് ഇതര കോഴ്സുകൾക്കും അഡ്മിഷൻ ലഭിക്കുകയും ചെയ്തിട്ടുണ്ട്. വിവിധ പരിശീലനങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ മുഖേന അപേക്ഷ ക്ഷണിച്ച് മാർഗ്ഗരേഖപ്രകാരം അർഹതാ

പട്ടിക തയ്യാറാക്കി തെരഞ്ഞെടുത്ത പരിശീലന സ്ഥാപനങ്ങളിൽ മെഡിക്കൽ എൻട്രൻസ്, ഐ.ഐ.ടി./എൻ.ഐ.ടി. പരിശീലനം നൽകുന്നു. സിവിൽ സർവ്വീസ് പരിശീലനം കേരള സിവിൽ സർവ്വീസ് അക്കാദമി മുഖേനയാണ് നൽകിവരുന്നത്.

മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ടി മേഖലയിലെ 75 ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ടി.വി, പ്രൊജക്ടർ, പ്രിന്റർ എന്നീ ആധുനിക പഠന സഹായ ഉപകരണങ്ങൾ നൽകുന്നതിന് ഫിഷറീസ് വകുപ്പ് 'പ്രതിഭാതീരം' പദ്ധതി നടപ്പാക്കുന്നതിന്റെ പ്രാരംഭനടപടികൾ പൂർത്തീകരിച്ചുവരുന്നു.

കൂടാതെ ഓഖിയിൽ മരണപ്പെട്ടതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളികളുടെ മക്കളായ 309 പേരുടെ സൗജന്യ വിദ്യാഭ്യാസത്തിനായി 13.92 കോടി രൂപ അനുവദിക്കുകയും 2018-19-ൽ 53.75 ലക്ഷം രൂപയും 2019-20-ൽ 55.1 ലക്ഷം രൂപയും 2020-21-ൽ 45 ലക്ഷം രൂപയും 2021-22-ൽ 40.6 ലക്ഷം രൂപയും 2022-23-ൽ 50 ലക്ഷം രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. 2037 വരെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്.

**മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ ശമ്പള പരിഷ്കരണം**

327(2997) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ സേവന-വേതന വ്യവസ്ഥകൾ എന്നാണ് നിലവിൽ വന്നതെന്നും പ്രസ്തുത സംഘങ്ങളിൽ ശമ്പള പരിഷ്കരണം എന്നാണ് നടപ്പാക്കിയതെന്നും വ്യക്തമാക്കാമോ?

29-06-2006-ലെ സ.ഉ.(അച്ചടി)നം. 124/2006/സഹ. ഉത്തരവ് പ്രകാരമാണ് 2006-ൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ സേവന-വേതന വ്യവസ്ഥകൾ നിലവിൽ വന്നത്. ടി വർഷം മുതൽക്കുതന്നെ ടി ഉത്തരവുപ്രകാരമുള്ള ശമ്പള പരിഷ്കരണം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംഘങ്ങളിൽ 187 സംഘങ്ങൾ ക്ലാസിഫൈ ചെയ്യുകയും അതിൽ 99 സംഘങ്ങളിൽ സ്ഥിരം ജീവനക്കാരെ നിയമിച്ച് 2006-ലെ ഉത്തരവുപ്രകാരമുള്ള ശമ്പള പരിഷ്കരണം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സംഘങ്ങളിൽ ശമ്പള പരിഷ്കരണം നടപ്പാക്കാൻ നിലവിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(സി) ഇതുസംബന്ധിച്ച് മത്സ്യബന്ധന-തുറമുഖ വകുപ്പിലെ ബി1/160/2018 നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

(ബി&സി) ഉണ്ട്. 10-02-2016-ലെ സ.ഉ. (സാധാ) നം. 102/16/മ.തു.വ. പ്രകാരം പ്രാഥമിക മത്സ്യ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പള സ്കെയിലുകളും അലവൻസുകളും പുതുക്കി നിശ്ചയിക്കുന്നതിന് ഫിഷറീസ് ഡയറക്ടർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റിയുടെ തീരുമാനപ്രകാരം അംഗീകൃത തസ്തികയിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിനായുള്ള പ്രൊപ്പോസൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആയത് ബി1/160/2018/മ.തു.വ നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു. ഇതുസംബന്ധിച്ച് ധനകാര്യ വകുപ്പ് ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## മത്സ്യബന്ധന മേഖലയുടെ കീഴിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തിയ തുക

328(2998) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ മത്സ്യബന്ധന മേഖലയിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് എത്ര രൂപ വകയിരുത്തിയിരുന്നുവെന്ന് വ്യക്തമാക്കാമോ?

2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ മത്സ്യബന്ധന മേഖലയിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഉൾപ്പെടെ 342.60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) വകയിരുത്തിയ തുക മുഴുവൻ ധനകാര്യ വകുപ്പിൽനിന്ന് അനുവദിച്ച് കിട്ടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

2023 ജനുവരി 31-ാം തീയതിവരെ ബഡ്ജറ്റ് തുകയിൽ 29613.58 ലക്ഷം രൂപ അനുവദിക്കുകയും ആയത് മുഴുവനായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സി) വിവിധ പദ്ധതികളുടെ ഭാഗമായി ഏതെല്ലാം മത്സ്യബന്ധന മേഖലകൾക്കാണ് ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നതെന്ന് ജില്ലയും മേഖലയും തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു

(ഡി) വകയിരുത്തിയ തുക ചെലവഴിച്ച് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

ആകെ അനുവദിച്ച 296.1358 കോടി രൂപ (86.44%) 2023 ജനുവരി വരെയുള്ള കാലയളവിൽ ചെലവഴിച്ചിട്ടുണ്ട്.

## ഫിഷറീസ് ഇന്നവേഷൻ കൗൺസിലിന്റെ രൂപീകരണം

329(2999) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കാമോ?

ഉണ്ട്. സർക്കാരിന്റെ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കുന്നതിനും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ഇന്നവേഷൻ കൗൺസിൽ മത്സ്യമേഖലയ്ക്ക് ഉണ്ടാക്കുന്ന പ്രയോജനങ്ങൾ വിശദമാക്കാമോ?

മത്സ്യമേഖലയിൽ ഒരു ഏകജാലക സംവിധാനത്തിലൂടെ സംഘടിതമായ വിവര കൈമാറ്റങ്ങളും ആസൂത്രണവും സംരംഭകത്വ പ്രോത്സാഹനവും നൽകുകയും കണ്ടുപിടുത്തങ്ങൾക്ക് ചാലകശക്തിയാകുകയും ചെയ്യുക എന്നതാണ് ഫിഷറീസ് ഇന്നവേഷൻ കൗൺസിലിന്റെ പ്രധാന ലക്ഷ്യം. വിവിധ ഡിപ്പാർട്ട്മെന്റുകളുമായും മേഖലകളുമായുള്ള സഹകരണത്തിലൂടെയാണ് ഇന്നവേഷൻ കൗൺസിൽ പ്രവർത്തിക്കുക. മത്സ്യമേഖലയിലെ ശാസ്ത്രജ്ഞർ, ഫിഷറീസ് വകുപ്പ്, മത്സ്യ/മത്സ്യോൽപ്പന്ന കയറ്റുമതിക്കാർ, വ്യവസായ വകുപ്പ്, കെ-ഡിസ്ക്, നോളഡ്ജ് മിഷൻ, സ്റ്റാർട്ടപ്പ് മിഷൻ, ആർ & ഡി ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവ ഇന്നവേഷൻ കൗൺസിലിന്റെ നയരൂപീകരണ സംവിധാനത്തിന്റെ ഭാഗമായിരിക്കും. ഇതിലൂടെ സമുദ്രോൽപ്പന്ന ഉല്പാദക - കയറ്റുമതി അനുബന്ധ വ്യവസായ ശൃംഖലയുടെ ഒരു കേന്ദ്ര പ്രോത്സാഹന സംവിധാനമായി കൗൺസിലിന്

പ്രവർത്തിക്കാൻ സാധിക്കുന്നതാണ്. മത്സ്യമേഖലയുടെ സുസ്ഥിരതയ്ക്കും ലാഭകരമായ വളർച്ചയ്ക്കും ഇന്നവേഷൻ കൗൺസിൽ സഹായകമാകും.

## ഹാർബറുകളുടെ വികസന പ്രവർത്തനങ്ങൾ

330(3000) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ സംസ്ഥാനത്തെ എത്ര ഹാർബറുകളുടെ വികസന പ്രവർത്തനങ്ങൾക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും ജില്ല തിരിച്ചുള്ള വിവരം വ്യക്തമാക്കാമോ?

2016 മുതൽ നാളിതുവരെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനുകീഴിൽ 8 ജില്ലകളിലായി 24 ഹാർബറുകളുടെ വികസനപ്രവർത്തനങ്ങൾക്ക് 1052.5158 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി+ ചേർക്കുന്നു.

## പാലക്കോട് ഫിഷ് ലാന്റിംഗ് സെന്റർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

331(3001) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പാലക്കോട് ഫിഷ് ലാന്റിംഗ് സെന്ററിൽ ടോയ്ലെറ്റ് സംവിധാനം നിലവിലില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലത്ത് ടോയ്ലറ്റ് സംവിധാനം ഒരുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; അറിയിക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പയ്യന്നൂർ മണ്ഡലത്തിലെ കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ കൈവശമുള്ള പാലക്കോട് ഫിഷ് ലാന്റിംഗ് സെന്ററിൽ ടോയ്ലറ്റ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത് ജില്ലാ പഞ്ചായത്താണ്. ഇക്കാര്യം ജില്ലാ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

**മാങ്കാംകുഴി, താമരക്കുളം മത്സ്യമാർക്കറ്റുകളുടെ നവീകരണം**

332(3002) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ മാങ്കാംകുഴി, താമരക്കുളം മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

## തീരദേശ വികസന പാക്കേജ്

333(3003) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തീരദേശ വികസനത്തിനായി എന്തെങ്കിലും പാക്കേജുകൾ നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കോടി രൂപയുടെ പാക്കേജുകളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം കാര്യങ്ങളാണ് ഇതുവഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ?

(എ-സി) 2023-24 ബഡ്ജറ്റിൽ സംസ്ഥാനത്തെ തീരദേശ വികസനത്തിനായി പാക്കേജുകളൊന്നും പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ ഫിഷറീസ് വകുപ്പ് മുഖാന്തരം 2016-17 മുതൽ 5 വർഷം കൊണ്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീരദേശത്തിന്റെ സമഗ്ര വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉതകുന്ന പദ്ധതികൾ ഉൾപ്പെടുന്ന 5000 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിക്കുകയും ആയത് നടപ്പാക്കിവരികയും ചെയ്യുന്നു. പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

## പിറവം മണ്ഡലത്തിലെ റോഡുകളുടെ നവീകരണം

334(3004) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് ഏതെല്ലാം റോഡുകളാണ് നവീകരിക്കുന്നതെന്ന് അറിയിക്കാമോ?

തീരദേശ റോഡുകളുടെ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി പിറവം മണ്ഡലത്തിലെ ആമ്പല്ലൂർ പഞ്ചായത്തിലെ കാഞ്ഞിരമറ്റം തൊണ്ടിലങ്ങാടി റോഡിന്റെ നിലവാരം ഉയർത്തുന്ന പ്രവൃത്തിക്ക് (രണ്ടാംഘട്ടം) ഭരണാനുമതി നൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തിക്കായി 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 86.7 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ചെയ്തു. 19-02-2021-ൽ കരാറിൽ ഏർപ്പെട്ട മേൽ പ്രവൃത്തിയുടെ സ്റ്റ്രെച്ച് വൺ ചെയിനേജ് 0 മുതൽ 471 മീറ്റർ, സ്റ്റ്രെച്ച് 2 ചെയിനേജ് 0 മുതൽ 450 മീറ്റർ എന്നീ രണ്ട് റോഡുകളിലും ഡി.ആർ സംരക്ഷണ ഭിത്തിയോടുകൂടി റോഡ് രൂപീകരണവും സ്റ്റ്രെച്ച് 1-ൽ ഒരു ബോക്സ് കൾവർട്ടിന്റെ നിർമ്മാണവുമാണ് എസ്റ്റിമേറ്റിലുൾപ്പെടുത്തിയിരുന്നത്. ആയതിൽ ബോക്സ് കൾവർട്ടിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണം ഒഴികെയുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. എല്ലാ വർഷവും പ്രസ്തുത കൾവർട്ടിന്റെ പ്രദേശത്ത് വെള്ളം കയറാതിരിക്കാൻ തടയണ നിർമ്മിക്കുകയും കാലവർഷം ആരംഭിക്കുമ്പോൾ തടയണ പൊളിച്ച് മാറ്റുകയും ചെയ്യാറുണ്ട്. എന്നാൽ 2022-ൽ കാലവർഷത്തിനുമുമ്പ് കൾവർട്ട് നിർമ്മിക്കുന്നതിന് റിംഗ് ബണ്ട് നിർമ്മിച്ചിരുന്നുവെങ്കിലും കാലവർഷം നേരത്തെ ആരംഭിച്ചതിനാലും വെള്ളത്തിന്റെ ഒഴുക്ക് അധികമായതിനാലും തോടിന്റെ മുകൾഭാഗങ്ങളിൽ വെള്ളപ്പൊക്കം ഉണ്ടാകുകയും ചെയ്തതിനാൽ ബോക്സ് കൾവർട്ട് നിർമ്മിക്കാൻ

സാധിച്ചില്ല. ബോക്സ് കൾവർട്ടിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ പിറവം മണ്ഡലത്തിലെ ആമ്പല്ലൂർ പഞ്ചായത്തിലെ കാഞ്ഞിരമറ്റം തൊണ്ടിലങ്ങാടി റോഡിന്റെ നിലവാരം ഉയർത്തുന്ന രണ്ടാംഘട്ട പ്രവൃത്തി ഒഴികെയുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. മേൽ പ്രവൃത്തി ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**പാറപ്പുറം ചെറുവേലിക്കുന്ന് റോഡിന്റെ പുനർനിർമ്മാണം**

335(3005) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിലെ പാറപ്പുറം ചെറുവേലിക്കുന്ന് റോഡ് തീരദേശ റോഡുകളുടെ ഗണത്തിലുൾപ്പെടുത്തി പുനർനിർമ്മിക്കുന്നതിനായി സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് പുനർനിർമ്മിക്കുന്നതിന് ഫിഷറീസ് വകുപ്പിൽ നിന്ന് തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിലെ പാറപ്പുറം ചെറുവേലിക്കുന്ന് റോഡ് തീരദേശ റോഡുകളുടെ ഗണത്തിലുൾപ്പെടുത്തി പുനർനിർമ്മിക്കുന്നത് നിലവിൽ പരിഗണനനയിൽ ഇല്ല.

**ഉദുമ മണ്ഡലത്തിലെ തീരദേശ വികസന പദ്ധതികൾ**

336(3006) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തിൽ ഉദുമ മണ്ഡലത്തിൽനിന്ന് തീരദേശ വികസന പദ്ധതിയിലുൾപ്പെടുത്തി റോഡ് അഭിവൃദ്ധിപ്പെടുത്താനായി എത്ര പ്രൊപ്പോസലുകളാണ് നിർദ്ദേശിച്ചിട്ടുള്ളത്; അറിയിക്കുമോ;

(ബി) ഇതിൽ എത്ര എണ്ണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ;

(സി) ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ-സി) വിശദാംശം അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

## കുണ്ടറ മണ്ഡലത്തിലെ ഫിഷറീസ് റോഡുകൾ

337(3007) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് കുണ്ടറ നിയോജക മണ്ഡലത്തിൽ നിർമ്മിക്കുന്ന റോഡുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

വിലയിരുത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധം-1+ ആയി ചേർത്തിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നവ ഏതൊക്കെയെന്നും ആയതിനുള്ള കാരണം എന്തെന്നും വിശദമാക്കാമോ;

വിശദാംശം അനുബന്ധം-2+ ആയി ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി അവസാനിക്കുന്നതെന്നാണെന്ന് തരംതിരിച്ച് വിശദമാക്കാമോ?

വിശദാംശം അനുബന്ധം-3+ ആയി ചേർക്കുന്നു.

**ഫിഷ് മാർട്ടുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി**

338(3008) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ മത്സ്യഫെഡിനുകീഴിൽ എത്ര ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അതിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും അറിയിക്കാമോ?

കോട്ടയം ജില്ലയിൽ മത്സ്യഫെഡിന്റെ കീഴിൽ 13 ഫിഷ് മാർട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. ടി ഫിഷ് മാർട്ടുകളിൽ എസ്.എച്ച്.ജി. അംഗങ്ങളും കട്ടർമാരും ഉൾപ്പെടെ ആകെ 43 പേരാണ് ജോലി ചെയ്യുന്നത്.

(ബി) പ്രസ്തുത ഫിഷ് മാർട്ടുകളിലെ ജീവനക്കാരുടെ വേതനം നിലവിൽ എപ്രകാരമാണ് നിശ്ചയിച്ചിട്ടുള്ളതെന്നും ഇതിന്റെ അടിസ്ഥാനത്തിൽ എത്ര രൂപയാണ് അവർക്ക് വേതനമായി ലഭിക്കുന്നതെന്നും ഇത് എന്നാണ് അവസാനമായി പരിഷ്കരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വയംസഹായ ഗ്രൂപ്പ് അംഗങ്ങൾക്ക് പ്രതിമാസ വിറ്റുവരവ് തുകയുടെ 3% വേതനമായി നൽകുന്നു. കൂടാതെ ഫിഷ് മാർട്ടിന്റെ മാസംതോറുമുള്ള അറ്റലാഭത്തിന്റെ 20% ഇൻസെന്റീവിനും അർഹതയുണ്ട്. പ്രസ്തുത വേതന വ്യവസ്ഥ ഇപ്പോഴും പ്രാബല്യത്തിലുണ്ട്.

(സി) വേതന വർദ്ധനവ് ആവശ്യപ്പെട്ട് ഫിഷ് മാർട്ടിലെ ജീവനക്കാർ നടത്തിവരുന്ന സമര പരിപാടികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവർ മുന്നോട്ടുവച്ചിട്ടുള്ള ആവശ്യങ്ങൾ മത്സ്യഫെഡ് അംഗീകരിച്ചിട്ടുണ്ടോ എന്നും ഇതുമായി ബന്ധപ്പെട്ട് 23-12-2022-ന് മത്സ്യഫെഡ് ഹെഡ് ഓഫീസിൽ വച്ച് യൂണിയൻ പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ തീരുമാനങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കാമോ; പ്രസ്തുത യോഗതീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(സി&ഡി) മത്സ്യഫെഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവർ മുന്നോട്ടുവച്ച ആവശ്യങ്ങളിൽ എസ്.എച്ച്.ജി. അംഗങ്ങളുടെ വേതനം ബാങ്ക് മുഖേന നൽകണമെന്ന ആവശ്യം അംഗീകരിച്ചിട്ടുണ്ട്. 23-12-2022-ൽ നടന്ന ചർച്ചയുടെ തീരുമാനങ്ങൾ അടങ്ങിയ നടപടിക്കുറിപ്പ് അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) സംസ്ഥാനത്ത് മായം കലർന്നതും ഗുണനിലവാരം കുറഞ്ഞതുമായ മത്സ്യങ്ങളുടെ വിപണനം വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് ഫിഷ് മാർട്ടുകളിലെ തൊഴിലാളികളുടെ വേതന വർദ്ധനവ് അടക്കമുള്ള പ്രശ്നങ്ങൾ രമ്യമായി പരിഹരിച്ച് ഫിഷ് മാർട്ടുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

വേതന നിരക്കിലെ വർദ്ധനവ് ഇപ്പോൾ പരിഗണനയിലില്ല. മാർട്ടുകളിലെ വിൽപ്പനയ്ക്കാനുപാതികമായി എസ്.എച്ച്.ജി. അംഗങ്ങൾക്ക് വേതനം നൽകിവരുന്ന സാഹചര്യത്തിൽ, വിൽപ്പന വർദ്ധിക്കുന്നതനുസരിച്ച് വേതനത്തിന്റെ തുകയും വർദ്ധിക്കുന്നതാണ്. ഫിഷ് മാർട്ടുകളിലെ ഗുണഭോക്താക്കളുടെ ആവശ്യകത കണക്കിലെടുത്ത് ഏറ്റവും ഗുണനിലവാരമുള്ള മത്സ്യം പരമാവധി സംഭരിച്ച് കൃത്യമായി ഫിഷ് മാർട്ടുകളിൽ എത്തിക്കണമെന്നും ഫിഷ് മാർട്ടുകൾ നിർദ്ദേശിക്കപ്പെട്ടപ്രകാരമുള്ള സമയം പൂർണ്ണമായും തുറന്നിരിക്കണമെന്നും ഉപഭോക്താക്കളോട് ഏറ്റവും സൗഹാർദ്ദപരമായി ഇടപെട്ടുകൊണ്ട് പരമാവധി വില്പന ഉറപ്പാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

## മലപ്പുറം ജില്ലയിൽ മത്സ്യഫെഡിന്റെ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി

339(3009) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ മത്സ്യഫെഡിന്റെ പുതിയ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. മലപ്പുറം ജില്ലയിൽ നിലമ്പൂർ നിയോജകമണ്ഡലത്തിലെ ചുങ്കത്തറ ഗ്രാമപഞ്ചായത്ത്, പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി, വണ്ടൂർ നിയോജകമണ്ഡലത്തിലെ മമ്പാട് ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫിഷ് ബൂത്ത് ആരംഭിക്കുന്നതിനായി മുറികൾ അനുവദിക്കുകയും ആയതുപ്രകാരം മത്സ്യഫെഡുമായി ഉടമ്പടി പത്രം ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നിലമ്പൂർ മണ്ഡലത്തിലെ ഏതെങ്കിലും സ്ഥലത്ത് മത്സ്യഫെഡിന്റെ ഫിഷ്മാർട്ട് ഔട്ട്ലെറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥലത്താണ് ഔട്ട്ലെറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്നും അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതി ഇതിന് ലഭിച്ചിട്ടുണ്ടോയെന്നും ഇതിനായി ഇതുവരെ നടത്തിയ നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

ഉണ്ട്. നിലമ്പൂർ നിയോജകമണ്ഡലത്തിൽ നിലമ്പൂർ മുനിസിപ്പാലിറ്റി, ചുങ്കത്തറ ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഫിഷ്മാർട്ട് തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിരുന്നു. ആയതിൽ ചുങ്കത്തറ ഗ്രാമ പഞ്ചായത്ത് ഫിഷ് മാർട്ടിനായി മുറി അനുവദിച്ചിട്ടുണ്ട്. ഇതുപ്രകാരം മത്സ്യഫെഡുമായി ഉടമ്പടി പത്രം ഒപ്പുവച്ചിട്ടുണ്ട്.

(സി) നിലമ്പൂർ നഗരസഭയിലെ മത്സ്യമാർക്കറ്റിലുള്ള പുതിയ കെട്ടിടം മത്സ്യഫെഡിന്റെയോ ഫിഷറീസ് വകുപ്പിന്റെയോ ഫണ്ടുപയോഗിച്ച് നിർമ്മിച്ചതാണോ എന്ന് അറിയിക്കാമോ; ഇതുസംബന്ധിച്ച രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത കെട്ടിടം ഏതുവർഷമാണ് നിർമ്മിച്ചതെന്നും ഏത് പദ്ധതിയിലുൾപ്പെടുത്തിയാണ് നിർമ്മിച്ചതെന്നും അറിയിക്കാമോ;

(ഇ) മേൽ കെട്ടിടത്തിൽ ഫണ്ട് ചെലവഴിച്ച ഏജൻസികൾക്കോ വകുപ്പിനോ എന്തെങ്കിലും അവകാശമുണ്ടോയെന്നും ഇല്ലെങ്കിൽ നടത്തിപ്പ് ചുമതല ഏതുവകുപ്പിനാണെന്നും അറിയിക്കാമോ?

(സി-ഇ) നിലമ്പൂർ നഗരസഭയിലെ മത്സ്യമാർക്കറ്റിലുള്ള പുതിയ കെട്ടിടം നിർമ്മിക്കാൻ മത്സ്യഫെഡിന്റെയോ ഫിഷറീസ് വകുപ്പിന്റെയോ ഫണ്ടുപയോഗിച്ചിട്ടില്ല.

## ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

340(3010) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ഫിഷറീസ് വകുപ്പ് മുഖേന വിവിധ മത്സ്യകൃഷി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇതിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി 73.3973 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 25 ഇനം കൃഷി രീതികൾ നടപ്പാക്കിവരുന്നു. 2021-22 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലുൾപ്പെടുത്തി 78.90 കോടി രൂപ അടങ്കൽ തുക വരുന്ന

വിവിധ മത്സ്യകൃഷി പദ്ധതികളായ ബയോഫ്ളോക്ക് മത്സ്യകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം. ഓരുജല കൂട്ട കൃഷി, കുളങ്ങളിലെ ഓരുജല കൃഷി, പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, സംയോജിത അലങ്കാര മത്സ്യങ്ങളുടെ റിയറിംഗ് യൂണിറ്റ് എന്നീ മത്സ്യ കൃഷി പദ്ധതികൾ നടപ്പാക്കിവരുന്നു. 2021-22 സാമ്പത്തിക വർഷം അഡാക്ക് വഴി 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമായതുപ്രകാരം പദ്ധതിപ്രവർത്തനം പുരോഗമിച്ചുവരുന്നു. നടപ്പ് സാമ്പത്തിക വർഷം പി.എം.എം.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി 35.24 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഗുണമേന്മയുള്ള മത്സ്യക്കുഞ്ഞുങ്ങളും മത്സ്യത്തീറ്റയും ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഗുണമേന്മയുള്ള നല്ലയിനം മത്സ്യവിത്തുകൾ ഉല്പാദിപ്പിക്കുന്നതിനും അവ മത്സ്യ കർഷകർക്ക് ലഭ്യമാക്കുന്നതിനുമായി വകുപ്പിനുകീഴിലുള്ള ഫിഷ് സീഡ് ഫാമുകളിലും ഹാച്ചറികളിലും മത്സ്യവിത്തുകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. ഗുണമേന്മയുള്ള മത്സ്യവിത്ത് ഉല്പാദനത്തിനായി

തിരുവനന്തപുരം ജില്ലയിലെ നെയ്യാർ, തൃശ്ശൂർ ജില്ലയിലെ പീച്ചി, വയനാട് ജില്ലയിലെ തളിപ്പുഴ, കാരാപ്പുഴ എന്നിവിടങ്ങളിൽ പുതിയ കാർപ്പ് ഹാച്ചറികൾ സ്ഥാപിച്ചു. പത്തനംതിട്ട ജില്ലയിലെ പോളച്ചിറ, കോട്ടയം ജില്ലയിലെ പള്ളം, പാലക്കാട് ജില്ലയിലെ മീങ്കര, ചുള്ളിയാർ, കോഴിക്കോട് ജില്ലയിലെ കല്ലാനോട് എന്നീ ഹാച്ചറികളിലെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുകയും അതുവഴി ഉല്പാദനശേഷി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ ഗുണമേന്മയുള്ള കല്ലുമ്മേക്കായയുടെയും സമുദ്രമത്സ്യങ്ങളുടെയും വിത്തുല്പാദനത്തിനായി 50 ലക്ഷം ഉല്പാദനശേഷിയുള്ള വിത്തുല്പാദന കേന്ദ്രം സ്ഥാപിക്കുന്നതിന് 500 ലക്ഷം രൂപയുടെ ഭരണാനുമതിയും ആലപ്പുഴ ജില്ലയിലെ വളഞ്ഞവഴിയിൽ ശുദ്ധജല ആറ്റുകൊഞ്ചിന്റെ വിത്തുല്പാദനം ലക്ഷ്യമിട്ട് 50 ലക്ഷം ഉല്പാദനശേഷിയുള്ള ഹാച്ചറി സ്ഥാപിക്കുന്നതിന് 176.20 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ ഭൂതത്താൻകെട്ട് ഹാച്ചറിയുടെ രണ്ടാംഘട്ട വികസനത്തിനായി നബാർഡ് ആർ.ഐ.ഡി.എഫ്. 25-ൽ ഉൾപ്പെടുത്തി പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട് മുഖേന നടപ്പാക്കുന്നതിന് 1064 ലക്ഷം രൂപ ആർ.ഐ.ഡി.എഫ്. വായ്പയും 56 ലക്ഷം രൂപ സംസ്ഥാന

സർക്കാർ വിഹിതവും ചേർത്ത് ആകെ 1120 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ചെങ്കുളത്ത് ഒരു മൾട്ടി സ്പീഷീസ് ഫിഷ് സീഡ് ഫാം സ്ഥാപിക്കുന്നതിനായി നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 28-ൽ ഉൾപ്പെടുത്തി ആർ.ഐ.ഡി.എഫ്. വായ്പ 622.21 ലക്ഷം രൂപയും സ്റ്റേറ്റ് ഷെയർ 32.74 ലക്ഷം രൂപയുംചേർത്ത് ആകെ 654.95 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ കോഴിക്കോട് ജില്ലയിലെ കല്ലാനോട് ഒരു തിലാപ്പിയ ഹാച്ചറി സ്ഥാപിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്.

നടപ്പ് സാമ്പത്തിക വർഷം വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ/ഹാച്ചറികൾ എന്നിവയിലായി 452 ലക്ഷം മത്സ്യവിത്തുകൾ ഉല്പാദനം ലക്ഷ്യമിട്ട് 156.95 ലക്ഷം രൂപയുടെ 'ഓപ്പറേഷൻ ആൻഡ് മാനേജ്മെന്റ് ഓഫ് ഗവണ്മെന്റ് ഫിഷ് സീഡ് ഫാംസ് ആൻഡ് ഹാച്ചറീസ് 2022-23 (ആക്ഷൻ പ്ലാൻ 2022-23)' പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകി. കൂടാതെ കരിമീൻ, വരാൽ എന്നിവയുടെ ഗുണമേന്മയുള്ള വിത്തുല്പാദനം ലക്ഷ്യമിട്ട് 14 ജില്ലകളിലുമായി 'ബാക്ക് യാർഡ് ഫിഷ് സീഡ് പ്രൊഡക്ഷൻ' പദ്ധതിക്ക് 430 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി നടപ്പാക്കിവരികയും ചെയ്യുന്നുണ്ട്.

മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും സംസ്ഥാനത്തെ ഹാച്ചറികളുടെയും സീഡ് ഫാമുകളുടെയും പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും മത്സ്യവിത്തുകേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. കർഷകർക്ക് വിതരണം ചെയ്യുന്ന മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി എല്ലാ ജില്ലയിലും സീഡ് ഇൻസ്പെക്ടർമാരെയും നിയമിച്ചിട്ടുണ്ട്.

ഗുണമേന്മയുള്ള മത്സ്യത്തീറ്റ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ആദ്യഘട്ടമായി കണ്ണൂർ ജില്ലയിലെ തലായിയിൽ ഒരു മത്സ്യത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് 298 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതിക്ക് അംഗീകാരം നൽകുകയും പദ്ധതിപ്രവർത്തനം പുരോഗമിക്കുകയും ചെയ്യുന്നുണ്ട്.

(സി) മത്സ്യങ്ങളെ ബാധിക്കുന്ന രോഗങ്ങൾ കണ്ടെത്തുന്നതിനും അവയുടെ വ്യാപനം തടയുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ മുഴുവൻ മത്സ്യവിത്തിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനും മത്സ്യരോഗ നിയന്ത്രണത്തിനും നിരോധിത ആന്റിബയോട്ടിക്കുകളുടെ ഉപയോഗം ഒഴിവാക്കുന്നതിനും സംസ്ഥാനത്ത്

ആദ്യമായി അക്വാട്ടിക് അനിമൽ ഹെൽത്ത് സെന്ററുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി മത്സ്യവിത്ത് നിയമം നടപ്പാക്കുകയും മത്സ്യവിത്ത് കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മത്സ്യവിത്തിന്റെ ഗുണനിലവാരം, ആന്റിബയോട്ടിക്കുകളുടെ സാന്നിധ്യം, ജലത്തിന്റെ ഗുണനിലവാരം, രോഗനിർണ്ണയം എന്നിവ പരിശോധിക്കുന്നതിനായി 'അക്വാട്ടിക് ആനിമൽ ഹെൽത്ത് സർവെയ്‌ലൻസ് ആന്റ് മാനേജ്മെന്റ് 2022-23' എന്ന 100 ലക്ഷം രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതി എല്ലാ ജില്ലകളിലും നടപ്പാക്കിവരുന്നുണ്ട്. കൂടാതെ മത്സ്യങ്ങളുടെ ഗുണനിലവാര പരിശോധനയും രോഗനിർണ്ണയവും ലക്ഷ്യമിട്ട് "പ്രധാൻ മന്ത്രി മത്സ്യ സമ്പദ യോജന" (പി.എം.എം.എസ്.വൈ)-യിൽ ഉൾപ്പെടുത്തി കുഫോസ് വഴി 'എസ്റ്റാബ്ലിഷ്മെന്റ് ഓഫ് റഫറൽ അക്വാട്ടിക് ആനിമൽ ഡിസീസ് ഡയഗ്നോസിസ് ആന്റ് ക്വാളിറ്റി ടെസ്റ്റിംഗ് ലബോറട്ടറി' എന്ന 975 ലക്ഷം രൂപയുടെ (കേന്ദ്ര സർക്കാർ വിഹിതം 585 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വിഹിതം 390 ലക്ഷം രൂപയും) പദ്ധതി നടപ്പാക്കിവരുന്നു.

## മായം ചേർത്ത മത്സ്യവില്പന തടയാൻ നടപടി

341(3011) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യത്തിന് ഹാനികരമായ പദാർത്ഥങ്ങൾ ചേർത്ത മത്സ്യം ധാരാളമായി ഇതര സംസ്ഥാനങ്ങളിൽ നിന്നടക്കം വില്പനയ്ക്ക് എത്തുന്നുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം രാസവസ്തുക്കൾ ചേർത്തുള്ള മത്സ്യവില്പന തടയുന്നതിന് ഭക്ഷ്യ വകുപ്പുമായി ചേർന്ന് എന്തെല്ലാം ശക്തമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

(എ&ബി) ഉണ്ട്. രാസവസ്തുക്കൾ ചേർത്തുള്ള മത്സ്യവില്പന തടയാൻ ഭക്ഷ്യസുരക്ഷാവകുപ്പിന്റെയും ആരോഗ്യവകുപ്പിന്റെയും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലകൾതോറും ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ചിട്ടുണ്ട്. ഫുഡ് സേഫ്റ്റി ഇൻസ്പെക്ടർ, ഹെൽത്ത് ഇൻസ്പെക്ടർ, അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ പ്രസ്തുത ടാസ്ക് ഫോഴ്സിലെ അംഗങ്ങളാണ്. ടാസ്ക് ഫോഴ്സിലെ ഉദ്യോഗസ്ഥർ ചേർന്ന് വിവിധ മത്സ്യ മാർക്കറ്റുകളിലും

ഫിഷിംഗ് ഹാർബറുകളിലും ലാന്റിംഗ് സെന്ററുകളിലും അന്യസംസ്ഥാനങ്ങളിൽനിന്നും മത്സ്യം കൊണ്ടുവരുന്ന വാഹനങ്ങളിലും പരിശോധന നടത്തുകയും സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT) വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ് ക്വാളിറ്റി ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് മത്സ്യങ്ങളിൽ അമോണിയ, ഫോർമാലിൻ എന്നീ രാസവസ്തുക്കളുടെ സാന്നിദ്ധ്യം ഉണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യാറുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലെ മത്സ്യമാർക്കറ്റുകളിൽ മിന്നൽ പരിശോധന നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ റീജിയണൽ അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്തുവരുന്നു. കൂടാതെ 'ഓപ്പറേഷൻ സാഗർ റാണി' എന്ന പേരിൽ ക്രോമോടോഫിക് ആസിഡ്, പരിശോധനാ കിറ്റുകൾ എന്നിവ ഉപയോഗിച്ചുള്ള രാസവസ്തുക്കൾ അടങ്ങിയിട്ടുണ്ടോ എന്ന പരിശോധനയും കൃത്യമായ ഇടവേളകളിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിവരുന്നു. ഇതുകൂടാതെ ഭക്ഷ്യസുരക്ഷാ വകുപ്പ് 'ഓപ്പറേഷൻ മത്സ്യ' പദ്ധതിപ്രകാരം മത്സ്യത്തിൽ ഹാനികരമായ പദാർത്ഥങ്ങൾ ചേർത്തിട്ടുണ്ടോ എന്ന പരിശോധനയും നടത്തിവരുന്നു. ഇതിന്റെ ഭാഗമായി ഹാർബറുകൾ, മത്സ്യ ലേല മാർക്കറ്റുകൾ, മത്സ്യ മൊത്ത

വിപണന കേന്ദ്രങ്ങൾ, മാർക്കറ്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ചെക്ക് പോസ്റ്റുകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യ പരിശോധനകൾ നടത്തിവരുന്നു. ഇത്തരത്തിൽ പരിശോധനയുടെ ഭാഗമായി ശേഖരിച്ച സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലറ്റിക്കൽ ലബോറട്ടറികളിൽ പരിശോധിച്ചുവരുന്നു. 2021 മേയ് മുതൽ നാളിതുവരെ ആകെ 1957 മത്സ്യസാമ്പിളുകൾ പരിശോധിച്ചതിൽ ഒരു സാമ്പിളിൽ മാത്രമാണ് ഫോർമാലിന്റെ സാന്നിധ്യം കണ്ടെത്തിയിട്ടുള്ളത്. ഈ സാമ്പത്തിക വർഷം 8818 പരിശോധനകൾ നടത്തുകയും 30005 കിലോ ഭക്ഷ്യയോഗ്യമല്ലാത്ത മത്സ്യം പിടിച്ചെടുത്ത് നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മായം കലർത്തിയ മത്സ്യം പിടികൂടി നശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് ഭക്ഷ്യസുരക്ഷാ വകുപ്പാണ്.

(സി) വൃത്തിയുള്ളതും മായം ചേർക്കാത്തതുമായ മത്സ്യം വിൽപ്പന നടത്തുന്നതിന് വകുപ്പ് നടത്തുന്ന ഇടപെടലുകൾ വിശദമാക്കാമോ?

കേരള നിയമസഭ പാസ്സാക്കിയ മത്സ്യ ലേലവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് 2021 പ്രകാരം രൂപീകൃതമായ സംസ്ഥാനതല മത്സ്യ ഗുണനിലവാര പരിപാലന കമ്മിറ്റിയിൽ ഭക്ഷ്യ

സുരക്ഷാ വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും പ്രതിനിധികൾ ഉൾപ്പെട്ടിട്ടുണ്ട്. കമ്മിറ്റി നിശ്ചിത ഇടവേളകളിൽ യോഗം ചേരുന്നുണ്ട്. മത്സ്യ ഉപഭോക്താക്കൾക്ക് അവർ വാങ്ങുന്ന മത്സ്യത്തിന്റെ ഗുണനിലവാരത്തെപ്പറ്റി ബോധവൽക്കരണം നൽകുക, മത്സ്യത്തിന്റെ ഗുണനിലവാരം നിശ്ചയിച്ച് നൽകുക തുടങ്ങിയ ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു. മായം ചേർക്കാത്ത മത്സ്യം ലഭ്യമാക്കുന്നതിനായി മത്സ്യഫെഡ് മുഖേന സംസ്ഥാന വ്യാപകമായ രീതിയിൽ "അന്തിപ്പച്ച" ഫിഷ് സ്റ്റാളുകളും ഫിഷ് മാർട്ടുകളും മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന ജനകീയ മത്സ്യകൃഷി പദ്ധതിപ്രകാരം ഉൾനാടൻ മേഖലകളിൽ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും വിളവെടുപ്പിനുശേഷം മത്സ്യ കർഷകർ മായം ചേർക്കാത്ത മത്സ്യം വിപണിയിൽ എത്തിക്കുകയും ചെയ്യുന്നുണ്ടെന്ന് ജില്ലാ ഓഫീസുകൾ വഴി ഉറപ്പുവരുത്തുന്നുണ്ട്. ലൈവ് ഫിഷ് മാർക്കറ്റുകൾ, മാർക്കറ്റിംഗ് ഔട്ട് ലെറ്റുകൾ, ശീതീകരിച്ച വാഹനങ്ങൾ എന്നിവ മുഖേന ഉപഭോക്താക്കൾക്ക് മായംകലരാത്ത ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കുന്നു. ഗുണനിലവാരം നശിക്കാതെ ശീതീകരണം ഉറപ്പാക്കി മത്സ്യം സൂക്ഷിക്കുന്നതിനായി മത്സ്യ

മാർക്കറ്റുകളുടെ ആധുനികവൽക്കരണവും സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടത്തിവരുന്നു. MPEDA (സമുദ്രോല്പന്ന കയറ്റുമതി വികസന ഏജൻസി), SWIFT (സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി), EIA (എക്സ്പോർട്ട് ഇൻസ്പെക്ഷൻ ഏജൻസി) എന്നീ വകുപ്പ്/ഏജൻസികളിൽ നിന്നുള്ള വിദഗ്ദ്ധരെ ഉൾപ്പെടുത്തി മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്റെ ആവശ്യകതയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നു.

## മത്സ്യസംഭരണവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

342(3012) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യസംഭരണവും കാര്യക്ഷമമായ വിപണനവും ലേലവും പ്രോത്സാഹിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കേരള നിയമസഭ പാസ്സാക്കിയ "കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട് 2021", മത്സ്യ സംഭരണവും വിപണനവും ലേലവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും

ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിപ്പിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ്. പ്രസ്തുത ആക്ടിലെ 4-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്നതുപ്രകാരം വിജ്ഞാപനംവഴി നോട്ടിഫൈ ചെയ്തിട്ടുള്ള ലാന്റിംഗ് സെന്റർ, മാർക്കറ്റ്, ഹാർബർ എന്നിവിടങ്ങളിൽ കൂടിയല്ലാതെ മത്സ്യലേലം നടത്താൻ പാടുള്ളതല്ല. എന്നാൽ ലേലത്തിലൂടെയല്ലാതെ മത്സ്യത്തൊഴിലാളികൾക്ക് നേരിട്ട് മത്സ്യ വിപണനം നടത്തുന്നതിന് തടസ്സമില്ല. അതിനാൽ പ്രസ്തുത നിയമം നടപ്പാക്കുന്നതിലൂടെ ലേലത്തിലെ തെറ്റായ പ്രവണതകൾ നിയന്ത്രിക്കുന്നതിനോടൊപ്പം മത്സ്യത്തൊഴിലാളികളുടെ അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും സാധ്യമാകുന്നതാണ്.

## നായരമ്പലം ഫിഷ് മാർക്കറ്റ്

343(3013) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി അംഗീകാരം ലഭ്യമായിട്ടുള്ള വൈപ്പിൻ നിയോജക മണ്ഡലത്തിലെ നായരമ്പലം ഫിഷ് മാർക്കറ്റിന്റെ ടെണ്ടർ നടപടികൾ

പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ?

കിഫ്ബി അംഗീകാരം ലഭ്യമായിട്ടുള്ള വൈപ്പിൻ നിയോജക മണ്ഡലത്തിലെ നായരമ്പലം ഫിഷ് മാർക്കറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സാങ്കേതികാനുമതിക്കാവശ്യമായ മണ്ണ് പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. കെ.എം.ബി.ആർ.-ലെ പുതിയ മാനദണ്ഡങ്ങൾക്കനുസൃതമായി പ്ലാൻ പുതുക്കി തയ്യാറാക്കിവരുന്നു.

കിഫ്ബി മുഖേന ലഭ്യമായ ഫണ്ടിംഗ് തുക ലോൺ ആകയാൽ അതത് ഗ്രാമ പഞ്ചായത്തുമായി റവന്യൂ ഷെയറിംഗ് തിരിച്ചടവ് കിഫ്ബി നിഷ്കർഷിച്ചിരുന്നു. ഇതുപ്രകാരം തുടർനടപടി സ്വീകരിച്ചു വരികയായിരുന്നു. എന്നാൽ ജനപ്രതിനിധികളുടെ അഭ്യർത്ഥന പരിഗണിച്ച് ഫണ്ടിംഗ് അനുമതി ഗ്രാന്റായി കണക്കാക്കാവുന്നതാണെന്ന് 04-08-2022-ൽ കിഫ്ബി അറിയിച്ചു. ഇത്തരത്തിൽ റവന്യൂ ഷെയറിംഗ് സംബന്ധിച്ച അന്തിമ തീരുമാനം ലഭിച്ചശേഷമാണ് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി ആരംഭിക്കാൻ സാധിച്ചത്.

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകി കിഫ്ബി വ്യവസ്ഥകൾ പൂർത്തിയാക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി ദ്രുതഗതിയിൽ പൂർത്തീകരിച്ചു വരുന്നു. 2023 മേയ് മാസത്തോടെ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**കായംകുളം മണ്ഡലത്തിലെ കുരീപ്പുഴ ഫിഷ്മാർക്കറ്റ്**

344(3014) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ കുരീപ്പുഴ ഫിഷ്മാർക്കറ്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിലെ ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്തിലെ കുരീപ്പുഴ ഫിഷ് മാർക്കറ്റിന്റെ നിർമ്മാണത്തിനായി കിഫ്ബിയിൽനിന്നും 15-03-2022-ൽ പുതുക്കിയ ഫണ്ടിംഗ് അനുമതിയായ 173.28 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ടി ഫണ്ടിംഗ് അനുമതിപ്രകാരം കിഫ്ബി, തദ്ദേശസ്വയംഭരണ

വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനം എന്നിവ ചേർന്ന് റവന്യൂ ഷെയറിംഗ് സംബന്ധിച്ച് ട്രൈപാർട്ടൈറ്റ് എഗ്രിമെന്റിൽ ഏർപ്പെടണമെന്ന് വ്യക്തമാക്കിയെങ്കിലും റവന്യൂ ഷെയറിംഗ് നിബന്ധന സംബന്ധിച്ച അന്തിമ തീരുമാനം 04-08-2022-നാണ് കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുള്ളത്. സാങ്കേതികാനുമതി നൽകുന്നതിനാവശ്യമായ മണ്ണ് പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. ഇപ്രകാരം സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. സൈറ്റിൽ നിലവിൽ സ്ഥിതി ചെയ്യുന്ന കോൺക്രീറ്റ് കെട്ടിടം പൊളിച്ചുമാറ്റുന്നത് സംബന്ധിച്ച് പഞ്ചായത്ത് അധികൃതരുടെ തീരുമാനം ലഭ്യമായാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ഇതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

## മത്സ്യത്തിന് ന്യായവില ഉറപ്പുവരുത്താനുള്ള നടപടികൾ

345(3015) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u>
<u>ശ്രീ. എച്ച്. സലാം:</u>
<u>ശ്രീ. എം. മുകേഷ്:</u>
<u>ശ്രീമതി കാനത്തിൽ ജമീല:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്ന് രക്ഷിക്കാനും മത്സ്യത്തിന് ന്യായവില ഉറപ്പുവരുത്താനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം ലഭ്യമാക്കാമോ?

കേരള നിയമസഭ പാസ്സാക്കിയ 2021-ലെ കേരള മത്സ്യ സംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ടിലെ 7-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെടുന്ന ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റികളും 9-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെടുന്ന ഹാർബർ മാനേജ്മെന്റ് സൊസൈറ്റികളും മത്സ്യലേലത്തിലും വിൽപ്പനയിലും ഉണ്ടാകാനിടയുള്ള അനാവശ്യ പ്രവണതകളെ നിയന്ത്രിച്ചുകൊണ്ടും ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും മത്സ്യത്തൊഴിലാളികളെ മോചിപ്പിച്ചുകൊണ്ടും മത്സ്യത്തിന് ന്യായവില ലഭ്യമാകുമെന്ന് ഉറപ്പുവരുത്തുന്നതിന് നിയമം നടപ്പിൽ വരുന്നതിലൂടെ സാധ്യമാകുന്നതാണ്. പ്രസ്തുത നിയമത്തിന്റെ ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ ഇവയിൽ മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം

ഉറപ്പുവരുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്നും ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്നും വിശദമാക്കാമോ?

2021-ലെ കേരള മത്സ്യ സംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ടിലെ 9-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം കേരളത്തിലെ തീരദേശ ജില്ലകളിലെ 21 ഹാർബറുകളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികളിലും അതതു ഹാർബറുകളുടെ അംഗീകൃത ട്രേഡ് യൂണിയനുകളിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് പ്രതിനിധികളെ ഉൾക്കൊള്ളിക്കുകയും കൂടാതെ പ്രദേശത്തെ യന്ത്രവൽകൃത യാന ഉടമകളിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്തിട്ടുള്ള ഒരു പ്രതിനിധിയേയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിലൂടെ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികളിൽ മത്സ്യത്തൊഴിലാളി പ്രാതിനിധ്യം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ഹാർബറിന്റെ അടിസ്ഥാന ഭൗതിക സൗകര്യ വികസന പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക, പദ്ധതികൾ രൂപവൽക്കരിക്കുക, മേൽനോട്ടം വഹിക്കുക, ഹാർബറിൽ നടത്തപ്പെടുന്ന മത്സ്യ ലേലം, വിൽപ്പന, ഗുണനിലവാര പരിപാലനം എന്നിവ ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായിട്ടാണെന്ന് ഉറപ്പുവരുത്തുക, ഹാർബറിനുള്ളിൽ

മത്സ്യ ലേലത്തിലും വിൽപ്പനയിലും ഉണ്ടാകാനിടയുള്ള അനാവശ്യ പ്രവണതകളെ നിയന്ത്രിക്കുക, മത്സ്യത്തിന്റെ അടിസ്ഥാന വില നിശ്ചയിക്കുകയും മത്സ്യം സംഭരിക്കുകയും ചെയ്യുക, യൂസർ ഫീ ഈടാക്കുക, ഉദ്യോഗസ്ഥരെ നിയമം നടപ്പാക്കാൻ സഹായിക്കുക തുടങ്ങിയവയാണ് ഹാർബർ മാനേജ്മെന്റ് സൊസൈറ്റികളുടെ കടമകളും ഉദ്ദേശ്യലക്ഷ്യങ്ങളും. ഇതിലൂടെ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം വിപണനം ചെയ്യുന്നതിനുള്ള മെച്ചപ്പെട്ട അന്തരീക്ഷം ഹാർബറുകളിൽ ഉറപ്പുവരുത്താൻ സാധിക്കുന്നതാണ്.

**പുനർഗേഹം പദ്ധതി**

346(3016) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുനർഗേഹം പദ്ധതിപ്രകാരം എത്ര പേർ ഭൂമി രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പുനർഗേഹം പദ്ധതിപ്രകാരം സംസ്ഥാനത്ത് 3,344 ഗുണഭോക്താക്കൾ ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ആയതിൽ 1,968 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിപ്രകാരം തവനൂർ മണ്ഡലത്തിലെ പുറത്തൂർ, മംഗലം എന്നീ പഞ്ചായത്തുകളിൽ എത്രപേർക്ക് ഭവന നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടെന്നും ഇനി എത്രപേർ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കാമോ?

തവനൂർ മണ്ഡലത്തിലെ പുറത്തൂർ, മംഗലം എന്നീ പഞ്ചായത്തുകളിലെ 150 കുടുംബങ്ങളാണ് സർവ്വേയിൽ ഉൾപ്പെട്ട് വന്നിട്ടുള്ളത്. ആയതിൽ പുറത്തൂർ പഞ്ചായത്തിലെ 54 ഗുണഭോക്താക്കളും മംഗലം പഞ്ചായത്തിലെ 12 ഗുണഭോക്താക്കളുൾപ്പെടെ 66 ഗുണഭോക്താക്കളാണ് പദ്ധതിപ്രകാരം സുരക്ഷിത മേഖലയിലേയ്ക്ക് മാറിത്താമസിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുള്ളത്.

പുറത്തൂർ പഞ്ചായത്തിലെ 18 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും 10 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മംഗലം പഞ്ചായത്തിലെ ആരുംതന്നെ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

**മഞ്ചേശ്വരം മണ്ഡലത്തിലെ ഷിറിയ റിവർ ട്രെനിംഗ് പ്രവൃത്തി**

347(3017) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം നിർവ്വഹണം നടത്തുന്ന മഞ്ചേശ്വരം മണ്ഡലത്തിലെ ഷിറിയ റിവർ ട്രെനിംഗ് പ്രവൃത്തിയുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

(എ&ബി) 26-02-2021-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 122/2021/P&EA പ്രകാരം പ്രസ്തുത പദ്ധതിക്ക് 2430 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 11-08-2021-ൽ 2260 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 19-02-2022 -ൽ കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. കോസ്റ്റൽ റെഗുലേറ്ററി സോൺ (CRZ) ക്ലിയറൻസ് ലഭിക്കാത്തതിനാൽ പ്രവൃത്തി ഇതുവരെയും ആരംഭിക്കാൻ സാധിച്ചിട്ടില്ല. CRZ ക്ലിയറൻസ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) പദ്ധതിയിൽ എന്തൊക്കെ പ്രവൃത്തികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും പ്രവൃത്തി പൂർത്തീകരിക്കുമ്പോൾ ഉണ്ടാകുന്ന ഭൗതിക നേട്ടങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ?

മാതൃകാപഠനത്തിന് അനുസൃതമായുള്ള റിവർ ട്രെയിനിംഗ് പ്രവൃത്തികൾ, തീരസംരക്ഷണ പ്രവൃത്തികൾ എന്നിവയുടെ ആദ്യഘട്ടമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി വടക്കുവശത്തും തെക്കുവശത്തും Training Wall നിർമ്മിക്കുന്നതിനും കായൽത്തീര സംരക്ഷണ പ്രവൃത്തി, കണ്ടൽക്കാട് വച്ചുപിടിപ്പിക്കൽ എന്നീ പദ്ധതികളുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ടി പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ചാനൽ ആഴം കൂടുന്നതിനാൽ സുഗമമായി യാനങ്ങൾ വരുന്നതിനും പോകുന്നതിനും സാധിക്കുന്നതാണ്. നിലവിലെ അഴിമുഖത്തിനുണ്ടാകുന്ന സ്ഥാനമാറ്റം ഒഴിവാകുകയും സ്ഥിരമായ ചാനൽ ഉണ്ടാകുകയും ചെയ്യും. വർഷകാലങ്ങളിൽ ഉണ്ടാകുന്ന വെള്ളപ്പൊക്കം ഒഴിവാകുകയും സമീപപ്രദേശത്തെ ജനങ്ങളെ മാറ്റിപ്പാർപ്പിക്കുന്നത് ഒഴിവാക്കാനും സാധിക്കുന്നതാണ്.

(ഡി) പ്രസ്തുത പ്രവൃത്തി എപ്പോൾ തുടങ്ങുമെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

CRZ Clearance ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ കഴിയും. പദ്ധതി ആരംഭിച്ച് 12 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കും.

## കൊടക്കാട് നാടൻ കലാഗ്രാമം, കല്ലളൻ വൈദ്യർ സ്മാരക സാംസ്കാരിക സമുച്ചയം പദ്ധതികൾ

348(3018) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് വർഷങ്ങളിലെ ബജറ്റുകളിൽ പ്രഖ്യാപിച്ച തൃക്കരിപ്പൂർ മണ്ഡലത്തിലെ കൊടക്കാട് നാടൻ കലാഗ്രാമം, കല്ലളൻ വൈദ്യർ സ്മാരക സാംസ്കാരിക സമുച്ചയം എന്നീ പദ്ധതികൾക്ക് 20% തുക വകകൊള്ളിച്ചിട്ടും ഭൂമി ഏറ്റെടുക്കൽ നടപടി വൈകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികൾ എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) തെയ്യം കുലപതി കണ്ണപ്പെരുവണ്ണാന്റെ ജന്മസ്ഥലമായ കൊടക്കാട് ഗ്രാമത്തിൽ ഫോക് ലോർ വില്ലേജിനായി റീസർവ്വേ നമ്പർ

298/3-ൽപ്പെട്ട 3 ഏക്കർ ഭൂമി സാംസ്കാരിക വകുപ്പിന് കൈമാറുന്നതിനുള്ള പുതുക്കിയ ഭൂമി കൈമാറ്റ പ്രൊപ്പോസൽ ലഭ്യമാക്കാൻ റവന്യൂ വകുപ്പ് കാസർഗോഡ് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നീലേശ്വരം കല്ലളൻ വൈദ്യർ സ്മാരക സാംസ്കാരിക സമുച്ചയ നിർമ്മാണത്തിന് 2022-23 ബഡ്ജറ്റിൽ ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികളുടെ വിഭാഗത്തിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സമുച്ചയ നിർമ്മാണത്തിനായി 50 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിന് കാസർഗോഡ് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതികൾ ആരംഭിക്കാൻ സാധിക്കും.

**ഒറ്റപ്പാലം മണ്ഡലത്തിലെ സാംസ്കാരിക കേന്ദ്രങ്ങൾ**

349(3019) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ സാംസ്കാരിക വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന സാംസ്കാരിക സ്ഥാപനങ്ങൾ

1. ഗാന്ധിസേവാ സദൻ കഥകളി ആന്റ് ക്ലാസിക് ആർട്സ് അക്കാദമി പത്തിരിപ്പാല, പാലക്കാട്.

2. കുഞ്ചൻ നമ്പ്യാർ സ്മാരകം, കിള്ളിക്കുറിശ്ശിമംഗലം, പാലക്കാട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം സാംസ്കാരിക കേന്ദ്രങ്ങൾക്ക് വകുപ്പ് ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാംസ്കാരിക വകുപ്പിൽ നിന്നും ധനസഹായം അനുവദിച്ച ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾ/കേന്ദ്രങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി+ ചേർക്കുന്നു.

## മതസ്പർധയ്ക്കും ജാതിവിവേചനത്തിനുമെതിരെ അവബോധം

350(3020) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മതസ്പർധയും ജാതി വിവേചനവും ഉയർന്നു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അവസാനിപ്പിക്കുന്നതിനായി സാംസ്കാരിക വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ;

(ബി) മതസ്പർധയ്ക്കും ജാതിവിവേചനത്തിനുമെതിരെ വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി സാംസ്കാരിക വകുപ്പ് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മലയാളം മിഷൻ പാഠ്യ പദ്ധതിപ്രകാരമുള്ള വിവിധ പാഠഭാഗങ്ങളിൽ മതസ്പർധയും ജാതി വിവേചനത്തിനും എതിരെയുള്ള അവബോധം കുട്ടികളിൽ വളർത്തുന്നതിന് പാഠ്യവിഷയമായി നവോത്ഥാന ആശയങ്ങളുൾപ്പെടുത്തിയിട്ടുണ്ട്.

ജാതി വിവേചനവും മതസ്പർധയും ശാശ്വതമായി അവസാനിപ്പിക്കുന്നതിനായി കേരള സാഹിത്യ അക്കാദമി പൊതുവിൽ ആസൂത്രണം ചെയ്തു നടപ്പാക്കുന്ന പദ്ധതികളുടെ ഭാഗമായി കുമാരനാശാന്റെ ചണ്ഡാലഭിക്ഷുകി-ദുരവസ്ഥ കൃതികളുടെ ശതാബ്ദി വ്യാപകമായി ആഘോഷിച്ചു. വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ വിവേചനരഹിതമായി പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

കൂടാതെ സമൂഹത്തിൽ നിലനിൽക്കുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഉന്മൂലനം ചെയ്യേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യത ആയതിനാലും സാമൂഹിക തിന്മകളെ പ്രതിരോധിക്കുന്നതിനുള്ള ഇത്തരം മനോഭാവം രൂപപ്പെടേണ്ടത് ശൈശവകാലം മുതലുള്ള കുട്ടികളുടെ വിദ്യാഭ്യാസ കാലഘട്ടത്തിലായതിനാലും വരുന്ന പാഠ്യപദ്ധതി പരിഷ്കരണത്തിൽ കുട്ടികളിൽ ശാസ്ത്രബോധം വളർത്തുന്നതിനുള്ള കൂടുതൽ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**കേരള പൂരക്കളി അക്കാദമി**

351(3021) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പൂരക്കളി അക്കാദമിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി 2023-24 വർഷത്തെ സംസ്ഥാന ബജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല.

(ബി) ഫണ്ട് വകയിരുത്തുന്നതിന് അക്കാദമിയിൽ നിന്ന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; അറിയിക്കാമോ?

ഉണ്ട്.

(സി) ഫണ്ട് വകയിരുത്തിയിട്ടില്ലെങ്കിൽ അക്കാദമിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി ഫണ്ട് വകയിരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**രാമു കാര്യാട്ട് സിനിമ തിയേറ്റർ നിർമ്മാണം**

352(3022) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ ചേറ്റുവയിലെ രാമു കാര്യാട്ട് സിനിമ തിയേറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് സാംസ്കാരിക വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത തിയേറ്റർ നിർമ്മാണത്തിനായി ചേറ്റുവയിലെ റവന്യൂഭൂമി ലഭിക്കുന്നതിന് സാംസ്കാരിക വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) രാമു കാര്യാട്ടിന്റെ ജന്മനാടായ ചേറ്റുവയിൽ സിനിമ തിയേറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഗുരുവായൂർ എം.എൽ.എ., തൃശ്ശൂർ ജില്ലാകളക്ടർ എന്നിവർ വിളിച്ചുചേർത്ത യോഗങ്ങളിൽ സാംസ്കാരിക കാര്യ വകുപ്പിന്റെ കീഴിലുള്ള ചലച്ചിത്ര വികസന കോർപ്പറേഷന്റെ പ്രതിനിധികൾ പങ്കെടുത്തിരുന്നു.

തിയേറ്റർ പദ്ധതി നടപ്പാക്കുന്നതിനായി ചേറ്റുവ പാലത്തിനടുത്ത് ദേശീയ പാത-66-നോട് ചേർന്നുകിടക്കുന്ന റവന്യൂ വകുപ്പിന്റെ കീഴിലുള്ള സർവ്വേ നമ്പർ 22/1-ൽപ്പെട്ട ഉദ്ദേശം 2 ഏക്കർ 40 സെന്റ് സ്ഥലത്തിൽ ഒരേക്കർ സ്ഥലം (സി.ആർ.ഇസഡ് മേഖലയിൽ ഉൾപ്പെട്ടതുൾപ്പെടെ ആകെ 2 ഏക്കർ) തിയേറ്റർ നിർമ്മാണത്തിന് അനുയോജ്യമാണെന്ന് ബഹുമാനപ്പെട്ട ഗുരുവായൂർ എം.എൽ.എ., ഏങ്ങണ്ടിയൂർ പഞ്ചായത്തിലെ ജനപ്രതിനിധികൾ, തഹസിൽദാർ, വില്ലേജ് ഓഫീസർ അടക്കമുള്ള റവന്യൂ ഉദ്യോഗസ്ഥർ, പൊതുമരാമത്ത് എഞ്ചിനീയർ തുടങ്ങിയവരുടെ പ്രാഥമിക സംയുക്ത സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടിരുന്നു. ആയതിനാൽ സർവ്വേ നമ്പർ 22/1-ൽപ്പെട്ട 2 ഏക്കർ 40 സെന്റിൽനിന്നും തിയേറ്റർ നിർമ്മാണത്തിനും പ്രവർത്തനത്തിനും അനുയോജ്യമായ 2 ഏക്കർ സ്ഥലം സർക്കാർ തിയേറ്റർ നിർമ്മിക്കുന്നതിനായി കെ.എസ്.എഫ്.ഡി.സി.(Kerala

State Film Development Corporation)-ക്ക് കൈമാറണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സ്ഥലത്തിന്റെ വിശദവിവരങ്ങൾ, ഫോം നമ്പർ 2 എന്നിവയുൾപ്പെടുത്തി 03-11-2022-ൽ കെ.എസ്.എഫ്.ഡി.സി. തൃശ്ശൂർ ജില്ലാ കളക്ടർക്ക് കത്ത് നൽകിയിരുന്നു. 26-11-22-ൽ തൃശ്ശൂർ ജില്ലാ കളക്ടർ വിളിച്ചുകൂട്ടിയ മീറ്റിംഗിൽ പ്രസ്തുത സ്ഥലം കെ.എസ്.എഫ്.ഡി.സി.-യുടെ പേരിൽ കൈമാറാൻ കഴിയില്ലെന്നും നിലവിൽ വിഭാവനം ചെയ്തിട്ടുള്ള രാമു കാര്യാട്ട് സാംസ്കാരിക കേന്ദ്രത്തിന്റെ ഭാഗമായി തിയേറ്റർ നിർമ്മിക്കണമെന്നും ആയതിനുള്ള സ്ഥലം കെ. എസ്.എഫ്.ഡി.സി.-ക്ക് പാട്ടത്തിന് നൽകാമെന്നുമുള്ള നിർദ്ദേശം ഉയർന്നുവന്നു. ആയതനുസരിച്ചുള്ള തുടർനടപടികൾ കെ.എസ്.എഫ്.ഡി.സി. സ്വീകരിച്ചുവരുന്നു.

**ഇന്ദുചൂഡൻ സ്മാരക സാംസ്കാരിക നിലയം**

353(3023) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കാവശ്ശേരിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഇന്ദുചൂഡൻ സ്മാരക സാംസ്കാരിക നിലയത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സാംസ്കാരിക നിലയത്തിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിന് ഇന്ദുചൂഡൻ സ്മാരക സാംസ്കാരിക നിലയത്തിനായി 2020-21 സാമ്പത്തിക വർഷം 11-05-2020-ലെ സ.ഉ(സാധാ)നം.215/2020 സാം.കാ.വ. പ്രകാരം 25 ലക്ഷം രൂപ പദ്ധതി വിഹിതമായി അനുവദിച്ചിരുന്നു. തുക പഞ്ചായത്ത് ഡയറക്ടർക്ക് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ആയതിനുശേഷം മാത്രമേ, ചട്ടപ്രകാരമുള്ള മാർഗ്ഗങ്ങളിലൂടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

## അഖില കേരള പുരാണ പാരായണ കല സംഘടന

354(3024) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഖില കേരള പുരാണ പാരായണ കലാസംഘടനാ പ്രതിനിധികൾക്ക് കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിലും കേരള സംഗീത നാടക അക്കാദമിയിലും സാംസ്കാരിക

വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും പ്രാതിനിധ്യം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) കേരള സംഗീത നാടക അക്കാദമി നൽകിവരുന്ന പുരസ്കാരങ്ങളിൽ പുരാണ പാരായണക്കാരെക്കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ & ബി) നിലവിൽ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽനിന്നും പുരാണ പാരായണ വിഭാഗക്കാർക്ക് അംഗത്വമോ, പെൻഷനോ അനുവദിക്കുന്നില്ല. പുരാണ പാരായണക്കാരെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിക്കുകയും തൽക്കാലം ഇക്കാര്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. പിന്നീട് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പുരാണ പാരായണ കലാസംഘടന ജനറൽ സെക്രട്ടറി 21-01-2022-ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ടി കേസിലെ അന്തിമ തീർപ്പിന് വിധേയമായി മാത്രമേ പുരാണ പാരായണക്കാർക്ക് ക്ഷേമനിധി അംഗത്വവും പെൻഷനും നൽകുന്ന വിഷയം പരിഗണിക്കാൻ നിർവ്വാഹമുള്ളൂ. കേരള സംഗീത നാടക അക്കാദമിയുടെ പരിധിയിൽ പുരാണ പാരായണം ഉൾപ്പെടുന്നില്ല.

(സി) പ്രസ്തുത സംഘടന 1994 മുതൽ നടത്തിവരുന്ന ശ്രീവാസുദേവ വിദ്യാപീഠത്തിന് സാംസ്കാരിക വകുപ്പിന്റെ അംഗീകാരമുണ്ടോ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സാംസ്കാരിക വകുപ്പിൽനിന്നും ഇത്തരം സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകിവരുന്നില്ല.

**പുരാണ പാരായണക്കാർക്ക് പെൻഷൻ നൽകാൻ നടപടി**

355(3025) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-ൽ നിലവിൽ വന്ന കേരള സാംസ്കാരിക പ്രവർത്തക ക്ഷേമ നിധി ബോർഡ് 2011 മുതൽ 450-ൽപ്പരം പുരാണ പാരായണക്കാർക്ക് പെൻഷൻ നൽകിവന്നിരുന്നത് 2016 മുതൽ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പെൻഷൻ ലഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) ഇവർക്ക് പ്രീമിയം തുക അടയ്ക്കാനോ പുതിയതായി അംഗത്വമെടുക്കാനോ കഴിയാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽനിന്നും പുരാണ പാരായണ വിഭാഗക്കാർക്ക് അംഗത്വമോ, പെൻഷനോ അനുവദിക്കുന്നില്ല. പുരാണ പാരായണക്കാരെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിക്കുകയും തൽക്കാലം ഇക്കാര്യം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. പിന്നീട് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് പുരാണ പാരായണ കലാസംഘടനാ ജനറൽ സെക്രട്ടറി 21-01-2022-ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ടി കേസിലെ അന്തിമ തീർപ്പിന് വിധേയമായി മാത്രമേ പുരാണ പാരായണക്കാർക്ക് ക്ഷേമനിധി അംഗത്വവും പെൻഷനും നൽകുന്ന വിഷയം പരിഗണിക്കാൻ നിർവ്വാഹമുള്ളൂ.

**ചട്ടമ്പി സ്വാമികളുടെ സ്മാരകം സംരക്ഷിക്കുന്നതിന് നടപടി**

356(3026) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചട്ടമ്പി സ്വാമികളുടെ മാതൃഭവനവും സ്ഥലവും സ്മാരകമാക്കി സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും അധികമായി

ഏറ്റെടുക്കേണ്ട ഭൂമിക്കായുള്ള തുക അനുവദിച്ചിട്ടുണ്ടോയെന്നും സ്മാരക നിർമ്മാണം എന്ന് യാഥാർത്ഥ്യമാക്കാനാകുമെന്നും വിശദമാക്കാമോ?

ചട്ടമ്പി സ്വാമികളുടെ തിരുവനന്തപുരം ജില്ലയിൽ മലയിൻകീഴ് മച്ചേൽ കുളങ്ങരക്കോണത്തുള്ള മാതൃഭവനം (പൊന്നിയത്ത് തറവാട്) ചട്ടമ്പി സ്വാമി സ്മാരകമായി സംരക്ഷിക്കുന്നതിന് തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പള്ളിച്ചൽ വില്ലേജിൽ ബ്ലോക്ക് 4-ൽ റീസർവ്വേ നമ്പർ 288/12-ൽ ഉൾപ്പെട്ട 9.58 ആർ വിസ്തൃതിയുള്ള ഭൂമിയും അതിൽ നിലവിലുള്ള കെട്ടിടവും നിയമപ്രകാരം റവന്യൂ വകുപ്പ് മുഖേന ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി ഉത്തരവ് നൽകിയിരുന്നു. എന്നാൽ പൊന്നുംവില നടപടികളുടെ ഭാഗമായി സ്ഥലപരിശോധന നടത്തിയ സാഹചര്യത്തിൽ അർത്ഥനപ്രകാരമുള്ള ഭൂമി ഏറ്റെടുത്തുകഴിഞ്ഞാൽ ബാക്കിയുള്ള 4.04 ആർ വസ്തു ഭൂവുടമയ്ക്ക് ഉപയോഗ യോഗ്യമല്ലാതെ വരുമെന്ന് ലാന്റ് അക്വിസിഷൻ ഓഫീസർ അറിയിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും കുടുംബാംഗങ്ങളുടെ ആവശ്യപ്രകാരവും 13.62 ആർ (ചട്ടമ്പിസ്വാമികളുടെ ഭവനം സ്ഥിതി ചെയ്യുന്ന മുഴുവൻ സ്ഥലം) ഏറ്റെടുക്കാൻ പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഭൂമിക്ക് ആർ ഒന്നിന് 2 ലക്ഷം രൂപ മതിപ്പ് വില നിശ്ചയിച്ച് 9.58 ആർ.-ന് 19,16,000/-രൂപ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായി വരുമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചിരുന്നു. 2022-23 സാമ്പത്തിക വർഷം 2205-00-102-08-50 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനായി 20,00,000/-രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ 13.62 ആർ ഭൂമി ഏറ്റെടുക്കുന്നതിന് 33,09,349/-രൂപ പൊന്നുംവില ഓഫീസറുടെ അക്കൗണ്ടിലേയ്ക്ക് അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2205-00-102-08-50 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 20,00,000/-രൂപയ്ക്ക് പുറമെ 13,09,349/-രൂപകൂടി അനുവദിക്കുന്ന വിഷയം പരിഗണനയിലാണ്.

**മിശ്രഭോജന സ്മാരക മന്ദിര നിർമ്മാണം**

357(3027) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിനുകീഴിലുള്ള വൈപ്പിൻ മണ്ഡലത്തിലെ ചെറായിയിൽ പ്രവർത്തിക്കുന്ന സഹോദരൻ അയ്യപ്പൻ സ്മാരകത്തിന്

മിശ്രഭോജന സ്മാരക മന്ദിരം നിർമ്മിക്കുന്നതിനും നടത്തിപ്പിനുമുള്ള ചുമതല മുസിരിസ് പ്രോജക്റ്റ് ലിമിറ്റഡിനെ ഏൽപ്പിച്ച് ഉത്തരവിറക്കിയിട്ടും 2022-23 ബഡ്ജറ്റിൽ അടങ്കൽ തുകയുടെ ഇരുപത് ശതമാനം വകയിരുത്തിയിട്ടും മിശ്രഭോജന സ്മാരക മന്ദിരത്തിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കാത്തതിന് കാരണം വ്യക്തമാക്കാമോ?

മിശ്രഭോജന സ്മാരകം നിർമ്മിക്കുന്നതിനും അതിന്റെ മേൽനോട്ട നിർവ്വഹണത്തിനും സഹോദരൻ അയ്യപ്പൻ സ്മാരകം സെക്രട്ടറിക്ക് ടൂറിസം വകുപ്പ് അനുമതി നൽകിയിട്ടുള്ളതിനാലും സഹോദരൻ അയ്യപ്പൻ സ്മാരകവും അതിനോടനുബന്ധിച്ചുള്ളവയും മുസിരിസ് പൈതൃക പദ്ധതിയിലെ ഒരു മുഖ്യ ഘടകമായതിനാലും മുസിരിസ് പ്രോജക്റ്റ് ലിമിറ്റഡ് മിശ്രഭോജന സ്മാരകത്തിനുവേണ്ടി ഏറ്റെടുത്ത ഭൂമി സാംസ്കാരിക വകുപ്പിന് കൈമാറുന്നതിന് നിർവ്വാഹമില്ലെന്ന് ടൂറിസം വകുപ്പ് ഡയറക്ടർ സാംസ്കാരിക വകുപ്പ് ഡയറക്ടറെ അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ സാംസ്കാരിക വകുപ്പിൽനിന്നും സ്മാരകം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) ടൂറിസം വകുപ്പിന്റെ പേരിലുള്ള മൂന്ന് സെന്റ് സ്ഥലം കൈമാറാതെ തന്നെ പ്രസ്തുത സ്ഥലത്ത് നിർമ്മാണം നടത്തുന്നതിനും നടത്തിപ്പ്

ചുമതലകൾ നിർവ്വഹിക്കുന്നതിനും മുസിരീസ് പ്രോജക്റ്റ് ലിമിറ്റഡ് ഉത്തരവിറക്കിയതിന്റെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പിനുകീഴിൽ മിശ്രഭോജന സ്മാരക മന്ദിരത്തിന് ഭരണാനുമതി ലഭ്യമാക്കാൻ തടസ്സമുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

## കേരള സാംസ്കാരിക യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ നടപടി

358(3028) ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കലാമണ്ഡലം കൽപ്പിത സർവ്വകലാശാല മുഖേന ഫോക് പഠനത്തിന് കോഴ്സുകൾ നടത്തുന്നുണ്ടോ അറിയിക്കാമോ; ഇപ്പോൾ ഏതൊക്കെ വിഷയങ്ങളിലാണ് കോഴ്സുകൾ നടത്തുന്നതെന്ന് അറിയിക്കാമോ?

കേരള കലാമണ്ഡലം കൽപ്പിത സർവ്വകലാശാലയിൽ ഫോക് പഠനത്തിന് കോഴ്സുകൾ നടത്തുന്നില്ല. കഥകളി വേഷം (വടക്കൻ), കഥകളി വേഷം (തെക്കൻ), കഥകളി ചെണ്ട, കഥകളി മദ്ദളം, കഥകളി സംഗീതം,

കൂടിയാട്ടം (സ്ത്രീവേഷം), കൂടിയാട്ടം (പുരുഷവേഷം), തുള്ളൽ, മോഹിനിയാട്ടം, കഥകളി ചുട്ടി, പഞ്ചവാദ്യം, കർണ്ണാടക സംഗീതം, മിഴാവ്, മൃദംഗം എന്നീ വിഷയങ്ങളിലാണ് ഇപ്പോൾ കോഴ്സുകൾ നടത്തുന്നത്.

(ബി) ക്ലാസിക്കൽ വിഷയങ്ങളിൽ മാത്രമാണ് കലാമണ്ഡലത്തിൽ കോഴ്സുകൾ നടത്തിവരുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

ക്ലാസിക്കൽ കലാരൂപങ്ങളിലാണ് കേരള കലാമണ്ഡലത്തിൽ കോഴ്സുകൾ നടത്തുന്നത്.

(സി) നാടൻകലകൾ കോഴ്സായി പഠിപ്പിക്കുന്ന ഏതൊക്കെ സ്ഥാപനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

ഫോക് ലോർ അക്കാദമിയുടെ സബ് സെന്ററുകളിൽ നാടൻ കലകൾ അഭ്യസിപ്പിക്കുന്നുണ്ട്. ഗുരുകുല സമ്പ്രദായം അവലംബിച്ച് പരിശീലനം നൽകുന്നതിനൊപ്പം 300 കുട്ടികൾക്ക് സ്റ്റൈപ്പന്റും നൽകുന്നുണ്ട്.

(ഡി) നാടൻകലകളുടെ പ്രോത്സാഹനത്തിനായി രൂപീകരിച്ച് പ്രവർത്തിക്കുന്ന കേരളാ ഫോക് ലോർ അക്കാദമിയെ നാടൻ കലയിൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്താൻ സാധിക്കുന്ന വിധത്തിൽ കേരള സാംസ്കാരിക യൂണിവേഴ്സിറ്റിയായി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

## ഗിരീഷ് പുത്തഞ്ചേരിക്ക് സ്മാരക മന്ദിരം

359(3029) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്രഗാന രചയിതാവും തിരക്കഥാകൃത്തുമായിരുന്ന ഗിരീഷ് പുത്തഞ്ചേരിയുടെ സ്മരണകൾ നിലനിർത്തുന്നതിനും കലാപ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിനുമായി സ്മാരക മന്ദിരം നിലവിലില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഗിരീഷ് പുത്തഞ്ചേരിക്ക് സ്മാരക മന്ദിരം പണിയുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഗിരീഷ് പുത്തഞ്ചേരിക്ക് സ്മാരക മന്ദിരം പണിയണമെന്നാവശ്യപ്പെട്ട് ഉള്ളിയേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.എൽ.എ. ശ്രീ. കെ.എം.സച്ചിൻദേവ് മുഖാന്തരം നൽകിയ നിവേദനം പരിശോധിച്ച്, സ്ഥല ലഭ്യത സംബന്ധിച്ച വിശദമായ റിപ്പോർട്ടിനായി ഉള്ളിയേരി

ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സാംസ്കാരിക വകുപ്പ് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഗിരീഷ് പുത്തഞ്ചേരിയുടെ സ്മരണകൾ നിലനിർത്തുന്നതോടൊപ്പം സിനിമാ ഗാനങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനായി കലാകേന്ദ്രം സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

കലാകേന്ദ്രം സ്ഥാപിക്കൽ ഇപ്പോൾ പരിഗണനയിലില്ല.

**സാംസ്കാരിക കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടി**

360(3030) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലകൾ തോറും സാംസ്കാരിക നായകന്മാരുടെ നാമധേയത്തിൽ സാംസ്കാരിക കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

കൊല്ലത്ത് ശ്രീനാരായണ ഗുരുവിന്റെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. പാലക്കാട്, കാസർഗോഡ് ജില്ലകളിൽ യഥാക്രമം വി. ടി. ഭട്ടതിരിപ്പാട്, സുബ്രഹ്മണ്യൻ

തിരുമുമ്പ് എന്നിവരുടെ നാമധേയത്തിലുള്ള സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. മലപ്പുറം ജില്ലയിൽ സ്ഥാപിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരികയാണ്. കണ്ണൂർ ജില്ലയിൽ സമുച്ചയ നിർമ്മാണത്തിനായി കണ്ടെത്തിയ സ്വകാര്യ ഭൂമി സാംസ്കാരിക വകപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്. പാട്യം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 89.06 സെന്റ് ഭൂമി കൂടി സാംസ്കാരിക വകുപ്പിന് കൈമാറി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കണ്ണൂർ എന്നീ നാല് ജില്ലകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. ആലപ്പുഴ ജില്ലയിൽ സമുച്ചയത്തിനായി കണ്ടെത്തിയിട്ടുള്ള ഭൂമിയുടെ കൈമാറ്റ നടപടികൾ അവസാന ഘട്ടത്തിലാണ്. പത്തനംതിട്ട ജില്ലയിലെ ഏനാദിമംഗലം ഗ്രാമപഞ്ചായത്തിൽ ബ്ലോക്ക് നമ്പർ 25-ൽ റീസർവ്വേ നമ്പർ 206, 267/1, 284-ൽപ്പെട്ട 5 ഏക്കർ സ്ഥലം സമുച്ചയ നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കെ.എസ്.എഫ്.ഡി.സി. ചെയർമാൻ നൽകിയ

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജലവിഭവ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള നിർദ്ദിഷ്ട ഭൂമി സമുച്ചയ നിർമ്മാണത്തിന് അനുയോജ്യമാണോ എന്നത് സംബന്ധിച്ചും ഭൂമിയുടെ തരം സംബന്ധിച്ചുമുള്ള റിപ്പോർട്ട് പത്തനംതിട്ട ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, വയനാട്, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ ഭൂമി കണ്ടെത്തുന്നതിന് ജില്ലാ ഭരണകൂടത്തിന്റെ സഹായത്തോടെ നടപടികൾ കൈക്കൊണ്ടുവരികയാണ്.

(ബി) ആലപ്പുഴ ജില്ലയിൽ നൂറനാട് ലെപ്രസി സാനിറ്റോറിയത്തിൽ ആരോഗ്യവകുപ്പ് വിട്ടുനല്കിയ സ്ഥലത്ത് പി. കൃഷ്ണപിള്ള സാംസ്കാരിക സമുച്ചയം നിർമ്മിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആലപ്പുഴ ജില്ലയിൽ പി. കൃഷ്ണപിള്ളയുടെ നാമധേയത്തിലുള്ള നവോത്ഥാന സാംസ്കാരിക സമുച്ചയം, 23-01-2023-ലെ സ.ഉ(കൈ)നം.14/2023/RD നമ്പർ ഉത്തരവുപ്രകാരം സാംസ്കാരിക വകുപ്പിന് കൈമാറി ലഭിച്ചിട്ടുള്ള മാവേലിക്കര താലൂക്കിൽ താമരക്കുളം വില്ലേജിൽ ബ്ലോക്ക് നമ്പർ 18, റീസർവ്വേ നമ്പർ 30-ൽ ഉൾപ്പെട്ട 5 ഏക്കർ ഭൂമിയിലാണ് സ്ഥാപിക്കുന്നത്. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

## സുകുമാർ അഴീക്കോടിന്റെ വീട് നവീകരണം

361(3031) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുകുമാർ അഴീക്കോടിന്റെ വീട് കേരള സാഹിത്യ അക്കാദമി ഏറ്റെടുത്ത് നവീകരിക്കുന്നതിനായി 2013 മുതൽ 2016 മേയ് വരെയുള്ള കാലയളവിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പ്രസ്തുത സ്മാരക നവീകരണത്തിനായി എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ടെന്നും ഇതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പാക്കിയതെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത സ്മാരകം നവീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ-സി) കേരള സാഹിത്യ അക്കാദമി സ്മാരക സംരക്ഷണത്തിനുവേണ്ടി ഒരു കെയർടേക്കർ, സെക്യൂരിറ്റി എന്നിവരെ ഏർപ്പെടുത്തി സ്മാരകം പ്രവർത്തനസജ്ജമാക്കിയിരുന്നു. 26-03-2015-ലെ

സ.ഉ(സാധാ)നം. 159/2015/സി.എ.ഡി. പ്രകാരം 10,00,000/-രൂപ സാഹിത്യ അക്കാദമിക്ക് അനുവദിച്ചിരുന്നു. തുടർന്ന് സുകുമാർ അഴീക്കോട് സ്മാരകം കേരള സാഹിത്യ അക്കാദമി ഏറ്റെടുത്ത് നവീകരിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷം 20-02-2020-ലെ സ.ഉ(സാധാ)നം. 1570/2020/ധന. പ്രകാരം 50,00,000/-രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക മുഴുവനായും വിനിയോഗിച്ച് സ്മാരകം നവീകരിക്കുകയും 24-01-2023-ന് ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. സ്മാരകത്തിനുള്ളിലെ 'സ്റ്റുഡിയോ-കം-തീയേറ്റർ' കൂടി കുറ്റമറ്റ രീതിയിൽ പ്രവർത്തനക്ഷമമാക്കേണ്ടതുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതാണ്.

## മലയാള സാഹിത്യ വിജ്ഞാനകോശം ലഘു പതിപ്പ്

362(3032) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 മേയ് 18-ന് പ്രകാശനം ചെയ്ത മലയാള സാഹിത്യ വിജ്ഞാന കോശം (ലഘു പതിപ്പ്) അച്ചടി പൂർത്തീകരിച്ചത് എന്നാണ്; എത്ര കോപ്പികളാണ് അച്ചടിച്ചത്; എവിടെയാണ് അച്ചടിച്ചത്; പ്രസ്തുത

പുസ്തകം അച്ചടിച്ച ഇനത്തിൽ എത്ര രൂപ ചെലവഴിച്ചു; ഒരു പുസ്തകത്തിന്റെ വില എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പുസ്തകം അച്ചടിക്കുന്നതിനുമുമ്പ് കവർ പേജ് മാത്രം ഉൾപ്പെടുത്തി പ്രകാശന കർമ്മം നിർവ്വഹിച്ച എന്നതിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ; പുസ്തകം സർവ്വവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിൽ ലഭ്യമാണോ എന്ന് വ്യക്തമാക്കുമോ?

(എ&ബി) സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് 100 ദിന കർമ്മപദ്ധതിയിലുൾപ്പെടുത്തി മലയാള സാഹിത്യ വിജ്ഞാനകോശ (ലഘുപതിപ്പ്)-ത്തിന്റെ ഡിജിറ്റൽ പ്രിന്റ് 2022 മേയ് 18-ന് പ്രകാശനം ചെയ്തിരുന്നു. പ്രസ്തുത വാല്യം ഇപ്പോൾ അച്ചടിക്കായി തയ്യാറായിട്ടുണ്ട്. ടി വാല്യം സി-ആപ്റ്റിൽ അച്ചടിക്കുന്നതിനുള്ള അനുമതി ലഭ്യമായതിനെത്തുടർന്ന് ടി വാല്യത്തിന്റെ 2000 കോപ്പികൾ അച്ചടിക്കുന്നതിനുള്ള റേറ്റ് ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് പുസ്തകത്തിന്റെ വില തീരുമാനിക്കുന്നതാണ്.

**യുവജനക്ഷേമ വകുപ്പിൽ നടപ്പാക്കിയ പദ്ധതികൾ**

363(3033) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവജനക്ഷേമ വകുപ്പിൽ നടപ്പാക്കിയ പ്രധാനപ്പെട്ട പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ യുവജനക്ഷേമം ലക്ഷ്യമാക്കി നടപ്പാക്കിവരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:-

1. കേരളോത്സവം

2. ടീം കേരള (വോളന്റീയർ ആക്ഷൻ ഫോഴ്സ്)

3. അഡ്വഞ്ചർ ആക്ടിവിറ്റീസ് (ട്രെക്കിംഗ്, സാഹസിക ക്യാമ്പ്, സാഹസിക കാർണിവൽ, അമ്പെയ്ത്ത് പരിശീലനം, ബീച്ച് ഫെസ്റ്റ്)

4. യുവമാധ്യമ പ്രവർത്തക ക്യാമ്പ്

5. യുവസാഹിത്യ ക്യാമ്പ്

6. സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം

7. അവളിടം യൂത്ത് ക്ലബ്ബ് - യുവാ ക്ലബ്ബ് (ധനസഹായ വിതരണം)

8. കതിർ കാർഷിക ക്ലബ്ബ്

9. ഫ്ലാറ്റ് ക്ലബ്

10. ട്രൈബൽ സ്പോർട്സ് ക്ലബ്ബ്

11. വിവാഹ കൗൺസിലിംഗ് ക്ലാസുകൾ

12. ലഹരിവിരുദ്ധ ക്യാമ്പയിൻ

13. ഫിഫ വേൾഡ് കപ്പ് - ബിഗ് സ്ക്രീൻ പ്രദർശനം

14. മത്സര പരീക്ഷാ പരിശീലനം

15. മണിനാദം (നാടൻ പാട്ട് മത്സരം)

16. കായിക വികസന പ്രവർത്തനങ്ങൾ (സെവൻസ് ഫുട്ബോൾ, കബഡി, വോളിബോൾ മത്സരങ്ങൾ)

17. ട്രാൻസ്ജെൻഡേഴ്സ് ശാക്തീകരണം

18. ഷോർട്ട് ഫിലിം ഡോക്യുമെന്ററി ഫെസ്റ്റിവൽ

19. ശാസ്ത്ര ക്വിസ്

20.മാരിവില്ല് ഫെസ്റ്റ് (ട്രാൻസ്ജെൻഡേഴ്സ് ഫെസ്റ്റ്)

21. ട്രൈബൽ സ്പോർട്സ് മത്സരങ്ങൾ

22. ഓൺലൈൻ ഡെലിവറി

യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം-മയക്കമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡു സുരക്ഷ, മാനസികാരോഗ്യം എന്നിവ സംബന്ധിച്ചും സംസ്ഥാനമൊട്ടാകെ കോളേജുകളിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും കേരള സംസ്ഥാന യുവജന കമ്മീഷൻ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. യുവജനങ്ങളുടെ പ്രശ്നങ്ങളും ഇവരുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളും സംബന്ധിച്ച് കമ്മീഷന് ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും പരിഗണിക്കുന്നതിനായി ജില്ലാതലത്തിൽ അദാലത്തുകൾ/ഹിയറിംഗുകൾ/വിസിറ്റുകൾ എന്നിവ കമ്മീഷൻ നടത്തിവരുന്നു. യുവജനങ്ങളുടെ സർഗ്ഗാത്മകതയും നൈപുണ്യവും വികസിപ്പിച്ചുകൊണ്ട് ഉന്നത നിലവാരത്തിലുള്ള നേട്ടങ്ങൾ കൈവരിക്കുന്നതിന് പ്രാപ്തരാക്കുന്നതിന് എല്ലാ തലങ്ങളിലുമുള്ള പ്രവർത്തനങ്ങളിൽ അവരുടെ സാദ്ധ്യതകളും കഴിവുകളും കണ്ടെത്തുന്നതിലേയ്ക്കും അവബോധം ഉണ്ടാക്കുന്നതിലേയ്ക്കുമായി കമ്മീഷൻ വിവിധ മേഖലകളിൽപ്പെട്ട വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ, യുവജനങ്ങളുടെ അവകാശങ്ങൾ,

ലിംഗ സമത്വം തുടങ്ങിയ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ യുവജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് എല്ലാ വർഷവും ദേശീയ സെമിനാർ സംഘടിപ്പിച്ചുവരുന്നു. സാമൂഹ്യനീതി വകുപ്പും പട്ടികവർഗ്ഗ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഗോത്രവർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾക്ക് ആരോഗ്യരംഗത്ത് ബോധവത്കരണം നൽകുന്നതിനും മറ്റ് ആദിവാസി കോളനികളിലെ യുവജനങ്ങളുടെ തൊഴിൽപരവും ആരോഗ്യപരവും സാമൂഹ്യപരവുമായ വികസനം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ യുവജന കമ്മീഷൻ ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു. ഇതിനുപുറമെ യുവജനങ്ങൾക്ക് സൗജന്യ നിയമസഹായം നൽകുക എന്ന ഉദ്ദേശ്യത്തോടെ യുവജന കമ്മീഷന്റെ നേതൃത്വത്തിൽ 'യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ' പ്രവർത്തിച്ചുവരുന്നു. കോവിഡാനന്തര കേരളീയ സമൂഹത്തിൽ എല്ലാ മേഖലകളിലും സ്വയംപര്യാപ്തത നേടുക എന്ന ലക്ഷ്യം മുൻനിർത്തി യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാമിൽ ഗ്രീൻ യൂത്ത് പദ്ധതി ഉൾപ്പെടുത്തിക്കൊണ്ട് കമ്മീഷനിലെ അംഗങ്ങളുടെ നേതൃത്വത്തിൽ 'ഗ്രീൻ സോൺ' പദ്ധതി വർഷംതോറും നടത്തിവരുന്നു. തരിശ് ഭൂമികൾ കണ്ടെത്തി ആയവ കൃഷിക്ക്

അനുയോജ്യമായ നിലയിൽ പരിവർത്തനപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കിവരുന്ന പദ്ധതിയാണ് ഗ്രീൻ യൂത്ത് പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി സംരക്ഷണം, പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണവും ഇതോടൊപ്പം നടത്തിവരുന്നു. കമ്മീഷൻ നടത്തുന്ന വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പദ്ധതിയുടെ ഭാഗമായ ജോബ് ഫെസ്റ്റ് സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെടുന്ന 7 കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചുവരുന്നു.

**കേരള സംസ്ഥാന യുവജന കമ്മീഷൻ**

364(3034) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന യുവജന കമ്മീഷന്റെ കഴിഞ്ഞ ഏഴ് വർഷത്തെ പ്രവർത്തന പുരോഗതിയും കമ്മീഷന്റെ പ്രവർത്തനങ്ങൾ കൊണ്ട് യുവജനങ്ങൾക്ക് ലഭിച്ച സേവനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

കേരള സംസ്ഥാന യുവജന കമ്മീഷന്റെ കഴിഞ്ഞ ഏഴ് വർഷത്തെ പ്രവർത്തന പുരോഗതിയും യുവജനങ്ങൾക്ക് ലഭിച്ച സേവനങ്ങളും ചുവടെ ചേർക്കുന്നു:-

1. യുവജനങ്ങൾക്കിടയിൽ വ്യാപകമായിട്ടുള്ള മദ്യം-മയക്കമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡു സുരക്ഷ, മാനസിക ആരോഗ്യം എന്നിവ സംബന്ധിച്ചും സംസ്ഥാനമൊട്ടാകെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും കോളേജുകളിലും ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

2. യുവാക്കളുടെ പ്രശ്നങ്ങളും യുവാക്കളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളും സംബന്ധിച്ച് കമ്മീഷന് ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും പരിഗണിക്കുന്നതിനായി കമ്മീഷൻ ആസ്ഥാനത്ത് സിറ്റിംഗും ജില്ലാതലത്തിൽ അദാലത്തുകൾ/ഹിയറിംഗുകൾ/വിസിറ്റുകൾ എന്നിവയും നടത്തിവരുന്നു. വിവിധ പരാതികളിന്മേലുള്ള കമ്മീഷന്റെ ശിപാർശയിന്മേൽ സർക്കാർതലത്തിലും പൊതുമേഖല/സർക്കാർ ഇതര സ്ഥാപനതലത്തിലും നടപടി സ്വീകരിക്കുകയുണ്ടായിട്ടുണ്ട്. ഇതുവഴി യുവജനങ്ങളുടെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

3. യുവാക്കളുടെ സർഗ്ഗാത്മകതയും നൈപുണ്യവും വികസിപ്പിച്ചുകൊണ്ട് ഉന്നത നിലവാരത്തിലുള്ള നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുന്നതിനും വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങളിൽ അവരുടെ സാദ്ധ്യതകളും കഴിവുകളും കണ്ടെത്തുന്നതിനും അവബോധം ഉണ്ടാക്കുന്നതിനുമായി വിവിധ മേഖലകളിൽപ്പെട്ട വിദഗ്ദ്ധരെ ഉപയോഗപ്പെടുത്തിക്കൊണ്ട്, കമ്മീഷൻ വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ, യുവജനങ്ങളുടെ അവകാശങ്ങൾ, ലിംഗസമത്വം തുടങ്ങിയ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ, രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ യുവജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് എല്ലാ വർഷവും ദേശീയ സെമിനാർ സംഘടിപ്പിച്ചുവരുന്നു.

4. സാമൂഹ്യനീതി വകുപ്പും പട്ടികവർഗ്ഗ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഗോത്രവർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾക്ക് ആരോഗ്യരംഗത്ത് ബോധവത്കരണം നൽകുന്നതിനും ആദിവാസി കോളനികളിലെ യുവജനങ്ങളുടെ തൊഴിൽപരവും ആരോഗ്യപരവും സാമൂഹ്യപരവുമായ വികസനം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ യുവജന കമ്മീഷൻ ആരോഗ്യ ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു.

5. യുവജനങ്ങൾക്ക് സൗജന്യ നിയമസഹായം നൽകുക എന്ന ഉദ്ദേശ്യത്തോടെ 'യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ' പ്രവർത്തിച്ചുവരുന്നു.

6. കോവിഡാനന്തര കേരളീയ സമൂഹത്തിൽ എല്ലാ മേഖലകളിലും സ്വയം പര്യാപ്തത നേടേണ്ടത് അനിവാര്യമാണ്. ഈ ലക്ഷ്യം മുൻനിർത്തി യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാമിൽ ഗ്രീൻ യൂത്ത് പദ്ധതി ഉൾപ്പെടുത്തിക്കൊണ്ട് കമ്മീഷനിലെ അംഗങ്ങളുടെ നേതൃത്വത്തിൽ 'ഗ്രീൻ സോൺ' പദ്ധതി വർഷംതോറും കമ്മീഷൻ നടത്തിവരുന്നു. തരിശ് ഭൂമികൾ കണ്ടെത്തി ആയവ കൃഷിക്ക് അനുയോജ്യമായ രീതിയിൽ പരിവർത്തനപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കിവരുന്ന പദ്ധതിയാണിത്. ഈ പദ്ധതിയുടെ ഭാഗമായി പരിസ്ഥിതി സംരക്ഷണം, പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽകരണവും ഇതോടൊപ്പം നടത്തിവരുന്നു. ഇതുവഴി ഏത് തൊഴിലും അന്തസ്സായി ചെയ്ത് ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനുള്ള അറിവ് പ്രദാനം ചെയ്യുന്നു.

7. കമ്മീഷൻ നടത്തുന്ന വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പദ്ധതിയുടെ ഭാഗമായ ജോബ് ഫെസ്റ്റ് സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെടുന്ന ഏഴ് കേന്ദ്രങ്ങളിൽ സംഘടിപ്പിച്ചുവരുന്നു.

(ബി) പ്രസ്തുത കമ്മീഷൻ ചെയർപേഴ്സന്റെ നിലവിലെ ശമ്പളവും അലവൻസുകളും മറ്റ് ഔദ്യോഗിക സൗകര്യങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സന്റെ ശമ്പളവും മറ്റ് അലവൻസുകളും വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശയിന്മേൽ അക്കൗണ്ടന്റ് ജനറലിന്റെ എതിർപ്പ് എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; എതിർപ്പ് അറിയിച്ച രേഖയുടെ പകർപ്പ് ലഭ്യമാക്കാമോ?

നിലവിൽ യുവജന കമ്മീഷൻ ചെയർപേഴ്സന് പ്രതിമാസം കൺസോളിഡേറ്റഡ് പേ ആയി 1,00,000/- (ഒരു ലക്ഷം രൂപ മാത്രം) രൂപയാണ് നൽകുന്നത്. സിറ്റിംഗ് ഫീസ്, യാത്രാബത്ത, ന്യൂസ് പേപ്പർ അലവൻസ് എന്നീ ആനുകൂല്യങ്ങളും നൽകുന്നുണ്ട്. സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സന്റെ ശമ്പളം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അക്കൗണ്ടന്റ് ജനറൽ എന്തെങ്കിലും എതിർപ്പ് അറിയിച്ചതായ വിവരങ്ങൾ ലഭ്യമല്ല.

(സി) പ്രസ്തുത കമ്മീഷൻ ചെയർപേഴ്സന്റെ ശമ്പളവും മറ്റ് അലവൻസുകളും വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് യുവജന കമ്മീഷൻ ഓഫീസിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ഫയലിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സന്റെ ശമ്പളവും മറ്റ് അലവൻസുകളും വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റുതലത്തിൽ യുവജനകാര്യ വകുപ്പിന്റെയും ധനകാര്യ വകുപ്പിന്റെയും റിമാർക്സ് അടങ്ങുന്ന ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സന്റെ ശമ്പളവും മറ്റ് അലവൻസുകളും വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശയിന്മേൽ അക്കൗണ്ടന്റ് ജനറലിന്റെ എതിർപ്പ് എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; എതിർപ്പ് അറിയിച്ച രേഖയുടെ പകർപ്പ് ലഭ്യമാക്കാമോ?

(സി-ഇ) 6-1-2017-ലെ സ.ഉ. (സാധാ) നം.3/2017/കാ.യു.വ. പ്രകാരം യുവജന കമ്മീഷൻ ചെയർപേഴ്സൺ-ന്റെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച വിഷയത്തിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതുവരെ നിലവിലെ ചെയർപേഴ്സണ് പ്രതിമാസം 50,000/-രൂപ അഡ്വാൻസ് ശമ്പളവും ഔദ്യോഗിക യാത്രകൾക്ക് ഒന്നാം ക്ലാസ് കേരള സർക്കാർ

ഉദ്യോഗസ്ഥർക്കുള്ള യാത്രാബത്ത, ദിനബത്ത എന്നിവയും ഔദ്യോഗിക വാഹനത്തിനും സർക്കാർ ഗസ്റ്റ് ഹൗസ്/റസ്റ്റ് ഹൗസ് താമസത്തിനും തിരുവനന്തപുരത്ത് ഔദ്യോഗിക താമസത്തിനായി പ്രതിമാസം 50,000/- നുമേൽ ശമ്പളത്തിന് ആനുപാതികമായ നിരക്കിലുള്ള വീട്ടുവാടക ബത്തയ്ക്കും (2500/- രൂപ) അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽപ്രകാരം ചെയർപേഴ്സൺ അഡ്വാൻസ് ശമ്പളമായി 50,000/- രൂപ കൈപ്പറ്റിവരവെ 26-5-2018-ലെ സ.ഉ (അച്ചടി) 5/2018/കാ.യു.വ. പ്രകാരം നിലവിൽ വന്ന കമ്മീഷൻ ചട്ടങ്ങളിൽ ചെയർപേഴ്സന്റെ ശമ്പളം 1 ലക്ഷം രൂപയായി നിജപ്പെടുത്തുകയുണ്ടായി. ഇതുസംബന്ധിച്ച ഫയലിന്റെ (File No. 1989/B2/2014/SYA) പകർപ്പ് അനുബന്ധമായി+ ചേർത്തിട്ടുണ്ട്. സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സന്റെ ശമ്പളം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അക്കൗണ്ടന്റ് ജനറൽ എന്തെങ്കിലും എതിർപ്പ് അറിയിച്ചതായ വിവരങ്ങൾ ലഭ്യമല്ല.

**കേരള സംസ്ഥാന യുവജന കമ്മീഷൻ**

365(3035) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള സംസ്ഥാന യുവജന കമ്മീഷന് 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പദ്ധതിയിനത്തിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

കേരള സംസ്ഥാന യുവജന കമ്മീഷന് 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ പദ്ധതിയിനത്തിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച് സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

**യുവജന കമ്മീഷൻ അധ്യക്ഷയുടെ ഔദ്യോഗിക കാലാവധി**

366(3036) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന യുവജന കമ്മീഷൻ അധ്യക്ഷൻ/അധ്യക്ഷയുടെ ഔദ്യോഗിക കാലാവധി എത്രയാണ്; പ്രസ്തുത തസ്തികയിൽ പുനർനിയമനത്തിന് അർഹതയുണ്ടോ?

2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്റ്റിന്റെ വകുപ്പ് 4(1) പ്രകാരം കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സണും അംഗങ്ങൾക്കും അവർ ഔദ്യോഗിക സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ മൂന്ന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർഷക്കാലം ഔദ്യോഗിക സ്ഥാനം വഹിക്കാവുന്നതാണ്. എന്നാൽ, ചെയർപേഴ്സൺ, തന്റെ പിൻഗാമി നിയമിക്കപ്പെടുകയും ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുകയും ചെയ്യുന്നതുവരെയോ അല്ലെങ്കിൽ ആറുമാസത്തേയ്ക്കോ, ഏതാണോ ആദ്യം അതുവരെ അങ്ങനെയുള്ള ഔദ്യോഗിക സ്ഥാനത്ത് തുടരേണ്ടതാണ്. പ്രസ്തുത ആക്റ്റിന്റെ വകുപ്പ് 4(6) പ്രകാരം ചെയർപേഴ്സണോ ഒരംഗത്തിനോ രണ്ടിൽ കൂടുതൽ തവണ ഔദ്യോഗിക സ്ഥാനം വഹിക്കുന്നതിന് അർഹതയില്ലാത്തതാകുന്നു.

(ബി) നിലവിലെ അധ്യക്ഷയെ നിയമിച്ചത് എന്നാണ്; നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) നിലവിലെ അധ്യക്ഷയ്ക്ക് പുനർനിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(ബി&സി) കേരള സംസ്ഥാന യുവജന കമ്മീഷന്റെ നിലവിലെ അധ്യക്ഷയെ നിയമിച്ചത് 04-10-2016-ലെ സ.ഉ (സാധാ) നം.209/16/കാ.യു.വ. പ്രകാരമാണ്. നിലവിലെ അധ്യക്ഷയ്ക്ക് 01-01-2020-ലെ സ.ഉ.(അച്ചടി)നം.1/2020/കാ.യു.വ. (എസ്.ആർ.ഒ. നം.5/2020 തീയതി 04-01-2020) പ്രകാരം പുനർനിയമനം നൽകിയിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## യുവജന കമ്മീഷൻ ഓഫീസ് സംവിധാനത്തിന്റെ ചെലവ്

367(3037) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന യുവജന കമ്മീഷൻ ഓഫീസ് സംവിധാനത്തിനായി പ്രതിവർഷം എത്ര രൂപ ചെലവഴിക്കുന്നുണ്ട്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-22 സാമ്പത്തിക വർഷം ജീവനക്കാരുടെ ശമ്പളം, അംഗങ്ങളുടെ ഓണറേറിയം ഇനങ്ങളിൽ ആകെ 1,00,06,117/- രൂപയും ശമ്പളേതര ഓഫീസ് ചെലവുകൾക്കായി 14,27,120/- രൂപയും ചെലവായിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ശമ്പളം, അംഗങ്ങളുടെ ഓണറേറിയം ഇനങ്ങളിൽ നാളിതുവരെ ആകെ 94,06,000/- രൂപയും ശമ്പളേതര ഓഫീസ് ചെലവുകൾക്കായി 11,38,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) കമ്മീഷൻ ഓഫീസിലും ചെയർപേഴ്സനുമായി നിലവിൽ എത്ര വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ട്; ഈ വാഹനങ്ങൾ കരാർ അടിസ്ഥാനത്തിൽ ആണോ ഉപയോഗിക്കുന്നത്; ഈ സർക്കാർ

അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപയാണ് ഈ ഇനത്തിൽ പ്രതിവർഷം ചെലവഴിക്കുന്നത്; വിശദാംശം നൽകാമോ?

യുവജന കമ്മീഷൻ ഓഫീസ് ആവശ്യങ്ങൾക്കും ചെയർപേഴ്സന്റെ ആവശ്യങ്ങൾക്കുമായി നിലവിൽ കരാർ അടിസ്ഥാനത്തിലുള്ള രണ്ട് വാഹനങ്ങളാണുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021 മേയ് മുതൽ മാർച്ച് 31 വരെ ആകെ 11,53,612/- രൂപയും നടപ്പ് സാമ്പത്തിക വർഷം (2022 ഏപ്രിൽ മുതൽ നാളിതുവരെ) 11,13,377/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

**യുവജന കമ്മീഷൻ അധ്യക്ഷയുടെ ആനുകൂല്യങ്ങൾ**

368(3038) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന യുവജന കമ്മീഷന്റെ നിലവിലെ അധ്യക്ഷ ശമ്പളയിനത്തിൽ നാളിതുവരെ കൈപ്പറ്റിയ ആകെ തുക എത്രയാണെന്നും സിറ്റിംഗ് ഫീസ്, ടി.എ., മറ്റ് ആനുകൂല്യങ്ങൾ എന്നിങ്ങനെ ആകെ കൈപ്പറ്റിയ തുക എത്രയാണെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

കേരള സംസ്ഥാന യുവജന കമ്മീഷന്റെ നിലവിലെ അദ്ധ്യക്ഷ ശമ്പളയിനത്തിൽ ആകെ 67,37,662/- രൂപയും സിറ്റിംഗ് ഫീസ് ഇനത്തിൽ 52,000/- രൂപയും യാത്രാ അലവൻസ് ഇനത്തിൽ 1,26,498/- രൂപയും ന്യൂസ് പേപ്പർ അലവൻസ് ഇനത്തിൽ 21,990/- രൂപയും നാളിതുവരെ കൈപ്പറ്റിയിട്ടുണ്ട്.

(ബി) നിലവിലെ യുവജന കമ്മീഷൻ അധ്യക്ഷയ്ക്ക് ഔദ്യോഗിക വാഹനം അനുവദിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഏത് വാഹനമാണ് അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കുമോ?

യുവജന കമ്മീഷന്റെ നിലവിലെ അദ്ധ്യക്ഷ ഔദ്യോഗിക ചുമതലയേറ്റ സമയത്ത് ടൊയോട്ട ഇന്നോവ വാഹനം ഔദ്യോഗിക വാഹനമായി അനുവദിച്ചിരുന്നു. എന്നാൽ 13-02-2021-ന് സംഭവിച്ച അപകടത്തെത്തുടർന്ന് ടി വാഹനം ഉപയോഗയോഗ്യമല്ലാത്ത നിലയിലായി. ടി വാഹനം റിപ്പയർ ചെയ്യുന്നത് വലിയ സാമ്പത്തിക നഷ്ടമുണ്ടാക്കുമെന്നതിനാൽ കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചെയർപേഴ്സന്റെ ആവശ്യങ്ങൾക്കായി നിലവിൽ കരാർ അടിസ്ഥാനത്തിലുള്ള വാഹനമാണ് ഉപയോഗിച്ചുവരുന്നത്.

(സി) പ്രസ്തുത വാഹനത്തിന് നാളിതുവരെ ഇന്ധനച്ചെലവ് ഇനത്തിൽ അനുവദിച്ച തുക എത്രയാണെന്ന് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ?

പ്രസ്തുത വാഹനത്തിന് നാളിതുവരെ അനുവദിച്ച ഇന്ധന തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

## യുവജന കമ്മീഷൻ അധ്യക്ഷയ്ക്ക് അനുവദിച്ച അലവൻസുകൾ

369(3039) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജന കമ്മീഷൻ അദ്ധ്യക്ഷയ്ക്ക് 23-01-2023-ലെ സ.ഉ. (സാധാ)37/2023/എസ്.വൈ.എ. പ്രകാരം അനുവദിച്ച ശമ്പള കുടിശ്ശിക അവർ കൈപ്പറ്റിയിട്ടുണ്ടോ; എങ്കിൽ എന്നാണ് കൈപ്പറ്റിയതെന്നും കൈപ്പറ്റിയ തുക എത്രയാണെന്നും വ്യക്തമാക്കുമോ?

ഇല്ല.

(ബി) നിലവിലെ യുവജന കമ്മീഷൻ അദ്ധ്യക്ഷ സ്ഥാനമേറ്റത് മുതൽ സിറ്റിംഗ് ഫീസ്, യാത്ര അലവൻസ്, മറ്റ് അലവൻസുകൾ എന്നീ ഇനത്തിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നാളിതുവരെ എത്ര രൂപ അനുവദിച്ച് നൽകിയിട്ടുണ്ട് എന്നതിന്റെ വിശദാംശം നൽകുമോ?

യുവജന കമ്മീഷന്റെ നിലവിലെ അദ്ധ്യക്ഷ സ്ഥാനമേറ്റത് മുതൽ സിറ്റിംഗ് ഫീസിനത്തിൽ 52,000/- രൂപയും യാത്രാ അലവൻസ് ഇനത്തിൽ 1,26,498/- രൂപയും ന്യൂസ് പേപ്പർ അലവൻസ് ഇനത്തിൽ 21,990/- രൂപയും നാളിതുവരെ കൈപ്പറ്റിയിട്ടുണ്ട്.

**വിനോദസഞ്ചാര മേഖലയിൽ യുവജനകാര്യ വകുപ്പിന്റെ ഇടപെടൽ**

370(3040) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലകളിലെ പദ്ധതികൾ കൂടുതൽ ഫലപ്രാപ്തി കൈവരിക്കുന്നതിന് വനിതകൾ ഉൾപ്പെടെയുള്ള യുവജനങ്ങളെ ആകർഷിക്കുന്ന തരത്തിൽ ടൂറിസം വകുപ്പുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്കരിക്കാൻ യുവജനകാര്യ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ വിനോദ സഞ്ചാര മേഖലയിലെ പദ്ധതികൾ കൂടുതൽ ഫലപ്രാപ്തിയിലെത്തിക്കാൻ ടൂറിസം വകുപ്പിനുകീഴിൽ വരുന്ന സ്ഥലങ്ങളിൽ ഓപ്പൺ ജിം സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ കായിക യുവജനകാര്യ വകുപ്പ് മുഖാന്തരം ആവിഷ്കരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ 2023-24 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ടൂറിസം വകുപ്പിന്റെ സഹകരണത്തോടെ ടൂറിസ്റ്റ് ഗൈഡ് സർവ്വീസ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഇതിലൂടെ കേരളത്തിലെ പ്രധാന വിനോദസഞ്ചാര മേഖലകൾ കേന്ദ്രീകരിച്ച് ടീം കേരള (കേരള യൂത്ത് ഫോഴ്സ്) എന്ന സേനയെ ഉപയോഗിച്ച് ടൂറിസ്റ്റ് കേന്ദ്രങ്ങളിലെത്തിക്കുന്ന ടൂറിസ്റ്റുകളെ സഹായിക്കൽ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ ശുചിയായി നിലനിർത്തുന്നതിന് ഉതകുന്ന തരത്തിലുള്ള സൗഹാർദ്ദപരമായ ഇടപെടൽ, ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ചുള്ള അറിവുകൾ പകർന്നുനൽകൽ, അവർക്ക് അത്യാവശ്യമായി വരുന്ന സഹായങ്ങൾ ചെയ്തുകൊടുക്കൽ (ടാക്സി, ഹോട്ടൽ, ഭക്ഷണം തുടങ്ങിയവ ലഭ്യമാക്കാൻ സഹായിക്കൽ) എന്നിവയാണ് ലക്ഷ്യമിടുന്നത്.

(ബി) മികച്ച കാഴ്ചപ്പാടുകളുള്ള യുവജനങ്ങളെ വിനോദസഞ്ചാര മേഖലയിൽ സംരംഭകരാക്കുന്നതിന് ആവശ്യമായ പരിശീലനവും

സാമ്പത്തിക സഹായവും നൽകുന്നതിന് വകുപ്പിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ?

മികച്ച കാഴ്ചപ്പാടുകളുള്ള യുവജനങ്ങളെ വിനോദസഞ്ചാര മേഖലയിൽ സംരംഭകരാക്കുന്നതിന് ആവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നൽകുന്നതിന് യുവജനകാര്യ വകുപ്പിന് നിലവിൽ പദ്ധതി ഇല്ല.

(സി) യുവജനങ്ങളിൽനിന്ന് മികച്ച വിനോദസഞ്ചാര പദ്ധതികൾ സംബന്ധിച്ച ആശയങ്ങൾ യുവജനകാര്യ വകുപ്പിന്റെ നേതൃത്വത്തിൽ ശേഖരിച്ച് ആവശ്യമായ പിന്തുണ നൽകി പ്രാവർത്തികമാക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ?

യുവജനങ്ങളിൽനിന്ന് മികച്ച വിനോദസഞ്ചാര പദ്ധതികൾ സംബന്ധിച്ച ആശയങ്ങൾ ശേഖരിച്ച് ആവശ്യമായ പിന്തുണ നൽകി പ്രാവർത്തികമാക്കുന്നതിന് യുവജനകാര്യ വകുപ്പിന് നിലവിൽ പദ്ധതി ഇല്ല.

(ഡി) കോളേജുകളിൽ ആരംഭിച്ചിട്ടുള്ള ടൂറിസം ക്ലബ്ബുകളുടെ പ്രവർത്തനങ്ങളിൽ യുവജനകാര്യ വകുപ്പിന്റെ സഹകരണം ഉറപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഈ വിഷയം സംബന്ധിച്ച് ടൂറിസം വകുപ്പിൽനിന്നും നിലവിൽ നിർദ്ദേശങ്ങളൊന്നും ലഭ്യമായിട്ടില്ല.

## യുവജനങ്ങളിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം

371(3041) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് യുവജനങ്ങളിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം ഒഴിവാക്കാൻ വകുപ്പ് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന മദ്യം, മയക്കുമരുന്ന്, പുകയില ഉത്പന്നങ്ങൾ, നിരോധിക്കപ്പെട്ട മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗം തടയുന്നതിനായി കേരള സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ വിവിധ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും കോളേജുകളിലും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ലഹരി ഉപയോഗത്തിനെതിരെയുള്ള പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമുള്ള കോളേജുകളെ ഏകോപിപ്പിച്ചുകൊണ്ട് യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തി ലഹരിക്കെതിരെ 'ബോധവത്കരണ കലാജാഥ' സംഘടിപ്പിച്ചു വരുന്നുണ്ട്.

സംസ്ഥാനത്ത് വിദ്യാർത്ഥികളിലും യുവജനങ്ങളിലും ലഹരി ഉപയോഗം വർദ്ധിക്കുന്ന സാഹചര്യത്തിൽ വിവിധ ബോധവത്കരണ പരിപാടികൾ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്നുണ്ട്. NO TO DRUGS എന്ന മുദ്രാവാക്യം ഉയർത്തി സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന മയക്കുമരുന്നിനെതിരെ ജനകീയ പ്രതിരോധം ഒരുക്കാനുള്ള വിപുലമായ പദ്ധതിയുടെ ഭാഗമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ 2022 മാർച്ച് 30-ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിനെതിരായി ജനസഭ എന്ന പേരിൽ സംഘടിപ്പിച്ച ജനകീയ കൂട്ടായ്മയിൽ മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരിവിരുദ്ധ പ്രതിജ്ഞ, ദീപം തെളിയിക്കൽ തുടങ്ങിയവ നടത്തി. മന്ത്രിമാർ, എം.എൽ.എ.-മാർ, ജനപ്രതിനിധികൾ, പ്രമുഖ വ്യക്തിത്വങ്ങൾ, പോലീസ്, എക്സൈസ് മേധാവികൾ, ആരോഗ്യ രംഗത്തെ പ്രമുഖർ, യുവജന ക്ലബ്ബുകളിലെ പ്രവർത്തകർ തുടങ്ങിയവർ പ്രസ്തുത പരിപാടിയിൽ സംബന്ധിക്കുകയുണ്ടായി. ഈ പരിപാടിയിൽ വിദ്യാർത്ഥികളുടേയും യുവജനങ്ങളുടേയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്. ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ തുടർച്ചയായി ലോക ലഹരിവിരുദ്ധ ദിനമായ 2022

ജൂൺ 26-ന് 14 ജില്ലാ കേന്ദ്രങ്ങളിൽ യുവജനക്ഷേമ ബോർഡിനുകീഴിലുള്ള ടീം കേരള, യൂത്ത്-യുവ ക്ലബ്, ട്രാൻസ്ജെന്റർ ക്ലബ്, അവളിടം യുവതീ ക്ലബ് എന്നിവയുടെ പങ്കാളിത്തത്തോടെ മയക്കുമരുന്നിനെതിരായി സൈക്കിൾ/ബൈക്ക് റാലി സംഘടിപ്പിച്ചു. 2022 നവംബർ 10-ന് എറണാകുളം ജില്ലയിലെ ഇൻഫോ പാർക്കിൽ വച്ചും 2022 നവംബർ 17-ന് തിരുവനന്തപുരം ടെക്നോപാർക്കിൽ വച്ചും ലഹരിക്കെതിരായി ഐ.ടി. പ്രൊഫഷണലുകളുടെ ക്യാമ്പയിൻ സംഘടിപ്പിക്കുകയുണ്ടായി. യുവജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് കൂട്ടയോട്ടവും ഗോൾ ചലഞ്ചും നടത്തുകയുണ്ടായി. 2022-23 സാമ്പത്തികവർഷത്തെ പദ്ധതിയിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി വിപുലമായ പരിപാടികളാണുൾപ്പെടുത്തിയിട്ടുള്ളത്. യുവജനക്ഷേമ ബോർഡ് രൂപീകരിച്ച അവളിടം യുവതീ ക്ലബ്ബുകളുടെ നേതൃത്വത്തിൽ 14 ജില്ലകളിലും നിയമസഭാമണ്ഡലങ്ങളിൽ പര്യടനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഓരോ ജില്ലയിലും 15 യുവതികൾ അടങ്ങുന്ന സംഘം നടത്തുന്ന കലാജാഥയിൽ തെരുവ് നാടകം, തെരുക്കൂത്ത്, ഫ്ലാഷ് മോബ്, ലഘു വീഡിയോ പ്രദർശനം, സംഗീത ശിൽപ്പം, മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണം എന്നിവയുൾപ്പെടുത്തിയിട്ടുണ്ട്. ജാഥയുടെ ജില്ലാതല പരിശീലനം എല്ലാ

ജില്ലകളിലും പൂർത്തീകരിച്ചിട്ടുണ്ട്. ഓരോ നിയമസഭാമണ്ഡലത്തിലും സ്കൂൾ, കോളേജ്, പൊതുയിടങ്ങൾ എന്നിവ കേന്ദ്രീകരിച്ചാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്. സംസ്ഥാന യുവജനക്ഷേമ ബോർഡ് ലഹരിക്കെതിരെയായി തിരുവനന്തപുരത്തുള്ള കരിമഠം കോളനി, രാജാജി നഗർ എന്നിവിടങ്ങളിലെ ചെറുപ്പക്കാർക്കിടയിൽ "Real to Reel" എന്ന പേരിൽ ഒരാഴ്ച (2023 ജനുവരി 20 മുതൽ 27 വരെ) നീണ്ടുനിന്ന സിനിമാ നിർമ്മാണ ശിൽപ്പശാല സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി ലഹരിക്കെതിരെയുള്ള ബോധവൽകരണത്തിന്റെ സന്ദേശമുയർത്തി ബോർഡിന്റെ സഹായത്തോടെ ഒരു പ്രചരണ ലഘു ചിത്രം നിർമ്മിച്ചിട്ടുണ്ട്. കോളനിയിലെ ചെറുപ്പക്കാർ തന്നെയാണ് ചിത്രത്തിന്റെ സംവിധാനവും ഏകോപനവും നിർവ്വഹിച്ചിട്ടുള്ളത്.

ലഹരിക്കെതിരെ വിദ്യാർത്ഥികളെയും യുവജനങ്ങളെയും സംഘടിപ്പിക്കുന്നതിനായി കായിക യുവജനകാര്യ വകുപ്പ് ഹെൽത്ത് & ഫിറ്റ്നസ് അസെസ്സ്മെന്റ് ആന്റ് ആന്റി-ഡ്രഗ് അവെയർനെസ്സ് ക്യാമ്പയിൻ നടപ്പാക്കിവരുന്നു. തുടർച്ചയായി 12 മണിക്കൂറിൽ ഏറ്റവുമധികം പെനാൽറ്റികിക്കുകൾ ചെയ്യുന്നതിനുള്ള ഗിന്നസ് ലോക റെക്കോർഡ് എന്ന പരിപാടിയിൽ ചെറുപ്പക്കാർക്കും വിദ്യാർത്ഥികൾക്കുമായി

മയക്കുമരുന്നിനെതിരെയുള്ള അവബോധം കൊണ്ടുവരുന്നതിന് ക്യാമ്പയിൻ സംഘടിപ്പിച്ചിരുന്നു. കൂടാതെ കായിക സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ലഹരി വസ്തുക്കളുടെ ഉപയോഗം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ച് ബോധവത്കരിക്കുന്നതിനായി വിവിധ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം 2671-ന്റെ ഉത്തരം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)